
2nd Edition

# തിരുവചന ഉപദേശസത്യങ്ങൾ

## (DOCTRINAL TRUTHS OF THE WORD OF GOD)




SAMSON HENRY, KOLLAM

# തിരുവചന ഉപദേശസത്യങ്ങൾ

## (DOCTRINAL TRUTHS OF THE WORD OF GOD)

(Malayalam)

1st Edition : May 2010
2nd Edition : February 2019
Copies : 1500

Author : Samson Henry
Zion, Aradhana Nagar-22
Behind Sanker's Hospital
Kollam, Pin - 691 001

Phone : 0474-2741115
Mobile : 94474 10769
E-mail : biblegoodnews@gmail.com
Web : www.biblegoodnews.com

Published by : Bible Good News Publications
Kollam - 691 001

Copy right : Author

DTP &
Cover design : Samson Henry, Kollam

Printed at : Softech, Kollam - 9567934273

Price Rs.200 --

(DOCTRINAL TRUTHS *by Samson Henry, Kollam*)

# വിഷയവിവരം


| അദ്ധ്യായം | വിഷയം | പേജ് |
|---|---|---|
| 1 | **തിരുവചന ഉപദേശസത്യങ്ങൾ** | |
| | — ആമുഖം | 19 |
| | — ദൈവശാസ്ത്രപഠനശാഖകൾ | 25 |
| 2 | **വേദപുസ്തകം (ബൈബിൾ) —** | |
| | — ബൈബിൾ | 30 |
| | — മുഖ്യപ്രമേയം | 34 |
| | — കാനോൻ, അപ്പൊക്രിഫാ | 40 |
| 3 | **ദൈവം —** | 46 |
| | — ദൈവാസ്തിത്വത്തിന്റെ തെളിവ് | 48 |
| | — ദൈവത്തിന്റെ സ്വഭാവസവിശേഷതകൾ | 51 |
| 4 | **യേശുക്രിസ്തു —** | 58 |
| | — യേശുക്രിസ്തുവിന്റെ സ്വഭാവസവിശേഷതകൾ | 58 |
| | — യേശുക്രിസ്തുവിന്റെ നിസ്തുല്യത | 60 |
| | — യേക്രിസ്തുവിന്റെ ഉന്നതി, എബ്രായലേഖനത്തിൽ | 65 |
| 5 | **ത്രിത്വം —** | 67 |
| | — ദൈവികത്രിത്വത്തെ വെളിപ്പെടുത്തുന്ന വാക്യങ്ങൾ | 72 |
| | — മൂന്നു ആളത്വങ്ങളുടെ ഏകത്വം | 75 |
| 6 | **പരിശുദ്ധാത്മാവ് —** | 77 |
| | — പരിശുദ്ധാത്മാവ് ലഭിക്കുന്നത് എപ്പോൾ? | 84 |
| | — രക്ഷിക്കപ്പെട്ട ശേഷം ലഭിക്കുന്നതോ? | 86 |
| | — കാത്തിരുന്നു പ്രാപിക്കേണ്ടതാണോ? | 88 |


(DOCTRINAL TRUTHS *by Samson Henry, Kollam*)

| | | |
|---|---|---|
| **7** | **മനുഷ്യൻ —** | 90 |
| | — ദേഹം, ദേഹി, ആത്മാവ് | 92 |
| | — മരണം | 97 |
| | — മരണം പാപികളിലും വിശുദ്ധന്മാരിലും 105 | |
| | — ജീവൻ തനിയേ ഉണ്ടായതോ? | 110 |
| **8** | **അഭിഷേകം —** | 112 |
| | — മുദ്ര, അച്ചാരം | 115 |
| **9** | **അന്യഭാഷ —** | 120 |
| | — അന്യഭാഷാവരത്തിന്റെ ആവശ്യകത | 134 |
| | — അന്യഭാഷ —വ്യവസ്ഥകളും നിയന്ത്രണങ്ങളും | 135 |
| | — വിശ്വാസിയും അന്യഭാഷയും | 147 |
| | — അന്യഭാഷ — ചോദ്യങ്ങൾക്കുത്തരം | 153 |
| | (1) കർത്താവിന്റെ വരവിലോ നീങ്ങിപ്പോകുന്നത് ? | 153 |
| | (2) ആത്മസ്നാനം, അഭിഷേകം ലക്ഷണമോ ? | 154 |
| | (3) ദൈവാത്മാവുള്ളവരെ എങ്ങനെ തിരിച്ചറിയാം ? | 154 |
| | (4) ദൃശ്യമാദ്ധ്യമങ്ങളിലെ പ്രവർത്തനങ്ങൾ | 155 |
| | (5) അത്ഭുതങ്ങൾ,വീര്യപ്രവൃത്തികൾ ഇന്നുണ്ടോ ? | 157 |
| **10** | **ആത്മനിറവ് —** | 160 |
| | — ആത്മനിറവു ദർശിക്കുവാൻ സാധിക്കുമോ ? | 162 |
| | — ആത്മനിറവില്ലാത്തവരെ തിരിച്ചറിയാമോ ? | 164 |
| **11** | **ആമേൻ, ഹല്ലേലൂയാ, സേലാ —** | 170 |
| | — ആമേൻ | 170 |
| | — ഹല്ലേലൂയാ | 174 |
| | — സേലാ | 175 |
| **12** | **സഭ —** | 176 |
| | — സാർവ്വത്രിക സഭ, പ്രാദേശിക സഭ | 177 |
| | — ദൈവസഭയിലെ അംഗങ്ങൾ | 179 |

| | | |
|---|---|---|
| 13 | **ദൈവസഭയുടെ അടിസ്ഥാനം —** | 181 |
| | — അപ്പൊസ്തലന്മാർ | 184 |
| | — പ്രവാചകന്മാർ | 186 |
| | — സുവിശേഷകന്മാർ | 190 |
| | — ഉപദേഷ്ടാക്കന്മാർ | 191 |
| | — മൂപ്പന്മാർ | 193 |
| | — സഭയിൽ പുരോഹിതന്മാരുണ്ടോ? | 204 |
| | — സഭയിൽ സ്ത്രീകളുടെ ശുശ്രൂഷകൾ | 207 |
| | — പൗരോഹിത്യം സ്തീകളിൽ | 216 |
| | — സഹോദരിമാരുടെ യോഗങ്ങളിൽ സഹോദരൻ അദ്ധ്യക്ഷനായിരിക്കുമ്പോൾ എപ്രകാരം? | 220 |
| | — സഹോദരിമാർ വിളിച്ചു ചേർത്ത യോഗങ്ങളിൽ ശുശ്രൂഷ എപ്രകാരം? | 222 |
| 14 | **സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ —** | 223 |
| | **— രക്ഷ —** | 224 |
| | — രക്ഷയുടെ ഭദ്രത | 231 |
| | — രക്ഷ നഷ്ടപ്പെടുമോ ? | 235 |
| | — രക്ഷാനിർണ്ണയം | 251 |
| | — രക്ഷയുടെ പ്രത്യേകതകൾ | 254 |
| | — ത്രികാലരക്ഷ | 262 |
| | — രക്ഷ — ചോദ്യങ്ങളും ഉത്തരങ്ങളും | 266 |
| | — രക്ഷാസന്ദേശം അറിയിക്കുവാൻ സഹായകമായ വചനങ്ങൾ | 277 |
| 15 | **സ്നാനം —** | 279 |
| | — സ്നാനപ്പെടുവാനുള്ള യോഗ്യത | 289 |
| | — സ്നാനം എപ്രകാരം ? | 291 |
| | — സ്നാപകൻ ആരായിരിക്കണം? | 293 |
| | — വിവിധ സ്നാനങ്ങൾ | 294 |
| | — ശിശുസ്നാനം തിരുവചനപ്രകാരമോ ? | 302 |
| | — രക്ഷിക്കപ്പെട്ട ശേഷം എപ്പോൾ ? | 303 |

| | | |
|---|---|---|
| | — സ്നാനം | |
| | — വെള്ളത്തിൽ മുങ്ങിത്തന്നെ ആവശ്യമോ ? | 305 |
| | — അനുതപിച്ച കള്ളൻ സ്നാനപ്പെട്ടില്ലല്ലോ ? | 305 |
| | — രണ്ടാമതും സ്നാനപ്പെടുന്നത് (Re-baptism) | 308 |
| | — സ്നാനം ഏറ്റില്ലെങ്കിൽ എന്ത് ? | 310 |
| | — രക്ഷയും സ്നാനവും | 311 |
| **16** | **വേർപാട് —** | 317 |
| | — ലോകത്തിൽ നിന്നു വേർപെടുക | 324 |
| | — പാപത്തിൽ നിന്നു വേർപെടുക | 331 |
| | — ദുരുപദേശങ്ങളിൽ നിന്നും വേർപെടുക | 333 |
| | — അവിശ്വാസികളിൽ നിന്നും വേർപെടുക | 338 |
| | — അനാചാരങ്ങളിൽ നിന്നു വേർപെടുക | 341 |
| | — ഭവനസ്തോത്രമോ, പാലു കാച്ചോ ? | 345 |
| | — ആരാധനയിൽ സംഗീതോപകരണങ്ങൾ | 348 |
| | — വിശ്വാസിയും യോഗയും | 354 |
| | — വിശ്വാസിയും തിരുവോണവും | 357 |
| | — വിശ്വാസിയും ക്രിസ്തുമസ്സും | 359 |
| | — വിശ്വാസിയും കുരിശും | 363 |
| | — വിശ്വാസിയും ആഭരണവും | 367 |
| | — വിശ്വാസിയും വസ്ത്രധാരണവും | 370 |
| | — സഹോദരിമാരുടെ മുടിയും മൂടുപടവും | 374 |
| | — പുരുഷന്മാരുടെ മുടിയും ഫ്രെഞ്ചുതാടിയും | 378 |
| **17** | **വചനപഠനം —** | 383 |
| | — ദൈവവചനത്തിന്റെ പ്രാധാന്യം, ആവശ്യകത, വിവിധ ചോദ്യങ്ങളും ഉത്തരങ്ങളും | 387 |
| **18** | **കൂട്ടായ്മ —** | 395 |
| | — കൂട്ടായ്മ ആരോടൊക്കെ? | 396 |
| | — വിവിധ കൂട്ടായ്മകൾ | 402 |
| | — സുവിശേഷകന്മാരെ സഹായിക്കണമോ ? | 410 |
| | — ആരുടെയും സഹായം സ്വീകരിക്കാമോ ? | 411 |
| | — പരസ്യയോഗം-സ്തോത്രകാഴ്ച വാങ്ങാമോ ? | 412 |

| | | |
|---|---|---|
| **19** | **കർത്തൃമേശ —** | 414 |
| | — വിവിധ പേരുകൾ | 417 |
| | — കർത്തൃമേശ ആചരിക്കേണ്ട ആവശ്യം | 419 |
| | — കർത്തൃമേശയുടെ പ്രത്യേകതകൾ | 420 |
| | — പങ്കെടുക്കുവാനുള്ള യോഗ്യത | 425 |
| | — മാസത്തിൽ ഒരിക്കലോ ? | 427 |
| | — ഞായറാഴ്ച തന്നെയായിരിക്കണമോ ? | 428 |
| | — അപ്പം നേരത്തേ മുറിച്ചു വെക്കാമോ ?<br>പല പാത്രങ്ങളിൽ നിന്നു കുടിക്കാമോ ? | 429 |
| | — പങ്കെടുക്കുന്നതിനു വിശുദ്ധി പ്രാപിക്കണമോ? | 430 |
| | — അപ്പവും പാനപാത്രവും തയ്യാറാക്കൽ | 433 |
| | — കർത്തൃമേശയിലെ ശേഷിപ്പ് | 434 |
| | — കർത്തൃമേശ നടത്തപ്പെടേണ്ടത് എവിടെ? | 435 |
| | — അലക്ഷ്യമായി പങ്കെടുക്കൽ എന്താണ് ? | 436 |
| **20** | **പ്രാർത്ഥന —** | 440 |
| | — പ്രാർത്ഥന എന്നാലെന്ത് ? ആവശ്യം എന്ത് ? | 447 |
| | — പ്രാർത്ഥന : ഘടകങ്ങൾ ? | 452 |
| | — പ്രാർത്ഥന : വ്യവസ്ഥകൾ എന്തെല്ലാം ? | 452 |
| | — പ്രാർത്ഥന : ഉത്തരം ലഭിക്കാത്ത കാരണം ? | 453 |
| | — പ്രാർത്ഥന : ദിക്കു നോക്കണമോ ? | 456 |
| | — ഏതു നാമത്തിൽ പ്രാർത്ഥിക്കണം | 457 |
| | — ആത്മാവിൽ പ്രാർത്ഥിക്കുക എന്നാലെന്ത് ? | 458 |
| | — പ്രാർത്ഥനയും മദ്ധ്യസ്ഥപ്രാർത്ഥനയും | 462 |
| | — പ്രാർത്ഥനയും ഉപവാസവും | 466 |
| | — ദൈവം തള്ളിക്കളഞ്ഞ ഉപവാസങ്ങൾ | 469 |
| | — ദൈവം സ്വീകരിക്കുന്ന ഉപവാസങ്ങൾ | 472 |
| | — ഉപവാസം പഴയനിയമത്തിൽ | 475 |
| | — ഉപവാസം പുതിയനിയമത്തിൽ | 478 |
| **21** | — മരണാനന്തര ജീവിതം | 482 |
| | — മരിച്ചവരുടെ ആത്മാക്കൾ ഇപ്പോൾ എവിടെ? | 483 |
| | — കർത്താവു വേഗം വരുന്നു-പ്രതിഫലം ലഭിക്കും | 487 |

| | | |
|---|---|---|
| **22** | **ക്രിസ്തുവിന്റെ വീണ്ടും വരവ് —** | 490 |
| | — വരവിന്റെ രണ്ടു ഘട്ടങ്ങൾ | 494 |
| | — മദ്ധ്യാകാശത്തിലെ പ്രത്യക്ഷത | 497 |
| | — ഭാവികാല ന്യായവിധികൾ | 512 |
| | — ക്രിസ്തുവിന്റെ ന്യായാസനം | 514 |
| | — ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ കണക്കു കൊടുക്കേണ്ടവ | 518 |
| | — വിശുദ്ധന്മാർക്കു ലഭിക്കുന്ന കിരീടങ്ങൾ | 525 |
| | — പുനരുത്ഥാനം | 527 |
| | — ഒന്നാം പുനരുത്ഥാനം ആരൊക്കെ? | 535 |
| | — പഴയനിയമവിശുദ്ധന്മാരുടെ പുനരുത്ഥാനം എപ്പോൾ? രണ്ടു അഭിപ്രായങ്ങൾ | 536 |
| | — രണ്ടാം പുനരുത്ഥാനം | 543 |
| | — മഹത്വപ്രത്യക്ഷത, ഭാവികാലസംഭവങ്ങൾ | 545 |

# അവതാരിക

(Dr.O.M.SAMUEL)

യൂദാ തന്റെ ലേഖനം പ്രധാനപ്പെട്ട ഒരു ഉപദേശസത്യത്തെ അധികരിച്ചു എഴുതുന്നതിനുവേണ്ടി ശ്രമിച്ചെങ്കിലും വിശ്വാസികൾക്ക് ഒരിക്കലായിട്ടു ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടുന്ന ആവശ്യകതയെ അധികരിച്ച് ലേഖനമെഴുതുവാനാണ് പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രേരണയുണ്ടായത്. തിരുവചനത്തിലെ അമൂല്യ ഉപദേശസത്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് അവയുടെ അന്തസത്ത ജീവിതശൈലിയിൽകൂടി ബാഹ്യലോകത്തിനു കാണിച്ചുകൊടുക്കുക എന്നുള്ളത് ഈ കാലഘട്ടത്തിന്റെ ഒരാവശ്യകതയായിത്തീർന്നിരിക്കയാണ്. ബെരോവയിലെ വിശ്വാസികളെ പോലെ അവർ മറ്റുള്ളവരിൽ നിന്നും കേൾക്കുന്ന ഉപദേശസത്യത്തിന്റെ ആധികാരികത ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു അവയിൽ ഉറച്ചു നിൽക്കുവാൻ അവർ പഠിപ്പിച്ചിരുന്നു. ഇന്നും ദൈവജനത്തിന്റെ ഏറ്റവും വലിയ ആവശ്യം ദൈവസഭയുടെ ഉപദേശങ്ങൾ ഗ്രഹിക്കുകയും അതിനുവേണ്ടി ജീവിക്കുകയും ചെയ്യുക എന്നുള്ളതാണെന്നുള്ളതിൽ രണ്ടു പക്ഷമില്ല. ദൈവസഭയുടെ ഉപദേശസ്ത്യങ്ങളെക്കുറിച്ചുള്ള ഒരു സാമാന്യപരിജ്ഞാനം എല്ലാ വിശ്വാസികൾക്കും അത്യന്താപേക്ഷിതമായി ഉണ്ടായിരിക്കണം. ഈ ഉദ്ദേശ്യപ്രാപ്തിക്കായി എഴുതിയിരിക്കുന്ന ഒരു ഉത്തമ ലഘുഗ്രന്ഥമാണ് Bro. Samson Henry — യുടെ തിരുവചനഉപദേശസത്യങ്ങളെക്കുറിച്ചുള്ള പഠനഗ്രന്ഥം.

തിരുവചനത്തിലെ ഉപദേശസത്യങ്ങളെക്കുറിച്ചുള്ള ഈ പഠനഗ്രന്ഥം ദൈവജനങ്ങൾക്ക് അനുഗ്രഹപ്രദമായിരിക്കും എന്നുള്ളതിന് സംശയമില്ല. വേദപുസ്തകത്തെക്കുറിച്ചുള്ള പഠനത്തിൽ സമ്പൂർണ്ണ ബൈബിൾ നമുക്കു ലഭിച്ച ചരിത്രം അനേകവിശ്വാസികൾക്കും അജ്ഞാതമായിരിക്കുന്ന വസ്തുതയാണ്. എന്നാൽ ഈ പഠനഗ്രന്ഥത്തിൽ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട സത്യങ്ങൾ എല്ലാം ക്രോഡീകരിച്ച് ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നത് ആകർഷണീയമായ ഒരു സത്യം തന്നെ. നമുക്കു മലയാളബൈബിൾ ലഭിച്ചതിന്റെ വിവരം പോലും ഗ്രന്ഥകർത്താവ് വിട്ടുകളഞ്ഞിട്ടില്ല. ദൈവശാസ്ത്രശാഖയിലേക്കു വരുമ്പോൾ ദൈവത്തിന്റെ രണ്ടു വിധത്തിലുള്ള ഗുണവിശേഷങ്ങൾ തിരുവചനഭാഗങ്ങൾ ഉദ്ധരിച്ച് ഭംഗ്യന്തരേണ വിവരിച്ചിരിക്കുന്നത് ഏതൊരു അനുവാചകനെയും

ഇരുത്തി ചിന്തിപ്പിക്കുന്നവയാണ്. ദൈവീകത്രിത്വത്തെക്കുറിച്ചുള്ള പഠനം ഏറെ ആകർഷകമാണ്. തിരുവചനത്തിലെ വാക്യങ്ങൾ ഓരോന്നായി ഉദ്ധരിച്ച് ഈ വിഷയം ആർക്കും ഗ്രഹിക്കത്തക്കനില യിൽ അവതരിപ്പിച്ചിരിക്കുന്നതും അസാധാരണം തന്നെ. സാധാരണ ഉപദേശഗ്രന്ഥങ്ങളിൽ ഒന്നും തന്നെ ഇങ്ങനെയുള്ള അവതരണം വളരെ വിരളമാണ്. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പഠനത്തിൽ രക്ഷിക്കപ്പെട്ടു കഴിഞ്ഞതിനുശേഷം പ്രാപിക്കേണ്ടതാണെന്നുള്ള ചില രുടെ പഠിപ്പിക്കലിനെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ തെറ്റാ ണെന്നു വിശദീകരിച്ചിട്ടുണ്ട്. മാത്രവുമല്ല അഭിഷേകം, മുദ്ര, അച്ചാരം എന്നീ ശുശ്രൂഷകളുടെ ശരിയായ പഠനം തിരുവചനസത്യങ്ങളുടെ വെളിച്ചത്തിൽ തെളിയിച്ചിരിക്കുന്നതു ഏതൊരു വിശ്വാസിയുടെയും സംശയങ്ങളെ ദൂരീകരിച്ച് വചനത്തിൽ ഉറപ്പിക്കുന്നവയാണ്. അന്യ ഭാഷാ ഭാഷണത്തെക്കുറിച്ചുള്ള പഠനം ഏറെ ആകർഷകമായിരി ക്കുന്നു. ഇന്നും ഇങ്ങനെയുള്ള അടയാളവരങ്ങൾക്കു പിന്നാലെ അന്ധമായി പോകുന്നവരുടെ അജ്ഞതയ്ക്കുനേരേ ഗ്രന്ഥകർത്താ വിന്റെ വ്യക്തവും സംശയലേശം ഉണ്ടാകാത്തതുമായ അവതരണ രീതി ആരെയും ചിന്തിപ്പിക്കത്തക്ക നിലയിലുള്ളവയാണ്. അന്ധമായി ചില സത്യങ്ങളെക്കുറിച്ചുള്ള അഭിപ്രായ പ്രകടനങ്ങളല്ല പ്രത്യുത വസ്തുതകളെ ദൈവവചനസത്യങ്ങളുടെ വെളിച്ചത്തിൽ പരിശോ ധിച്ചുള്ള നിഗമനങ്ങൾ അനുവാചകരുടെ സംശയദൂരീകരണത്തിനു ഉപയോഗിക്കുന്നവയാണ്.

സഭകളിൽ സ്ത്രീകൾക്കുള്ള പങ്കും അവരുടെ ശുശ്രൂഷക ളെക്കുറിച്ചും വളരെ വ്യക്തമായ ഒരു പഠനം ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് വളരെ പ്രയോജകീഭവിക്കും. ഇന്ന് അനേക സ്ഥലം സഭകളിൽ ഈ വിഷയത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെ സഹോദരിമാർക്കും ആരാധനായോഗങ്ങളിൽ സ്തോത്രം ചെയ്യാനും ആരാധനാത്മകങ്ങളായ ചിന്തകൾ പറയു വാനും സ്വാതന്ത്ര്യം നൽകണം എന്നു വാദിക്കുന്ന അനേകരെ കാണാൻ കഴിയും. ഈ വിഷയത്തിലുള്ള എല്ലാ സംശയങ്ങളെയും ദൂരീകരിച്ച് യഥാർത്ഥത്തിലുള്ള സ്ത്രീകളുടെ ശുശ്രൂഷകളെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ എഴുത്തുകാരൻ വ്യക്തമാക്കിയിരിക്കുന്നത് സത്യഗ്രഹണത്തിന് വളരെ സഹായകമായിരിക്കും എന്നുള്ളതിൽ സംശയമില്ല.

(DOCTRINAL TRUTHS *by Samson Henry, Kollam*)

സ്നാനം എന്ന വിഷയത്തെക്കുറിച്ചുള്ള ലഘുപഠനം അത്യന്തം ആകർഷകമാണ്. സ്നാനത്തിന്റെ ആവശ്യകത, അത് എന്തിനെ കാണിക്കുന്നു, സ്നാനപ്പെടുന്നതിനുള്ള യോഗ്യത, സ്നാനം എങ്ങനെ എന്നിങ്ങനെയുള്ള വിഷയങ്ങൾ വളരെ വിശദീകരണം നൽകാതെ വചനാടിസ്ഥാനത്തിൽ ഇവയെക്കുറിച്ച് സംക്ഷിപ്തമായി വിശദീകരിച്ചിരിക്കുന്നത് സംശയദൂരീകരണത്തിന് വളരെ സഹായിക്കും. സ്നാനവിധം മലർത്തിയോ ഇരുത്തിയോ എന്നുള്ളതിനുപോലും സയുക്തികമായ വിശദീകരണം നൽകിയിട്ടുണ്ട്.

വേർപെട്ട ദൈവജനമെന്നഭിമാനിക്കുന്ന അനേകർക്കും അജ്ഞാതമാണ് യഥാർത്ഥ വേർപാട് എന്താണെന്നുള്ളത്. ഈ വിഷയം വാസ്തവത്തിൽ ഇന്നത്തെ കാലത്തിന്റെ ഒരാവശ്യം തന്നെയാണ്. പ്രിയ സഹോദരൻ ഈ വിഷയം വളരെ സമർത്ഥമായി കൈകാര്യം ചെയ്തിട്ടുണ്ട്. നമ്മുടെ വിശ്വാസജീവിത ശൈലിയിൽ പ്രതിഫലിപ്പിക്കേണ്ട വേർപാട് ഇന്നു അന്യം നിന്നുപോയിരിക്കുന്നു എന്നു പറഞ്ഞാൽ അധികമല്ല. എല്ലാ വേർപെട്ട വിശ്വാസികളും ഈ അദ്ധ്യായം നിശ്ചയമായും വായിക്കുകയും പഠിക്കുകയും ചെയ്യണം. അതിനായി ദൈവം സഹായിക്കട്ടെ.

കർത്തൃമേശയുടെ അനുഷ്ഠാനത്തോടുള്ള ബന്ധത്തിൽ പ്രായോഗികജീവിതവുമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഏതൊരു വിശ്വാസിയും ആത്മപരിശോധനയിൽകൂടി കാണേണ്ട നല്ല കാര്യങ്ങൾ വളരെ ചിന്തനീയങ്ങളായിട്ടുള്ള കാര്യങ്ങൾ തന്നെയാണ്. തന്നെത്താൻ ശോധന ചെയ്യുക എന്നുള്ളതിൽ അടങ്ങിയിരിക്കുന്ന യഥാർത്ഥ ആശയം വിവരിച്ചിരിക്കുന്നത് ശ്രദ്ധേയം തന്നെ. യെശയ്യാപ്രവാചകന്റെ അനുഭവവുമായി താരതമ്യപ്പെടുത്തി ഹൃദയസ്പർശിയായ നിലയിൽ കാര്യവിചാരം ചെയ്തിരിക്കുന്നത് ആരെയും ചിന്തിപ്പിക്കുന്നതും ജീവിതത്തിൽ പ്രായോഗികമാക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളുമാണ്. ഏതു നിലയിലും എങ്ങനെയും പങ്കെടുക്കാൻ സാധിക്കുന്ന ഒന്നല്ല കർത്തൃമേശ. വിശുദ്ധനായ ദൈവത്തെ വിശുദ്ധിയിൽകൂടി വേണം ആരാധിക്കാൻ.

അതുപോലെ പ്രാർത്ഥന എന്ന വിഷയത്തെ അധികരിച്ചുള്ള ഭാഗം നമ്മുടെ പ്രാർത്ഥനാജീവിതത്തിന് ഒരു പുതിയ ആവേശം നൽകും എന്നുള്ളതിൽ സംശയമില്ല. വിശ്വാസവീരന്മാരായ അനേക

രുടെ ജീവിതത്തിൽ പ്രാർത്ഥനെക്ക് എത്രയോ അതുല്യമായ സ്ഥാന മായിരുന്നു അവർ നൽകിയിരുന്നത് എന്നു കാണുമ്പോൾ നമ്മുടെ പ്രാർത്ഥനാജീവിതത്തിന്റെ കുറവുകൾ ഗ്രഹിച്ച് അർത്ഥവത്തായ അനുഗ്രഹസമ്പൂർണ്ണമായ പ്രാർത്ഥനാജീവിതത്തിനായി നമ്മെ ഒരുക്കും എന്നുള്ളതിന് സംശയം ഒട്ടും തന്നെയില്ല. പ്രാർത്ഥനയെ ക്കുറിച്ചുള്ള പ്രസക്തങ്ങളായ ചോദ്യങ്ങൾ ഉന്നയിച്ച് അവെക്കു നൽകുന്ന മറുപടി പ്രത്യേകം ചിന്തനീയം തന്നെ. പ്രാർത്ഥനയും ഉപവാസവും എന്ന അദ്ധ്യായം ഈ വിഷയത്തോടുള്ള ബന്ധത്തിൽ അനേകരുടെ സംശയങ്ങൾ ദൂരീകരിക്കുവാൻ സഹായകമായ ഒന്നാ ണ്. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ഉപവാസ ങ്ങളെ പ്രത്യേകം വ്യവഛേദിച്ച് വിശദീകരിച്ചിരിക്കുന്നത് വളരെ ഹൃദ്യതരമായ ഒന്നാണ്.

ഉപദേശസത്യങ്ങളെ ക്രോഡീകരിച്ച് രചിച്ചിരിക്കുന്ന ഈ ലഘു ഗ്രന്ഥം ഇന്നിന്റെ ആവശ്യമാണെന്നുള്ളതിനു സംശയമില്ല. വിശ്വാസഗോളത്തിന് ഈ ഗ്രന്ഥം ഒരു അനുഗ്രഹകാരണമായി ത്തീരും എന്നുള്ളത് തർക്കമറ്റ ഒരു കാര്യമാണ്. അനേക വിശ്വാസി കളുടെ ആത്മീകജീവിതത്തിനു ഉണർവ്വും ഉത്തേജനവും നൽകു വാൻ സഹായകമായ ഈ ഗ്രന്ഥം പൊതുജനസമക്ഷം അവതരി പ്പിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഗ്രന്ഥകാരന്റെ അനുഗ്ര ഹീത തൂലികയിൽ നിന്നും ഇനിയും ഇതുപോലെയുള്ള സത്ഗ്ര ന്ഥങ്ങൾ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

Dr. O.M. SAMUEL
Pathanamthitta

Pathanamthitta
06- 06- 2009

## അഭിപ്രായം

(Evg. M.V. THOMAS, Adoor)

പ്രിയ സഹോദരൻ Samson Henry – യുടെ തിരുവചന ഉപദേശസത്യങ്ങൾ എന്ന പുസ്തകം ആദിയോടന്തം വായിക്കുവാൻ എനിക്കു ഇടയായി. തിരുവചന അടിസ്ഥാന ഉപദേശങ്ങൾ വളരെ അടുക്കായും ചിട്ടയായും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഒന്നും മറച്ചു വെക്കാതെ വ്യക്തവും ശക്തവുമായി ഉപദേശസത്യങ്ങൾ അവതരിപ്പിക്കുവാൻ ദൈവം തന്റെ ദാസനെ ഉപയോഗിച്ചതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. വേർപാട് ഉപദേശങ്ങൾ എന്നതിലുപരി തിരുവചന ഉപദേശങ്ങൾ എന്ന നിലയിലാണ് ഈ ഗ്രന്ഥം ചമച്ചിരിക്കുന്നത്. വളരെ കഠിനാദ്ധ്വാനം ഇതിന്റെ പിന്നിൽ ഉണ്ടായിട്ടുണ്ട്. തിരുവചന ഉപദേശസത്യങ്ങൾ പഠിക്കുവാൻ ആരംഭിക്കുന്ന യുവതീയുവാക്കന്മാർക്കും, വിശ്വാസികൾക്കും, വളരെയേറെ പിന്നിട്ടിരിക്കുന്ന ദൈവദാസന്മാർക്കും ഒരുപോലെ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതാണ് ഈ പുസ്തകം. ഒരു അമൂല്യനിധിയായി ഓരോ വിശ്വാസിയും ഭവനത്തിൽ കരുതേണ്ടതാണിത്.

തുടർന്നും കർത്താവു തന്റെ ദാസനെ കൂടുതൽ ഈ രംഗത്തു ഉപയോഗിക്കട്ടെ എന്നാശംസിച്ചുകൊണ്ട്

M.V. THOMAS
Evangelist
Adoor

Adoor
11-01-2006

## പ്രസ്താവന

( Samson Henry, Kollam )

സർവ്വശക്തനും സർവ്വകൃപാലുവുമായ ദൈവത്തിന്റെ മഹത്വമാർന്ന നാമത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. "തിരുവചനഉപദേശസത്യങ്ങൾ" എന്ന പുസ്തകം ഇപ്രകാരം തയ്യാറാക്കുവാൻ ദൈവം എന്നെ ശക്തിപ്പെടുത്തിയതിൽ ഞാൻ ദൈവത്തിനു നന്ദി കരേറ്റുന്നു. ബൈബിൾ ദൈവവചനമാണ്. ദൈവീകാരുളപ്പാടുകൾ പരിശുദ്ധാത്മസഹായത്താൽ എഴുതപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ തിരുവചനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഉപദേശസത്യങ്ങൾ അതിന്റെ തനിമയിൽത്തന്നെ പഠിക്കേണ്ടതും ജീവിതത്തിൽ പകർത്തി ജീവിക്കേണ്ടതുമാണ്. ഇക്കാലങ്ങളിൽ അനേകർ തിരുവചനസത്യങ്ങളെ അവരുടെ കൂട്ടങ്ങൾക്കു യോജിച്ച വിധത്തിൽ രൂപപ്പെടുത്തി വ്യാഖ്യാനിച്ചു ദൈവഹിതത്തിനെതിരായി ജീവിക്കുന്നു. എങ്ങനെയും സഭയിലേക്കു ആളുകളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ തിരുവചനത്തെ വ്യാഖാനിക്കുന്നതു മൂലം പ്രാദേശികസഭകൾ ജഡികരെകൊണ്ടു നിറയുന്നു. സഭാശുശ്രൂകന്മാർ മുതൽ സാധാരണ വിശ്വാസികൾ വരെ വേർപാടില്ലാത്തവരായി ലോകത്തോടു അനുരൂപരായി ജീവിക്കുവാനിടയാകുന്നു. ഇതിനുപുറമേ അനേക ആചാരാനുഷ്ഠാനങ്ങളും ദൈവജനത്തിനിടയിൽ വർദ്ധിച്ചു വരുന്നു. ആചാരാനുഷ്ഠാനങ്ങൾ ദൈവവചനത്തോടു കൂട്ടിക്കലർത്തി ജീവിക്കുന്നതിനാൽ ദൈവജനംപോലും വേർപാടു നഷ്ടപ്പെടുത്തി ദൈവത്തെ ദുഃഖിപ്പിക്കുന്നു. ഇങ്ങനെയുള്ള കാലഘട്ടത്തിൽ ജീവിക്കുന്ന വിശ്വാസികൾ ദൈവവചനം പൊരുൾതിരിച്ചു പഠിക്കുകയും അതിലെ ഉപദേശസത്യങ്ങൾ ജീവിതത്തിൽ പാലിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്താൽ അവർക്കും അവർ നില്ക്കുന്ന കൂട്ടങ്ങൾക്കും ആത്മീകാഭിവൃദ്ധി ലഭിച്ചു ആത്മഫലം പുറപ്പെടുവിക്കുവാൻ ഇടയാകും.

ഇന്നനേകരും തിരുവചനത്തിനോ ആത്മീയകാര്യങ്ങൾക്കോ പ്രാധാന്യം കൊടുക്കുന്നില്ല. അവരുടെ ജീവിതത്തിലും പെരുമാറ്റത്തിലും ആത്മീകത നഷ്ടപ്പെടുന്നു. തിരുവചനമർമ്മങ്ങളെ മനസ്സിലാക്കുവാനായി ആഴത്തിലേക്കിറങ്ങുകയോ, അദ്ധ്വാനിക്കുകയോ ചെയ്യുന്നവർ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിന്റെ മദ്ധ്യേയും ഒരു

ശേഷിപ്പ് പത്ഥ്യോപദേശത്തിൽ മുറുകെപ്പിടിച്ചുകൊണ്ടു വിശ്വാസജീവിതം നയിക്കുന്നു എന്നതും ശ്രദ്ധേയമാണ്.

കൊല്ലം സോദരിഭവനോടനുബന്ധിച്ചു നടന്ന മൂന്നാഴ്ചത്തെ ബൈബിൾ സ്കൂളിൽ "സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുക്കുവാൻ ദൈവം എനിക്കു ഒരു അവസരമൊരുക്കിത്തന്നിരുന്നു. അപ്പോഴത്തെ ആവശ്യത്തിനായി തയ്യാറാക്കുവാനിടയായ നോട്ടിൽ നിന്നാണ് ഇപ്രകാരം ഒരു പുസ്തകം രൂപപ്പെടുവാൻ ഇടയായത്. ഈ പുസ്കത്തിനുള്ള പ്രസ്താവന തയ്യാറാക്കുമ്പോൾ ഇതിലേക്കു നയിച്ച പ്രിയ സഹോദരി ജോയ്സ് മാത്യുവിനോടും ഞാൻ അതീവ കൃതജ്ഞനാണ്.

കയ്യെഴുത്തുപ്രതിയില്ലാതെ നേരിട്ടു കമ്പൂട്ടറിൽ തയ്യാറാക്കുവാൻ എനിക്കു സാധിച്ചു എന്നതും ദൈവകൃപയാലാണ്. എനിക്കു ദൈവം തന്ന ആലോചനകൾ അപ്പോഴപ്പോൾ കമ്പൂട്ടറിൽ ചേർത്തുകൊണ്ടിരുന്നു. ഇപ്രകാരം തയ്യാർ ചെയ്ത നോട്ട് സൂക്ഷ്മമായി പരിശോധിച്ചു ഭാഷാപരമായുള്ള പോരായ്മകൾ പരിഹരിച്ചു സഹായിക്കുവാൻ എന്റെ ഭാര്യ ജോയമ്മയെ ദൈവം ഉപയോഗപ്പെടുത്തി എന്നതും പ്രസ്താവ്യമാണ്.

ദൈവവചനത്തിൽ ഉൾക്കൊള്ളുന്ന ഉപദേശസത്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു ഗ്രന്ഥം തയ്യാറാക്കണമെന്നു ദൈവാത്മാവു എന്നെ ഹേമിക്കുകയുണ്ടായി. തുടർന്നു ചില വർഷങ്ങൾ ദൈവസന്നിധിയിലിരുന്നു തിരുവചനം ധ്യാനിക്കുകയും പഠിക്കുകയും ചെയ്തു. തൽഫലമായി ഇപ്രകാരം ഒരു പുസ്തകം രൂപപ്പെടുത്തുവാൻ ദൈവം കൃപ നല്കി. എന്നാൽ ദൈവവചന ഉപദേശസത്യങ്ങൾ എന്ന പുസ്തകം ഒരു കാരണവശാലും ദൈവവചനത്തിനു പകരമായിട്ടുള്ളതല്ല, മറിച്ചു തിരുവചനം പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും അവരുടെ ആത്മീകജീവിതത്തിൽ തിരുവചനം പൊരുൾ തിരിച്ചു പഠിക്കുവാൻ ഒരു സഹായം മാത്രമാണെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

തിരുവചന ഉപദേശസത്യങ്ങൾ എന്ന പുസ്തകരചന ദൈവസഭയുടെ അടിസ്ഥാനപ്രമാണങ്ങളും, ഉപദേശവിഷയങ്ങളും ഉൾക്കൊള്ളുന്നതിനാൽ പ്രസിദ്ധീകരണത്തിനു മുമ്പായി ഏറെ ശ്രദ്ധയും, കരുതലും പാലിക്കേണ്ടതുണ്ടെന്നു എനിക്കു ദൈവാത്മപ്രേരണയുണ്ടായി. അതിൻപ്രകാരം ഇതിന്റെ ആദ്യകോപ്പികൾ അനേകദൈവദാസന്മാരുടെ വായനയ്ക്കും, നിർദ്ദേശത്തിനും, തെറ്റു

തിരുത്തലിനുമായി സമർപ്പിച്ചു. അതിൽ ചിലരുടെ പേരുകൾ ഇവിടെ ചേർക്കുന്നു — Bro.T.M. Daniel, Pathanamthitta / Dr.O.M. Samuel, Pathanamthitta / V.P. Jacob, Trivandrum / C.M. John, Kundara / Abraham Chembola, Perumbavoor / M.V. Thomas, Adoor / K. Kunjappy, Chathannur / Prof. P.A. Abraham, Kollam / Thomas Samuel, Kollam. ഇവരിൽ റ്റി.എം. ദാനീയേൽ സാർ, വി.പി. ജേക്കബ് സാർ, സുവി. സി.എം. ജോൺ, ബ്രദർ ഏബ്രാഹാം ചെമ്പോല എന്നിവർ തിരുവചനസത്യങ്ങളുടെ ആഴത്തിലേക്കിറങ്ങി പ്രാരംഭരചനയിലുള്ള തെറ്റുകൾ ചൂണ്ടിക്കാണിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ തന്നത് നന്ദിയോടെ ഓർക്കുന്നു.

പുസ്തകത്തിനു ഒരു അവതാരിക എഴുതിത്തന്നത് കർത്താവിന്റെ ശ്രേഷ്ഠദാസൻ ഒ.എം. ശമൂവേൽ സാറാണ്. ഏറെ ആത്മീയ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കുമ്പോഴും അദ്ദേഹം തന്റെ അമൂല്യ സമയം ഇതിനായി വേർതിരിച്ചു വായിക്കുകയും ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിക്കുകയും ചെയ്തു. കർത്താവിലുള്ള എന്റെ ഉദ്യമത്തെ ആദരിച്ചു ഉചിതമായ ഒരു അവതാരിക എഴുതിത്തന്ന സാറിനോടും എന്റെ നന്ദി അറിയിക്കുന്നു.

പുസ്തകാഭിപ്രായം എഴുതിത്തന്നത് കർത്താവിൽ ബഹുമാന്യ സുവിശേഷകനായ ബ്ര. എം.വി. തോമസ്സ്, അടൂരാണ്. ബൈബിൾ പുസ്തകരചനയിലും പ്രസിദ്ധീകരണത്തിലും ഏറെ അനുഭവസമ്പത്തുള്ള പ്രിയദൈവദാസൻ കർത്താവിലുള്ള എന്റെ അദ്ധ്വാനത്തെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും മാത്രമല്ല ഹൃദയാന്തർഭാഗത്തു നിന്നു ഉയർന്നുവന്ന അഭിപ്രായം പ്രകടിപ്പിക്കുയും ചെയ്തു.

കർത്താവിന്റെ വരവ് ഏറ്റവും സമീപമായിരിക്കയാൽ പ്രത്യാശയോടെ നാം ഒരുങ്ങിയിരിക്കണം. വിശ്വാസിയുടെ ആത്മീകാഹാരമായ തിരുവചനം എപ്പോഴും വായിക്കുകയും ധ്യാനിക്കുകയും അതിലെ ഉപദേശസത്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും വേണം. തിരുവചനം പഠിക്കുന്നവർക്കും, പഠിപ്പിക്കുന്നവർക്കും, പ്രായോഗിക ജീവിതത്തിൽ പകർത്തുന്നവർക്കും പ്രായഭേദമെന്യേ ഈ ചെറുഗ്രന്ഥം ഏറ്റവും പ്രയോജനമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ തൃക്കാൽക്കൽ സമർപ്പിക്കുന്നു.

SAMSON HENRY
KOLLAM / 10-05-2010

## രണ്ടാം പതിപ്പിന്റെ പ്രസ്താവന

(Samson Henry, Kollam)

സർവ്വശക്തനായ ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. "തിരുവചന ഉപദേശസത്യങ്ങൾ" എന്ന പുസ്തകം 2010- ൽ പ്രസിദ്ധീകരിക്കുവാൻ ദൈവം കൃപ നല്കി. അത് വേഗത്തിൽ അനേകരുടെ കരങ്ങളിലെത്തുവാൻ സാധിച്ചു. പുസ്തകത്തിന് ആവശ്യക്കാർ വർദ്ധിച്ചുകൊണ്ടിരുന്നു. പ്രസിദ്ധീകരിച്ചതു മുഴുവനും തീർന്നു പോയതിനാൽ രണ്ടാം പതിപ്പിന്റെ അനിവാര്യത സംജാതമായി. എന്നാൽ അതു പ്രസിദ്ധീകരിക്കുവാൻ വ്യക്തിപരമായ കാരണങ്ങളാൽ ഏറെ താമസം നേരിട്ടു. എങ്കിലും ആദ്യപ്രസിദ്ധീകരണത്തിലെ ഉപദേശവിഷയങ്ങൾ നിലനിറുത്തിയും, നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും, ചില ആനുകാലിക വിഷയങ്ങൾ കൂട്ടിച്ചേർത്തും പരിശുദ്ധാത്മാവു നല്കിയ ആലോചനപ്രകാരം രണ്ടാം പതിപ്പു പ്രസിദ്ധീകരിക്കുവാൻ ദൈവം ഇടയാക്കി. ആയതിനു മഹോന്നതനായ ദൈവത്തിനു നന്ദി കരേറ്റുന്നു.

പുസ്തകത്തിന്റെ ഒന്നാം പതിപ്പിനു കാര്യമായ പരസ്യങ്ങളില്ലാതെതന്നെ വേഗത്തിൽ തീരുവാനിടയായത് ഇതിൽ പ്രതിപാദിച്ചിരിക്കുന്ന ഉപദേശവിഷയങ്ങളുടെ പ്രാധാന്യതയും അവ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണെന്നും മനസ്സിലാക്കിയതുകൊണ്ടുമാണ്. കേരളത്തിനകത്തും പുറത്തും വിദേശങ്ങളിലും സഭാവ്യത്യാസമില്ലാതെ അനേകർ പുസ്തകം വായിക്കുകയും ഉപദേശവിഷയങ്ങളിൽ അവർക്കുള്ള സംശയ നിവാരണത്തിനു സഹായമാകുന്നുവെന്നുള്ള അറിയിപ്പുകളും ലഭിക്കുന്നുണ്ട്. കൂടാതെ ദേശത്തും വിദേശത്തും സൺഡേക്ലാസ്സുകളിലും ചെറിയ വചനപഠനഗ്രൂപ്പുകളിലും ഈ പുസ്തകം ഒരു പഠനമാദ്ധ്യമമായിരിക്കുന്നു എന്നുള്ള അറിയിപ്പുകളും ദൈവനാമത്തിനു മഹത്വമുണ്ടാകുവാൻ ഇടയാകുന്നു.

ബൈബിൾ ദൈവവചനമാണ്. പരിശുദ്ധാത്മ സഹായത്താൽ എഴുതപ്പെട്ട ദൈവവചനം പഠനത്തിനും, ധ്യാനത്തിനും, ദൈവഹിതം തിരിച്ചറിയുവാനും, വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാനും പഠിക്കണം. "തിരുവചന ഉപദേശസത്യങ്ങൾ" എന്ന പുസ്തകം ബൈബിളിനു പകരമല്ല. എന്നാൽ തിരുവചന

ത്തിലെ സത്യങ്ങൾ അതിന്റെ തനിമയിൽ മനസ്സിലാക്കുവാൻ സഹയാകമാകുമെന്നേയുള്ളു. "ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും?" (How can I, unless someone guides me? - Acts. 8:31) ഒന്നാം നൂറ്റാണ്ടിൽ എത്യോപ്യക്കാരനായ ഷണ്ഡൻ, ഫിലിപ്പോസിനോടു ചോദിച്ച ഈ ചോദ്യം ആധുനികയുഗത്തിലും പ്രസക്തി നഷ്ടപ്പെടാതെയിരിക്കുന്നു. ദൈവവചനം പൊരുൾ തിരിച്ചു കൊടുക്കേണ്ട ചുമതലയും പൊരുൾ തിരിച്ചു പഠിക്കേണ്ട ആവശ്യകതയും ഇന്നും നിലനിൽക്കുന്നു. രക്ഷിക്കപ്പെടാത്തവർ ക്രിസ്തുവിലൂടെ രക്ഷാഭാഗ്യം അവകാശമാക്കുവാനും, രക്ഷിക്കപ്പെട്ടവർ വിശുദ്ധിയിൽ വളർന്നു ആത്മീയമർമ്മങ്ങൾ ഗ്രഹിച്ചു ആത്മഫലം പുറപ്പെടുവിക്കുവാനും വചനപഠനം അനിവാര്യമാണ്. മറ്റുള്ളവരെ രക്ഷണ്യസുവിശേഷം അറിയിക്കുവാൻ ദൈവവചനം അതിന്റെ തനിമയിൽത്തന്നെ പങ്കുവെക്കേണ്ടിയിരിക്കുന്നു. അതിനായി ദൈവവചനം പൊരുൾ തിരിച്ചു ഗ്രഹിക്കണം.

വിവിധ നിലകളിൽ തിരുവചനം പൊരുൾ തിരിച്ചു പഠിക്കുവാൻ സാധിക്കും — (1) ഉയരത്തിൽ നിന്നു ലഭിക്കുന്ന ദൈവകൃപയാൽ (2) പരിശുദ്ധാത്മാവു തിരുവചന മർമ്മങ്ങൾ പൊരുൾ തിരിച്ചു തരുന്നു (3) ദൈവദാസന്മാർ, ഉപദേഷ്ടാക്കന്മാർ, തിരുവചന അദ്ധ്യാപകർ എന്നിവരുടെ അദ്ധ്യാപനത്തിലൂടെ (4) ദൈവീകപാദപീഠത്തിലിരുന്നു പ്രാപിച്ചതും, പരിശുദ്ധാത്മനിവേശിതമായി ചമെക്കപ്പെട്ട എഴുത്തുകൾ അഥവാ പുസ്തകങ്ങളിലൂടെ. നമ്മെ ലോകത്തിൽ ദൈവം വിശുദ്ധവിളിയാൽ വിളിച്ചത് അനേകർക്കു ദൈവവചനത്തിന്റെ പൊരുൾ തിരിച്ചു കൊടുക്കുവാനാണ്. ആത്മനിശ്ചയത്തോടെ പൊരുൾ തിരിച്ചു കൊടുക്കുമ്പോൾ അവർ രക്ഷിക്കപ്പെടുവാനും, ദൈവകല്പനകൾ പാലിക്കുവാനും, വിശുദ്ധിയിൽ ജീവിക്കുവാനും ഇടയായിത്തീരും.

തിരുവചനം പഠിക്കുന്നവർക്കും, പഠിപ്പിക്കുന്നവർക്കും, ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവർക്കും പ്രായഭേദമെന്യേ "തിരുവചന ഉപദേശ സത്യങ്ങൾ" എന്ന പുസ്തകം തിരുവചനം പൊരുൾ തിരിച്ചു പഠിക്കുവാൻ പ്രയോജനമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ ദൈവത്തിന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

SAMSON HENRY
KOLLAM / 21 - 02 -2019

# തിരുവചന ഉപദേശസത്യങ്ങൾ

## (DOCTRINAL TRUTHS OF THE WORD OF GOD)

## അദ്ധ്യായം – 1

### ആമുഖം

വിജയകരമായ ക്രിസ്തീയജീവിതം നയിക്കുന്നതിന്, ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ഉപദേശങ്ങൾ മനസ്സിലാക്കി, അതനുസരിച്ചു നമ്മുടെ ജീവിതം ക്രമപ്പെടുത്തേണ്ടതാവശ്യമാണ്. തന്മൂലം മറ്റുള്ളവർക്കു മാതൃകയും, ആശ്വാസവും, പ്രയോജനവും ഉള്ളവരായിത്തീരുവാൻ സാധിക്കുന്നു. ക്രിസ്തീയ ജീവിതം യേശു ക്രിസ്തുവിന്റെ സ്വഭാവവൈശിഷ്ട്യത്താൽ വളർന്നു ആത്മഫലം പുറപ്പെടുവിക്കുന്നതായിരിക്കണം (ഗലാ.5:22). ദൈവവചനത്തെയും ക്രിസ്തുവിശ്വാസത്തെയും ആധാരമാക്കി ധാരാളം സഭകൾ ഇന്നു ലോകത്തിൽ കാണുവാൻ കഴിയുന്നു. അനേകരും ദൈവവചനം തങ്ങളുടെ ചിന്തയ്ക്കും, ബുദ്ധിപ്രമാണങ്ങൾക്കും, വിശ്വാസസംഹി തകൾക്കും അനുസരിച്ചു വ്യാഖ്യാനിച്ചു, തങ്ങളുടെ നിലനിൽപ്പിനു കോട്ടം വരാതവണ്ണം രൂപപ്പെടുത്തുന്നു. ഇതുമൂലം അനേകർ ദുരു പദേശങ്ങളിലകപ്പെട്ടു വഴിതെറ്റി ജീവിക്കുവാനും, ദൈവത്തിനും മനു ഷ്യർക്കും പ്രയോജനവുമില്ലാത്ത അവസ്ഥയിലെത്തിച്ചേരുവാനും ഇടയാകുന്നു. ഇങ്ങനെയുള്ളവരുടെ ജീവിതത്തിൽ ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നതിനു പകരം ജഡത്തിന്റെ പ്രവൃത്തി കളുണ്ടായി (ഗലാ.5:19) നാശത്തിന്റെ വിത്തുകൾ പാകുന്നു.

യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടും ജനനം പ്രാപിച്ച ദൈവപൈതൽ മായമില്ലാത്ത ദൈവവചനം എന്ന പാൽ പാനം ചെയ്തു വളരണം (1.പത്രൊ.2:1-3). മറ്റുള്ളവരിൽ നിന്നു കേൾക്കുന്ന ഉപദേശങ്ങൾ, പ്രമാണങ്ങൾ, പ്രബോധനങ്ങൾ എന്നിവ അതേപടി വിശ്വസിക്കുകയല്ല, കേട്ടത് അങ്ങനെ തന്നെയോ എഴു തിയിരിക്കുന്നത് എന്നു പരിശോധിക്കുക കൂടി വേണം. ബെരോവ യിലെ വിശ്വാസികളാണ് ഇക്കാര്യത്തിൽ നമുക്കു മാതൃക (അപ്പൊ.17:11).

*അപ്പൊ.17:11 — "അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു."*

## പൊരുൾതിരിച്ചു പഠിക്കേണ്ട ആവശ്യകത —

വിവിധനിലകളിൽ തിരുവചനം പൊരുൾ തിരിച്ചു പഠിക്കുവാൻ സാധിക്കും — (1) ഉയരത്തിൽ നിന്നു ലഭിക്കുന്ന ദൈവ കൃപയാൽ (2) പരിശുദ്ധാത്മാവു തിരുവചന മർമ്മങ്ങൾ പൊരുൾ തിരിച്ചു തരുന്നതിലൂടെ (3) ദൈവദാസന്മാർ, ഉപദേഷ്ടാക്കന്മാർ, തിരുവചന അദ്ധ്യാപകർ എന്നിവരുടെ അദ്ധ്യാപനത്തിലൂടെ (4) ദൈവീകപാദപീഠത്തിലിരുന്നു പ്രാപിച്ചതും, പരിശുദ്ധാത്മനിവേശിതമായി ചമെക്കപ്പെട്ട എഴുത്തുകൾ അഥവാ പുസ്തകങ്ങളിലൂടെ. തിരുവചനം ഓരോരുത്തരും പരിശുദ്ധാത്മാവിനു വിധേയപ്പെട്ടു തനിയേ പഠിക്കേണ്ടതാണ്. പരിശുദ്ധാത്മാവാണ് സകല കാര്യങ്ങളെയും വെളിപ്പെടുത്തിത്തരുന്നത്. തിരുവചനം പൊരുൾതിരിച്ചു പഠിക്കേണ്ട ആവശ്യകതയുണ്ട്.

### (1) ആത്മീകമായി വളരുവാൻ —

ഒരു കുഞ്ഞ് ജനിച്ചു കഴിഞ്ഞാലുടനെ ആദ്യം അന്വേഷിക്കുന്നതു പാലാണ്. അതുപോലെ ദൈവപൈതലായി ജനിച്ചാലുടൻ ദൈവവചനമെന്ന മായമില്ലാത്ത പാൽ കുടിക്കണം. ദൈവവചനത്തിനു വേണ്ടി നിലയ്ക്കാത്ത ആഗ്രഹം നമ്മിലുണ്ടാകണം. ഒരിക്കൽ രക്ഷിക്കപ്പെട്ടു അതോടുകൂടി വചനപഠനം മതിയാക്കരുത്. രക്ഷെക്കായി, ആത്മീക വളർച്ചെക്കായി, വിശുദ്ധ ജീവിതത്തിനായി ഈ മായമില്ലാത്ത പാൽ കുടിച്ചുകൊണ്ടിരിക്കണം. പാലിൽ മായം ചേർത്താൽ പെട്ടെന്നു മനസ്സിലാക്കാൻ കഴിയുകയില്ല. ദൈവവചനം മായം ചേർത്തു കൊടുക്കുന്നതു തിരിച്ചറിയണമെങ്കിൽ ദൈവവചനത്തിൽ പ്രാഗത്ഭ്യമുണ്ടാകണം.

1.പത്രൊ.2:2 — *"ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെക്കായി വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ."*

### (2) രാജ്യത്തിന്റെ നിയമം അറിഞ്ഞു ജീവിക്കുവാൻ —

സ്വർഗ്ഗീയപൗരന്മാരായിരിക്കുന്ന ദൈവമക്കൾ ദൈവരാജ്യത്തിലെ നിയമങ്ങൾ അറിഞ്ഞാലേ അതനുസരിച്ചു ലോകത്തിൽ

ജീവിക്കുവാൻ സാധിക്കൂ.

ആവ.11:18 — *"ആകയാൽ നിങ്ങൾ എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിച്ചു നിങ്ങളുടെ കൈമേൽ അടയാളമായി കെട്ടുകയും അവ നിങ്ങളുടെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായിരിക്കുകയും വേണം."*

ആവ.28:13 — *"നിന്റെ ദൈവമായ യഹോവയുടെ കല്പനകൾ കേട്ടു പ്രമാണിച്ചു നടന്നാൽ യഹോവ നിന്നെ വാലല്ല, തല ആക്കും; നീ ഉയർച്ച തന്നേ പ്രാപിക്കും; താഴ്ച പ്രാപിക്കുകയില്ല."*

**(3) വിജയകരമായ ക്രിസ്തീയജീവിതം നയിക്കുവാൻ —**

വിജയകരമായ ക്രിസ്തീയജീവിതം നയിക്കണമെങ്കിൽ ദൈവവചനം പൊരുൾതിരിച്ചു പഠിക്കണം. വിശ്വാസിക്ക് ഒരു ശിശുവിന്റെ ഹൃദയനൈർമല്യവും, വളർച്ചയിൽ ആത്മീയപക്വതയും ഉണ്ടായിരിക്കണം. മനം തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിത്തീരണം എന്നു കർത്താവു പറഞ്ഞത് ഹൃദയനിർമ്മലതയുടെ കാര്യത്തിലാണ്. യേശുക്രിസ്തു സഭയുടെ ശിരസ്സും, വിശ്വാസികളുടെ കൂട്ടമായ സഭ ക്രിസ്തുവിന്റെ ശരീരവുമാണ്.

എഫെ.4:15 — *"...... ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും."*

**(4) കർത്താവിന്റെ കല്പന അനുസരിക്കുവാൻ —**

സകല ജാതികളോടും സുവിശേഷമറിയിക്കുവാനുള്ള കർത്താവിന്റെ കല്പന നാം പാലിക്കണമെങ്കിൽ ദൈവവചനം പൊരുൾ തിരിച്ചു പഠിക്കണം. മത്താ..28:19,20 — *"ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ...... സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ ....."* ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം അറിയിക്കണം എന്നുള്ളത് കർത്താവിന്റെ കല്പനയാണ്.

**(4) ദുരുപദേശങ്ങളിൽ ഒഴുകിപ്പോകാതിരിക്കുവാൻ —**

സാത്താൻ താനും വെളിച്ചദൂതന്റെ വേഷത്തിൽ വരുന്നുവെന്നു ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവവചനം പൊരുൾതിരിച്ചു പഠിച്ചാൽ ദുരുപദേശക്കാരുടെ കുത്തൊഴുക്കിൽപ്പെട്ടു അപകടമുണ്ടാകാതെ രക്ഷപെടാം. എന്നാൽ ഒഴുക്കിനെതിരേ നിൽക്കുവാൻ ബലമുള്ള ആശ്രയം വേണം. സാത്താന്റെ

അധീനതയിലായിരിക്കുന്ന ലോകത്തിൽ നമ്മെ വീഴ്ത്തിക്കളയുന്ന പലവിധ ഒഴുക്കുകളുണ്ട്. ഇതിനു പുറമേ അനേക ചതിക്കുഴികളും നമ്മുടെ യാത്രയിൽ കെണിയായി മറഞ്ഞിരിപ്പുണ്ട്. ശത്രുവായവൻ ഒഴുക്കിക്കളയുവാനും, വീഴ്ത്തിക്കളയുവാനും ശ്രമിക്കുമ്പോൾ ഇതിനെതിരേ നിവർന്നു നില്ക്കുവാൻ ദൈവവചനത്തിൽ പ്രാഗത്ഭ്യം ഉണ്ടായിരിക്കണം. എബ്രാ.2:1 — *"അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിനു കേട്ടതു അധികം ശ്രദ്ധയോടെ കരുതികൊൾവാൻ ആവശ്യമാകുന്നു."*

## ദുരുപദേശങ്ങളിൽ അകപ്പെടാതെ ശ്രദ്ധിച്ചു ജീവിക്കേണ്ട മുന്നറിയിപ്പുകൾ —

അപ്പൊസ്തലനായ പൗലൊസ് റോമിലുള്ള വിശ്വാസികളോടു തങ്ങളുടെ ജീവിതത്തിൽ സൂക്ഷിക്കേണ്ടതും മുറുകെ പിടിച്ചുകൊള്ളേണ്ടതുമായ അനേക കാര്യങ്ങൾ പ്രബോധിപ്പിക്കുന്നു.

**റോമർ.16:17,18** — *"സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന്നു വിപരീതമായ ദ്വന്ദപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചു കൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറ്റിനെയത്രേ സേവിക്കയും, ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചു കളകയും ചെയ്യുന്നു."* പഠിച്ച ഉപദേശത്തിനെതിരായുള്ളവയെ സൂക്ഷിക്കുകയും അങ്ങനെയുള്ളവരോടകന്നു നിൽക്കുകയും വേണമെന്നാണിതിൽ കാണുന്നത്. ഇതു സാധിക്കണമെങ്കിൽ സത്യവചനം ശരിയായി മനസ്സിലാക്കണം. ദുരുപദേഷ്ടാക്കളുടെ ലക്ഷണവും, ലക്ഷ്യവും, പ്രവൃത്തിയും ഈ വാക്യങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. ജഡീകകാര്യങ്ങളിൽ മുഴുകി സ്വന്തതാല്പര്യങ്ങൾക്കും, അധികാരലബ്ധിക്കും, ധനപരമായ ഉന്നതിക്കും, ലൗകീക സുഖഭോഗങ്ങൾക്കും, അസന്മാർഗ്ഗീക കാര്യങ്ങൾക്കും മറയായി ദൈവവചനത്തെ എടുത്തുപയോഗിക്കുന്ന ക്രൂശിന്റെ ശത്രുക്കളാണിവർ. അവരുടെ സംസാരവും, പഠിപ്പിക്കലും വഞ്ചന നിറഞ്ഞതാണ്. അവർ ലാവണ്യവാക്കുകളിലൂടെ, ദൈവവചനത്തിൽ പ്രാവീണ്യവും, പക്വതയും ഇല്ലാത്ത വിശ്വാസികളെ കുടുക്കുന്നു. ദുരുപദേശക്കാരായ ഇത്തര

ക്കാർ നമ്മുടെ കാലഘട്ടത്തിൽ ധാരാളമായി കാണപ്പെടുന്നു.

കർത്താവിന്റെ സത്യോപദേശങ്ങൾ പഠിച്ചു ജീവിതത്തിൽ പകർത്തിയ അപ്പൊസ്തലന്മാർ ഇവരെക്കുറിച്ചു നൽകുന്ന മുന്നറിയിപ്പു ശ്രദ്ധിക്കുക —

> **2.കൊരി.11:13-15 —** *"ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ; അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല; അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്കു ഒത്തതായിരിക്കും."*

> **എഫെ.4:14—** *"അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും."*

> **ഫിലി.3:18,19 —** *"ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിന്നു ശത്രുക്കളായി നടക്കുന്നു എന്നു ഇപ്പോൾ കരഞ്ഞുംകൊണ്ടു പറയുന്നു. അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറു; ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളതു ചിന്തിക്കുന്നു."*

> **കൊലൊ.2:4 —** *"വശീകരണവാക്കു കൊണ്ടു ആരും നിങ്ങളെ ചതിക്കാതിരിപ്പാൻ ഞാൻ ഇതു പറയുന്നു."*

> **2.തിമൊ.3:5 —** *"ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക."*

> **2.തിമൊ.3:13 —** *"ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കൊണ്ടു മേൽക്കുമേൽ ദോഷത്തിൽ മുതിർന്നു വരും."*

> **തീത്തൊസ്.1:10 —** *"വൃഥാവാചാലന്മാരും മനോവഞ്ചകന്മാ*

*രുമായി വഴങ്ങാത്തവരായ പലരും ഉണ്ടല്ലോ."*

> **1.യോഹ.4:1,2** —*"പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്‌വിൻ. ദൈവാത്മാവിനെ ഇതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളതു."*

> **1.യോഹ.4:6** — *"ഞങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു; ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നു. ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവു ഏതു എന്നും വഞ്ചനയുടെ ആത്മാവു ഏതു എന്നും നമുക്കു ഇതിനാൽ അറിയാം."*

> **2.യോഹ.7,10** —*"യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നുവല്ലോ. വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയുള്ളവൻ ആകുന്നു. ഒരുത്തൻ ഈ ഉപദേശവുംകൊണ്ടു അല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുതു; അവന്നു കുശലം പറകയും അരുതു."*

> **യൂദാ.12,13**—*"ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ; നിങ്ങളോടുകൂടെ വിരുന്നു കഴിച്ചു ഭയം കൂടാതെ നിങ്ങളെത്തന്നേ തീറ്റുന്നവർ; കാറ്റുകൊണ്ടോടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ; ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ; തങ്ങളുടെ നാണക്കേടു നുരെച്ചു തള്ളുന്ന കൊടിയ കടൽത്തിരകൾ; സദാകാലത്തേക്കും അന്ധതമസ്സു സൂക്ഷിച്ചു വെച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നേ."*

ദുരുപദേശക്കാരെ തിരിച്ചറിഞ്ഞു, അവരിൽ നിന്നകന്നു, ആത്മസമ്പുഷ്ടമായ വിശ്വാസജീവിതം നയിക്കണമെങ്കിൽ തിരുവചനസത്യങ്ങളിൽ പ്രാവീണ്യമുള്ളവരായിരിക്കണം. യേശുകർത്താവിനെ പരീക്ഷിക്കുവാനായി സാത്താൻ ദൈവവചനമാണ് ഉപയോഗിച്ചത്. ദൈവവചനത്തിലൂടെ തന്നെ സാത്താനു കർത്താവു മറുപടി നൽകി അവനെ തോല്പിച്ചു (മത്താ.4:4,7,10). കർത്താവിനെ പരീക്ഷിച്ച അതേ സാത്താൻ വിശ്വാസികളെയും വീഴ്ത്തുവാനായി

വരുമെന്നതിനാൽ നാം ദൈവവചനത്തിൽ പ്രാഗത്ഭ്യമുള്ളവരായിരിക്കണം. ഒരു ജനനം വഴിയായി നാം ഇഹലോകവാസികളായെങ്കിൽ മറ്റൊരു ജനനം വഴിയായി (യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ പ്രാപിച്ച പുതുജനനം) ദൈവകുടുംബത്തിലെ മക്കളായി ജീവിക്കുമ്പോൾ ദൈവകുടുംബത്തിലെ അടിസ്ഥാന ഉപദേശസത്യങ്ങൾ മനസ്സിലാക്കി അതനുസരിച്ചു ജീവിക്കണം. തദ്വാരാ നമ്മുടെ ക്രിസ്തീയജീവിതം വിജയകരമായിത്തീരും. അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിനും തീത്തൊസിനും നൽകുന്ന ഉപദേശം വിശ്വാസികൾ ഏറെ ശ്രദ്ധിക്കേണ്ടതാണ് —

*"നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറെച്ചു നിൽക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും."* (1.തിമൊ.4:16).

*"പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിന്നു ഉപദേശപ്രകാരമുള്ള വിശ്വാസവചനം മുറുകെപ്പിടിക്കുന്നവനും ആയിരിക്കണം"* (തീത്തൊ.1:9).

## ദൈവശാസ്ത്ര പഠന ശാഖകൾ (SYSTEMATIC THEOLOGY) —

ദൈവം, തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ച, മനുഷ്യന് മറ്റു സൃഷ്ടികളേക്കാൾ അതിശ്രേഷ്ഠമായ ജ്ഞാനവും, ബുദ്ധിയും നൽകിയിട്ടുണ്ട്. ജ്ഞാനം സമ്പാദിക്കുവാനായി മനുഷ്യൻ അനേക വിഷയങ്ങൾ പഠിക്കുന്നു. ശാസ്ത്രവിഷയങ്ങൾക്കുതന്നെ പല വിഭാഗങ്ങളുണ്ട് — രസതന്ത്രം, ഊർജ്ജതന്ത്രം, ധനതത്വശാസ്ത്രം, ഗണിതശാസ്ത്രം, വാനശാസ്ത്രം, ഭൂമിശാസ്ത്രം മുതലായവ ഇതിലുൾപ്പെടുന്നു. ഇലക്ട്രോണിക്ക്/ കമ്പ്യൂട്ടർ യുഗമായ ഇന്നു ഇവയുടെ പഠനത്തിനും അതിവിശാലമായ ശാഖകളുണ്ട്. ഇവ ക്രമമായും, അടുക്കും ചിട്ടയോടും, പഠിച്ചാലേ വിജയത്തിൽ എത്തുകയുള്ളു. അതുപോലെ തന്നെ ദൈവശാസ്ത്രത്തോടുള്ള ബന്ധത്തിലും പഠനം വിവിധ ശാഖകളിൽ കാണാം. ഇവയുടെ പഠനം ക്രമമായും, അതീവ ശ്രദ്ധയോടും ആയിരുന്നാൽ ദൈവീകമർമ്മങ്ങൾ മനസ്സിലാക്കുവാൻ ഏറെ സഹായകമായിരിക്കും. ബൈബിളിന്റെ അടിസ്ഥാനോപദേശസത്യങ്ങളെ ദൈവശാസ്ത്രപഠനത്തോ

ടുള്ള ബന്ധത്തിൽ പതിനൊന്നു ശാഖകളിലുൾപ്പെടുത്താം.

### (1) ദൈവശാസ്ത്രം — THEOLOGY

(Theology Proper or Paterology is the study of God, the Father)

തിയോളജി എന്ന ഇംഗ്ളീഷ് പദം, "തെയോസ്" (Theos), "ലോഗോസ്" (Logos) എന്ന രണ്ടു ഗ്രീക്കു പദങ്ങളിൽ നിന്നു വന്നിട്ടുള്ളതാണ്. തെയോസ് എന്ന പദത്തിന് *'ദൈവം'* എന്നും, ലോഗോസ് എന്ന പദത്തിന് *'വചനം'* എന്നും അർത്ഥം. ദൈവത്തെയും, ദൈവവചനത്തെയും കുറിച്ചുള്ള പഠനമാണ് ദൈവശാസ്ത്രം (THEOLOGY). വേദപുസ്തകത്തിലെ അടിസ്ഥാനോപദേശങ്ങളും ദൈവശാസ്ത്രത്തിൽ ഉൾപ്പെടുത്താം. ദൈവാസ്തിത്വം (Existence of God), ദൈവീക ഗുണ ലക്ഷണങ്ങൾ (Attributes of God), ദൈവത്തിന്റെ ആളത്വം (Personality of God) എന്നിവ പ്രധാനമായി ഈ പഠനത്തിൽ ഉൾപ്പെടുന്നു.

### (2) ക്രിസ്തുശാസ്ത്രം — CHRISTOLOGY

(Christology is the study of God, the Son, Jesus Christ)

കർത്താവായ യേശുക്രിസ്തുവിന്റെ ആളത്വം, മനുഷ്യത്വം, ദൈവത്വം, പൗരോഹിത്യം, വീണ്ടെടുപ്പിൻ വേല, സ്വഭാവശ്രേഷ്ഠത, മരണം, അടക്കം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, ഇപ്പോഴത്തെ ശുശ്രൂഷ, രണ്ടാം വരവ് എന്നിവ ക്രിസ്തുശാസ്ത്രപഠനത്തിൽ ഉൾപ്പെടുന്നു.

### (3) പരിശുദ്ധാത്മശാസ്ത്രം — PNEUMATOLOGY

(Pneumatology is the study of God, the Holy Spirit)

പരിശുദ്ധാത്മാവിന് ഗ്രീക്കുഭാഷയിൽ ന്യൂമ (PNEUMA) എന്നു പറയുന്നു. ത്രിത്വത്തിൽ (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്) മൂന്നാമത്തെ ആളത്വത്തെകുറിച്ചുള്ള പഠനമാണിത്. പരിശുദ്ധാത്മാവിന്റെ ആളത്വം, ദൈവത്വം, പേരുകൾ, സാദൃശ്യങ്ങൾ, പ്രവൃത്തികൾ, പരിശുദ്ധാത്മാവ് വിശ്വാസിയിൽ, സഭയിൽ, പരിശുദ്ധാത്മാവും കൃപാവരങ്ങളും, പരിശുദ്ധാത്മാവും വിശ്വാസിയുടെ ഉത്തരവാദിത്വവും, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് പരിശുദ്ധാത്മശാസ്ത്രം.

### (4) വേദപുസ്തകശാസ്ത്രം — BIBLIOLOGY

(Bibliology is the study of the Bible)

അറുപത്തിയാറു പുസ്തകങ്ങൾ അടങ്ങിയ സത്യവേദപു

സ്തകത്തെ അഥവാ ബൈബിളിനെക്കുറിച്ചുള്ള പഠനമാണിത്. ബൈബിളിന്റെ ഉത്ഭവം, മനുഷ്യർക്ക് ലഭ്യമായത്, ദൈവനിശ്വാസ്യത, എഴുത്തുകാർ, എഴുതിയ കാലം, ഓരോ പുസ്തകങ്ങളുടേയും ഉദ്ദേശ്യം, പശ്ചാത്തലം, ആർക്കെഴുതി, മൂലപ്രതികൾ, മൂലഭാഷകൾ, ഭാഷാന്തരങ്ങൾ എന്നിവയുടെ ശാസ്ത്രീയ പഠനമാണ് വേദപുസ്തകശാസ്ത്രം.

**(5) രക്ഷാതത്വശാസ്ത്രം — SOTERIOLOGY**

(Soteriology is the study of Salvation)

*"സോട്ടറിയാ" (Soteria)* എന്ന ഗ്രീക്കു വാക്കിനർത്ഥം *'രക്ഷ'* എന്നാണ്. കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവം മനുഷ്യന് ഒരുക്കിയ രക്ഷയെക്കുറിച്ചുള്ള പഠനമാണ് രക്ഷാതത്വശാസ്ത്രം. രക്ഷയുടെ ആവശ്യം, ഉദ്ദേശ്യം, രക്ഷകൻ, രക്ഷാമാർഗ്ഗം, രക്ഷയിൽ ദൈവത്തിന്റെ സ്നേഹവും കരുണയും പങ്കും, രക്ഷയുടെ ഭദ്രത, രക്ഷാനിർണ്ണയം, ത്രികാലരക്ഷ എന്നീ വിഷയങ്ങൾ രക്ഷാതത്വശാസ്ത്ര പഠനത്തിൽ ഉൾപ്പെടുന്നു.

**(6) സഭാതത്വശാസ്ത്രം — ECCLESIOLOGY**

(Ecclesiology is the study the Church)

**എക് — കലയോ (Ek - kaleo)** എന്ന രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണ് എക്ളീസിയാ (Ecclesia) എന്ന ഇംഗ്ളീഷ് പദം ഉടലെടുത്തിട്ടുള്ളത്. 'എക്' എന്നാൽ പുറത്തേക്കു, 'കലഓ' എന്നാൽ വിളിക്കുക എന്നർത്ഥം (Ek = out, kaleo = called). അതായത് ഒരു കൂട്ടത്തിൽ നിന്നും പുറത്തേക്കു വിളിക്കപ്പെട്ടവർ. ചുരുക്കത്തിൽ **"വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം"** (A group called and set apart). ദൈവസഭയുടെ ആരംഭം, സഭ എന്ന മർമ്മം, പ്രാദേശികസഭ, സാർവ്വത്രികസഭ, സഭയുടെ വളർച്ച, സഭയുടെ തല, സഭാപരിപാലനം, സഭയിലെ ശുശ്രൂഷകൾ, സഭയും വിശ്വാസികളും, സഭയിൽ പൗരോഹിത്യം, സഭയുടെ മഹത്വകരമായ പ്രത്യാശ തുടങ്ങിയവ സഭാതത്വശാസ്ത്രത്തിൽ ഉൾപ്പെടുന്നു.

**(7) ഭാവികാലശാസ്ത്രം — ESCHATOLOGY**

(Eschatology is the study of the end times)

***"എസ്കറ്റോസ്"*** (Eschatos)എന്ന ഗ്രീക്കു പദത്തിൽ നിന്നുണ്ടായതാണ് എസ്കറ്റോളജി എന്ന ഇംഗ്ളീഷ് പദം. ഇതിനു അർത്ഥം***"ഭാവികാല സംഭവങ്ങൾ"***എന്നാണ്. സഭയുടെ പ്രത്യാശ, കർത്താവിന്റെ രണ്ടാം വരവ്, രഹസ്യപ്രത്യക്ഷതയും പരസ്യപ്രത്യ

ക്ഷതയും, പീഡനകാലം, മഹാപീഡനകാലം, അന്തിക്രിസ്തുവിന്റെ ഭരണം, കുഞ്ഞാടിന്റെ കല്യാണം, ആയിരമാണ്ടു വാഴ്ച, ക്രിസ്തുവിന്റെ ന്യായാസനം, രണ്ടു വലിയ യുദ്ധങ്ങൾ, തേജസ്സിന്റെ സിംഹാസനം, വെള്ളസിംഹാസനം, പുതിയ ആകാശവും പുതിയ ഭൂമിയും, പുതിയ യെരുശലേം, നിത്യത, നരകയാതന തുടങ്ങി ഭാവിയിൽ സംഭവിക്കുവാനുള്ള വിഷയങ്ങളെക്കുറിച്ചുള്ള പഠനമാണ് ഭാവികാലശാസ്ത്രം.

## (8) ദൂതശാസ്ത്രം — ANGELOLOGY

(Angelology is the study of Angels)

ദൈവസൃഷ്ടിയായ ദൂതന്മാരെക്കുറിച്ചുള്ള പഠനമാണ് ദൂതശാസ്ത്രം. ദൂതന്മാർ രണ്ടു വിഭാഗങ്ങൾ ഉണ്ട്. വിശുദ്ധദൂതന്മാരും, പാപം ചെയ്ത ദൂതന്മാരും. വിശുദ്ധദൂതന്മാരിൽ പ്രധാനദൂതന്മാർ, സാധാരണ ദൂതന്മാർ, സാറാഫുകൾ, കെരൂബുകൾ എന്നിവർ ഉൾപ്പെടുന്നു. ദൈവദൂതന്മാരുടെ ഉത്ഭവം, നിലനില്പ്പു, കടമകൾ, ശുശ്രൂഷകൾ, ഉത്തരവാദിത്വങ്ങൾ എന്നിവയുടെ പഠനമാണ് ദൂതശാസ്ത്രം. പാപം ചെയ്തു വീണുപോയ ദൂതന്മാർ സാത്താന്യഗണത്തിൽ ഉൾപ്പെടുമ്പോൾ, ദൈവമക്കളെ സൂക്ഷിക്കുകയും, പരിപാലിക്കുകയും, ശുശ്രൂഷിക്കുകയും ചെയ്യുന്ന വിശുദ്ധദൂതന്മാർ ദൈവദൂതഗണത്തിലുൾപ്പെടുന്നു.

## (9) ഭൂതശാസ്ത്രം — DEMONOLOGY

(Demonology is the study of demons)

ഭുതങ്ങളെക്കുറിച്ചുള്ള പഠനമാണ് ഭൂതശാസ്ത്രം. എബ്രായഭാഷയിൽ സാറ്റാനസ് (Satanas) എന്ന പദമാണ് സേറ്റൻ (Satan) എന്നു പറയുകയും സാത്താൻ എന്നു മലയാളത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നത്. എബ്രായഭാഷയിൽ സേറ്റൻ (Satan) എന്നാൽ കുറ്റം ചുമത്തുന്നവൻ, എതിരാളി (adversary / opponent ) എന്നർത്ഥം. ഗ്രീക്കിൽ ഡിയബോളോസ് (diabolos) എന്നു പറയുന്നു. പൗലൊസ് സാത്താൻ എന്നതിന് സാറ്റാനസ്സും (സാത്താൻ), ഡയോബോളോസും (പിശാച്) മാറിമാറി ഉപയോഗിച്ചിട്ടുണ്ട്. സാത്തൻ കുറ്റം ചുമത്തുന്നവൻ, എതിരാളി എന്നീ നിലയിൽ ദൈവത്തെയും ദൈവമക്കളെയും കുറ്റം ചുമത്തുകയും എതിർക്കുകയും ചെയ്യുന്നു. മലയാളത്തിൽ ഭൂതം, ദുർഭൂതം, ദുരാത്മാവ് എന്നിവെക്കു ഇംഗ്ലീഷിൽ ഡീമൻ (Demon) എന്നും ഗ്രീക്കിൽ ഡെയ്മൻ (Daimon) എന്നും

പറയുന്നു.

## (10) നരവംശശാസ്ത്രം — ANTHROPOLOGY

(Anthropology is the study of humanity)

മനുഷ്യനെകുറിച്ചുള്ള പഠനമാണ് നരവംശശാസ്ത്രം. ആന്ത്രപ്പോസ് (Anthropos) എന്ന വാക്കിനർത്ഥം മനുഷ്യൻ എന്നാണ്. മനുഷ്യന്റെ ഉത്ഭവം, സൃഷ്ടിയുടെ ഉദ്ദേശ്യം, മനുഷ്യനിലെ മൂന്നു ഘടകങ്ങൾ (ദേഹം, ദേഹി, ആത്മാവ്), മനുഷ്യന്റെ പാപപ്രവൃത്തി, വീഴ്ച, ദൈവം മനുഷ്യന് യേശുക്രിസ്തുവിലൂടെ ഒരുക്കിയ വീണ്ടെടുപ്പ്, നിത്യജീവൻ, മരണാനന്തരജീവിതം, എന്നിവ നരവംശശാസ്ത്രപഠനത്തിൽ ഉൾപ്പെടുന്നു.

## (11) പാപശാസ്ത്രം — HAMARTIOLOGY

(Hamartiology is the study of Sin)

ഗ്രീക്ക് ഭാഷയിലെ ഹമാർട്ടിയ (Hamartia) എന്ന വാക്കിനു അർത്ഥം *'സത്യത്തിൽ നിന്നു വ്യതിചലിക്കുക'* അഥവാ *'പാപം'* എന്നാണ്. പാപത്തിന്റെ ഉത്ഭവം, മനുഷ്യന്റെ വീഴ്ച, അനന്തരഫലങ്ങൾ, പാപത്തിന്റെ ശിക്ഷ, പാപപരിഹാരം, പാപസ്വഭാവങ്ങൾ, പാപത്തോടുള്ള ദൈവത്തിന്റെ സമീപനം, പാപവും വിശ്വാസിയും എന്നിവ ഉൾപ്പെടുന്ന ശാസ്ത്രീയപഠനമാണ് പാപശാസ്ത്രം.

= = = = = = = *Amen* = = = = = = =

# അദ്ധ്യായം - 2

## വേദപുസ്തകം (ബൈബിൾ)

ബൈബിൾ ദൈവവചനമാണ്. ദൈവീകാരുളപ്പാടുകൾ പരിശുദ്ധാത്മസഹായത്താൽ എഴുതപ്പെട്ടിരിക്കുന്നു. ഇതു ലോകചരിത്രത്തെയോ, മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയെയോ, സംസ്കാരത്തെയോ വിശദീകരിക്കുന്ന ഗ്രന്ഥമല്ല. എന്നാൽ ലോകത്തെയും മനുഷ്യരെയും ഏറ്റവുമധികം സ്വാധീനിക്കുന്ന ഒരു ഗ്രന്ഥമാണ്. ഇതിൽ മനുഷ്യരെക്കുറിച്ചുള്ള ദൈവീകോദ്ദേശ്യവും, മനുഷ്യന്റെ രക്ഷയ്ക്കുളള കാര്യങ്ങളും അടങ്ങിയിരിക്കുന്നു. ദൈവം എന്ന സർവ്വശക്തനായ ആളത്വത്തെ തെളിയിക്കുവാനൊരുങ്ങാതെ ദൈവത്തിന്റെ പ്രവർത്തനങ്ങളെയും മനുഷ്യരോടുള്ള ദൈവസ്നേഹത്തെയും ബൈബിൾ പ്രദർശിപ്പിക്കുന്നു. *"ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അമ്പേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലയോ"* എന്നു ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു (എബ്രാ.11:6). ദൈവത്തിന്റെ ആസ്തിത്വത്തെ ഉറപ്പിച്ച്, ആരംഭിക്കുന്ന ബൈബിൾ, വായിക്കുന്തോറും പുതുമ വർദ്ധിക്കുന്നു; ദൈവത്തിൽ ആശ്രയം വെച്ച് ദൈവഹിതപ്രകാരം ജീവിക്കുന്നതിനു സാധിക്കുന്നു. 119-ാം സങ്കീർത്തനത്തിൽ **യഹോവയുടെ ന്യായപ്രമാണം, സാക്ഷ്യങ്ങൾ, പ്രമാണങ്ങൾ, ചട്ടങ്ങൾ, കൽപ്പനകൾ, വിധികൾ, വാഗ്ദത്തങ്ങൾ, വചനം, സത്യത്തിന്റെ വചനം, വഴികൾ** തുടങ്ങിയ വിവിധ പേരുകളിൽ ദൈവവചനത്തിന്റെ ശ്രേഷ്ഠത, ഉന്നതി, ആവശ്യകത, പ്രയോജനങ്ങൾ എന്നിവ വ്യക്തമാക്കുന്നു. ലോകത്തിന്റെ കാലഗതിയനുസരിച്ച് മാറ്റമില്ലാത്തതായി, ഭേദഗതികൾ ആവശ്യമില്ലാതെ ഒരു ഗ്രന്ഥം ഉണ്ടെങ്കിൽ അതു ദൈവവചനമായ ബൈബിൾ തന്നെയാണ്. **സങ്കീ.119:89 —**"*യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു."* സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ടു നമുക്കു ലഭിച്ചിരിക്കുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

കാലങ്ങൾ ഏറെ കഴിഞ്ഞിട്ടും, ശാസ്ത്രം ഏറെ പുരോഗമിച്ചിട്ടും, ആധുനികയുഗത്തിലും മാറ്റമില്ലാതെ, തെറ്റുകളില്ലാതെ, പുതുമയോടെ നിലനിൽക്കുന്നത് ഇതു ദൈവത്തിന്റെ വചനം ആയതിനാലാണ്. എന്നാൽ മനുഷ്യർ തങ്ങളുടെ സ്വാർത്ഥതാത്പര്യങ്ങൾക്കും, തങ്ങളുടെതന്നെ ഉപദേശങ്ങൾ ന്യായീകരിക്കുവാനും ഇതിലെ ഉപദേശങ്ങൾക്കു മാറ്റം വരുത്തുവാൻ ശ്രമിക്കാറുണ്ട്. ദൈവശ്വാസീയമായ ഈ തിരുവചനത്തിൽ മാറ്റം വരുത്തുവാൻ പാടില്ലെന്നു ബൈബിളിന്റെ ആരംഭത്തിലും, മദ്ധ്യഭാഗത്തും, അവസാനഭാഗത്തും ദൈവാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെ ആരെങ്കിലും ചെയ്താൽ ശിക്ഷിക്കപ്പെടുമെന്ന മുന്നറിയിപ്പും നൽകിയിരിക്കുന്നു.

> **ആവ.4:2** — *"ഞാൻ നിങ്ങളോടു കൽപ്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കൽപ്പനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോടു കൽപ്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽനിന്നു കുറെക്കയോ ചെയ്യരുതു."*

> **സദൃ.30:6** –*"അവന്റെ വചനങ്ങളോടു നീ ഒന്നും കൂട്ടരുതു."*

> **വെളി.22:18,19** —*"ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്നു വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽ നിന്നും ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവന്നുള്ള അംശം ദൈവം നീക്കിക്കളയും."*

## ബൈബിൾ എന്ന പേരിന്റെ ഉത്ഭവം —

ബൈബിൾ (Bible) എന്ന പേരിന്റെ ഉത്ഭവം ബിബ്ളോസ് (Biblos) ബിബ്ളിയോൺ (Biblion) എന്നീ രണ്ടു ഗ്രീക്കു പദങ്ങളിൽ നിന്നു വന്നിട്ടുള്ളതാണ്. പാപ്പിറസ്സു (Papyrus) ചെടിയിൽ നിന്നും രൂപപ്പെടുത്തിയിട്ടുള്ള ചുരുളുകളാണ് പ്രാചീനകാലത്തു എഴുതുവാൻ ഉപയോഗിച്ചിരുന്നത്. ഈ പാപ്പിറസ്സു ചുരുളുകൾ ബിബ്ളോസ് (Biblos) അഥവാ പുസ്തകങ്ങൾ (the books) എന്നു ഫ്രഞ്ചുഭാഷയിൽഅറിയപ്പെട്ടിരുന്നു. എ.ഡി (A.D) രണ്ടാം നൂറ്റാണ്ടിൽ തിരുവെഴുത്തുകൾക്ക് റ്റാബിബ്ളിയാ (TA BIBLIA) എന്നു പേരു വിളിച്ചിരുന്നതായി സഭാചരിത്രത്തിൽ കാണുന്നു.

വേദപുസ്തകം ഇംഗ്ലീഷ് ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയ വിക്ളിഫ്, വേദപുസ്തകത്തിനു ബൈബിൾ (BIBLE) എന്നു നാമകരണം ചെയ്തു.

ബൈബിൾ (Bible) എന്നതിലുള്ള ഇംഗ്ലീഷ് അക്ഷരങ്ങൾക്ക് രണ്ടു ദൈവദാസന്മാർ ഇപ്രകാരം നിർവ്വചനം നൽകിയിരിക്കുന്നത് ശ്രദ്ധേയമാണ് — I

| | | |
|---|---|---|
| BIBLE | B | BLESSED |
| | I | INFORMATIONS |
| | B | BRINGING |
| | L | LIFE |
| | E | ETERNAL |

"നിത്യജീവനിലേക്കു നയിക്കുന്ന അനുഗ്രഹസന്ദേശങ്ങൾ" അടങ്ങിയതാണ് ബൈബിൾ.

II

| | | |
|---|---|---|
| BIBLE | B | BASIC |
| | I | INFORMATIONS |
| | B | BEFORE |
| | L | LEAVING |
| | E | EARTH |

"ഭൂമിയിൽ നിന്നു പോകുന്നതിനു മുമ്പു അറിഞ്ഞിരിക്കേണ്ട അടിസ്ഥാന പ്രമാണങ്ങൾ" അടങ്ങിയതാണ് ബൈബിൾ.

**ബൈബിൾ എഴുതിയിരുന്ന ഭാഷ —**

പഴയനിയമം എബ്രായഭാഷയിലും (Hebrew), പുതിയനിയമം ഗ്രീക്കു (Greek) ഭാഷയിലുമാണ് എഴുതിയിരുന്നത്. അരാമ്യ, ഈജിപ്ഷ്യൻ ഭാഷകൾക്കും സ്വാധീനമുണ്ട്.

## ബൈബിളിന്റെ എഴുത്തുകാർ, കാലം, സ്ഥലം —

ഹോരേബിൽ വെച്ച് സകലത്തിന്റെയും സൃഷ്ടികർത്താവായ, സർവ്വശക്തനായ യഹോവയാം ദൈവം തന്റെ തിരുവിരലുകളാൽ എഴുതി ബൈബിളിനു ആരംഭം കുറിച്ചു (പുറ. 24:12/31:18). തുടർന്നു മോശെ പഞ്ചഗ്രന്ഥങ്ങൾ (ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യാ, ആവർത്തനം), ദൈവം പറഞ്ഞ വാക്കുകളാൽ എഴുതി (പുറ.34:27). ദൈവീകവെളിപ്പാടുകൾ പരിശുദ്ധാത്മസഹായത്താൽ ദൈവദാസന്മാർ എഴുതി. 66 വ്യത്യസ്തപുസ്തകങ്ങൾ ആണെങ്കിലും അവ തമ്മിലുള്ള ഐകൃതനിമിത്തം **'തിരുവെഴുത്ത്'** എന്ന ഒററവാക്കിൽ വേദപുസ്തകത്തെ നാമകരണം ചെയ്യാം. ബി.സി.1500 മുതൽ എ.ഡി. 100 വരെയുള്ള (B.C = Before Christ -- ക്രിസ്തുവിനു മുമ്പ്/A.D = Anno Domini = in the year of our LORD -- നമ്മുടെ കർത്താവിന്റെ വർഷം — ക്രിസ്തുവിനു ശേഷം) ഏകദേശം 1600 വർഷങ്ങൾ കൊണ്ടു നാൽപതോളം എഴുത്തുകാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വെച്ചു പരിശുദ്ധാത്മനിയോഗത്താൽ വിശുദ്ധബൈബിളിലെ പുസ്തകങ്ങൾ എഴുതി. വിവിധ പരിതസ്ഥിതികളിൽ, സംസ്കാരങ്ങളിൽ, വിഭിന്ന തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരാണ് ഇതിലെ എഴുത്തുകാർ. രാജാക്കന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഗായകർ, മുക്കുവർ, വേദശാസ്ത്രികൾ, വൈദ്യൻ തുടങ്ങി ജീവിതത്തിലെ വിവിധ തുറകളിലുള്ളവർ എഴുത്തുകാരിൽ ഉൾപ്പെടുന്നു. ബൈബിൾ എഴുതപ്പെട്ട സ്ഥലങ്ങളും വിഭിന്നങ്ങളായിരുന്നു. സീനായ് മരുഭൂമി, പാലസ്റ്റീനിലെ മലകളും പട്ടണങ്ങളും, ദൈവാലയത്തിന്റെ പ്രാകാരം, പേർഷ്യൻ തലസ്ഥാനമായ ശൂശൻ, ബാബിലോണിലെ കേബാർ നദീതീരം, രാജകൊട്ടാരം, റോമിലെ കാരാഗൃഹം, കരിമ്പാറകൂട്ടങ്ങളാൽ നിബിഡവും ഏകാന്തവുമായ പത്മൊസ്ദ്വീപ് ഒക്കെ ഇതിലുൾപ്പെടുന്നു. വെട്ടുകുഴിയിൽ വെച്ചു തന്നേ കുറവുതീർത്ത കല്ലുകൊണ്ടു (ശലോമോൻ) ആലയം പണിതതിനാൽ അതു പണിയുന്ന സമയത്തു ചുറ്റിക, മഴു മുതലായ യാതൊരു ഇരുമ്പായുധത്തിന്റെയും ഒച്ച ആലയത്തിങ്കൽ കേൾപ്പാനില്ലായിരുന്നു എന്നു 1.രാജാ.6:7-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയതുപോലെ ഇന്നും യാതൊരു തിരുത്തലുകളോ ഭേദഗതികളോ ആവശ്യമില്ലാതെ ദൈവവചനമായ ബൈബിൾ മാറ്റമില്ലാത്തതായി പരിലസിക്കുന്നു. പരസ്പരധാരണയോ, ബന്ധമോ ഇല്ലാതെ നാൽപതോളം എഴുത്തുകാർ, വിവിധ സ്ഥലങ്ങളിൽ വെച്ചു എഴുതി

ത്തീർത്ത 66 പുസ്തകങ്ങളുടെ ഒരു കൂട്ടമാണ് (bunch) ബൈബിൾ. അവസാനഎഴുത്തുകാരൻ ജനിക്കുന്നതിനു നൂറുകണക്കിനു വർഷ ങ്ങൾക്കു മുമ്പുതന്നെ ആദ്യഎഴുത്തുകാരൻ അന്തരിച്ചിരുന്നു. എന്നിട്ടും ഒരു എഴുത്തുകാരന്റെ കൃതി എന്നപോലെ അന്യൂനമായിരി ക്കുന്നതിന്റെ കാരണം ദൈവാത്മാവാണ് എഴുത്തുകാരെ ഒരുക്കി യതും, ദൈവീകാരുളപ്പാടുകളാണ് അവർ എഴുതിയതും എന്നതാ ണ്. ഇതു **'യഹോവയുടെ പുസ്തകം'** ആണെന്നു യെശയ്യാവു. 34:16- ൽ കാണുന്നു. ബൈബിളിലെ എല്ലാ തിരുവെഴുത്തുകളും ദൈവശ്വാസീയവും, പരിശുദ്ധാത്മപ്രേരണയാൽ എഴുതപ്പെട്ടിട്ടുള്ള തുമാണ് (2.തിമൊ.3:16/2.പത്രൊ.1:21).

## ബൈബിളിലെ മുഖ്യപ്രമേയം —

ബൈബിളിലെ മുഖ്യ പ്രമേയം യേശുക്രിസ്തുവാണ്. യേശു ക്രിസ്തുവിലൂടെയാണ് ദൈവത്തിന്റെ സമ്പൂർണ്ണവെളിപ്പാട് മനുഷ്യ വർഗ്ഗത്തിനു ലഭിച്ചിരിക്കുന്നത് (എബ്രാ.1:1-4). ലോകരക്ഷിതാവും ദൈവവുമായ യേശുക്രിസ്തു ഭൂമിയിൽ മനുഷ്യനായി ജനിക്കുമെന്നു പ്രവാചകന്മാർ പ്രവചിച്ചതുമുതൽ ക്രിസ്തു തന്നേ തന്റെ രണ്ടാം വരവിനെ കുറിച്ചു പറഞ്ഞിരിക്കുന്ന ഭാവി കാര്യങ്ങൾ ഉൾപ്പെടെയുള്ളവ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പാപം മൂലം ദൈവസന്നിധിയിൽ നിന്നും അകന്നുപോയ മനുഷ്യവർഗ്ഗ ത്തിനു യേശുക്രിസ്തു മുഖാന്തരം ലഭിക്കുന്ന പാപമോചനവും, വീണ്ടെടുപ്പും, നീതീകരണവും, ഭാവിപ്രത്യാശയും, സ്വർഗ്ഗീയ അനുഗ്രഹങ്ങളും ബൈബിളിൽ വിശദീകരിച്ചിരിക്കുന്നു.

## ബൈബിൾ നൂറ്റാണ്ടുകളിലൂടെ — സമ്പൂർണ്ണ ബൈബിൾ നമുക്കു ലഭിച്ച ചരിത്രം :

ബൈബിളിനു നൂറ്റാണ്ടുകളുടെ ചരിത്രപശ്ചാത്തലം ഉണ്ട്. ഗ്രീക്കുകാരുടെ വാസസ്ഥലങ്ങളിൽ സുലഭമായി കാണപ്പെട്ട പാപ്പി റസ്സ് ചെടിയിൽ നിന്നും രൂപപ്പെടുത്തിയ പാപ്പിറസ്സ് ചുരുളുകളിലാണ് പുരാതനകാലത്ത് തിരുവചനം എഴുതിയിരുന്നത്. ഇതിൽ ഒരു വശത്തു മാത്രമേ എഴുതുവാൻ കഴിയുമായിരുന്നുള്ളു. ഇതു വള രെക്കാലം കേടുകൂടാതെ ഇരിക്കുന്നതിനായി മൺപാത്രങ്ങളിൽ സൂക്ഷിച്ചിരുന്നു (യിരെ.32:14). ഏറെക്കാലങ്ങൾക്കുശേഷം പാപ്പിറസ്സ് ചുരുളുകളുടെ സ്ഥാനത്ത് മൃഗങ്ങളുടെ തോൽ ഉപയോഗിക്കുവാൻ തുടങ്ങി. ഇതു ചർമ്മപത്രം (Parchment) എന്നപേരിൽ അറിയപ്പെ

ട്ടു. ഇതിന്റെ ഇരുവശങ്ങളിലും എഴുതുവാൻ കഴിയുമായിരുന്നു. എഴുത്തുകോൽ, ഇരുമ്പാണികൾ, വജ്രമുനകൾ എന്നിവയൊക്കെ എഴുതുവാനായി ഉപയോഗിച്ചിരുന്നു (യിരെ.17:1/യിരെ.8:8/ സങ്കീ.45:1/ ഇയ്യോ.19:24). എ.ഡി. 9–ാം നൂറ്റാണ്ടിൽ കടലാസ്സ് ഉപയോഗിക്കുവാൻ തുടങ്ങി. ഞാങ്ങണത്തണ്ടിന്റെ അറ്റം തൂവലിന്റെ അഗ്രംപോലെ കൂർപ്പിച്ചു മഷികൊണ്ടു എഴുതിയിരുന്നു.

പഴയനിയമ കയ്യെഴുത്തു പ്രതികളിൽ ഏറ്റവും പഴക്കമുള്ളത് ഇപ്പോൾ ലെനിൻ ഗ്രാൻഡ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന *ലെനിൻ ഗ്രാൻഡ് കൈയ്യെഴുത്തു പ്രതി*യാണ്. ഈ കയ്യെഴുത്തു പ്രതിയിൽ നിന്നും ജർമ്മൻ ബൈബിൾ സൊസൈറ്റി എബ്രായ വേദപുസ്തകം തയ്യാറാക്കി. എ.ഡി. 916–ൽ പ്രവചനങ്ങൾ അടങ്ങിയ ഒരു *ബാബിലോണ്യ കയ്യെഴുത്തു പ്രതി* കണ്ടെടുത്തു. എ.ഡി. 4–ാം നൂറ്റാണ്ടിൽ സീനായ് മലയുടെ അടിവാരത്തിൽ നിന്നു ലഭിച്ച കയ്യെഴുത്തു പ്രതി *സീനായ് കയ്യെഴുത്തു പ്രതി* എന്നറിയപ്പെടുന്നു. റഷ്യൻ അധീനതയിലിരുന്ന ഈ അമൂല്യ നിക്ഷേപം ബ്രിട്ടീഷ് ഭരണാധികാരികൾ വൻവില നൽകി ലണ്ടൻ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. നാലാം നൂറ്റാണ്ടിൽത്തന്നെ കണ്ടെത്തിയ *വത്തിക്കാൻ കയ്യെഴുത്തു പ്രതി* വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. 5–ാം നൂറ്റാണ്ടിൽ കണ്ടെത്തിയ *അലക്സാണ്ട്രിയൻ കയ്യെഴുത്തു പ്രതി* എന്നറിയപ്പെടുന്ന ശേഖരം ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. തുടർന്നു എ.ഡി. 11–ാം നൂറ്റാണ്ടിൽ *കോഡസ് ലൗഡിയാനസ്* എന്ന കയ്യെഴുത്തു പ്രതി കണ്ടെത്തി. ഇത് ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡിലുള്ള ബോഡ്ലേയിനിയൻ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. ഇങ്ങനെ ലഭിച്ച വിവിധകയ്യെഴുത്തു പ്രതികളിലൂടെയാണ് ബൈബിൾ തയ്യാർ ചെയ്തിട്ടുള്ളത്.

എ.ഡി. 1250–ൽ *കാർഡിനൽ ഹ്യൂഗോ* ബൈബിളിനെ അദ്ധ്യായങ്ങളാക്കി തിരിച്ചു. 1551–ൽ *സർ.റോബർട്ട് സ്റ്റീഫൻ* പുതിയനിയമത്തിലെ അദ്ധ്യായങ്ങളെ വാക്യങ്ങളായി തിരിച്ചു. ഇതു പഠനത്തിനു വളരെ സഹായകമായി. 1553–ൽ അധികാരമേറ്റ *മേരി രാജ്ഞി* ബൈബിൾ സംബന്ധമായ വിവർത്തനം, വിതരണം തുടങ്ങിയ എല്ലാ കാര്യങ്ങളും നിരോധിക്കുകയും വിശ്വാസികളെ അതിക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു. എന്നാൽ 1558–ൽ അധികാരമേറ്റ *എലിസബത്ത് രാജ്ഞി* ദൈവവചനത്തിനു അർഹിക്കുന്ന

പ്രോത്സാഹനം നൽകി. തൽഫലമായി ബൈബിൾ വിവർത്തനത്തിനും, പ്രസിദ്ധീകരണത്തിനും, വിതരണത്തിനും സാരമായ പുരോഗതി ഉണ്ടായി. 1560-ൽ *ജനീവ ബൈബിൾ* എന്നറിയപ്പെടുന്ന ബൈബിൾ പ്രസിദ്ധീകരിച്ചു. ആദ്യമായി അദ്ധ്യായങ്ങളും, വാക്യങ്ങളും തിരിച്ച സമ്പൂർണ്ണ ബൈബിൾ ആയിരുന്നു ജനീവ ബൈബിൾ. ജയിംസ് ഒന്നാമൻ രാജാവിനു ഈ ജനീവ ബൈബിളിന്റെ പരിഭാഷ തൃപ്തികരമായി തോന്നിയില്ല. ഒരു പുതിയ പരിഭാഷ ആവശ്യമാണെന്നു മനസ്സിലാക്കി ആംഗ്ളേയ സഭയിലെ ഒരു കൂട്ടം വിശ്വാസികളെ ഉൾക്കൊള്ളിച്ചു പരിഭാഷ ആരംഭിച്ചു. കയ്യെഴുത്തു പ്രതികളും, മൂലഭാഷയിലെ പ്രയോഗങ്ങളും ഉപയോഗിച്ചു 1661-ൽ ഒരു പുതിയ പരിഭാഷ ഉണ്ടാക്കി. ഈ പരിഭാഷ *'കിംഗ് ജയിംസ് ഓതറൈസ്ഡ് വേർഷൻ'* (KJV)എന്നു വിളിക്കപ്പെട്ടു.

ഇന്നു ഇംഗ്ളീഷ് ഭാഷയിൽ വിവിധതരം തർജ്ജമകൾ കാണാം.--- New King James Version / American Standard Version / Revised Standard Version / New International Version / The Twentyeth Centuary New Testament / New Testament in Modern Speech / New Testament in Plain English / Todays English Version / Living Bible..etc...

## പുതിയനിയമം നമുക്കു എങ്ങനെ കിട്ടി?

നമ്മുടെ കർത്താവിന്റെ മരണശേഷം അനേക വർഷങ്ങൾ കഴിഞ്ഞാണ് പുതിയ നിയമത്തിന്റെ ആദ്യഗ്രന്ഥം ലഭിച്ചത്. കർത്താവായ യേശുക്രിസ്തു ഭൂമിയിൽ ജീവിച്ചിരുന്ന കാലത്തു തന്റെ പ്രവർത്തനങ്ങളെയും, ഉപദേശങ്ങളെയും കുറിച്ചു എഴുതപ്പെട്ട രേഖകൾ ആവശ്യമാണെന്നു തന്റെ ശിഷ്യന്മാർക്കു തോന്നിയിരുന്നില്ല. അന്നത്തെ അവരുടെ എഴുതപ്പെട്ട തിരുവചനം പഴയനിയമം ആയിരുന്നു. യേശുകർത്താവ് ഈ പഴയനിയമതിരുവെഴുത്തുകളെ അംഗീകരിക്കുകയും, പലപ്പോഴും തന്റെ ഉപദേശങ്ങളിൽ ഉദ്ധരിക്കുകയും ചെയ്തിരുന്നു. കൂടാതെ ഈ പഴയനിയമ തിരുവെഴുത്തുകൾ പലതും തന്റെ ജീവിതത്തിൽ നിവർത്തിയായി. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം, അപ്പൊസ്തലന്മാരുടെ പ്രാരംഭ പ്രവർത്തനങ്ങളിലും എഴുതപ്പെട്ട രേഖകൾ ആവശ്യമായി വന്നില്ല. അവർ കർത്താവിന്റെ പ്രവർത്തനങ്ങളിൽ ദൃക്സാക്ഷികൾ ആയിരുന്നതിനാലും, അവരെ അന്നത്തെ ജനം കർത്താവിന്റെ ശിഷ്യന്മാർ എന്നു അംഗീകരിച്ചിരുന്നതിനാലും എഴുതപ്പെട്ട ഉപദേശസത്യങ്ങൾ

അവർക്കു നിരത്തി ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യവും വന്നില്ല. എന്നാൽ കാലങ്ങൾ കുറേക്കഴിഞ്ഞപ്പോൾ അപ്പൊസ്തലന്മാരിൽ പലരും മരണത്താൽ ഭൂമിയിൽ നിന്നും മാറ്റപ്പെട്ടു തുടങ്ങി. കർത്താവിന്റെ ഉപദേശങ്ങൾക്കും പ്രവർത്തനങ്ങൾക്കും ദൃക്സാക്ഷികളില്ലാതെയാകുന്നതിനു മുമ്പു ക്രിസ്തുവിന്റെ ജീവിതവും, ഉപദേശങ്ങളും, അന്നു നടന്ന സംഭവങ്ങളും, താൻ പ്രസ്താവിച്ച കാര്യങ്ങളും എഴുതപ്പെട്ട രേഖകൾ ആക്കേണ്ടതിന്റെ ആവശ്യകത ശിഷ്യന്മാർക്കു ബോദ്ധ്യപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് പുതിയനിയമത്തിലെ ഗ്രന്ഥങ്ങൾ എഴുതപ്പെടുവാൻ കാരണമായത്. ഏകദേശം എ.ഡി. 96 ആയപ്പോഴേക്കും പരിശുദ്ധാത്മസഹായത്താൽ പുതിയനിയമത്തിലെ അവസാനത്തെ പുസ്തകമായ വെളിപ്പാടും പൂർത്തീകരിക്കപ്പെട്ടു.

പുരാതനകാലത്തു പാപ്പിറസ്സ് ചെടിയുടെ പോളകൾ മിനുസപ്പെടുത്തി അവയിലെഴുതി ഓരോ ചുരുളുകളായി ചുരുട്ടി സൂക്ഷിച്ചിരുന്നു. ക്രമേണ ഈ ചുരുളുകൾ ഓരോ താളുകളായി മുറിച്ചു തുന്നിക്കെട്ടി സൂക്ഷിക്കുവാൻ തുടങ്ങി. ഇവയെ **കോഡക്സു** (Codex) എന്നു വിളിച്ചിരുന്നു. തുന്നൽ ഇടത്തു വശത്തു ആയിരുന്നതിനാൽ വലത്തുനിന്നു താളുകൾ ഇടത്തോട്ടു മറിക്കുവാൻ സാധിച്ചു എന്നതാണ് കോഡക്സിന്റെ പ്രത്യേകത. പുരാതനകാലത്തു ഒരു ചുരുളിന്റെ പകർപ്പു എടുക്കുക എന്നത് എഴുതി തന്നെ എടുക്കണമെന്നതിനാൽ വളരെ ചെലവും, അദ്ധ്വാനവും, ക്ഷമയും, സമയവും ആവശ്യമായിരുന്നു. എന്നാൽ ഇക്കാലങ്ങളിൽ എഴുതി പകർത്തുന്നതിനു പകരം ഫോട്ടോകോപ്പിയും, ഓഫ്സെറ്റു പ്രിന്റിംഗും, കമ്പ്യൂട്ടർ വഴിയുള്ള വിവിധ സംവിധാനങ്ങളും നിലവിൽ വന്നതോടെ എഴുത്തും, പകർപ്പെടുക്കലും അച്ചടിയുമൊക്കെ ഏറെ എളുപ്പവും വേഗത്തിലുമായിരിക്കുന്നു.

പുതിയനിയമ എഴുത്തുകളെ ദൈവശ്വാസീയമായി പിന്നീടു പ്രഖ്യാപിക്കുകയായിരുന്നില്ല. എഴുത്തുകാരുടെ ജീവിതകാലത്തുതന്നെ അവ അങ്ങനെ തന്നെയാണെന്നു അംഗീകരിക്കപ്പെട്ടിരുന്നു. ദൈവം അവരിലൂടെ സംസാരിച്ച തിരുവെഴുത്തുകളാണ് തങ്ങൾ എഴുതിയതെന്നും എഴുത്തുകാർക്ക് ഉത്തമ ബോദ്ധ്യമുണ്ടായിരുന്നു (1.കൊരി.2:13/1.തെസ്സ.4:15). എന്നാൽ ക്രൈസ്തവ സാഹിത്യങ്ങൾ വളർന്നു വന്നപ്പോൾ ഇക്കൂട്ടത്തിൽ ചില ദുരുപദേഷ്ടാക്കളുടെ എഴുത്തുകളും പ്രത്യക്ഷമായി. ഈ സന്ദർഭത്തിൽ ശരി

യായവ തരംതിരിച്ചു ഒരുമിപ്പിക്കേണ്ട ആവശ്യമുണ്ടായി. എ.ഡി. 140 -ൽ മാർസിയോൺ എന്ന ദുരുപദേഷ്ടാവിന്റെ പുതിയനിയമ ഗ്രന്ഥങ്ങളുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തിയത് ഏറെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. പൗലോസിന്റെ പത്തു ലേഖനങ്ങളും ലൂക്കോസിന്റെ സുവിശേഷവും മാത്രമായിരുന്നു അയാളുടെ പട്ടികയിൽ ഉണ്ടായിരുന്നത്. തിരുവെഴുത്തു പട്ടികകളുടെ അംഗീകാരത്തിനും, അവയുടെ അധികാരത്തിനും സഭാനേതാക്കന്മാർ ഉപയോഗിച്ച പദമാണ് **"കാനോൻ"** അഥവാ മാനദണ്ഡം. എ.ഡി.367-ൽ അലക്സാന്ത്രിയായിലെ ബിഷപ്പായിരുന്ന അത്തനാന്യോസ് പ്രസിദ്ധപ്പെടുത്തിയ പട്ടികയിൽ പുതിയനിയമ ഗ്രന്ഥങ്ങൾ 27 ആണെന്നു കാണുന്നു. എ.ഡി.393-ൽ ഹിപ്പോയിൽ കൂടിയ കൗൺസിൽ തീരുമാനം ഇപ്രകാരമായിരുന്നു. 'കാനോനിക തിരുവെഴുത്തുകളല്ലാതെ പള്ളിയിൽ മറ്റൊന്നും വായിക്കരുത്. കാനോനിക ഗ്രന്ഥങ്ങൾ ......... ആണ്.' പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും പുസ്തകങ്ങളുടെ പേരുകൾ ഇതിൽ കൊടുത്തിരിക്കുന്നു. എ.ഡി.397-ൽ കാർത്തേജിലെ മൂന്നാം കൗൺസിലിലും ഇതേ പ്രഖ്യാപനം ആവർത്തിച്ചു. ഗ്രന്ഥങ്ങളുടെ കാനോനികത്വം അവ എഴുതിയ കാലം മുതലുള്ള സഭയുടെ മൊത്തമായ സാക്ഷ്യത്താലും അംഗീകാരത്താലുമാണ് സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളത്. പുതിയനിയമം എഴുതിയത് അപ്പൊസ്തലന്മാരോ അവരുടെ സഹപ്രവർത്തകരോ ആണ്. ഒരു ഗ്രന്ഥം കാനോനികമാണോയെന്നു തീരുമാനിക്കുന്നത് അതിന്റെ അപ്പൊസ്തലാധികാരത്തെയും അംഗീകരണത്തെയും ആശ്രയിച്ചാണ്. പരിശുദ്ധാത്മാവ് വരുമ്പോൾ സകല സത്യത്തിലും വഴി നടത്തുമെന്നു കർത്താവ് അരുളിചെയ്തത് അപ്പൊസ്തലന്മാരോടായിരുന്നു (യോഹ.1426;15:26,27;16:13). നാലാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും പാശ്ചാത്യസഭകളിൽ കാനോൻ പ്രശ്നം അവസാനിച്ചു. പുതിയ നിയമഗ്രന്ഥങ്ങൾ 27 തന്നെ എന്നു എല്ലായിടത്തും സ്ഥിരീകരണം ലഭിച്ചു. ഇങ്ങനെ വളരെയധികം ചരിത്ര പശ്ചാത്തലത്തോടു കൂടിയ പുതിയ നിയമമാണ് നമ്മുടെ കൈവശം എത്തിച്ചേർന്നിരിക്കുന്നത്. റോമൻ സാമ്രാജ്യമെങ്ങും ഗ്രീക്കുഭാഷ പ്രചരിച്ചിരുന്ന ഒരു സമയത്താണ് പുതിയനിയമ ഗ്രന്ഥങ്ങൾ എഴുതിയത്. മറ്റൊരു ഗ്രന്ഥത്തിനും ഇല്ലാത്തതുപോലെ ആയിരക്കണക്കിനു പുരാതന കൈയ്യെഴുത്തു പ്രതികൾ ലഭ്യമായതിലൂടെ

കർത്താവു അരുളിച്ചെയ്ത അതേ ആശയത്തിൽ രേഖപ്പെടുത്തിയ പുതിയ നിയമം നമ്മുടെ അടുക്കൽ എത്തിച്ചേർന്നു.

## വേദപുസ്തകം മലയാളത്തിൽ :

വേദപുസ്തകം മലയാള ഭാഷയിൽ നമുക്കു ലഭ്യമായത് 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മാത്രമാണ്. ഈസ്ററ് ഇൻഡ്യ കമ്പനിയുടെ കൽക്കട്ടയിലെ മേലധികാരിയായ ഡോക്ടർ ക്ളോഡിയസ് ബുക്കാനാൻ എ.ഡി.1806-ൽ കേരളം സന്ദർശിക്കുവാനെത്തി. തന്റെ സന്ദർശന വേളയിൽ ക്രൈസ്തവ സഭാവിശ്വാസികളുടെ ദൈവവചനത്തോടുള്ള ആഗ്രഹവും, അതു പഠിക്കുന്നതിലുള്ള ആവേശവും കണ്ട ബുക്കാനാൻ അന്നത്തെ സുറിയാനി സഭയിലെ മെത്രാപ്പോലീത്തയായിരുന്ന മാർ ദിവാനിയോസിനോട് മലയാളത്തിലേക്ക് വേദപുസ്തകം വിവർത്തനം ചെയ്യുന്നതിനെപ്പറ്റി സംസാരിച്ചു. അതിന്റെ ഫലമായി മലയാളത്തിലേക്കു ബൈബിൾ വിവർത്തനം ആരംഭിക്കുകയും എ.ഡി.1807-ൽ നാലു സുവിശേഷങ്ങൾ പൂർത്തിയാക്കി ബോംബെയിൽ അച്ചടിച്ചു കേരളത്തിൽ വിതരണം നടത്തുകയും ചെയ്തു. തുടർന്നു ഈ നാലു സുവിശേഷങ്ങളുടെ പരിഭാഷയിൽ ഭേദഗതി ആവശ്യമാണെന്നും, വേദപുസ്തകം മുഴുവനായും മലയാളത്തിലേക്കു വിവർത്തനം ചെയ്തു കേരളത്തിൽ കോട്ടയത്തുതന്നെ അച്ചടിച്ചു പ്രസിദ്ധീകരിക്കണമെന്നും ബൈബിൾ സൊസൈറ്റി ആഗ്രഹിച്ചു. ഇതിനായി സി.എം.എസ്സ് -ലെ വിദേശ മിഷനറിയായ ബഞ്ചമിൻ ബെയിലിയുടെ നേതൃത്വത്തിൽ വിവർത്തനം ആരംഭിച്ചു. മലയാള ഭാഷയ്ക്ക് വ്യാകരണം നൽകിയ വിദേശമിഷനറിയായ ഹെർമ്മൻ ഗുണ്ടർട്ടും അവരെ സഹായിച്ചു. കൂടാതെ മദ്രാസ് ബൈബിൾ സൊസൈറ്റിയുടെയും, ഭാഷാപണ്ഡിതന്മാരുടെയും, ദൈവമക്കളുടെയും സഹായം ബെയിലിക്കു ലഭിച്ചു.

കോട്ടയത്തു ബെയിലി സ്ഥാപിച്ച സി.എം.എസ്സ്. പ്രസ്സിൽ നിന്നും 1829-ൽ മലയാളത്തിൽ പുതിയ നിയമവും, 1835-ൽ പഴയ നിയമവും, 1841-42 -ൽ സമ്പൂർണ്ണ ബൈബിളും പ്രസിദ്ധീകരിച്ചു. മറ്റൊരു പ്രത്യേകത കേരളത്തിൽ സ്ഥാപിച്ച ഒരു പ്രിന്റിംഗ് പ്രസ്സിൽ നിന്നും ആദ്യമായി അച്ചടിച്ച പുസ്തകം വേദപുസ്തകമായിരുന്നു എന്നതാണ്.

(DOCTRINAL TRUTHS *by Samson Henry, Kollam*)

## കാനോൻ എന്നാലെന്ത് ?

കാനോൻ എന്ന പദം ഗ്രീക്കു ഭാഷയിൽ നിന്നും വന്നതാണ്. എബ്രായഭാഷയിൽ 'കാനാ' എന്നു പറയുന്നു. ഈ വാക്കിന്റെ അർത്ഥം -- (1) അടിസ്ഥാനപ്രമാണം (2) മാനദണ്ഡം (3) അളവുകോൽ തുടങ്ങിയവയാണ്. കാനോൻ എന്ന പദത്തിന്റെ അക്ഷരാർത്ഥം ഓടക്കുഴൽ, ഞാങ്ങണ എന്നൊക്കെയാണ്. ആശാരിമാർ ഉപയോഗിക്കുന്ന അളവുകോൽ അഥവാ അളന്നു തിട്ടപ്പെടുത്തുവാൻ ഉപയോഗിക്കുന്ന ഉപകരണം എന്നും പറയാം. തിരുവചനത്തിൽ ഈ പദം വിവിധ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. (1) യെഹ.40:3 — *ചണച്ചരടും അളവുദണ്ഡും* (2) യെഹ.42:16 — *ദണ്ഡു* (3) ഗലാ.6:16 — *പ്രമാണം.* സാഹിത്യത്തിൽ ഒരു എഴുത്തുകാരന്റെ കൃതിയെ അയാളുടെ കാനോൻ എന്നു പറയുന്നു. ഉദാ: സോക്രട്ടീസിന്റെ കാനോൻ എന്നു പറഞ്ഞാൽ അദ്ദേഹം എഴുതിയതായി അംഗീകരിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ പട്ടിക എന്നർത്ഥം. തിരുവെഴുത്തുകളെ ബന്ധപ്പെടുത്തി, അതിന്റെ അംഗീകാരത്തിനുപയോഗിച്ച പ്രമാണങ്ങളെയാണ് ദൈവശാസ്ത്രത്തിൽ കാനോൻ എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. പഴയനിയമം, പുതിയനിയമം എന്നിവ തയ്യാറാക്കിയപ്പോൾ നിരവധി എഴുത്തുകാരുടെ ലേഖനങ്ങളും, ചരിത്രങ്ങളും, പുസ്തകങ്ങളും നിലവിൽ ഉണ്ടായിരുന്നു. അവയിൽ ഏതെല്ലാം പുസ്തകങ്ങൾ ചേർത്തു ബൈബിൾ ക്രമീകരിക്കണമെന്നതിന് ഉപയോഗിച്ച മാനദണ്ഡം അഥവാ അളവുകോൽ ആണ് കാനോൻ. ദൈവവചനമായ ബൈബിളിന്റെ എഴുത്തുകാരൻ ദൈവമാണെന്നും, മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചു എഴുതിയതാണെന്നും ബോദ്ധ്യം വന്നവയെ കാനോനിൽ ഉൾപ്പെടുത്തി. സഭാപിതാക്കന്മാർ ഏകമനസ്സോടെ ദൈവാത്മാവിനു കീഴ്പ്പെട്ടു തീരുമാനിച്ചുറപ്പിച്ച കാനോൻ പ്രകാരം ബൈബിളിലെ പുസ്തകങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നു.

## അപ്പൊക്രിഫാ —

അപ്പൊക്രിഫാ (Apocrypha) എന്നവാക്കിന് മറഞ്ഞിരിക്കുന്നത്, മൂടപ്പെട്ടത്, ഗോപ്യമായത് (hidden/concealed) എന്നൊക്കെയർത്ഥം. പൊതുവേ *'കാനോനികമല്ലാത്തവ'* എന്നർത്ഥമാണ് ഇതിനുള്ളത്. അതായതു കാനോനികമല്ലാത്ത എഴുത്തുകൾ തിരുവചനത്തിന്റെ കൂടെയുൾപ്പെടുത്തി പ്രസിദ്ധീകരിച്ചിരിക്കുന്ന

വയാണ് അപ്പൊക്രിഫാ എന്ന പേരിലറിയപ്പെടുന്നത്. അപ്പൊക്രിഫാ പുസ്തകങ്ങൾക്കു മലയാളത്തിൽ '**ഗുപ്തഗ്രന്ഥങ്ങൾ**' എന്നും പറയാം.

**അപ്പൊക്രിഫാ പുസ്തങ്ങളുടെ പ്രത്യേകതകൾ :**

(1) പഴയനിയമ, പുതിയനിയമ പുസ്തകങ്ങൾ പൂർത്തിയായ ശേഷം ചേർക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളാണിവ.

(2) തെറ്റായ ഉപദേശങ്ങൾ പ്രതിപാദിക്കുന്നവയാണിത്.

ബൈബിളിലെ 66 പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്ന എഴുത്തുകൾക്കെതിരായുള്ള ഉപദേശങ്ങൾ ഇവയിൽ ചേർത്തിരിക്കുന്നു. ഉദാഹരണമായി മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, സൽകർമ്മങ്ങളിലൂടെ പാപമോചനം, ആത്മഹത്യയെ ന്യായീകരിക്കുക, മരിച്ചുപോയ വിശുദ്ധന്മാരിലൂടെ പ്രാർത്ഥിക്കുക എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.

(3) പഴയനിയമത്തോടു ബന്ധപ്പെട്ടു ഏകദേശം 14 അപ്പൊക്രിഫാ പുസ്തകങ്ങൾ ഉണ്ടായിരുന്നിട്ടും കർത്താവോ, അപ്പൊസ്തലന്മാരോ പുതിയനിയമത്തിൽ അപ്പൊക്രിഫായിലെ വാക്യങ്ങൾ ഉദ്ധരിച്ചിട്ടില്ല.

(4) അപ്പൊക്രിഫാപുസ്തകങ്ങൾക്കു ചരിത്രപരമായ സ്ഥാനമുണ്ടെങ്കിലും അവ ദൈവശ്വാസീയവും, പരിശുദ്ധാത്മനിവേശിതവും എന്നു പറയുവാൻ സാധിക്കുകയില്ല.

(5) അപ്പൊക്രിഫാ പുസ്തകങ്ങളിൽ ദൈവസ്വഭാവവും, പ്രവാചകശക്തിയും കാണുന്നില്ല. സാധാരണ കഥാപുസ്തകങ്ങൾക്കും, നോവലുകൾക്കും സമാനമായ വിശദീകരണ ശൈലിയിൽ ഇവ എഴുതപ്പെട്ടിരിക്കുന്നു.

റോമൻ കത്തോലിക്കസഭയുടെ ബൈബിൾ പ്രസിദ്ധീകരണ വിഭാഗമായ '**പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ**' (P.O.C ) തയ്യാർ ചെയ്ത വേദപുസ്തകത്തിൽ 66 പുസ്തകങ്ങൾക്കു പകരം 73 പുസ്തകങ്ങൾ കാണാം. അധികമായി ചേർത്തിരിക്കുന്ന 7 പുസ്തകങ്ങളും പഴയ നിയമ ഭാഗത്തുള്ളവയാണ്. ഈ പുസ്തകങ്ങളെയാണ് അപ്പൊക്രിഫാ പുസ്തകങ്ങൾ എന്നു വിളിച്ചു വരുന്നത്.(1) തോബിത്ത് (2) ജൂഡിത്ത് (3) 1.മക്കാബ്യർ (4) 2.മക്കാബ്യർ (5) ശലോമോന്റെ വിജ്ഞാനം (6) പ്രഭാഷകൻ (7) ബാരൂക്ക് എന്നിവയാണവ. പുതിയ നിയമ അപ്പൊക്രിഫാ പുസ്തകങ്ങളും ഉണ്ട്. എന്നാൽ പഴ

യ നിയമ അപ്പൊക്രിഫാ മാത്രമേ അവരുടെ വേദപുസ്തകത്തിൽ ചേർത്തിട്ടുള്ളു. ആയതിനാൽ അപ്പൊക്രിഫാ പുസ്തകങ്ങൾ എന്നു പറയുമ്പോൾ പഴയ നിയമ അപ്പൊക്രിഫാ പുസ്തകങ്ങളാണ് ഉൾപ്പെടുന്നത്.

## അപ്പൊക്രിഫാ എഴുതിയ കാലവും, ഭാഷയും, എഴുത്തുകാരും —

**കാലം**: ഇവ എഴുതിയ കാലം ശരിയായി അറിയുകയില്ല. ഏകദേശം ബി.സി. 300-നും എ.ഡി.100-നും മദ്ധ്യേ എഴുതി എന്നു കരുതാം.

**എഴുത്തുകാർ**: എഴുത്തുകാരുടെ കാര്യത്തിലും ഭിന്നാഭിപ്രായമാണുള്ളത്. അലക്സന്ത്രിയക്കാരായ യഹൂദന്മാരാണ് എഴുതിയതെന്നു കരുതപ്പെടുന്നു. മക്കാബ്യർ, പ്രഭാഷകൻ എന്നീ അപ്പൊക്രിഫാ പുസ്തകങ്ങൾ പാലസ്തീനിലുള്ള യഹൂദന്മാർ എഴുതി എന്നും പറയപ്പെടുന്നു.

**ഭാഷ**: ഗ്രീക്കു ഭാഷയിലാണ് എഴുതിയിരിക്കുന്നതെന്നു പറയപ്പെടുന്നു. മലാഖി കഴിഞ്ഞു യേശുക്രിസ്തുവിന്റെ വരവുവരെയുള്ള നിശബ്ദകാലഘട്ടം അഥവാ അന്ധകാരയുഗം (Silent period / Dark period) എന്നറിയപ്പെട്ട സമയത്ത് അനേക കൃതികൾ ഉണ്ടായ കൂട്ടത്തിൽ ഉള്ളതാണ് ഈ പുസ്തകങ്ങൾ എന്നു പൊതുവേ കരുതപ്പെടുന്നു.

യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു വിപരീതമായ ഉപദേശം രേഖപ്പെടുത്തിയിരിക്കുന്ന അപ്പൊക്രിഫാ, സത്യവേദപുസ്തകത്തോടു ചേർക്കുന്നത് ഉചിതമല്ല. *എ.ഡി.1546 ഏപ്രിൽ 8-ാം തീയതി ട്രെന്റുകൗൺസിലിൽ വച്ച് അന്നത്തെ പോപ്പ്, അപ്പൊക്രിഫാ പുസ്തകങ്ങളെ ആധികാരികവും, കാനോനികവുമായി അംഗീകരിച്ചു പി.ഒ.സി. ബൈബിളിൽ ഉൾപ്പെടുത്തി.* മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, പാപപരിഹാര കർമ്മങ്ങൾ, ബലികൾ, പൂജകൾ ഒക്കെ നിലനിർത്തിക്കൊണ്ടു പോകണമെങ്കിൽ ദുരുപദേശം അടങ്ങിയ അപ്പൊക്രിഫാ അവർക്കു ഉൾപ്പെടുത്തിയേ മതിയാകൂ. ദുരുപദേശങ്ങളിലേക്കു നയിക്കപ്പെടാതിരിപ്പാൻ നമുക്കു ശ്രദ്ധയോടിരിക്കാം. ദൈവവചനത്തോടു യാതൊന്നും കൂട്ടിചേർക്കുവാനോ, മാറ്റം വരുത്തുവാനോ പാടില്ല (ആവ.4:2/സദൃ.30:6/വെളി.22:18,19).

(DOCTRINAL TRUTHS *by Samson Henry, Kollam*)

## ബൈബിളിന്റെ പ്രാധാന്യം —

1. ദൈവീക വിശ്വാസത്തിന്റെ ആധാരം.
2. ദൈവം മനുഷ്യനോടു സംസാരിക്കുന്ന മാദ്ധ്യമം.
3. മനുഷ്യനു ദൈവത്തെ അറിയുവാനുള്ള മാർഗ്ഗം.
4. മാറ്റമില്ലാത്തതും ദൈവശ്വാസീയവും.
5. മനുഷ്യന്റെ രക്ഷയും, വീണ്ടെടുപ്പും, നിത്യജീവനും രേഖപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥം.
6. വിശ്വാസ ജീവിതത്തിലെ ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തിനുമുള്ള കാര്യവിവരണഗ്രന്ഥം.
7. വിശ്വാസികൾക്കു ഭാവിപ്രത്യാശ നൽകുന്നു.

## ബൈബിൾ ഒററനോട്ടത്തിൽ —

ബൈബിൾ ഒരു പുസ്തകം എന്നു കരുതാമെങ്കിലും വ്യത്യസ്തങ്ങളായ 66 പുസ്തകങ്ങൾ അടങ്ങിയ ഏകഗ്രന്ഥമാണ്. (66 പുസ്തകങ്ങളിൽ —പഴയനിയമത്തിൽ—39, പുതിയനിയമത്തിൽ -27)

| | |
|---|---|
| ആകെ അദ്ധ്യായങ്ങൾ | 1189 (OT 929, NT 260 ) |
| ആകെ വാക്യങ്ങൾ | 31077 (OT 23128, NT 7949) |
| ബൈബിളിലെ ഏററവും വലിയ പുസ്തകം | സങ്കീർത്തനങ്ങൾ |
| ബൈബിളിലെ ഏററവും ചെറിയ അദ്ധ്യായം | സങ്കീ. 117 |
| ബൈബിളിലെ വലിയ അദ്ധ്യായം | സങ്കീ. 119 |
| ബൈബിളിലെ മദ്ധ്യവാക്യം | സങ്കീ. 118:8 |
| ബൈബിളിലെ ഏററവും വലിയപേര് | യെശ. 8:1 |
| ബൈബിളിലെ വലിയ വാക്യം | എസ്ഥേർ. 8:9 |
| ബൈബിളിലെ ചെറിയവാക്യം | യോഹ.11:35 (ഇംഗ്ലീഷ്), പുറ. 20:15 (മലയാളം) |

(DOCTRINAL TRUTHS *by Samson Henry, Kollam*)

## പഴയനിയമം, പുതിയനിയമം എന്നാലെന്ത്? നിയമം എന്നു പറയുവാൻ കാരണമെന്ത്?

ബൈബിളിനെ പഴയനിയമം (OLD TESTAMENT) എന്നും പുതിയയനിയമം (NEW TESTAMENT) എന്നും രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ വരവിനു മുമ്പുള്ള കാര്യങ്ങൾ പഴയനിയമത്തിലും യേശുക്രിസ്തുവിന്റെ വരവിനു ശേഷമുള്ള കാര്യങ്ങൾ പുതിയനിയമത്തിലും രേഖപ്പെടുത്തിയിരിക്കുന്നു.

നിയമം എന്ന വാക്കിനു ഗ്രീക്കു ഭാഷയിൽ "ഡയത്തെക്കേ" (DIATHEKE) എന്നും, ലാറ്റിൻ ഭാഷയിൽ 'റ്റെസ്റ്റമെന്റം' (TESTAMENTUM) എന്നും ഇംഗ്ളീഷിൽ 'റ്റെസ്റ്റമെന്റു' (TESTAMENT) എന്നും പറയുന്നു. ഈ വാക്കുകൾക്കർത്ഥം *'ഉടമ്പടി'* എന്നാണ്. മോശെ മുഖാന്തരം ദൈവം യിസ്രായേലിനോട് ചെയ്ത ഉടമ്പടിയാണ് പഴയനിയമം. യേശുക്രിസ്തു മുഖാന്തരം ദൈവം സകല മാനവജാതികളോടും ചെയ്ത ഉടമ്പടിയാണ് പുതിയനിയമം. ഇരു വ്യക്തികൾ തമ്മിലുള്ള ഉടമ്പടിയായതിനാൽ നിയമം എന്നു പറയുന്നു.

യോഹ.1:17 —*"ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു."*

**ബൈബിളിൽ തിരുവചനത്തെ കുറിക്കുന്ന പേരുകൾ —**

| | |
|---|---|
| 1. തിരുവെഴുത്ത് | : മർക്കൊ.15:28 /യോഹ.5:39 / യോഹ.7:38/ലൂക്കൊ.24:27,32/ 2.തിമൊ.3:16,17 |
| 2.അരുളപ്പാടുകൾ | : റോമ.3:2/എബ്രാ.5:12/ 1.പത്രൊ.4:11 |
| 3.വിശുദ്ധ തിരുവെഴുത്ത് | : റോമ.1:2 /2.തിമൊ3:15 |
| 4.ജീവനുള്ള അരുളപ്പാടുകൾ | : അപ്പൊ.7:38 |
| 5.മോശെയുടെ ന്യായപ്രമാണങ്ങൾ: പ്രവാചകങ്ങൾ, | സങ്കീർത്തനങ്ങൾ-ലൂക്കൊ.24:44 |
| 6. യഹോവയുടെ പുസ്തകം | : യെശ.34:16 |
| 7. യഹോവയുടെ ന്യായപ്രമാണം | : സങ്കീ.1:2 |
| 8. ആത്മാവിന്റെ വാൾ | : എഫെ.6:17 |
| 9. പഴയപുതിയ നിയമങ്ങൾ | : ലൂക്കൊ.22:20/2.കൊരി.3:6-15 |

| | |
|---|---|
| 10. സത്യഗ്രന്ഥം | : ദാനീ.10:21 |
| 11. ദൈവവചനം | : മർക്കൊ.7:13/റോമ.10:17/ എബ്രാ.4:12 |
| 12.ക്രിസ്തുവിന്റെ വചനം | : കൊലൊ.3:16 |
| 13. ജീവന്റെ വചനം | : ഫിലി.2:15 /1.യോഹ.1:2 |
| 14. സത്യവചനം | : 2.തിമൊ.2:15 |

**ദൈവവചനത്തെക്കുറിച്ചു ഉപയോഗിച്ചിരിക്കുന്ന പ്രതിരൂപങ്ങൾ —**

| | |
|---|---|
| 1. ഇരുവായ്തലയുള്ള വാൾ | : എബ്രാ.4:12 |
| 2. ആത്മാവിന്റെ വാൾ | : എഫെ.6:17 |
| 3. തീ | : യിരെ.23:29/യിരെ.20:9/ ലൂക്കൊ.24:32 |
| 4. ചുറ്റിക | : യിരെ.23:29 |
| 5. ശുദ്ധീകരിക്കുന്ന ജലം | : എഫെ.5:26/ |
| 6. ദീപം | : സദൃ.6:23/സങ്കീ.119:105/ 2.പത്രൊ.1:19 |
| 7. കണ്ണാടി | : 2.കൊരി.3:18/ യാക്കോ.1:23 |
| 8. വിത്ത് | : യാക്കോ.1:18/മത്താ.13:18-23 |
| 9. പ്രതികാരത്തിന്റെ വില്ല് | : ഹബ.3:9 |
| 10. ആഹാരം | : മത്താ.4:4 |
| 11. പാൽ | : 1.പത്രൊ.2:1,2 |
| 12. കട്ടിയായ ആഹാരം | : എബ്രാ.5:11--14/1.പത്രൊ.2:1,2 |
| 13. മഴയും ഹിമവും പോലെ | : യെശ.55:10 |
| 14. നിർമ്മലവചനങ്ങൾ | : സങ്കീ.12:6 |
| 15. അതിവിശുദ്ധവചനം | : സങ്കീ.119:140 |
| 16. വിശുദ്ധവചനങ്ങൾ | : യിരെ.23:9 |
| 17. സത്യത്തിന്റെ വചനം | : യാക്കോ.1:18 |
| 18. തേനിലും തേൻ കട്ടയിലും മധുരമുള്ളവ | : സങ്കീ.19:10 |
| 19. പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ | : സങ്കീ.19:10 |

= = = = = = = ***Amen*** = = = = = = =

(DOCTRINAL TRUTHS *by Samson Henry, Kollam*)

# അദ്ധ്യായം - 3

## ദൈവം

ദൈവം എന്ന പദം ഉപയോഗിക്കുമ്പോൾ നാം അർത്ഥമാക്കുന്നത് ആരാലും സൃഷ്ടിക്കപ്പെടാത്തവൻ (Uncreated being) എന്നാണ്. ദൈവം ഉണ്ടെന്നുള്ള യാഥാർത്ഥ്യം സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ളതാണ്. ആകയാൽ ദൈവത്തിന്റെ അസ്തിത്വത്തിനു തെളിവു നൽകേണ്ട ആവശ്യവും ഇല്ല. സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ള ദൈവസത്യത്തെ നിഷേധിക്കുന്ന നിരീശ്വരന്മാരാണ്, ദൈവം ഇല്ല എന്നതിനു തെളിവു നൽകേണ്ടത്. ഇന്നേവരെ ആർക്കും വസ്തുനിഷ്ഠമായ തെളിവുകൾ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ ഒരു തെളിവു നൽകണമെങ്കിൽ പ്രപഞ്ചത്തിലെ എല്ലാ ഭാഗങ്ങളും സൂഷ്മമായി പഠിച്ചു പരിശോധിച്ച സർവ്വജ്ഞാനിയായ ഒരാൾക്കു മാത്രമേ സാധിക്കൂ. മനുഷ്യൻ സർവ്വജ്ഞാനിയല്ല. ആയതിനാൽ ദൈവം ഇല്ല എന്നു പറയുന്നതു ഒരുകാരണവശാലും യുക്തിക്കു ചേർന്നതല്ല. അതുകൊണ്ടാണ് *"ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു"* (സങ്കീ.14:1/ 53:1)എന്നു ബൈബിൾ വെളിപ്പെടുത്തുന്നത്. ഇവർ ദൈവത്തിന്റെ ഉപദേശത്തെയും കൈക്കൊള്ളുന്നില്ല. 1.കൊരി. 2:14 — *"എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അതു അവനു ഭോഷത്വം ആകുന്നു."* കണ്ണുകൊണ്ടു കാണുകയോ, കൈകൊണ്ടു തൊടുകയോ ചെയ്യാതെ അരൂപിയായ ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുകയില്ലെന്നു ഇവർ പറയുന്നു. അങ്ങനെയെങ്കിൽ നാം ശ്വസിക്കുന്ന വായുവിനെ നമുക്കു കാണുവാനോ, തൊടുവാനോ കഴിയുകയില്ലെന്ന കാരണത്താൽ വായു ഇല്ലെന്നു പറയുവാൻ സാധിക്കുമോ? വിദ്യുച്ഛക്തിയെ നേത്രങ്ങൾ കൊണ്ടു കണ്ടാലേ വിശ്വസിക്കുകയുള്ളു എന്നു ഒരുവൻ പറഞ്ഞാൽ അവനേക്കാൾ ഭോഷൻ വേറെയില്ല. പ്രതിസന്ധിവേളകളിൽ നിരീശ്വരന്മാർ പോലും ദൈവത്തെ വിളിച്ചു അലറിക്കരഞ്ഞ ദൃഷ്ടാന്തങ്ങൾ ചരിത്രത്തിലുണ്ട്. ബൈബിൾ ഒരിക്കലും ദൈവാസ്തിത്വത്തെ തെളിയിക്കുവാൻ ശ്രമിച്ചിട്ടില്ല. കാരണം എല്ലാം സൃഷ്ടിച്ച, എല്ലാം നിയന്ത്രിക്കുന്ന, സർവ്വശക്തനായ ദൈവത്തിനു അതിന്റെ ആവശ്യമി

ല്ല. എന്നാൽ ഉല്പത്തിയെക്കുറിച്ചു അറിയുവാൻ മനുഷ്യനു ആഗ്രഹമുണ്ട്. ബൈബിളിന്റെ ആദ്യപേജുകളിൽ വളരെ ചുരുക്കത്തിൽ പ്രപഞ്ചം, മനുഷ്യൻ, ജീവജാലങ്ങൾ എന്നിവയെ ദൈവം സൃഷ്ടിച്ച വിവരം സത്യസന്ധമായി, ആധികാരികമായി വിവരിച്ചിരിക്കുന്നു. അതിസങ്കീർണ്ണവും ഭയങ്കരവുമായ ഈ പ്രപഞ്ചത്തിന്റെ ആരംഭം ഒരു വലിയ സംഭവം (event) ആണല്ലോ? എങ്കിൽ അതിന്റെ കാരണക്കാരൻ ഗുണത്തിലും വലിപ്പത്തിലും (quality & quantity) പ്രപഞ്ചത്തേക്കാൾ ഉന്നതനായിരിക്കണം. ആ കാരണക്കാരനെ നാം ദൈവം അഥവാ സ്രഷ്ടാവ് എന്നു വിളിക്കുന്നു. ദൈവം ആരാലും സൃഷ്ടിക്കപ്പെട്ടവനല്ല (Uncreated being).

ലോകത്തിൽ മറ്റൊരു ഗ്രന്ഥവും മനുഷ്യന്റെ അടിസ്ഥാനചോദ്യങ്ങളായ —> ഞാൻ ആരാണ്? —> ഞാൻ എവിടെ നിന്നു വരുന്നു? —> ഞാൻ എവിടേക്കു പോകുന്നു? —> എന്റെ മരണശേഷം എന്ത്? എന്നിവയ്ക്കു ഉത്തരം തരുന്നില്ല. എന്നാൽ ബൈബിൾ മനുഷ്യന്റെ ഈ വിധത്തിലുള്ള അനേക ചോദ്യങ്ങൾക്കു വളരെ വ്യക്തമായി ഉത്തരം നൽകുന്നു.

*"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവു വെള്ളത്തിൻ മീതെ പരിവർത്തിച്ചു കൊണ്ടിരുന്നു"* (ഉല്പ.1:1,2) എന്നുള്ള പ്രഖ്യാപനത്തോടെ ആരംഭിക്കുന്ന വേദപുസ്തകം ദൈവത്തിന്റെ അസ്തിത്വത്തെയും ദൈവസൃഷ്ടിയെയും വിവരിക്കുന്നു. സൃഷ്ടിയുടെ നാളുകൾ നോക്കുക —

**> (1) ഒന്നാം ദിവസം** — വെളിച്ചം —> വെളിച്ചം ഉണ്ടാക്കി വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചു (ഉല്പ.1:3-5)

**> (2) രണ്ടാം ദിവസം** — ആകാശവും വെള്ളവും —> വെള്ളങ്ങൾ തമ്മിൽ വേർതിരിച്ചു(ഉല്പ.1:6-8)

**> (3) മൂന്നാം ദിവസം** — കരയും, സമുദ്രവും, സസ്യങ്ങളും —> ആകാശത്തിൻ കീഴുള്ള വെള്ളം ഒരിടത്തു കൂട്ടി ഉണങ്ങിയ നിലമുണ്ടാക്കി സമുദ്രവും ഭൂമിയും എന്നു പേരിട്ടു (ഉല്പ.1:9-13)

**> (4) നാലാം ദിവസം** — സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ —> പകലും രാത്രിയും വെളിച്ചം നൽകുവാനും, കാലം, ദിവസം, വർഷം എന്നിവ അറിയുവാനും (ഉല്പ.1:14-19).

***> (5) അഞ്ചാം ദിവസം*** — മത്സ്യങ്ങളും, പറവജാതികളും ---> സമുദ്രത്തിലും ആകാശവിതാനത്തിലും നിറയുവാൻ (ഉല്പ.1:20–23).

***> (6) ആറാം ദിവസം*** — മൃഗങ്ങൾ, മനുഷ്യൻ —> മൃഗങ്ങൾ ഭൂമിയിൽ നിറയുവാനും, മനുഷ്യൻ ഭൂമിയിലുള്ള സകലത്തിന്മേലും വാഴുവാനും, ദൈവത്തോടു കൂട്ടായ്മ പുലർത്തുവാനും (ഉല്പ.1:24–31).

***> (7) ഏഴാം ദിവസം*** — വിശ്രമവും, ശുദ്ധീകരണവും —> വിശ്രമിച്ചു ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു (ഉല്പ.2:1–3).

## ദൈവത്തിന്റെ അസ്തിത്വത്തിന്റെ തെളിവുകൾ —

**1. പ്രകൃതിയിൽ നിന്നുള്ള തെളിവ് —**

ദൈവത്തിന്റെ കരവിരുതായ പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടികളും ദൈവത്തിന്റെ ബുദ്ധിയും, ശക്തിയും അനുസരിച്ചു സൂക്ഷ്മമായി മെനഞ്ഞിരിക്കുന്നതാണെന്നു പ്രകൃതിയെ നോക്കിയാൽ മനസ്സിലാക്കാം. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, കര, കടൽ, പർവ്വതങ്ങൾ, കുന്നുകൾ, താഴ്വരകൾ, ഫലവൃക്ഷങ്ങൾ, മത്സ്യങ്ങൾ, മൃഗങ്ങൾ, കന്നുകാലികൾ, ഇഴജന്തുക്കൾ, പറവജാതികൾ, മനുഷ്യർ, തുടങ്ങിയവയെല്ലാം ദൈവത്തിന്റെ സൃഷ്ടികളാണ്. — *"ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു"* (സങ്കീ.19:1).

**2. മൂലകാരണം** — നമുക്കുചുറ്റും കാണുന്ന ഏതൊരു വസ്തുവിനും ഒരു മൂലകാരണം അഥവാ മൂലകാരണക്കാരൻ ഉണ്ടായിരിക്കും. ഒന്നും തനിയെ ഉണ്ടായി വരുന്നില്ല. ഉദാഹരണമായി താമസത്തിനായി ഒരു കെട്ടിടം ആവശ്യമെങ്കിൽ അതു ആരെങ്കിലും പണിയണം. കുറെ കല്ലും, സിമന്റും, കമ്പിയും കൂട്ടിയിട്ടാൽ കെട്ടിടമാകുകയില്ല. ഒരു പാഠപുസ്തകം ആവശ്യമായി വരുമ്പോൾ കുറേ കടലാസ്സു ഷീറ്റുകൾ എടുത്തു എത്ര കാലം വച്ചിരുന്നാലും ആരെങ്കിലും അതിനു രൂപകല്പന കൊടുത്തു അച്ചടിച്ചു കുത്തികെട്ടിയില്ലെങ്കിൽ പാഠപുസ്തകമാകുന്നില്ല. ഒരു വാച്ചിന്റെ ഭാഗങ്ങൾ ഒരു പാത്രത്തിലിട്ട് എത്ര വർഷം വെച്ചിരുന്നാലും, എത്രയേറെ കുലുക്കിയാലും, അതു ഒരാൾ ഓരോഭാഗങ്ങളും ചേർത്തു ചിട്ടയായി അടുക്കി

ക്രമപ്പെടുത്തിയില്ലെങ്കിൽ ഒരിക്കലും വാച്ച് ആകുന്നില്ല. അതു പോലെ ഈ കാണുന്ന പ്രപഞ്ചത്തിനും, സകല ചരാചരങ്ങൾക്കും ഒരു സ്രഷ്ടാവുണ്ട്; എല്ലാം ചന്തവും, ഉചിതവുമായി ക്രമപ്പെടുത്തിയ ഒരു സർവ്വശക്തനായ ദൈവം.

**3. ആരാധിക്കുവാനുള്ള ആഗ്രഹം** — ആരാധിക്കുവാനുള്ള മനുഷ്യഹൃദയത്തിന്റെ ആഗ്രഹം ദൈവം ഉണ്ട് എന്നു തെളിയിക്കുന്നു. പുരാതനകാലത്താകട്ടെ, ആധുനികകാലത്താകട്ടെ മനുഷ്യൻ തന്നേക്കാൾ ശക്തിയുള്ള ഏതിനെയും നേരിട്ടോ, രൂപസാദൃശ്യം ഉണ്ടാക്കിയോ ആരാധിക്കുവാൻ വെമ്പൽ കൊള്ളുന്നു. ആഹാരം, ശാരീരികസുഖം, എന്നിവ ലഭിച്ചു കഴിഞ്ഞാൽ മൂന്നാമതൊരു ആവശ്യം അവന്റെ ഹൃദയത്തിലേക്കു വരുന്നു. അത് ഏതിനെയെങ്കിലും വണങ്ങി ആരാധിക്കണമെന്നുള്ളതാണ്. **യെശ.44:16,17 —** ൽ ഇങ്ങനെയുള്ള ഒരു മനുഷ്യനെ കാണാം— *"അതിൽ (മരക്കഷണം) ഒരംശം കൊണ്ടു അവൻ തീ കത്തിക്കുന്നു; ഒരംശം കൊണ്ടു ഇറച്ചി ചുട്ടുതിന്നുന്നു; അങ്ങനെ അവൻ ചുട്ടുതിന്നു തൃപ്തനാകുന്നു; അവൻ തീ കാഞ്ഞു; നല്ല തീ, കുളിർ മാറി എന്നു പറയുന്നു. അതിന്റെ ശേഷിപ്പു കൊണ്ടു അവൻ ഒരു ദേവനെ, ഒരു വിഗ്രഹത്തെ തന്നേ, ഉണ്ടാക്കി അതിന്റെ മുമ്പിൽ സാഷ്ടാംഗം വീണു നമസ്കരിക്കുകയും അതിനോടു പ്രാർത്ഥിച്ചു: എന്നെ രക്ഷിക്കേണമേ; നീ എന്റെ ദേവനല്ലോ എന്നു പറകയും ചെയ്യുന്നു."*

ഏതു മനുഷ്യനിലും തന്നെ നിർമ്മിച്ച ദൈവത്തെക്കുറിച്ചുള്ള ചിന്ത അന്തർലീനമായിരിക്കുന്നു.

പൗലോസ് അഥേനാപുരുഷന്മാരോടു പറയുന്നതു നോക്കുക — **അപ്പൊ. 17:23 —** *"ഞാൻ ചുറ്റി നടന്നു നിങ്ങളുടെ പൂജാസ്ഥലങ്ങളെ നോക്കുമ്പോൾ അജ്ഞാതദേവനു എന്നു എഴുത്തുള്ള ഒരു വേദിക്കല്ലു കണ്ടു; എന്നാൽ നിങ്ങൾ അറിയാതെ പൂജിക്കുന്നതു തന്നേ ഞാൻ നിങ്ങളോടു അറിയിക്കുന്നു."*

**4. ജീവൻ** --- ജീവനുള്ളതിനു മാത്രമേ ജീവൻ ഉല്പാദിപ്പിക്കുവാൻ സാധിക്കുകയുള്ളു. ഉദാഹരണമായി ഒരു ഉണങ്ങിയ മരക്കഷണത്തിൻ നിന്നു മുള അഥവാ നാമ്പ് ഉണ്ടാകുകയില്ല. ഇരുമ്പു കഷണമോ, സ്വർണ്ണക്കട്ടിയോ ഒരു കൃഷിവയലിൽ എത്ര വർഷം കിടന്നാലും അതിനു വളർച്ചയും, വർദ്ധനവുമുണ്ടാകുന്നില്ല. അവ എത്ര വിലപിടിപ്പുള്ളതായാലും അവയ്ക്കു ജീവനില്ല എന്നതു തന്നെ കാരണം. മനുഷ്യനുൾപ്പെടെയുള്ള എല്ലാ സൃഷ്ടികളെയും

നോക്കുമ്പോൾ അവയ്ക്കു ജീവൻ ലഭിച്ചിരിക്കുന്നത് ജീവന്റെ ഉറവിടമായ സർവ്വശക്തനായ ദൈവത്തിൽ നിന്നാണ്.

**യോഹ.1:3,4—** *"സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവനുണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു."*

**യെശ.46:9 —** *"ഞാനല്ലാതെ വേറൊരു ദൈവമില്ല; ഞാൻ തന്നേ ദൈവം, എന്നെപ്പോലെ ഒരുത്തനുമില്ല."*

**യെശ.45:18--23** *''ആകാശത്തെ സൃഷ്ടിച്ച യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു — അവൻ തന്നേ ദൈവം; അവൻ ഭൂമിയെ നിർമ്മിച്ചുണ്ടാക്കി; അവൻ അതിനെ ഉറപ്പിച്ചു; വ്യർത്ഥമായിട്ടല്ല അവൻ അതിനെ സൃഷ്ടിച്ചതു; പാർപ്പിന്നത്രേ അതിനെ നിർമ്മിച്ചതു :- ഞാൻ തന്നേ യഹോവ; വേറൊരുത്തനും ഇല്ല. ഞാൻ രഹസ്യത്തിൽ അന്ധകാരപ്രദേശത്തു വെച്ചല്ല സംസാരിച്ചതു; ഞാൻ യാക്കോബിന്റെ സന്തതിയോടു: വ്യർത്ഥമായി എന്നെ അന്വേഷിപ്പിൻ എന്നല്ല കൽപ്പിച്ചിരിക്കുന്നതു; യഹോവയായ ഞാൻ നീതി സംസാരിക്കുന്നു, നേരുള്ളതു പ്രസ്താവിക്കുന്നു. നിങ്ങൾ കൂടി വരുവിൻ; ജാതികളിൽ വെച്ചു തെറ്റി ഒഴിഞ്ഞവരേ, ഒന്നിച്ചു അടുത്തു വരുവിൻ; വിഗ്രഹമായൊരു മരം എടുത്തുകൊണ്ടു നടക്കയും രക്ഷിപ്പാൻ കഴിയാത്ത ദേവനോടു പ്രാർത്ഥിക്കയും ചെയ്യുന്നവർക്കു അറിവില്ല. നിങ്ങൾ പ്രസ്താവിച്ചു കാണിച്ചു തരുവിൻ; അവർ കൂടി ആലോചിക്കട്ടെ; പുരാതനമേ ഇതു കേൾപ്പിക്കയും പണ്ടു തന്നേ ഇതു പ്രസ്താവിക്കയും ചെയ്തവൻ ആർ? യഹോവയായ ഞാൻ അല്ലയോ? ഞാൻ അല്ലാതെ വേറൊരു ദൈവവും ഇല്ല; ഞാൻ അല്ലാതെ നീതിമാനായൊരു ദൈവവും രക്ഷിതാവും ഇല്ല. സകല ഭൂസീമാവാസികളുമായുള്ളോരേ, എങ്കലേക്കു തിരിഞ്ഞു രക്ഷപ്പെടുവിൻ; ഞാനല്ലാതെ വേറൊരു ദൈവവും ഇല്ലല്ലോ. എന്നാണ എന്റെ മുമ്പിൽ ഏതു മുഴങ്കാലും മടങ്ങും; ഏതു നാവും സത്യം ചെയ്യും എന്നിങ്ങനെ എന്റെ വായിൽ നിന്നു നീതിയും മടങ്ങാത്ത ഒരു വചനവും പുറപ്പെട്ടിരിക്കുന്നു."*

**എബ്രാ.11:6 —** *"ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ."*

മേലുദ്ധരിച്ച വാക്യങ്ങളിലൂടെ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത് ദൈവം ജീവന്റെ ഉറവിടം എന്നതാണ്. അതീവ ബുദ്ധിശക്തിയും സർവ്വസാന്നിദ്ധ്യവുമുള്ള സ്രഷ്ടാവായ ദൈവമാണ് ജീവന്റെയും ജീവജാലങ്ങളുടെയും മനുഷ്യന്റെയും സൃഷ്ടിക്കു കാരണഭൂതൻ. *"അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു; എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല."* (സഭാ.3:11).

## ദൈവത്തിന്റെ സ്വഭാവസവിശേഷതകൾ

### (ATTRIBUTES OF GOD)

ദൈവം ഉണ്ട് എന്നുള്ളത് യാഥാർത്ഥ്യമായിരിക്കുന്നതുപോലെ സർവ്വസ്രഷ്ടാവാം ദൈവത്തിന് ആളത്വവും (Personality) ഉണ്ട്. ആളത്വമുള്ളതുകൊണ്ടാണ് ദൈവത്തിനു നമ്മെ സ്നേഹിക്കുവാനും, കരുതുവാനും, ആശ്വസിപ്പിക്കുവാനും, നമ്മോടു ക്ഷമിക്കുവാനും കഴിയുന്നത്.

**> യോഹ.3:16 – ദൈവം സ്നേഹിക്കുന്നു**

**> 1.പത്രൊ.5:7 – ദൈവം കരുതുന്നു**

**> 2.കൊരി.1:4 – ദൈവം ആശ്വസിപ്പിക്കുന്നു**

**> സംഖ്യ.14:17 – ദീർഘക്ഷമയും മഹാദയയും ഉള്ളവൻ.**

ദൈവത്തിനു ആളത്വമുള്ളതുകൊണ്ടാണ് ദൈവത്തെ നമുക്കു സ്നേഹിക്കുവാനും, ആശ്രയിക്കുവാനും, ബഹുമാനിക്കുവാനും, ദൈവത്തോടു പ്രാർത്ഥിക്കുവാനും, അനുസരിച്ചു ഭയപ്പെട്ടു ജീവിക്കുവാനും കഴിയുന്നത്.

ദൈവത്തിന്റെ ഗുണലക്ഷണങ്ങളെ (Attributes of God) രണ്ടായി വിഭാഗിക്കാം.

(A) ദൈവത്തിന്റെ പകരപ്പെടുവാൻ അഥവാ പങ്കുവെക്കാൻ അസാദ്ധ്യമായ സ്വഭാവസവിശേഷതകൾ ( INCOMMUNICABLE ATTRIBUTES ).

(B) ദൈവത്തിന്റെ പകരപ്പെടുവാൻ അഥവാ പങ്കുവെക്കുവാൻ സാദ്ധ്യമായ സ്വഭാവസവിശേഷതകൾ (COMMUNICABLE ATTRIBUTES).

## (A) ദൈവത്തിന്റെ പകരപ്പെടുവാൻ സാദ്ധ്യമല്ലാത്ത സ്വഭാവസവിശേഷതകൾ

### (INCOMMUNICABLE ATTRIBUTES)

സർവ്വശക്തനായ ദൈവം എന്ന നിലയിൽ ദൈവത്തിനു തന്നിൽ തന്നെയുള്ളതും, തന്നിൽ മാത്രം നിക്ഷിപ്തവുമായ തികവുറ്റ സ്വഭാവസവിശേഷതകളാണിവ. ഈ സ്വഭാവശ്രേഷ്ഠതകൾ യാതൊന്നിലേക്കും പകരപ്പെടുവാനോ, പങ്കുവെക്കുവാനോ സാധിക്കുകയില്ല.

**1. ദൈവം സർവ്വശക്തൻ — GOD IS OMNIPOTENT**

പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടികൾക്കും അതതിന്റെ ശക്തിക്ക് പരിധിയുണ്ട്. എന്നാൽ ദൈവത്തിന്റെ ശക്തിക്കു മാത്രം പരിധിയില്ല. അതായത് ദൈവം സർവ്വശക്തനാണ്. ഉല്പ.1:1-ൽ ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ ശക്തിയും (Creative Power), ഉല്പ.1:3 -ൽ ദൈവത്തിന്റെ വാക്കിന്റെ ശക്തിയും (Power of Voice / Speach) കാണുന്നു. ദൈവം പ്രവൃത്തിയിൽ ശക്തനും ശക്തിയുടെ ഉറവിടവും ആണ്. ദൈവത്തിനു അസാദ്ധ്യമായതൊന്നുമില്ല. സാത്താന് ശക്തിയുണ്ട്; എന്നാൽ ദൈവം സർവ്വശക്തനാണ്. ദൈവത്തിന്റെ സർവ്വശക്തിയെക്കുറിക്കുന്ന വാക്യങ്ങൾ നോക്കുക — ഉല്പ.1:1/ ഉല്പ.17:1/ ഉല്പ.18:14/പുറ.15:7/ ആവ.3:24/ ആവ.32:39/1.ദിന.16:25/ ഇയ്യോ.40:2/യെശ.40:12—15/യിരെ.32:17,27/ യെഹ.10:5/ദാനി.3:17,29/ ദാനി.4:35/ആമോ.4:13/ആമോ.5:8/സെഖ.12:1/സങ്കീ.68:14/സങ്കീ.91:1,2/ സങ്കീ.115:3/മത്താ.19:26/2.കൊരി.6:17/എഫെ.1:9/വെളി.1:8/വെളി.15:3/ വെളി.19:6.

**2. ദൈവം സർവ്വവ്യാപി — GOD IS OMNIPRESENT**

ദൈവത്തിന്റെ സർവ്വസാന്നിദ്ധ്യം വഴിയായി തന്റെ സകല സൃഷ്ടികളോടും സദാ സമ്പർക്കം പുലർത്തുവാൻ കഴിയുന്നു. ദൈവം എല്ലായിടത്തുമുണ്ട്. ദൈവം ഇല്ലാത്ത ഒരു സ്ഥലവുമില്ല. ഉല്പ.28:15,16/ ആവ.4:39/ യോശു.2:11/ 1.രാജാ.8:27/ സദൃ.15:3,11/ യെശ.66:1/ യിര.23:23,24/ആമോ.9:2 —4/ സങ്കീ.68:7,8/ സങ്കീ.139:7–11/ മത്താ.6:6/ മത്താ.18:19,20/ മത്താ.28:20/ യോഹ.14:16,23/ അപ്പൊ.7:48,49/ അപ്പൊ.17:27/ 1.കൊരി.3:16/ 1.കൊരി.6:19/ എഫെ.4:6/ കൊലൊ.1:27/ കൊലൊ.2:9/എബ്രാ.13:5,6.

**3. ദൈവം സർവ്വജ്ഞൻ — GOD IS OMNISCIENT**

ദൈവം സകലവും ഉള്ളതുപോലെ അറിയുന്നവനും ജ്ഞാനത്തിന്റെ ഉറവിടവുമാണ്. ദൈവത്തിന് മറഞ്ഞിരിക്കുന്നതും അറിയുവാൻ കഴിയാത്തതുമായ യാതൊന്നുമില്ല. ദൈവം സർവ്വജ്ഞാനിയാണ്.

ഉല്പ.18:17—19/ പുറ.3:7/2.രാജാ.8:10,13/ 1.ദിന.28:9/ ഇയ്യോ.37:16/ സങ്കീ.33:13-15/സങ്കീ.34:15/ സങ്കീ.94:9,11/ സങ്കീ.139:1-16/ സങ്കീ.147:4,5/ സദൃ.15:3/ /യെശ.29:15,16/യെശ.40:28/ യെശ.46:9,10/യെശ.55:8,9/ യിരെ.1:4,5/ യിരെ.16:16,17/യെഹ.11:5/ദാനി.2:2,28/ ആമോ.4:13/ മത്താ.10:29/ ലൂക്കൊ16:15/അപ്പൊ15:8,18/ റോമ.8:27-29/ 1.കൊരി.3:20/ 1.കൊരി.10:13/ 2.തിമൊ.2:19/ എബ്രാ.4:13/ 1.പത്രൊ1:2/ 1.യോഹ3:20/ വെളി.2:10-14.

**4. ദൈവത്തിന്റെ പരമാധികാരം —SOVEREIGNTY OF GOD**

സകല സൃഷ്ടികളുടെമേലും അധികാരമുള്ളവനും, അത്യുന്നതനുമാണ് ദൈവം. രാജാധിരാജാവും, കർത്താധികർത്താവുമാണ്. ദൈവം സകലത്തെയും നിയന്ത്രിക്കുന്നവനും പരിപാലിക്കുന്നവനും ആണ്. ഉല്പ.14:19/ പുറ.18:11/ ആവ.10:14-17/ ഇയ്യോ.42:2/ സങ്കീ.103:19/ സങ്കീ.115:3/സങ്കീ.135:6/ ദാനി.4:31,32,35/ മത്താ.20:15/റോമ.9:21.

**5. ദൈവം മാറ്റമില്ലാത്തവൻ —- IMMUTABILITY**

സകല സൃഷ്ടികൾക്കും മാറ്റം സംഭവിക്കുന്നു. എന്നാൽ ദൈവം മാറ്റമില്ലാത്തവൻ. ഏതെങ്കിലും സ്വഭാവസവിശേഷതകൾ കൂട്ടിച്ചേർക്കുവാനോ വിട്ടുകളയുവാനോ ആവശ്യം ഇല്ലാതെ, പരിപൂർണ്ണനാകയാൽ മാറ്റങ്ങൾക്കു അതീതനാണ്. കാലം സമയം എന്നിവയുടെ മാറ്റങ്ങളനുസരിച്ച് ദൈവത്തിനോ, ദൈവവചനത്തിനോ, ദൈവികവാഗ്ദത്തങ്ങൾക്കോ മാറ്റമുണ്ടാകുന്നില്ല (പുറ.3:14/ സംഖ്യാ.23:19/യെശ.41:4/ യെശ.48:12/ സങ്കീ.102:26-28/ മലാ.3:6/ റോമ.1:23/ എബ്രാ.13:8).

(a) ദൈവത്തിന്റെ പ്രകൃതിക്കു മാറ്റമില്ല (God's nature never changes).

2.തിമൊ.2:13 —*"നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു; തന്റെ സ്വഭാവം ത്യജിപ്പാൻ അവന്നു കഴികയില്ലല്ലോ; ഈ വചനം വിശ്വാസ്യയോഗ്യമാകുന്നു."*

(b) ദൈവത്തിന്റെ ഉദ്ദേശങ്ങൾക്കു മാറ്റമില്ല (God's purposes never changes).

1.ശമൂ.15:29 —*"യിസ്രായേലിന്റെ മഹത്വമായവൻ ഭോഷ്കു പറകയില്ല, അനുതപിക്കയുമില്ല; അനുതപിപ്പാൻ അവൻ മനുഷ്യനല്ല എന്നു പറഞ്ഞു."*

സങ്കീ.33:11 —*"യഹോവയുടെ ആലോചന ശാശ്വതമായും അവന്റെ ഹൃദയവിചാരങ്ങൾ തലമുറതലമുറയായും നില്ക്കുന്നു."*

എബ്രാ.6:17 —*"അതുകൊണ്ടു ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്കു തന്റെ ആലോചന മാറാത്തതു എന്നു അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു ഒരു ആണയാലും ഉറപ്പുകൊടുത്തു."*

യാക്കോ.1:17 —*"അവന്നു വികാരമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ല."*

(c) ദൈവത്തിന്റെ വചനങ്ങൾക്കു മാറ്റമില്ല (God's words never changes).

മത്താ.24:35 —*"ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല."*

(d) ദൈവത്തിന്റെ വാഗ്ദത്തങ്ങൾക്കു മാറ്റമില്ല (God's promises never changes).

എബ്രാ.10:23 —*"പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ."*

### 6. ദൈവത്തിന്റെ ഏകത്വം — UNITY OF GOD

ദൈവം ഏകനാണ്. അതായത് വിഭജിക്കുവാൻ കഴിയുകയില്ല. ജാതികളുടെ ആരാധനാമൂർത്തികളെപ്പോലെ അനേകദൈവങ്ങൾ ക്രിസ്തുമാർഗ്ഗത്തിൽ ഇല്ല. ഏകസത്യദൈവമായ ഒരേ ഒരു ദൈവമാണ് സർവ്വശക്തനായ യഹോവയാം ദൈവം. ഏകത്വത്തെ തെളിയിക്കുന്ന തിരുവചനങ്ങൾ നോക്കുക. (പുറ.20:3/ആവ.4:35,39/ ആവ.6:4/ 1.ശമൂ.2:2/ 2.ശമൂ.7:22/1.രാജാ.8:59/ 2.രാജാ.19:15/ നെഹ.9:6/ യെശ.44:6–8). ദൈവം ഏകനായിരിക്കുമ്പോൾത്തന്നേ ദൈവത്തിൽ മൂന്നു ആളത്വങ്ങളുണ്ടെന്നു ദൈവീകത്രിത്വം പ്രകടമാക്കുന്നു. ദൈവം ഏകനാണന്നുള്ള ത്രിത്വോപദേശം *(പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ആകുന്ന ത്രിയേകനാം ദൈവം)* ഉറപ്പിച്ചുകൊണ്ടു പുതിയനിയമതിരുവെഴുത്തുകളും സാക്ഷ്യം പറയുന്നു (1.തിമൊ.1:17/ 1.തിമൊ.2:5/ 1.കൊരി.8:6).

### 7. ദൈവം നിത്യനാണ് — GOD IS ETERNAL

ദൈവത്തിനു ആരംഭമോ അവസാനമോ ഇല്ല. എന്നാൽ മനുഷ്യന് ആരംഭം ഉണ്ടെങ്കിലും അവസാനമില്ല. നിത്യതയെന്നാൽ അവസാനമില്ലാത്ത സമയമാണ്. ദൈവത്തിനു ഭൂതമോ, ഭാവിയോ ഇല്ല. രക്ഷിക്കപ്പെട്ട ദൈവമക്കൾ നിത്യതയിൽ എന്നേക്കും കർത്താവിനോടു കൂടെയും, രക്ഷിക്കപ്പെടാത്തവർ എന്നേക്കും നിത്യനരകാഗ്നിയിലും ആയിരിക്കും എന്നു തിരുവചനം വ്യക്തമാക്കുന്നു. ഉല്പ.21:33/ യെശ.40:28/യെശ.44:6/ സങ്കീ.90:1,2/സങ്കീ.102:27/ 1. തിമൊ.1:17/ വെളി.1:8.

### 8. സ്വയാസ്തിത്വം (സ്വതന്ത്രത)— SELF EXISTENCE

ദൈവത്തിനു ആരംഭം ഇല്ല. മനുഷ്യരെയും, ഭൂമിയെയും, എല്ലാ ജീവജാലങ്ങളെയും ദൈവം സൃഷ്ടിച്ചതാണ്. എന്നാൽ ദൈവത്തെ ആരും ഉണ്ടാക്കുകയോ, സൃഷ്ടിക്കുകയോ ചെയ്തതല്ല. സകലത്തിന്റെയും ലാക്കും കാരണഭൂതനും ദൈവം എന്നു എബ്രായലേഖനത്തിൽ കാണുന്നു. ദൈവം സ്വതന്ത്രനാണ് എന്നു തെളിയിക്കുന്ന നാമമാണ് യഹോവ. അർത്ഥം ഞാൻ ആകുന്നവൻ ഞാൻ ആകുന്നു (I AM WHO I AM) പുറ.3:14/ പുറ.6:3/ എബ്രാ.2:10/ റോമ.11:33-36/ ദാനി.4:35/ സങ്കീ.33:11/ സങ്കീ.115:3/ വെളി.4:11.

## (B) ദൈവത്തിന്റെ പകരപ്പെടുവാൻ അഥവാ പങ്കുവെക്കുവാൻ സാദ്ധ്യമായ ഗുണലക്ഷണങ്ങൾ

## (COMMUNICABLE ATTRIBUTES OF GOD)

### 1. വിശുദ്ധി — HOLINESS (God is Holy)

പരിശുദ്ധനായ ദൈവത്തിനു പാപം ചെയ്യുന്നതിനോ, പാപം സഹിക്കുന്നതിനോ കഴിയാത്ത പ്രകൃതിയാണുള്ളത്. ദൈവം ഒരുക്കിയ നീതീകരണത്തിലൂടെ, നീതി പങ്കിട്ടു വിശുദ്ധി പ്രാപിക്കുവാൻ മനുഷ്യനു കഴിയും. ലേവ്യ.11:44,45/ ലേവ്യ.20:26/യോശു.24:19/ 1.ശമൂ.2:2/യെശ.6:3/ യെശ.43:14,15/യിരെ.23:9/സങ്കീ.5:4/സങ്കീ.111:8,9/

സങ്കീ.145:17/ലൂക്കൊ.1:49/1.പത്രൊ.1:15,16/വെളി.4:8/ വെളി.15:3, 4.

**2. ദൈവം നീതിമാൻ – God is Righteous**

പരിശുദ്ധനായ ദൈവം നീതിമാനുമാകുന്നു. വിശുദ്ധീകരണം പ്രായോഗികമാക്കുന്നതാണ് നീതീകരണം. വിശുദ്ധനായ ദൈവം തന്റെ നീതി പാപികളും നീതികെട്ടവരുമായ മനുഷ്യരിലേക്കു ചൊരിഞ്ഞു വിശുദ്ധിയോടെ ഇടപെടുമ്പോൾ താൻ നീതിമാനാണെന്നു തെളിയിക്കുന്നു. ഉല്പ.18:25/ യെശ.11:3,4/ യെശ.45:24,25/ യിരെ.12:1/ എസ്രാ.9:15/ സങ്കീ.116:5/ സങ്കീ.145:17/ എബ്രാ.6:10.

**3. ദൈവം വിശ്വസ്തൻ — God is Faithful**

സത്യസന്ധത, വിശ്വസ്തത, എന്നിവയെല്ലാം ദൈവത്തിന്റെ സവിശേഷതകളാണ്. ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് ഒരിക്കലും ഭംഗം വരുകയില്ല. പുറ.34:6/ സംഖ്യാ.23:19/ ആവ.4:31/ ആവ.7:9/ ആവ.32:4/ യോശു.21:43–45/ യോശു.23:14/1.ശമൂ.15:29/യെശ.25:1/ യിരെ.4:28/ ലൂക്കൊ.18:7,8/1.കൊരി.1:9/2.കൊരി.1:20/ 2.തിമൊ.2:13/ വെളി.15:3.

**4. ദൈവം കരുണയുള്ളവൻ — God is Merciful**

ദൈവം വിശുദ്ധനും, നീതിമാനും, വിശ്വസ്തനും മാത്രമല്ല നമ്മോടു കരുണയുള്ളവൻ കൂടിയാണ്. അതിന്റെ പ്രദർശനമാണ് പാപികളായ മനുഷ്യവർഗ്ഗത്തിനൊരുക്കിയ രക്ഷാമാർഗ്ഗം. കരുണാസമ്പന്നനായ ദൈവത്തെ ബൈബിൾ ആദിയോടന്തം വെളിപ്പെടുത്തുന്നു. ആവ.4:31/യെശ.49:13/ യിരെ.3:12/ വിലാ.3:22/ ദാനീ.9:9/ സങ്കീ.86:15/ സങ്കീ.103:8/ സങ്കീ.145:8, 9/റോമ.9:18/ തീത്തൊ.3:5.

**5. ദൈവം കൃപയുള്ളവൻ — God is Gracious**

ദൈവം കൃപയുടെ ഉറവിടമാണ്. ദയ തോന്നുവാൻ യാതൊരു അർഹതയുമില്ലാതിരിക്കുമ്പോൾ, ദൈവത്തിൽ നിന്നു മനുഷ്യനു ലഭിക്കുന്ന ദാനമാണ് കൃപ. അതായത് മനുഷ്യൻ പാപിയായിരുന്നപ്പോൾ നിത്യമരണത്തിൽ നിന്നു മനുഷ്യനെ രക്ഷിക്കുവാനായി ഒരുക്കിയ വഴി. റോമ.3:24/ 2.കൊരി.8:9/ എഫെ.1:6,7/ എഫെ.2:7–9/ തീത്തൊ.2:11/ തീത്തൊ.3:4–7.

**6. ദൈവം ദീർഘക്ഷമയുള്ളവൻ— Longsufferings of God**

ദൈവം ദീർഘമായി ക്ഷമിക്കുന്നു. കോപത്തിനു താമസ

മുള്ളവൻ എന്നർത്ഥം. പാപികളായ മനുഷ്യരോടുള്ള ബന്ധത്തിൽ ദൈവം വളരെ ദീർഘക്ഷമയുള്ളവനാണ്. അവർ തന്റെയടുക്ക ലേക്കു മാനസാന്തരപ്പെട്ടു വിശുദ്ധി പ്രാപിച്ചു വരുന്നതു ക്ഷമയോടെ കാത്തിരിക്കുന്നു. ദൈവം ക്ഷമിക്കുന്നവനും നമ്മുടെ തെറ്റുകളെ മറക്കുന്നവനും ആണ്. മനുഷ്യരായ നാം പലപ്പോഴും മറ്റുള്ളവ രോടു ക്ഷമിക്കും എന്നാൽ അവരുടെ തെറ്റുകളെ മറക്കുകയില്ലെന്ന താണ് പ്രത്യേകത. സംഖ്യാ.14:17/ മീഖാ.7:18/ റോമ.2:4/ റോമ.9:22/ 1.പത്രൊ.3:19/ 2.പത്രൊ.3:14.

**7. ദൈവം സ്നേഹമാകുന്നു - God is Love**

ദൈവം സ്നേഹത്തിന്റെ ഉറവിടമാണ്. ദൈവത്തിന്റെ അപ്ര മേയസ്നേഹം പാപികളും ദോഷികളുമായ മനുഷ്യരിലേക്കു യാതൊരു ഉപാധികളുമില്ലാതെ ഒഴുകി. മാത്രമല്ല ദൈവം നമ്മെ സ്നേഹിച്ചതിനാലാണ് നാം സ്നേഹം എന്തെന്നു അറിയുവാൻ ഇട യായത്. യോഹ.3:16/ യോഹ.16:27/ യോഹ.17:23/തീത്തൊ.3:4-7/ 1.യോഹ.3:1/ 1.യോഹ.3:16/ 1.യോഹ.4:9,10.

**8. ദൈവം നല്ലവൻ — God is Good**

ദൈവം വിശുദ്ധൻ, നീതിമാൻ, വിശ്വസ്തൻ, കരുണയുള്ള വൻ, കൃപയുള്ളവൻ, ദീർഘക്ഷമയുള്ളവൻ, സ്നേഹവാൻ; മാത്ര മല്ല നമുക്കു വിശ്വസിക്കുവാനും ആശ്രയിക്കുവാനും കൊള്ളാവുന്ന ഏറ്റവും നല്ല മിത്രം. തന്റെ എല്ലാ സൃഷ്ടികൾക്കും ജീവനും, നന്മയും അനുഗ്രഹങ്ങളും നൽകുന്ന ദൈവം നല്ലവനാണ്. (മർക്കൊ.10:18/ 1.പത്രൊ.2:18/ സങ്കീ.25:8/ സങ്കീ.34:8/ സങ്കീ.107:1/ സങ്കീ.119:68/സങ്കീ.145:9.).

= = = = = = = ***Amen*** = = = = = = =

# അദ്ധ്യായം – 4

## യേശുക്രിസ്തു

ദൈവീകത്രിത്വത്തിൽ രണ്ടാമനും, സർവ്വശക്തനും, സർവ്വവ്യാപിയും, സർവ്വജ്ഞനും, പരമാധികാരിയും, മാറ്റമില്ലാത്തവനും, കരുണാസമ്പന്നനുമായ ഏകസത്യദൈവം കാലസമ്പൂർണ്ണതയിൽ മനുഷ്യന്റെ രക്ഷെക്കായി മനുഷ്യനായി ഭൂമിയിലേക്കു വന്ന ദൈവമാണ് കർത്താവായ യേശുക്രിസ്തു. **യേശുക്രിസ്തു ദൈവത്തിന്റെ സൃഷ്ടിയല്ല, ദൈവം തന്നെയാണ്.** യോഹ.1:14–ൽ പറഞ്ഞിരിക്കുന്ന 'വചനം ജഡമായി തീർന്നു'എന്നത് യേശുക്രിസ്തു ആണ്. പഴയനിയമത്തിൽ യഹോവ എന്ന പദം പുതിയനിയമത്തിൽ 'കർത്താവ്' എന്നു രേഖപ്പെടുത്തിയിരിക്കുന്നു. യെശ.53:1–ൽ 'യഹോവയുടെ ഭുജം' എന്നത് യോഹന്നാന്റെ സുവിശേഷത്തിൽ(12:38) 'കർത്താവിന്റെ ഭുജം' എന്നു കാണുന്നു. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ തെളിയിക്കുന്ന അനേക ഭാഗങ്ങൾ തിരുവചനത്തിൽ കാണാം (യോഹ.1:1,3/മീഖ.5:2/യെശ.7:14/ യെശ.9:6/ മത്താ.1:22,23).

### യേശുക്രിസ്തുവിന്റെ സ്വഭാവശ്രേഷ്ഠതകൾ :

ദൈവത്തിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതും, മനുഷ്യനിലേക്കു പകരപ്പെടുവാൻ കഴിയാത്തതുമായ സ്വഭാവശ്രേഷ്ഠതകൾ ദൈവം എന്ന നിലയിൽ യേശുക്രിസ്തുവിൽ കാണുന്നു.

**1. യേശുക്രിസ്തു സ്രഷ്ടാവ്**

യോഹ.1:3– "*സകലവും അവൻ (*യേശുക്രിസ്തു*) മുഖാന്തരം ഉളവായി, ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല.*"

ഉല്പ.1:26 — "*നാം നമ്മുടെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ ഉണ്ടാക്കുക.*"

ഇവിടെ നാം, നമ്മുടെ എന്നീ വാക്കുകൾ ദൈവീക ത്രിത്വത്തിലേക്കു വിരൽ ചൂണ്ടുന്നതും, ത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തുവിനു സൃഷ്ടിയിന്മേലുള്ള അധികാരത്തെയും, തന്റെ ദൈവത്വത്തെയും ഉറപ്പിക്കുന്നതുമാണ്.

**2. യേശുക്രിസ്തു സർവ്വശക്തൻ**

യേശുക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും, വീര്യപ്രവൃത്തികളും ദൈവം എന്ന നിലയിൽ തന്റെ സർവ്വശക്തിയെ തെളിയിക്കുന്നവയാണ്.

(യോഹ.2:1-11/ മർക്കൊ.1:21-28 / ലൂക്കൊ4:31-37/ മത്താ.8:14/ മത്താ.9:18/ മത്താ.8:5-13/മത്താ.12:9-13/ മത്താ.8:23-27/ മത്താ.8:28 -34/ ലൂക്കൊ.7:11-16). സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവൻ (എബ്രാ.1:3), സകലത്തെയും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന വ്യാപാരശക്തി (ഫിലി3:21/ വെളി.1:8/ വെളി.19:6/മത്താ.28:18) എന്നീ തിരുവെഴുത്തുകൾ യേശുക്രിസ്തുവിന്റെ സർവ്വശക്തിയെ വെളിപ്പെടുത്തുന്നു.

**3. യേശുക്രിസ്തു സർവ്വവ്യാപി**

യേശുക്രിസ്തു സ്വർഗ്ഗത്തിൽ വസിക്കുന്നുവെങ്കിലും ദൈവമെന്ന നിലയിൽ തന്റെ സർവ്വസാന്നിദ്ധ്യം നമ്മോടുകൂടെയുണ്ട് (മത്താ.1:22/മത്താ18:20/യോഹ.3:13/ 1.കൊരി.1:2/എഫെ.1:23). *"ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ടു"* (മത്താ.28:20), *"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു"* (മത്താ.18:20) എന്നീ വാഗ്ദത്തങ്ങൾ യേശുക്രിസ്തു സർവ്വവ്യാപിയെന്നതിന്റെ തെളിവാണ്. പഴയനിയമത്തിൽ യഹോവയായ ദൈവം തന്റെ ജനത്തിന്റെ മദ്ധ്യേ വസിച്ചുവെങ്കിൽ പുതിയനിയമത്തിൽ കർത്താവായ യേശുക്രിസ്തു ഇമ്മാനൂവേലായി (മത്താ.1:22) നമ്മോടു കൂടെ വസിക്കുന്നു.

**4. യേശുക്രിസ്തു സർവ്വജ്ഞാനി**

യേശുക്രിസ്തു ദൈവം എന്ന നിലയിൽ ജ്ഞാനത്തിന്റെ ഉറവിടമാണ് (1.കൊരി.1:30/മർക്കൊ.2:2-6/മത്താ.12:40/മത്താ.24:3-31/ കൊലൊ.2:3/1.കൊരി.4:5). ദൈവത്തിനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയും ഇല്ല. സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു (എബ്രാ.4:13). മാത്രമല്ല താൻ സകലതും അറിയുന്നവനുമാണ് (യോഹ.16:30/യോഹ.21:17/മർക്കൊ.2:8/മത്താ.10:30/ 1.കൊരി.4:5/ അപ്പൊ.1:24/വെളി.2:23).

**5. യേശുക്രിസ്തു മാറ്റമില്ലാത്തവൻ**

ദൈവം എന്ന നിലയിൽ യേശുക്രിസ്തു മാറ്റമില്ലാത്തവൻ. സകലസൃഷ്ടികൾക്കും മാറ്റം സംഭവിക്കുന്നു. എന്നാൽ യേശുക്രിസ്തു മാറ്റങ്ങൾക്കു അതീതനായിരിക്കുന്നു (എബ്രാ.13:8/ എബ്രാ.1:12/ യെശ.41:4/ യെശ.44:6/ യെശ.48:12/ മലാ.3:6/ വെളി.1:8,17/ വെളി.19:6/വെളി.22:13).

**6. യേശുക്രിസ്തു ആരാധന സ്വീകരിപ്പാൻ യോഗ്യൻ**

യേശുക്രിസ്തു ദൈവം എന്ന നിലയിൽ തന്റെ സൃഷ്ടികളുടെ ആരാധനയ്ക്കും സ്തോത്രത്തിനും യോഗ്യനാണ്. ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്കരിക്കേണം (എബ്രാ.1:6). ഭൂമിയിൽ മാത്രമല്ല, സ്വർഗ്ഗത്തിലും യേശുക്രിസ്തു ആരാധന സ്വീകരിപ്പാൻ യോഗ്യനാണ് (വെളി.5:8,14/ഫിലി.2:10,11). വിശുദ്ധന്മാരെയും, ദൂതന്മാരെയും ആരാധിക്കുവാൻ പാടില്ല (അപ്പൊ.10:26 /അപ്പൊ.14:15/ വെളി.19:10/വെളി.22:9). *"നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ"*—എന്നു തന്നെ പരീക്ഷിക്കുവാനായി വന്ന പിശാചിനോടു കർത്താവു പറഞ്ഞു (മത്താ.4:10). യേശുക്രിസ്തു ആരാധന സ്വീകരിപ്പാൻ യോഗ്യനും, ദൈവവുമാണ് (വെളി.5:12/വെളി.7:12). ദൈവത്തിനു ആരാധനയിൽ അർപ്പിക്കുന്നതെല്ലാം യേശുക്രിസ്തുവിനും ഉൾപ്പെടുന്നു.

**വെളി.7:12** – *"ആമേൻ; നമ്മുടെ ദൈവത്തിനു എന്നെന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും; ആമേൻ എന്നു പറഞ്ഞു ദൈവത്തെ നമസ്കരിച്ചു."*

**വെളി.5:12** — *"അറുക്കപ്പെട്ട കുഞ്ഞാടു (യേശുക്രിസ്തു) ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്ത്രോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു."*

യേശുക്രിസ്തുവിൽ ദൈവമെന്ന നിലയിൽ സ്രഷ്ടാവ്, സർവ്വശക്തൻ, സർവ്വവ്യാപി, സർവ്വജ്ഞാനി, മാറ്റമില്ലാത്തവൻ, ആരാധനയ്ക്കു യോഗ്യൻ എന്നീ സ്വഭാവസവിശേഷതകൾ കാണുന്നു.

## യേശുക്രിസ്തുവിന്റെ നിസ്തുല്യത

ക്രിസ്തുവിനെ ഒരു മഹാനായും, മതനേതാവായും അനേകർ കരുതുന്നു. എന്നാൽ മറ്റാരോടും താരതമ്യപ്പെടുത്തുവാനാവാത്ത വിധം ക്രിസ്തു നിസ്തുല്യനാണ്. യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, മരണം, ഉയിർത്തെഴുന്നേൽപ്പ്, പുനരാഗമനം (രണ്ടാം വരവ്) എന്നിവയിലുള്ള പ്രത്യേകതകളെല്ലാം തന്റെ നിസ്തുല്യതയ്ക്ക് തെളിവായിരിക്കുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

**(1) ജനനം —**

യേശുക്രിസ്തുവിന്റെ ജനനം ഏകദേശം 700 വർഷങ്ങൾക്കു മുമ്പു ദൈവത്തിന്റെ പ്രവാചകന്മാർ അറിയിച്ചിരുന്നു. *"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കും"* (യെശ.7:14). *"നീയോ ബേത്ത്ലഹേം എഫ്രാത്തേ, നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചുവരും"* (മീഖാ.5:2). *"ഭയപ്പെടേണ്ടാ; സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം;* ***ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം"*** എന്നാണ് യേശുക്രിസ്തുവിന്റെ വരവിനെക്കുറിച്ചു സ്വർഗ്ഗത്തിൽ നിന്നും അറിയിച്ചത് (ലൂക്കൊ.2:10,11,14). യേശുക്രിസ്തുവിന്റേതല്ലാതെ ലോകത്തിലൊരു വ്യക്തിയുടെയും ജനനത്തെയോ, ജനനസ്ഥലത്തെയോ മുന്നമേ പറഞ്ഞിട്ടില്ല.

യേശുക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള ഒന്നാമത്തെ വരവിനെ ബന്ധപ്പെടുത്തി കാലത്തെ ബി.സി (ക്രിസ്തുവിനു മുമ്പ്) എന്നും എ.ഡി (ക്രിസ്തുവിനുശേഷം) എന്നും (B.C = Before Christ / A.D = Anno Domini = in the year of our LORD) രണ്ടായി തിരിക്കുന്ന ചരിത്രസത്യമായിരിക്കുന്നു. ഇന്ന് ഏതൊരു ജാതിയിലുൾപ്പെട്ടയാളും തന്റെ ജനനത്തീയതി പറയുമ്പോഴോ, ഏതെങ്കിലും വ്യവഹാരത്തിൽ തീയതി എഴുതുമ്പോഴോ അതു ക്രിസ്തുവിന്റെ ഒന്നാം വരവുമായി (എ.ഡി) ബന്ധപ്പെട്ടിരിക്കുന്നു.

യേശുക്രിസ്തു മാത്രമാണ് ലോകത്തിലേക്കു വന്നത്. നാം ഭൂമിയിൽ ജനിച്ചവരാണ്. മാത്രവുമല്ല നാം ജനിക്കുന്നതിനു മുമ്പു നമ്മെപ്പറ്റി ആർക്കും അറിവില്ലായിരുന്നു. എന്നാൽ ക്രിസ്തു ഭൂമിയിലേക്കു വരുന്നതിനു മുമ്പു താൻ എവിടെ വരുമെന്നും, എപ്പോൾ വരുമെന്നും, എന്തിനായി വരുമെന്നും തിരുവചനം വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. *"ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു"* (1.തിമൊ.1:15). ഇങ്ങനെ ഒരു ജനനം ലോകത്തിലുണ്ടായിട്ടില്ല. ഇതാണ് യേശുക്രിസ്തുവിന്റെ ജനനത്തിലെ നിസ്തുല്യത.

**(2) ജീവിതം —**

ഈ ലോകത്തിൽ യേശുക്രിസ്തുവിന്റെ ജീവിതം നിസ്തുല്യമാണ്. മുടന്തർക്കു വിടുതൽ, കുരുടർക്കു കാഴ്ച, കുഷ്ഠരോഗികൾക്കു സൗഖ്യം, അശുദ്ധാത്മാക്കളിൽ നിന്നു മോചനം, മരിച്ചവരെ ഉയിർപ്പിക്കൽ, കാറ്റിനെയും കടലിനെയും ശാസിക്കൽ, പച്ചവെള്ളത്തെ വീഞ്ഞാക്കൽ എന്നിങ്ങനെയുള്ള അത്ഭുതങ്ങൾ നിറഞ്ഞ ഒരു ജീവിതമായിരുന്നു. പാപികളോടും ദോഷികളോടും കൂടെ വസിച്ചു, അവർക്കു ആശ്വാസം നൽകി. താൻ പാപം ഇല്ലാത്ത ജീവിതം നയിച്ചു. ഇവനിൽ ഞാനൊരു കുറ്റവും കാണുന്നില്ല (യോഹ.18:38/ യോഹ.19:4,6/മത്താ.27:44) എന്നു റോമൻ ഗവർണറായ പീലാത്തോസ് ആവർത്തിച്ചു പറഞ്ഞു. നിങ്ങളിൽ ആർ എന്റെ പാപത്തെ കുറിച്ചു ബോധം വരുത്തുന്നു? (യോഹ.8:46) എന്നു കർത്താവു ഒരിക്കൽ വെല്ലുവിളിച്ചു.

യേശുക്രിസ്തുവിനെക്കുറിച്ചു അപ്പൊസ്തലന്മാർ പറയുന്നതു നോക്കുക — **പൗലൊസ്** —> (2.കൊരി.5:21) ***പാപം അറിയാത്തവൻ***, **പത്രൊസ്** —> (1.പത്രൊ.2:22) ***അവൻ പാപം ചെയ്തിട്ടില്ല.*** കർത്താവിന്റെ മാറോടു ചാരിയിരുന്ന ശിഷ്യൻ **യോഹന്നാൻ** —> (1.യോഹ.3:5)-***അവനിൽ പാപം ഇല്ല.*** യേശുകർത്താവിന്റെ ഇഹലോകജീവിതം പരിപാവനമായിരുന്നു.

**(3) മരണം —**

ലോകമനുഷ്യരെല്ലാം ജനിച്ചതുകൊണ്ടു മരിക്കുന്നു എങ്കിൽ യേശുക്രിസ്തു മരിക്കുവാനായി ജനിച്ചു. എന്നെന്നേക്കും ഒരിക്കലായിട്ടുമുള്ള ഒരു പ്രായശ്ചിത്തയാഗമരണത്തിനായി താൻ ജനിച്ചു. മനുഷ്യവർഗ്ഗത്തിന്റെ സകല പാപങ്ങളും വഹിച്ചുകൊണ്ടുള്ള ഒരു പ്രാതിനിദ്ധ്യമരണമായിരുന്നു യേശുക്രിസ്തുവിന്റേത്. *"ഞാൻ ഇവനിൽ ഒരു കുറ്റവും കാണുന്നില്ല"* (യോഹ.19:4-6) എന്നു പറഞ്ഞ ന്യായാധിപൻ ക്രിസ്തുവിനെ ക്രൂശിക്കുവാനേൽപ്പിച്ചു. ഒരുവനെ വിസ്തരിച്ചശേഷം നിരപരാധിയെന്നു വിധിച്ചിട്ടു, അതേ ന്യായാധിപൻ തന്നെ ആ നിരപരാധിയെ ശിക്ഷിക്കുന്ന നടപടി കേട്ടിട്ടില്ല. നീതിമാനായ യേശുക്രിസ്തുവിന്റെ കാര്യത്തിൽ അതാണു സംഭവിച്ചത്. യേശുവിന്റെ മരണത്തിൽ ദൈവമന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയി; പാറകൾ പിളർന്നു; കല്ലറകൾ തുറന്നു; നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും

ഉയിർത്തെഴുന്നേറ്റു; സൂര്യൻ നട്ടുച്ചയ്ക്ക് ഇരുണ്ടുപോയി; ദേശത്തു കൂരിരുട്ടുണ്ടായി; ഭൂമി കുലുങ്ങി (മത്താ.27:45-54). ഇതുപോലെ ഒരു മരണം മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല.

### (4) ഉയിർത്തെഴുന്നേൽപ്പ് —

പ്രശസ്തരായ അനേക മഹാത്മാക്കൾ ലോകത്തിൽ ജീവിച്ചിട്ടുണ്ട്. അവരിൽ തന്നെ ദൈവം എന്നു അവകാശപ്പെട്ടവരും ഉണ്ടായിരുന്നു. ജീവകാലത്തു അത്ഭുതങ്ങളാൽ പലരെ അവർ ആകർഷിച്ചു. എന്നാൽ അവരുടെ പേരും, മഹത്വവും ഒക്കെ ശവക്കുഴിവരെ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരെ അടക്കം ചെയ്ത കല്ലറയ്ക്കു മുകളിൽ എഴുതിയിരിക്കുന്നത് -- ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു ( RIP > Rest In Peace) എന്നാണ്. എന്നാൽ *"ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"* (യോഹ.11:25) എന്നു പ്രസ്താവിച്ച യേശുക്രിസ്തുവിന്റെ കല്ലറ വിളിച്ചറിയിക്കുന്നത്— *"അവൻ ഇവിടെ ഇല്ല, ഉയിർത്തെഴുന്നേറ്റിരിക്കുന്നു"* (ലൂക്കൊ.24:6) എന്നാണ്. യേശുക്രിസ്തു ജീവിച്ചിരുന്നപ്പോൾ ചിലരെ ഉയിർപ്പിച്ചു. തന്റെ മരണത്തിലും ചിലർ ഉയിർത്തെഴുന്നേറ്റു. സകല ലോകമഹാന്മാരുടേയും കല്ലറകൾ അടഞ്ഞു കിടക്കുമ്പോൾ യേശുക്രിസ്തുവിന്റെ കല്ലറ മാത്രം തുറന്നു കിടക്കുന്നു. റോമൻ ഭരണാധികാരികളുടെ മുദ്ര പൊട്ടിച്ചുകൊണ്ട് താൻ പറഞ്ഞതുപോലെ മൂന്നാം നാളിൽ ഉയിർത്തെഴുന്നേറ്റു (മത്താ.28:6/മർക്കൊ.16:6/ലൂക്കൊ.24:6/1.കൊരി.15:20); അനേകർക്കു പ്രത്യക്ഷനായി (മത്താ.28:5/യോഹ.20:16,17); മരണത്തിന്മേൽ ജയം കൊണ്ടാടി.

### (5) സ്വർഗ്ഗാരോഹണം —

ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു ശിഷ്യന്മാർ നോക്കി നിൽക്കേ അവരെ അനുഗ്രഹിച്ചുകൊണ്ടു സ്വർഗ്ഗാരോഹണം ചെയ്തു (അപ്പൊ.1:11). *"ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു"* (യോഹ.14:3), മടങ്ങിവരും എന്നു പ്രസ്താവിച്ച യേശുവിന്റെ സ്വർഗ്ഗാരോഹണവും നിസ്തുല്യമായിരിക്കുന്നു. 1.തിമൊ.3:16 — *"അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു."*

**(6) പുനരാഗമനം —**

തന്നിൽ വിശ്വസിച്ചു രക്ഷ പ്രാപിച്ച തന്റെ മക്കളെ കൊണ്ടു പോകാനായി യേശുക്രിസ്തു വീണ്ടും വരും എന്നുള്ളതും സത്യമാകുന്നു. *"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും--"* (1.തെസ്സ.4:16). *"ഇതാ ഞാൻ വേഗം വരുന്നു"* എന്നു വെളിപ്പാടു പുസ്തകത്തിലും ആവർത്തിച്ചു രേഖപ്പെടുത്തിയിരിക്കുന്നു(വെളി.22:7,12,20).

യേശുക്രിസ്തുവിന്റെ നിസ്തുല്യത തന്റെ ജനനത്തിൽ, ജീവിതത്തിൽ, മരണത്തിൽ, ഉയിർത്തെഴുന്നേൽപ്പിൽ, സ്വർഗ്ഗാരോഹണത്തിൽ, പുനരാഗമനത്തിൽ ദർശിക്കുന്നു. എല്ലാ മതങ്ങളിലും അവരുടെ ദേവന്മാരുടെയും, സ്ഥാപകരുടെയും പ്രസക്തി മരണത്തോടുകൂടി അവസാനിക്കുമ്പോൾ ക്രിസ്തുമാർഗ്ഗത്തിൽ യേശുക്രിസ്തു മരണത്തെ ജയിച്ചു ജീവിക്കുന്നു എന്നതാണ് ഈ നിസ്തുല്യതയ്ക്കുള്ള പ്രാധാന്യം. ഓരോരോ കാലങ്ങളിൽ ജീവിച്ചിരുന്ന മതനേതാക്കന്മാർ, രാഷ്ട്രീയനേതാക്കന്മാർ ശാസ്ത്രജ്ഞന്മാർ, ഭരണതന്ത്രജ്ഞന്മാർ, രാജാക്കന്മാർ തുടങ്ങിയവരെല്ലാം മരണത്തിനധീനരായി. ആരാധകരുടെ മനസ്സിൽ അവരെക്കുറിച്ചുള്ള ചിന്തകൾ ഓർമ്മകളിൽ ഒതുങ്ങുമ്പോൾ ക്രിസ്തുവിശ്വാസിയെ സംബന്ധിച്ചു അവരുടെ പ്രത്യാശയുടെ അടിസ്ഥാനം ഉയിർത്തെഴുന്നേറ്റവനും, ഇനി വീണ്ടും വരുന്നവനുമായ ക്രിസ്തുയേശു എന്ന രക്ഷകനിലാണ്.

യേശുക്രിസ്തുവിന്റെ മരണവും, അടക്കവും, ഉയിർത്തെഴുന്നേൽപ്പും തിരുവെഴുത്തുകൾ പ്രകാരമായിരുന്നു എന്നു വെളിപ്പെടുത്തിയിട്ടുണ്ട്. *"ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു..."* (1.കൊരി.15:3,4).

വിശ്വാസികളുടെ ഹൃദയങ്ങളിൽ ഈ നല്ല രക്ഷകൻ വസിക്കുന്നു. യേശുക്രിസ്തു പാപികളായ മനുഷ്യവർഗ്ഗത്തിനു രക്ഷ നൽകാനായി മരിച്ചു. മരണശേഷം ഉയിർത്തെഴുന്നേറ്റു. ഇന്നു ത്രിത്വത്തിൽ രണ്ടാമനായി ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു പക്ഷവാദം ചെയ്യുന്നു. റോമർ.8:34—*"ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു."*

## എബ്രായലേഖനത്തിൽ

## യേശുക്രിസ്തുവിന്റെ ഉന്നതി —

യേശുക്രിസ്തുവിന്റെ ജീവിതം മഹത്വമേറിയതാണെന്നു തിരുവചനം സാക്ഷീകരിക്കുന്നു. *"ഇവൻ എത്ര മഹാൻ എന്നു നോക്കുവിൻ"* (എബ്രാ.7:4) എന്നു തന്റെ പൗരോഹിത്യത്തോടുള്ള ബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

കർത്താവിന്റെ ഉന്നതി, മഹത്വം, ശുശ്രൂഷ എന്നിവയെ അടിസ്ഥാനപ്പെടുത്തി എബ്രായലേഖനത്തിലെ പതിമൂന്നു അദ്ധ്യായങ്ങളിലും ക്രിസ്തുവിന്റെ ശ്രേഷ്ഠത കാണാം —

| അദ്ധ്യായം | ശ്രേഷ്ഠത | വാക്യം |
|---|---|---|
| 1 | പ്രവാചകന്മാരേക്കാൾ ശ്രേഷ്ഠൻ<br>ദൈവദൂതന്മാരേക്കാൾ ശ്രേഷ്ഠൻ | എബ്രാ.1:1–3<br>എബ്രാ.1:4 |
| 2 | ആദാമിനേക്കാൾ വലിയവൻ | എബ്രാ.2:6–8 |
| 3 | മോശെയേക്കാൾ മഹത്വമേറിയവൻ | എബ്രാ.3:3 |
| 4 | യോശുവയേക്കാൾ വലിയവൻ | എബ്രാ.4:8 |
| 5 | അഹരോനേക്കാൾ വലിയവൻ | എബ്രാ.5:4 |
| 6 | അബ്രാഹാമിനേക്കാൾ വലിയവൻ | എബ്രാ.6:13,16 |
| 7 | മല്ക്കീസേദെക്കിനേക്കാൾ വലിയവൻ | എബ്രാ.7 |
| 8 | ന്യായപ്രമാണത്തേക്കാൾ വലിയവൻ | എബ്രാ.8 |
| 9 | സമാഗമനകൂടാരത്തേക്കാൾ വലിയവൻ | എബ്രാ.9 |
| 10 | ലേവ്യയാഗങ്ങളേക്കാൾ<br>ശ്രേഷ്ഠയാഗം കഴിച്ച ഉന്നതൻ | എബ്രാ.10 |
| 11 | വിശ്വാസവീരന്മാരേക്കാൾ ഉന്നതൻ | എബ്രാ.11 |
| 12 | വിശ്വാസത്തിന്റെ നായകൻ<br>പുതിയനിയമ മദ്ധ്യസ്ഥൻ<br>ഹാബേലിന്റെ രക്തത്തേക്കാൾ —<br>ഗുണകരമായി സംസാരിക്കുന്ന —<br>പുണ്യാഹരക്തം | എബ്രാ.12:2<br>എബ്രാ.12:24<br><br><br>എബ്രാ.12:24 |
| 13 | ആടുകളുടെ വലിയ ഇടയൻ | എബ്രാ.13:20 |

(DOCTRINAL TRUTHS *by Samson Henry, Kollam*)

**യേശുക്രിസ്തുവിന്റെ നിസ്തുല്യതയെ വ്യക്തമാക്കുന്ന തിരുവചനഭാഗങ്ങൾ —**

> **യെശ.9:6 —** *"നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാനപ്രഭു, എന്നു പേർ വിളിക്കപ്പെടും."*

> **കൊലൊ.2:9 —** *"അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു."*

> **തീത്തൊ.2:9,12; 3:4,7 —** *"നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ഉപദേശത്തെ/ മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടും/നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ/ നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം... "*

> **യോഹ.14:6 —** *"ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു."*

> **അപ്പൊ. 4:12 —** *"മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല."*

> **യോഹ.5:20 —** *"അവൻ സത്യദൈവവും നിത്യജീവനും ആകുന്നു."*

> **റോമ.9:5 —** *"അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ."*

> **വെളി.1:8 —** *"ഞാൻ അല്ഫയും ഒമേഗയും ആകുന്നു എന്ന് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിചെയ്യുന്നു."*

> **വെളി.4:8 —** *"ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു അവർ രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു."*

> **വെളി.19:6—** *"ഹല്ലെലൂയ്യാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു."*

= = = = = = = *Amen* = = = = = = =

(DOCTRINAL TRUTHS *by Samson Henry, Kollam*)

# അദ്ധ്യായം – 5

## ത്രിത്വം (TRINITY)

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നു ബൈബിൾ പ്രഖ്യാപിക്കുന്നു. അനാദിയായി സ്ഥിതിചെയ്യുന്ന ദൈവം സകലത്തെയും സൃഷ്ടിച്ചു. ദൈവത്തിനു ആരംഭം ഇല്ല. എന്നാൽ സകലസൃഷ്ടികൾക്കും ആരംഭം ഉണ്ട്. അവ കാലാന്തരത്തിൽ മാറ്റങ്ങൾക്കും വ്യതിയാനങ്ങൾക്കും വിധേയപ്പെട്ടിരിക്കുന്നു. ദൈവം ഉളവായതോ സൃഷ്ടിക്കപ്പെട്ടതോ അല്ല. ദൈവം ആത്മാവാകയാൽ നിത്യനും, മാറ്റങ്ങൾക്കു അതീതനും, സർവ്വവ്യാപിയും ആണ്. ദൈവം ആസ്ഥിക്യത്തിൽ ത്രിയേകനാണ്. അതായതു ഏകസാരാംശത്തിൽ മൂന്നു ആളത്വങ്ങൾ. ബൈബിളിന്റെ മൂലഭാഷയായ എബ്രായഭാഷയിൽ ദൈവം എന്ന പദത്തിന് "ഏലോഹിം" (ELOHIM) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ബഹുവചനരൂപമാണിത്. ഈ പദം മനുഷ്യന്റെ സൃഷ്ടിയോടുള്ള ബന്ധത്തിൽ കാണുന്നു —*"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക"* (ഉല്പ.1:26). ഇവിടെ 'നാം', 'നമ്മുടെ' എന്നുള്ള പ്രയോഗങ്ങൾ ബഹുവചനരൂപത്തിലാണ്. ഏലോഹിം എന്ന പദം ഏകത്വത്തിൽ ബഹുത്വവും, ബഹുത്വത്തിൽ ഏകത്വവും കുറിക്കുന്നു. 'ത്രിയേകത്വം' മനുഷ്യൻ കണ്ടുപിടിച്ചതല്ല, ദൈവം തന്നെ വെളിപ്പെടുത്തിയിട്ടുള്ള സത്യമാണ്.

ആകാശവും ഭൂമിയും സകല ചരാചരങ്ങളും, മനുഷ്യനും ഉൾപ്പെട്ട ലോകത്തിന്റെ സൃഷ്ടിയിൽ തന്നെ ദൈവിക ത്രിത്വത്തിലെ പിതാവു, പുത്രൻ, പരിശുദ്ധാത്മാവു എന്നിവരുടെ സാന്നിദ്ധ്യം കാണുന്നു.

1. പിതാവ് : ഉല്പ.1:1/2.രാജാ.19:15/സങ്കീ.74:16,17/ സങ്കീ.89:11,12/95:5/100:3/ 119:73/139:13/ അപ്പൊ.4:24
2. പുത്രൻ : യോഹ.1:1-3,10/കൊലൊ.1:16/ എബ്രാ.1:2
3. പരിശുദ്ധാത്മാവ് : ഉല്പ.1:2/ ഇയ്യോ.33:4/സങ്കീ.104:30

പഴയനിയമ തിരുവെഴുത്തുകളിൽ ദൈവീകത്രിത്വം മർമ്മമായിരിക്കുന്നു. അതു ശരിക്കും വെളിപ്പെട്ടിരുന്നില്ല. കാരണം പഴ

യനിയമത്തിലുടനീളം സർവ്വശക്തനായ ദൈവത്തെ യിസ്രായേലിന്റെ ഏകസത്യദൈവമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ പഴയനിയമത്തിൽ *നാം, നമ്മുടെ, നമ്മിൽ, നമുക്കു* എന്നീ പ്രസ്താവനകളിലൂടെ ദൈവീകത്രിത്വത്തെ മനസ്സിലാക്കാം. (ഉല്പ.1:26/ ഉല്പ.3:22/ ഉല്പ.11:7/ യെശ.6:8). പഴയനിയമത്തിൽ ത്രിയേകനാം ദൈവത്തെ യിസ്രായേലിന്റെ ദൈവമായ യഹോവ (ന്യായാ.5:3), യിസ്രായേലിന്റെ പരിശുദ്ധൻ (യെശ.1:4), യിസ്രായേലിന്റെ വല്ലഭൻ (യെശ.1:24), യിസ്രായേലിന്റെ പാറ (യെശ.26:4/യെശ.30:29), യിസ്രായേലിന്റെ മഹത്വമായവൻ (1.ശമൂ.15:29) എന്നിങ്ങനെ പറഞ്ഞിരിക്കുമ്പോൾത്തന്നെ ത്രിത്വത്തിൽ രണ്ടാമനായ പുത്രന്റെയും (യെശ.9:6/ യെശ.11:1-10/യെശ.40:10/യെശ.53/യെശ.61:1,2/), ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിന്റെയും (ഉല്പ.1:2/ സംഖ്യാ.27:18/സങ്കീ.51:11/ യെശ.48:16/ ഹഗ്ഗാ.2:5) സാന്നിദ്ധ്യത്തെ പല ഭാഗങ്ങളിലും വെളിപ്പെടുത്തുന്നുണ്ട്. പുതിയനിയമത്തിൽ കർത്താവും അപ്പൊസ്തലന്മാരും പിതാവു, പുത്രൻ, പരിശുദ്ധാത്മാവു അടങ്ങിയ ദൈവീകത്രിത്വത്തെ പലയിടത്തും പ്രസ്താവിച്ചിട്ടുണ്ട്.

ത്രിത്വം എന്ന പദം ബൈബിളിൽ ഇല്ലെങ്കിലും പിതൃപുത്രപരിശുദ്ധാത്മാവാം (ത്രിയേകനാം) ഏകസത്യദൈവത്തെ ബൈബിൾ ചൂണ്ടിക്കാണിക്കുന്നു. (The word **TRINITY** is a combination of TRI + UNITY, TRI= three, UNITY= one, TRINITY means three in one or one in three). ദൈവം ഒരുവൻ എന്നും ഈ ഏകദൈവത്തിന്റെ മൂന്നു ആളത്വങ്ങളായി പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ നിലകളിലും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. ഈ മൂന്നു പേരെയും ദൈവമായിട്ടാണ് തിരുവചനത്തിൽ കാണുന്നത്. അതായതു മൂന്നു വ്യത്യസ്തദൈവങ്ങളല്ല; എന്നാൽ മൂന്നു ആളത്വങ്ങളോടു കൂടിയ ഏകദൈവം.

**1. പിതാവായ ദൈവം : റോമർ.1:4**

**2. പുത്രനായ ദൈവം : എബ്രാ.1:8**

**3. പരിശുദ്ധാത്മാവായ ദൈവം : അപ്പൊ.5:2-4.**

ഒരു ദൈവത്തിൽ മൂന്നു ആളത്വങ്ങൾ മാനുഷിക ബുദ്ധിക്കു മനസ്സിലാക്കുവാൻ പ്രയാസമെങ്കിലും ചില ദൃഷ്ടാന്തങ്ങളിലൂടെ ത്രിത്വത്തെ നമുക്കു മനസ്സിലാക്കാം.

**(1) ഭൂമി —** ദൈവം സൃഷ്ടിച്ച, നാം അധിവസിക്കുന്ന, ഭൂമിയിലും ത്രിയേകങ്ങളെ ദർശിക്കാം. ഭൂമിയിൽ സ്ഥലം (space), കാലം (time), ദ്രവ്യം (matter) എന്നിവ ഉൾപ്പെടുന്നു. വ്യത്യസ്തവും, സ്വതന്ത്രവുമായ മൂന്നു ഘടകങ്ങളാണിവയെങ്കിലും ഇവ മൂന്നും ചേർന്നതാണ് ഭൂമി അഥവാ പ്രപഞ്ചം. സ്ഥലം, കാലം, ദ്രവ്യം എന്നിവയിൽത്തന്നെ ഓരോന്നിലും മൂന്നു ഘടകങ്ങൾ വീതം ഉണ്ട്. സ്ഥലത്തിൽ നീളം (length), വീതി (breadth), ഉയരം (height) എന്നിവയും, കാലത്തിൽ ഭൂതം (past), വർത്തമാനം (present), ഭാവി (future) എന്നിവയും, ദ്രവ്യത്തിൽ ഊർജ്ജം (energy), ചലനം (motion), പ്രതിഭാസം (phenomena) എന്നിവയും അടങ്ങിയിരിക്കുന്നു. ഈ ഘടകങ്ങൾ ഓരോന്നും പ്രത്യേകമായ അവസ്ഥയിലും സ്വതന്ത്രവും ആയിരിക്കുമ്പോൾ തന്നെ മൂന്നും കൂടി ഒന്നായി അറിയപ്പെടുന്നു.

**(2) മനുഷ്യൻ** --ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്നു ഘടകങ്ങൾ ഉണ്ട്. ഇവ മൂന്നും വ്യത്യസ്തങ്ങൾ ആണെങ്കിലും മൂന്നും കൂടി മനുഷ്യൻ എന്നറിയപ്പെടുന്നു.

**(3) ജലം —** ഐസ്, വെള്ളം, ആവി (ഖരം, ദ്രാവകം, വാതകം) എന്നീ മൂന്നു നിലകളിൽ ജലത്തെ കാണാം. ഇവ മൂന്നും വ്യത്യസ്തങ്ങളായി നിലകൊള്ളുന്നുവെങ്കിലും ജലത്തിന്റെ വിവിധ അവസ്ഥകളാണ്.

**(4) വ്യാപാരത്തിൽ —** ഒരു കൂട്ടുകച്ചവടത്തിൽ മൂന്നു പേർ കൂടി വ്യാപാരം നടത്തുമ്പോൾ അവർ പാർട്ട്നേർസ് എന്നറിയപ്പെടുന്നു. ഇവർ മൂവർ എങ്കിലും ഒരേ അധികാരവും, ഉത്തരവാദിത്വവും ഓരോരുത്തരിലും നിക്ഷിപ്തമായിരിക്കുന്നു.

**(5) ഗണിതശാസ്ത്രത്തിൽ —** ഒരേ നീളത്തിലുള്ള മൂന്നു രേഖകൾ ഒത്തു ചേരുമ്പോൾ അത് ഒരു സമഭുജത്രികോണം എന്നറിയപ്പെടുന്നു. അതായത് മൂന്നു സമാന കോണുകളുള്ള ഒരു ത്രികോണം. മൂന്നു കോണുകളുടെയും അളവുകൾ ഒന്നായിരിക്കും.

**(6) വിദ്യുച്ഛക്തി —** നാം നിത്യജീവിതത്തിൽ കൈകാര്യം ചെയ്യുന്ന വിദ്യുച്ഛക്തി, പല ആവശ്യങ്ങൾക്കായി ഒരു പ്ളഗ്ഗ്പോയിന്റിൽ നിന്നും ഉപയോഗിക്കേണ്ടി വരുമ്പോൾ ത്രീപിൻ വഴിയായി എടുക്കാം. ഇതിനായി ഉപയോഗിക്കുന്ന **സോക്കറ്റിൽ** മൂന്നു വശങ്ങളിലൂടെ ഊർജ്ജം പകരുവാൻ ദ്വാരങ്ങൾ ഉണ്ടായിരിക്കും. മുകളി

ലും, മുൻവശത്തും, താഴെയും ഉള്ള ദ്വാരങ്ങളിലൂടെ പ്രവഹിക്കുന്ന വിദ്യുഛക്തിയുടെ അളവ് ഒരേ രീതിയിലായിരിക്കും. അതായത് ഒരു ഊർജ്ജം ഒരേ അളവിൽ മൂന്നു വശങ്ങളിലൂടെ.

**(7) ഞാനെന്ന വ്യക്തി —** പുസ്തകത്തിന്റെ എഴുത്തുകാരനായ ഞാൻ ഒരു വ്യക്തിയാണ്. എന്നാൽ എന്നിൽത്തന്നെ ഒന്നിൽ കൂടുതൽ വ്യക്തിത്വം കാണപ്പെടുന്നു. എന്റെ ഭാര്യെക്കു ഞാൻ ഭർത്താവ്. എന്റെ രണ്ടു മക്കൾക്കും പിതാവ്. തിരുവചനം പഠിപ്പിക്കുമ്പോൾ ബൈബിൾസ്കൂൾ വിദ്യാർത്ഥികൾക്കു ഞാൻ അദ്ധ്യാപകൻ. ഞാൻ ഒരു വ്യക്തിയായിരിക്കുമ്പോൾത്തന്നെ ഭർത്താവ്, പിതാവ്, അദ്ധ്യാപകൻ എന്നീ നിലകളിൽ വെളിപ്പെടുന്നുവെങ്കിലും ഞാൻ ഒരു വ്യക്തി തന്നെയാണ്.

മേൽ വിവരിച്ച ദൃഷ്ടാന്തങ്ങളിലൂടെ നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നത് വ്യത്യസ്തങ്ങളായ മൂന്നു അവസ്ഥാന്തരങ്ങൾ പ്രകടമായി കാണുന്നു എങ്കിലും അവയൊക്കെ ഒന്നായിത്തന്നെ നിലകൊള്ളുന്നു എന്നതാണ്. അതുപോലെ ഏകസത്യദൈവത്തിന്റെ ത്രിത്വത്തിലും പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു ആളത്വങ്ങൾ ഏകീഭവിച്ചിരിക്കുന്നു.

**ദൈവീകഏകത്വത്തെ വെളിപ്പെടുത്തുന്ന വാക്യങ്ങൾ —**

***പുറ.20:3*** *—"ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുതു."*

***ആവ.4:35*** *— "യഹോവ തന്നേ ദൈവം, അവനല്ലാതെ മറ്റൊരുത്തനുമില്ല എന്നു നീ അറിയേണ്ടതിന്നു തന്നേ."*

***ആവ.4:39*** *—"ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നേ ദൈവം, മറ്റൊരുത്തനുമില്ല എന്നു നീ ഇന്നറിഞ്ഞു മനസ്സിൽ വെച്ചുകൊൾക."*

***ആവ.6:4*** *—"യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നേ."*

***ആവ.7:9*** *—"നിന്റെ ദൈവമായ യഹോവതന്നേ ദൈവം; അവൻ തന്നേ സത്യദൈവം എന്നു നീ അറിയണം."*

***1.ശമൂ.2:2–*** *"യഹോവയെപ്പോലെ പരിശുദ്ധൻ ഇല്ല; നീ അല്ലാതെ ഒരുത്തനുമില്ലല്ലോ; നമ്മുടെ ദൈവത്തെപ്പോലെ ഒരു പാറയും ഇല്ല."*

***2.ശമൂ.7:22*** *—'അതുകൊണ്ടു കർത്താവായ യഹോവേ, നീ വലിയവൻ ആകുന്നു; നിന്നെപ്പോലെ ഒരുത്തനുമില്ല; ഞങ്ങൾ സ്വന്ത ചെവികൊണ്ടു കേട്ടതൊക്കെയും ഓർത്താൽ നീ അല്ലാതെ ഒരു ദൈവവും ഇല്ല."*

***1.രാജാ.8:59*** *— "യഹോവ തന്നേ ദൈവം; മറ്റൊരുത്തനുമില്ല എന്നു ഭൂമിയിലെ സകലജാതികളും അറിയേണ്ടതിന്നു ..."*

***2.രാജാ.19:15*** *— "ഹിസ്കീയാവു യഹോവയുടെ മുമ്പാകെ പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ: കെരൂബുകൾക്കു മീതെ അധിവസിക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവേ, നീ ഒരുത്തൻ മാത്രം ഭൂമിയിലെ സകല രാജ്യങ്ങൾക്കും ദൈവം ആകുന്നു; നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി."*

***നെഹെ.9:6*** *— "നീ, നീ മാത്രം യഹോവ ആകുന്നു; നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു; ആകാശത്തിലെ സൈന്യവും നിന്നെ നമസ്കരിക്കുന്നു."*

***യെശ.43:10*** *— "എനിക്കു മുമ്പേ ഒരു ദൈവവും ഉണ്ടായിട്ടില്ല, എന്റെ ശേഷം ഉണ്ടാകയുമില്ല."*

***യെശ.44:6*** *— "ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല."*

***യിരെ.10:10*** *—"യഹോവയോ സത്യദൈവം.; അവൻ ജീവനുള്ള ദൈവവും ശാശ്വതരാജാവും തന്നേ."*

***അപ്പൊ.4:12*** *— "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല."*

***1.തിമൊ.2:5*** *— "ദൈവം ഒരുവനല്ലോ."*

***റോമ.3:30*** *— "ദൈവം ഏകനല്ലോ."*

***1.കൊരി.8:5,6*** *— "എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നു വരികിലും പിതാവായ ഏക ദൈവമേ നമുക്കുള്ളു; അവൻ സകലത്തിന്നും കാരണഭൂതനും നാം അവന്നായി ജീവിക്കേണ്ടതും ആകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കു ഉണ്ടു; അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**ദൈവിക ത്രിത്വത്തെ വെളിപ്പെടുത്തുന്ന വാക്യങ്ങൾ —**

***ഉല്പ.1:26*** — *"അനന്തരം ദൈവം:* ***നാം നമ്മുടെ*** *സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക."*

***ഉല്പ.3:22*** —*"യഹോവയായ ദൈവം: മനുഷ്യൻ നന്മതിന്മകളെ അറിവാൻ തക്കവണ്ണം* ***നമ്മിൽ ഒരുത്തനെപ്പോലെ*** *ആയിത്തീർന്നിരിക്കുന്നു."*

***ഉല്പ.11:7*** — *"വരുവിൻ;* ***നാം*** *ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക എന്നു അരുളിച്ചെയ്തു.*

***യെശ.6:8*** --*"അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ* ***നമുക്കുവേണ്ടി*** *പോകും? "*

***മത്താ.3:16,17*** — *"യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു; ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി."*

***മത്താ.28:19,20***—*"ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും.."*

***യോഹ.3:34,35*** — *"ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു; അവൻ ആത്മാവിനെ അളവുകൂടാതെയല്ലോ കൊടുക്കുന്നതു. പിതാവു പുത്രനെ സ്നേഹിക്കുന്നു; സകലവും അവന്റെ കയ്യിൽ കൊടുത്തുമിരിക്കുന്നു."*

***യോഹ.14:15-16*** —*"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും."*

***അപ്പൊ.2:32,33*** —*"ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു; അതിന്നു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. അവൻ ദൈവത്തിന്റെ വലഭാഗത്തേക്കു ആരോഹണം ചെയ്തു പരി*

*ശുദ്ധാത്മാവു എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകർന്നു തന്നു."*

***അപ്പൊ.2:38,39*** *— "പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു."*

***അപ്പൊ.10:36-38*** *— "അവൻ എല്ലാവരുടെയും കർത്താവായ യേശുക്രിസ്തുമൂലം സമാധാനം സുവിശേഷിച്ചുകൊണ്ടു യിസ്രായേൽ മക്കൾക്കു അയച്ച വചനം, യോഹന്നാൻ പ്രസംഗിച്ച സ്നാനത്തിന്റെ ശേഷം ഗലീലയിൽ തുടങ്ങി യെഹൂദ്യയിൽ ഒക്കെയും ഉണ്ടായ വർത്തമാനം, നസറായനായ* ***യേശുവിനെ ദൈവം പരിശുദ്ധാത്മവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതു കൊണ്ടു അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ടു സഞ്ചരിച്ചതുമായ വിവരം തന്നേ നിങ്ങൾ അറിയുന്നുവല്ലോ."***

***1.കൊരി.12:3-6*** *— "ആകയാൽ ദൈവാത്മാവിൽ സംസാരിക്കുന്നവൻ ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറകയില്ല; പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവു എന്നു പറവാൻ ആർക്കും കഴികയുമില്ല എന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു. എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ടു; ആത്മാവു ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ടു; കർത്താവു ഒരുവൻ. വീര്യപ്രവൃത്തികളിൽ വ്യത്യാസം ഉണ്ടു; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നേ."*

***2.കൊരി.13:14*** *— "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ."*

***എഫെ.1:3-14*** *— "സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ*

*വാഴ്ത്തപ്പെട്ടവൻ........ ലോകസ്ഥാപനത്തിന്നു മുമ്പേ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും....അവനിൽ നാം അവകാശവും പ്രാപിച്ചു......വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു."*

***എഫെ.4:4-6*— "നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശെക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ."*

***കൊലൊ.2:9* — "അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു."*

***2.തെസ്സ.2:13* — "ഞങ്ങളോ, കർത്താവിന്നു പ്രിയരായ സഹോദരന്മാരേ, ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷെക്കായി തിരഞ്ഞെടുത്തതുകൊണ്ടു നിങ്ങൾ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടമ്പെട്ടിരിക്കുന്നു."*

***തീത്തൊ.3:4-7* —"എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു. നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിന്നു പുനർജ്ജനനസ്നാനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെമേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നേ."*

***1.പത്രൊ.1:1,2* — "യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ പത്രൊസ് പൊന്തൊസിലും ഗലാത്യയിലും കപ്പദൊക്യയിലും ആസ്യയിലും ബിഥുന്യയിലും ചിതറിപ്പാർക്കുന്ന പരദേശികളും പിതാവായ ദൈവത്തിന്റെ മുന്നറിവിന്നു ഒത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ചു അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായി വൃതന്മാരുമായവർക്കു എഴുതുന്നതു: നിങ്ങൾക്കു കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ."*

**ത്രിയേകനാം ദൈവത്തിൽ അടങ്ങിയിരിക്കുന്ന മൂന്നു ആളത്വങ്ങളുടെ ഏകത്വം:**

(The Essence of the Godhead)

**1. സൃഷ്ടിതാവ്** — (Creator)

| | |
|---|---|
| പിതാവായ ദൈവം സൃഷ്ടിതാവ് | : സങ്കീ.100:3/119:73/139:13 |
| പുത്രൻ സൃഷ്ടിതാവ് | : യോഹ.1:3/ ഉല്പ.1:26 |
| പരിശുദ്ധാത്മാവു സൃഷ്ടിതാവ് | : ഇയ്യോ.33:4 |

**2. സർവ്വശക്തൻ** — (Omnipotence)

| | |
|---|---|
| പിതാവായ ദൈവം സർവ്വശക്തൻ | : ഉല്പ.17:1/ആവ.3:24/ ആവ.32:39/മത്താ.10:28-30 |
| പുത്രൻ സർവ്വശക്തൻ | : യോഹ.2:11 /റോമ.1:4 |
| പരിശുദ്ധാത്മാവു സർവ്വശക്തൻ | : റോമ.8:11/റോമ.15:18/ അപ്പൊ.1:8/സെഖ.4:6 |

**3. സർവ്വജ്ഞൻ** — (Omniscience)

| | |
|---|---|
| പിതാവായ ദൈവം സർവ്വജ്ഞൻ | : 1.ദിന.28:9/യിരെ.17:10 |
| പുത്രൻ സർവ്വജ്ഞൻ | : എബ്രാ.4:13 /വെളി.2:23 |
| പരിശുദ്ധാത്മാവു സർവ്വജ്ഞൻ | : 1.കൊരി.2:11/ യെഹ.11:5 |

**4. സർവ്വവ്യാപി** — (Omnipresence)

| | |
|---|---|
| പിതാവായ ദൈവം സർവ്വവ്യാപി | : യിരെ.23:24 / എബ്രാ.4:12 |
| പുത്രൻ സർവ്വവ്യാപി | : മത്താ.18:20/ മത്താ.28:19-20 |
| പരിശുദ്ധാത്മാവു സർവ്വവ്യാപി | : സങ്കീ.139:7,8 |

**5. വിശുദ്ധൻ** — (Holiness)

| | |
|---|---|
| പിതാവായ ദൈവം വിശുദ്ധൻ | : ലേവ്യ.20:26/വെളി.15:4 |
| പുത്രൻ വിശുദ്ധൻ | : അപ്പൊ.3:14/ 2.കൊരി.5:21/ 1.പത്രൊ.2:22/1.യോഹ.3:5 |
| പരിശുദ്ധാത്മാവു വിശുദ്ധൻ | : ലൂക്കൊ.1:15 |

**6. നിത്യൻ** — (Eternal)

| | |
|---|---|
| പിതാവായ ദൈവം നിത്യൻ | : യെശ.40:28/ യെശ.44:6 |
| പുത്രൻ നിത്യൻ | : എബ്രാ.1:8,13/ വെളി.22:13 |
| പരിശുദ്ധാത്മാവു നിത്യൻ | : എബ്രാ.9:14 |

(DOCTRINAL TRUTHS *by Samson Henry, Kollam*)

**7. സർവ്വാധികാരം** (Sovereignty) —

| | |
|---|---|
| പിതാവ് | : സങ്കീ.83:18 |
| പുത്രൻ | : മത്താ.28:18/ഫിലി.2:11/ വെളി.19:6 |
| പരിശുദ്ധാത്മാവ് | : 1.കൊരി.12:11 |

**8. നീതിമാൻ (Righteous)** —

| | |
|---|---|
| പിതാവ് | : യെശ.51:8/ലൂക്കൊ.18:19/ യോഹ.17:25 |
| പുത്രൻ | : എബ്രാ.7:26/1.യോഹ.2:1/ 2.കൊരി.5:21/യിരെ.23:6 |
| പരിശുദ്ധാത്മാവ് | : യെശ.63:10/യോഹ.16:8 |

**9. ന്യായാധിപതി (Justice)** ---

| | |
|---|---|
| പിതാവ് | : ആവ.32:4/ നെഹ.9:33 |
| പുത്രൻ | : യോഹ.5:27/ 2.തിമൊ.4:8 |
| പരിശുദ്ധാത്മാവ് | : യോഹ.16:8 |

*> ത്രിയേകനാം ദൈവം എന്നത് ദൈവസഭയുടെ അടിസ്ഥാന ഉപദേശത്തിൽ ഉൾപ്പെടുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു ആളത്വങ്ങളുടെയും പ്രവർത്തനം മനുഷ്യന്റെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ കാണാം. ത്രിത്വത്തിൽ ഒന്നാമനായ പിതാവായ ദൈവം പാപികളായ മനുഷ്യവർഗ്ഗത്തെ സ്നേഹിച്ചു പുത്രനെ ലോകത്തിലേക്കു അയച്ചു രക്ഷണ്യവേല പൂർത്തീകരിച്ചു. ത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തു തന്റെ പ്രായശ്ചിത്തയാഗമരണത്താൽ പാപികളെ രക്ഷിക്കുന്നു. ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവു പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോദ്ധ്യം വരുത്തി മനുഷ്യരെ രക്ഷയിലേക്കു നയിക്കുന്നു.*

പിതാവാം ദൈവം മനുഷ്യന്റെ രക്ഷയ്ക്കുള്ള മാർഗ്ഗം ഒരുക്കി. പുത്രനായ ദൈവം കാൽവറിക്രൂശിൽ പ്രായശ്ചിത്തയാഗമായി രക്ഷണ്യ വേല പൂർത്തിയാക്കി. പരിശുദ്ധാത്മാവാം ദൈവം ഈ രക്ഷാഭാഗ്യം അവകാശമാക്കുവാൻ ഹൃദയങ്ങളിൽ പ്രവർത്തിക്കുന്നു, അവകാശം അനുഭവമാക്കിയവരിൽ വസിക്കുന്നു.

= = = = = = = ***Amen*** = = = = = = =

(DOCTRINAL TRUTHS *by Samson Henry, Kollam*)

# അദ്ധ്യായം - 6

## പരിശുദ്ധാത്മാവ് - HOLY SPIRIT

ഏകസത്യദൈവത്തിലുള്ള മൂന്നു ആളത്വങ്ങളിൽ (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്) മൂന്നാമത്തെ ആളത്വമാണ് പരിശുദ്ധാത്മാവ്. രക്ഷിക്കപ്പെട്ടവരിൽ വസിച്ചു അവരെ വഴി നടത്തുവാൻ പിതാവിനാലും പുത്രനാലും അയക്കപ്പെട്ട ദൈവമാണ് പരിശുദ്ധാത്മാവ്. ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. തന്റെ ജീവശ്വാസം ഊതിയാണ് ആദാമിനു ജീവൻ കൊടുത്തത്. ആദാമിനു ദൈവത്തിന്റെ ജീവശ്വാസത്തിൽനിന്നും (ഉല്പ.2:7) ആത്മാവു ലഭിച്ചു: ജീവാത്മാവ്. നമ്മുടെയെല്ലാം ഉള്ളിൽ ദൈവം ആത്മാവിനെ നിർമ്മിച്ചിരിക്കയാണ് (സെഖ.12:1). മറ്റു ജീവികളിൽ നിന്നും മനുഷ്യനു മാത്രം ഉള്ള പ്രത്യേകതയാണ് ആത്മാവുണ്ടെന്നുള്ളത്. ഈ ജീവാത്മാവ് ദൈവാത്മാവുമായി ബന്ധപ്പെടുവാൻ സദാ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു. ത്രിയേകനാം ദൈവത്തോടു ബന്ധപ്പെടുന്ന ജീവാത്മാവിന് പരിശുദ്ധാത്മാവെന്ന ദാനം ലഭിക്കുന്നു. ഇതു സുവിശേഷമാകുന്ന സത്യവചനം കേട്ടു യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കുമ്പോഴാണ് സംഭവിക്കുന്നത് (യോഹ.3:5). തുടർന്നു അവനിൽ വസിക്കുന്ന പരിശുദ്ധാത്മാവ് കാര്യസ്ഥനും ഉപദേഷ്ടാവും ആയി വിശ്വാസിയെ നടത്തുകയും, ദൈവീകപരിജ്ഞാനത്തിൽ വളർന്നു ആത്മീയഫലം കായ്ക്കുന്ന അനുഭവത്തിലേക്കു നയിക്കുകയും ചെയ്യുന്നു. ജീവാത്മാവ് ദൈവാത്മാവുമായി ബന്ധപ്പെടുന്നതിനു പകരം ദൈവവുമായി അകന്നു പിശാചുമായി ബന്ധപ്പെട്ടു ജീവിക്കുമ്പോൾ അവനിൽ പിശാചിന്റെ ആത്മാവായ ദുരാത്മാവു വസിക്കുകയും ജഡത്തിന്റെ പ്രവൃത്തികൾ പുറപ്പെടുവിച്ചു നിത്യനാശത്തിൽ ചെന്നെത്തുകയും ചെയ്യുന്നു.

ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിനു പിതാവിനെയും പുത്രനെയും പോലെ തന്നെ ആളത്വവും, ദൈവത്വവും ഉണ്ട്. പരിശുദ്ധാത്മാവിനെ ഒരു ശക്തിയോ വസ്തുവോ ആയി കരുതുന്നത് ശരിയല്ല. പരിശുദ്ധാത്മാവു ഒരു വ്യക്തിയുടേതായ എല്ലാ സ്വഭാവസവിശേഷതകളും ഉൾക്കൊള്ളുന്നു. കാര്യങ്ങൾ ഗ്രഹിക്കുവാനും, പരിശോധിക്കുവാനും, പ്രവർത്തിക്കുവാനും, സ്നേഹിക്കു

വാനും, ഉപദേശിക്കുവാനും പരിശുദ്ധാത്മാവിനു കഴിയും. അതായതു പരിശുദ്ധാത്മാവ് വ്യക്തിത്വം ഉള്ള ദൈവം തന്നെയാണ്. യേശുകർത്താവു തന്റെ ഐഹീക ജീവിതാവസാനഘട്ടത്തിൽ ശിഷ്യന്മാരെ പല വചനങ്ങളാലും വാഗ്ദത്തങ്ങളാലും ഉറപ്പിക്കുകയും, ശക്തീകരിക്കുകയും ചെയ്യുന്നതായി യോഹന്നാന്റെ സുവിശേഷം 15,16 അദ്ധ്യായങ്ങളിൽ കാണുന്നു. സാക്ഷാൽ സന്തോഷത്തിന്റെ മുന്തിരിവള്ളിയായവൻ നീക്കപ്പെട്ടു കഴിഞ്ഞാൽ അവർ ലോകത്തിൽ ആശയറ്റവരായി കഴിയുവാൻ പാടില്ല. അപ്പോൾ അവരെ വഴി നടത്തുവാൻ, സഹായിക്കുവാൻ, ഉപദേശിക്കുവാൻ മറ്റൊരു കാര്യസ്ഥനെ ഭൂമിയിലേക്കു അയയ്ക്കും എന്നു അവരോടു വാക്കു പറഞ്ഞു.

*യോഹ.16:5,6,7,8,13 — "ഇപ്പോഴോ ഞാൻ എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു: നീ എവിടെ പോകുന്നു എന്നു നിങ്ങൾ ആരും എന്നോടു ചോദിക്കുന്നില്ല. എങ്കിലും ഇതു നിങ്ങളോടു സംസാരിക്കകൊണ്ടു നിങ്ങളുടെ ഹൃദയത്തിൽ ദുഃഖം നിറഞ്ഞിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും."*

കാൽവറിയിൽ ലോകത്തിന്റെ പാപങ്ങൾക്കായി സ്വന്തശരീരയാഗത്താൽ രക്ഷ ഒരുക്കിയ യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു. ഉയരത്തിൽ നിന്നു ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പാൻ ശിഷ്യന്മാരോടു കല്പിച്ചു (ലൂക്കൊ.24:44–53). *"അവൻ ദൈവത്തിന്റെ വലഭാഗത്തേക്കു ആരോഹണം ചെയ്തു പരിശുദ്ധാത്മാവു എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി "* (അപ്പൊ.2:33) ഭൂമിയിലേക്കു അയച്ചുതന്നു. ഇങ്ങനെ പരിശുദ്ധാത്മാവാം ദൈവം പെന്തെക്കോസ്തു നാളിൽ സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിൽ കർത്താ

വിന്റെ ശിഷ്യഗണം ഒരുമിച്ചു കൂടിയിരുന്നപ്പോൾ വന്നു.

വിശ്വാസികളായ നാം ഈ ദുഷിച്ച കാലഘട്ടത്തിൽ ജീവിച്ചുകൊണ്ടു കർത്താവിന്റെ വരവിനായി പ്രത്യാശയോടെ ഉറ്റുനോക്കിക്കൊണ്ടിരിക്കുമ്പോൾ നമുക്കു ഏറ്റവും ആശ്വാസവും, സന്തോഷവും, ഹൃദയകുളിർമയും നൽകുന്നത് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം തന്നെയാണ്. *"അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണ നിൽക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവുതന്നേ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു"* (റോമ.8:26). പരിശുദ്ധാത്മാവ് വിശ്വാസിയിൽ വസിക്കുന്നു; അവന്റെ എല്ലാ പ്രശ്നങ്ങളിലും തുണ നിൽക്കുന്നു; ഓരോ ദിവസവും താങ്ങി നിർത്തുന്നു; ദൈവഹിതത്തിൽ പ്രാർത്ഥിക്കുവാൻ പരിശീലിപ്പിക്കുന്നു; നമുക്കായ് പക്ഷവാദം അഥവാ മദ്ധ്യസ്ഥത ചെയ്യുന്നു.

വീണ്ടും ജനനത്തിൽ അഥവാ രക്ഷയിൽ മാറ്റിനിർത്താനാവാത്ത ഒരു പ്രധാന ഘടകമാണ് പരിശുദ്ധാത്മാവ്. നമ്മുടെ കർത്താവു യെഹൂദന്മാരുടെ ഒരു പ്രമാണിയായ നിക്കോദേമൊസിനോടു പറഞ്ഞത് —*"വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല."* (യോഹ.3:5) എന്നാണ്. ഇവിടെ വെള്ളം എന്നത് ദൈവവചനത്തെയും (സുവിശേഷം), ആത്മാവു എന്നത് പരിശുദ്ധാത്മാവിനെയും കുറിക്കുന്നു. അതായത് ഒരു പാപിയോടു ദൈവവചനമായ സുവിശേഷം അറിയിക്കുമ്പോൾ പരിശുദ്ധാത്മാവു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോദ്ധ്യം വരുത്തി (യോഹ.16:8) അവനെ രക്ഷയിലേക്കു നയിക്കുന്നു. പാപബോധമുണ്ടാകുമ്പോൾ ദൈവവചനമായ വെള്ളത്താൽ അവന്റെ പാപം മുഴുവൻ കഴുകി ശുദ്ധീകരിക്കപ്പെടുന്നു.

രക്ഷിക്കപ്പെടുന്നതിനു മുമ്പു ഒരുവനിൽ ലോകത്തിന്റെയോ, സാത്താന്റെയോ ദുരാത്മാവായിരിക്കും വാഴുക. കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ ലോകത്തിന്റെയോ, സാത്താന്റെയോ ദുരാത്മാവ് വിട്ടുപോയിട്ടു പരിശുദ്ധാത്മാവു രക്ഷിക്കപ്പെട്ടവനിൽ എന്നേക്കും വാസം തുടങ്ങുന്നു (Water (Word of God ) + Holy Spirit = New birth. The evil spirit in the sinner will go out and then the Holy Spirit enters and lives in him for ever).

(DOCTRINAL TRUTHS *by Samson Henry, Kollam*)

ഒരു പാപി രക്ഷിക്കപ്പെടുമ്പോൾ ദൈവം അവനെ തന്റെ ആത്മാവിനാൽ മുദ്രയിടുന്നു (എഫെ.1:13,14). റോമാലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് വളരെ വ്യക്തമായി പ്രബോധിപ്പിക്കുന്ന ഒന്നാണ് — ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗമരണത്തിലൂടെ ഒരുക്കിയിരിക്കുന്ന രക്ഷ, ദൈവാത്മാവിന്റെ സഹായത്താലല്ലാതെ ലഭിക്കുകയില്ല എന്നത്. രക്ഷിക്കപ്പെടുന്ന മാത്രയിൽ പരിശുദ്ധാത്മാഭിഷേകം ലഭിക്കുന്നു. ക്രിസ്തുവിന്റെ ആത്മാവില്ലത്തവൻ അവന്നുള്ളവനല്ല (റോമ.8:9), പരിശുദ്ധാത്മാവിൽ അല്ലാതെ യേശുവിനെ കർത്താവു എന്നു പറവാൻ ആർക്കും കഴികയുമില്ല (1.കൊരി.12:3) എന്നീ വാക്യങ്ങൾ അർത്ഥമാക്കുന്നത് **ദൈവാത്മാവില്ലാത്തവൻ രക്ഷിക്കപ്പെട്ടവനല്ല** എന്നാണ്. രക്ഷിക്കപ്പെട്ട ഒരുവനിൽ പരിശുദ്ധാത്മാവു വസിക്കുന്നു.

### (1) പരിശുദ്ധാത്മാവിന്റെ ആളത്വം —

1. ആരായുവാനുള്ളകഴിവ് : 1.കൊരി.2:10,11
2. പരിശോധിക്കുവാനുള്ള കഴിവ് : റോമ.8:27
3. പ്രവർത്തിക്കുവാനുള്ള കഴിവ് : 1.കൊരി.12:11
4. അത്മാവ് സ്നേഹിക്കുന്നു : റോമ.15:32
5. ആത്മാവ് ദുഖിക്കും : എഫെ.4:30
6. ആത്മാവ് ഉപദേശിക്കും : യോഹ.14:16
7. ആത്മാവ് വാദിക്കുന്നു : ഉല്പ.6:3
8. ആത്മാവ് ബോധം വരുത്തുന്നു : യോഹ.16:8
9. ആത്മാവ് വഴി നടത്തുന്നു : യോഹ.16:13
10. ആത്മാവ് സംസാരിക്കുന്നു : യോഹ.16:13
11. ആത്മാവ് സാക്ഷ്യം പറയും : യോഹ.15:26
12. ആത്മാവ് വിലക്കുന്നു : അപ്പൊ.16:6
13. ആത്മാവ് എടുത്തുകൊണ്ടുപോകും: അപ്പൊ.8:39

### (2) പരിശുദ്ധാത്മാവിന്റെ ദൈവത്വം —

1. പരിശുദ്ധാത്മാവ് സൃഷ്ടിതാവ് : ഇയ്യോ.33:4
2. പരിശുദ്ധാത്മാവ് സർവ്വവ്യാപി : സങ്കീ.139:7-10
3. പരിശുദ്ധാത്മാവ് സർവ്വജ്ഞാനി :. കൊരി.2:10,11
4. പരിശുദ്ധാത്മാവ് നിത്യാത്മാവ് : എബ്രാ.9:14
5. പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും തുല്യൻ : മത്താ.28:19

6. പരിശുദ്ധാത്മാവിനോടുള്ള വ്യാജം
ദൈവത്തോടു വ്യാജം
ചെയ്യുന്നതിനു തുല്യം : അപ്പൊ.5:3,4.
7. പരിശുദ്ധാത്മാവ് സത്യം : 1.യോഹ.5:7
8. പരിശുദ്ധാത്മാവു സ്തുതിക്കു
യോഗ്യൻ : യെശ.6:3/ വെളി.4:8

**(3) പരിശുദ്ധാത്മാവിന്റെ സ്വഭാവസവിശേഷതകൾ —**

1. സുബോധത്തിന്റെ ആത്മാവ് : 2.തിമൊ1:7
2. ജ്ഞാനത്തിന്റെ ആത്മാവ് : യെശ.11:2
3. വിവേകത്തിന്റെ ആത്മാവ് : യെശ.11:2
4. യഹോവ ഭക്തിയുടെ ആത്മാവ് : യെശ.11:2
5. ആലോചനയുടെ ആത്മാവ് : യെശ.11:2
6. പരിജ്ഞാനത്തിന്റെ ആത്മാവ് : യെശ.11:2
7. ദൈവകൃപയുടെ ആത്മാവ് : എബ്രാ.10:29/ കൊലൊ.4:6
8. സ്നേഹത്തിന്റെ ആത്മാവ് : 2.തിമൊ.1:7
9. ശക്തിയുടെയും
ബലത്തിന്റെയും ആത്മാവ് : യെശ.11:2

**(4) പരിശുദ്ധാത്മാവിനു തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന പേരുകൾ —**

(1) യഹോവയുടെ ആത്മാവ് : യെശ.11:2
(2) ജ്ഞാനത്തിന്റെ ആത്മാവ് : യെശ.11:2
(3) വിവേകത്തിന്റെ ആത്മാവ് : യെശ. 11:2
(4) ആലോചനയുടെ ആത്മാവ് : യെശ.11:2
(5) ബലത്തിന്റെ ആത്മാവ് : യെശ.11:2
(6) പരിജ്ഞാനത്തിന്റെ ആത്മാവ് : യെശ.11:2
(7) യഹോവഭക്തിയുടെ ആത്മാവ് : യെശ.11:2
(8) യഹോവയായ കർത്താവിന്റെ ആത്മാവ് : യെശ.61:1
(9) സത്യത്തിന്റെ ആത്മാവ് : യോഹ.14:16/15:26/16:13
(10) കാര്യസ്ഥൻ : യോഹ.15:26/ യോഹ.16:7
(11) വിശുദ്ധിയുടെ ആത്മാവ് : റോമ.1:5
(12) ജീവന്റെ ആത്മാവ് : റോമ.8:2
(13) ദൈവത്തിന്റെ ആത്മാവ് : റോമ.8:9/1.കൊരി.3:16/
2.കൊരി.3:3/1.പത്രൊ.4:14

(14) ക്രിസ്തുവിന്റെ ആത്മാവ് : റോമ.8:9
(15) പുത്രത്വത്തിൻ ആത്മാവ് : റോമ.8:15
(16)വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവ് : എഫെ.1:14
(17) നിത്യാത്മാവ് : എബ്രാ.9:14
(18) കൃപയുടെ ആത്മാവ് : എബ്രാ.10:29
(19) മഹത്വത്തിന്റെ ആത്മാവ് : 1.പത്രൊ.4:14

## (5) പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ —

(1) ദൈവീകസൃഷ്ടിയിൽ
പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം : ഉല്പ.1:1/സങ്കീ.33:6
(2) സൃഷ്ടി നിലനിർത്തുന്നതു
ദൈവാത്മാവിനാൽ : സങ്കീ.104:30/യെശ.40:7
(3) യേശുക്രിസ്തുവിന്റെ കന്യകാജനനം
പരിശുദ്ധാത്മാവിനാൽ : മത്താ.1:20/
ലൂക്കൊ.1:34,35
(4) ദൈവീകതിരുവെഴുത്തുകൾ
തയ്യാറാക്കിയത് പരിശുദ്ധാത്മശക്തിയാൽ : 2.തിമൊ.3:16
(5) പാപം, നീതി, ന്യായവിധി എന്നിവയെ
ക്കുറിച്ചു പാപിയെ ബോധം വരുത്തുന്നു: യോഹ.16:8
(6) പുതുതായി ജനിക്കുന്നത്
പരിശുദ്ധാത്മാവിനാൽ : യോഹ.3:5-8.
(7) രക്ഷിക്കപ്പെട്ട വിശ്വാസിയെ
പരിശുദ്ധാത്മാവു വിശുദ്ധീകരിക്കുന്നു : 2.തെസ്സ.2:13
(8) പരിശുദ്ധാത്മാവു ആശ്വസിപ്പിക്കുന്നു,
കാര്യസ്ഥനായിരിക്കുന്നു : യോഹ.14:16,26/
യോഹ.15:26/യോഹ.16:7
(9) പരിശുദ്ധാത്മാവു സാക്ഷ്യം പറയുന്നു : യോഹ.15:26
(10) പരിശുദ്ധാത്മാവു കല്പിക്കുന്നു : അപ്പൊ.16:6,7
(11) പരിശുദ്ധാത്മാവു വരങ്ങളെ പങ്കിടുന്നു : 1.കൊരി.12:11
(12) പരിശുദ്ധാത്മാവു വേലയ്ക്കായി അയെക്കുന്നു:
അപ്പൊ.13:2/20:28
(13) പ്രബോധിപ്പിക്കുന്നു, സഭകളുടെ
വളർച്ചയ്ക്കു കാരണമായിത്തീരുന്നു : അപ്പൊ.9:31
(14) പരിശുദ്ധാത്മാവു സകലത്തെയും ആരായുന്നു : 1.കൊരി.2:10

(15) പരിശുദ്ധാത്മാവു സംസാരിക്കുന്നു :
വെളി.2:7/2:11/2:17/2:29/3:6/3:13/3:22

(16) സുവിശേഷഘോഷണത്തിനു
പരിശുദ്ധാത്മാവു ശക്തി നൽകുന്നു : റോമ.15:18

(17) വിശ്വാസത്താൽ നീതീകരണം
ലഭിച്ചവർ ദൈവത്തിന്റെ മക്കൾ എന്നു
പരിശുദ്ധാത്മാവു അറിവു നൽകുന്നു : റോമ.8:16/ ഗലാ.4:6

(18) പരിശുദ്ധാത്മാവു വിശ്വാസിയുടെ
ബലഹീനതയ്ക്കു തുണ നിൽക്കുന്നു : റോമ.8:26

(19) പരിശുദ്ധാത്മാവു വിശ്വാസിക്കു
വേണ്ടി പക്ഷവാദം ചെയ്യുന്നു : റോമ.8:26,27

(20) ദൈവഹിതപ്രകാരം പ്രാർത്ഥിക്കുവാൻ
പരിശുദ്ധാത്മാവു സഹായിക്കുന്നു : റോമ.8:26

(21) ദൈവമക്കളുടെ ഹൃദയത്തിന്റെ
സത്യാവസ്ഥയ്ക്കു പരിശുദ്ധാത്മാവു
സാക്ഷിനിൽക്കുന്നു : റോമ.9:2

(22) ഭാവിമഹത്വത്തിനായി വിശ്വാസിയെ
പരിശുദ്ധാത്മാവിനാൽ മുദ്രയിടുന്നു : എഫെ.1:13,14/
2.കൊരി.1:22

(23) വിജയകരമായ ക്രിസ്തീയജീവിതം
നയിക്കുവാൻ വിശ്വാസിയെ
പരിശുദ്ധാത്മാവു സഹായിക്കുന്നു : എഫെ.5:18,19/
അപ്പൊ.1:4-8

## (6) പുതിയനിയമത്തിൽ പരിശുദ്ധാത്മാവിനു ഉപയോഗിച്ചിരിക്കുന്ന സാദൃശ്യങ്ങൾ —

(1) പ്രാവ് (Dove) — മത്താ.3:16/ മർക്കൊ.1:10 /
ലൂക്കൊ.3:21,22 /യോഹ.1:32)

(2) അഗ്നി (Fire) — അപ്പൊ.2:3)

(3) ജലം (Water) — യോഹ.7:37-39)

(4) കാറ്റ് (Wind) — അപ്പൊ.2:1,2/ യോഹ.3:8)

(5) അച്ചാരം (Pledge) — 2.കൊരി.1:22/2കൊരി.5:5/
എഫെ.1:14)

(6) മുദ്ര (Seal) — എഫെ.1:14 /2.കൊരി.1:22/എഫെ.4:30)

(DOCTRINAL TRUTHS *by Samson Henry, Kollam*)

(7) അഭിഷേകം (Annoint) — 1.യോഹ.2:20-27

(8) ഉയരത്തിൽ നിന്നുള്ളശക്തി
(Power from high) — ലൂക്കൊ.24:49

(9) ആദ്യദാനം — റോമ.8:23
(The Firstfruits of the Spirit)

## (7) പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നത് എപ്പോൾ?

### *1. വീണ്ടും ജനിക്കുമ്പോൾ —*

ഒരുവൻ രക്ഷിക്കപ്പെടുവാൻ ഇടയാകുന്നത് ദൈവവചനത്താലും (യാക്കോ.1:18/1.പത്രൊ.1:23-25), പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലുമാണ് (യോഹ.3:5,6).കർത്താവിനെ രക്ഷിതാവായി അംഗീകരിച്ചു ഹൃദയത്തിൽ സ്വീകരിക്കുന്നനിമിഷം പരിശുദ്ധാത്മാവ് രക്ഷിക്കപ്പെട്ടവനിൽ വസിക്കുവാൻ തുടങ്ങുന്നു (എഫെ.1:13-14).

> **യോഹ.3:5,6** —*"ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവാകുന്നു."*

> **1.കൊരി.15:50**-*"സഹോദരന്മാരേ, മാംസരക്തങ്ങൾക്കു ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല."*

> **എഫെ.1:13-14**—*"അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചെക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു."*

### *2. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ —*

യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോഴാണ് ദൈവകുടുംബത്തിലെ അംഗമായിത്തീരുന്നത്. വിശ്വാസത്താൽ നീതീകരണം എന്നതാണ് പുതിയനിയമത്തിലെ അടിസ്ഥാനപ്രമാണം. അതായതു ഒരുവന്റെ പ്രവൃത്തിയെ ആശ്രയിച്ചല്ല ദൈവനീതി ലഭിക്കുന്നത്. നീതീകരണം വിശ്വാസത്താൽ മാത്രം. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു ദൈവനീതി പ്രാപിക്കുന്നവന് പരിശുദ്ധാത്മാവെന്ന വാഗ്ദത്തം ലഭിക്കുകയും അവന്റെ വീണ്ടെടുപ്പു പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുകയും ചെയ്യുന്നു.

—> **ഗലാ.3:2,14**—*"ഞാൻ ഇതൊന്നു മാത്രം നിങ്ങളോടു ഗ്രഹിപ്പാൻ ഇച്ഛിക്കുന്നു; നിങ്ങൾക്കു ആത്മാവു ലഭിച്ചതു ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ? അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിന്നു നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നേ."*

—> **അപ്പൊ.10:44** — *'ഈ വാക്കുകളെ പത്രൊസ് പ്രസ്താവിക്കുമ്പോൾ തന്നേ വചനം കേട്ട എല്ലാവരുടെമേലും പരിശുദ്ധാത്മാവു വന്നു.*

—> **യോഹ.7:39** —*"അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞതു."*

—> **എഫെ.1:13,14** —*"അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചെക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു."*

### *3. ദൈവമക്കൾ ആകുമ്പോൾ —*

യേശുക്രിസ്തുവിൽ വിശ്വസിച്ചു, പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു, യേശുവിനെ കർത്താവായി സ്വീകരിക്കുമ്പോൾ ദൈവമക്കൾ ആയിത്തീരുന്നു. ദൈവകുടുംബത്തിൽ ജനനം സാദ്ധ്യമാകുന്നതു മാനുഷികഘടകങ്ങളാലല്ല. ജീവനുള്ള ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും ആണ്. ഇതൊരു ആത്മീയജനനമാണ്.

—> **യോഹ.1:12,13** —*"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചതു."*

—> **1.കൊരി.3:16** —*"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?"*

—> **റോമ.8:9.**—*"നിങ്ങളോ, ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മ*

*സ്വഭാവമുള്ളവരത്രേ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവ ന്നുള്ളവനല്ല."*

**(8) നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപി ച്ചുവോ? (അപ്പൊ.19:2) എന്ന പൗലൊസിന്റെ ചോദ്യ പ്രകാരം പരിശുദ്ധാത്മാവ് യേശുക്രിസ്തുവിൽ വിശ്വസി ച്ചശേഷം പ്രാപിക്കേണ്ടതാണോ?**

രക്ഷിക്കപ്പെട്ടശേഷം കാത്തിരുന്നു പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടതാണെന്നതിനു തെളിവായി കൊണ്ടുവരുന്ന ഒരു ചോദ്യമാണിത്. പക്ഷേ ഈ ചോദ്യമടങ്ങിയ ഭാഗം മുഴുവനായി വായിച്ച് അതിന്റെ സന്ദർഭവും, ആരോടാണ് ചോദിച്ചതെന്നും ഗ്രഹി ച്ചാൽ, പരിശുദ്ധാത്മാവിനായി കാത്തിരിക്കേണ്ടതില്ലെന്നും യേശു ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുന്ന മാത്രയിൽ തന്നെ പരി ശുദ്ധാത്മാവു ലഭിക്കുന്നതായും മനസ്സിലാക്കാം. ചോദ്യമടങ്ങിയ ഭാഗം നോക്കാം —

**—> അപ്പൊ.19:1–7—** *"അപ്പൊല്ലോസ് കൊരിന്തിൽ ഇരിക്കു മ്പോൾ പൗലൊസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു എഫെസോ സിൽ എത്തി ചില ശിഷ്യന്മാരെ കണ്ടു: നിങ്ങൾ വിശ്വസിച്ചിട്ടു പരി ശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നു അവരോടു ചോദിച്ചതിന്നു: പരിശുദ്ധാത്മാവു ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്നു അവർ പറഞ്ഞു. എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം എന്നു അവൻ അവരോടു ചോദിച്ചതിന്നു: യോഹന്നാന്റെ സ്നാനം എന്നു അവർ പറഞ്ഞു. അതിന്നു പൗലൊസ്: യോഹന്നാൻ മാനസാന്ത രസ്നാനമത്രേ കഴിപ്പിച്ചു തന്റെ പിന്നാലെ വരുന്നവനായ യേശു വിൽ വിശ്വസിക്കേണം എന്നു ജനത്തോടു പറഞ്ഞു എന്നു പറഞ്ഞു. ഇതു കേട്ടാറെ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. പൗലൊസ് അവരുടെമേൽ കൈവെച്ചപ്പോൾ പരി ശുദ്ധാത്മാവു അവരുടെമേൽ വന്നു അവർ അന്യഭാഷകളിൽ സംസാ രിക്കയും പ്രവചിക്കയും ചെയ്തു. ആ പുരുഷന്മാർ എല്ലാംകൂടി പന്ത്രണ്ടോളം ആയിരുന്നു."*

യോഹന്നാന്റെ ശിഷ്യന്മാരോടാണ് പൗലൊസ് ചോദിക്കു ന്നത് — നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ? (Did you receive the Holy Spirit when you believed? — (നിങ്ങൾ വിശ്വസിച്ചപ്പോൾ പരിശുദ്ധാത്മാവു ലഭിച്ചുവോ?).

ഈ ചോദ്യം ചോദിക്കുവാൻ കാരണം ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം നിശ്ചയമായും ഉണ്ടായിരിക്കും എന്നതിനാലാണ് (റോമ.8:9,16/എഫെ.1:13,14). എന്നാൽ അവർ പരിശുദ്ധാത്മാവിനെക്കുറിച്ചു കേട്ടിട്ടുപോലുമില്ലെന്നായിരുന്നു മറുപടി. എങ്കിൽ നിങ്ങളുടെ സ്നാനം ഏതായിരുന്നു എന്നു പൗലൊസ് വീണ്ടും അവരോടു ചോദിച്ചു. കാരണം വിശ്വസിച്ചു സ്നാനപ്പെടുമ്പോൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെ നാമത്തിൽ എന്നു പറഞ്ഞിട്ടാണ് സ്നാനപ്പെടുത്തുന്നത്. അവർ സ്വീകരിച്ചതു യോഹന്നാന്റെ മാനസാന്തരസ്നാനമാണെന്ന് അറിഞ്ഞപ്പോൾ യേശുക്രിസ്തുവിൽ വിശ്വസിക്കേണമെന്നുള്ള സുവിശേഷം അറിയിച്ചു. സുവിശേഷം കേട്ടു വിശ്വസിച്ച അവർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. പൗലൊസ് അവരുടെ മേൽ കൈവെച്ചപ്പോൾ പരിശുദ്ധാത്മാവു അവരുടെമേൽ വന്ന് അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു.

പരിശുദ്ധാത്മാവിനായി കൈവെക്കേണ്ടതുണ്ടോ എന്ന സംശയവും ഈ വാക്യത്തിലൂടെ തോന്നാം. അപ്പൊ.10:44-ൽ പത്രൊസ് സുവിശേഷം പ്രസംഗിക്കുമ്പോൾ വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവു വന്നു. അവിടെ പത്രൊസ് ആരുടെ മേലും കൈവെച്ചില്ലായിരുന്നു. എന്നാൽ മാനസാന്തരസ്നാനം സ്വീകരിച്ച് ഒരു പ്രത്യേക കൂട്ടമായി കഴിഞ്ഞിരുന്ന യോഹന്നാന്റെ ശിഷ്യന്മാരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തി, അവരുടെമേൽ പൗലൊസ് കൈവെച്ചപ്പോൾ അവർക്കു പരിശുദ്ധാത്മാവു ലഭിച്ചതും അന്യഭാഷയും പ്രവചനവും ഉണ്ടായതും ഒരു പ്രത്യേകകൂട്ടമെന്ന നിലയിൽ പുതിയനിയമ സഭയിലേക്കുള്ള അവരുടെ പ്രവേശനത്തിന്റെ തെളിവായിരുന്നു.

യെരുശലേമിലും (യഹൂദന്മാർക്കു — അപ്പൊ.2), ശമര്യയിലും (ശമര്യർക്കു —അപ്പൊ.8), കൈസര്യയിലും (ജാതികൾക്കു — അപ്പൊ.10), എഫെസോസിൽ സ്നാപകയോഹന്നാന്റെ ശിഷ്യന്മാർക്കും പരിശുദ്ധാത്മാവു (അപ്പൊ.19:5-7) ലഭിച്ചു. ഇതിനു ശേഷം പ്രത്യേക അടയാളങ്ങളോടെ പരിശുദ്ധാത്മാവു വരികയോ കാത്തിരുന്നു പ്രാപിക്കുകയോ വചനത്തിൽ കാണുന്നില്ല. ഇന്നു രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവു തൽക്ഷണം ലഭിക്കുന്നു. രക്ഷിക്കപ്പെട്ട ആർക്കെങ്കിലും പരിശുദ്ധാത്മാവു ലഭിച്ചിട്ടില്ലെന്നു തോന്നുന്ന പക്ഷം ആ വ്യക്തി രക്ഷിക്കപ്പെട്ടവനല്ലെന്നർത്ഥം.
(DOCTRINAL TRUTHS *by Samson Henry, Kollam*)

## (9) പരിശുദ്ധാത്മാവ് രക്ഷിക്കപ്പെട്ട ശേഷം കാത്തിരുന്നു പ്രാപിക്കേണ്ടതാണോ?

പരിശുദ്ധാത്മാവു രക്ഷിക്കപ്പെട്ടശേഷം കാത്തിരുന്നു പ്രാപിക്കേണ്ടതല്ല. കർത്താവിന്റെ പുനരുത്ഥാനശേഷം ശിഷ്യന്മാർ യെരുശലേമിൽ കാത്തിരിക്കുവാൻ പറഞ്ഞിരുന്നു. വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവു എന്ന കാര്യസ്ഥനെ ഭൂമിയിലേക്കു അയച്ചു അവർക്കു ഉയരത്തിൽ നിന്നു ശക്തി പകരുന്നതിനായിരുന്നു കാത്തിരിക്കുവാൻ കല്പിച്ചിരുന്നത് (ലൂക്കൊ.24:49).

അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ (അപ്പൊ.2) പരിശുദ്ധാത്മാവെന്ന കാര്യസ്ഥൻ ആദ്യമായി ഭൂമിയിലേക്കു വരുന്നു. എട്ടാം അദ്ധ്യായത്തിൽ (അപ്പൊ.8) ശമര്യവിശ്വാസികൾക്കും, പത്താം അദ്ധ്യായത്തിൽ (അപ്പൊ.10) ജാതീയവിശ്വാസികൾക്കും, പത്തൊമ്പതാം അദ്ധ്യാത്തിൽ (അപ്പൊ.19) എഫെസോസിൽ സ്നാപകയോഹന്നാന്റെ ശിഷ്യന്മാർക്കും പരിശുദ്ധാത്മാവു ലഭിക്കുന്നു. അതായത് അപ്പൊ.2-ാം അദ്ധ്യായത്തിൽ യഹൂദനും, 8-ാം അദ്ധ്യായത്തിൽ ശമര്യർക്കും, 10-ാം അദ്ധ്യായത്തിൽ ജാതികൾക്കും, 19-ാം അദ്ധ്യായത്തിൽ പ്രത്യേക കൂട്ടമെന്ന നിലയിൽ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർക്കും പരിശുദ്ധാത്മാവു പകരപ്പെടുകയും അവർ പുതിയനിയമസഭയിലേക്കു പ്രവേശിക്കപ്പെടുകയും ചെയ്തു. ഇതിനുശേഷം പരിശുദ്ധാത്മാവു ലഭിക്കുന്നതിനായി രക്ഷിക്കപ്പെട്ടവർ കാത്തിരിക്കുവാൻ കല്പിക്കുന്ന ഒരു വചനവും തിരുവെഴുത്തിലില്ല. ഉദാഹരണമായി നമ്മുടെ ഏറ്റവും പ്രിയപ്പെട്ട ആരെങ്കിലും വിദേശത്തുനിന്നു വരുന്നു എന്നൊരറിയിപ്പുണ്ടായാൽ അവരെ സ്വീകരിക്കുവാനായി അവർ പറഞ്ഞ സ്ഥലത്തു ചെന്നു കാത്തു നിന്നു സ്വീകരിക്കും. എന്നാൽ അവർ വന്നു കഴിഞ്ഞിട്ടും എല്ലാ ദിവസവും അവരുടെ വരവിനായി നാം കാത്തിരുന്നാൽ അതിൽപരം മടയത്തരം വേറെയുണ്ടോ?

പരിശുദ്ധാത്മാവെന്ന കാര്യസ്ഥനെ അയയ്ക്കും, നിങ്ങൾ കാത്തിരിക്ക എന്നു കർത്താവു തന്റെ ശിഷ്യഗണത്തോടു പറഞ്ഞു. കർത്താവിന്റെ ആജ്ഞ അനുസരിച്ചു അവർ കാത്തിരിക്കുകയും പരിശുദ്ധാത്മാവു ഭൂമിയിലേക്കു വരികയും ചെയ്തു. പാപിയായ ഒരുവൻ രക്ഷിക്കപ്പെടുവാൻ കാരണമാകുന്നത് പരിശുദ്ധാത്മാവിന്റെ

പ്രവർത്തനത്താലാണ് (യോഹ.3:5/16:8). രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവെന്ന ആദ്യദാനം ലഭിക്കുന്നു (റോമ.8:23). ചോദിക്കാതെ ലഭിക്കുന്നതാണു ദാനം. ചോദിച്ചു വാങ്ങുന്നതിനെ ദാനം എന്നു പറയുവാൻ കഴിയുകയില്ല. രക്ഷിക്കപ്പെടുമ്പോൾ തന്നെ അബ്ബാ പിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ (റോമ.8:15) നമുക്കു ദാനം ലഭിച്ചിരിക്കുന്നതിനാൽ കാത്തിരുന്നു പ്രാപിക്കേണ്ട വാഗ്ദത്തമല്ല പരിശുദ്ധാത്മാവ്.

> **റോമ.8:23** — *"ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും"*

> **അപ്പൊ.2:38** — പത്രൊസ് അവരോടു: *"നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവെന്ന ആദ്യദാനം ലഭിക്കും."*

> **ഗലാ.3:14** — *"ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നേ."*

—> യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ പരിശുദ്ധാത്മാവിനായി കാത്തിരിക്കുവാൻ കല്പനയില്ല. എന്നാൽ പരിശുദ്ധാത്മാവിനായി കാത്തിരിക്കുവാൻ കർത്താവു ശിഷ്യന്മാരോടു കല്പിച്ചിരുന്നു (ലൂക്കൊ.24:49). ഈ കല്പനപ്രകാരം അവർ കാത്തിരിക്കയും പെന്തൊക്കോസ്തുനാളിൽ പരിശുദ്ധാത്മാവു ഭൂമിയിലേക്കു വരികയും അന്നു പുതിയനിയമസഭ രൂപം പ്രാപിക്കുകയും ചെയ്തു (അപ്പൊ.2).

ഇന്നു ഒരുവൻ രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ പരിശുദ്ധാത്മാവു ദാനമായി ലഭിക്കുന്നു. രക്ഷയുടെ ഭദ്രത പരിശുദ്ധാത്മാവിന്റെ മുദ്രയിടൽ മൂലമാണ് (എഫെ.1:14). ആകയാൽ പുതിയനിയമവിശ്വാസികൾ ഒരുക്കമുള്ളവരായി, ആത്മനിറവുള്ളവരായി ഒരുങ്ങിക്കാത്തിരിക്കേണ്ടത് വാനമേഘങ്ങളിൽ മഹത്വധാരിയായി വരുന്ന കർത്താവിനെയാണ് (ഫിലി.3:20/ തീത്തൊ.2.:12,13/2.പത്രൊ.3:11,14/ എബ്രാ.9:28).

= = = = = = = ***Amen*** = = = = = = =

# അദ്ധ്യായം – 7

## മനുഷ്യൻ

ദൈവം ആകാശവും ഭൂമിയും അവയിലുള്ള സകല ചരാചരങ്ങളെയും സൃഷ്ടിച്ചു. ദൈവത്തിന്റെ വാക്കിന്റെ ശക്തിയാൽ ഇവയൊക്കെയും ഉളവായി. മനുഷ്യനെ മാത്രം, ദൈവം തന്റെ സ്വരൂപത്തിൽ, തന്റെ കരങ്ങളാൽ മെനഞ്ഞു; തന്റെ ജീവശ്വാസം നൽകി അവനെ ജീവനുള്ളവനാക്കി. *"നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക"*(ഉല്പ.1:26) എന്നു ദൈവം പ്രഖ്യാപിച്ചു. ആയതിനാൽ മനുഷ്യന്റെ സൃഷ്ടിയിലും മൂന്നു ഘടകങ്ങൾ കാണാം. അതായത് ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു ആളത്വങ്ങൾ ഉള്ളതുപോലെ മനുഷ്യനിലും ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്നു ഘടകങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ദൈവസൃഷ്ടികളിൽ മനുഷ്യനു മാത്രമുള്ള പ്രത്യേകതയാണ് ആത്മാവിന്റെ സാന്നിദ്ധ്യം.

മനുഷ്യനിലെ ദേഹം, ദേഹി, ആത്മാവ് എന്നിവയുടെ സാന്നിദ്ധ്യം തിരുവചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത് നോക്കുക:
(1) **ഉല്പ.2:7 —** *"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു."* ഈ വാക്യത്തിൽ മനുഷ്യനിലടങ്ങിയിരിക്കുന്ന മൂന്നു ഘടകങ്ങളും കാണാം.
—> നിലത്തെ പൊടിയിൽ നിന്നു ശരീരം — ദേഹം (Body)
—> മൂക്കിൽ ജീവശ്വാസം ഊതി
(ദൈവം ആത്മാവിനെ തന്നിൽ നിന്നു നല്കി) —ആത്മാവ് (Spirit)
—> ജീവനുള്ള ദേഹിയായി തീർന്നു
(ശരീരവും ആത്മാവും കൂടിച്ചേർന്നപ്പോൾ) — ദേഹി (Soul)
(2) പൗലൊസ് തെസ്സലൊനീക്യവിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിച്ചു അവരെ ദൈവത്തിൽ ഭരമേല്പ്പിക്കുന്ന സന്ദർഭത്തിൽ മനുഷ്യനിലെ ദേഹം, ദേഹി, ആത്മാവ് എന്നിവയുടെ സാന്നിദ്ധ്യം വെളിപ്പെടുന്നു. **1.തെസ്സ.5:23 —***"സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ* **ആത്മാവും പ്രാണനും ദേഹവും** *അശേഷം നമ്മുടെ കർത്താ*


*വായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ."*

(3) മനുഷ്യന്റെ ദേഹം, ദേഹി, ആത്മാവ് എന്നിവയോടു ജീവനും ചൈതന്യവുമുള്ള ദൈവവചനത്തിന്റെ സ്വാധീനത എബ്രായലേഖനത്തിൽ വിവരിച്ചിരിക്കുന്നു.

**എബ്രാ.4:12** —*"ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും* **പ്രാണനെയും** *(ദേഹി — soul)* **ആത്മാവിനെയും** *(ആത്മാവ് — spirit)* **സന്ധിമജ്ജകളെയും** *(ദേഹം — body) വേറുവിടുവിക്കുംവരെ തുളെച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു."*

മനുഷ്യശരീരത്തിലെ ദേഹം, ദേഹി, ആത്മാവ് എന്നിവയെ സമാഗമനകൂടാരത്തിലെ പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം എന്നിവയോടുപമിക്കാം.

TABERNACLE & MAN




(DOCTRINAL TRUTHS *by Samson Henry, Kollam*)

സമാഗമനകൂടാരത്തിലെ ബാഹ്യാവരണമായ പ്രാകാരത്തെ ദേഹത്തോടും, യാഗപീഠം, താമ്രത്തൊട്ടി എന്നിവ കടന്നു ചെല്ലുമ്പോൾ കാണുന്ന വിശുദ്ധസ്ഥലത്തെ ദേഹിയോടും, അതു കഴിഞ്ഞുള്ള അതിവിശുദ്ധസ്ഥലത്തെ ആത്മാവിനോടും ഉപമിക്കാം. വിശ്വാസിയുടെ ശരീരത്തിൽ പരിശുദ്ധാത്മാവാംദൈവം വസിക്കുന്നതിനാലാണ് *"നിങ്ങൾ ദൈവത്തിന്റെ മന്ദിരം"* എന്നു അപ്പൊസ്തലനായ പൗലൊസ് പറയുന്നത് --*"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ"*(1.കൊരി.3:16,17).*"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ"* (1.കൊരി.6:19,20). *"കൂടാരമാകുന്ന ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായൊരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു"*(2.കൊരി.5:1). ദേഹം, ദേഹി, ആത്മാവ് എന്ന ത്രിത്വത്തെപ്പറ്റി ദൈവവചനത്തിൽ സുവ്യക്തമായ വിശദീകരണങ്ങളൊന്നും തന്നെ ഇല്ലെങ്കിലും ചില സാദൃശ്യങ്ങളെ ആധാരമാക്കി താഴെപ്പറയുന്ന നിലയിൽ ചിന്തിക്കാം.

**1. ദേഹം (Body) —**

ആദാമിനെ ദൈവം സൃഷ്ടിച്ചത് നിലത്തെ പൊടി അഥവാ മണ്ണ് കൊണ്ടാണ് (ഉല്പ.2:7). മനുഷ്യൻ മരിക്കുമ്പോൾ ശരീരം വീണ്ടും പൊടിയിലേക്കു തിരികെച്ചേരുമെന്നു (സഭാ.12:7) തിരുവചനം വ്യക്തമാക്കുന്നു. മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചയക്കു ശേഷം മനുഷ്യനോടു ഇപ്രകാരം ദൈവം അരുളിച്ചെയ്തു — *"നിലത്തു നിന്നു നിന്നെ എടുത്തിരിക്കുന്നു; അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും; നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും"* (ഉല്പ.3:19). ദേഹം എന്നത് മനുഷ്യനിലുള്ള ത്രിത്വത്തിൽ ദൃശ്യമായതും (visible) ഏറ്റവും പുറമേയുള്ളതുമായ ആവരണമാണ് (outer covering). ദേഹം പഞ്ചേന്ദ്രിയങ്ങളായ കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് എന്നി

വയിലൂടെ പരിസരവുമായി ബന്ധപ്പെടുന്നു. കണ്ണിലൂടെ കാണുകയും (sight), മൂക്കുവഴിയായി മണക്കുകയും (smell), ചെവിയിലൂടെ കേൾക്കുകയും (hearing), നാക്ക് വഴിയായി രുചിക്കുകയും (taste), ത്വക്ക് വഴിയായി സ്പർശിക്കുകയും (touch) ചെയ്യുന്നു. ഒന്നാം മനുഷ്യനായ ആദാമിനോടു ബന്ധപ്പെട്ട മനുഷ്യശരീരം മർത്യമായതും, ദ്രവത്വമുള്ളതും മരണത്തിനധീനവുമാണ്. എന്നാൽ സ്വർഗ്ഗീയനായ യേശുക്രിസ്തുവിലൂടെ പുതുമനുഷ്യനായിത്തീർന്നവനു അമർത്യതയുള്ള, അദ്രവത്വമുള്ള, മരണമില്ലാത്ത, തേജസ്കരിക്കപ്പെട്ട പുതിയ ശരീരം ലഭിക്കും (1.കൊരി.15:35 -58/1.യോഹ.3:2).

**2. ദേഹി (Soul) -**

മനുഷ്യനിലടങ്ങിയിരിക്കുന്ന ദേഹം, ദേഹി, ആത്മാവ് എന്നീ ഘടകങ്ങളിൽ രണ്ടാമത്തേതാണ് ദേഹി അഥവാ പ്രാണൻ. ദേഹി എന്നതിനുള്ള 'നെഫേഷ്' എന്ന എബ്രായ പദത്തിനു ജീവൻ അഥവാ പ്രാണൻ എന്നും അർത്ഥമുണ്ട്. ദേഹം ദൃശ്യമായ (visible) ബാഹ്യാവരണമായിരിക്കുമ്പോൾ (outer covering) ദേഹി അദൃശ്യവും (invisible) ആന്തരികവുമാണ് (inner covering). *"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു"* (ഉല്പ.2:7) എന്ന വാക്യത്തിൽ ശരീരത്തെയും ആത്മാവിനെയും ബന്ധിപ്പിക്കുന്നതാണ് ദേഹി എന്നു വ്യക്തമാകുന്നു. പ്രാണൻ വിട്ടു പിരിയുമ്പോൾ ശാരീരിക മരണം സംഭവിക്കുന്നു. ഒരുവൻ മരിക്കുമ്പോൾ ജീവൻ പോയി, പ്രാണൻ പോയി, ജീവശ്വാസം പോയി എന്നൊക്കെ സാധാരണ പറയാറുണ്ടെങ്കിലും പ്രാണനെ വായു എന്നു പറയുവാനും സാധിക്കുകയില്ല. കാരണം മരിച്ച ഒരുവനിൽ സമ്മർദ്ദത്താൽ വായു ഉള്ളിലേക്കു കടത്തിവിട്ടാലും ജീവിക്കുകയില്ല എന്നതു തന്നേ. ദേഹി ദേഹത്തിൽ വസിക്കുന്നു. ദേഹത്തിനു നേരിടുന്ന ക്ഷതം ദേഹിയെ ബാധിക്കുന്നു. ശരീരത്തിനു ആവശ്യമായ ആഹാരം, ജലം, വായു, മറ്റു സാഹചര്യങ്ങൾ എന്നിവ ശരീരത്തെ ആരോഗ്യമുള്ളതാക്കി നിലനിർത്തുന്നിടത്തോളം ദേഹി ദേഹത്തിൽ വസിക്കുന്നു. ശരീരത്തിനു മരണം സംഭവിക്കുമ്പോൾ ദേഹം ദേഹിയുമായി പിരിയുന്നു. ദേഹം പഞ്ചേന്ദ്രിയങ്ങളിലൂടെ പരിസരവുമായി ബന്ധപ്പെടുന്നതുപോലെ ദേഹിയും അഞ്ചു മാദ്ധ്യമങ്ങളിലൂടെ സജീവമാകുന്നു. അവ (1) ചിന്ത/ ഭാവന (Imagination), (2) മനഃസ്സാക്ഷി/ അന്തഃകരണം (Conscience), (3)

ഓർമ്മ/ബുദ്ധി (Memory), (4) പ്രേരണ/കാരണം (Reason), (5) സ്നേഹം/ദയ (Affection) എന്നിവയാണ്.

**ഉല്പ.34:8** —"ഹമോർ അവരോടു സംസാരിച്ചു: എന്റെ മകൻ ശെഖേമിന്റെ ഉള്ളം (ദേഹി - soul) നിങ്ങളുടെ മകളോടു പറ്റിയിരിക്കുന്നു."

**1.ശമൂ.18:1** — "അവൻ ശൗലിനോടു സംസാരിച്ചു തീർന്നപ്പോൾ യോനാഥാന്റെ മനസ്സു (ദേഹി-soul) ദാവീദിന്റെ മനസ്സോടു (ദേഹി-soul) പറ്റിച്ചേർന്നു; യോനാഥാൻ അവനെ സ്വന്തപ്രാണനെപ്പോലെ (ദേഹി-soul) സ്നേഹിച്ചു.

**സങ്കീ.23:3** —"എന്റെ പ്രാണനെ (ദേഹി-soul) അവൻ തണുപ്പിക്കുന്നു."

**സങ്കീ.103:1** —"എൻ മനമേ (ദേഹി-soul), യഹോവയെ വാഴ്ത്തുക."

**ലൂക്കൊ.1:46,47** — "അപ്പോൾ മറിയ പറഞ്ഞതു: എന്റെ ഉള്ളം (ദേഹി-soul) കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവു എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു."

മനുഷ്യൻ ജീവനുള്ള ദേഹിയുടെ ഉടമയാണ്. ദൈവമാണ് മനുഷ്യന് ശരീരത്തോടും ആത്മാവോടും കൂടെ ദേഹിയും നൽകിയത്. *"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു."* (ഉല്പ.2:7). രക്ഷിക്കപ്പെടാത്ത അഥവാ ദൈവവുമായി ബന്ധമില്ലാത്ത ഒരുവന്റെ ആത്മാവിനെ സാത്താൻ നിയന്ത്രിക്കുന്നതുപോലെ ദേഹിയെയും സാത്താൻ നിയന്ത്രിച്ചു ദോഷകരമായ കാര്യങ്ങളിലേക്കു നയിക്കുന്നു. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുമ്പോൾ മാത്രമാണ് ദേഹി പരിശുദ്ധാത്മാവിനോടൊപ്പം ദൈവീകകാര്യങ്ങളിൽ പ്രവർത്തനസജ്ജമാക്കപ്പെടുന്നത്. പാപം ചെയ്യുന്ന ദേഹി മരിക്കും എന്നു യെഹെസ്കേൽ പ്രവാചകൻ പറയുന്നു (യെഹെ.18:4). ശാരീരികമരണത്തോടെ ദേഹി ഇല്ലാതാകുമെന്നിതിനർത്ഥമില്ല. രക്ഷിക്കപ്പെടാത്തവന്റെ ആത്മാവു ദൈവവുമായി എന്നേക്കും ബന്ധം വിട്ടുപോകുന്നതുപോലെ അഥവാ നിത്യമരണത്തിനു വിധേയനാകുന്നതുപോലെ രക്ഷിക്കപ്പെടാത്തവന്റെ പ്രാണനും വേർപാടു സംഭവിക്കുന്നു. മനുഷ്യനു ശരീരത്തെ മാത്രമേ കൊല്ലുവാൻ സാധിക്കുകയുള്ളു. എന്നാൽ ദൈവത്തിനു ദേഹിയെയും ദേഹത്തെയും കൊല്ലു

വാൻ കഴിയും. **മത്താ.10:28 —** *“ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ.”*

ദേഹിയോടുള്ള ബന്ധത്തിലും മരണത്തിനു മൂന്നവസ്ഥകളുണ്ട്. **ഒന്നാമത്തെ മരണം — ശാരീരിക മരണത്തോടു ബന്ധപ്പെട്ടുള്ള ദേഹിയുടെ മരണം —**

ദേഹത്തിൽ നിന്നു പ്രാണൻ പോകുമ്പോൾ നടക്കുന്ന മരണം അഥവാ വേർപാട്. ഈ മരണം ആദാമിൽ നിന്നു പകരപ്പെട്ട പാപത്തിനുള്ള ശിക്ഷാവിധിയാണ് (ഉല്പ.2:17/റോമ.5:12/എബ്രാ.9:27).

**രണ്ടാമത്തെ മരണം — ആത്മീയമരണം —** രക്ഷിക്കപ്പെടാത്ത സകലരുടെയും സ്ഥിതിയാണിത്. അവർ ഭൂമിയിൽ ജീവിക്കുന്നുവെങ്കിലും അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരാണ്. ദൈവവുമായി ബന്ധമില്ലാത്ത ഇപ്രകാരമുള്ളവർ ആത്മീകമായി മരിച്ചവരാണ് (എഫെ.2:1/എഫെ.4:19).

**മൂന്നാമത്തെ മരണം —** നിത്യമരണം — രക്ഷിക്കപ്പെടാത്തവരുടെ ശാരീരികമരണത്തോടെ ദേഹിയും ആത്മാവും അവരിൽ നിന്നു വിട്ടു പിരിയുന്നു. ദൈവവുമായി അവർ എന്നേക്കും വേർപെട്ടു നിത്യശിക്ഷാവിധിക്കു യോഗ്യരായിത്തീരുന്നു (2.തെസ്സ.1:10/വെളി.20:15/വെളി.21:8).

### 3. ആത്മാവ് (Spirit) —

ദേഹം, ദേഹി എന്നിവയ്ക്കു പുറമേ മനുഷ്യത്രിത്വത്തിലെ മൂന്നാമത്തെ ഘടകമാണ് ആത്മാവ്. ഇതും ദേഹിയെപ്പോലെ അദൃശ്യമാണ് (invisible). *“യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു”* (ഉല്പ.2:7) എന്ന വാക്യത്തിൽ ജീവശ്വാസം ഊതിയെന്നതു ആത്മാവിനെ നൽകിയതിനെക്കുറിക്കുന്നു. ആദാമിനു മാത്രമേ ദൈവം ഇപ്രകാരം മൂക്കിൽ ഊതി ജീവശ്വാസം നൽകിയുള്ളു. മറ്റു മനുഷ്യരുടെ ഉള്ളിൽ ദൈവം ആത്മാവിനെ നൽകിയിരിക്കുകയാണ് (സെഖ.12:1). ദൈവം ആത്മാവാകയാൽ മനുഷ്യന്റെ ആത്മാവ് ദൈവാത്മാവുമായി ബന്ധപ്പെടുന്നു. ദേഹം — കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് എന്നീ പഞ്ചേന്ദ്രിയങ്ങളിലൂടെയും, ദേഹി—ചിന്ത, മനസ്സാക്ഷി, ഓർമ്മ, കാരണം, സ്നേഹം എന്നീ ഘടകങ്ങളിലൂടെയും പ്രവർത്തനക്ഷമമാകുന്നതു

പോലെ ആത്മാവും അഞ്ചു ഘടകങ്ങളിലൂടെ ദൈവവുമായി ബന്ധപ്പെടുന്നു. —– അവ (1) വിശ്വാസം (Faith) (2) പ്രത്യാശ (Hope) (3) സ്തോത്രം (Reverence) (4) പ്രാർത്ഥന (Prayer) (5) ആരാധന (Worship) എന്നിവയാണ്.

ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവു അവനിൽ വാസം തുടങ്ങി അവനിലെ ജീവാത്മാവിനെ പ്രവർത്തനക്ഷമമാക്കുന്നു. അപ്പോൾ മാത്രമേ മനുഷ്യനിലെ ആത്മാവിനു ദൈവവുമായി സജീവബന്ധം പുലർത്തി ആത്മീയ കാര്യങ്ങൾ വിചിന്തനം ചെയ്യുവാൻ കഴിയൂ. രക്ഷിക്കപ്പെടാത്ത ഒരുവനിൽ ജീവാത്മാവു നിർജ്ജീവാവസ്ഥയിലായിരിക്കുന്നതിനാൽ ദേഹി, ദേഹത്തെ നിയന്ത്രിക്കുന്നു; ജഡികമനുഷ്യനായി സാത്താനടിമപ്പെട്ടു നാശത്തിലേക്കു സഞ്ചരിക്കുന്നു. എന്നാൽ രക്ഷിക്കപ്പെട്ടവനിൽ ദേഹവും ദേഹിയും ആത്മാവിന്റെ നിയന്ത്രണത്തിലായിരിക്കുന്നതിനാൽ ദൈവവുമായി സദാ ബന്ധപ്പെട്ടുകൊണ്ടു ജീവമാർഗ്ഗത്തിൽ സഞ്ചരിച്ചു ദൈവഹിതത്തിനനുസരിച്ചു ജീവിക്കുന്നു.

ദേഹം ഈ ലോകത്തോടു ബന്ധപ്പെട്ടതും അഴിഞ്ഞുപോകുന്നതുമാണ്. മരണത്തിന്നധീനമാകുമ്പോൾ അതു ഭൂമിയിൽ മണ്ണോടു മണ്ണായിത്തീരുന്നു. എന്നാൽ ദേഹിയും ആത്മാവും നിത്യാസ്തിത്വമുള്ളതാകയാൽ മരണത്തിനധീനമാകുന്നില്ല. മരണസമയത്ത് ആത്മാവു ദൈവത്തിങ്കലേക്കു മടങ്ങിപ്പോകുന്നു. *"പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും"* (സഭാ.12:7). രക്ഷിക്കപ്പെടാത്തവരുടെ ആത്മാവു (ആത്മീകമായി മരിച്ച നിലയിലെങ്കിലും) ദേഹിയോടുകൂടി യാതനാസ്ഥലത്തെത്തി നിത്യനരകത്തിലെത്തുവാനുള്ള അന്ത്യന്യായവിധിക്കായി കാത്തു കഴിയുന്നു.

രക്ഷിക്കപ്പെട്ടവർ മരിക്കുമ്പോൾ അവരുടെ ദേഹം ഒന്നാം പുനരുത്ഥാനദിവസത്തെ പൊൻപുലരിക്കായി കാത്തുകൊണ്ടു മണ്ണിൽ വിശ്രമിക്കുന്നു. ആത്മാവും ദേഹിയും ദൈവസന്നിധിയിൽ എത്തിച്ചേരുന്നു. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ ശരീരത്തിൽ നിന്നു പ്രാണൻ വേർപെട്ടു കഴിയുമ്പോൾ ദേഹം പഞ്ചഭൂതങ്ങളിൽ ലയിക്കുന്നു. അതായതു മണ്ണിൽ അടക്കപ്പെടുന്ന ശരീരം മണ്ണിൽ ലയിക്കുന്നു. ദഹിപ്പിക്കുന്ന ശരീരം കുറേ അംശം വായുവിലും കുറേ അംശം മണ്ണിലും ലയിക്കുന്നു. വെള്ളത്തിൽ വീഴുന്നവ ജലത്തിൽ

ലയിക്കുന്നു. ചില ശരീരങ്ങൾ മൃഗങ്ങൾക്കാഹാരമായിത്തീരുന്നു. ഇങ്ങനെ പഞ്ചഭൂതങ്ങളിൽ ലയിക്കുന്ന ശരീരം ഒരു നാളിൽ അഥവാ കർത്താവിന്റെ നാളിൽ പുനരുത്ഥാനം പ്രാപിക്കും.

രക്ഷിക്കപ്പെട്ടവരുടെ ശരീരം കർത്താവിന്റെ മദ്ധ്യാകാശ ത്തിലെ വരവിൽ രൂപാന്തരപ്പെട്ട് മദ്ധ്യാകാശത്തിലേക്ക് എടുക്കപ്പെ ടും. രക്ഷിക്കപ്പെടാത്തവരുടെ ശരീരം ഒടുക്കത്തെ പുനരുത്ഥാന ത്തിൽ രൂപാന്തരം പ്രാപിച്ച് ക്രിസ്തുവിന്റെ വെള്ളസിംഹാസന ത്തിനു മുമ്പാകെ ന്യായം വിധിച്ച് നിത്യദണ്ഡനത്തിനായി നരക ത്തിൽ തള്ളപ്പെടും (1.കൊരി.15:35-58/1.തെസ്സ.4:13-18/ 1.യോഹ.3:3/ വെളി.20:14,15/വെളി.21:27).

## മരണം (Death)

മരണം എന്നാൽ ശരീരം നിർജ്ജീവമാകുന്ന അവസ്ഥ അഥവാ ജീവാത്മാവു ശരീരത്തെ വെടിയുന്ന അവസ്ഥ. മൃത്യു, ചാവ്, ജീവനാശം, അന്തം, തീപ്പെടൽ, കാലംചെയ്ക, നാടുനീങ്ങുക എന്നിങ്ങനെ വിവിധ പേരുകൾ മരണത്തെക്കുറിക്കുന്നു. ലളിതമായി പറഞ്ഞാൽ ഒരുവന്റെ ഭൗമീകായുസ്സിന്റെ അവസാനമെന്നു മരണ ത്തിനു അർത്ഥം നൽകാം. മനുഷ്യന്റെ ദേഹം, ദേഹി, ആത്മാവു എന്നിവയുടെ വേർപാടാണ് മരണം. തിരുവചനത്തിൽ മരണം വിവി ധ രീതികളിൽ വിശദമാക്കിയിരിക്കുന്നു —

**(1) ജീവശ്വാസം പോകുക —**

സങ്കീ.104:29 — *"നീ അവയുടെ ശ്വാസം എടുക്കുമ്പോൾ അവ ചത്തു പൊടിയിലേയ്ക്കു തിരികെ ചേരുന്നു."*

**(2) മടങ്ങിവരാതവണ്ണം പോകുക —**

ഇയ്യോ.10:21 —*"വെളിച്ചം അർദ്ധരാത്രി പോലെയും ഉള്ള ദേശ ത്തേക്കു തന്നേ; മടങ്ങിവരാതവണ്ണം പോകുന്നതിനു മുമ്പെ."*

**(3) ശരീരം മണ്ണിലേക്കും ആത്മാവു ദൈവസന്നിധിയിലേക്കും മട ങ്ങിപ്പോകുന്ന പ്രക്രിയ —**

സഭാ.12:7 — *"പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നൽകിയ ദൈവത്തിന്റെ അടു ക്കലേക്കു മടങ്ങിപ്പോകും."*

**(4) പുതിയതു ധരിപ്പാൻ പഴയതു ഉരിഞ്ഞു കളയുന്ന പ്രക്രിയ —**

2.കൊരി.5:2-4— *"ഈ കൂടാരത്തിൽ ഞരങ്ങിക്കൊണ്ടു ഞങ്ങൾ നഗ്ന രായിട്ടല്ല ഉടുപ്പുള്ളവരായിരിക്കുന്നു എങ്കിൽ സ്വർഗ്ഗീയമായ ഞങ്ങ*

*ളുടെ പാർപ്പിടം അതിനു മീതെ ധരിപ്പാൻ വാഞ്ഛിക്കുന്നു. ഉരിവാനല്ല മർത്യമായതു ജീവനാൽ നീങ്ങിപ്പോകേണ്ടതിന്നു മീതെ ഉടുപ്പാൻ ഇച്ഛിക്കയാൽ ഞങ്ങൾ ഈ കൂടാരത്തിൽ ഇരിക്കുന്നേടത്തോളം ഭാരപ്പെട്ടു ഞരങ്ങുന്നു."*

**(5) ആയുസ്സിന്റെ അവസാനം —**

സങ്കീ.39:4 -- *"യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സു എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ."*

**(6) വിട്ടു പിരിയുക —**

ഫിലി.1:23 — *"വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അതു അത്യുത്തമമല്ലോ."*

**(7) നിദ്ര —**

സങ്കീ.76:5 — *"ധൈര്യശാലികളെ കൊള്ളയിട്ടു അവർ നിദ്ര പ്രാപിച്ചു."*

യിരെ.51:39—*"അവർ ജയമത്തരായിരിക്കുമ്പോൾ ഉല്ലസിച്ചു ഉണരാതവണ്ണം നിത്യനിദ്ര കൊള്ളേണ്ടതിന്നു ഞാൻ അവർക്കു ഒരു പാനീയം ഒരുക്കി അവരെ ലഹരി പിടിപ്പിക്കും എന്നു യഹോവയുടെ അരുളപ്പാടു."*

1.രാജാ.2:10–*"ദാവീദ് തന്റെ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപിച്ചു."*

2.ദിന.26:23 —*"ഉസ്സീയാവു അവന്റെ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപിച്ചു."*

2.ദിന.27:9–*"യോഥാം തന്റെ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപിച്ചു."*

2.ദിന.28:27 — *"ആഹാസ് തന്റെ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപിച്ചു."*

2. ദിന.32:33 —*"യെഹിസ്കീയാവു തന്റെ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപിച്ചു."*

യോഹ.11:11 —*"നമ്മുടെ സ്നേഹിതനായ ലാസർ നിദ്ര കൊള്ളുന്നു.*

അപ്പൊ.7:60 —*"ഇതു പറഞ്ഞിട്ടു അവൻ (സ്തേഫാനോസ്) നിദ്ര പ്രാപിച്ചു."*

അപ്പൊ.13:36 —*"ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനെക്കു ശുശ്രൂഷ ചെയ്തശേഷം നിദ്ര പ്രാപിച്ചു തന്റെ പിതാക്കന്മാരോടു ചേർന്നു ദ്രവത്വം കണ്ടു."*

2.പത്രൊ.3:4 —*"പിതാക്കന്മാർ നിദ്ര കൊണ്ട ശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നേ ഇരിക്കുന്നു എന്നു പറഞ്ഞു......"*

**(8) ഭൗമഭവനം അഴിഞ്ഞു പോകൽ —**

2.കൊരി.5:1 — *"കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു."*

**(9) ഭൗമീകകൂടാരം പൊളിഞ്ഞു പോകൽ —**

2.പത്രൊ.1:13,14— *"നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്കു അറിവു തന്നതുപോലെ എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ അടുത്തിരിക്കുന്നു എന്നു അറിഞ്ഞിരിക്കയാൽ ഞാൻ ഈ കൂടാരത്തിൽ ഇരിക്കുന്നേടത്തോളം നിങ്ങളെ ഓർപ്പിച്ചുണർത്തുക യുക്തം എന്നു വിചാരിക്കുന്നു."*

മനുഷ്യനിലടങ്ങിയിരിക്കുന്ന ദേഹം (body), ദേഹി (soul), ആത്മാവ് (spirit) എന്നിവയിൽ ദേഹത്തിൽ നിന്നു ദേഹിയും ആത്മാവും വേർപിരിയുമ്പോഴാണ് മരണം (Death) സംഭവിക്കുന്നത്. ആകയാൽ മരണത്തെ വേർപാട് (Separation) എന്നും പറയാം. മരണത്തിൽ അഥവാ വേർപാടിൽ ദേഹം, ദേഹി, ആത്മാവ് എന്നിവ എവിടേക്കു പോകുന്നു എന്നു തിരുവചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

**(1) ദേഹം —** മണ്ണിലേക്കു തിരികെച്ചേരുന്നു.

—> ശരീരത്തിൽ നിന്നു ദേഹിയും ആത്മാവും വേർപിരിയുമ്പോൾ മരണം സംഭവിക്കുന്നു. ശരീരം തുടർന്നു മണ്ണിൽ സംസ്കരിക്കരിക്കപ്പെടുന്നു.

സഭാ.12:7 — *"പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും."*

**(2) ദേഹി —** ശരീരത്തിൽ നിന്നു വേർപെടുന്ന ദേഹി ആത്മാവിനോടൊപ്പം പോകുന്നു.

—> പഴയനിയമവിശുദ്ധന്മാരുടെ ദേഹി ആത്മാവിനോടൊപ്പം അബ്രഹാമിന്റെ മടി അഥവാ പറുദീസയിലേക്കു പോകുന്നു.

ലൂക്കൊ.16:22 — *"ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രാഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി."*

ലൂക്കൊ.23:43— *"യേശു അവനോടു: ഇന്നു നീ എന്നോടുകൂടെ പരദീസയിൽ ഇരിക്കും.."*

—> പാപികളുടെ ദേഹി യാതനാ സ്ഥലത്തേക്കു പോകുന്നു. ലൂക്കൊ.16:23 — *"ധനവാനും മരിച്ചു, അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തുനിന്നു അബ്രാഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു."*

യേശുക്രിസ്തുവിന്റെ പുനരുത്ഥാനശേഷം മരിക്കുന്ന വിശുദ്ധന്മാരുടെ ദേഹി ദൈവസന്നിധിയിലേക്കാണു പോകുക.

**(3) ആത്മാവ് —**

—> ദൈവസന്നിധിയിൽ തിരികെച്ചെന്നെത്തുന്നു.
സഭാ.12:7 —*"ആത്മാവു അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും."*

ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. അവനു കൂട്ടിനായി ഒരു സ്ത്രീയെ മനുഷ്യനിൽ നിന്നുണ്ടാക്കി. ഇരുവരെയും ഏദെൻ തോട്ടത്തിൽ വേലചെയ്യുവാനും തോട്ടം കാപ്പാനും ആക്കി. *"താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു"* (ഉല്പ.1:31). ദൈവ തേജസ്സിലും സന്തോഷത്തിലും, കൂട്ടായ്മയിലും കഴിഞ്ഞ അവർ ദൈവകല്പന ലംഘിച്ചു പാപം ചെയ്തു. അതോടെ അവർക്കു ദൈവതേജസ്സും കൂട്ടായ്മയും നഷ്ടപ്പെട്ടു. തുടർന്നു അവരെ ദൈവം തോട്ടത്തിൽ നിന്നു പുറത്താക്കി. അപ്പൊസ്തലനായ പൗലൊസ് റോമർ.5:12 -ൽ ഇവരുടെ പാപത്തിന്റെ അനന്തരഫലത്താൽ അവർക്കും സകല ലോകത്തിനും നേരിടേണ്ടി വന്ന അനർത്ഥം രേഖപ്പെടുത്തിയിരിക്കുന്നു. — *"അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു."* അതായത് ആദാമിന്റെ പാപം മൂലം (1) പാപം മനുഷ്യവർഗ്ഗത്തിലേക്കു പ്രവേശിച്ചു (2)പാപത്താൽ മരണം ഉണ്ടായി (3) മരണം സകലരിലും പരന്നു. ആദാമിന്റെ ജീവിതകാലം മുഴുവനുമുള്ള പാപമല്ല എന്നാൽ ആദാം ഒരിക്കൽ ചെയ്ത പാപം നിമിത്തം ലോകത്തിലുള്ള സകലരിലും പാപം പരക്കുവാൻ ഇടയായി. ആദാമിന്റെ പാപം മൂലം സകലരിലേക്കും പാപവും മരണവും കടന്നതെങ്ങനെയെന്നു സംശയം ഉണ്ടാകാം. ആദാം മനു

ഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയായിരുന്നു. മനുഷ്യരെല്ലാം ആദാമിന്റെ സന്തതികളാണ്. (1.കൊരി.15:45/അപ്പൊ.17:26). അതുകൊണ്ടാണ് സകലരിലേക്കും പാപം പരക്കുവാനിടയായത്.

ആദാമിലൂടെ സകല മാനവജാതികളിലേക്കും ഒഴുകി വന്ന പാപത്തെക്കുറിച്ചും, യേശുക്രിസ്തുവിലൂടെ ലഭിച്ച നിത്യജീവനെക്കുറിച്ചും അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക —**റോമ.5:12–19 –*"അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു.*** *പാപമോ ന്യായപ്രമാണംവരെ ലോകത്തിൽ ഉണ്ടായിരുന്നു; എന്നാൽ ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപത്തെ കണക്കിടുന്നില്ല.* ***എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദാമിന്റെ ലംഘനത്തിന്നു തുല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ മോശെവരെ വാണിരുന്നു.*** *എന്നാൽ ലംഘനത്തിന്റെ കാര്യവും കൃപാവരത്തിന്റെ കാര്യവും ഒരുപോലെയല്ല;* ***ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു*** *എങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തുവിന്റെ കൃപയാലുള്ള ദാനവും അനേകർക്കു വേണ്ടി ഏറ്റവും അധികം കവിഞ്ഞിരിക്കുന്നു.* ***ഏകൻ പാപം ചെയ്തതിന്റെ ഫലവും ദാനത്തിന്റെ കാര്യവും ഒരു പോലെയല്ല; ഏകന്റെ പാപം ശിക്ഷാവിധി കല്പിപ്പാൻ ഹേതുവായിത്തീർന്നു.*** *കൃപാവരമോ അനേക ലംഘനങ്ങളെ മോചിക്കുന്ന നീതീകരണവിധിക്കു ഹേതുവായിത്തീർന്നു.* ***ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു*** *എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.* ***അങ്ങനെ ഏകലംഘനത്താൽ സകലമനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ*** *ഏകനീതിയാൽ സകലമനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു.* ***ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ*** *ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും. എന്നാൽ ലംഘനം പെരുകേണ്ടതിന്നു ന്യായപ്രമാണവും ഇടയിൽ ചേർന്നുവന്നു; എങ്കിലും പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു. പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവന്നായി വാഴേണ്ടതിന്നു തന്നേ."*
(DOCTRINAL TRUTHS *by Samson Henry, Kollam*)

ദേഹം, ദേഹി, ആത്മാവ് എന്നീ ഘടകങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ മരണത്തിലും മൂന്നു അവസ്ഥകൾ (മൂന്നുതരത്തിലുള്ള മരണങ്ങൾ) കാണാം. അവ (1) ശാരീരിക മരണം -- Physical death (2) ആത്മീക മരണം -- Spiritual death (3) നിത്യമരണം — Eternal death എന്നിവയാണ്. ശരീരത്തിൽ നിന്നും ജീവൻ വേർപെടുന്നത് ശാരീരികമരണവും ദൈവത്തിൽ നിന്നു വേർപെടുന്നത് നിത്യമരണവുമാണ്. ഇതിൽ ശാരീരിക മരണം ദൃശ്യമായിരിക്കുമ്പോൾ ആത്മീകമരണവും നിത്യമരണവും അദൃശ്യമായിരിക്കുന്നു.

### (1) ശാരീരിക മരണം (Physical death ) —

പേരു അർത്ഥമാക്കുന്നപോലെ ഇതു ശരീരത്തിന്റെ മരണമാണ്. അതായത് ദേഹവും ദേഹിയും തമ്മിൽ വേർപെടുന്നതാണ് ശാരീരികമരണം. ശാരീരികമരണം ദൃശ്യമായതാണ്. ഈ ലോകത്തിലെ ആയുസ്സിന്റെ അന്ത്യം കുറിച്ചുകൊണ്ടു സകലരെയും സകലത്തിനെയും വിട്ടുപിരിയുന്ന ഒന്നാകയാൽ ഏതുമനുഷ്യനും ഭയപ്പെടുന്നതു ശാരീരിക മരണത്തെയാണ്. കൊട്ടാരത്തിലും, കൊട്ടിലിലും, ശൈശവത്തിലും, കൗമാരത്തിലും, യൗവ്വനത്തിലും, വാർദ്ധക്യത്തിലും എവിടെയും ഏതു മനുഷ്യരിലും, ഏതു സമയത്തും ശാരീരിക മരണം സംഭവിക്കാം. *"മനുഷ്യൻ തന്റെ ശാശ്വതഭവനത്തിലേക്കു പോകും......പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും"* (സഭാ.12:5-7), *"നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും"* (ഉല്പ.3:19).

മരണം മനുഷ്യനിൽ വാഴുവാനുണ്ടായ കാരണത്തെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിട്ടുണ്ട്. *"അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു"*(റോമ.5:12). അതായത് ആദാമിന്റെ പാപം മൂലം (ഉല്പ.3:17) പാപം ലോകത്തിലേക്കു പ്രവേശിച്ചു; പാപത്താൽ മരണം ഉണ്ടായി; മരണം സകലരിലും പരന്നു. ആയതിനാൽ ശാരീരികമരണം മനുഷ്യന്റെ പാപത്താൽ ഉണ്ടായതാണ്. മനുഷ്യനായി പിറന്ന എല്ലാവരിലും പാപം വാഴുന്നു. പാപത്തിന്റെ ശമ്പളം അഥവാ കൂലിയാണ് മരണം (റോമ.6:23). അതിനാൽ സകല മനുഷ്യരും ശാരീരികമരണത്തിനു അധീനരായിത്തീരുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവിൽ ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ ശാരീരികമ

രണം കൂടാതെ എടുക്കപ്പെടും. ഇതിന്റെ നിഴലത്രേ മരണം കൂടാതെ എടുക്കപ്പെട്ട ഹാനോക്കും ഏലീയാവും.

**(2) ആത്മീകമരണം** **(Spiritual death) —**

ശരീരികമരണം ശരീരത്തിന്റെ മരണമായിരിക്കുമ്പോൾ ആത്മീകമരണം ആത്മാവിനെ സംബന്ധിച്ച മരണമായിരിക്കുന്നു. ആത്മാവ് അദൃശ്യനായിരിക്കുന്നതുപോലെ ആത്മീകമരണവും അദൃശ്യമായതാണ്. ദേഹവും ദേഹിയും തമ്മിൽ പിരിയുമ്പോൾ ശാരീരിക മരണം സംഭവിക്കുന്നു. *"എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു; തിന്നുന്ന നാളിൽ നീ മരിക്കും"* (ഉല്പ.2:17), എന്നുള്ള ദൈവകല്പന ലംഘിക്കപ്പെട്ടപ്പോൾ ആദാമിനു സംഭവിച്ചത് ആത്മീകമരണമാണ്. ദൈവത്തിൽ നിന്നുള്ള വേർപാടാണ് ആത്മീകമരണം. ആദാമിന്റെ അനുസരണക്കേടിനാൽ പാപം സകലരിലും പരന്നപ്പോൾ ആത്മീകമരണവും, തുടർന്നു പാപത്തിന്റെ കൂലിയായി ശാരീരികമരണവും മനുഷ്യനുണ്ടായി. ആത്മീകമരണത്തെക്കുറിക്കുന്ന തിരുവചന ഭാഗങ്ങൾ: **ലൂക്കൊ.15:24—** *"ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു."*

**യോഹ.5:24 —** *"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു."*

**1.യോഹ.3:14 —** *"നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്കു അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു."*

**റോമ.8:6 —** *"ജഡത്തിന്റെ ചിന്ത മരണം; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ."*

**1.കൊരി.15:22–** *"ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും."*

**എഫെ.2:1 —** *"അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു."*

**കൊലൊ.2:13 —** *"അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അവനോടുകൂടെ ജീവിപ്പിച്ചു."*

## (3) നിത്യമരണം (Eternal death) —

ആത്മീകമരണം ആത്മാവിനെ സംബന്ധിച്ചുള്ളതും ദൈവത്തിൽ നിന്നുള്ള വേർപാടിനെ കുറിക്കുന്നതുമാണ്. അതേസമയം ശാരീരികമരണം ഈ ലോകജീവിതത്തിൽ നിന്നുള്ള വേർപാടിനെക്കുറിക്കുന്നു. ഇവരണ്ടും പാപത്തിന്റെ ഫലമായുണ്ടായതാണ്. ദൈവത്തിൽ നിന്നുള്ള വേർപാടിനെ നിത്യമരണം എന്നു പറയുന്നു. നിത്യമരണം രക്ഷിക്കപ്പെടാത്ത ഒരുവനിലെ മനുഷ്യാത്മാവു ദൈവവുമായുള്ള ബന്ധത്തിൽനിന്നു എന്നെന്നേക്കുമായി വേർപെടുന്നതിനെക്കുറിക്കുന്നു. നരകത്തീപ്പൊയ്കയിലേക്കു നിത്യദണ്ഡനത്തിനായി തള്ളപ്പെടുമ്പോൾ ദൈവവുമായി എന്നെന്നേക്കുമായുള്ള വേർപാടുണ്ടാകുന്നതിനാലാണ് രണ്ടാം മരണം എന്നു പറയുന്നത്. ഒന്നാം മരണത്തിൽ ആത്മാവു ശരീരത്തിൽ നിന്നു വേർപെടുന്നു. രണ്ടാം മരണത്തിൽ മനുഷ്യൻ ദൈവത്തിൽ നിന്നു എന്നെന്നേക്കുമായി വേർപെടുന്നു. തിരുവചനത്തിൽ ശാരീരികമരണം, ആത്മീകമരണം, നിത്യമരണം എന്നീ മൂന്നവസ്ഥകൾ മരണത്തിനുണ്ടെങ്കിലും, ശാരീരികമരണം ഒന്നാം മരണവും, നിത്യമരണം രണ്ടാം മരണവുമായി തിരിക്കാം. മനുഷ്യൻ ശരീരത്തിൽ വസിക്കുമ്പോൾ നിത്യതയിലേക്കുള്ള വാസത്തിനായി കർത്താവായ യേശുക്രിസ്തുവിലൂടെ നിത്യജീവൻ പ്രാപിച്ചില്ലെങ്കിൽ അവൻ ആത്മീകമായി മരിച്ചവനാകയാൽ നിത്യമരണത്തിനധീനനായിത്തീരുന്നു. ഈ രണ്ടാം മരണത്തിൽ അവൻ ദൈവവുമായി എന്നെന്നേക്കുമായി വേർപെടുന്നതിനാൽ ദേഹം, ദേഹി, ആത്മാവോടുകൂടി വെള്ളസിംഹാസനത്തിലെ ന്യായവിധിക്കു ശേഷം തീപ്പൊയ്കയിലേക്കു തള്ളപ്പെടുന്നു.

നിത്യദണ്ഡനത്തിനു കാരണമായ രണ്ടാം മരണത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന തിരുവചന ഭാഗങ്ങൾ —

**വെളി.2:11** —*"ജയിക്കുന്നവന്നു രണ്ടാംമരണത്താൽ ദോഷം വരികയില്ല."*

**വെളി.20:6** — *"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന്നു അധികാരം ഇല്ല...."*

**വെളി. 20:14,15**—*"മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**വെളി.21:8 —** *"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ട വർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധി കൾ എന്നിവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം."*

**2.തെസ്സ.1:10 —** *"സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ട കന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും."*

**എഫെ.4:18,19 —** *"അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യംനിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽ നിന്നു അകന്നു മനം തഴമ്പിച്ചു പോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിന്നു തങ്ങളെ ത്തന്നേ ഏല്പിച്ചിരിക്കുന്നു."*

## മരണം - പാപികളിലും വിശുദ്ധന്മാരിലും —

മരണം അഥവാ വേർപാട് സകലർക്കും ദുഃഖം ഉളവാക്കുന്നതാണ്. കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിൽ ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ ഒഴികെ ഈ ഭൂമിയിൽ ജനിച്ചവരെല്ലാം മരണത്തിൽ കൂടി കടന്നു പോകേണ്ടവരാണ്. മരണം എന്നതു ഈ ഭൂമിയിൽ ജനിച്ചവരെ സംബന്ധിച്ചു യാദൃച്ഛികമല്ല; അതൊരു നിയമനമാണ് (എബ്രാ.9:27). മരണം ജീവിതത്തിന്റെ സമാപ്തിയല്ല; മറിച്ച് മറ്റൊരു ജീവിതത്തിലേക്കുള്ള പ്രവേശനമാണ്. 'മരിച്ചു പോയി' എന്നുള്ള ഒരുവന്റെ മരണത്തെപ്പറ്റിയുള്ള അറിയിപ്പിൽ തന്നെ മനസ്സിലാകുന്നതു മരിച്ചിട്ട് എവിടെയോ പോയി എന്നാണ്. മരണശേഷം നിത്യതയിലുള്ള വാസത്തിനായി സകലരും പ്രവേശിക്കുന്നു എന്നു തിരുവചനവും വ്യക്തമാക്കുന്നു. രക്ഷിക്കപ്പെടാത്തവരുടെ മരണം നരകത്തിലേക്കുള്ള പ്രവേശനവും, പുതുജനനം പ്രാപിച്ചവരുടെ ശാരീരികവേർപാട് പറുദീസയിലേക്കു അഥവാ ദൈവസന്നിധിയിലേക്കുള്ള പ്രവേശനവുമാണ്. ഭൂമിയിൽ ഒരു തവണ ജനിച്ചവർ (ശാരീരികജനനം) രണ്ടു തവണ മരിക്കുന്നുവെങ്കിൽ (ശാരീരികമരണവും നിത്യമരണവും); രണ്ടു തവണ ജനിച്ചവർ (ശാരീരിക ജനനവും, ആത്മീയജനനവും) ഒരു തവണ മാത്രം (ശാരീരിക മരണം) മരിക്കുന്നു. പാപികളായ ദുഷ്ടന്മാർ പാപത്തിൽ മരിക്കുന്നു (യോഹ.8:24), വിശ്വാസികൾ ക്രിസ്തുവിൽ മരിക്കുന്നു (ഫിലി.1:21,23/ വെളി.14:13). യേശുക്രിസ്തുവിലൂടെ നിത്യജീവൻ അവകാശമാക്കിയ വിശ്വാസികൾക്ക് മരണത്തെ ഭയപ്പെടേണ്ടതില്ല. യേശുകർത്താവു

പറഞ്ഞു —*"എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല"* (യോഹ.11:25,26). ഇവിടെ ശരീരസംബന്ധമായ മരണത്തെപ്പറ്റിയല്ല പറയുന്നത്. മറിച്ച് യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ ആത്മാവു ഒരിക്കലും മരിക്കയില്ല; അവർ എന്നെന്നേക്കും ദൈവത്തോടൊപ്പം ജീവിക്കും എന്നാണർത്ഥം.

**മരണം — വിശുദ്ധന്മാരുടെ ശരീര മരണത്തിന്റെ സവിശേഷതകൾ —**

വിശുദ്ധന്മാരുടെ മരണം ജീവനോടിരിക്കുന്നവരെ സംബന്ധിച്ചു ദുഃഖമുളവാക്കുന്നതെങ്കിലും, ഈ ലോകത്തിൽ നിന്നു മരണം വഴിയായി വേർപെട്ടു പോകുന്നവർക്ക് അതു സന്തോഷവിഷയമായിരിക്കുന്നു. ദുഃഖമില്ലാത്ത, കണ്ണുനീരില്ലാത്ത, ശാപമില്ലാത്ത, രോഗമില്ലാത്ത നിത്യസന്തോഷഭവനത്തിലേക്കുള്ള പ്രവേശനമാണത്.

**(1) നിദ്ര —**

—> 1.തെസ്സ.4:13 — *"സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിന്നു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുതു എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു."*

**(2) കൂടാരമായ ഭൗമഭവനം അഴിയൽ —**

—> 2.കൊരി.5:1 —*"കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു."*

**(3) പുതിയതു ധരിപ്പാൻ പഴയതു ഉരിഞ്ഞു കളയുന്നു —**

—> 2.കൊരി.5:2-4 —*"ഈ കൂടാരത്തിൽ ഞരങ്ങിക്കൊണ്ടു ഞങ്ങൾ നഗ്നരായിട്ടല്ല ഉടുപ്പുള്ളവരായിരിക്കുന്നു എങ്കിൽ സ്വർഗ്ഗീയമായ ഞങ്ങളുടെ പാർപ്പിടം അതിനു മീതെ ധരിപ്പാൻ വാഞ്ഛിക്കുന്നു. ഉരിവാനല്ല മർത്യമായതു ജീവനാൽ നീങ്ങിപ്പോകേണ്ടതിന്നു മീതെ ഉടുപ്പാൻ ഇച്ഛിക്കയാൽ ഞങ്ങൾ ഈ കൂടാരത്തിൽ ഇരിക്കുന്നേടത്തോളം ഭാരപ്പെട്ടു ഞരങ്ങുന്നു."*

**(4) ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ.--**

—> 2.കൊരി.5:8 —*"ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു."*

**(5) ഓഹരി ലഭിപ്പാൻ വിശ്രമത്തിലേക്കു പോകുന്നു —**

---> ദാനീ.12:13 --*"നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ചു കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും."* (Daniel would rest -- in death -- and arise in resurrection to enjoy his inheritance)

**(6) വിശ്വാസികളുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു.—**

—> സങ്കീ.116:15 --*"തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു."*

**(7) വിശ്വാസിയുടെ മരണം ഭാഗ്യമേറിയത് —**

—> വെളി.14:13 — *"ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ."*

**(8) അവർ വിശ്രമദേശത്തെത്തി ആശ്വസിക്കുന്നു. --**

—> വെളി.14:13 — *"ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു.."*

**(9) ലാഭം —**

—> ഫിലി.1:21 — *"എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു."*

**(10) അത്യുത്തമം. --**

—> ഫിലി.1:23 —*"വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അതു അത്യുത്തമമല്ലോ."*

**(11) വിശ്വാസിയുടെ മരണം പ്രത്യാശയുള്ളത് —**

—> സദൃ.14:32 — *"ദുഷ്ടന്നു തന്റെ ദുഷ്ടതയാൽ വീഴ്ച വരുന്നു; നീതിമാനോ മരണത്തിലും പ്രത്യാശയുണ്ടു."*

## മനുഷ്യൻ —വിവിധ അവസ്ഥകളും പ്രത്യേകതകളും —

ദൈവത്തിൽ ആശ്രയമില്ലാത്ത മനുഷ്യൻ ബലഹീനനാണ്. എത്ര പ്രബലനായി തോന്നിയാലും അവൻ ഒരു നിഴലിനു തുല്യം എന്നു ബൈബിൾ പറയുന്നു. മനുഷ്യന്റെ അവസ്ഥയെയും അവൻ ആശ്രയം വെച്ചിരിക്കുന്നതിന്റെ നിലനിൽപ്പിനെയും കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ നോക്കുക—

**(1) മനുഷ്യന്റെ ഉയർച്ച —**

—> സങ്കീ.37:35,36— *"ദുഷ്ടൻ പ്രബലനായിരിക്കുന്നതും; സ്വദേശികമായ പച്ചവൃക്ഷം പോലെ തഴെക്കുന്നതും ഞാൻ കണ്ടി*

*ട്ടുണ്ടു. ഞാൻ പിന്നെ അതിലെ പോയപ്പോൾ അവൻ ഇല്ല. ഞാൻ അന്വേഷിച്ചു, അവനെ കണ്ടതുമില്ല."*

**(2) ആയുസ്സ് —**

—> സങ്കീ.90:10—*"ഞങ്ങളുടെ ആയുഷ്കാലം എഴുപതു സംവത്സരം; ഏറെ ആയാൽ എൺപതുസംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ. അതു വേഗം തീരുകയും ഞങ്ങൾ പറന്നു പോകയും ചെയ്യും."*

**(3) ഭൗതികമായത് —**

—> സങ്കീ.102:25,26— *"പൂർവ്വകാലത്തു നീ ഭൂമിക്കു അടിസ്ഥാനമിട്ടു; ആകാശം നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. അവ നശിക്കും നീയോ നിലനിൽക്കും; അവയെല്ലാം വസ്ത്രം പോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ മാറ്റും; അവ മാറിപ്പോകയും ചെയ്യും."*

**(4) ഉല്ലാസങ്ങൾ —**

—> ലൂക്കൊ.12:19,20— *"ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയും. ദൈവമോ അവനോടു: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കി വെച്ചതു ആർക്കാകും എന്നു പറഞ്ഞു."*

**(5) ഭംഗി —**

—> 1.പത്രൊ.1:24 —*"സകല ജഡവും പുല്ലു പോലെയും അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂ പോലെയും ആകുന്നു; പുല്ലു വാടി, പൂവുതിർന്നുപോയി; കർത്താവിന്റെ വചനമോ എന്നേക്കും നില നിൽക്കുന്നു."*

**(6) സൗന്ദര്യം —**

—> സങ്കീ.39:11—*"നീ അവന്റെ സൗന്ദര്യത്തെ പുഴു പോലെ ക്ഷയിപ്പിച്ചിരിക്കുന്നു; ഏതു മനുഷ്യനും ഒരു ശ്വാസമത്രേ ആകുന്നു."*

**(7) മാനുഷിക വാഗ്ദാനങ്ങൾ —**

—> സങ്കീ.118:8,9—*"മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു. പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു."*

**(8) ധനം —**

—> സദൃ23:4—*"ധനവാനാകേണ്ടതിന്നു പണിപ്പെടരുതു; അതിന്നായുള്ള ബുദ്ധി വിട്ടുകളക. നിന്റെ ദൃഷ്ടി ധനത്തിന്മേൽ പതിക്കുന്നതു എന്തിനു? അതു ഇല്ലാതെയായ്പ്പോകുമല്ലോ."*

## മനുഷ്യന്റെ പ്രത്യേകതകൾ —

> 1. മനുഷ്യൻ ദൈവസൃഷ്ടി, ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവൻ.

> 2. മനുഷ്യൻ ആത്മാവുള്ളവൻ.

> 3. നിലത്തെ പൊടിയിൽ നിന്നു സൃഷ്ടിക്കപ്പെട്ടവനെങ്കിലും ദൈവത്തിന്റെ ജീവശ്വാസം സ്വീകരിക്കുവാൻ കഴിവുള്ളവൻ. അതായതു ബലഹീനൻ എങ്കിലും ദൈവശക്തി പ്രാപിക്കുവാൻ കഴിവുള്ളവൻ.

> 4. പാപം മൂലം ദൈവികതേജസ്സും,കൂട്ടായ്മയും നഷ്ടപ്പെടുത്തിയെങ്കിലും ദൈവികതേജസ്സും, കൂട്ടായ്മയും വീണ്ടും ലഭിപ്പാൻ യോഗ്യൻ. (ലൂക്കൊ.12:7/ലൂക്കൊ.15:18).

> 5. മനുഷ്യനെ ലോകക്കാർ വിലയില്ലാത്തവനായി കാണുമ്പോൾ ദൈവവചനം പറയുന്നു —

ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? (മത്താ.16:26). അതായത് മനുഷ്യന്റെ ആത്മാവിനു ദൈവം കാണുന്ന വില സർവ്വലോകത്തിന്റെ വിലയേക്കാളുമതീതമാണ്.

> 6. യേശുക്രിസ്തുവിന്റെ ജീവൻ മറുവിലയായി കൊടുപ്പാൻ തക്കവണ്ണം മനുഷ്യൻ വിലയുള്ളവനാണെന്നു കാൽവറിക്രൂശു വെളിപ്പെടുത്തുന്നു.

> 7. പാപിയായൊരു മനുഷ്യൻ യേശുക്രിസ്തുവിലായാൽ അവനൊരു പുതിയസൃഷ്ടിയായിത്തീരുന്നു — 2.കൊരി.5:17.

> 8. സകല മനുഷ്യരും പാപത്തിൽ നിന്നു രക്ഷപ്രാപിപ്പാൻ, വിശുദ്ധിയിൽ ജീവിക്കുവാൻ, സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ മതിയായ ദൈവത്തിന്റെ സുവിശേഷം അറിയിക്കുവാൻ രക്ഷിക്കപ്പെട്ട വിശ്വാസികളെ ഏൽപ്പിച്ചിരിക്കുന്നു. ദൂതന്മാർ പോലും ആഗ്രഹിക്കുന്ന സുവിശേഷപ്രചരണ അവകാശം മനുഷ്യനു മാത്രം ദൈവം നൽകിയിരിക്കുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

## ജീവൻ തനിയെ ഉണ്ടായതോ? സൃഷ്ടിക്കപ്പെട്ടതോ?

ജീവന്റെ അടിസ്ഥാനയൂണിറ്റു ഒരു കോശമാണ് (cell). നാം എല്ലാവരും ഏകകോശമായിട്ടാണ് നമ്മുടെ അമ്മയുടെ ഉദരത്തിലുട ലെടുത്തത്. എന്നാൽ ഇന്നു നമ്മുടെ ശരീരത്തിൽ ഏകദേശം 50 ലക്ഷം കോടി കോശങ്ങളുണ്ട്. എല്ലാ ജീവികളും എല്ലാ സസ്യങ്ങ ളും ഏകകോശമായിട്ടാണ് ജീവിതം തുടങ്ങുന്നത്. കോശത്തിന് ഒരു ശരീരഘടന (Hardware) ഉണ്ട്. അതുപോലെ തന്നെ ആ കോശ ത്തിൽ ആ ജീവിയുടെ Software അടങ്ങിയിരിക്കുന്നു. ഒരു പ്ളാവി നെക്കുറിച്ചുള്ള വിവരങ്ങൾ (information) ചക്കക്കുരുവിൽ ഗുപ്തമാ യിരിക്കുന്നു. ഒരു മത്സ്യത്തിന്റെ മുട്ടയിൽ ആ മത്സ്യത്തെക്കുറിച്ചുള്ള വിവരങ്ങൾ (information) ഉണ്ട്. ലോകത്തിലുള്ള വിവിധതരം ജീവി കളിൽ ഓരോന്നിലും വിവിധതരം software ഉണ്ട്. വിവരങ്ങൾ അഥവാ ചിന്തകൾ (Information) ഒരിക്കലും തനിയെ ഉണ്ടാകുവാൻ സാദ്ധ്യമല്ല. Information-ന് കാരണക്കാരനായ ഒരു ബുദ്ധിയുടെ ഉറവിടം (mental source) ഉണ്ടാകേണ്ടിയിരിക്കുന്നു. ലോകത്തി ലേക്കുംവെച്ച് ഏറ്റവും സങ്കീർണ്ണമായ വസ്തു മനുഷ്യന്റെ തല ച്ചോറാണ്. ഒരു മനുഷ്യന്റെ (ഒരു fullstop-ന്റെ വലിപ്പമുള്ള) zygote -ൽ തലച്ചോറുൾപ്പെടെയുള്ള മനുഷ്യശരീരത്തിന്റെ എല്ലാ അവയ വങ്ങളെയും നിർമ്മിക്കുവാനുള്ള സംവിധാനങ്ങളുണ്ട്. മനുഷ്യമസ്തിഷ്കത്തെക്കുറിച്ചു ശാസ്ത്രലോകം പൂർണ്ണമായി ഇതു വരെയും മനസ്സിലാക്കിയിട്ടില്ല. ലോകത്തിലുള്ള ജീവികളുടെയെല്ലാം സെല്ലിൽ, മുട്ടയിൽ, വിത്തിൽ അടങ്ങിയരിക്കുന്ന വിവിരങ്ങൾ, വിചാ രങ്ങൾ കൂട്ടിനോക്കിയാൽ അവയുടെ ആകെത്തുക എത്രയായിരി ക്കും. ദൈവദാസനായ ദാവീദ് പറയുന്നു--**സങ്കീ.139:17,18** — *"ദൈവമേ നിന്റെ വിചാരങ്ങൾ എനിക്കു എത്ര ഘനമായവ! അവ യുടെ ആകത്തുകയും എത്ര വലിയതു! അവയെ എണ്ണിയാൽ മണ ലിനേക്കാൾ അധികം."* ഇവയൊക്കെ രൂപകൽപ്പന (programme) ചെയ്ത mental source-ന്റെ അറിവ്, ബുദ്ധിശക്തി, വൈഭവം (skill) എത്ര അപാരമാണ്. ആ ദൈവം മനുഷ്യനെ ഒരു വ്യക്തിയായി രൂപ കല്പന (programme) ചെയ്തിരിക്കുന്നുവെങ്കിൽ അദ്ദേഹമെത്ര മാത്രം വ്യക്തിത്വം (personality) ഉള്ളവനായിരിക്കണം. **യെശ.6:3** — *"സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശു ദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

പരിണാമസിദ്ധാന്തത്തിൽ information ന്റെ ഉല്പാദനത്തെക്കുറിച്ചു യുക്തിപരമായ ഉത്തരം തരുവാൻ സാധിക്കയില്ല. Information -ന്റെ കാരണക്കാരനായി ഒരു മാനസിക വ്യക്തിത്വമുള്ള ഉറവിടത്തിന്റെ (source) ആവശ്യകത നമുക്കു മനസ്സിലാക്കാം. ഈ കാണുന്ന പ്രപഞ്ചത്തിനും, ജീവജാലങ്ങൾക്കും ഒരു സ്രഷ്ടാവുണ്ട്. ആ മഹോന്നതനാം ദൈവത്തിന്റെ സൃഷ്ടിയാണ് മനുഷ്യൻ. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുകയും അവന്റെ നന്മയ്ക്കായി സകലവും ഒരുക്കുകയും ചെയ്തിട്ടും ദൈവത്തിനു കൊടുക്കേണ്ട മഹത്വവും ബഹുമാനവും മനുഷ്യൻ കൊടുക്കുന്നില്ല.

**റോമ.1:19–23** -- *"ദൈവത്തെക്കുറിച്ചു അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ. അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടു പോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു."*

= = = = = = = ***Amen*** = = = = = = =

# അദ്ധ്യായം – 8

## അഭിഷേകം

***യേശുക്രിസ്തുവിൽ വിശ്വസിച്ചശേഷം പരിശുദ്ധാത്മാവിനായി കാത്തിരുന്നോ? അഭിഷേകം പ്രാപിച്ചോ?*** എന്നീ ചോദ്യങ്ങൾ ചിലർ ചോദിക്കാറുണ്ട്. തിരുവചനം പരിശുദ്ധാത്മസഹായത്താൽ പഠിച്ചാൽ, ഈ ചോദ്യങ്ങൾക്കു പ്രസക്തിയില്ലെന്നും, ചോദിക്കുന്ന വ്യക്തികൾ തിരുവചനം വ്യക്തമായി പഠിക്കുന്നില്ലെന്നും മനസ്സിലാക്കാം. മാത്രമല്ല അവരുടെ സഭാതത്വശാസ്ത്രങ്ങളും, സഭാമേലദ്ധ്യക്ഷന്മാർ പറയുന്നതും പഠിപ്പിക്കുന്നതുമായ ഉപദേശങ്ങളും യാതൊരു വിചിന്തനവുമില്ലാതെ അതേപടി ഏറ്റുപറയുന്നുവെന്നേയുള്ളുവെന്നും ഗ്രഹിക്കാം.

കർത്താവായ യേശുക്രിസ്തുവിലൂടെ രക്ഷയുടെ അനുഭവത്തിലേക്കു വരുന്ന ഒരുവനിൽ പരിശുദ്ധാത്മാവ് എന്ന ആദ്യദാനം നൽകി ദൈവം ആ വ്യക്തിയെ അഭിഷേകം ചെയ്യുന്നു. തുടർന്ന് അവനിൽ പരിശുദ്ധാത്മാവ് വസിക്കുന്നു. അവൻ സമ്പൂർണ്ണസമർപ്പണമുള്ളവനായി ക്രിസ്തുവിനോട് അനുരൂപപ്പെട്ടു ജീവിക്കുമ്പോൾ ആത്മനിറവിന്റെ അനുഭവത്തിൽ ആത്മഫലം പുറപ്പെടുവിക്കുന്നു. രക്ഷിക്കപ്പെട്ട ഒരു വിശ്വാസി വിശുദ്ധനും, അഭിഷിക്തനുമാണ്. ഒരു പാപിയെ വിശുദ്ധനാക്കുന്നതും, അഭിഷിക്തനാക്കുന്നതും കർത്താവാണ്. ഇന്ന് പട്ടത്വസഭകളിൽ നിലനിൽക്കുന്ന പൗരോഹിത്യവും, അഭിഷേകസ്ഥാനാരോഹണശുശ്രൂഷകളും പഴയനിയമപ്രകാരമുള്ളതാണ്. കർത്താവായ യേശുക്രിസ്തുവിലൂടെ വിശുദ്ധീകരണം പ്രാപിച്ചവർ പുരോഹിതന്മാരാണ് (1.പത്രൊ.2:9/വെളി.1:6). പുരോഹിതൻ അഭിഷിക്തനാണ്. അഭിഷേകം ഇല്ലാതെ പൗരോഹിത്യപദവി ലഭിക്കുന്നില്ല. തലയായ ക്രിസ്തു അഭിഷിക്തൻ ആയതിനാൽ ശരീരത്തിലെ ഇതര അവയവങ്ങളായ വിശ്വാസികളും അഭിഷിക്തരാണ്. ശരീരത്തിൽ ഇനി പ്രത്യേകിച്ചു ഒരു അഭിഷേകം ആവശ്യമില്ല. വീണ്ടും ജനിക്കുമ്പോൾ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചിരിക്കേ, പരിശുദ്ധാത്മാഭിഷേകത്തിനായി പ്രത്യേകം കാത്തിരിക്കണം എന്നു

പറയുന്നത്, വീണ്ടും ജനിച്ചവൻ മറ്റൊരുതവണ കൂടി വീണ്ടും ജനിക്കണമെന്നു പറയുന്നതിനു തുല്യമാണ്. ആത്മസ്നാനത്തിനോ അഭിഷേകത്തിനോ വിശ്വാസി കാത്തിരിക്കുവാനോ ആരെങ്കിലും അതിനായി പ്രവർത്തിക്കുവാനോ തിരുവചനത്തിൽ പറയുന്നില്ല.

കർത്താവിന്റെ മരണപുനരുത്ഥാനശേഷം ശിഷ്യന്മാർ യെരുശലേമിൽ കാത്തിരിക്കുവാൻ പറഞ്ഞിരുന്നു. വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവു എന്ന കാര്യസ്ഥനെ ഭൂമിയിലേക്കു അയച്ചു അവർക്കു ശക്തി പകരുന്നതിനായിരുന്നു കാത്തിരിക്കുവാൻ കല്പിച്ചിരുന്നത് (ലൂക്കൊ.24:49). അതിൻ പ്രകാരം അപ്പൊസ്തലപ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവെന്ന കാര്യസ്ഥൻ ആദ്യമായി ഭൂമിയിലേക്കു വരുന്നു (അപ്പൊ.2:1-4). 8-ാം അദ്ധ്യായത്തിൽ ശമര്യവിശ്വാസികൾക്കും (അപ്പൊ.8:17), 10-ാം അദ്ധ്യായത്തിൽ ജാതീയവിശ്വാസികൾക്കും പരിശുദ്ധാത്മാവു ലഭിക്കുന്നു (അപ്പൊ.10:44). 19-ാം അദ്ധ്യായത്തിൽ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർക്കു ലഭിക്കുന്നു (അപ്പൊ.19:1-7).

അതായത് അപ്പൊ.2-ാം അദ്ധ്യായത്തിൽ യഹൂദനും, 8-ാം അദ്ധ്യായത്തിൽ ശമര്യർക്കും, 10-ാം അദ്ധ്യായത്തിൽ ജാതികൾക്കും, 19-ാം അദ്ധ്യായത്തിൽ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർക്കും പരിശുദ്ധാത്മാവു ലഭിക്കുന്നു. അവർ പുതിയനിയമസഭയിലേക്കു പ്രവേശിക്കയും ചെയ്തു. യെരൂശലേമിലും, ശമര്യയിലും, കൈസര്യയിലും, കൊരിന്തിലും ഇങ്ങനെ ദേശത്തിന്റെ നാലു ദിക്കിലുമുള്ളവർ കർത്താവിൽ വിശ്വസിച്ചപ്പോൾ പരിശുദ്ധാത്മസ്നാനം ലഭിക്കയാൽ വാഗ്ദത്തം ചെയ്ത പെന്തൊക്കൊസ്തിന്റെ പരിശുദ്ധാത്മാവിന്റെ അനുഭവം നിറവേറപ്പെട്ടു. ഇതിനുശേഷം പരിശുദ്ധാത്മാവു ലഭിക്കുന്നതിനായി രക്ഷിക്കപ്പെട്ടവർ കാത്തിരിക്കുവാൻ വചനം കല്പിക്കുന്നില്ല. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട വിശ്വാസികൾ പരിശുദ്ധാത്മസ്നാനത്തിനു പങ്കാളികളാണെന്നു തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. **1.കൊരി.12:13** — *"യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു."*

അഭിഷേകം എന്ന വിഷയവിശദീകരണത്തിനായി അപ്പൊസ്തലന്മാരായ യോഹന്നാനും പൗലൊസും രേഖപ്പെടുത്തിയിരിക്കുന്ന തിരുവചനഭാഗങ്ങൾ ചിന്തിക്കാം.

**(1) 1.യോഹ.2:20 — നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു —**

"But you have an **annointing** from the Holy One, and you know all things'' (KJV)

" But ye have an **unction** from the Holy One, and ye know all things.'' (Liberty Bible Commentary)

യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടും ജനിച്ചു ദൈവകുടുംബത്തിലേക്കു പ്രവേശിച്ച ഒരു പുതുവിശ്വാസിക്ക് സത്യമേത്, ഭോഷ്ക്കേത് എന്നു എങ്ങനെ തിരിച്ചറിയാം? ഈ പുതുവിശ്വാസി സകലവും അറിയുന്നതെങ്ങനെ? ഇതിനുള്ള ഉത്തരമാണ് അപ്പൊസ്തലനായ യോഹന്നാൻ നൽകിയിരിക്കുന്നത്. ഒരുവൻ രക്ഷിക്കപ്പെടുന്ന മാത്രയിൽ അവനിൽ പരിശുദ്ധാത്മാവ് വസിക്കുവാൻ തുടങ്ങുന്നു. ഈ കാര്യസ്ഥൻ വിശ്വാസിയെ സത്യവും കപടവും വേർതിരിച്ച് അറിയുന്നതിനു സഹായിക്കുന്നു. സകലവും അറിയുന്നു എന്നു പറയുന്നത് ആത്മീകാർത്ഥത്തിലാണ്. ലോകപ്രകാരമുള്ള അറിവിന്റെ കാര്യമല്ല. ലോകപ്രകാരം ഉന്നത വിദ്യാഭ്യാസമുള്ള ഒരുവനേക്കാൾ വിദ്യാഭ്യാസമില്ലാത്ത ഒരു വിശ്വാസിക്ക് സത്യമേത്, ഭോഷ്ക്കേത്, നന്മയേത്, തിന്മയേത് എന്നു ആത്മീകമായി വിവേചിച്ചറിയുവാൻ കഴിവു ലഭിക്കുന്നു. യേശുക്രിസ്തു പരിശുദ്ധാത്മാവാകുന്ന കാര്യസ്ഥന്റെ പ്രവർത്തനത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. **യോഹ.14:26 —** "പരിശുദ്ധാത്മാവെന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും."

**(2) 2.കൊരി.1:21,22 — "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവു എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു."** ("Now He who establishes us with you in Christ and has annointed us is God, who also has sealed us and given us the Spirit in our hearts as a guarantee.'' ) —

രക്ഷിക്കപ്പെടുമ്പോൾ ലഭിക്കുന്ന പരിശുദ്ധാത്മാഭിഷേകം, വിശ്വാസിയെ സത്യത്തിന്റെ പാതയിൽ ജീവിക്കുവാൻ അറിവു പകർന്നു കൊടുക്കുന്ന ശുശ്രൂഷയായിട്ടാണ് യോഹന്നാൻ വിശദീകരിക്കുന്നത്. പൗലൊസാകട്ടെ, വിശ്വാസിയെ ക്രിസ്തുവിനോടു ചേർത്തു ഉറപ്പിക്കുന്നതും, അഭിഷേകം ചെയ്യുന്നതും ദൈവമാണെന്നു പ്രസ്താവിക്കുന്നു. ഈ അഭിഷേകത്തിലൂടെ രക്ഷിക്കപ്പെടുന്നവന്റെ ഉടമസ്ഥാവകാശം മുദ്രയിടപ്പെടുന്നതായും, ഭാവിയിൽ ആസ്വദിക്കുവാൻ പോകുന്ന സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ അച്ചാരമായും അതിനെ വിശദീകരിക്കുന്നു. പരിശുദ്ധാത്മിന്റെ മുദ്രയും, അച്ചാരവും എന്താണെന്നു നോക്കാം.

### മുദ്ര (Seal )

മൂന്നു വിധത്തിൽ ഇതിന്റെ ആശയം വിശദീകരിക്കാം.

**(1) ഉടമസ്ഥാവകാശവും അധികാരവും** (Ownership and control) —

ഏതെങ്കിലുമൊരു സാധനത്തിന്മേൽ പതിച്ചിരിക്കുന്ന മുദ്ര കാണുമ്പോൾ നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നത് ആ മുദ്ര അതിന്റെ ഉടമസ്ഥന്റെ അവകാശത്തെയും അധികാരത്തെയും കുറിക്കുന്നു എന്നതാണ്. ആയതുപോലെ പിശാചിന്റെ കയ്യിലെ ഉപകരണമായി ഇരുട്ടിന്റെ വഴിയിൽ നടന്ന ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവിനാലുള്ള മുദ്രയിടൽ അവൻ ദൈവത്തിന്റെ വകയാണെന്നതിനെയും, അവനിൽ ദൈവത്തിനുള്ള അധികാരത്തെയും വിളിച്ചറിയിക്കുന്നു.

**(2) നിലവാരം അഥവാ യഥാർത്ഥമായത്** (Standard and genuineness) — ഒരു സാധനത്തിന്മേലുള്ള മുദ്ര അതിന്റെ നിർമ്മിതാവിന്റെ നിലവാരത്തെക്കുറിക്കുന്നതുപോലെ രക്ഷിക്കപ്പെട്ട വ്യക്തിയിലുള്ള പരിശുദ്ധാത്മാവിന്റെ മുദ്ര അവൻ ദൈവത്തിന്റെ സ്വഭാവവൈശിഷ്ട്യങ്ങൾ ഉൾക്കൊള്ളുന്നവനും സ്വർഗ്ഗീയ നിലവാരത്തിനനുസരിച്ചു ജീവിക്കുവാൻ കൃപലഭിച്ചവനും ആണെന്നുള്ളതാണ്.

**(3) സൂക്ഷിപ്പും പരിപാലനവും** (Preservation and keeping) —

ഒരു സാധനത്തിന്മേലുള്ള മുദ്ര വ്യക്തമാക്കുന്ന മറ്റൊരു വസ്തുത, ആ സാധനം അനേക വർഷത്തേക്കു കേടുകൂടാതെയുള്ള പ്രവർത്തനത്തിനു നിർമ്മിതാവു ഉറപ്പു നൽകുന്നതിനെയാണ്. ആയതുപോലെ രക്ഷിക്കപ്പെട്ടവരുടെ ഉടമസ്ഥാവകാശം ദൈവത്തിനാക

യാൽ അവരുടെ പരിപാലനവും സൂക്ഷിപ്പും എന്നുമെന്നേക്കും ദൈവം നടത്തിക്കൊള്ളുമെന്നതിന്റെ ഉറപ്പും കൂടിയാണ് പരിശുദ്ധാത്മാവിനാലുള്ള മുദ്ര.

### അച്ചാരം (Deposit / guarantee)

ഏതെങ്കിലും സാധനമോ, വസ്തുവകയോ വില പറഞ്ഞു സമ്മതിച്ചുറപ്പിക്കുമ്പോൾ അതിന്റെ ഉറപ്പിനായി വിലയുടെ ഒരു ഭാഗം മുമ്പേ കൊടുക്കുന്നതിനെ (advance / partial payment / down payment / security / guarantee / earnest deposit) അച്ചാരം എന്ന പദം സൂചിപ്പിക്കുന്നു. രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവെന്ന ആദ്യദാനം അച്ചാരമായി ലഭിക്കുന്നു. ഇതു ഒരു വിശ്വാസിക്കു കർത്താവിനോടൊപ്പമുള്ള ജീവിതത്തിൽ അനുഭവിക്കുവാൻ പോകുന്ന സകലവിധമായ അനുഗ്രഹങ്ങളുടെയും മുൻകൂർ അനുഗ്രഹമാണ്. ചുരുക്കത്തിൽ വിശ്വാസിയെ സംബന്ധിച്ച് സ്വർഗ്ഗത്തിൽ താൻ നുകരുവാൻ പോകുന്ന സകലത്തിന്റെയും ഒരു രുചി നോക്കൽ (ഉപ്പുനോക്കൽ) (tasting the first instalment of future glory) കൂടിയാണ് പരിശുദ്ധാത്മാവെന്ന ആദ്യദാനമായ അച്ചാരം. വിശ്വാസിക്കു ലഭിക്കുന്ന സ്വർഗ്ഗീയ അനുഗ്രഹങ്ങളെയും, പരിശുദ്ധാത്മാവിന്റെ മുദ്രയിടലിനെയും, അച്ചാരത്തെയും കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്ന തിരുവചനഭാഗങ്ങൾ നോക്കുക —

**എഫെ.1:3** — *"**സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന** നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ."*

**എഫെ.1:13,14** — *"അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചെക്കായിട്ടു നമ്മുടെ **അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.**"*

**എഫെ.4:30** — *"ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു; അവനാലല്ലോ നിങ്ങൾക്കു **വീണ്ടെടുപ്പു നാളിന്നായി മുദ്രയിട്ടിരിക്കുന്നതു.**"*

**2.തിമൊ.2:19 —** *"കർത്താവു തനിക്കുള്ളവരെ അറിയുന്നു എന്നും കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ എന്നും ആകുന്നു അതിന്റെ **മുദ്ര.**"*

**റോമ.8:23 —*"ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും*** *നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു."*

**1.പത്രൊ.1:4,5 —***"അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷെക്കു വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന **നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും** ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിന്നായി തന്നേ വീണ്ടും ജനിപ്പിച്ചിരിക്കുന്നു."*

**2.കൊരി.5:5 —** *"അതിന്നായി ഞങ്ങളെ ഒരുക്കിയതു **ആത്മാവിനെ അച്ചാരമായി തന്നിരിക്കുന്ന ദൈവം തന്നേ."***

*നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു*, എന്ന വാക്യം ഇംഗ്ളീഷ് പരിഭാഷയിൽ ഇപ്രകാരം കാണുന്നു — "But ye have an unction from the Holy One." (Liberty Bible Commentary). CHRISMA എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് unction (അഭിഷേകം) എന്ന വാക്ക് വന്നിട്ടുള്ളത്. Unction എന്ന വാക്കിനർത്ഥം - An act of annointing with oil for medical purpose or a religious purpose (ചികിത്സാകാര്യത്തിനോ, മതപരമായ ഏതെങ്കിലും ചടങ്ങിനോ ഒരുവനിൽ എണ്ണ/തൈലം ഒഴിക്കുന്നതിനെ കാണിക്കുന്നു). തൈലക്കാരന്റെ വിദ്യപ്രകാരം തയ്യാറാക്കേണ്ട അഭിഷേകതൈലത്തിന്റെ നിർമ്മാണത്തെപ്പറ്റി മോശെക്കു ദൈവം വ്യക്തമായി നിർദ്ദേശം നല്കിയിട്ടുണ്ടായിരുന്നു (പുറ.30:22-33). തിരുവചനത്തിൽ എണ്ണ പരിശുദ്ധാത്മാവിനെക്കുറിക്കുന്നു.

പഴയനിയമകാലത്തു മൂന്നു സ്ഥാനങ്ങൾക്കായി അഭിഷേകം ചെയ്തിരുന്നു.

(1) രാജാക്കന്മാർ —1.ശമൂ10:1/1.ശമൂ.15:1/1.ശമൂ.16:13/1.രാജാ.19:16

(2) പ്രവാചകന്മാർ — 1.രാജാ.19:16

(3) പുരോഹിതന്മാർ — ലേവ്യ.8:12.

രാജാക്കന്മാരെയും പ്രവാചകന്മാരെയും പുരോഹിതന്മാരെയും അഭിഷേകം ചെയ്തതു അവർക്കു പ്രത്യേകപദവികൾ നൽകി ശുശ്രൂഷകൾക്കായി വേർതിരിക്കയായിരുന്നു. ഇതു ദൈവ സന്നിധിയിൽ അവരുടെ ശുശ്രൂഷകൾക്കും, സേവനങ്ങൾക്കും ശക്തി പകരപ്പെടുവാൻ പരിശുദ്ധാത്മാവിനെ അവർക്കു നൽകുന്നതിന്റെ അടയാളവുമായിരുന്നു. (യെശ.61:1-3/സെഖ.4:1-14/ ലൂക്കൊ.4:17-19/ അപ്പൊ.10:38).

പുതിയനിയമകാലത്തു ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുമ്പോൾ ആത്മാഭിഷേകത്താൽ മൂന്നു സ്ഥാനങ്ങളും ലഭ്യമാകുന്നു. *“നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട രാജകീയപുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു”* എന്നു തിരുവെഴുത്തു വെളിപ്പെടുത്തുന്നു (1.പത്രൊ.2:9). കർത്താവിന്റെ സാക്ഷ്യം വഹിക്കുന്നവർ, കർത്താവിന്റെ വരവിനെക്കുറിച്ചു തിരുവചനത്തിലൂടെ പ്രസ്താവിക്കുന്നവർ എന്ന നിലയിൽ അവർ പ്രവാചകന്മാരുമാണ്.

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട രാജാവും, മഹാപുരോഹിതനുമായ മശീഹയായ ക്രിസ്തു അഭിഷിക്തൻ എന്നു കാണുന്നു (ലൂക്കൊ.3:21,22/അപ്പൊ.10:38). പുതിയനിയമത്തിൽ ആത്മാഭിഷേകത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക.

(1) 2.കൊരി.1:21 : “നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ.”

(2) 1.യോഹ.2:20 : “നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു.”

(3) 1.യോഹ.2:27 : “അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല....”

ഈ വാക്യങ്ങളിൽ ദൈവമക്കൾ അഥവാ വിശ്വാസികൾ അഭിഷേകം പ്രാപിച്ചവരെന്നു ഭൂതകാലത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ അഭിഷേകതൈലം അഭിഷേകം ചെയ്യപ്പെടേണ്ട വ്യക്തിയുടെ തലയിലാണ് ഒഴിക്കുന്നത്. മോശെ തന്റെ സഹോദരനായ അഹരോന്റെ തലയിൽ ദൈവകല്പനപ്രകാരം പ്രത്യേകം തയ്യാറാക്കപ്പെട്ട തൈലം (പുറ.30:22-38) ഒഴിച്ച് അഭിഷേകം ചെയ്യുന്നു

> ***സങ്കീ.133:2*** *–"അതു വസ്ത്രത്തിന്റെ വിളുമ്പിക്കേു നീണ്ടു കിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷ തൈലം പോലെയും...."* അതായത് അഭിഷേകതൈലം തലയിൽ കൂടി ഒഴുകി ശരീരഭാഗങ്ങളിലൂടെ പാദം വരെയും എത്തുന്നു. ആത്മീകമായി ചിന്തിക്കുമ്പോൾ ***ക്രിസ്തു തലയും, സഭ ശരീരവും ആണ്. ക്രിസ്തു അഭിഷിക്തൻ ആയതിനാൽ ക്രിസ്തുവിനോടു ചേർക്കപ്പെട്ടിരിക്കുന്ന ശരീരമാകുന്ന സഭയും അഭിഷിക്ത തന്നേ.***

ഒരു വിശ്വാസി രക്ഷിക്കപ്പെട്ടശേഷം കാത്തിരുന്നോ അല്ലാതെയോ ആത്മാഭിഷേകം പ്രാപിക്കണമെന്നു തിരുവചനത്തിൽ കല്പനയില്ല. രക്ഷിക്കപ്പെടുന്ന മാത്രയിൽ ഒരുവനു ലഭിക്കുന്നതാണ് പരിശുദ്ധാത്മാവിനാലുള്ള അഭിഷേകം. അതായത് ഒരു വിശ്വാസിയുടെ കഴിവിനാലോ ചോദിച്ചു വാങ്ങുവാനോ കഴിയുകയില്ല. കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുന്ന വേളയിൽത്തന്നെ രക്ഷാകാരണക്കാരനായ പരിശുദ്ധാത്മാവാം ദൈവം വിശ്വാസിയിൽ വാസം ആരംഭിക്കുന്നു. പരിശുദ്ധാത്മ അഭിഷേകത്താൽ വിശ്വാസി രാജകീയ പുരോഹിത വർഗ്ഗമായിത്തീരുന്നു. പുരോഹിതൻ എന്ന നിലയിൽ ദൈവത്തെ ആരാധിപ്പാനും സ്തുതിപ്പാനും പ്രാപ്തനാകുന്നു. രക്ഷിക്കപ്പെട്ട ശേഷം ഒരു രണ്ടാം അനുഭവമല്ല പരിശുദ്ധാത്മ അഭിഷേകം. രക്ഷിക്കപ്പെടുമ്പോൾ ക്രിസ്തു തലയും വിശ്വാസി ക്രിസ്തുവിന്റെ ശരീരവുമായിത്തീരുന്നു. തലയായ ക്രിസ്തു അഭിഷിക്തനാകയാൽ ശരീരമായ വിശ്വാസിയും അഭിഷേകം പ്രാപിച്ചവനാണ്. ആകയാൽ രക്ഷിക്കപ്പെട്ടവരിൽ അഭിഷേകം പ്രാപിച്ചവർ എന്നും പ്രാപിക്കാത്തവർ എന്നും രണ്ടു കൂട്ടരില്ല. **രക്ഷിക്കപ്പെട്ട സകല ദൈവമക്കളും അഭിഷിക്തരാണ്.**

= = = = = = = ***Amen*** = = = = = = =

# അദ്ധ്യായം - 9

## അന്യഭാഷ

ആത്മസ്നാനത്തിന്റെയും, അഭിഷേകത്തിന്റെയും, ആത്മനിറവിന്റെയും അടയാളമായി ചിലർ അന്യഭാഷയെ വ്യാഖ്യാനിക്കുന്നു. അന്യഭാഷയില്ലാത്തവർക്കു പരിശുദ്ധാത്മാവില്ലെന്നു പഠിപ്പിക്കുന്നു. ഭാഷാവരം അഥവാ അന്യഭാഷ ലഭിച്ചവർ മാത്രമേ കർത്താവു വരുമ്പോൾ എടുക്കപ്പെടുകയുള്ളുവെന്നും മറ്റുചിലർ അവകാശപ്പെടുന്നു. തിരുവചനം എന്തു പറയുന്നു?

> പാട്ടുകൾ വേഗത്തിൽ പാടി അതിന്റെ മൂർദ്ധന്യാവസ്ഥയിൽ വികാരാവേശത്താൽ പുറപ്പെടുവിക്കുന്ന ഞരക്കങ്ങൾ, മൂളലുകൾ, ശബ്ദങ്ങൾ, വിക്കി വിക്കിയുള്ള വാക്കുകൾ എന്നിവ തിരുവചനത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന അന്യഭാഷയാണോ?

> അന്യഭാഷ സംസാരിക്കാത്ത ഒരുവനിൽ പരിശുദ്ധാത്മാവില്ലെന്നു പറയുന്നതു ശരിയാണോ?

> ആത്മാവിന്റെ ഫലത്തിന്റെ കൂട്ടത്തിൽ (ഗലാ.5:22)അന്യഭാഷ കാണുന്നില്ലല്ലോ?

> ആത്മാവിൽ ആരാധിക്കുകയെന്നാൽ അന്യഭാഷയോടെയും, ആർപ്പോടെയുമുള്ള ആരാധനയാണോ?

> വിഗ്രഹത്തെ ആരാധിക്കുകയും, മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുകയും, വിശുദ്ധന്മാരായി മനുഷ്യർ പ്രഖ്യാപിച്ചവരിലൂടെ മദ്ധ്യസ്ഥപ്രാർത്ഥനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രക്ഷിക്കപ്പെടാത്തവർ അന്യഭാഷകളിൽ സംസാരിക്കുന്നതും പ്രവചിക്കുന്നതും ഏത് ആത്മാവിനാലാണ്?

> കൊന്തജപത്തിലൂടെയും, മരിച്ചുപോയ മനുഷ്യമദ്ധ്യസ്ഥരിലൂടെയും പ്രാർത്ഥിക്കുകയും 'ഇതാ നിന്റെ അമ്മ' (യോഹ.19:27) എന്നു പറഞ്ഞു കർത്താവു ഏല്പിച്ചു തന്നതാണെന്നു പറഞ്ഞു, മറിയത്തെ ആരാധിക്കുന്നവരുമായ കരിസ്മാറ്റിക്കുകാർ അന്യഭാഷയും, പ്രവചനവും, രോഗശാന്തി ശുശ്രൂഷകളും നടത്തുന്നത് ദൈവാത്മാവിനാലാണോ? "ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ" (മത്താ.7:22,23) എന്നു കർത്താവു ഇവരെക്കുറിച്ചല്ലേ പറഞ്ഞത്?

> പ്രവചനവും അന്യഭാഷയും ഇന്നുണ്ടോ?

> പ്രവചനവരം, ഭാഷാവരം, ജ്ഞാനവരം എന്നിവ കൃപാവരങ്ങളിൽ അഥവാ കൃപാദാനങ്ങളിൽ ഉൾപ്പെടുന്നതിനാൽ കാത്തിരുന്നു ചോദിച്ചു വാങ്ങേണ്ടവയാണോ?

‘ > *‘പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നു പോകും; ജ്ഞാനമോ അതു നീങ്ങിപ്പോകും”* (1.കൊരി.13:8) എന്ന തിരുവെഴുത്തു പ്രകാരം, ഇവയൊക്കെ നീങ്ങിപ്പോകും, നിന്നുപോകും എന്നത് എപ്പോഴാണ് ?

> *“പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും”* (1.കൊരി.13:10) എന്നതിൽ പൂർണ്ണമായതു വരുമെന്നതു കർത്താവിന്റെ രണ്ടാം വരവിലോ, ദൈവശ്വാസീയമായ തിരുവെഴുത്തുകൾ രേഖകളായി ലഭിച്ചപ്പോഴോ?

> “അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു” (1.കൊരി.14:2) എന്നു തിരുവചനത്തിൽ കാണുന്നതിനാൽ അന്യഭാഷ നീങ്ങിപ്പോയിയെന്നു പറയുന്നതു ശരിയാണോ?

> നാം സംസാരിക്കുന്ന ഭാഷ സർവ്വജ്ഞാനിയായ ദൈവത്തിനറികയില്ലേ? അന്യഭാഷ സംസാരിച്ചാലേ ദൈവത്തിനു മനസ്സിലാകൂ എന്നുണ്ടോ?

അന്യഭാഷയെപ്പറ്റി ഈ വിധത്തിലുള്ള അനേക സംശയങ്ങളും, അഭിപ്രായങ്ങളും, ചോദ്യങ്ങളും കേൾക്കാറുണ്ട്. തിരുവചന വെളിച്ചത്തിൽ ഇവ പരിശോധിക്കാം.

## (I) അന്യഭാഷ പഴയനിയമത്തിൽ —

(1) ബൈബിളിൽ അന്യഭാഷയെക്കുറിച്ചു ആദ്യമായി പറയുന്നത് ഉല്പത്തി പുസ്തകം 11-ാം അദ്ധ്യായത്തിലാണ്. *“ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു”* (ഉല്പ.11:2). ജലപ്രളയത്തിനു ശേഷം മനുഷ്യൻ ദൈവഹിതത്തിനെതിരായി സംഘടിച്ചു ബാബേൽ ഗോപുരം പണിയുവാൻ ശ്രമിച്ചു. അതുവരെയും ഒരു ഭാഷ സംസാരിച്ച ജനത്തിന്റെ ഭാഷ ദൈവം കലക്കി അവരെ ചിതറിച്ചുക്കളഞ്ഞു. ഭാഷ കലക്കിക്കളഞ്ഞ ആ സ്ഥലത്തിനു ബാബേൽ (കലക്കം > confusion) എന്നു പേരായി. *“സർവ്വഭൂമിയിലെയും ഭാഷ യഹോവ അവിടെവച്ചു കലക്കിക്കളകയാൽ അതിന്നു ബാബേൽ എന്നു പേരായി; യഹോവ അവരെ*

*അവിടെ നിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചു കളഞ്ഞു"*(ഉല്പ.11:9). ഇവിടെയാണ് അന്യഭാഷ അഥവാ മറുഭാഷയുടെ ആരംഭം. ഒരേ ഭാഷ സംസാരിക്കുന്നവരുടെ കൂട്ടത്തിൽ അവർ സംസാരിക്കുന്ന ഭാഷ അറിയാത്ത ഒരുവൻ വന്നു മറ്റൊരു ഭാഷയിൽ സംസാരിച്ചാൽ അവനെ അന്യഭാഷക്കാരൻ എന്നു പറയുന്നു.

**(2) ആവ.28:49 —** *"യഹോവ ദൂരത്തു നിന്നു, ഭൂമിയുടെ അറുതിയിൽ നിന്നു, ഒരു ജാതിയെ കഴുകൻ പറന്നു വരുന്നതുപോലെ നിന്റെ മേൽ വരുത്തും. അവർ നീ അറിയാത്ത ഭാഷ പറയുന്ന ജാതി."* —

മോശെയുടെ മൂന്നാമത്തെ പ്രസംഗം ഉൾപ്പെട്ട ആവർത്തന പുസ്തകം 27 മുതൽ 30 വരെയുള്ള അദ്ധ്യായങ്ങൾ യിസ്രായേലിനോടുള്ള ഉടമ്പടി പുതുക്കൽ കൂടിയാണ്. ദൈവഹിതമനുസരിച്ചു ജീവിക്കുന്നവർക്കു അനുഗ്രഹവും അനുസരിക്കാതെ ജീവിക്കുന്നവർക്കു ശാപവും ഉണ്ടാകുമെന്നു മോശെ അവരെ അറിയിച്ചു. ദൈവമായ യഹോവയുടെ വാക്കു അവർ കേട്ടെങ്കിലും ദൈവകല്പനകളും ചട്ടങ്ങളും പ്രമാണിക്കാതിരുന്നതിനാൽ അവരെ മറ്റു ജാതികളാൽ, അവർക്കറിയാത്ത ഭാഷ സംസാരിക്കുന്ന ജാതികളാൽത്തന്നെ ശിക്ഷിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്.

> ഈ വാക്യം ഒന്നാം നൂറ്റാണ്ടിൽ സഭയുടെ വളർച്ചെക്കായി നൽകപ്പെട്ട അന്യഭാഷാവരത്തോടുള്ള ബന്ധത്തിൽ യിസ്രായേലിനുള്ള അടയാളമായി ചിലർ വ്യാഖ്യാനിക്കാറുണ്ട്. വാക്യത്തിന്റെ പശ്ചാത്തലം മനസ്സിലാക്കിയാൽ ഇപ്രകാരമുള്ള നിഗമനം ശരിയല്ലെന്നു ബോദ്ധ്യപ്പെടും. ദൈവത്തെ അനുസരിക്കാത്തവരെ അന്യജാതിക്കാരെ, അഥവാ അവർക്കു തിരിയാത്തതും മനസ്സിലാകാത്തതുമായ ഭാഷ സംസാരിക്കുന്നവരെക്കൊണ്ടു ന്യായവിധി നടത്തി ശിക്ഷിക്കുന്ന കാര്യമാണിവിടെ പറഞ്ഞിരിക്കുന്നത്. ആയതിനാൽ പുതിയനിയമ അന്യഭാഷാവരവുമായി ഈ ഭാഗത്തെ ബന്ധപ്പെടുത്തുന്നതു ശരിയല്ല.

**(3) സങ്കീ.114:1 —** *"യിസ്രായേൽ മിസ്രയീമിൽ നിന്നും യാക്കോബിൻ ഗൃഹം അന്യഭാഷയുള്ള ജാതിയുടെ ഇടയിൽ നിന്നും പുറപ്പെട്ടപ്പോൾ."*

മിസ്രയീമിൽ നിന്നുള്ള യിസ്രായേൽ മക്കളുടെ പുറപ്പാടിനെയാണിവിടെ സങ്കീർത്തനക്കാരൻ പറയുന്നത്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനമെന്ന നിലയിൽ ദൈവം അവരെ അന്യഭാഷ

സംസാരിക്കുന്ന മിസ്രയീമ്യരിൽ നിന്നു വിടുവിച്ചു. യിസ്രായേലും യാക്കോബും ദൈവത്താൽ വേർതിരിക്കപ്പെട്ട, തന്റെ നിക്ഷേപമായ യിസ്രായേൽ ജനത്തെ പ്രതിനിധീകരിക്കുന്നു.

> സങ്കീർത്തനത്തിലും അന്യഭാഷയെക്കുറിച്ചു പറഞ്ഞിട്ടുണ്ടെന്നും, അതു യിസ്രായേലിനുള്ള അടയാളമായിരുന്നുവെന്നും പറഞ്ഞുകൊണ്ട് ഇന്നും അന്യഭാഷ സംസാരിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നവരുണ്ട്. യിസ്രായേലിനു അറിയാത്ത ഭാഷയാൽ മിസ്രയീമ്യർ അവരെ പീഡിപ്പിച്ചപ്പോൾ, ദൈവജനത്തെ അവരിൽ നിന്നു വിടുവിച്ചു സ്വതന്ത്രരാക്കി എന്നാണീ വാക്യത്തിലൂടെ അർത്ഥമാക്കുന്നത്. ഇന്നും അന്യഭാഷ പറയുവാൻ അനുവദിക്കുന്ന വാക്യഭാഗമല്ലിത്.

**(4) യെശ.28:11 —** *"അതേ, വിക്കി വിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയിലും അവൻ ഈ ജനത്തോടു സംസാരിക്കും."*

ഈ വാക്യത്തിന്റെ പശ്ചാത്തലവും അർത്ഥവും മനസ്സിലാക്കാതെ തെറ്റായി വ്യാഖ്യാനിച്ച് അന്യഭാഷയെന്നതു വിക്കി വിക്കി പറയുന്നതാണെന്നു പഠിപ്പിക്കുകയും, വായിൽ വരുന്നതെന്തും പറയുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കൂട്ടരെ ധാരാളമായി ഇക്കാലത്തു കാണാം. ആത്മീകപക്വത പ്രാപിക്കാത്ത കൊരിന്തിലുള്ള വിശ്വാസികളിൽ ചിലർ കൃപാവരങ്ങൾ ദുരുപയോഗപ്പെടുത്തുന്നതു മനസ്സിലാക്കി, അപ്പൊസ്തലനായ പൗലൊസ് യെശയ്യാപ്രവചനത്തിലുള്ള ഈ ഭാഗം ഉദ്ധരിച്ചു അവരെ പ്രബോധിപ്പിക്കുന്നു (1.കൊരി.14:21). ദൈവത്തെ അനുസരിക്കാതെ മറുതലിച്ചു പ്രവാസത്തിലായിരിക്കുന്ന യിസ്രായേൽ ജനത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി യെശയ്യാപ്രവാചകനിലൂടെ അറിയിക്കുന്ന ഭാഗമടങ്ങിയതാണ് പ്രസ്തുത വാക്യം. ജനത്തിനു മാതൃകയായിരിക്കേണ്ട പ്രവാചകന്മാരും പുരോഹിതന്മാരും മദ്യപിച്ചു ആടിനടന്നു. അവരുടെ മേശകൾ ഛർദ്ദിയും അഴുക്കും കൊണ്ടു നിറഞ്ഞു (യെശ.28:5-8). ഇതിനു പുറമേ അവർ ദൈവവചനത്തെയും ദൈവത്തിന്റെ പ്രവാചകന്മാരെയും പരിഹസിച്ചു സംസാരിച്ചു (യെശ.28:9-13). ഈ ജനത്തോടു യെശയ്യാവിലൂടെ ദൈവത്തിനു പറയുവാനുള്ളത് നിങ്ങളുടെ സ്വന്തം ഭാഷയിൽ ലളിതമായി അറിയിക്കുന്ന ഉപദേശങ്ങളെ നിരാകരിക്കുന്നുവെങ്കിൽ, നിങ്ങൾ കേട്ടിട്ടില്ലാത്ത അന്യഭാഷയിൽ, അശ്ശൂർജാതിയെകൊണ്ടു സംസാരിപ്പിക്കും എന്നാണ്. അതായത് മറുതലിക്കുന്ന ദൈവജനത്തെ ശിക്ഷി

ക്കുവാനും നേർവഴിയിൽ കൊണ്ടുവരുവാനും അശ്ശൂർ സൈന്യത്തിന്റെ വിക്കി വിക്കി പറയുന്ന ഭാഷ ഉപയോഗിക്കും എന്നാണ്.

> വിക്കിവിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയിലും സംസാരിക്കുമെന്നത് യിസ്രായേലിന്മേൽ ദൈവത്തിന്റെ ന്യായവിധി അറിയിക്കുന്ന ദൂതിനോടുള്ള ബന്ധത്തിലാണ്. ഈ വാക്യത്തെ അടിസ്ഥാനമാക്കി ഇന്നും അന്യഭാഷയുണ്ടെന്നും, വായിൽ വരുന്ന തെന്തും വിക്കി വിക്കി പറഞ്ഞാൽ അത് അപ്പൊസ്തലന്മാരുടെ കാലത്തു മാത്രം നിലവിലുണ്ടായിരുന്ന അന്യഭാഷാവരത്തിൽ ഉൾപ്പെടുന്നതാണെന്നുമുള്ള പഠിപ്പിക്കൽ, ദൈവവചനം തെറ്റായി വ്യാഖ്യാനിക്കുന്നതു മൂലമുണ്ടാകുന്നതാണ്.

**(5) യെശ.33:19 —** *"നീ തിരിച്ചറിയാത്ത പ്രയാസമുള്ള വാക്കും നിനക്കു ഗ്രഹിച്ചുകൂടാത്ത അന്യഭാഷയും ഉള്ള ഉഗ്രജാതിയെ നീ കാണുകയില്ല."*

അശ്ശൂർജാതികളാൽ യിസ്രായേൽ പീഡിപ്പിക്കപ്പെട്ടപ്പോൾ അവർ ദൈവത്തിങ്കലേക്കു തിരിഞ്ഞു രക്ഷെക്കായി നിലവിളിച്ചു. ദൈവം തന്റെ ജനത്തിന്റെ കരച്ചിൽ (യെശ.33:2) കേട്ടു. അശ്ശൂര്യർ തോല്പ്പിക്കപ്പെട്ടതും തുടർന്നു യെരുശലേമിന്റെ വിമോചനവുമാണ് ഈ അദ്ധ്യായത്തിൽ കാണുന്നത്. ശത്രുക്കളായ അശ്ശൂര്യർ ദൈവസന്നിധിയിൽ തീയിൽ കത്തിയമരുന്ന വൈക്കോലിനു തുല്യമാണെന്നു പറയുന്നു (യെശ.33:10,11). *"നമ്മിൽ ആർ ദഹിപ്പിക്കുന്ന തീയുടെ അടുക്കൽ പാർക്കും"* (യെശ.33:14) എന്ന് ദൈവത്തിന്റെ പ്രവർത്തനത്താൽ അവരുടെ പതനവും യെരുശലേമിന്റെ വിടുതലും കണ്ടവർ പറയുവാനിടയായി. *"നീതിയായി നടന്നു നേർ പറകയും പീഡനത്താൽ ഉള്ള ആദായം വെറുക്കയും കൈക്കൂലി വാങ്ങാതെ കൈ കുടഞ്ഞു കളകയും ...... ഇങ്ങനെയുള്ളവൻ ഉയരത്തിൽ വസിക്കും; പാറക്കോട്ടകൾ അവന്റെ അഭയസ്ഥാനമായിരിക്കും; അവന്റെ അപ്പം അവന്നു കിട്ടും; അവന്നു വെള്ളം മുട്ടിപ്പോകയുമില്ല"* (യെശ.33:15,16) എന്നതാണ് ഇതിനുത്തരം. ദൈവത്തിൽ അഭയസ്ഥാനം കണ്ടെത്തിയ ദൈവജനത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങളാണ് തുടർന്നു യെശ.33:17-24 - ൽ പറഞ്ഞിരിക്കുന്നത്. അവർ ദൈവത്തിൽ അഭയം പ്രാപിച്ചിരിക്കുന്നതിനാൽ ഇനി അവർ തിരിച്ചറിയാത്ത പ്രയാസമുള്ള വാക്കും, ഗ്രഹിച്ചു കൂടാത്ത അന്യഭാഷയുള്ള ഉഗ്രജാതിയെയും കാണുകയില്ല. അവർക്കറി

യാൻ പാടില്ലാത്ത ഭാഷ സംസാരിക്കുന്ന അന്യജാതികളാൽ അവരെ ന്യായം വിധിക്കുകയില്ല എന്നു സാരം.

**(6) യിരെ.5:15 —** *"യിസ്രായേൽ ഗൃഹമേ, ഞാൻ ദൂരത്തു നിന്നു ഒരു ജാതിയെ നിങ്ങളുടെ നേരെ വരുത്തും എന്നു യഹോവ യുടെ അരുളപ്പാടു: അതു സ്ഥിരതയുള്ളോരു ജാതി; പുരാതനമാ യോരു ജാതി, ഭാഷ നിനക്കു അറിഞ്ഞു കൂടാത്തതും വാക്കു നിനക്കു തിരിയാത്തതുമായോരു ജാതി തന്നേ."*

യിരെമ്യാപ്രവാചകനിലൂടെ ദൈവീകാരുളപ്പാടുകൾ യിസ്രാ യേൽ കേട്ടിട്ടും അതു ശ്രദ്ധിക്കുകയോ അനുസരിക്കുകയോ ചെയ്യാതെ അവർക്കു തോന്നിയ വഴികളിൽ സഞ്ചരിച്ചു. *"അവർ യഹോവയെ നിഷേധിച്ചു പറഞ്ഞതു: അതു അവനല്ല; നമുക്കു ദോഷം വരികയില്ല; നാം വാളോ ക്ഷാമമോ കാണുകയുമില്ല. പ്രവാ ചകന്മാർ കാറ്റായിത്തീരും; അവർക്കു അരുളപ്പാടില്ല; അവർക്കു അങ്ങനെ ഭവിക്കട്ടെ"* (യിരെ.5:12,13) എന്നായിരുന്നു. ഇതുമൂലം ദൈവം അവരുടെ മേൽ ന്യായവിധി അയെക്കുന്ന വിധത്തെപ്പറ്റി പറഞ്ഞു. അതായത് അവരെ പീഡിപ്പിക്കുവാൻ അവർക്കറിയാത്ത ഭാഷ സംസാരിക്കുന്ന അന്യജാതിക്കാരെ ഉണർത്തി അവരുടെ നേരെ അയെക്കും എന്നു വ്യക്തമാക്കിക്കൊടുത്തു.

## (II) അന്യഭാഷ പുതിയനിയമത്തിൽ —

പുതിയനിയമത്തിൽ അന്യഭാഷയെക്കുറിച്ചു മർക്കൊസിന്റെ സുവിശേഷത്തിലും, അപ്പൊസ്തലപ്രവൃത്തികളിലും, കൊരി ന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. കർത്താവു തന്റെ ശിഷ്യന്മാർക്കു, ദൈവീകാധികാരം പ്രകടമാക്കുന്ന അടയാളങ്ങളിൽ ഒരത്ഭുതവരമായി പുതുഭാഷയെ നൽകുന്നതായി പ്രവചനരൂപേണ പറഞ്ഞതു മർക്കൊസു രേഖപ്പെടുത്തിയിരിക്കു ന്നു. കർത്താവു സ്വർഗ്ഗാരോഹണം ചെയ്തശേഷം പരിശുദ്ധാത്മാവു ഭൂമിയിലേക്കു വന്നപ്പോൾ അന്യഭാഷ അതിന്റെ അടയാളമായി അപ്പൊസ്തലപ്രവൃത്തികളിലും, കൃപാവരങ്ങളുപയോഗിക്കുന്നതി നോടുള്ള ബന്ധത്തിൽ അന്യഭാഷയുടെ ഉപയോഗം ഉപദേശരൂപേ ണ കൊരിന്ത്യലേഖനത്തിലും കാണുന്നു. അന്യഭാഷാവരം, പ്രവച നവരം എന്നിവ ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലിക കാലഘട്ടത്തിൽ ദൈവസഭയുടെ അടിസ്ഥാനപ്പണിക്കായി മാത്രം നൽകപ്പെട്ടവയാ ണ്. ലോകത്തിൽ നിലവിലുള്ള ഭാഷകളാണ് അന്നവർ സംസാരിച്ച

ത്. കേട്ടു നിന്നവർ അവരുടെ സ്വന്തം ഭാഷകളിൽ അവർ സംസാരിക്കുന്നതു കേട്ടു ആശ്ചര്യപ്പെടുവാൻ ഇടയായി. സുവിശേഷത്തിലും, അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകത്തിലും, ലേഖനത്തിലും വിശദീകരിച്ചിരിക്കുന്ന ഭാഗങ്ങൾ ഓരോന്നായി നോക്കാം.

**(A) അന്യഭാഷ അഥവാ പുതുഭാഷ സുവിശേഷത്തിൽ—**

നാലു സുവിശേഷങ്ങളിൽ അന്യഭാഷയെക്കുറിച്ചുള്ള പരാമർശം മർക്കൊസിന്റെ സുവിശേഷത്തിൽ മാത്രം കാണുന്നു.

> **മർക്കൊസ്.16:17,18** —*"വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; **പുതുഭാഷകളിൽ സംസാരിക്കും;** സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു."*

സകലജാതികളോടും സുവിശേഷം അറിയിക്കുക എന്ന കർത്താവിന്റെ കല്പനയോടുള്ള ബന്ധത്തിൽ വിശ്വസിക്കുന്നവരാൽ നടക്കുന്ന അടയാളങ്ങളെക്കുറിച്ചു പ്രവചനരൂപേണ ഇവിടെ പറഞ്ഞിരിക്കുന്നു. അപ്പൊസ്തലന്മാർ അറിയിച്ച സുവിശേഷത്തിന്റെ ആധികാരികതയെയും ഈ അടയാളങ്ങൾ വെളിപ്പെടുത്തുന്നു. തന്റെ ശിഷ്യഗണത്തിനു കർത്താവു പല അധികാരങ്ങളും നൽകിയിരുന്നു (മത്താ.10:1/മർക്കൊ.3:13-15/മർക്കൊ.6:7-13/ലൂക്കൊ.9:1/2.കൊരി.12:12). ഇതിലെ പല അടയാളങ്ങളും അപ്പൊസ്തലന്മാരുടെ കാലത്തു സംഭവിച്ചതായി അപ്പൊസ്തലപ്രവൃത്തികളിൽ രേഖപ്പെടുത്തിയിട്ടുമുണ്ട് > (1) ഭൂതങ്ങളെ പുറത്താക്കും — അപ്പൊ.8:7/16:8/19:11-16 (2)പുതുഭാഷകളിൽ സംസാരിക്കും --അപ്പൊ.2:4-11/10:46/19:6 (3)സർപ്പങ്ങളെ പിടിച്ചെടുക്കും-- അപ്പൊ.28:5 (4) രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്കു സൗഖ്യം വരും -- അപ്പൊ.3:7/19:11/28:8,9). എന്നാൽ ഈ അടയാളങ്ങളൊന്നും ഇന്നു നിലനില്ക്കുന്നില്ല. അപ്പൊസ്തലന്മാരുടെ കാലത്തേക്കു മാത്രം നൽകപ്പെട്ടവയായിരുന്നു അവ.

ദൈവശ്വാസീയമായ തിരുവചനം പൂർണ്ണമായി എഴുതപ്പെട്ട രേഖയായി നമ്മുടെ കൈവശം ലഭിച്ചിരിക്കുന്നതിനാൽ അടയാളങ്ങളോ, അത്ഭുതങ്ങളോ നടത്തി ദൈവവചനത്തിന്റെ ആധികാരി

കത തെളിയിക്കേണ്ട ആവശ്യവുമില്ല. സഭയുടെ ശൈശവകാലത്തു വളർച്ചെക്കായും, ആരംഭകാലത്തു എഴുതപ്പെട്ട രേഖകളില്ലാതിരുന്നതിനാലും ഇവയൊക്കെ ആവശ്യമായിരുന്നു. പെന്തെകൊസ്തു നാളിൽ സഭ രൂപപ്പെട്ടശേഷം ദൈവീക വെളിപ്പാടിനാൽ സമ്പൂർണ്ണ ദൈവവചനം ലഭിച്ചിരിക്കുന്നതിനാൽ ഇവയൊക്കെ നിന്നുപോകുവാൻ ഇടയായി (1.കൊരി.13:8-13). വിശ്വാസികൾക്കു ആവശ്യമായ സകലതും തിരുവചനത്തിലൂടെ ലഭിക്കുമ്പോൾ പുതിയ ഉപദേശങ്ങൾക്കായി മറുഭാഷയിൽ സംസാരിക്കേണ്ട ആവശ്യമില്ല.

**(B) അന്യഭാഷ അപ്പൊസ്തലപ്രവൃത്തികളിൽ —**

അന്യഭാഷയെപ്പറ്റി അപ്പൊസ്തലപ്രവൃത്തികളിൽ മൂന്നിടത്തു പ്രതിപാദിച്ചിരിക്കുന്നു.

**> (1) അപ്പൊ.2:1 -4 —** *"പെന്തെകൊസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നൽകിയതുപോലെ* ***അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി."***

കർത്താവിന്റെ പുനരുത്ഥാനശേഷം ശിഷ്യന്മാർ യെരുശലേമിൽ കാത്തിരിക്കുവാൻ പറഞ്ഞിരുന്നു. വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവു എന്ന കാര്യസ്ഥനെ ഭൂമിയിലേക്കു അയച്ചു അവർക്കു ശക്തി പകരുന്നതിനായിരുന്നു കാത്തിരിക്കുവാൻ കല്പിച്ചിരുന്നത് (ലൂക്കൊ.24:49). പെന്തെകൊസ്തു നാളിലാണ് ആദ്യമായി പരിശുദ്ധാത്മാവു വ്യക്തമായ അടയാളങ്ങളോടെ ഭൂമിയിലേക്കു വന്നത്. 'പെന്തെകൊസ്തു' എന്നത് ഒരു ഗ്രീക്കു പദമാണ്. ഈ വാക്കിനർത്ഥം 'അമ്പതാമത്തെ' എന്നാണ്. യഹൂദന്മാരുടെ ഏഴു ഉത്സവങ്ങളിലൊന്നാണ് പെന്തെകൊസ്തു പെരുന്നാൾ (ലേവ്യ.23:15-21, ആവ.16:9). യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ അമ്പതാം ദിവസമായ പെന്തെകൊസ്തു നാളിലായിരുന്നു പരിശുദ്ധാത്മാവു ഭൂമിയിലേക്കു വന്നത്. പരിശുദ്ധാത്മാവിന്റെ ഭൂമിയിലേക്കുള്ള വരവു പ്രത്യേക ശബ്ദത്തോടും ലക്ഷണത്തോടും കൂടിയായിരുന്നു. കാത്തിരുന്നവരിൽ പരിശുദ്ധാത്മാവു പകരപ്പെടുകയും അവർ അന്യ

ഭാഷകളിൽ സംസാരിക്കുകയും ചെയ്തു. അപ്പൊസ്തലപ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവെന്ന കാര്യസ്ഥൻ ഭൂമിയിലേക്കു വരുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ച യഹൂദന്റെമേൽ പരിശുദ്ധാത്മാവു പകരപ്പെടുകയും അവർ സഭയിലേക്കു പ്രവേശിക്കയും ചെയ്തു.

> **(2) അപ്പൊ.10:43-46** — *"അവനിൽ വിശ്വസിക്കുന്ന ഏവന്നും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു. ഈ വാക്കുകളെ പത്രൊസ് പ്രസ്താവിക്കുമ്പോൾ തന്നേ വചനം കേട്ട എല്ലാവരുടെമേലും പരിശുദ്ധാത്മാവു വന്നു.* ***അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും*** *ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ പത്രൊസിനോടുകൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവു എന്ന ദാനം ജാതികളുടെ മേലും പകർന്നതു കണ്ടു വിസ്മയിച്ചു."*

പരിശുദ്ധാത്മാവു ജാതികളിലേക്കു പകരപ്പെടുന്ന കാര്യമാണ് അപ്പൊസ്തലപ്രവൃത്തി 10 -ാം അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നത്. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ലഭിച്ച പത്രൊസിനാൽ (മത്താ.16:19) അപ്പൊ. 2-ാം അദ്ധ്യായത്തിൽ യഹൂദനും, 8-ാം അദ്ധ്യായത്തിൽ ശമര്യർക്കും 10-ാം അദ്ധ്യായത്തിൽ ജാതികൾക്കും വാതിൽ തുറന്നു കൊടുത്തു സഭയിലേക്കു പ്രവേശനം നൽകപ്പെട്ടു. 2-ാം അദ്ധ്യായത്തിൽ യഹൂദന്മാർക്കു പ്രവേശനം ലഭിച്ചുവെങ്കിലും അവിശ്വാസികളായ യഹൂദന്മാർ അപ്പൊസ്തലന്മാരെയും സഭാവിശ്വാസികളെയും പീഡിപ്പിച്ചു. ശൗലിന്റെ സമ്മതത്തോടെ അവർ സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊന്നു (അപ്പൊ.7:54-60). തുടർന്നു ശമര്യർ സഭയിലേക്കു പ്രവേശിച്ചു (അപ്പൊ.8). തർസോസുകാരൻ ശൗലിന്റെ നേതൃത്വത്തിൽ അവർ വിശ്വാസികളെ വീണ്ടും പീഡിപ്പിക്കുവാൻ ഒരുങ്ങുമ്പോൾ ദമസ്കൊസിനു സമീപം വെച്ചു ദൈവം ശൗലിനെ പിടിച്ചു. ക്രിസ്തു ദർശനം ലഭിച്ച ശൗൽ മാനസാന്തരപ്പെട്ടു കർത്താവിന്റെ ഉത്തമ ശിഷ്യനായിത്തീർന്നു. ശൗൽ ദൈവത്തിന്റെ മാനപാത്രമായി എണ്ണപ്പെട്ടു; ജാതികളുടെ അപ്പൊസ്തലനായി വിളിക്കപ്പെട്ടു (അപ്പൊ.9). പുറജാതിക്കാരനായ കൊർന്നേല്യൊസിന്റെ മാനസാന്തരത്തിലൂടെയാണ് പരിശുദ്ധാത്മാവു ജാതികളിലേക്കു പകരപ്പെടുന്നതിനു ദൈവം വഴി ഒരുക്കിയത്. കൈസര്യയിൽ ഇറ്റാലിയൻ പട്ടാളവിഭാഗത്തിലെ ഒരു ശതാധിപനായിരുന്നു

കൊർന്നേല്യൊസ്. അദ്ദേഹം നീതിമാനും, ദൈവഭക്തനും, യഹൂദ ന്മാരുടെ സകലജാതിയാലും നല്ല സാക്ഷ്യം ലഭിച്ചവനും ആയിരുന്നു. എങ്കിലും തനിക്ക് കർത്താവുമായി വ്യക്തിപരമായ ബന്ധമില്ലായിരുന്നു. അവന്റെ ദൈവഭക്തിയും ഹൃദയശുദ്ധിയും മനസ്സിലാക്കിയ ദൈവം ഒരു ദർശനത്തിലൂടെ അവനോടു സംസാരിക്കുകയും പത്രൊസിനെ അവിടേക്കു വരുത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു (അപ്പൊ.10:1-6). യഹൂദനെന്നും പുറജാതിയെന്നും വ്യത്യാസമില്ലാതെ സകലരെയും ദൈവം അംഗീകരിക്കുന്നുവെന്നു പത്രൊസിനു മനസ്സിലാകത്തക്ക ഒരു ദർശനത്തിലൂടെ ദൈവം പത്രൊസിനോടും ഇടപെട്ടു (അപ്പൊ.10:9-16). പെന്തെകൊസ്തു നാളിൽ യഹൂദന്മാരുടെമേൽ പരിശുദ്ധാത്മാവു പകർന്നപോലെ കൊർന്നെല്യോസിന്റെ ഭവനത്തിൽ വച്ച് ജാതികളുടെമേലും പകരപ്പെട്ടു. പത്രൊസ് സുവിശേഷം അറിയിച്ചപ്പോൾ വചനം കേട്ട എല്ലാവരുടെമേലും പരിശുദ്ധാത്മാവു വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

യഹൂദന്മാർക്കു പെന്തെകൊസ്തുനാളിൽ അവർ ഒരുമിച്ചു കൂടിയിരുന്നപ്പോൾ (അപ്പൊ.2), ശമര്യരിൽ അപ്പൊസ്തലന്മാരായ പത്രൊസും യോഹന്നാനും കൈവെച്ചപ്പോൾ (അപ്പൊ.8), പുറജാതിക്കാരനായ കൊർന്നെല്യോസിന്റെ ഭവനത്തിൽ വചനം കേട്ട എല്ലാവരിലും (അപ്പൊ.10), യോഹന്നാന്റെ ശിഷ്യന്മാരിൽ പൗലൊസ് കൈവെച്ചപ്പോൾ (അപ്പൊ.19) പരിശുദ്ധാത്മാവു പകരപ്പെട്ടു. പരിശുദ്ധാത്മാവു പകരപ്പെട്ട ഈ നാലു അവസരങ്ങളിൽ എല്ലാ തവണയും അന്യഭാഷയിൽ സംസാരിക്കുകയോ, പരിശുദ്ധാത്മാവിനായി കാത്തിരിക്കുകയോ, എല്ലാറ്റിലും പരിശുദ്ധാത്മാവു പകരപ്പെടുവാൻ ആരെങ്കിലും കൈവെക്കുകയോ ചെയ്തില്ലെന്ന വസ്തുത ശ്രദ്ധേയമാണ്. താഴെക്കൊടുത്തിരിക്കുന്നതു നോക്കുക:

| | **കാത്തിരുന്നോ? -** | **അന്യഭാഷ ലഭിച്ചോ?-** | **കൈവെച്ചോ?** |
|---|---|---|---|
| (1) 2:1-4 | > കാത്തിരുന്നു > | ലഭിച്ചു | > കൈവെച്ചില്ല |
| (2) 8:14-18 | > കാത്തിരുന്നില്ല > | അന്യഭാഷയില്ല > | കൈവെച്ചു |
| | (പത്രൊസും യോഹന്നാനും പ്രാർത്ഥിച്ചപ്പോൾ) | | |
| (3) 10:44,46 | > കാത്തിരുന്നില്ല > | ലഭിച്ചു | > കൈവെച്ചില്ല |
| | (പത്രൊസിന്റെ പ്രസംഗം കേട്ട എല്ലാവർക്കും) | | |
| (4) 19:4-6 | > കാത്തിരുന്നില്ല > | ലഭിച്ചു | > കൈവെച്ചു |
| | (പൗലൊസ് സുവിശേഷം അറിയിച്ചപ്പോൾ) | | |

(DOCTRINAL TRUTHS *by Samson Henry, Kollam*)

> **(3) അപ്പൊ.19:6 —** *"പൗലൊസ് അവരുടെ മേൽ കൈവെച്ച പ്പോൾ പരിശുദ്ധാത്മാവു അവരുടെമേൽ വന്നു* ***അവർ അന്യഭാഷ കളിൽ സംസാരിക്കയും*** *പ്രവചിക്കയും ചെയ്തു."*

സ്നാപകയോഹന്നാന്റെ ശിഷ്യന്മാരിൽ പൗലൊസ് കൈവെ ച്ചപ്പോൾ അവരുടെമേൽ പരിശുദ്ധാത്മാവു പകരപ്പെടുകയും അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തെന്നു ഇവിടെ കാണുന്നു. രക്ഷിക്കപ്പെട്ടശേഷം പിന്നീടാണ് പരിശുദ്ധാ ത്മാവു ലഭിക്കുന്നതെന്നും, പരിശുദ്ധാത്മാവു ലഭിക്കാനായി ദൈവ ദാസന്മാർ കൈവെക്കണമെന്നും, അപ്പോൾ മാത്രമാണ് അന്യഭാഷ യിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്യുന്നതെന്നും ചിലർ ഈ വാക്യത്തെ തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. ഈ ഭാഗവിശദീക രണത്തിനായി അതിന്റെ പശ്ചാത്തലം ശ്രദ്ധിക്കാം --**അപ്പൊ.19:1-7** — *"അപ്പൊല്ലോസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൗലൊസ് ഉൾപ്രദേ ശങ്ങളിൽ കൂടി സഞ്ചരിച്ചു എഫെസോസിൽ എത്തി ചില ശിഷ്യ ന്മാരെ കണ്ടു: നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപി ച്ചുവോ എന്നു അവരോടു ചോദിച്ചതിന്നു: പരിശുദ്ധാത്മാവു ഉണ്ടെ ന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്നു അവർ പറഞ്ഞു. എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം എന്നു അവൻ അവരോടു ചോദി ച്ചതിന്നു: യോഹന്നാന്റെ സ്നാനം എന്നു അവർ പറഞ്ഞു. അതിന്നു പൗലൊസ്: യോഹന്നാൻ മാനസാന്തരസ്നാനമത്രേ കഴിപ്പിച്ചു തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കേണം എന്നു ജന ത്തോടു പറഞ്ഞു എന്നു പറഞ്ഞു. ഇതു കേട്ടാറെ അവർ കർത്താ വായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. പൗലൊസ് അവരു ടെമേൽ കൈവെച്ചപ്പോൾ പരിശുദ്ധാത്മാവു അവരുടെമേൽ വന്നു അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു. ആ പുരുഷന്മാർ എല്ലാംകൂടി പന്ത്രണ്ടോളം ആയിരുന്നു."*

സ്നാപകയോഹന്നാന്റെ ശിഷ്യന്മാരോടാണ് പൗലൊസ് ചോദിക്കുന്നത് — നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപി ച്ചുവോ? (Did you receive the Holy Spirit when you believed? — നിങ്ങൾ വിശ്വസിച്ചപ്പോൾ പരിശുദ്ധാത്മാവു ലഭിച്ചുവോ?). എന്നാൽ അവർ പരിശുദ്ധാത്മാവിനെക്കുറിച്ചു കേട്ടിട്ടു പോലുമില്ലെന്നായി രുന്നു മറുപടി. എങ്കിൽ നിങ്ങളുടെ സ്നാനം ഏതായിരുന്നു എന്നു പൗലൊസ് വീണ്ടും ചോദിച്ചു. കാരണം യേശുക്രിസ്തുവിൽ വിശ്വ സിച്ചിട്ട് സ്നാനം സ്വീകരിച്ചവരാണെങ്കിൽ പിതാവു, പുത്രൻ, പരി

ശുദ്ധാത്മാവു എന്നീ നാമത്തിൽ സ്നാനം ഏല്ക്കുമ്പോൾ അവർ പരിശുദ്ധാത്മാവിനെക്കുറിച്ചറിഞ്ഞിരിക്കും. അവർ സ്വീകരിച്ചതു യോഹന്നാന്റെ മാനസാന്തര സ്നാനമാണെന്നറിഞ്ഞപ്പോൾ യേശു ക്രിസ്തുവിൽ വിശ്വസിക്കേണമെന്നുള്ള സുവിശേഷം അറിയിച്ചു. സുവിശേഷം കേട്ടു വിശ്വസിച്ച അവർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. പൗലൊസ് അവരുടെ മേൽ കൈവെച്ചപ്പോൾ പരിശുദ്ധാത്മാവു അവരുടെമേൽ വന്ന് അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു എന്നും കാണുന്നു. പരിശുദ്ധാത്മാവിനായി കൈവെക്കേണ്ടതുണ്ടോ എന്ന സംശയവും ഈ വാക്യത്തിലൂടെ തോന്നാം. അപ്പൊ.10:44 -ൽ പത്രൊസ് സുവിശേഷം പ്രസ്താവിക്കുമ്പോൾ വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവു വന്നു. അവിടെ പത്രൊസ് ആരുടെമേലും കൈവെച്ചില്ല. ഇന്നു ഒരുവൻ രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ പരിശുദ്ധാത്മാവു അവനിൽ വാസം തുടങ്ങുന്നു. പരിശുദ്ധാത്മാവു ലഭിക്കുന്നതിനായി ആരും കൈവെക്കേണ്ട ആവശ്യവും ഇല്ല. അപ്പൊസ്തലന്മാരുടെ കാലത്തു സഭാരൂപീകരണത്തിൽ പരിശുദ്ധാത്മാവു ഭൂമിയിലേക്കു പ്രത്യേക അടയാളങ്ങളോടുകൂടി വന്നതിൽ അന്യഭാഷ ചില സന്ദർഭങ്ങളിൽ ഉണ്ടായി. എന്നാൽ സകല വെളിപ്പാടുകളും ലഭിച്ചു അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ട സഭയിൽ ഇനി അന്യഭാഷെക്കോ, പ്രവചനത്തിനോ സ്ഥാനമില്ല. ഇക്കാലത്തു നടക്കുന്ന പരിശുദ്ധാത്മാവിനായുള്ള കാത്തിരുപ്പുകളും, പ്രവചനങ്ങളും, അന്യഭാഷകളും, വിശ്വാസികൾ ദൈവവചനം പരിശുദ്ധാത്മസഹായത്താൽ പഠിക്കാത്തതിന്റെ ഉത്തമമായ തെളിവുകളാണ്.

### (C) അന്യഭാഷ ലേഖനങ്ങളിൽ — (കൊരിന്ത്യലേഖനത്തിൽ) —

പുതിയ നിയമത്തിൽ ഇരുപത്തിയൊന്നു ലേഖനങ്ങളുളളതിൽ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം 12,13,14 അദ്ധ്യായങ്ങളിൽ മാത്രം അന്യഭാഷയെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

അവ 1.കൊരി.12:10/12:28/12:30/13:8/14:2/14:4/14:5/14:6/14:13/14:14/14:18/14:19/14:21/14:22/14:23/14:27/14:28/14:39 എന്നിവയാണ്.

ഗ്രീസിലെ ഒരു പ്രധാന നഗരമായിരുന്നു കൊരിന്ത്. റോമാസാമ്രാജ്യത്തിലെ മായച്ചന്ത എന്നപേരിൽ അറിയത്തക്കവണ്ണം

ആ പട്ടണവാസികൾ ദുർന്നടപ്പുകാരും,മ്ലേച്ഛന്മാരുമായിരുന്നു (1.കൊരി.6:9-11). പൗലൊസ് ഈ പട്ടണത്തിൽ സുവിശേഷം അറിയച്ചതിന്റെ ഫലമായി അവരിൽ ഒരു കൂട്ടം രക്ഷിക്കപ്പെട്ടു. അവിടെ ഒരു സഭയുണ്ടായി. കൊരിന്തിലെ ഈ വിശ്വാസികൾ പൗലൊസിനോടു എഴുതി ചോദിച്ച വിഷയങ്ങൾക്കു താൻ ഈ ലേഖനത്തിലൂടെ മറുപടി പറയുന്നു. ജാതീയചുറ്റുപാടുകളിൽ നിന്നും വിശ്വാസജീവിതത്തിലേക്കു വന്ന വിശ്വാസികളിലെ ക്രമക്കേടു, കക്ഷിത്വം, ഭിന്നത, ദുർന്നടപ്പു, കർത്തൃമേശയിൽ പങ്കെടുക്കുന്നതിലുള്ള ഗൗരവമില്ലായ്മയും അലക്ഷ്യഭാവവും, അന്യഭാഷയുൾപ്പെടെയുള്ള കൃപാവരങ്ങൾ ദുരുപയോഗപ്പെടുത്തൽ എന്നിങ്ങനെ വിവിധവിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്നു.

അപ്പൊസ്തലനായ പൗലൊസ് എഴുതിയിട്ടുള്ള ലേഖനങ്ങളിൽ കൊരിന്ത്യലേഖനത്തിൽ മാത്രമാണ് അന്യഭാഷയെക്കുറിച്ചു വിശദീകരിച്ചിരിക്കുന്നത്. കൂടാതെ മറ്റു ലേഖനങ്ങളെഴുതിയ യാക്കോബ്, പത്രൊസ്, യോഹന്നാൻ, യൂദാ എന്നിവരാരും അന്യഭാഷയെക്കുറിച്ചു പറഞ്ഞിട്ടുമില്ല. പുതിയനിയമ തിരുവെഴുത്തുകൾ രേഖയായി കൈവശം ഇല്ലാതെയിരുന്ന അപ്പൊസ്തലന്മാരുടെ കാലത്ത്, സഭയുടെ ശൈശവദശയിൽ ആത്മീയവളർച്ചെക്ക് അന്യഭാഷ ആവശ്യമായിരുന്നു. എന്നാൽ ജാതീയചുറ്റുപാടുകളിൽ നിന്നു വന്ന കൊരിന്ത്യവിശ്വാസികൾ അന്യഭാഷയുൾപ്പെടെയുള്ള കൃപാവരങ്ങൾ തങ്ങളുടെ സ്വാർത്ഥലാഭത്തിനും, സ്വപുകഴ്ച്ചെക്കും ഉപയോഗിച്ചപ്പോൾ ഈ ദുരുപയോഗത്തെ തടയുക കൂടി അപ്പൊസ്തലനായ പൗലൊസ് ലക്ഷ്യമിടുന്നതായി മനസ്സിലാക്കാം.

ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ ആത്മാവെന്ന ദാനം ലഭിക്കുകയും സഭയോടു ചേർക്കപ്പെടുകയും ചെയ്യുന്നു. രക്ഷിക്കപ്പെട്ടവർ സഭാംഗങ്ങൾ എന്ന നിലയിൽ ക്രിസ്തുവിൽ ഒരു ശരീരമായിത്തീരുന്നു(ഗലാ.3:28). ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ആത്മീകവളർച്ചെക്കും, അഭിവൃദ്ധിക്കും, വിവിധശുശ്രൂഷകൾക്കും കർത്താവ് അനേകം കൃപാവരങ്ങൾ നൽകിയിട്ടുണ്ട്. അവയെല്ലാം സഭയുടെ പൊതുപ്രയോജനത്തിനുള്ളവയാണ് (1.കൊരി.12:7/14:3,5,12,17). സഭയുടെ ആത്മീകവളർച്ചെക്കായും, ശുശ്രൂഷകൾക്കായും കൊടുത്തിട്ടുള്ള വിവിധവരങ്ങളെക്കുറിച്ചു തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട് (1.കൊരി.12:4-10,28/റോമ.12:6-8/എഫെ.4:11/1.പത്രൊ.4:10,11). ഈ കൃപാവരങ്ങളെ

താൽക്കാലികമെന്നും നിലനിൽക്കുന്നവയെന്നും രണ്ടായി തിരിക്കാം (എല്ലാവരങ്ങളും എല്ലാവരിലും ഉണ്ടായിരിക്കണമെന്നുമില്ല). ശുശ്രൂഷയോടുള്ള ബന്ധത്തിൽ സഭയിൽ ദൈവം ഏർപ്പെടുത്തിയിരുന്ന അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന ഉദ്യോഗങ്ങൾ താല്ക്കാലികങ്ങളായിരുന്നു. സഭയുടെ അടിസ്ഥാനപ്പണിക്കായി കർത്താവ് അവരെ ഉപയോഗിച്ചു. എന്നാൽ ദൈവീകസമ്പൂർണ്ണവെളിപ്പാടുകൾ അവരിലൂടെ ലഭിച്ചുകഴിഞ്ഞപ്പോൾ അവർ മാറ്റപ്പെട്ടു. അതുപോലെ സഭയാകുന്ന ശരീരത്തിനു ലഭിച്ചിരുന്ന വിവിധ വരങ്ങളുടെ കൂട്ടത്തിൽ ചില വരങ്ങൾ നീങ്ങിപ്പോകും, നിന്നുപോകും, ചിലതു നിലനിൽക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്.

**1.കൊരി.13:8,13 —** *"പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും.......വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ."* അപ്പൊസ്തലന്മാരുടെ കാലത്തുണ്ടായിരുന്ന പ്രവചനം, ഭാഷാവരം, ജ്ഞാനം എന്നിവ നിന്നുപോകുമെന്നും വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ നിലനിൽക്കുമെന്നും ഇവിടെ പറയുന്നു. ജ്ഞാനം എന്നത് ലോകജ്ഞാനമല്ല. അതു ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കയാണ്. തിരുവചനം ആഴത്തിൽ ഗ്രഹിപ്പാൻ ആവശ്യമായ ആത്മീകജ്ഞാനവുമല്ല. ഇവിടെ പറയുന്ന ജ്ഞാനം പുതിയനിയമതിരുവെഴുത്തുകൾ ചമപ്പാൻ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ദാനം ലഭിച്ച ജ്ഞാനമാണ്. സംഭവിച്ചതും സംഭവിക്കുവാൻ പോകുന്നതുമായ കാര്യങ്ങൾ വെളിപ്പെട്ടു കിട്ടുന്നതും ഈ ജ്ഞാനത്തിൽ ഉൾപ്പെടുന്നു. ഉദാഹരണമായി പരിശുദ്ധാത്മാവിനോടു വ്യാജം കാണിച്ച അനന്യാസ്-സഫീര ദമ്പതികളുടെ ഹൃദയരഹസ്യങ്ങളെ ഗ്രഹിക്കുവാൻ പത്രോസിനു ലഭിച്ച ജ്ഞാനം (അപ്പൊ.5:1-4). താൽക്കാലികവരങ്ങളിലുൾപ്പെട്ട പ്രവചനവരം, ഭാഷാവരം, ജ്ഞാനം എന്നിവ മൂന്നും ഒന്നാം നൂറ്റാണ്ടിൽ ഒത്തൊരുമിച്ചു പ്രവർത്തിച്ചിരുന്ന വരങ്ങളായിരുന്നു. പുതിയനിയമതിരുവെഴുത്തുകൾ പൂർത്തീകരിക്കപ്പെട്ടപ്പോൾ പുതിയതായി ദൈവീകമർമ്മങ്ങൾ ജ്ഞാനത്തിലൂടെയോ, പ്രവചനത്തിലൂടെയോ, അന്യഭാഷയിലൂടെയോ വെളിപ്പെടുത്തേണ്ടത് ആവശ്യമായി വന്നില്ല. ദൈവസഭയ്ക്കു സത്യങ്ങൾ പൂർണ്ണമായി ലഭിച്ചതോടെ പ്രവചനം, ജ്ഞാനം എന്നിവയോടൊപ്പം അന്യഭാഷാവരവും നിന്നുപോകുവാൻ ഇടയായി.

(DOCTRINAL TRUTHS *by Samson Henry, Kollam*)

## അപ്പൊസ്തലിക കാലഘട്ടത്തിൽ ലഭിച്ച അന്യഭാഷാവരത്തിന്റെ ആവശ്യകതയും, ഉപയോഗിക്കുന്നതിലുള്ള വ്യവസ്ഥകളും —

### അന്യഭാഷാവരത്തിന്റെ ആവശ്യകത —

പുനരുത്ഥാനം ചെയ്ത കർത്താവു ഭൂമിയിൽ നിന്നു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പായി തന്റെ ശിഷ്യന്മാരെ വിളിച്ചു അവരെ ചില പ്രത്യേക ശുശ്രൂഷകൾ ഭരമേൽപ്പിക്കുന്നതായി മത്തായി.28:19,20 വാക്യങ്ങളിൽ കാണുന്നു. *"ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു."* തുടർന്നുള്ള അവരുടെ പ്രവർത്തനങ്ങൾക്കായി ഉയരത്തിൽ നിന്നു ശക്തി ലഭിക്കുവാൻ കാത്തിരിക്കുകയും (ലൂക്കൊ.24:49/ അപ്പൊ.2:1-4) വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവ് അവരിൽ പകരപ്പെട്ടു അവർ അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തു. ക്രിസ്തുശിഷ്യന്മാർ ലോകപ്രകാരം വിദ്യാഭ്യാസമില്ലാത്തവരും മറ്റു സമീപരാജ്യങ്ങളിലെ ഭാഷകൾ അറിയാത്തവരുമായിരുന്നു. ഇങ്ങനെയുള്ള ശിഷ്യന്മാർ മറ്റു സ്ഥലങ്ങളിൽ ചെന്നു സുവിശേഷം പ്രസംഗിക്കുവാൻ, വചനം പഠിപ്പിക്കുവാൻ, ശിഷ്യരാക്കുവാൻ അവിടത്തെ ഭാഷകൾ അറിയണമായിരുന്നു. അതിനായി അതാതു സ്ഥലങ്ങളിലെ ഭാഷയിൽ സംസാരിക്കുവാൻ അവർക്കു അന്യഭാഷാവരം ദൈവം നൽകി. അവർ *"പുതുഭാഷകളിൽ സംസാരിക്കും"* (മർക്കൊ.16:17) എന്നുള്ള കർത്താവിന്റെ പ്രവചനം പെന്തെകൊസ്തുനാളിൽ അവർക്കു അന്യഭാഷാവരം ലഭിച്ചപ്പോൾ നിറവേറപ്പെട്ടു. പുതുഭാഷ ലഭിച്ച അപ്പൊസ്തലന്മാർ ഒന്നാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും ഓരോ സ്ഥലങ്ങളിലും അതതു ഭാഷകളിൽ ദൈവീകവെളിപ്പാടുകൾ അറിയിച്ചു. തൽഫലമായി അനേകർ കർത്താവിൽ വിശ്വസിക്കുകയും പ്രാദേശികസഭകൾ രൂപം കൊള്ളുകയും ചെയ്തു. അവിടൊക്കെ ദൈവവചനം പഠിപ്പിക്കുവാൻ, സുവിശേഷം പ്രസംഗിക്കുവാൻ ശുശ്രൂഷകരെ ദൈവം എഴുന്നേൽപ്പി

ച്ചു. അതിനു പുറമേ എഴുതപ്പെട്ട ദൈവിക അരുളപ്പാടുകൾ പുതിയ നിയമമായി അവരുടെ കരങ്ങളിലെത്തിച്ചേർന്നു. അതോടുകൂടി അന്യ ഭാഷയുമായി പ്രസംഗിക്കുവാൻ പോകേണ്ട ആവശ്യവുമില്ലാതായി.

**അന്യഭാഷാവരത്തിന്റെ വ്യവസ്ഥകളും, നിയന്ത്രണങ്ങളും —**

കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം 13-ാം അദ്ധ്യായ ത്തിൽ മറ്റു കൃപാവരങ്ങളിൽ വെച്ചു സ്നേഹത്തിനുള്ള ഉൽക്കൃ ഷ്ടത എടുത്തു കാട്ടുന്നു. 14-ാം അദ്ധ്യായത്തിൽ അന്യഭാഷാവര ത്തെക്കുറിച്ചുള്ള (Gift of Tongues) പ്രബോധനങ്ങളും നിയന്ത്രണ ങ്ങളും വിശദീകരിച്ചിരിക്കുന്നു. കൊരിന്തിലെ സഭാവിശ്വാസി കളിലൊരുകൂട്ടർ സഭയുടെ ആത്മീകവളർച്ചെക്കായി ലഭിച്ച ഭാഷാ വരത്തെ ദുരുപയോഗപ്പെടുത്തി സ്വാർത്ഥലക്ഷ്യപൂർത്തീകരണത്തി ന് ഉപയോഗിക്കുന്നതായി പൗലൊസ് അപ്പൊസ്തലൻ മനസ്സിലാക്കി. ഈ പശ്ചാത്തലത്തിൽ ഭാഷാവരം ലഭിച്ചവർ അതെങ്ങനെ ഉപയോ ഗപ്പെടുത്തണമെന്നും, എന്തിനായി ഉപയോഗിക്കണമെന്നും പ്രബോ ധിപ്പിക്കുകയും ചില നിയന്ത്രണങ്ങളും വ്യവസ്ഥകളും നൽകി അവരെ ശാസിക്കുകയും ചെയ്യുന്നു.

**(1) അന്യഭാഷയിൽ സംസാരിക്കുന്നവൻ ദൈവത്തോടു സംസാരിക്കുന്നു; ആത്മാവിൽ മർമ്മങ്ങളെ സംസാരി ക്കുന്നു —**

**1.കൊരി.14:2** — *"അന്യഭാഷയിൽ സംസാരിക്കുന്നവൻ മനു ഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു; ആരും തിരിച്ചറിയു ന്നില്ലല്ലോ...."* — ഒരു കൂട്ടത്തിൽ മറ്റൊരു ഭാഷയിൽ ഒരുവൻ സംസാ രിക്കുമ്പോൾ കേൾവിക്കാർക്കു മനസ്സിലാകാത്തതും, തിരിച്ചറിയാൻ കഴിയാത്തതുമാകയാൽ കേൾവിക്കാരനെ സംബന്ധിച്ചു അതു അന്യ ഭാഷയായിരിക്കുന്നു. ഈ സന്ദർഭത്തിൽ കേൾവിക്കാർക്കു മനസ്സി ലാകണമെങ്കിൽ മറ്റൊരുവൻ പരിഭാഷപ്പെടുത്തിക്കൊടുക്കണം; അഥവാ സഭാവിശ്വാസികൾക്കു പ്രയോജനം ലഭിക്കണമെങ്കിൽ വ്യാഖ്യാനിയുണ്ടായിരിക്കണം. *വ്യാഖ്യാനി ഇല്ലാഞ്ഞാൽ അന്യഭാ ഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാ രിക്കട്ടെ* എന്നു 28-ാം വാക്യത്തിൽ പറഞ്ഞിട്ടുണ്ട്. അതായത് മൗന മായിരുന്നു ധ്യാനിക്കണം എന്നർത്ഥം.

> അപ്പൊസ്തലിക കാലഘട്ടത്തിൽ മാത്രമുള്ള ഒരു ക്രമീകരണമായി ഇതിനെ കാണേണ്ടതാണ്. പഴയനിയമ തിരുവെഴുത്തുകൾ പരിശോധിച്ചാൽ മോശെ, അബ്രഹാം, യോശുവ, ഗിദെയോൻ, ദാവീദ് എന്നിവരും സകലപ്രവാചകന്മാരും ദൈവത്തോടു സംസാരിച്ചപ്പോൾ അന്യഭാഷകളിൽ സംസാരിച്ചതായുള്ള ഒരു സന്ദർഭവും കാണുന്നില്ല. അവരൊക്കെ സംസാരിച്ചത് അവരുടേതായ ഭാഷയിലായിരുന്നു. ദൈവത്തോടു സംസാരിക്കുവാൻ ദൈവത്തിന്റേതായ ഒരു പ്രത്യേക ഭാഷയില്ല. ലോകത്തിലുള്ള സകലഭാഷകളും ദൈവത്തിനറിയാം. സർവ്വഗോത്രത്തിലും, ഭാഷയിലും, വംശത്തിലും, ജാതിയിലും നിന്നുള്ളവരെ യേശുക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയിരിക്കുകയാണ് (വെളി.5:9). അവരൊക്കെ അവരവരുടേതായ ഭാഷയിൽ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടവരാണ്. അവർ ഏതു ഭാഷക്കാരായാലും സർവ്വജ്ഞാനിയായ ദൈവത്തിനു (God is Omniscient) അവരുടെ ഭാഷ നന്നായി അറിയാം.

അന്യഭാഷയിൽ സംസാരിക്കുന്നവൻ ദൈവത്തോടു സംസാരിക്കുന്നുവെന്നുള്ള വാക്യത്തെ അടിസ്ഥാനപ്പെടുത്തി അനേകർ ഇന്നു വായിൽ വരുന്നതൊക്കെപ്പറഞ്ഞ് അന്യഭാഷ യഥാർത്ഥ ആത്മീകന്റെ ലക്ഷണമാണെന്നു തെറ്റായി വ്യാഖ്യാനിക്കുന്നു. പെന്തെകൊസ്തുനാൾ അന്യഭാഷയിൽ സംസാരിച്ചപ്പോൾ അവിടെ കൂടിനിന്നവരുടേതായ ഭാഷയിലാണവർ സംസാരിച്ചത് (അപ്പൊ.2:4,6,8,11). അവർ സംസാരിച്ചതു തങ്ങളുടെ ഭാഷയിലായിരുന്നതിനാൽ അവർ ആശ്ചര്യപ്പെട്ടു. ഇന്നത്തെ കൂടിവരവുകളിൽ നാം കേൾക്കുന്ന അന്യഭാഷകൾ കൂടിവരുന്നവരിൽ ഒരാൾക്കെങ്കിലും ആശ്ചര്യപ്പെടുവാൻ ഇടയാകുന്ന തരത്തിൽ അവരുടെ ഭാഷയിലാണോ?

ഒന്നാം നൂറ്റാണ്ടിൽ സുവിശേഷത്തിന്റെ ആധികാരികത തെളിയിക്കുവാനും സഭയുടെ അടിസ്ഥാനപ്രവർത്തനങ്ങൾക്കുമായി അപ്പൊസ്തലന്മാർക്കു നൽകിയ അത്ഭുതങ്ങൾ, അടയാളങ്ങൾ, വീര്യപ്രവൃത്തികൾ എന്നിവയോടു ബന്ധപ്പെടുത്തി ലഭിച്ച കൃപാവരമായിരുന്നു ഭാഷാവരം. സമ്പൂർണ്ണതിരുവെഴുത്തു ഇന്നു നമുക്കു ലഭിച്ചിരിക്കുന്നതിനാൽ ഇനി അന്യഭാഷയാൽ, വചനം സംസാരിക്കുന്നവരുടെ ദൈവിക അധികാരം തെളിയിക്കേണ്ട ആവശ്യമില്ല.

## (2) അന്യഭാഷയിൽ സംസാരിക്കുന്നവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു —

**1.കൊരി.14:2 —** *"....എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു."* മർമ്മം എന്നാൽ മറഞ്ഞുകിടക്കുന്നത്, മൂടപ്പെട്ടത്, രഹസ്യമായത്, ഗുപ്തമായത് എന്നൊക്കെ അർത്ഥം. പഴയനിയമതിരുവെഴുത്തുകളിൽ മറഞ്ഞുകിടന്നതും, പുതിയനിയമതിരുവെഴുത്തുകൾ ചമപ്പാൻ ആവശ്യവുമായ ദൈവികമർമ്മങ്ങൾ വെളിവായത് പ്രവചനവരത്തിലൂടെയും ഭാഷാവരത്തിലൂടെയും, ജ്ഞാനവരത്തിലൂടെയുമായിരുന്നു. അതിനായി അവർ ആത്മാവിൽ മർമ്മങ്ങളെ സംസാരിച്ചു.

> അന്യഭാഷയിൽ സംസാരിക്കുന്നവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു എന്നത് പുതിയനിയമതിരുവെഴുത്തുകൾ എഴുതപ്പെടുവാൻ വേണ്ടി മാത്രമുള്ള ദൈവത്തിന്റെ ക്രമീകരണമായിരുന്നു. സഭയുടെ ശൈശവാവസ്ഥയിൽ നൽകിയ ഒരടയാളമായിരുന്നു അന്യഭാഷ. പുതിയനിയമത്തിലെ അവസാനപുസ്തകമായ യോഹന്നാനിലൂടെയുള്ള വെളിപ്പാട് പൂർത്തിയായതോടെ പുതിയ മർമ്മങ്ങൾ അന്യഭാഷയിലൂടെയോ പ്രവചനത്തിലൂടെയോ രേഖകളാക്കുവാൻ വെളിപ്പെടുത്തേണ്ട ആവശ്യമില്ലാതായി. എന്നാൽ ഇന്നു തിരുവെഴുത്തുകളിലടങ്ങിയിരിക്കുന്ന ദൈവീകാലോചനകൾ, നിക്ഷേപങ്ങൾ, മുത്തുകൾ, നിധികൾ ആദിയായവ ഒറ്റ വായനയിൽ മനസ്സിലാകാതെ വരുന്നു. അവയെയും മർമ്മങ്ങൾ എന്നു പറയാം. ഇവയൊക്കെ പരിശുദ്ധാത്മസഹായത്താൽ ദൈവപാദപീഠത്തിലിരുന്നാൽ വെളിപ്പെട്ടു വരും. പരിശുദ്ധാത്മാവു പ്രകാശിപ്പിച്ചു തരുന്നതാകയാൽ അന്യഭാഷാവരമോ, പ്രവചനവരമോ, ജ്ഞാനവരമോ ഇതിനു ആവശ്യമില്ല.

ദൈവശ്വാസീയമായ, എഴുതപ്പെട്ട തിരുവെഴുത്തുകൾ ഇന്നു നമ്മുടെ കരങ്ങളിലുണ്ട്. ഉപദേശത്തിന്നും, ശാസനത്തിന്നും, ഗുണീകരണത്തിന്നും, നീതിയിലെ അഭ്യാസത്തിന്നും വേണ്ടുന്നതെല്ലാം അവയിൽ അടങ്ങിയിരിക്കുന്നു(2.തിമൊ.3:17). ഇതിനോടു അന്യഭാഷയിലൂടെയോ പ്രവചനത്തിലൂടെയോ എന്തെങ്കിലും കൂട്ടിച്ചേർക്കേണ്ട ആവശ്യവുമില്ല. ഇതിനെതിരായി ആരെങ്കിലും തിരുവചനത്തോടു കൂട്ടിച്ചേർത്താൽ ശിക്ഷ ലഭിക്കുമെന്നു ദൈവവചനം മുന്നറിയിപ്പു നൽകുന്നു(ആവ.4:2/സദൃ.3:6/വെളി.22:18,19).

### (3) അന്യഭാഷയിൽ സംസാരിക്കുന്നവൻ തെളിവുള്ള ഭാഷയിൽ സംസാരിക്കണം —

**1.കൊരി.14:9 —** *"അതുപോലെ നിങ്ങളും നാവു കൊണ്ടു തെളിവായ വാക്കു ഉച്ചരിക്കാഞ്ഞാൽ സംസാരിക്കുന്നതു എന്തെന്നു എങ്ങനെ അറിയും?"*

സഭയുടെ കെട്ടുപണിക്കും ആത്മീകവളർച്ചെക്കും വേണ്ടിയാണ് അന്യഭാഷാവരം ലഭിച്ചത്. എന്നാൽ കൊരിന്തിലെ ചില വിശ്വാസികൾ സ്വന്തതാൽപര്യങ്ങൾക്കായും, ആത്മപ്രശംസയ്ക്കായും, തങ്ങൾ ആത്മീകരെന്നു പ്രദർശിപ്പിക്കുവാനായും വായിൽ വരുന്ന അവ്യക്തവാക്കുകൾ ഉച്ചരിച്ചു അന്യഭാഷാവരം ദുരുപയോഗപ്പെടുത്താൻ തുടങ്ങി. അതു മനസ്സിലാക്കിയ പൗലൊസ് അപ്പൊസ്തലൻ അവരെ പ്രബോധിപ്പിക്കുന്നതാണ് പ്രസ്തുത ഭാഗം. അന്യഭാഷയിൽ സംസാരിക്കുന്നവൻ തെളിവുള്ള ഭാഷയിൽ സംസാരിക്കണമെന്നതു വിശദീകരിക്കാനായി ചില ദൃഷ്ടാന്തങ്ങൾ ഇവിടെ പറഞ്ഞിരിക്കുന്നു. ഒന്നാമതായി സംഗീതോപരണങ്ങളായ കുഴലും, വീണയും വ്യക്തതയോടും, ശരിയായും പ്രവർത്തിപ്പിച്ചില്ലെങ്കിൽ സംഗീതം ആർക്കും തിരിച്ചറിയുവാൻ കഴിയുകയില്ല (1.കൊരി.14:7). രണ്ടാമതായി യുദ്ധത്തിനായി പുറപ്പെടുവാൻ പാളയത്തിലുള്ളവരെ അറിയിക്കുവാനുള്ള കാഹളം തെളിവില്ലാത്ത നാദത്തിൽ ശബ്ദം പുറപ്പെടുവിച്ചാൽ യുദ്ധത്തിനായി പുറപ്പെടുവാൻ കഴിയുകയില്ല (1.കൊരി.14:8). അതുപോലെ നാവുകൊണ്ടു തെളിവായ വാക്കുകൾ പുറപ്പെടുവിക്കുന്നില്ലെങ്കിൽ ആർക്കും തിരിച്ചറിയുവാനോ മനസ്സിലാക്കുവാനോ കഴിയുകയില്ല. കേൾക്കുന്നവർക്കു മനസ്സിലാകാത്ത വിധത്തിൽ അന്യഭാഷ ഉച്ചരിക്കുന്നവനെ കാറ്റിനോടു സംസാരിക്കുന്നവനു തുല്യനായി ഉപമിച്ചിരിക്കുന്നു (1.കൊരി.14:9). ലോകത്തിൽ വിവിധഭാഷകളുണ്ടെങ്കിലും അവയൊന്നും തെളിവില്ലാത്തവയല്ല (1.കൊരി.14:10). സഭയിൽ പതിനായിരം വാക്കു അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ മറ്റുള്ളവർക്കു മനസ്സിലാകുന്ന വിധത്തിൽ തെളിവുള്ള (ബുദ്ധികൊണ്ടു) അഞ്ചു വാക്കു പറയുന്നതാണ് ഏറെ ഉത്തമം. (1.കൊരി.14:19).

> കൊരിന്തിലെ ചില ജഡികവിശ്വാസികൾ അന്യഭാഷാവരത്തെ അനാത്മീക കാര്യങ്ങൾക്കായി ഉപയോഗിച്ചതുപോലെ ഇന്നും അനേക വിശ്വാസക്കൂട്ടങ്ങൾ തങ്ങളുടെ ആത്മീകത പ്രദർശി

പ്പിക്കുവാൻ വായിൽ വരുന്നതെല്ലാം പറഞ്ഞിട്ട് പെന്തെകൊസ്തു നാളിൽ ലഭിച്ച അന്യഭാഷയാണെന്നു പറയുകയും പഠിപ്പിക്കുകയും ചെയ്യുന്നു. കൊരിന്തുവിശ്വാസികൾ ഒരു തെറ്റു ചെയ്തെങ്കിൽ, ഇന്നു അന്യഭാഷ പറയുന്നവർ ദൈവമുമ്പാകെ രണ്ടു തെറ്റു ചെയ്യുന്നു. അതായത് ഒന്ന് — അന്യഭാഷാവരം നിന്നുപോകുമെന്നു തിരുവചനം വ്യക്തമായി പ്രഖ്യാപിച്ചതു പുതിയനിയമപുസ്തകങ്ങൾ രേഖകളായി ലഭിച്ചപ്പോൾ നിറവേറി എന്നു മനസ്സിലാക്കിയിട്ടും അന്യഭാഷ പറയുവാൻ മത്സരിക്കുന്ന പ്രവണത. രണ്ട് — അന്യഭാഷയിൽ സംസാരിക്കുന്നവൻ തെളിവുള്ള ഭാഷയിൽ സംസാരിക്കണമെന്ന നിർദ്ദേശം പാലിക്കാതെ ആർക്കും മനസ്സിലാകാത്ത വിധത്തിലുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. പെന്തെകൊസ്തുനാൾ അന്യഭാഷയിൽ സംസാരിച്ചപ്പോൾ അവിടെ കൂടിനിന്നവരുടേതായ ഭാഷയിലാണവർ സംസാരിച്ചത് (അപ്പൊ.2:4,6,8,11). കേട്ടുനിന്നവർ തങ്ങളുടെ ഭാഷയറിയാത്തവരായ അവർ നന്നായി വ്യക്തതയോടെ സംസാരിക്കുന്നതു കേട്ട് ആശ്ചര്യപ്പെടുവാനിടയായി. ഇന്നു കേൾക്കുന്ന അന്യഭാഷകൾ ആർക്കും മനസ്സിലാകുന്നില്ലെന്നു മാത്രമല്ല ദൈവനാമത്തിനു ക്ഷതം സംഭവിക്കുന്ന രീതിയിലുള്ളവയുമാണ്. ഇവരെ കാണുമ്പോൾ കാറ്റിനോടു സംസാരിക്കുന്നവർ (1.കൊരി.14:9)എന്നു അവിശ്വാസികൾ പറയുവാനിടയായിത്തീരുന്നു.

**4) അന്യഭാഷാജല്പനം ആത്മീകപക്വതയില്ലാത്തതിന്റെ ലക്ഷണമാണ് —**

**1.കൊരി.14:20 —** *"സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുതു: തിന്മെക്കു ശിശുക്കൾ ആയിരിപ്പിൻ; ബുദ്ധിയിലോ മുതിർന്നവരായിരിപ്പിൻ."*

അന്യഭാഷയുടെ ആവശ്യകതയെക്കുറിച്ചു അപ്പൊസ്തലൻ വിശദീകരിക്കുന്ന വേളയിൽ കൊരിന്തു വിശ്വാസികളോടു പറയുന്നത് അവർ അവരുടെ ബുദ്ധിയിൽ അഥവാ ചിന്തകളിൽ പക്വത പ്രാപിക്കണമെന്നാണ്. അവർ ശിശുക്കളെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനാലാണ് സഭയുടെ ഉന്നമനത്തിനു നൽകിയ കൃപാവരമായ അന്യാഭാഷ ദുരുപയോഗപ്പെടുത്തിയത്. ചിന്തയിലും പ്രവർത്തനത്തിലും ശിശുക്കളെപ്പോലെ ആകാതെ തിന്മെക്കാണ് ശിശുക്കളെപ്പോലെ ആകേണ്ടത്. തിന്മെക്കു പകരം തിന്മ ചെയ്യാതിരിക്കുകയാണ് തിന്മെക്കു ശിശുക്കളാകുന്നത്.

കൊരിന്തു വിശ്വാസികൾ ബുദ്ധിയിൽ അഥവാ അവരുടെ ചിന്തകളിലും പ്രവർത്തനങ്ങളിലും ശിശുക്കളെപ്പോലെ ജീവിച്ചത് അപ്പൊസ്തലന്റെ ശ്രദ്ധയിൽ പെട്ടു. അവർ തിരുവചനം കേൾക്കുന്നുവെങ്കിലും അതു പരിശോധിക്കുന്നില്ല. അവരോടു ഉപദേശങ്ങൾ പറയുന്നവർ ദുരുപദേശകരാണോ എന്നു അവർ വിവേചിച്ചു മനസ്സിലാക്കുന്നില്ല. ഇക്കാരണങ്ങളാൽ അവർ ആത്മീകപക്വതയില്ലാത്തവരായി കേവലം ജഡികവിശ്വാസികളായി ജീവിക്കുന്നു. ഈ അവസരത്തിൽ ഭാഷാവരവും അവർ ദുരുപയോഗപ്പെടുത്തുവാനിടയായി.

> സഭയുടെ ആത്മീകാഭിവൃദ്ധിക്കായി ലഭിച്ച അന്യഭാഷാവരം കൊരിന്തുവിശ്വാസികൾ കേവലം ശിശുക്കളെപ്പോലെ ആവശ്യകതയും ഉദ്ദേശ്യവും മനസ്സിലാക്കാതെ ഉപയോഗിച്ചപ്പോഴാണ് അപ്പൊസ്തലനായ പൗലൊസ് അവരെ പ്രബോധിപ്പിച്ചു പറഞ്ഞത് — സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുത്. അപ്പൊസ്തലന്മാരുടെ കാലത്ത് സഭയുടെ പൊതുവായ അഭിവൃദ്ധിക്കു നൽകിയ ഭാഷാവരം ഇക്കാലത്തും ഉപയോഗിക്കുന്നത് അവരുടെ ആത്മീയപക്വതയില്ലായ്മയാണ് വെളിപ്പെടുത്തുന്നത്. ആത്മീകകാര്യങ്ങളിൽ ഇവർ കുഞ്ഞുങ്ങൾ എന്ന നിലയിൽ ജീവിക്കുന്നു എന്നതിൽ സംശയിക്കേണ്ട. ബുദ്ധിയിൽ മുതിർന്നവരായാൽ അന്യഭാഷാവരമെന്തിനാണ് ദൈവം നൽകിയിരുന്നതെന്നു മനസ്സിലാകും.

## (5) അന്യഭാഷ അവിശ്വാസിക്കു അടയാളമായിരിക്കുന്നു

**1.കൊരി.14:22 —** *“അതുകൊണ്ടു അന്യഭാഷകൾ അടയാളമായിരിക്കുന്നതു വിശ്വാസികൾക്കല്ല, അവിശ്വാസികൾക്കത്രേ; പ്രവചനമോ അവിശ്വാസികൾക്കല്ല, വിശ്വാസികൾക്കു തന്നേ.”*

കൊരിന്തുവിശ്വാസികൾ അന്യഭാഷാവരം ദുരുപയോഗപ്പെടുത്തിയപ്പോൾ അന്യഭാഷയുടെ യഥാർത്ഥ അവശ്യകതയെ അപ്പൊസ്തലനായ പൗലൊസ് വിവരിക്കുന്നു — *“അന്യഭാഷകൾ അടയാളമായിരിക്കുന്നത് വിശ്വാസികൾക്കല്ല, അവിശ്വാസികൾക്കത്രേ.”* യെശയ്യാ പ്രവചനത്തിലെ ഒരു വാക്യം ഉദ്ധരിച്ചു കൊണ്ടാണ് അന്യഭാഷയെ സംബന്ധിച്ചുള്ള പ്രസ്താവന പറഞ്ഞിരിക്കുന്നത്. **1.കൊരി.14:21 —** *“അന്യഭാഷകളാലും അന്യന്മാരുടെ അധരങ്ങളാലും ഞാൻ ഈ ജനത്തോടു സംസാരിക്കും എങ്കിലും അവർ എന്റെ*

*വാക്കു കേൾക്കയില്ല എന്നു കർത്താവു അരുളിച്ചെയ്യുന്നു"* (യെശ.28:11). യിസ്രായേലിന്റെ സ്വന്തം ഭാഷയിൽ ദൈവം അരുളി ച്ചെയ്തത് അവർ അനുസരിക്കായ്കയാൽ അവർക്കു മനസ്സിലാ കാത്ത ഭാഷ സംസാരിക്കുന്ന ജാതികളുടെ കൈയ്യിൽ അവരെ ഏല്പിച്ചു. ദൈവത്തിൽ ആശ്രയം വെക്കാതെ അനുസരണം കെട്ടവരായി അവിശ്വാസികളായി നടന്ന യിസ്രായേലിനെ ദൈവം ഇപ്രകാരം ശിക്ഷിച്ചു. യിസ്രായേലിന്റെ അവിശ്വാസത്തിനും അനു സരണക്കേടിനും ദൈവം ശിക്ഷ അയച്ചതിന്റെ അടയാളമായിരുന്നു അവർ കേട്ട അന്യഭാഷ. സഭയുടെ ആരംഭകാലത്തും അവിശ്വാസി കൾക്കടയാളമായി അന്യഭാഷ നൽകപ്പെട്ടു. ദൈവവചനത്തിന്റെ ആധികാരികതയെയും ദൈവസാന്നിദ്ധ്യത്തെയും വെളിപ്പെടുത്തുന്ന അടയാളമായി അവിശ്വാസിക്കു അന്നു അനുഭവപ്പെട്ടു. എന്നാൽ അന്യഭാഷ വിശ്വാസത്തിന്റെയോ, പരിശുദ്ധാത്മസ്നാനത്തിന്റെയോ, അഭിഷേകത്തിന്റെയോ, ആത്മനിറവിന്റെയോ അടയാളവുമല്ല.

> അന്യഭാഷ അവിശ്വാസികൾക്കാണ് അടയാളമായിരിക്കു ന്നുവെന്നു തിരുവചനം വ്യക്തമായി സംസാരിക്കുമ്പോൾ ഇന്ന നേകം കൂട്ടങ്ങളിലും വിശ്വാസികളുടെ ഇടയിലാണ് ഉപയോഗിക്കു ന്നതെന്ന വസ്തുത ശ്രദ്ധേയമാണ്. പരിശുദ്ധാത്മസ്നാനത്തിന്റെയും അഭിഷേകത്തിന്റെയും പ്രത്യക്ഷമായ അടയാളമായി ചിലർ ഇതിനെ വ്യാഖ്യാനിക്കുന്നു. കൊരിന്തു സഭയിൽ അന്യഭാഷാവരത്തെ ദുര പയോഗപ്പെടുത്തിയപ്പോൾ അവർക്കായി നൽകുന്ന പ്രബോധന മാണിതെന്ന കാര്യവും വിസ്മരിച്ചുകൂടാ. തിരുവെഴുത്തുകൾ പൂർത്തീകരിക്കപ്പെട്ടു നമ്മുടെ കരങ്ങളിൽ ആധികാരികമായി ലഭി ച്ചിരിക്കുന്നതിനാൽ ഇനി അടയാളമായി അന്യഭാഷയെ ഉപയോഗ പ്പെടുത്തേണ്ട ആവശ്യമില്ല. അന്യഭാഷ അടയാളമായിരിക്കുന്നത് അവിശ്വാസികൾക്കാണ് എന്നു പറഞ്ഞിരിക്കുന്ന തിരുവചനം അക്ഷ രാർത്ഥത്തിലെടുത്തു രക്ഷിക്കപ്പെടാത്ത അവിശ്വാസികളുടെ കൂട്ട ങ്ങളിൽ ചെന്നു അന്യഭാഷ പറഞ്ഞാൽ ദൈവനാമമഹത്വത്തിനു ക്ഷതം സംഭവിക്കുകയേയുള്ളു.

**(6) അന്യഭാഷ ആത്മീകവർദ്ധനെക്കായി ഉതകണം —**

**1.കൊരി.14:26** — *"ആകയാൽ എന്തു? സഹോദരന്മാരേ, നിങ്ങൾ കൂടി വരുമ്പോൾ ഓരോരുത്തന്നു സങ്കീർത്തനം ഉണ്ടു, ഉപദേശം ഉണ്ടു, വെളിപ്പാടു ഉണ്ടു, അന്യഭാഷ ഉണ്ടു, വ്യാഖ്യാനം ഉണ്ടു, സകലവും ആത്മീകവർദ്ധനെക്കായി ഉതകട്ടെ."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

കൊരിന്തുസഭയിൽ സങ്കീർത്തനധ്യാനം, വചനപഠനം, വെളിപ്പാടു, അന്യഭാഷ, വ്യാഖ്യാനം തുടങ്ങിയ എല്ലാ ശുശ്രൂഷകളും ഉണ്ടായിരുന്നിട്ടും അവയൊക്കെ സഭയുടെ ആത്മീകവർദ്ധനെക്കു കാരണമായിത്തീരുന്നില്ലെന്നു അപ്പൊസ്തലൻ മനസ്സിലാക്കി. ഏതു ശുശ്രൂഷയും സഭയുടെ ആത്മീകവർദ്ധനയെ ലക്ഷ്യമാക്കിയുള്ളതായിരിക്കണമെന്നു അവരെ പ്രബോധിപ്പിക്കുന്നു. ഈ പ്രബോധനം ഇക്കാലത്തും നമ്മുടെ ശുശ്രൂഷകളോടുള്ള ബന്ധത്തിൽ കുറിക്കൊള്ളേണ്ടതാണ്. നമ്മുടെ സങ്കീർത്തനം, പാട്ട്, വചനപഠനം, പ്രാർത്ഥന എന്നിങ്ങനെയുള്ളവയെല്ലാം സഭയുടെ ആത്മീകവർദ്ധനെക്കു സഹായമായിത്തീരണം. **1.കൊരി.14:33 —** *"ദൈവം കലക്കത്തിന്റെ ദൈവമല്ല സമാധാനത്തിന്റെ ദൈവമത്രേ."* ദൈവത്തെ ആരാധിക്കുവാൻ വരുമ്പോൾ വിശ്വാസികൾ അന്യോന്യം മത്സരിച്ചു കൃപാവരങ്ങൾ ദുരുപയോഗപ്പെടുത്തിയ കൊരിന്ത്യരുടെ പാത പിൻതുടരാതെ സമാധാനമായി ദൈവത്തെ ആരാധിക്കുക.

## (7) സഭാകൂടിവരവുകളിൽ അന്യഭാഷയിൽ സംസാരിക്കുന്നവർ പരമാവധി മൂന്നിൽ കൂടാൻ പാടില്ല —

**1.കൊരി.14:27 —** *"അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ രണ്ടുപേരോ ഏറിയാൽ മൂന്നു പേരോ ആകട്ടെ."*—

അന്യഭാഷാവരമുള്ളവർ തെളിവുള്ള ഭാഷയിൽ സംസാരിക്കണമെന്നു പറഞ്ഞശേഷം ഒരു സഭാകൂടിവരവിൽ എല്ലാവരും കൂടി അന്യഭാഷയിൽ സംസാരിക്കാമോ എന്നതിനും കൊരിന്ത്യലേഖനത്തിലൂടെ ഉത്തരം നൽകുന്നു. സഭയുടെ ആത്മീകാഭിവൃദ്ധിക്കായി നൽകിയ ഭാഷാവരം കൊരിന്ത്യവിശ്വാസികൾ ദുരുപയോഗപ്പെടുത്തുന്നതും, സകലരും ഒരുമിച്ചു അന്യഭാഷയിൽ സംസാരിക്കയാൽ ആർക്കുമാർക്കും ഒന്നും മനസ്സിലാകാതെ ഒരു കലക്കത്തിന്റെ വഴിയിലേക്കു നീങ്ങുന്നതും, കണ്ട അപ്പോസ്തലൻ സംസാരിക്കുന്നവരുടെ എണ്ണത്തിനും നിയന്ത്രണം ഏർപ്പെടുത്തുന്നു. സഭയുടെ ആരംഭകാലത്തേക്കു നൽകപ്പെട്ട ഭാഷാവരം, അതു ഏതുദ്ദേശത്തിനായി നൽകപ്പെട്ടുവോ, അതിന്റെ ഫലപ്രാപ്തിക്കായി, അന്യഭാഷയിൽ സംസാരിക്കുന്നവർ രണ്ടുപേരോ ഏറിയാൽ മൂന്നുപേരോ ആകട്ടെ എന്നുള്ള വ്യവസ്ഥ നൽകി ക്രമീകരിക്കുന്നു.

> അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ രണ്ടു പേരോ ഏറിയാൽ മൂന്നു പേരോ ആകട്ടെ എന്നുള്ള നിർദ്ദേശത്തെ പാടെ

അവഗണിച്ചുകൊണ്ട് ഇന്നു ചില സഭാകൂടിവരവുകളിൽ എല്ലാവരും കൂടി ഒത്തൊരുമിച്ചു അന്യഭാഷ പറഞ്ഞു സ്വയം പുകഴുന്നു. പെന്തെക്കൊസ്തുനാൾ പരിശുദ്ധാത്മാവു വിശ്വാസികളിൽ പകരപ്പെട്ടപ്പോൾ അവരെല്ലാവരും അന്യഭാഷയിൽ സംസാരിച്ചു എന്നുള്ള ന്യായം പറഞ്ഞാണ് ഇവർ അന്യഭാഷ നീക്കപ്പെട്ടിട്ടും ദൈവവചനം പഠിക്കാതെ പ്രവർത്തിക്കുന്നത്. കൊരിന്ത്യവിശ്വാസികളിൽ കണ്ട ക്രമക്കേടാണ് ഇന്നു ഇവരിലും കാണുന്നതെന്നു സാരം.

## (8) അന്യഭാഷ ഓരോരുത്തരായി സംസാരിക്കണം —

**1.കൊരി.14:27 —** *"അവർ ഓരോരുത്തനായി സംസാരിക്കയും.."*

അന്യഭാഷയിൽ സംസാരിക്കുന്നവർ രണ്ടുപേരോ ഏറിയാൽ മൂന്നുപേരോ ആയിരിക്കണമെന്നു പറഞ്ഞശേഷം വീണ്ടും അതിൽത്തന്നെ ഒരു നിയന്ത്രണവും കൂടി അപ്പൊസ്തലൻ കൊരിന്ത്യവിശ്വാസികൾക്കു നൽകുന്നു. ഒരു സമയത്തു ഒരാൾ മാത്രമേ സംസാരിക്കാവൂ എന്നതാണത്. ഒന്നിലധികം ആളുകൾ ഒരുമിച്ചു അന്യഭാഷയിൽ സംസാരിച്ചാൽ അവരുടെ ദൂത് മനസ്സിലാക്കുവാൻ പ്രയാസമാകുകയും, സഭയിലാകമാനം കോലാഹലം ഉണ്ടാകുകയും ചെയ്യുന്നതു ഒഴിവാക്കാനാണ് ഈ സംവിധാനം.

> കൊരിന്ത്യവിശ്വാസികളിൽ ചിലർ അവരുടെ ആത്മീകനില പ്രദർശിപ്പിക്കുവാനുള്ള മാദ്ധ്യമമായി അന്യാഭാഷാവരത്തെ ദുരുപയോഗപ്പെടുത്തിക്കൊണ്ടു അന്യോന്യം മത്സരിച്ചു അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. അവർക്കു ലഭിച്ച കൃപാവരം സഭയുടെ ആത്മീകാഭിവൃദ്ധിക്കായി ഉപയോഗിക്കുന്നതിനു പകരം അവരുടെ സ്വാർത്ഥതാൽപര്യങ്ങൾക്കുപയോഗിക്കുന്നതു തടഞ്ഞു താക്കീതു ചെയ്തുകൊണ്ടുള്ള നിർദ്ദേശവുമാണ് ഓരോരുത്തരായി മാത്രമേ സംസാരിക്കാവൂ എന്നത്. ഇന്നത്തെ ചില വിശ്വാസക്കൂട്ടങ്ങൾ കൊരിന്ത്യരുടെ അതേ വഴി തന്നെ പിന്തുടരുന്നു. അന്യഭാഷയിൽ എല്ലാവരും ഒരുമിച്ചു സംസാരിച്ചാലേ ആത്മീകാരാധനയാകുകയുള്ളു എന്നിവർ ധരിച്ചിരിക്കുന്നു.

മരണത്തിൽ നിന്നും ജീവൻ ലഭിച്ച ബേഥാന്യയിലെ ലാസർ നിശബ്ദ ഹൃദയത്തോടെ ദൈവത്തെ ആരാധിച്ചതുപോലെ (യോഹ.12:2), തങ്ങളെ രക്ഷിച്ചു വീണ്ടെടുത്ത കർത്താവിന്റെ സന്നിധിയിൽ തങ്ങളെത്തന്നെ ജീവനുള്ള യാഗമായി അർപ്പിച്ചു തിരുവചനപ്രകാരം ആരാധിക്കുന്ന വേർപെട്ടകൂട്ടങ്ങളെ ഇവർ ആത്മാവില്ലാത്തവരെന്നു മുദ്രകുത്തി അപമാനിക്കുകയും ചെയ്യുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

## (9) അന്യഭാഷയിൽ സംസാരിക്കുമ്പോൾ വ്യാഖ്യാനിക്കണം —

**1.കൊരി.14:27** — *"അവർ ഓരോരുത്തനായി സംസാരിക്കയും ഒരുവൻ വ്യാഖ്യാനിക്കയും ചെയ്യട്ടെ."*

അന്യഭാഷയോടനുബന്ധിച്ചു കൊരിന്ത്യവിശ്വാസികൾക്കു നൽകിയ മറ്റൊരു വ്യവസ്ഥയാണിത്. അന്യഭാഷാവരമുള്ളയാൾ സംസാരിക്കുമ്പോൾ മറ്റൊരുവൻ വ്യാഖ്യാനിക്കണം. പെന്തെകൊസ്തുനാളിൽ പരിശുദ്ധാത്മാവു പകരപ്പെട്ടപ്പോൾ ലഭിച്ച അന്യഭാഷ വ്യാഖ്യാനിക്കേണ്ട ആവശ്യമില്ലായിരുന്നു. കാരണം അവിടെ കൂടിനിന്നവരുടെ ഭാഷകളിലായിരുന്നു അവർ സംസാരിച്ചത്. അപ്പൊസ്തലന്മാരുടെ കാലത്തു സുവിശേഷവുമായി മറ്റുഭാഷക്കാരുടെ സമീപം ചെന്ന ചില സന്ദർഭങ്ങളിൽ വ്യാഖ്യാനവരം ലഭിച്ചവർ അന്യഭാഷ വ്യാഖ്യാനിച്ചു കൊടുക്കാറുണ്ടായിരുന്നു. എന്നാൽ കൊരിന്തിലെ വിശ്വാസികൾ അന്യഭാഷാവരത്തെ ദുരുപയോഗപ്പെടുത്തിക്കൊണ്ട് എല്ലാവരും ഒരുമിച്ചു സംസാരിച്ചപ്പോൾ ആർക്കും ഒന്നും മനസ്സിലാക്കുവാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയിലെത്തിച്ചേർന്നു. ഈ അവസരത്തിൽ സഭാവിശ്വാസികൾക്ക് ആത്മീകാഭിവൃദ്ധി ലഭിക്കുവാനായി, സകലവും ക്രമമായും, ഉചിതമായും, ഭംഗിയായും നടത്തപ്പെടുവാൻ നിയന്ത്രണമേർപ്പെടുത്തി പറയുന്നതാണ് അന്യഭാഷയിൽ സംസാരിക്കുമ്പോൾ ഒരുവൻ വ്യാഖ്യാനിക്കയും ചെയ്യട്ടെ എന്നത്.

> ദൈവസഭയുടെ ഉന്നമനത്തിനായി അന്യഭാഷാവരം നൽകിയപ്പോൾ വ്യാഖ്യാനവരവും നൽകിയിരുന്നു. വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷ ഉപയോഗിക്കുവാൻ പാടില്ലായിരുന്നു. ഇക്കാലത്തു അന്യഭാഷ പറയുന്നവരുടെ കൂട്ടത്തിൽ, അവർ വചനപഠനത്തിനോ പ്രാർത്ഥനെക്കോ കൂടിവരുന്ന സന്ദർഭങ്ങളിൽപോലും അന്യഭാഷക്കാരുടെ ഉച്ചത്തിലുള്ള ശബ്ദങ്ങൾ മൂലം ആർക്കും യാതൊന്നും മനസ്സിലാകുന്നില്ല. അന്യഭാഷ നിലവിലുണ്ടായിരുന്ന കാലത്തു വ്യാഖ്യാനിയുടെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചിരിക്കുന്നതിന്റെ മറവിൽ, വായിൽ വരുന്ന അവ്യക്തവാക്കുകൾ ബുദ്ധിയുടെ പ്രമാണത്തിൽ നിന്നു തട്ടിവിട്ടു വ്യാഖ്യാനവരമാണെന്നു അവകാശപ്പെടുന്നവരുമുണ്ട്. കൊരിന്തിലെ ജഡികവിശ്വാസികളുടെ വഴി പിൻപറ്റുന്നവരാണവർ എന്നതിൽ സംശയമില്ല.

**(10) വ്യാഖ്യാനിയില്ലെങ്കിൽ അന്യഭാഷക്കാരൻ സഭയിൽ മൗനമായിരിക്കണം —**

**1.കൊരി.14:27—** *"വ്യാഖ്യാനി ഇല്ലാഞ്ഞാൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ."*

അന്യഭാഷ ഓരോരുത്തരായി സംസാരിക്കുകയും അതു വ്യാഖ്യാനിക്കുകയും വേണം എന്നതിനു പുറമേ അന്യഭാഷ സംസാരിക്കുന്നതിൽ കൊരിന്ത്യർക്കു നൽകുന്ന മറ്റൊരു വ്യവസ്ഥയാണിത്. വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷക്കാരൻ  സഭയിൽ മൗനമായിരുന്നു തന്നോടും ദൈവത്തോടും സംസാരിക്കണം.

> അന്യഭാഷ ഒന്നാംനൂറ്റാണ്ടിൽ സഭയുടെ അടിസ്ഥാനപ്പണിക്കായി നൽകപ്പെട്ട വരമായിരുന്നു.  തിരുവെഴുത്തുകൾ രേഖകളായി ദൈവജനത്തിന്റെ കൈവശം ലഭിച്ചു കഴിഞ്ഞപ്പോൾ അന്യഭാഷാവരം നീങ്ങിപ്പോകുവാനിടയായി. വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷക്കാരൻ  സഭയിൽ മൗനമായിരുന്നു തന്നോടും ദൈവത്തോടും സംസാരിക്കണമെന്നത് താൻ മൗനമായിരുന്നു ദൈവത്തോടു ധ്യാനിക്കട്ടെ എന്നു സാരം.

**(11) സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ —**

**1.കൊരി.14:34,35 —** *"വിശുദ്ധന്മാരുടെ സർവ്വ സഭകളിലും എന്ന പോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല. അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽവെച്ചു ഭർത്താക്കന്മാരോടു ചോദിച്ചു കൊള്ളട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ."*

ഭാഷാവരത്തെയും പ്രവചനവരത്തെയും കുറിച്ചു വിശദീകരിക്കുകയും അതുപയോഗിക്കുന്നതിൽ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ട് സഭയിൽ സ്ത്രീകൾ എങ്ങനെയായിരിക്കണമെന്നു പറയുന്നു. അവർ സഭായോഗങ്ങളിൽ മൗനമായിരിക്കണം. സ്ത്രീകൾ സഭയിൽ അന്യഭാഷയും വ്യാഖ്യാനവും ഉപദേശവും തുടങ്ങിയപ്പോഴാകാം *'സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ'* എന്നു അപ്പോസ്തലൻ ഉപദേശിക്കുന്നത്.

> സ്ത്രീകൾ സഭയിൽ മൗനമായിരിക്കണമെന്നത് അവർക്കു ദൈവത്തെ ആരാധിക്കുവാനോ, പാട്ടുകൾ പാടുവാനോ, സ്ത്രോത്രം ചെയ്യുവാനോ, ആമേൻ പറയുവാനോ അനുവാദമില്ലെന്നല്ല. പുരു

ഷന്മാരുൾപ്പെട്ട സഭാകൂടിവരവുകളിൽ അവർ പ്രസംഗിക്കുവാനോ, നേതൃത്വം വഹിക്കുവാനോ പാടില്ലെന്നതാണ്. വചനസംബന്ധമായോ, സഭാപ്രവർത്തനസംബന്ധമായോ എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഭവനത്തിൽ വെച്ചു തങ്ങളുടെ ഭർത്താക്കന്മാരോടു ചോദിക്കുകയാണ് വേണ്ടത്. എന്നാൽ വിധവമാരും, വിവാഹം കഴിക്കാത്ത സ്ത്രീകളും ഇങ്ങനെയുള്ള അവസരങ്ങളിൽ അവരുടെ സ്വന്തം ഭവനങ്ങളിലെ സഹോദരന്മാരോടോ, സഭയിലെ സുവിശേഷകനോടോ, മൂപ്പന്മാരോടോ പ്രത്യേകമായി ചോദിക്കാം. സഭയിൽ പരസ്യമായി സംസാരിക്കുവാനോ, ചോദ്യങ്ങൾ ചോദിക്കുവാനോ, അഭിപ്രായങ്ങൾ പങ്കുവെക്കുവാനോ സ്ത്രീകൾക്ക് അനുവാദമില്ല. സ്ത്രീകളിൽത്തന്നെ ഉന്നത വിദ്യാഭ്യാസമുള്ളവരും നല്ല വചനപരിജ്ഞാനമുള്ളവരും ഉണ്ടാകാം. എന്നാൽ സഭയിൽ പുരുഷന്മാരുൾപ്പെട്ട കൂടിവരവുകളിൽ അവർ സംസാരിക്കുന്നതു അനുചിതമാണ്. അപ്പൊസ്തലന്മാരുടെ കാലത്തുതന്നെ സ്ത്രീകളെ സഭാശുശ്രൂഷാനേതൃത്വം ഏൽപ്പിക്കുകയോ, സഭയെ നയിക്കുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്നതായി കാണുന്നില്ല. ഒരൊറ്റ സ്ത്രീ പോലും ആരെയും സ്നാനപ്പെടുത്തിയതായും തിരുവചനത്തിൽ പറഞ്ഞിട്ടില്ല. സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ, സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ എന്നു പറഞ്ഞിരിക്കുമ്പോൾ അവർക്കു അന്യഭാഷ പറയുവാനും അനുവാദമില്ല. എന്നാൽ ഇന്നു അനേകം സഭകളിൽ സ്ത്രീകളെ ശുശ്രൂഷിക്കുവാൻ അനുവദിക്കുന്നുണ്ട്. ഇതു വചനവിരുദ്ധമാണ്. സഭയുടെ ശൈശവാവസ്ഥയിൽ വളർച്ചെക്കും, പരിപോഷണത്തിനും, ദൂതുകളുടെ ആധികാരികതയ്ക്കും കൊടുത്തിരുന്നതാണ് അന്യഭാഷാവരവും പ്രവചനവരവും. അവ നീങ്ങിപ്പോയെങ്കിലും ഇക്കാലത്തു തങ്ങളുടെ ആത്മീകത പ്രദർശിപ്പിക്കുവാൻ മത്സരിക്കുന്ന കൂട്ടങ്ങളിൽ സ്ത്രീകളും യാതൊരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുന്നതു വചനവിരുദ്ധം തന്നെ.

## (12) അന്യഭാഷകളിൽ സംസാരിക്കുന്നതു വിലക്കരുത്

**1.കൊരി.14:39 —** *"അതുകൊണ്ടു സഹോദരന്മാരേ, അന്യഭാഷകളിൽ സംസാരിക്കുന്നതു വിലക്കുകയുമരുതു. സകലവും ഉചിതമായും ക്രമമായും നടക്കട്ടെ."*

കൊരിന്ത്യവിശ്വാസികളിൽ ഒരു കൂട്ടർ അന്യഭാഷാവരത്തെ ദുരുപയോഗപ്പെടുത്തിയതു കണ്ട അപ്പൊസ്തലൻ അവരെ ശാസി

ക്കുകയും അന്യഭാഷ സഭയിൽ ഉപയോഗിക്കുന്നതിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. സഭയുടെ പൊതുനന്മെക്കായി ലഭിച്ച അന്യഭാഷാവരം ദൈവമഹത്വത്തിനായും സഭയുടെ ആത്മിക വളർച്ചെക്കായും ഉപയോഗിക്കുമ്പോൾ അതിനെ വിലക്കുവാൻ പാടില്ലെന്നു ഈ അദ്ധ്യായത്തിനു സമാപനം കുറിച്ചുകൊണ്ടു അപ്പൊസ്തലൻ പറയുന്നു.

> അന്യഭാഷകളിൽ സംസാരിക്കുന്നതു വിലക്കുകയുമരുതു എന്നുള്ള വാക്യത്തെ അടിസ്ഥാനമാക്കി ഇന്നനേകർ അന്യഭാഷയെ പ്രോത്സാഹിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അന്യഭാഷെക്കെതിരേ ശബ്ദിക്കുന്നതു പോലും ക്ഷമിക്കപ്പെടാത്ത പാപമായി അവർ വ്യാഖ്യാനിച്ചു വിശ്വാസികളെ ഭയപ്പെടുത്തുന്നുമുണ്ട്. എന്നാൽ തിരുവചനം സസൂക്ഷ്മം പഠിച്ചാൽ വിലക്കരുത് എന്നുള്ളത് അപ്പൊസ്തലിക കാലഘട്ടത്തിലേക്കു മാത്രമായിരുന്നുവെന്നു മനസ്സിലാക്കാം. എഴുതപ്പെട്ട ദൈവശ്വാസീയമായ തിരുവചനം എന്നു ലഭിച്ചോ അപ്പോൾത്തന്നെ അന്യഭാഷാവരവും പ്രവചനവരവും നിന്നുപോകുവാൻ ഇടയായി. സഭയുടെ ശൈശവത്തിൽത്തന്നെ വിലക്കിയവ ഇന്നു തുടരുന്നത് എത്ര വലിയ തെറ്റാണ്.

## വിശ്വാസിയും അന്യഭാഷയും

വിശ്വാസഗോളത്തിൽ ഇന്നും വളരെയേറെ വാദപ്രതിവാദങ്ങൾക്കും, തർക്കങ്ങൾക്കും, തെറ്റായ ധാരണകൾക്കും, പ്രമാണങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും, വ്യാഖ്യാനങ്ങൾക്കും വഴി തെളിച്ചു കൊണ്ടിരിക്കുന്ന വിഷയമാണ് അന്യഭാഷ. പുതുഭാഷ, മറുഭാഷ, റ്റങ്ങ്സ് (Tongues) എന്നീ പേരുകളിലും അന്യഭാഷ അറിയപ്പെടുന്നു. എന്നാൽ തിരുവചനം പരിശുദ്ധാത്മസഹായത്താൽ തുറന്ന മനസ്സോടും, ശ്രദ്ധയോടും പഠിച്ചാൽ അന്യഭാഷയുടെ ആവശ്യം ഇന്നില്ലെന്നും ഇതിനെക്കുറിച്ചുള്ള തർക്കങ്ങൾക്കു യാതൊരു അടിസ്ഥാനവുമില്ലെന്നും തെളിയും.

**കൃപാവരങ്ങളും അവയുടെ പ്രത്യേകതയും, ആവശ്യകതയും —**

ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ ആത്മാവെന്ന ദാനം ലഭിക്കുകയും സഭയോടു ചേർക്കപ്പെടുകയും ചെയ്യുന്നു (റോമ.10:9/ റോമ.8:23/അപ്പൊ.2:47). രക്ഷിക്കപ്പെട്ടവർ സഭാംഗങ്ങൾ എന്ന നിലയിൽ ക്രിസ്തുവിൽ ഒരു ശരീരമായിത്തീരുന്നു (ഗലാ.3:28). ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ

യുടെ (എഫെ.1:23) ആത്മീകവളർച്ചെക്കും, അഭിവൃദ്ധിക്കും, ശുശ്രൂഷകൾക്കും വിവിധ കൃപാവരങ്ങൾ ദൈവം ദാനം നൽകിയിട്ടുണ്ട്. അവയെല്ലാം തന്നെ സഭയുടെ പൊതു പ്രയോജനത്തിനുള്ളവയാണ് (1.കൊരി.12:7/14:3,5,12,17). എല്ലാവരങ്ങളും എല്ലാവരിലും ഉണ്ടായിരിക്കണമെന്നുമില്ല. സഭയുടെ ആത്മീക വളർച്ചെക്കും, ശുശ്രൂഷകൾക്കായും കൊടുത്തിട്ടുള്ള വിവിധവരങ്ങളെക്കുറിച്ചു തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട്(1.കൊരി.12:4-10,28 /റോമ.12:6-8 / എഫെ.4:11/1.പത്രൊ.4:10,11).

**കൃപാവരങ്ങളുടെ നിലനിൽപ്പനുസരിച്ചുള്ള വിഭജനം —**

സഭയുടെ പൊതുപ്രയോജനത്തിനു നൽകപ്പെട്ട കൃപാവരങ്ങളെ അവയുടെ ആവശ്യകതയെ അടിസ്ഥാനമാക്കി മൂന്നായി തിരിക്കാം.

**(1) താൽക്കാലിക കൃപാവരങ്ങൾ —** അപ്പൊസ്തലന്മാർ, പ്രവാചകന്മാർ എന്നിങ്ങനെ സഭയിലെ ശുശ്രൂഷയോടു ബന്ധപ്പെട്ടുള്ള സ്ഥാനവും (1.കൊരി.12:28/എഫെ.4:11), എഴുതപ്പെട്ട തിരുവെഴുത്തുകളുടെ അഭാവത്തിൽ അവർ സംസാരിച്ച വചനങ്ങളുടെ ആധികാരികത തെളിയിക്കുന്ന ഭാഷാവരം, പ്രവചനവരം, ജ്ഞാനവരം, രോഗശാന്തി, വീര്യപ്രവർത്തികൾ എന്നിവയും താൽക്കാലിക കൃപാവരങ്ങളിൽ ഉൾപ്പെടുന്നു. അതൊക്കെ സഭയുടെ ആരംഭത്തിൽ, ശൈശവാവസ്ഥയിൽ, എഴുതപ്പെട്ട തിരുവചനമില്ലാതിരുന്ന കാലത്തേക്കു മാത്രമുള്ള താൽക്കാലിക ക്രമീകരണങ്ങളായിരുന്നു. പൂർണ്ണമായ എഴുതപ്പെട്ട തിരുവെഴുത്തുകൾ ലഭിച്ച സാഹചര്യത്തിൽ ഇവ നിന്നു പോകുവാൻ ഇടയായി (1.കൊരി.13:8).

**(2) നിലനിൽക്കുന്ന കൃപാവരങ്ങൾ —** വിശ്വാസം, പ്രത്യാശ (1.കൊരി.13:13) എന്നിവ കർത്താവിന്റെ വരവുവരെ നിലനിൽക്കുന്ന കൃപാവരങ്ങളിലുൾപ്പെടുന്നു. കർത്താവു വന്നുകഴിഞ്ഞാൽ നാം കർത്താവിനോടൊപ്പം എപ്പോഴും ആയിരിക്കുമെന്നതിനാൽ വീണ്ടും വിശ്വാസത്തോടെയും പ്രത്യാശയോടെയും കാത്തിരിക്കേണ്ട ആവശ്യമില്ല.

**(3) എന്നെന്നേക്കും നിലനിൽക്കുന്ന കൃപാവരം —** നമ്മുടെ വിശ്വാസത്തിന്റെയും, പ്രത്യാശയുടെയും പൂർത്തീകരണം കർത്താവു വരുമ്പോൾ പ്രാപ്തമാകുമെങ്കിൽ, അതിശ്രേഷ്ഠകൃപാവരമായ സ്നേഹം (1.കൊരി.13:13) നിത്യത മുഴുവൻ നീണ്ടു നിൽക്കു

ന്നതിനാൽ എന്നെന്നേക്കും നിലനിൽക്കുന്ന കൃപാവരത്തിൽ ഉൾപ്പെടുന്നു. കർത്താവു വന്നു കഴിഞ്ഞാലും സ്നേഹം നിന്നു പോകയോ, കുറഞ്ഞു പോകയോ ഇല്ല.

**താൽക്കാലിക കൃപാവരങ്ങൾ — നീങ്ങിപ്പോയ കൃപാവരങ്ങൾ —**

സഭയാകുന്ന ശരീരത്തിനു ലഭിച്ചിരുന്ന വിവിധ വരങ്ങളുടെ കൂട്ടത്തിൽ ചില വരങ്ങൾ നീങ്ങിപ്പോകും, നിന്നുപോകും എന്നു കൊരിന്ത്യലേഖനത്തിൽ പറഞ്ഞിരിക്കുന്നു.

**(1) പ്രവചനവരം —**

***1.കൊരി.13:8 — "പ്രവചനവരമോ അതു നീങ്ങിപ്പോകും" —***

ദൈവത്തിനു വേണ്ടി ദൈവിക ആലോചനകളും, അരുളപ്പാടുകളും ജനങ്ങളെ അറിയിക്കുന്നവരായിരുന്നു പ്രവാചകന്മാർ. അതായത് ദൈവം ചെയ്യുവാൻ പോകുന്ന പ്രവൃത്തികൾ ആരുടെയും മുഖം നോക്കാതെ പ്രവചിക്കുന്നവർ. ഏലിയാവു, എലീശ, യെശയ്യാവു, യിരെമ്യാവു, യെഹെസ്കേൽ, ദാനീയേൽ, മലാഖി തുടങ്ങിയവർ പഴയനിയമപ്രവാചകന്മാരിൽ ഉൾപ്പെടുന്നു. മലാഖിയുടെ പ്രവചനത്തിനുശേഷമുള്ള 400 വർഷക്കാലം നിശബ്ദകാലഘട്ടം (Silent period) എന്നറിയപ്പെട്ടിരുന്നു. ആ സമയത്തു ദൈവം തന്റെ ദാസന്മാരിലൂടെയോ, പ്രവാചകന്മാരിലൂടെ നേരിട്ടോ സംസാരിച്ചിരുന്നില്ല. മലാഖി.3:1 -ൽ *"എനിക്കു മുമ്പായി വഴി നിരത്തേണ്ടതിനു ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു"* എന്നു പറഞ്ഞിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഏലിയാവിന്റെ ആത്മാവോടും, ശക്തിയോടും പുതിയനിയമ പ്രവാചകന്മാരിൽ സ്നാപകയോഹന്നാൻ പ്രവാചകനായി വന്നു (മത്താ.3:1-17/മർക്കൊ.1:1-11/ലൂക്കൊ.3:1-20/ യോഹ.1:19-36). സ്നാപകയോഹന്നാനെ കൂടാതെ പുതിയനിയമത്തിൽ പ്രവാചകന്മാരെയും, പ്രവാചകിമാരെയും കാണാം. (അപ്പൊ.15:32/21:8-10/ലൂക്കൊ.2:36). പഴയനിയമപ്രവാചകന്മാരും, പുതിയനിയമപ്രവാചകന്മാരും തമ്മിൽ പല കാര്യങ്ങളിലും വ്യത്യാസപ്പെട്ടിരുന്നു. പഴയനിയമപ്രവാചകന്മാർ പ്രധാനമായും യിസ്രായേലിനോടാണ് ദൈവീകാരുളപ്പാടുകൾ പ്രവചിച്ചതെങ്കിൽ പുതിയനിയമപ്രവാചകന്മാർ ഒരു പ്രത്യേക വർഗ്ഗത്തോടോ, ജാതികളോടോ മാത്രമല്ല സംസാരിച്ചത്. പുതിയനിയമസഭയുടെ മർമ്മങ്ങൾ,സത്യങ്ങൾ അവർക്കു ലഭിച്ച വെളിപ്പാടുകളിലൂടെ സകലരോടും സംസാ

തിച്ചിരുന്നു. *"ദൈവം സഭയിൽ ഒന്നാമതു അപ്പൊസ്തലന്മാർ, രണ്ടാമതു പ്രവാചകന്മാർ, മൂന്നാമതു ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കയും...."* (1.കൊരി.12:28), *"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു"* (എഫെ.4:11) എന്നു തിരുവചനത്തിൽ വായിക്കുന്നു. ഈ പ്രവാചകന്മാരെ സഭയുടെ ആത്മീകാഭിവൃദ്ധിക്കായി നിയമിച്ചാക്കിയതാണ്; ദൈവസഭയുടെ ആരംഭകാലഘട്ടത്തിൽ ദൈവം എഴുന്നേൽപ്പിച്ചവരാണ്. സഭയുടെ മർമ്മം ഇവർക്കു ദൈവം വെളിപ്പെടുത്തിക്കൊടുത്തിരുന്നു എന്നു എഫെസ്യർ.3:5-ൽ വായിക്കുന്നു —*"ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായ്‌വന്നിരുന്നില്ല."* എഴുതപ്പെട്ട തിരുവചനരേഖകളില്ലാതിരുന്ന സമയത്തു പുതിയനിയമപ്രവാചകന്മാർ ദൈവത്തിൽ നിന്നും അപ്പോഴപ്പോൾ ആലോചനകൾ വാങ്ങി ജനത്തെ അറിയിച്ചിരുന്നു. എന്നാൽ തിരുവെഴുത്തുരേഖകൾ പൂർണ്ണമായി നമ്മുടെ കരങ്ങളിൽ ലഭിച്ചിരിക്കുന്നതിനാൽ പ്രവാചകന്മാർ എന്ന കൂട്ടരും ഇന്നു സഭയിലില്ല. അപ്പൊസ്തലന്മാരെപ്പോലെ അവരും അടിസ്ഥാനപ്പണിയിൽ ഉൾപ്പെട്ടവരാണ്.

**എഫെ.2:20–** *"ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു."* പ്രവാചകന്മാരും സഭയുടെ ആരംഭകാലത്തു മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നു ഈ തിരുവചനഭാഗത്തിലൂടെ വ്യക്തമാകുന്നു.

ദൈവവചനം പൊരുൾ തിരിച്ചു പ്രബോധിപ്പിക്കുന്നതും, പ്രവചനഭാഗങ്ങൾ സംസാരിക്കുന്നതും ഒന്നും പ്രവാചകശുശ്രൂഷയിൽ ഉൾപ്പെടുന്നില്ല. ഭാവിഫലങ്ങൾ ഉൾപ്പെടെയുള്ള ബുദ്ധിയുടെ പ്രമാണങ്ങൾ നല്ല ഭാഷാശൈലിയിലും, പ്രവാചകഭാഷയിലും അറിയിച്ചു കേൾവിക്കാരെ സന്തോഷിപ്പിക്കുന്ന പ്രവാചകീപ്രവാചകന്മാരെ ഇന്നു അധികമായി കാണാം. ഭവനത്തിനെതിരേ ക്ഷുദ്രപ്രയോഗം കാണുന്നു, ജീവഹാനി ഉൾപ്പെടെയുള്ള അനർത്ഥങ്ങൾ വരുവാൻ പോകുന്നു എന്നൊക്കെയുള്ള അപകടസൂചനകൾ അറിയിക്കുന്നവരും ചുരുക്കമല്ല. ഈ വിധത്തിലുള്ള പ്രവചനങ്ങൾ അറിയിക്കുവാൻ ആരെയും ദൈവവചനം അനുവദിക്കുന്നില്ല. *"അവർ*

*കയീന്റെ വഴിയിൽ നടക്കയും, കൂലി കൊതിച്ചു ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നേ ഏൽപ്പിക്കയും കോരഹിന്റെ മത്സര ത്തിൽ നശിച്ചു പോകയും ചെയ്യുന്നു."* (യൂദാ.11).

> പ്രവചനവരം ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാരുടെ കാലഘട്ടത്തിലേക്കു മാത്രമുള്ള ദൈവത്തിന്റെ താൽക്കാലിക ക്രമീ കരണമായിരുന്നു. ക്രിസ്തുയേശു മൂലക്കല്ലായി അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ സഭ പണിയപ്പെട്ടിരിക്കു ന്നു (എഫെ.2:20). പ്രവചനവരം അടിസ്ഥാനകൃപാവരത്തിലുൾപ്പെ ടുന്നു. അടിസ്ഥാനം ആവർത്തിക്കുന്ന പ്രക്രിയയല്ല. ദൈവശ്വാസീ യമായ പുതിയനിയമതിരുവെഴുത്തുകൾ പൂർത്തിയായി നമുക്കു ലഭി ച്ചിരിക്കുന്നതിനാൽ, പുതിയ പ്രവചനങ്ങൾ ദൈവത്തിൽ നിന്നു വാങ്ങി പ്രവചിക്കേണ്ട കാര്യമില്ല. യേശുക്രിസ്തുമൂലം സകല വെളി പ്പാടുകളും, പ്രവചനങ്ങളും നമുക്കു ലഭിച്ചിട്ടുണ്ട്. (യോഹ.6:14/ എബ്രാ.1:1,2).

**(2) ഭാഷാവരം (അന്യഭാഷ).** 1.കൊരി.13:8 —*"ഭാഷാവരമോ, അതു നിന്നുപോകും."*

നിന്നുപോയ താൽക്കാലിക കൃപാവരങ്ങളിൽ ഉൾപ്പെട്ടതാണ് ഭാഷാവരം അഥവാ അന്യഭാഷയിലൂടെ സംസാരിക്കാനുള്ള കഴി വ്. പ്രവചനവരം പോലെ തന്നെ ഭാഷാവരവും പ്രത്യേക ഉദ്ദേശ ത്തോടു കൂടി അപ്പൊസ്തലിക കാലഘട്ടത്തേക്കു മാത്രമുള്ള ദൈവി കദാനമായിരുന്നു. *"നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ"* (മർക്കൊ16:15) എന്ന കർത്താവിന്റെ ആജ്ഞ പൂർത്തീകരിക്കപ്പെടു വാൻ അവർക്കു സഹായകമായി ലഭിച്ച ദൈവദാനമായിരുന്നു ഭാഷാ വരം. കേവലം സാധാരണക്കാരും, മറ്റുഭാഷകളിൽ സംസാരിക്കു വാനുള്ള കഴിവില്ലാതിരുന്നവരുമായ കർത്താവിന്റെ ശിഷ്യഗണ ത്തിനു അന്യഭാഷാവരം ലഭിച്ചപ്പോൾ ***"അവർ പുതുഭാഷകളിൽ സംസാരിക്കും"*** (മർക്കൊ.16:17,18) എന്നുള്ള കർത്താവിന്റെ പ്രവ ചനം നിവർത്തിയാകുവാൻ ഇടയായി. അന്യഭാഷ പരിശുദ്ധാത്മാ വു ലഭിച്ചതിന്റെ അടയാളവുമല്ല (ശമര്യയിൽ —അപ്പൊ.8:14-18 — പരിശുദ്ധാത്മാവു പകരപ്പെട്ടപ്പോൾ അന്യഭാഷയില്ലായിരുന്നു).

> ഭാഷാവരം അഥവാ അന്യഭാഷയിൽ സംസാരിക്കുവാനുള്ള ദൈവദത്തമായ കഴിവ് സഭയുടെ ആരംഭത്തിൽ നൽകപ്പെട്ട കൃപാ

വരമായിരുന്നു. മറ്റു ഭാഷകൾ അറിയാത്ത അപ്പൊസ്തലന്മാർക്കു അവർ ചെല്ലുന്ന സ്ഥലത്തെ ഭാഷയിൽ സുവിശേഷം അറിയിക്കുവാനും, അവർ സംസാരിച്ച ദൈവവചനത്തിന്റെ ആധികാരികത തെളിയിക്കുവാനും ഭാഷാവരം പ്രയോജനപ്പെട്ടു. പുതിയനിയമതിരുവെഴുത്തു പൂർത്തീകരിക്കപ്പെട്ട്, എഴുതപ്പെട്ട രേഖകളായി ലഭിച്ച സാഹചര്യത്തിൽ ഭാഷാവരം നിന്നു പോകുവാൻ ഇടയായി.

**(3) ജ്ഞാനവരം —**

1.കൊരി.13:8 — *"ജ്ഞാനമോ, അതു നീങ്ങിപ്പോകും."*

നീങ്ങിപ്പോകും എന്നിവിടെ പറഞ്ഞിരിക്കുന്ന ജ്ഞാനം, ലോകജ്ഞാനമല്ല. അതു ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കയാണ്. തിരുവചനം ആഴത്തിൽ ഗ്രഹിപ്പാൻ ആവശ്യമായ ആത്മീകജ്ഞാനവുമല്ല. ഇതു പരിശുദ്ധാത്മസഹായത്താൽ പൊരുൾ തിരിച്ചു ഗ്രഹിപ്പാൻ കഴിയും. എന്നാൽ ഇവിടെ പറയുന്ന ജ്ഞാനം എന്നത് പുതിയനിയമതിരുവെഴുത്തുകൾ ചമപ്പാൻ ആവശ്യമായ ദൈവിക മർമ്മങ്ങളെയും സത്യങ്ങളെയും ഗ്രഹിക്കുവാൻ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ദാനം ലഭിച്ച ജ്ഞാനമാണ്. സംഭവിച്ചതും സംഭവിക്കുവാൻ പോകുന്നതുമായ കാര്യങ്ങൾ പരിശുദ്ധാത്മസഹായത്താൽ മുന്നമേ വെളിപ്പെട്ടു കിട്ടുന്നതും ഈ ജ്ഞാനത്തിൽ ഉൾപ്പെടുന്നു. ഉദാഹരണമായി പരിശുദ്ധാത്മാവിനോടു വ്യാജം കാണിച്ച അനന്യാസ്-സഫീര ദമ്പതികളുടെ ഹൃദയരഹസ്യങ്ങളെ ഗ്രഹിക്കുവാൻ പത്രോസിനു ലഭിച്ച ജ്ഞാനം (അപ്പൊ.5:1-4).

> ദൈവികമർമ്മങ്ങളെയും സത്യങ്ങളെയും ഗ്രഹിച്ചു പുതിയനിയമതിരുവെഴുത്തുകൾ തയ്യാറാക്കുവാൻ ലഭിച്ച ജ്ഞാനവരത്താൽ അവസാനപുസ്തകമായ വെളിപ്പാടു പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ ജ്ഞാനവും നിന്നുപോകുവാനിടയായി.

താൽക്കാലികവരങ്ങളിലുൾപ്പെട്ട പ്രവചനവരം, ഭാഷാവരം, ജ്ഞാനവരം എന്നിവ മൂന്നും ഒന്നാം നൂറ്റാണ്ടിൽ ഒത്തൊരുമിച്ചു പ്രവർത്തിച്ചിരുന്ന കൃപാവരങ്ങളായിരുന്നു. പുതിയനിയമതിരുവെഴുത്തുകൾ പൂർത്തീകരിക്കപ്പെട്ടപ്പോൾ പുതിയതായി ദൈവീകമർമ്മങ്ങൾ ജ്ഞാനത്തിലൂടെയോ, പ്രവചനത്തിലൂടെയോ, അന്യഭാഷയിലൂടെയോ വിവേചിക്കേണ്ടത് ആവശ്യമായി വന്നില്ല. ദൈവസഭയ്ക്കു സത്യങ്ങൾ പൂർണ്ണമായി ലഭിച്ചതോടെ പ്രവചനം, ജ്ഞാനം എന്നിവയോടൊപ്പം അന്യഭാഷാവരവും നിന്നുപോകുവാൻ ഇടയായി.

## ചില ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരവും —

**(1) പ്രവചനവരം, ഭാഷാവരം, ജ്ഞാനവരം എന്നിവ നീങ്ങിപ്പോകും, നിന്നുപോകും എന്നു പറഞ്ഞിരിക്കുന്നത് കർത്താവിന്റെ രണ്ടാം വരവിലാണോ?**

*"പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും. അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം പ്രവചിക്കുന്നു; പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും"* (1.കൊരി.13:8,9).

*"ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു"* (എബ്രാ.1:1,2).

തിരുവെഴുത്തുകൾ പൂർണ്ണമായി ലഭിച്ചു കഴിഞ്ഞപ്പോൾ അംശമായി ലഭിച്ചു കൊണ്ടിരുന്നവയെല്ലാം നിന്നുപോകുവാൻ ഇടയായി. *"ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂപിച്ചു; പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളതു ത്യജിച്ചു കളഞ്ഞു"* (1.കൊരി.13:11). മൂന്നു കൃപാവരങ്ങളായ പ്രവചനവരം, ഭാഷാവരം, ജ്ഞാനവരം എന്നിവ നീങ്ങിപ്പോകും, നിന്നുപോകും എന്നു പറഞ്ഞിട്ടു ഉടനെ പറയുന്ന രണ്ടവസ്ഥകളാണ് *ശിശുവെന്നതും പുരുഷനെന്നതും*. അതായത് സഭയുടെ ആരംഭകാലം ശൈശവാവസ്ഥയായിരുന്നു. പുതിയനിയമതിരുവെഴുത്തുകൾ സമ്പൂർണ്ണമായി വെളിപ്പെട്ടു രേഖകളായി ലഭിച്ചുകഴിഞ്ഞ അവസ്ഥയാണ് പക്വത പ്രാപിച്ച പ്രായം. സഭയെ കാന്തയായി പറഞ്ഞിരിക്കുന്ന ഭാഗം നോക്കുക — *"നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെ ത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു"* (വെളി.19:7,8). എന്നാൽ കർത്താവിന്റെ രണ്ടാം വരവിലേ അന്യഭാഷയും പ്രവചനവുമൊക്കെ നീങ്ങിപ്പോകൂ എന്നു തെറ്റായി വ്യാഖ്യാനിച്ചു സ്വയം പ്രശംസിച്ചു കൊണ്ടു കൊരിന്തിലെ ഒരു പറ്റം ജഡികവിശ്വാസികളെപ്പോലെ ഇന്നനേകർ സഭാവിശ്വാസികളെ തെറ്റായി നയിക്കുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

ഇന്നത്തെ അന്യഭാഷാക്കൂട്ടങ്ങളിൽ വചനപഠനത്തിനു കാര്യമായ സ്ഥാനം നൽകുന്നില്ല. വചനപഠനത്തിനായുള്ള അവസരങ്ങളിലും അന്യഭാഷ പറയുവാൻ മത്സരമാണ്. വചനം ശരിക്കും പഠിക്കാത്തതിനാൽ, ദുർവ്യാഖ്യാനം ചെയ്തു പഠിപ്പിക്കുന്നതിനാൽ, അന്യഭാഷയും പ്രവചനവുമൊക്കെ ആത്മനിറവിന്റെ ലക്ഷണമായി കണക്കാക്കി വിശ്വാസികൾ ദുരാചാരങ്ങളിലേക്കു വലിച്ചിഴെക്കപ്പെടുന്നു.

**(2) അന്യഭാഷ ആത്മസ്നാനത്തിന്റെയോ, അഭിഷേകത്തിന്റെയോ, ആത്മനിറവിന്റെയോ ലക്ഷണമോ?**

അന്യഭാഷ ആത്മസ്നാനത്തിന്റെയോ, അഭിഷേകത്തിന്റെയോ, ആത്മനിറവിന്റെയോ ലക്ഷണമല്ല. ആത്മഫലത്തിന്റെ കൂട്ടത്തിൽ അന്യഭാഷ പറഞ്ഞിട്ടില്ല (ഗലാ.5:22). അന്യഭാഷ ആത്മനിറവിന്റെ ഫലമായിരുന്നെങ്കിൽ നിശ്ചയമായിട്ടും പരിശുദ്ധാത്മാവു അതിനെ വിട്ടു കളയുകയില്ലായിരുന്നു. *“ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായിപ്പോഴും എല്ലാറ്റിന്നു വേണ്ടിയും സ്തോത്രം ചെയ്തു കൊൾവിൻ.”* (എഫെ. 5:19,20) എന്ന വാക്യത്തിലും ആത്മനിറവിനാൽ ചെയ്യേണ്ട കാര്യങ്ങളുടെ കൂട്ടത്തിൽ അന്യഭാഷയോ, പ്രവചനമോ കാണുന്നില്ല. അന്യഭാഷാവരം ആത്മസ്നാനത്തിന്റെയോ അഭിഷേകത്തിന്റെയോ അടയാളമായി തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

**(3) ദൈവാത്മാവുള്ളവരെ എങ്ങനെ തിരിച്ചറിയാം?**

**> (1)** *“യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളതു. യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അതു എതിർ ക്രിസ്തുവിന്റെ ആത്മാവു തന്നേ.”* (1.യോഹ.4:2). വിഗ്രഹങ്ങളെ സേവിക്കുന്നവരും, മരിച്ചവർക്കായി പ്രാർത്ഥിക്കുന്നവരും, കൊന്തജപത്തിലൂടെയും മരിച്ചുപോയവരിലൂടെയും മദ്ധ്യസ്ഥപ്രാർത്ഥനയും കുർബാനയും നടത്തുന്നവരും അന്യഭാഷയിൽ സംസാരിക്കുന്നു. ഇതു ദൈവാത്മാവോ? അല്ല; എതിർക്രിസ്തുവിന്റെ ആത്മാവിന്റെ പ്രവർത്തനമാണ്.

ഇക്കൂട്ടരെക്കുറിച്ചു കർത്താവു പറഞ്ഞിരിക്കുന്നതു നോക്കുക — **മത്താ.7:22,23** — *"കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും."*

യോഹന്നാൻ അപ്പോസ്തലൻ പറയുന്നു:- പ്രിയമുള്ളവരേ കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ, ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ (1.യോഹ.4:1).

> (2) *"ഞങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു; ദൈവത്തെ അറിയുന്നവർ ഞങ്ങളുടെ വാക്കു കേൾക്കുന്നു. ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നില്ല" (1.*യോഹ.4:6). അപ്പൊസ്തലന്മാരുടെ വാക്കു കേൾക്കാത്തവർ വഞ്ചനയുടെ ആത്മാവുള്ളവരും, എതിർക്രിസ്തുക്കളുമാണ്. സ്ത്രീകൾ മുടി കത്രിക്കരുത്, സഭായോഗങ്ങളിൽ സ്ത്രീകൾ മൂടുപടം ഉപയോഗിക്കണം, സഭായോഗങ്ങളിൽ സ്ത്രീകൾ മൗനമായിരിക്കണം, പ്രവചനവരം നീങ്ങിപ്പോയി, അന്യഭാഷ നിന്നുപോകും എന്നിങ്ങനെയുള്ള അപ്പോസ്തലന്റെ വാക്കുകൾ അനുസരിക്കാത്തവർ ഏതാത്മാവിൽ ചെയ്യുന്നുവെന്നു ശോധന ചെയ്യണം. സ്വാർത്ഥലാഭം ലക്ഷ്യമാക്കി ദൈവിക സത്യങ്ങളെ കോട്ടിക്കളയുന്നവരാണിവർ (2.കൊരി.11:13-15/ഫിലി.3:18,19/2.തിമൊ.3:5,13/യൂദാ.12,13). അവർക്കുള്ള ശിക്ഷാവിധിയും, നിത്യതയിലുള്ള അവസ്ഥയും തിരുവചനത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്(വെളി.22:18,19/മത്താ.5:19).

**(4) ദൃശ്യമാദ്ധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കപ്പെടുന്ന ഊതിവീഴ്ത്തലും, പ്രവർത്തനങ്ങളും തിരുവചനാടിസ്ഥാനത്തിലുള്ളതോ?**

ഇക്കാലത്തെ **അത്ഭുത വല, ദൈവ ചാല്** (Miracle Net / God Channel) എന്നീ ദൃശ്യമാദ്ധ്യമങ്ങൾ കാണുന്ന വേർപെട്ട വിശ്വാസികൾ പോലും അവരുടെ ദുരുപദേശങ്ങൾക്കടിമകളായി വചനനിശ്ചയമില്ലാതെ ദൈവത്തെ ദുഃഖിപ്പിച്ചുകൊണ്ടു ജീവിക്കുന്നു. കൊന്തജപത്തിലൂടെയും, മരിച്ചുപോയ മനുഷ്യമദ്ധ്യസ്ഥരിലൂടെയും പ്രാർത്ഥിക്കുകയും "ഇതാ നിന്റെ അമ്മ"(യോഹ.19:27) എന്നു

പറഞ്ഞു, കർത്താവു ഏൽപ്പിച്ചു തന്നതാണെന്നു പറഞ്ഞുകൊണ്ടു വിശുദ്ധമറിയത്തെ ആരാധിക്കുന്നവരുമായ കരിസ്മാറ്റിക്കുകാർ അന്യഭാഷയും, പ്രവചനവും, രോഗശാന്തി ശുശ്രൂഷകളും നടത്തുന്നത് ദൈവാത്മാവിനാലാണോ? ഒരിക്കലുമല്ല. ഊതിവീഴ്ത്തലും, കൈലേസു വീശലും, മുൻകൂട്ടി പറഞ്ഞു പഠിപ്പിച്ചുള്ള രോഗശാന്തി സാക്ഷ്യങ്ങളും നടത്തി അഭിനയിക്കുന്ന ഇവർ, വെള്ളിത്തിരയിലഭിനയിക്കുന്ന ലോകക്കാരെക്കാളും സൂത്രശാലികളാണെന്നതിനു സംശയം വേണ്ടാ. ഇങ്ങനെയുള്ളവരെക്കുറിച്ചാണ് കർത്താവു പറയുന്നത് — *"ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ"* (മത്താ.7:22,23). തലയിൽ മൂടുപടമായി ഒരു തുണിക്കഷണം പോലുമിടാതെയും, പുരുഷന്മാരെപ്പോലെ മുടി കത്രിച്ചും, ഇരുകൈകളും മേലോട്ടു ഉയർത്തിയും സ്ത്രീകൾ (1.കൊരി.11:5–15), ഈ മാദ്ധ്യമങ്ങളിൽ അരങ്ങു തകർത്തു നേതൃത്വം വഹിക്കുന്നു. *"വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല. അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽവെച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ."* (1.കൊരി.14:34,35) എന്ന തിരുവചനത്തെ മാനിക്കുന്നില്ല.

ഇക്കൂട്ടരുടെ ബാഹ്യപ്രകടനങ്ങളിലും, ആഭരണങ്ങളാലും ചായങ്ങളാലുമുള്ള അണിഞ്ഞൊരുങ്ങലിലും, ആണും പെണ്ണുംകെട്ട വേഷത്താൽ ആകർഷിക്കപ്പെട്ടു വിശ്വാസികൾ പോലും അവരെ അനുകരിക്കുന്നു. *"അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്നു കേട്ടതു അധികം ശ്രദ്ധയോടെ കരുതികൊൾവാൻ ആവശ്യമാകുന്നു* (എബ്രാ.2:1). *"നീ വിശ്വാസവും നല്ല മനസ്സാക്ഷിയും ഉള്ളവനായി അവയെ അനുസരിച്ചു നല്ല യുദ്ധസേവ ചെയ്ക. ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസക്കപ്പൽ തകർന്നു പോയി"* (1.തിമൊ.1:18,19).

പുരുഷന്മാരാകട്ടെ തലയിൽ തൊപ്പിവെച്ചും, തലമുടിനീട്ടിവളർത്തിയും, താടിവികൃതമാക്കിയും ലോകക്കാരെ അനുകരിച്ചു ദൃശ്യമാദ്ധ്യമങ്ങളിലൂടെ തിരുവചനം പ്രസ്താവിച്ചു അരങ്ങു തകർക്കുന്നു. ദൈവവചനം പ്രസ്താവിക്കുന്ന ഇക്കൂട്ടർ മ്ലേച്ഛകരമായ വേഷ

ത്തിലും രൂപത്തിലും പ്രത്യക്ഷപ്പെടുന്നതു നിമിത്തം വിശ്വാസികൾപോലും അവരെ അനുകരിക്കുവാനിടയാകുന്നു. പുരുഷന്മാരുടെ മൂടുപടത്തെയും (തൊപ്പി), മുടിയെയും താടിയെയും കുറിച്ചു പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക —

**1.കൊരി.11:4,7—** *"മൂടുപടം ഇട്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അപമാനിക്കുന്നു. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതല്ല."*

***1.കൊരി.11:14–*** *"പുരുഷൻ മുടിനീട്ടിയാൽ അതു അവന്നു അപമാനം."*

**ലേവ്യ.19:26,27 —** *"രക്തത്തോടുകൂടിയുള്ളതു തിന്നരുതു; ആഭിചാരം ചെയ്യരുതു: .............***താടിയുടെ അറ്റം വിരൂപമാക്കരുത്."**

**(5) അപ്പൊസ്തലിക കാലഘട്ടത്തിലെ അത്ഭുതങ്ങളും, അടയാളങ്ങളും, വീര്യപ്രവൃത്തികളും ഇന്നുമുണ്ടോ?**

അപ്പൊസ്തലിക കാലഘട്ടത്തിൽ അവർ വാമൊഴിയായി അറിയിച്ച സുവിശേഷത്തിന്റെ ആധികാരികത ഉറപ്പിച്ചത് അവർക്കു ലഭിച്ച ദൈവികകൃപാവരങ്ങളിലൂടെയായിരുന്നു. പ്രവചനം, ദൈവികജ്ഞാനം, അന്യഭാഷ, അത്ഭുതങ്ങൾ, അടയാളങ്ങൾ, രോഗശാന്തി, മരിച്ചവരെ ഉയിർപ്പിക്കുവാനുള്ള കഴിവ് എന്നിവ ഇതിലുൾപ്പെടുന്നു. എന്നാൽ പുതിയനിയമതിരുവെഴുത്തുകൾ എഴുതപ്പെട്ട രേഖകളായി ലഭിച്ചതോടെ ഇവയൊക്കെ നിന്നുപോകുവാൻ ഇടയായി. അത്ഭുതങ്ങളും, അടയാളങ്ങളും, വീര്യപ്രവൃത്തികളും ഒരിക്കലും ഒരു പാപിയെ രക്ഷിക്കുന്നില്ല. പൗലൊസ് ലുസ്ത്രയിൽ വെച്ചു അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരുവനെ സൗഖ്യമാക്കി. ഇതേത്തുടർന്നു അവിടെയുള്ള ജനങ്ങൾ പൗലൊസിനെയും ബർന്നബാസിനെയും ദേവന്മാർ എന്നു പറഞ്ഞു അവരുടെ മുമ്പിൽ വീണു വന്ദിക്കുവാനും, ആരാധിക്കുവാനും തുടങ്ങി. എന്നാൽ പൗലൊസ് അവരോടു സുവിശേഷം അറിയിച്ചപ്പോൾ, അതിനു ചെവികൊടുക്കാതെ പൗലൊസിനെ കല്ലെറിഞ്ഞു പട്ടണത്തിനു പുറത്തേക്കു വലിച്ചിഴച്ചു (അപ്പൊ.14:8–19). ഇന്നും അത്ഭുതങ്ങളും, അടയാളങ്ങളും കാട്ടി ജനത്തെ ആകർഷിക്കുന്നവരുടെ സഭകളിൽ ആളുകൾ കൂട്ടമായി ചേരുന്നു. പക്ഷേ അത്ഭുതങ്ങളും അടയാളങ്ങളും കണ്ടു ആകർഷിക്കപ്പെട്ട ഇവരൊന്നും രക്ഷിക്കപ്പെടുന്നില്ലെന്നതാണ്

വാസ്തവം. സുവിശേഷം പറയുന്നതിനു പകരം ഇന്നു പരക്കെ രോഗശാന്തി, വീര്യപ്രവൃത്തി, വിടുതൽശുശ്രൂഷ എന്നിവ ഘോഷിച്ചു അനേകരെ അവരുടെ സഭകളിലേക്കു ആകർഷിച്ച് സഭയിൽ ആളെക്കൂട്ടാനും, ധനസമ്പാദനത്തിനും ലക്ഷ്യമിടുന്നു. രോഗശാന്തി എന്നു വിളിച്ചു ഘോഷിക്കുന്ന ഇക്കൂട്ടരുടെ ചെപ്പടി വിദ്യകളാൽ ജന്മനാ കുരുടനായൊരുവനു കാഴ്ച ലഭിക്കുന്നില്ല; മുടന്തുള്ള ഒരുവൻ സൗഖ്യം ലഭിച്ചു കൊണ്ടു കുതിച്ചെഴുന്നേറ്റു ദൈവത്തെ സ്തുതിക്കുവാൻ ഇടയാകുന്നില്ല. അത്ഭുതങ്ങളും, അടയാളങ്ങളും, വീര്യപ്രവൃത്തികളും, ഇന്നുമുണ്ടെങ്കിൽ എന്തുകൊണ്ടു മരിച്ച ഒരുവനെ ഉയിർപ്പിക്കുന്നില്ല? മരിച്ചവരെ ഉയിർപ്പിക്കുന്ന ശക്തിമാത്രം നിന്നു പോയോ? എന്തുകൊണ്ട് ആശുപത്രികളിൽ അനേകർ അഭയം പ്രാപിക്കുന്നു? പ്രാർത്ഥനയിലൂടെ ഏതു രോഗങ്ങളും മാറ്റിത്തരുവാൻ സർവ്വശക്തനായ ദൈവത്തിനു ഇന്നും കഴിയും. എന്നാൽ ഇല്ലാത്ത കൃപാവരങ്ങൾ ഉണ്ടെന്നുള്ള വ്യാജേന ചെയ്യുന്നതെല്ലാം സ്വാർത്ഥലാഭത്തിനു ലക്ഷ്യമിടുന്നവ തന്നെ.

വെളിപ്പാടുപുസ്തകത്തിൽ എഫസൊസ് (വെളി.2:1-7), സ്മുർന്നാ (വെളി.2:18-11), പെർഗ്ഗമൊസ് (വെളി.2:12-17), തുയഥൈര (വെളി.2:18-29), സർദ്ദിസ് (വെളി.3:1-6), ഫിലദെൽഫ്യ (വെളി.3:17-13), ലവൊദിക്ക്യാ (വെളി.3:14-22) എന്നീ ഏഴു സഭകൾക്കുള്ള ദൂതുകൾ വെളി.2, 3 അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. ഓരോ സഭകൾക്കുമുള്ള ദൂതുകളിൽ *"ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ"* (വെളി.2:7/2:11/2:17/2:29/3:6/3:13/3:22) എന്ന ആഹ്വാനം കാണാം. കൂടാതെ ഓരോ സഭയെയും സൂക്ഷ്മനിരീക്ഷണം ചെയ്തിട്ടു *"ഞാൻ അറിയുന്നു, അറിയുന്നു, ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു"* (വെളി.2:3/വെളി.2:9/വെളി.2:13/വെളി.2:19/വെളി.3:1/വെളി.3:8/വെളി.3:14) എന്നിങ്ങനെ കർത്താവു പറഞ്ഞിരിക്കുന്നു. ഓരോ സഭെക്കും ആവശ്യമായ വാഗ്ദത്തങ്ങളും, ബുദ്ധ്യുപദേശങ്ങളും, പ്രബോധനങ്ങളും വർത്തമാനകാലത്തിലാണു നൽകിയിരിക്കുന്നത്. 'ഏഴു' എന്ന സംഖ്യ തിരുവചനത്തിൽ പൊതുവേ സമ്പൂർണ്ണതയെക്കുറിക്കുന്നു (Number of Perfection). ഏഴു സഭകൾക്കുള്ള സന്ദേശങ്ങൾ സഭാകാലയളവിനെ മുഴുവനും ഉൾക്കൊള്ളുന്നു. അതോടൊപ്പംതന്നെ ഈ കാലയളവിലെ സകല സഭകൾക്കും ആവശ്യമായ ദൂതുകളും അടങ്ങിയിരിക്കുന്നു. ഓരോ സഭ

കൾക്കുമുള്ള ദൂതു പരിശോധിച്ചാൽ പരിശുദ്ധാത്മാവിനായി കാത്തിരിക്കാനോ, അഭിഷേകം പ്രാപിക്കുവാനോ, പ്രവചിക്കുവാനോ, അന്യഭാഷ പറയുവാനോ ഉള്ള പ്രബോധനമോ, അതു ചെയ്യാത്തതിനാലുള്ള ശാസനയോ കാണുന്നില്ല എന്ന കാര്യം ശ്രദ്ധേയമാണ്.

ബൈബിളിലെ അവസാനപുസ്തകമായ വെളിപ്പാട് ഏകദേശം AD.96-ൽ പൂർത്തീകരിക്കപ്പെട്ടു. സഭാചരിത്രം പഠിക്കുമ്പോൾ ഒന്നാം നൂറ്റാണ്ടിനുശേഷം ഏകദേശം 1800 വരെ അന്യഭാഷയും, അത്ഭുതങ്ങളും, വീര്യപ്രവൃത്തികളും കാണുന്നില്ല. ചില വർഷങ്ങൾക്കു ശേഷം പല ദുരുപദേശങ്ങൾക്കും, ദുരാചാരങ്ങൾക്കും ഒപ്പം അന്യഭാഷയും പ്രചരിക്കുവാൻ തുടങ്ങി. പെന്തെകൊസ്തുകാരും, റോമൻ കത്തോലിക്കസഭയിലെ ഉണർവ്വു വിഭാഗമെന്നറിയപ്പെടുന്ന കരിസ്മാറ്റിക്കുകാരും നിന്നുപോയ കൃപാവരങ്ങളിലുൾപ്പെട്ട അന്യഭാഷയും, പ്രവചനവും ആത്മീകാരാധനയ്ക്കു ഒഴിച്ചുകൂടാൻ പാടില്ലാത്തവയെന്നു വ്യാഖ്യാനിച്ചു ഉപയോഗിക്കുവാൻ തുടങ്ങി. അന്യഭാഷയില്ലാത്തവർ ദൈവാത്മാവില്ലാത്തവരെന്നും, ആരാധനയെന്നാൽ അന്യഭാഷയിലൂടെ സംസാരിക്കുന്നതാണെന്നും അവർ ദുർവ്യാഖ്യാനം ചെയ്യുന്നു.

അന്യഭാഷ ആത്മസ്നാനത്തിന്റെയോ, അഭിഷേകത്തിന്റെയോ, ആത്മനിറവിന്റെയോ ലക്ഷണമല്ല. ആത്മാവിൽ ആരാധിക്കുകയെന്നാൽ വായിൽ വരുന്നതും, മനഃപാഠമാക്കിയതുമായ വാക്കുകൾ കൂട്ടിച്ചേർത്തു അന്യഭാഷയെന്നു പറഞ്ഞു ജല്പനം ചെയ്യുന്നതുമല്ല. അന്ത്യകാലത്തു പുത്രൻ മുഖാന്തിരം സകലവും അരുളിച്ചെയ്ത തിരുവചനം രേഖയായി നമ്മുടെ കൈവശം ലഭിച്ചിരിക്കുന്നതിനാൽ, അന്യഭാഷയിലൂടെയോ പ്രവചനത്തിലൂടെയോ ആരും പുതുതായി ഒന്നും അറിയിക്കേണ്ട ആവശ്യവും ഇല്ല.

ദൈവത്തോടു നമുക്കു നമ്മുടെ സ്വന്തം ഭാഷയിൽ സംസാരിക്കാം. സർവ്വജ്ഞാനിയായ ദൈവത്തിനു എല്ലാ ഭാഷകളും അറിയാം. സഭാകൂടിവരവുകളിൽ എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കാം. അതിനായി അന്യഭാഷയിൽ വിക്കിവിക്കി പറയേണ്ട ആവശ്യവുമില്ല.

= = = = = = = ***Amen*** = = = = = = =

(DOCTRINAL TRUTHS *by Samson Henry, Kollam*)

# അദ്ധ്യായം - 10

## ആത്മനിറവ്

പരിശുദ്ധാത്മാവും ആത്മനിറവും വേർതിരിച്ചു മനസ്സിലാക്കേണ്ടതാണ്. പരിശുദ്ധാത്മാവു ത്രിത്വത്തിൽ മൂന്നാമനായ ആളത്വമുള്ള ദൈവമാണ്. ഒരുവൻ രക്ഷിക്കപ്പെടുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ്. പരിശുദ്ധാത്മാവിനെ ഉയരത്തിൽ നിന്നുള്ള ശക്തിയെന്നു ലൂക്കൊ.24:49-ൽ വിശേഷിപ്പിച്ചിരിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവു വെറും ശക്തിയല്ല മറിച്ചു സർവ്വശക്തിയുള്ള ദൈവമാണ്; സമ്പൂർണ്ണവ്യക്തിത്വമുള്ള ദൈവം. പരിശുദ്ധാത്മാവ് വസ്തു എന്ന നിലയിൽ ഒരു പാത്രത്തിൽ നിന്നു മറ്റൊരു പാത്രത്തിലേക്കു പകരപ്പെടാമെന്നുള്ള ചിന്തയാണ് ഇന്ന് അനേകർക്കുമുള്ളത്. ഈ തെറ്റിധാരണയുടെ അടിസ്ഥാനത്തിലാണ് ഇന്നു പെന്തൊക്കൊസ്തുസഭകൾ പരിശുദ്ധാത്മാവിനായി കാത്തിരിക്കുന്നത്. പരിശുദ്ധാത്മാവ് ദൈവം എന്ന നിലയിൽ രക്ഷിക്കപ്പെടുമ്പോൾ വിശ്വാസിയിൽ സമ്പൂർണ്ണവാസം തികഞ്ഞ ആളത്വത്തോടെ ആരംഭിക്കുന്നു. അല്ലാതെ രക്ഷിക്കപ്പെടുമ്പോൾ അല്പം പരിശുദ്ധാത്മാവ്, കാത്തിരിക്കുമ്പോൾ കുറച്ചുകൂടി പരിശുദ്ധാത്മാവ്, വീണ്ടും കാത്തിരിക്കുമ്പോൾ പൂർണ്ണമായ പരിശുദ്ധാത്മാവ് എന്ന പഠിപ്പിക്കൽ വചനവിരുദ്ധമാണ്.

ആത്മനിറവു രക്ഷിക്കപ്പെട്ട വിശ്വാസിയിൽ തുടർമാനമായി ലഭിക്കേണ്ട അനുഭവമാണ്. ദൈവത്തിലും, ദൈവവചനത്തിലും, ദൈവീകകാര്യങ്ങളിലും ശുഷ്കാന്തിയോടെ മുഴുകി, ദൈവഹിതത്തിനനുസരിച്ചു പരിപൂർണ്ണമായി കീഴ്പ്പെട്ടു ജീവിക്കുമ്പോൾ ആത്മനിറവിന്റെ അനുഭവം ഉണ്ടാകുന്നു. വീണ്ടും ജനനത്തിൽ പരിശുദ്ധാത്മാവാം ദൈവം വിശ്വാസിയിൽ തന്റെ പൂർണ്ണതയിൽ അധിവസിക്കുന്നു. എന്നാൽ ആത്മനിറവിന്റെ അളവു ഓരോരുത്തരിലും വ്യത്യസ്തമായിരിക്കുന്നു. ആത്മാവു നിറഞ്ഞവരായി (Be filled with the Spirit- എഫെ.5:18) എന്നതാണ് തിരുവചനത്തിലൂടെ ലഭിക്കുന്ന പ്രബോധനം. വിശ്വാസികൾ ആത്മസ്നാനം പ്രാപിക്കുക, അഭിഷേകം പ്രാപിക്കുക, പരിശുദ്ധാത്മാവിനായി കാത്തിരിക്കുക എന്നിവയ്ക്കൊന്നും തിരുവചനത്തിൽ കല്പനയില്ല.

(DOCTRINAL TRUTHS *by Samson Henry, Kollam*)

പഴയനിയമകാലത്തു ദൈവീകശുശ്രൂഷകൾക്കായി അനേകം വ്യക്തികളെ ദൈവം തിരഞ്ഞെടുത്തിരുന്നതായും, ആത്മാവിൽ നിറച്ചു വൻകാര്യങ്ങൾ ചെയ്യുവാൻ ഉപയോഗിച്ചിരുന്നതായും തിരുവചനത്തിൽ വായിക്കുന്നു. അതായത് ആവശ്യഘട്ടങ്ങളിൽ ഓരോരുത്തരെ ദൈവാത്മാവിനാൽ നിറെക്കപ്പെട്ടിരുന്നു. പുതിയ നിയമത്തിൽ ദൈവം വാഗ്ദത്തം ചെയ്ത ആശ്വാസപ്രദനായ പരിശുദ്ധാത്മാവാംദൈവം പെന്തെക്കൊസ്തു നാളിൽ ഭൂമിയിലേക്കു വന്നു (അപ്പൊ.2:1-4). ഒരു പാപി മാനസാന്തരപ്പെട്ടു, പാപങ്ങൾ ഏറ്റു പറഞ്ഞു യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ രക്ഷിക്കപ്പെടുന്നു. പരിശുദ്ധാത്മാവ് ഈ രക്ഷ അനുഭവമാക്കുവാൻ അവനെ സഹായിക്കുന്നു (യോഹ.16:8). രക്ഷിക്കപ്പെടുന്ന നിമിഷം മുതൽ പരിശുദ്ധാത്മാവ് വീണ്ടും ജനനം പ്രാപിച്ചവനിൽ വാസം തുടങ്ങുന്നു. ഈ കൂട്ടായ്മാബന്ധത്തിൽ തന്റെ ജീവിതം ക്രിസ്തുവിനു അനുരൂപപ്പെട്ടു, ദൈവത്തെ സ്നേഹിച്ചു, ദൈവവചനം പഠിച്ചു, വചനപ്രകാരം ജീവിച്ചു, വിശുദ്ധ ജീവിതം നയിക്കുമ്പോൾ ആ വിശ്വാസിയിൽ ആത്മനിറവു വർദ്ധിച്ചു വരുന്നതായി കാണാം.

രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവ് വാസം ആരംഭിക്കുന്നുവെങ്കിലും, ഈ പരിശുദ്ധാത്മാവിനു പൂർണ്ണമായി കീഴടങ്ങാതെ, അനുസരണമില്ലാതെ, ലോകത്തിന്റെ പുറകേ ഓടി, തോന്നിയതുപോലെ ജീവിതം നയിക്കുന്ന ഒരുവനിൽ ആത്മനിറവുണ്ടായിരിക്കയില്ല. വിശ്വാസി ദൈവത്തെയും, മറ്റുള്ളവരെയും സ്നേഹിച്ചു, വിശുദ്ധ ജീവിതം നയിക്കുമ്പോൾ ആത്മാവു നിറഞ്ഞവനായി ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നു (ഗലാ.5:22). ഇതിനായി ദേഹം, ദേഹി, ആത്മാവ് അടങ്ങിയ നമ്മുടെ സമ്പൂർണ്ണ ആളത്വം ദൈവത്തിന് സമർപ്പിക്കേണ്ടത് ആവശ്യമായിരിക്കുന്നു (റോമ.12:1,2). അങ്ങനെ ജീവിക്കുമ്പോൾ ഓരോ വിശ്വാസിയും ആത്മാവിൽ നിറയുന്നു.

വിശ്വാസിയുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരം ആണ് (1.കൊരി.6:19). ദൈവാത്മാവു വസിക്കുന്ന വ്യക്തിയിൽ ജീവജലത്തിന്റെ നദികൾ ഒഴുകുന്നതിനു തുല്യമായ അനുഭവം ഉണ്ടായിരിക്കും. യേശുകർത്താവു പറയുന്നു— *"എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതു പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും"* (യോഹ.7:38). ജീവജലം രക്ഷിക്കപ്പെടാത്തവർക്കു ആത്മീയദാഹം ശമിപ്പിക്കുവാനും, രക്ഷിക്കപ്പെട്ട

വർക്കു അവരുടെ അകത്തെ മനുഷ്യനു കുളിർമ്മയുണ്ടായി, പുതുക്കം പ്രാപിച്ചു ആത്മീയഫലം കായ്ക്കുവാനും ഇടയാക്കുന്നു. ഒരുവനിൽ കർത്താവിലുള്ള വിശ്വാസം വർദ്ധിച്ചിട്ടു, ആഴമേറിയ സമർപ്പണജീവിതം ദൈവവുമായുള്ള കൂട്ടായ്മാബന്ധത്തിലുണ്ടാകുമ്പോൾ അവനിൽ ജീവജലനദിയുടെ വലിയ ഒഴുക്കുണ്ടാകുന്ന അവസ്ഥയാണ് ആത്മനിറവിന്റെ അനുഭവം. ആത്മാവു നിറഞ്ഞവരായിരിപ്പിൻ എന്നു പൗലൊസു എഫെസ്യലേഖനത്തിൽ പ്രബോധിപ്പിക്കുന്നു (എഫെ.5:18,19). ആത്മാവിൽ നിറയുക എന്നാൽ ആത്മാവിന്റെ പരിപൂർണ്ണനിയന്ത്രണത്തിനു വിധേയപ്പെടുക അല്ലെങ്കിൽ കീഴ്പ്പെടുക എന്നാണർത്ഥം.

**ആത്മനിറവു നമുക്കു ദർശിക്കുവാൻ സാധിക്കുമോ?**

**ആത്മനിറവിന്റെ അനുഭവം എങ്ങനെ ആയിരിക്കും? ആത്മനിറവിന്റെ തെളിവെന്ത്?**

ഇതിനുത്തരം ആത്മനിറവു ദർശിക്കുവാനും, അനുഭവിക്കുവാനും സാധിക്കും എന്നു തന്നെയാണ്. ഇതു ശാരീരികമോ മാനസികമോ ആയ ഏതെങ്കിലും പ്രകടനമോ, വികാരപ്രദർശനമോ അല്ല. ഒരു പ്രാർത്ഥനായോഗത്തിൽ ആത്മീയഗീതങ്ങൾ വളരെവേഗത്തിലും, ഉച്ചത്തിലും, കരങ്ങളടിച്ചു പാടി അതിന്റെ മൂർദ്ധന്യാവസ്ഥയിൽ ചെന്നെത്തി നിൽക്കുന്ന അനുഭവമല്ല ആത്മനിറവ്. ആത്മനിറവിന്റെ പ്രധാന ലക്ഷ്യം ദൈവസേവയ്ക്കും, ദൈവീകശുശ്രൂഷകൾക്കും ശക്തിപ്രാപിക്കുക എന്നതാണ്.

—> ആത്മനിറവിന്റെ ഒന്നാമത്തെ തെളിവ് ദൈവികശുശ്രൂഷയിൽ മറ്റുള്ളവർക്കു പ്രകടമാകുന്ന രീതിയിലുള്ള വിശ്വാസിയുടെ ആത്മീകപ്രവർത്തനങ്ങളാണ്. കർത്താവിന്റെ ശിഷ്യന്മാർ വലിയ ബുദ്ധിയോ, കഴിവോ, ജ്ഞാനമോ, വിദ്യാഭ്യാസമോ ഇല്ലാത്ത വെറും സാധാരണക്കാരായിരുന്നു. എന്നാൽ അവരെപ്പറ്റി ഒന്നാം നൂറ്റാണ്ടിലെ ജനം പറഞ്ഞത് അവർ ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ എന്നായിരുന്നു. അവരുടെ ദൈവീകപ്രവർത്തനങ്ങളിൽ ഉണ്ടായ വിജയം ആരെയും അതിശയിപ്പിക്കുന്നവയായിരുന്നു. ഈ പ്രവർത്തനവിജയശക്തി അവർക്കുണ്ടായ ആത്മനിറവിന്റെ ലക്ഷണമായിരുന്നു. ഒന്നാം നൂറ്റാണ്ടിലെ ദൈവജനം അവർ കേട്ടതും വിശ്വസിച്ചതുമായ രക്ഷണ്യസുവിശേഷം അറിയിക്കുന്നവരായിരുന്നു. അതിനായി അവർ ജീവൻപോലും മറുവിലയായി കൊടുക്കുവാൻ സദാ സന്നദ്ധരായിരുന്നു. *"സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജ*

*യില്ല"* (റോമ.1:16); *"ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം"* (1.കൊരി.9:16) എന്നുള്ള പൗലൊസിന്റെ ദൃഢമായ വാക്കുകൾ ആത്മനിറവിന്റെ ബഹിർഗമനമായിരിക്കുന്നു. ആയതിനാൽ ഒരു വിശ്വാസിയിൽ ആത്മനിറവു വെളിപ്പെടുത്തുന്നത് ദൈവസേവയിലും സുവിശേഷമറിയിക്കുന്നതിലുള്ള അവന്റെ ഉത്സാഹം, എരിവു, പ്രവർത്തനം എന്നിവയിലുമാണ്.

—> ആത്മനിറവിന്റെ രണ്ടാമത്തെ തെളിവ് വിശ്വാസജീവിതത്തിൽ ആത്മഫലം കായ്ക്കുന്നതാണ്. ആത്മനിറവുള്ള ഒരു വിശ്വാസിയിൽ ആത്മാവിന്റെ ഫലം ദർശിക്കാം. ആത്മാവിന്റെ ഫലങ്ങളല്ല (Not Fruits of the Spirit) മറിച്ചു ആത്മാവിന്റെഫലം (Fruit of the Spirit) എന്നു ഏകവചനത്തിലാണു ഉപയോഗിച്ചിരിക്കുന്നത്. ആത്മാവിന്റെ ഫലം ഏതൊക്കെയാണ്? — *സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം* എന്നിവയാണ് (ഗലാ.5:22). ഇവ വ്യത്യസ്തങ്ങളായ ഒൻപതു ഫലങ്ങൾ അല്ല, മറിച്ചു ഒരു ഓറഞ്ചിലെ അല്ലികൾ പോലെ ചേർന്നിരിക്കുന്നവയാണ്. യോസേഫിനെ പിതാവായ യാക്കോബ് അനുഗ്രഹിച്ചത് ഫലപ്രദമായൊരു വൃക്ഷത്തോടുപമിച്ചാണ് — *"യോസേഫ് ഫലപ്രദമായോരു വൃക്ഷം, നീരുറവിന്നരികെ ഫലപ്രദമായോരു വൃക്ഷം തന്നേ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു"* —*Joseph is a fruitful bough, A fruitful bough by a well; His branches run over the wall* — (ഉല്പ.49:22). ദൈവകൃപയിലും, ദൈവീകകൂട്ടായ്മയിലും വേരൂന്നിയ യോസേഫ് ആത്മനിറവിനാൽ ഫലപ്രദമയോരു വൃക്ഷമായി വളർന്നു. ഇതിലെ ഫലം അനേകർ തിന്നു തൃപ്തരായി. *'അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു'* എന്നത് വൃക്ഷഫലം അകത്തും പുറത്തുമുള്ളവർക്കു ലഭിപ്പാനിടയായി എന്നതാണ്. തന്റെ പിതാവിനും, സഹോദരന്മാർക്കും മാത്രമല്ല മിസ്രയീമിലെ സകലജനങ്ങൾക്കും യോസേഫ് ഒരു ഫലവൃക്ഷമായിരുന്നു. കൂടാതെ *"ദൈവാത്മവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടു കിട്ടുമോ"* (ഉല്പ.41:38) എന്നു മിസ്രയീമ്യനായ ഫറവോൻ യോസേഫിനെക്കുറിച്ചു സാക്ഷ്യം പറഞ്ഞു. യോസേഫിൽ ഫറവോൻ ദർശിച്ചതു ആത്മനിറവിനാൽ പുറപ്പെടുവിച്ച ആത്മഫലമാണ്. ആകയാൽ ഇന്നും ആത്മനിറവിന്റെ തെളിവും അളവും ഒരു വിശ്വാസിയിൽ പ്രകടമാകുന്നതു ആത്മഫലത്താലാണ്.

(DOCTRINAL TRUTHS *by Samson Henry, Kollam*)

—> ആത്മനിറവിന്റെ മൂന്നാമത്തെ തെളിവു വിശ്വാസിയിൽ സ്നേഹം വർദ്ധിച്ചൊഴുകുന്നതു അനേകർക്കു ദർശിക്കുവാൻ കഴിയും എന്നുള്ളതാണ്. ശത്രുക്കളെ സ്നേഹിക്കുന്നതും, പ്രതിഫലേച്ഛയില്ലാത്തതും, ഉപാധികളില്ലാത്തതുമായ കർത്താവിന്റെ സ്നേഹം ഏതൊരുവനിൽ കാണുന്നുവോ അവൻ പരിശുദ്ധാത്മനിറവിന്റെ അനുഭവം ഉള്ളവൻ തന്നെയായിരിക്കും എന്നതിനു സംശയമില്ല. എല്ലാ ദൈവീകകല്പനകളും സ്നേഹത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു (മർക്കൊ.12:30,31).

## ആത്മനിറവില്ലാത്ത വിശ്വാസിയെ എങ്ങനെ തിരിച്ചറിയാം?

ആത്മനിറവുള്ള വിശ്വാസിയിൽ ദൈവീക കാര്യങ്ങളിൽ ശുഷ്കാന്തിയും, എരിവും, നശിച്ചുപോകുന്ന തലമുറയോടു സുവിശേഷം അറിയിക്കുവാൻ അടങ്ങാത്ത ആഗ്രഹവും കാണാം. കൂടാതെ എപ്പോഴും വെളിച്ചത്തിൽ നടക്കുന്നവനാകയാൽ ആത്മഫലം കായ്ക്കുന്നവനും, സകലരെയും ഉപാധിയില്ലാതെ സ്നേഹിക്കുന്നവനും ആയിരിക്കും. എന്നാൽ ആത്മനിറവില്ലാത്ത വിശ്വാസി ഇക്കാര്യങ്ങളിലൊന്നും ശ്രദ്ധയില്ലാതെ ദൈവത്തോടും സഹവിശ്വാസികളോടുമുള്ള കൂട്ടായ്മ മന്ദീഭവിച്ച് ഇരുളിൽ നടക്കുന്നതു മൂലം ഇരുളിന്റെ പ്രവൃത്തികൾ അവനിൽ ദൃശ്യമാകും. ഇരുട്ടിൽ നടക്കുന്ന വിശ്വാസി ആത്മനിറവില്ലാത്തവനാണ്. അപ്പൊസ്തലനായ യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ഇത്തരം വിശ്വാസിയെക്കുറിച്ചു പറഞ്ഞിരിക്കുന്നതു നോക്കുക —

> (1) **1.യോഹ.1:6,8,10** — *"അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്കു പറയുന്നു; **സത്യം പ്രവർത്തിക്കുന്നതുമില്ല.**"* ഇരുട്ടിന്റെ സകലവിധമായ പ്രവൃത്തികളിലും മുഴുകി ജീവിച്ചപ്പോഴാണ് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷിക്കപ്പെട്ടത്. ദൈവീകകൂട്ടായ്മയിലും വെളിച്ചത്തിലും നടക്കുവാനാണ് ഇരുട്ടിൽ നിന്നും വിടുവിക്കപ്പെട്ടത്. എന്നാൽ രക്ഷിക്കപ്പെട്ടശേഷം നിരന്തരമായി ഇരുട്ടിൽ നടക്കുന്നത് ആത്മനിറവില്ലാത്തതു മൂലമാണ്. അപ്പോൾത്തന്നെ ദൈവത്തോടു കൂട്ടായ്മ ഉണ്ടെന്നു പറയുകയും ചെയ്യും. ആത്മനിറവില്ലാത്ത വിശ്വാസി അധരം കൊണ്ടു ആത്മീകത പറയുമ്പോൾ ജീവിതം ഇരുട്ടിന്റെ പ്രവൃത്തികളാൽ മറ്റൊന്നു പ്രദർശിപ്പിക്കുന്നു.

ഇതുമൂലം സത്യം പ്രവർത്തിക്കുന്നില്ല. തന്റെ പ്രായോഗികജീവിതത്തിൽ ദൈവവചനസത്യങ്ങളുടെ സ്വാധീനത നഷ്ടപ്പെടുമ്പോൾ സത്യം പ്രവർത്തിക്കാതെ ഭോഷ്കിന്റെ വഴിയിലേക്കു സഞ്ചരിക്കുന്നു. സത്യം പ്രവൃത്തിയിൽ വെളിപ്പെടുത്താത്തവൻ മരിച്ചവനു തുല്യനാണെന്നു യോഹന്നാൻ സർദ്ദിസിലെ സഭയുടെ ദൂതനു എഴുതുന്നു — വെളി.3:1 — *"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടു എങ്കിലും നീ മരിച്ചവനാകുന്നു."*

*> (2) 1.യോഹ.1:8 —"നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു.* ***സത്യം നമ്മിൽ ഇല്ലാതെയായി."*** ദൈവിക കൂട്ടായ്മയിലായിരിക്കുമ്പോൾ വിശ്വാസികൾ സ്വയം ശോധന ചെയ്യണം. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം എന്നിങ്ങനെയുള്ള പാപങ്ങളിൽ വീണുപോകാൻ സാദ്ധ്യതയുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പാപത്തെ മൂടിവെക്കുവാൻ പാടില്ല. പാപം ഇല്ലെന്നു പറഞ്ഞു സ്വയനീതീകരണത്തിലെത്തുന്നവൻ തന്നെത്തന്നെ വഞ്ചിക്കുന്നു. പാപത്തെ മൂടിവെക്കുമ്പോൾ വിശ്വാസിയിൽ സത്യം ഇല്ലാതെയാകുന്നു. ദൈവത്തോടും സഹവിശ്വാസികളോടുമുള്ള കൂട്ടായ്മ നഷ്ടപ്പെടുന്നു. ഇതു ആത്മനിറവില്ലാത്തതിന്റെ തെളിവാണ്.

*> (3) 1.യോഹ.1:10 — "നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവന്റെ* ***വചനം നമ്മിൽ ഇല്ലാതെയായി."*** പാപം ചെയ്തിട്ടും പാപം ചെയ്തില്ലെന്നു പറഞ്ഞു സ്വയം നീതീകരിക്കുമ്പോൾ ദൈവത്തെ അസത്യവാദിയാക്കുന്നു. തൽഫലമായി ദൈവത്തിന്റെ വചനത്തിനു അവനിൽ പ്രസക്തിയില്ലാതായിത്തീരുന്നു. അങ്ങനെയുള്ള വിശ്വാസികളുടെ ആത്മീക ജീവിതം പരാജയത്തിലെത്തിച്ചേരുന്നു.

## ആത്മനിറവില്ലാത്തവരുടെ ലക്ഷണങ്ങൾ —

മേൽപ്പറഞ്ഞ മൂന്നു കൂട്ടരും ആത്മനിറവില്ലാത്തവരും ഇരുട്ടിൽ സഞ്ചരിക്കുന്നവരുമാണ്. ഇത്തരം വിശ്വാസികൾ ക്രമേണ ആത്മീകമായി പിൻമാറ്റക്കാരായിത്തീരുന്നു. ആത്മനിറവില്ലാത്തവരുടെ ലക്ഷണങ്ങൾ പൊതുവേ ഇപ്രകാരം വിവരിക്കാം —

—> ദൈവത്തിന്റെ വചനം മറ്റു വിശ്വാസികളിൽ പ്രയോഗിക്കും. തങ്ങൾ തികഞ്ഞവരാണെന്ന ധാരണ പുലർത്തും.

---> വചനശുശ്രൂഷകൾ ധാരാളം കേൾക്കുമെങ്കിലും കേൾക്കുന്ന കാര്യങ്ങൾ തങ്ങൾക്കല്ല എന്നുള്ള ചിന്ത അവരെ ഭരിക്കും. എത്ര വചനം കേട്ടാലും ഹൃദയത്തെ വിനയപ്പെടുത്തുന്നില്ല.

---> പ്രാർത്ഥനകൾ ഒരു ജല്പനമായി മാറുന്നു. ദൈവത്തെ ആരാധിക്കുന്നതും കർത്തൃമേശയിൽ പങ്കെടുക്കുന്നതും ഒരു ചടങ്ങായിത്തീരുന്നു.

---> സുവിശേഷം അറിയിക്കുന്നതുൾപ്പെടെ ആത്മീകകാര്യങ്ങൾക്കു താല്പര്യമില്ലാതായിത്തീരുന്നു. ആത്മഫലം പുറപ്പെടുവിക്കാതെ ജഡത്തിന്റെ പ്രവൃത്തികൾ വെളിപ്പെട്ടു വരുന്നു.

—> സഭയിലെ വചനപഠനം, പ്രാർത്ഥനാകൂടിവരവുകൾ എന്നിവകളിൽ നിന്നു വിട്ടു നിൽക്കുന്നു. എന്നാൽ അവർ ഞായറാഴ്ചയിലെ അപ്പം മുറിയോടെ സംതൃപ്തി നേടുന്നു. പിന്നീട് അടുത്ത ഞായറാഴ്ച വരെ ലോകത്തിന്റെ പുറകേ ഓടുന്നു. അടുത്തപടിയായി ആരാധനയോഗത്തിൽ വചനശുശ്രൂഷെക്കു മുമ്പായി സ്ഥലം വിടുന്നു. ക്രമേണ ആഴ്ചയുടെ ഒന്നാം ദിനത്തിനും യാതൊരു പ്രത്യേകതയും കൊടുക്കാതെ ലോകകാര്യങ്ങളിൽ ശ്രദ്ധിച്ചു ആരാധന വല്ലപ്പോഴുമാക്കി ആത്മീകപിന്മാറ്റത്തിലെത്തിച്ചേരുന്നു.

—> സഹവിശ്വാസികളിലുള്ള കുറവുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു അവരേക്കാൾ നല്ലവനെന്നു സ്വയം ന്യായീകരിക്കുന്നു. സുവിശേഷകന്മാർ, സഭാനടത്തിപ്പുകാർ, ശുശ്രൂഷകർ എന്നിവരിൽ കുറ്റം ചികഞ്ഞെടുത്തു തന്റെ ജഡികജീവിതത്തെ മറെക്കുവാൻ വാദിക്കുന്നു.

—> ദൈവസഭയുടെ അടിസ്ഥാനപ്രമാണങ്ങളിൽ വേരൂന്നാതെ സാഹചര്യങ്ങൾക്കും, സമ്മർദ്ദങ്ങൾക്കും വഴങ്ങി ഉപദേശവിഷയങ്ങളിൽ നിശ്ചയമില്ലാതെ, കാറ്റിനാൽ അലയുന്ന ഓടഎന്നപോലെ അതോ ശരി ഇതോ ശരി എന്ന നിലയിൽ ചിന്തിച്ചു അങ്ങനെയും ആകാം ഇങ്ങനെയും ആകാം എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. തിരുവചനം വായിച്ചു ധ്യാനിക്കുന്നതിനു പകരം ദുരുപദേശങ്ങളിലും ആചാരങ്ങളിലും മാനുഷികപ്രമാണങ്ങളിലും ശ്രദ്ധ വെക്കുന്നു.

—> ദൈവവചനപഠനവും, പ്രാർത്ഥനയും, ദൈവത്തോടും സഹോദരവർഗ്ഗത്തോടുമുള്ള കൂട്ടായ്മയും സ്നേഹബന്ധവും കുറഞ്ഞുവരുന്നു.

ആത്മനിറവ് ദൈവിക കൂട്ടായ്മയിലൂടെയും, ആത്മീയ കാര്യങ്ങളിലുള്ള ഉറച്ച പ്രവർത്തനങ്ങളിലൂടെയും വർദ്ധിപ്പിക്കാം. ആത്മനിറവും പരിശുദ്ധാത്മാവും ഒന്നല്ല. പരിശുദ്ധാത്മാവിനായി കാത്തിരിക്കേണ്ടാ. എന്നാൽ ആത്മനിറവിനായി ദൈവത്തിലും ദൈവവചനത്തിലും വേരൂന്നി ജീവിക്കണം. പരിശുദ്ധാത്മാവു രക്ഷിക്കപ്പെടുന്നവരിൽ വസിക്കുന്നു. എന്നാൽ ദൈവത്തിലും ദൈവീകകാര്യങ്ങളിലും ആശ്രയിക്കുന്നതിനനുസരിച്ച് ആത്മനിറവിന്റെ അളവ് ഓരോരുത്തരിലും വ്യത്യസ്തപ്പെട്ടിരിക്കുന്നു.

ഈ കൃപായുഗത്തിൽ പരിശുദ്ധാത്മാവ് ലഭിക്കുന്നത് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടും ജനിക്കുന്ന നിമിഷത്തിലാണ്. രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവ് ഹൃദയത്തിനു പുറത്തു നിൽക്കുകയാണെന്നതും, അതിനുശേഷം കാത്തിരുന്നു പ്രാപിക്കണം എന്നതും തിരുവചനവിരുദ്ധമാണ്. എന്തെങ്കിലും പ്രവർത്തിച്ചു നേടുന്നതോ ഏതെങ്കിലും ഉപാധികളിലൂടെ നൽകപ്പെടുന്നതോ അല്ല ***തികച്ചും ദൈവത്തിന്റെ ദാനമാണ് പരിശുദ്ധാത്മാവ്***. ചോദിച്ചു വാങ്ങിയാൽ അതു ദാനമാകയില്ല.

പരിശുദ്ധാത്മാവ് രക്ഷിക്കപ്പെടുമ്പോൾ ലഭിക്കുന്ന ദാനമാണെന്നു തിരുവചനം വളരെ വ്യക്തമായി വെളിപ്പെടുത്തുന്നു —

**—> റോമ. 8:23—** *"ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും...."*

**—> യോഹ.7:38,39-** *"എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു. അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞതു."*

**—> ഗലാ. 3:2—** *"നിങ്ങൾക്കു ആത്മാവു ലഭിച്ചതു ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ?"*

**—> ഗലാ.3:14—** *"അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിന്നു നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നേ."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

—> **തീത്തൊ.3:6-7-** *"നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിന്നു പുനർജ്ജനന സ്നാനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെമേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നേ."*

—> **ഗലാ.4:6—** *"നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാപിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു."*

—> **റോമ. 8:9—** *"നിങ്ങളോ, ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നുവരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രേ.*

—> **യോഹ.3:16-** *"വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു..."*

—> **യോഹ.20:31-** *"വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകേണ്ടതിന്നും.."*

—> **യോഹ.3:18-***"അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല."*

—> **റോമ.8:1—** *"അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല."*

പുതുതായി ജനിക്കുക എന്നാലെന്ത് എന്ന പരീശപ്രമാണിയായ നിക്കോദേമൊസിന്റെ ചോദ്യത്തിനു കർത്താവു ഉത്തരം നല്കിയത് —*"വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല" (യോഹ.3:5)* എന്നാണ്. അതായത് ദൈവരാജ്യപ്രവേശനം ലഭിക്കുന്നത് വീണ്ടും ജനനത്താലാണ്. വീണ്ടും ജനനം അഥവാ ആത്മീയജനനം നടക്കുന്നത് വെള്ളത്താലും ആത്മാവിനാലും ആണെന്നു കർത്താവു പറഞ്ഞതിൽ വെള്ളമെന്നത് ദൈവവചനത്തെയും (സുവിശേഷം), ആത്മാവിനാലെന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെയും കുറിക്കുന്നു. തിരുവചനത്തിൽ കഴുകുവാനുള്ള വെള്ളം (water for washing) ദൈവവചനത്താലുള്ള ശുദ്ധീകരണത്തെയും (യോഹ.15:3/യോഹ.17:17/എഫെ.5:26,27/ സങ്കീ.119:9), പാനം ചെയ്യുവാനുള്ള വെള്ളം (water for drinking) പരിശുദ്ധാത്മാവിനെയും (യോഹ.7:37-39) കുറിക്കുന്നു. ആകയാൽ രക്ഷിക്കപ്പെടണമെങ്കിൽ ദൈവവചനത്തിന്റെയും, പരിശുദ്ധാത്മാവിന്റെയും പ്രവർത്തനം

അനിവാര്യമാണ്. യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവെന്ന ആദ്യദാനം ലഭിക്കുന്നു (റോമ.8:23). പരിശുദ്ധാത്മാവ് ദൈവപൈതലിനെ വഴിനടത്തുന്നു, ഉപദേശിക്കുന്നു, വിജയകരമായ ക്രിസ്തീയ ജീവിതത്തിനു സഹായിക്കുന്നു. സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ട ജീവിതം ആത്മനിറവിലേക്കു നയിക്കുന്നു. അങ്ങനെ ദൈവപൈതലിന്റെ ജീവിതം ആത്മഫലം കായ്ക്കുവാൻ സജ്ജമാക്കപ്പെടുന്നു.

വേർപാടു (ബ്രദറൺ - BRETHREN ) സഭാവിശ്വാസികൾ ആത്മാവില്ലാത്തവരാണെന്നു ഇക്കാലങ്ങളിൽ ചില സഭാവിഭാഗക്കാർ പറഞ്ഞുകേൾക്കാറുണ്ട്. പരിശുദ്ധാത്മാവിന്റെ ദാനത്തെക്കുറിച്ചു തിരുവചനമെന്തു പറയുന്നുവെന്നു മനസ്സിലാക്കാതെയും, പഠിക്കാതെയും, ഏതെങ്കിലും സഭാമേലധികാരികളുടെ ഉപദേശത്തെയും, സഭാതത്വങ്ങളെയും അടിസ്ഥാനപ്പെടുത്തി, അവർ പറയുന്ന കാര്യങ്ങൾ അന്ധമായി വിശ്വസിക്കുന്നതിനാലാണ് ഇങ്ങനെ ദൈവശിക്ഷയ്ക്കു കാരണമായിത്തീരുന്ന നിഗമനത്തിൽ എത്തിച്ചേരുന്നത്. വേർപാടുകാരോ പെന്തൊക്കോസ്തുകാരോ എന്ന വേർതിരിവില്ലാതെ സകല രക്ഷിക്കപ്പെട്ട വിശ്വാസികളും പരിശുദ്ധാത്മസ്നാനം ലഭിച്ചവരും, അഭിഷിക്തരും ആണെന്നതിനു യാതൊരു സംശയവും വേണ്ട. കാരണം തിരുവചനം അങ്ങനെതന്നേ പറയുന്നു. രക്ഷിക്കപ്പെട്ടവർ അഥവാ വീണ്ടും ജനിച്ചവർ കാത്തിരുന്നു പ്രാപിക്കേണ്ട ഒരു രണ്ടാം അനുഗ്രഹമല്ല പരിശുദ്ധാത്മാവ്. ഒരു പാപി രക്ഷിക്കപ്പെട്ടു ദൈവകുടുംബത്തിലേക്കു പ്രവേശിക്കുന്നതുതന്നേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ്.

**> യേശുക്രിസ്തുവിലെ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടു, ദൈവത്തെ സ്നേഹിച്ചു, ആത്മീയ ഫലം കായ്ക്കുന്ന ഒരു ദൈവപൈതലിൽ പരിശുദ്ധാത്മാവില്ല എന്നു ആരെങ്കിലും പറഞ്ഞാൽ അതു പരിശുദ്ധാത്മാവിനോടുള്ള ദൂഷണമാണ്, ക്ഷമിക്കപ്പെടാത്ത പാപമായി കണക്കാക്കി ശിക്ഷ ലഭിക്കും എന്ന സത്യം വളരെ ഭയത്തോടെ ഓർക്കുക. മർക്കൊ.3:29 —** ***"പരിശുദ്ധാത്മാവിന്റെ നേരേ ദൂഷണം പറയുന്നവനോ ഒരുനാളും ക്ഷമ കിട്ടാതെ നിത്യ ശിക്ഷെക്കു യോഗ്യനാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു."***

= = = = = = = ***Amen*** = = = = = = =

(DOCTRINAL TRUTHS *by Samson Henry, Kollam*)

# അദ്ധ്യായം – 11

## ആമേൻ, ഹല്ലേലുയ്യാ, സേലാ

## (AMEN, HALLELUJAH, SELAH)

ബൈബിളിൽ ലോകത്തിലുള്ള എല്ലാ ഭാഷകളിലും ഒരുപോലെ ഉപയോഗിച്ചു കാണുന്ന മൂന്നു പദങ്ങളാണ് ആമേൻ, ഹല്ലേലുയാ, സേലാ എന്നിവ. പല ഭാഷകളിലും ഈ വാക്കുകളുടെ ഉച്ചാരണത്തിൽ വ്യത്യാസം കാണുന്നു എങ്കിലും അവ പരിഭാഷപ്പെടുത്താതെ അതേപോലെതന്നെ പ്രയോഗിച്ചിരിക്കുന്നു. ഭാഷാടിസ്ഥാനത്തിൽ ഇവയുടെ ശരിയായ അർത്ഥവും, തിരുവചനത്തിൽ ഇവയുടെ ആത്മീക അർത്ഥവും, വ്യാപ്തിയും നാം മനസ്സിലാക്കണം.

### 1. ആമേൻ (Amen)

എബ്രായഭാഷയിലെ ഈ പദത്തിന്റെ മലയാള അർത്ഥം അതെ (Yes), അങ്ങനെയാകട്ടെ (may it be), തീർച്ചയായും (Surely), നിശ്ചയമായും (Certainly) എന്നൊക്കെയാണ്. മൂലഭാഷയിൽ ഈ വാക്കിന്റെ അർത്ഥം ഉറച്ചിരിക്ക (to be firm), നേരെയുള്ളത് (steady), മാറ്റമില്ലാത്തത് (unchanging), വിശ്വസ്തമായത് (trustworthy) എന്നാണ്. ആമേൻ എന്ന വാക്ക് ഒരു കാര്യം ഉറപ്പിച്ചു പറയുന്നതിനും, സത്യപ്രതിജ്ഞയ്ക്കും ഉപയോഗിക്കാറുണ്ട്. പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന അവസാനത്തെ വാക്ക് ആമേൻ ആണ്. തിരുവചനത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്ന സന്ദർഭങ്ങളും, അതിന്റെ അർത്ഥവും നോക്കാം.

***(1) ഉറപ്പായി പറയുന്ന വാക്ക്—*** (A word of firmness/ certainity)

യേശുക്രിസ്തു തന്റെ ഉപദേശത്തിനിടെ പല പ്രാവശ്യം ആമേൻ ഉപയോഗിച്ചിട്ടുണ്ട്. —

യോഹ.3:3 — *"യേശു അവനോടു:* **ആമേൻ, ആമേൻ,** *ഞാൻ നിങ്ങളോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു."*

യോഹ.3:5 — *"അതിന്നു യേശു:* **ആമേൻ ആമേൻ,** *ഞാൻ നിന്നോടു പറയുന്നു; വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല."*

യോഹ.10:1 —“**ആമേൻ, ആമേൻ**, *ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻതൊഴുത്തിൽ വാതിലിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു.”*

യോഹ.10:7 — *“യേശു പിന്നെയും അവരോടു പറഞ്ഞത്;* **ആമേൻ, ആമേൻ**, *ഞാൻ നിങ്ങളോടു പറയുന്നു: ആടുകളുടെ വാതിൽ ഞാനാകുന്നു.”*

ആമേൻ എന്ന എബ്രായവാക്കിനു ഗ്രീക്കിൽ ‘നൈ’ (Nai) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. വെളിപ്പാടുപുസ്തകത്തിൽ ആമേൻ എന്ന എബ്രായപദവും, നൈ എന്ന ഗ്രീക്കുപദവും പരിഭാഷപ്പെടുത്തി ‘ഉവ്വു’ എന്നും ഉപയോഗിച്ചിരിക്കുന്നു. **വെളി.1:7—** *“ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും.* **ഉവ്വു, ആമേൻ.”** കർത്താവു മേഘാരൂഢനായി വരുമെന്നും, ആ വരവ് കർത്താവിനെ ക്രൂശിച്ച യഹൂദന്മാരുൾപ്പെട്ടവരും, കർത്താവിൽ വിശ്വസിക്കാത്ത ജാതീയ രാഷ്ട്രങ്ങളും കാണും എന്ന വസ്തുത ഇരട്ട ഉറപ്പോടെ പറയുന്നതാണ് ഉവ്വു (Nai), ആമേൻ (Amen) എന്ന പദങ്ങൾ.

***(2) പ്രത്യാശയുടെ വാക്ക്*** — (A word of Hope)

യിരെ.28:6—“**ആമേൻ** *യഹോവ അങ്ങനെ ചെയ്യുമാറാകട്ടെ.”*

***(3) ആശീർവാദത്തിന്റെ വാക്ക്*** — (A word of benediction)

റോമ.15:33 —*“സമാധാനത്തിന്റെ ദൈവം നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.* **ആമേൻ.**”

1.തിമൊ.6:16 —*“അവന്നു ബഹുമാനവും, നിത്യബലവും ഉണ്ടാകട്ടെ.* **ആമേൻ.**”

എബ്രാ.13:25 — *“കൃപ നിങ്ങളോടെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ.* **ആമേൻ.**”

***(4) സ്തോത്രത്തിന്റെ വാക്ക്*** — (A word of Praise)

ഗലാ.1:4,5 —*“കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ. അവന്നു എന്നെന്നേക്കും മഹത്വം* **ആമേൻ.**”

ഫിലി.4:20 —*“നമ്മുടെ ദൈവവും പിതാവുമായവന്നു എന്നെന്നേക്കും മഹത്വം,* **ആമേൻ.**”

1.തിമൊ.6:15,16 —*"ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാൺമാൻ കഴിയാത്തവനുമായവൻ തക്കസമയത്തു ആ പ്രത്യക്ഷത വരുത്തും. അവന്നു ബഹുമാനവും നിത്യബലവും ഉണ്ടാകട്ടെ.* **ആമേൻ.**"

വെളി.1:6 — *"നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും;* **ആമേൻ.**"

വെളി.19:4 —*"ഇരിപത്തുനാലു മൂപ്പന്മാരും നാലു ജീവികളും:* **ആമേൻ**, *ഹല്ലേലൂയാ! എന്നു പറഞ്ഞു സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിച്ചു."*

***(5) കർത്താവിനെ ആമേൻ എന്നു വിളിച്ചിരിക്കുന്നു.***— (A word for Jesus Christ) —

വെളി.3:14 —*"ലവൊദിക്യയിലെ സഭയുടെ ദൂതന്നു എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ* **ആമേൻ** *എന്നുള്ളവൻ അരുളിച്ചെയ്യുന്നതു:"*

***(6) ബൈബിളിലെ അവസാനത്തെ വാക്ക്*** — (Last word of Bible)

വെളി.22:21 —*"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ;* **ആമേൻ.**"

***(7) ഉടമ്പടിയുടെ (ശപഥം) വാക്ക്*** — (A word of Oath) —

ആവ.27:15-26 —*"ശില്പിയുടെ കൈപ്പണിയായി യഹോവെക്കു അറെപ്പായ വല്ല വിഗ്രഹത്തെയും കൊത്തിയോ വാർത്തോ ഉണ്ടാക്കി രഹസ്യത്തിൽ പ്രതിഷ്ഠിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം:* **ആമേൻ** *എന്നു ഉത്തരം പറയേണം......ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ചു നടക്കാത്തവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം:* **ആമേൻ** *എന്നു പറയേണം."*

1.ദിന.16:36 —*"യിസ്രായേലിൻ ദൈവമായ യഹോവ എന്നും എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ. സകല ജനവും* **ആമേൻ** *എന്നു പറഞ്ഞു യഹോവയെ സ്തുതിച്ചു."*

നെഹെ.5:13 —*"ഞാൻ എന്റെ മടി കുടഞ്ഞു: ഈ വാഗ്ദാനം നിവർത്തിക്കാത്ത ഏവനെയും അവന്റെ വീട്ടിൽ നിന്നും അവന്റെ*

*സമ്പാദ്യത്തിൽ നിന്നും ദൈവം ഇതുപോലെ കുടഞ്ഞുകളയട്ടെ; ഇങ്ങനെ അവൻ കുടഞ്ഞും ഒഴിഞ്ഞും പോകട്ടെ എന്നു പറഞ്ഞു. സർവ്വസഭയും:* **ആമേൻ** *എന്നു പറഞ്ഞു യഹോവയെ സ്തുതിച്ചു."*

നെഹെ.8:6 —*"എസ്രാ മഹാദൈവമായ യഹോവയെ സ്തുതിച്ചു; ജനമൊക്കെയും കൈ ഉയർത്തി;* **ആമേൻ, ആമേൻ** *എന്നു പ്രതിവചനം പറഞ്ഞു വണങ്ങി സാഷ്ടാംഗം വീണു യഹോവയെ നമസ്കരിച്ചു."*

യിരെ.11:5—*"ഇന്നുള്ളതുപോലെ ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു പാലും തേനും ഒഴുകുന്ന ദേശം കൊടുക്കും എന്നിങ്ങനെ ഞാൻ അവരോടു ചെയ്ത സത്യം നിവർത്തിക്കേണ്ടതിന്നു തന്നേ. അതിന്നു ഞാൻ:* **ആമേൻ**, *യഹോവേ എന്നു ഉത്തരം പറഞ്ഞു."*

***(8) പ്രാർത്ഥനയുടെ അവസാനം ഉപയോഗിക്കുന്ന വാക്ക് —***

(A word after Prayer)

1.കൊരി.14:16— *"അല്ല, നീ ആത്മാവുകൊണ്ടു സ്തോത്രം ചൊല്ലിയാൽ ആത്മവരമില്ലാത്തവൻ നീ പറയുന്നതു തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിന്നു എങ്ങനെ* **ആമേൻ** *പറയും?"*

സങ്കീ.41:13 —*"യിസ്രായേലിന്റെ ദൈവമായ യഹോവ എന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ.* **ആമേൻ, ആമേൻ.***"*

സങ്കീ.72:19 —*"അവന്റെ മഹത്വമുള്ള നാമം എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ഭൂമി മുഴുവനും അവന്റെ മഹത്വം കൊണ്ടു നിറയുമാറാകട്ടെ.* **ആമേൻ, ആമേൻ.***"*

സങ്കീ.89:52 —*"യഹോവ എന്നെന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ.* **ആമേൻ, ആമേൻ.***"*

***9. ദൈവീക വാഗ്ദത്തങ്ങൾ ആമേൻ ആണ്*** —( A word of Promise)

ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സത്യമായതും, ഉറപ്പായതും, മാറ്റമില്ലാത്തതും ആണ് എന്ന അർത്ഥത്തിൽ ആമേൻ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്.

2.കൊരി.1:20— *"ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വു എന്നത്രേ; അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിന്നു മഹത്വം ഉണ്ടാകുമാറു അവനിൽ* **ആമേൻ** *എന്നും തന്നേ."*

## 2. ഹല്ലേലൂയ്യാ (Hallelujah / Alleluia)

തിരുവചനത്തിൽ എല്ലാഭാഷയിലും ഒരേ അർത്ഥത്തിൽ, പരിഭാഷപ്പെടുത്താതെ ഉപയോഗിച്ചു കാണുന്ന എബ്രായപദമാണ് ഹല്ലേലൂയ്യാ. എന്നാൽ വാക്കിന്റെ ഉച്ചാരണത്തിൻ വ്യത്യാസം ഉണ്ടാകാം. ഹല്ലേലൂയ്യാ എന്ന വാക്കിന്റെ അർത്ഥം യഹോവയെ സ്തുതിപ്പിൻ എന്നാണ് (Praise the Lord / Praise ye yah/ Yah = Yahweh).

**ഹലാൽ** (സ്തുതിക്കുക), **യാഹ്** (യഹോവ)എന്നീ എബ്രായ വാക്കുകൾ ചേർന്ന പദമാണ് **ഹല്ലേലൂയാ.** മൂലഭാഷയിൽ ഈ വാക്ക് സന്തോഷത്തിന്റെയും സ്തുതിയുടെയും ശബ്ദം പുറപ്പെടുവിക്കുന്നതിനെ കുറിക്കുന്നു. യിസ്രായേൽ ജനത്തിന്റെ സർവ്വശക്തനും മാറ്റമില്ലാത്തവനുമായ യഹോവയായ യാഹിനെ സന്തോഷത്തോടെ തന്റെ ജനം സ്തുതിക്കുന്നതിനെ വിവരിക്കുന്ന പദമാണിത്.

സങ്കീർത്തനങ്ങളിൽ യഹോവയെ സ്തുതിപ്പിൻ എന്നു പരിഭാഷപ്പെടുത്തിയും, വെളിപ്പാടു പുസ്തകത്തിൽ ഹല്ലേലൂയ്യാ എന്നതു പരിഭാഷപ്പെടുത്താതെയും ഉപയോഗിച്ചിരിക്കുന്നു. സങ്കീർത്തനങ്ങളിൽ ഹല്ലേൽ (ഹല്ലേലൂയ്യാ) സങ്കീർത്തനങ്ങൾ ഉണ്ട്. 146 മുതൽ 150 വരെയുള്ള അഞ്ചു സങ്കീർത്തനങ്ങൾ ചെറിയ ഹല്ലേൽ സങ്കീർത്തനങ്ങൾ എന്നറിയപ്പെടുന്നു. ഇവ ഹല്ലേലൂയ്യാ എന്ന പദത്തിന്റെ അർത്ഥമായ'**യഹോവയെ സ്തുതിപ്പിൻ**' എന്ന വാക്കുകളോടെ ആരംഭിക്കുകയും അവയിൽ അവസാനിക്കുകയും ചെയ്യുന്നു. 113 മുതൽ118 വരെയുള്ള ആറു സങ്കീർത്തനങ്ങൾ വലിയ ഹല്ലേൽ സങ്കീർത്തനങ്ങളാണ്. സങ്കീർത്തനങ്ങളിൽ അനേക പ്രാവശ്യം ദൈവത്തെ സ്തുതിക്കുവാൻ ഈ വാക്കു ഉപയോഗിച്ചിരിക്കുന്നുവെങ്കിൽ, പുതിയനിയമത്തിൽ ഈ വാക്ക് ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നത് വെളിപ്പാടു പുസ്തകത്തിലാണ്.

**വെളിപ്പാടു.19:1** —*"അനന്തരം ഞാൻ സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷം പോലെ കേട്ടതു:* **ഹല്ലേലൂയ്യാ!** *രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിന്നുള്ളതു."*

**വെളി.19:3,4,6 —** *"അവർ പിന്നെയും;* ***ഹല്ലെലൂയ്യാ!*** *അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു എന്നു പറഞ്ഞു. ഇരുപത്തുനാലു മൂപ്പന്മാരും നാലു ജീവികളും: ആമേൻ,* ***ഹല്ലെലൂയ്യാ!*** *എന്നു പറഞ്ഞു സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിച്ചു. അപ്പോൾ വലിയ പുരുഷാരത്തിന്റെ ഘോഷം പോലെയും പെരുവെള്ളത്തിന്റെ ഇരെച്ചിൽ പോലെയും തകർത്ത ഇടിമുഴക്കം പോലെയും ഞാൻ കേട്ടതു;* ***ഹല്ലെലൂയ്യാ!*** *സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു."*

### 3. സേലാ (Selah)

സംഗീതത്തോടു ബന്ധപ്പെട്ടുള്ള വാക്കാണ് സേലാ. എബ്രായഭാഷയിലുള്ള സേലാ എന്ന പദം സങ്കീർത്തനത്തിൽ 73 പ്രാവശ്യവും, ഹബക്കൂക്ക് പ്രവചനത്തിൽ മൂന്നു പ്രാവശ്യവും (ഹബ.3:3,9,13) കാണുന്നു. ഈ വാക്കിന്റെ അർത്ഥം ശരിയായി വിശദീകരിക്കുവാൻ കഴിയുന്നില്ലെങ്കിലും, സംഗീതത്തിൽ വിവിധ രീതിയിലുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുവാൻ സേലാ എന്ന പദം ഉപയോഗിക്കുന്നു. അതായത് സങ്കീർത്തനങ്ങൾ (പാട്ടുകൾ) പാടുമ്പോൾ അതിലെ ചിലഭാഗങ്ങൾ, വരികൾ എങ്ങനെ ആലപിക്കേണമെന്നതിനുള്ള നിർദ്ദേശങ്ങൾ സേലായിലൂടെ നൽകുന്നു.

(1) ശബ്ദം ഉയർത്തി പാടുവാൻ (to lift up)
(2) ആവർത്തിച്ചു പാടുവാൻ (to repeat)
(3) ഒന്നു നിറുത്തി പാടുവാൻ (to Pause)
(4) ഒന്നുകൂടി ചിന്തിച്ചിട്ടു പാടുവാൻ (to think)
(5) ആലോചിച്ചു നോക്കുവാൻ (to think and see).

കൂടാതെ ഒരു ഭാഗത്തിന്റെ ആശയത്തെയോ, പ്രാധാന്യത്തെയോ അടിസ്ഥാനപ്പെടുത്തി ഖണ്ഡിക തിരിക്കുവാനും (for stanza division) സേലാ ഉപയോഗിക്കുന്നു.

ആമേൻ, ഹല്ലെലൂയ്യാ, സേലാ എന്നീ എബ്രായഭാഷയിലെ പദങ്ങൾ ഓരോ ഭാഷയിലേക്കും പരിഭാഷപ്പെടുത്താതെ അതേപടി ഉപയോഗിച്ചിരിക്കുന്നത് മാറ്റമില്ലാത്തവനും (ആമേൻ), സ്തുതിക്കു യോഗ്യനും (ഹല്ലെലൂയ്യാ) ആയ യഹോവയാം ദൈവത്തിന്റെ സ്നേഹത്തെ, പ്രവൃത്തിയെ ഓർത്തു ശബ്ദം ഉയർത്തി, ആലോചിച്ചു, ചിന്തിച്ചു, ആവർത്തിച്ചു (സേലാ) സ്തുതി പാടുവാനാണ്.

= = = = = = = *Amen* = = = = = = =

(DOCTRINAL TRUTHS *by Samson Henry, Kollam*)

# അദ്ധ്യായം - 12

## സഭ (CHURCH )

ദൈവസഭയെക്കുറിച്ചുള്ള പഠനം സഭാതത്വശാസ്ത്രത്തിൽ (Ecclessiology) ഉൾപ്പെടുന്നു. ഇംഗ്ളീഷിൽ CHURCH, ASSEMBLY, CONGREGATION എന്നീ വിവിധ പേരുകളിൽ സഭ അറിയപ്പെടുന്നു. CHURCH എന്ന പദം KIRK എന്ന സ്കോട്ട്ലാൻഡ് ഭാഷയിലെ പദത്തിൽ നിന്നും വന്നിട്ടുള്ളതാണ്. ജർമ്മൻ ഭാഷയിൽ KIRCHE എന്നു പറയുന്നു. ഈ രണ്ടു പദങ്ങളും യഥാർത്ഥത്തിൽ KURIAKON (കുറിയാക്കോൺ) എന്ന ഗ്രീക്കു പദത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്. കുറിയാക്കോൺ എന്നതിന്റെ അർത്ഥം കർത്താവിനുള്ളത് അഥവാ കർത്താവിന്റെ വക എന്നാണ്. ഗ്രീക്കു ഭാഷയിൽ സഭയ്ക്ക് മറ്റൊരു പേരു കാണുന്നു — എക്ളേസിയ (ekklestia). ഇത് എക് - കലഓ (Ek--kaleo) എന്ന രണ്ട് ഗ്രീക്കു വാക്കുകളിൽ നിന്നും വന്നിട്ടുള്ളതാണ്. എക് എന്നാൽ പുറത്തേക്കു, കലഓ എന്നാൽ വിളിക്കുക. അതായതു പുറത്തേക്കു വിളിക്കുക (calling out) എന്നർത്ഥം ( ek = out of, kaleo / klesis = a calling). ഒരു കൂട്ടത്തിൽ നിന്നും പുറത്തേക്കു വിളിക്കുക എന്നർത്ഥം. എക്ളേസിയ എന്ന ഗ്രീക്കു പദമാണ് സഭ എന്നറിയപ്പെടുന്നത്. അതായത് 'ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ (Church = Those who are called out and separated by God).'

പുതിയനിയമത്തിൽ സഭ എന്ന വാക്ക് വിവിധ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. (1) കുറേ ആളുകൾ ഒരുമിച്ചു ഒരിടത്തു കൂടിവരുന്നത് (2) രക്ഷിക്കപ്പെട്ട വിശ്വാസികളുടെ കൂടിവരവ് (3) ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ കൂടിവരവ് (4) ക്രിസ്തുവിന്റെ ശരീരം എന്നറിയപ്പെടുന്ന സഭ. കർത്താവായ യേശുക്രിസ്തുവിന്റെ കാൽവറി മരണത്തിലൂടെയുള്ള പാപമോചനവും, വീണ്ടെടുപ്പും, നീതീകരണവും, വിശ്വാസത്താൽ അവകാശമാക്കി, കർത്താവിന്റെ വകയായി, കർത്താവിനാൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. വീണ്ടും ജനിച്ച ദൈവമക്കൾ മാത്രം സഭയിൽ ഉൾപ്പെടുന്നു. എക്ളേസിയാ എന്നത് ഇന്നു കാണുന്ന ദൈവാലയങ്ങളോ, പള്ളികളോ, ആരാധനാലയങ്ങളോ അല്ല. കാരണം അത്യുന്നതനായ ദൈവം മനുഷ്യന്റെ കൈപ്പണിയായ ഈ സൗധങ്ങളിൽ വസിക്കു

ന്നില്ല (അപ്പൊ.7:48/17:24). യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരണവും, പാപമോചനവും ലഭിച്ച ഒരു ദൈവപൈതലിൽ ദൈവം വസിക്കുന്നു. അങ്ങനെയുള്ളവരുടെ കൂട്ടമായ ദൈവസഭയിലും ദൈവം വസിക്കുന്നു. വിശ്വാസിയുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണെന്നു ദൈവവചനം പറയുന്നു (1.കൊരി.6:16 /2.കൊരി.3:16).

പഴയനിയമത്തിൽ, തേജോമയനായ ദൈവം സമാഗമനകൂടാരത്തിൽ കൃപാസനത്തിന്മേലുണ്ടായിരുന്ന ഷെക്കീനാമൂലം ദൈവസാന്നിദ്ധ്യം വെളിപ്പെടുത്തി. പുതിയനിയമത്തിൽ, ദൈവപുത്രനായ യേശുക്രിസ്തു മനുഷ്യനായി ഭൂമിയിൽ വന്നപ്പോൾ ഇമ്മാനുവേലായി മനുഷ്യരോടൊപ്പം വസിച്ചു. ഇന്നു പുതിയനിയമസഭായുഗത്തിൽ പരിശുദ്ധാത്മാവാകുന്ന ദൈവം വിശ്വാസികളുടെ ഹൃദയങ്ങളിൽ വസിക്കുന്നു (In Old Testament period we see God dwells in the midst of Israel. In New Testament period we see God lives with us > Jesus Christ as Immanuel. In the Church age (Grace age) Holy Spirit dwells in the believer).

കർത്താവായ യേശുക്രിസ്തു ഭൂമിയിൽ വന്നു രക്ഷണ്യവേല പൂർത്തിയാക്കിയശേഷം സ്വർഗ്ഗാരോഹണം ചെയ്തു. തുടർന്നു തന്റെ സഭയെ ഒരുക്കുവാനായി പരിശുദ്ധാത്മാവാകുന്ന കാര്യസ്ഥനെ ഭൂമിയിലേക്കു അയച്ചു. പെന്തെക്കോസ്തു നാളിൽ ആരംഭിച്ചതും, കർത്താവിന്റെ വീണ്ടും വരവിൽ എടുക്കപ്പെടുന്നതുമാണ് സഭ. സഭയെ രണ്ടായി തിരിക്കാം.

### 1. സാർവ്വത്രിക സഭ (Universal Church)

സാർവ്വത്രികസഭയിൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട സകല ദൈവമക്കളും, മുൻ കാലങ്ങളിൽ മരിച്ചുപോയ രക്ഷിക്കപ്പെട്ട സകല ദൈവമക്കളും ഉൾപ്പെടുന്നു. കർത്താവാണ് രക്ഷിക്കപ്പെടുന്നവരെ സഭയിൽ ചേർക്കുന്നത്. അതായതു സാർവ്വത്രിക സഭയിൽ ക്രിസ്തുവാണ് ദൈവമക്കളെ സഭയുടെ അംഗങ്ങളാക്കുന്നത് (അപ്പൊ.2:47). പെന്തൊക്കൊസ്തുനാളിൽ പുതിയനിയമസഭ രൂപംപ്രാപിച്ചതു മുതൽ കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവുവരെയുള്ള (ഉത്പ്രാപണം) സകല രക്ഷിക്കപ്പെട്ടവരും സാർവ്വത്രികസഭയിൽ ഉൾപ്പെടുന്നു. സാർവ്വത്രിക സഭ നമ്മുടെ നേത്രങ്ങളാൽ കാണാവുന്നതല്ല. ക്രിസ്തുയേശുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടു പ്രാദേശികസഭകളിൽ ദൈവത്തെ ആരാധിക്കുന്നവരെല്ലാം സാർവ്വത്രിക സഭയുടെ അംഗങ്ങളാണ്.

(DOCTRINAL TRUTHS *by Samson Henry, Kollam*)

## 2. പ്രാദേശിക സഭ (Local Church)

ഇന്നു ഭൂമിയിൽ ഓരോ സ്ഥലത്തുമുള്ള രക്ഷിക്കപ്പെട്ട ദൈവമക്കളുടെ കൂടിവരവാണിത്. പ്രാദേശികസഭകൾ ഭരണകാര്യത്തിലും, പ്രവർത്തനങ്ങളിലും തികച്ചും സ്വതന്ത്രമാണ്. സഭകളെ ഭരിക്കുവാനായി ഒരു റവറണ്ടോ, കേന്ദ്രപാസ്റ്ററോ, തിരുമേനിയോ ഉള്ളതായി തിരുവചനത്തിൽ കാണുന്നില്ല. കൂടാതെ ഈ സഭകകൾക്ക് ഭുമിയിൽ ഒരു കേന്ദ്രഭരണസിരാകേന്ദ്രവും ഇല്ല. ഒരു സ്ഥലം സഭയ്ക്ക് മറ്റൊരു സ്ഥലം സഭയെ ഭരിക്കുവാൻ യാതൊരു അധികാരവും തിരുവചനം അനുവദിക്കുന്നില്ല. എന്നാൽ ഇന്നു കാണുന്ന സഭാഭരണസമിതികളും, കേന്ദ്രനിയന്ത്രണസംവിധാനങ്ങളും, ദൈവവേലക്കാർ എന്നു പറയുന്നവരെ ശമ്പളവ്യവസ്ഥയിൽ നിയമിക്കുന്നതും, അവരുടെ സ്ഥലം മാറ്റങ്ങളും ഒക്കെ തിരുവചനത്തിന്റെ അടിസ്ഥാനത്തിലല്ല. സ്വർഗ്ഗത്തിൽ അധിവസിക്കുന്ന വീണ്ടെടുപ്പുകാരനും, സഭാകാന്തനുമായ ക്രിസ്തുവിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് രക്ഷിക്കപ്പെട്ട ദൈവമക്കൾ അടങ്ങിയ ഓരോ പ്രാദേശിക സഭയും. **സാർവ്വത്രികസഭ അദൃശ്യവും സ്ഥലംസഭ ദൃശ്യവുമാണ്**. പ്രാദേശികസഭ അഥവാ സ്ഥലംസഭ സാർവ്വത്രിക സഭയുടെ ഒരു ചെറിയ ദൃശ്യരൂപമാണ്.

***തിരുവചനത്തിൽ പുതിയനിയമ സഭയ്ക്കുള്ള പേരുകൾ —***

1. ദൈവസഭ : 1.കൊരി.10:32/ 15:9 /1:2/ 11:16
2. ക്രിസ്തുസഭ : മത്താ.16:18/ അപ്പൊ.2:47/ റോമ.16:16.
3. വിശുദ്ധന്മാരുടെ സഭ : 1.കൊരി.14:34.

സഭാംഗങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ടവരാണ്. സ്ഥലം സഭകളെ അതാതു സ്ഥലത്തിന്റെ പേരുകൂടെ ചേർത്തു വിളിച്ചു വന്നു. ഉദാ:—

| | |
|---|---|
| കൊരിന്തിലുള്ള ദൈവസഭ | : 1.കൊരി1:2 |
| ഗലാത്യസഭ | : ഗലാ.1:2 |
| തെസ്സലൊനീക്യസഭ | : 1.തെസ്സ.1:1 |
| എഫെസൊസിലെ സഭ | : വെളി.2:1 |

### പുതിയനിയമസഭ - വിശേഷതകൾ —

(1) ക്രിസ്തുയേശുവിനാൽ വിശുദ്ധീകരിക്കപ്പെട്ടവർ
(2) ക്രിസ്തുയേശുവിനാൽ വിളിക്കപ്പെട്ടവർ
(3) വിശുദ്ധന്മാരുടെ കൂട്ടം (1.കൊരി.3:17)

(4) ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന കൂട്ടം
(5) സഭയിലെ അംഗങ്ങളെല്ലാം പുരോഹിതന്മാരാണ് (1.പത്രൊ.2:5,9)
(6) ശരീരമാകുന്ന സഭയുടെ തല ക്രിസ്തുവാണ് (1.കൊരി.12:27/ എഫെ.5:23/കൊലൊ.1:18).

## ദൈവസഭയിലെ അംഗങ്ങൾ

രക്ഷിക്കപ്പെട്ട, അഥവാ വീണ്ടുംജനിച്ച ദൈവമക്കളാണ് സഭയിലെ അംഗങ്ങൾ. ഒരു പള്ളിയിൽ ക്രമമായി പോയി പ്രാർത്ഥിച്ചാലോ, പാട്ടുപാടിയാലോ, ആരാധനാസൂക്തങ്ങൾ ചൊല്ലിയാലോ, കുർബാനകൾ അർപ്പിച്ചാലോ, സ്തോത്രകാഴ്ചകൾ നൽകിയാലോ ദൈവസഭയുടെ അംഗങ്ങളാകുന്നില്ല. കർത്താവാണ് രക്ഷിക്കുന്നതും, സഭയോടു ചേർക്കുന്നതും. **അപ്പൊ.2:47 — "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു."** ഒരു പള്ളിയിലോ, സഭാഹോളിലോ ആരെങ്കിലും ചെല്ലുമ്പോൾ അവിടത്തെ പുരോഹിതനോ, മേലദ്ധ്യക്ഷനോ, പാസ്റ്ററോ സഭാരജിസ്റ്ററിൽ അവരുടെ പേരെഴുതി ചേർത്താൽ ദൈവസഭയുടെ അംഗമാകുന്നില്ല. രക്ഷിക്കപ്പെടുമ്പോൾ ഒരു ദൈവപൈതൽ സാർവ്വത്രികസഭയുടെ അംഗമായിത്തീരുന്നു. അവനെ കർത്താവാണ് സഭയോടു ചേർക്കുന്നതും, ജീവപുസ്തകത്തിൽ പേരെഴുതുന്നതും. രക്ഷിക്കപ്പെട്ടു, കർത്താവിന്റെ കല്പനയായ സ്നാനം ഏറ്റ ഒരു വിശ്വാസി അതേ അനുഭവമുള്ള വിശ്വാസികളുമായി ദൈവത്തെ ആരാധിക്കണം. ഇപ്രകാരമുള്ള വിശ്വാസികളാണ് ഒരു പ്രാദേശികസഭയിലെ അംഗങ്ങൾ.

**വിശ്വാസികളുടെ പേരുകൾ —**

| | |
|---|---|
| 1. വിശ്വാസികൾ | : അപ്പൊ.2:44/ യോഹ.14:1,2/ ഗലാ.3:6,7,9/ എബ്രാ.11:1,2,3,6. |
| 2. ശിഷ്യന്മാർ | : അപ്പൊ.6:1 മത്താ.28:18--20 |
| 3. വിശുദ്ധന്മാർ | : അപ്പൊ.9:32/റോമ.1:3/1.കൊരി. 1:2/ 2.കൊരി.1:1/ എഫെ.1:1. |
| 4. സഹോദരന്മാർ | : അപ്പൊ.10:23/ മത്താ.23:9/ എബ്രാ.2:10-15/ മത്താ.28:10 |
| 5. ക്രിസ്ത്യാനികൾ | : അപ്പൊ.11:26/ അപ്പൊ.26:28/ 1.പത്രൊ.4:16 |
| 6. തിരഞ്ഞെടുക്കപ്പെട്ടവർ | : എഫെ.1:4/ യോഹ.15:16. |
| 7. നീതീകരിക്കപ്പെട്ടവർ | : റോമ.5:1 |

(DOCTRINAL TRUTHS *by Samson Henry, Kollam*)

8. വിശുദ്ധീകരിക്കപ്പെട്ടവർ : എബ്രാ.10:10
9. വീണ്ടെടുക്കപ്പെട്ടവർ : 1.പത്രൊ.1:18
10. വീണ്ടും ജനിച്ചവർ : 1.പത്രൊ.1:23
11. നിത്യജീവൻ പ്രാപിച്ചവർ : 1. യോഹ.5:13
12. വൃതന്മാർ : 1.പത്രൊ.1:2
13. തിരഞ്ഞെടുക്കപ്പെട്ട ജാതി : 1.പത്രൊ.2:9
14. രാജകീയപുരോഹിതവർഗ്ഗം : 1.പത്രൊ.2:9
15. വിശുദ്ധവംശം : 1.പത്രൊ.2:9
16. സ്വന്തജനം : 1.പത്രൊ.2:9
17. ദൈവമക്കൾ : 1.യോഹ.3:1
18. വിശ്വസ്തസഹോദരന്മാർ : കൊലൊ.1:1
19. വിശുദ്ധസഹോദരന്മാർ : എബ്രാ.3:1
20. സ്വർഗ്ഗീയവിളിക്കുഓഹരിക്കാർ : എബ്രാ.3:1

**ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ അലങ്കാരപ്രയോഗങ്ങൾ (സാദൃശ്യങ്ങൾ)**

1. ഇടയനും, ആടും : യോഹ.10:11,14,16/ എബ്രാ.13:20/ 1.പത്രൊ.5:2,4/ 1.പത്രൊ.2:25/ അപ്പൊ.20:28,29
2. മഹാപുരോഹിതനും, പുരോഹിതവർഗ്ഗവും : എബ്രാ.3:1/4:14/5:1/6:20/7:26/ 1.പത്രൊ.2:5-9
3. മണവാളനും, മണവാട്ടിയും : 2.കൊരി.11:2/എഫെ.5:25-27/ യോഹ.3:29/വെളി.19:6-8/ 21:2/ 22:17.
4. ശിരസ്സും, ശരീരവും : എഫെ.1:22 /5:23/ കൊലോ.1:18
5. മുന്തിരിവള്ളിയും, കൊമ്പുകളും : യോഹ.15:1-5
6. മൂലക്കല്ലും, കല്ലുകളും : എഫെ.2:20-22/1.പത്രൊ.2:4-9
7. ഗുരുവും, ശിഷ്യന്മാരും : മത്താ.11:29/ മർക്കൊ.1:17/ യോഹ.3:2/യോഹ.13:14.

= = = = = = = *Amen* = = = = = = =

# അദ്ധ്യായം – 13

## ദൈവസഭയുടെ അടിസ്ഥാനം

സഭ ക്രിസ്തുവിന്റേതാകയാൽ അടിസ്ഥാനവും ക്രിസ്തു ആയിരിക്കുന്നു. പുതിയനിയമത്തിൽ സഭയെക്കുറിച്ചു പറഞ്ഞിരിക്കുന്ന ആദ്യവാക്യം മത്തായി.16:18–ൽ കാണുന്നു— **"നീ പത്രൊസ് (Petros) ആകുന്നു; ഈ പാറ (Petra) മേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല."** അതായത് സഭയുടെ അടിസ്ഥാനമായ വൻപാറ (Petra) യിന്മേൽ വെക്കുവാൻ പോകുന്ന ചെറിയ (Petros) പാറ എന്നാണ്. Petros എന്നാൽ ചെറിയ പാറ എന്നർത്ഥം. ***പത്രൊസ് ആകുന്ന പാറക്കഷണത്തിന്മേൽ അല്ല; പ്രത്യുത ക്രിസ്തുവാകുന്ന വൻപാറമേലാണ് സഭ പണിതിരിക്കുന്നത്.*** ഇതു സംബന്ധിച്ചു ചില വാക്യങ്ങൾ —

**എഫെ.2:20** —*"ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു."*

**1.കൊരി.3:11** — *"യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല."*

**1.പത്രൊ.2:4** — *"മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട് ..."*

**1.കൊരി.10:4** —*"ആ പാറ ക്രിസ്തു ആയിരുന്നു."*

ജീവജലത്തിന്റെ ഉറവയായ ഈ വലിയ പാറ യേശുക്രിസ്തു തന്നേ.

**ക്രിസ്തുവിനെ കുറിച്ച് പാറ/കല്ല് എന്ന് വിശേഷിപ്പിച്ചിരിക്കുന്ന തിരുവചന ഭാഗങ്ങൾ —**

| | |
|---|---|
| 1. മാന്യമായ കല്ല് | : 1.പത്രൊ.2:4,6 |
| 2 ജീവനുള്ള കല്ല് | : 1.പത്രൊ.2:4 |
| 3. തള്ളിക്കളഞ്ഞ കല്ല് | : 1.പത്രൊ.2:4,7 |
| 4. മൂലക്കല്ല് | : 1.പത്രൊ.2.:6 |
| 5. ശ്രേഷ്ഠമായ കല്ല് | : 1.പത്രൊ.2:6 |
| 6. ഇടർച്ചക്കല്ല് | : 1.പത്രൊ.2:7/ റോമ.9:33 |

| | |
|---|---|
| 7. തടങ്ങൽ പാറ | : 1.പത്രൊ.2:7/ റോമ.9:33 |
| 8. വിശ്വസിക്കാവുന്ന പാറ | : റോമ.9:33 |
| 9. യിസ്രായേലിന്റെ പാറ | : ഉല്പ.49:24 |
| 10. ശാശ്വതമായൊരു പാറ | : യെശ.26:4 |
| 11. അനുഗമിച്ച പാറ | : 1.കൊരി.10:4 |
| 12. ആത്മീക പാറ | : 1.കൊരി.10:4 |
| 13. വീണ്ടെടുപ്പുകാരനായ പാറ | : സങ്കീ.19:14 |
| 14. ശരണപ്പെടാവുന്ന പാറ | : സങ്കീ.18:2 |
| 15. നീതികേടില്ലാത്ത പാറ | : സങ്കീ.92:15 |

### സഭയെ കുറിച്ചുള്ള ദൈവിക ഉദ്ദേശ്യം —

(1) ദൈവത്തെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക (എഫെ.1:4 -6/ എഫെ.3:21).

(2) ദൈവത്തെ സ്നേഹിക്കുവാനും, ദൈവത്തിനു സ്വന്തമായ ഒരു കൂട്ടം ഉണ്ടാകുവാനും — (1.പത്രൊ.2:9).

(3) ക്രിസ്തീയ സാക്ഷ്യം വഹിക്കുവാൻ –– (അപ്പൊ.1:8).

(4) ഭൂലോകത്തെ സുവിശേഷീകരിക്കുവാൻ — (മത്താ.28:19,20/ മർക്കൊ.16:15/ എഫെ.3:8).

(5) വചനം പഠിപ്പിക്കുവാനും, ശിഷ്യരാക്കുവാനും, ദൈവീകോപദേശങ്ങളിൽ ജീവിതം നയിക്കുവാനും — (എഫെ.4:11 -15/1.തെസ്സ.5:11/1.കൊരി.12:1-31).

(6) കർത്താവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുവാൻ — (2.കൊരി.11:2/2.പത്രൊ.3:11-13/ വെളി.19:7).

## സഭാപരിപാലനം

പുതിയനിയമസഭയിൽ പ്രത്യേകമായി വേർതിരിക്കപ്പെട്ട പുരോഹിതന്മാരില്ല. എന്നാൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു, വീണ്ടും ജനനം പ്രാപിച്ച എല്ലാ ദൈവമക്കളും പുരോഹിതന്മാരാണ്. യേശുക്രിസ്തുവാണ് മഹാപുരോഹിതൻ.

***1.പത്രൊ.2:4-5*** *"മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മീകഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാന്തക്ക* ***വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിനു*** *പണിയപ്പെടുന്നു."*

***1.പത്രൊ.2:9***–*"നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ടഒരു ജാതിയും****രാജകീയപുരോഹിതവർഗ്ഗവും*** *വിശുദ്ധവംശവും സ്വന്തജനവും ആകുന്നു."*

***വെളി.1:6*** – *"നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും* ***പുരോഹിതന്മാരും*** *ആക്കിതീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും ആമേൻ."*

## ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ ഒരുവൻ മാത്രം — യേശുക്രിസ്തു —

***1.തിമൊ.2:5*** – *"ദൈവം ഒരുവനല്ലോ;* ***ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ.*** *എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുതന്നേ."*

എഫെസ്യലേഖനത്തിൽ **സാർവ്വത്രികസഭ ക്രിസ്തുവിന്റെ ശരീരമായും,** കൊലോസ്സ്യലേഖനത്തിൽ **ക്രിസ്തുവിനെ സഭയുടെ ശിരസ്സായും** ചിത്രീകരിച്ചിരിക്കുന്നു (എഫെ.1:22,23 കൊലൊ.1:18). സഭ ക്രിസ്തുവിന്റെ കർത്തൃത്വത്തിൻകീഴിൽ നിലകൊള്ളുന്നു. അതേ സമയം പ്രാദേശികസഭകളുടെ പരിപാലനത്തിനും, ആത്മീകഉന്നതിക്കുമായി ദൈവത്താൽ നിയമിക്കപ്പെട്ട നടത്തിപ്പുകാർ ഉണ്ട് (1.കൊരി.12:28 /എഫെ.4:11 /ഫിലി.1:1).അതായത് മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു സഭയുടെ ആത്മീകാഭിവൃദ്ധിക്കായി വിവിധ കൃപാദാനങ്ങളെ നൽകി.

## സഭയിലെ ശുശ്രൂഷകൾക്കായി ദൈവം കൃപാവരം നൽകി നിയമിക്കുന്നവർ —

| | |
|---|---|
| 1. അപ്പൊസ്തലന്മാർ (Apostles) | : 1.കൊരി.12:28/എഫെ.4:11 |
| 2. പ്രവാചകന്മാർ (Prophets) | : എഫെ.4:11 |
| 3. സുവിശേഷകന്മാർ (Evangelists) | : എഫെ.4:11 |
| 4. ഇടയന്മാർ (Overseers / Pastors) | : എഫെ.4:11 |
| 5. ഉപദേഷ്ടാക്കൾ (Teachers) | : എഫെ.4:11/1.കൊരി.12:28 |

(DOCTRINAL TRUTHS *by Samson Henry, Kollam*)

## അപ്പൊസ്തലന്മാർ — (Apostles)

സ്വർഗ്ഗാരോഹണം ചെയ്ത യേശുക്രിസ്തു സഭയുടെ ആത്മീകവളർച്ചെക്കായി വിവിധ കൃപാദാനങ്ങളും, വരങ്ങളും നൽകിയിട്ടുണ്ട്. അപ്പൊസ്തലന്മാർ അവരുടെ ശുശ്രൂഷകളിലും പ്രവർത്തനങ്ങളിലും ദൈവസഭയിൽ പ്രാധാനസ്ഥാനം വഹിച്ചിരുന്നു. *“ദൈവം സഭയിൽ ഒന്നാമതു അപ്പൊസ്തലന്മാർ, രണ്ടാമതു പ്രവാചകന്മാർ, മൂന്നാമതു ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കയും........* (1.കൊരി.12:28), *അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു”* (എഫെ.4:11).

Apostolos (അപ്പൊസ്റ്റൊലോസ്) എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് അപ്പൊസ്തലൻ എന്ന പദം വന്നിട്ടുള്ളത്. ഈ വാക്കിനു അയക്കപ്പെട്ടവൻ, സന്ദേശവാഹകൻ, പ്രതിനിധി, പ്രത്യേകദൗത്യം ഏൽപ്പിച്ച് അയക്കപ്പെട്ടവൻ എന്നൊക്കെ അർത്ഥം ഉണ്ട്. പുതിയനിയമത്തിൽ കർത്താവു തിരഞ്ഞെടുത്തു പ്രത്യേക ശുശ്രൂഷകൾക്കായി അയെക്കപ്പെട്ട പന്ത്രണ്ടു പേരാണ് പൊതുവേ അപ്പൊസ്തലന്മാർ എന്നറിയപ്പെടുന്നത്. അതായതു അപ്പൊസ്തലനെ കർത്താവാണ് നിയമിച്ചത് (1.കൊരി.12:28/ എഫെ.4:11/ഗലാ.1:11,12). കർത്താവിന്റെ മരണത്തിനും, പുനരുത്ഥാനത്തിനും ഇവർ സാക്ഷികളായി. കൂടാതെ അപ്പൊസ്തലന്മാർ കർത്താവിനെ കണ്ടവരായിരുന്നു (1.കൊരി.9:1,2/1.കൊരി.15:8/ ലൂക്കൊ.24:48/ അപ്പൊ.1:9,21,22). സഭയുടെ ആരംഭകാലപ്രവർത്തകരും പുതിയനിയമതിരുവെഴുത്തുകളുടെ എഴുത്തുകാരും അപ്പൊസ്തലന്മാരിൽ ഉൾപ്പെടുന്നു. അത്ഭുതങ്ങൾ, അടയാളങ്ങൾ, വീര്യപ്രവൃത്തികൾ എന്നിവ അപ്പൊസ്തലന്മാരുടെ ലക്ഷണങ്ങളായി തിരുവെഴുത്തിൽ കാണുന്നു (2.കൊരി.12:12). അയക്കപ്പെട്ടവൻ എന്ന അർത്ഥത്തിൽ കർത്താവിനെ അപ്പൊസ്തലൻ എന്നു പറഞ്ഞിട്ടുണ്ട് (എബ്രാ.3:1).

യേശുകർത്താവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിലുൾപ്പെടാത്ത ചിലരെയും അപ്പൊസ്തലൻ എന്നു പുതിയനിയമത്തിൽ പറഞ്ഞിട്ടുണ്ട്. അവരിൽ പൗലൊസ് ജാതികളുടെ അപ്പൊസ്തലൻ എന്നറിയപ്പെട്ടിരുന്നു (റോമ.11:13,14). പൗലൊസിനു പുറമേ ബർന്നബാസ് (അപ്പൊ.14:14), അന്ത്രൊനിക്കൊസ്, യൂനിയാവ് (റോമ.16:7), സില്വാ

നൊസ്, തിമൊഥെയോസ് (1.തെസ്സ.1:1/2:6), യാക്കോബ് (ഗലാ1:19/1. കൊരി.15:7), അപ്പൊല്ലോസ് (1.കൊരി.4:6,9) എന്നിവരെയും അപ്പൊസ്തലൻ എന്നു നാമകരണം ചെയ്തിട്ടുണ്ട്. കൂടാതെ കള്ളഅപ്പൊസ്തലന്മാരെയും തിരുവചനത്തിൽ കാണുന്നുണ്ട്. 2.കൊരി.11:13 –"*ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ.*"

അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും ശുശ്രൂഷകളും, ഉത്തരവാദിത്വങ്ങളും മൂന്നു തരത്തിലുള്ളവയായിരുന്നു.

(1) സഭയുടെ അടിസ്ഥാനം ഇടുക (എഫെ.2:20).

(2) ദൈവീകവെളിപ്പാടുകൾ സ്വീകരിച്ചുഅവരെ അറിയിക്കുക (എഫെ.3:5 ).

(3) അത്ഭുതങ്ങളാലും, അടയാളങ്ങളാലും, വീര്യപ്രവൃത്തികളാലും അവർ അറിയിക്കുന്ന ദൈവവചനം ഉറപ്പിക്കുക.(2.കൊരി.12:12/ എബ്രാ.2:3,4/ അപ്പൊ.8:6-8/റോമ.15:18).

അപ്പൊസ്തലന്മാർ വഴിയാണ് ദൈവീകവെളിപ്പാടുകളും സഭയ്ക്കുള്ള ഉപദേശങ്ങളും ലഭിച്ചത്. സഭയെന്ന മർമ്മവും, സഭയുടെ ഉപദേശങ്ങളും, സഭയുടെ ഭാവിയും ഒക്കെ പഴയനിയമ കാലത്തു വെളിപ്പെട്ടിരുന്നില്ല. എന്നാൽ പുതിയനിയമകാലത്തു സഭയുടെ മർമ്മങ്ങൾ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും വെളിപ്പെട്ടു (എഫെ.3:5). പുതിയനിയമതിരുവെഴുത്തുകൾ എല്ലാം തന്നെ പരിശുദ്ധാത്മാവിനാൽ അപ്പൊസ്തലന്മാരും അവരുടെ സഹപ്രവർത്തകരും ചേർന്നു തയ്യാറാക്കിയതാണ്. അപ്പൊസ്തലികകാലഘട്ടത്തിൽത്തന്നെ പുതിയനിയമകാനോൻ പൂർത്തീകരിക്കപ്പെടുകയും, ദൈവവചനം പൂർണ്ണരീതിയിൽ നമുക്കു ലഭിക്കുകയും ചെയ്തിട്ടുണ്ട്. ദൈവത്തിന്റെ അരുളപ്പാടുകൾ സമ്പൂർണ്ണമായി അപ്പൊസ്തലന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും നമുക്കു ലഭിച്ചിരിക്കുന്നതിനാൽ, ഇന്നു സഭയിൽ അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഇല്ല. അവരുടെ ശ്രേഷ്ഠശുശ്രൂഷ സഭയുടെ അടിസ്ഥാന പണിയിലായിരുന്നു. ഒരു അന്വേഷണക്കമ്മീഷനിലോ, പ്രതിനിധി യോഗത്തിലോ ചിലരെ അംഗങ്ങളാക്കി റിപ്പോർട്ടു സമർപ്പിക്കുവാൻ അയച്ചശേഷം അവർ റിപ്പോർട്ടു സമർപ്പിച്ചു കഴിഞ്ഞാൽ അവരുടെ ജോലിയും ഉത്തരവാദിത്വവും അവസാനിക്കുന്നതുപോലെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും പ്രത്യേക ശുശ്രൂഷ ഏൽപ്പിച്ചു അയക്കപ്പെട്ടവരായിരുന്നു. സഭയുടെ അടിസ്ഥാനപ്പണിക്കായിരുന്നു

അവരെ അയച്ചത്. അടിസ്ഥാനപ്പണി കഴിഞ്ഞപ്പോൾ അവരുടെ ശുശ്രൂഷയും അവസാനിച്ചു.

*"ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു"* (എഫെ.2:20). അടിസ്ഥാനപ്പണിക്കുപയോഗിച്ച കല്ലുകൾ അഥവാ പാറകൾ കെട്ടിടത്തിന്റെ മേൽപ്പണിക്കു ആരും ഉപയോഗിക്കാറില്ല. ഒരു കെട്ടിടത്തിന് ഒരിക്കലും വീണ്ടും വീണ്ടും അടിസ്ഥാനമിടാറുമില്ല. ആയതുപോലെ ദൈവസഭ യേശുക്രിസ്തുവാകുന്ന മൂലക്കല്ലിലും, പ്രവാചകന്മാരും അപ്പൊസ്തലന്മാരും എന്ന അടിസ്ഥാനത്തിലും പണിതിരിക്കുകയാണ്.

ഇന്ന് ഏതെങ്കിലും സ്ഥലത്ത് സുവിശേഷം അറിയിച്ച് അവിടെ ഒരു പുതിയ പ്രാദേശികസഭ രൂപം കൊള്ളുന്നത് ഒന്നാം നൂറ്റാണ്ടിൽ അടിസ്ഥാനമിട്ട സഭാമന്ദിരത്തിന്റെ നിർവചനത്തിൽ വരുന്നില്ല. അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും അടിസ്ഥാനപ്പണിയായ ശുശ്രൂഷ ഒന്നാം നൂറ്റാണ്ടോടെ തീർന്നിരിക്കയാണ്. ഈ അടിസ്ഥാനത്തിന്മേൽ ഇപ്പോൾ മേൽപ്പണി നടക്കുകയാണ്. ഇന്ന് ദൈവമക്കളാകുന്ന ജീവനുള്ള കല്ലുകൾ കൊണ്ടാണ് കർത്താവ് തന്റെ സഭയെ പണിതുകൊണ്ടിരിക്കുന്നത്.

## പ്രവാചകന്മാർ — (Prophets)

Prophet (പ്രവാചകൻ) എന്ന ഇംഗ്ളീഷ് പദം ഗ്രീക്കു ഭാഷയിലെ Prophetes (പ്രോഫറ്റെസ്) എന്ന പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. ഈ ഗ്രീക്കു പദത്തിൽ Pro എന്നാൽ മുമ്പേ എന്നും Phemi എന്നാൽ സംസാരിക്കുക (Pro = forth , Phemi = to speak) എന്നുമാണർത്ഥം. അതായതു മുമ്പേ സംസാരിക്കുന്നവൻ അഥവാ മുൻകൂട്ടി സംസാരിക്കുന്നവൻ (One who speaks forth). ഈ വാക്കിനു 'for' അഥവാ 'വേണ്ടി' എന്നു മറ്റൊരു അർത്ഥവും കൂടിയുണ്ട്. അതായതു മറ്റൊരാൾക്കുവേണ്ടി സംസാരിക്കുന്നവൻ.

ദൈവീകാരുളപ്പാടുകളും, ദർശനങ്ങളും മുൻകൂട്ടി അറിയിക്കുന്നവരാണ് പ്രവാചകന്മാർ. ദൈവീകാലോചനകൾ അവർ ആരുടെയും മുഖം നോക്കാതെ അറിയിച്ചിരുന്നു. ഏലീയാവു, എലീശ, യെശയ്യാവു, യിരെമ്യാവു, യെഹെസ്കേൽ, ദാനീയേൽ, യോനാ, മലാഖി തുടങ്ങിയവർ പഴയനിയമ പ്രവാചകന്മാരിലുൾപ്പെടുന്നു. മലാഖിയുടെ പ്രവചനത്തിനുശേഷം 400 വർഷക്കാലം നിശബ്ദകാല

ഘട്ടം (Silent period) എന്നറിയപ്പെട്ടിരുന്ന സമയത്തു ദൈവം തന്റെ ദാസന്മാരിലൂടെയോ, പ്രവാചകന്മാരിലൂടെ നേരിട്ടോ സംസാരിച്ചിരുന്നില്ല.

മലാഖി.3:1 - ൽ *"എനിക്കു മുമ്പായി വഴി നിരത്തേണ്ടതിനു ഞാൻ എന്റെ ദൂതനെ അയക്കുന്നു"* എന്നതിന്റെ അടിസ്ഥാനത്തിൽ ഏലീയാവിന്റെ ആത്മാവോടും, ശക്തിയോടും പുതിയനിയമപ്രവാചകന്മാരിൽ, സ്നാപകയോഹന്നാൻ പ്രവാചകനായി പ്രവേശിക്കുന്നു (മത്താ.3:1-17/മർക്കൊ.1:1-11/ലൂക്കൊ.3:1-20/ യോഹ.1:19-36). സ്നാപകയോഹന്നാൻ കൂടാതെ പുതിയനിയമത്തിൽ പ്രവാചകന്മാരെയും, പ്രവാചകിമാരെയും കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നതിൽ, ആശേർഗോത്രത്തിൽ ഫെനൂവേലിന്റെ മകളായ ഹന്നാപ്രവാചകി (ലൂക്കൊ.2:36), അഗബൊസ് (അപ്പൊ.21:10), യൂദാ, ശീലാസ് (അപ്പൊ.15:32), ഫിലിപ്പൊസിന്റെ നാലു പെൺമക്കൾ (അപ്പൊ.21:8-10) ഉൾപ്പെടുന്നു. പഴയനിയമപ്രവാചകന്മാരും, പുതിയനിയമപ്രവാചകന്മാരും തമ്മിൽ പല കാര്യങ്ങളിലും വ്യത്യാസപ്പെട്ടിരുന്നു. പഴയനിയമപ്രവാചകന്മാർ ഏറെക്കുറെ ദേശീയനേതാക്കളും, സ്വദേശാഭിമാനികളും ആയിരുന്നു. പ്രധാനമായും യിസ്രായേലിനോടാണ് അവർ ദൈവീകാരുളപ്പാടുകൾ പ്രവചിച്ചത്. എന്നാൽ പുതിയനിയമപ്രവാചകന്മാർ ദേശീയപ്രാധാന്യം ഇല്ലാത്തവരായിരുന്നു. അവർ ഒരു പ്രത്യേക വർഗ്ഗത്തോടോ, ജാതികളോടോ മാത്രമല്ല സംസാരിച്ചത്. പുതിയനിയമസഭയുടെ മർമ്മങ്ങൾ, സത്യങ്ങൾ എന്നിവ അവർക്കു ലഭിച്ച വെളിപ്പാടുകളിലൂടെ സംസാരിച്ചിരുന്നു. പഴയനിയമപ്രവാചകന്മാർ ദൈവീകഭരണത്തെയും, തന്റെ ജനമായ യിസ്രായേൽ നേർവഴിയിൽ നടക്കുവാനുമുള്ള പ്രമാണങ്ങളെയും അറിയിച്ചിരുന്നു. പുതിയനിയമപ്രവാചകന്മാരുടെ ശുശ്രൂഷകൾ സകലജാതികളോടും ദൈവത്തിന്റെ സ്നേഹം അറിയിക്കുക, അവരുടെ ആത്മീകവർദ്ധനെക്കും, പ്രബോധനത്തിനും ആശ്വാസത്തിനും ഉള്ള കാര്യങ്ങൾ പ്രസ്താവിക്കുക, മനുഷ്യരെ പാപബോധം വരുത്തി ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ അവരെ ഉത്സാഹിപ്പിക്കുക എന്നിവയായിരുന്നു.(1.കൊരി.14:3,24,25).

*"ദൈവം സഭയിൽ ഒന്നാമതു അപ്പൊസ്തലന്മാർ, രണ്ടാമതു പ്രവാചകന്മാർ, മൂന്നാമതു ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കയും....."* (1.കൊരി.12:28), *"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേ*

*ഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു"* (എഫെ.4:11) എന്നു തിരുവചനത്തിൽ വായിക്കുന്നു. അപ്പൊസ്തലന്മാരെപ്പോലെ പ്രവാചകന്മാരെയും ദൈവം സഭയുടെ ആത്മീകാഭിവൃദ്ധിക്കായി നിയമിച്ചാക്കിയതാണ്. ഇവിടെ സഭാ ബന്ധത്തിൽ പറഞ്ഞിരിക്കുന്ന പ്രവാചകന്മാർ പഴയനിയമപ്രവാചകന്മാർ അല്ല. പുതിയനിയമപ്രവാചകന്മാർ ദൈവസഭയിൽ, സഭയുടെ ആരംഭകാലഘട്ടത്തിൽ ദൈവം എഴുന്നേൽപ്പിച്ചവരാണ്. സഭയുടെ മർമ്മം ഇവർക്കു ദൈവം വെളിപ്പെടുത്തിക്കൊടുത്തിരുന്നു. എഫെസ്യർ.3:5– *"ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായ്‌വന്നിരുന്നില്ല."* എഴുതപ്പെട്ട തിരുവചനരേഖകളില്ലാതിരുന്ന സമയത്തു പുതിയനിയമപ്രവാചകന്മാർ ദൈവത്തിൽ നിന്നും അപ്പോഴപ്പോൾ ആലോചനകൾ വാങ്ങി ജനത്തെ അറിയിച്ചിരുന്നു. എന്നാൽ തിരുവെഴുത്തുരേഖകൾ പൂർണ്ണമായി നമ്മുടെ കരങ്ങളിൽ ലഭിച്ചിരിക്കുന്നതിനാൽ പ്രവാചകന്മാർ എന്ന കൂട്ടരും ഇന്നു സഭയിലില്ല. അപ്പൊസ്തലന്മാരെപ്പോലെ അവരും അടിസ്ഥാനപ്പണിയിൽ ഉൾപ്പെട്ടവരാണ്. **എഫെ.2:20–**ൽ *"ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു"* എന്നു കാണുന്നു. പ്രവാചകന്മാരും സഭയുടെ ആരംഭകാലത്തു മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നു ദൈവവചനം പൊരുൾ തിരിച്ചു പ്രബോധിപ്പിക്കുന്നതും, പ്രവചനഭാഗങ്ങൾ സംസാരിക്കുന്നതും, അന്ത്യകാല സംഭവങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങളും പ്രവാചകശുശ്രൂഷയിൽ ഉൾപ്പെടുന്നില്ല. മാത്രവുമല്ല ഇക്കാലത്ത് ഒരാളെക്കണ്ടിട്ട് അയാൾ രണ്ടു മാസത്തിനകം ഗൾഫിൽ പോകും, വിവാഹം ഉടനെ ഉണ്ടാകും, ഉടൻതന്നെ ജോലികിട്ടും, ജീവഹാനി ഉൾപ്പെടെയുള്ള ആപത്തുകൾ കാണുന്നു തുടങ്ങിയ ഭാവി കാര്യങ്ങൾ സന്ദർഭത്തിനൊത്തു അറിയിച്ചിട്ടു പ്രവാചകൻ എന്നോ പ്രവാചകി എന്നോ ഉള്ള പേരെടുക്കുവാൻ ആരെയും ദൈവവചനം അനുവദിക്കുന്നില്ല.

കള്ളയപ്പൊസ്തലന്മാരെപ്പോലെ തന്നെ കള്ളപ്രവാചകന്മാരെക്കുറിച്ചും വിശ്വാസികൾ ജാഗ്രതയുള്ളവരായിരിപ്പാനും, സൂക്ഷിക്കുവാനും തിരുവചനത്തിൽ മുന്നറിയിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്.

**പഴയനിയമത്തിൽ —**

---> **യിരെ.14:14**—*"പ്രവാചകന്മാർ എന്റെ നാമത്തിൽ ഭോഷ്കു പ്രവചിക്കുന്നു; ഞാൻ അവരെ അയച്ചിട്ടില്ല; അവരോടു കല്പിച്ചിട്ടില്ല, അവരോടു സംസാരിച്ചിട്ടുമില്ല; അവർ വ്യാജദർശനവും, പ്രശ്നവാക്യവും, ഇല്ലാത്ത കാര്യവും, സ്വന്തഹൃദയത്തിലെ വഞ്ചനയും നിങ്ങളോടു പ്രവചിക്കുന്നു."*

—> **യിരെ.23:16**—*"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങളോടു പ്രവചിക്കുന്ന പ്രവാചകന്മാരുടെ വാക്കു കേൾക്കരുതു; അവർ നിങ്ങളെ വ്യാജം ഉപദേശിക്കുന്നു; യഹോവയുടെ വായിൽ നിന്നുള്ളതല്ല, സ്വന്തഹൃദയത്തിലെ ദർശനമത്രേ അവർ പ്രവചിക്കുന്നതു."*

**പുതിയനിയമത്തിൽ —**

—> **മത്തായി.7:22,23**—*"കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും."*

—> **മത്തായി.24:24**—*"കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും."*

—> **1.യോഹ.4:1** —*"പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ."*

ദൈവത്തിന്റെ പ്രവാചകൻ, പ്രവാചകി എന്ന പേരിൽ ഒരു കൂട്ടർ ആധുനികയുഗത്തിൽ ധാരാളമായി കാണാം. എനിക്കു ദൈവത്തിൽ നിന്നു ഒരു കാര്യം നിന്നോടു അറിയിക്കുവാനുണ്ട്, നിനക്കു അതിഭയങ്കരമായ ഒരാപത്തു വരുന്നതു, പലതും ഞാൻ ദർശനത്തിൽ കാണുന്നു എന്നൊക്കെ പറഞ്ഞു പ്രവചനമെന്ന പേരിൽ പലരെയും ഇവർ സമീപിക്കാറുണ്ട്. ചിലപ്പോൾ സന്ദർഭങ്ങളനുസരിച്ചു വിവിധരീതികളിൽ പ്രവചിക്കുന്നു. ജോലി, വിവാഹം, വിദേശയാത്ര, രോഗം, ദുഃഖം, എന്നിവയോടു ബന്ധപ്പെടുത്തി

കേൾക്കുന്നവന്റെ ശ്രദ്ധ ആകർഷിക്കത്തക്ക വിധത്തിൽ സൂത്രം നിറഞ്ഞ സംസാരശൈലിയിൽ പല വ്യാജപ്രവചനങ്ങളും നടത്തി, ഇതിനൊക്കെയും പ്രതിവിധിയും നിർദ്ദേശിച്ചു, കേൾക്കുന്നവരെ വശീകരിച്ചു കുടുക്കിലാക്കുന്നു. വാസ്തവത്തിൽ ഇവർ പ്രവാചകൻ, പ്രവാചകി എന്ന പേരിലുള്ള അഭിനയക്കാരാണ്. ഇവർ വൃഥാ വാചാലന്മാരും, മനോവഞ്ചകന്മാരും, വഴങ്ങാത്തവരും, ദുരാദായം വിചാരിച്ചു അരുത്താതതു ഉപദേശിച്ചുകൊണ്ടു വിശ്വാസികളെയും കുടുംബങ്ങളെയും നശിപ്പിക്കുന്നവരാണ്. ദൈവവചനത്തിലെ ആത്മീകസത്യങ്ങൾ പ്രസ്താവിക്കുവാനല്ലാതെ ഭൗതീകകാര്യങ്ങൾ സന്ദർഭങ്ങൾക്കനുസരിച്ചു പ്രവചിക്കുവാൻ ദൈവവചനത്തിൽ വ്യവസ്ഥയില്ല. ദൈവശ്വാസീയമായ പുതിയനിയമതിരുവെഴുത്തുകൾ പൂർത്തിയായി നമ്മുടെ കരങ്ങളിൽ ലഭിച്ചിരിക്കുന്നതിനാൽ, ഇനി പുതുതായി ദൈവവചനങ്ങൾ ആരും മറ്റൊരുത്തനുവേണ്ടി പ്രാപിച്ചു പ്രവചിക്കേണ്ട ആവശ്യമില്ല. ആയതിനാൽ പ്രവാചകനും, പ്രവാചകിയും എന്ന ഒരുകൂട്ടർ ഇന്നു സഭയിൽ ഇല്ലെന്ന സത്യം മനസ്സിലാക്കി സത്യത്തിന്റെ പാതയിൽ ഉറച്ചു നിൽക്കാം.

യേശുക്രിസ്തു മൂലം സകല വെളിപ്പാടുകളും നമുക്കു ലഭിച്ചിരിക്കുന്നതിനാൽ ഇനി യാതൊന്നും പ്രവചിച്ചു പറയേണ്ട ആവശ്യമില്ല (യോഹ.6:14/എബ്രാ1:1,2). ലഭിച്ചിരിക്കുന്ന വെളിപ്പാടുകൾക്കു അധികമായി പ്രവചിക്കുകയും, കൂട്ടുകയും, കുറയ്ക്കുകയും ചെയ്താൽ ശിക്ഷിക്കപ്പെടും എന്നു തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

—> *വെളി.2218,19 -"ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്നു വരുത്തും. ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്നു ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവന്നുള്ള അംശം ദൈവം നീക്കിക്കളയും."*

## സുവിശേഷകന്മാർ (Evangelists)

**Evangelist** എന്ന ഇംഗ്ലീഷ് പദം **Euangelistes ( Eu + angelos )** എന്ന ഗ്രീക്കു പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. ഇതിൽ 'ഇയു' എന്നാൽ നല്ലത് എന്നും, 'എൻജെലൊസ്' എന്നാൽ ദൂത് അറിയി

ക്കുന്നവൻ എന്നുമർത്ഥം **( Eu = well, angelos = a messenger ).** അതായത് നല്ല ദൂതു വാഹകൻ (Messenger of Good News) അഥവാ സുവിശേഷം പ്രസംഗിക്കുന്നവൻ (Goodnews Preacher / Gospel Preacher) എന്നർത്ഥം. ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിരിക്കുന്ന Evangelise എന്ന വാക്കിനു അർത്ഥം വാർത്ത അറിയിക്കുക, സുവിശേഷം പ്രസംഗിക്കുക ( to announce news / to preach gospel) എന്നാണ്. സുവിശേഷം പ്രസംഗിച്ച് പാപികളെ രക്ഷയിലേക്കു നടത്തുന്നവരാണ് സുവിശേഷകന്മാർ. സഭയിലെ എല്ലാ വിശ്വാസികളും സുവിശേഷം അറിയിക്കുവാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ പൂർണ്ണസമയം സുവിശേഷവേലയ്ക്കായി കർത്താവ് വിളിച്ചു വേർതിരിച്ചവരാണ് സുവിശേഷകന്മാർ. സുവിശേഷം അറിയിക്കുവാനായി ദൈവത്തിന്റെ വിളി കേട്ടവരും, ആത്മാക്കളെക്കുറിച്ചുള്ള ഭാരവും, കർത്താവിനെ സേവിക്കുവാനുള്ള മനോഭവവും ഉള്ളവരാണിവർ.

പുതിയനിയമത്തിൽ മൂന്നിടത്ത് സുവിശേഷകന്മാരെക്കുറിച്ചു പറഞ്ഞിരിക്കുന്നു —

(1) കർത്താവിന്റെ ദാനം — എഫെ.4:11

(2) ഫിലിപ്പൊസ് എന്ന സുവിശേഷകൻ —അപ്പൊ.21:8

(3) ദൈവികപ്രവൃത്തിയോടുള്ള ബന്ധത്തിൽ (2.തിമൊ.4:5).

ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു സഭയ്ക്കു നൽകിയ കൃപാദാനങ്ങളിൽ സുവിശേഷകന്മാരും ഉൾപ്പെടുന്നു. **എഫെ.4:11** — *"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ **സുവിശേഷകന്മാരായും** ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു."*

## ഇടയന്മാർ, ഉപദേഷ്ടാക്കൾ, അദ്ധ്യക്ഷന്മാർ, മൂപ്പന്മാർ —

### ഉപദേഷ്ടാക്കന്മാർ ( Teachers )

ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു മനുഷ്യർക്കു കൊടുത്ത ദാനങ്ങളുടെ കൂട്ടത്തിൽ ഒന്നാണ് ഉപദേഷ്ടാക്കന്മാർ. ദൈവസഭയിലെ മൂപ്പൻ ഇടയനും, അദ്ധ്യക്ഷനും ആയിരിക്കുന്നതുപോലെ ഉപദേഷ്ടാവു അദ്ധ്യാപകൻ (Teacher) കൂടിയാണ്. എന്നാൽ എല്ലാ മൂപ്പന്മാരും ഉപദേഷ്ടാക്കന്മാർ ആക

ണമെന്നില്ല. ഉപദേഷ്ടാവിന്റെ കൃപാവരമുള്ള മൂപ്പന്മാരും ഉണ്ട്. അതുപോലെ ചില ഉപദേഷ്ടാക്കന്മാർ സഭാമൂപ്പന്മാർ ആയിരിക്കയില്ല. അങ്ങനെയുള്ളവരിൽ ചിലർ സഭകൾ തോറും സഞ്ചരിച്ച് ഉപദേശിക്കുന്നവരും, ബൈബിൾ സ്കൂളുകളിൽ പഠിപ്പിക്കുന്നവരും ആയിരിക്കും. സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു സഭയുടെ ആത്മീകവളർച്ചെക്കായി വിവിധ കൃപാദാനങ്ങളും, വരങ്ങളും നൽകിയിട്ടുണ്ട്. *"ദൈവം സഭയിൽ ഒന്നാമതു അപ്പൊസ്തലന്മാർ, രണ്ടാമതു പ്രവാചകന്മാർ, മൂന്നാമതു ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കയും....."* (1.കൊരി.12:28), *"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു"* (എഫെ.4:11) എന്നു തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നാമതു അപ്പൊസ്തലന്മാർ, രണ്ടാമതു പ്രവാചകന്മാർ, മൂന്നാമതു ഉപദേഷ്ടാക്കന്മാർ എന്നാണ് അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യലേഖനത്തിൽ എഴുതിയിരിക്കുന്നത്. ആദിമനൂറ്റാണ്ടിൽ അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും അടിസ്ഥാനപ്പണി കഴിഞ്ഞു. സഭായുഗത്തിൽ ദൈവവചനം ഉപദേശിക്കുവാനുള്ള പ്രാധാന്യം ഉപദേഷ്ടാക്കന്മാരുടെ നിയമനത്തിലൂടെ കാണാം. ഉപദേഷ്ടാവ് ഉപദേശി എന്നപേരിൽ സാധാരണയായി അറിയുന്നതുപോലെ അവരുടെ പ്രധാനദൗത്യം ദൈവവചനം ഉപദേശിക്കുക എന്നതാണ്. രക്ഷിക്കപ്പെടാത്തവരുടെ ഇടയിൽ എന്നപോലെ സഭയ്ക്കകത്തും ഇവരുടെ ശുശ്രൂഷ ഏറെ പ്രാധാന്യം അർഹിക്കുന്നു. സഭാവിശ്വാസികളെ ദൈവവചനം പഠിപ്പിക്കുക, ദൈവീക അടിസ്ഥാന ഉപദേശസത്യങ്ങളിൽ ഉറപ്പിക്കുക, അവ പ്രമാണിക്കുവാൻ പ്രബോധിപ്പിക്കുക, ദുരുപദേശങ്ങളിൽ നിന്നും അകന്നു നിൽക്കുവാൻ വചനത്തിലൂടെ അവരെ സജ്ജരാക്കുക, വിശ്വാസികൾ ജീവിതസാക്ഷ്യമുള്ളവരായി വളർന്നുവരുവാൻ ഉത്സാഹിപ്പിക്കുക, വിശ്വാസികളുടെ കൃപാവരങ്ങൾ ജ്വലിപ്പിച്ചു ആത്മീയഫലം പുറപ്പെടുവിക്കുവാൻ അവരെ സഹായിക്കുക, ഉപദേശിക്കുക, തുടങ്ങിയവ ഇവരുടെ ശുശ്രൂഷകളിൽ ഉൾപ്പെടുന്നു.

സഭാമൂപ്പൻ ഒരു പ്രാദേശികസഭയിലെ ദൈവജനത്തിന്റെ ഉപദേഷ്ടാവും, അദ്ധ്യാപകനും കൂടിയാണ്. അവർ ദൈവവചനം പ്രസംഗിച്ചു സഭാജനങ്ങളെ വഴിനടത്തുന്നവരും, ദൈവവചനത്തിൽ അദ്ധ്വാനിക്കുന്നവരുമാണെന്നു തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു.

—> **1.തിമൊ.5:17** — *"നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ, ഇരട്ടി മാനത്തിന്നു യോഗ്യരായി എണ്ണുക."*

—> **എബ്രാ.13:7** — *"നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ."*

—> **2.തിമൊ.2:2** —*"നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്തമനുഷ്യരെ ഭരമേൽപ്പിക്ക."*

## മൂപ്പന്മാർ (Elders)

മൂപ്പൻ (Elder) എന്ന മലയാളപദം ഗ്രീക്കിലെ Presbuteros (പ്രസ്ബുറ്റെറോസ്), Episkpos (എപ്പിസ്ക്കോപ്പോസ്) എന്നീ പദങ്ങളിൽ നിന്നു വന്നിട്ടുള്ളതാണ്. ഈ വാക്കുകളുടെ ഉപയോഗവും അർത്ഥവും ഉത്തരവാദിത്തങ്ങളും നോക്കാം —

### (a) Presbuteros (പ്രസ്ബുറ്റെറോസ്)—

ഇംഗ്ലീഷിൽ ഈ പദം Priest അഥവാ പുരോഹിതൻ എന്നറിയപ്പെടുന്നു ( Presbyter = an elder of the church / Presbyters = Elders / Presbytarian = relating to church government). ഇതിനു എബ്രായഭാഷയിൽ Zaqen എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ പദത്തിന്റെ അർത്ഥം പ്രായമുള്ളയാൾ, വൃദ്ധൻ, വയോധികൻ (aged man / old person) എന്നൊക്കെയാണ്. zaqen എന്ന പദം പ്രായമുള്ളയാൾ എന്നർത്ഥത്തിൽ ഉല്പ.25:8, 1.രാജാ.12:8, സങ്കീ.148:12, സദൃ.17:6, യിരെ.31:13,അപ്പൊ.2:17, 1.തിമൊ.5:1 എന്നീ വേദഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. പഴയനിയമത്തിൽ മൂപ്പന്മാരെപ്പറ്റി പറഞ്ഞിട്ടുണ്ട്. മോശെയുടെ ശുശ്രൂഷകളെ സഹായിച്ച 70 പേർ മൂപ്പന്മാർ/ പ്രമാണികൾ എന്നറിയപ്പെട്ടിരുന്നു. (പുറ.3:16/4:29/17:5/18:12/19:7/ 24:1,11). മോവാബ്-മിദ്യാന്യ മൂപ്പന്മാരെക്കുറിച്ചു സംഖ്യാ.22:7-ലും, സങ്കേതനഗരത്തോടുള്ള ബന്ധത്തിൽ പട്ടണത്തിലെ മൂപ്പന്മാരെക്കുറിച്ചു യോശുവ. 20:4 -ലും, വിധി പ്രസ്താവിക്കുന്ന മൂപ്പന്മാരെക്കുറിച്ചു രൂത്ത്.4:2,11-ലും കാണുന്നു. പുതിയനിയമത്തിൽ പ്രായമുള്ളയാളെയും (1.തിമൊ.5:1), സൻഹെദ്രിൻ സംഘത്തിലെ അംഗത്തെയും (അപ്പൊ.4:5) മൂപ്പൻ എന്നറിയപ്പെട്ടിരുന്നു. കൂടാതെ പുതിയനിയമസഭയിൽ ശുശ്രൂഷകൾക്കായി പട്ടണം തോറും മൂപ്പന്മാരെ നിയമിച്ചിരുന്നതായും അവർ വിവിധങ്ങളായ ദൈവീകശുശ്രൂഷകൾ

നിവർത്തിച്ചിരുന്നതായും കാണുന്നു. (അപ്പൊ.11:30/14:23/15:2,4,6/20:17/21:18/യാക്കോ.5:14/1.പത്രൊ.5:1-4). Presbuteros എന്നപദം അവർ വഹച്ചിരുന്ന സ്ഥാനത്തെ അഥവാ ഉന്നതപദവിയെക്കുറിക്കുന്നു.

**(b) Episkopos (എപ്പിസ്ക്കോപ്പോസ് ) —**

മൂപ്പന്മാർക്കു ഗ്രീക്കിൽ കാണുന്ന മറ്റൊരു പദമാണ് Episkopos (എപ്പിസ്ക്കോപ്പോസ്). ഈ വാക്കിനു മേൽനോട്ടം വഹിക്കുന്നവൻ, ചുമതലക്കാരൻ എന്നാണർത്ഥം. ഇംഗ്ലീഷിൽ ഈ വാക്കിനു Overseer (മേൽനോട്ടക്കാരൻ) എന്നും Bishop (അദ്ധ്യക്ഷൻ) എന്നും കാണുന്നു. മൂപ്പൻ, അദ്ധ്യക്ഷൻ, ബിഷപ്പു, ഗൃഹവിചാരകൻ എന്നീ പേരുകളെല്ലാം ഒരേ ആളിനെത്തന്നെ കുറിക്കുന്നുവെന്നു വിവിധ തിരുവചനഭാഗങ്ങൾ വെളിപ്പെടുത്തുന്നു — (അപ്പൊ.20:17,28/1.തിമൊ.3:1,2/തീത്തൊ.1:5,7/1.പത്രൊ.5:3). Presbuteros എന്നപദം അവർ വഹിച്ചിരുന്ന സ്ഥാനത്തെയും, ഉന്നതപദവിയെയും കുറിക്കുമ്പോൾ Episkopos എന്നപദം അവരുടെ പ്രവർത്തനങ്ങളെയും ശുശ്രൂഷകളെയും കുറിക്കുന്നു.

ദൈവസഭയ്ക്ക് ആത്മീക നേതൃത്വം നല്കുന്നതിനും വിശ്വാസികളുടെ ഉന്നമനത്തിനും അവരുടെ പരിപാലനത്തിനുമായുള്ള ദൈവിക ദാനമാണ് മൂപ്പന്മാർ. എഫെസൊസിലെ മൂപ്പന്മാരോടു പൗലൊസ് പറയുന്നതിൽ നിന്നു അവരുടെ നിയമനവും ഉത്തരവാദിത്തങ്ങളും വ്യക്തമാകുന്നു. *"നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ* (ഇടയൻ) *പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷന്മാരാക്കി* (അദ്ധ്യക്ഷൻ) *വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവിൻ"* (അപ്പോ.20:28). ആട്ടിൻകൂട്ടത്തെ സൂക്ഷിക്കുക, മേയിക്കുക, പരിപാലിക്കുക, നടത്തുക, ആത്മാക്കൾക്കുവേണ്ടി ജാഗരിക്കുക, അദ്ധ്യക്ഷത വഹിക്കുക, ഭരിക്കുക, വചനത്തിലും, ഉപദേശത്തിലും പ്രബോധിപ്പിക്കുക, ദൈവവചനം പ്രസംഗിക്കുക എന്നിവയൊക്കെയാണ് മൂപ്പന്മാരുടെ ശുശ്രൂഷകൾ. (അപ്പൊ.20:28-35/1.പത്രൊ.5:2,3/ എബ്രാ.13:17/1.തിമൊ.5:17/1.തിമൊ.3:2,5/തീത്തോ.1:9/1.തെസ്സ.5:13/എബ്രാ.13:7,17). മൂപ്പന്മാർ സഭയിലും പുറത്തും നല്ല സാക്ഷ്യമുള്ളവരായിരിക്കണം. ഇവരുടെ യോഗ്യതകളെ കുറിച്ചു 1. തിമൊ.3:1-7, തീത്തോ.1:5-11 എന്നീ വേദഭാഗങ്ങളിൽ കാണാം.

സഭയിൽ ഏകമൂപ്പനോ, പലസഭകൾക്കായി ഏക അദ്ധ്യക്ഷനോ ആയിരിക്കണം എന്നു തിരുവചനത്തിലില്ല; മൂപ്പന്മാർ എന്നത്രേ ഉള്ളത്. ഉദാഹരണമായി —

(1) പൗലൊസും ബർന്നബാസും സഭകൾതോറും മൂപ്പന്മാരെ നിയമിച്ചു (അപ്പൊ.14:23).

(2) പൗലൊസ് മിലെത്തൊസിൽ നിന്നു എഫെസൊസിലേക്കു ആളയച്ചു സഭയിലെ മൂപ്പന്മാരെ വരുത്തി (അപ്പൊ.20:17).

(3) ഫിലിപ്പിയ സഭയിൽ അദ്ധ്യക്ഷന്മാർ ഉണ്ടായിരുന്നു (ഫിലി.1:1).

(4) പൗലൊസ് തീത്തൊസിനോടു പട്ടണംതോറും മൂപ്പന്മാരെ ആക്കിവെയ്ക്കാൻ ആജ്ഞാപിച്ചു (തീത്തൊ.1:5).

(5) ദീനമായി കിടക്കുന്നവർ സഭയിലെ മൂപ്പന്മാരെ വരുത്തുവാനും അവർക്കായി പ്രാർത്ഥിക്കുവാനും യാക്കോബിന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു (യാക്കോ.5:14).

ഓരോ പ്രാദേശികസഭയും സ്വതന്ത്രമായിരിക്കുമ്പോൾത്തന്നെ ഓരോ സഭയിലും ഒന്നിലധികം മൂപ്പന്മാർ ശുശ്രൂഷയിലുണ്ടായിരിക്കണം. ഇതിനുള്ള കാരണങ്ങൾ വിവിധമാണ് —

(1) ഒരു സഭാമൂപ്പനോ ശുശ്രൂഷകനോ ഏതെങ്കിലും കാരണത്താൽ സഭാശുശ്രൂഷയിൽ വന്നു സംബന്ധിക്കുവാൻ തടസ്സമുണ്ടായാൽ മറ്റുള്ള മൂപ്പന്മാരുടെ സാന്നിദ്ധ്യം സഭാശുശ്രൂഷകൾ തടസ്സപ്പെടാതെ നടത്തപ്പെടുവാൻ സാധിക്കും.

(2) ഒരാൾ മാത്രമെങ്കിൽ ശുശ്രൂഷകന്റെ ഏകാധിപത്യഭരണമെന്ന ചിന്ത വിശ്വാസികളിലുണ്ടാകുവാൻ സാദ്ധ്യതയുണ്ട്. സഭാശുശ്രൂഷകളിൽ മൂപ്പന്മാരുടെ കൂട്ടായ പ്രവർത്തനം ഏകാധിപത്യത്തെ അകറ്റി നിറുത്തുവാനും സഭാനടപടികൾ സുഗമമായി കൊണ്ടുപോകുവാനും സാധിക്കും.

(3) ഒരാൾ തന്നെ സഭാനടപടികൾ എല്ലാം ചെയ്യുമ്പോൾ ആവർത്തന വിരസതയുണ്ടാകാം. ഒരാളുടെ മാത്രമുള്ള ശുശ്രൂഷകൾ സകലർക്കും ഒരുപോലെ സ്വീകാര്യമോ ആസ്വാദ്യകരമോ ആയിരിക്കയില്ല. സഭാനടപടികളിൽ പലരുടെ സാന്നിദ്ധ്യത്താൽ വൈവിദ്ധ്യമാർന്ന ആത്മീകനിലവാരം പുലർത്തപ്പെടും. മൂപ്പന്മാരുടെ അന്യോന്യ സഹകരണത്തിലും കൂട്ടായ്മയിലുമായിരിക്കണം സഭാ ശുശ്രൂഷകൾ നടത്തപ്പെടേണ്ടത്.

(DOCTRINAL TRUTHS *by Samson Henry, Kollam*)

(4) സഭയുടെയും വിശ്വാസികളുടെയും വളർച്ചെക്കും ആത്മീക ഉന്നതിക്കും ഒന്നിൽ കൂടുതൽ ശുശ്രൂഷകന്മാരുണ്ടായിരിക്കണം. അങ്ങനെയെങ്കിൽ കൂടുതൽ സഹോദരന്മാർ ശുശ്രൂഷയിലേക്കു വരുവാനിടയാകും. ഓരോരുത്തരുടെ വൈവിദ്ധ്യമാർന്ന കഴിവുകളും കൃപാവരങ്ങളും കൂട്ടായുള്ള പ്രവർത്തനങ്ങളും സഭയുടെ വളർച്ചെക്കു കാരണമാകും. അപ്പോൾത്തന്നെ ഓർക്കേണ്ടത് സഭ ജനാധിപത്യ സംവിധാനപ്രകാരം ഭരിക്കപ്പെടേണ്ടതല്ല. സ്ഥലം സഭയുടെ നേതൃത്വവും, നടത്തിപ്പും, പരിപാലനവും, ആത്മീയശുശ്രൂഷകളും, സുവിശേഷീകരണവും പരിശുദ്ധാത്മാവു ആക്കി വെച്ചിരിക്കുന്ന മൂപ്പന്മാരിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നു.

## മൂപ്പന്മാരുടെ നിയമനം —

അപ്പോസ്തലന്മാരുടെ നിർദ്ദേശപ്രകാരം മൂപ്പന്മാരെ നിയമിച്ചതായി പുതിയനിയമത്തിൽ കാണുന്നു (അപ്പൊ.14:23/ തീത്തൊ.1:5). ഈ നിയമനം അപ്പൊസ്തലിക കാലഘട്ടത്തിൽ മാത്രം നിലനിന്നതായിരുന്നു എന്ന കാര്യം ശ്രദ്ധേയമാണ്. ഇന്നു അപ്പൊസ്തലന്മാർ എന്ന കൂട്ടർ സഭയിലില്ല. അവർ സഭയുടെ ആരംഭകാലപ്രവർത്തകരും അടിസ്ഥാനപ്പണിയിൽ മാത്രം ഉൾപ്പെട്ടവരുമായിരുന്നു. ആയതിനാൽ ഇന്നു അപ്പൊസ്തലികപിൻതുടർച്ചാവകാശമായി മൂപ്പന്മാരെ ആരെങ്കിലും നിയമിച്ചു വേർതിരിക്കുവാൻ തിരുവചനം അധികാരം നൽകുന്നില്ല. ഒരാളുടെ ധനമോ, പ്രൗഢിയോ, കഴിവോ, കുടുംബമഹിമയോ, വിദ്യാഭ്യാസമോ നോക്കി സഭാജനങ്ങൾ എല്ലാവരും ഒരുമിച്ചു കൂടിവന്നു മൂപ്പനായി നാമനിർദ്ദേശം ചെയ്തു, തിരഞ്ഞെടുത്തു, അംഗീകരിച്ചു, വേർതിരിച്ചു ശുശ്രൂഷയിൽ നിയമിക്കുവാൻ വചനം അനുവദിക്കുന്നില്ല. വോട്ടിട്ടു തിരഞ്ഞെടുക്കുന്ന ജനാധിപത്യ രീതിയോ, വർഷം തോറും ഓരോരുത്തരെ മാറ്റി പുതിയൊരാളെക്കൊണ്ടു നടത്തപ്പെടേണ്ട ശുശ്രൂഷയുമല്ലിത്. കൂടാതെ ലേവ്യപൗരോഹിത്യം പോലെ ഇതു പിൻതുടർച്ചാവകാശമായി ഒരു കുടുംബത്തിലെ ഒരാളിൽ നിന്നു മറ്റൊരാളിലേക്കു കൈമാറുന്നതുമില്ല.

കൃപായുഗത്തിൽ പരിശുദ്ധാത്മാവാണ് സഭയിൽ മൂപ്പന്മാരെ എഴുന്നേൽപ്പിക്കുന്നതും, നിയമിക്കുന്നതും. അപ്പൊസ്തലന്മാർവഴി ലഭിച്ച തിരുവചനരേഖകളിൽ മൂപ്പന്മാരുടെ യോഗ്യതകളും,

സ്വഭാവസവിശേഷതകളും, ശുശ്രൂഷകളും, വിവരിച്ചിട്ടുണ്ട്. ഈ യോഗ്യതകളും, ദൈവികപരിപാലനവരവും, ദൈവവചനത്തിൽ ആഴത്തിലുള്ള ആത്മീകകാഴ്ചപ്പാടും ഒരുവനിൽ ദർശിക്കുമ്പോൾ, തങ്ങളുടെ സഭയിൽ മൂപ്പനായി പരിശുദ്ധാത്മാവു നിയമിച്ചാക്കിയ ആളെന്നു ദൈവജനത്തിനു ബോദ്ധ്യമാവുകയും പരിശുദ്ധാത്മസഹായത്താൽ അവരെ അംഗീകരിക്കുകയും, മാനിക്കുകയും, അനുസരിക്കുകയും ചെയ്യും (1.തെസ്സ.5:12,13).

കർത്താവു സഭയ്ക്ക് ദാനമായി തന്നിട്ടുള്ളതും, പരിശുദ്ധാത്മാവു സഭയിൽ മൂപ്പന്മാരായി നിയമിക്കപ്പെട്ടവരുമായ മൂപ്പന്മാരെ സഭാവിശ്വാസികൾ തിരിച്ചറിയുകയും, അംഗീകരിക്കുകയും, സ്നേഹിക്കുകയും, കീഴ്പെടുകയും അവർക്കായി പ്രാർത്ഥിക്കുകയും വേണം.

അപ്പൊ.14:23 — *"അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ടു തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കയും ചെയ്തു."*

അപ്പൊ.20:28 —*"നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷന്മാരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ"*

1.തെസ്സ.5:12 — *"സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കുകയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കുകയും ചെയ്യുന്നവരെ അറിഞ്ഞു അവരുടെ വേലനിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം എന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു."*

എബ്രാ.13:17 — *"നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ; അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു; ഇതു അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല."*

## മൂപ്പന്മാരുടെ യോഗ്യതകൾ

### തീത്തൊസിന്റെ ലേഖനത്തിൽ —

മൂപ്പന്മാർ എങ്ങനെയുള്ളവരായിരിക്കണം, അവരുടെ യോഗ്യതകൾ എന്തെല്ലാം, അവർ ഏതെല്ലാം കാര്യങ്ങളിൽ ജാഗ്രത പാലിച്ചു ക്രിസ്തീയസാക്ഷ്യം നിലനിറുത്തേണ്ടതാണ് എന്നു പൗലൊസ് തീത്തൊസിനു നിർദ്ദേശം നല്കുന്നു.

**തീത്തൊ.1:6–9 —** *"മൂപ്പൻ കുറ്റമില്ലാത്തവനും ഏകഭാര്യയുള്ളവനും ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവനും ആയിരിക്കേണം. അദ്ധ്യക്ഷൻ ദൈവത്തിന്റെ ഗൃഹവിചാരകനാകയാൽ അനിന്ദ്യരായിരിക്കേണം; തന്നിഷ്ടക്കാരനും കോപിയും മദ്യപ്രിയനും തല്ലുകാരനും ദുർല്ലാഭമോഹിയും അരുതു. അതിഥിപ്രിയനും സൽഗുണപ്രിയനും സുബോധശീലനും നീതിമാനും നിർമ്മലനും ജിതേന്ദ്രിയനും പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിന്നു ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെപ്പിടിക്കുന്നവനും ആയിരിക്കേണം."*

മൂപ്പന്മാരുടെ യോഗ്യതകളായി രേഖപ്പെടുത്തിയിരിക്കുന്ന 17 വിധ മൂല്യങ്ങളെ വിശ്വാസജീവിതത്തോടു ബന്ധപ്പെടുത്തി നാലു മേഖലകളായി തിരിക്കാം. (1) വ്യക്തിപരമായ ജീവിതം (Personal Life), (2) കുടുംബജീവിതം (Family Life), (3) സഭാജീവിതം (Church Life), (4) പരസ്യജീവിതം (Public Life). വിജയകരവും ഫലപ്രദവുമായ ക്രിസ്തീയ ജീവിതം നയിക്കുവാനും ആത്മീകമായി ഉന്നത നിലവാരം പുലർത്തുവാനും മൂപ്പന്മാരിലും, സഭാശുശ്രൂഷകന്മാരിലും, സുവിശേഷകന്മാരിലും ഇവയെല്ലാം കാണപ്പെടണം.

**(1) വ്യക്തിപരമായ ജീവിതം (Personal Life) —** (തീത്തൊ.1:6)

1. കുറ്റമില്ലാത്തവൻ (Blameless)

**(2) കുടുംബജീവിതം (Family Life) —** (തീത്തൊ.1:6)

1. ഏകഭാര്യയുള്ളവൻ (Husband of one wife)
2. ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവൻ(Having faithful children not accused of dissipation or insubordination)

**(3) സഭാജീവിതം (Church Life)** — (തീത്തൊ.1:7)

1. ദൈവത്തിന്റെ നല്ല ഗൃഹവിചാരകൻ (A good steward of God)
2. അനിന്ദ്യൻ (blameless)
3. തന്നിഷ്ടക്കാരനായിരിക്കരുത് (Not self-willed)
4. കോപിയായിരിക്കരുത് ( Not quick-tempered)
5. മദ്യപ്രിയനായിരിക്കരുത് (Not given to wine)
6. തല്ലുകാരനായിരിക്കരുത് (Not violent)
7. ദുർല്ലാഭമോഹിയായിരിക്കരുത് ( Not greedy for money)

**(4) പരസ്യജീവിതം (Public Life)** —(തീത്തൊ.1:8,9)

1. അതിഥിപ്രിയൻ (Hospitable)
2. സൽഗുണപ്രിയൻ (A lover of what is good)
3. സുബോധശീലൻ (Sober-minded)
4. നീതിമാൻ ( Just)
5. നിർമ്മലൻ (Holy)
6. ജിതേന്ദ്രിയൻ (Self-controlled)
7. വിശ്വാസവചനം മുറുകെ പിടിക്കുന്നവൻ (Holding fast the faithful word)

## സഭാ ഭരണം (Administration of the Church) —

ക്രിസ്തു സഭയുടെ തലയും വിശ്വാസികളുടെ കൂട്ടമായ സാർവ്വത്രികസഭ ക്രിസ്തുവിന്റെ ശരീരവുമാണ്. ശരീരത്തിന്റെ സകല പ്രവർത്തനങ്ങളും തലയാണ് നിയന്ത്രിക്കുന്നത്. അപ്രകാരം ശരീരമാകുന്ന സഭയെ കർത്താവു നിയന്ത്രിക്കുന്നു. ക്രിസ്തുവിന്റെ ഭരണത്തിൻ കീഴിൽ പ്രാദേശിക സഭയുടെ ഭരണത്തിനും പരിപാലനത്തിനും ദൈവത്താൽ നിയമിക്കപ്പെട്ട മൂപ്പന്മാരുണ്ട്. ഓരോ പ്രാദേശികസഭയും പരിപാലിക്കപ്പെടേണ്ടത് ഒന്നിലധികം മൂപ്പന്മാരാലാണ്. മൂപ്പൻ (Elder), അദ്ധ്യക്ഷൻ (Bishop/Overseer), ഇടയൻ (Pastor) എന്നീ മൂന്നു പേരുകളും ഒരേ സ്ഥാനത്തെ കുറിക്കുന്നു. മൂപ്പന്മാരാണ് സഭയിൽ നേതൃത്വം നടത്തേണ്ടതും, ഭരിക്കേണ്ടുന്നതും, വിശ്വാസികളെ പരിപാലിക്കേണ്ടതും.

(DOCTRINAL TRUTHS *by Samson Henry, Kollam*)

**മൂപ്പന്മാരുടെ പ്രധാന ചുമതലകൾ (Duties of the Elders) —** (1) ഭരിക്കുക — കുടുംബത്തെ, സഭയെ നന്നായി ഭരിക്കുക (1.തിമൊ.3:4,5/1.തിമൊ.5:17)

(2) ഉപദേശിക്കുക --- വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുക (1.തിമൊ.5:17)

(3) പോരാടുക — വിശ്വാസ്യവചനം മുറുകെ പിടിക്കുക, ദുരുപദേശങ്ങളോടു പോരാടുക, അവയെ നീക്കിക്കളക (തീത്തൊ.1:9-11)

(4) പരിപാലിക്കുക — ആട്ടിൻ കൂട്ടത്തെ മേയ്ക്കുന്ന നല്ല ഇടയനെപ്പോലെ ദൈവസഭയെ പരിപാലിക്കുക, സൂക്ഷിക്കുക (അപ്പൊ.20:28).

## ശുശ്രൂഷകന്മാർ — (Deacons)

Deacon (ശുശ്രൂഷകൻ) എന്ന ഇംഗ്ലീഷ് പദം ഗ്രീക്കു പദമായ Diakonoso -ൽ നിന്നു വന്നിട്ടുള്ളതാണ്. ഈ വാക്കിന്റെ അർത്ഥം ദാസൻ ( Servant ) എന്നാണ്. സഭയിലെ വിവിധ ശുശ്രൂഷകൾ നിർവഹിക്കുവാൻ പരിശുദ്ധാത്മാവിനാൽ കൃപാവരം ലഭിച്ചിട്ടുള്ളവരാണ് ശുശ്രൂഷകന്മാർ (Deacons). സഭയുടെ ഉന്നമനത്തിനും വളർച്ചെക്കുമുള്ള വിവിധശുശ്രൂഷകളിൽ ഇവർ വ്യാപൃതരായിരിക്കുന്നു.

യെരൂശലേം സഭയിൽ മേശയിലെ ശുശ്രൂഷയ്ക്കായി ഏഴു പേരെ തിരഞ്ഞെടുത്തു അധികാരപ്പെടുത്തുന്നതായി കാണുന്നു (അപ്പൊ.6:1-6). ഇതിലൂടെ ശുശ്രൂഷകന്മാരുടെ യോഗ്യതകളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള വിവരണം ലഭിക്കുന്നു. *“പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചു വരുത്തി: ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ചു മേശകളിൽ ശുശ്രൂഷ ചെയ്യുന്നതു യോഗ്യമല്ല. ആകയാൽ സഹോദരന്മാരേ, ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽ തന്നേ തിരഞ്ഞു കൊൾവിൻ; അവരെ ഈ വേലെക്കു അയക്കാം. ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കും എന്നു പറഞ്ഞു”* (അപ്പൊ.6:2-4).

ശുശ്രൂഷകന്മാരുടെ നാലു യോഗ്യതകൾ ഇവിടെ കാണുന്നു — (1) കർത്താവിന്റെ ശിഷ്യന്മാരായിരിക്കണം —രക്ഷിക്കപ്പെട്ടു സഭയിൽ കൂട്ടായ്മ ബന്ധത്തിലുള്ളവർ *“ശിഷ്യന്മാരുടെ കൂട്ടത്തെ*

*വിളിച്ചു വരുത്തി ..... നിങ്ങളിൽ തന്നേ തിരഞ്ഞുകൊൾവിൻ"* (2) നല്ല സാക്ഷ്യമുള്ളവർ — കുറ്റമില്ലാത്തവരും ബഹുമാന്യരും (3) ആത്മ നിറവുള്ളർ — തികഞ്ഞ ആത്മീകർ (4) ജ്ഞാനം നിറഞ്ഞവർ — ദൈവഭക്തരും പ്രായോഗിക ജീവിതത്തിൽ മാതൃകയുള്ളവരും. ഇവരെ മേശകളിൽ ശുശ്രൂഷ ചെയ്യുവാനാണ് തിരഞ്ഞെടുത്തത്. മേശ എന്നതു മൂലഭാഷയായ ഗ്രീക്കിൽ രണ്ടു വിധത്തിൽ ഉപയോഗിച്ചിരിക്കുന്നു — (1) ധനം കൈകാര്യം ചെയ്യുന്നവരുടെ മേശ (മർക്കൊ.11:15), (2) ഭക്ഷണമേശ (മർക്കൊ.7:28). അതായത് സാമ്പത്തിക കാര്യങ്ങളുടെ മേൽനോട്ടവും, ഭക്ഷണം ഉൾപ്പെടെയുള്ള പൊതു കാര്യങ്ങളുടെ നടത്തിപ്പും ഇവരുടെ ചുമതലയായിരുന്നു. ശിഷ്യഗണത്തിൽ ഏഴുപേരും അവർക്കു ലഭിച്ചിരിക്കുന്ന ശുശ്രൂഷ ഭംഗിയായി നിറവേറ്റിയപ്പോൾ അപ്പൊസ്തലന്മാർ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരുന്നു. ഫലമോ ദൈവവചനം ഘോഷിക്കപ്പെടുവാനും സഭ ആത്മീകമായി അനുഗ്രഹിക്കപ്പെടുവാനും ഇടയായി — *"ദൈവവചനം പരന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി, പുരോഹിതന്മാരിലും വലിയോരു കൂട്ടം വിശ്വാസത്തിന്നു അധീനരായിത്തീർന്നു"* (അപ്പൊ.6:7).

അദ്ധ്യക്ഷന്മാർ അഥവാ മൂപ്പന്മാർ എന്നപോലെ ദൈവിക ശുശ്രൂഷകൾക്കായി പ്രത്യേകമായി വിളിച്ചാക്കപ്പെട്ട ശുശ്രൂഷകന്മാരെക്കുറിച്ചു പൗലൊസ് തന്റെ ലേഖനത്തിൽ മൂന്നിടത്തു പറഞ്ഞിരിക്കുന്നു (ഫിലി.1:1/1.തിമൊ.3:8 /1.തിമൊ.3:12). ഇവരുടെ യോഗ്യതകൾ അദ്ധ്യക്ഷന്മാർക്കുള്ള യോഗ്യതകളോടു ഏറെക്കുറെ സമാനമാണ്. മൂപ്പന്മാർ നന്നായി ഭരിക്കേണം (1.തിമൊ.5:17) എന്നതുപോലെ ശുശ്രൂഷകന്മാർ നന്നായി ശുശ്രൂഷ (1.തിമൊ.3:13) ചെയ്യണം. ശുശ്രൂഷകന്മാരുടെ യോഗ്യതകളും ഉത്തരവാദിത്തങ്ങളും തിമൊഥെയോസിനെഴുതിയ ലേഖനത്തിൽ പൗലൊസ് വിശദീകരിക്കുന്നു.

**—> 1.തിമൊ.3: 8,9,10,12,13 —** *"അവ്വണ്ണം ശുശ്രൂഷകന്മാർ ഘനശാലികളായിരിക്കേണം; ഇരുവാക്കുകാരും മദ്യപന്മാരും ദുർല്ലാഭമോഹികളും അരുതു. അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വെച്ചുകൊള്ളുന്നവർ ആയിരിക്കേണം. അവരെ ആദ്യം പരീക്ഷിക്കേണം; അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ഏൽക്കട്ടെ. ശുശ്രൂഷകന്മാർ ഏകഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്ത കുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കേണം. നന്നായി ശുശ്രൂഷ ചെയ്തിട്ടുള്ളവർ തങ്ങൾക്കു നല്ല നിലയും ക്രിസ്തു*

*യേശുവിങ്കലുള്ള വിശ്വാസത്തിൽ വളരെ പ്രാഗത്ഭ്യവും സമ്പാദിക്കുന്നു."*

## മൂപ്പന്മാർ, അദ്ധ്യക്ഷന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ, ശുശ്രൂഷകന്മാർ, സുവിശേഷകന്മാർ — യോഗ്യതകൾ —

### (Qualifications of Elders, Bishops, Oversears, Teachers, Deacons, Evangelist ) ---

അപ്പൊസ്തലനായ പൗലൊസ് തിമൊഥയൊസിനും, തീത്തൊസിനും (1.തിമൊ.3:1-13/തീത്തൊ.1:6-9) എഴുതിയ ലേഖനങ്ങളിൽ ദൈവസഭയിൽ ശുശ്രൂഷയിലായിരിക്കുന്നവർ എങ്ങനെ മറ്റുള്ളവർക്കു മാതൃകയായിരിക്കണമെന്നും അവരുടെ യോഗ്യതകളും വിവരിച്ചിരിക്കുന്നു —

1. അനിന്ദ്യൻ / നിരപവാദ്യൻ : Blameless/ Above reproach: (1.Tim.3:2,10)
2. ഏകഭാര്യയുടെ ഭർത്താവ് — Husband of one wife: (1.Tim.3:12 / Tit.1:6)
3. നിർമ്മദൻ — Vigilant / Temperate : (1.Tim.3:2)
4. ജിതേന്ദ്രിയൻ —Sober minded / self controlled : (1.Tim.3:2 / Tit.1:9)
5. സുശീലൻ — Good behaviour/ Respectable : (1.Tim.3:2)
6. അതിഥിപ്രിയൻ — Hospitable : (1.Tim.3:2 / Tit.1:8)
7. ഉപദേശിപ്പാൻ സമർത്ഥൻ — Able to teach: (1.Tim.3:2,5:17/ Tit.1:9)
8. മദ്യപ്രിയൻ ആയിരിക്കരുത് — Not given to drunkenness : (1.Tim.3:3,8/ Tit.1:7)
9. തല്ലുകാരൻ അരുത് — Not Violent : (1.Tim.3:3 / Tit.1:7)
10. ശാന്തൻ — Gentle : (1.Tim.3:3)
11. കലഹിക്കാത്തവൻ -Not quarrelsome: (1.Tim.3:3 )
12. ദ്രവ്യാഗ്രഹമില്ലാത്തവൻ — Not a lover of money / Not greedy : (1.Tim.3:3 )
13. സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവൻ — Managing (ruling) his own family well : (1.Tim.3:4,12)

14. മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവൻ — Managing his children well and sees that his children obey him : (1.Tim.3:4,5,12 / Tit.1:6)

15. മക്കൾ ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായിരിക്കണം — Having faithful children not accused of riot or unruly : ( Tit.1:6)

16. നിഗളിയായിരിക്കരുത് —Not to be Pride : (1.Tim.3:6)

17. പുതിയ ശിഷ്യൻ ആയിരിക്കരുകത് -
Not a recently saved : (1.Tim.3:6)

18. പുറമെയുള്ളവരോടു നല്ല സാക്ഷ്യം പ്രാപിച്ചവൻ —
Have a good reputation with outsiders : (1.Tim.3:7)

19. ഘനശാലി — Grave / Reverent : (1.Tim.3:8)

20. ഇരുവാക്കുകാർ ആയിരിക്കരുത്-Not double tongued (1.Tim.3:8)

21. ദുർല്ലാഭമോഹി ആയിരിക്കരുത് — Does not persuing dishonest gain: (1.Tim.3:8/ Tit.1:7)

22. വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വെച്ചുകൊള്ളുന്നവൻ — Keep hold of the deep truth of the faith (1.Tim.3:9 / Tit.1:9)

23. പരിശോധിക്കപ്പെട്ടു കുറ്റമറ്റവനായി (അനിന്ദ്യനായി) തെളിയിക്കപ്പെട്ടവൻ — Tested / Proved and found blameless (1.Tim.3:10)

24. വിശ്വസ്തൻ — Faithfull (1.Tim.3:11)

25. തന്നിഷ്ടക്കാരനായിരിക്കരുത് — Not self-willed (Tit.1:7)

26. കോപിഷ്ടൻ ആയിരിക്കരുത് — Not quick tempered (Tit.1:7)

27. സൽഗുണപ്രിയൻ — Lover of what is good (Tit.1:8)

28. സുബോധശീലൻ — Sober-minded / self controlled (Tit.1:8)

29. നീതിമാൻ — Just (Tit.1:8)

30. നിർമ്മലൻ — Holy (Tit.1:8)

യേശുക്രിസ്തു ദൈവം എന്ന നിലയിൽ അടിസ്ഥാനപ്പാറയും, മനുഷ്യപുത്രൻ എന്ന നിലയിൽ മൂലക്കല്ലും, അപ്പൊസ്തലന്മാരും പ്രവാചകന്മാരും അടിസ്ഥാനക്കല്ലുകളും ആയിരിക്കുന്നു. വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾ ജീവനുള്ള കല്ലുകളായി ക്രിസ്തുവിന്റെ ശരീരമാകുന്ന സഭാസൗധം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. അടിസ്ഥാനപ്പാറമേലാണ് വെട്ടുകുഴിയിൽ വെച്ചുതന്നേ ചെത്തി വെടിപ്പാക്കിയ ഈ ജീവനുള്ള കല്ലുകളാൽ സഭാമന്ദിരം പണിയപ്പെട്ടുകൊണ്ടിരിക്കുന്നത്. രക്ഷിക്കപ്പെടുന്നവരെ കർത്താവ്
(DOCTRINAL TRUTHS *by Samson Henry, Kollam*)

ദിനംപ്രതി ഈ മന്ദിരത്തിലേക്കു ചേർത്തുകൊണ്ടിരിക്കുന്നു (അപ്പൊ.2:47). ഇതിന്റെ അവസാനകല്ലു വച്ചു കഴിഞ്ഞാൽ സഭയെ ചേർത്തുകൊള്ളുവാനായി സഭാകാന്തനായ ക്രിസ്തു മദ്ധ്യാകാശത്തിൽ വരും (1.കൊരി.3:11/1.പത്രൊ.2:4-8/1.കൊരി.12:12,13/എഫെ.2:20,21). കർത്താവിന്റെ വീണ്ടും വരവു സഭയുടെ പ്രത്യാശയായിരിക്കുന്നു (1.തെസ്സ.4:16-18).

**സഭയിൽ പുരോഹിന്മാരുണ്ടോ? ആരാണവർ? പഴയനിയമത്തിലെ പുരോഹിതവേഷം അനുകരിച്ചു വേഷവിധാനങ്ങളോടെ ശുശ്രൂഷ ചെയ്യുവാനും മദ്ധ്യസ്ഥനായി പ്രവർത്തിക്കുവാനും ദൈവവചനം അനുവദിക്കുന്നുവോ?**

സഭയിൽ പുരോഹിതന്മാരുണ്ട്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു വീണ്ടും ജനനം പ്രാപിച്ച സകല ദൈവമക്കളും പുരോഹിതന്മാരാണെന്നു തിരുവചനം വളരെ വ്യക്തമായി അറിയിക്കുന്നു. യേശുക്രിസ്തുവാണ് മഹാപുരോഹിതൻ. പഴയനിയമത്തിൽ മഹാപുരോഹിതനായ അഹരോന്റെ കുടുംബത്തിൽ ജനിച്ചവർക്കായിരുന്നു പൗരോഹിത്യം ലഭിച്ചിരുന്നത്. അതു ജന്മാവകാശമായിരുന്നു. പുതിയനിയമപൗരോഹിത്യവും ജന്മാവകാശമാണ്. അതായത് നമ്മുടെ വീണ്ടെടുപ്പുകാരനും മഹാപുരോഹിതനുമായ യേശുക്രിസ്തുവിന്റെ കുടുംബത്തിലേക്കു വീണ്ടും ജനനം വഴിയായി പ്രവേശനം ലഭിച്ചവർ പുരോഹിതന്മാരാണ്. എന്നാൽ മനുഷ്യരാൽ വേർതിരിക്കപ്പെട്ടവരോ, നിയമിക്കപ്പെട്ടവരോ, വിശുദ്ധന്മാരായി പ്രഖ്യാപിക്കപ്പെട്ടവരോ പൗരോഹിത്യശുശ്രൂഷ ചെയ്യുവാൻ ദൈവവചനം അനുവദിക്കുന്നില്ല. കർത്താവായ യേശുക്രിസ്തുവിന്റെ കാൽവറിയിലുള്ള യാഗമരണത്താൽ, പഴയനിയമ പൗരോഹിത്യവും, യാഗങ്ങളും ഇല്ലാതെയായി.

ക്രൂശീകരണത്തിനു മുമ്പുള്ള വിസ്താരവേളയിൽ മഹാപുരോഹിതനായ കയ്യഫാവിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട യേശുവിനോടു നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? എന്നു ചോദിച്ചു (മത്താ.26:63). *"യേശു അവനോടു: ഞാൻ ആകുന്നു; ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ പറയുന്നു എന്നു പറഞ്ഞു. ഉടനെ മഹാപുരോഹിതൻ വസ്ത്രം*

*കീറി: ഇവൻ ദൈവദൂഷണം പറഞ്ഞു; ഇനി സാക്ഷികളെക്കൊണ്ടു നമുക്കു എന്തു ആവശ്യം?"* (മത്താ.26:64,65). പഴയനിയമതിരുവെഴുത്തു പ്രകാരം പുരോഹിതൻ തന്റെ വസ്ത്രം കീറുന്നതു വിലക്കപ്പെട്ടിരുന്നു (ലേവ്യ.21:10). വസ്ത്രം കീറുക നിമിത്തം തന്റെ മഹാ പൗരോഹിത്യം മാറ്റപ്പെടുകയും ക്രിസ്തുവിനായി വഴി ഒരുക്കുകയും ചെയ്തു (എബ്രാ.7:24-27/എബ്രാ.8:2). യേശുക്രിസ്തുവിന്റെ മുമ്പാകെ മഹാപുരോഹിതൻ ദൈവകല്പന ലംഘിച്ചു ശുശ്രൂഷയിൽ നിന്നു എന്നേക്കും പുറത്തുപോയി.

യേശുക്രിസ്തുവിന്റെ മരണത്തിൽ ദൈവാലയ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയി (മത്താ.27:51/ മർക്കൊ.15:38/ലൂക്കൊ.23:45). പത്തുമുഴം (15 അടി) ഉയരവും പത്തുമുഴം വീതിയും ഉണ്ടായിരുന്ന അതിപരിശുദ്ധസ്ഥലത്തിന്റെ പ്രവേശനത്തിങ്കൽ തൂക്കിയിടുന്നതിനായി നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവയാൽ നെയ്തുകാരന്റെ ചിത്രപ്പണിയായി കെരൂബുകളോടെ നിർമ്മിച്ചതായിരുന്നു തിരശ്ശീല. ദൈവാലയത്തിലെ വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും തമ്മിൽ വേർതിരിക്കുന്നതായിരുന്നു ഈ കട്ടിയുള്ള തിരശ്ശീല (പുറ.26:33). ആരാധകരെ ഈ തിരശ്ശീല തടഞ്ഞു നിറുത്തിയിരുന്നു. മഹാപുരോഹിതൻ മാത്രമേ ആണ്ടിൽ ഒരിക്കൽ വളരെ ഭയത്തോടും, വിശുദ്ധിയോടും കൂടെ ഈ തിരശ്ശീലക്കപ്പുറത്തേക്കു കടന്നിരുന്നുള്ളു. മുകൾ തൊട്ടു അടിവരെ ചീന്തപ്പെട്ട തിരശ്ശീല വിളിച്ചറിയിക്കുന്നതു അതു കീറിയതു മാനുഷിക കരങ്ങളാലല്ല മറിച്ചു ദൈവീകശക്തിയാൽ തന്നെയെന്നതാണ്. യേശുക്രിസ്തുവിന്റെ ദേഹം എന്ന തിരശ്ശീല ചീന്തപ്പെട്ടു പാപികളായ മനുഷ്യവർഗ്ഗത്തിനു രക്ഷെക്കായി ഒരു പുതുവഴി തുറന്നു. തിരശ്ശീലചീന്തൽ കാണിക്കുന്നത് ദൈവസന്നിധിയിലേക്ക് സാധാരണക്കാരനു ഒരു മദ്ധ്യസ്ഥനും കൂടാതെ അടുത്തു ചെല്ലാം എന്നതാണ്. ഇനി യാതൊരു മനുഷ്യമദ്ധ്യസ്ഥന്റെയും ആവശ്യമില്ല.

***1.പത്രൊ.2:4-5*** — *"മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മീകഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാന്തക്ക* ***വിശുദ്ധപുരോഹിത വർഗ്ഗമാകേണ്ടതിനു*** *പണിയപ്പെടുന്നു."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

***1.പത്രൊ.2:9*** *–''നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരുജാതിയും* ***രാജകീയപുരോഹിതവർഗ്ഗവും*** *വിശുദ്ധവംശവുംസ്വന്തജനവും ആകുന്നു.''*

***വെളി.1:6*** *– ''നമ്മെസ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും* ***പുരോഹിതന്മാരും ആക്കി****ത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും ആമേൻ.''*

***എബ്രാ.10:19–22***—*''അതുകൊണ്ടു സഹോദരന്മാരേ,* ***യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി*** *നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ടു നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക.''*

***1.തിമൊ.2:5*** *– ''ദൈവം ഒരുവനല്ലോ;* ***ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ.*** *എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുതന്നേ.''*

**മഹാപുരോഹിതൻ തന്റെ പുരോഹിതവസ്ത്രം കീറി എന്നേക്കുമായി തന്റെ ശുശ്രൂഷയിൽ നിന്നു വിടവാങ്ങി**..അതിനാൽ പ്രത്യേകവസ്ത്രങ്ങൾ, ളോഹകൾ, അണിഞ്ഞൊരുങ്ങിയ പുരോഹിത കുപ്പായങ്ങൾ എന്നിവ ധരിച്ചു ദൈവീക മദ്ധ്യസ്ഥന്മാരായി ശുശ്രൂഷിക്കുവാൻ ദൈവവചനം ആരെയും അനുവദിക്കുന്നില്ല. കൂടാതെ ദൈവത്തിന്റെ അതിവിശുദ്ധസ്ഥലത്തെ വേർതിരിക്കുന്ന **മന്ദിരത്തിലെ തിരശ്ശീല യേശുക്രിസ്തുവിന്റെ യാഗമരണത്താൽ ചീന്തപ്പെട്ടതിനാൽ പ്രത്യേകിച്ചു ഒരു മദ്ധ്യസ്ഥനും ഇല്ലാതെ ധൈര്യത്തോടെ അബ്ബാ, പിതാവേ എന്നു വിളിച്ചു കൊണ്ടു ദൈവസന്നിധിയിലേക്കു ഓടി ച്ചെല്ലുവാൻ നമുക്കു കൃപ ലഭിച്ചിരിക്കുന്നു**. എന്നാൽ അധികാരമോഹികളായ മനുഷ്യർ, മതനേതാക്കൾ കീറിയ തിരശ്ശീലയും, മഹാപുരോഹിതൻ കീറിയ പഴയ കുപ്പായങ്ങളും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാകുന്ന സൂചിയും നൂലും കൊണ്ടു വൃഥാ തുന്നിച്ചേർത്തു ദൈവകല്പനകൾ ലംഘിച്ചു പൗരോഹിത്യശുശ്രൂഷ ചെയ്തു ആരാധകരെ ദൈവത്തിൽ നിന്നകറ്റുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

കർത്താവായ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി അംഗീകരിച്ചു സ്വീകരിച്ചവരെല്ലാം പുരോഹിതന്മാരാണെന്നു ദൈവവചനം പ്രഖ്യാപിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള കുർബാനകളോ, ചൊല്ലുകളോ, കർമ്മങ്ങളോ, എഴുതപ്പെട്ട ആരാധനാക്രമങ്ങളോ ഇല്ലാതെ, ഒരു മനുഷ്യമദ്ധ്യസ്ഥനുമില്ലാതെ ആരാധകന്റെ ഹൃദയാന്തർഭാഗത്തു നിന്നുയരുന്ന സ്തുതിസ്തോത്രങ്ങൾ ദൈവം സ്വീകരിക്കുന്നു എന്നതാണ് ഈ കൃപായുഗത്തിൽ പുതിയനിയമ വിശ്വാസികളായ നമുക്കു ലഭിച്ചിരിക്കുന്ന ഏറ്റവും വലിയ ഭാഗ്യവും, അനുഗ്രഹപദവിയും.

## സഭയിൽ സ്ത്രീകളുടെ ശുശ്രൂഷകൾ —

### (1) സ്ത്രീയുടെ സൃഷ്ടിയിലുള്ള പ്രത്യേകത —

ആകാശവും ഭൂമിയും അതിലെ സകല ചരാചരങ്ങളെയും, സൂര്യചന്ദ്രനക്ഷത്രാദികളെയും ദൈവം തന്റെ വാക്കിനാൽ സൃഷ്ടിച്ചു. മനുഷ്യന്റെ സൃഷ്ടിയിൽ കാണുന്ന പ്രത്യേകതയാണ് മനുഷ്യനെ ദൈവസ്വരൂപത്തിലും തിരുകരങ്ങളാലും മെനഞ്ഞു എന്നത്. മറ്റൊന്ന് ഓരോ ദിവസത്തെ സൃഷ്ടിയെയും നോക്കി അവ എത്രയും നല്ലതെന്നു കണ്ട ദൈവം മനുഷ്യന്റെ കാര്യത്തിൽ മാത്രം അവനൊരു കുറവുണ്ടെന്നു മനസ്സിലാക്കി അവനു തക്കതുണയായി അവനിൽ നിന്നു തന്നെ ഒരു സ്ത്രീയെ നിർമ്മിച്ചു കൊടുത്തുവെന്നതാണ്. സ്ത്രീയെ നിർമ്മിച്ചതിനെപ്പറ്റി വിശദീകരിച്ചിരിക്കുന്ന തിരുവചനഭാഗം നോക്കുക —

**ഉല്പ.2:18,21–24** — *“ അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവന്നു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു അരുളിച്ചെയ്തു. ആകയാൽ യഹോവയായ ദൈവം മനുഷ്യനു ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നു എടുത്തു അതിന്നു പകരം മാംസം പിടിപ്പിച്ചു. യഹോവയായ ദൈവം മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടു വന്നു. അപ്പോൾ മനുഷ്യൻ; ഇതു എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും എന്റെ മാംസത്തിൽ നിന്നു മാംസവും ആകുന്നു. ഇവളെ നരനിൽ നിന്നെടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും എന്നു പറഞ്ഞു. അതുകൊണ്ടു*

*പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും; അവർ ഏക ദേഹമായി തീരും."*

ഈ ഭാഗത്തു നിന്നു മനസ്സിലാക്കാവുന്നത് —

* മനുഷ്യനു ദൈവം നൽകിയ തക്കതുണയാണ് സ്ത്രീ. മറ്റെല്ലാ ജീവജാലങ്ങൾക്കും ഇണയെ നൽകിയ ദൈവം മനുഷ്യനു മാത്രം തുണയെ നൽകിയത് അവനോടൊത്തു ദൈവത്തെ സ്നേഹിക്കുവാനും, ആരാധിക്കുവാനും, അവരുടെ സുഖദുഃഖങ്ങൾ ഒരുമിച്ചു പങ്കിടുവാനും, കൂട്ടായ്മക്കുമായുള്ള തുണയായിട്ടാണ്.

** സ്ത്രീ, പുരുഷന്റെ ശരീരത്തിന്റെ ഭാഗമാണ്. ആദാമിനു ജീവശ്വാസം ദൈവത്തിൽ നിന്നു ലഭിച്ചപ്പോൾ സ്ത്രീക്കു ജീവൻ ലഭിച്ചത് പുരുഷനിലൂടെയായിരുന്നു. അവർ അസ്ഥിയിൽ നിന്നു അസ്ഥിയും മാംസത്തിൽ നിന്നു മാംസവും മാത്രവുമല്ല, അവർ ഏകദേഹമായിത്തീരുമെന്നു തിരുവചനം പ്രഖ്യാപിക്കുന്നു. അതായതു സ്ത്രീ പുരുഷനെന്ന വ്യക്തിത്വത്തിൽ മറഞ്ഞിരിക്കുന്നു.

*** സ്ത്രീ പുരുഷനായിട്ടും, പുരുഷനിൽ നിന്നും നിർമ്മിക്കപ്പെട്ടു. അവർ ഒരു ദേഹമായിത്തീരും എന്ന വചനത്താൽ പുരുഷൻ സ്ത്രീയുടെ ശിരസ്സായിരിക്കുന്നു. പുരുഷന്റെ ശിരസ്സ് ദൈവം.

**(2) സഭാശുശ്രൂഷകളിൽ സ്ത്രീകളുടെ പങ്ക് —**

പഴയനിയമത്തിലും, പുതിയനിയമത്തിലും സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം തന്നെ സമുന്നതസ്ഥാനവും മാനവും നൽകി അവരുടെ സേവനങ്ങളെ പ്രകീർത്തിച്ചാദരിച്ചിട്ടുണ്ട്. പുതിയനിയമത്തിൽ ആണും പെണ്ണും എന്ന വ്യത്യാസമില്ലാതെ ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ അവർ ക്രിസ്തുവിൽ ഒന്നായിരിക്കുന്നുവെന്നു അപ്പൊസ്തലനായ പൗലൊസ് പറയുന്നു (ഗലാ.3:28). എന്നാൽ സഭാപരിപാലനത്തിലും, സഭാശുശ്രൂഷകളിലും, സ്ത്രീകൾ പാലിക്കേണ്ടുന്ന ചില പ്രത്യേക നിർദ്ദേശങ്ങൾ പുതിയനിയമത്തിൽ ഉപദേശമായി രേഖപ്പെടുത്തിയിരിക്കുന്നു.

**> 1.കൊരി.14:34,35 —** *"വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല. അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽവെച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ."*

**> 1.തിമൊ.2:11–14 —** *"സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടും കൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വാ; ആദാം അല്ല; സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു."*

**> 1.കൊരി.11:3 —** *"എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു."*

സഭാശുശ്രൂഷകളിൽ സ്ത്രീകളുടെ പങ്ക്, പെരുമാറ്റം, പ്രവർത്തനം ഒക്കെ എങ്ങനെയായിരിക്കണമെന്നു മേലുദ്ധരിച്ചിരിക്കുന്ന ഭാഗങ്ങളിൽ നിന്നും വ്യക്തമാകുന്നു.

**(1) വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ —** (1.കൊരി.14:34)

സ്ത്രീകളിൽ ഉന്നതവിദ്യാഭ്യാസമുള്ളവരും, നേതൃത്വപാടവമുള്ളവരും, വിവിധ കഴിവുകളുള്ളവരും ഉണ്ടാകാം. അവർ ലോകത്തിൽ പുരുഷന്മാരോടൊപ്പം പ്രവർത്തിക്കുന്നവരുമാകാം. എന്നാൽ പൗലൊസ് ഇവിടെ ലോകത്തിലെ കാര്യമല്ല, മറിച്ച് സ്ത്രീകൾ ആത്മീകബന്ധത്തിൽ, സഭാകൂടിവരവുകളിൽ എങ്ങനെയായിരിക്കണമെന്നാണ് പ്രബോധിപ്പിക്കുന്നത്. ഇതു കൊരിന്തുസഭയ്ക്കു മാത്രമുള്ള ഉപദേശവുമല്ല. കൊരിന്തിലും എവിടെയുമുള്ള വിശുദ്ധന്മാരുടെ സർവ്വസഭകളിലും (1.കൊരി.1:2) സ്ത്രീകൾ മിണ്ടാതിരിക്കട്ടെയെന്നാണ്. സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടുംകൂടെ പഠിക്കട്ടെയെന്നാണ് 1.തിമൊഥെയൊസ് 2:11-ൽ പറയുന്നത്. മിണ്ടാതിരിക്കട്ടെ, മൗനമായിരിക്കട്ടെ എന്നു പറയുന്നതിൽ അവർ സഭായോഗങ്ങളിൽ വരുമ്പോൾ പാട്ടു പാടുന്നതിനോ, സ്തോത്രം, ഹല്ലേലൂയ്യാ, ആമേൻ എന്നിവ പറയുന്നതിനോ വിലക്കുണ്ടെന്നർത്ഥമില്ല. എന്നാൽ അവർ പുരുഷന്മാരുൾപ്പെട്ട സഭാകൂടിവരവുകളിൽ നേതൃത്വം നടത്തുവാനോ, നിർദ്ദേശങ്ങൾ കൊടുക്കുവാനോ, ദൈവവചനം പ്രസംഗിക്കുവാനോ, പ്രബോധിപ്പിക്കുവാനോ, ഉപദേശിക്കുവാനോ, പരസ്യമായി സംശയങ്ങൾ ഉന്നയിക്കുവാനോ പാടില്ലെന്നാണ്. സ്ത്രീയുടെ തല പുരുഷനാകയാൽ പുരുഷന്മാരായിരിക്കണം ദൈവസഭയിൽ നേതൃത്വം നൽകേണ്ടത്.

**(2) ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല —** (1.കൊരി.14:34) —

സ്ത്രീ പുരുഷനു കീഴടങ്ങിയിരിക്കണമെന്നും, സഭയിൽ സംസാരിപ്പാൻ സ്ത്രീക്ക് അനുവാദമില്ലെന്നും ന്യായപ്രമാണവും പറയുന്നുവെന്നു പൗലൊസ് വിശദീകരിച്ചിരിക്കുന്നു. മോശെയുടെ പഞ്ചഗ്രന്ഥങ്ങളിലുൾപ്പെട്ട നിയമങ്ങളെക്കുറിച്ചായിരിക്കാം ന്യായപ്രമാണമെന്ന പരാമർശം. സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ സ്ത്രീ പുരുഷനു കീഴടങ്ങിയിരിക്കണമെന്ന പ്രമാണം കാണുന്നു. **ഉല്പ.3:16** — *"സ്ത്രീയോടു കല്പിച്ചതു: ഞാൻ നിനക്കു കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും; നീ വേദനയോടെ മക്കളെ പ്രസവിക്കും; നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടു ആകും;* ***അവൻ നിന്നെ ഭരിക്കും."*** പുരുഷൻ സ്ത്രീയെ ഭരിക്കും അഥവാ അവൾ കീഴടങ്ങിയിരിക്കണമെന്നു പഴയനിയമം പറയുന്നു. പുതിയനിയമത്തിലും സ്ത്രീ പുരുഷനു കീഴടങ്ങിയിരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. യഹൂദന്മാരുടെ സിനഗോഗുകളിലൊന്നും സ്ത്രീകൾ സംസാരിച്ചിരുന്നതായി തിരുവചനമോ ചരിത്രമോ വെളിപ്പെടുത്തിയിട്ടില്ല. പുതിയനിയമ എഴുത്തുകാരിൽ സ്ത്രീകളാരുമില്ല. സഭാപരിപാലനത്തിൽ, സഭയ്ക്കു കർത്താവു നൽകിയ ദാനങ്ങളിൽ സ്ത്രീകൾ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ഒരു സ്ത്രീയുടെ പ്രസംഗമോ, പ്രബോധനമോ പുതിയനിയമത്തിലൊരിടത്തും രേഖപ്പെടുത്തിയിട്ടുമില്ല.

**(3) അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽവെച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ--** (1.കൊരി.14:35) —

പുരുഷന്മാരും സ്ത്രീകളുമുൾപ്പെട്ട വിശുദ്ധന്മാരുടെ കൂടിവരവുകളിൽ സ്ത്രീകൾ ഉപദേശിക്കുവാനോ, പ്രബോധിപ്പിക്കുവാനോ അനുവാദമില്ല. മാത്രവുമല്ല സംശയചോദ്യങ്ങൾ ഉന്നയിക്കുവാനും പാടില്ലെന്നു അപ്പൊസ്തലൻ വിശദീകരിക്കുന്നു. തിരുവചനത്തിലോ, സഭാകാര്യങ്ങളിലോ ഏതെങ്കിലും വിഷയത്തിൽ സംശയമോ, വിശദീകരണമോ ആവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ പുരുഷന്മാരുൾപ്പെട്ട സഭായോഗങ്ങളിൽ ഉന്നയിക്കാതെ, ഭവനത്തിൽ ചെന്നു ഭർത്താവിനോടു ചോദിച്ചു മനസ്സിലാക്കുവാനും

നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ വിധവമാരും, വിവാഹം കഴിക്കാത്ത സ്ത്രീകളും ഇങ്ങനെയുള്ള അവസരങ്ങളിൽ അവരുടെ സ്വന്തം സഹോദരന്മാരോടോ, സഭയിലെ സുവിശേഷകനോടോ, മൂപ്പന്മാരിലൊരുവനോടോ പ്രത്യേകമായി ചോദിക്കാം. അതേസമയം സഹോദരിമാർ മാത്രമുള്ള കൂടിവരവുകളിൽ അവർക്കു തിരുവചനം സംസാരിപ്പാനും, സംശയചോദ്യങ്ങളുന്നയിക്കുവാനും സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

**(4) സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ**
**> For it is improper (shameful / disgraceful) for a woman to speak in church** (1.കൊരി.14:35)

പുരുഷന്മാരും, സ്ത്രീകളുമടങ്ങിയ വിശുദ്ധന്മാരുടെ സഭാ കൂടിവരവുകളിൽ സ്ത്രീകൾ പ്രസംഗിക്കുവാനോ, ഉപദേശിക്കുവാനോ, സംശയങ്ങൾ ചോദിക്കുവാനോ പാടില്ല. കാരണം അതു അവൾക്കു ഉചിതമല്ലെന്നാണ് അപ്പൊസ്തലൻ പറയുന്നത്. ഐസ്ക്രോസ്സ് (aischros) എന്ന പദമാണ് മൂലഭാഷയിൽ അനുചിതം (improper) എന്നതിനുപയോഗിച്ചിരിക്കുന്നത്. ഈ ഗ്രീക്കു പദത്തിനർത്ഥം ഉചിതമല്ലാത്ത (improper), ലജ്ജാകരമായ (shameful), കൃപയില്ലാത്ത/ അപമാനകരമായ (disgraceful), മലിനമായ (filthy) എന്നൊക്കെയാണ്.

**(5) "ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല" —** (1.തിമൊ.2:12)

സ്ത്രീകൾക്ക് സഭായോഗങ്ങളിൽ ഉപദേശിക്കുവാനോ, പുരുഷന്മാരുടെമേൽ ഭരണം നടത്തി അധികാരം പ്രകടിപ്പിക്കുവാനോ അനുവാദമില്ല. കാരണം തിരുവചനപ്രകാരം സ്ത്രീയുടെ ശിരസ്സ് പുരുഷനാകയാൽ എപ്പോഴും അധികാരത്തെ മാനിക്കുന്ന പ്രവൃത്തിയും, സംസാരവും സ്ത്രീയിൽ നിന്നുണ്ടാകണം. സ്ത്രീയുടെ തല പുരുഷനാകയാൽ പുരുഷന്റെ നാവിലൂടെവേണം സ്ത്രീ സംസാരിക്കുവാൻ. അതുപോലെ പുരുഷന്റെ തല ക്രിസ്തുവാകയാൽ ക്രിസ്തുവിന്റെ നാവായിട്ടുവേണം പുരുഷനും സംസാരിക്കുവാൻ.

**(6) "ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വാ; ആദാം അല്ല; സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു"** — (1.തിമൊ.2:13)

പുരുഷനും സ്ത്രീയും ദൈവസ്വരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടത്. എന്നാൽ ആദ്യം പുരുഷനെയാണ് നിർമ്മിച്ചത്. അതായത് ദൈവം സൃഷ്ടിയിൽത്തന്നെ ഒന്നാം സ്ഥാനം, നേതൃത്വം പുരുഷനു നൽകിയിരിക്കുന്നു എന്നു പൗലൊസ് വ്യക്തമാക്കുന്നു. എന്നാൽ പാപം ചെയ്യുന്ന കാര്യത്തിൽ സ്ത്രീയാണ് ആദ്യമായി ലംഘനത്തിലകപ്പെട്ടതെങ്കിലും അവളുടെ ശിരസ്സ് പുരുഷനെന്ന നിലയിൽ ദൈവം ആദാമിനോടാണ് വീഴ്ചയെപ്പറ്റി ചോദിച്ചത് (ഉല്പ.3:9-11). *"ആദാം അല്ല; സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടു"* എന്നു പൗലൊസ് ഇവിടെ പ്രസ്താവിക്കുന്നതിൽ മറ്റൊന്നു കൂടി താൻ ചിന്തിക്കുന്നു. അതായത് സ്ത്രീകൾ പാപത്തിലകപ്പെടുവാൻ ഏറെ എളുപ്പമാകയാൽ വിശുദ്ധന്മാരുടെ സഭായോഗങ്ങളിൽ അവർ മൗനമായിരുന്നില്ലെങ്കിൽ, അവരുടെ ഉപദേശവും, നേതൃത്വവും ഏറെ പ്രശ്നങ്ങൾക്കും, ഭിന്നതകൾക്കും, ക്രമക്കേടുകൾക്കും കാരണമാകാം.

ഇരുപത്തിയേഴു പുസ്തകങ്ങളടങ്ങിയ പുതിയനിയമത്തിൽ എഴുത്തുകാരിയായി സ്ത്രീകളാരുമില്ല. കർത്താവിന്റെ പന്ത്രണ്ടുശിഷ്യന്മാരിൽ സ്ത്രീകളാരുമില്ലായിരുന്നു. കർത്താവു ഈരണ്ടുപേരെ വീതം വേലയ്ക്കായും പ്രത്യേക ദൗത്യമേല്പിച്ചു വിടുന്നതിലും സ്ത്രീകളെ കാണുന്നില്ല. ഒരു സ്ത്രീയുടെ പ്രസംഗമോ, പ്രബോധനമോ പുതിയനിയമത്തിലൊരിടത്തും രേഖപ്പെടുത്തിയിട്ടുമില്ല. ആരെയും സ്ത്രീകൾ സ്നാനപ്പെടുത്തിയതായി തിരുവചനത്തിലില്ല. *"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു."* **(എഫെ.4:11)** സഭയ്ക്കു നൽകിയ ദാനങ്ങളിൽ സ്ത്രീകളാരും ഉൾപ്പെട്ടിട്ടില്ല.

റോമാലേഖനത്തിൽ പൗലൊസ് ഫേബയെ ശുശ്രൂഷക്കാരത്തി എന്നു പറഞ്ഞിരിക്കുന്നതിനാൽ സ്ത്രീകൾക്കും സഭയിൽ നേതൃത്വം വഹിക്കാം എന്നു ചിന്തിക്കുന്നവരുണ്ട്. **റോമ.16:1** —*"നമ്മുടെ സഹോദരിയും കെംക്രെയസഭയിലെ ശുശ്രൂഷക്കാരത്തിയുമായ ഫേബ.."* (Phoebe our sister, who is a servant of the Church in Cenchrea) പുതിയനിയമത്തിൽ ഒരു സഹോദരിയെ ശുശ്രൂഷക്കാ

രത്തിയെന്നു പരാമർശിക്കുന്ന ഏകവാക്യമാണിത്. ഇവിടെ ശുശ്രൂഷക്കാരത്തി എന്നതിനു diakonos (= servant ) എന്നപദമാണുപയോഗിച്ചിരിക്കുന്നത്. ഒരു സഭാകൂടിവരവിൽ ഏതെങ്കിലും ശുശ്രൂഷ ചെയ്തു സഹായിക്കുന്നവളെന്നർത്ഥം. ശുശ്രൂഷക്കാരത്തിയെന്നു പറഞ്ഞിരിക്കുന്നതിനാൽ സഭയിൽ ഏതെങ്കിലും ഔദ്യോഗികസ്ഥാനത്തെയല്ല കുറിക്കുന്നത്. സഭയുടെ ആദ്യനൂറ്റാണ്ടിൽ സഭാകൂടിവരവുകളിലുള്ള പാവപ്പെട്ടവരെയും, രോഗികളെയും, യുവസഹോദരിമാരെയും വിവിധ ശുശ്രൂഷകളാൽ സഹായിക്കുന്ന, സേവിക്കുന്ന ഏതൊരു സഹോദരിയെയും വിളിക്കുന്ന പേരാണ് ശുശ്രൂഷക്കാരത്തിയെന്നത്. ഫേബയും ഈ നിലയിൽ കെംക്രെയസഭയിലെ വിശ്വാസിയും, ശുശ്രൂഷകളിൽ സഹായിക്കുന്നവളുമായിരുന്നു.

പുതിയനിയമത്തിലുടനീളം സ്ത്രീകളെക്കുറിച്ചു പറഞ്ഞിരിക്കുന്നിടത്തൊക്കെയും അവരുടെ സേവനശുശ്രൂഷകൾക്കാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. ദൈവപുത്രനായ യേശുവിനു ഭൂമിയിൽ മാതാവാകുവാൻ തിരഞ്ഞെടുക്കപ്പെട്ട കന്യകമറിയം, കർത്താവിന്റെ ക്രൂശീകരണവേളയിൽ അതിദുഃഖത്തോടെ പിൻചെന്ന സ്ത്രീകൾ, പുനരുത്ഥാനദിവസത്തിൽ അതിരാവിലെ ഇരുട്ടുള്ളപ്പോൾ കല്ലറയ്ക്കലോടിയെത്തിയ സ്ത്രീകൾ, യേശുവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത മാർത്തയും മറിയയും, പാത്രം കിണറ്റിനരികെ വെച്ചിട്ടു പട്ടണത്തിലെ ജനത്തെ യേശുവിനെക്കുറിച്ച് അറിയിക്കാൻ ഓടിയ ശമര്യക്കാരി, ഉപജീവനം മുഴുവൻ നല്കിയ വിധവ, പലർക്കും വിശേഷാൽ പൗലൊസിനും സഹായം ചെയ്ത ഫേബ , സൽപ്രവൃത്തിയിലൂടെ നിശബ്ദസേവനം കാഴ്ചവെച്ച തബീഥ, കർത്താവിനായി ഹൃദയവും ദൈവദാസന്മാർക്കായി ഭവനവും തുറന്നു കൊടുത്ത ലുദിയ, സഹവിശ്വാസികളുടെ ഹൃദയം തണുപ്പിച്ചു വീടു സഭാകൂടിവരവിനായി തുറന്നുകൊടുത്ത പ്രിസ്കില്ല തുടങ്ങിയ അനേകസ്ത്രീകളുടെ സേവനശുശ്രൂഷകളെ പുതിയനിയമത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

സമാഗമനകൂടാരത്തിലെ താമ്രത്തൊട്ടിയുടെ നിർമ്മാണത്തിനുപയോഗിച്ച ദർപ്പണം സ്ത്രീകൾക്കു ദൈവികശുശ്രൂഷയിലുള്ള സ്ഥാനം വ്യക്തമാക്കുന്നു. സമാഗമനകൂടാരത്തിലെ ശുശ്രൂഷകൾക്കായി പുരോഹിതന്മാർ പ്രവേശിക്കുന്നതിനു മുമ്പായി സമാഗമനകൂടാരത്തിനും യാഗപീഠത്തിനും മദ്ധ്യേ വെച്ചിരിക്കുന്ന താമ്രത്തൊട്ടിയിലെ വെള്ളത്താൽ അവർ കയ്യും കാലും കഴുകി വിശുദ്ധി

പ്രാപിച്ചിരിക്കണം (പുറ.30:17-21). താമ്രത്തൊട്ടിയിലുള്ള വെള്ളത്താൽ ശുദ്ധി പ്രാപിച്ചില്ലെങ്കിൽ അവർക്കു മരണം നിശ്ചയമായിരുന്നു. താമ്രത്തൊട്ടിയും താമ്രക്കാലും ഉയിർത്തെഴുന്നേറ്റ കർത്താവിനെ പ്രതിനിധീകരിക്കുന്നു. അതിൽ നിക്ഷേപിച്ചിരിക്കുന്ന ജലം കാണിക്കുന്നത് അടിക്കപ്പെട്ട പാറയായ ക്രിസ്തുവിൽ നിന്നൊഴുകിയ ജലത്തെയാണ് (സങ്കീ.105:41/സങ്കീ.78:15/ 1.കൊരി.10:4/ സെഖ.13:1/ യോഹ.19:34). ഒരിക്കൽ പൂർണ്ണമായി കഴുകി പുതുജനനം പ്രാപിച്ച വിശ്വാസി നിത്യവും സത്യവചനത്താൽ (യോഹ.15:3/ യോഹ.17:1/ എഫെ.5:26,27/ സങ്കീ.119:9) ശുദ്ധീകരണം പ്രാപിക്കണമെന്നു ഇതറിയിക്കുന്നു. താമ്രത്തൊട്ടിയുടെയും താമ്രക്കാലിന്റെയും നിർമ്മാണത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു നോക്കുക — **പുറ.38:8 —** *"സമാഗമനകൂടാരത്തിന്റെ വാതില്ക്കൽ സേവ ചെയ്തുവന്ന സ്ത്രീകളുടെ ദർപ്പണങ്ങൾ കൊണ്ടു അവൻ താമ്രത്തൊട്ടിയും അതിന്റെ താമ്രക്കാലും ഉണ്ടാക്കി."*

**> സമാഗമനകൂടാരത്തിന്റെ വാതില്ക്കൽ സേവചെയ്തുവന്ന സ്ത്രീകൾ —**

ദൈവസഭയിൽ ദൈവികശുശ്രൂഷകളിൽ സ്ത്രീകൾക്കും പങ്കുണ്ട്. അവർ വാതിൽക്കൽ സേവ ചെയ്യുന്നവരാണ്. അതായത് അകത്തു പുരോഹിതന്മാർ ശുശ്രൂഷ ചെയ്യുമ്പോൾ, സഭാപരിപാലനം നടത്തുമ്പോൾ, പ്രസംഗിക്കുമ്പോൾ, ഉപദേശിക്കുമ്പോൾ, പുരോഹിതവർഗ്ഗത്തിലുൾപ്പെട്ട സ്ത്രീകൾ മൗനമായിരുന്നു പുരോഹിതന്മാരുടെ ശുശ്രൂഷകൾക്കു പിൻബലം നല്കി വാതില്ക്കൽ സേവചെയ്തുകൊണ്ടിരിക്കുന്നു. സഭാകൂടിവരവുകളിൽ വചനം സംസാരിക്കുന്നവർക്കായി, ആത്മാക്കൾ രക്ഷിക്കപ്പെടുവാനായി, വിശ്വാസികൾ വിശുദ്ധിയിൽ വളർന്നുവരാനായി, വിശ്വാസികളിൽ കൂട്ടായ്മ വർദ്ധിക്കുവാനായി, അനേകർ സഭയോടു ചേരുവാനായി അവർ കഴിക്കുന്ന പ്രാർത്ഥനയും, ശുശ്രൂഷയും, സേവനവും യഥാർത്ഥത്തിൽ സഭയുടെ ആത്മീകവളർച്ചെക്കു വഴി തെളിക്കുന്നു. ദൈവകൃപ ലഭിച്ച കോരഹ്പുത്രന്മാർ ദൈവത്തിന്റെ ആലയത്തിൽ വാതിൽകാവൽക്കാരായിരുന്നപ്പോൾ ലഭിച്ച സന്തോഷത്തെക്കാളും (സങ്കീ.84) എത്രയോ അധികവും ശ്രേഷ്ഠവുമാണ് സഹോദരിമാരുടെ, വാതില്ക്കലുള്ള ദൈവസേവ.

**> സ്ത്രീകളുടെ ദർപ്പണങ്ങൾ കൊണ്ടു താമ്രത്തൊട്ടിയും അതിന്റെ താമ്രക്കാലും ഉണ്ടാക്കി.**

സമാഗമനകൂടാരത്തിലെ ശുശ്രൂഷകൾക്കു മുമ്പായി പുരോഹിതന്മാർ വിശുദ്ധീകരണം പ്രാപിച്ചത് താമ്രത്തൊട്ടിയിലുള്ള വെള്ളത്താലാണ്. താമ്രത്തൊട്ടിയും താമ്രക്കാലും ഉണ്ടാക്കുവാനുപയോഗിച്ചത് സമാഗമനകൂടാരത്തിന്റെ വാതില്ക്കൽ സേവ ചെയ്തുവന്ന സ്ത്രീകൾ ദാനം ചെയ്ത ദർപ്പണങ്ങളാലാണ്. തങ്ങളുടെ ദർപ്പണങ്ങളിൽ മുഖവും ശരീരവും നോക്കി സൗന്ദര്യമാസ്വദിച്ചു സന്തോഷത്തോടെ ജീവിച്ചവർ സമാഗമനകൂടാരത്തിൽ താമ്രത്തൊട്ടിയും താമ്രക്കാലുമുണ്ടാക്കുവാൻ അവരുടെ ദർപ്പണങ്ങൾ സന്തോഷത്തോടെ നൽകി. അവരുടെ ദാനം പരിപൂർണ്ണസമർപ്പണത്തെക്കുറിക്കുന്നു. മരുഭൂമിയിൽ ഇനി അവർക്കു വേറെ ദർപ്പണമില്ലെങ്കിലും അവർ ഏറ്റവുമധികം സന്തോഷിക്കുന്ന വസ്തുത സമാഗമനകൂടാരത്തിനകത്തു നടക്കുന്ന ശുശ്രൂഷകൾക്കു അവരുടെ ദാനവും വിലയേറിയതായിരിക്കുന്നു എന്നതാണ്. ആയതുപോലെ ഇന്നു സഹോദരിമാർക്കു സഭയിൽ ഉപദേശിക്കുവാനോ, നേതൃത്വം നടത്തുവാനോ അനുവാദമില്ലെങ്കിലും സമാഗമനകൂടാരത്തിലെന്നപോലെ വാതിൽക്കൽ സേവചെയ്യുന്നവരും, അകത്തെ എല്ലാ ശുശ്രൂഷകളിലും അവരുടെ മൗനമായുള്ള പ്രാർത്ഥനയാലും, സേവനങ്ങളാലും, ദാനങ്ങളാലും പിൻബലം നൽകുന്നവരും ആയിരിക്കുന്നു.

വെളിപ്പാടു പുസ്തകത്തിലെ ഏഴുസഭകളിൽ നാലാമത്തെ സഭയായ തുയഥൈരസഭയ്ക്കുള്ള ദൂതിൽ സഭാകാന്തൻ പറഞ്ഞിരിക്കുന്നതു നോക്കുക — **വെളി.2:20** —*"എങ്കിലും താൻ പ്രവാചകി എന്നു പറഞ്ഞു ദുർന്നടപ്പു ആചരിപ്പാനും വിഗ്രഹാർപ്പിതം തിന്മാനും എന്റെ ദാസന്മാരെ ഉപദേശിക്കയും തെറ്റിച്ചുകളകയും ചെയ്യുന്ന ഈസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കുറ്റം നിന്നെക്കുറിച്ചു പറവാൻ ഉണ്ടു."* തുയഥൈരസഭ അനുവദിച്ച ഏറ്റവും വലിയ തെറ്റാണ് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നത്. സ്ത്രീ സഭയിൽ മൗനമായിരിക്കണം എന്നു തിരുവചനം പ്രസ്താവിക്കുമ്പോൾ അതു ഗൗരവമായി എടുക്കാതെ തുയഥൈരയിൽ ഒരു സ്ത്രീ ദൈവദാസന്മാരെ ഉപദേശിക്കുവാൻ അനുവദിച്ചു. യിസ്രായേൽ രാജാവായ ആഹാബിന്മേൽ ഈസബേൽ സ്വാധീനം ചെലുത്തി നാശത്തിനിടയായതുപോലെ തുയഥൈരസഭയുടെ പ്രവർത്തനങ്ങളിൽ ഈസബേലിനെപ്പോലെയുള്ള മറ്റൊരു സ്ത്രീയെ

സഭയിൽ ഉപദേശിക്കുവാൻ അനുവദിച്ചതുവഴി സഭ ദുരാചാരങ്ങളിലേക്കു വലിച്ചിഴക്കപ്പെടുവാനും തന്മൂലം സഭയുടെ നാശത്തിനും കാരണമായി.

സഹോദരിമാർ എത്രതന്നെ പ്രായമുള്ളവരും, ആത്മീകപക്വതയുള്ളവരും, ദൈവവചനത്തിൽ അഗാധമായ പ്രാവീണ്യമുള്ളവരും ആണെങ്കിലും പുരുഷന്മാരുൾപ്പെട്ട സഭാകൂടിവരവുകളിൽ പ്രസംഗിക്കുവാനോ, ദൈവവചനത്തിലൂടെ ഉപദേശിക്കുവാനോ, നേതൃത്വം വഹിക്കുവാനോ തിരുവചനം അനുവദിക്കുന്നില്ല. സ്ത്രീപുരുഷസമത്വം ലോകരെപ്പോലെ മുറുകെപ്പിടിച്ചുകൊണ്ടു ഇക്കാലങ്ങളിൽ അനേകസഭകളിൽ സ്ത്രീകളെ പ്രസംഗിക്കുവാനും, പ്രബോധിപ്പിക്കുവാനും, സഭാനേതൃത്വം വഹിക്കുവാനും അനുവദിക്കുന്നു. ഇതു ദൈവവചനവിരുദ്ധമാണ്. ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ആണും പെണ്ണും എന്നില്ലെങ്കിലും വിശുദ്ധന്മാരുടെ സർവ്വ സഭകളിലും സ്ത്രീകൾ മൗനമായിരിക്കട്ടെ, ദൈവവചനത്തിൽ നിന്നു സംസാരിപ്പാനോ ഉപദേശിക്കുവാനോ പാടില്ലെന്നു തിരുവചനം വ്യക്തമാക്കിയിട്ടുണ്ട്. പുരുഷന്മാരുൾപ്പെട്ട സഭായോഗങ്ങളിൽ മാത്രമേ അവർക്കു വിലക്കുള്ളു. അപ്പോൾത്തന്നെ സഭായോഗങ്ങളിൽ പാട്ടു പാടുന്നതിനോ, സ്തോത്രം പറയുന്നതിനോ പാടില്ലെന്നർത്ഥവുമില്ല.

## പൗരോഹിത്യം സ്ത്രീകളിൽ —

അപ്പോസ്തലനായ പത്രോസ് വിശ്വാസികളെക്കുറിച്ചു തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് — *"നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു"* (1.പത്രൊ.2:9). വിശ്വാസികളെല്ലാം തിരഞ്ഞെടുക്കപ്പെട്ട രാജകീയപുരോഹിതവർഗ്ഗമാണ്. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ(ഗലാ.3:28). അതുകൊണ്ടു സഹോദരിമാരും പൗരോഹിത്യശുശ്രൂഷ ചെയ്യുന്നവർ തന്നെ. വിളിച്ചവന്റെ സത്ഗുണങ്ങൾ ഘോഷിക്കുക എന്നുള്ളത് സഹോദരിമാരുടെയും ചുമതലയാണ്. എന്നാൽ സ്ത്രീകൾക്കു ചില പരിമിതികളൊക്കെ ദൈവവചനം അനുശാസിക്കുന്നുണ്ട്. ആ പരിമിതികൾക്കു

ളളിൽ നിന്നുകൊണ്ടു വേണം ഈ ശുശ്രൂഷ നിർവ്വഹിക്കവാൻ എന്നുളള കാര്യം മറക്കരുത്.

പഴയനിയമ പുരോഹിതന്മാരെപ്പറ്റി ചിന്തിച്ചാൽ മൂന്നു തരത്തിലുള്ള ശുശ്രൂഷകൾ അവർ ചെയ്തിരുന്നതായി കാണാം. — (1) യാഗം അർപ്പിക്കുക (2) ദൈവത്തിന്റെ ന്യായപ്രമാണം ജനത്തെ പഠിപ്പിക്കുക (3) ജനത്തിനുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന കഴിക്കുക

പഴയനിയമപുരോഹിതന്മാർ അനുഷ്ഠിക്കേണ്ടതിനു ദൈവം നൽകിയിരുന്ന **ഒന്നാമത്തെ ശുശ്രൂഷയാണ് യാഗം അർപ്പിക്കുക** എന്നുള്ളത്. ദൈവം നൽകിയ വ്യവസ്ഥപ്രകാരം ദൈവത്തിനു സുഗ്രാഹ്യമായ യാഗമാണവർ അർപ്പിച്ചിരുന്നത്. ഇന്നും പുരോഹിതരായ നാം ആൺപെൺ വ്യത്യാസമില്ലാതെ ദൈവത്തിനു പ്രസാദകരമായ യാഗം അർപ്പിക്കണം. യാഗം അർപ്പിക്കാൻ ഒരു യാഗപീഠവും ദൈവം ഒരുക്കിയിട്ടുണ്ട്. കർത്താവായ യേശുക്രിസ്തുവാണ് നമ്മുടെ യാഗപീഠം (എബ്രാ.13:10). ഈ യാഗപീഠത്തിൽ വേണം നാം യാഗം അർപ്പിക്കുവാൻ. കാളയുടെയും ആടിന്റെയും പ്രാവിന്റെയും സ്ഥാനത്തു ജീവനുള്ള യാഗവസ്തുവായി നമ്മെത്തന്നെയാണ് അർപ്പിക്കേണ്ടത്.

## സഹോദരിമാർ അർപ്പിക്കേണ്ട യാഗങ്ങൾ —

**(1) പൂർണ്ണമായി ദൈവത്തിന്നു സമർപ്പിക്കുക —**

റോമ.12:1 — *"നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ."*

**(2) സ്തോത്രയാഗം അർപ്പിക്കുക —**

എബ്രാ.13:15 — *"അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക."*

സങ്കീ.50:23 — *"സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു."*

**(3) നന്മ ചെയ്യുക —**

എബ്രാ,13:16 — *"നന്മ ചെയ്വാനും, കൂട്ടായ്മ കാണിപ്പാനും മറക്കരുത്. ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത്."*

**(4) കൂട്ടായ്മ കാണിക്കുക —**

ഫിലി.4:18 — *"നിങ്ങൾ അയച്ചു തന്നത് സൗരഭ്യവാസനയായി ദൈവത്തിനു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി......"*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**(5) സുവിശേഷം അറിയിക്കുക —**

റോമർ.15:15 — *"എങ്കിലും ജാതികൾ എന്ന വഴിപാട് (യാഗം) പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ട് പ്രസാദകരമായിത്തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷഘോഷണം പുരോഹിതനായി അനുഷ്ഠിച്ചുകൊണ്ട്........."*

**(6) പ്രാർത്ഥന —**

സങ്കീ.141:2 — *"എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നത് സന്ധ്യായാഗമായും തീരട്ടെ."*

**(7) പാട്ട്, സ്തുതി, സ്തോത്രം —**

സങ്കീ.69:30,31 — *"ഞാൻ പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും; സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തും. അത് യഹോവെക്കു കാളയെക്കാളും കൊമ്പും കുളമ്പുമുള്ള മൂരിയെക്കാളും പ്രസാദകരമാകും."*

**(8) തകർന്ന മനസ്സ്, നുറുങ്ങിയ ഹൃദയം —**

സങ്കീ.51:17 — *ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല."*

ഒരു പുരോഹിതന്റെ ശുശ്രൂഷയായ മേൽപറഞ്ഞിരിക്കുന്ന എല്ലാ യാഗങ്ങളും സ്ത്രീകളായ സഹോദരിമാർക്കും ചെയ്യാവുന്നതാണ്. സുവിശേഷഘോഷണം ചെയ്യാമോ എന്ന് ഒരു ചോദ്യമുയർന്നേക്കാം. കുഞ്ഞുങ്ങളോട്, കൂട്ടുകാരോട്, സഹോദരിമാരോട്, രക്ഷിക്കപ്പെടാത്തവരോട്, വചന പരിജ്ഞാനം കുറഞ്ഞവരോട് (അക്വിലാവും പ്രിസ്കില്ലയും ചെയ്തതുപോലെ). എന്നാൽ വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്തീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. ....... സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലോ (1.കൊരി.14:34,35). സഹോദരിമാർ മാത്രമുള്ള കൂടിവരവുകളിൽ സ്ത്രീകൾക്കു സംസാര സ്വാതന്ത്ര്യമുണ്ട്. മനുഷ്യന്റെ പാപപരിഹാരത്തിനായി ഭൂമിയിൽ വരികയും തന്റെ ജീവൻ തന്നു രക്ഷാ മാർഗ്ഗം ഒരുക്കിയ കർത്താവിനെക്കുറിച്ചു മറ്റുള്ളവരോടു പറയണം. മഗ്ദലക്കാരത്തി മറിയെക്കാണല്ലോ കർത്താവ് ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന ദൗത്യം ആദ്യമായി തന്റെ ശിഷ്യന്മാരെ അറിയിക്കുവാൻ ആഹ്വാനം കൊടുത്തത്.

**പുരോഹിതന്റെ രണ്ടാമത്തെ ചുമതല വചനം പഠിപ്പിക്കൽ** ആണല്ലോ. ആ ശുശ്രൂഷയും മുകളിൽ വിവരിച്ചിരിക്കുന്നതുപോലെ തിരുവചനാടിസ്ഥാനത്തിൽ സ്ത്രീകൾക്കും ചെയ്യാവുന്നതാണ്. വൃദ്ധമാർക്കും ദൈവവചനം ഉപദേശം തരുന്നുണ്ട് (തീത്തോ.2:3-5). അവർ നന്മ ഉപദേശിക്കുന്നവരായിരിക്കണം. തിമോഥെയോസിന്റെ വല്യമ്മ ലോവീസിനെപ്പോലെ മക്കളെയും കൊച്ചുമക്കളെയും പത്ഥ്യ വചനം അഭ്യസിപ്പിക്കുന്നവരും നിർവ്യാജ വിശ്വാസത്തിൽ ഉറപ്പി ക്കുന്നവരും ആയിരിക്കണം. സൺഡേ സ്കൂളിൽ കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ സ്തീകൾക്കു സ്വാതന്ത്ര്യമുണ്ട്. യേശുവിന്റെ അമ്മ മറിയയും എലിസബെത്തും തമ്മിൽ കണ്ടുമുട്ടിയപ്പോൾ അവർ സങ്കീർത്തനങ്ങളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ സംസാരിച്ചു ദൈവത്തിനു മഹത്വം കരേറ്റുന്നു. ഫറവോന്റെ കയ്യിൽനിന്നും ചെങ്ക ടലിൽനിന്നും വിടുവിക്കപ്പെട്ടപ്പോൾ മിറിയാമും മറ്റു സ്ത്രീകളും പാട്ടോടെ നൃത്തത്തോടെ ദൈവത്തെ സ്തുതിക്കുന്നു. പ്രിസ്കില്ല തന്റെ ഭർത്താവ് അക്വിലാവിനോടൊപ്പം അപ്പല്ലോസിനെ വീട്ടിൽ ചേർത്തുകൊണ്ട് ദൈവത്തിന്റെ കാര്യം വളരെ സ്പഷ്ടമായി അവന്നു തെളിയിച്ചു കൊടുത്തു (അപ്പോ.18:25,26).

**മൂന്നാമത്തെ ചുമതല മദ്ധ്യസ്ഥപ്രാർത്ഥന**. അതിപ്രധാന മായോരു പൗരോഹിത്യശുശ്രൂഷയാണ് പ്രാർത്ഥന. ശമുവേൽ പറ യുന്നത്: ഞാനോ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാതിരുന്നതിനാൽ യഹോവയോടു പാപം ചെയ്വാൻ ഇടവരരുതേ (1.ശമു.12:23) എന്നാ ണ്. ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ അവന്റെ സ്ഥിതിക്കു ഭേദം വരുത്തി, മുമ്പെ ഉണ്ടായിരു ന്നതൊക്കെയും യഹോവ ഇയ്യോബിന്നു ഇരട്ടിയായി കൊടുത്തു (ഇയ്യോ.42:10).

വീട്ടിനകത്തെ ഫലപ്രദമായ മുന്തിരിവള്ളി എന്ന നിലയിൽ സഹോദരിമാർക്കു ചെയ്യാൻ കഴിയുന്ന ഒരു പൗരോഹിത്യ ശുശ്രൂ ഷയാണിത്. അത് മക്കൾക്കുവേണ്ടി, കുടുംബത്തിനുവേണ്ടി. ബന്ധു മിത്രാദികൾക്കുവേണ്ടി, സഹവിശ്വാസികൾക്കുവേണ്ടി, സഭാശുശ്രൂ ഷകർക്കു വേണ്ടി, സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രാർത്ഥിക്കണം. പൗലോസ് പറയുന്നത്: എന്നാൽ സകലമനു ഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവ ധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന്നു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാച

നയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം. അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു (1.തിമൊ.2:1-3). പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ (കൊലോ.4:2). സകല പ്രാർത്ഥനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ (എഫെ.6:18). തന്റെ മക്കൾക്കായി പക്ഷവാദം ചെയ്യുന്ന ക്രിസ്തുവിനെപ്പോലെ മറ്റുള്ളവർക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ സഹോദരിമാർക്കും കഴിയണം.

അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു വിളിച്ച ദൈവത്തിന്റെ സത്ഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്ന സകലരും ആൺ പെൺ എന്ന വ്യത്യാസമില്ലാതെ മേൽപ്പറഞ്ഞ ശുശ്രൂഷകൾ തിരുവചനാടിസ്ഥാനത്തിൽ പരമാർത്ഥതയോടെ നിർവ്വഹിക്കാൻ ഉത്സാഹിക്കണം.

**സഹോദരിമാർക്കായുള്ള യോഗങ്ങളിൽ ഒരു സഹോദരൻ അദ്ധ്യക്ഷനായിരിക്കുമ്പോൾ സഹോദരിമാർ പ്രസംഗിക്കുന്നതു ശരിയാണോ?**

**സഹോദരിമാർ വിളിച്ചു ചേർത്ത യോഗങ്ങളിൽ ശുശ്രൂഷ എപ്രകാരം? —**

സഹോദരിമാരുടെമാത്രം യോഗങ്ങളിൽ സഹോദരിമാർക്ക് നേതൃത്വം വഹിക്കാനും, പ്രസംഗിക്കാനും, സഹോദരിമാരെ ഉപദേശിക്കാനും സ്വാതന്ത്ര്യമുണ്ട്. എന്നാൽ അവിടെ സഭാശുശ്രൂഷകനോ ഏതെങ്കിലും സഹോദരനോ അദ്ധ്യക്ഷം വഹിക്കുന്നു എങ്കിൽ സഹോദരിമാർ വചനത്തിൽ നിന്നു പ്രസംഗിക്കുന്നതും പ്രബോധിപ്പിക്കുന്നതും, കാര്യപരിപാടികൾ ചിന്തിക്കുന്നതും, ഉപദേശിക്കുന്നതും തിരുവചനപ്രകാരം തലയെ അപമാനിക്കുന്നതാകയാൽ ദൈവവചനവിരുദ്ധമാണ്.

> **1.കൊരി.14:34,35** — *"വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല. അവർ വല്ലതും പഠിപ്പാൻ ഇച്ഛി*

*ക്കുന്നു എങ്കിൽ വീട്ടിൽവെച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ."*

> **1.തിമൊ.2:11,12** — *"സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടും കൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല."*

> **1.കൊരി.11:3** — *"എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു."*

ഇക്കാലങ്ങളിൽ 'സോദരീസമാജം' എന്നപേരിൽ വിവിധ സഭകളിലുള്ള സഹോദരിമാർ ഒത്തൊരുമിച്ചു കൂടുമ്പോൾ ഒരു സഹോദരനെ അദ്ധ്യക്ഷനാക്കി വെക്കാറുണ്ട്. ചിലപ്പോൾ അനേകം സഹോദരന്മാരെ അദ്ധ്യക്ഷന്റെ ഇരുവശങ്ങളിലുമായി ഇരുത്തി അവരുടെ സാന്നിദ്ധ്യത്തിലും യോഗങ്ങൾ നടത്തുന്നു. സഭയുടെ ചുമതലയിലും നിയന്ത്രണത്തിലും സഹോദരന്മാരുടെ സാന്നിദ്ധ്യത്തിലും നടക്കുന്നതാണെങ്കിൽ ആ യോഗങ്ങളിൽ സഹോദരന്മാർ തന്നെയായിരിക്കണം ശുശ്രൂഷിക്കേണ്ടുന്നത്. സഹോദരന്മാരുടെ സാന്നിദ്ധ്യത്തിലും വിശേഷാൽ ഒരു സഹോദരന്റെ അദ്ധ്യക്ഷതയിലും സഹോദരിമാർക്കുള്ള കൂടിവരവുകൾ നടത്തപ്പെടുമ്പോൾ അവിടെ സഹോദരിമാർ വചനത്തിൽ നിന്നു സംസാരിക്കുന്നതു യോജ്യമല്ല. വിശുദ്ധന്മാരുടെ സർവ്വസഭയിലും സ്ത്രീകൾ മിണ്ടാതിരിക്കട്ടെ എന്നു പറയുന്നത് ആരാധനായോഗങ്ങളിൽ മാത്രമല്ല. സഭയെ പ്രതിനിധീകരിച്ചു ഒന്നോ ഒന്നിലധികമോ പുരുഷന്മാരിരിക്കുകയും ഒരു പുരുഷൻ അദ്ധ്യക്ഷനായിരിക്കുകയും ചെയ്യുമ്പോൾ അവിടെ സഹോദരിമാർ സംസാരിക്കുന്നത് അനുചിതമാണ്.

## സോദരിസമാജം സഭയായി നടത്തുന്നതെങ്കിൽ:

സോദരിസമാജം നോട്ടീസുകൾ സഭയിലെ ഉത്തരവാദിത്തപ്പെട്ടവരായിരിക്കണം ഒപ്പിട്ടു സഭകളെയും സഹോദരിമാരെയും അറിയിക്കേണ്ടത്. അവിടെ അദ്ധ്യക്ഷനായിരിക്കേണ്ടത് സഭാശുശ്രൂഷകനോ സുവിശേഷകനോ ആയിരിക്കണം എന്നു മാത്രമല്ല വചനത്തിൽ നിന്നു സംസാരിക്കേണ്ടുന്നതും അവർ തന്നെ ആയിരിക്കണം. അതായത് അവിടെ സഹോദരിമാർ വചനം വിഭാഗിക്കുന്നതോ പ്രബോധനങ്ങൾ പറയുന്നതോ ഉചിതമല്ല.

(DOCTRINAL TRUTHS *by Samson Henry, Kollam*)

## സോദരിസമാജം സഹോദരിമാർ നടത്തുന്നുവെങ്കിൽ :

ഇക്കാലങ്ങളിൽ നടത്തപ്പെടുന്ന സോദരി സമാജവും സഹോദരിമാരുടെ കൂടിവരവുകളും സഹോദരിമാരാൽ ചുമതലയേൽപ്പിക്കപ്പെട്ട ഒരു സഹോദരി, സെക്രട്ടറി എന്ന പേരിൽ യോഗത്തിന്റെ നോട്ടീസു തയ്യാറാക്കി, ഒപ്പിട്ടു, സഹോദരിമാരെ ക്ഷണിക്കുന്നു. പ്രസ്തുത നോട്ടീസിൽ സഭയ്ക്കുവേണ്ടി സഭാശുശ്രൂഷകനോ മൂപ്പന്മാരോ ഒപ്പിടുന്നില്ല. ആയതിനാൽ സഭയായിട്ടു നടത്തുന്നതെന്നു പറയുവാൻ കഴിയുകയില്ല. അതായത് സഹോദരിമാർ അവർക്കായി വിളിച്ചു കൂട്ടുന്ന ഒരു യോഗം. ഇപ്രകാരം സഹോദരിമാരാൽ വിളിച്ചു ചേർക്കപ്പെടുന്ന യോഗങ്ങളിൽ സഹോദരിമാരാരെങ്കിലും അദ്ധ്യക്ഷയായിരിക്കുന്നതിലും, വചനം സംസാരിക്കുന്നതിലും, കാര്യപരിപാടികൾ ആലോചിക്കുന്നതിലും സഹോദരിമാർക്കു മാത്രമുള്ള ആത്മീകശുശ്രൂഷ എന്ന നിലയിൽ അഭംഗിയില്ല. സഹോദരിമാർ വിളിച്ചു ചേർത്ത യോഗങ്ങളുടെ നടത്തിപ്പിനായി സഭാഹാൾ ഉപയോഗിക്കുന്നു എന്ന കാരണത്താൽ സഭാശുശ്രൂഷകൻ തന്നെയായിരിക്കണം അദ്ധ്യക്ഷൻ എന്ന നിഗമനത്തിനു പ്രസക്തിയില്ല. ഇപ്രകാരമുള്ള യോഗങ്ങളിൽ സഹോദരൻ അദ്ധ്യക്ഷനായിരുന്നാൽ സഹോദരിമാർ വചനത്തിൽ നിന്നു സംസാരിക്കുന്നതു ഉചിതമല്ല.

സഹോദരന്മാർ അദ്ധ്യക്ഷനായിരിക്കുന്ന യോഗങ്ങളിൽ സഹോദരിമാർക്കു പ്രാർത്ഥനാവിഷയങ്ങളും സാക്ഷ്യങ്ങളും പറയാം. പ്രസംഗത്തിനോ, പ്രബോധനത്തിനോ, ഉപദേശങ്ങൾക്കോ ദൈവവചനം അനുവദിക്കുന്നില്ല. അപ്രകാരം തിരുവചനത്തിൽ നിന്നു പ്രബോധിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന സഹോദരിമാരും, അതു അനുവദിക്കുന്ന സഭയും അദ്ധ്യക്ഷനായ സഹോദരനും ഒരുപോലെ ദൈവകല്പന നിസ്സാരമാക്കുകയാണ്.

ഏറെ വചനനിശ്ചയവും, ആത്മീകപ്രാഗത്ഭ്യവുമുള്ള സഹോദരിമാർ നമ്മുടെ ഇടയിലുണ്ടെന്നതിൽ ദൈവത്തെ സ്തുതിക്കാം. *വിശുദ്ധന്മാരുടെ സർവ്വസഭകളിലും സ്ത്രീകൾ മൗനമായിരിക്കട്ടെ* എന്നു ദൈവവചനം പ്രഖ്യാപിക്കുമ്പോൾ സഹോദരിമാർ മാത്രം നടത്തുന്ന യോഗങ്ങൾ വിശേഷാൽ അവർതന്നെ വിളിച്ചു കൂട്ടുന്ന യോഗങ്ങൾ അവർക്കുതന്നെ വിട്ടു കൊടുക്കുന്നതാണ് വചനാനുസരണവും, അഭികാമ്യവും, ഉചിതവും.

= = = = = = = ***Amen*** = = = = = = =

(DOCTRINAL TRUTHS *by Samson Henry, Kollam*)

# അദ്ധ്യായം – 14

## സഭയുടെഅടിസ്ഥാനഉപദേശസത്യങ്ങൾ

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച്, പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു, വീണ്ടും ജനനം പ്രാപിച്ചവരുടെ കൂട്ടമാണ് സഭ. അതായത് ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം. പുതിയനിയമത്തിൽ ആദ്യമായി സഭയെകുറിച്ചു രേഖപ്പെടുത്തിയിരിക്കുന്ന വാക്യത്തിൽ യേശുകർത്താവ് പറഞ്ഞു—മത്തായി.16:18 –*"ഞാൻ എന്റെ സഭയെ പണിയും."* ഈ പ്രസ്താവന അർത്ഥമാക്കുന്നത്: *(1) സഭ യേശുക്രിസ്തുവിന്റേതാണ് (2) സഭയെ പണിയുന്നതും കർത്താവാണ്.* മറ്റൊരുവാക്യം- അപ്പൊ.2:47 – *"കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തു കൊണ്ടിരുന്നു."* ഈ വാക്യത്തിൽ കാണുന്നത്: *(1) സഭയിൽ അംഗങ്ങളെ ചേർക്കുന്നത് കർത്താവാണ്. (2) സഭയിൽ ചേരുവാനുള്ള യോഗ്യത രക്ഷിക്കപ്പെടുക എന്നതാണ്.* സ്വർഗ്ഗാരോഹണം ചെയ്ത യേശുക്രിസ്തു (അപ്പൊ.1:11) വാഗ്ദത്തപ്രകാരം ഭൂമിയിലേക്കു പരിശുദ്ധാത്മാവെന്ന കാര്യസ്ഥനെ അയെക്കുന്നു (അപ്പൊ.2). ഈ വക്രതയും കോട്ടവുമുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ (അപ്പൊ.2:40) എന്ന പത്രൊസ് അപ്പൊസ്തലന്റെ പരിശുദ്ധാത്മനിറവിലുള്ള ആഹ്വാനത്തിൽ മൂവായിരത്തോളം പേർ രക്ഷിക്കപ്പെട്ടു. അങ്ങനെ രക്ഷിക്കപ്പെട്ടവരെ ചേർത്തു കർത്താവ്, ക്രിസ്തുവിന്റെ മണവാട്ടിസഭ അഥവാ പുതിയനിയമസഭെക്കു ആരംഭം കുറിച്ചു. ആരംഭകാലവിശ്വാസികൾ പിൻപറ്റിയ ഉപദേശങ്ങൾ അപ്പൊ.2:41,42 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സഭയുടെ അടിസ്ഥാനോപദേശസത്യങ്ങൾ എന്നു പറയുവാൻ സാധിക്കുന്ന ഏഴ് പ്രമാണങ്ങൾ ഈ വാക്യങ്ങളിൽ കാണുന്നു.

**അപ്പൊ.2:41,42 — "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു."**

**ഏഴു അടിസ്ഥാന ഉപദേശങ്ങൾ — (അപ്പൊ.2:41,42)**

| | | |
|---|---|---|
| 1 | അവന്റെ വാക്കു കൈക്കൊണ്ടവർ | **രക്ഷ** |
| 2 | സ്നാനം ഏറ്റു | **സ്നാനം** |
| 3 | മൂവായിരത്തോളംപേർ അവരോടു ചേർന്നു | **വേർപാട്** |
| 4 | അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു | **വചനപഠനം** |
| 5 | കൂട്ടായ്മ ആചരിച്ചു | **കൂട്ടായ്മ** |
| 6 | അപ്പം നുറുക്കി | **കർത്തൃമേശ** |
| 7 | പ്രാർത്ഥന കഴിച്ചും പോന്നു | **പ്രാർത്ഥന** |

ഏഴുപ്രമാണങ്ങളും നമ്മുടെ കർത്താവ് പഠിപ്പിച്ചിട്ടുള്ളതും, അപ്പൊസ്തലന്മാർ അനുസരിച്ച് മാതൃക കാണിച്ചു തന്നിട്ടുള്ളതും, ലേഖനങ്ങളിൽ ഉപദേശമായി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ഏഴു പ്രമാണങ്ങളും ദൈവസഭയുടെ അടിസ്ഥാനോപദേശസത്യങ്ങളായി നിലകൊള്ളുന്നു.

## **രക്ഷ** (SALVATION)

**രക്ഷ** അർത്ഥമാക്കുന്നത് ***പാപത്തിന്റെ ശിക്ഷയിൽ നിന്നും, ശക്തിയിൽ നിന്നും, സാന്നിദ്ധ്യത്തിൽ നിന്നുമുള്ള വിടുതൽ*** എന്നാണ്. *“ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു”* (റോമ.3:23) എന്നു തിരുവചനം പ്രഖ്യാപിക്കുന്നു. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപം മൂലം ദൈവികകൂട്ടായ്മയിൽ നിന്നകന്നു പാപിയായി, ദൈവ തേജസ്സു നഷ്ടപ്പെടുത്തി. പാപത്തിനുള്ള ദൈവശിക്ഷ നിത്യമരണ വും, നിത്യനരകവാസവുമാണ്. — *“ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ ......”* (എ ബ്രാ.9:27). *“ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും”* (വെളി.20:15). ന്യായവിധിയിൽ നിന്നും, ശിക്ഷാവിധിയിൽ നിന്നും, നിത്യനരകാഗ്നിയിൽ നിന്നും മനു ഷ്യനെ വിടുവിച്ചു നിത്യജീവൻ നൽകുവാൻ ദൈവം ഒരു മാർഗ്ഗം ഒരുക്കി. *“തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു”* (യോഹ.3:16). രക്ഷയും നിത്യജീവനും ഒരുവൻ ദൈവപുത്രനായ യേശുക്രിസ്തു വിൽ വിശ്വസിക്കുമ്പോൾ അനുഭവിക്കുന്നു.

യേശുക്രിസ്തു ദൈവമാണ്, ലോകരക്ഷകനാണ്. **"ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു."** (1.തിമൊ.1:15). യേശുക്രിസ്തുവിന്റെ വരവിന്റെ ഉദ്ദേശ്യം, പാപികളായ മനുഷ്യ വർഗ്ഗത്തെ മുഴുവൻ രക്ഷിക്കുക എന്നതാണ്. *"കാലം തികഞ്ഞു; ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെട്ടു സുവിശേഷ ത്തിൽ വിശ്വസിപ്പിൻ"* (മർക്കൊ.1:15) — എന്ന ആഹ്വാനത്തോടെ ദൈവപുത്രനായ യേശുക്രിസ്തു മനുഷ്യന്റെ രക്ഷണ്യവേലകൾക്കു ആരംഭം കുറിച്ചു. മനുഷ്യനു അപ്രാപ്യമായ ദൈവരാജ്യത്തിന്റെ കവാടം തുറക്കുന്നതാണ് ഈ സുവിശേഷം. അതുപോലെതന്നെ നരകവും നരകശിക്ഷയും യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മാറി അകലുന്നു. വിശ്വസിക്കുന്നവർക്കു ദൈവരാജ്യം അവകാശ മാക്കുവാൻ തക്കവണ്ണം ഈ രക്ഷ യേശുക്രിസ്തുവിലൂടെ സമീപ സ്ഥമായി. പാപത്തിന്റെ ബന്ധനത്തിൽ നിന്നു വിടുതലും, പാപത്തിൽ നിന്നു അകന്നു ദൈവവഴികളിൽ വിശുദ്ധിയുള്ളവരായി നടക്കുവാ നുള്ള ശക്തിയും നൽകി, സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹ ങ്ങളും അവകാശമാക്കുവാൻ ദൈവം ഒരുക്കിയ മഹത്വസ മ്പൂർണ്ണമായ പരിപാടിയാണ് ആത്മരക്ഷ. ഈ രക്ഷ ദൈവകൃപ യിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ദൈവത്തിൽ നിന്നും അർഹത യില്ലാതെ മനുഷ്യനു ദാനമായി ലഭിക്കുന്ന കരുണയാണ് ദൈവകൃ പ. അതായത് മനുഷ്യൻ പാപിയായിരുന്നപ്പോൾ, ദൈവത്തെ സ്നേഹിക്കാതിരുന്നപ്പോൾ, ദൈവികതേജസ്സും കൂട്ടായ്മയും നഷ്ട പ്പെടുത്തി ദൈവത്തിൽ നിന്നും അകന്നു ജീവിച്ചപ്പോൾ, മനുഷ്യനെ നിത്യമരണത്തിൽ നിന്നും രക്ഷിക്കുവാനായി ഒരുക്കിയ വഴിയാണ് ദൈവകൃപ.

പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഈ രക്ഷണ്യവേ ലയിൽ പങ്കുവഹിക്കുന്നു. GRACE (കൃപ) എന്ന ഇംഗ്ളീഷ് പദ ത്തിലെ ഓരോ അക്ഷരത്തിനും ഒരു ദൈവദാസൻ കൊടുത്തിരി ക്കുന്ന വിപുലീകരണം നോക്കുക — **GRACE** —> **G**od's **R**iches **A**t **C**hrist's **E**xpense (യേശുക്രിസ്തുവിന്റെ ചെലവിൽ ദൈവത്തിന്റെ ധനം).

ദൈവത്തിന്റെ മഹിമാധനം യേശുക്രിസ്തുവിലൂടെ പാപി കളായ മനുഷ്യരിലേക്കു ഒഴുകിയതാണ് കൃപ. പിതാവായ ദൈവം രക്ഷയ്ക്കുള്ള വഴി ഒരുക്കി ദൈവകൃപ പ്രദർശിപ്പിച്ചു, യേശുക്രി

സ്തുവാകുന്ന ദൈവപുത്രൻ മനുഷ്യനായി ഈ ലോകത്തിൽ വന്നു സ്വന്തരക്തത്താൽ കാൽവറിയിലെ യാഗമരണത്തിലൂടെ വീണ്ടെടുപ്പു പ്രാവർത്തികമാക്കി പാപികളായ മനുഷ്യർക്കു സ്വർഗ്ഗകവാടം തുറന്നു തന്നു. പരിശുദ്ധാത്മാവു പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, പാപികൾക്കു വരുവാൻ പോകുന്ന ദൈവന്യായവിധിയെക്കുറിച്ചും ബോധം വരുത്തി അവരെ രക്ഷ അവകാശമാക്കുവാൻ സഹായിക്കുന്നു.

കൃപയാലുള്ള രക്ഷയെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്ന ചില വാക്യങ്ങൾ ശ്രദ്ധിക്കുക —

—> **എഫെ.2:8** — *"കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു."*

—> **1.തിമൊ.1:15** — *"ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ."*

—> **അപ്പൊ.4:12**— *"മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല."*

—> **തീത്തൊ.2:11** — *"സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ."*

—> **മത്താ.1:21** — *"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം."*

—> **യോഹ.3:16** — *"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."*

—> **യോഹ.1:12** — *"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു."*

—> **യോഹ.3:3—***"ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു."*

—> **യോഹ.3:18 —***"അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു."*

—> **യോഹ.5:24—***"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു."*

—> **യോഹ.11:25,26 –** *"യേശു അവളോടു: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല."*

—> **റോമ.8:1 —***"അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരുശിക്ഷാവിധിയും ഇല്ല."*

—> **എബ്രാ.7:25 —***"അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു."*

പാപികളും, ദോഷികളും, ദൈവത്തെ സ്നേഹിക്കാത്തവരും, നിത്യമരണത്തിനു വിധിക്കപ്പെട്ടവരുമായ മനുഷ്യവർഗ്ഗത്തെ കരുണാസമ്പന്നനായ ദൈവം സ്നേഹിച്ചു, അവരെ രക്ഷിച്ചു വീണ്ടെടുത്തു ദൈവമക്കളും സ്വർഗ്ഗത്തിനു അവകാശികളുമാക്കുവാൻ ദൈവം ഒരുക്കിയ മാർഗ്ഗമാണ് രക്ഷ അഥവാ വീണ്ടെടുപ്പ്. മനുഷ്യനെ വീണ്ടെടുക്കുവാനായി ദൈവപുത്രനായ യേശുക്രിസ്തു മനുഷ്യനായി, മനുഷ്യന്റെ ചാർച്ചക്കാരനായി ലോകത്തിൽ വന്നു. കാൽവറിക്രൂശിൽ നടന്ന സ്വന്തശരീരയാഗത്താൽ എന്നേക്കുമുള്ള വീണ്ടെടുപ്പു നിവർത്തിയാക്കി. ഇന്നു യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പാപമോചനവും വീണ്ടെടുപ്പും, നിത്യജീവനും ലഭിക്കുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

**പാപികളായ മനുഷ്യവർഗ്ഗത്തിനു ഏതിൽ നിന്നൊക്കെയാണ് വീണ്ടെടുപ്പു ലഭിച്ചത്?**

(1) സങ്കീ.25:22 — സകല കഷ്ടങ്ങളിൽ നിന്നും

(2) സങ്കീ.40:2 — നാശകരമായ കുഴിയിൽ നിന്നും

(3) സങ്കീ.49:15 — പാതാളത്തിന്റെ അധികാരത്തിൽ നിന്നും

(4) സങ്കീ.72:14 — പീഡയിൽ നിന്നും, സാഹസത്തിൽ നിന്നും

(5) സങ്കീ.103:4 — ജീവനെ നാശത്തിൽ നിന്നും

(6) സങ്കീ.106:10 — പകയന്റെയും, ശത്രുവിന്റെയും കയ്യിൽ നിന്നും

(7) സങ്കീ.130:8 — സകല അകൃത്യത്തിൽ നിന്നും

(8) ഉല്പ.48:16 — സകല ദോഷങ്ങളിൽ നിന്നും

(9) ഹോശേ.13:14 — മരണത്തിൽ നിന്നും

(10) റോമ.6:22 — പാപത്തിന്റെ അടിമത്വത്തിൽ നിന്നും

(11) ഗലാ.1:3 — ദുഷ്ടലോകത്തിൽ നിന്നും

(12) ഗലാ.3:13 — ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും

(13) ഗലാ.4:5 — ന്യായപ്രമാണത്തിന്റെ അടിമത്വത്തിൽ നിന്നും

(14) തീത്തൊ.2:14 — സകല അധർമ്മത്തിൽ നിന്നും

## രക്ഷിക്കപ്പെടുന്നതെങ്ങനെ അഥവാ വീണ്ടും ജനിക്കുന്ന തെങ്ങനെ? —

മനുഷ്യർ പാപികളും, ദോഷികളും ദൈവത്തിൽ നിന്നും അകന്നു ജീവിക്കുന്നവരും ആണ്. ജന്മനാ പാപികളായിരിക്കുന്നു. പാപികൾക്കു ലഭിക്കുന്ന ശിക്ഷയാണ് നിത്യമരണം. അതിൽ നിന്നും വിടുതൽ ലഭിപ്പാൻ യേശുക്രിസ്തുവിലൂടെ ഒരുക്കിയിരിക്കുന്ന നിത്യജീവൻ പ്രാപിക്കണം. ഇതിനായി മാനസാന്തരവും പുതുജനനവും ആവശ്യമാണ്. പാപത്തിന്റെ ഭയങ്കരത്വവും ശിക്ഷയും മനസ്സിലാക്കിമാനസാന്തരപ്പെടണം. പാപത്തെ വിട്ടു ക്രിസ്തുവിൽ സമ്പൂർണ്ണമായി സമർപ്പിക്കുന്നതാണ് മാനസാന്തരം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പുതിയ സൃഷ്ടി ആകുന്നതാണ് പുതുജനനം. അതായത് — ***പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ ലഭിക്കുന്ന അനുഭവമാണ് പുതുജനനം.***

വീണ്ടും ജനിക്കുന്നതിനുള്ള തിരുവചനഭാഗങ്ങൾ ക്രമമായി താഴെ കൊടുത്തിരിക്കുന്നു.

**1. അംഗീകരിക്കുക** (Approve ) — ഒരുവൻ പാപിയാണെന്ന വസ്തുത മനസ്സിലാക്കി അംഗീകരിക്കുക. സകലരും പാപികളാണെന്നു ദൈവവചനം പ്രസ്താവിക്കുന്നു. ആദാമിന്റെ ലംഘനത്താലാണ് ശിക്ഷാവിധി ഉണ്ടായത്.

> ***റോമ.3:23*** — *"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു."*

> ***റോമ.5:18*** — *" അങ്ങനെ ഏകലംഘനത്താൽ സകലമനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏകനീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു."*

**2. മാനസാന്തരപ്പെടുക/ പശ്ചാത്തപിക്കുക** (Repent) — പാപത്തിനു ശിക്ഷയുണ്ട്.

> ***റോമ.6:23*** —*"പാപത്തിന്റെ ശമ്പളം മരണമത്രേ."*

> ***ലൂക്കൊ.13:3*** —*"അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചുപോകും."*

> ***അപ്പൊ.3:19*** —*"ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ."*

**3. പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക** (Forsake) —

> ***യെശ.55:7***—*"ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ അവനോടു കരുണ കാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും."*

> ***1.യോഹ.1:9*** -*''നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."*

**4. വിശ്വസിക്കുക** (Believe) —

> ***യോഹ.3:16*** —*"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."*

> ***അപ്പൊ.16:31*** —*"കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും."*

*> **യോഹ.1:12** — "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു."*

*> **1.യോഹ.1:7**— "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."*

**5. <u>പ്രാപിച്ചെടുക്കുക</u>** ( Receive / Accept ) —

*> **റോമ.10:9,10** — "യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായികൊണ്ടു രക്ഷെക്കായി ഏറ്റുപറകയും ചെയ്യുന്നു."*

**രക്ഷയിൽ അടങ്ങിയിരിക്കുന്ന വിവിധ കാര്യങ്ങൾ —**

1. പുതുജനനം — യോഹ.3:3/ യോഹ.1:12,13.
2. നിത്യജീവൻ — യോഹ.3:16
3. മാനസാന്തരം— അപ്പൊ.17:30/ യെശ.45:22/ 2.പത്രൊ3:9
4. പാപമോചനം — യെശ.43:25/ അപ്പൊ.10:43 / എബ്രാ.8:12/ എബ്രാ.10:17
5. വീണ്ടെടുപ്പ് — എഫെ.1:7/ 1.പത്രൊ.1:18,19/ 1.കൊരി.1:30/ റോമ.3:24/ എബ്രാ.9:12
6. നീതീകരണം — റോമ.5:1,9/ റോമ.8:30/ റോമ.3:24
7. വിശുദ്ധീകരണം — എബ്രാ.10:10/ യോഹ.15:3/ യോഹ.17:17/ എഫെ.5:26/ 1.യോഹ1:7
8. തേജസ്കരണം — റോമ.8:30/ 1.കൊരി.15:43
9. സ്വാതന്ത്ര്യം — ഗലാ.5:1,2/ ഗലാ.2:4/ യോഹ.8:32,36/ റോമ.8:2/ 2.കൊരി.3:17.
10. വിവാഹനിശ്ചയം — 2.കൊരി.11:2.
11. സമാധാനം — റോമ.5:1 /റോമ.8:1/എഫെ.2:14
12. പൗരത്വം — ഫിലി.3:20/ എഫെ.2:19.
13. നിരപ്പ് — എഫെ.2: 3 -16/ കൊലൊ.1:22,23.
14. രക്ഷ നിത്യം — റോമ.8:38,39
15. ദൈവമക്കൾ— യോഹ.1:12/ 1.യോഹ.3:2
16. പുത്രത്വം — ഗലാ.4:5,7/ റോമ.8:15.
17. അവകാശം/കൂട്ടവകാശം— റോമ.8:17/ ഗലാ4:7/ എഫെ.3:6/ 1.പത്രൊ.3:7.

## രക്ഷയുടെ ഭദ്രത

യേശുക്രിസ്തുവിൽ വിശ്വസിച്ചു വീണ്ടും ജനനം പ്രാപിക്കുന്ന ദൈവമക്കൾക്കു നിത്യജീവൻ ലഭിക്കുന്നു. ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ടു, നീതീകരണവും, ശുദ്ധീകരണവും, വീണ്ടെടുപ്പും ലഭിച്ചവർക്കു നിത്യമരണമോ നിത്യശിക്ഷാവിധിയോ ഇല്ല. കാരണം അവരെ ദൈവം ഒരിക്കലും കൈവിടുകയില്ലെന്നതു തന്നേ. മാത്രവുമല്ല കൃപയാലുള്ള രക്ഷ നഷ്ടപ്പെട്ടു വീണ്ടും പിശാചിന്റെ മകനാകുന്നതുമില്ല. രക്ഷിക്കപ്പെടുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവമായിത്തീരുന്നു. പിന്നീട് ഒരിക്കലും രക്ഷിക്കപ്പെട്ട ഒരു ദൈവ പൈതലിനെ ക്രിസ്തുവിൽ നിന്നു വേർപെടുത്താൻ കഴിയുകയില്ല. കൃപയാലുള്ള രക്ഷ ഒരിക്കലും നഷ്ടപ്പെടുകയില്ല. ദൈവകൃപയാൽ നാം രക്ഷിക്കപ്പെട്ടു; ഇപ്പോൾ നാം നിൽക്കുന്നതും കൃപയാലാണ്; പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുകയാണ്. ഇതാണ് കൃപയാലുള്ള രക്ഷയുടെ ഭദ്രത.

രക്ഷയുടെ ഭദ്രതയെ കുറിക്കുന്ന വാക്യങ്ങൾ —

> **യോഹ.5:24** — *"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു."*

> **യോഹ.6:39** —*"അവൻ എനിക്കു തന്നതിൽ ഒന്നും ഞാൻ കളയാതെ എല്ലാം ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കേണം എന്നാകുന്നു എന്നെ അയച്ചവന്റെ ഇഷ്ടം."*

> **യോഹ.6:51** — *"സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും ..."*

> **യോഹ10:26-29** -*''എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരു നാളും നശിച്ചു പോകയില്ല; ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചുപറിക്കയും ഇല്ല. അവയെ തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും വലിയവൻ; പിതാവിന്റെ കയ്യിൽ നിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ല."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**> യോഹ.14:19 —** *"…. ഞാൻ ജീവിക്കുന്നതുകൊണ്ടു നിങ്ങളും ജീവിക്കും."*

**> റോമ.5:2 —** *"നാം നിൽക്കുന്ന ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു."*

**> റോമ.5:10 —** *"ശത്രുക്കളായിരിക്കുമ്പോൾ തന്നേ നമുക്കു അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും"*

**> റോമ.8:30 —** *"മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു."*

**> റോമ.8:33,34 —** *"ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു"* വിശ്വാസികൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും, വിളിക്കപ്പെട്ടവരും, നീതീകരിക്കപ്പെട്ടവരും ആണ്.

**> റോമ.8:35–39 —** *"ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? ……….. മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിക്കാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു."*

**> റോമ.11:29 —** *"ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ചു അനുതപിക്കുന്നില്ലല്ലോ."*

**> 1.കൊരി.1:8 —** *"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാളിൽ കുറ്റമില്ലാത്തവരായിരിക്കേണ്ടതിന്നു അവൻ നിങ്ങളെ അവസാനത്തോളം ഉറപ്പിക്കും."*

**> എഫെ.1:13,14—** *"അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച*

*ക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു."*

**> ഫിലി.1:4 —** *''നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ച വൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു."*

**> 1.തെസ്സ.5:10 —** *"നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിന്നു നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയ മിച്ചിരിക്കുന്നതു."*

**> 1.തെസ്സ.5:23,24 —** *"സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രി സ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ. നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു; അവൻ അതു നിവർത്തിക്കും."*

**> എബ്രാ.6:18 —** *"അങ്ങനെ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിന്നായി ഓടിവന്ന നാം മാറി പ്പോകാത്തതും ദൈവത്തിന്നു ഭോഷ്കു പറവാൻ കഴിയാത്തതു മായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു."* ദൈവത്തിന്റെ വാഗ്ദാനവും ആണയുമാണ് മാറി പ്പോകാത്ത രണ്ടു കാര്യങ്ങൾ. അതായത് ദൈവം മാറുന്നില്ല, ദൈവം ഭോഷ്കു പറയുന്നില്ല. സങ്കേതനഗരത്തിലേക്കു ഓടിച്ചെല്ലുന്ന പാപിക്ക് സങ്കേതനഗരത്തിൽ ഭദ്രതയും ധൈര്യവും ലഭിക്കുന്നതു പോലെ രക്ഷിക്കപ്പെടുന്ന ഒരുവനു കർത്താവിൽ അഭയം ലഭിക്കു ന്നു. കർത്താവിന്റെ പുനരാഗമനമാണ് രക്ഷിക്കപ്പെട്ടവരുടെ ഏറ്റവും വലിയ പ്രത്യാശ.

**> എബ്രാ.7:25 —** *"താൻ മുഖാന്തരമായി ദൈവത്തോടു അടു ക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവ നാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകു ന്നു."*

**> എബ്രാ.10:14 —** *"ഏകയാഗത്താൽ അവൻ വിശുദ്ധീകരി ക്കപ്പെടുന്നവർക്കു സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തി യിരിക്കുന്നു."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**> 1.പത്രൊ.1:4 —** *"അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷെക്കു വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം, എന്നിവ ഇല്ലാത്തതുമായ അവകാശത്തിന്നായി തന്നേ വീണ്ടും ജനിപ്പിച്ചിരിക്കുന്നു."*

**> 1.പത്രൊ.1:23 —** *"കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു."* — രക്ഷ ഭദ്രമാണ് എന്തെന്നാൽ നാം വീണ്ടും ജനിച്ചത് കെടാത്ത ബീജത്താലാണ്.

**> 1.പത്രൊ.5:12 —** *"നിങ്ങൾ ഈ നിൽക്കുന്നതു ദൈവത്തിന്റെ സത്യകൃപയിൽ ആകുന്നു."*

**> യൂദാ. 24,25 —** *"വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവനു, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏകദൈവത്തിനു തന്നേ, സർവ്വകാലത്തിന്നുമുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ. ആമേൻ."*

വിസ്മയനീയമായ ദൈവസ്നേഹവും, ദൈവകൃപയും ഈ വാക്യങ്ങളിൽ കാണുന്നു. ക്രിസ്തു നമുക്കുവേണ്ടി മരിച്ചു; നമുക്കായി ഉയിർത്തെഴുന്നേറ്റു; ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു നമുക്കുവേണ്ടി പക്ഷവാദം കഴിക്കുന്നു.

(1) ക്രിസ്തു മരിച്ചതിനാൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരു പാപിക്കും പാപത്തിന്റെ ശിക്ഷാവിധി എന്നെന്നേക്കുമായി നീക്കപ്പെട്ടു.

(2) ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനാൽ നിത്യമരണത്തിൽ നിന്നു വിടുതൽ ലഭിച്ചു; നിത്യജീവനു അവകാശിയായി. കാരണം മരണത്തിന്മേൽ കർത്താവു ജയോത്സവം കൊണ്ടാടി.

(3) ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരിക്കുന്നതിനാൽ കാൽവറിയിൽ പൂർത്തിയാക്കിയ യാഗത്താൽ രക്ഷയും, വീണ്ടെടുപ്പും പ്രഖ്യാപിക്കുന്നു. *"പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തു ഇരിക്കുന്നു"* (എബ്രാ.1:3).

(4) ക്രിസ്തു ദൈവസന്നിധിയിൽ നമുക്കായി പക്ഷവാദം കഴിക്കുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

വിശ്വാസി പാപം ചെയ്യുവാൻ പാടില്ല. എന്നാൽ ഏതെങ്കിലും കാരണവശാൽ പാപത്തിൽ അകപ്പെട്ടു പോയാൽ, പാപം ഏറ്റു പറഞ്ഞുപേക്ഷിച്ചശേഷം നിരപ്പിനു അപേക്ഷിച്ചാൽ, ദൈവവലഭാഗത്തിരിക്കുന്ന നമ്മുടെ കർത്താവു മൂലം പാപക്ഷമ ലഭിക്കുന്നു. തന്മൂലം വിശ്വാസി പാപം ചെയ്യാനിടയായാൽ തനിക്കു ലഭിച്ച രക്ഷ നഷ്ടപ്പെടാതെ ഭദ്രമായിരിക്കുകയും ശുദ്ധീകരണം ലഭിക്കുകയും ചെയ്യുന്നു. നീതീകരണത്തിന്റെ വ്യവസ്ഥ പരിശോധിച്ചാൽ നമ്മുടെ ഹൃദയം സന്തോഷിക്കുകയും, ദൈവത്തോടുള്ള നന്ദിയാൽ നിറയുകയും ചെയ്യും. ഒരു പാപിയെ ദൈവം നീതീകരിച്ചു ദൈവകുടുംബത്തിലെ അംഗമാക്കിക്കഴിഞ്ഞാൽ അതിനു പിന്നീടു ഒരിക്കലും മാറ്റം വരുന്നില്ല. ദൈവം നമ്മെ ഒരിക്കലും വീണ്ടും കുറ്റാരോപണം നടത്തി പ്രതിക്കൂട്ടിൽ നിറുത്തുകയില്ല. കാരണം യേശുക്രിസ്തു കാൽവറിയിൽ നമ്മുടെ എല്ലാവിധ കുറ്റങ്ങൾക്കും വില കൊടുത്തു കഴിഞ്ഞു. ആയതിനാൽ നാം ക്രിസ്തുവിൽ സുരക്ഷിതരാണ്. **വാഗ്ദത്തങ്ങളിൽ വിശ്വസ്തനും, വാക്കുമാറാത്തവനും, ആയ ദൈവം നൽകിയിരിക്കുന്ന രക്ഷ തന്റെ ദാനവും, കൃപയാലുള്ളതും ആയതിനാൽ തികച്ചും ഭദ്രമാണ്.** കാരണം *"എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങി വരുന്നു. അവന്നു വികാരമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ല" (യാക്കോ.1:17). "വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല" (സംഖ്യാ.23:19).*

## കൃപയാലുള്ള രക്ഷ നഷ്ടപ്പെടുമോ?

കൃപയാലുള്ള രക്ഷ നഷ്ടപ്പെടുകയില്ല. പാപം ചെയ്താൽ രക്ഷ നഷ്ടപ്പെടും എന്നതിനു ഉന്നയിക്കാറുള്ള ചില തിരുവെഴുത്തുകളും അവയുടെ വിശദീകരണവും —

**(1) സങ്കീ.51:12 – "നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ."** —

വിശ്വാസി പാപം ചെയ്താൽ രക്ഷ നഷ്ടപ്പെടുവാൻ കാരണമായിത്തീരുമെന്നതിനു ചിലർ നിരത്തുന്ന വാക്യങ്ങളിലൊന്നാണിത്. എന്നാൽ തിരുവചനം പഠിച്ചാൽ രക്ഷ ഒരിക്കലും നഷ്ടപ്പെടുകയില്ലെന്നു വ്യക്തമായി മനസ്സിലാക്കാം. വിശ്വാസി പാപം ചെയ്യാമോ? പാപം ചെയ്താൽ പ്രതിവിധിയുണ്ടോ? എന്നതിനു യോഹന്നാൻ തന്റെ ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. **1.യോഹ.2:1,2**

—*"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിന്നു മാത്രം അല്ല, സർവ്വലോകത്തിന്റെ പാപത്തിന്നും തന്നേ."* വിശ്വാസികളോടാണ് അപ്പൊസ്തലൻ പറയുന്നത്. വിശ്വാസി പാപം ചെയ്യുവാൻ പാടില്ലെന്നതാണ് ദൈവത്തിന്റെ ആഗ്രഹം. എന്നാൽ നാം പാപം ചെയ്യുവാനുള്ള സാദ്ധ്യതയുണ്ട്. ഒരിക്കൽ വിശ്വാസത്താൽ നീതീകരണവും പാപക്ഷമയും ലഭിച്ചു വിശ്വാസി ദൈവകുടുംബത്തിലെ അംഗമായി. അതായത് ദൈവവും വിശ്വാസിയും പിതാവും മകനും എന്ന ബന്ധത്തിലേക്കു പ്രവേശിച്ചിരിക്കയാണ്. വിശ്വാസജീവിതത്തിൽ പാപത്തിൽ അകപ്പെട്ടു പോയാലും അപ്പോഴും ദൈവം പിതാവാണ്. നമ്മുടെ മക്കൾ തെറ്റുചെയ്യുമ്പോൾ അവരെ ദ്വേഷിച്ചു എന്നേക്കും ഭവനത്തിനു പുറത്താക്കാതെ സ്നേഹത്തോടെ അവരുടെ തെറ്റുകൾക്കു ക്ഷമ നൽകി നേർവഴിയിൽ കൊണ്ടു വരുന്നതുപോലെ സ്വർഗ്ഗീയപിതാവും നമ്മുടെ പാപങ്ങൾക്കു ക്ഷമ നൽകി സത്യപാതയിൽ നടത്തുന്നു. വിശ്വാസി പാപം ചെയ്യുമ്പോൾ പിതാവായ ദൈവവുമായുള്ള കൂട്ടായ്മക്കു തടസ്സം നേരിടുകയും തദ്വാരാ രക്ഷയുടെ സന്തോഷം നഷ്ടപ്പെടുകയും ചെയ്യും. അല്ലാതെ പിതാവും മകനും എന്ന ബന്ധം നഷ്ടപ്പെടുകയോ രക്ഷ നഷ്ടപ്പെടുകയോ ഇല്ല. രക്ഷിക്കപ്പെട്ട ഒരുവൻ പരിശുദ്ധാത്മാവിനെ ദുഖിപ്പിച്ചു കൊണ്ടു ലോകത്തിന്റെ വഴികളിൽ ഒരു ജഡികനെപ്പോലെ തനിക്കു തോന്നിയതുപോലെ നടന്നാൽ ദൈവവുമായുള്ള അവന്റെ കൂട്ടായ്മ ബന്ധത്തിനു മങ്ങലേല്ക്കാം. ദൈവസന്നിധിവിട്ടു ജഡികചിന്തയുമായി ലോകവഴിയിലേക്ക് അല്പനേരം ഇറങ്ങിപ്പോയ ദൈവമകനായ ദാവീദ് അനുതാപത്തിന്റെ വാക്കുകളിൽ ദൈവത്തോട് അപേക്ഷിക്കുകയാണ് --"**നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ.**" പാപത്തിൽ വീണു പോയ ദാവീദിനു രക്ഷ നഷ്ടപ്പെട്ടില്ല; പക്ഷേ രക്ഷയുടെ സന്തോഷത്തിനു മങ്ങലേറ്റു. തദ്വാരാ ദൈവികകൂട്ടായ്മാബന്ധത്തിൽ നിന്നു അകലുവാനിടയായി. അപ്പോഴും ദൈവം തന്റെ ദാസനെ സ്നേഹിച്ചു. താൻ ചെയ്ത പാപത്തെ ഓർത്തു ദൈവത്തോട് അനുതപിച്ചപ്പോൾ വീണ്ടും ദൈവികകൂട്ടായ്മയിലേക്കും, സന്തോഷത്തിലേക്കും ദാവീദ് യഥാസ്ഥാനപ്പെട്ടു.
(DOCTRINAL TRUTHS *by Samson Henry, Kollam*)

**(2) "എന്നോടു പാപം ചെയ്തവന്റെ പേർ ഞാൻ എന്റെ പുസ്തകത്തിൽ നിന്നു മായിച്ചു കളയും." –– പുറ.32:33**

പാപം ചെയ്തവരുടെ പേർ ദൈവത്തിന്റെ പുസ്തകത്തിൽ നിന്നു മായിച്ചു കളയുമെന്നു മോശെയോടു പറഞ്ഞിരിക്കുന്നതിനാൽ രക്ഷിക്കപ്പെടുമ്പോൾ എഴുതിയ പേരു പുസ്തകത്തിൽ നിന്നു മായിച്ചു കളയുമെന്നും, ആയതിനാൽ രക്ഷ നിത്യഭദ്രതയുള്ളതല്ലെന്നും, പാപം ചെയ്താൽ രക്ഷ നഷ്ടപ്പെടുമെന്നും ചിലർ ഈ വാക്യത്തെ ഉദ്ധരിച്ചുകൊണ്ടു വാദിക്കാറുണ്ട്. എന്നാൽ ഇവിടെ പരാമർശിക്കുന്ന പുസ്തകം ജീവപുസ്തകമോ, രക്ഷാപുസ്തകമോ അല്ല; മറിച്ചു ജീവന്റെ അഥവാ ജീവിച്ചിരിക്കുന്നവരുടെ പുസ്തകമാണെന്നു ഈ ഭാഗം പഠിച്ചാൽ മനസ്സിലാകും. ഈ വാക്യമുൾപ്പെട്ട ഭാഗം നോക്കുക —

**പുറ.32:32,33 —** *"എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്നു എന്റെ പേർ മായിച്ചുകളയേണമേ. യഹോവ മോശെയോടു: എന്നോടു പാപം ചെയ്തവന്റെ പേർ ഞാൻ എന്റെ പുസ്തകത്തിൽ നിന്നു മായിച്ചു കളയും."*

വേദപുസ്തകത്തിൽ വിവിധതരത്തിലുള്ള പുസ്തകങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്.

(1) നിയമപുസ്തകം (പുറ.24:7)
(2) ശാപങ്ങളുടെപുസ്തകം (സംഖ്യാ.5:23)
(3) യുദ്ധപുസ്തകം (സംഖ്യാ.21:15)
(4) ന്യായപ്രമാണപുസ്തകം (ആവ.28:58,61)
(5) ശൂരന്മാരുടെപുസ്തകം (യോശു.10:13/2.ശമൂ.1:18)
(6) വൃത്താന്തപുസ്തകം (1.രാജാ.14:19,29, 15:7...)
(7) കണ്ണുനീരിന്റെ പുസ്തകം (സങ്കീ.56:8)
(8) നീതിമാന്മാരുടെ പുസ്തകം (സങ്കീ.69:28)
(9) പാപങ്ങൾ എഴുതുന്ന പുസ്തകം (യെശ.65:6/ യിരെ.17:1)
(10) സത്യഗ്രന്ഥം (ദാനീ.10:21)
(11) സ്മരണപുസ്തകം (മലാ.3:16)
(12) പ്രവചനപുസ്തകം (വെളി.22:19)
(13) തുറന്നപുസ്തകം (വെളി.10:2,8,9,10)
(14) ജീവന്റെ പുസ്തകം (വെളി.20:12/സങ്കീ.69:28/പുറ.32:32,33)
(15) ജീവപുസ്തകം (ഫിലി.4:3/വെളി.3:5/13:8/17:8/20:15/21:27).

(DOCTRINAL TRUTHS *by Samson Henry, Kollam*)

മോശെ സീനായ്പർവ്വതത്തിൽ യഹോവയുടെ സന്നിധിയിൽ നിന്നു ഇറങ്ങിവരുവാൻ താമസിക്കുന്നുവെന്നു മനസ്സിലാക്കിയ യിസ്രായേൽജനം ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനു യാഗം കഴിച്ചു അതിനെ നമസ്കരിച്ചു. ഫറവോന്റെ അടിമത്വത്തിൽ നിന്നു അവരെ വിടുവിച്ചു, അത്ഭുതകരമായി ചെങ്കടൽ കടത്തി മരുഭൂമിയിൽ പോറ്റിപ്പുലർത്തിയ ദൈവത്തെ അവർ മറന്നു ജീവനുള്ള ദൈവത്തിന്റെ സ്ഥാനത്തു വിഗ്രഹത്തെ പ്രതിഷ്ഠിച്ചാരാധിച്ചു. ഇവരുടെ പാപപ്രവൃത്തി ദൈവകോപത്തിനിടയാക്കി. കാളക്കുട്ടിയെ ആരാധിച്ച പാപം മൂലം ദൈവം അവരെ ജീവിക്കുന്നവരുടെ പുസ്തകത്തിൽനിന്നു നീക്കിക്കളയും അഥവാ കൊന്നുകളയുമെന്നു മോശെയോടു പറഞ്ഞു. എന്നാൽ അവർക്കായി ദൈവസന്നിധിയിൽ മാപ്പപേക്ഷിച്ചുകൊണ്ടു മോശെ പറയുന്നു— *"എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ* (ജീവിക്കുന്നവരുടെ പുസ്തകത്തിൽ*) നിന്നു എന്റെ പേർ മായിച്ചു കളയേണമേ."*

കർത്താവിന്റെ കഷ്ടാനുഭവം, പ്രവചനാത്മാവിൽ ദാവീദിനാൽ എഴുതപ്പെട്ട 69-ാം സങ്കീർത്തനത്തിലും ജീവന്റെ പുസ്തകത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്.

**സങ്കീ.69:28** —*"ജീവന്റെ പുസ്തകത്തിൽ നിന്നു അവരെ മായിച്ചു കളയേണമേ; നീതിമാന്മാരോടുകൂടെ അവരെ എഴുതരുതേ"* (Let them be blotted out of the Book of the living. And not be written with the righteous) എന്നുള്ള പ്രാർത്ഥനയിൽ ദാവീദ് അപേക്ഷിക്കുന്നത്, തന്നെ ക്രൂരമായി ഉപദ്രവിച്ച ശത്രുക്കളെ ജീവിക്കുന്നവരുടെ കൂട്ടത്തിൽ നിന്നു നീക്കേണമേ അഥവാ അവരെ കൊന്നു കളയേണമേ എന്നായിരിക്കാം.

*ജീവന്റെ പുസ്തകം* (Book of the Living) ഭൂമിയിൽ ജീവിച്ചിരിക്കുന്നവരുടെ പുസ്തകവും (കാനേഷുമാരി - Census), *ജീവപുസ്തകം* (Book of Life) രക്ഷിക്കപ്പെട്ടവരുടെ പേരെഴുതിയിരിക്കുന്ന പുസ്തകവുമായി ചിന്തിക്കാം. രക്ഷിക്കപ്പെട്ട സകലരുടെയും പേർ നിത്യജീവൻ ലഭിച്ചവർ എന്ന നിലയിൽ ജീവപുസ്തകത്തിൽ (വെളി.3:5/13:8/17:8/20:15/21:27) എഴുതുന്നു. ജീവപുസ്തകത്തിൽ എഴുതുന്ന പേർ ദൈവം ഒരിക്കലും മായിച്ചു കളകയില്ല.

(3) ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാർ —

പത്തു കന്യകമാരുടെ ഉപമയിൽ ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാർക്കു വിരുന്നുശാലയിൽ മണവാളനോടൊപ്പം പ്രവേശനം ലഭിക്കാതെ തള്ളപ്പെട്ടതിനാൽ, ആത്മരക്ഷയും നഷ്ടപ്പെടുമെന്നു ചിലർ ഇതിനെ അടിസ്ഥാനപ്പെടുത്തി വ്യാഖ്യാനിക്കാറുണ്ട്. കർത്താവിന്റെ മഹത്വപ്രത്യക്ഷതയോടുള്ള കാര്യങ്ങളാണ് മത്തായി 24, 25 അദ്ധ്യായങ്ങളിൽ കാണുന്നത്. ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്ക കൊണ്ടു ഉണർന്നിരിപ്പിൻ എന്നതാണ് ഈ ഉപമയുടെ സന്ദേശം. ആയതിനാൽ രക്ഷ നഷ്ടപ്പെടുമോ ഇല്ലയോ എന്നുള്ള കാര്യങ്ങൾ വിശദീകരിക്കുന്ന ഭാഗമല്ലിത്. ഉപമയുടെ പശ്ചാത്തലം കർത്താവിന്റെ മഹത്വപ്രത്യക്ഷതയോടു ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും ഒരുങ്ങിയിരിക്കണമെന്ന മുന്നറിയിപ്പ് നൽകുന്ന സന്ദേശം ആത്മരക്ഷയോടുള്ള ബന്ധത്തിൽ വിചിന്തനം ചെയ്യുന്നത് നല്ലതാണ്. പത്തുകന്യകമാരുടെ ഉപമ നോക്കുക —

*"സ്വർഗ്ഗരാജ്യം മണവാളനെ എതിരേൽപ്പാൻ വിളക്കു എടുത്തും കൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം ആകും. അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്കു എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവരോ വിളക്കോടു കൂടെ പാത്രത്തിൽ എണ്ണയും എടുത്തു. പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കം പിടിച്ചു ഉറങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതിരേൽപ്പാൻ പുറപ്പെടുവിൻ എന്നു ആർപ്പു വിളി ഉണ്ടായി. അപ്പോൾ കന്യകമാർ എല്ലാവരും എഴുന്നേറ്റു വിളക്കു തെളിയിച്ചു. എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോടു: ഞങ്ങളുടെ വിളക്കു കെട്ടു പോകുന്നതു കൊണ്ടു നിങ്ങളുടെ എണ്ണയിൽ കുറേ തരുവിൻ എന്നു പറഞ്ഞു. ബുദ്ധിയുള്ളവർ: ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വില്ക്കുന്നവരുടെ അടുക്കൽപോയി വാങ്ങിക്കൊൾവിൻ എന്നു ഉത്തരം പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യെക്കു ചെന്നു; വാതിൽ അടെക്കയും ചെയ്തു. അതിന്റെ ശേഷം മറ്റേ കന്യകമാരും വന്നു: കർത്താവേ, കർത്താവേ ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞു. അതിന്നു അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു*

*പറഞ്ഞു.* **ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്ക കൊണ്ടു ഉണർന്നിരിപ്പിൻ"***(മത്താ.25:1–13).*

കർത്താവിന്റെ പുനരാഗമനത്തിന് രണ്ടു ഘട്ടങ്ങളുണ്ട്. ഒന്നാമത്തേത് ഉത്പ്രാപണം (Rapture); രണ്ടാമത്തേത് മഹത്വപ്രത്യക്ഷത (Glorification). ഉത്പ്രാപണത്തെ രഹസ്യപ്രത്യക്ഷത എന്നും മദ്ധ്യാകാശത്തിലെ വരവെന്നും അറിയപ്പെടുന്നു. മഹത്വപ്രത്യക്ഷത, ക്രിസ്തു തന്റെ സഭയുമായി സഹസ്രാബ്ദ വാഴ്ചയ്ക്കു ഭൂമിയിലേക്കു വരുന്നതിനെ കുറിക്കുന്നു. കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവ് തന്റെ സഭയെ (കാന്ത) ചേർത്തുകൊള്ളാനുള്ള വരവാണ്. ആ വരവ് തന്റെ കാന്തയല്ലാതെ മറ്റാരും അറിയുകയില്ല. അതുകൊണ്ടാണ് ഈ വരവിനെ കർത്താവിന്റെ രഹസ്യപ്രത്യക്ഷത എന്നു പറയുന്നത്. സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടശേഷം ഭൂമിയിൽ ഏഴു വർഷം പീഡനകാലമായിരിക്കും. അന്നു അന്തിക്രിസ്തുവും കള്ളപ്രവാചകനും ഭൂമിയിൽ വാഴ്ച നടത്തും. അന്തിക്രിസ്തുവിന്റെ ഭരണകാലത്ത് 21 ദൈവീകന്യായവിധികൾ ഭൂമിയിൽ അരങ്ങേറും. ഏഴുവർഷ പീഡനകാലത്തിന്റെ അന്ത്യത്തിൽ ക്രിസ്തു തന്റെ സഭയുമായി സഹസ്രാബ്ദവാഴ്ചക്കായി ഭൂമിയിലേക്കു വരും.

### ആത്മരക്ഷയോടുള്ള ബന്ധത്തിൽ പത്തു കന്യകമാരുടെ ഉപമ ചിന്തിച്ചാൽ —

ഉപമയിൽ പത്തു കന്യകമാരാണ് മണവാളനെ എതിരേൽപ്പാനായി വരുന്നത്. പത്തുപേരും കന്യകമാരാണ്; ഒരുപോലുള്ള വസ്ത്രം ധരിച്ചിരിക്കുന്നവരാണ്. പത്തുപേരുടെയും കയ്യിൽ വിളക്കുമുണ്ട്. എന്നാൽ ഒരു വ്യത്യാസം മാത്രം. അഞ്ചു പേർ വിളക്കിൽ എണ്ണ കരുതിയിരുന്നില്ല. അവരാണ് കൈവിടപ്പെട്ടത്.

ബുദ്ധിയുള്ളവർ വിളക്കോടു കൂടെ പാത്രത്തിൽ എണ്ണയും എടുത്തു. വിളക്കു അഥവാ വെളിച്ചം ദൈവവചനത്തെയും, (സങ്കീ.119:105/സദൃ.6:23) എണ്ണ പരിശുദ്ധാത്മാവിനെയും കുറിക്കുന്നു. ഒരുവൻ രക്ഷിക്കപ്പെടുന്നത് പാപങ്ങളെ കഴുകി ശുദ്ധീകരിക്കുന്ന ദൈവവചനമാകുന്ന സുവിശേഷത്താലും, പരിശുദ്ധാത്മാവിനാലുമാണ് (യോഹ.3:5/യോഹ.16:8). ഇന്നത്തെ ക്രിസ്തീയ സമൂഹത്തിൽ അനേകരുടെ കൈവശം വിളക്കാകുന്ന സത്യവചനം ഉണ്ടെങ്കിലും അവർ തങ്ങളെത്തന്നെ പരിശുദ്ധാത്മാവിനു സമർപ്പിക്കപ്പെടാത്തവരാകയാൽ രക്ഷിക്കപ്പെടുന്നില്ല (അപ്പൊ.7:51). അതാ

യത് അവരുടെ പക്കൽ വിളക്കുണ്ട്; പക്ഷേ എണ്ണ ശരീരമാകുന്ന മൺപാത്രത്തിൽ കരുതുന്നില്ല. തിരുവചനങ്ങൾ ധാരാളം അറിയാമെങ്കിലും പരിശുദ്ധാത്മാവിനു കീഴ്പ്പെട്ടു യേശുക്രിസ്തുവുമായി വ്യക്തിപരമായി ബന്ധമില്ലാത്തതിനാൽ അവർക്കു ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം നിഷേധിക്കപ്പെടുന്നു. വിളക്കോടുകൂടെ പാത്രത്തിൽ എണ്ണ ശേഖരിക്കാത്തവർ സത്യനമസ്കാരികൾ മാത്രമാണ്. ആത്മാവിലും സത്യത്തിലും നമസ്കരിക്കുവാൻ വഴിയൊരുക്കുന്നത് രക്ഷിക്കപ്പെടുമ്പോൾ മാത്രമാണ് (യോഹ.4:23,24).

ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോടു: ഞങ്ങളുടെ വിളക്കു കെട്ടു പോകുന്നതു കൊണ്ടു നിങ്ങളുടെ എണ്ണയിൽ കുറേ തരുവിൻ എന്നുപറഞ്ഞു. എന്നാൽ *"ബുദ്ധിയുള്ളവർ: ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വില്കുന്നവരുടെ അടുക്കൽപോയി വാങ്ങിക്കൊൾവിൻ എന്നു ഉത്തരം പറഞ്ഞു."* — ബുദ്ധിയുള്ള കന്യകമാർ എണ്ണ നേരത്തേ വാങ്ങിയവരാണ്. ദൈവത്തിനല്ലാതെ ഭൂമിയിൽ മറ്റാർക്കും പരിശുദ്ധാത്മാവാകുന്ന എണ്ണ കൊടുക്കുവാൻ കഴിയുകയില്ല (യോഹ.14:16/യോഹ15;26/യോഹ.16:7/അപ്പൊ.2:33). വാങ്ങാൻ സ്വമനസ്സാലെ ചെല്ലുന്ന ആവശ്യക്കാരന് വിൽപ്പനക്കാരനായ ദൈവം ഇതു സൗജന്യമായി കൊടുക്കുന്നു (യെശ.55:1-3). ഇതിന്റെ വില മുഴുവനായും കാൽവറിയിൽ സ്വന്തപുത്രനായ യേശുക്രിസ്തു കൊടുത്തു കഴിഞ്ഞതിനാൽ എണ്ണ സൗജന്യമാണ് (റോമ.3:24/എഫെ.1:5,6). വിളക്കു തെളിയിക്കാൻ എണ്ണ ശേഖരിക്കുകയെന്നത് ഓരോരുത്തരുടെയും വ്യക്തിപരമായ ഉത്തരവാദിത്വമാണ്. ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ വ്യക്തിപരമായി കരസ്ഥമാക്കുവാനുള്ളതാണ്. അതു മറ്റാരുമായി പങ്കു വെക്കുവാനോ, പകർന്നു കൊടുക്കുവാനോ സാധിക്കുകയില്ല. ബുദ്ധിയില്ലാത്ത കന്യകമാരെപ്പോലെ, രക്ഷിക്കപ്പെടാതെ പകൽ സമയത്തു ലോകകാര്യങ്ങളിൽ ഉല്ലസിച്ചു നടന്ന ശേഷം കൃപയുടെ വാതിലടയുന്ന സമയത്തു എണ്ണയന്വേഷിച്ചോടിയാൽ ലഭിക്കുകയില്ല.

വിശ്വാസികൾ ഏതു സമയത്തും ഒരുക്കമുള്ളവരായി കർത്താവിന്റെ വരവിനായി കാത്തിരിക്കേണ്ടതിന്റെ ആവശ്യകതയെയും, രക്ഷിക്കപ്പെടാത്ത അവിശ്വാസികൾ തള്ളപ്പെടും എന്നതിനെയും പത്തു കന്യകമാരുടെ ഉപമയിലൂടെ മനസ്സിലാക്കാം. അതേസമയം, രക്ഷ നഷ്ടപ്പെടുമോ ഇല്ലയോ എന്നു വിശദീകരി

ക്കുവാനുള്ളതല്ല പത്തുകന്യകമാരുടെ ഉപമ. രക്ഷ ദൈവത്തിന്റെ ദാനമാണ്; അതു വിശ്വാസത്താൽ ലഭിച്ചതാണ്. ആത്മരക്ഷ ഒരിക്കലും നഷ്ടപ്പെടുകയില്ല; കാരണം വാഗ്ദത്തം ചെയ്ത ദൈവം വാക്കു മാറുകയില്ല. വിശ്വാസി കർത്താവിന്റെ വകയാണെന്നുള്ളതിന്റെ തെളിവായി പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടിരിക്കുന്നു.

**(4) എട്ടു താലന്തുകളുടെ ഉപമയിലെ കൊള്ളരുതാത്തദാസൻ — (മത്താ.25:14-30) — "എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളെവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും"** (മത്താ.25:30).

തന്റെ പ്രാപ്തിക്കനുസരിച്ചു ലഭിച്ച ഒരു താലന്തു, വ്യാപാരം ചെയ്യാതെ പൂഴ്ത്തിവെച്ചതിനാൽ ഇരുട്ടിലേക്കു തള്ളിക്കളയുവാൻ നിർദ്ദേശിച്ചിരിക്കുന്നു എന്ന കാരണത്താൽ രക്ഷ നഷ്ടപ്പെടുമെന്നു ചിലർ ഈ ഉപമയെ അടിസ്ഥാനപ്പെടുത്തി പ്രബോധിപ്പിക്കാറുണ്ട്.

മത്തായി 25-ൽ പറഞ്ഞിരിക്കുന്ന ഉപമകളൊക്കെ കർത്താവിന്റെ മഹത്വപ്രത്യക്ഷതയോടു ബന്ധപ്പെട്ടിരിക്കുന്നു. പത്തുകന്യകമാരുടെ ഉപമയിൽ കർത്താവിനായി ഒരുങ്ങി കാത്തിരിക്കേണ്ടതിന്റെ ആവശ്യകതയേയും ( readiness in waiting ), താലന്തുകളുടെ ഉപമയിൽ കർത്താവിനുവേണ്ടിയുള്ള പ്രവൃത്തിയിൽ ജാഗരൂകരായിരിക്കേണ്ടതിന്റെ ആവശ്യകതയേയും ( readiness in working ) ചിത്രീകരിക്കുന്നു. താലന്തുകളുടെ ഉപമയിൽ പറഞ്ഞിരിക്കുന്ന യജമാനൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെയും മൂന്നു ദാസന്മാർ പീഡനകാലത്തെ യിസ്രായേലിനെയും കുറിക്കുന്നു.

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം മുതൽ രണ്ടാം വരവുവരെയുള്ള കാലഘട്ടത്തിലെ സകലരേയും അവരുടെ ക്രിസ്തുവിലുള്ള അദ്ധ്വാനത്തെയും ബന്ധപ്പെടുത്തിയും ഈ ഉപമ ചിന്തിക്കാം.

താലന്തുകളുടെ ഉപമയിലെ യജമാനൻ പരദേശയാത്രയ്ക്കു മുമ്പ് തന്റെ മൂന്നു ദാസന്മാർക്കായി സമ്പത്തു വീതിക്കുന്നു. ഒന്നാമനു അഞ്ചും, രണ്ടാമനു രണ്ടും, മൂന്നാമനു ഒന്നും വീതം എട്ടു താലന്തുകൾ അവരുടെ പ്രാപ്തിക്കനുസരിച്ചു കൊടുത്തശേഷം യാത്ര പുറപ്പെട്ടു. ഏറെക്കാലം കഴിഞ്ഞു യജമാനൻ തിരികെ വന്നു അവരുടെ കണക്കു പരിശോധിച്ചു. അഞ്ചു താലന്തു ലഭിച്ച ഒന്നാമൻ വേറെ അഞ്ചു താലന്തുകൂടെ ഹാജരാക്കി. അതുപോലെ രണ്ടു ലഭിച്ചവൻ വേറെ രണ്ടുകൂടി ഹാജരാക്കി. തങ്ങൾക്കു ലഭിച്ചതിൽ നിന്നു നൂറുമേനി (മത്താ.13:8) ഫലം പുറപ്പെടുവിച്ച ഇരുവരേയും

നല്ലവനും വിശ്വസ്തനുമായ ദാസനേ എന്നു യജമാനൻ സംബോധന ചെയത് ആദരിച്ചു. എന്നാൽ തന്റെ യജമാനന്റെ സ്വഭാവത്തെക്കുറിച്ചു മനസ്സിലാക്കാതെ, യജമാനനെ തന്റെ സ്വന്തനിരൂപണങ്ങളാൽ തെറ്റായി വിലയിരുത്തിയ മൂന്നാമത്തെ ദാസൻ, ലഭിച്ച ഒരു താലന്തു പൂഴ്ത്തിവെച്ചിട്ട് ഒന്നും നേടാതെ ലഭിച്ച ഒരു താലന്തുമായി ഹാജരായി. യജമാനനെ തെറ്റായി പ്രതിനിധീകരിക്കയും, ലഭിച്ച താലന്തു വ്യാപാരം ചെയ്യാതെ അവസരങ്ങൾ നഷ്ടമാക്കുകയും ചെയ്ത ഈ ദാസനെ കരച്ചിലും പല്ലുകടിയുമുള്ള ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുവാൻ യജമാനൻ കൽപ്പിച്ചു.

വിശ്വാസത്താലുള്ള ആത്മരക്ഷ നഷ്ടപ്പെടുമോ ഇല്ലയോ എന്നതിന്റെ വിശദീകരണമല്ല മറിച്ചു സകലവിശ്വാസികളും ഒരിക്കൽ ന്യായാസനത്തിന്റെ മുമ്പാകെ നിന്നു കണക്കുബോധിപ്പിക്കേണ്ടി വരും എന്നതാണ് ഇവിടെ പ്രകടമാക്കുന്നത്. ഉപമയിലെ ആത്മീക സത്യങ്ങൾ നോക്കുക —

—> മൂന്നു ദാസന്മാരും യജമാനനായ ദൈവത്തിന്റെ കൃപയാൽ രക്ഷിക്കപ്പെട്ട വിശ്വാസികളെ പ്രതിനിധീകരിക്കുന്നു.

—> ഒരോരുത്തർക്കും ലഭിച്ച താലന്തുകൾ എങ്ങനെയുപയോഗിച്ചു എന്നതിനെ വിശദമാക്കുന്നു. താലന്തുകൾ അവർക്കു ലഭിച്ച കഴിവുകളെ ( ability ) സൂചിപ്പിക്കുന്നു.

—> എല്ലാ വിശ്വാസികൾക്കും അവരവരുടെ പ്രാപ്തിക്കനുസരിച്ച് ഓരോരോ കൃപാവരങ്ങൾ ദൈവം നൽകിയിട്ടുണ്ട്. ഒരു കൃപാവരം പോലും ലഭിക്കാത്തവരാരുമില്ല. കാര്യവിചാരകന്മാരായ വിശ്വാസികൾ തങ്ങൾക്കു ലഭിച്ചതിനെ അടിസ്ഥാനപ്പെടുത്തി മുപ്പത്, അറുപത്, നൂറു മേനി ഫലം പുറപ്പെടുവിക്കുമ്പോൾ ലഭിച്ച കൃപാവരങ്ങൾ ജ്വലിപ്പിക്കാതെ, ലോകോല്ലാസങ്ങളിൽ മുങ്ങിക്കുളിച്ചു ഫലം പുറപ്പെടുവിക്കാത്തവരുമുണ്ട്. ആദ്യത്തെ രണ്ടു ദാസന്മാർ വിശ്വസ്തന്മാർ ആയിരിക്കുമ്പോൾ മൂന്നാമത്തെ ദാസൻ അവിശ്വസ്തൻ ആയിരിക്കുന്നു. ഫലം പുറപ്പെടുവിച്ചവർ അവർക്കു ലഭിച്ചതെല്ലാം കർത്താവിനായി അദ്ധ്വാനിച്ചപ്പോൾ യാതൊരു ഫലവും പുറപ്പെടുവിക്കാതെ താലന്തു കുഴിച്ചിട്ടവൻ ലോകത്തിൽ സ്വന്തനന്മയ്ക്കായി മാത്രം അദ്ധ്വാനിച്ചവനെ പ്രതിനിധീകരിക്കുന്നു.

—> രക്ഷിക്കപ്പെട്ടവരിൽ ഒരു ഫലവും പുറപ്പെടുവിക്കാത്തവരുമുണ്ട്. ഫലം പുറപ്പെടുവിച്ചവരെ യജമാനൻ പുകഴ്ത്തിയാദരിച്ചുവെങ്കിൽ ഒരു ഫലവും പുറപ്പെടുവിക്കാത്തവനെ ശാസിക്കുകയും

കരച്ചിലും പല്ലുകടിയുമുള്ള ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുവാൻ വിധിക്കുകയും ചെയ്തു.

—> കരച്ചിലും പല്ലുകടിയുമുള്ള ഏറ്റവും ഇരുട്ടായ സ്ഥലം നരകമാണെന്നു തിരുവചനത്തിൽ വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലും (മത്താ.8:12/ മത്താ.22:13), ഈ ഉപമയിൽ അതു നരകമാണെന്നുള്ള നിഗമനത്തിലെത്തുവാൻ സാധിക്കുകയില്ല. ദൈവം ഒരുക്കിയ കൃപയാലുള്ള രക്ഷ ഒരിക്കലും നഷ്ടമാകുകയില്ല. ഉപമയിലെ മൂന്നു ദാസന്മാരും രക്ഷിക്കപ്പെട്ടവരെന്ന നിലയിൽ കർത്താവിലുള്ള അവരുടെ അദ്ധ്വാനത്തെ പരിശോധിക്കുകയാണ്. കർത്താവിനായി ഏറെ അദ്ധ്വാനിച്ച വിശ്വാസികളെ അനേക കിരീടങ്ങൾ നൽകി ആദരിക്കും. ആ അവസരത്തിൽ കർത്താവിനായി ഒന്നും നേടാതെ വെറുങ്കയ്യായി നിൽക്കുന്ന വിശ്വാസി ലജ്ജിതനായി, നരകത്തിന്റെ അനുഭവങ്ങളായ ഇരുട്ടിന്റെയും, പല്ലുകടിയുടെയും, പിറുപിറുപ്പിന്റെയും അവസ്ഥയിൽ നിന്നു ദുഃഖിക്കുന്ന പ്രതീതിയായിരിക്കും. മാത്രവുമല്ല ഈ അവസ്ഥയിൽ തീയിൽ കൂടി കടന്നു പോകുന്നതുപോലെയുള്ള മനസ്താപം അനുഭവിക്കുവാനിടയാകും. – *“ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽ കൂടി എന്ന പോലെ അത്രേ” (1.കൊരി.3:14,15).*

—> ന്യായാസനം വിശ്വാസികൾക്കു പ്രതിഫലം നൽകുന്ന സിംഹാസനവും, വെള്ളസിംഹാസനം രക്ഷിക്കപ്പെടാത്തവരെ കുറ്റം വിധിച്ചു ശിക്ഷിക്കുന്ന സിംഹാസനവുമാണ്. ഉപമയിലെ മൂന്നു ദാസന്മാരുടെ വേലയും ഒരുമിച്ചു ശോധനചെയ്യുമ്പോൾ അവർ ഒരേ ന്യായാസനത്തിന്റെ മുമ്പാകെ നില്കുന്നതായി കാണുന്നു. പ്രതിഫലം നൽകുന്ന സിംഹാസത്തിനു മുമ്പാകെ രക്ഷിക്കപ്പെടാത്തവർക്കു വരുവാൻ കഴിയുകയില്ല. ആയതിനാൽ മൂന്നാമത്തെ കൊള്ളരുതാത്ത ദാസൻ എന്നറിയപ്പെട്ടവനുൾപ്പെടെ മൂന്നു പേരും രക്ഷിക്കപ്പെട്ടവരെ പ്രതിനിധീകരിക്കുന്നു.

—> *റോമർ.3:19 – “അങ്ങനെ ഏതു വായും അടഞ്ഞു സർവ്വലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായിത്തീരേണ്ടതത്രേ.”* വെള്ളസിംഹാസനത്തിലിരുന്നു പാപികളെ ന്യായവിസ്താരം നടത്തുന്ന വിശുദ്ധനും നീതിമാനുമായ കർത്താവിന്റെ സന്നിധിയിൽ ഒരു പാപിക്കും തന്റെ ഭാഗം നീതീകരിച്ചുകൊണ്ടു

പ്രതികരിക്കുവാൻ സാധിക്കുകയില്ല. ദൈവത്തെ അനുസരിക്കാത്ത സകലമാനവജാതികളും വായ് തുറക്കാതെ നിശബ്ദരായി നിൽക്കും. എന്നാൽ ഈ ഉപമയിലെ ഒരു താലന്തു ലഭിച്ച ദാസൻ തന്റെ ഭാഗം ന്യായീകരിച്ചുകൊണ്ടു സംസാരിക്കുന്നതായി കാണുന്നു. ആയതിനാൽ ഉപമയിലെ മൂന്നാമത്തെ ദാസൻ രക്ഷിക്കപ്പെടാത്ത പാപികളെ പ്രതിനിധീകരിക്കുന്നവനല്ല.

ഈ ഉപമ രക്ഷ നഷ്ടപ്പെടുമെന്നു ചിത്രീകരിക്കുവാൻ മേൽപ്പറഞ്ഞ കാരണങ്ങളാൽ സാദ്ധ്യമല്ല. പാപികളെയും നീതിമാന്മാരെയും ഒരേ സിംഹാസനത്തിനു മുമ്പാകെ ദൈവം വിസ്തരിക്കുകയില്ല. രക്ഷിക്കപ്പെട്ടവരെയെല്ലാം കുഞ്ഞാടിന്റെ ന്യായാസനത്തിന്റെ മുമ്പാകെ ആദരിച്ചു പ്രതിഫലങ്ങൾ നൽകുമ്പോൾ, കർത്താവിനായി ഒന്നും പ്രവർത്തിക്കാതെ ജീവിച്ച വിശ്വാസികൾ ലജ്ജിതരാകും. ലജ്ജിതരാകുന്ന വിശ്വാസികളുടെ അപ്പോഴത്തെ അവസ്ഥ നരകതുല്യമായിരിക്കുമെന്നാണു ഉപമയിലൂടെ ലഭിക്കുന്ന ആത്മീക പാഠം. രക്ഷിക്കപ്പെടാത്തവരെയെല്ലാം വെള്ളസിംഹാസനത്തിന്നു മുമ്പാകെ നിറുത്തി ന്യായം വിധിക്കും. നീതിമാനായ ദൈവം ഒരുക്കിയിരിക്കുന്ന ആത്മരക്ഷ കൃപയാലുള്ളതും ദൈവത്തിന്റെ ദാനവുമാണ്, അതു ഒരിക്കലും നഷ്ടപ്പെടുകയില്ല. രക്ഷ നഷ്ടപ്പെടുമെന്നു ചിന്തിക്കുന്നവർ യഥാർത്ഥത്തിൽ ദൈവത്തെയും, ദൈവകല്പനകളെയും, ദൈവീകവാഗ്ദത്തങ്ങളെയും സംശയിക്കുന്നവരാണ്.

**(5) “എന്നാൽ അവസാനത്തോളം സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും” (മത്താ.24:13).**

രക്ഷ നഷ്ടപ്പെടുമെന്നുള്ളതിനു തെളിവായി ചിലർ എടുത്തുപയോഗിക്കുന്ന മറ്റൊരു വാക്യമാണിത്. ഈ വാക്യത്തിന്റെ പശ്ചാത്തലവും, അർത്ഥവും മനസ്സിലാക്കിയാൽ ആത്മരക്ഷയെക്കുറിച്ചല്ല പറയുന്നതെന്നു മനസ്സിലാക്കാം.

മത്തായി 24,25 അദ്ധ്യായങ്ങൾ കർത്താവിന്റെ ഒലിവുമല പ്രഭാഷണങ്ങളിലുൾപ്പെടുന്നു. ലോകാവസാനവും, കർത്താവു തന്റെ രാജ്യം സ്ഥാപിക്കുവാൻ വരുന്ന മഹത്വപ്രത്യക്ഷതയുമാണിവിടത്തെ സന്ദേശം. ലോകാവസാനം അഥവാ ഈ കാലഘട്ടത്തിന്റെ അന്ത്യം എപ്പോൾ സംഭവിക്കുമെന്നും, കർത്താവിന്റെ വരവിനും ലോകാവസാനത്തിനുമുള്ള ലക്ഷണങ്ങൾ എന്തെല്ലാമായിരിക്കുമെന്നുള്ള തന്റെ ശിഷ്യന്മാരുടെ ചോദ്യത്തിനു (മത്താ.24:3) കർത്താവ്

ഇവിടെ ഉത്തരം നൽകുന്നു. കർത്താവിന്റെ വരവിന്റെ ഒന്നാം ഘട്ടത്തിൽ അഥവാ ഉത്പ്രാപണത്തിൽ മദ്ധ്യാകാശത്തിലേക്കു വരുന്ന കർത്താവിനൊപ്പം തന്റെ സഭയും ഭൂമിയിൽ നിന്നു വാനമേഘങ്ങളിലേക്കു ചേർക്കപ്പെടും. അതിനുശേഷം ഭൂമിയിൽ പീഡനകാലമായിരിക്കും ( Tribulation ). ഒലിവുമലപ്രഭാഷണത്തിൽ, ഈ കാലം ഈറ്റുനോവിന്റെ ആരംഭമായി രേഖപ്പെടുത്തിയിരിക്കുന്നു. അതായത് പീഡനകാലം, ഒരു സ്ത്രീയുടെ പ്രസവവേദനയോടു താരതമ്യം ചെയ്തിരിക്കുന്നു (മത്താ.24:8/ യെശ.13:6-11/1.തെസ്സ.5:3). പീഡനകാലം ഏഴുവർഷമാണെന്നു പൊതുവേ അഭിപ്രായപ്പെടുന്നു (ദാനി.9:24-27). ഈ കാലഘട്ടത്തിന്റെ അവസാനത്തെ പകുതിയിൽ അതിഭയങ്കര പീഡനങ്ങളുള്ളതിനാൽ ഈ കാലത്തെ മഹാപീഡനകാലം അഥവാ മഹോപദ്രവകാലം ( Great Tribulation ) എന്നറിയപ്പെടുന്നു. ഈ കാലഘട്ടത്തിൽ ഭൂമിയിൽ നടക്കുന്ന സംഭവങ്ങൾ കർത്താവു ഒലിവുമലപ്രഭാഷണത്തിൽ (മത്താ.24:5-14) വെളിപ്പെടുത്തിയിട്ടുണ്ട്.

(1) കള്ളക്രിസ്തുക്കൾ പ്രത്യക്ഷപ്പെടും > മത്താ.24:5

(2) യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും > മത്താ.24:6

(3) ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും > മത്താ.24:7

(4) ക്ഷാമം > മത്താ.24:7

(5) ഭൂകമ്പം > മത്താ.24:7

(6) ഉപദ്രവം, പക, രക്തസാക്ഷികൾ > മത്താ.24:9,10

(7) കള്ളപ്രവാചകന്മാർ > മത്താ.24:11

(8) അധർമ്മം പെരുകും > മത്താ.24:12

(9) സ്നേഹം തണുത്തുപോകും > മത്താ.24:12

(10) രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടും > മത്താ.24:14 > വെളി.14:6,7.

പീഡനകാല സംഭവങ്ങൾ വിശദീകരിച്ചു തന്റെ ശിഷ്യഗണത്തെ പ്രബോധിപ്പിക്കുമ്പോൾ പറയുന്നതാണ് — എന്നാൽ അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും എന്നത്.

—> അവസാനത്തോളമെന്നത് ഒരുവന്റെ ഈ ലോകജീവിതത്തിന്റെ അവസാനമല്ല; മറിച്ച് ഈ കാലഘട്ടത്തിന്റെ അവസാനം എന്നാണർത്ഥം (മത്താ.24:14).

—> സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടതിനുശേഷമുള്ള പീഡനകാലത്തു നടക്കുന്ന കാര്യമായതിനാൽ വിശ്വാസത്താലുള്ള ആത്മരക്ഷയുമായി ബന്ധമില്ല.

—> ഉത്പ്രാപണത്തിൽ സഭാകാന്തനുമായുള്ള മദ്ധ്യാകാശത്തിലെ ഒത്തുചേരലിനുശേഷം, ഭൂമിയിൽ മഹാപീഡനകാലത്തിലൂടെ കടന്നു പോകുന്ന ഒരു ശേഷിപ്പ് വിശ്വാസത്തിൽ ഉറച്ചു നിന്നു സ്വർഗ്ഗീയാനുഗ്രഹങ്ങളിലേക്കു പ്രവേശിക്കുന്നതിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇതിന്റെ പരാമർശം വെളിപ്പാടു പുസ്തകത്തിലും കാണാം (വെളി.7:14-17).

—> അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും എന്നത് വിശ്വാസത്താലുള്ള ആത്മരക്ഷയോടു ബന്ധപ്പെടുത്താവുന്നതല്ല. കാരണം കൃപയാലുള്ള രക്ഷ മനുഷ്യരുടെ പ്രവൃത്തിയിലോ, അദ്ധ്വാനത്തിലോ അടിസ്ഥാനപ്പെട്ടുള്ളതല്ല. കഷ്ടങ്ങളുടെയും പ്രതികൂലങ്ങളുടെയും മദ്ധ്യേ സഹിച്ചു നിൽക്കുവാനുള്ള ശക്തി ദൈവമാണ് വിശ്വാസിക്കു നൽകുന്നത്. കഷ്ടങ്ങൾ സഹിച്ചു നിന്നാൽ ആരും രക്ഷിക്കപ്പെടുന്നില്ല. എന്നാൽ കഷ്ടങ്ങളും പീഡനങ്ങളും സഹിച്ചു നില്ക്കുക എന്നത് രക്ഷിക്കപ്പെട്ട ഒരുവന്റെ ലക്ഷണമായി കരുതാം (Endurance is the mark of Salvation).

**(6) വെളി.3:16 — "ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും."**

ലവൊദിക്ക്യസഭയുടെ പ്രവൃത്തിയെ ശോധന ചെയ്ത കർത്താവു അവരുടെ ഇപ്പോഴത്തെ ആത്മികനിഷ്ക്രിയാവസ്ഥ മനസ്സിലാക്കി അവരെ നിശിതമായി വിമർശിക്കുന്നു. *"ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽനിന്നു ഉമിണ്ണുകളയും"* എന്നത് അവർക്കു ഞെട്ടൽ ഉളവാക്കുന്നതായിരുന്നു. ഒരുവൻ ലവൊദിക്ക്യപട്ടണത്തിലെത്തി അവിടെ ലഭിക്കുന്ന ചൂടോ തണുപ്പോ അല്ലാത്ത നിലയിലുള്ള വാടിയതും മാലിന്യം നിറഞ്ഞതുമായ വെള്ളം വായിൽ കൊണ്ടാൽ ഉടനെ തുപ്പിക്കളയുന്ന അനുഭവമായിരിക്കും. ഇതു തന്നെയാണ് കർത്താവു അവരുടെ നിർവ്വീര്യമായ ആത്മികാവസ്ഥയോടുള്ള ബന്ധത്തിൽ പറയുന്നതും.

കർത്താവു അവരെ രുചിച്ചുനോക്കിയപ്പോൾ കർത്താവിന്റെ വായ്ക്കു മധുരം പകരുന്നതിനു പകരം കയ്പ്പിന്റെ അനുഭവമാണുണ്ടായത്. അതിനാൽ വായിൽ നിന്നു ഉമിണ്ണു അഥവാ തുപ്പിക്കളയും എന്നറിയിച്ചു. അവരുടെ ആത്മീകനില ശീതവുമല്ല, ഉഷ്ണവുമല്ല മറിച്ചു രണ്ടിനുമിടയിൽ ശീതോഷ്ണാവസ്ഥയാണ്. ആത്മീകാർത്ഥത്തിൽ ശീതം അഥവാ തണുപ്പുള്ള അവസ്ഥ യേശുക്രിസ്തുവിനെ നിരാകരിക്കുകയും എതിർക്കുകയും ചെയ്യുന്നവരും ലോകത്തിനനുരൂപരായി സുവിശേഷത്തിനു ചെവി കൊടുക്കാത്തവരും ആയിരിക്കും എന്നു ചിന്തിക്കാം. ചുരുക്കത്തിൽ തണുത്തു വിറങ്ങലിച്ച ഇക്കൂട്ടർ രക്ഷിക്കപ്പെടാത്തവരായിരിക്കും. അതേസമയം ഉഷ്ണം അഥവാ ചൂടുള്ള അവസ്ഥ ആത്മീകമായി ശുഷ്ക്കാന്തിയുള്ളവരും ദൈവീകകാര്യങ്ങളിൽ മുമ്പിൽ നിൽക്കുന്നവരും, ലോകത്തിനനുരൂപരാകാതെ ക്രിസ്തുവിൽ രൂപാന്തരപ്പെട്ട ജീവിതത്തിന്റെ ഉടമകളും ആയിരിക്കും. ഇവർ രക്ഷിക്കപ്പെട്ടവരും കർത്താവിനായി എരിഞ്ഞു ശോഭിക്കുന്നവരും ആയിരിക്കും. അവരുടെ ജീവിതം അനേകർക്കു ചൂടും വെളിച്ചവും പകരുന്നതായിരിക്കും. എന്നാൽ ശീതോഷ്ണാവസ്ഥ ശീതവുമല്ല ഉഷ്ണവുമല്ല എന്ന നിലയെ വെളിപ്പെടുത്തുന്നു. ആത്മീകജീവിതത്തിലെ നിർവ്വീര്യതയെയും നിഷ്ക്രീയാവസ്ഥയെയും ശീതോഷ്ണാവസ്ഥ വെളിപ്പെടുത്തുന്നു. തണുപ്പു രക്ഷിക്കപ്പെടാത്ത നിലയെ വ്യക്തമാക്കുമ്പോൾ തണുപ്പില്ലാത്ത അവസ്ഥ പ്രകടിപ്പിക്കുന്നവർ രക്ഷിക്കപ്പെട്ടു എന്നു അഭിമാനിക്കുന്നവരും രക്ഷിക്കപ്പെട്ടതിന്റെ തെളിവു അഥവാ ഫലം പ്രവൃത്തിയിൽ വെളിപ്പെടുത്താത്തവരും ആണ്. ചൂട് രക്ഷിക്കപ്പെട്ട നിലയെ വ്യക്തമാക്കുമ്പോൾ ചൂടു കുറഞ്ഞ അവസ്ഥ ദൈവവുമായി, ദൈവവചനവുമായി, സഹവിശ്വാസികളുമായി ശക്തമായ ബന്ധമില്ലാത്തവരെ പ്രതിനിധീകരിക്കുന്നു. ഇവർ പരീശന്മാരെയും സദൂക്ക്യരെയും പോലെ കപടഭക്തിക്കാരാണ്.

“ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനാകയാൽ” — എന്നത് കർത്താവ് ആലങ്കാരികഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പ്രയോഗമാണ്. ആ നിലയിൽ ചൂടുള്ളതും തണുത്തതുമായ ആഹാരത്തോടു വിശ്വാസികളെ സാമ്യപ്പെടുത്തുന്നതും, ഇവയ്ക്കു രണ്ടിനുമിടയിലുള്ളവരെ തുപ്പിക്കളയും എന്നതിനാൽ രക്ഷ നഷ്ടപ്പെടുമെന്നുള്ള നിഗമനത്തിലെത്തിച്ചേരുന്നതും ശരിയല്ല. തണുത്ത ആഹാരവും ചൂടുള്ള ആഹാരവും ആഹാരമെന്ന നിലയിൽ

ഉപയോഗിക്കുന്നു. ഇവയുടെ ഉപയോഗം ചില നിബന്ധനകൾക്കും സാഹചര്യങ്ങൾക്കും വിധേയമാകുമ്പോൾ ഏറെ സ്വീകാര്യമാണ്. ഉദാഹരണമായി 'ഐസ്ക്രീം' തണുത്തതായാലേ അതു ആനന്ദദായകമാകയുള്ളു. ചൂടാക്കി കഴിച്ചാൽ അതിൽ നിന്നു ലഭിക്കുന്ന രുചിയും ആനന്ദവും കിട്ടുകയില്ല. അതുപോലെ തണുത്ത കാലാവസ്ഥയിൽ ചൂടുള്ള ആഹാരമായിരിക്കും ഏറെ യോജിച്ചത്. എന്നാൽ ചൂടും തണുപ്പും ഇല്ലാതെ ഇടയ്ക്കുള്ള അവസ്ഥ ഏറെ വിരസതയുണ്ടാക്കുന്നതാണ്. ആത്മികമായും ഇതിനു പ്രസക്തിയു ണ്ട്. അതുകൊണ്ടാണ് കർത്താവു ലവൊദിക്ക്യസഭയോടു പറഞ്ഞത് ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാക യാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും എന്ന്. *'ഉമിണ്ണുകളയും'* എന്നതിന് രക്ഷിക്കപ്പെട്ട ഒരുവന്റെ രക്ഷ നഷ്ടപ്പെടും എന്നർത്ഥമില്ല. കർത്താവിന്റെ വായ്ക്കു രുചി പകരാത്ത വിശ്വാസികൾ കർത്താവിന്റെ സന്തോഷത്തിനും അഭിനന്ദനത്തിനും ഉതകുന്നവരല്ല. കർത്താവിന്റെ സാക്ഷികൾ എന്ന നിലയിൽ അവർ അറിയപ്പെടുകയുമില്ല. ആദ്യസ്നേഹം വിട്ടുകളഞ്ഞ എഫെസൊസ് സഭയോടു കർത്താവു പറഞ്ഞത്— *"നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും"* (വെളി.2:5). ഇതു തന്നെയാണ് വായിൽ നിന്നു ഉമിണ്ണുകളയും എന്നു ലവൊദിക്ക്യസഭയോടു പറഞ്ഞപ്പോൾ അതിൽ നിന്നും വ്യക്തമാകുന്നത്. കർത്താവിനായി പ്രവർത്തിക്കാതെ, എരിഞ്ഞു ശോഭിക്കാതെ, നിർവ്വീര്യരായി നടക്കുന്ന ലവൊദിക്ക്യസഭയെ അതിന്റെ സ്ഥാനത്തു നിന്നു മാറ്റും എന്നാണർത്ഥം. വ്യക്തികളായി അവർക്കു രക്ഷ നഷ്ടപ്പെടുകയില്ലെങ്കിലും കർത്താവിന്റെ വായ്ക്കു രുചി പകരാത്ത പ്രാദേശികസഭയെ അതിന്റെ സ്ഥാനത്തു നിന്നു നീക്കുന്നതിനാൽ വിശ്വാസികളും ഏറെ പ്രയാസങ്ങൾ അനുഭവി ക്കുവാനിടയാകും. രക്ഷ ഭദ്രമാകയാൽ നഷ്ടമാകുന്ന പ്രശ്നമേയില്ല. കാരണം വിളിച്ച ദൈവം വിശ്വസ്തനാകയാൽ വാക്കു മാറുകയോ വഴിയിൽ ഉപേക്ഷിക്കുകയോ ഇല്ല. *"എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളകയില്ല"* (യോഹ.6:37) എന്നു കർത്താവു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ രക്ഷിക്കപ്പെട്ടവന്റെ സകല പ്രവൃത്തികളും ശോധന ചെയ്യുന്ന ഒരു നാളുണ്ട്. ഈ ലോകജീവിതത്തിൽ പ്രവർത്തിച്ചതൊക്കെ ശോധന

ചെയ്യപ്പെടും. അപ്പോൾ ദൈവത്തിന്റെ കാര്യങ്ങളിൽ ഉദാസീനതയോടും തണുത്ത മനോഭാവത്തോടും ജീവിച്ചതും പ്രവർത്തിച്ചതുമൊക്കെ വെളിപ്പെടും. ദൈവത്തിന്റെ മുമ്പാകെ നിലനിൽക്കാത്ത പ്രവർത്തനങ്ങൾ വെന്തു പോകുമെങ്കിലും രക്ഷ നഷ്ടപ്പെടുകയില്ല. *"ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കും എങ്കിൽ അവന്നു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽ കൂടി എന്നപോലെ അത്രേ"* (1.കൊരി.3:14,15).

ശീതവാനുമല്ല ഉഷ്ണവാനുമല്ല എന്നാൽ ശീതോഷ്ണ വാൻ എന്ന നില ലവൊദിക്ക്യസഭയിൽ കർത്താവു കണ്ടത് ഇന്നത്തെ സഭകളിലും സഭാവിശ്വാസികളിലും കാണപ്പെടുന്ന ഒരവസ്ഥയാണ്. കർത്താവിന്റെ സ്നേഹം രുചിച്ചറിഞ്ഞു രക്ഷിക്കപ്പെട്ട വിശ്വാസികളിൽ ഒരു കൂട്ടർ കാലങ്ങൾ കഴിയുമ്പോൾ ആത്മീയത കുറഞ്ഞു ദൈവസ്നേഹത്തിൽ നിന്നകന്നു തണുത്തു വിറങ്ങലിച്ചു നിൽക്കുന്ന പ്രകൃതിയിലെത്തിച്ചേരുന്നു. ഇവരെക്കുറിച്ചു തിരുവചനം വെളിപ്പെടുത്തിയിരിക്കുന്നത് സ്നേഹം തണുത്തുപോയവർ (മത്താ.24:12) അഥവാ **തണുത്ത ഹൃദയമുള്ളവർ** ( Cold heart), ശീതവാന്മാർ എന്നാണ്. മറ്റൊരുകൂട്ടരാകട്ടെ ദൈവത്തിലും ദൈവീക കാര്യങ്ങളിലും ഉത്സാഹമുള്ളവരായി കർത്താവിനുവേണ്ടി ജീവൻ പോലും കൊടുക്കുവാൻ തയ്യാറുള്ളവർ. അവർ ആത്മീകകാര്യങ്ങളിൽ തീക്ഷ്ണതയുള്ളവരും എപ്പോഴും ചൂടു നിലനിറുത്തുന്നവരുമാണ്. ഇവരെക്കുറിച്ചു തിരുവചനം വെളിപ്പെടുത്തിയിരിക്കുന്നത് **കത്തുന്ന ഹൃദയമുള്ളവർ** (Burning heart) — ലൂക്കൊ.24:32) എന്നാണ്. ഇനി മൂന്നാമതൊരു കൂട്ടരുണ്ട്. അവർ തണുത്ത ഹൃദയമോ കത്തുന്ന ഹൃദയമോ ഇല്ലാതെ, ഇരുകൂട്ടർക്കും മദ്ധ്യേ നിൽക്കുന്നവർ. അവരെക്കുറിച്ചു തിരുവചനം വെളിപ്പെടുത്തിയിരിക്കുന്നത് **ശീതോഷ്ണഹൃദയമുള്ളവർ** ( Lukewarm heart — വെളി.3:16) എന്നാണ്. അവർ ആത്മികകാര്യങ്ങളിൽ ഉത്സാഹമില്ലാത്തവരും ആത്മഫലം പുറപ്പെടുവിക്കാത്തവരുമാണ്. അവരെക്കുറിച്ചു കർത്താവു പറയുന്നത് — *"നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും."*

ആത്മരക്ഷ ദൈവം ഒരുക്കിയതാണ്, അതു മനുഷ്യവർഗ്ഗത്തിനുവേണ്ടി പാപപരിഹാരം നടത്തിയ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലാണ് അവകാശമാക്കുന്നത്. ദൈവകൃപയാൽ ദാനമായി ലഭിച്ചിരിക്കുന്ന ആത്മരക്ഷ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടിരിക്കുന്നു. ആകയാൽ രക്ഷ ഭദ്രമാണ്. അത് നഷ്ടപ്പെടുന്നതല്ല. ദാനമായി നല്കിയിരിക്കുന്ന രക്ഷ തിരിച്ചെടുക്കുവാൻ ദൈവം മനുഷ്യനുമല്ല. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ; വാക്കു മാറാത്തവൻ.

## രക്ഷിക്കപ്പെട്ടു എന്നതിന്റെ ഉറപ്പ് അഥവാ രക്ഷാനിർണ്ണയം —

ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുമ്പോൾ അവൻ ദൈവകുടുംബത്തിൽ അംഗമായിത്തീരുന്നു; പുതിയ സൃഷ്ടിയായി രൂപാന്തരം പ്രാപിക്കുന്നു. അവന്റെ നോട്ടത്തിൽ, സംസാരത്തിൽ, പെരുമാറ്റത്തിൽ, പ്രവർത്തനങ്ങളിൽ, മറ്റുള്ളവരെ സ്നേഹിക്കുന്നതിൽ, കരുതുന്നതിൽ ഒക്കെയും സമൂലമാറ്റം ഉണ്ടാകുന്നു. 2.കൊരി.5:17 — *"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു പോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു."* രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ പ്രകടമായ അടയാളങ്ങളോ, കണ്ണുകൊണ്ടു കാണത്തക്ക അത്ഭുതങ്ങളോ എല്ലാവരിലും ഉണ്ടായെന്നു വരികയില്ല. പക്ഷേ ചിലരിൽ പ്രകടമായ മാറ്റങ്ങൾ കാണാവുന്നതാണ്. ഉദാഹരണമായി, ശൗലിന്റെ മാനസാന്തരത്തിൽ, അവന്റെ മാറ്റം ശ്രദ്ധേയമായിരുന്നു. മതഭക്തിയിൽ ശുഷ്കാന്തിയും എരിവും ഉള്ളവനായി ദൈവത്തിനെതിരായി, ദൈവജനത്തിനെതിരായി ഭീഷണിയും, അക്രമവും ചെയതുകൊണ്ടുള്ള യാത്രയിൽ ദൈവത്താൽ പിടിക്കപ്പെടുന്നു. ഇതു സ്വർഗ്ഗത്തിൽ നിന്നും നേരിട്ടുള്ള ഒരു ഇടപെടലും, സുവിശേഷം അറിയിക്കലുമായിരുന്നു. ദൈവീകസാന്നിദ്ധ്യം മനസ്സിലാക്കി കർത്താവേ എന്നു വിളിച്ചു ശരണപ്പെടുന്ന ശൗലിന്റെ പുതുജനനം കാണത്തക്കതായിരുന്നു (അപ്പൊ.9:1–18). അതുപോലെ ചുങ്കക്കാരിൽ പ്രധാനിയായിരുന്ന സക്കായിയുടെ കാര്യത്തിലും അവന്റെ മാനസാന്തരം പ്രകടമായിരുന്നു. കർത്താവിന്റെ വിളി കേട്ട മാത്രയിൽ അവൻ ഇരുന്ന സ്ഥലത്തുനിന്നു ബദ്ധപ്പെട്ടു ഇറങ്ങി കർത്താവിനെ സന്തോഷ

ത്തോടെ കൈക്കൊണ്ടു. കർത്താവിനെ കൈക്കൊണ്ടപ്പോൾ തന്റെ വസ്തുവകയിൽ പകുതി ദരിദ്രർക്കും, വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലുമടങ്ങു മടക്കിക്കൊടുക്കുവാനും പ്രതിജ്ഞ ചെയ്യുന്നത് അവൻ രക്ഷിക്കപ്പെട്ടെന്നുള്ളതിന്റെ പ്രകടമായ തെളിവായിരുന്നു (ലൂക്കൊ.19:1-10). എന്നാൽ രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ പലപ്പോഴും ഇങ്ങനെ പ്രകടമായ അടയാളങ്ങൾ കാണുവാൻ സാധിക്കുകയില്ല. രക്ഷ എന്നുള്ളത് ആന്തരികവും, ആത്മാവിനെ സംബന്ധിച്ചുള്ളതും ആകുന്നു. എന്നാൽ രക്ഷയുടെ അനന്തരഫലങ്ങൾ രക്ഷിക്കപ്പെട്ടവന്റെ ജീവിതത്തിലൂടെ ദർശിക്കാൻ കഴിയും.

*"കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും"* (റോമ.10:13); *"യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും"* (റോമ.10:9) എന്നിങ്ങനെയുള്ള ദൈവീക വാഗ്ദത്തങ്ങളിൽ മുറുകെപ്പിടിച്ചു വിശ്വസിക്കുക എന്നതാണ് രക്ഷാനിർണ്ണയത്തിന്റെ അടിസ്ഥാനപ്രമാണം. ***രക്ഷിക്കപ്പെട്ടു എന്നതിന്റെ ഉറപ്പ് ദൈവത്തിലുള്ള വിശ്വാസത്തിലൂടെയും ദൈവവചനത്തിലൂടെയും ലഭിക്കുന്നു.*** കൂടാതെ മാനസാന്തരത്തിന്റെ തെളിവ് അവനിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ആണ്. രക്ഷിക്കപ്പെടുമ്പോൾ നിത്യജീവൻ ലഭിക്കുന്നു. ***നിത്യജീവൻ എന്നാൽ എന്നെന്നേക്കും ഉള്ള ജീവൻ അഥവാ നിത്യവാസത്തിനുള്ള ജീവൻ എന്നർത്ഥം.*** സർവ്വശക്തനായ ദൈവം തന്റെ ഏകജാതനെ നൽകിയാണ് നിത്യമരണത്തിനു അധീനരായ നമുക്കു നിത്യജീവൻ അവകാശമാക്കുവാൻ സാദ്ധ്യമാക്കിയത്. ***"ഏകസത്യദൈവമായ നിന്നേയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു"*** **(യോഹ.17:3)** എന്നു തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നു.

**> (1) 1.യോഹ.5:13** — *"ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതു എഴുതിയിരിക്കുന്നതു നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നു തന്നേ."*

**> (2) 1.യോഹ.5:10-12** — *"ദൈവപുത്രനിൽ വിശ്വസിക്കുന്നവന്നു ഉള്ളിൽ ഒരു സാക്ഷ്യം ഉണ്ടു. ദൈവത്തെ വിശ്വസിക്കാത്തവൻ ദൈവം തന്റെ പുത്രനെക്കുറിച്ചു പറഞ്ഞ സാക്ഷ്യം വിശ്വസിക്കായ്കയാൽ അവനെ അസത്യവാദിയാക്കുന്നു. ആ സാക്ഷ്യമോ*

*ദൈവം നമുക്കു നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ടു എന്നുള്ളതു തന്നേ. പുത്രനുള്ളവനു ജീവനുണ്ടു; ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല."*

> **(3) റോമർ.8:16** —*"നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു."*

> **(4)1.യോഹ.3:14**—*"നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്കു അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു."*

കൂടാതെ ആത്മരക്ഷയോടു ബന്ധപ്പെട്ട തിരുവചനവാക്യങ്ങൾ ശ്രദ്ധിച്ചാലും രക്ഷയുടെ ഭദ്രത കാണാം. **രക്ഷ ദാനമാണ്, ലഭിക്കുന്നതു കൃപയാലാണ്, ഉടമസ്ഥൻ ദൈവമാണ്.**

(1) എഫെ.2:8 — കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു.

(2) 2.തിമൊ.1:9 — നമ്മെ രക്ഷിക്കയും വിശുദ്ധവിളികൊണ്ടു വിളിക്കയും...

(3) റോമ.10:9 — വിശ്വാസത്താൽ രക്ഷ

(4) യോഹ.1:12 — വിശ്വസിക്കുന്നവർ ദൈവമക്കൾ

(5) യോഹ.3:16 — വിശ്വസിക്കുന്നവനു നിത്യജീവൻ

(6) യോഹ.3:36 — വിശ്വസിക്കുന്നവനു നിത്യജീവൻ.

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ട ഒരുവൻ, താൻ രക്ഷിക്കപ്പെട്ടവൻ തന്നെയെന്നും, കർത്താവാണ് ഇനി തന്നെ വഴി നടത്തുന്നതെന്നും, ജീവനാൽ ആകട്ടെ, മരണത്താൽ ആകട്ടെ താൻ ദൈവത്തിൽ ആണെന്നും ഉള്ള ശക്തമായ ഉറപ്പാണ് രക്ഷാനിർണ്ണയം. *"ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു; മരിക്കുന്നു എങ്കിൽ നാം കർത്താവിനായി മരിക്കുന്നു; അതുകൊണ്ടു ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം കർത്താവിനുള്ളവർ തന്നേ"* (റോമ14:8). ഒരു വിശ്വാസിക്കു തന്റെ രക്ഷകനായ കർത്താവിൽ അടിയുറച്ച വിശ്വാസം ഉണ്ടായിരിക്കണം. അപ്പൊസ്തലനായ പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിക്കുക— *2.തിമൊ.1:12 — "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു."*

## രക്ഷയുടെ പ്രത്യേകതകൾ

പാപം ചെയ്തു ദൈവത്തിൽ നിന്നകന്നുപോയ മനുഷ്യനെ വീണ്ടും സ്നേഹിക്കുകയും, പാപിയായ മനുഷ്യനെ രക്ഷിക്കുവാൻ, ദൈവത്തോടു വീണ്ടും കൂട്ടായ്മാബന്ധം സ്ഥാപിക്കുവാൻ, ദൈവം വഴി ഒരുക്കിയതാണ് കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ആത്മരക്ഷ. യാതൊരു പ്രവൃത്തിയോ, അദ്ധ്വാനമോ ഇല്ലാതെ യേശു ക്രിസ്തുവിലുള്ള വിശ്വാസത്താൽ പാപമോചനവും, നീതീകരണവും, വീണ്ടെടുപ്പും, ആത്മരക്ഷയും ദൈവം തയ്യാറാക്കി. അതി ശ്രേഷ്ഠമായ ഈ രക്ഷയുടെ പ്രത്യേകതകൾ എന്തെല്ലാം എന്നു മനസ്സിലാക്കിയാൽ നമുക്കു നല്ലവനായ ദൈവത്തോടുള്ള സ്നേഹം നിറഞ്ഞുകവിയും എന്നതിൽ സംശയമില്ല.

**1. ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ കൃപയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു —**

മനുഷ്യൻ പാപിയായിരുന്നപ്പോൾ, ദൈവത്തെ സ്നേഹിക്കാതെയിരുന്നപ്പോൾ, നാശത്തിലേക്കു സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ, നിത്യമരണത്തിൽ നിന്നു വീണ്ടെടുത്തു നിത്യജീവൻ നൽകാൻ ദൈവം ഒരുക്കിയ വഴിയാണ് ദൈവകൃപ. *"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു"* എന്നു (എഫെ.2:8) രേഖപ്പെടുത്തിയിരിക്കുന്നു. അതായത് പാപിയായ മനുഷ്യന് ഒരുകാരണവശാലും ലഭിക്കുവാൻ യോഗ്യതയില്ലാത്തതും, ചോദിച്ചു വാങ്ങുവാൻ അർഹതയില്ലാത്തതും, യാതൊരു അവകാശവും ഉന്നയിക്കുവാൻ കഴിയാത്തതും, എന്തു വിലകൊടുത്താലും വാങ്ങുവാൻ സാധിക്കാത്തതും ആണ് ലഭിച്ചിരിക്കുന്ന ദൈവകൃപ. ദൈവത്തിന്റെ സ്നേഹത്തിലൂടെയാണ് ദൈവകൃപ മനുഷ്യരിലേക്കു ഒഴുകിയത്.

**2. രക്ഷ പാപിയായ മനുഷ്യൻ പ്രാപിക്കുന്നതു യേശുക്രിസ്തുവിലുള്ള വിശ്വാസത്താലാണ് —**

ദൈവകൃപയാൽ ദാനമായി ലഭിക്കുന്ന രക്ഷ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ മാത്രം അടിസ്ഥാനപ്പെട്ടിരിക്കുന്നു. ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ ഏതെങ്കിലും പ്രമാണങ്ങൾ അനുസരിച്ചാലോ, ഏതെങ്കിലും പ്രവൃത്തി ചെയ്താലോ ലഭിക്കുന്നതല്ല. മനുഷ്യൻ ദൈവവചനം വിശ്വസിച്ചു ദൈവത്തോടു അടുത്തു വരുന്നു. തനിക്കു തന്നെ രക്ഷ പ്രാപിപ്പാൻ കഴിയുകയില്ലെന്നും, ഇങ്ങനെ

പോയാൽ നിത്യനാശത്തിൽ ചെന്നെത്തുമെന്നും മനസ്സിലാക്കി ദൈവത്തിൽ ആശ്രയം വെക്കുന്നു. വിശ്വാസം പടിപടിയായി വർദ്ധിച്ചു രക്ഷകനായ യേശുക്രിസ്തുവിൽ പരിപൂർണ്ണമായി അഭയം പ്രാപിച്ചു, പാപങ്ങളേറ്റു പറഞ്ഞുപേക്ഷിച്ചു ആത്മരക്ഷ നേടിയെടുക്കുന്നു. യോഹ.3:15,16,18,36— *"അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തന്നേ. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു. പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു."*

### 3. സൽപ്രവൃത്തികളിലൂടെ രക്ഷ പ്രാപിപ്പാൻ കഴിയുകയില്ല —

ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ മനുഷ്യന്റെ സൽപ്രവൃത്തികളിലൂടെ ലഭിക്കുകയില്ല എന്നതു ആത്മരക്ഷയുടെ പ്രത്യേകതയാണ്. എന്നാൽ രക്ഷിക്കപ്പെട്ട ശേഷമുള്ള സൽപ്രവൃത്തികൾ ദൈവം മാനിക്കും. രക്ഷിക്കപ്പെടാത്തവർ ചെയ്യുന്ന സൽപ്രവൃത്തികൾ കറ പുരണ്ട തുണി പോലെയാണ്. ഉദാഹരണമായി, ഒരു കുഷ്ഠരോഗി വ്രണം നിറഞ്ഞ കൈകൾകൊണ്ടു ഒരു കഷണം കേക്ക് നമുക്കു തന്നാൽ വാങ്ങുമോ? കേക്ക് രുചിയുള്ളതാണ് പക്ഷേ അതു തരുന്ന ആളിന്റെ രോഗമാണ് പ്രശ്നം. മനുഷ്യനിലെ പാപം കുഷ്ഠരോഗത്തിനു സമാനമാണ്. പാപിയെന്ന നിലയിലുള്ള സൽപ്രവൃത്തികൾ മാനിക്കപ്പെടുകയില്ല. യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുമ്പോൾ പാപകുഷ്ഠം മാറുന്നു. പിന്നീടുള്ള സൽപ്രവൃത്തികൾ മാനിക്കപ്പെടും. സൽപ്രവൃത്തികളിലൂടെയല്ല മനുഷ്യൻ രക്ഷിക്കപ്പെടുന്നത്. എന്നാൽ സൽപ്രവൃത്തികൾക്കായിട്ടു രക്ഷിക്കപ്പെട്ടു എന്നതാണ് യാഥാർത്ഥ്യം.

**എഫെ.2:9,10** — *"ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**തീത്തൊാസ്.2:14 —** *"അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിന്നു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു."*

**തീത്തൊ.3:4,5 —** *''എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയുംമനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു."*

**യെശ.64:6 —** *"ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയിത്തീർന്നു; ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറപിരണ്ട തുണി പോലെ; ഞങ്ങൾ എല്ലാവരും ഇലപോലെ വാടിപ്പോകുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റുപോലെ പറപ്പിച്ചു കളയുന്നു."*

രക്ഷിക്കപ്പെട്ടവർ സൽപ്രവൃത്തിയിൽ വർദ്ധിച്ചു വരണം (2.കൊരി.9:8), ഫലം കായ്ക്കണം (കൊലൊ.1:10), സ്ഥിരപ്പെടണം (2.തെസ്സ.2:17), മാതൃകയായിരിക്കണം (തീത്തൊ.2:7), ശുഷ്കാന്തിയുള്ളവരായിരിക്കണം (തീത്തൊ.2:14), ഒരുങ്ങിയിരിക്കണം (തീത്തൊ.3:1), ഉത്സാഹികളായിരിക്കണം (തീത്തൊ.3:8).

## 4. യേശുക്രിസ്തുവിന്റെ രക്തം ചൊരിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് രക്ഷ ലഭിച്ചിരിക്കുന്നത് —

രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല എന്നത് നിയമമാണ്. മാംസത്തിന്റെ ജീവൻ രക്തത്തിലാണ്. അതായത് രക്തത്തിൽ ജീവൻ അടങ്ങിയിരിക്കുന്നു. പഴയനിയമയാഗങ്ങൾ മൃഗങ്ങളുടെയും, പക്ഷികളുടെയും രക്തത്തിൽ അടിസ്ഥാനപ്പെട്ടിരുന്നുവെങ്കിൽ പുതിയ നിയമത്തിൽ ഒരുക്കിയിരിക്കുന്ന രക്ഷ യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ ഒരിക്കലായിട്ടും എന്നെന്നേക്കുമായും നടത്തിയ ജീവനുള്ള യാഗത്തിലൂടെയാണ്. യേശുക്രിസ്തുവിന്റെ രക്തച്ചൊരിച്ചിൽ പാപികൾക്കു തന്റെ ജീവനെ മറുവിലയായി നൽകിയതിനെ കാണിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടു എന്നു റോമർ.5:9-ൽ പറഞ്ഞിരിക്കുന്നു.

**ലേവ്യ.17:11 —** *"മാംസത്തിന്റെ ജീവൻ രക്തത്തിൽ അല്ലോ ഇരിക്കുന്നതു; യാഗപീഠത്തിന്മേൽ നിങ്ങൾക്കു വേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ ഞാൻ അതു നിങ്ങൾക്കു തന്നിരിക്കുന്നു; രക്തമല്ലോ ജീവൻ മൂലമായി പ്രായശ്ചിത്തം ആകുന്നതു."*

**1.യോഹ.1:7** — *"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."*

**എബ്രാ.9:22** — *"ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല."*

## 5. രക്ഷ ഉയിർത്തെഴുന്നേറ്റ രക്ഷകനിലാണ് —

ലോകമഹാത്മാക്കളും കർത്താക്കന്മാരും മരിച്ചു മൺമറഞ്ഞപ്പോൾ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു. പാപികൾക്ക് പകരക്കാരനായി മരിച്ചു, അടക്കപ്പെട്ടു, മൂന്നാം നാളിൽ ഉയിർത്തെഴുന്നേറ്റപ്പോൾ മരണത്തെ ജയിച്ച രക്ഷകനിലൂടെ രക്ഷ പൂർത്തീകരിക്കപ്പെട്ടു. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലായിരുന്നു എങ്കിൽ നാം നിത്യമരണത്തിൽ ചെന്നെത്തുമായിരുന്നു. ക്രൂശിലെ മരണത്തോടെ തീരുന്നതല്ല രക്ഷ. മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റ, സ്വർഗ്ഗാരോഹണം ചെയ്ത, തന്നിൽ ആശ്രയിക്കുന്നവരെ കൂട്ടികൊണ്ടു പോകുവാൻ വീണ്ടും വരുന്ന, ജീവിക്കുന്ന രക്ഷകനിൽ രക്ഷ അടിസ്ഥാനപ്പെട്ടിരിക്കുന്നു.

**1.കൊരി.15:3,4** — *"ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു കേഫാവിന്നും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി."*

**മത്താ.28:6,7** — *"അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞതു പോലെ ഉയിർത്തെഴുന്നേറ്റു; അവൻ കിടന്ന സ്ഥലം വന്നു കാണ്മിൻ. അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റു."*

**മർക്കൊ.16:6**-- *"അവൻ ഇവിടെ ഇല്ല; അവനെ വെച്ച സ്ഥലം ഇതാ."*

**ലൂക്കൊ.24:6,7**— *"അവൻ ഇവിടെ ഇല്ല ഉയിർത്തെഴുന്നേറ്റിരിക്കുന്നു; മുമ്പെ ഗലീലയിൽ ഇരിക്കുമ്പോൾ തന്നേ അവൻ നിങ്ങളോടു: മനുഷ്യപുത്രനെ പാപികളായ മനുഷ്യരുടെ കയ്യിൽ ഏൽപ്പിച്ചു ക്രൂശിക്കയും അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും വേണം എന്നു പറഞ്ഞതു ഓർത്തുകൊൾവിൻ എന്നു പറഞ്ഞു."*

**1.കൊരി.15:17-20** - *"ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു....എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റിരിക്കുന്നു."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**അപ്പൊ.1:11** —*"ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തി ലേക്കു നോക്കിനിൽക്കുന്നതു എന്തു? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു."*

## 6. രക്ഷിക്കപ്പെടുമ്പോൾ സകല പാപങ്ങളും ക്ഷമിക്കപ്പെടുന്നു —

ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിച്ചു പാപങ്ങൾ ഏറ്റു പറഞ്ഞു യേശുക്രിസ്തുവിനെ രക്ഷകനും കർത്താവും ആയി അംഗീകരിച്ചു സ്വീകരിക്കുമ്പോൾ അവന്റെ സകല പാപങ്ങളും ക്ഷമിക്കപ്പെടുന്നു. പാപം എത്ര വലിയതായാലും രക്ഷയിലൂടെ പാപമോചനം ലഭിക്കുന്നു. മാത്രവുമല്ല, കഴിഞ്ഞകാല പാപങ്ങൾക്കും (ഭൂതം), രക്ഷിക്കപ്പെട്ടശേഷം ഇപ്പോൾ ചെയ്യുന്ന പാപങ്ങൾക്കും (വർത്തമാനം), ഭാവിയിൽ ചെയ്തുപോയേക്കാവുന്ന (ഭാവി) പാപങ്ങൾക്കും യേശുക്രിസ്തു മതിയായവനാണ്. അതേസമയം രക്ഷ പാപം ചെയ്യുവാനും, എങ്ങനെയും തോന്നിയതുപോലെ നടക്കുവാനും ഉള്ള അനുമതിയല്ല. രക്ഷിക്കപ്പെട്ട ശേഷം പാപം ചെയ്താൽ ദൈവവുമായുള്ള കൂട്ടായ്മാബന്ധത്തിനു തടസ്സം നേരിടുകയും, രക്ഷയുടെ സന്തോഷം നഷ്ടപ്പെടുകയും ചെയ്യും. കൂടാതെ അവർ ബാലശിക്ഷെക്കും, ശാസനെക്കും പാത്രീഭൂതരായിത്തീരും. രക്ഷിക്കപ്പെട്ടശേഷം പാപം ചെയ്യുവാൻ പാടില്ല. അഥവാ പാപം ചെയ്തു പോയാൽ ഉടൻ തന്നെ പാപക്ഷമയ്ക്കായി അപേക്ഷിച്ചു ദൈവവുമായി കൂട്ടായ്മാബന്ധത്തിലേക്കും സന്തോഷത്തിലേക്കും തിരികെ വരണം.

***യെശ.55:7*** — *"ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ അവനോടു കരുണ കാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും."*

***ഇയ്യോ.14:17*** — *"എന്റെ അതിക്രമം ഒരു സഞ്ചിയിലാക്കി മുദ്രയിട്ടിരിക്കുന്നു. എന്റെ അതിക്രമം നീ കെട്ടിപ്പറ്റിച്ചിരിക്കുന്നു."*

***1.യോഹ.1:9*** — *"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."*

*1.യോഹ.1:7— "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."*

## 7. രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ നീതീകരിക്കപ്പെട്ടു സ്വർഗ്ഗത്തിനു അവകാശിയായിത്തീരുന്നു —

യേശുക്രിസ്തുവിൽ ഒരുവൻ വിശ്വസിച്ച് രക്ഷിക്കപ്പെടുന്ന അഥവാ പുതുജനനം പ്രാപിക്കുന്ന നിമിഷത്തിൽ സകലപാപങ്ങളും മോചിക്കപ്പെട്ടു, നീതീകരണം ലഭിച്ച് സ്വർഗ്ഗത്തിനവകാശി യായിത്തീരുന്നു.

**യോഹ.3:3** — *"ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു."*

**യോഹ.3:18** — *"അവനിൽ വിശ്വസിക്കന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു."*

**എഫെ.2:7,8** —*"ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപ്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു."*

**ഫിലി.3:20** —*"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു."*

## 8. രക്ഷിക്കപ്പെടുമ്പോൾ ജീവപുസ്തകത്തിൽ പേരെഴുതപ്പെടുന്നു —

പാപിയായ മനുഷ്യൻ യേശുക്രിസ്തുവിലൂടെ രക്ഷ പ്രാപിക്കുന്ന നിമിഷത്തിൽ പാപങ്ങൾ മോചിക്കപ്പെട്ടു, ദൈവപൈതലായിത്തീരുന്നു; സ്വർഗ്ഗത്തിനു അവകാശിയാകുകയും, സ്വർഗ്ഗത്തിൽ ജീവപുസ്തകത്തിൽ അവന്റെ പേരു എഴുതപ്പെടുകയും ചെയ്യുന്നു. പാപിയുടെ പേരു സ്വർഗ്ഗത്തിലെ ജീവപുസ്തകത്തിൽ എഴുതപ്പെടുന്നില്ല. ദൈവത്തെ വിട്ടുപോകുന്നവരുടെ പേര് മണ്ണിൽ എഴുതി വെക്കും (യിരെ.17:13). ഒരു ധനവാന്റെയും ദരിദ്രന്റെയും മരണാനന്തരജീവിതത്തെ വ്യക്തമാക്കുന്ന നിത്യതയുടെ അനുഭവം വിവരിക്കുമ്പോൾ (ലൂക്കൊ.16:19–31) ഒരാളുടെ പേര് പറയുന്നുവെങ്കിൽ മറ്റേയാളുടെ പേരു പറയുന്നില്ല. ദരിദ്രനെ ലാസർ എന്ന പേരി

നാൽ സ്വർഗ്ഗത്തിൽ അറിയപ്പെടുന്നു. ധനവാന്റെ പേര് പറയുന്നില്ല. ലാസർ ദരിദ്രനായതുകൊണ്ടല്ല അവന്റെ പേര് സ്വർഗ്ഗത്തിൽ പറഞ്ഞു കേട്ടത്, മറിച്ചു അവൻ ഭൂമിയിൽവെച്ചുതന്നേ ദൈവകൃപ നേടിയിരുന്നു എന്നതിനാലാണ്. ധനവാൻ ഭൂമിയിൽവെച്ചു ദൈവകൃപ നേടിയിട്ടില്ലാത്തതിനാൽ പേര് പറഞ്ഞിട്ടില്ല. അവന്റെ പേര് ജീവപുസ്തകത്തിൽ ഇല്ലായിരുന്നു എന്നു ഗ്രഹിക്കാം.

**ലൂക്കൊ.10:20** —*"നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ."*

**വെളി.20:15** —*"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*

**വെളി.21:27** — *"കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായത് യാതൊന്നും, മ്ളേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല."*

## 9. രക്ഷിക്കപ്പെടുമ്പോൾ ക്രിസ്തുയേശുവിൽ പുതിയ സൃഷ്ടിയായിത്തീരുന്നു —

പാപത്തിലും, ദുഷിച്ച അവസ്ഥയിലും ജീവിച്ച ഒരുവൻ യേശുക്രിസ്തുവിലൂടെ രക്ഷയുടെ അനുഭവത്തിലേക്കു വരുമ്പോൾ സകല പാപവും പോക്കി ശുദ്ധീകരിക്കപ്പെട്ടു പുതുസൃഷ്ടിയായി ഒരു പുതുജീവിതത്തിനു ആരംഭം കുറിക്കുന്നു. ഇനി രക്ഷിക്കപ്പെട്ട വിശ്വാസി ജീവിക്കുന്നതും, നിൽക്കുന്നതും, പ്രവർത്തിക്കുന്നതും, ആത്മീകഫലം കായ്ക്കുന്നതും ഒക്കെ **ക്രിസ്തുവിൽ** ആണ്.

**2.കൊരി.5:17** — *"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു പോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു."*

## 10.പാപിയായിരുന്നവൻ രക്ഷിക്കപ്പെടുമ്പോൾ വിശുദ്ധനും, പുരോഹിതനും ആയിത്തീരുന്നു —

യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപം ഏറ്റുപറഞ്ഞു യേശുവിനെ കർത്താവും രക്ഷിതാവും ആയി സ്വീകരിക്കുന്ന നിമിഷത്തിൽ രക്ഷയും ദൈവത്തിന്റെ നീതീകരണവും ലഭിക്കുന്നു. ദൈവിക ശിക്ഷാവിധിയിൽ നിന്നും ദൈവം തന്റെ കൃപയാൽ യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം രക്ഷിക്കുന്നതാണ് രക്ഷ. പാപിയുടെ പാപം കർത്താവു ക്രൂശിൽ ചുമന്നൊഴിച്ചതിനാൽ അവൻ പാപിയല്ലെന്നു വിധിക്കുന്നതാണ് നീതീകരണം. രക്ഷിക്കപ്പെടുമ്പോൾ വിശു

ദ്ധന്മാരുടെ പട്ടികയിലും, രാജകീയപുരോഹിതവർഗ്ഗത്തിലേക്കും ചേർക്കപ്പെടുന്നു. വിശുദ്ധപുരോഹിതൻ എന്ന നിലയിൽ ഒരു മനുഷ്യമദ്ധ്യസ്ഥനും കൂടാതെ ദൈവത്തെ നേരിൽ ആരാധിക്കുവാനും, രാജകീയ പുരോഹിതവർഗ്ഗത്തിൽ ഉൾപ്പെട്ടതിനാൽ യേശുക്രിസ്തുവിനെക്കുറിച്ചു സാക്ഷീകരിക്കുവാനും രാജകീയസുവിശേഷം അറിയിക്കുവാനും കഴിയുന്നു.

**1.പത്രൊ.2:9** —*"നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു."*

**കൊലൊ.1:22,23** — *"മുമ്പേ ദുഷ്പ്രവർത്തികളാൽ മനസ്സു കൊണ്ടു അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ **വിശുദ്ധരും, നിഷ്കളങ്കരും, കുറ്റമില്ലാത്തവരുമായി** നിറുത്തേണ്ടതിന്നു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു."*

**വെളി.1:6** — *"നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും; ആമേൻ."*

## 11. രക്ഷിക്കപ്പെടുമ്പോൾ ക്രിസ്തുവിൻ സഹോദരവർഗ്ഗമായി എണ്ണപ്പെടുന്നു ( Brethren ) —

നാം ലോകപ്രകാരം പല മാതാപിതാക്കളുടെ മക്കളാണ്. എന്നാൽ യേശുക്രിസ്തുവിനെ കൈക്കൊള്ളുന്ന നിമിഷത്തിൽ ദൈവമക്കൾ ആയിത്തീരുന്നു. സ്വർഗ്ഗപിതാവിന്റെ മക്കൾ എന്ന നിലയിൽ രക്ഷിക്കപ്പെട്ടവരെല്ലാം സഹോദരീസഹോദരന്മാരാണ്.

**മത്താ.23:9** — *"നിങ്ങളോ എല്ലാവരും സഹോദരന്മാർ."*

## 12. രക്ഷിക്കപ്പെടുമ്പോൾ സഭയോടു ചേർക്കപ്പെടുന്നു —

ഒരു പാപി മാനസാന്തരപ്പെട്ടു പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു യേശുക്രിസ്തുവിലൂടെ രക്ഷ പ്രാപിക്കുന്ന നിമിഷത്തിൽ അവൻ സ്വർഗ്ഗത്തിനു അവകാശിയാകുകയും കർത്താവു അവനെ സഭയോടു ചേർക്കുകയും ചെയ്യുന്നു. രക്ഷിക്കപ്പെട്ടവൻ മണവാട്ടിസഭയുടെ അംഗമായിത്തീരുന്നു.

**അപ്പൊ.2:47 —** *"കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു."*

## ത്രികാലത്രിവിധരക്ഷ

ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്നു ഘടകങ്ങൾ മനുഷ്യനിൽ സ്ഥിതിചെയ്യുന്നു. ഇവ മൂന്നിന്റെയും സമ്പൂർണ്ണ രക്ഷ ആത്മരക്ഷയിൽ അടങ്ങിയിരിക്കുന്നു. ദേഹത്തെ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നു വിടുവിക്കുന്നു, ദേഹിയെ പാപത്തിന്റെ ശക്തിയിൽ നിന്നു വിടുവിക്കുന്നു, ആത്മാവിനെ പാപത്തിന്റെ ശിക്ഷയിൽ നിന്നു വിടുവിക്കുന്നു (Salvation > Saving the Body from the presence of sin / Saving the Soul from the power of sin / Saving the Spirit from the punishment of sin). ഭൂതം, വർത്തമാനം, ഭാവി എന്നീ കാലങ്ങളോടു ബന്ധപ്പെട്ടുള്ള രക്ഷയാണ് ത്രികാലരക്ഷ. ആത്മാവ് പാപത്തിന്റെ ശിക്ഷയിൽ നിന്നു രക്ഷിക്കപ്പെട്ടു (ഭൂതം), ദേഹി പാപത്തിന്റെ ശക്തിയിൽ നിന്നു രക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു (വർത്തമാനം), ദേഹം പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നു രക്ഷിക്കപ്പെടും (ഭാവി). ത്രികാലരക്ഷയിലെ അനുഭവങ്ങൾ —

**(1) രക്ഷിക്കപ്പെട്ടു** — (നീതീകരണം - Justification)

**(2) രക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു —**
(വിശുദ്ധീകരണം - Sanctification)

**(3) രക്ഷിക്കപ്പെടും** — (മഹത്വീകരണം — Glorification)

ത്രികാലരക്ഷയിലെ ഈ മൂന്നു അനുഭവങ്ങളും താഴെയുള്ള വാക്യങ്ങളിലൂടെ കാണാം.

> **റോമ.8:1 —** *"അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല."* (പാപത്തിന്റെ ശിക്ഷയിൽ നിന്നു **രക്ഷിക്കപ്പെട്ടു**).

> **യൂദാ.24 —** *"വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവന്നു..."*(പാപത്തിന്റെ ശക്തിയിൽ നിന്നു **രക്ഷിക്കപ്പെടുന്നു**).

> **1.പത്രൊ.1:4 —** *"അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷെക്കു വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന ...."* (പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നു **രക്ഷിക്കപ്പെടും**).

**1. രക്ഷിക്കപ്പെട്ടു — (ആത്മരക്ഷ അഥവാ ഭൂതകാലരക്ഷ) —**

ഭൂതകാലത്തിൽ (Past tense ) ഉണ്ടായ രക്ഷയുടെ അനുഭവമാണിത്. പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ചപ്പോൾ രക്ഷിക്കപ്പെട്ടു (റോമ.10:9). ഇതു മൂലം ആത്മാവ് പാപത്തിന്റെ ശിക്ഷയിൽ നിന്നു രക്ഷിക്കപ്പെട്ടു, നിത്യജീവൻ ലഭിച്ചു. ഇനി യാതൊരു ശിക്ഷാവിധിയും, ന്യായവിധിയും ഇല്ല. വിശ്വാസത്താൽ നീതീകരണം ലഭിച്ച അവസ്ഥ (Justification).

> **റോമ.8:1 —** *"അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല."*

> **റോമ.5:1 —** *"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട്..."*

> **റോമ.8:10—** *"ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവു നീതിനിമിത്തം ജീവനാകുന്നു."*

> **എഫെ.2:8—** *"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു."*

> **യോഹ.3:18––** *"അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല."*

**2. രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു — (ദേഹിരക്ഷ അഥവാ വർത്തമാനകാല രക്ഷ) —**

വർത്തമാനകാലത്തിൽ (Present tense) ഉണ്ടാകുന്ന രക്ഷയുടെ അനുഭവമാണിത്. ഒരിക്കൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷിക്കപ്പെട്ടു, ഇന്നു വിശ്വാസജീവിതത്തിൽ ഓരോ ദിവസവും ജഡികശക്തികളോട്, പിശാചിനോട് പോരാടി ദൈവത്തിന്റെ അതിരറ്റ ശക്തിയിൽ വിശുദ്ധിയിലേക്കു (Sanctification) വളർന്നു രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. രക്ഷിക്കപ്പെട്ട ഒരാളാണ് രക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്.

> **1.യോഹ.3:3—** *"അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലൻ ആയിരിക്കുന്നതു പോലെ തന്നെത്തന്നേ നിർമ്മലീകരിക്കുന്നു."*

> **ഫിലി.2:12—** *"അതുകൊണ്ടു, പ്രിയമുള്ളവരേ, നിങ്ങൾ എല്ലായ്പോഴും അനുസരിക്കുന്നതു പോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല ഇന്നു ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷെക്കായി പ്രവർത്തിപ്പിൻ."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അനുഭവത്തിൽ വിശ്വാസി തന്നെത്തന്നെ ശോധന ചെയ്തു ആത്മനിറവിൽ ജീവിച്ച് നാൾക്കു നാൾ വിശുദ്ധിയിലേക്കു വളർന്നു കൊണ്ടിരിക്കും. രക്ഷിക്കപ്പെട്ടത് വിശ്വാസജീവിതത്തിന്റെ ആരംഭമാണ്. തുടർന്നു രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിൽ അർത്ഥമാക്കുന്നത് പാപത്തിന്റെ ശക്തിയിൽ നിന്നു ദിനംതോറും വിടുതൽ ലഭിച്ചു വിശുദ്ധീകരണത്തിലേക്കു വളരുന്ന അവസ്ഥ എന്നതാണ്. SINLESS എന്ന വാക്കിനു അർത്ഥം പാപമില്ലാത്തവൻ എന്നാണ്. ആയുഷ്കാലം മുഴുവൻ രക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു ജീവിതമാണ് വിശ്വാസജീവിതം. രക്ഷിക്കപ്പെട്ടുവെന്നാലും നിത്യജീവിതത്തിൽ പാപം അറിഞ്ഞോ അറിയാതെയോ ചെയ്തുപോകുന്നു. വിശ്വാസി രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നാൽ പാപം ചെയ്യുന്നത് ഓരോദിവസവും കുറഞ്ഞ്, കുറഞ്ഞ്..... ( SIN- less ...less...less....) ഒടുവിൽ യേശുക്രിസ്തുവിനോടു അനുരൂപമായിത്തീരുന്നു. യേശുക്രിസ്തുവിൽ വസിച്ചു ജീവിക്കുമ്പോൾ നിത്യജീവിതത്തിൽ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു രക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ് (1.പത്രൊ.2:11,12). ദേഹിയുടെ രക്ഷയാണ് ഇതു സൂചിപ്പിക്കുന്നത്.

**3. രക്ഷിക്കപ്പെടും — (ദേഹരക്ഷ അഥവാ ഭാവികാലരക്ഷ) —**

ഭാവികാലത്തു (Future tense) ഉണ്ടാകുന്ന രക്ഷയുടെ അനുഭവമാണിത്. ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വം എന്നും ഇതിനു പറയാം. ദൈവമക്കൾ അഥവാ വിശുദ്ധന്മാർ ഒരുപോലെ എടുക്കപ്പെടുന്ന ഒരു നാളുണ്ട്. ഭൗമികശരീരം ആത്മീകശരീരമായിത്തീരുന്ന നാൾ. അതാണ് തേജസ്കരണം അഥവാ മഹത്വീകരണം (Glorification). ഒരിക്കൽ രക്ഷിക്കപ്പെട്ടു, ഇന്നു രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവമക്കൾ, ഇനി ഒരിക്കൽ രക്ഷിക്കപ്പെടും. പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നുമുള്ള ഒരു സമ്പൂർണ്ണ വിടുതലാണിത്. റോമാലേഖനം 13:11- ൽ അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം പറയുന്നു— **"നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു."** ഈ രക്ഷയാണ് ഭാവികാലരക്ഷ. മരിച്ചു കല്ലറകളിൽ ആയിരിക്കുന്ന സകല വിശുദ്ധന്മാരും തേജസ്കരിക്കപ്പെട്ട ശരീരത്തോടെ ഒരുനാൾ ഉയിർത്തെഴുന്നേൽക്കും. മാത്രമല്ല രക്ഷിക്കപ്പെട്ട് ജീവിച്ചിരിക്കുന്ന സകല ദൈവമക്കളും, കർത്താവ് വാനമേഘങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ ഒരു പുതുപുത്തൻ തേജസ്കരിക്കപ്പെട്ട ശരീരം ലഭിച്ചു

കർത്താവിനെ എതിരേൽക്കുവാൻ വാനമേഘങ്ങളിൽ എടുക്കപ്പെടും. ഇതാണ് ഭാവികാല രക്ഷ അഥവാ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വം.

**1.തെസ്സ.4:16-18—** *"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും."*

**റോമ.8:23 —** *"ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു."*

**1.കൊരി.15:54—** *"ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു അമർത്യത്വത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്നു എഴുതിയ വചനം നിവൃത്തിയാകും."*

**1.തെസ്സ.5:10 —** *"നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടു കൂടെ ജീവിക്കേണ്ടതിന്നു നമുക്കു വേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നതു."*

**എബ്രാ.1:14 —** *"അവർ ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷെക്കു അയക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?"*

**എബ്രാ.9:27,28 —** *"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തു നിൽക്കുന്നവരുടെ രക്ഷെക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും."*

**എബ്രാ.7:25 —** *"അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു."*

**ഫിലിപ്പിയർ.1:4 —** *"നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു."*

**1പത്രൊ.1:4–13** – *“അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷെക്കു വിശ്വാസത്താൽ......”*

**1.യോഹ.3:2** — *“പ്രിയമുള്ളവരേ,നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു.”*

## രക്ഷയെ കുറിച്ചുള്ള ചില ചോദ്യങ്ങൾ —

### 1. രക്ഷ എല്ലാവർക്കും ആവശ്യമോ?

ലോകത്തിലെ എല്ലാ മനുഷ്യരും പാപികളായതിനാൽ രക്ഷ സകലർക്കും ആവശ്യമാണ്. പാപികളായ മനുഷ്യർ ദൈവരാജ്യത്തിനു അന്യരും, നിത്യമരണത്തിനു വിധിക്കപ്പെട്ടവരുമാണ്. ഞാൻ പാപം ഒന്നും ചെയ്യുന്നില്ല എന്നു പലരും പറയാറുണ്ട്. ചിലരെ നോക്കിയാൽ പാപം ഒന്നും ചെയ്യാതെ സാന്മാർഗ്ഗിക കാര്യങ്ങളിൽ മുന്നിട്ടു നിന്നു നല്ലതു പ്രവർത്തിച്ചു കൊണ്ടു ജീവിക്കുന്നതിനാൽ അവർ പാപികൾ അല്ലെന്നു തോന്നിയേക്കാം. എന്നാൽ ദൈവവുമായി വ്യക്തിബന്ധം സ്ഥാപിക്കാത്തവരൊക്കെ പാപികൾ തന്നെയാണ്. നാം പാപം ചെയ്യുന്നില്ല എന്നു തോന്നിയാൽത്തന്നെ എതു നിമിഷവും പാപത്തിലേക്കു വീണു പോകാവുന്ന ലോകത്തോടു ബന്ധപ്പെട്ട ഒരു ശരീരമാണ് നമുക്കുള്ളത്. ശരീരത്തിലെ ഓരോ അവയവും പാപം ചെയ്യാനുള്ള പ്രേരണാശക്തിയാൽ നയിക്കപ്പെടുന്നതാണ്. ആയതിനാൽ ഒരുവൻ പാപിയല്ലായെന്നു സ്വയം സമാധാനിച്ചുകൊണ്ടു ദൈവം ഒരുക്കിയിരിക്കുന്ന നീതീകരണ, രക്ഷണ്യ വേലകളെ നിസ്സാരമെന്നു പുച്ഛിച്ചു തള്ളിക്കളഞ്ഞാൽ മരണശേഷം നിത്യതയിൽ ഏറ്റം ദുഷിച്ച പാപികളുമായി നരകയാതന പങ്കുവെക്കേണ്ടി വരും.

**റോമ.3:23** — *“ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു.”*

**റോമ.5:12** — *“അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു.”*

**റോമർ.7:14-25 –** *"ഞാനോ ജഡമയൻ, പാപത്തിന്നു ദാസനായി വില്ക്കപ്പെട്ടവൻ തന്നേ. ഞാൻ പ്രവർത്തിക്കുന്നതു ഞാൻ അറിയുന്നില്ല; ഞാൻ ഇച്ഛിക്കുന്നതിനെ അല്ല പകെക്കുന്നതിനെ അത്രേ ചെയ്യുന്നതു. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ ന്യായപ്രമാണം നല്ലതു എന്നു ഞാൻ സമ്മതിക്കുന്നു.ആകയാൽ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ. എന്നിൽ എന്നു വെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു; നന്മ ചെയ്‌വാനുള്ള താല്പര്യം എനിക്കുണ്ടു; പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നതു. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ. അങ്ങനെ നന്മ ചെയ്‌വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ടു എന്നൊരു പ്രമാണം കാണുന്നു. ഉള്ളം കൊണ്ടു ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു. എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അതു എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന്നു എന്നെ ബദ്ധനാക്കിക്കളയുന്നു. അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിനു അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു."*

**1.യോഹ.1:8 —** *"നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി."*

**ലൂക്കൊ.13:3 –** *"അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചു പോകും."*

**എബ്രാ.2:4 —** *"ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?"*

**എബ്രാ.9:27,28 —** *"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തു നിൽക്കുന്നവരുടെ രക്ഷെക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**2.പത്രൊ.3:9 —** *"ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദത്തംനിവർത്തിപ്പാൻ താമസിക്കു ന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടു വാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേ യുള്ളു."*

**വെളി.20:15 —** *"ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*

**2. രക്ഷെക്ക് പ്രവൃത്തി ആവശ്യമോ?**

രക്ഷിക്കപ്പെടുവാൻ അഥവാ വീണ്ടും ജനിക്കുവാൻ മനു ഷ്യന്റെ യാതൊരു പ്രവൃത്തികളും ആവശ്യമില്ല. യേശുക്രിസ്തുവി ലുള്ള വിശ്വാസമാണ് രക്ഷയ്ക്കുള്ള ആധാരം. മതപരമായ ചടങ്ങു കൾ, കർമ്മങ്ങൾ, കൂദാശകൾ, പെരുന്നാളുകൾ ആചരിക്കൽ, നൊയ്മ്പു നോക്കൽ, പ്രതിഷ്ഠകൾ, പരിഹാരക്രിയകൾ, കൊന്തജ പമാലയിലൂടെയുള്ള പ്രാർത്ഥനകൾ, ശിശുസ്നാനം, പത്തു കല്പ നകൾ പാലിക്കൽ എന്നിവയാലൊന്നും പാപമോചനവും ആത്മര ക്ഷയും ലഭിക്കുകയില്ല. സത്യസന്ധത, വിശ്വസ്തത, നല്ല സ്വഭാവം, നല്ല സേവനങ്ങൾ, ദാനധർമ്മങ്ങൾ, സമൂഹസദ്യകൾ, സമൂഹവിവാ ഹങ്ങൾ എന്നീ സന്മാർഗ്ഗികകാര്യങ്ങൾ നടത്തിയാലും ആത്മരക്ഷ നേടിയെടുക്കുവാൻ സാധിക്കുകയില്ല.

**യെശ.64:6 —** *"ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയി ത്തീർന്നു; ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറപിരണ്ട തുണി പോലെ; ഞങ്ങൾ എല്ലാവരും ഇലപോലെ വാടിപ്പോകുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റുപോലെ പറപ്പിച്ചു കളയു ന്നു."*

**യോഹ.1:12 —** *"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വ സിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു."*

**യോഹ.3:16 –** *"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."*

**യോഹ.20:31 –** *"എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു."*

**റോമർ.4:5 —** *"പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിക്കായി കണക്കിടുന്നു."*

**റോമർ.4:16 —** *"അതുകൊണ്ടു കൃപാദാനം എന്നു വരേണ്ടതിന്നു വിശ്വാസത്താലത്രേ അവകാശികൾ ആകുന്നതു."*

**റോമർ.5:1 —** *'വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു. നാം നിൽക്കുന്ന ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു; നാം ദൈവത്തിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു."*

**റോമ.10:9,10 —***"യേശുവിനെ കർത്താവു എന്നു വായി കൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായികൊണ്ടു രക്ഷെക്കായി ഏറ്റു പറകയും ചെയ്യുന്നു."*

**എഫെ.2:8,9 —***"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.*

**ഗലാ.3:11 —** *"എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം. നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ ഉള്ളതു."*

**ഗലാ.3:8 —** *"എന്നാൽ ദൈവം വിശ്വാസം മൂലം ജാതികളെ നീതീകരിക്കുന്നു."*

**തീത്തൊസ്.3:5 —** *"അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു."*

**3. രക്ഷ പ്രാപിപ്പാൻ സ്നാനം ആവശ്യമാണോ?**

രക്ഷ പ്രാപിപ്പാൻ സ്നാനം ആവശ്യമില്ല. ദൈവം ഒരുക്കിയിരിക്കുന്ന ആത്മരക്ഷ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നാൽ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കുകയാണ്. എന്നാൽ സ്നാനം രക്ഷിക്കപ്പെട്ട ദൈവപൈതൽ തനിക്കു ലഭിച്ച രക്ഷയാൽ പുതുക്കംപ്രാപിച്ച ആത്മീകാവസ്ഥ പ്രദർശിപ്പി

ക്കുന്നതും, ദൈവകല്പനയുടെ അനുസരണവുമാണ്. രക്ഷ പാപിയായ ഒരുവന്റെ ആത്മീയജനനത്തോടു ബന്ധപ്പെട്ടിരിക്കുമ്പോൾ (യോഹ.3:3,5), സ്നാനം കർത്താവിന്റെ മരണത്തോടും അടക്കത്തോടും പുനരുത്ഥാനത്തോടും ബന്ധപ്പെട്ടിരിക്കുന്നു (റോമ.6:3-5). രക്ഷിക്കപ്പെട്ടവരാണ് സ്നാനപ്പെടേണ്ടത്. *"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു"* (അപ്പൊ.2:41).

**4. രക്ഷിക്കപ്പെട്ടാൽ പാപം ചെയ്യാമോ?**

രക്ഷിക്കപ്പെട്ട ദൈവമക്കൾ പാപം ചെയ്യുവാൻ പാടില്ല. എന്നാൽ വിശ്വാസിയുടെ ശരീരവും അവയവങ്ങളും ഈ ലോകത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ പാപപ്രകൃതിയും പാപം ചെയ്യുവാനുള്ള പ്രേരണയും ഉണ്ട്. ആയതിനാൽ വിശ്വാസിയും പാപത്തിൽ വീണു പോകാം. അങ്ങനെ ഉണ്ടായാൽ ഉടൻ തന്നെ കർത്താവിനോടു ഏറ്റുപറഞ്ഞു ശുദ്ധീകരണത്തിനായി അപേക്ഷിക്കണം.

**1.യോഹ.2:1,2 —** *"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിന്നു മാത്രം അല്ല, സർവ്വലോകത്തിന്റെ പാപത്തിനും തന്നേ."*

ഒരു വിശ്വാസി പാപത്തിൽ വീണുപോയ ശേഷം ശുദ്ധീകരണത്തിനായി അപേക്ഷിച്ചാൽ യേശുക്രിസ്തു അവനുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ട് പിതാവിന്റെ സന്നിധിയിൽ ഇരിക്കുന്നു. നമ്മുടെ രക്ഷ ഭദ്രമായിരിക്കുന്നതിന്റെ രഹസ്യം ഇതാണ്.

**റോമർ.8:34–** *"ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കു വേണ്ടിപക്ഷവാദംകഴിക്കയും ചെയ്യുന്നു."*

**എബ്രാ.7:25—** *"അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു."*

### 5. രക്ഷ പ്രാപിക്കുവാനായി എവിടെയെങ്കിലും പോകണമോ?

യേശുക്രിസ്തുവിലൂടെയുള്ള രക്ഷ ലഭിക്കുന്നതിനായി ഒരിടത്തും പോകേണ്ട ആവശ്യമില്ല. ഇതിനായി പുണ്യസ്ഥലങ്ങളിൽ പോകുകയോ, നേർച്ചകളും, വഴിപാടുകളും അർപ്പിക്കുകയോ ആവശ്യമില്ല. കാരണം എവിടെ നിന്നു വിളിച്ചാലും ഈ സർവ്വശക്തനായ, സർവ്വവ്യാപിയായ ദൈവം കേൾക്കും.

**1.തിമൊ.1:15 —** *"ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ."*

ലോകത്തിലെ സാമൂഹ്യസംഘടനകളും, രാഷ്ട്രീയക്കാരും ഒക്കെ പറയുന്നത് നല്ലവരായ നാട്ടുകാരേ! മാന്യരേ! സഹൃദയരേ! വരുവിൻ ഞങ്ങൾ നിങ്ങൾക്കു ആശ്വാസവും, സമാധാനവും, ക്ഷേമവും തരാം എന്നാണ്. അവർക്കു സമൂഹത്തിലെ പാപികളെയും, ദോഷികളെയും, അസന്മാർഗ്ഗിക ജീവിതം നയിക്കുന്നവരെയും വേണ്ട. മതങ്ങളിലേക്കു നോക്കുമ്പോൾ മതങ്ങളിലെ ദേവന്മാരും, കർത്താക്കന്മാരും ഒക്കെ അവതാരം എടുത്തത് ശത്രുക്കളെ സംഹരിക്കുവാനും, നല്ലവരെ സംരക്ഷിക്കുവാനും ആണ്. എന്നാൽ കർത്താവായ യേശുക്രിസ്തു ഈ ലോകത്തിലേക്കു വന്നതിന്റെ ഉദ്ദേശ്യം പാപികളും, ദോഷികളും, ദൈവത്തിന്റെ ശത്രുക്കളും ആയ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാനും, ആശ്വാസവും സമാധാനവും നൽകുവാനുമാണ്. യേശുക്രിസ്തു അവതരിച്ചതല്ല; മറിച്ചു മനുഷ്യനായി ജന്മം എടുക്കുകയായിരുന്നു. ദൈവം നമ്മോടു കൂടെ എന്നർത്ഥം വരുന്ന **'ഇമ്മാനൂവേൽ'** (മത്താ.1:22) ആയി ഈ ഭൂമിയിലേക്കു വന്നു. കർത്താവിന്റെ നാമത്തിൽ കൂടി വരുന്നിടത്തൊക്കെയും കർത്താവിന്റെ സാന്നിദ്ധ്യമുണ്ടായിരിക്കുമെന്നു വാഗ്ദത്തമുണ്ട്.

**മത്താ.9:13 —** *"ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നതു."*

**ലൂക്കൊ.19:10 –** *"കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു."*

**മത്താ.11:28 —** *"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."*

**6. രക്ഷെക്കായി ഏതെങ്കിലും മദ്ധ്യസ്ഥൻ വേണോ?**

രക്ഷിക്കപ്പെടുവാൻ യാതൊരു മനുഷ്യമദ്ധ്യസ്ഥന്റേയും ആവശ്യമില്ല. പാപിക്കു യേശുക്രിസ്തുമൂലം വീണ്ടെടുപ്പും, ശുദ്ധീകരണവും ലഭിക്കും.

**1.തിമൊ.2:5** —*"ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ: എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുതന്നേ."*

**എബ്രാ.9:15** —*"അതു നിമിത്തം ആദ്യനിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിന്നായി ഒരു മരണം ഉണ്ടായിട്ടു നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിന്നു അവൻ പുതിയനിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു."*

എന്നാൽ രക്ഷയുടെ സുവിശേഷദൂതും, വചനങ്ങളും അറിയിക്കുവാനും, പൊരുൾ തിരിച്ചു തരുവാനും രക്ഷിക്കപ്പെട്ട ദൈവമക്കൾ സഹായകരമായിരിക്കും.

**അപ്പൊ.8:31** —*"ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും എന്നു അവൻ (ഷണ്ഡൻ) പറഞ്ഞു, ഫിലിപ്പൊസ് കയറി തന്നോടു കൂടെ ഇരിക്കേണം എന്നു അപേക്ഷിച്ചു."*

**റോമ.10:14,15** —*"എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും?"*

**7. വിശുദ്ധന്മാരായി പ്രഖ്യാപിക്കുവാനോ, പാപങ്ങൾ മോചിക്കുവാനോ മനുഷ്യനു ദൈവവചനം അനുവാദം നൽകുന്നുവോ?**

ഭൂമിയിലെ ഒരു പുരോഹിതനോ, മതമേലദ്ധ്യക്ഷനോ മനുഷ്യന്റെ പാപങ്ങൾ മോചിച്ചു കൊടുക്കുവാനോ, അവനെ വിശുദ്ധനായി പ്രഖ്യാപിക്കുവാനോ ദൈവവചനം അനുവദിക്കുന്നില്ല. ലോകരക്ഷിതാവായ യേശുക്രിസ്തുവിനു മാത്രമേ പാപങ്ങൾ മോചിച്ചു ഒരുവനെ വിശുദ്ധനാക്കുവാൻ കഴിയൂ. യേശുക്രിസ്തുവിൽ അഭയം പ്രാപിച്ചു പാപമോചനവും, ശുദ്ധീകരണവും, രക്ഷയും, വീണ്ടെടുപ്പും പ്രാപിച്ച ഒരു ദൈവപൈതൽ വിശുദ്ധനാണ്. അതായത് രക്ഷ പ്രാപിക്കുന്ന മനുഷ്യനെയാണ് ദൈവം വിശുദ്ധനായി പ്രഖ്യാപിക്കുന്നത്. ആയതിനാൽ രക്ഷിക്കപ്പെട്ട സകല ദൈവമക്കളും വിശുദ്ധന്മാരാണ്. ഇന്നു സമുദായങ്ങളിൽ പാപമോചനത്തിനായി നടത്തുന്ന കുമ്പസാരങ്ങൾക്കും, ബലിപൂജകൾക്കും,കൂദാശ

കൾക്കും മാത്രമല്ല വിശുദ്ധപ്രഖ്യാപനങ്ങൾക്കും, വാഴ്ത്തപ്പെട്ടവരായി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും തിരുവചനപ്രകാരം അടിസ്ഥാനമില്ല.

**മർക്കൊ.2:10 —** *"എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രനു (യേശുക്രിസ്തു) അധികാരം ഉണ്ടു."*

**കൊലൊ.1:22,23—** *"മുമ്പേ ദുഷ്പ്രവർത്തികളാൽ മനസ്സുകൊണ്ടു അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ* ***വിശുദ്ധരും,നിഷ്കളങ്കരും, കുറ്റമില്ലാത്തവരുമായി*** *നിറുത്തേണ്ടതിന്നുഅവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു."*

**റോമർ.3:28 —** *"മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടുന്നു."*

**1.കൊരി.6:11 —** *"നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നേ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു."*

**1.കൊരി.1:2 —** *"ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും അവിടെയും ഇവിടെയും എവിടെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും കൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരുമായവർക്കു തന്നേ എഴുതുന്നതു."*

**എബ്രാ.10:10 —** *"ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു."*

**8. ഏതു മതത്തിലാണ് രക്ഷ? മതം മാറിയാൽ രക്ഷ ലഭിക്കുമോ?**

മതം മാറിയാലോ, സഭ മാറിയാലോ ഒരിക്കലും രക്ഷ ലഭിക്കുകയില്ല. മതങ്ങളിലും സഭകളിലും രക്ഷയില്ല. യേശുക്രിസ്തു മതം സ്ഥാപിച്ചിട്ടില്ല; ഒരു മതനേതാവും അല്ല. ക്രിസ്തീയ പേരു സ്വീകരിച്ചാലോ, സ്നാനം ഏറ്റാലോ, ഭക്തിയായി ജീവിച്ചാലോ, കൂദാശ കർമ്മങ്ങൾ ചെയ്താലോ രക്ഷിക്കപ്പെടുന്നില്ല. രക്ഷിക്കപ്പെടണമെങ്കിൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ പുതുതായി ജനിക്കണം എന്നതാണ് അടിസ്ഥാനപ്രമാണം.

**അപ്പൊ.2:47 —** *"കർത്താവു രക്ഷിക്കപ്പെടുന്നവരെ സഭയോടു ചേർത്തുകൊണ്ടിരുന്നു."*

**അപ്പൊ.4:12 —** *"മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട*

*വേറൊരു നാമവും ഇല്ല."*

**യോഹ.3:3 —** *"പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല."*

**9. രക്ഷിക്കപ്പെട്ടവർ എവിടെ ആരാധിക്കണം?**

രക്ഷിക്കപ്പെട്ട ദൈവപൈതൽ രക്ഷിക്കപ്പെട്ട ദൈവമക്കളുമായി കൂട്ടായ്മ പുലർത്തുകയും അങ്ങനെയുള്ളവരുടെ കൂട്ടങ്ങളിൽ മാത്രം ദൈവത്തെ ആരാധിക്കുകയും വേണം. രക്ഷിക്കപ്പെടാത്തവരുമായി കൂട്ടായ്മ തുടർന്നാൽ പിൻമാറ്റത്തിന്റെ അവസ്ഥയിലേക്കും ദൈവത്തെ സ്നേഹിക്കുകയോ ആരാധിക്കുകയോ ചെയ്യാത്ത ഒരു നിലയിലേക്കും എത്തിച്ചേരുവാൻ സാദ്ധ്യതയുണ്ട്. മിശ്രിതാരാധന, അതായത് രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും ഒരുമിച്ചുള്ള ആരാധന ദൈവം ഇഷ്ടപ്പെടുന്നില്ല.

**2.കൊരി.6:14 —** *"നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുതു; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തോരു ചേർച്ച?"*

**1.കൊരി.5:11 —** *"എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ, വിഗ്രഹാരാധിയോ, വാവിഷ്ഠാണക്കാരനോ, മദ്യപനോ, പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുതു; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുതു എന്നത്രേ ഞാൻ നിങ്ങൾക്കു എഴുതിയതു."*

**ആവ.22:9 —** *"നിന്റെ മുന്തിരിത്തോട്ടത്തിൽ വേറൊരു വക വിത്തും ഇടരുതു...... കാളയെയും കഴുതയെയും ഒന്നിച്ചു പൂട്ടി ഉഴരുതു."*

**10. രക്ഷിക്കപ്പെട്ട ദൈവമക്കൾ എങ്ങനെ ജീവിക്കണം?**

ദൈവകുടുംബത്തിൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ജനിച്ചവർ ദൈവകുടുംബത്തിലെ നിയമങ്ങൾ അഥവാ ദൈവവചനങ്ങളനുസരിച്ചു ജീവിക്കണം. ദൈവം വിശുദ്ധനാകയാൽ തന്റെ മക്കളും വിശുദ്ധരായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ദൈവത്തെ സ്നേഹിക്കുക, മറ്റുള്ളവരെ സ്നേഹിക്കുക, ദൈവവചനം പഠിക്കുക, അതനുസരിച്ചു ജീവിക്കുക, പ്രാർത്ഥിക്കുക എന്നിവയിലൂടെ വിശുദ്ധജീവിതത്തിലേക്കും, തുടർന്നു വിജയകരമായ ക്രിസ്തീയജീവിതത്തിലേക്കും എത്തിച്ചേരാൻ സാധിക്കും. തിരുവചനത്തിലുടനീളം വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

(DOCTRINAL TRUTHS *by Samson Henry, Kollam*)

**മത്താ.28:19,20** –*"ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴി പ്പിച്ചും ഞാൻ നിങ്ങളോടു കൽപ്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാ ക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു."*

**മർക്കൊ.12:30,31** –*"എല്ലാറ്റിലും മുഖ്യകല്പനയോ:......നിന്റെ ദൈവ മായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം എന്നു ആകുന്നു. രണ്ടാമത്തേതോ: കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം എന്നത്രേ."*

**റോമ.12:2** —*"ഈ ലോകത്തിന്നു അനുരൂപരാകാതെ നന്മയും പ്രസാ ദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ട തിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."*

**2.കൊരി.6:14** –*"നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂട രുതു."*

**എഫെ.4:12** – *"അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപു ത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും..."*

**എഫെ.4:15** –*"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും."*

**ഫിലി.4:6,7** –– *''ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ട തു."*

**കൊലൊ.3:2** –*"ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു അന്വേഷിപ്പിൻ."*

**1.തെസ്സ.5:14–22** –*"സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പി ക്കുന്നതു: ക്രമം കെട്ടവരെ ബുദ്ധി ഉപദേശിപ്പിൻ....ബലഹീനരെ താങ്ങുവിൻ...ഇടവിടാതെ പ്രാർത്ഥിപ്പിൻ."*

**2.തിമൊ.1:13** –*"എന്നോടു കേട്ട പത്ഥ്യവചനം നീ ക്രിസ്തുയേശുവി ലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കി കൊൾക."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**2.തിമൊ.2:15 –** *"സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നിൽപ്പാൻ ശ്രമിക്ക."*

**2.തിമൊ.3:16 –** *"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമായതിനാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു...."*

**2.തിമൊ.4:2 —** *"വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക."*

**എബ്രാ.12:1 --** *"ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക."*

**1.പത്രൊ.5:6,7–** *"അതുകൊണ്ടു അവൻ തക്ക സമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ......"*

**2.പത്രൊ.3:17,18 –** *"അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരതവിട്ടു വീണു പോകാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ."*

**1.യോഹ.2:15 —** *"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്."*

**1.യോഹ.5:21 —** *"കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോടു അകന്നു സൂക്ഷിച്ചുകൊൾവിൻ."*

**1.യോഹ.4:7 —** *"പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക."*

**യൂദാ. 20 —** *"നിങ്ങളോ, പ്രിയമുള്ളവരേ; നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നേ ആത്മീകവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവന്നായിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണെക്കായി കാത്തിരുന്നുംകൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നേ സൂക്ഷിച്ചു കൊൾവിൻ."*

**രക്ഷ പ്രാപിപ്പാനും, രക്ഷാ സന്ദേശം അറിയിക്കുവാനും സഹായകമായ തിരുവെഴുത്തുകൾ —**

**(1) രക്ഷയുടെ ആവശ്യം :** (The Need of Salvation)

റോമ.3:23 — "ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു."

**(2) പാപത്തിന്റെ ശമ്പളം :** (The Penalty for Sin)

റോമ.6:23 — "പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ."

റോമ.5:18 --"അങ്ങനെ ഏകലംഘനത്താൽ സർവ്വമനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏകനീതിയാൽ സകലമനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു."

**(3) രക്ഷ യേശുക്രിസ്തുവിലൂടെ :** (Salvation through Jesus Christ)

യോഹ.14:6 —"യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല."

1.തിമൊ.1:15 —"ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ."

**(4) പുതു ജനനം ആവശ്യം :** (Rebirth is needed)

യോഹ.3:3 -- "പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല."

യോഹ.3:5 —"വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല."

**(5) രക്ഷിക്കപ്പെട്ടില്ലെങ്കിൽ സംഭവിക്കുന്നത് :** (What happens if not Saved)

ലൂക്കൊ.13:3 —"അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചുപോകും."

യോഹ.3:18 — “അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു.”

വെളി.20:15 — “ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.”

**(6) എങ്ങനെ രക്ഷിക്കപ്പെടാം** : (How to be Saved)

റോമ.10:9 —“യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴു ന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും.”

**(7) രക്ഷയുടെ ഫലം** : (The Result of Salvation)

സങ്കീ.32:1 —“ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയ വൻ ഭാഗ്യവാൻ.”

റോമ.5:1 —“വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാ ധാനം ഉണ്ടു.”

**(8) എത്ര സന്തോഷം** : (What a Happiness)

റോമ.8:1 —“അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലു ള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല.”

**(9) രക്ഷ നിത്യം** : (Saved for Ever)

റോമ.8:38,39 —“മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാ നുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവ സ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു.”

= = = = = = = *Amen* = = = = = = =

# അദ്ധ്യായം – 15

## സ്നാനം (BAPTISM)

ദൈവസഭെക്ക് നൽകപ്പെട്ട രണ്ട് അനുഷ്ഠാനങ്ങളിൽ (Ordinances) ആദ്യത്തേതു സ്നാനം; രണ്ടാമത്തേതു കർത്തൃമേശ. രക്ഷിക്കപ്പെട്ടവർ ഒരിക്കലായി അനുസരിക്കേണ്ട കൽപ്പനയാണ് സ്നാനം. അപ്പൊ.പ്രവൃ.2:41-ൽ രക്ഷിക്കപ്പെട്ടവർ ഉടനെ ചെയ്തത് സ്നാനം ഏൽക്കുകയായിരുന്നു — **"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു."** രക്ഷിക്കപ്പെടുവാനോ, ഏതെങ്കിലും ക്രിസ്തീയ വിഭാഗത്തിൽ ചേരുവാനോ, ക്രിസ്ത്യാനി ആകുവാനോ, സ്വർഗ്ഗത്തിൽ പോകുവാനോ അല്ല സ്നാനം കൽപ്പനയായി ലഭിച്ചിരിക്കുന്നത്. സ്നാനപ്പെട്ടില്ല എങ്കിൽ രക്ഷയില്ല, രക്ഷ പൂർണ്ണമാകയില്ല എന്നും, സ്നാനപ്പെടേണ്ട ആവശ്യമില്ല എന്നും ഉള്ള പഠിപ്പിക്കലുകൾ വചനവിരുദ്ധങ്ങളാണ്. രക്ഷിക്കപ്പെട്ട വിശ്വാസി സ്നാനപ്പെടുക തന്നെ വേണം എന്നതാണ് ദൈവേഷ്ടം. സ്നാനം ഏൽക്കുക എന്നത് നിർബന്ധവിഷയമാണ്, ഐച്ഛികവിഷയമല്ല എന്ന് ഓർക്കുക. സ്നാനം ദൈവകല്പനയാണ്. പിതാവായ ദൈവത്തിന്റെ ആഗ്രഹം, ഉത്തരവ്, കല്പന എന്ന നിലയിൽ മക്കൾ അനുസരിക്കണം. ഇന്നു ക്രിസ്തീയസഭകളിൽ സ്നാനം എന്ന വിഷയത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി ചർച്ചയിലും വിവാദത്തിലും ചെന്നെത്തി നിൽക്കുന്നതായി കാണുന്നു. തിരുവചനം പഠിച്ചാൽ ഈ വിവാദങ്ങൾക്കു യാതൊരു അർത്ഥവും ഇല്ലെന്നും, അതേസമയം ദൈവപൈതൽ അനുഷ്ഠിക്കേണ്ട രാജകല്പന തന്നെയാണ് സ്നാനം എന്നും മനസ്സിലാക്കാം. രക്ഷിക്കപ്പെട്ട ഒരു വിശ്വാസി പൂർണ്ണമനസ്സോടും, പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആഗ്രഹത്തോടും സ്വീകരിക്കേണ്ട ഒന്നാണ് സ്നാനം. ഇതു വീണ്ടും ജനനമോ, പാപമോചനമോ അല്ല; എന്നാൽ രക്ഷിക്കപ്പെട്ട അനുഭവത്തിൽ ഉണ്ടായ മാനസാന്തരത്തിന്റെ പരസ്യമായ പ്രഖ്യാപനമാണ്. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ സ്നാനം മൂന്നു കാര്യങ്ങളെ വെളിപ്പെടുത്തുന്നു — മരണം, അടക്കം, പുനരുത്ഥാനം (Death, Burial, Resurrection).

## സ്നാനം എന്തല്ല?

സ്നാനം എന്നത് പുതുജനനമോ, മാനസാന്തരമോ, പാപങ്ങൾ കഴുകിയുള്ള ശുദ്ധീകരണമോ, സ്വർഗ്ഗത്തിൽ പോകുവാൻ വേണ്ടിയുള്ളതോ അല്ല.

## സ്നാനം എന്നാൽ എന്ത്?

**1. സ്നാനം ദൈവകല്പനയുടെ അനുസരണമാണ് —**

**മർക്കൊ.16:16** —*"വിശ്വസിക്കയും സ്നാനം ഏല്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും."*

**2. ദൈവത്തോടുള്ള നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയാണ് –**

**1.പത്രൊ.3:21** — *"സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ."*

**3. രക്ഷിക്കപ്പെട്ട ദൈവപൈതലിന്റെ പരസ്യപ്രഖ്യാപനമാണിത് —**

**2.കൊരി.5:17** —*"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു."*

**4. ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ വിശ്വാസിയെ ഒരുക്കുന്നതാണ് സ്നാനം —**

സ്നാനജലം കർത്താവായ യേശുക്രിസ്തുവിന്റെ കല്ലറയെ സൂചിപ്പിക്കുന്നു. സ്നാനപ്പെടുന്ന രക്ഷിക്കപ്പെട്ട വിശ്വാസി കർത്താവിനോടു കൂടെ അടക്കപ്പെടുന്നു. പഴയ മനുഷ്യൻ കുഴിച്ചിടപ്പെടുന്നു. വെള്ളത്തിൽ നിന്നും ഉയരുമ്പോൾ കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റതുപോലെ അവനും കർത്താവിന്റെ പുനരുത്ഥാനത്തിൽ പങ്കാളിയായിത്തീരുന്നു. തുടർന്നു ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ വിശ്വാസി ഒരുക്കപ്പെടുന്നു (റോമ.6:4).

**5. സ്നാനം യേശുക്രിസ്തുവിന്റെ കാൽച്ചുവടുകളെ പിൻതുടരുന്നതിനെ കാണിക്കുന്നു.**

**1.പത്രൊ.2:21** –*"നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു."*

**6. സ്നാനം ദൈവഹിതമാണ്** — യോഹ.1:33 /അപ്പൊ.8:26-40.
(DOCTRINAL TRUTHS *by Samson Henry, Kollam*)

**7. ക്രിസ്തു കാണിച്ച മാതൃകയുടെ അനുസരണമാണ് —** മത്താ.3:15.

**8. ദൈവനീതി നിവർത്തിക്കുകയാണ് —** മത്താ.3:15

**9. സ്നാനം അപ്പൊസ്തലന്മാരുടെ ഉപദേശമാണ് —** അപ്പൊ.2:41,42

**10. ദൈവത്തിന്റെ ആലോചനയാണ്—** ലൂക്കൊ.7:30

**11. സ്നാനം ശിഷ്യത്വത്തിന്റെ അംഗീകാരമാണ് —** മത്താ.28:18-20.

## സ്നാനത്തിന്റെ ആവശ്യകത —

### 1. സ്നാനപ്പെടുക എന്നതു ദൈവകല്പനയാണ് —

മരണത്തെ ജയിച്ചു, ഉയിർത്തെഴുന്നേറ്റ കർത്താവ് സ്വർഗ്ഗാരോഹണത്തിനു മുമ്പായി ശിഷ്യന്മാരെ തന്റെ ദൗത്യം ഏൽപ്പിക്കുന്നു — പുറപ്പെടുക, ഉപദേശിക്കുക, ശിഷ്യരാക്കുക — ( Go, Preach, Make disciples)

**മത്താ.28:18-20 —**"*യേശു അടുക്കൽ ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ* **പുറപ്പെട്ടു**, *പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം* **ഉപദേശിച്ചും** *കൊണ്ടു സകലജാതികളെയും* **ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു."**

സകല അധികാരവും ലഭിച്ച കർത്താവാണ് അവരെ ജോലി ഏൽപ്പിച്ചത്. അവർ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ച് ശിഷ്യരാക്കുവാനാണു കല്പന. **മർക്കൊ.16:15,16 —** *'പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും."*

### 2. യേശുക്രിസ്തു സ്നാനപ്പെട്ടു നമുക്കു മാതൃക കാണിച്ചു തന്നു-

യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ യോർദ്ദാൻ നദിയിൽ ഇറങ്ങി സ്നാപകയോഹന്നാനാൽ സ്നാനപ്പെട്ടു. പാപം ഇല്ലാത്ത, പാപം അറിയാത്ത, പാപം ചെയ്തിട്ടില്ലാത്ത, ഊനമില്ലാത്ത, കുഞ്ഞാടായ യേശുകർത്താവിനു സ്നാനപ്പെടേണ്ട

ആവശ്യമുണ്ടായിരുന്നോ? ഇല്ല. എന്നാൽ നമുക്കു പിൻപറ്റുവാൻ ഒരു മാതൃക കാണിച്ചു തരികയായിരുന്നു.

*1.പത്രൊ.2:21 — "നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു."*

തന്റെ ഈ ലോകത്തിലെ ശുശ്രൂഷകളുടെ ആരംഭം കുറിക്കുകയായിരുന്നു സ്നാനം. സ്നാനസമയത്തു പിതാവായ ദൈവത്തിന്റെ അംഗീകാരം ലഭിക്കുന്നു. *"ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു"* എന്നതായിരുന്നു അംഗീകാരത്തിന്റെ വാക്കുകൾ. നാമും ദൈവത്തിന്റെ കല്പനകൾ അനുസരിക്കുമ്പോൾ ദൈവത്തിന്റെ പ്രിയമക്കൾ എന്ന സ്ഥാനം ലഭിക്കുന്നു. ക്രിസ്തുവിന്റെ പത്രങ്ങളായ വിശ്വാസികളായ നമ്മെ അനേകർ ശ്രദ്ധിക്കുന്നു; വായിക്കുന്നു. ആയതിനാൽ ക്രിസ്തുവിന്റെ മാതൃകപ്രകാരം കർത്താവിന്റെ ചുവടുകളെ നാം പിൻപറ്റണം.

**മത്താ.3:13-17** —*"അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏൽക്കുവാൻ ഗലീലയിൽ നിന്നു യോർദ്ദാൻകരെ അവന്റെ അടുക്കൽ വന്നു. യോഹന്നാനോ അവനെ വിലക്കി: നിന്നാൽ സ്നാനം ഏൽക്കുവാൻ എനിക്കു ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു പറഞ്ഞു. യേശു അവനോടു: ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം എന്നു ഉത്തരം പറഞ്ഞു;എന്നാറെ അവൻ അവനെ സമ്മതിച്ചു. യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു; ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദവും ഉണ്ടായി."*

**3. സ്നാനം ഏല്ക്കണമെന്നു ലേഖനത്തിൽ ഉപദേശമായി പറഞ്ഞിരിക്കുന്നു —**

ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തോട് വിശ്വാസി ഏകീഭവിക്കുന്ന പ്രക്രിയയാണു സ്നാനം. വിശുദ്ധജീവിതം നയിക്കുവാനുള്ള ആദ്യപടി ക്രിസ്തുവുമായുള്ള പങ്കാളിത്തമാണ്. സ്നാനം ഏൽക്കുമ്പോൾ ക്രിസ്തുവിന്റെ മരണത്തിനു പങ്കാളികളാകുകയാണ്. അതായത് ഒരുവൻ ക്രിസ്തുവിലാകുന്ന പ്രക്രിയയാണ് സ്നാനം.

*റോമ.6:3-5 —"അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ."*

**4. അപ്പൊസ്തലന്മാർ സ്നാനം ഏറ്റ മാതൃക തിരുവചനത്തിൽ കാണുന്നു —**

കർത്താവിനായി നല്ല പോർ പൊരുതു ഓട്ടം തികച്ച അപ്പൊസ്തലനായ പൗലൊസ് കർത്താവിനെ ആദ്യമായി കണ്ടുമുട്ടിയ സമയത്തു തന്റെ ശുശ്രൂഷയുടെ ആരംഭം കുറിക്കുന്നത് സ്നാനത്തിലൂടെയാണ്.

*അപ്പൊ.9:18 — "ഉടനെ അവന്റെ കണ്ണിൽ നിന്നു ചെതുമ്പൽ പോലെ വീണു; കാഴ്ച ലഭിച്ചു അവൻ എഴുന്നേറ്റു സ്നാനം ഏല്ക്കയും ആഹാരം കൈക്കൊണ്ടു ബലം പ്രാപിക്കയും ചെയ്തു."*

**5. അപ്പൊസ്തലന്മാർ വിശ്വാസികളെ സ്നാനപ്പെടുത്തിയിട്ടുണ്ട് –**

(1) പൗലൊസ്, സ്തെഫാനൊസിന്റെ ഭവനക്കാരെ—1.കൊരി1:16
(2) കർത്താവിന്റെ ശിഷ്യന്മാർ — യോഹ.4:2

**6. പുതിയനിയമ സഭയുടെ ആരംഭകാല വിശ്വാസികൾ സ്നാനം ഏറ്റിരുന്നു —**

| | |
|---|---|
| (1) ലുദിയായും കുടുംബവും | - അപ്പൊ.16:15 |
| (2) കാരാഗൃഹപ്രമാണി | - അപ്പൊ.16:31-33 |
| (3) കൊർന്നേല്യൊസ് | - അപ്പൊ.10:47-48 |
| (4) കൈസര്യയിൽ ജാതികൾ | - അപ്പൊ.10:47-48 |
| (5) ഷണ്ഡൻ | - അപ്പൊ.8:38 |
| (6) ശമര്യയിൽ പുരുഷന്മാരും സ്ത്രീകളും | - അപ്പൊ.8:12 |
| (7) ശീമോൻ | - അപ്പൊ.8:13 |
| (8) പള്ളിപ്രമാണിയായ ക്രിസ്പൊസ് | - അപ്പൊ.18:8 |

## സ്നാനത്തിലൂടെ ലഭിക്കുന്ന ആത്മീകനന്മകൾ —

### 1. ക്രിസ്തുവിനോടു ചേരുവാൻ —

*റോമർ.6:3 -- "യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റ നാം എല്ലാവരും..."* ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ ക്രിസ്തുവിനോടു ചേരുകയാണ്. രക്ഷിക്കപ്പെടുന്നതുവരെ ലോകത്തോട് ചേർന്ന അനുഭവമായിരുന്നു. സ്നാനത്തിലൂടെ ക്രിസ്തുവിനോടു ചേരുകയും വിശുദ്ധജീവിതത്തിലേക്കു വളരുകയും ചെയ്യുന്നു. ക്രിസ്തുവിനോടു ചേരുക എന്നാൽ ഒരു ശരീരമായിത്തീരുന്ന അവസ്ഥയാണ്. വേർപിരിക്കാനാവാത്ത സ്നേഹബന്ധത്തിലേക്കു എത്തിച്ചേരുന്നു (റോമ.8:35,38,39).

### 2. ക്രിസ്തുവിന്റെ മരണത്തിനു പങ്കാളിയാകുവാൻ —

*റോമ.6:3 — "അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു."*

സ്നാനം ഈ ലോകജീവിതത്തിൽ നിന്നും വേർപെട്ടു ക്രിസ്തുവിനോടു ചേരുവാൻ മാത്രമല്ല ക്രിസ്തുവിന്റെ മരണത്തിനു പങ്കാളിയാകുവാൻ കൂടിയാണ് (1.കൊരി.12:12,13/ഗലാ2:20/ഗലാ6:14). 1.കൊരി.12:13-ൽ ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മസ്നാനത്തിലൂടെ ക്രിസ്തുവിനോടു ചേരുന്ന കാര്യം പറയുന്നു. ഇവിടെ ക്രിസ്തുവിനോടുകൂടെ മരിച്ചു എന്നു പറയുവാൻ കഴിയുകയില്ല. എന്നാൽ റോമ.6:3-ൽ ജലസ്നാനത്തിലൂടെ ഒരുവൻ ക്രിസ്തുവിന്റെ മരണത്തിനു പങ്കാളിയാകുകയാണ്. കാരണം സ്നാനജലം ഒരുശവക്കല്ലറയായി സാദൃശീകരിക്കുമ്പോൾ മരിച്ചു അടക്കപ്പെടുന്ന അവസ്ഥയിലേക്കു വരുന്നു.

### 3. ക്രിസ്തുവിനോടു കൂടെ കുഴിച്ചിടപ്പെടുവാൻ —

*റോമ.6:4 —"അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു."* ഒരു വിശ്വാസി സ്നാനജലത്തിൽ മുങ്ങുമ്പോൾ മരണത്തിന്റെ അന്ധകാരത്തിലേക്കു കടക്കുന്നു. അവിടെ അവനിലുള്ള പഴയമനുഷ്യന്റെ സകല ജഡികസ്വഭാവങ്ങളും ചിന്തകളും കുഴിച്ചിടപ്പെടുന്നു.

**4. ദൈവത്തിന്റെ മഹിമയിൽ ജീവിച്ചെഴുന്നേൽക്കുവാൻ —**

**റോമ.6:4—** *"ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ ..."*

പുത്രനായ യേശുക്രിസ്തുവിനെ പിതാവായ ദൈവം ഉയിർപ്പിച്ചപ്പോൾ നടന്ന സംഭവങ്ങൾ ദൈവത്തിന്റെ മഹിമയെ കാണിക്കുന്നു (മത്താ.28:2). സ്നാനജലത്തിൽ നിന്നും പുറത്തേക്കു വരുന്നത് കർത്താവിനോടുകൂടെ ജീവിച്ചെഴുന്നേൽക്കുന്ന മഹിമയുടെ അനുഭവമാണ്.

**5. ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ —**

**റോമ.6:4—** *"നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ."*

ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിനു പങ്കാളികളായ നാം ഇനി പാപത്തിൽ ജീവിക്കാതെ ജീവന്റെ പുതുക്കത്തിൽ ജീവനുള്ളവരായി നടക്കേണ്ടതാണ്. ലഭിച്ച പുതുജീവൻ വിശുദ്ധജീവിതത്തിന്റെ ആരംഭമാണ്.

**6. മരണത്തോട് ഏകീഭവിക്കുവാൻ —**

**റോമ.6:5 —** *"അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരാണെങ്കിൽ.."*

ക്രിസ്തുവുമായി നമ്മെ ഒട്ടിച്ചു ചേർക്കുന്ന അഥവാ യോജിപ്പിക്കുന്ന അനുഭവമാണ് സ്നാനം. അതായത് 2000 -ത്തിൽ പരം വർഷങ്ങൾക്കു മുമ്പു കാൽവറിയിൽ നടന്ന യാഗമരണം ഇപ്പോൾ സ്നാനപ്പെടുന്ന ഒരുവനിൽ ഏകീഭവിക്കുന്നു.

**7. പുനരുത്ഥാനത്തോടു ഏകീഭവിക്കുവാൻ —**

**റോമ.6:5 —** *"പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും."*

സ്നാനജലത്തിൽ മുങ്ങുമ്പോൾ മരണത്തിനു സാദൃശ്യത്തിലായിരിക്കുന്നതുപോലെ വെള്ളത്തിൽ നിന്നുയരുമ്പോൾ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു സാദൃശ്യമായി ഏകീഭവിക്കുന്നു.

**8. സ്നാനം ദൈവത്തിന്റെ നീതി നിറവേറ്റുവാൻ —**

**മത്താ.3:15 —** "യേശു അവനോടു: ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ *സകല നീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം* എന്നു ഉത്തരം പറഞ്ഞു."

(DOCTRINAL TRUTHS *by Samson Henry, Kollam*)

ദൈവം നീതിയുടെയും ന്യായത്തിന്റെയും ദൈവമാണ്. ദൈവം നമുക്ക് അനേക നിയമങ്ങൾ തന്നിട്ടുണ്ട്. ദൈവം കല്പിച്ചു തന്നിട്ടുള്ള നിയമമായ സ്നാനം നാം അനുസരിക്കുമ്പോൾ ദൈവ നീതി നിറവേറ്റുകയാണ്.

**9. ദൈവത്തെ പ്രസാദിപ്പിക്കുവാൻ —**

**മത്താ.3:17—**"*ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു* എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി."

യേശുക്രിസ്തു സ്നാനപ്പെട്ടപ്പോൾ പിതാവായ ദൈവം പ്രസാദിച്ചതായി ഈ തിരുവചനഭാഗത്തു കാണുന്നു. ദൈവകല്പന അനുസരിക്കുമ്പോൾ ദൈവം നമ്മിൽ പ്രസാദിക്കുകയും നാമും പ്രിയമക്കൾ ആയിത്തീരുകയും ചെയ്യും. (1.യോഹ.3:22,24 /1.യോഹ.5:3).

**10. പ്രിയപുത്രൻ ആകുവാൻ —**

ദൈവകല്പനയായ സ്നാനം അനുസരിക്കുമ്പോൾ ദൈവത്തിനു നമ്മോടു പ്രീതി വർദ്ധിക്കുന്നു. നാം പ്രിയമക്കൾ ആയിത്തീരുന്നു (മത്താ.3:17/മർക്കൊ.1:11/ലൂക്കൊ.3:21,22.).

**11. പുതുക്കം പ്രാപിക്കുവാൻ —**

സ്നാനപ്പെട്ട ദൈവപൈതൽ സാക്ഷ്യമുള്ള പുതുജീവിതത്തിനു ആരംഭം കുറിക്കുന്നു.

**കൊലൊ.3:10 –**"*സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിന്നായി പുതുക്കം പ്രാപിക്കുന്ന പുതിയമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ.*"

**12. സ്നാനത്തിൽ ദൈവികസാന്നിദ്ധ്യം അനുഭവിക്കുന്നു —**

യേശുക്രിസ്തു യോർദ്ദാൻ നദിയിൽ ഇറങ്ങി യോഹന്നാനാൽ സ്നാനമേറ്റപ്പോൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സാന്നിദ്ധ്യം കാണുന്നു (മത്താ.3:16,17). കൂടാതെ യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പായി തന്റെ ശിഷ്യന്മാർക്കു സ്നാനം ഉൾപ്പെടെയുള്ള കല്പനകൾ കൊടുത്തിട്ട് തന്റെ സാന്നിദ്ധ്യം അവരോടു വാഗ്ദത്തം ചെയ്തു.

*മത്താ.28:20 — "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിചെയ്തു"* - ഇങ്ങനെ തന്റെ മക്കളോടൊപ്പം എല്ലാ നാളും സാന്നിദ്ധ്യം പ്രഖ്യാപി

ച്ചിരിക്കുന്നത് അവർ കല്പന അനുസരിച്ചു പ്രിയമക്കളായി ജീവിക്കുമ്പോഴാണ് എന്ന കാര്യം ഓർക്കുക.

**13. സ്നാനം കർത്താവിനോടുള്ള സ്നേഹം പ്രദർശിപ്പിക്കുവാൻ**

കർത്താവ് തന്നിരിക്കുന്ന കല്പനകൾ മക്കളായ നാം അനുസരിക്കുമ്പോൾ നമുക്കു കർത്താവിനോടുള്ള സ്നേഹം ഈ അനുസരണത്തിലൂടെ പ്രദർശിപ്പിക്കുകയാണ്. ദൈവകല്പന അനുസരിക്കാത്തവനെ കള്ളൻ, ശപിക്കപ്പെട്ടവൻ എന്നീ വാക്കുകളാണ് വചനത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ദൈവകല്പനകൾ വെളിച്ചത്തിന്റെ ഉറവിടമായ ദീപമായിരിക്കുന്നു.

**യോഹ.14:21** — *"എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു; ഞാനും അവനെ സ്നേഹിച്ചു അവന്നു എന്നെത്തന്നേ വെളിപ്പെടുത്തും."*

**1.യോഹ.5:3** —*"അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം."*

**1.യോഹ.2:4** — *"അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ **കള്ളൻ** ആകുന്നു; സത്യം അവനിൽ ഇല്ല."*

**1.കൊരി.16:22** — "സ്നേഹിക്കാത്തവൻ **ശപിക്കപ്പെട്ടവൻ.**"

**സദൃ.6:23**—*"കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ചവും പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെമാർഗ്ഗവും ആകുന്നു."*

**14. സ്നാനത്തിൽ വിശ്വാസിക്കു സന്തോഷം ലഭിക്കുന്നു —**

അപ്പൊ.8:39 — *"അവൻ (ഷണ്ഡൻ) സന്തോഷിച്ചും കൊണ്ടു തന്റെ വഴിക്കു പോയി."*

എത്യോപ്യക്കാരനായ ഷണ്ഡനെ ഫിലിപ്പൊസ് ഒരു നിർജ്ജനപ്രദേശത്തു വെച്ച് സ്നാനപ്പെടുത്തി. സ്നാനശേഷം സ്നാനപ്പെടുത്തിയ ഫിലിപ്പൊസിനെ ഷണ്ഡൻ കണ്ടില്ല. തനിക്കു ദൈവവചനം പൊരുൾ തിരിച്ചു തന്ന ആൾ, സ്നാനപ്പെടുത്തിയ ആൾ അവന്റെ സമീപം ഇല്ല. വിശ്വാസജീവിതത്തിൽ ഇനി നയിക്കാൻ ഫിലിപ്പൊസ് ഇല്ല. എന്നാൽ ഷണ്ഡൻ സ്നാനശേഷം സന്തോഷത്തോടെ പോകുന്നു. കാരണം ദൈവസാന്നിദ്ധ്യം അവനു അനുഭവിക്കുവാൻ കഴിഞ്ഞു എന്നതാണ്. സ്നാനത്തിലൂടെ ദൈവകല്പന അനുസരി

ക്കുന്ന ഏതൊരുവനും, ഇന്നും ആത്മീകസന്തോഷം ലഭിച്ചു ജീവന്റെ പുതുക്കത്തിൽ വളർന്നു വർദ്ധിച്ചു വരുവാൻ കഴിയുന്നു.

**15. സ്നാനത്തിൽ ക്രിസ്തുവിനെ ധരിക്കുന്നു —**

**ഗലാ.3:27 —** "ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു."

**കൊലൊ.3:9,10 —** *"നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ."*

ക്രിസ്തുവിൽ ആയപ്പോൾ രക്ഷിക്കപ്പെട്ടു പുതിയ സൃഷ്ടിയായി. പഴയവസ്ത്രങ്ങൾ മാറ്റി പുതിയവ ധരിക്കുന്നതുപോലെ സ്നാനത്തിൽ യേശുക്രിസ്തുവിനെ ധരിക്കുകയാണ്. ഒരു കത്തെഴുതി കവറിനകത്തിട്ടു ഒട്ടിച്ചു കഴിഞ്ഞാൽ എഴുത്തു കാണുന്നില്ല; കവറാണ് കാണുന്നത്. ആയതുപോലെ ഇനി യേശു ക്രിസ്തുവിലൂടെ ആയിരിക്കും നമ്മെ മറ്റുള്ളവർ കാണുന്നത്. സൈനികൻ, പോലീസുകാരൻ, നഴ്സ് എന്നിങ്ങനെയുള്ളവർ ഔദ്യോഗികയൂണിഫോം ധരിക്കേണ്ടതുണ്ട്. യൂണിഫോം അവരുടെ സ്ഥാനം, ചുമതല, അധികാരം, സേവനം എന്നിവയെ വ്യക്തമാക്കുന്നു. ആയതുപോലെ ദൈവത്തിന്റെ കല്പനയായ സ്നാനം സ്വീകരിക്കുമ്പോൾ ലഭിക്കുന്ന ആത്മീകയൂണിഫോമായി സ്നാനത്തെയും കണക്കാക്കാം. സ്നാനം ക്രിസ്തുവിനെ ധരിക്കുന്ന പ്രക്രിയ ആയതിനാൽ അതു വിശ്വാസിയുടെ ക്രിസ്തുവിലുള്ള സ്ഥാനം, അധികാരം, ഉത്തരവാദിത്തം, സേവനം എന്നിവയെ വെളിപ്പെടുത്തുന്നു.

**16. സ്നാനത്തിൽ യേശുക്രിസ്തുവുമായി ഏക ശരീരമായിത്തീരുന്നു —** സ്നാനത്തിലൂടെ നാം യേശുക്രിസ്തുവുമായി വേർപിരിക്കാനാവാത്ത ബന്ധത്തിലേക്കു എത്തിച്ചേരുകയാണ്. കൊമ്പും മുന്തിരിവള്ളിയും എന്നപോലെ ചേർന്നു വസിക്കുന്ന അനുഭവത്തിൽ എത്തിച്ചേരുന്നു. ക്രിസ്തുവുമായി ഏകശരീരമായിത്തീരുന്നു.

റോമ.14:8—*"ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു; മരിക്കുന്നു എങ്കിൽ കർത്താവിനായി മരിക്കുന്നു; അതുകൊണ്ടു ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം കർത്താവിനുള്ളവർ തന്നേ."*

**17. സ്നാനകല്പന അനുസരിക്കുമ്പോൾ ഭാഗ്യവാനായിതീരുന്നു —** *"യഹോവയെ ഭയപ്പെട്ട്, അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ."* (സങ്കീ.128:1). സ്നാനം ദൈവകല്പനയും, ദൈവവഴിയും ആയതിനാൽ അതു പ്രമാണിക്കുമ്പോൾ നാം ഭാഗ്യവാന്മാരായിത്തീരുന്നു (വെളി.1:3/വെളി22:6,7).

**18. സ്നാനം രക്ഷയെ പ്രസിദ്ധമാക്കുന്നു —**

സ്നാനം രക്ഷിക്കപ്പെട്ടു എന്ന വസ്തുത പരസ്യമായി പ്രഖ്യാപിക്കുകയാണ്. വക്രതയും കോട്ടവുമുള്ള ദുഷിച്ച തലമുറയിൽ നിന്നുള്ള വിടുതലിന്റെ പരസ്യപ്രഖ്യാപനമാണിത്; അവിശ്വാസികളിൽ നിന്നും വിശ്വാസികളുടെ കൂട്ടത്തിലേക്കുള്ള ഒരൊത്തുചേരൽ. ലോകത്തിൽ നിന്നും പഴയ പ്രവൃത്തികളിൽ നിന്നും, പഴയ സ്വഭാവങ്ങളിൽ നിന്നും വേർപെടുന്ന സത്യം ലോകക്കാർ അറിയുവാൻ സ്നാനശുശ്രൂഷയിലൂടെ ഇടയാകുന്നു. കൂടാതെ സ്നാനജലത്തിൽ ഇറങ്ങുന്നവൻ യേശുക്രിസ്തുവിലുള്ള വിശ്വാസം, സ്നാപകന്റെ ചോദ്യത്തിനു ഉത്തരമായി പരസ്യമായി പ്രഖ്യാപിക്കുന്നു– (അപ്പൊ.8:37-ൽ എത്യോപ്യക്കാരൻ ഷണ്ഡൻ സ്നാനസമയത്തു യേശുക്രിസ്തുവിലുള്ള വിശ്വാസം ഉറപ്പിച്ചു ഏറ്റു പറയുന്നു).

**സ്നാനപ്പെടാത്ത രക്ഷിക്കപ്പെട്ട വിശ്വാസി ഒരു രഹസ്യവിശ്വാസി ആണ്.** ഇങ്ങനെയുള്ളവർ പള്ളിക്കാരെ ഭയന്നു നടക്കുന്ന നിക്കോദേമൊസിനെപ്പോലെയാണ്. കർത്താവിനോടുള്ള സ്നേഹം നിറഞ്ഞു വരാത്തതിനാലാണ് ഇതു സംഭവിക്കുന്നത്. സ്നാനം കർത്താവിന്റെ ശിഷ്യത്വത്തിലേക്കുള്ള ആദ്യപടി കൂടിയാണ് (മത്താ.28:19,20).

## സ്നാനപ്പെടുവാനുള്ള യോഗ്യത (സ്നാനപ്പെടേണ്ടത് ആര്?)

**1. വാക്കു കൈക്കൊണ്ടവർ —**

**അപ്പൊ2:41 —** "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു."

സുവിശേഷം കേട്ടു വിശ്വസിച്ചു യേശുക്രിസ്തുവിലൂടെ രക്ഷ പ്രാപിച്ചവരാണ് സ്നാനപ്പെടേണ്ടത്.

**2.മാനസാന്തരപ്പെട്ടവർ —**

**അപ്പൊ.2:38,39 —**"പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ."

**3. പാപം ഏറ്റു പറഞ്ഞവർ —**

മത്താ.3:5,6 — “അന്നു യെരൂശലേമ്യരും യെഹൂദ്യദേശക്കാരൊക്കെയും യോർദ്ദാന്റെ ഇരുകരെയുമുള്ള എല്ലാ നാട്ടുകാരും പുറപ്പെട്ടു അവന്റെ അടുക്കൽ ചെന്നു തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞുകൊണ്ടു യോർദ്ദാൻ നദിയിൽ അവനാൽ സ്നാനം ഏറ്റു.”

**4. വിശ്വസിക്കുന്നവർ —**

**അപ്പോ.8:12 —**“എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു.”

**അപ്പൊ.8:37 —**“നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. യേശുക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു.”

**അപ്പൊ.18:8 —**“അനേകർ വചനം കേട്ടു വിശ്വസിച്ചു സ്നാനം ഏറ്റു”

**അപ്പൊ.19:1-5 —**“എഫെസോസിൽ ചില ശിഷ്യന്മാർ വിശ്വസിച്ചു സ്നാനം ഏറ്റു.”

**അപ്പൊ.22:16 —**“പൗലൊസ് യേശുവിന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു.”

**5. പാപസംബന്ധമായി മരിച്ചവർ —**

യേശുക്രിസ്തുവിൽ വിശ്വസിച്ചു ഒരുവൻ രക്ഷ പ്രാപിക്കുമ്പോൾ പാപസംബന്ധമായി മരിക്കുകയാണ്. ഇങ്ങനെയുള്ളവർ കർത്താവിന്റെ മരണത്തിലും അടക്കത്തിലും പുനരുത്ഥാനത്തിലും ഏകീഭവിക്കുന്നു. സ്നാനത്തിൽ പഴയ മനുഷ്യനെ കുഴിച്ചിടുകയാണ്. തുടർന്ന് ഉയിർത്തെഴുന്നേറ്റു ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ കൃപ ലഭിക്കുന്നു (റോമ.6:3-5).

**6. ആത്മീയകണ്ണു തുറക്കപ്പെട്ടവർ —**

സാത്താൻ സകല മനുഷ്യരുടെയും ആത്മീയകണ്ണ് കുരുടാക്കിയിരിക്കുകയാണ്. എന്നാൽ വെളിച്ചത്തിന്റെ ഉറവിടമായ യേശുക്രിസ്തുവിലൂടെ വെളിച്ചം ലഭിച്ചവർ, രക്ഷിക്കപ്പെട്ടവർ, ആത്മീയകണ്ണു തുറക്കപ്പെട്ട് ആത്മീയകാഴ്ച ലഭിച്ചവർ സ്നാനം ഏൽക്കണം. പൗലൊസിന്റെ സ്നാനം നോക്കാം.

**അപ്പൊ.9:18 —** *“കാഴ്ച ലഭിച്ചു അവൻ എഴുന്നേറ്റു സ്നാനം ഏൽക്കയും ആഹാരം കൈക്കൊണ്ടു ബലം പ്രാപിക്കയും ചെയ്തു.”*

ഇവിടെ ശൗലിന്റെ ശാരീരിക കണ്ണിനാണു കാഴ്ച ലഭിച്ചതെങ്കിലും അവന്റെ ആത്മീയകണ്ണും തുറക്കപ്പെട്ടു. ദൈവസഭയെ ഉപദ്രവിച്ചവന്റെ ആത്മീയകണ്ണു തുറക്കപ്പെട്ടപ്പോൾ അവന്റെ ആദ്യപ്രവർത്തനം സ്നാനപ്പെടുക എന്നതായിരുന്നു.

## സ്നാനം എപ്രകാരം? —

### —> സ്നാനം തളിച്ചോ? മുങ്ങിയോ?

സ്നാനം എന്നതിന് മൂലഭാഷയിൽ (ഗ്രീക്കിൽ) ബാപ്റ്റൈസോ (baptizo) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. മുഴുകുക, മുക്കുക, വെള്ളത്തിൽ നിമജ്ജനം ചെയ്യുക എന്നൊക്കെ അർത്ഥം. ആയതിനാൽ ദേഹമാസകലം മുങ്ങുവാൻ തക്കവണ്ണം വെള്ളം ഉണ്ടായിരിക്കണം. ഇതിനായി പ്രത്യേകിച്ചു തയ്യാറാക്കിയ ജലവും (കൂദാശ, കർമ്മങ്ങൾ നടത്തിയതോ, ചൂടുള്ളതോ, വേർതിരിച്ചതോ) ആവശ്യമില്ല. കൂടാതെ ഒഴുകുന്ന നദിയിൽ (running water) തന്നെ ആയിരിക്കണമെന്നുമില്ല.

### മുഴുകൽ സ്നാനത്തിന്റെ പ്രത്യേകതകൾ —

**(1) ധാരാളം വെള്ളമുള്ള സ്ഥലം —**

**മത്താ.3:16 —** "യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി."

**മർക്കൊ.1:9,10 —** "ആ കാലത്തു യേശു ഗലീലയിലെ നസറെത്തിൽനിന്നു യോഹന്നാനാൽ യോർദ്ദാനിൽ സ്നാനം കഴിഞ്ഞു. വെള്ളത്തിൽ നിന്നു കയറിയ ഉടനെ ........"

**യോഹ.3:23 —** "അവിടെ വളരെ വെള്ളം ഉണ്ടായിരുന്നു: ആളുകൾ വന്നു സ്നാനം ഏറ്റു."

**(2) വെള്ളത്തിലേക്കു ഇറങ്ങുന്നു —**

**അപ്പൊ.8:38,39 —**"ഇരുവരും വെള്ളത്തിൽ ഇറങ്ങി...... അവർ വെള്ളത്തിൽ നിന്നു കയറിയപ്പോൾ...."

**(3) വെള്ളത്തിൽ അടക്കം —**

**റോമ.6:4 —**"അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു."

**കൊലൊ.2:12 —** "സ്നാനത്താൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും ...."

**(4) വെള്ളത്തിൽ നിന്നു ഉയിർത്തെഴുന്നേൽപ്പ് —**

**റോമ.6:5 —** "അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും."

**കൊലൊ.2:12 —**"അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്കയും ചെയ്തു."

**(5) വെള്ളത്തിൽ നിന്നു പുറത്തേക്കു വരുന്നു —**

**മർക്കൊ.1:10 —** "വെള്ളത്തിൽ നിന്നു കയറിയ ഉടനെ ..."

**അപ്പൊ.8:39 —** "വെള്ളത്തിൽ നിന്നു കയറിയപ്പോൾ ..."

യേശുക്രിസ്തുവിനോടു കൂടെയുള്ള മരണം, അടക്കം, ഉയിർപ്പ് എന്നിവയിൽ താദാത്മ്യം പ്രാപിക്കുവാൻ മുഴുകൽ സ്നാനത്തിനു മാത്രമേ സാധിക്കൂ. വെള്ളത്തിൽ പൂർണ്ണമായി നിമജ്ജനം ചെയ്യപ്പെടുന്ന സ്നാനാർത്ഥി ശവക്കുഴിയിലേക്കു താഴ്ത്തുന്ന മൃതദേഹത്തിന്റെയും, വെള്ളത്തിൽ നിന്നും ഉയർന്നു പുറത്തു വരുമ്പോൾ പുതുജീവൻ പ്രാപിച്ചു ഉയിർത്തിഴുന്നേറ്റവന്റെയും ചിത്രമാണ് സ്നാനത്തിലൂടെ പ്രദർശിപ്പിക്കപ്പെടുന്നത്. ഈ വിധത്തിലല്ലാതെ വെള്ളം തളിച്ചോ, വെള്ളം തൊട്ടു തൂത്തോ ചെയ്യുന്ന പ്രവൃത്തികൾ യേശുക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം എന്നിവ പ്രദർശിപ്പിക്കുന്നില്ല. സ്നാപകയോഹന്നാനും, യേശുവും, ശിഷ്യന്മാരും ധാരാളം വെള്ളമുള്ള സ്ഥലങ്ങൾ സ്നാനത്തിനായി തിരഞ്ഞെടുത്തു എന്നതിനാൽ വെള്ളത്തിൽ മുക്കി തന്നെയാണ് സ്നാനപ്പെടുത്തേണ്ടതെന്നു തെളിയുന്നു.

## —> സ്നാനപ്പെടുത്തേണ്ടത് മലർത്തിയോ, ഇരുത്തിയോ?

സ്നാനം വെള്ളത്തിൽ മുങ്ങിത്തന്നെയായിരക്കണമെന്നല്ലാതെ ഏതു വിധത്തിലായിരിക്കണമെന്നു തിരുവചനത്തിലൊരിടത്തും പറഞ്ഞിട്ടില്ല. വെള്ളത്തിൽ മലർത്തിയോ, ഇരുത്തിയോ സ്നാനപ്പെടുത്താം. മരിച്ച ഒരാളെ മലർത്തിക്കിടത്തിയാണ് ശവക്കല്ലറയിൽ അടക്കം ചെയ്യുന്നതെന്നതിനാൽ, മലർത്തിത്തന്നെ സ്നാനപ്പെടുത്തണമെന്നു അഭിപ്രായപ്പെടാറുണ്ട്. പണ്ടു കാലങ്ങളിൽ രാജാക്കന്മാരെയും, ഇന്നു സഭാമേലദ്ധ്യക്ഷന്മാരെന്നു അവകാശപ്പെടുന്നവരെയും കസേരയിൽ ഇരുത്തിയാണ് കല്ലറയിൽ അടക്കം ചെയ്യാ

റുള്ളത്. ആകയാൽ മലർത്തിത്തന്നെ സ്നാനപ്പെടുത്തണമെന്നതിൽ പ്രാധാന്യമില്ല. മാത്രവുമല്ല രക്ഷിക്കപ്പെട്ടവർ വിശുദ്ധന്മാരും, രാജാക്കന്മാരും പുരോഹിതവർഗ്ഗവുമാണെന്നു തിരുവചനം വ്യക്തമാക്കുന്നുണ്ട്. രാജാക്കന്മാരെന്ന നിലയിൽ അവരെ ഇരുത്തിയും സ്നാനപ്പെടുത്താം. വെള്ളത്തിൽ നിന്ന ശേഷം കാൽമുട്ടുകൾ മുന്നോട്ടു മടക്കി ശരീരം പൂർണ്ണമായി വെള്ളത്തിൽ മുങ്ങുന്ന അവസ്ഥയിൽ സ്നാനപ്പെടുത്തുന്നതാണ് സാധാരണ ചെയ്യാറുള്ളത്.

### —> സ്നാനത്തിനു പ്രായ പരിധിയുണ്ടോ?

രക്ഷിക്കപ്പെട്ടവർ സ്നാനപ്പെടണം എന്നത് ദൈവകല്പനയാണ്. കുട്ടികളെ സ്നാനപ്പെടുത്താമോ എന്നും അതിനായി അവർക്കു എത്ര വയസ്സു തികഞ്ഞിരിക്കണമെന്നും ചിന്തിക്കാറുണ്ട്. സ്നാനത്തിനു കുറഞ്ഞതോ കൂടിയതോ ആയ പ്രായപരിധിയില്ല. എന്നാൽ ശിശുസ്നാനം തിരുവചനത്തിനു നിരക്കുന്നതല്ല. രക്ഷിക്കപ്പെട്ടവർ അനുസരിക്കേണ്ടതാണ് വിശ്വാസസ്നാനം. അതായത് വിശ്വസിക്കുന്നവർക്കുള്ളതാണ് സ്നാനം. ആകയാൽ സ്നാനം ആവശ്യമാണെന്നുള്ള തിരുവചനപ്രബോധനങ്ങൾ ഉൾക്കൊള്ളുവാനും, അതിൻപ്രകാരം ദൈവത്തിൽ ആശ്രയിച്ചു പൂർണ്ണഹൃദയത്തോടെ തീരുമാനം എടുക്കുവാനും കഴിവുള്ള രക്ഷിക്കപ്പെട്ട ഏതു പ്രായക്കാർക്കും സ്നാനപ്പെടാം. ഇതല്ലാതെ സ്നാനത്തിനു പ്രത്യേകിച്ചു പ്രായപരിധിയില്ല.

## സ്നാപകൻ ആരായിരിക്കണം, യോഗ്യതയെന്ത്?

സ്നാനപ്പെടേണ്ടത് യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവരാണ്. സ്നാനപ്പെടുത്തേണ്ടതും രക്ഷിക്കപ്പെട്ട ശിഷ്യന്മാർ തന്നെയാണ്. കാരണം ശിഷ്യന്മാർക്കാണ് മറ്റുള്ളവരെ ശിഷ്യരാക്കിക്കൊൾവാൻ കർത്താവു ദൗത്യം നൽകിയത് (മത്താ.28:20). സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്ന കല്പനയിൽ സ്നാനം ഉൾപ്പെടെയുള്ള ചുമതലകളും ശിഷ്യന്മാരെ ഏൽപ്പിച്ചിരിക്കുകയാണ്. ശമര്യപട്ടണത്തിൽ വിശ്വസിച്ച സ്ത്രീകളെയും പുരുഷന്മാരെയും ഫിലിപ്പൊസ് എന്ന ശിഷ്യനാണ് സ്നാനപ്പെടുത്തിയത് (അപ്പൊ.8:12). അപ്പൊസ്തലനായ പൊലൊസിനെ സ്നാനപ്പെടുത്തിയത് അനന്യാസ് എന്ന ശിഷ്യനായിരുന്നു (അപ്പൊ.9:10). സ്നാനപ്പെടുത്തുവാൻ പ്രത്യേകിച്ചു അധികാരമോ, പദവിയോ, പരിചയമോ, വരദാനമോ ആവശ്യമില്ല. ഏതൊരു കർത്താവിന്റെ ശിഷ്യനും

മറ്റൊരു വിശ്വാസിയെ സ്നാനം കഴിപ്പിക്കാൻ അധികാരം ഉണ്ട്. പക്ഷേ ഇതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടത്, ശുശ്രൂഷ അപമാനിക്കപ്പെടുവാൻ ഇടയാകരുത് എന്നതാണ്. ഉദാഹരണത്തിന്, യാതൊരു സാക്ഷ്യവും ഇല്ലാതെ ജീവിക്കുന്ന ഒരുവൻ വേറൊരാളെ സ്നാനപ്പെടുത്തുമ്പോൾ ശുശ്രൂഷയ്ക്ക് അപമാനമുണ്ടാകുന്നു.

സ്നാപകനില്ലാതെ തന്നെത്താൻ സ്നാനപ്പെടുവാനും തിരുവചനം അനുവദിക്കുന്നില്ല. പള്ളിക്കാരെയും ഭവനക്കാരെയും ഭയന്ന്, *'പിതാവിന്റെയും പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ സ്നാനപ്പെടുന്നു'* എന്നു പറഞ്ഞു തന്നെത്താൻ ആറ്റിൽ എത്രമുങ്ങിയാലും അതു സ്നാനമാകുന്നില്ല.

### > സ്നാനം ഏതു നാമത്തിൽ ആയിരിക്കണം?

*പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും* നാമത്തിൽ സ്നാനപ്പെടുത്തുവാനാണ് കർത്താവു ശിഷ്യന്മാരോടു കല്പിച്ചത് (മത്താ.28:19). യേശുക്രിസ്തുവിന്റെ നാമത്തിൽ (അപ്പൊ.2:38), കർത്താവായ യേശുവിന്റെ നാമത്തിൽ (അപ്പൊ.8:16/19:5) എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ സ്നാനത്തോടു ബന്ധത്തിൽ കാണുന്നെങ്കിലും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും എന്ന ദൈവീകത്രിത്വനാമത്തിൽ ആയിരിക്കണം യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സ്നാനം നടത്തേണ്ടത്. ത്രിത്വത്തെ എതിർക്കുന്ന ഒരുവന് സ്നാനപ്പെടുവാനോ, സ്നാനപ്പെടുത്തുവാനോ യോഗ്യത ഇല്ല.

## തിരുവെഴുത്തിലെ വിവിധ സ്നാനങ്ങൾ —

1. **പെട്ടകസ്നാനം**
2. **ചെങ്കടൽ സ്നാനം**
3. **യോഹന്നാന്റെ സ്നാനം**
4. **യേശുക്രിസ്തുവിന്റെ സ്നാനം**
5. **കാൽവറിസ്നാനം**
6. **ആത്മസ്നാനം**
7. **അഗ്നിസ്നാനം**
8. **ക്രിസ്തീയസ്നാനം (വിശ്വാസസ്നാനം)**

**1. പെട്ടകസ്നാനം —**

മനുഷ്യനിൽ ദുഷ്ടത വർദ്ധിച്ച് ഭൂമിയിൽ വഷളത്വം നിറഞ്ഞു. അപ്പോൾ മനുഷ്യനെ ജലപ്രളയത്താൽ ഭൂമിയിൽ നിന്നും നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു (ഉല്പത്തി പുസ്തകം 6-ാം അദ്ധ്യായം). എന്നാൽ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്ന നോഹയെയും കുടുംബത്തെയും ദൈവം ഒരു പെട്ടകത്തിലൂടെ ജലപ്രളയത്തിൽ നിന്നും രക്ഷിച്ചു. ഉല്പ.6:18 –*"നിന്നോടോ ഞാൻ ഒരു നിയമം ചെയ്യും;നീയും നിന്റെ പുത്രന്മാരും ഭാര്യയും പുത്രന്മാരുടെ ഭാര്യമാരും പെട്ടകത്തിൽ കടക്കേണം."*

ദൈവം പറഞ്ഞപ്രകാരം നോഹയും കുടുംബവും പെട്ടകത്തിൽ കയറി. തുടർന്നു ജലപ്രളയം ഉണ്ടായി; പെട്ടകം വെള്ളത്തിൽ ഒഴുകി. നോഹയും കുടുംബവും ഈ പെട്ടകത്തിലിരുന്നു ദൈവസംരക്ഷണം അനുഭവിച്ചു. പത്രൊസ് അപ്പൊസ്തലൻ ഇതിനെ സ്നാനത്തിനു മുൻകുറിയായി രേഖപ്പെടുത്തിയിരിക്കുന്നു.

1.പത്രൊ.3:20,21 — *"ആ പെട്ടകത്തിൽ അല്പജനം, എന്നുവെച്ചാൽ എട്ടുപേർ, വെള്ളത്തിൽ കൂടി രക്ഷ പ്രാപിച്ചു. അതു സ്നാനത്തിനു ഒരു മുൻകുറി."*

ജലപ്രളയത്തിന്റെ പേമാരി പെട്ടകത്തിന്റെ *ഇരുവശങ്ങളിലും*, പെട്ടകത്തിനു *മുകളിലും* ആഞ്ഞടിച്ചു. *പെട്ടകത്തിനടിയിൽ* ഓളങ്ങളും തിരമാലകളും അടങ്ങിയ ജലം. അക്ഷരാർത്ഥത്തിൽ നോഹയും കുടുംബവും ജലത്തിലൂടെ പെട്ടകസ്നാനം വഴിയായി വിടുതൽ പ്രാപിച്ചു എന്നു പറയാം. ലോകത്തിലെ മ്ലേച്ഛതയിൽ നിന്നുള്ള വേർപാടും, രക്ഷയും ആയിരുന്നു നോഹയ്ക്കും കുടുംബത്തിനും ലഭിച്ചത്.

**2. ചെങ്കടൽ സ്നാനം —**

മിസ്രയിമിൽ നിന്നും പെസഹകുഞ്ഞാടിന്റെ രക്തത്താൽ വിമോചനം പ്രാപിച്ച യിസ്രായേൽമക്കൾക്കു കനാനിലേക്കുള്ള യാത്രയിൽ ചെങ്കടൽ കടക്കണമായിരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹത്താൽ അവർ സുരക്ഷിതരായി ചെങ്കടൽ കടന്നു ഫറവോന്റെ അടിമത്വത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. ചെങ്കടലിൽകൂടിയുള്ള പ്രയാണം സ്നാനത്തിനു മുൻകുറി ആയിരുന്നു. അവരുടെ യാത്രയിൽ ചെങ്കടൽജലം *ഇരുവശത്തും* മതിലെന്നപോലെ നിന്നു. കൂടാതെ അവരുടെ *മുകളിൽ* മേഘത്തിലും, *താഴെ*

ഭൂമിക്കടിയിലും വെള്ളം തങ്ങിനിൽക്കുന്നതിനാൽ അക്ഷരാർത്ഥ ത്തിൽ അവർക്ക് സ്നാനജലത്തിലൂടെ വിടുതലും സംരക്ഷണവും ലഭിക്കുകയായിരുന്നു(പുറ.12,13,14). *ചെങ്കടൽസ്നാനം കാണിക്കുന്നത് അവിശ്വാസികളിൽ നിന്നും, ഫറവോന്റെ അടിമത്വത്തിൽ നിന്നു മുള്ള വിടുതലിനെയാണ്.* പാപിയായ ഒരുവൻ രക്ഷിക്കപ്പെട്ടു വിശ്വാസസ്നാനം ഏൽക്കുമ്പോൾ അവനും പരസ്യമായി പ്രഖ്യാപിക്കുന്നത് പെസഹകുഞ്ഞാടു മൂലം ലോകത്തോടും, അവിശ്വാസികളോടും, പിശാചിന്റെ അടിമത്വത്തോടും ഉള്ള വിടുതലിനെയാണ്.

*1.കൊരി.10:1,2 —"സഹോദരന്മാരേ, നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിൻ കീഴിൽ ആയിരുന്നു; എല്ലാവരും സമുദ്രത്തൂടെ കടന്നു എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടു ചേർന്നു."*

## 3. യോഹന്നാന്റെ സ്നാനം (മാനസാന്തരസ്നാനം) —

യേശുക്രിസ്തുവിനു വഴി ഒരുക്കുവാൻ വന്ന യോഹന്നാൻ, യെഹൂദ്യമരുഭൂമിയിൽ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിച്ചു. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നതായിരുന്നു തന്റെ പ്രസംഗം (മത്താ.3:2). മത്താ.3:11—*"ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏൽപ്പിക്കുന്നതേയുള്ളു; എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു."*

ഭൂമിയിൽ ആദ്യമായി സ്നാനം നടത്തിയ ദൈവദാസനായിരുന്നു യോഹന്നാൻ സ്നാപകൻ. *യോഹന്നാന്റെ സ്നാനം മാനസാന്തര സ്നാനമായിരുന്നു* (അപ്പൊ.19:3,4). അതായത് മാനസാന്തരപ്പെട്ടതിന്റെ ലക്ഷണമായി യോഹന്നാൻ അവരെ വെള്ളത്തിൽ സ്നാനപ്പെടുത്തി.

## 4. യേശുക്രിസ്തുവിന്റെ സ്നാനം —

കർത്താവായ യേശുക്രിസ്തു തന്റെ ഈ ലോകത്തിലെ ശുശ്രൂഷകളുടെ ആരംഭം കുറിച്ചു കൊണ്ടു സ്വീകരിച്ച സ്നാനമാണിത്. *പാപരഹിതനായ യേശുക്രിസ്തു സകല നീതിയും നിറവേറ്റുന്നതിന്റെ ഭാഗമായിരുന്നു യോഹന്നാനിൽ നിന്നും സ്വീകരിച്ച സ്നാനം (മത്താ.3:15).* യേശുവിന്റെ സ്നാനം തന്റെ പാപങ്ങളെക്കുറിച്ചുള്ള അനുതാപത്തിന്റെയോ, മാനസാന്തരത്തിന്റെയോ അടയാള

മായിരുന്നില്ല. സകല നീതിയും നിവർത്തിക്കുവാനും, നമുക്കു മാതൃക കാണിക്കുവാനും ആയിരുന്നു യേശുക്രിസ്തു സ്നാനം സ്വീകരിച്ചത് (മത്താ.3:13-17/ മർക്കൊ.1:9-11/ ലൂക്കൊ.3:21,22/ യോഹ.1:29-34).

## 5. കാൽവറി സ്നാനം —

*യേശുക്രിസ്തു കാൽവറിയിൽ അനുഭവിച്ച കഷ്ടാനുഭവത്തെയാണ് കാൽവറിസ്നാനം എന്നു പറയുന്നത്.* കാൽവറിമരണത്തോടുള്ള ബന്ധത്തിൽ കർത്താവു അനുഭവിച്ച കഷ്ടത, പരിഹാസം, നിന്ദ, വേദന, അതിക്രൂരമായ മാനസിക ശാരീരിക പീഡകൾ, ഒറ്റപ്പെടുത്തൽ, കൈവിടൽ ഒക്കെ അക്ഷരാർത്ഥത്തിൽ സ്നാനത്തിലെന്നവണ്ണം മൂടപ്പെടുന്നവയായിരുന്നു. കർത്താവ് താൻ അനുഭവിക്കുവാൻ പോകുന്ന ഈ കാൽവറി പീഡകളെക്കുറിച്ചു തന്റെ കഷ്ടതയുടെ സ്നാനമായി പറഞ്ഞിരിക്കുന്നു.

**ലൂക്കൊ.12:50–***"എങ്കിലും എനിക്കു ഒരു സ്നാനം ഏല്പാൻ ഉണ്ടു; അതു കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു."*

തന്റെ ശിഷ്യന്മാരോടു ഒരിക്കൽ കർത്താവ് ഈ കാൽവറി സ്നാനത്തെ കുറിച്ചു പറഞ്ഞിരുന്നു.

*മർക്കൊ.10:38,39–"യേശു അവരോടു:ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും ഞാൻ ഏൽക്കുന്ന സ്നാനം ഏൽപ്പാനും നിങ്ങൾക്കു കഴിയുമോ എന്നു ചോദിച്ചതിന്നു കഴിയും എന്നു അവർ പറഞ്ഞു. യേശു അവരോടു: ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കയും ഞാൻ ഏൽക്കുന്ന സ്നാനംഏൽക്കയും ചെയ്യും നിശ്ചയം."*

## 6. ആത്മസ്നാനം / പരിശുദ്ധാത്മസ്നാനം —

*യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടും ജനിക്കുന്ന ദൈവമക്കൾക്ക് ലഭിക്കുന്ന അനുഗ്രഹദാനമാണ് അത്മസ്നാനം അഥവാ പരിശുദ്ധാത്മസ്നാനം.* രക്ഷിക്കപ്പെട്ട ദൈവപൈതൽ ഇതിനായി കാത്തിരിക്കുകയോ, എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യേണ്ടതായ ആവശ്യമില്ല. യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുന്ന സകലർക്കും ലഭിക്കുന്ന ദാനമായതിനാൽ ചോദിച്ചു വാങ്ങേണ്ടതും അല്ല.

**1.കൊരി.12:13 —***"യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

1.കൊരി.12:3 —*"പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവു എന്നു പറവാൻ ആർക്കും കഴികയുമില്ല എന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു."*

**എഫെ.4:4,5** —*"നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശെക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ."*

## 7. അഗ്നിസ്നാനം —

*രക്ഷിക്കപ്പെടാത്ത പാപികൾക്കു ലഭിക്കുന്ന സ്നാനമാണ് അഗ്നിസ്നാനം.* വിശ്വാസസ്നാനം പൂർണ്ണമനസ്സോടെ ഒരുവൻ സ്വീകരിക്കുന്നുവെങ്കിൽ അഗ്നിസ്നാനം ദൈവത്തെ മറുതലിക്കുന്നവന് അവന്റെ മനസ്സില്ലാതെ ബലമായി നൽകുന്ന സ്നാനമാണ്. എന്നാൽ അഗ്നിസ്നാനം വിശ്വാസികൾക്കു ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ അനുഭവമാണെന്നു പറയുന്നവരുണ്ട്. തിരുവചനപ്രകാരം ഇതു ശരിയല്ല.

യേശുക്രിസ്തുവിന്റെ മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകൻ യെഹൂദ്യമരുഭൂമിയിൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചു (മത്താ.3:2). അനേകർ യോഹന്നാന്റെ അടുക്കൽ വന്നു തങ്ങളുടെ പാപങ്ങൾ ഏറ്റു പറഞ്ഞു സ്നാനം ഏറ്റു. ഈ സമയത്തു പരീശരിലും സദൂക്യരിലും ചിലർ വരുന്നതുകണ്ട് അവരുടെ കാപട്യത്തെ മനസ്സിലാക്കി അവരെ സർപ്പസന്തതികളേ എന്നു വിളിക്കുന്നു (മത്താ.3:7). തുടർന്നു തന്നെ അനുകൂലിക്കുന്നവരെയും, എതിർക്കുന്നവരെയും, തന്റെ പിന്നാലെ വരുന്ന യേശുക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു (മത്താ.3:11,12) യോഹന്നാൻ പറഞ്ഞു ഞാൻ ക്രിസ്തു അല്ല; ഞാൻ അവന്റെ ഒരു ശബ്ദം മാത്രം.

മത്താ.**3:11,12** — *"ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ളത്തിൽ സ്നാനം ഏൽപ്പിക്കുന്നതേയുള്ളു; എന്റെ പിന്നലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു; അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപ്പിക്കും. വീശുമുറം അവന്റെ*

*കയ്യിൽ ഉണ്ട്; അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പ് കളപ്പുരയിൽ കൂട്ടി വെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും."*

ഇവിടെ പതിരാണു തീയിൽ ഇടുന്നത്. പതിർ കർത്താവിനെ അനുകൂലിക്കാത്തവരെ കാണിക്കുന്നു. അവർക്കു ലഭിക്കുന്നതാണ് അഗ്നിസ്നാനം.

**ലൂക്കൊ.3:15–17 —** *".....അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും."*

ഒരിക്കൽ കർത്താവ് സകല മനുഷ്യജാതികളേയും രണ്ടായി തിരിക്കും. കർത്താവിനെ അനുസരിക്കാത്തവരെ വെള്ളസിംഹാസനത്തിൽ ഇരുന്നു ന്യായം വിധിച്ചു തീയും ഗന്ധകവും കത്തുന്ന തീ പൊയ്കയിലേക്കു തള്ളും. അന്നു ദുഷ്ടന്മാർക്കും, രക്ഷിക്കപ്പെടാത്തവർക്കും ലഭിക്കുന്ന സ്നാനമാണ് അഗ്നിസ്നാനം.

ദുഷ്ടന്മാർക്കു ലഭിക്കുന്ന അഗ്നിച്ചൂളയുടെ അനുഭവം കാണിക്കുന്ന ചില വാക്യങ്ങൾ നോക്കുക—

**2.തെസ്സ.1.:6–10 —** *"കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ......"*

**വെളി.14:10 —** *"ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടി വരും; വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും."*

**വെളി.20:10–15 —** *"അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും ........... ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*

**വെളി.21:8 —** *"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ,അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പെയ്കയിലത്രേ."*

**മത്താ.13:49 —** *"അങ്ങനെ തന്നേ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽ നിന്നു ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും."*

വീണ്ടും ജനിക്കാത്തവർ മരിക്കുമ്പോൾ അവരുടെ ആത്മാക്കൾ അഗ്നിയിൽ പതിക്കുന്നതായി (അഗ്നിസ്നാനം ഏൽക്കുന്നതായി) ധനവാന്റെയും ലാസറിന്റെയും ദൃഷ്ടാന്തത്തിൽ കാണുന്നു.

**ലൂക്കൊ.16:24 —** *"അബ്രഹാം പിതാവേ, എന്നോടു കനിവുണ്ടാകേണമേ; ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന്നു അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു."*

അഗ്നിസ്നാനം എന്നത് പരിശുദ്ധാത്മസ്നാനമാണെന്നും അതു വിശ്വാസികൾ കാത്തിരുന്നു പ്രാപിക്കേണ്ടതാണെന്നും വാദിക്കുന്നവർ ഉണ്ട്. ഇതിനു തെളിവായി അപ്പൊ.പ്രവൃ.2-ൽ അഗ്നിജ്വാലപോലെ പിളർന്നിരുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി എന്നു പറയുന്നത് അഗ്നിയായി ചിത്രീകരിക്കുന്നു. കൂടാതെ നരകത്തിലെ തീ കെടാത്ത തീ ആയതിനാലും, സ്നാനം എന്നത് മുക്കി എടുക്കുന്ന പ്രക്രിയ ആയതിനാലും അഗ്നിസ്നാനം ദുഷ്ടന്മാർക്കുള്ളതല്ല വിശ്വാസികൾക്കുള്ളതാണെന്നും വാദിക്കുന്നു.

**തിരുവചനവെളിച്ചത്തിൽ പരിശോധിച്ചാൽ അഗ്നിസ്നാനം ദുഷ്ടന്മാർക്കുള്ളതുതന്നെ എന്നു മനസ്സിലാക്കാം.**

(1) രക്ഷിക്കപ്പെടുന്ന ഒരു വിശ്വാസിക്ക് പരിശുദ്ധാത്മാവ് ദാനമായി ലഭിക്കുന്നതിനാൽ കാത്തിരിക്കേണ്ട ആവശ്യമില്ല, ദാനമായതിനാൽ ചോദിച്ചു വാങ്ങേണ്ടതും അല്ല.

**റോമ.8:23 —** *"ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും."*

**1.കൊരി.12:3 —** *"പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവു എന്നു പറവാൻ ആർക്കും കഴികയുമില്ല."*

**ഗലാ.3:14 —** *"നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നേ."*

(2) അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി (അപ്പൊ.2:3). പരിശുദ്ധാത്മാവ് ഭൂമിയിൽ ആദ്യമായി വന്ന അനുഭവമാണിത്. ഇതു യഹൂദന്മാർക്കു സഭയിലേക്കുള്ള പ്രവേശനമായിരുന്നു. അതിനു ശേഷം അപ്പൊ. 8-ാം അദ്ധ്യായത്തിൽ ശമര്യർക്കും, 10-ാം അദ്ധ്യായത്തിൽ ജാതികൾക്കും പരിശുദ്ധാത്മാവു ലഭിച്ചു സഭയിലേക്കു പ്രവേശിക്കപ്പെട്ടു. 8,10

അദ്ധ്യായങ്ങളിൽ അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവു ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്നതായി കാണുന്നില്ല. ആയതിനാൽ അഗ്നിസ്നാനം വിശ്വാസികൾക്കുള്ളതല്ല, ദുഷ്ടന്മാർക്കു വേണ്ടി യുള്ളതാണ്.

(3) സ്നാനം മുക്കിയെടുക്കുന്ന പ്രക്രിയതന്നെ. ഒരു വിശ്വാസി സ്നാനപ്പെടുന്നത് ജീവന്റെ പുതുക്കത്തിൽ നടക്കുവാനാണ് (റോമ.6:4). എന്നാൽ രക്ഷിക്കപ്പെടാത്ത ദുഷ്ടനെ സംബന്ധിച്ച് അവനെ തീയിൽ ഇട്ടാൽ മതി, തിരികെ എടുക്കേണ്ട കാര്യമില്ല. നിത്യാഗ്നിയാണ് അവന്റെ അവകാശം.

(4) യോഹന്നാൻ, തന്നെ അനുഗമിച്ചവരോടാണ് പരിശുദ്ധാത്മാവിനെപ്പറ്റിയും അഗ്നിയെപ്പറ്റിയും പറഞ്ഞത്. ഈ കേൾവിക്കാരിൽ മാനസാന്തരപ്പെട്ടവരും, മറുതലിച്ചവരും ഉണ്ടായിരുന്നു. (മത്താ.3:5-12) മറുതലിച്ച ദുഷ്ടന്മാരെയാണ് പതിർ ആയിട്ട് ഈ വാക്യത്തിൽ പറയുന്നത്. പതിർ തീയിലേക്കു ഇടാനുള്ളതാണ്. ആയതിനാൽ ദുഷ്ടനു ലഭിക്കുന്ന അഗ്നിസ്നാനത്തെക്കുറിച്ചു തന്നെയാണിവിടെ പറയുന്നത് എന്നു മനസ്സിലാക്കാം.

രക്ഷിക്കപ്പെടാത്തവർ അന്നു കർത്താവിന്റെ നാളിൽ മുഴങ്കാൽ മടക്കി യേശുക്രിസ്തു കർത്താവു എന്നു ഏറ്റുപറയും (ഫിലി.2:10-12). മാത്രമല്ല രക്ഷിക്കപ്പെടാതെ, വിശ്വാസസ്നാനത്തെ എതിർത്തു മറുതലിക്കുന്ന ഇവരെ ബലമായി തീപ്പൊയ്കയിലേക്കു തള്ളിയിട്ട് എന്നേക്കും ഒരു മുഴുകൽ സ്നാനത്തിന്റെ അനുഭവത്തിലൂടെ കടക്കുമ്പോൾ ആ അവസ്ഥ അഗ്നിസ്നാനത്തിന്റെ അനുഭവം തന്നെയായിരിക്കും (മത്താ.3:11,12/വെളി.20:15).

## (8) യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സ്നാനം — (ക്രിസ്തീയസ്നാനം) —

ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിക്കുക, വിശ്വസിക്കുന്നവരെ സ്നാനപ്പെടത്തുക, ശിഷ്യരാക്കുക എന്നീ കല്പനകൾ കർത്താവായ യേശുക്രിസ്തു തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പായി ശിഷ്യന്മാർക്കു കല്പനയായി കൊടുത്തു (മത്താ.28:19,20/മർക്കൊ.16:15,16). യേശുകർത്താവിന്റെ വീണ്ടും വരവുവരെ തുടർമാനമായി അവർ പാലിക്കേണ്ട കല്പനയാണിത്. എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ

രക്ഷിക്കപ്പെട്ട വിശ്വാസി അഥവാ ശിഷ്യൻ തന്റെ ജീവിതത്തിൽ ഒരിക്കലായി അനുസരിക്കേണ്ട കൽപനയാണ് സ്നാനം. ഇതു പാപമോചനത്തിനോ, സഭയിൽ ചേരുന്നതിനോ, ക്രിസ്ത്യാനി ആകുന്നതിനോ അല്ല. യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തോടു ഏകീഭവിക്കുവാൻ, ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ, ക്രിസ്തുവിനെ ധരിക്കുവാൻ, രക്ഷയുടെ അനുഭവം പരസ്യമായി പ്രഖ്യാപിക്കുവാൻ ഒക്കെയാണ് ക്രിസ്തീയസ്നാനം. സ്നാനപ്പെടണമെന്നതു ദൈവകൽപനയാണ്. പിതാവായ ദൈവത്തെ മക്കൾ അനുസരിക്കണം. ഇന്നു അനേകർ സ്നാനത്തെ പരിഹസിക്കുകയും, തള്ളിക്കളയുകയും ചെയ്യുന്നു. എന്നാൽ വീണ്ടും ജനിച്ചവർ സ്നാനപ്പെടണമെന്നു തിരുവചനം ഉറപ്പായി അറിയിക്കുന്നു. *യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട വിശ്വാസി അനുസരിക്കേണ്ട ദൈവകല്പനയാണ് വിശ്വാസസ്നാനം അഥവാ ക്രിസ്തീയസ്നാനം.*

## സ്നാനത്തെപ്പറ്റിയുള്ള ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും —

### *(1) ശിശുസ്നാനം തിരുവചനപ്രകാരമോ?*

ശിശുസ്നാനം തിരുവചനത്തിൽ ഉപദേശമായി പറയുന്നില്ല, അത് ***വചനവിരുദ്ധവുമാണ്.*** ഇന്നു ക്രിസ്തീയസഭകളിൽ രണ്ടു തരത്തിലുള്ള സ്നാനങ്ങൾ കാണുന്നു. ഒന്നു തിരിച്ചറിവില്ലാത്ത ശിശുക്കളെ വെള്ളം തളിച്ചു സ്നാനപ്പെടുത്തുന്നു. മറ്റൊന്ന് യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ടവരുടെ നിമജ്ജനസ്നാനം അഥവാ വിശ്വാസസ്നാനം. വിശ്വാസ സ്നാനമാണ് ദൈവകല്പനയായി ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിശ്വാസസ്നാനം വെള്ളത്തിൽ പൂർണ്ണമായി മുക്കിത്തന്നെ സ്നാനപ്പെടുത്തണം. ഇതിനു പകരമായി തലയിൽ അല്പം വെള്ളം തളിച്ചാൽ വചനപ്രകാരമുള്ള സ്നാനമാവുകയില്ല.

ശിശുസ്നാനം നടത്തുവാൻ തിരുവചനത്തിൽ ആധാരമില്ല. അങ്ങനെ ചെയ്യുന്നവർ ദൈവവചനം എന്തു പറയുന്നു എന്നു പരിശോധിക്കാതെ അവരുടെ സഭാതത്വങ്ങൾ മാത്രം അന്ധമായി വിശ്വസിച്ചു, ഒരു കൂദാശയായി മാറ്റുന്നു എന്നതാണ് വാസ്തവം. സ്നാനപ്പെടാത്ത ശിശുക്കൾ നരകത്തിൽ പോകുമെന്നും, അവരെ സഭാംഗങ്ങളാക്കുവാനാണ് അങ്ങനെ ചെയ്യുന്നതെന്നും ഇവർ പറ

യുന്നു. തിരിച്ചറിവില്ലാത്ത പൈതങ്ങൾ നിയമത്തിനു വിധേയരാകുന്നില്ല എന്നു തിരുവചനം വ്യക്തമാക്കുന്നു.

**മത്താ.19:14 —** *"യേശുവോ: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുതു; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ എന്നു പറഞ്ഞു."*

ദാവീദിന് ബേത്ത്-ശേബയിൽ ജനിച്ച കുഞ്ഞു മരിച്ചുപോയി എന്നറിഞ്ഞപ്പോൾ, താൻ സ്വർഗ്ഗത്തിൽ വച്ചു തന്റെ കുഞ്ഞിനെ കാണുമെന്നു പ്രത്യാശിക്കുന്നു.—

**2.ശമൂ.12:23 —** *"ഇപ്പോഴോ അവൻ മരിച്ചു പോയി ഇനി ഞാൻ ഉപവസിക്കുന്നതു എന്തിന്നു? അവനെ മടക്കി വരുത്തുവാൻ എനിക്കു കഴിയുമോ? **ഞാൻ അവന്റെ അടുക്കലേക്കു പോകയല്ലാതെ** അവൻ എന്റെ അടുക്കലേക്കു മടങ്ങി വരികയില്ലല്ലോ എന്നു പറഞ്ഞു."*

ഒരു പുരോഹിതന്റെയോ, പട്ടക്കാരന്റെയോ കൂദാശകർമ്മങ്ങൾ കൊണ്ടു ആരെയും സ്വർഗ്ഗത്തിനവകാശിയാക്കുവാൻ കഴിയുകയില്ല. ശിശുസ്നാനം ദൈവവചനവിരുദ്ധമാണ്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ട ഒരുവനാണ് സ്നാനപ്പെടേണ്ടത്.

***(2) സ്നാനം രക്ഷിക്കപ്പെട്ടശേഷം എപ്പോൾ വേണം?***

രക്ഷിക്കപ്പെട്ട വിശ്വാസി ഉടനെ അനുസരിക്കേണ്ട കല്പനയാണ് സ്നാനം. രക്ഷയും സ്നാനവും തിരുവചനത്തിൽ ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നു. ശൗൽ മാനസാന്തരശേഷം ഉടനെ സ്നാനപ്പെടുന്നു. എത്യോപ്യക്കാരൻ ഷണ്ഡൻ വിശ്വസിച്ച ഉടനെ സ്നാനപ്പെട്ടു.

**മർക്കൊ.16:16 —** *"വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും."*

**അപ്പൊ.2:41 –** *"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു."*

**അപ്പൊ.8:35–39 —** *"ഇതാ വെള്ളം ഞാൻ സ്നാനം ഏൽക്കുന്നതിന്നു എന്തു വിരോധം."*

**അപ്പൊ.9:18 —** *"കാഴ്ച ലഭിച്ചു അവൻ എഴുന്നേറ്റു സ്നാനം ഏല്കയും.."*

***(3) ക്രിസ്തീയ സഭാ വിഭാഗങ്ങൾ മുഴുകൽ സ്നാനത്തെ എതിർക്കുന്നതെന്തുകൊണ്ട്? രഹസ്യമായി ഇങ്ങനെയുള്ളവർ സ്നാനപ്പെടുന്ന കാരണമെന്ത്?***

യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട അനേകർ വചനാനുസരണമായ വിശ്വാസസ്നാനം സ്വീകരിക്കുവാൻ അറച്ചു നിൽക്കുന്നു. അവരുടെ സഭകൾ സ്നാനത്തെ എതിർക്കുന്നതിനാൽ തങ്ങൾക്കു നേരിട്ടേക്കാവുന്ന അനന്തരഫലങ്ങളെക്കുറിച്ചു ഭയപ്പെട്ടിട്ടാണിത്. പള്ളിയിൽ നിന്നും പേരു വെട്ടി പുറത്താക്കും, മക്കളുടെ വിവാഹം നടത്താൻ പ്രയാസമാകും, വിവാഹത്തിനു തിരുമേനിമാർ പങ്കെടുക്കുകയില്ല, മരിച്ചാൽ പള്ളിസെമിത്തേരിയിൽ കുഴിച്ചിടുവാൻ പറ്റുകയില്ല, എന്നൊക്കെ വിചാരിച്ചു ആകുലചിത്തരാകുന്നു. *എന്നാൽ ഓർക്കേണ്ട പ്രധാനകാര്യം മരിച്ചു കഴിഞ്ഞാൽ ഏകനായി ദൈവസന്നിധിയിൽ ചെല്ലേണ്ടിവരും എന്നതാണ്. കൂട്ടിനായി പള്ളിക്കാരോ, പുരോഹിതന്മാരോ കാണുകയില്ല. അന്നു ദൈവകല്പനാലംഘനത്തിനു ലജ്ജിക്കേണ്ടതായും ദുഃഖിക്കേണ്ടതായും വരും.*

ഇന്നത്തെ നാമധേയസഭകൾ ദൈവവചനത്തെ കോട്ടിമറിച്ചു തങ്ങളുടെ നിലനിൽപ്പു ഉറപ്പിക്കുവാനായി മുഴുകൽ സ്നാനത്തെ എതിർക്കുന്നു. സഭാതത്വശാസ്ത്രങ്ങൾ ആണ് തിരുവചനത്തിന്നു പകരമായുള്ള അവരുടെ ആധാരം. രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരുമായവരുടെ മിശ്രിതമാണ് ഇവരുടെ ആരാധനാകേന്ദ്രങ്ങൾ. അവിശ്വാസികളിൽ നിന്നും വിശ്വാസി വേർപെടണമെന്ന സത്യം ലോകത്തെ അറിയിക്കുന്ന പ്രഖ്യാപനം സ്നാനത്തിൽ ഉൾപ്പെടുന്നു. ഇങ്ങനെ അവിശ്വാസികളുമായി ബന്ധം പിരിഞ്ഞാൽ ധനപരമായി നല്ലൊരു ചോർച്ച ഈ സഭകൾക്കുണ്ടാകും എന്നതിനാൽ മിശ്രിത ആരാധന ഇവർ ഇഷ്ടപ്പെടുന്നു. സുവിശേഷം പ്രസംഗിച്ചു രക്ഷയിലേക്കു നടത്തുവാൻ ഇവർ ശ്രദ്ധിക്കുന്നില്ല. കൂദാശകൾ, കർമ്മങ്ങൾ നടത്തി ചട്ടപ്പടി ആരാധനകളിൽ സംതൃപ്തി പ്രാപിക്കുന്നു. കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള രക്ഷാസന്ദേശം അറിയിക്കുന്നില്ല. ആയതിനാൽ വിശ്വാസശേഷം അഥവാ രക്ഷിക്കപ്പെട്ടശേഷം ചെയ്യേണ്ടതും പഠിപ്പിക്കുന്നില്ല. സമുദായങ്ങളിൽ നിന്നും കൃപയാൽ രക്ഷിക്കപ്പെട്ടവർ, വിശ്വാസസ്നാനം ദൈവകല്പനയാണെന്നു തിരുവചനത്തിലൂടെ മനസ്സിലാക്കിയവർ, സഭയിൽ

നിന്നും പുറത്താക്കൽ ഭയന്നു രഹസ്യമായി സ്നാനപ്പെട്ടു, ഈ സഭകളിൽ തന്നെ രഹസ്യവിശ്വാസികളായി തുടരുന്നു. ഇതും ശരിയല്ല. രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടവർ അപ്രകാരമുള്ള വിശ്വാസകൂട്ടങ്ങളോടൊത്താണ് ദൈവത്തെ ആരാധിക്കേണ്ടത്.

***(4) സ്നാനം വെള്ളത്തിൽ മുങ്ങിത്തന്നെ ആവശ്യമുണ്ടോ?***

സ്നാനം എന്ന വാക്കിനർത്ഥം കുളി എന്നാണ്. ദേഹത്തു അല്പം ജലം തെറിപ്പിച്ചാലോ, കുടഞ്ഞാലോ അക്ഷരാർത്ഥത്തിൽ അതിനെ സ്നാനം എന്നു പറയുവാൻ സാധിക്കുകയില്ല. ശരീരമാസകലം വെള്ളത്തിൽ മുഴുകുന്ന പ്രക്രിയയാണ് സ്നാനം. ശാരീരികസ്നാനം ശരീരത്തിന്റെ അഴുക്കു കളയുവാനാണ്. എന്നാൽ വിശ്വാസസ്നാനം ആത്മീകമായതും, രക്ഷിക്കപ്പെട്ട ഒരു ദൈവപൈതൽ ക്രിസ്തുവിനോടു ചേരുന്നതിന്റെ പരസ്യപ്രഖ്യാപനവും, ദൈവകല്പനയുടെ അനുസരണവുമാണ്.

മുഴുകൽ സ്നാനമാണ് തിരുവചനം അനുശാസിക്കുന്നത്. വെള്ളം തളിച്ചു നടത്തുന്ന സ്നാനം വചനവിരുദ്ധമാണ്. യേശുക്രിസ്തുവിനോടു കൂടെയുള്ള മരണം, അടക്കം, പുനരുത്ഥാനം എന്നിവ പ്രകടമാക്കുവാൻ മുഴുകൽ സ്നാനം ആവശ്യമാണ്. മരിച്ച ഒരാളെ ഭൂമുഖത്ത് കിടത്തിയിട്ട് ഓരോ പിടി മണ്ണ് മൂന്നുതവണ ഇട്ടാൽ ശവസംസ്കാരമാകുന്നില്ല. അതു ദുർഗന്ധം വമിക്കുവാൻ ഇടയാകും. വെള്ളത്തിലേക്കിറങ്ങുന്ന വിശ്വാസി ശവക്കുഴിയിലേക്കു താഴ്ത്തുന്ന മൃതദേഹത്തിന്റെയും, വെള്ളത്തിൽ പൂർണ്ണമായി മുങ്ങുമ്പോൾ മണ്ണുകൊണ്ടുമൂടിയ മൃതദേഹത്തിന്റെയും, വെള്ളത്തിൽ നിന്നുയരുമ്പോൾ പുനരുത്ഥാനത്തിന്റെയും ചിത്രമാണ് മുഴുകൽ സ്നാനത്തിൽ അടങ്ങിയിരിക്കുന്നത്. ആയതിനാൽ വെള്ളത്തിൽ മുങ്ങിത്തന്നെ സ്നാനപ്പെടണം.

***(5) ക്രൂശിലെ അനുതപിച്ച കള്ളൻ സ്നാനപ്പെട്ടില്ലല്ലോ? ഇന്നു നീ എന്നോടു കൂടെ പരദീസയിൽ ഇരിക്കും എന്നു കർത്താവു അവനോടു പറഞ്ഞതിനാൽ സ്നാനം ആവശ്യമില്ല എന്നല്ലേ അർത്ഥമാക്കുന്നത്?***

ക്രൂശിൽ വെച്ചു അനുതപിച്ചപേക്ഷിച്ച കള്ളനോടു പരദീസവാഗ്ദത്തം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്നാനം പ്രാധാന്യം അർഹിക്കുന്നില്ലെന്നും, ആവശ്യമില്ലെന്നും തോന്നിപ്പോകാവുന്നതാണ്. എന്നാൽ ഈ വിധത്തിലുള്ള സംശയമുളവാകുന്നത് സ്നാനം

എന്തിനെ പ്രതിനിധീകരിക്കുന്നുവെന്നുള്ള തിരുവെഴുത്തുകൾ ശരിക്കും മനസ്സിലാക്കാത്തതുമൂലമാണ്. റോമ.6:3–5 വാക്യപ്രകാരം, രക്ഷിക്കപ്പെട്ട ഒരുവൻ സ്നാനത്തിലൂടെ ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം എന്നിവയിൽ പങ്കു ചേരുകയാണ്.

## സ്നാനത്തിൽ എന്തു സംഭവിക്കുന്നു, ക്രിസ്തുവിനോടു ഏതിലൊക്കെ പങ്കു ചേരുന്നു? —

**റോമ.6:3–5 —** *''യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും."*

(1) യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും — **യേശുക്രിസ്തുവിനോടു ചേരുവാൻ** (baptized into Christ Jesus > to join with Christ in one body)

(2) അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? **മരണത്തിനു പങ്കാളിയാകുവാൻ** (baptized into His death > to join with death)

(3) അവനോടുകൂടെ കുഴിച്ചിടപ്പെട്ടു – **ക്രിസ്തുവിനോടു കൂടെ കുഴിച്ചിടപ്പെടുവാൻ** –> buried with Him through baptism into death > to bury with Christ.

(4) ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും — **മഹിമയിൽ ജീവിച്ചെഴുന്നേൽക്കുവാൻ** — raised from the dead by the glory of the Father > to rise again with Christ in glory

(5) ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ — **ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ** – walk in newness of life > to walk with Christ -- to lead a holy life.

(6) അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചരായെങ്കിൽ -- **മരണത്തിന്റെ സാദൃശ്യത്തോടു ഏകീഭവിക്കുവാൻ** — likeness of His death = I am died with Christ.

(7) പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും — **പുനരുത്ഥാനസാദൃശ്യത്തോടു ഏകീഭവിക്കുവാൻ** —likeness of His resurrection > to get the likeness in resurrection.

ക്രൂശിലെ കള്ളന്റെ കാര്യത്തിൽ ആ സമയത്തു കർത്താവു മരിക്കുകയോ, അടക്കപ്പെടുകയോ ചെയ്യാതിരുന്നതിനാൽ ഉയിർത്തെഴുന്നേല്പിനു പ്രസക്തിയില്ല. ക്രൂശിൽ വെച്ചു അനുതപിച്ചു യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ച കള്ളൻ പറുദീസയിൽ പ്രവേശിച്ചു. അവനു സ്നാനപ്പെടുവാൻ അവസരം ലഭിച്ചില്ല. **സ്നാനം സ്വർഗ്ഗത്തിൽ പോകുവാനല്ല; മറിച്ച് ദൈവകല്പനയുടെ അനുസരണമാണ്.** ക്രൂശിലെ കള്ളനു പരദീസാ വാഗ്ദത്തം ലഭിച്ചുവെങ്കിലും കർത്താവു അപ്പോൾ മരിച്ചു പ്രായശ്ചിത്തയാഗം പൂർത്തീകരിക്കപ്പെട്ടിട്ടില്ലായിരുന്നു. ക്രൂശിലെ കള്ളൻ അപ്പോഴും പഴയനിയമ ഉടമ്പടിയിൻ കീഴിലായിരുന്നതിനാൽ സ്നാനത്തിനു പ്രസക്തിയുമില്ല. പഴയനിയമകാലത്തെ ഏതൊരു വിശുദ്ധനെപ്പോലെയും ക്രൂശിലെ കള്ളനും പരദീസാ ലഭിച്ചു.

> ക്രൂശിൽ അനുതപിച്ച കള്ളൻ അക്ഷരാർത്ഥത്തിൽ ക്രൂശിൽ മൂന്നാണികളിൽ തൂങ്ങി ക്രിസ്തുവിനോടുകൂടെ മരിച്ചു, അടക്കപ്പെട്ടു. നമുക്കു ഇതു സാധിക്കുമോ? —> ഇല്ല.

> യേശുക്രിസ്തു മരിച്ചത് ന്യായപ്രമാണത്തിന്റെ സമാപനത്തിലാണ്. കള്ളന്റെ മാനസാന്തരവും ന്യായപ്രമാണസമാപനത്തിലായിരുന്നു. പെന്തൊക്കൊസ്തു നാളിലാണ് പുതിയനിയമസഭ രൂപം കൊണ്ടത്. ദൈവസഭെക്കുള്ള സ്നാനത്തിന്റെ കല്പന അനുസരിക്കേണ്ടതും പുതിയനിയമ വിശ്വാസികളാണ്.

> കള്ളൻ മാനസാന്തരസ്ഥലത്തു വെച്ചു തന്നെ മരിച്ചു. സ്നാനപ്പെടണമെന്നു അവൻ ആഗ്രഹിച്ചാൽ പോലും ഒരു ചുവടു മുന്നോട്ടു വെക്കുവാൻ അവനു കഴിയുകയില്ല. ഉദാഹരണമായി ഒരു ശിശു ജനിച്ചപ്പോൾ തന്നെ മരിക്കുകയാണെങ്കിൽ അതിനു സ്കൂളിൽ പോകേണ്ട, പഠിക്കേണ്ട. എന്നാൽ ഈ കുട്ടി ജീവിച്ചിരു

ന്നാൽ ജീവിക്കുന്നതിനാവശ്യമായതെല്ലാം പ്രവർത്തിക്കണം. ആയതു പോലെ രക്ഷിക്കപ്പെട്ടു പുതുജീവൻ ലഭിച്ച ഒരുവൻ സ്നാന പ്പെടുക തന്നെ വേണം.

**(6) ഒരിക്കൽ വിശ്വാസസ്നാനം സ്വീകരിച്ച വ്യക്തി വീണ്ടും സ്നാന പ്പെടുന്നത് ശരിയോ?** (Re-Baptism)

വീണ്ടും സ്നാനപ്പെടുത്തിയ ഒരു സംഭവം അപ്പൊസ്തല പ്രവൃത്തികളിൽ കാണുന്നുണ്ട് (അപ്പൊ.19:1-7). അവർ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരായിരുന്നു. അവർ സ്വീകരിച്ചിരുന്നത് യോഹ ന്നാന്റെ സ്നാനമായ മാനസാന്തര സ്നാനമായിരുന്നു. താൻ പ്രസം ഗിച്ച ദൈവരാജ്യത്തിന്റെ സുവിശേഷം കേട്ടു മാനസാന്തരപ്പെട്ടവരെ അവരുടെ മാനസാന്തരത്തിന്റെ പ്രകടമായ തെളിവായി യോഹന്നാൻ സ്നാനം നടത്തിയിരുന്നു. എന്നാൽ അതു വിശ്വാസസ്നാനം അല്ലാ യിരുന്നു. നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന പൗലൊസിന്റെ ചോദ്യത്തിനുത്തരമായി യോഹന്നാന്റെ ശിഷ്യ ന്മാർ പറഞ്ഞത് പരിശുദ്ധാത്മാവിനെ കുറിച്ചു തങ്ങൾ കേട്ടിട്ടു പോലു മില്ലെന്നായിരുന്നു. വിശ്വാസസ്നാനം സ്വീകരിച്ചവരെങ്കിൽ പിതാ വു, പുത്രൻ, പരിശുദ്ധാത്മാവു എന്നീ നാമത്തിൽ സ്നാനമേൽക്കു മ്പോൾ അവർ പരിശുദ്ധാത്മാവിനെ കുറിച്ചു കേട്ടു കാണുമെന്നു പൗലോസിനറിയാമായിരുന്നു. ആയതിനാൽ യേശുക്രിസ്തുവിൽ വിശ്വസിക്കേണമെന്ന സുവിശേഷം യോഹന്നാന്റെ ശിഷ്യന്മാരോടു അറിയിച്ചു. സുവിശേഷം സ്വീകരിച്ച അവർ വിശ്വാസസ്നാനം സ്വീക രിച്ചു. അതായത് അവർ വീണ്ടും സ്നാനപ്പെടുവാനിടയായത് വിശ്വാസസ്നാനം സ്വീകരിക്കുവാനായിരുന്നു.

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെ ട്ടവർ വിശ്വാസസ്നാനം സ്വീകരിക്കണം. വിശ്വസിക്കുന്നവർ പൂർണ്ണ മനസ്സോടെ അനുസരിക്കുന്ന ദൈവകല്പനയായതിനാലാണ് വിശ്വാ സസ്നാനം എന്നു പറയുന്നത്. അതായത് തിരുവചനത്തിൽ വ്യവ സ്ഥചെയ്തിരിക്കുന്ന സ്നാനത്തിന്റെ നിഴലും, പൊരുളും മാത്രമല്ല യോഗ്യതയും, ആവശ്യകതയും, ശ്രേഷ്ഠതയും, ഉത്തരവാദിത്തവും മനസ്സിലാക്കി സമ്പൂർണ്ണസമർപ്പണത്തോടെ അനുസരിക്കുന്ന ദൈവ കല്പനയാണ് വിശ്വാസസ്നാനം. കർത്തൃമേശ കർത്താവിന്റെ വര വുവരെ തുടർമാനമായി അനുഷ്ഠിക്കേണ്ടതും, വിശ്വാസസ്നാനം ജീവിതത്തിൽ ഒരിക്കൽ മാത്രം അനുഷ്ഠിക്കേണ്ടതുമായ

ദൈവകല്പനകളാണ്. ആയതിനാൽ വിശ്വാസസ്നാനം സ്വീകരിച്ച വർ വീണ്ടും സ്നാനപ്പെടേണ്ട ആവശ്യമില്ല. എന്നാൽ ആദ്യത്തെ സ്നാനം തിരുവചനം അനുശാസിക്കുന്ന വിധത്തിലല്ലായിരുന്നുവെങ്കിൽ രണ്ടാമതൊരു സ്നാനം ചില സന്ദർഭങ്ങളിൽ ആവശ്യമായി വന്നേക്കാം.

**> (i) രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള സ്നാനം —**

ഇക്കാലത്ത് ചില സഭകൾ രക്ഷയുടെ സന്ദേശം അറിയിക്കാതെ സഭകളിൽ എങ്ങനെയും ആളുകളെ ചേർക്കുവാനായി സ്നാനപ്പെടുത്തുന്നത് പതിവായിരിക്കുന്നു. സ്നാനപ്പെടുത്തിക്കഴിഞ്ഞു രക്ഷയുടെ കാര്യങ്ങൾ പറഞ്ഞു അവരെ ബോദ്ധ്യപ്പെടുത്തിയാൽ മതിയെന്നവർ ചിന്തിക്കുന്നു. ഇത് വചന വിരുദ്ധമാണ്. കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവരാണ് വിശ്വാസസ്നാനം സ്വീകരിക്കേണ്ടത്. എന്നാൽ രക്ഷിക്കപ്പെടുന്നതിനു മുമ്പാണ് ആദ്യസ്നാനം സ്വീകരിച്ചതെങ്കിൽ അതു മുഴുകൽ സ്നാനമാണെങ്കിൽകൂടി രക്ഷിക്കപ്പെട്ട ശേഷം വീണ്ടും സ്നാനപ്പെടണം.

**> (ii) വെള്ളം തളിച്ചുള്ള സ്നാനം —**

രക്ഷിക്കപ്പെട്ട ശേഷം സ്വീകരിച്ച സ്നാനം വിശ്വാസസ്നാനത്തിൽ ഉൾപ്പെടുത്താമെങ്കിലും അതു വെള്ളത്തിൽ മുഴുകിയുള്ള സ്നാനമല്ലെങ്കിൽ വീണ്ടും സ്നാനപ്പെടണം.

**> (iii) ത്രിയേകനാം ദൈവത്തിന്റെ നാമത്തിലല്ലാതുള്ള സ്നാനം —**

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലായിരിക്കണം മുഴുകൽ സ്നാനമായ വിശ്വാസസ്നാനം നടത്തേണ്ടത്. ത്രിത്വനാമത്തിലല്ലാതെ സ്നാനപ്പെട്ടവർ വീണ്ടും സ്നാനപ്പെടണം.

രക്ഷിക്കപ്പെട്ടശേഷം, പിതൃപുത്രപരിശുദ്ധാത്മാവിന്റെ നാമത്തിൽ, വെള്ളത്തിൽ നിമജ്ജനസ്നാനമായ വിശ്വാസസ്നാനം ഒരിക്കൽ സ്വീകരിച്ചവർ വീണ്ടും സ്നാനപ്പെടേണ്ട ആവശ്യം ഇല്ല. എന്നുമാത്രമല്ല അങ്ങനെ ആരെങ്കിലും വീണ്ടും സ്നാനപ്പെടുന്നുവെങ്കിൽ അതു വചനവിരുദ്ധവുമാണ്. കാരണം അവർ ഒരിക്കൽ വിശ്വസിച്ച ദൈവത്തെയും, ദൈവവചനത്തെയും നിസ്സാരമാക്കി അന്നു ഏറ്റു പറഞ്ഞ ഉപദേശസത്യങ്ങളെ അധിക്ഷേപിക്കുകയും, നിരാകരിക്കുകയും, നിഷേധിക്കയും ചെയ്യുകയാണ്.

ആദ്യസ്നാനം അറിവില്ലായ്മയിലും, കുടുംബപാരമ്പര്യത്തിലും, കർമ്മാനുഷ്ഠാനത്തിലും, വചനപരിജ്ഞാനമില്ലായ്മയിലും സ്വീകരിച്ചതായിപ്പോയി എന്നും വീണ്ടും സ്നാനപ്പെട്ടവർ പറയാറുണ്ട്. ഒരിക്കൽ വിശ്വസിച്ചു സ്നാനമേറ്റവർ വീണ്ടും സ്നാനപ്പടുന്നതിനു ഈ വിധത്തിലുള്ള ന്യായങ്ങൾ നീതീകരിക്കാവുന്നതല്ല.

സ്നാനത്തെപ്പറ്റി ശരിക്കും ഇപ്പോഴാണ് തിരുവചനത്തിലൂടെ മനസ്സിലായതെന്നും അതുകൊണ്ടാണ് വീണ്ടും സ്നാനപ്പെട്ടതെന്നും പറഞ്ഞു കേൾക്കാറുണ്ട്. വിശേഷാൽ ബൈബിൾ സ്കൂളുകളിലും ബൈബിൾ കോളേജുകളിലും പാപശാസ്ത്രം, രക്ഷാ തത്വശാസ്ത്രം എന്നിങ്ങനെയുള്ള വിഷയങ്ങൾ ആഴത്തിൽ പഠിക്കുമ്പോൾ ഞാൻ ഒരിക്കൽ രക്ഷിക്കപ്പെട്ടതും സ്നാനപ്പെട്ടതും ശരിയായ രീതിയിലോ എന്നുള്ള സംശയം ഉണ്ടാകുന്നതു കണ്ടിട്ടുണ്ട്. എന്നാൽ ഇത് തികെച്ചും സംശയത്തിലൂടെ ഉടലെടുക്കുന്ന ചിന്തമാത്രമാണ്. ഈ അഭിപ്രായം രണ്ടാം സ്നാനത്തിനു അനുവദനീയമെങ്കിൽ വിശ്വാസജീവിതത്തിൽ തുടർമാനമായി കേൾക്കുന്ന ഉപദേശസത്യങ്ങൾക്കും അതിലൂടെ ലഭിക്കുന്ന ഉണർവ്വിനും അനുസരിച്ചു ജീവിതകാലം മുഴുവൻ ആവർത്തിച്ചു സ്നാനപ്പെടേണ്ടി വരും.

പ്രത്യേക വരം ലഭിച്ച അഭിഷിക്തന്മാരുടെ കൈക്കീഴിൽ സ്നാനപ്പെടാത്തവരെ വീണ്ടും സ്നാനപ്പെടുത്തുന്ന സഭകളും ഉണ്ട്. ക്രിസ്തുയേശുവിൽ രക്ഷിക്കപ്പെട്ടവർ പുരോഹിതന്മാരും അഭിഷിക്തരുമാണെന്നു ദൈവവചനം പ്രഖ്യാപിക്കുന്നു. എന്നാൽ മനുഷ്യരാൽ നിയമിക്കപ്പെട്ടവരും അഭിഷിക്തരെന്നവകാശപ്പെടുന്നവരുടെയും കൈക്കീഴിൽത്തന്നെ സ്നാനപ്പെടണമെന്നു അനുശാസിക്കുന്നതും വചനവിരുദ്ധമാണ്. സ്നാനപ്പെടേണ്ടത് യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ്. യേശുക്രിസ്തുവിൽ വിശ്വസിച്ചു ജീവിക്കുന്ന ഏതൊരു സാക്ഷ്യമുള്ള വിശ്വാസിക്കും മറ്റൊരു വിശ്വാസിയെ സ്നാനപ്പെടുത്താം (മത്താ.28:20).

***(7) സ്നാനം ഏറ്റില്ലെങ്കിൽ എന്ത്?***

ഈ ചോദ്യം ചോദിക്കാൻ ആർക്കും ന്യായമായി യാതൊരു അവകാശവും ഇല്ല എന്നത് താഴെപ്പറയുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കാം. രക്ഷിക്കപ്പെടുന്നവൻ സ്നാനം ഏൽക്കണം എന്നത് കർത്താധികർത്താവും രാജാധിരാജാവുമായവന്റെ രാജകല്പനയാണ്. രാജാവിന്റെ കല്പനയുള്ളപ്പോൾ അതു

ചെയ്തില്ലെങ്കിൽ എന്ത് എന്നു ചോദിക്കുവാൻ നിയമം അനുവദിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ഇതു വിശദമാക്കുവാൻ ശ്രദ്ധിക്കാം.

> ഒരു ഡോക്ടർ, രോഗിക്കു അടിയന്തര ശസ്ത്രക്രിയ ആവശ്യമാണെന്നു പറയുമ്പോൾ ഞാൻ അതിനു സമ്മതിക്കുന്നില്ലെങ്കിലോ എന്നു രോഗി തിരികെ ചോദിച്ചാൽ ആർക്കാണ് നഷ്ടം?

> സ്ഥലം മാറ്റ ഉത്തരവു ലഭിച്ച ഒരു ഉദ്യോഗസ്ഥൻ, ഞാൻ ആ സ്ഥലത്തേക്കു പോയില്ലെങ്കിലോ എന്നു ചോദിച്ചാൽ അതു അനുസരണക്കേടല്ലയോ? ശിക്ഷ ലഭിക്കുകയില്ലേ?

> പരീക്ഷാഹാളിൽ ഒരു വിദ്യാർത്ഥി ചെന്നിട്ട് ഞാൻ ഈ പരീക്ഷ എഴുതിയില്ലെങ്കിലോ എന്നു ചോദിച്ചാൽ അവൻ ജയിക്കുന്നതെങ്ങനെ?

> മുന്നൂറു മീറ്റർ ഓട്ടമത്സരത്തിൽ അല്പം ഓടിയിട്ട് ഞാൻ ഇനി ഓടണമോ എന്നു ചോദിച്ചാൽ എങ്ങനെ അവനു വിജയവും, സമ്മാനവും ലഭിക്കും?

ലോകപ്രകാരമുള്ള കല്പനകൾ അനുസരിച്ചില്ലെങ്കിൽ വിജയവും, നന്മയും ലഭിക്കുകയില്ലെന്നു മാത്രമല്ല ചിലപ്പോൾ ശിക്ഷയും അനുഭവിക്കേണ്ടി വരും. എങ്കിൽ രാജാധിരാജാവും കർത്താധികർത്താവും ആയ ഈ മഹോന്നതനാം ദൈവത്തിന്റെ രാജകല്പന അനുസരിക്കാതിരിക്കാമോ? ***രക്ഷിക്കപ്പെട്ട വിശ്വാസി സ്നാനപ്പെടുക തന്നെ വേണം.*** മറു ചോദ്യങ്ങളും വാദങ്ങളും ഉന്നയിക്കുവാൻ തിരുവചനം അനുവദിക്കുന്നില്ല. ദൈവത്തിന്റെ അറിയിപ്പ് നമുക്കു ലഭിച്ചിരിക്കുന്നു. സന്ദേശവാഹകരായ വിശ്വാസികളായ നമുക്കു ഈ അറിയിപ്പു മറ്റുള്ളവരെ അറിയിക്കാം — യേശുക്രിസ്തുവിൽ **വിശ്വസിക്കുക, രക്ഷിക്കപ്പെടുക, സ്നാനപ്പെടുക, വിശുദ്ധിയിൽ ജീവിക്കുക.**

## രക്ഷയും സ്നാനവും

രക്ഷ പ്രാപിപ്പാൻ സ്നാനം ആവശ്യമില്ല. സ്നാനം രക്ഷയ്ക്കല്ല മറിച്ച് രക്ഷിക്കപ്പെട്ടവർക്കുള്ളതാണ്. രക്ഷയെന്നാൽ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു കർത്താവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുന്നതാണ്. എന്നാൽ സ്നാനം കർത്താവിന്റെ കല്പനയും രക്ഷിക്കപ്പെട്ടശേഷം ചെയ്യേണ്ടതുമാണ്. ആദ്യം കർത്താവിന്റെ വകയാകുക (രക്ഷ), പിന്നെ കർത്താവിനെ അനുസരിക്കുക (സ്നാനം). സ്നാനം രക്ഷിക്കപ്പെടാനല്ല, രക്ഷിക്കപ്പെട്ടതുകൊണ്ടു

കർത്താവിനെ അനുസരിക്കുന്നു. രക്ഷിക്കപ്പെട്ടു എന്നതിന്റെ പരസ്യമായ സാക്ഷ്യവുമാണ് സ്നാനം.

രക്ഷ പ്രാപിപ്പാൻ അഥവാ പാപമോചനത്തിനു സ്നാനം ആവശ്യമാണെന്നു തോന്നിപ്പോകുന്ന ഏതാനും വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു രക്ഷ പ്രാപിപ്പാൻ വിശ്വാസം മാത്രം പോരാ രക്ഷാപൂർത്തീകരണത്തിനായി സ്നാനപ്പെടുകയും വേണമെന്നു ചിലർ തെറ്റായി പഠിപ്പിക്കുന്നു. കൃപയാലുള്ള രക്ഷ ദാനവും, സ്നാനം പ്രവൃത്തിയുമാണ്. ആകയാൽ രക്ഷാപൂർത്തീകരണത്തിനു മനുഷ്യരുടെ പ്രവൃത്തികൾ ആവശ്യമില്ല. പാപങ്ങളേറ്റുപറഞ്ഞുപേക്ഷിച്ചു കർത്താവിൽ വിശ്വസിക്കുന്ന മാത്രയിൽ രക്ഷ ലഭിക്കുന്നു.

രക്ഷെക്കു സ്നാനം ആവശ്യമാണെന്നു പഠിപ്പിക്കുവാൻ ഉദ്ധരിക്കുന്ന വാക്യങ്ങൾ —

(1) മർക്കൊ.16:16 —*"വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും"*

രക്ഷയ്ക്കു സ്നാനം ആവശ്യമാണെന്നു ചിന്തിക്കാൻ സാദ്ധ്യതയുള്ള വാക്യമാണിത്. വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നു കർത്താവു പറഞ്ഞു. ശിക്ഷാവിധിയിൽ അകപ്പെടുന്ന കാര്യം പറയുമ്പോൾ വിശ്വസിക്കാത്തവന്റെ അവസ്ഥ പറഞ്ഞു എന്നേയുള്ളു. ഈ വാക്യത്തിന്റെ രണ്ടാം ഭാഗം ശ്രദ്ധിച്ചാൽ സംശയം മാറികിട്ടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. അതായതു സ്നാനപ്പെടാത്തവനല്ല, യേശുക്രിസ്തുവിൽ വിശ്വസിക്കാത്തവനാണ് ശിക്ഷാവിധിയിൽ അകപ്പെടുന്നത്. രക്ഷിക്കപ്പെടുന്ന ഒരുവൻ സ്നാനപ്പെടുവാനും തയ്യാറാകും. **യോഹ.3:15,16,18,36**— "അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തന്നേ. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. **അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല;** വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു. **പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു;** പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു."

(DOCTRINAL TRUTHS *by Samson Henry, Kollam*)

(2) അപ്പൊ.2:38 — *"പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും."*

യേശുവിന്റെ മശീഹാത്വത്തെ നിരസിക്കുകയും കർത്താവിനെ ക്രൂശിക്കുകയും ചെയ്ത യഹൂദന്മാരോടാണ് *"നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ"* എന്നു പത്രൊസ് പറയുന്നത്. പരസ്യമായി മശീഹയായ ക്രിസ്തുവിനെ തള്ളിക്കളഞ്ഞവർ പരസ്യമായിത്തന്നെ സ്നാനത്തിലൂടെ ക്രിസ്തുവിനെ സാക്ഷീകരിക്കണമെന്നാണ് അവരോടു പ്രബോധിപ്പിക്കുന്നത്. ഈ വാക്യത്തിലെ ക്രമം — മാനസാന്തരം, പാപമോചനം, സ്നാനം എന്നാണ്. എന്നാൽ പത്രൊസ് കൊർന്നേല്യൊസിന്റെ ഭവനത്തിൽ ജാതികളോടു പറയുന്നത് — *"അവനിൽ വിശ്വസിക്കുന്ന ഏവന്നും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്നു സകലപ്രവാചകന്മാരും സാക്ഷ്യം പറയുന്നു"* (അപ്പൊ.10:43) എന്നാണ്. മാനസാന്തരപ്പെട്ടു പാപം ഏറ്റു പറഞ്ഞാണ് ക്രിസ്തുവിൽ വിശ്വസിക്കേണ്ടത്. മാനസാന്തരപ്പെട്ടു പാപം ഏറ്റു പറഞ്ഞു കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവെന്ന ദാനം ലഭിക്കും. കാരണം ഒരു പാപി രക്ഷിക്കപ്പെടുമ്പോൾ അവനിൽ പരിശുദ്ധാത്മാവു വാസം തുടങ്ങും. തുടർന്നു കർത്താവിന്റെ കല്പനയായ സ്നാനം സ്വീകരിക്കണം. തിരുവെഴുത്തു പ്രകാരം പാപമോചനത്തിനു സ്നാനമല്ല, ക്രിസ്തുയേശുവിലുള്ള വിശ്വാസമാണ് ആവശ്യമായത് (യോഹ.1:12/യോഹ.3:16/യോഹ.3:36/യോഹ.6:47/അപ്പൊ.16:31/റോമ.10:9,10/എഫെ.2:8).

(3) യോഹ.3:5 — *"അതിന്നു യേശു : ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല."*

വെള്ളത്താൽ എന്നത് ജലസ്നാനത്തെയാണെന്നും അതുകൊണ്ടു വെള്ളത്താൽ സ്നാനപ്പെട്ടാലേ ദൈവരാജ്യത്തിൽ കടപ്പാൻ അഥവാ രക്ഷിക്കപ്പെടുവാൻ സാദ്ധ്യമാകൂ എന്നു ചിലർ അഭിപ്രായപ്പെടുന്നു. ഇത് ദൈവവചനമായ ബൈബിളിന്റെ ഉപദേശ

ങ്ങൾക്കു വിരുദ്ധമാണ്. രക്ഷ വിശ്വാസത്തിലും സ്നാനം പ്രവൃത്തിയിലും അടിസ്ഥാനപ്പെട്ടിരിക്കുന്നു. രക്ഷ കൃപയാലാണെന്നും അത് ദൈവത്തിന്റെ ദാനമാണെന്നും, രക്ഷെക്കായി മനുഷ്യന്റെ യാതൊരു പ്രവൃത്തിയും ആവശ്യമില്ലെന്നും തിരുവചനം പ്രസ്താവിക്കുന്നു. രക്ഷിക്കപ്പെട്ടവർ കർത്താവിന്റെ കല്പന അനുസരിക്കുന്നതാണ് സ്നാനം. വെള്ളത്താലും ആത്മാവിനാലും എന്നത് ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും എന്നാണ് എടുക്കേണ്ടത്. ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ രക്ഷിക്കപ്പെടുകയാണ് ആവശ്യം. രക്ഷിക്കപ്പെടാതെ അനേകപ്രാവശ്യം വെള്ളത്തിൽ സ്നാനപ്പെട്ടാലും പുതുതായി ജനിക്കുന്നില്ല. ദൈവരാജ്യത്തിലെ പ്രവേശനത്തിനു ആത്മികജനനം ആവശ്യമാണ്. ആത്മികജനനം വെള്ളത്താലും ആത്മാവിനാലുമാണ് നടക്കേണ്ടത് — വെള്ളം എന്നത് ബൈബിളിലെ ഉപദേശങ്ങളെയും, തിരുവചനത്തെയും, സുവിശേഷത്തെയും കുറിക്കുമ്പോൾ ആത്മാവു ദൈവികത്വിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവാം ദൈവത്തെ കുറിക്കുന്നു. പരിശുദ്ധാത്മാവ് *"പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോദ്ധ്യം വരുത്തും"* (യോഹ.16:8) എന്നു തിരുവചനത്തിൽ കാണുന്നു. ദൈവവചനത്താലാണ് വീണ്ടും ജനനം എന്നു പത്രൊസ് പറയുന്നു — *"കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു"* (1.പത്രൊ.1:23).

(4) അപ്പൊ.22:16 — *"ഇനി താമസിക്കുന്നതു എന്തു? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക എന്നു പറഞ്ഞു."* (And now why are you waiting? Arise and be baptized, and wash away your sins, calling on the name of the Lord).

അനന്യാസ് പൗലൊസിനോടു പറയുന്ന ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ പാപമോചനത്തിനായി സ്നാനം ആവശ്യമാണെന്നു തോന്നിപ്പോകാം. പൗലൊസിന്റെ മാനസാന്തരത്തെക്കുറിച്ചു അപ്പൊസ്തലപ്രവൃത്തികൾ 9-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ദമസ്കൊസിന്റെ തെരുവീഥിയിൽ വെച്ചു കർത്താവിനാൽ പിടിക്കപ്പെട്ട ജീവിതം ആരംഭിക്കുന്നതു തന്നെ പ്രാർത്ഥനയോടെയായിരുന്നു എന്നത് പരിശുദ്ധാത്മാവു രേഖപ്പെടുത്തിയിരിക്കുന്നു. അന

ന്യാസിനെ ദൈവം ശൗലിന്റെ അടുക്കലേക്കയക്കുമ്പോൾ തിരുവചനം ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു — *"കർത്താവു അവനോടു: നീ എഴുന്നേറ്റു നേർവ്വീഥി എന്ന തെരുവിൽ ചെന്നു (Arise and go to the street called Straight), യൂദായുടെ വീട്ടിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്ക; അവൻ പ്രാർത്ഥിക്കുന്നു (he is praying)"* (അപ്പൊ.9:11). ഇതുവരെയും ജീവനുള്ള നാഥനെ ഉപേക്ഷിച്ചു വളഞ്ഞ വഴികളിലൂടെ സഞ്ചരിച്ചവൻ ദൈവകൃപയാൽ നേർവ്വീഥിയിൽ എത്തിച്ചേർന്നിരിക്കുന്നു. കർത്താവിന്റെ ശബ്ദം തിരിച്ചറിഞ്ഞ പൗലൊസിന്റെ ആദ്യത്തെ പ്രാർത്ഥന ദൈവത്തോടുള്ള തന്റെ പാപത്തെ ബന്ധപ്പെടുത്തിയുള്ള മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും സമർപ്പണത്തിന്റെയും പ്രാർത്ഥനയായിരുന്നു എന്നു കരുതാം. തുടർന്നു അനന്യാസ് പൗലൊസിന്റെ അടുക്കൽ വന്നു പ്രാർത്ഥിക്കുന്നു — *"ഉടനെ അവന്റെ കണ്ണിൽ നിന്നു ചെതുമ്പൽപോലെ വീണു; കാഴ്ച ലഭിച്ചു എഴുന്നേറ്റു സ്നാനം ഏല്ക്കയും ആഹാരം കൈക്കൊണ്ടു ബലം പ്രാപിക്കയും ചെയ്തു"* (അപ്പൊ.9:18) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. എഴുന്നേറ്റു സ്നാനമേറ്റപ്പോഴല്ല പൗലൊസിന്റെ പാപം മോചിക്കപ്പെട്ടത്. മാനസാന്തരമുണ്ടായി കർത്താവിലുള്ള വിശ്വാസമാണ് പൗലൊസിനെ രക്ഷിച്ചത്.

പിന്നീട് ദൈവാലയത്തിൽ വെച്ചു യഹൂദന്മാരായ ജനക്കൂട്ടം പൗലൊസിന്മേൽ ദുരാരോപണം ഉന്നയിക്കുമ്പോൾ അതിനുള്ള മറുപടിയായുള്ള പൗലൊസിന്റെ പ്രതിവാദമാണ് അപ്പൊ.22-ൽ കാണുന്നത്. അപ്പൊ.9:18 -ൽ *"എഴുന്നേറ്റു സ്നാനം ഏല്ക്കയും ആഹാരം കൈക്കൊണ്ടു ബലം പ്രാപിക്കയും ചെയ്തു"* എന്നു പറയുമ്പോൾ അപ്പൊ.22:16 -ൽ *"ഇനി താമസിക്കുന്നതു എന്തു? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക"* എന്നു പറയുന്നു. പാപമോചനത്തിനും രക്ഷെക്കും സ്നാനം ആവശ്യമാണെന്നു രണ്ടാമത്തെ പ്രസ്താവനയിലൂടെ തോന്നിപ്പോകാം. എന്നാൽ പാപമോചനവും രക്ഷയും ക്രിസ്തുവിലുള്ള വിശ്വാസത്തിൽ മാത്രമാണെന്നു തിരുവെഴുത്തിലെ അനേക ഭാഗങ്ങൾ വ്യക്തമായി പഠിപ്പിക്കുന്നു. ഒന്നാം നൂറ്റാണ്ടിൽ സഭയുടെ ആരംഭകാലത്ത്, സുവിശേഷം കേട്ടു കർത്താവിൽ വിശ്വസിച്ചവർ ഉടൻ സ്നാനപ്പെടുന്നത് സർവ്വസാധാരണമായിരുന്നു.

അങ്ങനെ രക്ഷയും സ്നാനവും വലിയ സമയവ്യത്യാസമില്ലാതെ നടക്കുമ്പോൾ പാപങ്ങൾ കഴുകപ്പെടുന്നതും അതിനോടു ചേർത്തു ഒരുമിച്ചുതന്നെ പറഞ്ഞിരിക്കുന്നു. ഈ ആശയത്തിലാണ് പൗലൊസ് തന്റെ സാക്ഷ്യജീവിതം യഹൂദന്മാരോട് പ്രസ്താവിക്കുന്നത്. *"വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായച്ഛിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു"* (റോമ.3:25), *"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു"* (റോമ.5:1) എന്നീ വചനങ്ങൾ പൗലൊസിന്റെ രക്ഷയുടെയും പാപമോചനത്തിന്റെയും സാക്ഷ്യമാണ്.

പാപം ഇല്ലാത്ത, പാപം അറിയാത്ത, പാപം ചെയ്തിട്ടില്ലാത്ത നമ്മുടെ കർത്താവു സ്നാനപ്പെട്ടു നമുക്കു മാതൃക കാണിച്ചു തന്നു. പാപികളായ മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാൻ ലോകത്തിലേക്കു വന്ന പരിശുദ്ധനായ ദൈവപുത്രൻ സ്നാനപ്പെട്ടപ്പോൾ *"ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു"* എന്ന ശബ്ദം സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിക്കേട്ടു (മത്താ.3:17). ആദിമസഭയിലെ വിശ്വാസികളെല്ലാവരും സ്നാനപ്പെട്ടവരായിരുന്നു (അപ്പൊ.2:38/അപ്പൊ.2:41,42/ അപ്പൊ.18:8/അപ്പൊ.10:44-48). രക്ഷിക്കപ്പെടാതെ സ്നാനം ഏറ്റു എന്ന കാരണത്താൽ നിത്യനാശത്തിൽ നിന്നു വിടുതൽ ലഭിക്കയില്ല. രക്ഷെക്കു സ്നാനം ഒരു ഉപാധിയല്ല. എന്നാൽ രക്ഷിക്കപ്പെട്ടവർ വിശ്വാസസ്നാനം സ്വീകരിക്കണം എന്നത് ദൈവകല്പനയാണ് (മത്താ.28:19,20). കർത്താവിനെ സ്നേഹിക്കുന്നവർ കർത്താവിന്റെ കല്പനകൾ അനുസരിക്കണം (1.യോഹ.5:1-3).

= = = = = = = ***Amen*** = = = = = = =

# അദ്ധ്യായം – 16

# വേർപാട് (SEPARATION)

വേർപാട് (Separation) എന്നത് ബൈബിളിലെ ഒരടിസ്ഥാനപ്രമേയമായിരിക്കുന്നു. ആകാശവും ഭൂമിയുംസൃഷ്ടിച്ചപ്പോൾത്തന്നേ ദൈവം പലതിനെയും വേർപിരിക്കുന്നതായി കാണുന്നു. സൃഷ്ടിക്കുശേഷവും പല സന്ദർഭങ്ങളിലും വേർപാടിന്റെ ആവശ്യകത ദൈവം പ്രകടമാക്കുന്നുണ്ട്. ഇതിൽ നിന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത് ദൈവജനം ജാതികളുമായി ഇടകലരാതെ വേർപെട്ടു ജീവിക്കണമെന്നതാണ് ദൈവഹിതം.

> ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു (ഉല്പ.1:4,17).

> പകലും രാവും തമ്മിൽ വേർപിരിക്കുവാൻ ആകാശവിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാക്കി (ഉല്പ.1:5,14).

> വെള്ളവും വെള്ളവും തമ്മിൽ വേർപിരിച്ച് വെള്ളങ്ങളുടെ മദ്ധ്യേ വിതാനമുണ്ടാക്കി, വിതാനത്തിനു ആകാശമെന്നു പേരിട്ടു (ഉല്പ.1:6–8).

> ആകാശത്തിനു കീഴുള്ള വെള്ളം ഒരിടത്തു കൂട്ടി ഉണങ്ങിയ നിലമാക്കി സമുദ്രവുമായി വേർപിരിച്ചു. (ഉല്പ.1:9,10).

> നോഹയേയും കുടുംബത്തെയും പെട്ടകത്തിലൂടെ വഷളത്വമുള്ള ജനങ്ങളിൽ നിന്നു വേർതിരിച്ചു. (ഉല്പ.6:18).

> വിശ്വാസികളുടെ പിതാവെന്നറിയപ്പെട്ട അബ്രഹാമിനെ കൽദയരുടെ ഊരിൽ നിന്നു വിളിച്ചു വേർതിരിച്ചു. (ഉല്പ.12:1–3).

> ദൈവത്തെ ആരാധിക്കുവാനായി മിസ്രയീമ്യരുമായി വേർപെട്ടിരുന്നു. (പുറ.8:26,27).

> ദൈവം യിസ്രായേൽമക്കളെ ഗണംഗണമായി മിസ്രയീം ദേശത്തു നിന്നു വേർതരിച്ചു. (പുറ.12:51)

> തന്റെ ജനമായ യിസ്രായേൽ ചുറ്റുമുള്ള സകലജാതികളിൽ നിന്നും വേർതിരിഞ്ഞു വിശുദ്ധിയിൽ ജീവിക്കണമെന്നു ദൈവം ആഗ്രഹിച്ചു. (പുറ.19:5/പുറ.34:10–17/ ആവ.7:1–11).

**വിശുദ്ധനായ ദൈവം തന്റെ ജനമായ യിസ്രായേലിനു കൊടുത്ത ചട്ടങ്ങളിൽ അവർ പാലിക്കേണ്ടവ —**

(1) രണ്ടുതരം മൃഗങ്ങളെ യോജിപ്പിക്കരുത് (ലേവ്യ.19:19)
(2) വയലിൽ കൂട്ടുവിത്തു വിതെക്കരുത് (ലേവ്യ.19:19)
(3) രണ്ടു വക സാധനം കലർന്ന വസ്ത്രം ധരിക്കരുത് (ലേവ്യ.19:19)
(4) മുന്തിരിത്തോട്ടത്തിൽ വേറൊരു വക വിത്തും ഇടരുത് (ആവ.22:9)
(5) കാളയെയും കഴുതയേയും കൂട്ടി ഉഴരുത് (ആവ.22:10)
(6) ആട്ടുരോമവും ചണവും കൂടിക്കലർന്ന വസ്ത്രം ധരിക്കരുത് — (ആവ.22:11)
(7) ജാതികളിൽ നിന്നു വിവാഹം പാടില്ല (എസ്രാ.10:11)
(8) ദൈവാലയപണിയിൽ അന്യജാതികളുമായി വേർപെട്ടിരിക്കണം (എസ്രാ.4:3)
(9) കനാൻദേശത്തു എത്തിയ ശേഷം ചില നഗരങ്ങൾ സങ്കേതനഗരങ്ങളായി വേർതിരിക്കേണമെന്നു ദൈവം മോശെയോടു കല്പിച്ചു (സംഖ്യാ.35:9–13)
(10) ഏഴാം ദിവസമായ ശബത്തിനെ മറ്റു ദിവസങ്ങളിൽ നിന്നു വേർതിരിച്ചു (പുറ.20:9–11/ലേവ്യാ.23:3)
(11) മൃഗസമ്പത്തിൽ ആടുകളുടെയും കന്നുകാലികളുടെയും കടിഞ്ഞൂലായ ആൺ ഒക്കെയും യഹോവെക്കായി വേർതിരിക്കാൻ പറഞ്ഞു (പുറ.34:19,20)
(12) പുരോഹിതശുശ്രൂഷകൾക്കായി അഹരോനെയും പുത്രന്മാരെയും വിളിച്ചു വേർതിരിച്ചു (പുറ.28:40,41/പുറ29:21)
(13) സമാഗമനകൂടാരത്തിലെ വിശുദ്ധസ്ഥലത്തെയും അതിവിശുദ്ധസ്ഥലത്തെയും തമ്മിൽ വേർതിരിക്കുവാൻ തിരശ്ശീല ഉണ്ടാക്കുവാൻ കല്പനകൊടുത്തു (പുറ.26:33)
(14) സമാഗമനകൂടാരത്തിലെ ഉപകരണങ്ങളെ വിശുദ്ധീകരിച്ചു വേർതിരിച്ചു (പുറ.30:25–30)
(15) യിസ്രായേൽ മക്കൾക്കു അവരുടെ ആഹാരകാര്യങ്ങൾക്കു നിർദ്ദേശം കൊടുത്തപ്പോൾ ശുദ്ധിയുള്ളതും ശുദ്ധിയില്ലാത്തതുമായ ജീവജാലങ്ങളെ വേർതിരിച്ചു പ്രമാണം കൊടുത്തു (ലേവ്യാ.11).
(16) എല്ലാ വിളവിലും, സമ്പത്തിലും ദശാംശത്തെ വേർതിരിക്കാൻ നിർദ്ദേശിച്ചു (ആവ.14:22/ലേവ്യാ.27:30)

(17) യഹോവ ഭക്തനെ തനിക്കു വേർതിരിച്ചിരിക്കുന്നു (സങ്കീ.2:3)

ഈ തിരുവചനഭാഗങ്ങൾ പഠിക്കുമ്പോൾ ആത്മീകർ ലൗകീകരുമായി **വേർപെടേണ്ടതിന്റെ ആവശ്യകത** പഴയനിയമഭാഗത്തു തന്നെ കാണാൻ സാധിക്കുന്നു. തുടർന്നു പുതിയനിയമത്തിലേക്കു നോക്കാം —

> മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകലവിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരുന്നു സകലജാതികളെയും രണ്ടായി വേർതിരിക്കും (മത്താ.25:31-33).

> നമ്മുടെ കർത്താവു പാപികളോടു വേറുവിട്ടവൻ (എബ്രാ.7:26).

> പൗലൊസ് സുവിശേഷത്തിനായി വേർതിരിച്ചു വിളിക്കപ്പെട്ടു (റോമ.1:2).

> വെളിച്ചത്തിന്റെ മക്കൾ ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത് (എഫെ.5:11).

> സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലുമുള്ളവരെ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വിളിച്ചു വേർതിരിച്ചു (വെളി.5:9,10).

> ലോകത്തിൽ നിന്നും ദൈവത്തിന്റെ സഭയെ വേർപെടുത്തി (യോഹ.17:14-16/1.പത്രൊ.1:18,19).

> ദൈവമക്കൾ അധർമ്മത്തിൽ നിന്നും, അശുദ്ധിയിൽ നിന്നും, ഇരുട്ടിന്റെ പ്രവർത്തനങ്ങളിൽ നിന്നും, അവിശ്വാസികളിൽ നിന്നും േ വർപെട്ടിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു (2.കൊരി.6:14-7:1).

## എന്താണ് വേർപാട്?

ദൈവത്തിന്റെ ഒരു സ്വഭാസസവിശേഷതയാണ് വിശുദ്ധി. വിശുദ്ധൻ, വിശുദ്ധി, പരിശുദ്ധൻ, പരിശുദ്ധി എന്നീ പദങ്ങൾക്ക് എബ്രായഭാഷയിൽ കാദേശ് (Kadesh) എന്നും ഗ്രീക്കിൽ ഹാഗിയോസ് (Hagios) എന്നും പറയുന്നു. ഇതിനർത്ഥം വേർതിരിച്ച, വേർതിരിക്കപ്പെട്ട (Separate/ Separated) എന്നാണ്. പരിശുദ്ധനായ ദൈവം ലോകത്തിൽ നിന്നും, സർവ്വസൃഷ്ടികളിൽ നിന്നും മാത്രമല്ല പാപത്തിൽ നിന്നും വേർപെട്ടവൻ എന്ന നിലയിൽ വ്യത്യസ്തനായിരിക്കുന്നു. *"ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധന്മാരാ*

*യിരിക്കേണം"* (ലേവ്യ.11:45) എന്ന ദൈവത്തിന്റെ ആഗ്രഹത്തിലും അരുളപ്പാടിലും കാണുന്നത് ദൈവം വേർപെട്ടവനാകയാൽ തന്റെ ജനവും വേർപെട്ടവരായിരിക്കണമെന്നാണ്. വിശ്വാസികളോടുള്ള ബന്ധത്തിൽ വേർപാട് അവരുടെ സ്വഭാവസവിശേഷതയായിരിക്കണം. ഒരുവൻ ക്രിസ്തുവിൽ വിശ്വസിച്ചു പാപങ്ങൾ മോചിക്കപ്പെടുമ്പോൾ വിശുദ്ധൻ അഥവാ വേർപെട്ടവൻ എന്ന പേരിനു അർഹനായിത്തീരുന്നു. ദൈവത്തിനായി വേർതിരിച്ചു മാറ്റിയത് എന്ന ആശയമാണ് ഇവിടെ ലഭിക്കുന്നത്. വിശ്വാസികൾ ലോകത്തിൽ പാർക്കുന്നുവെങ്കിലും ലോകം അവരിൽ പ്രവേശിക്കുവാൻ പാടില്ല. അവർ പാപത്തോടും, ആചാരാനുഷ്ഠാനങ്ങളോടും, ജാതികളുടെ ചമയങ്ങളിൽ നിന്നും വേർപാടു പാലിച്ചു ജീവിക്കണം.

ഒരുവൻ കർത്താവായ യേശുക്രിസ്തുവിനെ തന്റെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കുമ്പോൾ അവൻ രക്ഷിക്കപ്പെടുന്നു. രക്ഷിക്കപ്പെട്ടവർ പിതൃപുത്രപരിശുദ്ധാത്മാവിന്റെ നാമത്തിൽ വെള്ളത്തിൽ മുഴുകിയുള്ള സ്നാനം സ്വീകരിക്കണം. ദൈവസഭയ്ക്കുള്ള മൂന്നാമത്തെ ഉപദേശം അപ്പൊസ്തലപ്രവൃത്തികളിൽ കാണുന്നത് ***സഭയോട് ചേരുക*** അഥവാ ***വേർപെടുക*** എന്നതാണ്. ***അപ്പൊ.2:41 —"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു."*** രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടവർ അവരോടു ചേർന്നു എന്നത് തങ്ങളെപ്പോലെ വേർപെട്ട അനുഭവത്തിലൂടെ കടന്നു വന്നവരുമായി ദൈവത്തെ ആരാധിക്കുവാൻ അവർ തീരുമാനിച്ചു എന്നാണ് അർത്ഥമാക്കുന്നത്. സഭ എന്നാൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം അഥവാ ദൈവത്തിന്റെ വകയായി ദൈവത്താൽ വേർതിരിക്കപ്പെട്ടവർ എന്നർത്ഥം. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തു കൊണ്ടിരുന്നു (അപ്പൊ.2:47). രക്ഷിക്കപ്പെടുത്തുന്നതും സഭയിൽ തന്റെ മക്കളെ ചേർക്കുന്നതും കർത്താവാണ്. ഇതു കർത്താവിന്റെ രണ്ടാം വരവുവരെ തുടർമാനമായി നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനമാണ്. എന്നാൽ പുതുക്കപ്പെട്ട അനുഭവത്തിൽ, രക്ഷയുടെ അനുഭവത്തിൽ ഉള്ള വിശ്വാസികൾ അതേ അനുഭവമുള്ള കൂട്ടങ്ങളിൽ തന്നെ ചേരുകയും ദൈവത്തെ ആരാധിക്കുകയും വേണമെന്നു ദൈവം ആഗ്രഹിക്കുന്നു. ഈ കൂട്ടങ്ങൾ പ്രാദേശിക സഭകളെ കുറിക്കുന്നു. താൻ നിന്ന ചുറ്റുപാടുക

ളിൽ നിന്നും, ദുഷിച്ച കൂട്ടുകെട്ടുകളിൽ നിന്നും, മതപരമായി തുടർന്നുവന്ന ചട്ടപ്പടി ആരാധനാനുഷ്ഠാനക്രമങ്ങളിൽ നിന്നും, അവിശ്വാസികളിൽ നിന്നുമൊക്കയുള്ള സമ്പൂർണ്ണ വേർപാടുണ്ടായി, ക്രിസ്തുസഭയോടു ചേരുന്ന പ്രക്രിയയാണ് വേർപെട്ട ജീവിതം. **2.കൊരി.5:17** —"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു." ഇന്നലെവരെ ജീവിച്ച നിലയിൽ നിന്നു ഒരു പുതിയ ജീവിതത്തിനു തുടക്കം കുറിക്കുന്നു. "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (ലേവ്യ.19:1). വിശുദ്ധനായ ദൈവത്തോടു വ്യക്തിപരമായ ബന്ധമുള്ളവനാണ് വിശ്വാസി. ആകയാൽ വിശുദ്ധജീവിതത്തിനു വിശുദ്ധന്മാരുമായി കൂട്ടായ്മാബന്ധം പുലർത്തിയിരിക്കണം. 1.യോഹ.1:5–*"ദൈവം വെളിച്ചം ആകുന്നു അവനിൽ ഇരുട്ടു ഒട്ടും ഇല്ല."* 1.യോഹ.1:6 — *"അവനോടു കൂട്ടായ്മ ഉണ്ടെന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്കു പറയുന്നു."*

**വേർപാടിന്റെ ആവശ്യകത** വ്യക്തമാക്കുന്ന മറ്റു തിരുവചനഭാഗങ്ങൾ നോക്കുക —

**റോമ. 8:13** — "നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും."

**2.കൊരി.6:14–17**– "നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുതു; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിനു ഇരുളോടു എന്തോരു കൂട്ടായ്മ?"

**2.കൊരി.11:2,3** – "ഞാൻ ക്രിസ്തു എന്ന ഏക പുരുഷനു നിങ്ങളെ നിർമ്മല കന്യകയായി ഏൽപ്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു."

**എബ്രാ.12:4**– "പാപത്തോടു പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തു നിന്നിട്ടില്ല."

**എബ്രാ.12:14**– "എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ."

**1.പത്രൊ.1:15** – "നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ."

(DOCTRINAL TRUTHS *by Samson Henry, Kollam*)

**1.യോഹ.3:3—** “അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതു പോലെ തന്നെത്തന്നേ നിർമ്മലീകരിക്കുന്നു.”

**വെളി.22:11 –** “നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ.”

ഈ തിരുവചനഭാഗങ്ങളെല്ലാം തന്നെ വിശ്വാസി വിശുദ്ധനായി ജീവിക്കേണം എന്നു പ്രബോധിപ്പിക്കുന്നു. **“അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു” (2.കൊരി.6:16)**. ദൈവജനമായ യിസ്രായേൽ മിസ്രയീമിൽ ഫറവോന്റെ അടിമത്വത്തിൽ നിന്നും പുറപ്പാടിനു ഒരുങ്ങുന്നു. ദൈവത്തെ മാനിക്കാത്തവരിൽ നിന്നും അകലെ മൂന്നു ദിവസത്തെ വഴി ദൂരെ മരുഭൂമിയിൽ പോയി യാഗം കഴിക്കണമെന്നായിരുന്നു ദൈവം ആഗ്രഹിച്ചത്.

*പുറ.8:25–28 — “അപ്പോൾ ഫറവോൻ മോശെയെയും അഹരോനെയും വിളിച്ചു: നിങ്ങൾ പോയി ദേശത്തു വെച്ചു തന്നേ നിങ്ങളുടെ ദൈവത്തിന്നു യാഗം കഴിപ്പിൻ എന്നു പറഞ്ഞു. അതിന്നു മോശെ: അങ്ങനെ ചെയ്തുകൂടാ; മിസ്രയീമ്യർക്കു അറെപ്പായുള്ളതു ഞങ്ങളുടെ ദൈവമായ യഹോവെക്കു യാഗം കഴിക്കേണ്ടി വരുമല്ലോ; മിസ്രയീമ്യർക്കു അറെപ്പായുള്ളതു അവർ കാൺകെ ഞങ്ങൾ യാഗം കഴിച്ചാൽ അവർ ഞങ്ങളെ കല്ലെറിയില്ലയോ? ഞങ്ങളുടെ ദൈവമായ യഹോവ ഞങ്ങളോടു കല്പിച്ചതു പോലെ ഞങ്ങൾ മൂന്നു ദിവസത്തെ വഴി ദൂരം മരുഭൂമിയിൽ പോയി അവന്നു യാഗം കഴിക്കേണം എന്നു പറഞ്ഞു.”*

മിസ്രയിമിൽ വെച്ചു ആരാധന ശരിയാകയില്ല. ദൈവം ആഗ്രഹിക്കുന്നത് തന്റെ ജനം വിഗ്രഹാരാധികളിൽ നിന്നും അവിശ്വാസികളിൽ നിന്നും വേർപെട്ടു ആരാധിക്കണമെന്നതാണ്. “*നീ നിന്റെ ദേശത്തെയും, ചാർച്ചക്കാരെയും, പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക” (ഉല്പ.12:1)*– എന്ന ദൈവകല്പന അനുസരിച്ചു വേർപെട്ടു യാത്രയായ, വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ ദൈവം സമൃദ്ധിയായി അനുഗ്രഹിക്കുന്നതായി കാണുന്നു. മറ്റൊരു വേളയിൽ താൻ സ്നേഹിക്കുന്ന, തന്റെ ഏകജാതനായ യിസ്ഹാക്കിനെ മോരിയാ ദേശത്തു കൊണ്ടുപോയി ഹോമയാഗം അർപ്പിക്കുവാൻ

ദൈവം കല്പിച്ചു (ഉല്പ.22:1-19). ദൈവകല്പന അനുസരിച്ചു മകനുമായി യാത്ര ചെയ്തു മൂന്നാം ദിവസമാണ് അബ്രഹാം മോരിയാമല കാണുന്നത്.

*ഉല്പ.22:4 — "മൂന്നാം ദിവസം അബ്രഹാം നോക്കി ദൂരത്തു നിന്നു ആ സ്ഥലം കണ്ടു."* അപ്പോൾ അബ്രഹാം ചെയ്തത് എന്ത്?

*ഉല്പ.22:5 — "അബ്രഹാം ബാല്യക്കാരോടു: നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ; ഞാനും ബാലനും അവിടത്തോളം ചെന്നു ആരാധന കഴിച്ചു മടങ്ങി വരാം എന്നു പറഞ്ഞു."*

ദൈവത്തെ ആരാധിപ്പാനും, യാഗം കഴിക്കുവാനും മൂന്നു ദിവസത്തെ ദൂരം പിന്നിട്ടതു മാത്രമല്ല, കഴിഞ്ഞ ദിവസങ്ങളിൽ തന്നോടൊപ്പം യാത്ര ചെയ്തവരെ അവിടെ നിറുത്തിയിട്ട് യാഗവസ്തുവുമായി ദൈവസന്നിധിയിലേക്കു ചെല്ലുന്നു. ദൈവത്തെ ആരാധിക്കുവാൻ അബ്രഹാം ലൗകീകമായതിൽ നിന്നെല്ലാം വേർപെടുന്നതായി കാണുന്നു.

ഒന്നാം സങ്കീർത്തനത്തിൽ ദൈവമക്കളുടെ വേർപാടിന്റെ ആവശ്യകതയെക്കുറിച്ചു വിശദീകരിക്കുന്നു. ദുഷ്ടന്മാരുടെയും പാപികളുടെയും പരിഹാസികളുടെയും കൂടെ ചേർന്നു നടക്കുവാനോ അവരുമായി കൂട്ടായ്മ ബന്ധം പുലർത്തുവാനോ പാടില്ല. ഇപ്രകാരമുള്ളവരിൽ നിന്നു വേർപെട്ടു ജീവിക്കുന്നതോടൊപ്പം ദൈവവചനം ധ്യാനിക്കുകയും ദൈവത്തോടൊപ്പം വസിക്കുകയും വേണം. അങ്ങനെയുള്ളവർ അനുഗ്രഹിക്കപ്പെട്ടവരും ദൈവസന്നിധിയിൽ ഭാഗ്യമുള്ളവരും ആയിരിക്കും. എന്നാൽ ദുഷ്ടന്മാരുടെയും, പാപികളുടെയും, പരിഹാസികളുടെയും വഴികൾ നാശകരമാണ്. *"ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവൻ ആറ്റരികത്തു നട്ടിരിക്കുന്നതും തക്ക കാലത്തു ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും. ദുഷ്ടന്മാർ അങ്ങനെയല്ല; അവർ കാറ്റു പാറ്റുന്ന പതിർ പോലെയത്രേ. ആകയാൽ ദുഷ്ടന്മാർ ന്യായവിസ്താരത്തിലും പാപികൾ നീതിമാന്മാരുടെ സഭയിലും നിവർന്നു നില്ക്കയില്ല. യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു; ദുഷ്ടന്മാരുടെ വഴിയോ നാശകരം ആകുന്നു"* (സങ്കീ.1:1-6).

(DOCTRINAL TRUTHS *by Samson Henry, Kollam*)

# ഏതിൽ നിന്നൊക്കെ വേർപെടണം?

രക്ഷിക്കപ്പെട്ടു ദൈവകൽപ്പന അനുസരിച്ചു ജീവിക്കുന്ന ദൈവമക്കൾ വേർപെട്ട ജീവിതം നയിക്കണം. അങ്ങനെയുള്ളവരുമായി മാത്രമേ കൂട്ടായ്മ ബന്ധം പാടുള്ളു. അവിശ്വാസികളുമായുള്ള മിശ്രിത ആരാധന ദൈവം ഇഷ്ടപ്പെടുന്നില്ല. വിശ്വാസജീവിതയാത്ര ആരംഭിച്ചവർ വേർപെടേണ്ട അനേക കാര്യങ്ങൾ തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട്. വിജയകരമായ ക്രിസ്തീയജീവിതത്തിന് വിശ്വാസി അത്യന്താപേക്ഷിതമായി വേർപെടേണ്ടവ —

1. **ലോകത്തിൽ നിന്നും വേർപെടണം**
2. **പാപത്തിൽ നിന്നും വേർപെടണം**
3. **ദുരുപദേശങ്ങളിൽ നിന്നും, ദുരുപദേഷ്ടാക്കളിൽ നിന്നും വേർപെടണം**
4. **അവിശ്വാസികളിൽ നിന്നും വേർപെടണം**
5. **അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും വേർപെടണം.**

## 1. ലോകത്തിൽ നിന്നും വേർപെടണം —

രക്ഷിക്കപ്പെട്ട ഒരു വിശ്വാസി കർത്താവിന്റെ കല്പനയായ സ്നാനം സ്വീകരിക്കണം. തുടർന്ന് അങ്ങനെയുള്ള വിശ്വാസികളുടെ കൂട്ടങ്ങളിൽത്തന്നെ ദൈവത്തെ ആരാധിക്കണം. ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കാത്ത സമ്മിശ്രജാതികളുമായി പിന്നീട് കൂട്ടായ്മബന്ധം പാടില്ല. അതിനായി വിശ്വാസി ലോകത്തിൽ നിന്നും വേർപെടണം. കാഷായവസ്ത്രങ്ങളോ അതേപോലെയുള്ള വേഷങ്ങളോ ധരിച്ച് ഏതെങ്കിലും ഏകാന്ത സ്ഥലത്ത്, ഭൗമികമായ എല്ലാ ബന്ധങ്ങളും വലിച്ചെറിഞ്ഞു ദേശാടനം ചെയ്യുകയോ, ഏതെങ്കിലും മഠത്തിലോ, ധ്യാനകേന്ദ്രത്തിലോ ആജീവനാന്തം കഴിയുകയോ വേണം എന്നതല്ല ഇതിനർത്ഥം. ദൈവത്തെ അംഗീകരിക്കാത്ത ലോകത്തെ സ്നേഹിക്കാതെയും, ദൈവത്തെ സ്നേഹിക്കുകയും, ഉയരത്തിലുള്ള കാര്യങ്ങൾ ചിന്തിച്ചുകൊണ്ടു ദൈവഹിതപ്രകാരം ജീവിക്കുകയും ചെയ്യുക എന്നതാണ് ലോകത്തിൽ നിന്നും വേർപെടുക എന്നതിനർത്ഥം.

യാക്കോ.4:4— *"ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?"*

1.യോഹ.2:15-17-- *"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതു. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു."*

ദൈവത്തോടു കൂട്ടായ്മയിലും സ്നേഹത്തിലും ആയിരിക്കുന്ന ഒരുവൻ ലോകത്തെ സ്നേഹിക്കരുത്, ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. **കോസ്മോസ്** (KOSMOS) എന്ന ഗ്രീക്കുപദമാണ് ഇംഗ്ളീഷിൽ WORLD അഥവാ ലോകം എന്നു ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ ലോകം എന്നു പറയുന്നത് നാം വസിക്കുന്ന, ദൈവം സൃഷ്ടിച്ചു നല്ലതു എന്നു കണ്ട, ഗ്രഹത്തെ ഉദ്ദേശിച്ചല്ല. ലോകത്തെ സ്നേഹിക്കരുതു എന്നതിൽ അർത്ഥമാക്കുന്നതു ദൈവത്തെ നിഷേധിക്കുന്ന, ദൈവത്തെ ഒഴിച്ചു നിറുത്തുന്ന, ദൈവത്തിനു മഹത്വം കൊടുക്കാത്ത എല്ലാ വ്യവസ്ഥകളെയും ആത്മീകാർത്ഥത്തിൽ ലോകമായി കണക്കാക്കാം. തിരുവചനം പരിശോധിച്ചാൽ ലോകം/ ഭൂമി എന്നതു മൂന്നു വിധത്തിൽ ഉപയോഗിച്ചിരിക്കുന്നു.

***(a) ലോകം എന്നത് ഭൗമികമായ ഗ്രഹങ്ങളും സൗരയൂഥവും ചേർന്ന ശൃംഖല —***

**ഉല്പ.1:1 —** "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു."

**ഉല്പ.1:26 —**"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യ പ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കൽപ്പിച്ചു."

**സങ്കീ.24:1 —**"ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവക്കുള്ളതാകുന്നു."

**അപ്പൊ.17:24—**"ലോകവും അതിലുള്ളതു ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ടു കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല."

**ഉല്പ.1:31 —**"താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു."

ഈ വാക്യങ്ങളിലെല്ലാം ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഭൂമിയെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ആയതിനാൽ ദൈവം നല്ലതു എന്നു കണ്ട, തന്റെ സൃഷ്ടിയായ ഭൂമിയെ നാം സ്നേഹിക്കരുതെന്നോ? ഒരിക്കലും അല്ല.

***(b) ലോകം എന്നതു മനുഷ്യവർഗ്ഗത്തെയും, സാമൂഹ്യ വ്യവസ്ഥിതിയെയും കുറിക്കുന്നു —***

**യോഹ.3:16–** *"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."*

**1.യോഹ.5:19—** *"സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു."*

ഈ വാക്യങ്ങളിൽ ലോകം എന്നത് മനുഷ്യവർഗ്ഗത്തെ കുറിക്കുന്നു. ലോകത്തെ സ്നേഹിച്ചു എന്നത് ദൈവം ലോകത്തിലുള്ള മനുഷ്യരെ സ്നേഹിച്ചു എന്നാണ്. ദൈവം സ്നേഹിച്ച മനുഷ്യരെല്ലാം ദുഷ്ടന്റെ അധീനതയിൽ ആയിരിക്കുന്നു.

***(c) ലോകം എന്നത് മേൽ വിവരിച്ച രണ്ട് അർത്ഥത്തിലും ഒരുമിച്ചു തിരുവചനത്തിൽ കാണുന്നു - പദാർത്ഥമായ ലോകവും, മാനവജാതികൾ ഒന്നടങ്കമുള്ള ലോകവും —***

**യോഹ.1:10–** *"അവൻ ലോകത്തിൽ ഉണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി; ലോകമോ അവനെ അറിഞ്ഞില്ല."*

***അവൻ*** എന്നാൽ കർത്താവായ യേശുക്രിസ്തു. ലോകം സൃഷ്ടിച്ചത് യേശുക്രിസ്തു മുഖാന്തരമാണ്. ***ലോകമോ അവനെ അറിഞ്ഞില്ല*** എന്നാൽ ലോകത്തിൽ വസിക്കുന്ന മനുഷ്യർ കർത്താവിനെ അറിഞ്ഞില്ല എന്നാണ്. ***ലോകത്തെ സ്നേഹിക്കരുത്*** എന്ന് യോഹന്നാൻ അപ്പൊസ്തലൻ പറയുന്നത് സാത്താനും അവന്റെ കൂട്ടരും ഭരിക്കുന്ന, നിയന്ത്രിക്കുന്ന വ്യവസ്ഥിതിയെ കുറിച്ചാണ്. അതുപോലെ ***ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്*** എന്നത്—ലോകവ്യവസ്ഥിതിയോടുള്ള നമ്മുടെ മനോഭാവത്തെ കുറിക്കുന്നു. ഭൂമിയിലുള്ള കാര്യങ്ങൾ നമുക്കു ജീവിക്കുവാൻ ആവശ്യമാണ്. ഉദാഹരണമായി വീട്, ധനം, വസ്തുവകകൾ ആദിയായവ. എന്നാൽ ഇവയോടുള്ള നമ്മുടെ അമിതസ്നേഹം ലോകസ്നേഹ

ത്തിൽ ചെന്നെത്തുന്നു. പണം നമുക്കു ആവശ്യമാണ്. പക്ഷേ അമിത ആഗ്രഹമായാൽ അതു ലോകചിന്തയായി, ദ്രവ്യാഗ്രഹത്തിൽ ചെന്നെത്തി വിശ്വാസം തന്നെ വിട്ടകലുവാനും ബഹുദുഃഖങ്ങൾക്കു അധീനരായിത്തീരുവാനും ഇടയാകുന്നു (1.തിമൊ.6:10).

ലോകത്തെ ഒരുവൻ സ്നേഹിക്കുമ്പോൾ പിതാവിന്റെ സ്നേഹം കുറയുന്നു, ദൈവത്തോടു ശത്രുത്വം ഉണ്ടാകുന്നു. ഒരേ സമയത്തു രണ്ടു യജമാനന്മാരെ ആർക്കും സ്നേഹിക്കുവാനും സേവിക്കുവാനും കഴിയുകയില്ല. ലോകത്തെ സ്നേഹിക്കുന്നവൻ ലോകത്തോടു പറ്റിച്ചേരുവാനും, ദൈവത്തെ മറക്കുവാനും ഇടയാകും. അപ്പൊസ്തലനായ പൗലൊസ് റോമർക്കു എഴുതുമ്പോൾ വിശ്വാസികൾ ഈ ലോകത്തിനു അനുരൂപരാകരുതു എന്നു പറഞ്ഞിരിക്കുന്നു.

*റോമ.12:1,2— "സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."*

**ഈ ലോകം** എന്നത് നമുക്കു ചുറ്റും കാണുന്ന സാമൂഹ്യവ്യവസ്ഥിതിയെ കുറിക്കുന്നു. അതായത് ദൈവത്തെ മാറ്റി നിറുത്തി മനുഷ്യനു സന്തോഷം നൽകുന്ന എല്ലാം ഇതിൽ ഉൾപ്പെടും. വിശ്വാസി ഒരിക്കലും ഈ ലോകത്തിനു അനുരൂപമാകുവാൻ പാടില്ല. ഇതു ദുഷ്ടലോകമെന്നാണ് ഗലാത്യ ലേഖനത്തിൽ കാണുന്നത്.

*ഗലാ.1:3– "ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിന്നു...."*

ഈ ലോകത്തിന്റെ ദൈവവും പ്രഭുവും സാത്താനാണ്. സാത്താൻ ലൗകീകരായവരുടെ ആത്മീകകണ്ണ് കുരുടാക്കിയിരിക്കുന്നു (2.കൊരി.4:4). രക്ഷിക്കപ്പെടാത്ത എല്ലാവരും ഈ പ്രഭുവിന്റെ പ്രജകളാണ്. എന്നാൽ വിശ്വാസികളുടെ പ്രഭു യേശുക്രിസ്തുവാണ്. ആയതിനാൽ വിശ്വാസി ഈ ലോകത്തിനു അനുരൂപമാകുവാൻ പാടില്ല.

ലോകം നമ്മുടെ ചിന്തകളെ നിയന്ത്രിക്കുമ്പോൾ നാം ലോകത്തിനു അനുരൂപരാകും. എന്നാൽ ദൈവം നമ്മുടെ ചിന്തകളെ നിയന്ത്രിക്കുമ്പോൾ നാം രൂപാന്തരപ്പെടും (If the world controls my thinking, I am a **CONFORMER**, if God controls my thinking, I am a **TRANSFORMER**).

ലോകത്തോടുള്ള ബന്ധത്തിൽ വിശ്വാസി ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട അവസ്ഥയിലായിരിക്കണം. നമ്മുടെ സ്നേഹം ദൈവത്തിനായി കരുതി വെക്കണം. അതു ലോകവുമായി പങ്കു വെക്കുവാൻ പാടില്ല. അപ്പോൾ ലോകവുമായി വേർപെട്ട നിലയിലായിരിക്കും. പൗലൊസ് ഗലാത്യർ.2:20-ൽ പറഞ്ഞിരിക്കുന്നതു നോക്കുക -- *"ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു."*

ലോകത്തിൽ നിന്നും വേർപെട്ടു ജീവിക്കുന്നതിനു *ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം* എന്നിവയിൽ നിന്നും അകന്നു ജീവിക്കണം. ഇവ ലോകത്തിൽ നിന്നും പുറപ്പെടുന്നതാണ്. വിശ്വാസി വളരെ ശ്രദ്ധയോടെ അകന്നു ജീവിച്ചില്ലെങ്കിൽ ഇതിന്റെ കുരുക്കിൽ പെട്ട് ദൈവത്തിൽ നിന്നും അകലുവാൻ ഇടയാകും. ഏദെൻ തോട്ടത്തിൽ സാത്താൻ ഹവ്വായെ കുരുക്കിയത് ഈ മൂന്നു ജഡിക പ്രവർത്തനങ്ങളാലാണ്. ***ഉല്പ.3:6*** — *"ആ വൃക്ഷഫലം **തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും** എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു ഭർത്താവിനും കൊടുത്തു."* (the tree was good for food, that it was pleasant to the eyes, and a tree desirable to make one wise) -- ഇതിൽ മൂന്നു പാപങ്ങളും കാണാം (1.യോഹ.2:16) —

(1) തിന്മാൻ നല്ലതു (good for food) — **ജഡമോഹം** (Lust of the flesh)

(2) കാണ്മാൻ ഭംഗിയുള്ളതു (pleasant to the eyes)— **കണ്മോഹം** (Lust of the eyes)

(3) ജ്ഞാനം പ്രാപിപ്പാൻ കാമ്യം (desirable to make one wise)— **ജീവനത്തിന്റെ പ്രതാപം** (Pride of life)

—> ദൈവമകനായ **ദാവീദ്** ഈ വക പാപങ്ങളാൽ യഹോവെക്കു അനിഷ്ടമായതു ചെയ്യുവാൻ ഇടയായി (2.ശമൂ.11:2-27).

—> **ആഖാന്റെ** ഇവ്വിധ പാപങ്ങൾ ദൈവജനം ശത്രുക്കളുടെ മുന്നിൽ തോൽക്കുവാനും, അവന്റെ തന്നെ നാശത്തിനും കാരണമാക്കി (യോശു.7:1-26).

---> അബ്രഹാമിന്റെ കൂടെ ഇറങ്ങിത്തിരിച്ച **ലോത്ത്** സോദോമിന്റെ മേൽ കണ്ണുകളുറപ്പിച്ചു. ലോകത്തിന്റെ മുന്തിരി വള്ളിയാകുന്ന സന്തോഷം ആവോളം നുകർന്നു. ജഢമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം എന്നിവ അവന്റെ ആത്മീയ കാഴ്ചയെ കുരുടാക്കി. നീതിമാനായ ലോത്ത് എന്നു പേരു സമ്പാദിച്ചുവെങ്കിലും ലോകവുമായി വേർപെടാതെ ജീവിച്ചതിനാൽ ജീവിതത്തിൽ തോൽവിയും വലഞ്ഞു പോയ അനുഭവവും ഉണ്ടായി (2.പത്രൊ.2:6-8). എല്ലാം നഷ്ടപ്പെട്ടു സോദോമിൽ നിന്നും ലോത്തു പുറത്തേക്കു പോയി (ഉല്പ.19).

---> ദൈവഹിതം മാത്രമല്ലാതെ മറ്റൊന്നും ചെയ്യുകയില്ലെന്നു പ്രതിജ്ഞ എടുത്തവനായിരുന്നു പ്രവാചകനായ **ബിലെയാം**. എന്നാൽ ബാലാക്കിന്റെ പ്രതിഫലം ഓർത്തപ്പോൾ സത്യത്തിന്റെ മാർഗ്ഗം വിട്ടു സഞ്ചരിച്ചു (സംഖ്യ.22). ലോകത്തിലേക്കു നോക്കിയ പ്രവാചകനെ അതിൽ നിന്നും പിന്തിരിപ്പിക്കുവാൻ ദൈവം ശ്രമിച്ചു. പക്ഷേ ദൈവിക മുന്നറിയിപ്പുകൾ ശ്രദ്ധിച്ചതേയില്ല. ഫലമോ ദൈവത്തിന്റെ പ്രവാചകൻ മോവാബ്യരോടൊപ്പം നശിച്ചു പോയി (സംഖ്യാ.31:8). മോവാബിലേക്കുള്ള വഴി ദ്രവ്യാഗ്രഹത്തിന്റെയും വഞ്ചനയുടെയും വഴിയാണ്.

—> നാസിർ വ്രതക്കാരനായ **ശിംശോൻ** ദൈവത്തിനായി വൻ വിജയങ്ങൾ നേടിയവൻ എങ്കിലും ശത്രുവിന്റെ ഒളിയമ്പുകൾ കണ്ടിട്ടു കാര്യമാക്കിയില്ല. ശിംശോൻ സോരേക്ക് താഴ്‌വരയിലേക്കു ഇറങ്ങിപ്പോയി. സോരേക്ക് ജഡമോഹത്തിന്റെയും തോൽവിയുടെയും താഴ്‌വരയാണ് (Valley of Sorek > Valley of the lust of flesh and failure). പാപത്തെയും അശുദ്ധിയെയും നിസ്സാരമെന്നു കരുതി. അശുദ്ധി വിട്ടു ഓടേണ്ടതിന്നു പകരം അതിൽ ലയിച്ചതിനാൽ അവൻ നാശത്തിൽ ചെന്നെത്തി (ന്യായാ.16).

—> നയമാന്റെ തേരിനു പുറകേ ലോകലക്ഷ്യങ്ങളോടെ ഓടിയ എലീശയുടെ ശിഷ്യനായ **ഗേഹസി** കുഷ്ഠരോഗിയായി പുറത്തു പോകേണ്ടി വന്നു (2.രാജാ.5:26,27).

—> ദ്രവ്യം സമ്പാദിക്കുവാനായി ദൈവകൃപ വിട്ടു ലോക സ്നേഹിയായിത്തീർന്ന **ദേമാസ്** (2തിമൊ.4:10) കൂട്ടായ്മ നഷ്ടപ്പെടുത്തി.

—> മുപ്പതു വെള്ളിക്കാശിനു വേണ്ടി തന്റെ ഗുരുവും കർത്താവുമായ യേശുക്രിസ്തുവിനെ കാണിച്ചുകൊടുത്ത **ശിഷ്യനായ യൂദാ** നശിക്കുവാൻ ഇടയായി. (മത്താ.27:3,4).

**വിശ്വാസി ലോകത്തോട് വേർപെട്ടു ജീവിക്കണം** എന്നു തിരുവചനത്തിൽ ആവർത്തിച്ചു പറഞ്ഞിരിക്കുന്നു —

**റോമ.13:14** —"കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചു കൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി ചിന്തിക്കരുതു."

**യോഹ.15:19** —"നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കുന്നു."

**യോഹ.17:15** — "അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം അവരെ കാത്തു കൊള്ളേണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നതു."

**2.കൊരി.6:14–17** –"നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുതു...."

**എബ്രാ.11:38** —"കാടുകളിലും, മലകളിലും ഗുഹകളിലും, ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു; ലോകം അവർക്കു യോഗ്യമായിരുന്നില്ല.

**1.പത്രൊ.2:11,12** — "പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്രവർത്തിക്കാർ എന്നു ദുഷിക്കുന്തോറും നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്നു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു."

**2.പത്രൊ.1:4 —**"നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു."

**തീത്തൊ.2:13 —** "ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും, നീതിയോടും, ദൈവഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിന്നു..."

## 2. പാപത്തിൽ നിന്നും വേർപെടുക —

പാപങ്ങൾ ഏറ്റു പറഞ്ഞുപേക്ഷിച്ചാണ് വിശ്വാസി കർത്താവുമായി ബന്ധപ്പെട്ടത്. ആയതിനാൽ ഇനി പാപത്തിൽ നിന്ന് വേർപെട്ട ജീവിതം നയിക്കേണം. രക്ഷിക്കപ്പെടുന്നതിനു മുമ്പു പാപവഴികളിൽ ആനന്ദിച്ചു നടന്നിരുന്നുവെങ്കിൽ വീണ്ടും ജനിച്ചു പുതിയ സൃഷ്ടി ആയിത്തീർന്ന ദൈവപൈതലിനു പാപത്തെ പകെക്കുന്ന സ്വഭാവമാണ് ലഭിച്ചിരിക്കുന്നത്. ജീവിതത്തിൽ എല്ലാ മേഖലകളിലും എല്ലാറ്റിനും ശത്രുക്കൾ ഉണ്ട്. ചെറുപ്രാണികൾ പക്ഷികളെ ഭയപ്പെടുന്നു, പക്ഷികൾ മറ്റു മൃഗങ്ങളെ ഭയപ്പെടുന്നു. മനുഷ്യനും ശ്രതുക്കളുണ്ട്. ദൈവകുടുബത്തിൽ പുതുതായി ജനിച്ചു വളർന്നു വരുന്ന വിശ്വാസിക്കും അനേക ആത്മീക ശത്രുക്കളുണ്ട്. ആത്മീകമനുഷ്യന്റെ ഏറ്റവും വലിയ ഒരു ശത്രുവാണ് പാപം. പാപം എന്നു പറയുമ്പോൾ പുറമേ കാണുന്ന നീതികേടോ, അനുസരണമില്ലായ്മയോ മാത്രം അല്ല, നമ്മുടെ ഉള്ളിൽ ഉണ്ടാകുന്ന ദുശ്ചിന്ത, മത്സരം, അത്യാഗ്രഹം, സ്നേഹമില്ലായ്മ ഒക്കെ പാപമാണ്.

*"ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു" (1.യോഹ.2:16). "പാപം ചെയ്യുന്നവൻ എല്ലാം അധർമ്മങ്ങളും ചെയ്യുന്നു; പാപം അധർമ്മം തന്നേ" (1.യോഹ.3:4).*

ദൈവം പരിശുദ്ധനാകയാൽ തന്റെ മക്കളും പരിശുദ്ധിയിലേക്കു വളർന്നു വർദ്ധിച്ചുവരണം. *"അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല" (1.യോഹ.3:6).* ക്രിസ്തുവിൽ വസിക്കുക എന്നാൽ ഒരുവൻ കർത്താവിന്റെ കൂട്ടായ്മയിലും സ്നേഹത്തിലും വസിച്ചു ജീവിക്കുക എന്നതാണ്. രക്ഷിക്കപ്പെട്ട ദൈവപൈതൽ തുടർമാനമായി പാപം ചെയ്യുന്നില്ല. യാദൃഛികമായി വിശ്വാസി പാപം ചെയ്തു പോകാം. അപ്പോൾ തന്നെ ദൈവസന്നിധിയിൽ നിന്നും നിരപ്പു പ്രാപിച്ചിരിക്കണം എന്നതാണ് വിജയകരമായ ക്രിസ്തീയ

ജീവിതത്തിനു ആവശ്യം. *1.യോഹ.2:1,2 — "എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു" (1.യോഹ.5:19).*

ലോകം മുഴുവൻ ദൈവത്തിൽ നിന്നകന്നു, അശുദ്ധിയിലും ദുഷ്ടതയിലും നിറഞ്ഞിരിക്കുന്നതിനാൽ വിശ്വാസി പാപത്തിൽ നിന്നും വേർപെട്ടു ജീവിക്കണം. ഇനി പാപത്തിനു വിശ്വാസിയുടെ മേൽ കർത്തൃത്വം ഇല്ല. വിശ്വാസി പാപസംബന്ധമായി മരിച്ചവനാകയാൽ പഴയ ജീവിതത്തിലേക്കു ചായുവാനോ, കീഴ്പ്പെടുവാനോ പാടില്ല. കർത്താവിനെ മാതൃകയാക്കി ജീവിക്കണം. ***'പാപികളോടു വേറുവിട്ടവൻ'*** (എബ്രാ.7:26) എന്നാണ് കർത്താവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. അതേ സമയം കർത്താവിനെ ***'പാപികളുടെ സ്നേഹിതൻ'*** എന്നും പറയുന്നു (മത്താ.11:19/മത്താ.9:10-13). എന്താണിതു അർത്ഥമാക്കുന്നത്? കർത്താവ് പാപം ചെയ്യാത്തവൻ, പാപം അറിയാത്തവൻ, പാപം ഇല്ലാത്തവൻ എന്നതാണ് പാപികളോട് വേറുവിട്ടവൻ എന്നത് അർത്ഥമാക്കുന്നത്. കർത്താവ് പാപികളെയും ദോഷികളെയും രക്ഷിപ്പാൻ വന്നു അവരെ സ്നേഹിക്കുന്നതിനാൽ പാപികളുടെ സ്നേഹിതനും ആണ്.

***നാമും പാപസംബന്ധമായ എല്ലാ വഴികളിൽ നിന്നും ഒഴിഞ്ഞു വിശുദ്ധി പ്രാപിക്കണം. അതേസമയം പാപത്തിൽ ജീവിക്കുന്നവർക്കു കർത്താവിനെ കാണിച്ചു കൊടുത്തു അവരെ രക്ഷയിലേക്കു നടത്തി അവരെ സ്നേഹിക്കണം.***

***പാപത്തിൽ നിന്നു വേർപെട്ട വിശ്വാസി ഉപേക്ഷിക്കേണ്ട കാര്യങ്ങൾ നോക്കുക --***

റോമ.13:12 — ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളയുക
കൊലൊ.3:8 — കോപം, ക്രോധം, ഈർഷ്യ, ദൂഷണം, ദുർഭാഷണം വിട്ടുകളയുക
യാക്കോ.1:21 — എല്ലാ അഴുക്കും, ദുഷ്ടതയുടെ ആധിക്യവും വിടുക
എഫെ.4:25 — ഭോഷ്കു ഉപേക്ഷിക്കുക

1.പത്രൊ.2:1 — ദുഷ്ടതയും, ചതിവും, വ്യാജഭാവവും, അസൂയയും, നുണയും നീക്കിക്കളയുക
1.പത്രൊ.2:11 — ജഡമോഹങ്ങൾ വിട്ടകലുക
എബ്രാ.12:1 — സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു ഓടുക
1.തെസ്സ.5:22 — സകലവിധ ദോഷവും വിട്ടകലുക
1.തിമൊ.6:10,11 — ദ്രവ്യാഗ്രഹം വിട്ടോടുക
2.തിമൊ.2:22 — യൗവനമോഹങ്ങളെ വിട്ടോടുക
1.യോഹ.2:1 — പാപം ചെയ്യാതിരിക്കുക
1.യോഹ.5:21 — വിഗ്രഹങ്ങളോടു അകലുക
1.കൊരി.10:14 — വിഗ്രഹാരാധന വിട്ടോടുക
2.കൊരി.616 — അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിക്കുക
യാക്കോ.4:7 — പിശാചിനോടു എതിർത്തു നിൽപ്പിൻ
യാക്കോ.5:16— പാപങ്ങളെ ഏറ്റു പറയുക.

## 3. ദുരുപദേശങ്ങളിൽ നിന്നും ദുരുപദേഷ്ടാക്കളിൽ നിന്നും വേർപെടണം —

വിശ്വാസി ലോകത്തിൽ നിന്നും പാപത്തിൽ നിന്നും വേർപെടുകയും ദൈവവചനത്തിൽ വളരുകയും വേണം. കൂടാതെ ദുരുപദേശങ്ങളിൽ നിന്നും, ദുരുപദേഷ്ടാക്കളിൽ നിന്നും വേർപെടണമെന്നതും വളരെ പ്രാധാന്യം അർഹിക്കുന്നു. രക്ഷയുടെ അനുഭവത്തിലേക്കു ഒരുവൻ വരുമ്പോൾ താൻ അതുവരെയും കൂടിവന്ന സഭാകൂട്ടം ദൈവവചനം നേരായി പഠിപ്പിക്കാത്തവരാണെങ്കിൽ, ദൈവസഭയ്ക്കു ലഭിച്ചിരിക്കുന്ന അടിസ്ഥാന ഉപദേശസത്യങ്ങൾ (അപ്പൊ.2:41,42) പിൻപറ്റുന്നവരല്ല എങ്കിൽ, അവരിൽ നിന്നു വേർപെടണം. കൂടാതെ വിശ്വാസജീവിതയാത്രയിൽ ഉടനീളം ശ്രദ്ധിക്കേണ്ട അതിപ്രധാനമായ കാര്യമാണ് ദുരുപദേശങ്ങളിൽ നിന്നും, ദുരുപദേഷ്ടാക്കളിൽ നിന്നും അകന്നു മാറുക എന്നത്. അങ്ങനെയുള്ളവരുമായി ബന്ധപ്പെടുന്നതു സാരമില്ല എന്നു കരുതിയാൽ ക്രമേണ അവരുടെ വലയിൽ കുടുങ്ങുവാനും, തുടർന്നു ആത്മീക ജീവിതത്തിൽ താളപ്പിഴകളുണ്ടാകുവാനും ഇടയാകും. അവർ പല വേഷത്തിലും, ഭാവത്തിലും നമ്മെ സമീപിക്കും. യെഹൂദ്യയിൽ നിന്നും

ചില ദുരുപദേഷ്ടാക്കന്മാർ അന്ത്യോക്യയിൽ വന്നു വിപരീതോപദേശം പ്രചരിപ്പിച്ചതായി അപ്പൊ.15:1-ൽ കാണുന്നു. അവരെക്കുറിച്ചു പറഞ്ഞിരിക്കുന്നതു:

*അപ്പൊ.15:24— "..... ചിലർ ഞങ്ങളുടെ ഇടയിൽ നിന്നു പുറപ്പെട്ടു നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ചു നിങ്ങളുടെ ഹൃദയങ്ങളെ കലക്കിക്കളഞ്ഞു എന്നു കേൾക്കകൊണ്ടു...."*

അവർ സംസാരത്തിൽ മാധുര്യം പൊതിഞ്ഞ കപടവാക്കുകളാൽ നമ്മെ ഭ്രമിപ്പിക്കുകയും, വാക്കുകളിൽ കുടുക്കുകയും, നമ്മുടെ വിശ്വാസത്തെ കലക്കികളയുകയും ചെയ്യും. അന്ത്യകാലത്തു അനേക ദുരുപദേഷ്ടാക്കൾ ഇറങ്ങിത്തിരിച്ചിരിക്കുന്നതിനാൽ വിശ്വാസികൾ വളരെ ജാഗ്രതയുള്ളവരായി അവരിൽനിന്നു വേർപെട്ടു ജീവിക്കണം. യോഹന്നാൻ തന്റെ രണ്ടാം ലേഖനത്തിൽ ഈ ദുരുപദേഷ്ടാക്കന്മാരെ നമ്മുടെ വീട്ടിൽ കൈക്കൊള്ളരുത്; അവരോടു കുശലം പറകയുമരുത് എന്നു നിർദ്ദേശിച്ചിരിക്കുന്നു (*2.യോഹ.10,11).* പത്രൊസ് അപ്പൊസ്തലൻ ഈ ദുരുപദേഷ്ടാക്കളെക്കുറിച്ചു വളരെ വിശദമായി വിവരിച്ചു മുന്നറിയിപ്പു നൽകിയിരിക്കുന്നു(2.പത്രൊ.2:1-22).

**ദുരുപദേഷ്ടാക്കന്മാരുടെ പ്രവൃത്തികളും അവരുടെ ലക്ഷണങ്ങളും**

| | |
|---|---|
| 2.പത്രൊ.2:1 | — കള്ളപ്രവാചകന്മാർ, ദുരുപദേഷ്ടാക്കൾ, നാശകരമായ മതഭേദങ്ങളെ നുഴയിക്കുന്ന ദുഷ്കാമപ്രവൃത്തിക്കാർ |
| 2.പത്രൊ.2:3 | — ദ്രവ്യാഗ്രഹത്തിന്റെ കൗശലവാക്കു പറയുന്നവർ |
| 2.പത്രൊ.2:6 | — ഭക്തികെട്ടു നടക്കുന്നവർ |
| 2.പത്രൊ.2:11 | — തന്നിഷ്ടക്കാർ |
| 2.പത്രൊ.2:12 | — ബുദ്ധിയില്ലാത്ത ജന്തുക്കൾ |
| 2.പത്രൊ.2:13 | — കറകളും കളങ്കങ്ങളും |
| 2.പത്രൊ.2:14 | — പാപം കണ്ടു തൃപ്തിപ്പെടാത്തവർ |
| 2.പത്രൊ.2:15 | — നേർവഴി തെറ്റി നടക്കുന്നവർ |
| 2.പത്രൊ.2:17 | — വെള്ളമില്ലാത്ത കിണറുകൾ |
| 2.പത്രൊ.2:17 | — കൊടുങ്കാറ്റു കൊണ്ടു ഓടുന്ന മഞ്ഞുമേഘങ്ങൾ |
| 2.പത്രൊ.2:19 | — നാശത്തിന്റെ അടിമകൾ |
| 2.പത്രൊ.3:3 | — കർത്താവിന്റെ പ്രത്യക്ഷതയെ (പുനരാഗമനത്തെ)പരിഹസിച്ചവർ |

| | |
|---|---|
| മത്താ.15:9 | — ദൈവവചനത്തിനു പകരം മാനുഷിക കല്പനക്കാർ |
| അപ്പൊ.15:10,11,24 | — കൃപയുടെ പ്രമാണങ്ങൾക്കു പകരം ന്യായപ്രമാണം |
| അപ്പൊ.23:8 | — പുനരുത്ഥാനമോ, ദൂതനോ, ആത്മാവോ ഇല്ലെന്നു പറയുന്നവർ |
| 1.കൊരി.11:19 | — ഭിന്നപക്ഷക്കാർ |
| 1.കൊരി.15:12 | — പുനരുത്ഥാനം ഇല്ലെന്നു പഠിപ്പിക്കുന്നവർ |
| 1.തിമൊ.4:1 | — ഭോഷ്കും കപടവുമുള്ളവർ |
| 2.തിമൊ.2:18 | — സത്യം വിട്ടു തെറ്റി പുനരുത്ഥാനം കഴിഞ്ഞു എന്നു പഠിപ്പിക്കുന്നവർ |
| 2.തിമൊ.4:3 | — കർണ്ണരസത്തിനായി സ്വന്തമോഹങ്ങൾ പ്രസംഗിക്കുന്നവർ |
| 1.യോഹ.2:22 | — യേശുവിന്റെ ദൈവത്വം നിഷേധിക്കുന്നവർ |
| 1.യോഹ.4:2,3 | — ക്രിസ്തുവിന്റെ മനുഷ്യത്വം നിഷേധിക്കുന്നവർ |
| യൂദാ.4 | — യേശുക്രിസ്തുവിനെ നിഷേധിക്കുന്നവർ |
| യൂദാ.18 | — ഭക്തികെട്ട പരിഹാസികൾ |
| വെളി.2:2 | —അപ്പൊസ്തലന്മാർ എന്നു പറഞ്ഞു നടക്കുന്നവർ |
| വെളി.2:14 | — ദുർന്നടപ്പിനു ബിലെയാമിന്റെ ഉപദേശക്കാർ |
| വെളി.2:15 | — നിക്കൊലാവ്യരുടെ ഉപദേശം (സഭയിൽ മേലധികാരം വേണമെന്നുള്ളവർ) |
| വെളി.2:20 | — പ്രവാചകി എന്നു പറഞ്ഞു നടക്കുന്നവർ |

ദൈവം നമ്മെ വെളിച്ചത്തിന്റെ മക്കളായി വിളിച്ചിരിക്കുകയാണ്. ഇനി ഇരുട്ടിന്റെ പ്രവൃത്തികളുമായി കൂട്ടായ്മ പാടില്ല. ദുരുപദേശങ്ങളിൽ നിന്നും ദുരുപദേഷ്ടാക്കന്മാരിൽ നിന്നും അകന്നു ദൈവവചനത്തിൽ വേരൂന്നി ജീവിക്കുവാൻ പ്രബോധിപ്പിക്കുന്നു.

**റോമ. 16:17** — "നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചു കൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു."

**അപ്പൊ.20:28–31**—"......ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു.....അതുകൊണ്ടു ഉണർന്നിപ്പിൻ."

(DOCTRINAL TRUTHS *by Samson Henry, Kollam*)

**1.തിമൊ.4:1** — "എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്വജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു."

**1.തിമൊ.6:3–11**— "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പത്ഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നവൻ ഒന്നും തിരിച്ചറിയാതെ തർക്കത്തിന്റെയും വാഗ്വാദത്തിന്റെയും ഭ്രാന്തു പിടിച്ചു ചീർത്തിരിക്കുന്നു......"

**2.തിമൊ.2:15,16** — "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നിൽപ്പാൻ ശ്രമിക്ക."

**2.തിമൊ.3:15** — "നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക."

**തീത്തോ.2:8** — "ഉപദേശത്തിൽ നിർമ്മലതയും ഗൗരവവും ആക്ഷേപിച്ചുകൂടാത്ത പഥ്യവചനവും ഉള്ളവൻ ആയിരിക്ക."

**2.പത്രൊ.2:1** — "എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ചു തങ്ങളെ വിലെക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നേ ശീഘ്രനാശം വരുത്തും."

**2.പത്രൊ.3:17** — "പ്രിയമുള്ളവരേ, നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ടു അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്തസ്ഥിരത വിട്ടു വീണുപോകാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ."

## ദുരുപദേശങ്ങളിൽ നിന്നും, ദുരുപദേഷ്ടാക്കളിൽ നിന്നും വിശ്വാസിക്കു എങ്ങനെ വേർപെട്ടിരിക്കാം?—

**(1) വചനത്തിൽ നിശ്ചയമുള്ളവരായിരിക്ക —**

ദൈവവചനം പഠിക്കുകയും, ദൈവത്തോടും, ദൈവമക്കളോടും ചേർന്നു ജീവിക്കുകയും ചെയ്താൽ ഇവരെ തിരിച്ചറിയുവാനും അകന്നു നിൽക്കുവാനും കഴിയും. കർത്താവിനെ പരീക്ഷിച്ച സാത്താനെ കർത്താവു ദൈവവചനത്തിലൂടെയാണ് മറുപടി കൊടുത്തു തോൽപ്പിച്ചത്. അതേ സാത്താൻ വിശ്വാസിയേയും പരീ

ക്ഷിക്കുവാനായി പല രൂപത്തിലും, ഭാവത്തിലും വരും. ദൈവവചനത്തിൽ നിശ്ചയമില്ലെങ്കിൽ കുടുങ്ങിപ്പോകുവാൻ ഇടയാകും. വചനനിശ്ചയം ഇല്ലാത്ത ഒരുവൻ കടലിൽ നങ്കൂരമില്ലാതെ ഒഴുകി നിയന്ത്രണംവിട്ടു സഞ്ചരിക്കുന്ന കപ്പലിനു തുല്യമാണ്. **എബ്രാ.2:1 —** "അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്നു കേട്ടതു അധികം ശ്രദ്ധയോടെ കരുതികൊൾവാൻ ആവശ്യമാകുന്നു."

**1.പത്രൊ.2:2-** "ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ."

**2.തിമൊ.3:15-17—** "നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിലും ശാസനത്തിലും ഗുണീകരണത്തിലും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു."

**(2) കേൾക്കുന്ന വചനം പരിശോധിക്കുക —**

നാം കേൾക്കുന്ന ഉപദേശസത്യങ്ങൾ വിഭജിച്ചിരിക്കുന്നത് അങ്ങനെ തന്നെയോ എന്നു ദൈവവചനത്തിലൂടെ പരിശോധിക്കുക. ബെരോവയിലെ വിശ്വാസികൾ തെസ്സൊലോനിക്യയിലുള്ളവരേക്കാൾ ദൈവവചനത്തിൽ ശക്തിയുള്ളവരായിരിപ്പാൻ ഇവരുടെ പരിശോധന കാരണമായി എന്നു തിരുവചനത്തിൽ കാണുന്നു.

**അപ്പൊ.17:11 —** "അവർ തെസ്സലൊനീക്കയിലുള്ളവരേക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു."

**(3) വചനം അനുസരിക്കുക —**

ദൈവവചനം പഠിക്കുക, പരിശോധിക്കുക, മാത്രമല്ല കേൾക്കുന്ന ഉപദേശ തിരുവചനങ്ങൾ നമ്മുടെ പ്രായോഗിക ജീവിതത്തിൽ പകർത്തുകയും വേണം. അപ്പോൾ ദൈവവചന ഉപദേശങ്ങളിൽ ശക്തിയുള്ളവരായി ദുരുപദേശങ്ങളെ ഒഴിഞ്ഞു നിൽക്കുവാൻ കഴിയും.

**യാക്കോ.1:22**–"എങ്കിലും വചനം കേൾക്ക മാത്രം ചെയ്തു കൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.

**മത്താ.7:24**—"ആകയാൽ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു."

## (4) അവിശ്വാസികളിൽ നിന്നും വേർപെടുക

രക്ഷിക്കപ്പെട്ടവർ അവിശ്വാസികളിൽ നിന്ന് വേർപെട്ടു ജീവിക്കണം. അവിശ്വാസികളുമായി കൂട്ടയ്മയിൽ തുടരുകയാണെങ്കിൽ വിശ്വാസജീവിത്തിൽ പിൻമാറ്റം സംഭവിക്കും; ആത്മീയഫലം പുറപ്പെടുവിക്കാതെ പ്രയോജനമില്ലാത്തവരായിത്തീരും.

### വിശ്വാസി ജാഗ്രത പുലർത്തേണ്ട അവസരങ്ങൾ —

(1) ***വിവാഹ ബന്ധത്തിൽ*** —

ഒരു വിശ്വാസി രക്ഷിക്കപ്പെടാത്ത ഒരു അവിശ്വാസിയുമായി വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ ദൈവവചനം അനുവദിക്കുന്നില്ല. ഒരുവന്റെ ഈ ലോകജീവിതത്തിലെ അതിപ്രധാനമായ തിരഞ്ഞെടുപ്പാണ് ദൈവവുമായുള്ള ബന്ധം അഥവാ രക്ഷ. മറ്റൊന്ന് തന്റെ ജീവിതപങ്കാളി ആരായിരിക്കണമെന്നുള്ളതു. രക്ഷിക്കപ്പെട്ട വിശ്വാസിക്കു ഈ തിരഞ്ഞെടുപ്പിൽ തെറ്റു പറ്റിയാൽ ജീവിതകാലം മുഴുവനും ദുഃഖിക്കേണ്ടി വരും. രക്ഷിക്കപ്പെട്ട ദൈവമക്കൾ രക്ഷിക്കപ്പെട്ടവരെ മാത്രമേ വിവാഹം കഴിക്കാവൂ.

**2.കൊരി.6:14** —"നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുതു."
**1.കൊരി.7:39** —"കർത്താവിൽ വിശ്വസിക്കുന്നവനുമായി മാത്രമേ ആകാവൂ."
**ആമോസ്.3:3** — "രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുമോ?"

(2) ***ദൈനംദിന ജീവിതത്തിൽ*** —

നമ്മുടെ വിവിധ ജീവിതരംഗങ്ങളിൽ, തൊഴിലുകളിൽ, വ്യാപാരത്തിൽ ഒക്കെ അവിശ്വാസികളുമായി ചേർന്നു പ്രവർത്തിച്ചാൽ പല അധർമ്മങ്ങൾക്കും, അനീതികൾക്കും കൂട്ടുനിൽക്കേണ്ടി വരും. ലോകം ദുഷ്ടന്റെ അധീനതയിലായതിനാൽ എല്ലാ മേഖലകളിലും കപടവും, വഞ്ചനയും, കൈക്കൂലിയും, ദൈവത്തിനു നിര

ക്കാത്ത കാര്യങ്ങളും നിറഞ്ഞിരിക്കുന്നു. സത്യസന്ധമായി വിശ്വാസിക്കു ജീവിക്കുവാൻ വളരെ ഏറെ പ്രയാസപ്പെടേണ്ടിവരും എന്നതിനാൽ അവിശ്വാസികളുമായുള്ള ബന്ധത്തിൽ ജാഗ്രതയുള്ളവരായിരിക്കണം.

**2.കൊരി.6:14** — "നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തോരു ചേർച്ച?"

**ആവ.22:9,10** — "നിന്റെ മുന്തിരിത്തോട്ടത്തിൽ വേറൊരു വക വിത്തും ഇടരുതു. കാളയെയും കഴുതയെയും ഒന്നിച്ചു പൂട്ടി ഉഴരുതു."

**(3) *കൂട്ടായ്മയിൽ* —**

രക്ഷിക്കപ്പെട്ടവർ വെളിച്ചത്തിന്റെ മക്കളും, ജീവനുള്ള ദൈവത്തിന്റെ മന്ദിരവുമാണ്. ഇനി അവർ ഇരുട്ടിന്റെ മക്കളായ അവിശ്വാസികളുമായി പൊരുത്തപ്പെട്ടു ജീവിക്കുവാനോ, കൂട്ടായ്മ പങ്കിടുവാനോ, ആരാധിക്കുവാനോ പാടില്ല.

***2.കൊരി.6:14-16*** — *"വെളിച്ചത്തിന്നു ഇരുളോടു എന്തോരു കൂട്ടായ്മ? ക്രിസ്തുവിനും ബെലീയാലിന്നും തമ്മിൽ എന്തു പൊരുത്തം? അല്ല, വിശ്വാസിക്കു അവിശ്വാസിയുമായി എന്തു ഓഹരി? ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ."*

പൗലോസിന്റെ ഈ ചോദ്യം പ്രാദേശികസഭകളോടും വിശ്വാസികളോടുമാണ്. വേർപെട്ട പ്രാദേശികസഭയും, വിശ്വാസികളും ലോകവുമായി കൂട്ടു ചേരുവാൻ പാടില്ല.

**(4) *ആരാധനയിൽ* —**

ആരാധനയോടുള്ള ബന്ധത്തിൽ വിശ്വാസികൾ ഏറ്റവും ജാഗ്രത പാലിക്കേണ്ട ഒരു കാലഘട്ടത്തിൽ നാം ജീവിക്കുന്നു. ട്രെയിനിൽ ആരാധന, ബസ്സിൽ ആരാധന, ക്യാമ്പിൽ ആരാധന എന്നു മാത്രമല്ല വിവാഹ ആരാധന, ശവംവെച്ചുള്ള ആരാധന (ശവാരാധന) എന്നിങ്ങനെ പോകുന്നു ദൈവത്തെ ആരാധിക്കുന്ന മാദ്ധ്യമങ്ങൾ. ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നത് എവിടെവെച്ചായിരുന്നാലും ആരാധന തന്നെയാണ്. എന്നാൽ കർത്താവു തന്റെ രക്തത്താൽ സമ്പാദിച്ച വിശുദ്ധന്മാരുടെ കൂട്ടമായ സഭയ്ക്കാണ് കർത്താവിന്റെ ശരീരത്തെയും രക്തത്തെയും ഓർമ്മിപ്പിക്കുന്ന മേശയിലൂടെ ആരാധിക്കുവാൻ അവകാശം ലഭിച്ചിട്ടുള്ളത്. അതു സഭാബന്ധത്തിൽ ആയിരിക്കണം; എന്നുമാത്രമല്ല അവിശ്വാസികളിൽ നിന്നു വേർപെട്ടു തന്നെ ആയിരിക്കണം.

(DOCTRINAL TRUTHS *by Samson Henry, Kollam*)

**അബ്രഹാം, മോശെ** എന്നിവരോടുള്ള ബന്ധത്തിൽ ആരാധനയിൽ വേർപാടിന്റെ മനോഹര ചിത്രം കാണാം. *"നീ നിന്റെ ദേശത്തെയും, ചാർച്ചക്കാരെയും, പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക" (ഉല്പ.12:1)* എന്ന ദൈവകല്പന അനുസരിച്ചു വേർപെട്ടു യാത്രയായ, വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചു. താൻ സ്നേഹിക്കുന്ന, തന്റെ ഏകജാതനായ യിസ്സ്ഹാക്കിനെ മോരിയാമലയിൽ കൊണ്ടുപോയി ഹോമയാഗം അർപ്പിക്കുവാൻ ദൈവം കല്പിച്ചു (ഉല്പ.22:1-19). ദൈവകല്പന അനുസരിച്ചു യാത്ര ചെയ്തു മൂന്നാം ദിവസമാണ് അബ്രഹാം മോരിയാമല കാണുന്നത്.

*ഉല്പ.22:4— "മൂന്നാം ദിവസം അബ്രഹാം നോക്കി ദൂരത്തു നിന്നു ആ സ്ഥലം കണ്ടു."*

അപ്പോൾ അബ്രഹാം ചെയ്തത് എന്ത്?

*ഉല്പ.22:5— "അബ്രഹാം ബാല്യക്കാരോടു: നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ; ഞാനും ബാലനും അവിടത്തോളം ചെന്നു ആരാധന കഴിച്ചു മടങ്ങി വരാം എന്നു പറഞ്ഞു."*

ദൈവത്തെ ആരാധിപ്പാനും, യാഗം കഴിക്കുവാനും മൂന്നു ദിവസത്തെ ദൂരം പിന്നിട്ടതു മാത്രമല്ല, കഴിഞ്ഞ ദിവസങ്ങളിൽ തന്നോടൊപ്പം യാത്ര ചെയ്തവരെ അവിടെ നിറുത്തിയിട്ട് യാഗവസ്തുവുമായി ദൈവസന്നിധിയിലേക്കു ചെല്ലുന്നു. ദൈവത്തെ ആരാധിക്കുവാൻ അബ്രഹാം ലൗകീകമായതിൽ നിന്നെല്ലാം വേർപെടുന്നതായി കാണുന്നു.

ദൈവജനമായ യിസ്രായേൽ മിസ്രയീമിൽ ഫറവോന്റെ അടിമത്വത്തിൽ നിന്നും പുറപ്പെട്ടു മൂന്നു ദിവസത്തെ വഴി ദൂരെ മരുഭൂമിയിൽ പോയി യാഗം കഴിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

*പുറ.8:25-28— "അപ്പോൾ ഫറവോൻ മോശെയെയും അഹരോനെയും വിളിച്ചു: നിങ്ങൾ പോയി ദേശത്തു വെച്ചു തന്നേ നിങ്ങളുടെ ദൈവത്തിന്നു യാഗം കഴിപ്പിൻ എന്നു പറഞ്ഞു. അതിന്നു മോശെ: അങ്ങനെ ചെയ്തുകൂടാ;................ഞങ്ങളുടെ ദൈവമായ യഹോവ ഞങ്ങളോടു കല്പിച്ചതു പോലെ ഞങ്ങൾ മൂന്നു ദിവസത്തെ വഴി ദൂരം മരുഭൂമിയിൽ പോയി അവന്നു യാഗം കഴിക്കേണം എന്നു പറഞ്ഞു."*

മിസ്രയിമിൽ വെച്ചു ആരാധന ശരിയാകയില്ല. ദൈവം ആഗ്രഹിക്കുന്നത് തന്റെ ജനം വിഗ്രഹാരാധികളിൽ നിന്നും അവിശ്വാസികളിൽ നിന്നും വേർപെട്ടു ആരാധിക്കണമെന്നതാണ്. *"നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുതു ......... നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ ............. അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു........."* (2.കൊരി.6:14-17).

## 5. അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും വേർപെടണം —

യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവൻ ഇനി യേശുക്രിസ്തുവിലല്ലാതെ മറ്റു അനാചാരങ്ങളിലോ, അന്ധവിശ്വാസങ്ങളിലോ അനുഷ്ഠാനങ്ങളിലോ വിശ്വസിക്കുവാൻ പാടില്ല. രക്ഷിക്കപ്പെട്ട വിശ്വാസി ഇങ്ങനെയുള്ള ദുരാചാരങ്ങളിൽ നിന്നും പൂർണ്ണമായി വേർപെടണം. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെയാണ് നോക്കേണ്ടത്. ഈ നോട്ടം വ്യതിചലിക്കുമ്പോൾ മറ്റു ദുശ്ചിന്തകൾ ഹൃദയത്തിലേക്കു കടന്നു വരികയും ഇരുട്ടിന്റെ പ്രവർത്തനങ്ങളിലേക്കു മനസ്സു വെക്കുവാൻ ഇടയാകുകയും ചെയ്യും. ഗലാത്യയിലെ വിശ്വാസികൾ ഈ വിധ ചിന്തകളിൽ അടിമപ്പെടുന്നതു കണ്ട അപ്പൊസ്തലനായ പൗലൊസ് അവരെ പ്രബോധിപ്പിക്കുന്നതു നോക്കുക:

**ഗലാ.4:3-11** — *"എന്നാൽ അന്നു നിങ്ങൾ ദൈവത്തെ അറിയാതെ സ്വഭാവത്താൽ ദൈവങ്ങളല്ലാത്തവർക്കു അടിമപ്പെട്ടിരുന്നു.* ***ഇപ്പോഴോ ദൈവത്തെ അറിഞ്ഞും വിശേഷാൽ ദൈവം നിങ്ങളെ അറിഞ്ഞുമിരിക്കെ*** *നിങ്ങൾ പിന്നെയും ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങളിലേക്കു തിരിഞ്ഞു അവെക്കു പുതുതായി അടിമപ്പെടുവാൻ ഇച്ഛിക്കുന്നതെങ്ങനെ? നിങ്ങൾ ദിവസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചതു വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു."*

സാത്താന്യശക്തിയാൽ ലക്ഷണവും പ്രവചനവും നടത്തുക, ക്ഷുദ്രവും മന്ത്രവാദവും ചെയ്യുക എന്നിവയൊക്കെ ദൈവം വെറുക്കുന്ന പ്രവൃത്തികളാണ്. കൂടാതെ രാഹുകാലം നോക്കുക, ദിവസം നോക്കുക, നല്ല സമയം നോക്കുക, ശകുനം നോക്കുക, ജാതകം

നോക്കുക എന്നിവയൊക്കെ ദൈവവചനം ശക്തിയായി എതിർക്കുന്നു. ഇപ്രകാരമുള്ള പൈശാചികശക്തികളെ ആശ്രയിക്കാതെ ദൈവമക്കൾ ഒഴിഞ്ഞിരിക്കുവാൻ പറഞ്ഞിരിക്കുന്നു.

**പുറ.22:18** —*''ക്ഷുദ്രക്കാരത്തിയെ നീ ജീവനോടെ വെക്കരുതു.''*

**ലേവ്യ.19:31** —*''വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും അടുക്കൽ പോകരുതു. അവരാൽ അശുദ്ധരായ്ത്തീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കയും അരുതു. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു.''*

**ലേവ്യ.20:6** — *''വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും പിന്നാലെ പരസംഗം ചെയ്‌വാൻ പോകുന്നവന്റെ നേരെയും ഞാൻ ദൃഷ്ടി വെച്ചു അവനെ അവന്റെ ജനത്തിൽ നിന്നു ഛേദിച്ചുകളയും.''*

**ലേവ്യ.20:27** — *''വെളിച്ചപ്പാടോ മന്ത്രവാദമോ ഉള്ള പുരുഷൻ ആകട്ടെ സ്ത്രീയാകട്ടെ മരണശിക്ഷ അനുഭവിക്കേണം; അവരെ കല്ലെറിഞ്ഞു കൊല്ലണം; അവരുടെ രക്തം അവരുടെ മേൽ ഇരിക്കും.''*

**ആവ.18:9-12** —*''നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു എത്തിയശേഷം അവിടത്തെ ജാതികളുടെ മ്ലേച്ഛതകൾ നീ പഠിക്കരുതു. തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുതു. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവെക്കു വെറുപ്പു ആകുന്നു; ഇങ്ങനെയുള്ള മ്ലേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളയുന്നു.''*

**2.രാജാ.21:6** —*''അവൻ തന്റെ മകനെ അഗ്നിപ്രവേശം ചെയ്യിക്കയും മുഹൂർത്തം നോക്കുകയും ആഭിചാരം പ്രയോഗിക്കയും വെളിച്ചപ്പാടന്മാരെയും ലക്ഷണം പറയുന്നവരെയും നിയമിക്കയും ചെയ്തു. യഹോവയെ കോപിപ്പിപ്പാൻ തക്കവണ്ണം അവന്നു അനിഷ്ടമായതു പലതും ചെയ്തു.''*

**1.ദിന.10:13** – *"ഇങ്ങനെ ശൗൽ യഹോവയോടു ചെയ്ത അതിക്രമം ഹേതുവായും യഹോവയുടെ വചനം പ്രമാണിക്കായ്കയാലും വെളിച്ചപ്പാടത്തിയോടു അരുളപ്പാടു ചോദിച്ചതിനാലും മരിക്കേണ്ടി വന്നു."*

**യെശ.8:19** — *"വെളിച്ചപ്പാടന്മാരോടു ചിലെക്കുകയും ജപിക്കുകയും ചെയ്യുന്നവരായ ലക്ഷണവാദികളോടും അരുളപ്പാടു ചോദിപ്പിൻ എന്നു അവർ നിങ്ങളോടു പറയുന്നുവെങ്കിൽ — ജനം തങ്ങളുടെ ദൈവത്തോടല്ലോ ചോദിക്കേണ്ടതു? ജീവനുള്ളവർക്കു വേണ്ടി മരിച്ചവരോടോ ചോദിക്കേണ്ടതു?"*

**യെഹ.21:21** — *"ബാബേൽ രാജാവു ഇരുവഴിത്തലെക്കൽ, വഴിത്തിരിവിങ്കൽ തന്നേ, പ്രശ്നം നോക്കുവാൻ നിൽക്കുന്നു; അവൻ തന്റെ അമ്പുകളെ കുലുക്കി കുലദേവന്മാരോടു ചോദിക്കയും കരൾ നോക്കുകയും ചെയ്യുന്നു."*

## അനാചാരങ്ങൾ ക്രിസ്തീയ സഭകളിൽ —

രക്ഷിക്കപ്പെട്ടു ദൈവത്തോടു ചേർന്നു വസിക്കുന്ന ദൈവമക്കളെല്ലാം വിശുദ്ധന്മാരാണ്. ദൈവസന്നിധിയിൽ അവർ പുരോഹിതവർഗ്ഗമായതിനാൽ പുരോഹിതന്മാരുമാണ്. ഏതെങ്കിലും ക്രിസ്തീയ സഭകൾക്കോ മനുഷ്യരായ മതനേതാക്കന്മാർക്കോ ആരെയും വിശുദ്ധരാക്കുവാൻ തിരുവചനം അധികാരം നല്കുന്നില്ല. മനുഷ്യരുടെ പാപങ്ങൾ മോചിക്കുവാൻ ദൈവം ഒരുക്കിയ രക്ഷയിലൂടെയല്ലാതെ ഭൂമിയിലെ ഒരു മനുഷ്യനോ, പുരോഹിതനോ, വിശ്വാസികൾക്കോ അധികാരമില്ല. ദൈവവചനമായ തിരുവെഴുത്തുകളില്ലാത്ത ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്കു പിന്നിൽ മാനുഷിക കല്പനകളും സഭാപ്രമാണങ്ങളുമാണ് അടിസ്ഥാനം.

നാമധേയക്രിസ്തീയ സഭകളിൽ അനേകർ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും, അനുഷ്ഠാനങ്ങളിലും മുഴുകി ജീവിക്കുന്നു. തിരുവചന സത്യങ്ങളിൽ നിന്നു വ്യതിചലിച്ചു സഭാഭരണകർത്താക്കളുടെ പ്രമാണങ്ങൾ അവരുടെ ആചാരാനുഷ്ഠാനങ്ങളായിത്തീർന്നിരിക്കുന്നു.

> പുരോഹിതവേഷം ധരിച്ചു ജനങ്ങളെ നയിക്കുക.

> കൂദാശ കർമ്മങ്ങൾ, ചൊല്ലുകൾ, ചട്ടപ്പടി ആരാധന

> പ്രാർത്ഥിക്കുവാനായി മുന്നമേ എഴുതപ്പെട്ടവ വായിക്കുക
> പുരോഹിതൻ വെള്ളം തളിച്ചു ശുദ്ധീകരിക്കുക
> മരിച്ചവർക്കായി പ്രാർത്ഥിക്കുക
> മരണശേഷം വിശുദ്ധന്മാരായുള്ള പ്രഖ്യാപനം
> മനുഷ്യരെ മനുഷ്യർ വിശുദ്ധന്മാരായി പ്രഖ്യാപിക്കുക
> വിശുദ്ധന്മാരിലൂടെ അപേക്ഷിക്കുക
> കുമ്പസാരത്തിലൂടെ പാപമോചനം
> പാപങ്ങൾ മോചിക്കുവാൻ പുരോഹിതനുള്ള അധികാരം
> പുരോഹിതന്മാരുടെ കൈ മുത്തി അനുഗ്രഹം നേടുക
> ശിശുക്കളെ സ്നാനപ്പെടുത്തി കർമ്മം നടത്തുക
> നോമ്പു നോക്കുക
> ദുഃഖവെള്ളിയാഴ്ച പ്രതിമ വഹിച്ചു വിലപിക്കുക
> കുരിശിനെ വണങ്ങുക, കുരിശു വരയ്ക്കുക, ധരിക്കുക
> വിഗ്രഹങ്ങളെ ആരാധിക്കുക
> നിലവിളക്കു കത്തിക്കുക
> വിഗ്രഹങ്ങൾക്കു മുമ്പിൽ മെഴുകുതിരി കത്തിക്കുക
> ക്ഷേത്രങ്ങളിലെപ്പോലെ കൊടിമരം സ്ഥാപിക്കുക
> മുത്തുക്കുടയും വിഗ്രഹങ്ങളുമേന്തി നഗരം ചുറ്റുക
> കൊന്തയിലൂടെ പ്രാർത്ഥന നടത്തുക
> ശരീരത്തിൽ പച്ചകുത്തുക, ശരീരത്തിൽ മുറിവേൽപ്പിച്ചു ദൈവപ്രസാദത്തിനായി ശ്രമിക്കുക.

## വിശ്വാസികളിൽ കാണപ്പെടുന്ന അനാചാരങ്ങൾ —

വിശ്വാസികളുടെ ഇടയിലും അനേകം അനാചാരങ്ങൾ ഇക്കാലങ്ങളിൽ കാണപ്പെടുന്നു. അവയിൽ ഏറിയ പങ്കും ജാതീയ ആചാരങ്ങളിൽ നിന്നു വന്നിട്ടുള്ളതാണ്.

> വിവാഹത്തോടനുബന്ധിച്ചുള്ളവ — കച്ചകൊടുക്കൽ വാങ്ങൽ ചടങ്ങുകൾ, മന്ത്രകോടി കൊടുക്കൽ, വിവാഹസ്റ്റേജിലേ

ക്കുള്ള മാർച്ച്, മോതിരമിടൽ, വധൂവരന്മാരുടെ ചുംബനം, സ്റ്റേജിലെ ഇളനീർകുടി, കേക്കു മുറിക്കൽ, പടക്കം പൊട്ടിക്കൽ

> ഗർഭിണിയായ മകളെ പ്രസവത്തിനായി വിളിച്ചുകൊണ്ടു പോകുന്നതിനു ബന്ധുമിത്രാദികളെ ക്ഷണിച്ചു പലവിധ പലഹാരങ്ങളോടെ വിളിക്കുവാൻ പോകുന്ന ചടങ്ങ്

> ജനിച്ച കുഞ്ഞുങ്ങൾക്ക് 28 -ന് ചരട് കെട്ടി ആഘോഷം നടത്തുക.

> ജന്മനാൾ ആഘോഷിക്കുക (രക്ഷിക്കപ്പെടുന്നതിനു മുമ്പു പാപത്തിൽ പിറന്ന ദിവസത്തേക്കാൾ ക്രിസ്തുവിൽ വീണ്ടും ജനിച്ച ഭാഗ്യനാൾ ഓർത്തല്ലേ വിശ്വാസികൾ ദൈവത്തെ സ്തുതിക്കേണ്ടത്)

> അറുപതു വയസ്സു തികയുന്ന നാളിൽ (ഷഷ്ഠ്യബ്ദ പൂർത്തി) ആഘോഷങ്ങൾ നടത്തുക.

## ഭവന സ്തോത്ര പ്രാർത്ഥന —

ഭവനസ്ത്രോത്രമോ പാലുകാച്ചോ? പുതിയ ഭവനപണി കഴിഞ്ഞു അതിൽ പ്രവേശിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥനയെ ഭവനസ്ത്രോത്രപ്രാർത്ഥന എന്നതിനു പകരം പാലു കാച്ചെന്നാണ് പൊതുവേ അറിയപ്പെടുന്നത്. ചിലർ ഇതിനെ പുരവാസ്തോലി എന്നു പറയുന്നു. പുരവാസ്തോലി എന്ന പദത്തിൽ നിന്നു തന്നെ അതിന്റെ അനാത്മികത വെളിപ്പെടുന്നു. പുര + വാസ്തു + ബലി = പുരവാസ്തോലി. യഥാർത്ഥത്തിൽ ഇതു പുരവാസ്തു ബലിയാണ്. അഗ്നിദേവനെ പുരയിൽ (ഭവനത്തിൽ) പ്രവേശിപ്പിക്കുന്നതിനും പ്രസാദിപ്പിക്കുന്നതിനുമുള്ള ഹൈന്ദവാചാരമാണിത്. വാസ്തുദേവനെ പ്രസാദിപ്പിക്കുവാനായി അവർ പുത്തൻ പാത്രത്തിൽ പാലു കാച്ചുന്നു. പാല് തിളച്ച് അടുപ്പിൽ തൂകുമ്പോൾ അത് അഗ്നിദേവൻ ആദ്യം കുടിച്ചു തൃപ്തി വരുമെന്നു വിശ്വസിക്കുന്നു. അതിനുശേഷം പാത്രത്തിൽ ശേഷിച്ച പാല് എല്ലാവരും അല്പാല്പം കുടിച്ചു അമ്പലത്തിലെ പ്രസാദം പോലെ നുകരുന്നതാണ് ആചാരം (Vasthu Pooja in new house = There is a tradition of boiling the milk and letting it *overflow* and spill over and after offering to god, left over milk is shared among the family members).

പുത്തൻ പാത്രത്തിൽ എടുത്ത പാൽ പുതിയ ഭവനത്തിന്റെ അടുപ്പിൽ വെച്ചിട്ട് അതൊരു ആത്മീയശുശ്രൂഷയുടെ ഭാഗമാക്കി തീ കത്തിക്കുന്ന ചടങ്ങ് ഇക്കാലത്തു വർദ്ധിച്ചു വരുന്നു. തുടർന്നു പുതിയ അടുപ്പിൽ കാച്ചിയ പാലിന്റെ ഒരംശം ക്ഷണിക്കപ്പെട്ടവർക്കു കൊടുക്കുന്നു. ഇപ്രകാരമുള്ള ചടങ്ങു ഇന്നു വിശ്വാസികളുടെ ഭവനങ്ങളിലും സർവ്വസാധാരണമായിരിക്കുന്നു. കൂടാതെ ഭവനപ്രവേശനത്തിനു മുമ്പായി പ്രധാന വാതിൽക്കൽ കുറുകേ ചുവന്നനാട (റിബ്ബൺ) കെട്ടിയിട്ട് പ്രവേശനത്തിനായി ശുശ്രൂഷകൻ കത്രിക കൊണ്ടു മുറിച്ചു പ്രവേശിക്കുന്നതും കണ്ടിട്ടുണ്ട്. പാലുകാച്ച് എന്ന ചടങ്ങു ജാതികളിൽ നിന്നു പകർത്തപ്പെട്ട ദുരാചാരമാണ്. വാതിൽക്കൽ കെട്ടിയിരിക്കുന്ന നാടമുറിച്ചുള്ള പ്രവേശനം ലോകത്തിലെ രാഷ്ട്രീയ, സാമൂഹ്യപ്രവർത്തകരിൽ നിന്നു പകർത്തപ്പെട്ടതാണ്.

പുതിയ ഭവനത്തിൽ അടുപ്പു കത്തിക്കുന്നതിനു മുമ്പായി പ്രാർത്ഥനയോടെ തീ കത്തിച്ചു പാലു കാച്ചി ദൈവത്തെ സ്തുതിക്കുന്നതിനു എന്തേ തെറ്റ്? എല്ലാവരും പുതിയ ഭവനത്തിനു പുറത്തുനിന്ന ശേഷം വാതിലിൽ കെട്ടിയിരിക്കുന്ന നാട ശുശ്രൂഷകൻ കത്രികയാൽ മുറിച്ച ശേഷം സ്തോത്രത്തോടെ പ്രവേശിക്കുന്നതിൽ എന്തേ തെറ്റ്? ഇതൊക്കെ ദൈവവചനത്തിനെതിരാണോ? എന്നു ചിന്തിച്ചു പോകാം. ലോകപ്രകാരം തെറ്റൊന്നുമില്ലെങ്കിലും വേർപെട്ട വിശ്വാസികൾക്കു ചേർന്നതല്ല. യഹോവയുടെ ജനവും അവരുടെ പുരോഹിതനായ അഹരോനും പൊന്നുകൊണ്ടു കാളക്കുട്ടിയെ വാർത്തുണ്ടാക്കി യഹോവെക്കു ഉത്സവം നടത്തി (പുറ.32:4,5). മിസ്രയീമ്യരുടെ രാജ്യത്തു പാർത്തിരുന്നതുകൊണ്ട് അവരിൽനിന്നു കിട്ടിയ ദൈവമാണ് കാളക്കുട്ടി. യഹോവയുടെ നാമത്തിലാണ് അവർ കാളക്കുട്ടിയുടെ മുമ്പിൽ യാഗപീഠം പണിത് ഉത്സവം ആചരിക്കുന്നത്. നയമാന്റെ പിന്നാലെ എലീശയുടെ ശിഷ്യനായ ഗേഹസി ദ്രവ്യാഗ്രഹലക്ഷ്യത്തോടെ ഓടിയതും യഹോവയുടെ നാമത്തിലായിരുന്നു (2.രാജാ.5:20). യഹോവയുടെ നാമത്തിൽ ചെയ്തെങ്കിലും അവർ ശിക്ഷിക്കപ്പെടുവാൻ ഇടയായി. അടുപ്പു കത്തിക്കൽ ഒരു ശുശ്രൂഷയായി പ്രഖ്യാപിച്ചു നടത്തുന്ന ശുശ്രൂഷകരും ഉണ്ട്. ഹിന്ദുരാജ്യത്തു വസിക്കുന്ന ദൈവജനത്തിന്റെ മദ്ധ്യത്തിലേക്കു പല ഹൈന്ദവാചാരങ്ങളും കടന്നു വന്നിട്ടുണ്ട്. അവയി

ലൊന്നാണ് പാലുകാച്ചു ചടങ്ങും. വേർപെട്ട ദൈവജനമേ ഇവയിൽനിന്നൊക്കെ ഒഴിഞ്ഞിരിക്കുക.

ആദ്യമായി അടുപ്പു കത്തിച്ചു പാലുകാച്ചുകയോ, കാപ്പിയിടുകയോ, ആഹാരം പാകംചെയ്യുകയോ ഒക്കെ വീട്ടുകാർ തന്നെ അവരുടെ ആവശ്യാനുസരണം പ്രാർത്ഥനയോടെ ചെയ്യട്ടെ. നിലവിളക്കു കത്തിച്ചു തീ പകരുന്നതും, പാലു കാച്ചി തിളച്ചു അടുപ്പിൽ തൂകുന്നതും, അതിൽ നിന്നു അല്പാല്പം കുടിക്കുന്നതും, കത്രികയാൽ റിബ്ബൺ മുറിച്ചു ആരംഭം കുറിക്കുന്നതും വിശ്വാസികൾക്കു അനുകരിക്കുവാൻ കൊള്ളാവുന്ന മാതൃകയല്ല. ജാതികളുടെ ആചാരാനുഷ്ഠാനങ്ങൾ വിശ്വാസികൾ അനുകരിക്കുവാൻ പാടില്ല. വിശ്വാസികൾ കർത്താവിനെയാണ് അനുകരിക്കേണ്ടത്. ദൈവവചനമാണ് പ്രമാണമായി എടുക്കേണ്ടതും. സഭയായി ഗൃഹപ്രവേശന പ്രാർത്ഥന നടത്തുമ്പോൾ സാധാരണ സ്തോത്രപ്രാർത്ഥനപോലെ തന്നെ നടത്തുന്നതാണ് അഭികാമ്യം. ദൈവവചനത്താലും സ്തോത്രത്താലുമാണ് സകലവും ആരംഭം കുറിക്കേണ്ടത്.

വേർപെട്ട വിശ്വാസികൾ എല്ലാവിധ ദുരാചാരങ്ങളിൽ നിന്നും, അന്ധവിശ്വാസങ്ങളിൽ നിന്നും വേർപെടണം. യേശുക്രിസ്തുവിൽ മാത്രം ലക്ഷ്യവും ആശ്രയവും വെച്ചു വിശുദ്ധിയോടെ ജീവിക്കണം. വിശ്വാസികൾ ലോകത്തിൽ എങ്ങനെ ആയിരിക്കണം?

**എഫെ.5:11 —** *"ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുതു; അവയെ ശാസിക്ക അത്രേ വേണ്ടതു."*

**റോമർ.12:1,2 —** *"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടുന്നതിന്നു മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ."*

**2.കൊരി.6:16—** *"അവരുടെ നടുവിൽ നിന്നും പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു. അശുദ്ധമായതു ഒന്നും തൊടരുതു; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

# ആരാധനയിൽ സംഗീതോപകരണങ്ങൾ

## ആരാധനായോഗങ്ങളിൽ വാദ്യോപകരണം അനുവദനീയമോ? —

സകലത്തിന്റെയും സ്രഷ്ടാവും മനുഷ്യന്റെ വീണ്ടെടുപ്പുകാരനുമായ ദൈവത്തെ ഭയത്തോടും, ഭക്തിയോടും, ബഹുമാനത്തോടും, സമ്പൂർണ്ണ സമർപ്പണത്തോടും, സ്തോത്രത്തോടും വണങ്ങി നമസ്കരിച്ചു മഹത്വം കൊടുക്കുന്നതാണ് ആരാധന. ദൈവത്തിന്റെ ഉന്നതിയും സർവ്വശക്തിയും വിശുദ്ധിയും മനസ്സിലാക്കി ദൈവത്തിന്റെ നാമത്തിനു തക്ക മഹത്വമാണ് ആരാധനയിൽ ഉൾക്കൊള്ളുന്നത്. ദൈവത്തോടുള്ള പ്രാർത്ഥന ആരാധനയല്ല. പ്രാർത്ഥനയിൽ നാം ദൈവത്തോടു അപേക്ഷിച്ചു നമ്മുടെ ആവശ്യങ്ങൾ അറിയിക്കുകയും അതിലൂടെ അനുഗ്രഹങ്ങൾ ദൈവത്തിൽ നിന്നു പ്രാപിക്കുകയും ചെയ്യുന്നു. എന്നാൽ ആരാധനയിൽ നാം ദൈവത്തിനു മഹത്വം കൊടുക്കുന്നു. അതായത് പ്രാർത്ഥനയിലൂടെ നമുക്കു ദൈവത്തിൽ നിന്നു അനുഗ്രഹം ലഭിക്കുമ്പോൾ ആരാധനയിൽ നാം ദൈവത്തിനു തന്റെ നാമത്തിനൊത്ത മഹത്വം നല്കുന്നു. പ്രാർത്ഥനയുടെ വിഷയം മനുഷ്യനും, മനുഷ്യന്റെ ആവശ്യങ്ങളുമായിരിക്കുമ്പോൾ ആരാധനയുടെ വിഷയം ദൈവവും ദൈവത്തിന്റെ മഹത്വവുമാണ്. അതുകൊണ്ടാണ് വിശ്വാസികളായ നാം ദൈവത്തെ ആരാധിക്കുന്ന വേളയിൽ നമ്മുടെ ആവശ്യങ്ങളൊന്നും ദൈവത്തോടു പറയാതെ ബുദ്ധിയുള്ള ആരാധയായി നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി നമ്മെത്തന്നെ സമർപ്പിക്കുന്നത് (റോമ.12:1).

ആരാധനയിൽ സ്തുതിയും സ്തോത്രവും അടങ്ങിയിരിക്കുന്നു. ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നതും പ്രസ്താവിക്കുന്നതുമാണ് സ്തുതി. ദൈവത്തിന്റെ ഉന്നതി, വിശുദ്ധി, സർവ്വശക്തി, വല്ലഭത്വം, മഹത്വസമ്പൂർണ്ണത എന്നിങ്ങനെയുള്ള ദൈവത്തിന്റെ സ്വഭാവസവിശേഷതകളെ പ്രകീർത്തിക്കുന്നത് സ്തുതിയിൽ അടങ്ങിയിരിക്കുന്നു. ദൈവം ചെയ്തിട്ടുള്ള നന്മകൾക്ക് നമ്മുടെ ഹൃദയാന്തർഭാഗത്തു നിന്നു ഉയർന്നു വരുന്ന നന്ദിയാണ് സ്തോത്രം. ദൈവം തന്റെ ഏകജാതനായ പുത്രനെ നമ്മുടെ പാപപരിഹാരത്തിനുവേണ്ടി അയച്ച ദൈവസ്നേഹത്തെ ഓർക്കുകയും, കാൽവറി

ക്രൂശിലെ യാഗമരണത്തിലൂടെ നമുക്കു ലഭ്യമായ രക്ഷെക്കും നിത്യ ജീവനുമായി ദൈവത്തിനു നന്ദി കരേറ്റുന്നതാണ് സ്തോത്രത്തിൽ ഉൾപ്പെടുന്നത്. നാം പിതാവായ ദൈവത്തിനു സ്തോത്രം ചെയ്യു മ്പോൾത്തന്നെ നമുക്കു പകരക്കാരനായി സകലശിക്ഷാവിധികളും ഏറ്റുവാങ്ങിയ ക്രിസ്തുവിനെയും തന്റെ ക്രൂശുമരണത്തെയും അതിലൂടെ ഒരുക്കിയ രക്ഷാമാർഗ്ഗത്തെയും ധ്യാനിച്ചു സ്തോത്രം ചെയ്യുന്നു. വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന്റെ ഹൃദയാന്തർഭാ ഗത്തു നിന്നു സ്തുതിയും സ്തോത്രവും ഒരുമിച്ചു ഉയരുമ്പോൾ ആരാധന ദൈവത്തിനു പ്രസാദമുള്ള സൗരഭ്യവാസനയായിത്തീ രുന്നു.

പുതിയനിയമത്തിൽ സ്തുതിയും സ്തോത്രവും ഒരുമിച്ചു ആരാധനയിൽ ദൃശ്യമാകുന്നുവെങ്കിൽ പഴയനിയമത്തിൽ സ്തുതിയും സ്തോത്രവും വെവ്വേറെ ഉയരുന്നതു കാണുന്നു. ദൈവാലയത്തിലെ വിവിധ ശുശ്രൂഷകളിലും ദൈവത്തെ സ്തുതിച്ചു ആരാധിക്കുന്ന വേളയിലും പഴയനിയമത്തിൽ വാദ്യോപകരണങ്ങ ളുടെ സാന്നിദ്ധ്യം പറഞ്ഞിട്ടുണ്ട്. പഴയനിയമ ആരാധന പൊതുവേ യാഗത്തോടു ബന്ധപ്പെട്ടിരിക്കുന്നു. അതായത് യാഗാർപ്പണത്തിലൂടെ ദൈവജനമായ യിസ്രായേൽ ദൈവത്തെ ആരാധിച്ചു. യാഗാർപ്പണ വേളയിൽ സംഗീതോപകരണങ്ങളോടുകൂടെയുള്ള ആലാപനം കാണുന്നില്ല. ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു സ്തുതിക്കുന്ന വേളയിൽ വിശേഷിച്ചും സങ്കീർത്തനങ്ങളിൽ ഉപകരണങ്ങളോടു കൂടെയുള്ള സ്തുതിയാണ് കാണുന്നത്. സ്തോത്രവും സ്തുതിയും വെളിപ്പെടുത്തുന്ന അനേക ഭാഗങ്ങൾ പഴയനിയമത്തിൽ കാണുന്നു

> അബ്രഹാം തന്റെ മകനായ യിസ്ഹാക്കിനെ മോരിയാ ദേശ ത്തുള്ള മലയിൽ യാഗം അർപ്പിച്ചു ദൈവത്തെ ആരാധിച്ചു (ഉല്പ.22).

> യഹോവയുടെ കല്പനപ്രകാരം പെസഹാക്കുഞ്ഞാടിനെ അറുത്തു യിസ്രായേൽജനം മരുഭൂമിയിൽ പെസഹാ ആചരിച്ചു (പുറ.12).

> ലേവ്യപുസ്തകത്തിൽ യാഗക്രമീകരണങ്ങളും പുരോഹി തന്മാർക്കുള്ള പ്രമാണങ്ങളും ചുമതലകളും അടങ്ങിയിരിക്കുന്നു. ഹോമയാഗം, ഭോജനയാഗം, സമാധാനയാഗം, പാപപരിഹാരയാ ഗം, അകൃത്യയാഗം (ലേവ്യ.1-5) എന്നിങ്ങനെ വിവിധ യാഗങ്ങൾ അർപ്പിച്ചു യിസ്രായേൽ യഹോവയായ ദൈവത്തെ ആരാധിച്ചു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

> മിസ്രയിമിലെ അടിമത്വത്തിൽ നിന്നു വിടുതൽ ലഭിച്ചു ചെങ്കടൽ കടന്ന യിസ്രായേൽജനം അവരുടെ പുറപ്പാടിനെ ഓർമ്മിച്ചു നന്ദി പറഞ്ഞു ദൈവത്തെ പാടി സ്തുതിക്കുന്നു. തദവസരത്തിൽ മോശെയുടെയും അഹരോന്റെയും സഹോദരിയായ മിര്യാം കയ്യിൽ തപ്പ് എടുത്തു സ്തീകൾ എല്ലാവരും തപ്പുകളോടും നൃത്തങ്ങളോടും കൂടെ ദൈവത്തെ സ്തുതിച്ചു (പുറ.15:20).

> യഹോവയുടെ പെട്ടകം അബീനാദാബിന്റെ വീട്ടിൽ നിന്നും കൊണ്ടു വരുമ്പോൾ ദാവീദും എല്ലാ യിസ്രായേലും ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണശക്തിയോടെ പാട്ടു പാടിയും കിന്നരം, വീണ, തപ്പു, കൈത്താളം, കാഹളം എന്നീ വാദ്യങ്ങൾ ഘോഷിച്ചുംകൊണ്ടു നൃത്തം ചെയ്തു (1.ദിന.13:8).

> സങ്കീർത്തനങ്ങളിൽ കാഹളം, വീണ, കിന്നരം, തപ്പ്, തന്ത്രിനാദം, കുഴൽ, കൈത്താളങ്ങൾ എന്നിങ്ങനെ വിവിധവാദ്യോപകരണങ്ങളിലൂടെ ദൈവത്തെ സ്തുതിച്ചു ആരാധിക്കുന്നു (സങ്കീ.150).

ദൈവജനമായ യിസ്രായേൽ പെസഹാ ആചരിച്ചപ്പോഴോ, യാഗം കഴിച്ചു ദൈവത്തെ ആരാധിച്ചപ്പോഴോ സംഗീതമോ, സംഗീതോപകരണങ്ങളോടുകൂടിയ ആലാപനങ്ങളോ കാണുന്നില്ല. അവർ പെസഹാ ഭക്ഷിച്ചത് — അരകെട്ടിയും കാലിനു ചെരിപ്പിട്ടും കയ്യിൽ വടിപിടിച്ചുംകൊണ്ടു തിടുക്കത്തോടെയായിരുന്നു (പുറ.12:11). ലേവ്യായാഗങ്ങളിലൊന്നിലും സംഗീതത്തിനോ വാദ്യോപകരണങ്ങൾക്കോ സ്ഥാനമില്ലായിരുന്നു. യഹോവയുടെ കല്പന പ്രകാരം മോശെ പണിത സമാഗമനകൂടാരത്തിലെ പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം എന്നിവയിൽ സംഗീതമോ സംഗീതോപകരണങ്ങളോ ഉപയോഗിച്ചിട്ടില്ല. യാഗമൃഗത്തിന്റെ തലയിൽ കൈവെച്ചു തുടർന്നു അതിനെ അറുക്കുമ്പോഴോ, യാഗപീഠത്തിന്മേലുള്ള അഗ്നിയിൽ അതിന്റെ മാംസം വെന്തെരിഞ്ഞു ചാരമാകുമ്പഴോ അവിടെ സംഗീതം മുഴങ്ങുന്നില്ല. രക്തം ചൊരിഞ്ഞുള്ള വീണ്ടെടുപ്പും, പാപപരിഹാരവും, പാപമോചനവും, രക്ഷയുമാണ് ഈ യാഗങ്ങളിലെല്ലാം കാണുന്നത്. ചുരുക്കത്തിൽ പഴയനിയമത്തിൽ യാഗങ്ങളിലൂടെയുള്ള ആരാധനാവേളയിൽ സംഗീതത്തിനു സ്ഥാനമില്ലായിരുന്നു. എന്നാൽ ദൈവത്തെ മഹത്വപ്പെടുത്തുന്ന വേളയിൽ സംഗീതവും സംഗീതോപകരണങ്ങളോടുകൂടെയുള്ള സ്തുതിയും ഉണ്ടായിരുന്നു.

പുതിയനിയമ ആരാധനയോടുള്ള ബന്ധത്തിൽ സംഗീതോപകരണങ്ങൾ ഒന്നും തന്നെ പറഞ്ഞിട്ടില്ല. സ്തോത്രഗാനത്തോടുള്ള ബന്ധത്തിലും താഴെക്കൊടുത്തിരിക്കുന്ന പുതിയനിയമ തിരുവെഴുത്തുകൾ നോക്കുക —

മത്താ.26:30 — *"പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവ്മലെക്കു പുറപ്പെട്ടു."*

മർക്കൊ.14:26 — *"പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവ്മലെക്കു പോയി."*

അപ്പൊ.16:25 — *"അർദ്ധരാത്രിക്കു പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു."*

എഫെ.5:19 — *"ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും ......."*

കൊലൊ.3:16 — *"സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും......."*

എബ്രാ.13:15 –– *"അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക."*

യാക്കോ.5:13 --*''നിങ്ങളിൽ കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ; സുഖം അനുഭവിക്കുന്നവൻ പാട്ടു പാടട്ടെ."*

ആഴ്ചയുടെ ഒന്നാം നാളിൽ കർത്തൃമേശയോടെ ദൈവത്തെ ആരാധിക്കുമ്പോൾ സംഗീതോപകരണങ്ങോളോടെയല്ല ദൈവത്തെ ആരാധിക്കേണ്ടത്. " *.......... അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മെക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മെക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു"* (1.കൊരി.11:23-26).

കാൽവറിക്രൂശിൽ നമുക്കായി രക്തം ചിന്തി മരിച്ച കർത്താവിന്റെ മരണത്തെ ധ്യാനിച്ചു നമസ്കരിച്ചു സ്തോത്രം കരേറ്റുമ്പോൾ സംഗീതോപകരണങ്ങൾ അനുചിതമാണ്. നമ്മുടെ ഉറ്റവർ മരിച്ചു കിടക്കുമ്പോൾ അതിനു മുമ്പിൽ വാദ്യഘോഷത്തോടെയും കൈത്താളങ്ങളോടെയും, ഉച്ചത്തിലുള്ള ബാൻഡ് ശബ്ദത്തോടെയും നൃത്തം ചെയ്യുകയോ ആർത്തു പാടുകയോ ചെയ്യുമോ? എങ്കിൽ രാജാധിരാജനും കർത്താധികർത്താവും നമ്മുടെ വീണ്ടടുപ്പുകാരനുമായ യേശുക്രിസ്തുവിന്റെ മരണത്തെ ഓർക്കുന്ന വേളയിൽ വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നത് ഉചിതമോ? ആകയാൽ ആരാധനായോഗങ്ങളിൽ കർത്താവിന്റെ മരണം, അടക്കം, പുനരുത്ഥാനം എന്നിവയെ ഓർമ്മിച്ചു ധ്യാനിക്കുന്ന വേളയിൽ അധരഫലം എന്ന സ്തോത്രയാഗമാണ് അർപ്പിക്കേണ്ടത്. കർത്താവു മരിച്ചുവെങ്കിലും ഉയിർത്തെഴുന്നേറ്റു ഇന്നും ജീവിക്കുന്നു എന്ന സത്യം നമ്മുടെ പ്രത്യാശ ഉണർത്തുന്നു. *"എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല"* (എബ്രാ.11:6).

ആരാധനവേളകളിൽ ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കേണ്ടതു മനുഷ്യനിർമ്മിതമായ ഉപകരണങ്ങളിലൂടെയല്ല മറിച്ചു ഹൃദയാന്തർഭാഗത്തു നിന്നു വിശ്വാസത്താൽ ഉയരുന്ന സ്തോത്രയാഗം അധരങ്ങളിലൂടെ പുറത്തു വരണം. പാപച്ചേറ്റിൽ നിന്നു ഉയർത്തപ്പെട്ട പുതിയനിയമവിശ്വാസി ജീവനുള്ള യാഗമെന്ന നിലയിൽ തന്റെ ശരീരത്താൽ ദൈവകൃപകളെ ധ്യാനിച്ച് അധരഫലമെന്ന സ്തോത്രയാഗത്താലാണ് ആരാധിക്കേണ്ടത്.

സങ്കീ.50:23 — *"സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു."*

റോമ.12:1 — *"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ."*

എബ്രാ.2:12 –– *"ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും; സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും."*

എബ്രാ.13:15 — *"അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക."*

ആരാധനാവേളയിൽ ആലപിക്കുന്ന പാട്ടുകളെക്കുറിച്ചും വിശ്വാസികൾ ജാഗ്രതയുള്ളവരായിരിക്കണം. പാട്ടുകൾ വിവിധ സന്ദർഭങ്ങളിലും വിവിധ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നവയുണ്ട്. (1) ദൈവത്തെ സ്തുതിക്കുക ആരാധിക്കുക (2) കർത്താവിന്റെ കഷ്ടാനുഭവത്തെ പ്രസ്താവിക്കുന്നത് (3) ഉപദേശഗീതങ്ങൾ (4) ദൈവത്തിന്റെ കരുതലിനെ ഓർത്തു പാടി ആശ്വസിക്കുന്നത് (5) ആശ്രയം, സമർപ്പണം (6) വാദ്യമേളങ്ങളുടെ അകമ്പടിയോടെയോ അല്ലാതെയോ പാടി മറ്റുള്ളവരെ ആസ്വദിപ്പിക്കുന്നത് ...... എന്നിങ്ങനെ അനേകയിനം പാട്ടുകളുണ്ട്. എന്നാൽ കർത്തൃമേശയോടുള്ള ബന്ധത്തിൽ ദൈവത്തെ സ്തുതിക്കുന്നതും കർത്താവിന്റെ കഷ്ടാനുഭവങ്ങളെ ധ്യാനിച്ചു പാടുന്നതുമായ ആത്മീയഗീതങ്ങളായിരിക്കണം ആലപിക്കേണ്ടത്.

ആരാധനയോഗം കഴിഞ്ഞു വചനശുശ്രൂഷെക്കു മുമ്പുള്ള സമയത്ത് പാട്ടു പാടുമ്പോൾ വിവിധ വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ അപാകതയില്ല. അപ്പോഴും ഓർക്കേണ്ടത് സംഗീതോപകരണങ്ങളുടെ നാദത്തിലോ ഗാംഭീര്യത്തിലോ അല്ല, പ്രത്യുത വിശ്വാസിയുടെ ഹൃദയാന്തർഭാഗത്തു നിന്നുയർന്നു നാവിലൂടെ പുറത്തുവരുന്ന സ്തോത്രസംഗീതത്തിലായിരിക്കും ദൈവം പ്രസാദിക്കുക.

ദൈവത്തെ സ്തുതിക്കുന്ന വേളയിലും, ദൈവമക്കൾ കൂടുന്ന എവിടെയും, കൺവെൻഷൻയോഗങ്ങളിലും, ഇതര ആത്മീയ കൂട്ടായ്മയോഗങ്ങളിലും സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ലെന്നു അർത്ഥമാക്കേണ്ടതില്ല. നമ്മുടെ ആരാധനായോഗങ്ങളിൽ കർത്താവിന്റെ മരണപുനരുത്ഥാനത്തെയോർത്തു വിശുദ്ധന്മാർ കൂടിവന്നു കർത്തൃമേശയോടെ ആരാധിക്കുന്ന വേളയിൽ സംഗീതോപകരണങ്ങളാലോ, ബാൻഡ്, ചെണ്ട, കൈത്താളങ്ങൾ എന്നിവയുടെ അകമ്പടിയാലോ അല്ല പാടേണ്ടതും ദൈവത്തെ ആരാധിക്കേണ്ടതും എന്നു ഓർത്തിരിക്കുക.

# വിശ്വാസിയും യോഗയും —

## വിശ്വാസികൾക്കു യോഗ ചെയ്യുവാൻ അനുവാദമുണ്ടോ?

യോഗം അഥവാ യോഗ എന്നതിനു അർത്ഥം യോജിക്കൽ, യുക്തി, മോക്ഷമാർഗ്ഗം, ബ്രഹ്മധ്യാനം എന്നൊക്കെയാണ്. പൊതുവേ യോഗ എന്നത് ഇക്കാലങ്ങളിൽ ശാരീരിക വ്യായാമത്തോടു ബന്ധപ്പെടുത്തുന്നതിനാൽ അതിന്റെ പ്രാധാന്യവും പ്രസക്തിയും വർദ്ധിച്ചു വരുന്നു. ശാരീരികവ്യായാമം നല്ലതു തന്നെ അത് നമ്മുടെ ശരീരത്തെ രോഗങ്ങൾ മാറ്റി ആരോഗ്യമുള്ളതാക്കിത്തീർക്കുന്നു. എന്നാൽ യോഗ എന്ന വ്യായാമ മുറ ഹൈന്ദവസംസ്കാരത്തോടും ആചാരാനുഷ്ഠാനങ്ങളോടും ദേവപ്രീതിയോടും ബന്ധപ്പെട്ടിരിക്കുന്നു. യോഗയിൽ സാധാരണയായി മൂന്നു ഭാഗങ്ങളാണുള്ളത് — (1) ശാരീരിക വ്യായാമം (2) മനസ്സിന്റെ ധ്യാനം അഥവാ ഏകാഗ്രത (3) മന്ത്രങ്ങൾ ഉരുവിടുക.

### (1) ശാരീരിക വ്യായാമം —

വിശ്വാസികളുൾപ്പെടെ സകലരും ചെയ്യേണ്ടതാണ് വ്യായാമം. കാരണം രോഗങ്ങളെ ചെറുത്തു നില്ക്കുവാനുള്ള ശക്തി ലഭിക്കുകയും ശരീരത്തെ ആരോഗ്യമുള്ളതാക്കി മാറ്റുകയും ചെയ്യും. ശാരീരവ്യായാമത്തെ തിരുവചനവും എതിർക്കുന്നില്ല.

1.തിമൊ.4:7-9 — *"ഭക്തിവിരുദ്ധമായ കിഴവിക്കഥകളെ ഒഴിച്ചു ദൈവഭക്തിക്കു തക്കവണ്ണം അഭ്യാസം ചെയ്ക.* ശരീരാഭ്യാസം അല്പപ്രയോജനമുള്ളതത്രേ; *ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റെയും വരുവാനിരിക്കുന്നതിന്റെയും വാഗ്ദത്തമുള്ളതാകയാൽ സകലത്തിന്നും പ്രയോജനകരമാകുന്നു. ഇതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം."*

### (2) മനസ്സിന്റെ ധ്യാനം അഥവാ ഏകാഗ്രത —

ഇതാണ് യോഗയുടെ രണ്ടാമത്തെ പടി. ശാരീരാഭ്യാസം അല്പപ്രയോജനം ചെയ്യുമെന്നു തിരുവചനം പറയുന്നു. മനസ്സിന്റെ ധ്യാനം അഥവാ ഏകാഗ്രത ആത്മികമായി വിശ്വാസിയെ ബലപ്പെടുത്തും. എന്നാൽ യോഗയിലെ പ്രമാണമനുസരിച്ചുള്ള മനസ്സിന്റെ

ധ്യാനം വിശ്വാസികൾ പ്രായോഗികമാക്കുവാൻ പാടില്ല. കാരണം ഇവിടെ മനസ്സിന്റെ ധ്യാനം എന്നത് നമ്മുടെ മനസ്സിനെ പ്രപഞ്ചത്തിന്റെ ശക്തിയോടു ബന്ധിപ്പിക്കുന്ന അഭ്യാസമാണ്. അതായത് ഹൃദയത്തെ ശൂന്യമാക്കി ലോകത്തോടും ലോകശക്തികളോടും ചേരുന്നു. അതിനായി മനസ്സിലെ സകല ചിന്തകളും വെടിഞ്ഞ് പ്രപഞ്ചശക്തികളെ ധ്യാനിക്കണം. വിശ്വാസികളുടെ ഹൃദയത്തിലുള്ള ദൈവവചനവും, ദൈവികചിന്തകളും, ആത്മിയകാര്യങ്ങളും ശൂന്യമാക്കി പ്രപഞ്ചശക്തികളോടു ചേരേണ്ടതുണ്ടോ?

വിശ്വാസികളുടെ മനസ്സു പുതുക്കേണ്ടതും ധ്യാനിക്കേണ്ടുന്നതുമായ കാര്യങ്ങൾ ഏതിലായിരിക്കണമെന്നും എപ്രകാരമായിരിക്കണമെന്നും തിരുവചനം വെളിപ്പെടുത്തുന്നു.

റോമ.12:1,2 —*"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."*

എബ്രാ.12:3 —*"നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ."*

സങ്കീ.1:1,2 — *"ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ."*

സങ്കീ.119:97 — *"നിന്റെ ന്യായപ്രമാണം എനിക്കു എത്രയോ പ്രിയം; ഇടവിടാതെ അതു എന്റെ ധ്യാനമാകുന്നു."*

**(3) മന്ത്രങ്ങൾ ഉരുവിടുക** —

ശാരീരിക വ്യായാമം, മനസ്സിന്റെ ധ്യാനം എന്നിവയോടു ചേർന്നു യോഗയിലുള്ള മൂന്നാമത്തെ പടി മന്ത്രങ്ങൾ ഉരുവിടുകയാണ്. യോഗ ചെയ്യുമ്പോൾ ഓം ഓം ..... എന്ന മന്ത്രം നിറുത്താതെ

ഉരുവിട്ടു കൊണ്ടേയിരിക്കണം. ഓം ഹിന്ദു ദേവന്മാരോടു ബന്ധപ്പെട്ടതാണ്. ഓം എന്ന പദം ഓങ്കാരത്തെ കുറിക്കുന്നു. ഇതിനർത്ഥം പ്രണവം, നാദബ്രഹ്മം എന്നാണ്. ഓം എന്നാൽ രക്ഷിക്കുന്നത്. അഃ, ഉഃ, മഃ എന്നീ ശബ്ദങ്ങൾ ചേർന്നതാണ് ഓം എന്ന പദം (അഃ+ ഉഃ+ മഃ = ഓം). ഇതിൽ അഃ = വിഷ്ണു, ഉഃ = ശിവൻ, മഃ = ബ്രഹ്മാവ് എന്നീ ദേവന്മാരെക്കുറിക്കുന്നു. ഓം എന്നത് ബ്രഹ്മാവിഷ്ണുശിവന്മാർക്ക് ഒന്നിച്ചുള്ള പേരാകയാൽ ബ്രഹ്മത്തിന്റെ വാചകം എന്നു പറയുന്നു.

ഓം എന്ന ഇടവിടാതെയുള്ള മന്ത്രോച്ചാരണം ജാതീയ ദേവന്മാരെ പ്രസാദിപ്പിക്കുവാനും വണങ്ങുവാനും പുകഴ്ത്തുവാനുമുള്ളതാകയാൽ അതു വിശ്വാസിയുടെ ഹൃദയത്തിൽ ഉത്ഭവിച്ച് വായിലൂടെ പുറത്തു വരുന്നത് അഭികാമ്യമല്ല. വിശ്വാസികൾ ദൈവത്തിന്റെ മക്കളും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും ആകയാൽ അവർ സ്തുതിക്കേണ്ടത് ദൈവത്തെയാണ്. നിത്യനരകത്തീയിൽ നിന്നു വിടുതൽ ലഭിച്ചതിനെക്കുറിച്ചു സ്തോത്രം ചെയ്യണം. ഇടവിടാതെ അവരുടെ വായിലൂടെ വരേണ്ടത് ദൈവവചനവും ദൈവത്തിനുള്ള സ്തുതി സ്തോത്രങ്ങളുമാണ്.

സങ്കീ.34:1 —*"ഞാൻ യഹോവയെ എല്ലാകാലത്തും വാഴ്ത്തും; അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും."*

സങ്കീ.71:8 —*"എന്റെ വായ് നിന്റെ സ്തുതികൊണ്ടും ഇടവിടാതെ നിന്റെ പ്രശംസകൊണ്ടും നിറഞ്ഞിരിക്കുന്നു."*

സങ്കീ.71:15 — *"എന്റെ വായ് ഇടവിടാതെ നിന്റെ നീതിയെയും രക്ഷയെയും വർണ്ണിക്കും; അവയുടെ സംഖ്യ എനിക്കു അറിഞ്ഞുകൂടാ."*

സങ്കീ.149:6 — *"അവരുടെ വായിൽ ദൈവത്തിന്റെ പുകഴ്ചകളും അവരുടെ കയ്യിൽ ഇരുവായ്ത്തലയുള്ള വാളും ഉണ്ടായിരിക്കട്ടെ."*

യോഗയിൽ ശാരീരിക അഭ്യാസം ഉണ്ടെങ്കിലും അതേത്തുടർന്നു മനസ്സിനെ ശൂന്യമാക്കിയുള്ള ധ്യാനവും, പ്രപഞ്ചശക്തികളെ ഉള്ളിലേക്കു ആവാഹിക്കലും, ഓം മന്ത്രോച്ചാരണങ്ങളും വിശ്വാസികൾക്കു അനുകരിക്കുവാൻ കൊള്ളാവുന്ന മാതൃകയല്ല. വിശ്വാസികൾ ക്രിസ്തു എന്ന ഏക പുരുഷനു തങ്ങളെത്തന്നെ നിർമ്മലകന്യകയായി ഏല്പിക്കുവാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നവരാണ്. യോഗയും ധ്യാനവും ഒക്കെ വിശ്വാസികളുടെ മനസ്സു ക്രിസ്തു

വനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുവാൻ ഇടയാക്കും (2.കൊരി.11:2,3). യോഗയിലുള്ള പല സൂക്തങ്ങളും ദൈവവചനമായ ബൈബിളിനു എതിരാകയാൽ വിശ്വാസികൾക്കു ഇതു ചെയ്യുവാൻ അനുവാദം ഇല്ല. വിശ്വാസകുടുംബങ്ങളിലെ വളർന്നു വരുന്ന തലമുറയെയും യോഗയിൽ ഒളിച്ചിരിക്കുന്ന സൂക്തങ്ങളെ ബോദ്ധ്യപ്പെടുത്തി അവയിൽ നിന്നൊഴിഞ്ഞു ദൈവത്തെ പ്രസാദിപ്പിക്കുന്നവരായി ജീവിക്കുവാൻ പ്രബോധിപ്പിക്കണം.

# വിശ്വാസിയും തിരുവോണവും —

ലോകമെമ്പാടുമുള്ള മലയാളികളും വിശേഷാൽ കേരളത്തിലുള്ളവരും തിരുവോണം ആഘോഷിക്കുന്നു. ഓണം ഇക്കാലത്ത് ഒരു ദേശീയോത്സവമായിത്തീർന്നിരിക്കുന്നു. കേരളത്തിലും, ഭാരതത്തിലും മാത്രമല്ല മലയാളികൾ പാർക്കുന്ന വിദേശരാജ്യങ്ങളിലും ജാതിമതഭേദമെന്യേ മലയാളികൾ ഇത് ഒരു ഉത്സവമായി കൊണ്ടാടുന്നു. ഓണവാരവും, തിരുവോണവും, അതിനോടനുബന്ധിച്ചുള്ള ആഘോഷങ്ങളും ഓരോ വർഷവും വ്യക്തികളായും, കൂട്ടമായും, നടത്തപ്പെടുന്നു. സന്തോഷത്തിന്റെയും, സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും, ത്യാഗത്തിന്റെയും, ഒത്തൊരുമയുടെയും സന്ദേശമായി ഇതിനെ ആഘോഷിക്കുന്നവർ പ്രചരിപ്പിക്കുന്നു.

തിരുവോണം വിശ്വാസികൾ ആഘോഷിക്കണമോ വേണ്ടയോ? ആഘോഷിക്കുന്നതിൽ അപാകതയുണ്ടോ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കു ഉത്തരം ലഭിക്കണമെങ്കിൽ ഓണം എന്താണെന്നുള്ള ചരിത്രം പരിശോധിക്കേണ്ടതുണ്ട്.

തിരുവോണം ഹൈന്ദവ പശ്ചാത്തിലുള്ള ഒരു ഐതിഹ്യത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഐതിഹ്യപ്രകാരം പണ്ട് മഹാബലി എന്നൊരു നല്ലവനും, ദാനശീലനും, ധർമ്മിഷ്ഠനുമായ രാജാവു കേരളം ഭരിച്ചിരുന്നു. മഹാബലിയുടെ ഭരണത്തിൻകീഴിൽ പ്രജകൾക്കെല്ലാം സന്തോഷവും, സമാധാനവും, ഒത്തൊരുമയും, സുഭിക്ഷതയും ലഭിച്ചിരുന്നു. കൊള്ളയോ, കൊലയോ, അക്രമമോ ദേശത്തുണ്ടായിരുന്നില്ല. *"മാവേലി നാടു വാണിടും കാലം മാനുഷരെല്ലാരും ഒന്നുപോലെ ..... കള്ളവും ഇല്ല ചതിവും ഇല്ല .... തെല്ലോളമില്ല പൊളിവചനം"* എന്ന ഗാനത്തിലെപ്പോലെ പ്രജകളെല്ലാം

സന്തോഷത്തോടെ കഴിഞ്ഞു. എന്നാൽ ദേവലോകത്തിരുന്നു സകലവും വീക്ഷിച്ച ദേവന്മാർക്കു ഭൂമിയിലെ മാവേലിയുടെ വാഴ്ചയിൽ അസൂയയുണ്ടായി. മാവേലിയുടെ ഭരണത്തെയും വാഴ്ചയെയും നിഷ്ക്കാസനം ചെയ്യുവാൻ ദേവന്മാർ ഒരു സൂത്രം മെനഞ്ഞു. അതിൻപ്രകാരം ദേവന്മാരിൽ ഒരുവൻ കുള്ളനായ (വാമനൻ) ഒരു സാധു സന്യാസിയുടെ വേഷത്തിൽ മഹാബലിയുടെ മുമ്പാകെ വന്നു ഒരു സഹായം ചോദിച്ചു. എന്താണ് അങ്ങേക്കു ആവശ്യമെന്നു മഹാബലി ചോദിച്ചപ്പോൾ തനിക്കു മൂന്നു കാലടി വെയ്ക്കുവാൻ സ്ഥലം മാത്രം മതിയെന്നറിയിച്ചു. മഹാമനസ്കനായ രാജാവ് അതിന് അനുവാദം കൊടുത്തു. ഒന്നാമത്തെ കാൽവെയ്പ്പിൽ ഭൂമി മുഴുവൻ തന്റെ കാല്കീഴാക്കി. രണ്ടാമത്തെ കാലടിയിൽ പാതാളവും അവകാശപ്പെടുത്തി. തുടർന്നു മൂന്നാമത്തെ ചുവടു വെക്കുവാൻ സ്ഥലമില്ലാത്തതിനാൽ രാജാവ് തന്റെ ശിരസ്സു കുനിച്ചു കൊടുത്തു. സന്യാസി തന്റെ കാൽ രാജാവിന്റെ ശിരസ്സിന്മേൽ ചവിട്ടി പാതളത്തിലേക്കു താഴ്ത്തി. ഇപ്രകാരം മഹാബലിക്കു തന്റെ രാജപദവിയും രാജ്യവും നഷ്ടപ്പെട്ടു. എന്നാൽ വർഷത്തിലൊരിക്കൽ പാതാളത്തിൽ നിന്നു ഭൂമിയിലേക്കു വന്നു തന്റെ പ്രജകള കാണുവാനും അവരുടെ ക്ഷേമം അന്വേഷിക്കുവാനും ദേവന്മാർ മഹാബലിക്കു വരം കൊടുത്തു. അപ്രകാരം മഹാബലി കേരളം സന്ദർശിക്കുന്ന ദിനമാണ് തിരുവോണം. മഹാബലി ഓരോ തിരുവോണ നാളിലും വരുന്നു എന്ന പ്രതീക്ഷയോടെ മലയാളികൾ തിരുവോണം കൊണ്ടാടുന്നു.

തിരുവോണനാളിന്റെ പിന്നിലെ ഐതിഹ്യം ഇന്നു ഒരു ആചാരാനുഷ്ഠാനമായിത്തീർന്നിരിക്കുന്നു. ആരാണീ മഹാബലി? അങ്ങനെ ഒരു രാജാവു ജീവിച്ചിരുന്നതായി ചരിത്രം വെളിപ്പെടുത്തുന്നുണ്ടോ? ദേവന്മാർക്കു അസൂയയുണ്ടോ? വിശ്വാസിയേ ചിന്തിക്കുക. ക്രിസ്തുവിശ്വാസികൾ ഇപ്രകാരമുള്ള ആചാരങ്ങളിൽ നിന്നും ഉത്സവങ്ങളിൽ നിന്നും അകന്നു ജീവിക്കണം. നാടോടുമ്പോൾ നടുവേ ഓടണം എന്നത് ലോകത്തിന്റെ പ്രമാണം. വിശ്വാസിയെ സംബന്ധിച്ചു ദൈവം ആഗ്രഹിക്കുന്നത് ലോകത്തിനു അനുരൂപപ്പെടാതെ വിശുദ്ധിയിൽ ദൈവഭക്തിയോടെ ജീവിക്കുക എന്നതാണ്.

വിശ്വാസികൾക്കു ഓണം അല്ല അതിനേക്കാൾ മഹാത്തായ പൊന്നോണമുണ്ട്. നമ്മുടെ രാജാവു പണ്ടെങ്ങോ വാണിരുന്ന മഹാബലിയല്ല. യേശുക്രിസ്തുവിന്റെ വരവ് ഒരു ഐതിഹ്യമല്ല, മറിച്ച് കാലത്തെ രണ്ടായി വിഭജിക്കുന്ന ഒരു ചരിത്രസംഭവമാണ്. മാനവ ജാതിക്കുവേണ്ടി മഹാ ബലി അഥവാ എന്നേക്കുമുള്ള യാഗം അർപ്പിച്ച കർത്താവായ യേശുക്രിസ്തുവാണ് നമ്മുടെ മഹാരാജാവ്. സ്വർഗ്ഗത്തിൽ നിന്നു മാനവ രക്ഷക്കായി ലോകചരിത്രത്തിന്റെ മദ്ധ്യേ ഭൂമിയിലേക്കു വന്നു തന്റെ ജീവൻ ബലി കഴിച്ചു നമ്മെ കർത്താവു നരകത്തിൽ നിന്നു വിടുവിച്ചു സ്വർഗ്ഗഭാഗ്യം നല്കി. കാൽവറിയിൽ തന്റെ തലയെ ചായ്ച്ചുകൊടുത്തു മരണത്തിലേക്കു പ്രവേശിച്ചുവെങ്കിലും മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു മരണപാശങ്ങളെയും സാത്താന്യ ബന്ധനങ്ങളെയും അറുത്തു കളഞ്ഞു. നമ്മുടെ രാജാധിരാജനായ കർത്താവു വർഷത്തിലൊരിക്കൽ വന്നു വീണ്ടും പാതാളത്തിലേക്കു പോകുന്ന മഹാബലിയല്ല. ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗസിംഹാസനത്തിൽ എന്നേക്കും വാഴുന്ന കർത്താവായ യേശുക്രിസ്തുവാണ്. തന്റെ പ്രജകളായ നമ്മെ സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകുവാൻ വാനമേഘങ്ങളിൽ വീണ്ടും വരും. അതു കഴിഞ്ഞു നാം നമ്മുടെ രാജാധിരാജനോടൊപ്പം ഒരായിരം വർഷം ഭൂമിയിൽ വാഴും. പിന്നീട് നിത്യത മുഴുവനും ക്രിസ്തുവിനോടൊപ്പം വാഴും. അത് മഹത്തായ പൊന്നോണത്തിന്റെ അഥവാ മഹാ സന്തോഷത്തിന്റെ നാളുകളായിരിക്കും.

# വിശ്വാസിയും ക്രിസ്തുമസ്സും —

കർത്താവായ യേശുക്രിസ്തുവിന്റെ ജന്മദിനമായി ഡിസംബർ 25 ലോകമെങ്ങും ആഘോഷിക്കുന്നു. ലോകരക്ഷകനായ കർത്താവായ യേശുകിസ്തുവിന്റെ ജനനത്തെക്കുറിച്ചു പുതിയനിയമത്തിൽ മത്തായി, ലൂക്കൊസ്, യോഹന്നാൻ എന്നീ സുവിശേഷങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. കർത്താവിന്റ ദിവ്യജനനത്തെക്കുറിച്ചു പഴയനിയമത്തിൽ പ്രവാചകന്മാർ മുന്നമേ പറഞ്ഞിട്ടുണ്ട് — *"അതുകൊണ്ടു കർത്താവു തന്നേ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും"* (യെശ.7:14). *"നീയോ ബേത്ത്ലഹേം എഫ്രാത്തേ, നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും*

*യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചു വരും"* (മീഖാ.5:2).

യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചു അനേക വേദ ഭാഗങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിസംബർ 25 -നാണ് യേശുക്രിസ്തു ജനിച്ചതെന്നു ഒരിടത്തും പറഞ്ഞിട്ടില്ല. മാത്രവുമല്ല വേദപുസ്തക സഭാചരിത്രത്തിലൊന്നും ക്രിസ്തുമസ്സ് ആഘോഷിച്ചതായോ, അപ്പൊസ്തലന്മാർ ആചരിച്ചതായോ, ജനനത്തിന്റെ ഓർമ്മെക്കായി ആചരിക്കുവാനോ പറഞ്ഞിട്ടുമില്ല. യഥാർത്ഥത്തിൽ ജാതികളിൽ നിന്നും അവരുടെ ആചാരങ്ങളിൽ നിന്നും ക്രമേണ ക്രിസ്തീയവിശ്വാസത്തിലേക്കു കടന്നു വന്നിട്ടുള്ള ഒരു ആഘോഷമായി ക്രിസ്തീയ ചരിത്രം വെളിപ്പെടുത്തുന്നു. യേശുക്രിസ്തു ഈ ലോകത്തിൽ വന്നു എന്നത് ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു. കർത്താവിന്റെ വരവു ഒരു ചരിത്ര സത്യവുമായിരിക്കുന്നു. യേശുക്രിസ്തുവിന്റെ വരവിനെ ബന്ധപ്പെടുത്തി ലോകചരിത്രത്തെ ബി.സി. എന്നും എ.ഡി. എന്നും (B.C = Before Christ / A.D = Anno Domini = in the year of our Lord) രണ്ടായി തിരിച്ചിരിക്കുന്നു. യേശുക്രിസ്തു ഭൂമിയിലേക്കു വന്നത് സത്യമായിരിക്കുമ്പോൾത്തന്നെ കൃത്യമായ ദിവസവും മാസവും ലഭ്യമല്ലാത്തതിനാൽ കർത്താവിന്റെ ജന്മദിനം ഡിസംബർ 25 എന്നു പറഞ്ഞു എല്ലാ വർഷവും ആഘോഷിക്കുന്നതിൽ അപാകതയുണ്ട്. കൂടാതെ പുതിയനിയമ തിരുവെഴുത്തുകൾ പ്രകാരം ജന്മദിനത്തിനോ, മറ്റേതെങ്കിലും ദിവസത്തിനോ പ്രാധാന്യം നല്കി ആ ദിവസത്തെ ആണ്ടുതോറും ആചരിക്കുവാനോ ആഘോഷിക്കുവാനോ കല്പനയില്ല. ദിവസങ്ങളും, മാസങ്ങളും, കാലങ്ങളും, ആണ്ടുകളും പ്രമാണിക്കുന്നതു നിമിത്തം ആത്മീയജീവിതത്തിൽ നിന്നു പിന്നോട്ടു പോകുവാൻ ഇടയാകുമെന്നും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഗലാ.4:8-11) .

യേശുക്രിസ്തുവിന്റെ ജനനമായി ക്രിസ്തുമസ്സ് എന്ന പേരിൽ ഇക്കാലത്ത് ക്രിസ്ത്യാനികൾ കൊണ്ടാടുന്ന ഡിസംബർ 25 -നു പിന്നിൽ ഒരു ബാബിലോണ്യഐതിഹ്യമുണ്ട്. നോഹയുടെ കൊച്ചുമകനായ നിമ്രോദ് (Nimrod) മരിച്ചശേഷം സ്വർഗ്ഗത്തിലേക്കു കയറുകയും അവിടെ സൂര്യദേവനായിത്തീരുകയും (Sun god) ചെയ്തെന്നാണ് ഐതിഹ്യം. മരണശേഷം നിമ്രോദിനെ ബാബിലോണ്യർ

സൂര്യദേവനായി പ്രതിഷ്ഠിച്ചാരാധിച്ചു. അദ്ദേഹത്തിന്റെ ഭാര്യയായ സെമിറാമിസ് (Semiramis) ആകാശരാജ്ഞി അഥവാ സ്വർഗ്ഗത്തിലെ റാണിയെന്ന പേരിൽ (Queen of Heaven) ആദരിക്കപ്പെട്ടു. ദേവത മാരുടെ മാതാവായ റിയാ (Rhea) എന്ന നാമത്തിലാണ് ബാബിലോ ണ്യർ സെമിറാമിസിനെ ആദരിച്ചു വന്ദിച്ചിരുന്നത്. ലോകത്തിലുള്ള സകലവിഗ്രഹാരാധനയുടെയും ഉറവിടം ബാബിലോണിലെ സെമി റാമിസ് ആയിരുന്നു എന്നു പറയപ്പെടുന്നു. ഇക്കാരണത്താൽ സെമി റാമിസിനെ വിഗ്രഹാരാധനയുടെ മാതാവ് (Mother of Idolatry) എന്നും അറിയപ്പെട്ടിരുന്നു. സെമിറാമിസ് ഭർത്താവിന്റെ മരണശേഷം അവി ഹിതവേഴ്ചയിലൂടെ ഗർഭിണിയായി. എന്നാൽ താൻ ഗർഭിണിയാ യത് ദിവ്യശക്തിയാൽ സൂര്യദേവന്റെ പ്രകാശകിരണങ്ങൾ തന്നിൽ വന്നു പതിച്ചതിനാലാണെന്നു സെമിറാമിസ് പ്രസിദ്ധമാക്കി. അവൾ പ്രസവിച്ച ആൺകുട്ടിക്കു തമ്മൂസ് (Tammuz) എന്നു പേരിട്ടു. തമ്മൂ സിന്റെ ജനന ദിവസം ഡിസംബർമാസം 25-ാം തീയതിയായി കണ ക്കാക്കപ്പെട്ടു ആഘോഷിക്കുന്നു. സൂര്യപുത്രനായി അവളിൽ ഉല്പാ ദിതമായ തമ്മൂസ് വാഗ്ദത്തരക്ഷകൻ (Promised Saviour), ജീവന്റെ പുത്രൻ (Son of Life) എന്നീ പേരുകളിലും അറിയപ്പെട്ടു. സ്ത്രീയുടെ സന്തതിയെന്ന ഉല്പത്തിപുസ്തകത്തിലെ വാഗ്ദത്ത സന്തതി (ഉല്പ.3:15) തമ്മൂസാണെന്നും അവകാശപ്പെടുന്നു. തമ്മൂസ് പിൽക്കാ ലത്ത് ഒരു വന്യമൃഗത്താൽ കൊല്ലപ്പെട്ടുവെങ്കിലും ഉയിർത്തെഴുന്നേറ്റു എന്നും പറയപ്പെടുന്നു. ഇത് ക്രിസ്തുവിന്റെ ഉയിർത്തെഴു ന്നേൽപ്പിനെ അനുകരിക്കുകയായിരുന്നു.

### *> ക്രിസ്തുമസ്സ് ട്രീയും ക്രിസ്തുമസ്സ് ദീപാലങ്കാരങ്ങളും —*

ക്രിസ്തുമസ്സ് ദിനങ്ങളിൽ ആഘോഷത്തിനു മാറ്റുകൂട്ടത്തക്ക വിധം ക്രിസ്തുമസ്സ് ട്രീയും (Christmas tree), ക്രിസ്തുമസ്സ് ദീപാല ങ്കാരങ്ങളും (Christmas lights), സാന്താക്ലോസ്സും (Santa Claus) ഒക്കെ നമുക്കു ചുറ്റും പതിവു കാഴ്ചയായി മാറിയിരിക്കുന്നു. ഇവയൊക്കെ വിഗ്രഹാരാധനയോടു ബന്ധപ്പെട്ടിരിക്കുന്നു. ഇക്കാലങ്ങളിൽ ആലി നെയും, ആലിന്റെ ചുവട്ടിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വിഗ്രഹങ്ങളെയും ജാതികൾ ആരാധിക്കുന്നതുപോലെ പ്രാചീന കാലത്തു യൂറോപ്പി ലുള്ളവർ വൃക്ഷങ്ങളെ ആരാധിക്കുകയും ദീപാലങ്കാരങ്ങൾ നട ത്തുകയും ചെയ്തിരുന്നതായി ചരിത്രം പ്രസ്താവിക്കുന്നു. അവർ

ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു ക്രിസ്ത്യാനികളായെങ്കിലും പില്ക്കാലത്ത് പഴയ ആരാധനാ സമ്പ്രദായങ്ങളായ വൃക്ഷാരാധനയും ദീപാലങ്കാരങ്ങളും അവരുടെ ജീവിതചൈര്യായി മാറി. ക്രിസ്തുമസ്സു ട്രീയും ക്രിസ്തുമസ്സു ദീപാലങ്കാരങ്ങളും ജാതികളിൽ നിന്നു വന്നിട്ടുള്ളതാകയാൽ വിശ്വാസി ഇതിൽ നിന്നെല്ലാം അകന്നു നില്ക്കണം.

## > *സാന്താക്ലോസ്സ് (Santa Claus) —*

ക്രിസ്തുമസ്സ് കാലയളവിൽ സാന്താക്ലോസ്സ് എന്ന കഥാപത്രത്തെ അനുകരിച്ചു വിവിധ വേഷവിധാനങ്ങളോടെ ക്രിസ്തുമസ്സ് കൊണ്ടാടുന്നു. സാന്താക്ലോസ് ക്രിസ്തുമസ്സ് ഫാദർ എന്നപേരിൽ വേഷംകെട്ടി തിമിർത്തു ആടി അഭിനയിക്കുന്നത് നിക്കോളാസ് എന്ന ഒരു ബിഷപ്പിന്റെ സൽപ്രവൃത്തികളോടു ബന്ധപ്പെട്ടു ചമെക്കപ്പെട്ട കഥയുടെ ആവിഷ്കരണമാണ്. നാലാം ശതകത്തിൽ ഏഷ്യാമൈനറിലെ മിറാ (ഇപ്പോഴത്തെ തുർക്കി) എന്ന സ്ഥലത്തെ ഒരു ബിഷപ്പായിരുന്നു നിക്കോളാസ് (Nicholas). ഇദ്ദേഹം വളരെ ദാനശീലനും സാധുക്കളെ സഹായിക്കുന്നവനുമായിരുന്നു. പില്ക്കാലത്തു ഇദ്ദേഹത്തിനു ദിവ്യത്വം നല്കി അനേകം കഥകൾ മെനഞ്ഞിരുന്നു. അതിലൊന്നു ക്രിസ്തുമസ്സ് നാളുകളിൽ ഭവനങ്ങളിലെ ചിമ്മിനികളിലൂടെ വന്നു കുട്ടികൾക്കു വിവിധ വിലപിടിപ്പുള്ള സമ്മാനപ്പൊതികൾ നല്കിയിരുന്നു എന്നതാണ്. നിക്കോളാസ് ബിഷപ്പാണ് സാന്താക്ലോസ്സ് എന്ന നാമത്തിൽ അറിയപ്പെട്ടത്. കഥയെങ്കിലും അദ്ദേഹത്തിന്റെ ദാനധർമ്മങ്ങളും സാധുക്കളെ സഹായിക്കുന്നതും നമുക്കു മാതൃകയാണ്. എന്നാൽ ഇന്നു സാന്താക്ലോസ്സ് എന്ന നാമത്തിൽ കടുംചുവപ്പണിഞ്ഞ വേഷവിധാനവുമായി പ്രത്യക്ഷപ്പെടുന്നവർ ധനം സമ്പാദിക്കുവാനുള്ള മാർഗ്ഗമാക്കിയിരിക്കുന്നു. ഏഷ്യാമൈനറിലെ സാന്താക്ലോസ്സ് ദാനശീലനായി പറയപ്പെടുമ്പോൾ ആധുനിക സാന്താക്ലോസ്സുമാർ ധനവും സമ്മാനവും ചോദിച്ചു വാങ്ങുന്നു. കഥയിലെ നിക്കോളാസ് ബിഷപ്പ് യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ സ്നേഹവും കരുണയും തന്നിലൂടെ പ്രദർശിപ്പിക്കുകയായിരുന്നു.

ക്രിസ്തുമസ്സും, ക്രിസ്തുമസ്സ് ട്രീയും, ക്രിസ്തുമസ്സ് ദീപാലങ്കാരങ്ങളും, സാന്താക്ലോസ്സും ഒക്കെ വെറും ആചാരാനുഷ്ഠാനങ്ങളാണ്. യേശുക്രിസ്തു മാനവജാതിയുടെ നിത്യരക്ഷെക്കായി ഭൂമി

യിൽ ജാതനായി. തിരുവെഴുത്തുകളിൻ പ്രകാരം ജനിച്ചു, ജീവിച്ചു, മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു, സ്വർഗ്ഗാരോഹണം ചെയ്തു. താമസംവിനാ രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭയെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാൻ മദ്ധ്യാകാശത്തിൽ വരുമെന്നു വാഗ്ദത്തം നല്കിയിട്ടുണ്ട്. ക്രിസ്തു ഓരോ വർഷവും ഡിസംബർ 25-ൽ ജനിക്കുകയും, പിന്നീട് ദുഃഖവെള്ളിയാഴ്ച മരിക്കുകയും, ഈസ്റ്ററിന്റെ ദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നില്ല. ഡിസംബർ 25 -ന് തന്നെ ക്രിസ്തു ജനിച്ചുവെന്നു തിരുവചനത്തിൽ തെളിവില്ല. എന്നാൽ "ഇതാ ഞാൻ വേഗം വരുന്നു" എന്നു വാഗ്ദത്തം ചെയ്ത യേശുക്രിസ്തുവിനെ ഓരോരുത്തരും ഹൃദയത്തിൽ സ്വീകരിക്കുകയാണ് യഥാർത്ഥ ക്രിസ്തുമസ്സ്. കർത്താവിന്റെ പുരാഗമനത്തിനായി നമുക്കു പ്രത്യാശയോടെ കാത്തിരിക്കാം.

# വിശ്വാസിയും കുരിശും —

(കുരിശു ധരിക്കുക, കുരിശു വരയ്ക്കുക, കുരിശിന്റെ മുമ്പിൽ വണങ്ങുക, കുരിശിനെ ആരാധിക്കുക — എന്നിവ ശരിയോ? ) —

കർത്താവായ യേശുക്രിസ്തു കാൽവറിയിലെ ക്രൂശിൽ മരിച്ചു മനുഷ്യവർഗ്ഗത്തിനു കൃപയാലുള്ള രക്ഷ സാദ്ധ്യമാക്കി. പാപം അറിയാത്ത, പാപം ചെയ്യാത്ത, പാപമില്ലാത്ത കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശുമരണം യഥാർത്ഥത്തിൽ എന്നേക്കുമുള്ള ഒരു യാഗമരണമായിരുന്നു. വിശുദ്ധ വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളെയും കല്പനകളെയും അടിസ്ഥാനപ്പെടുത്തി ക്രൈസ്തവരുടെ ഇടയിൽ വിവിധമായ അഭിപ്രായ വ്യത്യാസങ്ങൾ നിലനില്ക്കുന്നുവെങ്കിലും അവരെല്ലാരും കുരിശിന്റെ വിഷയത്തിൽ യോജിക്കുന്നു. ക്രിസ്തുമാർഗ്ഗത്തിന്റെ അടിസ്ഥാനം തന്നെ ലോകരക്ഷകനായ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണവും അതിലൂടെ ഒരുക്കപ്പെട്ട കൃപയാലുള്ള രക്ഷയുമാണ്. അക്കാരണത്താൽ കർത്താവിന്റെ ക്രൂശു സ്നേഹത്തിന്റെയും, ത്യാഗത്തിന്റെയും, സമാധാനത്തിന്റെയും പ്രത്യാശയുടെയും പ്രതീകമായിരിക്കുന്നു. മനുഷ്യന്റെ രക്ഷെക്കു സാദ്ധ്യമായ കൃപയുടെ സുവിശേഷത്തെ ക്രൂശിന്റെ വചനം എന്നും യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ തനിക്കു പ്രശംസിക്കുവാൻ ഇട വരരുതെന്നും അപ്പൊസ്തലനായ പൗലൊസ് പറയുന്നു. *"ക്രൂശിന്റെ വചനം നശി*

*ച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവ ശക്തിയും ആകുന്നു"* (1.കൊരി.1:18). *"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു"* (ഗലാ.6:14).

ഇക്കാലത്ത് ക്രൈസ്തവരുടെ ഇടയിൽ ക്രൂശ് ഒരു വിശുദ്ധ അടയാളമായിത്തീർന്നിരിക്കുന്നു. ക്രിസ്തീയസഭാവിഭാഗങ്ങളിൽ ചിലർ പള്ളികളിലും അവരുടെ സ്ഥാപനങ്ങളിലും, കാണിക്ക വഞ്ചിയുടെ മുമ്പിലും, കവലകളിലും തടിയിലോ സിമന്റു കോൺക്രീറ്റിലോ ഉണ്ടാക്കിയ കുരിശു സ്ഥാപിക്കുന്നു. ചിലർ കുരിശിനെ ഒരു ആരാധ്യവസ്തുവായി ദിവ്യത്വം നല്കി ആരാധിക്കുന്നു. കുരിശു കഴുത്തിൽ ധരിക്കുക, കുരുശു ചുമക്കുക, കുരിശു വരയ്ക്കുക, കുരിശിന്റെ മുമ്പിൽ വണങ്ങുക, അതിനെ ചുംബിക്കുക, പുരോഹിതന്മാർ കുരിശു തൊടുവിച്ചു അനുഗ്രഹിക്കുക എന്നിവയെല്ലാം കുരിശിനു ദിവ്യത്വം നല്കി ആരാധിക്കുന്നതിന്റെ തെളിവുകളാണ്.

തന്റെ ക്രൂശെടുത്തു അനുഗമിക്കണമെന്നു കർത്താവു തന്റെ ശിഷ്യഗണത്തോടു പറഞ്ഞതനുസരിച്ചു അതിനെ തെറ്റായി വ്യാഖ്യാനിച്ചു ക്രൂശു ചുമക്കുന്നവരുണ്ട്. ക്രൂശിനെ കുറിച്ചു കർത്താവു പറഞ്ഞതിപ്രകാരമാണ് —

മത്താ.10:38 — *"തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല."*

മത്താ.16:24 — *"ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ."*

മർക്കൊ.8:34 — *"ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശു എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ."*

ലൂക്കൊ.9:23 — *"എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ടു എന്നെ അനുഗമിക്കട്ടെ."*

ലൂക്കൊ.14:27 — *"തന്റെ ക്രൂശു എടുത്തുകൊണ്ടു എന്റെ പിന്നാലെ വരാത്തവന്നും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല."*

തന്റെ ക്രൂശു എടുത്തു അനുഗമിക്കുക, അല്ലാത്തവൻ എന്റെ ശിഷ്യനായിരിപ്പാൻ യോഗ്യനല്ല എന്നിങ്ങനെയുള്ള വാക്യങ്ങളിലൂടെ കർത്താവു പറഞ്ഞതിനെ ബന്ധപ്പെടുത്തി കുരിശു കഴുത്തിൽ കെട്ടിയും തോളിൽ ചുമന്നും അനുസരിക്കുന്നവരുണ്ട്. 'എന്റെ ക്രൂശു നിങ്ങൾ ചുമക്കണം' എന്നല്ല, 'താന്താന്റെ ക്രൂശു ചുമക്കണം' എന്നാണ് കർത്താവു പറഞ്ഞത്. കഷ്ടതയാകുന്ന കുരിശിനെക്കുറിച്ചാണ് കർത്താവു പറഞ്ഞത്. ക്രിസ്തുവിനുവേണ്ടി അനുഭവിക്കുന്ന കഷ്ടങ്ങളും, നഷ്ടങ്ങളും, നിന്ദകളും എല്ലാം ഇതിലുൾപ്പെടുന്നു. കർത്താവിനുവേണ്ടി ഒരു വിശ്വാസി കഷ്ടം അനുഭവിക്കുമ്പോൾ കഷ്ടതയാകുന്ന കുരിശു ആത്മീയാർത്ഥത്തിൽ വഹിക്കുകയാണ്. കർത്താവിനെ ക്രൂശിൽ തറച്ചുകൊന്നതിനാലാണ് ഇന്നു അനേകരും കുരിശിനെ വണങ്ങുന്നതും, ആരാധിക്കുന്നതും, കുരിശു വരയ്ക്കുന്നതും, കുരിശു കഴുത്തിൽ ധരിക്കുന്നതും.

പുരാതന റോമൻ സാമ്രാജ്യത്തിൽ മരണശിക്ഷെക്കു വിധിക്കപ്പെടുന്ന കുറ്റവാളികളെ കൊല്ലുവാനുപയോഗിച്ച ഉപകരണമായിരുന്നു കുരിശ്. ക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ചു പഴയ നിയമത്തിൽ അനേക പ്രവചനങ്ങളും നിഴലുകളുമുണ്ട്. പുതിയനിയമത്തിലെ ഒരു പ്രധാന വിഷയവും ക്രിസ്തുവിന്റെ ക്രൂശുമരണമാണ്. പുതിയനിയമത്തിലെ നാലു സുവിശേഷങ്ങളിലും കർത്താവിന്റെ ക്രൂശുമരണത്തെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നു. ദൈവപുത്രനായ കർത്താവായ യേശുക്രിസ്തു ഭൂമിയിൽ മനുഷ്യനായി വന്നതുതന്നെ ക്രൂശിലെ യാഗത്തിലൂടെ മരിക്കുവാനും തദ്വാരാ കൃപയാലുള്ള രക്ഷ പാപികൾക്കു സാദ്ധ്യമാക്കുവാനുമാണ്. കാൽവറിയിലെ ക്രൂശ് നിവൃത്തിയായ ക്രിസ്തുവിന്റെ യാഗമരണത്തെ വെളിപ്പെടുത്തുന്നു (എബ്രാ.9:25-28). കർത്തൃമേശയോടുള്ള ബന്ധത്തിൽ വിശ്വാസികൾ കൂടിവരുമ്പോഴൊക്കെയും അപ്പവും പാനപാത്രവും കർത്താവിന്റെ മരണം, അടക്കം, പുനരുത്ഥാനം, വീണ്ടും വരവ് എന്നിവയുടെ ഓർമ്മെക്കായി ആചരിപ്പാൻ കല്നയുണ്ട് (1.കൊരി.11:23-26). എന്നാൽ കർത്താവിനെ ക്രൂശിച്ച കുരിശിനെ ഓർമ്മയുടെ ചിഹനമായി ചുമക്കുവാനോ, ധരിക്കുവാനോ, വണങ്ങുവാനോ ആരാധിക്കുവാനോ കല്പനയില്ല.

(DOCTRINAL TRUTHS *by Samson Henry, Kollam*)

കാൽവറിയിൽ നാട്ടപ്പെട്ടത് മൂന്നു കുരിശുകളായിരുന്നു. കർത്താവു നടുക്കും ഇരുവശത്തും രണ്ടു കള്ളന്മാരും ക്രൂശിക്കപ്പെട്ടു. റോമൻ പടയാളികൾ മൂവരെയും കൊല്ലുവാൻ അന്നത്തെ നിയമപ്രകാരം ഒരുക്കപ്പെട്ട വസ്തുക്കളായിരുന്നു മൂന്നു കുരിശുകൾ. കുരിശിനെ വണങ്ങുമ്പോൾ അതു കർത്താവിന്റെ ക്രൂശിനെത്തന്നെയാണ് വണങ്ങുന്നതെന്നു പറയുവാൻ സാധിക്കുമോ? ക്രൂശിന്റെ രൂപം ഉണ്ടാക്കി ധരിക്കുമ്പോൾ അതു കർത്താവിന്റെ ക്രൂശു തന്നെയാണെന്നു വെളിപ്പെടുത്തുവാൻ സാധിക്കുമോ? അങ്ങനെയെങ്കിൽ കാൽവറിയിൽ കർത്താവിനെയും രണ്ടു കള്ളന്മാരെയും കൊല്ലുവാനുപയോഗിച്ച ഒരുപോലുള്ള മൂന്നു കുരിശുകൾക്കും ദിവ്യത്വം നല്കുകയല്ലേ? മരണശിക്ഷ തോക്കുകൊണ്ടു നടത്തിയാലോ കയർകൊണ്ടു തൂക്കിക്കൊന്നാലോ തോക്കിനെയും കയറിനെയും ആരെങ്കിലും വന്ദിക്കുമോ? മാത്രവുമല്ല, ഏതിന്റെയും പ്രതിമയും രൂപവുമുണ്ടാക്കി അതിനെ വണങ്ങുന്നതും ദിവ്യത്വം നല്കി ആരാധിക്കുന്നതും വിഗ്രഹാരാധനയാണെന്നു തിരുവചനം വെളിപ്പെടുത്തുന്നു — *"ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു; എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദർശക്കയും എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു"* (പുറ.20:4–6).

കർത്താവിനെ കൊല്ലുവാൻ അന്നത്തെ ഭരണാധികാരികളും മതമേലദ്ധ്യക്ഷന്മാരും തിരഞ്ഞെടുത്തതും തിരുവെഴുത്തിൽ മുന്നമേ പറഞ്ഞിട്ടുള്ളതുമായ ഒരു ഉപകരണം മാത്രമാണ് ക്രൂശ്. ക്രൂശു കർത്താവിന്റെ മരണത്തെയും, ത്യാഗത്തെയും മനുഷ്യനോടുള്ള നിത്യസ്നേഹത്തെയും നിത്യരക്ഷയെയും പ്രദർശിപ്പിക്കുന്നുവെങ്കിലും അതിനെ വണങ്ങുന്നതും ദിവ്യത്വം നല്കുന്നതും വിഗ്രഹാരാധനയാണ്. കുരിശിനെയല്ല, കുരിശിൽ മരിച്ചു ഉയിർത്തെഴുന്നേറ്റു ഇന്നും ജീവിക്കുന്ന ക്രിസ്തുവിനെയാണ് ആത്മീകമായി ധരിക്കേണ്ടത്; ആരാധിക്കേണ്ടത്.

# വിശ്വാസിയും ആഭരണവും —

ആഭരണധാരണം ദൈവസഭയുടെ അടിസ്ഥാന ഉപദേശങ്ങളിൽ ഉൾപ്പെടുന്നില്ലെന്ന് പ്രത്യക്ഷത്തിൽ തോന്നിയേക്കാമെങ്കിലും, രക്ഷിക്കപ്പെട്ടവർ വേർപെടേണം എന്ന കല്പനയിൽ ലോകത്തോടു വേർപെടുന്നതിൽ ആഭരണവർജ്ജനവും ഉൾപ്പെടും.

ആഭരണം നീക്കിക്കളക എന്നു ദൈവം കല്പിക്കുന്നതായി പുറപ്പാടു. 33:1-5-ൽ കാണുന്നു. കടിഞ്ഞൂൽ സംഹാരത്തിലൂടെ ഫറവോന്റെ പിടിയിൽ നിന്നു വിടുതൽ ലഭിച്ച ദൈവജനം, മിസ്രയീമ്യരിൽ നിന്നു ചോദിച്ചു വാങ്ങിയ സമ്പത്തുമായി പുറപ്പെടുന്നു. ബലമുള്ള കൈ കൊണ്ടു ദൈവം അവരെ പുറപ്പെടുവിച്ചു. ദൈവജനമായ യിസ്രായേൽമക്കളെ ആക്രമിച്ചു കൊള്ളയിടുവാനും, കൊല ചെയ്യുവാനും പിൻതുടർന്ന മിസ്രയീമ്യസൈന്യത്തെ മുഴുവൻ ദൈവം ചെങ്കടലിൽ മുക്കിക്കൊന്നു. എന്നാൽ തന്റെ മക്കളെ അത്ഭുതകരമായി രക്ഷിച്ചു വഴിനടത്തി. തുടർന്നു മരുഭൂമിയിൽ വെച്ചു അവർ ദൈവത്തോടു പിറുപിറുത്തു, മത്സരിച്ചു. യിസ്രായേൽ മക്കൾ തങ്ങൾ മിസ്രയീമിൽ നിന്നും കൊണ്ടു പോയ ആഭരണങ്ങൾ ഉപയോഗിച്ച് ഹോരേബ് പർവ്വതത്തിന്റെ താഴ്വരയിൽ ഒരു കാളക്കുട്ടിയെ ഉണ്ടാക്കി ദൈവമായി ആരാധിച്ചു, ജീവനുള്ള സത്യദൈവത്തെ കോപിപ്പിച്ചു. ദൈവം ഇവരെ ശിക്ഷിക്കുവാൻ തുടങ്ങിയപ്പോൾ ദൈവപുരുഷനായ മോശെ ഇവരുടെ രക്ഷെക്കായി ദൈവസന്നിധിയിൽ വീണ്, അവർക്കായി വാദിച്ചു (പുറ.32:31).

മോശെയുടെ പ്രാർത്ഥന കേട്ട ദൈവം നൽകുന്ന കല്പനകൾ ശ്രദ്ധിക്കുക — **പുറ.33:3-6** :—"*വഴിയിൽ വെച്ചു ഞാൻ നിന്നെ നശിപ്പിക്കാതിരിക്കേണ്ടതിന്നു ഞാൻ നിന്റെ നടുവിൽ നടക്കയില്ല; നീ ദുശ്ശാഠ്യമുള്ള ജനം ആകുന്നു. ദോഷകരമായ ഈ വചനം കേട്ടപ്പോൾ ജനം ദുഃഖിച്ചു; ആരും തന്റെ ആഭരണം ധരിച്ചതുമില്ല. നിങ്ങൾ ദുശ്ശാഠ്യമുള്ള ജനം ആകുന്നു; ഞാൻ ഒരു നിമിഷനേരം നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചു കളയും; അതുകൊണ്ടു ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക എന്നിങ്ങനെ യിസ്രായേൽ മക്കളോടുപറക എന്നു യഹോവ മോശയോടു കല്പിച്ചിരുന്നു. അങ്ങനെ ഹോരേ*

*ബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല.''* ഈ ആഭരണവർജ്ജനം കേവലം താൽക്കാലികമായിരുന്നുവെന്നു ചിലർ വ്യാഖ്യാനിക്കുന്നു. എന്നാൽ തിരുവചനത്തിൽ ഇതിനു ഉപോദ്ബലകമായി യാതൊരു വാക്യങ്ങളും കാണുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

*"നിന്റെ ആഭരണം നീക്കിക്കളക"* (പുറ.33:5) എന്നു പഴയനിയമത്തിൽ ദൈവജനത്തോടു യഹോവയാം ദൈവം കല്പിച്ചു. ഈ കല്പനയ്ക്കു ശേഷം ആഭരണം ധരിക്കുവാൻ അനുവദിക്കുന്ന വാക്യങ്ങളൊന്നും പുതിയനിയമത്തിൽ ഇല്ല. ആഭരണം ധരിക്കാം എന്നു സ്ഥാപിക്കണമെങ്കിൽ യേശുക്രിസ്തുവിന്റെ ഉപദേശം, അപ്പൊസ്തലന്മാരുടെ പഠിപ്പിക്കൽ, ലേഖനങ്ങളിലെ ഉപദേശം ഇവയുടെയെല്ലാം അടിസ്ഥാനത്തിലാണ് ഒരു ഉപദേശരൂപത്തെ നാം അംഗീകരിക്കുന്നത്.

**(1) യേശുക്രിസ്തു എന്തു പഠിപ്പിച്ചു? —**

പുതിയനിയമത്തിലെ നാലു സുവിശേഷങ്ങളിലൂടെ നമ്മുടെ കർത്താവ് അനേക ആത്മീകസത്യങ്ങൾ തന്റെ അനുയായികളെ പഠിപ്പിച്ചു. അവ ഓരോന്നും ഇക്കാലത്തും പ്രസക്തമായിരിക്കുന്നു. ഇവയിലൊന്നും ആഭരണം വിശ്വാസി ധരിക്കുവാൻ അനുവദിക്കുന്ന വാക്യങ്ങളൊന്നുമില്ല. മാത്രവുമല്ല കർത്താവോ ശിഷ്യന്മാരോ പൊന്നോ, വെള്ളിയോ, മുത്തോ കൊണ്ടുള്ള ആഭരണങ്ങൾ ധരിച്ചിരുന്നതായും കാണുന്നില്ല. കർത്താവിന്റെ അന്ത്യകല്പനയെന്നത് സകല ജാതികളെയും ശിഷ്യരാക്കി സ്നാനപ്പെടുത്തുക (ഇംഗ്ലീഷിലും മൂലഭാഷയിലുമുള്ള പ്രയോഗം നോക്കുക) എന്നാണ്. രക്ഷിക്കപ്പെടുന്നവരെ സകലവിധ ലോകമാലിന്യങ്ങളോടും സ്നാനപ്പെടുത്തുക എന്നല്ല മറിച്ച് ശിഷ്യത്വത്തിന്റെ പാത അഭ്യസിപ്പിച്ചു സ്നാനപ്പെടുത്തുകയെന്നതാണ്.

**(2) അപ്പൊസ്തലിക പ്രായോഗികത? —**

കർത്താവിനെ പിൻപറ്റിയവരും കർത്താവിന്റെ ഉപദേശം കേട്ടവരുമായ അപ്പൊസ്തലന്മാർ അവരുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിയ കാര്യങ്ങളാണ് അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എന്ന പുസ്തകത്തിലുള്ളത്. അവിടെയും ആഭരണം ധരിക്കാൻ

അനുവദിക്കുന്ന ഒരു വചനവും ഇല്ല. ആദിമസഭയും, വിശ്വാസികളും ആഭരണം ധരിച്ചവരായിരുന്നു എന്നു തെളിയിക്കുന്ന ഭാഗങ്ങളും തിരുവചനത്തിൽ ഇല്ല.

**(3) ലേഖനങ്ങളിൽ അത് സംബന്ധമായ ഉപദേശമുണ്ടോ? —**

സുവിശേഷങ്ങളിൽ കർത്താവായ യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളും, അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിൽ പ്രായോഗിക കാര്യങ്ങളുടെ പ്രസക്തിയും കഴിഞ്ഞാൽ ഇരുപത്തൊന്ന് ലേഖനങ്ങളിൽ വിശ്വാസികൾ ആഭരണം ധരിക്കുവാൻ അനുവദിക്കുന്ന വചനങ്ങളുണ്ടോ എന്നു നോക്കണം. എന്നാൽ ലേഖനങ്ങളിൽ ആഭരണം ധരിക്കുവാൻ പ്രത്യക്ഷമോ പരോക്ഷമായോ ഒരു വചനം പോലുമില്ലെന്നതാണ് യാഥാർത്ഥ്യം.

ലോകക്കാർക്കു എന്തും ആകാം. എന്നാൽ വിശ്വാസികളായ നമുക്കു അനേക പരിമിതികളുണ്ട്. ലോകക്കാരെപ്പോലെ ജീവിക്കുവാനും ആഡംബരങ്ങളിൽ മുഴുകി ലോകത്തിനനുരൂപമായി ജീവിക്കുവാനും അനുവാദമില്ല. കർത്താവു തന്റെ സ്വന്തരക്തത്താൽ നമ്മെ വിലെക്കു വാങ്ങിയിരിക്കുകയാണ്. നമ്മുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണ്. അതിനെ ഈ ലോകത്തിലെ പൊന്നോ, വെള്ളിയോ, റോൾഡ്ഗോൾഡോ, മുത്തോ, പളുങ്കോ, പ്ലാസ്റ്റിക്കോ, ചെമ്പോ, ലോഹങ്ങളോ കൊണ്ടു അലങ്കരിക്കേണ്ട ആവശ്യമില്ല. ആഭരണം ധരിക്കാം, മിതമായി ധരിക്കാം, ധരിക്കുന്നതിൽ തെറ്റില്ല, വചനവിരുദ്ധമല്ല, കേരളത്തിൽ മാത്രമേ നിബന്ധനയുള്ളു, തമിഴ്നാട്ടിലും കേരളത്തിനു പുറത്തും പ്രവർത്തിച്ച ആരംഭകാലപ്രവർത്തകർ ആഭരണധാരണത്തെ എതിർത്തില്ല എന്നൊക്കെ പറഞ്ഞു കൊണ്ടുള്ള അഭിപ്രായങ്ങൾ അന്ത്യകാലത്തു ഉയർന്നു വരാം. ഇപ്രകാരമുള്ള ഭൂരിപക്ഷാഭിപ്രായമല്ല ദൈവത്തിനും ദൈവജനത്തിനും സ്വീകാര്യമായത് എന്ന കാര്യം നാം എപ്പോഴും ഓർക്കണം. ആഭരണധാരണം വിശ്വാസിക്കു ഒരു കാരണവശാലും അനുകരിക്കുവാൻ കൊള്ളാവുന്ന മാതൃകയല്ല. വിശ്വാസികളുടെ ജീവിതത്തിനു കളങ്കം ചാർത്തുന്നതും, വേർപാടിനെ നാമ്പോടെ പിഴുതുകളയുന്നതുമായ ആഭരണധാരണത്തിൽ നിന്നു അകന്നു ജീവിക്കണം.

# വിശ്വാസിയും വസ്ത്രധാരണവും

വിശ്വാസികളുടെ വസ്ത്രധാരണം ലളിതവും മാന്യവും ആയിരിക്കണം. ലോകത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചു അതു മോടിപിടിപ്പിക്കുവാനും, വികൃതമാക്കുവാനും പാടില്ല. പുരുഷന്റെ വസ്ത്രം സ്ത്രീയോ, സ്ത്രീയുടെ വസ്ത്രം പുരുഷനോ ധരിക്കുന്നത് ദൈവവചനം വിലക്കിയിരിക്കുന്നു. വിശ്വാസികൾ യോഗ്യമായ വിധത്തിലുള്ള വസ്ത്രങ്ങളാണ് ധരിക്കേണ്ടത്.

## എന്താണ് യോഗ്യമായ വസ്ത്രധാരണം?

വിശ്വാസികളായവർ വിശേഷാൽ സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിക്കണം. 1.തിമൊ.2:9,10 — *"അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്നു, മുത്തു, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടതു."*

എന്താണ് യോഗ്യമായ വസ്ത്രധാരണം? യോഗ്യമായ എന്നതിനു modest എന്നാണ് ഇംഗ്ലീഷിൽ ഉപയോഗിച്ചിരിക്കുന്നത്. ഒതുക്കമുള്ള, വിനീതമായ, ലളിതമായ എന്നൊക്കെ അർത്ഥം. ഇതിൽ നിന്നു തന്നെ യോഗ്യമായ വസ്ത്രം ഏതെന്നു വേഗത്തിൽ ഗ്രഹിക്കാം. എന്നാൽ നമുക്കു ചുറ്റും ലോകത്തിലേക്കു നോക്കുന്നതിനു പകരം ഇന്നത്തെ വിശ്വാസികളെത്തന്നെ പരിശോധനയ്ക്കു വിധേയമാക്കാം. ഏറിയപങ്കും ലോകത്തിനനുരൂപരായി ജീവിക്കുന്നു. എന്നാൽ അല്പം എന്നു വെച്ചാൽ തുലോം കുറച്ചു വിശ്വാസികൾ യോഗ്യമായ വസ്ത്രങ്ങൾ ധരിച്ചു ദൈവരാജ്യത്തിന്റെ സന്തതികളായി ജീവിക്കുന്നു എന്നത് അഭിനന്ദനം അർഹിക്കുന്നു. അവരെയോർത്തു ദൈവത്തെ സ്തുതിക്കുന്നു. കിട്ടാവുന്നതിൽ ഏറ്റവും വിലകൂടിയവ എന്നതിനു പുറമേ, കണ്ണഞ്ചിപ്പിക്കുന്ന നിറങ്ങൾ (വെളിപ്പാടു പുസ്തകത്തിലെ മഹതിയാം ബാബിലോണിനെ വെല്ലുന്ന - വെളി.17:4), കസവും മുത്തും ചേർന്ന പട്ടു സാരികൾ. ബ്ലൗസുകളാകട്ടെ അളവിൽ ഏറെ മിച്ചം പിടിച്ചു സമ്പാദിക്കുന്നവർ!! മാത്രമോ

ആണിനെയും പെണ്ണിനെയും തിരിച്ചറിയുവാൻ കഴിയാത്ത വിധത്തിലുള്ള വേഷങ്ങൾ!! ലോകക്കാരെയും ഇവരെയും കണ്ടാൽ ഒരു പോലെ. ഒരുവ്യത്യാസവുമില്ല. രക്ഷിക്കപ്പെട്ടവരെങ്കിലും ജീവിതത്തിൽ ആത്മീകത പ്രാവർത്തികമാക്കാത്തവർ. തിരുവചനം അവരോടു പറയുന്ന പ്രബോധനം എന്ത് ? കനാനിലേക്കു യാത്ര ചെയ്യുന്ന ദൈവജനത്തിനു ദൈവം നല്കുന്ന താക്കീത് എന്ത്?

**ലേവ്യ.18:1–3** — *"യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: നീ യിസ്രായേൽ മക്കളോടു പറയേണ്ടതെന്തെന്നാൽ : ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു; നിങ്ങൾ പാർത്തിരുന്ന മിസ്രയീം ദേശത്തിലെ നടപ്പുപോലെ നിങ്ങൾ നടക്കരുതു; ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന കനാൻ ദേശത്തിലെ നടപ്പുപോലെയും അരുതു; അവരുടെ മര്യാദ ആചരിക്കരുത്."*

**ആവ.22:5** — *''പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുതു; അങ്ങനെ ചെയ്യുന്നവരൊക്കെയും നിന്റെ ദൈവമായ യഹോവെക്കു വെറുപ്പു ആകുന്നു."*

## മാതാപിതാക്കന്മാർ കുഞ്ഞുങ്ങളുടെ വസ്ത്രധാരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ —

വിശ്വാസികളുടെ മക്കൾ അവർ ആണാകട്ടെ പെണ്ണാകട്ടെ അവരുടെ വസ്ത്രധാരണത്തിലും ഒരുക്കങ്ങളിലും മാതാപിതാക്കൾ ഏറെ ശ്രദ്ധിക്കേണ്ട ദുഷിച്ച കാലഘട്ടമാണിത്. മുടിയുടെയും മൂടുപടത്തിന്റെയും കാര്യം അവരെ വ്യക്തമായി പഠിപ്പിക്കണം.

### (1) കുഞ്ഞുങ്ങളുടെ വസ്ത്രധാരണം —

കുഞ്ഞുങ്ങളെ യോഗ്യമായ അഥവാ മാന്യമായ വസ്ത്രം ധരിപ്പിക്കുവാൻ വിശ്വാസികളായ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. വസ്ത്രധാരണത്തിൽ വേർപെട്ട ജീവിത്തിൽ പിടിച്ചുകൊള്ളേണ്ട സത്യങ്ങൾ നമ്മുടെ കുഞ്ഞുങ്ങളെ ചെറുപ്രായത്തിൽ തന്നേ അഭ്യസിപ്പിക്കണം. അങ്ങനെയെങ്കിൽ അവർ വളർന്നു വരുമ്പോൾ തിരുവചനപ്രകാരം മാതൃകയുള്ള സാക്ഷ്യമുള്ള കുഞ്ഞുങ്ങളായി വളർന്നു വരും. മുടിയുടെയും മൂടുപടത്തിന്റെയും കാര്യം അവരെ വ്യക്തമായി ചെറുപ്രായത്തിലേ പഠിപ്പിക്കണം. ആൺമക്കൾ മുടി

നീട്ടി വളർത്തുവാനോ, പെൺമക്കൾ മുടി മുറിച്ചു കളയുവാനോ ദൈവവചനം അനുവദിക്കുന്നില്ല (1.കൊരി.11:13-15).

## (2) ആൺമക്കളുടെ വസ്ത്രധാരണവും അവരുടെ അനുകരണങ്ങളും —

ആൺമക്കൾ വളർന്നു വരുമ്പോൾ അവർ ലോകത്തിലെ കൂട്ടുകാരെയും കർത്താവിനെ അറിയാത്ത അവരുടെ സുഹൃത്തുക്കളെയും നോക്കി ചില കാര്യങ്ങൾ അനുകരിക്കാനിടയുണ്ട്. വിശ്വാസിക്കു യോഗ്യമായ വസ്ത്രം ആയിരിക്കണം അവർ ധരിക്കേണ്ടത്. ഇക്കാലങ്ങളിൽ ആൺകുട്ടികൾ താടി വിരൂപപ്പെടുത്തി ജപ്പാൻതാടി, ഫ്രഞ്ചുതാടി എന്നിവയിൽ ഭ്രമം വർദ്ധിക്കുന്നു. ഇപ്രകാരമുള്ള പ്രാകൃത അനുകരണങ്ങൾ ദൈവവചനം വിലക്കിയിരിക്കുന്നു (ലേവ്യ.19:26,27).

## (3) പെൺമക്കളുടെ വസ്ത്രധാരണവും അവരുടെ അനുകരണങ്ങളും —

യൗവ്വനക്കാരായ നമ്മുടെ പെൺമക്കളെ വിശ്വാസികൾക്കു യോഗ്യമായ വസ്ത്രങ്ങൾ ധരിപ്പിക്കുവാൻ മാതാപിതാക്കന്മാർ അഭ്യസിപ്പിക്കണം. സഭായോഗങ്ങളിലും ആത്മീയകൂടിവരവുകളിലും സ്ത്രീകൾ തലയിൽ മൂടുപടം ഇടണം. പ്രാർത്ഥിക്കാം എന്നുള്ള ആഹ്വാനം കേൾക്കുന്ന മാത്രയിൽ തന്നെ തലയിൽ മൂടുപടം ഇടുവാനുള്ള ശീലം പെൺകുഞ്ഞുങ്ങളിൽ വളർത്തിയെടുക്കേണ്ട ചുമതല മാതാപിതാക്കൾക്കുണ്ട്. ഏതു സന്ദർഭത്തിലും തലയിലിടുവാനുപയുക്തമായ ഒരു വസ്ത്രഭാഗം (ഷാൾ) രക്ഷിക്കപ്പെട്ട പെൺകുട്ടികളുടെ വസ്ത്രത്തിലുണ്ടായിരിക്കണം. മാത്രവുമല്ല ഷാൾ ധരിക്കുന്നതിന്റെ ഉപയോഗവും അമ്മമാർ മക്കളെ പറഞ്ഞു മനസ്സിലാക്കിയിരിക്കണം.

ലോകത്തിന്റെ ഫാഷൻ അനുസരിച്ചു തലമുടി മുറിച്ചുകളവാനോ, ക്രോപ്പു ചെയ്യുവാനോ ദൈവവചനം അനുവദിക്കുന്നില്ല. ദൈവം അവർക്കു നല്കിയിരിക്കുന്ന മുടി യോഗ്യമായി ഒതുക്കി ചീകി കെട്ടി വെക്കണം. മുടി അഴിച്ചിട്ട് പാറിപ്പറത്തിയുള്ള പ്രവണതയും നല്ലതല്ല. ബ്യൂട്ടിപാർലറുകാർക്ക് ആയിരങ്ങൾ നല്കി തല

മുടി സ്ട്രെയിറ്റാക്കുക, ചുരുട്ടി എടുക്കുക, ചെമ്പിപ്പിക്കുക എന്നിവ ഒഴിവാക്കണം. ദൈവം തന്നിരിക്കുന്ന ധനം ബ്യൂട്ടിപാർലറുകാർക്കു കൊടുക്കാനുള്ളതല്ലെന്ന കാര്യം പെൺകുഞ്ഞുങ്ങളെ മനസ്സിലാക്കി ധനത്തിന്റെ കാര്യവിചാരകത്വം അവരെ ചെറുപ്പത്തിലേ പഠിപ്പിക്കണം. ദൈവം നല്കിയ സമ്പത്ത് ഇപ്രകാരം ലോകാഡംബരങ്ങൾക്കു വ്യയം ചെയ്യുവാൻ പാടില്ലെന്നും, ദൈവത്തിനും ദൈവികകാര്യങ്ങൾക്കും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും നമ്മുടെ ധനം ചിലവാക്കി സ്വർഗ്ഗത്തിൽ നിക്ഷേപം കരുതുവാൻ അവരെ പഠിപ്പിക്കണം (മത്താ.6:20). ദൈവം നല്കിയ ധനം കപ്പൽക്കാർക്കു കൂലിയായി കൊടുത്തു തർശീശിലേക്കു ഓടിപ്പോയ യോനാപ്രവാചകന്റെ പ്രവൃത്തി വിശ്വാസി ഒരിക്കലും മാതൃകയാക്കരുത്.

## (4) വിവാഹവേളയിലെ വസ്ത്രധാരണം —

വിവാഹവേളയിലെ വസ്ത്രങ്ങളും ഒരുക്കങ്ങളും വിശ്വാസികൾക്കു യോഗ്യമായതായിരിക്കണം. കടും നിറങ്ങൾ, കണ്ണഞ്ചിപ്പിക്കുന്ന തരത്തിലുള്ളതും മുത്തുകളും കശവുകളും ഉള്ള വസ്ത്രങ്ങൾ ഒഴിവാക്കണം. മൂടുപടം തലയുടെ മുകൾ പകുതി മാത്രം മറയ്ക്കുന്ന പ്രവണത ഒഴിവാക്കി യോഗ്യമായ രീതിയിൽ മറയ്ക്കണം. ഗൗണും, പെറ്റിക്കോട്ടും, നിലത്തിഴയുന്ന വസ്ത്രങ്ങളും, കൈയ്യുറകളും ധരിച്ച്, ചുണ്ടുകളിൽ ലിപ്സ്റ്റിക്കും വിരലുകളിൽ ക്യൂട്ടക്സും പുരട്ടി ബ്യൂട്ടിപാർലുറുകാരുടെയും വീഡിയോക്കാരുടെയും നിയന്ത്രണത്തിൽ വിശ്വാസികളുടെ പെൺമക്കൾ വിവാഹസ്റ്റേജിലേക്കു മാർച്ചു ചെയ്യുന്നത് കാണുന്നത് ഏറ്റവും ദുഃഖകരമായ അവസ്ഥയാണ്.

ലോകമയമായ വേഷവിതാനങ്ങളും ഫാഷനുകളും വിശ്വാസി അനുകരിക്കുവാൻ പാടില്ല. ലോകക്കാരുടെയും മറ്റു സമുദായക്കാരുടെയും മുമ്പിൽ വേർപാടു സമൂഹത്തെ ഒന്നടങ്കം അപമാനിക്കുന്ന പ്രവണത വേർപെട്ട കുടുംബങ്ങളിൽ ഉണ്ടാകുന്നത് ഏറ്റവും ദുഃഖകരമാണ്. വിവാഹവേളയിൽ യോഗ്യമായ വസ്ത്രം ധരിക്കുകയാണ് വേണ്ടത്. അതിനായി മാതാപിതാക്കളും സഭാശുശ്രൂഷകരും ഏറെ ശ്രദ്ധ വെയ്ക്കണം.

## സ്ത്രീകളുടെ മുടിയും മൂടുപടവും —

സ്ത്രീയും പുരുഷനും ക്രിസ്തുവിൽ ഒന്നാണെങ്കിലും (ഗലാ.3:28) സ്ത്രീ പുരുഷനു കീഴടങ്ങിയിരിക്കണം (എഫെ.5:22-24). സഭായോഗങ്ങളിൽ സ്ത്രീകൾ ഉപദേശിക്കുവാനോ, പ്രസംഗിക്കുവാനോ, സംശയചോദ്യങ്ങൾ ഉന്നയിക്കുവാനോ, നേതൃത്വം വഹിക്കുവാനോ പാടില്ലെന്നും തിരുവചനം വ്യക്തമാക്കുന്നു (1.കൊരി.14;34,35/1.കൊരി.11:3/1.തിമൊ.2:11-14). കൂടാതെ വിശ്വാസികളായ സ്ത്രീപുരുഷന്മാർ അവരുടെ മുടിയുടെയും മൂടുപടത്തിന്റെയും കാര്യത്തിൽ പാലിക്കേണ്ട ചില നിർദ്ദേശങ്ങളും തിരുവചനഭാഗങ്ങളിൽ കാണുന്നു (1.കൊരി.11:3-16). വിശ്വാസികളായ സ്ത്രീകൾ പ്രാർത്ഥനാവേളകളിലും ദൈവത്തെ ആരാധിക്കുമ്പോഴും ആത്മീക കൂടിവരവുകളിലും തലയിൽ മൂടുപടം ധരിച്ചിരിക്കണം. മാത്രവുമല്ല മുടി മുറിച്ചുകളയുവാനും ദൈവവചനം അനുവദിക്കുന്നില്ല.

*"എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു. മൂടുപടം ഇട്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അപമാനിക്കുന്നു. മൂടുപടമില്ലാതെ പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു; അതു അവൾ ക്ഷൗരം ചെയ്യിച്ചതുപോലെയല്ലോ."* **(1.കൊരി.11:3,4,5)**.

ശിരസ്സ് അഥവാ തല മാത്രം മറെക്കുന്ന വസ്ത്രത്തെയാണ് ഇവിടെ മൂടുപടം എന്നു പറയുന്നത്. പുരാതനകാലത്തു യഹൂദാസ്ത്രീകൾ ഇത്തരത്തിലുള്ള മൂടുപടം ധരിച്ചിരുന്നു (ഉല്പ.24:65). മൂടുപടം അവളുടെ മാന്യത, അഭിമാനം, ശ്രേഷ്ഠത, കുലീനത, താഴ്മ എന്നിവയെ പ്രദർശിപ്പിക്കുന്നു. മൂടുപടം നീക്കുകയെന്നത് അക്കാലത്തു സ്ത്രീയെ അപമാനിക്കുന്നതിനു തുല്യമായിരുന്നു (ഉ.ഗീ.5:7). പുരാതനകാലങ്ങളിൽ അസന്മാർഗ്ഗിക പ്രവർത്തനങ്ങളിൽ പിടിക്കപ്പെട്ട സ്ത്രീകളുടെ മൂടുപടം നീക്കി, ശിരസ്സ് മുണ്ഡനം ചെയ്തിരുന്നു. പുതിയനിയമ വിശ്വാസികളോടു അപ്പൊസ്തലൻ പറയുന്നു:, സ്ത്രീകൾ പ്രാർത്ഥിക്കുമ്പോഴും, സഭായോഗങ്ങളിൽ കൂടിവരുമ്പോഴും ശിരോവസ്ത്രം അഥവാ മൂടുപടം ധരിക്കണം. സ്ത്രീ മൂടുപടം ധരിക്കുമ്പോൾ അവൾ തന്റെ തലയെ മാനിക്കുക അഥവാ അംഗീകരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ പുരുഷന്മാർ മൂടുപടം

ധരിക്കുവാൻ പാടില്ല. മൂടുപടം ധരിക്കുന്ന ഒരുവൻ തന്റെ തലയായ ക്രിസ്തുവിനെ അപമാനിക്കുകയാണെന്നു അപ്പൊസ്തലൻ പറയുന്നു. ഇക്കാലത്ത് ചില വിശ്വാസികളുടെ കൂടിവരവുകളിൽത്തന്നെയും സ്ത്രീകൾ തല മൂടാതിരിക്കുന്നതു കാണാം. ഇവയൊക്കെ തലയെ അപമാനിക്കലും ദൈവവചനവിരുദ്ധവുമാണ്.

> *"ആകയാൽ സ്ത്രീക്കു ദൂതന്മാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കേണം"* (1.കൊരി.11:10).

*"സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു. പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽനിന്നത്രേ ഉണ്ടായതു. പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷന്നായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടതു"* (1.കൊരി.11: 8,9) എന്നു പറഞ്ഞിട്ടാണ് ദൂതന്മാർ നിമിത്തം സ്ത്രീക്കു മൂടുപടത്തിന്റെ ആവശ്യകതയെ കുറിക്കുന്ന കാര്യം പൗലൊസ് വ്യക്തമാക്കുന്നത്. സ്ത്രീ മൂടുപടം ഇടുക എന്നത് സൃഷ്ടിയോടുള്ള ബന്ധത്തിൽ ദൈവീകകാര്യപരിപാടിയിലുൾപ്പെട്ടതും സ്ത്രീ പുരുഷന്റെ അധീനതയിലാണെന്നു വെളിപ്പെടുത്തുന്നതുമാണ്. അതായത് സ്ത്രീ മൂടുപടം ധരിക്കുമ്പോൾ തന്റെ തലയായ പുരുഷനെ മാനിക്കുന്നു എന്നതാണ് സൃഷ്ടിയിലൂടെ വ്യക്തമാക്കപ്പെടുന്നത്. ദൈവത്തെ ബഹുമാനിക്കാതെ തങ്ങളുടെ ശക്തിയിലും അധികാരത്തിലും അഹങ്കരിച്ചതിനാലാണ് സാത്താന്യ ദൂതന്മാർ സ്വർഗ്ഗത്തിൽ നിന്നു വീഴുവാനിടയായത്. എന്നാൽ വിശുദ്ധദൂതന്മാർ അധികാരവും ശക്തിയും ഉള്ളവരാണെങ്കിൽക്കൂടി ദൈവത്തെ മാനിക്കുകയും ദൈവത്തിനു കീഴ്പ്പെടുകയും ചെയ്യുന്നു. മനുഷ്യന്റെ സേവകാത്മാക്കളായ ദൂതന്മാർ ദൈവഹിതമനുസരിച്ചു പ്രവർത്തിക്കുന്നുവെങ്കിൽ ദൈവത്തിന്റെ ഉന്നതസൃഷ്ടിയായ മനുഷ്യൻ ദൈവഹിതം പാലിക്കുന്നുണ്ടോ എന്നു ദൂതന്മാർ ശ്രദ്ധിക്കുന്നുണ്ടാകാം. അതുകൊണ്ടാണ് പൗലൊസ് അപ്പൊസ്തലൻ പറയുന്നത്*"ആകയാൽ സ്ത്രീക്കു ദൂതന്മാർനിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കേണം."*അതായത് അവർ സൃഷ്ടിയിലെ നിയമം പാലിക്കണം.

> *"സ്ത്രീ മൂടുപടം ഇടുന്നില്ലെങ്കിൽ മുടി കത്രിച്ചുകളയട്ടെ. കത്രിക്കുന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്കു ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ. സ്ത്രീ മൂടുപടം ഇടാതെ ദൈവത്തോടു പ്രാർത്ഥിക്കുന്നതു യോഗ്യമോ? പുരുഷൻ മുടി നീട്ടിയാൽ*

*അതു അവന്നു അപമാനം എന്നും സ്ത്രീ മുടി നീട്ടിയാലോ അതു മൂടുപടത്തിന്നുപകരം* (for a covering )*നൽകിയിരിക്കകൊണ്ടു അവൾക്കു മാനം ആകുന്നു എന്നും പ്രകൃതിതന്നേ നിങ്ങളെ പഠിപ്പിക്കുന്നില്ലയോ?"***(1.കൊരി.11:6,13,14,15)**

മുടി കത്രിച്ചുകളയട്ടെ, കത്രിക്കുന്നതോ ക്ഷൗരം ചെയ്യുന്നതോ അവൾക്കു ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ എന്നുള്ള വാക്യം അനുവാദമല്ല മറിച്ചു ഹാസ്യരീതിയിൽ പറയുന്നതാണ്. പുരുഷന്മാരെപ്പോലെ മുടി കത്രിക്കുന്നതും, അനാശാസ്യ നടപടിയാൽ പിടിക്കപ്പെട്ടവളെപ്പോലെ മുടി ക്ഷൗരം ചെയ്യാനിടയാകുന്നതും ലജ്ജ ഉളവാക്കുന്നുവെങ്കിൽ മൂടുപടം ഇടട്ടെ എന്നാണർത്ഥം. *"മുടി നീട്ടിയാലോ അതു മൂടുപടത്തിനു പകരം* (for a covering) *നൽകിയിരിക്കകൊണ്ടു"* എന്നുള്ള പ്രസ്താവനയും മൂടുപടം ധരിക്കേണ്ടാ എന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. സഭായോഗങ്ങളിലോ പ്രാർത്ഥനായോഗങ്ങളിലോ സ്ത്രീ മൂടുപടം ധരിക്കേണം. അല്ലാതെയുള്ള സമയങ്ങളിൽ നീട്ടിയമുടി അവളുടെ കീഴ്പെടലിന്റെ പ്രദർശനമെന്ന നിലയിൽ പ്രകൃതി തന്നെ വിളിച്ചറിയിക്കുന്നു എന്നാണിതിന്റെ ധ്വനി. സ്ത്രീ മൂടുപടമില്ലാതെ സഭായോഗങ്ങളിലോ, ഏതെങ്കിലും ആത്മികയോഗങ്ങളിലോ, പ്രാർത്ഥനാവേളകളിലോ പങ്കെടുക്കുന്നതും യോഗ്യമല്ല, മാത്രവുമല്ല അത് വചനവിരുദ്ധവുമാണ്.

സ്ത്രീകൾ തലയിൽ തുണിയിടാതെ പുരുഷന്മാരെപ്പോലെ ഇരു കരങ്ങളും ഉയർത്തി പ്രാർത്ഥിക്കുന്ന പ്രവണത ദൃശ്യമാദ്ധ്യമങ്ങളിലെന്നപോലെ ചില സഭാകൂടിവരവുകളിലും കണ്ടുവരുന്നു. ഇതു അനുകരണീയമല്ലെന്നു മാത്രമല്ല ദൈവവചനവിരുദ്ധവുമാണ്. കാരണം സ്ത്രീകൾ തല മൂടാതെ പ്രാർത്ഥിക്കുവാനോ, പ്രബോധിപ്പിക്കുവാനോ, ദൈവവചനം അനുവദിക്കുന്നില്ല. കൈകൾ ഉയർത്തി പ്രാർത്ഥിക്കുവാൻ സ്ത്രീകളോടല്ല, പുരുഷന്മാരോടാണ് പറഞ്ഞിരിക്കുന്നത്.

**1.തിമോ.2:8–15 –** *"ആകയാൽ പുരുഷന്മാർ എല്ലാടത്തും കോപവും വാഗ്വാദവും വിട്ടകന്നു വിശുദ്ധകൈകളെ ഉയർത്തി പ്രാർത്ഥിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കേണം ...........രക്ഷ പ്രാപിക്കും."*

# പുരുഷന്മാരുടെ തൊപ്പി —

ചില ക്രൈസ്തവസഭകളിൽ പൗരോഹിത്യശുശ്രൂഷ നടത്തുന്ന പുരോഹിതന്മാർ തങ്ങളുടെ ശുശ്രൂഷാവേളകളിൽ തല തൊപ്പികൊണ്ടോ, തുണികൊണ്ടോ മൂടിയിരിക്കുന്നതായും കാണുന്നുണ്ട്. യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിനു മുമ്പായുള്ള വിസ്താരവേളയിൽ മഹാപുരോഹിതൻ തന്റെ പുരോഹിതവസ്ത്രം കീറിയതിനാൽ പൗരോഹിത്യത്തെപ്പറ്റിയുള്ള ദൈവീകപ്രമാണം ലംഘിക്കപ്പെടുകയുണ്ടായി. തന്നിമിത്തം പൗരോഹിത്യത്തിനു എന്നെന്നേക്കും മാറ്റമുണ്ടായി (മത്താ.26:65/ലേവ്യാ.21:10). അക്കാരണത്താൽ പുരോഹിതവേഷം കെട്ടലുതന്നെ ദൈവവചനവിരുദ്ധമായിരിക്കുന്നു. ഇതിനുപുറമേയാണ് തലയിൽ വിവിധ നിറങ്ങളിലുള്ള തൊപ്പിയും വെച്ചുള്ള അരങ്ങേറ്റം. ഇപ്രകാരമുള്ള ഇവരുടെ അനുകരണം ചില പ്രത്യേക കാരണങ്ങളാൽ മോശെ തന്റെ തല മൂടിയതിനെ അടിസ്ഥാനപ്പെടുത്തിയാണ്.

സീനായ് പർവ്വതത്തിൽ നിന്നിറങ്ങിവന്ന മോശെ തന്റെ തല മൂടുപടമിട്ടു മറച്ചിരുന്നതനുകരിച്ചു ചില യഹൂദപുരുഷന്മാർ മൂടുപടം പിൽക്കാലത്തു ധരിച്ചിരുന്നു. ദൈവസന്നിധിയിൽ നിന്നിറങ്ങിവന്ന മോശെയുടെ ത്വക്കു പ്രകാശിക്കുന്നതു കണ്ട അഹരോനും ജനത്തിന്റെ പ്രമാണികളും മോശെയുടെ അടുക്കലേക്കു ചെല്ലുവാൻ ഭയപ്പെട്ട സന്ദർഭത്തിലായിരുന്നു മോശെ മൂടുപടമിട്ടത്. എന്നാൽ ദൈവസന്നിധിയിൽ ചെന്നപ്പോൾ മോശെ മൂടുപടം മാറ്റിയിരുന്നു.
**പുറ.34:34** —*"മോശെ യഹോവയോടു സംസാരിക്കേണ്ടതിന്നു അവന്റെ സന്നിധാനത്തിൽ കടക്കുമ്പോൾ പുറത്തു വരുവോളം മൂടുപടം നീക്കിയിരിക്കും."*
പൗലൊസ് കൊരിന്ത്യലേഖനത്തിൽ ഇതേപ്പറ്റി പരാമർശിക്കുന്നു.
**2.കൊരി.3:13** — *"യിസ്രായേൽ മക്കൾ കാണാതവണ്ണം മോശെ തന്റെ മുഖത്തു മൂടുപടം ഇട്ടതുപോലെ അല്ല."*

സ്ത്രീ തലമുടി കത്രിച്ചു കളയുവാനോ, മൂടുപടം ധരിക്കാതിരിക്കുവാനോ, പുരുഷൻ മുടിനീട്ടിവളർത്തുവാനോ, മൂടുപടം ധരിക്കുവാനോ ദൈവവചനം അനുവദിക്കുന്നില്ല. എന്നാൽ ഇവയൊക്കെ ആത്മികകാഴ്ചപ്പാടില്ലാത്ത സമുദായക്കാർ ഫാഷൻ എന്നവണ്ണം ചെയ്യുന്നത് ഇക്കാലങ്ങളിൽ വിശ്വാസികളും അനുകരിച്ചു കാണുന്നത് മഹാ കഷ്ടം തന്നെ.

(DOCTRINAL TRUTHS *by Samson Henry, Kollam*)

> *"പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതല്ല. സ്ത്രീയോ പുരുഷന്റെ തേജസ്സാകുന്നു. പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽ നിന്നത്രേ ഉണ്ടായതു. പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷന്നായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടതു."* **(1.കൊരി.11:7,8,9).**

സൃഷ്ടിയിൽ സ്ത്രീ പുരുഷനിൽ നിന്നെടുക്കുക മാത്രമല്ല പുരുഷന്നായിട്ടുമാണ് സൃഷ്ടിക്കപ്പെട്ടത്. തേജസ്സിന്റെ കാര്യത്തിൽ സ്ത്രീ പുരുഷന്റെ തേജസ്സും, പുരുഷൻ ദൈവത്തിന്റെ തേജസ്സുമാണ്. (ഉല്പ.2:18–25). പുരുഷൻ മൂടുപടം ധരിച്ചു ദൈവസന്നിധിയിൽ വരികയെന്നത് തന്റെ തേജസ്സായ ദൈവത്തെ മറെക്കുകയും അപമാനിക്കുകയുമാണ്. സ്ത്രീയുടെ ശിരസ്സു പുരുഷനും പുരുഷന്റെ ശിരസ്സ് ക്രിസ്തുവുമാകയാൽ സ്ത്രീ തന്റെ അധീനതാലക്ഷ്യത്തിന്റെ അടയാളമായി മൂടുപടം ധരിക്കണം.

## വിശ്വാസികളായ പുരുഷന്മാരുടെ മുടിയും ഫ്രഞ്ചുതാടിയും —

വിശ്വാസികളായ പുരുഷന്മാർ മറ്റുള്ളവരോടുള്ള സംസാരത്തിലും പെരുമാറ്റത്തിലും ദൈവമക്കൾ എന്ന നിലയിൽ ക്രിസ്തുവിനെ മാതൃകയാക്കണം. വിശ്വാസികൾക്കു യോജ്യമായ വസ്ത്രങ്ങളാണ് ധരിക്കേണ്ട്. രൂപത്തിലും ഭാവത്തിലും മാത്രമല്ല അവർ തങ്ങളുടെ മുടിയുടെയും താടിയുടെയും കാര്യത്തിലും വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. പുരുഷന്മാർ മുടി നീട്ടി വളർത്തുവാനോ, ദൈവത്തെ ആരാധിക്കുന്ന വേളയിൽ തലയിൽ മൂടുപടമോ തൊപ്പിയോ ധരിക്കുവാനോ പാടില്ല.

ഇക്കാലത്തു യൗവ്വനക്കാരായ വിശ്വാസികളിലും, ചില സഭാശുശ്രൂഷകരിലും കാണപ്പെടുന്ന ഏറ്റവും നിന്ദ്യവും പ്രാകൃതവുമായ ഒരു അനുകരണമാണ് ജപ്പാൻ താടി, ഫ്രഞ്ചുതാടി എന്ന പേരിലുള്ള താടിയുടെ രൂപപ്പെടുത്തൽ. ലോകക്കാരെയും, രാഷ്ട്രീയക്കാരെയും, സിനിമാതാരങ്ങളെയും വിശ്വാസി അന്ധമായി അനുകരിക്കുന്നുതിനെ ഇതു വ്യക്തമാക്കുന്നു.

വിശ്വാസികൾ പുരോഹിതവർഗ്ഗമാണെന്നു ദൈവവചനം പ്രഖ്യാപിക്കുന്നു. രക്ഷിക്കപ്പെട്ട ഓരോ ദൈവപൈതലും പുരോഹിതനാണ്. ഏതെങ്കിലും ഒരു ഹൈന്ദവക്ഷേത്രത്തിൽ താടി രൂപപ്പെടുത്തി ഫ്രഞ്ചുതാടിയുമായി ഒരു പൂജാരിയും പൂജ നടത്തിയതായി കേട്ടിട്ടില്ല. എങ്കിൽ ജീവനുള്ള ദൈവത്തിന്റെ പൗരോഹിത്യ ശുശ്രൂഷയിൽ പങ്കുകാരാകുന്നവർ എത്രമാത്രം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പുരുഷന്മാർ താടി വളർത്തുന്നതിനെ ദൈവവചനം വിലക്കുന്നില്ല. എന്നാൽ താടി രൂപപ്പെടുത്തി നായ്ക്കളുടെ താടി പോലെയും തലയിൽ ചുറ്റും വരകളിട്ടു വിരൂപപ്പെടുത്തുന്നതും ദൈവവചനം അനുവദിക്കുന്നില്ല (ലേവ്യ.19:26,27). താടിയുടെ വികൃതമായ രൂപപ്പെടുത്തലും തലയിലെ വരകളും ഇന്നു ഒരു ഫാഷനായിത്തീർന്നിരിക്കുന്നു. കൂടാതെ താടിയുടെയും ചുണ്ടിന്റെയും മദ്ധ്യേ ഒരു പാറ്റായെ പിടിച്ചുവെച്ചിരുക്കുന്നപോലെയുള്ള രൂപപ്പെടുത്തലും മുടി മേലോട്ടു വളർത്തുന്നതും ഏതു സമയവും രണ്ടുകൈകൾ കൊണ്ടു മുടി മേലോട്ടു ഉയർത്തുന്നതും ഒരു അനുകരണമായിത്തീർന്നിരിക്കുന്നു. രക്ഷിക്കപ്പെട്ടു ലോകത്തോടു വേർപെട്ട വിശ്വാസികൾ ഇതൊന്നും അനുകരിക്കരുത്.

ദൃശ്യമാദ്ധ്യമങ്ങളിൽ ഇക്കൂട്ടർ തിരുവചനവുമായി നില്ക്കുന്നതു കണ്ടിട്ടുണ്ട്. അയ്യോ കഷ്ടം!!! ലോകത്തോട് വേർപാടില്ലാത്തവർ ദൈവവചനം വിഭാഗിക്കുവാനോ ദൈവീകശുശ്രൂഷ ചെയ്യുവാനോ പാടില്ല. ലോകം മുഴുവനും വിശേഷാൽ ദൈവവചനം ആദായസൂത്രമാക്കിയവരും ലോകമോഹവലയങ്ങളിൽ ആകർഷിക്കപ്പെട്ടു നാശകൂപത്തിലേക്കും ആത്മികാധഃപതനത്തിലേക്കും ഒഴുകുമ്പോൾ വേർപെട്ട വിശ്വാസികൾ ഇപ്രകാരമുള്ള പ്രാകൃതവേഷം കെട്ടി പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്.

പുരുഷന്മാരുടെ മൂടുപടത്തെയും (തൊപ്പി), മുടിയെയും താടിയെയും കുറിച്ചു പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ —

**1.കൊരി.11:4, 7—** *"മൂടുപടം ഇട്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അപമാനിക്കുന്നു. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതല്ല."*

**1.കൊരി.11:14 —** *"പുരുഷൻ മുടി നീട്ടിയാൽ അതു അവന്നു അപമാനം."*

**ലേവ്യ.19:26,27 —** *"രക്തത്തോടുകൂടിയുള്ളതു തിന്നരുതു; ആഭിചാരം ചെയ്യരുതു; മുഹൂർത്തം നോക്കരുത്: ...................... താടിയുടെ അറ്റം വിരൂപമാക്കരുത്."*

വേർപെട്ടവരായി ജീവിക്കുക എന്നത് വിശ്വാസിയുടെ പ്രായോഗിക ജീവിതത്തിനു അനിവാര്യമാണ്. കേരളത്തിലെ ബ്രദറൺ കൂട്ടായ്മയിലായിരിക്കുന്ന വിശ്വാസികൾ പൊതുവേ വേർപാടുകാർ എന്നു അറിയപ്പെടുന്നു. കർത്താവിന്റെ ശിഷ്യന്മാരുടെ സ്വാഭാവം, പെരുമാറ്റം, സ്നേഹം, സൗമ്യത, ദയ എന്നിവ കണ്ടറിഞ്ഞ ഒന്നാം നൂറ്റാണ്ടിലെ ജനത ക്രിസ്തുവിന്റെ ശിഷ്യന്മാരെ ക്രിസ്ത്യാനികൾ എന്നു പേരുവിളിച്ചു. ആയതുപോലെ നമ്മുടെ പൂർവ്വപിതാക്കന്മാർ തിരുവചനസത്യങ്ങൾ അവരുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിയപ്പോൾ അവരിൽ സമൂലമായ മാറ്റം വന്നു. പാരമ്പര്യമായ സകലതും വിട്ടു, ലോകത്തിന്റെ ആനന്ദങ്ങളും സുഖസൗകര്യങ്ങളുമുപേക്ഷിച്ചു. അവരുടെ നടപ്പിലും, പെരുമാറ്റത്തിലും, സംസാരത്തിലും മാത്രമല്ല അവരുടെ ദൈനംദിനജീവിതത്തിലും വസ്ത്രധാരണത്തിലും പ്രത്യേകത കണ്ട അന്നത്തെ ജനം വിളിച്ച പേരാണ് വേർപാടുകാർ. അവർ സകലത്തിൽ നിന്നും വേർപാടു പാലിച്ചവരായിരുന്നു. പൂർവ്വപിതാക്കന്മാർ ദൈവത്തോടും ദൈവവചനത്തോടും പറ്റിച്ചേർന്നു സ്വർഗ്ഗീയകാഴ്ചപ്പാടോടെ ജീവിച്ചുവെങ്കിൽ ഇന്നത്തെ തലമുറ ദൈവത്തിൽ നിന്നും ദൈവവചനത്തിൽ നിന്നും അയവുണ്ടായി ലോകത്തോടും ലൗകീകതയോടും പറ്റിച്ചേർന്നു ജീവിക്കുന്ന പ്രവണത നാമ്പെടുക്കുന്നു.

ഇന്നത്തെ തലമുറയുടെ സംസാരം, പെരുമാറ്റം, നടപ്പ്, ആണിനെയും പെണ്ണിനെയും തിരിച്ചറിയാൻ സാധിക്കാത്ത വസ്ത്രധാരണം, മുടി കത്രിക്കൽ, മുടി സ്ടെയിറ്റാക്കൽ, മുടി ചെമ്പിപ്പിക്കുക, കണ്ണിനു മുമ്പിലേക്കു ചില മുടികൾ വെട്ടിയിട്ടു സ്പ്രിങ്ങുരൂപത്തിൽ തൂക്കിയിടുക, അണിഞ്ഞൊരുങ്ങൽ, ആഭരണധാരണം, പുരുഷന്മാർ താടി വിരൂപമാക്കൽ എന്നുവേണ്ട രാഷ്ട്രീയക്കാരെപ്പോലെ സംഘടിക്കൽ, പക്ഷംചേരൽ എന്നിവയെല്ലാം അവരെ ലോകാനുരൂപരാക്കുന്നു. ലോകക്കാരിൽ നിന്നും അവരെ തിരിച്ചറിയുവാൻ

സാധിക്കാത്ത നിലയിലേക്കു പോകുന്നു. *"ഇതാ തനിച്ചു പാർക്കുന്നോരു ജനം; ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല"* (സംഖ്യാ.23:9) എന്ന യിസ്രായേലിനെക്കുറിച്ചുള്ള സാക്ഷ്യം വേർപെട്ടവരായ വിശ്വാസികൾ നഷ്ടപ്പെടുത്തുവാനിടയാകരുത്. അവർ ഭൂമിയുടെ ഉപ്പാണ്, ലോകത്തിന്റെ വെളിച്ചമാണ്. ഉപ്പെന്നനിലയിൽ അനേകരുടെ ജീവിതങ്ങളെ കേടുപാടുകളിൽ നിന്നു സൂക്ഷിക്കുകയും അവർക്കു രുചിപകർന്നു കൊടുക്കുകയും വേണം. വെളിച്ചമെന്ന നിലയിൽ ലോകത്തിലുള്ള സകലർക്കും വിശ്വാസികൾക്കും അവിശ്വാസികൾക്കും ദൈവത്തിന്റെ വെളിച്ചം പകർന്നു കൊടുക്കണം.

ആഭരണധാരികൾ, താടിയും മുടിയും വികൃതമായി രൂപപ്പെടുത്തി ജപ്പാൻ താടിയും ബുൾഗാൻതാടിയും അനുകരിച്ചു അവർ എത്ര ആത്മിയ ഉന്നതനിലവാരത്തിൽ നിന്നു വരുന്നുവെങ്കിലും സഭയിൽ വചനം വിഭാഗിക്കുവാൻ അനുവദിക്കുന്നത് തെറ്റാണ്.

അതുപോലെ കേരളത്തിനകത്തോ പുറത്തോ നിന്നു നമ്മുടെ ആരാധനയിലേക്കു വരുന്ന സഹോദരന്മാരും സഹോദരിമാരും ആഭരണം ധരിക്കാത്തവരും മാന്യമായി വസ്ത്രധാരണം ചെയ്തവരും ആയിരിക്കണം. മിസ്രയിമിലെ ഫറവോന്റെ ബന്ധനത്തിനു തുല്യമായ പൊൻമോതിരം പോലും വിവിധ കാരണങ്ങൾ പറഞ്ഞും ധരിക്കുവാൻ പാടില്ല. സഹോദരിമാരുടെ യോഗങ്ങളിൽ വചനം സംസാരിക്കുന്ന സഹോദരിമാർ ആഭരണം ധരിക്കാത്തവരും, ശുശ്രൂഷാവേളയിൽ തലയിൽ മൂടുപടം ധരിച്ചവരും, മാന്യമായി വസ്ത്രധാരണം ചെയ്തവരും, ബ്യൂട്ടി പാർലറിലെ ഒരുക്കങ്ങളും ചമയങ്ങളും ഇല്ലാത്തവരും ആയിരിക്കണം. ഇവയെ ലാഘവമായി കരുതി സമൂഹത്തിലെ ഉന്നതിയും മനുഷ്യപ്രീതിയും സമ്പാദിക്കുവാനായിഅവർക്കു വചനം വിഭാഗിക്കുവാൻ അവസരം നല്കിയാൽ നമ്മുടെ തലമുറ നശിച്ചു പോകുവാൻ ഇടയാകും. ദൈവശിക്ഷെക്കു കാരണമാകും. സഭാനേതൃത്വം ദൈവസന്നിയിൽ കണക്കു കൊടുക്കേണ്ടി വരും എന്ന കാര്യം ഭയത്തോടെ ഓർക്കുക.

യേശുക്രിസ്തുവിൽ വിശ്വസിച്ചു, കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ അവർ ദൈവമക്കൾ ആയിത്തീരുന്നു. അതായത് ദൈവം നമ്മുടെ പിതാവായിത്തീരുന്നു (യോഹ.1:12). ഈ വിശുദ്ധ ബന്ധത്തിൽ ദൈവകല്പന പ്രമാണിച്ചു ലോകത്തോടു വേർപെടുമ്പോൾ, നാം പിതാവിന്റെ സ്നേഹത്തിലേക്കു പ്രവേശിക്കുന്നു. ജീവിതയാത്രയിൽ ഈ അപ്രമേയസ്നേഹം രുചിച്ചറിഞ്ഞു അനുഭവിക്കുവാനും വിശുദ്ധിയിൽ ജീവിക്കുവാനും ഇടയാകുന്നു. മറ്റെല്ലാറ്റിലും ഉപരിയായി ദൈവത്തെ മാത്രം സ്നേഹിക്കുവാൻ നാം പ്രാപ്തരായിത്തീരുന്നു (യോഹ.14:21-23). ഇപ്രകാരമുള്ള വിശുദ്ധ ജീവിതത്തിൽ ലോകത്തിന്റെ സകല മോഹങ്ങളിൽ നിന്നും, പാപങ്ങളിൽ നിന്നും, ദുരുപദേശങ്ങളിൽ നിന്നും, ദുരുപദേഷ്ടാക്കളിൽ നിന്നും, അവിശ്വാസികളിൽ നിന്നും, അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും വേർപെട്ടു തന്നെത്താൻ വെടിപ്പാക്കി വിശുദ്ധിയുള്ളവരായി, വിശ്വാസികളുടെ ഉടമസ്ഥനു ഉപയോഗത്തിനും നല്ലവേലയ്ക്കും ഒരുങ്ങിയിരിക്കുന്ന മാനപാത്രമായി ജീവിക്കാം.

= = = = = = = ***Amen*** = = = = = = =

# അദ്ധ്യായം - 17

## വചനപഠനം (WORD OF GOD)

രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു സഭയോടു ചേർന്ന വിശ്വാസികൾക്കുള്ള അടുത്ത ഉപദേശമാണ് വചനപഠനം (Word of God). അപ്പൊ 2:42 –"***അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു.***" ദൈവിക ഉപദേശങ്ങൾ ആണ് തിരുവചനം. *എബ്രാ.1:1,2 — "ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു."* യേശുക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവോടെ നമുക്കു സമ്പൂർണ്ണ വെളിപ്പാടുകൾ ലഭിച്ചു. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പെന്തൊകൊസ്തു നാളിൽ രൂപം പ്രാപിച്ച സഭയ്ക്ക് വിവിധ ദാനങ്ങളും കൃപാവരങ്ങളും ലഭിച്ചു. ഇവയാൽ തിരുവെഴുത്തുകൾ പരിശുദ്ധാത്മസഹായത്താൽ എഴുതപ്പെട്ടു. അവ പൂർണ്ണ അളവിൽ നമുക്കു ലഭിച്ചിട്ടുള്ളതിനാൽ ഇനി പ്രവചനത്തിനോ, പ്രത്യേകിച്ചു ആരെങ്കിലും കാത്തിരുന്നു അരുളപ്പാടുകൾ അറിയിക്കേണ്ടതിനോ ആവശ്യമില്ല. തിരുവചനമായ ബൈബിൾ യഹോവയുടെ പുസ്തകം എന്നറിയപ്പെടുന്നു (യെശ.34:16). ഇതിലെ എല്ലാ തിരുവെഴുത്തുകളും ദൈവശ്വാസീയമാണ്.

*2.തിമൊ.3:16,17—"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു."*

ലോകവും ലോകവ്യവസ്ഥിതികളും സാത്താനോടു ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിലും ദൈവവചനത്തിലും ഉറച്ചു നിൽക്കുന്ന ഒരു ദൈവപൈതലിനു മാത്രമേ ഈലോകത്തിനു അനുരൂപരാകാതെ വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധിക്കുകയുള്ളു. ലോകത്തിലെ എല്ലാ കാര്യങ്ങളും മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ തന്നെ ഈ മാറ്റങ്ങൾ പ്രകടമായി

കാണാം. നാം ജീവിച്ചുവന്ന സാഹചര്യങ്ങളിൽ നിന്നു എത്രയോ വിഭിന്നമാണ് ഇന്നത്തേത്. എന്നാൽ മാറ്റംമറിച്ചിലുള്ള ലോകത്തിൽ മാറ്റമില്ലാതിരിക്കുന്നത് ദൈവീകകാര്യങ്ങൾക്കു മാത്രമാണെന്നു തിരുവചനം പരിശോധിച്ചാൽ മനസ്സിലാകും.

(1) ദൈവവചനത്തിനു മാറ്റമില്ല —

**(മാറ്റമില്ലാത്ത ദൈവവചനം —** Unchanging Word of God)

സങ്കീ.119: 89— "യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു."

(2) ദൈവീകവാഗ്ദത്തങ്ങൾക്കു മാറ്റമില്ല —

**(മാറ്റമില്ലാത്ത വാഗ്ദത്തം —** Unchanging Promise)

എബ്രാ.13:5 - "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല; ഉപേക്ഷിക്കയുമില്ല."

(3) ദൈവത്തിനു മാറ്റമില്ല —

**(മാറ്റമില്ലാത്ത ദൈവം —** Unchanging God)

എബ്രാ.13: 8 — "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ."

(4) ദൈവീകനഗരത്തിനു മാറ്റമില്ല —

**(മാറ്റമില്ലാത്ത നഗരം —** Unchanging City)

എബ്രാ.13:14 — "ഇവിടെ നമുക്കു നിലനിൽക്കുന്ന നഗരമില്ലല്ലോ, വരുവാനുള്ളതു അത്രേ നാം അന്വേഷിക്കുന്നത്."

വിശ്വാസവീരനായ **അബ്രഹാമിനെ** വിളിച്ചതിന്റെ ഒരു ഉദ്ദേശ്യം തന്റെ മക്കളോടും വരുന്ന തലമുറയോടും യഹോവയുടെ വഴിയിൽ നടപ്പാൻ കൽപ്പിക്കേണ്ടതിനു ആയിരുന്നു.

*ഉല്പ.18:19 — "യഹോവ അബ്രഹാമിനെക്കുറിച്ചു അരുളിച്ചെയ്തതു അവന്നു നിവൃത്തിച്ചുകൊടുപ്പാൻ തക്കവണ്ണം അബ്രഹാം തന്റെ മക്കളോടും തനിക്കു പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവൃത്തിച്ചുകൊണ്ടു യഹോവയുടെ വഴിയിൽ നടപ്പാൻ കൽപ്പിക്കേണ്ടതിന്നു ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നു."*

**മോശെ** സീനായ് മലയിൽവെച്ചു പാളയശുദ്ധീകരണം നടത്തി, ന്യായപ്രമാണം ഏറ്റു വാങ്ങി. അതിലെ വചനങ്ങൾ അവർ വായിച്ചു ഹൃദയത്തിൽ സംഗ്രഹിക്കുകയും മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും വേണം എന്നു കല്പിച്ചു.

***ആവ.6:4-9*** — *"യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവ മാകുന്നു; യഹോവ ഏകൻ തന്നേ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തി യോടും കൂടെ സ്നേഹിക്കേണം. ഇന്നു ഞാൻ നിന്നോടു കൽപ്പി ക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടന്നുറങ്ങുമ്പോഴും എഴു ന്നേൽക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം."*

കനാന്റെ കവാടത്തിലെത്തിയ യിസ്രായേലിനെ നയിക്കു വാൻ **യോശുവയെ** ബലപ്പെടുത്തിയതു ദൈവീകപ്രമാണങ്ങളായി രുന്നു. തന്റെ ജനത്തെ നടത്തുവാനായി യോശുവയെ തിരഞ്ഞെടു ത്തപ്പോൾ നൽകിയ നിർദ്ദേശം, ദൈവവചനങ്ങൾ അവന്റെ വായിൽ നിന്നും നീങ്ങിപ്പോകരുതു എന്നായിരുന്നു. ***യോശു.1:8*** — *"ഈ ന്യായ പ്രമാണപുസ്തകത്തിലുള്ളതു നിന്റെ വായിൽ നിന്നു നീങ്ങിപ്പോക രുതു; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന്നു നീ രാവും പകലും അതു ധ്യാനിച്ചു കൊണ്ടിരി ക്കണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും."*

വേനൽക്കാലത്തു കരകവിഞ്ഞൊഴുകുന്ന യോർദ്ദാൻ വിഭാ ഗിക്കുവാൻ യോശുവാ ചെയ്തതു വചനം ഇരിക്കുന്ന ദൈവത്തിന്റെ നിയമപെട്ടകം വചനം പ്രമാണിക്കുന്ന പുരോഹിതന്മാരുടെ ചുമലിൽ വഹിച്ച് യോർദ്ദാനിലേക്കിറങ്ങുക എന്നതായിരുന്നു. ദൈവപുരുഷ നായ മോശെ ദൈവത്തിന്റെ വടി നീട്ടി ചെങ്കടൽ വിഭാഗിച്ചു എങ്കിൽ ഇതാ, മോശെയുടെ ദാസനായ യോശുവാ ദൈവവചനത്താൽ, കര കവിഞ്ഞൊഴുകുന്ന യോർദ്ദാനെ വിഭാഗിക്കുന്നു **(യോശു.3:9-17)**.

ഈ ദൈവവചനങ്ങൾ നമ്മുടെ കാലുകൾ അന്ധകാരവഴി യിലേക്കു പോകാതെ, കാലിനു ദീപമായി, പാതെക്കു പ്രകാശമായി ഇരിക്കുന്നു. ***സങ്കീ.119:105*** — *"നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു."*

ദൈവത്തെ സ്നേഹിക്കുന്ന ദൈവപൈതലിനു വചനം വായിക്കാതിരിക്കുവാൻ കഴിയുകയില്ല. കാരണം ദൈവം തന്റെ ഹൃദയം പകർന്നിരിക്കുന്ന കത്താണ് ദൈവവചനം. വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവിക ആലോചനകൾ അനുസരിച്ചു

ജീവിക്കണം. **ദൈവവചനം നമ്മുടെ ജീവിതത്തിലേക്കു പകർത്തണം** (We must translate the BIBLE into action). *"വചനം കേൾക്കമാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ"* എന്നു യാക്കോബ് അപ്പൊസ്തലൻ പറയുന്നു (യാക്കോ.1:22). കെടാത്ത ബീജത്താൽ ഉൾനടപ്പെട്ട ദൈവവചനം അനുസരണമുള്ള മണ്ണിൽ മാത്രമേ വളരുകയുള്ളു. ചോദ്യം ചെയ്യാതെ ഒരുക്കമുള്ള മനസ്സോടെ ദൈവവചനം പഠിക്കുമെങ്കിൽ ദൈവഹിതം തിരിച്ചറിയുന്നതിനും അതനുസരിച്ചു ജീവിച്ചു ദൈവപ്രസാദം ലഭിക്കുന്നതിനും ഇടയാകും.

ദൈവവചനം പഠിക്കണമെങ്കിൽ പരിശുദ്ധാത്മസഹായത്താൽ അതിന്റെ ആഴങ്ങളിലേക്കു ഇറങ്ങിച്ചെല്ലണം. ദൈവവചനത്തെ അമൂല്യനിക്ഷേപങ്ങൾ അടങ്ങിയ ഒരു ഖനിയോടുപമിക്കാം. വിശ്വാസി പരിശുദ്ധാത്മസഹായത്താൽ ഈ ഖനിഗർഭത്തിൽ ദീർഘാദ്ധ്യാനം ചെയ്യുമെങ്കിൽ മറഞ്ഞുകിടക്കുന്ന വിലയേറിയ നിധികൾ വെളിപ്പെട്ടു കിട്ടും. ക്രമവും, സമർപ്പണവുമില്ലാതെ ഒരു ചടങ്ങുപോലെ തിരുവചനം വായിച്ചാൽ കിട്ടുന്നത് മരം, പുല്ല്, വയ്ക്കോൽ ശേഖരങ്ങൾക്കു തുല്യമായിരിക്കും. ഭൂമിയിൽ നിന്നു മരം, പുല്ല്, വയ്ക്കോൽ ശേഖരിക്കുവാൻ വലിയ അദ്ധ്വാനം ആവശ്യമില്ല. അതു ഭൂമിയുടെ നിരപ്പിൽ തന്നെ നിഷ്പ്രയാസമായി ലഭിക്കുന്നതാണ്. എന്നാൽ വിലയേറിയ സ്വർണ്ണശേഖരങ്ങൾ ലഭിക്കണമെങ്കിൽ ഭൂമിയുടെ അന്തർഭാഗത്തേക്കു ക്ലേശങ്ങൾ സഹിച്ചു പോയി കഠിനാദ്ധ്വാനം ചെയ്യണം. അതുപോലെ ദൈവവചനത്തിലെയും വിലയേറിയ മുത്തുകൾ പെറുക്കിയെടുക്കുവാൻ ദൈവത്തിന്റെ പാദപീഠത്തിൽ പരിശുദ്ധാത്മസഹായത്താൽ പ്രാർത്ഥനയോടെ, ക്ഷമയോടെ ഇരിക്കണം.

നാം രക്ഷിക്കപ്പെട്ടതു ദൈവവചനത്താലാണ്. നാം വളരേണ്ടതും ഈ മായമില്ലാത്ത തെളിവചനത്താൽ ആയിരിക്കണം. പാപം ചെയ്യാതിരിപ്പാൻ, ദൈവസാന്നിദ്ധ്യം അനുഭവിക്കുവാൻ, എല്ലാവരെയും സ്നേഹിക്കുവാൻ, വിശുദ്ധിയിൽ വളരുവാൻ, കർത്താവിനു വേണ്ടി ഫലം പുറപ്പെടുവിക്കുവാൻ, വിജയകരമായ ക്രിസ്തീയജീവിതം നയിക്കുവാൻ ദൈവവചനം പഠിക്കുകയും പ്രാവർത്തികമാക്കുകയും വേണം.

*സുവിശേഷീകരണത്തോടുള്ള ബന്ധത്തിൽ ദൈവവചനത്തിനുള്ള വിവിധ പേരുകൾ —*

1. ദൈവവചനം — (Word of God) — അപ്പൊ.4:31/ അപ്പൊ.6:2,7/11:1/12:24/13:5,7,44
2. കർത്താവിന്റെ വചനം — (Word of Lord) — അപ്പൊ.8:25/ 13:49/15:35/16:32
3. പ്രസംഗിച്ച വചനം — (Word of Hearing)—1 .തെസ്സ.2:13 /എബ്രാ.4:2
4. രാജ്യത്തിന്റെ വചനം — (Word of Kingdom) — മത്താ.13:19
5. സുവിശേഷ വചനം — (Word of Gospel) — അപ്പൊ.15:7/ കൊലൊ.1:6
6. കൃപയുടെ വചനം — (Word of Grace) — അപ്പൊ.14:3/20:32
7. രക്ഷാവചനം — (Word of Salvation) — അപ്പൊ.13:26
8. നിരപ്പിന്റെ വചനം — (Word of Reconciliation)—2.കൊരി.5:19
9. ക്രൂശിന്റെ വചനം — (Word of Cross) — 1.കൊരി.1:18
10. സത്യവചനം — (Word of Truth) — 2.കൊരി.6:7/ എഫെ.1:13 /2.തിമൊ.2:15
11. നീതിയുടെ വചനം — (Word of Righteousness) — എബ്രാ.5:13
12. പത്ഥ്യവചനം — (Word of Health giving) —2.തിമൊ.1:13
13. വിശ്വാസ്യവചനം — (Sound Doctrine) — തീത്തൊ.1:9
14. ജീവന്റെ വചനം — (Word of Life) —ഫിലി.2:15/1.യോഹ.1:2.

## ദൈവവചനത്തിന്റെ പ്രാധാന്യം, ആവശ്യകത —

**(1) സത്യവേദപുസ്തകം (ബൈബിൾ) ദൈവത്തിന്റെ വചനം തന്നെ എന്നു നമുക്കു പൂർണ്ണമായി വിശ്വസിക്കാമോ?**

ബൈബിൾ ദൈവത്തിന്റെ വചനം തന്നെ. ദൈവവചനത്തിൽ ഒരു തെറ്റു പോലും കണ്ടു പിടിക്കപ്പെട്ടിട്ടില്ല. ഇതിലെ വാഗ്ദത്തങ്ങൾക്കു ഒന്നിനും തോൽവി സംഭവിച്ചിട്ടില്ല.

**2.തിമൊ.3:16** —*"എല്ലാ തിരുവെഴുത്തും **ദൈവശ്വാസീയമായതിനാൽ** ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതാകുന്നു."*

**2.പത്രൊ.1:20,21 —** *"തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞു കൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവ കല്പനയാൽ മനുഷ്യർ* **പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ."**

**1.രാജാ.8:56 —** *"താൻ വാഗ്ദാനം ചെയ്തതു പോലെ ഒക്കെയും തന്റെ ജനമായ യിസ്രായേലിന്നു സ്വസ്ഥത നൽകിയിരിക്കുന്ന യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ തന്റെ ദാസനായ മോശെ മുഖാന്തരം അരുളിച്ചെയ്ത അവന്റെ നല്ല* **വാഗ്ദാനങ്ങളെല്ലാറ്റിലും വെച്ചു ഒന്നെങ്കിലും നിഷ്ഫലമായിട്ടില്ലല്ലോ."**

**സങ്കീ.18:30 –** *"ദൈവത്തിന്റെ വഴി തികവുള്ളതു;* **യഹോവയുടെ വചനം ഊതിക്കഴിച്ചതു."**

**സദൃ.30:5 —** *'ദൈവത്തിന്റെ സകല വചനവും* **ശുദ്ധി ചെയ്തതാകുന്നു."**

**മത്താ.24:35–** *"ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും; എന്റെ* ***വചനങ്ങളോ*** **ഒഴിഞ്ഞു പോകയില്ല."**

**(2) തിരുവചനം പഠിക്കുവാനുള്ള മാർഗ്ഗങ്ങൾ ഏതെല്ലാം? —**

(1) പ്രാർത്ഥനയോടെ വായിക്കുക
(2) ആവർത്തിച്ചു വായിക്കുക
(3) ധ്യാനിച്ചു വായിക്കുക
(4) പുസ്തകം പുസ്തകമായി പഠിക്കുക
(5) വിഷയവിഭജനം നടത്തി പഠിക്കുക
(6) ചരിത്രവിഷയങ്ങൾ ഗ്രഹിക്കുക
(7) നിഴലും പൊരുളും എന്ന ബന്ധത്തിൽ പഠിക്കുക
(8) ഉപദേശവിഷയങ്ങൾ ഓരോന്നായി പഠിക്കുക
(9) വാക്യങ്ങളുടെ പശ്ചാത്തലം മനസ്സിലാക്കുക
(10) അനുദിനം — നിരന്തരമായി — വായിക്കുക.

**(3) തിരുവചനം എത്ര തവണ, എപ്പോഴൊക്കെ വായിക്കണം? —**

തിരുവചനം ദിനംപ്രതി വായിക്കുകയും ധ്യാനിക്കുകയും വേണം. **ആവ.6:6,7 —** *"ഇന്നു ഞാൻ നിന്നോടു കൽപ്പിക്കുന്ന ഈ വചനങ്ങൾ നിന്റെ* **ഹൃദയത്തിൽ ഇരിക്കണം.** നീ *അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കയും നീ വീട്ടിൽ* **ഇരിക്കുമ്പോഴും** വഴി **നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും** *അവയെക്കുറിച്ചു സംസാരിക്കുകയും വേണം."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**ആവ.17:19,20** —*"ഈ ന്യായപ്രമാണത്തിലെ സകല വചനങ്ങളും ചട്ടങ്ങളും അവൻ പ്രമാണിച്ചു നടന്നു തന്റെ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിന്നു അതു അവന്റെ കൈവശം ഇരിക്കയും അവന്റെ ഹൃദയം സഹോദരന്മാർക്കു മീതെ അഹങ്കരിച്ചുയരാതെയും അവൻ കല്പന വിട്ടു ഇടത്തോട്ടോ വലത്തോട്ടോ തിരിയാതെയും ഇരിക്കേണ്ടതിന്നു അവനും അവന്റെ പുത്രന്മാരും യിസ്രായേലിന്റെ ഇടയിൽ ദീർഘകാലം രാജ്യഭാരം ചെയ്യേണ്ടതിന്നുമായി അവൻ തന്റെ* **ആയുഷ്കാലമൊക്കെയും അതു വായിക്കുകയും വേണം.**"

**യോശു.1:8** —*"ഈ ന്യായപ്രമാണപുസ്തകത്തിലുള്ളതു നിന്റെ വായിൽ നിന്നു നീങ്ങിപ്പോകരുതു; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന്നു നീ* **രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം.** *എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും."*

**(4) ദൈവശ്വാസീയമായ തിരുവചനം ദൈവനീതി അഭ്യസിച്ചു ജീവിക്കുന്നതിനു സഹായിക്കുന്നു —**

**2.തിമൊ.3:16,17** – *"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമായതിനാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതാകുന്നു."* ( All Scripture is given by inspiration of God, and is profitable for **doctrine**, for **reproof**, for **correction**, for **instruction in righteousnes**, that the man of God may be complete, thoroughly equipped for every good work).

ഈ വാക്യത്തിൽ തിരുവചനത്തിന്റെ നാലു പ്രയോജനങ്ങൾ കാണാം —

(1) ഉപദേശത്തിനു — (Doctrine)- -

ശരി ഏതെന്നു അറിയുവാൻ. (To know what is the right)

(2) ശാസനത്തിനു — (Reproof/ scolding) -

ശരിയല്ലാത്തതു അറിയുവാൻ (To know what is not the right).

(3) ഗുണീകരണത്തിനു — (Correction) -

തെറ്റു തിരുത്തുന്നതിനു (To know how to get the right)

(4) നീതിയിലെ അഭ്യാസത്തിനു —(instruction in righteousness) -

ശരിയായതിൽ നിലനില്കാൻ (To know how to keep the right).

(DOCTRINAL TRUTHS *by Samson Henry, Kollam*)

**(5) ദൈവവചനത്താൽ വീണ്ടും ജനനം ഉണ്ടാകുന്നു —**

**1.പത്രൊ.1:23 —** *"കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു."*

**(6) ജീവൻ നിലനിൽക്കുന്നതു ദൈവവചനത്താലാണ് —**

**യിരെ.15:16 —** *"ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു ആനന്ദവും ആയി."*

**ആവ.8:3 —** *"യഹോവയുടെ വായിൽ നിന്നു പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു."*

**1.കൊരി.1:18—** *"ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു."*

**(7) പാപത്തിൽ നിന്നും എപ്രകാരം അകന്നു ജീവിക്കാമെന്നു തിരുവചനം വിശദമാക്കുന്നു —**

**യോഹ.8:32 —** *"സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും."*

**യോഹ.12:50—** *"അവന്റെ കല്പന നിത്യജീവൻ എന്നു ഞാൻ അറിയുന്നു."*

**സങ്കീ.119:11 --** *"ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു."*

**(8) ദുരുപദേശങ്ങളെ തിരിച്ചറിയുവാൻ ഇതിന്റെ പരിശോധന സഹായിക്കുന്നു —**

**തീത്തൊ.1:9 —** *"പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിന്നു ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിക്കുന്നവന്നും ആയിരിക്കേണം."*

**അപ്പൊ.17:11 —** *"അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു.*

**(9) ദൈവത്തോടും മറ്റുള്ളവരോടും നല്ല മനോഭാവം പുലർത്തുവാൻ സഹായിക്കുന്നു —**

**ആവ.17:20** — *"അവന്റെ ഹൃദയം സഹോദരന്മാർക്കു മീതെ അഹങ്കരിച്ചുയരാതെയും അവൻ കല്പന വിട്ടു ഇടത്തോട്ടോ വലത്തോട്ടോ തിരിയാതെയും ഇരിക്കേണ്ടതിന്നും അവനും അവന്റെ പുത്രന്മാരും യിസ്രായേലിന്റെ ഇടയിൽ ദീർഘകാലം രാജ്യഭാരം ചെയ്യേണ്ടതിന്നുമായി അവൻ തന്റെ ആയുഷ്കാലമൊക്കെയും അതു വായിക്കുകയും വേണം."*

**(10) ദൈവവചനം അനുസരിച്ചാൽ അനുഗ്രഹം ലഭിക്കും —**

**ആവ.11:26–28** — *"ഇതാ, ഞാൻ ഇന്നു അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെക്കുന്നു. ഇന്നു ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ നിങ്ങൾ അനുസരിക്കുന്നു എങ്കിൽ അനുഗ്രഹവും നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ അനുസരിക്കാതെ ഇന്നു ഞാൻ നിങ്ങളോടു കല്പിക്കുന്ന വഴിയെ വിട്ടുമാറി നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളുടെ പിന്നാലെ ചെല്ലുന്നു എങ്കിൽ ശാപവും വരും."*

**സങ്കീ.19:11** – *"അവയെ പ്രമാണിക്കുന്നതിനാൽ വളരെ പ്രതിഫലം ഉണ്ടു."*

**(11) തിരുവചനവായന നമ്മെ ശുദ്ധീകരിക്കുന്നു —**

**സങ്കീ.119:9** — *"ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതു എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നേ."*

**യോഹ.15:3** — *"ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു."*

**യോഹ.17:17** — *"സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു."*

**എഫെ.5:26,27**— *"അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കയുമായി തനിക്കുതന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു."*

**(12) ദൈവവിശുദ്ധിയിൽ വളരുവാൻ വചനം എന്ന പാൽ കുടിക്കണം —**

**1.പത്രൊ.2:2 —** *"ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ."*

**(13) ദൈനംദിന ജീവിതത്തിൽ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നു —**

**സങ്കീ.119:19 —** *"ഞാൻ ഭൂമിയിൽ പരദേശി ആകുന്നു. നിന്റെ കല്പനകളെ എനിക്കു മറെച്ചു വെക്കരുതേ."*

**സങ്കീ.119:105 —** *"നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു."*

**(14) ദൈവവചനവായന നമുക്കു ഉപദേശവും ആലോചനയും തരുന്നു —**

**സങ്കീ.119:24 —** *"നിന്റെ സാക്ഷ്യങ്ങൾ എന്റെ പ്രമോദവും എന്റെ ആലോചനക്കാരനും ആകുന്നു."*

**സദൃ.6:22,23 —** *"നീ നടക്കുമ്പോൾ അതു നിനക്കു വഴി കാണിക്കും. നീ ഉറങ്ങുമ്പോൾ അതു നിന്നെ കാക്കും. നീ ഉണരുമ്പോൾ അതു നിന്നോടു സംസാരിക്കും. കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ചവും പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർഗ്ഗവും ആകുന്നു."*

**യെശ.30:21 —** *"നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ; വഴി ഇതാകുന്നു, ഇതിൽ നടന്നു കൊൾവിൻ എന്നൊരു വാക്കു പിറകിൽ നിന്നു കേൾക്കും."*

**(15) തിരുവചനവായന ഭാവിപ്രത്യാശ ഉണർത്തുന്നു —**

**സങ്കീ.119:43 —** *"ഞാൻ നിന്റെ വിധികൾക്കായി കാത്തിരിക്കയാൽ സത്യത്തിന്റെ വചനം എന്റെ വായിൽ നിന്നു നീക്കിക്കളയരുതേ."*

**സങ്കീ.119:47,49,50––** *"നിന്റെ വചനത്തിൽ ഞാൻ പ്രത്യാശ വെക്കുന്നു. നീ എന്നെ പ്രത്യാശിക്കുമാറാക്കിയതു കൊണ്ടു അടിയനോടുള്ള വചനത്തെ ഓർക്കേണമേ."*

**(16) ദൈവവചനവായന ആശ്വാസം നൽകുന്നു —**

**സങ്കീ.119:50,52—** *"നിന്റെ വചനം എന്നെ ജീവിപ്പിച്ചിരിക്കുന്നതു എന്റെ കഷ്ടതയിൽ എനിക്കു ആശ്വാസമാകുന്നു. യഹോവേ, പണ്ടേയുള്ള നിന്റെ വിധികളെ ഓർത്തു ഞാൻ എന്നെത്തന്നെ ആശ്വസിപ്പിക്കുന്നു."*

**2.കൊരി.4:17 —** *"നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താൽക്കാലികം, കാണാത്തതോ നിത്യം."*

***1.തെസ്സ.4:18*** *— "ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ."*

**(17) ദൈവവചനവായന ശത്രുവിന്റെമേൽ വിജയം നേടുന്നതിനു സഹായിക്കുന്നു —**

**നെഹ.8:1–18/9:3/12:43–** *"യഹോവ യിസ്രായേലിനു കല്പിച്ചു കൊടുത്ത ന്യായപ്രമാണപുസ്തകം കൊണ്ടുവരുവാൻ എസ്രാ ശാസ്ത്രിയോടു പറഞ്ഞു...........അവർ അന്നു മഹായാഗങ്ങൾ അർപ്പിച്ചു സന്തോഷിച്ചു.........അതുകൊണ്ടു യെരുശെലേമിലെ സന്തോഷഘോഷം ബഹുദൂരത്തോളം കേട്ടു."*

***2.ദിന.17:4,9/20:30––*** *"........യെഹോശാഫാത്തിന്റെ രാജ്യം സ്വസ്ഥമായിരുന്നു."*

**(18) ദൈവവചനം നിരാകരിക്കുവാനോ, നിരസിക്കുവാനോ പാടില്ല. തള്ളിക്കളഞ്ഞാൽ ശിക്ഷ ലഭിക്കും —**

**യോഹ.12:48 —** *"എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും."*

**ലൂക്കൊ.10:16 —** *"നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എന്റെ വാക്കു കേൾക്കുന്നു; നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു; എന്നെ തള്ളുന്നവൻ എന്നെ അയച്ചവനെ തള്ളുന്നു."*

**(19) ദൈവവചനം വായിക്കുന്നതിനാൽ നാം ഭാഗ്യവാന്മാർ ആയി ത്തീരുന്നു —**

**സങ്കീ.1:2 —** *"യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ."*

**സദൃ.8:34 —** *"ദിവസംപ്രതി എന്റെ പടിവാതില്ക്കൽ ജാഗരിച്ചും എന്റെ വാതില്ക്കട്ടളെക്കൽ കാത്തുകൊണ്ടും എന്റെ വാക്കു കേട്ടനുസരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ."*

**ലൂക്കൊ.11:28 —** *"ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ."*

**വെളി.1:3 —** *"ഈ പ്രവചനത്തിലെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു."*

**വെളി.22:7 —** *"ഇതാ, ഞാൻ വേഗം വരുന്നു; ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ എന്നു പറഞ്ഞു."*

= = = = = = =Amen = = = = = = =

# അദ്ധ്യായം - 18

## കൂട്ടായ്മ (FELLOWSHIP)

രക്ഷിക്കപ്പെടുക, സ്നാനപ്പെടുക, ലോകത്തിൽ നിന്നു വേർപെടുക, തിരുവചനം പഠിക്കുക എന്നിവയ്ക്കു പുറമേ കൂട്ടായ്മ (Fellowship) പുലർത്തുന്നതും അടിസ്ഥാനോപദേശ സത്യങ്ങളിൽ ഉൾപ്പെടുന്നു. അപ്പൊ.2:42— "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും ***കൂട്ടായ്മ ആചരിച്ചും....***" എന്നാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ദൈവം മഹാപരിശുദ്ധനും, മഹോന്നതനും, സർവ്വശക്തനുമായ ജീവനുള്ള ദൈവമാണ്. വീണ്ടെടുക്കപ്പെട്ട തന്റെ മക്കളോടൊപ്പം ചേർന്നു വസിക്കുവാനും കൂട്ടായ്മ ബന്ധം പുലർത്തുവാനും ദൈവം ആഗ്രഹിക്കുന്നു. പിതാവായ ദൈവം മനുഷ്യരോടൊപ്പം നടക്കുവാനും കൂട്ടായ്മ ബന്ധം പുലർത്തുവാനും സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു എന്നു പഴയനിയമ തിരുവെഴുത്തുകൾ പ്രസ്താവിക്കുന്നു. പുതിയനിയമത്തിൽ പുത്രനായ യേശുക്രിസ്തു മനുഷ്യരോടൊപ്പം പാർക്കുവാൻ ഭൂമിയിലേക്കു വന്നു. ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവാം ദൈവം മനുഷ്യഹൃദയങ്ങളിൽ പാർക്കുവാനും ദൈവത്തിന്റെ സകല പ്രവർത്തനങ്ങളിലും മനുഷ്യനെ പങ്കാളികളാക്കുവാനും സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നു.

കൂട്ടായ്മ എന്നാൽ കൂട്ടുചേരുക, പങ്കുചേരുക, സഹകരിക്കുക എന്നൊക്കെയാണർത്ഥം. വിശ്വാസജീവിതത്തിൽ കൂട്ടായ്മക്കുള്ള പ്രസക്തി Fellowship എന്ന ഇംഗ്ളീഷ് വാക്കിൽ നിന്നും മനസ്സിലാക്കാം. Fellowship എന്ന വാക്കിനെ Fellow + ship എന്നു രണ്ടായി വിഭാഗിക്കാം. അതായത് Fellows in a ship (കപ്പലിലെ മിത്രങ്ങൾ അഥവാ കൂട്ടുകാർ). ആത്മീകമായി ചിന്തിച്ചാൽ കൃപയാൽ രക്ഷിക്കപ്പെട്ടു വേർപെട്ട വിശ്വാസികൾ ഈ ലോകമാകുന്ന സാഗരത്തിലൂടെ സ്വർഗ്ഗസീയോനിലേക്കുള്ള കപ്പൽ യാത്രക്കാരാണ്. യാത്രയിൽ വിശ്വാസജീവിതത്തെ തളർത്തുന്ന പ്രതികൂലതകൾ ആർത്തിരമ്പുന്ന തിരമാലകളെപ്പോലെയും, അതിശക്തിയോടെ ആഞ്ഞടിക്കുന്ന ഈശാനമൂലൻ എന്ന കൊടുങ്കാറ്റിനെപ്പോലെയും,

ഈ കപ്പലിനെ നേരിടാം. എന്നാൽ വിശ്വാസികളുടെ കൂട്ടമായ സഭ ഒരു കപ്പലിൽ എന്നപോലെ ഏക ലക്ഷ്യവും, ഏക ചിന്തയും ഉള്ള വരായി ഒരുമിച്ചു കൂട്ടായ്മബന്ധത്തിലായിരിക്കുന്നു.

Fellowship (കൂട്ടായ്മ) എന്ന ഇംഗ്ളീഷ് വാക്കു ഗ്രീക്കു പദമായ ***കൊയ്നോനിയ (Koinonia)*** എന്ന പദത്തിൽ നിന്നും വന്നിട്ടുള്ളതാണ്. പങ്കാളിയാകുക, വീതിക്കുക, കൂട്ടായി പ്രവർത്തിക്കുക (Participation, Sharing, Communion) എന്നൊക്കെയാണ് അർത്ഥം. കൊയ്നോനിയ എന്ന ഗ്രീക്കു പദം വിശേഷിച്ചും വിവാഹബന്ധത്തെ കുറിക്കുന്നു. മാനുഷിക ബന്ധങ്ങളിൽ വെച്ച് ഏറ്റവും ഉറപ്പേറിയ ബന്ധമാണ് വിവാഹബന്ധം. മരണം മൂലമല്ലാതെ ഭൂമിയിൽ വെച്ച് വേർപെടുത്താനാവാത്ത ബന്ധമാണിത്. വിശ്വാസിയും രക്ഷയുടെ അനുഭവത്തിലേക്കു വന്നപ്പോൾ യഥാർത്ഥത്തിൽ ദൈവവുമായി വേർപിരിക്കാനാവാത്ത ഉറപ്പേറിയ ബന്ധത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്. അതായത് വിശ്വാസികളുടെ കൂട്ടമായ സഭ ക്രിസ്തുവാകുന്ന സഭാകാന്തനുമായി വിവാഹനിശ്ചയം കഴിഞ്ഞിരിക്കുകയാണ് (2.കൊരി.11:2). ഇനി കൂട്ടായ്മബന്ധമുള്ളത് ആരോടൊക്കെ ആയിരിക്കണമെന്നു **1.യോഹ.1:3,7—**ൽ കാണുന്നു. — ***"ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടു."***

## കൂട്ടായ്മ ആരോടെക്കെ ആയിരിക്കണം?

1. **പിതാവായ ദൈവത്തോട് — 1.യോഹ.1:3**
2. **പുത്രനായ യേശുക്രിസ്തുവിനോട് — 1.യോഹ.1:3**
3. **പരിശുദ്ധാത്മാവിനോട് — 2.കൊരി.13:14**
4. **വിശ്വാസികൾ തമ്മിൽ — 1.യോഹ.1:7**

### *(1) പിതാവായ ദൈവത്തോടുള്ള കൂട്ടായ്മ (1.യോഹ.1:3)*

പിതാവായ ദൈവത്തോടുള്ള കൂട്ടായ്മ പുത്രനായ യേശുക്രിസ്തു മുഖാന്തരമാണ് ലഭിക്കുക. ദൈവം മനുഷ്യനെ സൃഷ്ടിച്ചതു തനിക്കു കൂട്ടിനും കൂട്ടായ്മക്കും വേണ്ടിയായിരുന്നു. എന്നാൽ മനുഷ്യൻ പാപം ചെയ്തു ദൈവവുമായുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തി. പാപത്തിൽ ജീവിക്കുന്ന മനുഷ്യനുമായി വിശുദ്ധനായ ദൈവത്തിനു കൂട്ടായ്മ നിലനിറുത്തുവാൻ സാദ്ധ്യമല്ല. എന്നാൽ പാപിക

ളായ മനുഷ്യർക്കു നീതിമാനും വിശുദ്ധനുമായ ദൈവവുമായി വീണ്ടും കൂട്ടായ്മാബന്ധം പുലർത്താൻ സാധിക്കുന്നതു കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു ദൈവമക്കൾ ആകുമ്പോഴാണ്. മനുഷ്യൻ ദുഷ്പ്രവൃത്തികളാൽ ദൈവവുമായുള്ള കൂട്ടായ്മാബന്ധത്തിൽ നിന്നു അകന്നു പോയപ്പോൾ കരുണാസമ്പന്നനായ ദൈവം ഈ സ്നേഹക്കൂട്ടായ്മയിലേക്കു വീണ്ടും കൊണ്ടുവരുവാൻ പുത്രൻ മുഖാന്തരം വഴിയൊരുക്കി.

**കൊലോ.1:21,22**— *"മുമ്പേ ദുഷ്പ്രവൃത്തികളാൽ മനസ്സു കൊണ്ടു അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന്നു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു."*

മുമ്പേ നാം ഈ ലോകത്തിന്റെ അധിപതിയായ സാത്താനുമായി കൂട്ടായ്മയിലായിരുന്നു.

**എഫെ.2:2** — *"നിങ്ങൾ മുമ്പേ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും അനുസരിച്ചു നടന്നു."*

ദൈവത്തിൽ നിന്നും അകന്നു പോയ മനുഷ്യവർഗ്ഗത്തെ യേശുക്രിസ്തു ദൈവത്തോട് സമീപസ്ഥരാക്കി.

**എഫെ.2:13** — *"മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു."*

**1.കൊരി.1:9** — *"തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ."*

## *(2) പുത്രനായ യേശുക്രിസ്തുവിനോടുള്ള കൂട്ടായ്മ (1.യോഹ.1:3)*

വിശ്വാസിക്കു ദൈവവുമായി കൂട്ടായ്മാബന്ധം ലഭിച്ചിരിക്കുന്നതിന്റെ ഏക കാരണം കർത്താവായ യേശുക്രിസ്തുവാണ്. ക്രിസ്തീയ കൂട്ടായ്മ എന്നത് ക്രിസ്തുവിലൂടെയുള്ള കൂട്ടായ്മ ആണ് (Christian fellowship is the fellowship made through Christ). യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നത് പിതാ

വായ ദൈവവുമായി മനുഷ്യന്റെ കൂട്ടായ്മ പുനഃസ്ഥാപിക്കുവാനാണ്. അതിനായി ദൈവം നമ്മോടൊപ്പം വസിച്ചു.

***മത്താ.1:22***— *"അവന്നു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും."*

ഒരുവൻ രക്ഷയുടെ അനുഭവത്തിലേക്കു വന്ന നാൾ മുതൽ അവൻ ക്രിസ്തുവുമായി കൂട്ടായ്മാബന്ധത്തിൽ ആയിത്തീർന്നിരിക്കുകയാണ്. നാം കൂടിവരുന്നിടത്തൊക്കെ കർത്താവിന്റെ സാന്നിദ്ധ്യം വാഗ്ദത്തം ചെയ്തിട്ടുണ്ട്.

***മത്താ.18:20***— *"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു എന്നും ഞാൻ നിങ്ങളോടു പറയുന്നു."*

ഈ ജീവിതയാത്രയിൽ നമ്മോടൊപ്പം ഏതു നിമിഷവും ഏതു സാഹചര്യത്തിലും കർത്താവുണ്ട്. ലോകാവസാനത്തോളം നമ്മോടൊപ്പം കൂട്ടിനായി നമ്മുടെ ദൈവം ഉണ്ട്.

***മത്താ.28:20***-- *"ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു."*

രക്ഷിക്കപ്പെടാതെ പാപത്തിൽ ജീവിക്കുന്ന ഏതൊരുവനോടും ദൈവം കൂട്ടായ്മ ബന്ധത്തിനു ആഗ്രഹിക്കുന്നു.

***വെളി.3:20***--*"ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."*

യേശുക്രിസ്തുവും വിശ്വാസിയുമായുള്ള കൂട്ടായ്മാബന്ധത്തെ മുന്തിരിവള്ളിയും കൊമ്പും തമ്മിലുള്ള ബന്ധത്തോടു ഉപമിച്ചിട്ടുണ്ട്.

***യോഹ.15:4,5***—*"എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുംആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെപിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴികയില്ല."*

യേശുക്രിസ്തുവും വിശ്വാസികളും തമ്മിലുള്ള കൂട്ടായ്മ, സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതും വേർപിരിക്കാനാവാത്തതുമാണ്. **റോമ.8:35-39--** *"ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ ആപത്തോ, വാളോ? മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിക്കുവാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു."*

ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും, കൂട്ടായ്മബന്ധത്തിൽ നിന്നും ഒരു ശക്തിക്കും, അതു ഈലോകത്തിലാകട്ടെ നിത്യതയിലാകട്ടെ ഒരിക്കലും വേർപിരിക്കാനാവില്ല എന്നു പൗലോസ് പ്രസ്താവിക്കുന്നു.

### *3. പരിശുദ്ധാത്മാവിനോടുള്ള കൂട്ടായ്മ — 2.കൊരി.13:14*

ഒരുവൻ സത്യവചനം കേട്ട് യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുമ്പോൾ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവാം ദൈവം അവനിൽ വാസം തുടങ്ങുന്നു. കാര്യസ്ഥനും, ഉപദേഷ്ടാവുമായി പരിശുദ്ധാത്മാവ് വിശ്വാസിയെ നടത്തുകയും ദൈവീകപരിജ്ഞാനത്തിൽ വളർന്നു ആത്മീകഫലം കായ്ക്കുന്ന അനുഭവത്തിലേക്കു നയിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിനു പൂർണ്ണമായി കീഴടങ്ങി ജീവിച്ചാൽ മാത്രമേ ആത്മനിറവിന്റെ അനുഭവത്തിലെത്തിച്ചേരുവാൻ സാധിക്കയുള്ളു. അതുകൊണ്ട് പരിശുദ്ധാത്മാവുമായുള്ള കൂട്ടായ്മ വിശ്വാസിക്ക് അനുപേക്ഷണീയമായിരിക്കുന്നു.

**2.കൊരി.13:14--** *"കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ."*

**ഫിലി.2:1--** *"ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ നിങ്ങൾ ഏക മനസ്സുള്ളവരായി ഏകസ്നേഹം പൂണ്ട് ഐകമത്യപ്പെട്ട് ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ."*

പൗലോസ് റോമൻകാരാഗൃഹത്തിൽ കിടന്നുകൊണ്ടാണ് ഫിലിപ്യയിലുള്ള വിശ്വാസികൾക്കു ലേഖനമെഴുതുന്നത്. റോമും ഫിലിപ്യയും അനേകമൈലുകൾക്കപ്പുറമാണ്. എങ്കിലും അവരുടെ ആത്മീയബന്ധം ഏറ്റവും അടുത്തതും വളരെ സന്തോഷകരവും അനുഗ്രഹീതവുമായിരിക്കുന്നു.

### *4. വിശ്വാസികൾ തമ്മിൽ തമ്മിലുള്ള കൂട്ടായ്മ (1. യോഹ.1:7) —*

വിശ്വാസികൾ ഈ ലോകത്തിൽ ജീവിക്കുന്നു എങ്കിലും സ്വർഗ്ഗത്തിൽ പൗരത്വം ലഭിച്ചവരാണ്; സ്വർഗ്ഗസീയോനിലേക്കുള്ള യാത്രക്കാരും ആണ്. ഇങ്ങനെ ഒരേ ലക്ഷ്യത്തിലേക്കു യാത്ര ചെയ്യുന്നവരുടെ കൂട്ടായ്മയാണ് ക്രിസ്തീയ കൂട്ടായ്മ. ഇത് രക്ഷിക്കപ്പെട്ട ദൈവമക്കളുടെ ഒത്തൊരുമയിൽനിന്നു പുറപ്പെടുന്നതാണ്. ഈ ലോകത്തിലെ കൂട്ടായ്മാബന്ധങ്ങൾ ധനം, വസ്തുവകകൾ, സ്ഥാനമാനങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഇവയ്ക്കു മങ്ങൽ ഉണ്ടാകുമ്പോൾ ലോകക്കൂട്ടായ്മക്കും മങ്ങൽ നേരിട്ടു അവ ശിഥിലമാകും.

ദൈവമക്കൾ തമ്മിലുള്ള കൂട്ടായ്മ ആത്മീയബന്ധത്തിലും ദൈവസ്നേഹത്തിലും ആയിരിക്കുന്നതിനാൽ ക്രിസ്തീയ കൂട്ടായ്മയുടെ പുതുമ നാൾക്കുനാൾ വർദ്ധിക്കുകയേയുള്ളു. കാരണം —

> അവർ ദൈവത്തിന്റെ മക്കളാണ് (1.യോഹ.3:1);

> അവരെ ദൈവം വിലയ്ക്കു വാങ്ങിയിരിക്കുകയാണ് (1.കൊരി.6:19);

> ഒരു ശരീരത്തിന്റെ അംഗങ്ങളാണ് (എഫെ.3:6);

> ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളുമാണ് (റോമ.8:17);

> അവർ വെളിച്ചത്തിന്റെ മക്കളാണ്;

> ഇനി അവർക്കു ഇരുട്ടിന്റെ യാതൊരു ശക്തികളോടും കൂട്ടായ്മയില്ല (എഫെ.5:8);

> അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടുവാനും പാടില്ല (2.കൊരി.6:14).

> അവർ ഇനി തമ്മിൽ തമ്മിൽ ഭാരം ചുമക്കേണ്ടവരും ആണ് (ഗലാ.6:2).

## വിശ്വാസികൾ എങ്ങനെയുള്ളവരുമായി കൂട്ടായ്മയുള്ളവരായിരിക്കേണം?

*(1) **രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, കർത്തൃമേശ ആചരിക്കുന്നതും, ദൈവവചനം അനുസരിച്ചു ജീവിക്കുന്നതുമായ ദൈവമക്കളുമായി വിശ്വാസി കൂട്ടായ്മ പങ്കിടണം —***

**അപ്പൊ. 2:41,42,47** — *"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തു കൊണ്ടിരുന്നു."*

*(2) **വെളിച്ചത്തിൽ നടക്കുന്നവരുമായി —***

**1.യോഹ.1:6,7**— *"അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടു."*

**എഫെ.5:11** —*"ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുതു."*

**1.കൊരി.5:9,11**—*"ദുർന്നടപ്പുകാരോടു സംസർഗ്ഗം അരുതു....."*

*(3) **ദൈവവചനത്തിൽ നിലനിൽക്കുന്നവരുമായി —***

**1.തിമൊ.6:20** — *"ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും ഒഴിഞ്ഞു നിൽക്ക."*

**തീത്തൊ.2:8**—*"ഉപദേശത്തിൽ നിർമ്മലതയും, ഗൗരവവും, ആക്ഷേപിച്ചു കൂടാത്ത പഥ്യവചനവും, ഉള്ളവനായിരിക്ക."*

*(4) **ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുമായി —***

**1.കൊരി.1:9** —*"തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ."*

## വിശ്വാസികളുടെ വിവിധതരത്തിലുള്ള കൂട്ടായ്മകൾ —

***(1) വിശ്വാസത്തിന്റെ കൂട്ടായ്മ*** (Fellowship of Faith)

യേശുക്രിസ്തുവിലുള്ള വിശ്വാസത്താലാണ് നാം രക്ഷയുടെ അനുഭവത്തിലേക്കു വന്നത്. ദൈവകുടുംബബന്ധത്തിലെ കൂട്ടായ്മ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു

**അപ്പൊ.16:31** —*"കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും."*

**റോമ.10:9** —*"യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റു പറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും."*

നമുക്കു ലഭിച്ച വിശ്വാസം തന്നെ ദൈവത്തിന്റെ ദാനമാണ്. ആയതിനാൽ ദൈവമക്കൾ വിശ്വാസത്തിന്റെ കൂട്ടായ്മയിൽ വളർന്നു വരണം. **എഫെ.2:8 —** *"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു."*

***(2) കൃപയുടെ കൂട്ടായ്മ*** (Fellowship of Grace) ---

കൃപയാലുള്ള കൂട്ടായ്മ ദൈവികദാനമാണ്. ദൈവകൃപ നമ്മിലേക്കു ഒഴുകിയതിനാൽ നമുക്കു ദൈവകുടുംബത്തിലെ കൂട്ടായ്മ അനുഭവിക്കുവാൻ സാധിച്ചു. ഓരോ വിശ്വാസിയെയും ദൈവം കൃപയാലാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഈ ദൈവകൃപയിൽ വിശ്വാസി നിലനിൽക്കുകയും വളർന്നു വരികയും വേണം.

**എഫെ.2:8** — *"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു."*

**അപ്പൊ.15:11** —*"കർത്താവായ യേശുവിന്റെ കൃപയാൽ രക്ഷപ്രാപിക്കും എന്നു നാം വിശ്വസിക്കുന്നതു പോലെ അവരും വിശ്വസിക്കുന്നു."*

***(3) സ്നേഹത്തിന്റെ കൂട്ടായ്മ*** (Fellowship of Love) --

ശത്രുക്കളും, ദൈവമില്ലാത്തവരും, സ്നേഹമില്ലാത്തവരും, കോപപാത്രങ്ങളുമായിരുന്ന നമ്മിലേക്കു യേശുക്രിസ്തു മൂലം ദൈവ സ്നേഹം ഒഴുകി. ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു (റോമ.5:5). ആയതിനാൽ സ്നേഹമാണ് വിശ്വാസിയുടെ ജീവിതത്തിന്റെ അടിസ്ഥാനം. സ്നേഹം എന്നത് കൊടുക്കുക എന്നതാണ്. അതിൽ ത്യാഗം അടങ്ങിയിരിക്കുന്നു. പിതാവായ ദൈവം ലോകത്തെ സ്നേഹിച്ചതിനാലാണ് തന്റെ ഏകജാതനെ തരുവാൻ ഇടയായത്. ക്രിസ്തുവും സഭയെ സ്നേഹിച്ചു തന്റെ ജീവനെ നൽകി. നാമും ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുമ്പോൾ ദൈവീകനിയമങ്ങൾ എല്ലാം തന്നെ പാലിക്കുന്നതിനു സാധിക്കുന്നു. വിശ്വാസി ദൈവത്തെ സ്നേഹിക്കണം; മറ്റുള്ള സഹോദരങ്ങളെയും സ്നേഹിക്കണം (മർക്കൊ.12:30.31). *"അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരിക്കരുതു"* എന്നു റോമർ.13:8-ൽ കാണുന്നു. സ്നേഹക്കടം ഒരിക്കലും കൊടുത്തു തീർക്കുവാൻ കഴിയാത്തതായി ഇരിക്കുന്നു. എത്രതന്നെ കൊടുത്താലും വിശ്വാസിക്കു ഈ കടത്തിൽ നിന്നു വിടുതൽ ലഭിക്കുകയില്ല (Love is an everlasting debt that cannot be repaid). അന്യോന്യം സ്നേഹിക്കുക എന്നതു വിശ്വാസജീവിതത്തിൽ വളരെ പ്രാധാന്യമുള്ളതാണ് (യോഹ.13:34).

വിശ്വാസിയിൽ സ്നേഹം എന്ന ഫലം കായ്ക്കണമെങ്കിൽ ക്രിസ്തുവിൽ വസിക്കണം (Abide in Christ --യോഹ.15:1 -8 ). ക്രിസ്തു എന്ന മുന്തിരിവള്ളിയിൽ ഒട്ടിച്ചേർന്നിരിക്കുന്ന കൊമ്പുകളായിത്തീരണം. ക്രിസ്തുവിനോടു ചേർന്നു വസിക്കുമ്പോൾ ആത്മഫലം പുറപ്പെടുവിക്കും. ഗലാ.5:22,23 — ആത്മാവിന്റെ ഫലമോ: (1) സ്നേഹം (2) സന്തോഷം (3) സമാധാനം (4) ദീർഘക്ഷമ (5) ദയ (6)പരോപകാരം (7) വിശ്വസ്തത (8) സൗമ്യത (9) ഇന്ദ്രിയജയം. ഇവിടെ പുറപ്പെടുന്ന ഒൻപതു ഫലം ചേർന്നു ഒറ്റഫലമായിത്തീരുന്നതിനാലാണ് ആത്മാവിന്റെ ഫലം (fruit of the Spirit) എന്നു ഏകവചനത്തിൽ പറഞ്ഞിരിക്കുന്നത്. ഒരു ഓറഞ്ചിന്റെ ഉള്ളിലുള്ള പല അല്ലികൾ ചേർന്നു ഒരു ഓറഞ്ചായി തീരുന്നതുപോലെ ഒൻപതു ഫലം ചേർന്നു ആത്മാവിന്റെ ഒരു ഫലം ആയിത്തീരുന്നു.

എന്നാൽ ജഡത്തിൽ നിന്നു പുറപ്പെടുന്നത് വെവ്വേറെയായതിനാൽ ജഡത്തിന്റെ പ്രവൃത്തികൾ (works of the flesh— ഗലാ.5:19 -21) എന്നു ബഹുവചനത്തിൽ അറിയപ്പെടുന്നു. വിശ്വാസിയുടെ ജീവിതത്തിൽ എന്തൊക്കെ സൽഗുണങ്ങൾ ഉണ്ടായിരുന്നാലും സ്നേഹം ഇല്ലെങ്കിൽ അവയൊക്കെ വെറും പൊള്ളയായതാണെന്നു കൊരിന്ത്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. സ്നേഹത്തിന്റെ വിവിധ ലക്ഷണങ്ങളും ഇവിടെ കാണുന്നു (1.കൊരി.13).

*1. **യോഹ.4:7,8**- "പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽ നിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു."*

***(4) ലോകത്തിൽ നിന്നും വേർപെടുന്നതിലുള്ള കൂട്ടായ്മ —***

(Fellowship of separation from the world) ---

വിശ്വാസി ലോകത്തോടു വേർപെട്ടവനാണ്. ആയതിനാൽ വേർപെട്ട വിശ്വാസികളുമായി കൂട്ടായ്മബന്ധത്തിൽ വളർന്നു വരണം. രക്ഷിക്കപ്പെടുന്നതിനുമുമ്പു നാം ലൗകീകർ ആയിരുന്നു. ഇനി ലോകത്തെ സ്നേഹിക്കുവാനും, ലോകത്തിനു പുറകേ ഓടുവാനും പാടില്ല.

**യോഹ.15:19** -- *"നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കുന്നു."*

**യാക്കോ.1:27**— *"ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു."*

**1.യോഹ.2:15-17**-- *"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതു. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു; ദൈവേഷ്ടം*

*ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു."*

***(5) പ്രാർത്ഥനയിലും സ്തോത്രത്തിലും ഉള്ള കൂട്ടായ്മ*** --

(Fellowship of Prayer and Praise) ----

ദൈവത്തോടു പ്രാർത്ഥനയിലും, സ്തോത്രത്തിലും, നന്ദി പറയുന്നതിലും ഉള്ള കൂട്ടായ്മയിൽ വിശ്വാസികൾ വളർന്നു വർദ്ധിച്ചു വരണം.

**കൊലോ.3:17**-- *"വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിക്കുവിൻ."*

**എഫെ.5:20** -- *"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തു കൊൾവിൻ."*

***1.തെസ്സ.5:16-18***- *"എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിന്നും സ്തോത്രം ചെയ്യുവിൻ. ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവേഷ്ടം."*

***(6) സുവിശേഷഘോഷണത്തിലുള്ള കൂട്ടായ്മ*** (Fellowship in the Gospel) --

വിശ്വാസികൾ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി കൂട്ടായ്മ ഉള്ളവരായിരിക്കണം.

**ഫിലി.1:5,6** — *"ഒന്നാം നാൾ മുതൽ ഇതുവരെയും സുവിശേഷഘോഷണത്തിൽ നിങ്ങൾക്കുള്ള കൂട്ടായ്മ നിമിത്തം ഞാൻ നിങ്ങളെ ഓർക്കുമ്പോൾ ഒക്കെയും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു."*

കർത്താവിനെക്കുറിച്ചു കേട്ടിട്ടില്ലാത്തവരുമായി ഈ കർത്താവിനെ പങ്കുവെക്കണം. സുവിശേഷം അറിയിക്കുന്നതിൽ, സുവിശേഷ വേല അഭിവൃദ്ധിപ്പെടുത്തുന്നതിൽ, സുവിശേഷം പ്രസംഗിക്കുന്നവരെ സഹായിക്കുന്നതിൽ പങ്കാളികളാകണം. അതിനായി നമ്മെ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു വിളിച്ചിരിക്കുകയാണ്.

**1.കൊരി.1:9** — *"തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ."*

സുവിശേഷത്തിനു പങ്കാളികളാകുവാൻ വിശ്വാസികൾ, യേശു ക്രിസ്തുവിന്റെ നീതീകരിക്കുന്ന കൃപയിലും, പിതാവായ ദൈവം നമ്മെ തിരഞ്ഞെടുത്ത സ്നേഹത്തിലും, ആശ്വസിപ്പിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയിലും വളർന്നു വരണം. ദൈവവചനം സുവിശേഷിച്ചും, ഉപദേശിച്ചും സകലരേയും ശിഷ്യരാക്കുക എന്നത് കർത്താവിന്റെ കല്പനയാണ്.

**മത്താ.28:19,20—** *"ആകയാൽ നിങ്ങൾ **പുറപ്പെട്ട്** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും **ഉപദേശിച്ചും** കൊണ്ടു സകല ജാതികളെയും **ശിഷ്യരാക്കിക്കൊള്ളുവിൻ;** ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു."*

***(7) ആത്മീയപോരാട്ടത്തിലുള്ള കൂട്ടായ്മ*** --

(Fellowship of Spiritual Warfare) ----

ഒരുവൻ രക്ഷിക്കപ്പെട്ടു, ലോകത്തിൽ നിന്നു വേർപെട്ടു ദൈവീക കൂട്ടായ്മയിലേക്കു വരുമ്പോൾ ലോകക്കാർ അവന്റെ ശത്രുക്കളായിത്തീരുകയാണ്. എല്ലാ വിധത്തിലും ലോകം വിശ്വാസിയെ ഞെരുക്കുവാൻ തുടങ്ങും. തന്നിമിത്തം അവന് ആത്മീകപോരാട്ടം അനുഭവിക്കേണ്ടി വരും. ലോകക്കാർ വിശ്വാസിയെ പകെക്കും എന്നു കർത്താവ് പറഞ്ഞിട്ടുണ്ട്.

**യോഹ.15:19,20—** *"നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കുന്നു. ദാസൻ യജമാനനേക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞ വാക്കു ഓർപ്പിൻ. അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും; എന്റെ വചനം പ്രമാണിച്ചു എങ്കിൽ നിങ്ങളുടേതും പ്രമാണിക്കും."*

**1.പത്രൊസ്.2:11,12 —** *"പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുന്തോറും നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു*

*സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്നു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു."*

എന്നാൽ രക്ഷിക്കപ്പെട്ടു ദൈവമകൻ ആയിത്തീർന്ന വിശ്വാസി ഇനി ഒരിക്കലും ജഡികമായ ആയുധങ്ങൾ ഇതിനെതിരെ ഉപയോഗിക്കുവാൻ പാടില്ല. നമ്മുടെ പോരിന്റെ ആയുധങ്ങൾ സത്യം (Truth), നീതി (Righteousness), സമാധാനം (Peace), വിശ്വാസം (Faith), രക്ഷ (Salvation), ദൈവവചനം (Bible), പ്രാർത്ഥന (Prayer) എന്നിവയാണ്.

**2.കൊരി.10:4** --*"ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ."*

ഈ പോരാട്ടജീവിതത്തിൽ നാം മഹാരാജാവിന്റെ പടയാളികളാണ്. സഹവിശ്വാസികൾ കൂട്ടുപടയാളികളും (2.തിമൊ.2:3/ എഫെ.6:10-17).

***(8) ക്രിസ്തുവിനോടുള്ള കൂട്ടായ്മ*** — (Fellowship with Christ) --

കൊലൊ.2:6,7 -- *"ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മികവർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേശിച്ചുതന്നതിന്നു ഒത്തവണ്ണം വിശ്വാസത്താൽ ഉറെച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ."*

രക്ഷിക്കപ്പെടുന്നതിനു മുമ്പു നാം ദൈവവുമായി ബന്ധമില്ലാതെ ലോകത്തിന്റെ മോഹങ്ങളനുസരിച്ചു ജീവിച്ചവരായിരുന്നു. *"തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ"* (1.കൊരി.1:9) എന്നാണ് പൗലൊസ് പറയുന്നത്. ദൈവികകൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടു രക്ഷാനിർണ്ണയം പ്രാപിച്ചതുമുതൽ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വസിക്കുവാനിടയായി. തുടർന്നു ഒരു ശക്തിയുള്ള വിശ്വാസിയായിത്തീരുവാൻ എന്തുവേണമെന്നു ഇവിടെ പറയുന്നു. കർത്താവായ യേശുക്രിസ്തുവിനെ

കൈക്കൊണ്ടതുപോലെ അഥവാ പുതുജീവിതത്തിനു ആരംഭം കുറിച്ചതുപോലെ തുടർമാനമായി ആത്മികമായി വളർന്നു വരണം. അതിനായി —

(1) കൂട്ടായ്മയിൽ നടക്കണം — ( Walk in Him)

(2) കർത്താവിൽ വേരൂന്നി ആത്മികവർദ്ധന പ്രാപിക്കണം — ( Rooted and built up in Him)

(3) ഉപദേശിച്ചു തന്നതിനു ഒത്തവണ്ണം അഥവാ തിരുവചനം പഠിച്ചതിനൊത്തവണ്ണം വിശ്വാസത്താൽ ഉറെക്കണം—( Established in the faith, as you have taught)

(4) സ്തോത്രത്തിൽ നിറയണം — ( Abounding with thanksgiving / Overflowing with gratitude).

***(9) ക്രിസ്തുവിന്റെ കഷ്ടങ്ങളിലുള്ള കൂട്ടായ്മ —***

( Fellowship of sufferings of Christ ) --

രക്ഷിക്കപ്പെട്ട വിശ്വാസി ക്രിസ്തുവിന്റെ കഷ്ടങ്ങളിലുള്ള കൂട്ടായ്മയിൽ വർദ്ധിച്ചു വരണം. ക്രിസ്തുവിന്റെ കഷ്ടതയിൽ പങ്കുചേരുക എന്നാൽ വിശ്വാസജീവിതത്തിൽ കഷ്ടതകൾ പ്രതികൂലതകൾ വരുമ്പോൾ അതൊക്കെ കർത്താവു സഹിച്ചതുപോലെ ക്ഷമയോടെ, ആരോടും പരിഭവമില്ലാതെ സഹിക്കുക എന്നർത്ഥം. കർത്താവിന്റെ നാമത്തിനു വേണ്ടി കഷ്ടം സഹിക്കുകയെന്നത് എത്രയോ മാന്യമായതാണ്. വിശ്വാസി ആയതിനാൽ കഷ്ടതയുടെ ശക്തി കൂടിയിരിക്കും. ക്രിസ്തുവിലായതിനാൽ ലോകക്കാർ എപ്പോഴും തെറ്റു കണ്ടുപിടിക്കുവാനും കുറ്റപ്പെടുത്തുവാനും ഇടയാകും.

**2.പത്രൊ.4:13 —** "ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ."

**ഫിലി.1:29 —**"ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവന്നു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു."

**ഫിലി.3:11 —** "അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിന്നും ...."

***(10) കൊടുക്കുന്നതിലുള്ള കൂട്ടായ്മ*** (Fellowship in Giving) ---

സുവിശേഷവേലയെ, സുവിശേഷത്തിൽ അദ്ധ്വാനിക്കുന്നവരെ, സഹവിശ്വാസികളെ, സഹായിക്കുന്നതിൽ വിശ്വാസികൾ എപ്പോഴും ശ്രദ്ധയുള്ളവരായിരിക്കണം. നമ്മുടെ കഴിവ്, ധനം, സമയം, ചിന്ത എന്നിവയൊക്കെ ഇക്കാര്യങ്ങളിൽ പങ്കിടുന്നവരായിരിക്കണം.

**ഗലാ.6:9,10** — *"നന്മ ചെയ്യുന്നതിൽ നാം മടുത്തു പോകരുത്; തളർന്നു പോകാതിരുന്നാൽ തക്കസമയത്തു നാം കൊയ്യും. ആകയാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക."*

**മത്താ.10:8** -- *"സൗജന്യമായി ലഭിച്ചു, സൗജന്യമായി കൊടുക്കുവിൻ."*

**സദൃ.3:27** — *"നന്മ ചെയ്യുവാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിനു യോഗ്യന്മാരായിരിക്കുന്നവർക്കു ചെയ്യാതിരിക്കരുത്.*

**ലൂക്കൊ.6:38**— *"കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും."*

**യാക്കോ.4:17** — *"നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന്നു അതു പാപം തന്നേ."*

**മത്താ.6:19,20** — *"പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ."*

**2.കൊരി.9:6,7** — *"എന്നാൽ ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതെക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓർത്തു കൊൾവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുതു; നിർബന്ധത്താലുമരുതു; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു."*

# സുവിശേഷവേലക്കാരെ വിശ്വാസികൾ സഹായിക്കണമോ?

സുവിശേഷ വേലയിലായിരിക്കുന്ന ദൈവദാസന്മാരെ സഹായിക്കുകയും, ദൈവീകകാര്യങ്ങൾക്കായി ഔദാര്യമായി കൂട്ടായ്മ കാണിക്കുകയും ചെയ്യേണ്ടതു ഓരോ രക്ഷിക്കപ്പെട്ട വിശ്വാസിയുടെയും കടമയും, അവകാശവും, ഉത്തരവാദിത്വവുമാണ്. ഇങ്ങനെയുള്ളവരെ സഹായിക്കുന്നതു മൂലം നരകത്തിലേക്കു പോകുന്ന അനേകരെ രക്ഷിച്ചു നീതിയിലേക്കു നടത്തുന്ന ഇവരുടെ സുവിശേഷവേലയിൽ തങ്ങളും പങ്കാളികളാവുകയാണ്. പുതിയനിയമ വ്യവസ്ഥപ്രകാരം ദൈവത്തിന്റെ ദാസന്മാർ, ദൈവജനത്തിന്റെ സഹായങ്ങൾ സ്വീകരിക്കുവാൻ അർഹരാണ്.

**ലൂക്കൊ.10:7 —** *"അവർ തരുന്നതു തിന്നും കുടിച്ചുംകൊണ്ടു ആ വീട്ടിൽ തന്നെ പാർപ്പിൻ; വേലക്കാരൻ തന്റെ കൂലിക്കു യോഗ്യനല്ലോ."*

**1.തിമൊ.5:18 —** *"വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ എന്നും ഉണ്ടല്ലോ."*

**1.കൊരി.9:14 —** *"അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണം എന്നു കല്പിച്ചിരിക്കുന്നു."*

**ഗലാ.6:6 —** *"വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന്നു എല്ലാ നന്മയിലും ഓഹരി കൊടുക്കേണം."*

എന്നാൽ സുവിശേഷവേല ഒരു ആദായമാർഗ്ഗമായി ഒരിക്കലും കാണുവാൻ പാടില്ല. അപ്പൊസ്തലനായ പൗലൊസ് തീത്തൊസിനു എഴുതിയപ്പോൾ സഭാശുശ്രൂഷയിലായിരിക്കുന്നവർ ദൈവത്തിന്റെ ഗൃഹവിചാരകരായിരിക്കുന്നതിനാൽ ദുർല്ലാഭമോഹിയായിരിക്കരുത് എന്നു പറഞ്ഞിരിക്കുന്നു (തീത്തൊ.1:8). ദുർല്ലാഭമോഹിയായിരിക്കരുത് എന്നു പറയുന്നതിൽ നിന്നും പ്രത്യേകാൽ ശ്രദ്ധിക്കേണ്ടത് ആത്മികകാര്യങ്ങൾ മറപിടിച്ചുകൊണ്ടു അവർ തങ്ങളുടെ ശുശ്രൂഷകൾ ധനം സമ്പാദിക്കുവാനുള്ള മാർഗ്ഗമാക്കരുതെന്നാണ്. കർത്താവിന്റെ വേലയോടുള്ള ബന്ധത്തിൽ ശിഷ്യന്മാരുടെ മനോഭാവം എപ്രകാരമായിരിക്കണമെന്നു കർത്താവു അവരോടു പറഞ്ഞു: *"സൗജന്യമായി നിങ്ങൾക്കു ലഭിച്ചു സൗജന്യമായി കൊടുപ്പിൻ"* (മത്താ.10:8). സുവിശേഷവേലയും സഭാശുശ്രൂഷകളും ഇപ്ര

കാരമാണ് ചെയ്യേണ്ടത്. പ്രതിഫലം നോക്കി ദൈവത്തെയും ദൈവ സഭയെയും സേവിക്കുന്നതു നന്നല്ല. ദൈവവചനം സംസാരിച്ചു കൂലി അഥവാ പ്രതിഫലം കാംക്ഷിക്കുന്ന അനേകർ നമ്മുടെ ചുറ്റി ലുമുണ്ട്. ലോകക്കാരെപ്പോലെ എനിക്കെന്തു കിട്ടും എനിക്കു എന്തു ലാഭം എന്ന ചിന്ത പാടില്ല. ഇതാണ് ദൈവദാസന്മാർ ദുർല്ലാഭമോ ഹിയായിരിക്കരുതെന്നു പറയുന്നത്. അവർ ക്രിസ്തുവിന്റെ നാമ ത്തിൽ ചെയ്യുന്ന ശുശ്രൂഷകൾക്കു മനുഷ്യരുടെ മുഖത്തേക്കല്ല നോക്കേണ്ടത്. ദൈവത്തോടാണ് അവരുടെ ആവശ്യങ്ങൾ അറിയി ക്കേണ്ടത് (ഫിലി.4:6). സുവിശേഷവും സഭാപ്രവർത്തനങ്ങളും ഒരി ക്കലും ധനസമ്പാദനമാർഗ്ഗങ്ങളായിത്തീരരുത്. ലോകത്തിന്റെ ലാഭ നഷ്ടക്കണക്കുകൾ ആത്മീകപ്രവർത്തനങ്ങളിൽ പാടില്ല.

## സുവിശേഷകന്മാർ രക്ഷിക്കപ്പെടാത്തവരിൽ നിന്നു ധനപരമായകൂട്ടായ്മ വാങ്ങാമോ?

ദൈവദാസന്മാർ രക്ഷിക്കപ്പെടാത്ത ആരോടും ധനപരമായ കൂട്ടായ്മ വാങ്ങുവാൻ പാടില്ല. ദൈവവേലയിൽ ആയിരിക്കുന്നവർ തങ്ങളുടെ ആവശ്യങ്ങൾക്കായി ദൈവമുഖത്തേക്കാണ് നോക്കേണ്ട തും, ദൈവത്തിലാണ് ആശ്രയം വെക്കേണ്ടതും. ദൈവം തന്റെ ദാസ ന്മാരെ പുലർത്തുവാൻ കഴിവുള്ളവനാണ്. യോഹന്നാൻ തന്റെ മൂന്നാം ലേഖനത്തിൽ പറഞ്ഞിരിക്കുന്ന കാര്യം വളരെ ശ്രദ്ധയോടെ കരുതിക്കൊള്ളേണ്ടതാണ്. ***3.യോഹ.7***-- *"തിരുനാമം നിമിത്തമല്ലോ അവർ ജാതികളോടു ഒന്നും വാങ്ങാതെ പുറപ്പെട്ടതു."*

തിരുനാമം എന്നാൽ യേശുക്രിസ്തുവിന്റെ നാമം. ജാതികൾ എന്നാൽ രക്ഷിക്കപ്പെടാത്ത ലോകമനുഷ്യർ. അതായതു യേശുക്രി സ്തുവിനെ അറിയാത്ത, അംഗീകരിക്കാത്ത അവിശ്വാസികളിൽ നിന്നും ദൈവമക്കൾ കൂട്ടായ്മ വാങ്ങിയാൽ നമ്മുടെ കർത്താവിന്റെ നാമത്തിനാണ് അപമാനം സംഭവിക്കുന്നത്. ദൈവമക്കൾ ഇങ്ങനെ യുള്ളവരോടു കൂട്ടായ്മ വാങ്ങുമ്പോൾ ഇവരുടെ ദൈവത്തിനു ഇവരെ പോറ്റിപ്പുലർത്താൻ കഴിവില്ല എന്ന ധാരണ കൊടുക്കുന്നവ രിൽ ഉണ്ടാകുന്നു. അതു ദൈവനാമം ദുഷിക്കപ്പെടുവാൻ കാരണ മാകുന്നു. മറ്റൊന്ന് എന്തെങ്കിലും ദാനങ്ങൾ കൊടുത്ത് രക്ഷ നേടി യെടുക്കാം എന്നുള്ള ചിന്താഗതി ഇവരിൽ ഉണ്ടാകുന്നു. അതു ഉപ ദേശസത്യങ്ങൾക്കു ക്ഷതം സംഭവിക്കുവാൻ ഇടയാക്കുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

# പരസ്യയോഗങ്ങളിൽ സ്തോത്രകാഴ്ച വാങ്ങാമോ?

ദൈവത്തിന്റെ രക്ഷണ്യസുവിശേഷവേലയിൽ വരുന്ന ഭൗമിക ചെലവുകൾ രക്ഷിക്കപ്പെട്ട ദൈവമക്കളുടെ കൂട്ടായ്മയിലൂടെ തന്നെ ആയിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ഇന്നു ക്രിസ്തീയ ഗോളത്തിൽ ഒരു ദൈവീക കാഴ്ചപ്പാടുമില്ലാതെ ആരെ കണ്ടാലും തിരുനാമമറവിൽ ധനം ശേഖരിക്കുന്ന കാര്യത്തിൽ സകലരും മുന്നേറിക്കൊണ്ടിരിക്കുന്നു. രക്ഷിക്കപ്പെടാത്തവരിൽ നിന്നു ദൈവീക കാര്യങ്ങൾക്കായി ധനം ശേഖരിക്കുമ്പോൾ ദൈവനാമത്തിനു ക്ഷതമേൽക്കുകയാണ്. ഇങ്ങനെ ചെയ്യുമ്പോൾ തങ്ങൾ വിശ്വസിക്കുന്ന, ആശ്രയിക്കുന്ന, സമ്പന്നനായ ദൈവത്തിനു അവരെ പോറ്റുവാൻ കഴിയുന്നില്ലെന്നു അവർ പ്രസ്താവിക്കുക കൂടിയാണ്. ചിലർ നടത്തുന്ന കൺവൻഷൻ യോഗങ്ങളിൽ ആദ്യം തന്നെ സ്തോത്രകാഴ്ച എടുക്കുന്നതായി കാണുന്നു. യോഗം തീരുന്നതിനു മുമ്പു പോകുന്നവരിൽ നിന്നുള്ള പണം നഷ്ടപ്പെടാതിരിക്കുവാനുള്ള മുൻകരുതലാണിത്.

യേശുകർത്താവിനെ സ്വീകരിക്കാത്ത, രക്ഷിക്കപ്പെടാത്തവരുടെ ധനം ദൈവത്തിന്റെ വേലെക്കായി വാങ്ങുവാൻ പാടില്ല. വേർപെട്ട ദൈവവിശ്വാസികൾ അവരുടെ കൺവൻഷൻ യോഗങ്ങളിലും, രക്ഷാദൂതു അറിയിക്കുന്ന പൊതുയോഗങ്ങളിലും ധനശേഖരം നടത്താത്തതിന്റെ കാരണം ഇതു തന്നെയാണ്. രക്ഷിക്കപ്പെടാത്തവർ ഇതിലേക്കു പണം ദാനം ചെയ്യുമ്പോൾ അതിലൂടെ രക്ഷ അവർക്കു വിലയ്ക്കു വാങ്ങാമെന്നുള്ള ചിന്താഗതി ഉണ്ടാകുന്നു. തങ്ങൾ ആശ്രയിക്കുന്ന ദൈവം എല്ലാ കാര്യങ്ങൾക്കും മതിയായവനും, ധനവാനും ആണ് എന്നുള്ള പരസ്യമായ പ്രഖ്യാപനം കൂടിയാണിത്. ആകയാൽ അവിശ്വാസികളോടു ഒന്നും വാങ്ങുവാൻ പാടില്ല. വാങ്ങിയാൽ തിരുനാമമഹത്വത്തിനു ഇടയാകുകയില്ല. തെറ്റായ മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ച ധനത്തെ ദൈവം വെറുക്കുന്നുവെന്നു ആവർത്തനപുസ്തകത്തിലും കാണുന്നു. വേശ്യയുടെ കൂലിയും നായുടെ വിലയും നിന്റെ ദൈവമായ യഹോവയുടെ ആലയത്തിലേക്കു യാതൊരു നേർച്ചയായിട്ടും കൊണ്ടു വരരുതു; ഇവ രണ്ടും നിന്റെ ദൈവമായ യഹോവെക്കു അറെപ്പാകുന്നു

(ആവ.23:18). ദൈവാലയത്തിലെ പണിയോടുള്ള ബന്ധത്തിൽ ഹഗ്ഗായി പ്രവാചകനുള്ള ദൈവീകാരുളപ്പാട് ഇപ്രകാരമായിരുന്നു: വെള്ളി എനിക്കുള്ളതു പൊന്നും എനിക്കുള്ളത് (ഹഗ്ഗാ.2:8). അതായത് ലോകത്തിലെ സകല സമ്പത്തും ദൈവത്തിനുള്ളതാണ്. എന്നാൽ ദൈവജനത്തിന്റെ സ്വമേധാ ദാനങ്ങളെയാണ് ദൈവം മാനിക്കുന്നത്. വിശ്വാസവീരനായ അബ്രഹാമിന്റെ ജീവിതം ഇതു വ്യക്തമാക്കുന്നു. ഉല്പത്തി.14:14 —24 നോക്കുക. യുദ്ധത്തിൽ ജയിച്ചു വരുന്ന അബ്രഹാമിനു സൊദോം രാജാവ് സമ്പത്തു വാഗ്ദാനം ചെയ്തപ്പോൾ അബ്രഹാം പറഞ്ഞത് —

**ഉല്പ.14:22** — *"അതിന്നു അബ്രാം സൊദോം രാജാവിനോടു പറഞ്ഞതു: ഞാൻ അബ്രാമിനെ സമ്പന്നനാക്കിയെന്നു നീ പറയാതിരിപ്പാൻ ഞാൻ ഒരു ചരടാകട്ടെ ചെരിപ്പുവാറാകട്ടെ നിനക്കുള്ളതിൽ യാതൊന്നുമാകട്ടെ എടുക്കയില്ല എന്നു ഞാൻ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതദൈവമായ യഹോവയിങ്കലേക്കു കൈ ഉയർത്തി സത്യംചെയ്യുന്നു."*

ധനത്തോടുള്ള അബ്രഹാമിന്റെ ഈ കാഴ്ചപ്പാടു മൂലം ദൈവം അവനെ ഏറ്റവും സമ്പന്നനാക്കി. അബ്രഹാമിന്റെ കാഴ്ചപ്പാടു നമുക്കുണ്ടായിരിക്കണം. സമ്പന്നനായ ദൈവത്തിൽ മാത്രം ആശ്രയിക്കാം. രക്ഷിക്കപ്പെടാത്തവരിൽ നിന്നു ദൈവവേലയ്ക്കായി ദൈവമക്കൾ യാതൊന്നും വാങ്ങരുത്.

രക്ഷിക്കപ്പെട്ട വിശ്വാസികൾ സഹവിശ്വാസികളുമായി ആത്മീക കൂട്ടായ്മബന്ധത്തിൽ വളർന്നു വരണം. ആളിക്കത്തിക്കൊണ്ടിരിക്കുന്ന അടുപ്പിൽ നിന്നും ഒരു തീക്കൊള്ളി കുറേ നേരം മാറ്റി വച്ചിരുന്നാൽ അതിന്റെ തീ നഷ്ടപ്പെട്ടു പുകയുന്ന അവസ്ഥയിലേക്കു വരുന്നു. അതുപോലെ മറ്റുള്ളവരുമായി കൂട്ടായ്മ ബന്ധമില്ലാത്ത വിശ്വാസി ആത്മീയസന്തോഷം നഷ്ടപ്പെട്ടു പിൻമാറ്റത്തിലെത്തിച്ചേരും. വിശ്വാസികളായ നാം കൂട്ടവകാശികൾ എന്ന നിലയിൽ തമ്മിൽ തമ്മിലുള്ള കൂട്ടായ്മബന്ധത്തിൽ ശക്തി പ്രാപിക്കണം.

= = = = = = = *Amen* = = = = = = =

(DOCTRINAL TRUTHS *by Samson Henry, Kollam*)

# അദ്ധ്യായം - 19

## കർത്തൃമേശ (LORD'S TABLE)

ദൈവസഭയ്ക്കുള്ള അടിസ്ഥാനപ്രമാണങ്ങളിൽ ഉൾപ്പെട്ടതാണ് **കർത്തൃമേശ** അഥവാ **തിരുവത്താഴ ആചരണം**. ദൈവമക്കളായ വിശ്വാസികൾക്കു രണ്ടു അനുഷ്ഠാനങ്ങൾ ഉണ്ട്. അവ സ്നാനവും, കർത്തൃമേശയും ആണ്. ഇവ രണ്ടും കർത്താവു കല്പനയായി തന്നിട്ടുള്ളവയാണ്. ഈ അനുഷ്ഠാനങ്ങൾ രക്ഷിക്കപ്പെടുവാനോ, പാപമോചനത്തിനോ, സ്വർഗ്ഗപ്രവേശനത്തിനോ ഉള്ളതല്ല. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷിക്കപ്പെട്ടവർ വിശ്വാസസ്നാനം സ്വീകരിക്കുകയും തുടർന്നു അങ്ങനെയുള്ളവരുമായി കർത്താവിന്റെ മേശയുടെ കൂട്ടായ്മ പങ്കിടുകയും വേണം. സ്നാനം കർത്താവിന്റെ രാജകല്പനയാണ് (മത്താ.28:18-20/ മർക്കൊ.16:15,16). യേശുക്രിസ്തുവിൽ വിശ്വസിച്ചു പാപമോചനം പ്രാപിച്ചു രക്ഷിക്കപ്പെട്ട ഒരുവൻ സ്നാനപ്പെടുമ്പോൾ താൻ പാപസംബന്ധമായി മരിച്ചു, ഉയിർത്തെഴുന്നേറ്റു ക്രിസ്തുവിനോടുകൂടെ ജീവിക്കുന്നു എന്നു പരസ്യമായി പ്രഖ്യാപിക്കുകയാണ്. അതായതു യേശുക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം (Death, Burial, Resurrection) എന്നിവയോടു ഏകീഭവിക്കുന്നു. എന്നാൽ കർത്തൃമേശ ആചരിക്കുമ്പോൾ വിശ്വാസികൾ അപ്പത്തിലും പാനപാത്രത്തിലും പങ്കാളികളായി യേശുക്രിസ്തുവിനെ ഓർക്കുകയും, തന്റെ മരണത്തെ പ്രസ്താവിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുകയാണ്. സ്നാനം രക്ഷിക്കപ്പെട്ട ഉടനെ വിശ്വാസജീവിതത്തിന്റെ ആരംഭത്തിൽ ഒരിക്കലായി അനുസരിക്കേണ്ടതും, കർത്തൃമേശ രണ്ടാം വരവുവരെ ആചരിക്കേണ്ടതും ആകുന്നു. കർത്താവിന്റെ ശിഷ്യന്മാരാണ് കർത്തൃമേശയിൽ പങ്കാളികളാകേണ്ടത്. രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ദൈവമക്കൾ കർത്താവിന്റെ ശിഷ്യന്മാരാണ്. രക്ഷിക്കപ്പെട്ടു എങ്കിലും കർത്താവിന്റെ കല്പ

നയായ സ്നാനം സ്വീകരിക്കാത്തവർ രഹസ്യ ശിഷ്യന്മാരായതിനാൽ അവർ ഈ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ യോഗ്യരല്ല. ഒന്നാം നൂറ്റാണ്ടിൽ സഭാവിശ്വാസികൾ പിൻപറ്റിയ മാതൃകയിൽ കർത്തൃമേശ (Lord's Table) ഉൾപ്പെട്ടിരുന്നു.

***അപ്പൊ. 2:42,46—*** "കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. ..... ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടി വരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും ഹൃദയ പരമാർത്ഥതയും പൂണ്ടു......"

രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, ലോകത്തിൽ നിന്നു വേർപെട്ടു, ദൈവവചനം ധ്യാനിച്ചും പഠിച്ചും കൂട്ടായ്മാബന്ധത്തിൽ ഒരുമിച്ചുകൂടി ഏകമനസ്സോടെ ആരാധിക്കുന്നവരാണ് കർത്തൃമേശയിൽ പങ്കെടുക്കേണ്ടത്. തിരുവത്താഴം അഥവാ കർത്തൃമേശ ദൈവത്തെ ആരാധിപ്പാൻ സഹായിക്കുന്ന ആത്മീക ഉൾക്കാഴ്ചയുടെ അനുഭവം തരുന്നതാണ്. മേശയെയും അതിന്മേലുള്ള അപ്പവീഞ്ഞുകളെയും ആരാധിക്കുകയല്ല, മറിച്ചു അതിലെ ഘടകങ്ങളിലൂടെ പറഞ്ഞുതീരാത്ത ദൈവദാനത്തെ ഓർത്തു, ദൈവത്തിന്റെ മഹത്വത്തെ ദർശിച്ചു, കാൽവറിക്രൂശിൽ നമുക്കായി മരിച്ച കർത്താവിനെയും തന്റെ ഉയിർത്തെഴുന്നേല്പിനെയും ധ്യാനിച്ചു ദൈവത്തെ സ്തുതിച്ച് ആരാധിക്കുകയാണ്.

മിസ്രയീമിൽ ഫറവോന്റെ അടിമത്വത്തിൽ നിന്നും യിസ്രായേൽ മക്കൾ വിടുവിക്കപ്പെട്ടതിന്റെ ഓർമ്മയ്ക്കായി ഒടുവിലത്തെ പെസഹ അവർ ആചരിച്ചു. ദൈവജനത്തിന്റെ അടിമത്വത്തിലും, കഷ്ടപ്പാടുകളിലും നിന്നുള്ള വിടുതലിനായി ഒരു കുഞ്ഞാടു അറുക്കപ്പെട്ടു; അതിന്റെ രക്തത്താൽ വിടുതലും, വേർപാടും, സ്വാതന്ത്ര്യവും ലഭിച്ചതിന്റെ ഓർമ്മയായിരുന്നു പെസഹ (പുറ.12). പുതിയനിയമ വിശ്വാസികളുടെ പെസഹക്കുഞ്ഞാട് യേശുക്രിസ്തുവാണ്. ***1.കൊരി.5:7*** *—"നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നേ."*

പെസഹക്കുഞ്ഞാടായ യേശുക്രിസ്തു ശിഷ്യന്മാരോടൊപ്പം ഇതു ആചരിക്കുകയും, തന്റെ ഓർമ്മെക്കായി വീണ്ടും വരവുവരെ തുടരണം എന്നു കല്പിക്കുകയും ചെയ്തു. യേശുകർത്താവു തന്നെ തുടക്കം കുറിച്ച ശുശ്രൂഷ ആയതിനാൽ വിശ്വാസിയുടെ ജീവിത

ത്തിൽ ഇതിനു വളരെ പ്രാധാന്യം ഉണ്ട്. *"എന്റെ ഓർമ്മെക്കായി ഇതു ചെയ്‌വിൻ"* എന്നു കർത്താവു കല്പിച്ചിരിക്കുന്നു.

**മത്താ.26:26,27—** *"അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു: വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം എന്നുപറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ."*

**ലൂക്കൊ.22:19,20 —** *"പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു: ഇതു നിങ്ങൾക്കു വേണ്ടി നൽകുന്ന എന്റെ ശരീരം; എന്റെ ഓർമ്മെക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും കൊടുത്തു: ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം ആകുന്നു."*

**1.കൊരി.11:23–26 —** *"ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏല്പിക്കയും ചെയ്തതു എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി; ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മെക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മെക്കായി ചെയ്‌വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു."*

കർത്താവു കാൽവറിയിലെ ക്രൂശിൽ കഷ്ടം അനുഭവിച്ചു മരിക്കുന്നതിനു മുമ്പു തന്റെ ശിഷ്യന്മാരോടൊപ്പം പെസഹ ആചരിച്ചു (ലൂക്കൊ.22:14–20). ഇത് ശിഷ്യന്മാരോടൊപ്പം കർത്താവിന്റെ ഒടുവിലത്തെ പെസഹ ആയിരുന്നു. അപ്പോൾത്തന്നെ ഇത് പുതിയനിയമത്തിലെ തിരുവത്താഴത്തിന്റെ ആരംഭവുമായിരുന്നു. പഴയ

നിയമ പെസഹ മിസ്രയീമിൽ നിന്നുള്ള യിസ്രായേലിന്റെ വിടുതലിന്റെ ഓർമ്മയായിരിക്കുമ്പോൾ പുതിയനിയമ പെസഹാ അതായ്ത് തിരുവത്താഴം ക്രൂശുമരണത്താലുള്ള ഏകയാഗത്തെയും അതിലൂടെ പുതിയനിയമവിശ്വാസികൾക്കു ലഭിച്ച രക്ഷയെയും വീണ്ടെടുപ്പിനെയും ഓർമ്മിപ്പിക്കുന്നു.

## തിരുവചനത്തിൽ കർത്തൃമേശയ്ക്കുള്ള വിവിധ പേരുകൾ —

***(1) കർത്തൃമേശ*** (Lord's Table) ----

കർത്താധികർത്താവും രാജാധിരാജാവുമായ യേശു കർത്താവ് മേശയിൽ അദ്ധ്യക്ഷനായും, തന്റെ മക്കളായ പ്രജകൾ ഈ മേശയിൽ തന്നോടൊപ്പം ഭക്ഷിപ്പാൻ അവകാശം ലഭിച്ചവരായും ഇരിക്കുന്നു എന്ന നിലയിൽ **കർത്തൃമേശ** എന്ന പേരു അന്വർത്ഥമാകുന്നു.

**1.കൊരി.10:21 —** *"നിങ്ങൾ കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല; നിങ്ങൾക്കു **കർത്താവിന്റെ മേശ**യിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല."*

***(2) തിരുവത്താഴം / കർത്താവിന്റെ അത്താഴം*** (Lord's Supper) ----

തന്നെ കാണിച്ചു കൊടുത്ത രാത്രിയിൽ കർത്താവു തന്റെ ശിഷ്യന്മാരുമായി **അത്താഴം** പങ്കിട്ടതിനെ കുറിക്കുന്നു.
(ലൂക്കൊ.22:7-23/ 1.കൊരി11:20).

***(3) അപ്പം നുറുക്കൽ*** (Breaking of Bread) ----

ജീവന്റെ അപ്പമായ കർത്താവ് നമുക്കായി ഈ ലോകത്തിൽ വന്നു; അക്ഷരാർത്ഥത്തിൽ മനുഷ്യരാൽ തന്റെ ശരീരം നുറുക്കപ്പെട്ടു. ഈ ഓർമ്മയെ മേശയിലെ അപ്പം കാണിക്കുന്നു.

**അപ്പൊ.2:46** –*"ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ **അപ്പം നുറുക്കി**.........."*

**അപ്പൊ.20:7 —** *'ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ* ***അപ്പം നുറുക്കുവാൻ*** *കൂടിവന്നപ്പോൾ."*

**മത്താ.26:26 —***"യേശു* **അപ്പം എടുത്തു വാഴ്ത്തി നുറുക്കി."**

**മർക്കൊ.14:22 —***"അവർ ഭക്ഷിക്കുമ്പോൾ അവൻ* **അപ്പം എടുത്തു വാഴ്ത്തി നുറുക്കി."**

**ലൂക്കൊ.22:19 —***"പിന്നെ* **അപ്പം എടുത്തു വാഴ്ത്തി നുറുക്കി."**

**1.കൊരി.10:16 —***"നാം* **നുറുക്കുന്ന അപ്പം** *ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ."*

***(4) അനുഗ്രഹപാത്രം*** (Cup of Blessing) ----

പാപികളും, ദോഷികളുമായ നമ്മെ അനുഗ്രഹപാത്രയിലേക്കു കൊണ്ടുവന്ന അനുഗ്രഹത്തിന്റെ ഉറവിടത്തെ ഓർക്കുന്നതും, നാം തന്നെ ഒരു അനുഗ്രഹ വിഷയമായിരിക്കുന്നതുമായ നല്ല ഓർമ്മയുടെ ചിഹ്നമായതിനാൽ അനുഗ്രഹപാത്രം എന്നു അറിയപ്പെടുന്നു.

**1.കൊരി.10:16 —** *"നാം അനുഗ്രഹിക്കുന്ന* **അനുഗ്രഹപാത്രം** *ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ?"*

***(5) കൂട്ടായ്മ*** (Communion) ----

കർത്താവിന്റെ ശരീരത്തെയും രക്തത്തെയും കുറിക്കുന്ന അപ്പവും പാനപാത്രവും വിശ്വാസികൾ ക്രിസ്തുവിനോടുള്ള വിശുദ്ധകൂട്ടായ്മയിൽ (Holy Communion) പങ്കാളികളാകുന്നു എന്ന അർത്ഥത്തിൽ കൂട്ടായ്മ എന്നു പറയുന്നു. കൂട്ടായ്മയുടെ തെളിവാണ് അപ്പം നുറുക്കൽ.

**1.കൊരി.10:16 —** *"നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം* **ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ** *അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ?"*

## വിശ്വാസി കർത്തൃമേശ ആചരിക്കേണ്ട ആവശ്യം എന്ത്?

***(1) യേശുക്രിസ്തു കല്പനയായി തന്നിരിക്കുന്നു —***

രക്ഷിക്കപ്പെട്ടു, വിശ്വാസകുടുംബത്തിലേക്കു വന്ന ഒരുവനുള്ള രണ്ടു അനുഷ്ഠാനങ്ങളിൽ ഒന്നു സ്നാനവും മറ്റേതു കർത്തൃമേശയും ആണ്. ഇവ രണ്ടും കർത്താവു തന്നെ മാതൃക കാണിച്ചു; നാമും അനുസരിക്കുവാൻ കല്പിച്ചിരിക്കുന്നു.

**ലൂക്കൊ.22:19—** *"പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു: ഇതു നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം;* ***എന്റെ ഓർമ്മെക്കായി ഇതു ചെയ്വിൻ*** *എന്നു പറഞ്ഞു."*

***(2) കർത്തൃമേശ ആദിമസഭയിലെ വിശ്വാസികൾ അനുസരിച്ചിരുന്നു —***

**അപ്പൊ.2:42,46—** *"അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു."*

**അപ്പൊ.20:7 —** *"ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ."*

***(3) കർത്തൃമേശ തിരുവചന ലേഖനങ്ങളിൽ ഉപദേശമായി തന്നിരിക്കുന്നു —***

**1.കൊരി.11:23-26—** *"ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏൽപ്പിക്കയും ചെയ്തതു എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മെക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മെക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

## കർത്തൃമേശയുടെ പ്രത്യേകതകൾ —

***(1) കർത്താവിന്റെ മരണപുനരുത്ഥാനപുനരാഗമനത്തെ കുറിക്കുന്നതാണ് കർത്തൃമേശ —***

കർത്തൃമേശ പാപി രക്ഷിക്കപ്പെടുന്നതിനോ, പാപമോചനത്തിനോ, സ്വർഗ്ഗപ്രവേശനത്തിനോ ഉള്ള ആചരണമല്ല. ഇതിൽ ക്രമമായി പങ്കെടുത്താൽ രോഗസൗഖ്യം ലഭിക്കും എന്ന പഠിപ്പിക്കലും ശരിയല്ല. വിശുദ്ധിയില്ലാതെ അയോഗ്യമായി പങ്കെടുത്താൽ ദൈവ ശിക്ഷെക്കു കാരണമാകും.

**1.കൊരി.11:26—** *"അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു."*

***(2) കർത്തൃമേശ ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്ന ശുശ്രൂഷയാണ് — വസ്തുമാറ്റം സംഭവിക്കുന്നില്ല —***

പുരോഹിതൻ വാഴ്ത്തിക്കഴിഞ്ഞാൽ അപ്പം യേശുവിന്റെ ശരീരമാകുമെന്നും, വീഞ്ഞു യേശുവിന്റെ രക്തമാകുമെന്നുമുള്ള വസ്തുമാറ്റ ഉപദേശവും, പഠിപ്പിക്കലും ദൈവവചനവിരുദ്ധമാണ്. അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ സാക്ഷാൽ ശരീരവും രക്തവുമായി മാറുന്നു എന്നതാണ് വസ്തുമാറ്റം എന്ന ഉപദേശം. ഇങ്ങനെ സംഭവിച്ചാൽ ഓരോ പ്രാവശ്യവും ക്രിസ്തു ക്രൂശിക്കപ്പെടുന്നു. തിരുവചനം പറയുന്നത് *"നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു ............. ഇനിമേൽ പാപങ്ങൾക്കുവെണ്ടി ഒരു യാഗവും ആവശ്യമില്ല"* (എബ്രാ.10:10-18).

**കർത്താവു ഈ ശുശ്രൂഷ ഏൽപ്പിച്ചപ്പോൾ അപ്പത്തെയും, പാനപാത്രത്തെയും വാഴ്ത്തിയില്ല, മറിച്ചു അപ്പം എടുത്തു വാഴ്ത്തി നുറുക്കി, പാനപാത്രം എടുത്തു വാഴ്ത്തി എന്നാണ് തിരുവചനത്തിൽ കാണുന്നത്.** ( Then He took the cup, and gave thanks ....And He took bread, gave thanks and broke it -- Luke.22:17,19). ആയതിനാൽ അപ്പവും പാനപാത്രവും എടുത്തു **ദൈവത്തെ വാഴ്ത്തി സ്തുതിച്ചു എന്നതാണ് ഇതു അർത്ഥമാക്കുന്നത്.**

അപ്പവും പാനപാത്രവും എത്ര വാഴ്ത്തിയാലും അതിനു യാതൊരു വസ്തുമാറ്റവും സംഭവിക്കുന്നില്ല. ***യേശുകർത്താവ് ഇതു എന്റെ ശരീരം എന്നും ഇതു എന്റെ രക്തം എന്നും പറഞ്ഞപ്പോൾ കർത്താവിന്റെ മാംസവും, രക്തവും ആയി മാറിയില്ല.***

ഉദാഹരണമായി ഞാൻ ലോകത്തിന്റെ വെളിച്ചം എന്നു പറഞ്ഞപ്പോൾ കർത്താവു സൂര്യനെന്നോ ഏതോ പ്രകാശമുള്ള ഗോളമെന്നോ അല്ല പറഞ്ഞത്. ഞാൻ വഴി എന്നു കർത്താവു പറഞ്ഞപ്പോൾ മനുഷ്യൻ യാത്ര ചെയ്യുന്ന പൊതുനിരത്ത് എന്നുമല്ല ഉദ്ദേശിച്ചത്. ഇവ ആലങ്കാരിക പ്രയോഗങ്ങളാണ്. ഈ ശുശ്രൂഷയിലെ ആത്മീക ചിന്തകളാണ് വിശ്വാസി ഓർക്കേണ്ടത്.

***(3) കർത്തൃമേശ വീണ്ടെടുപ്പുകാരനായ കർത്താവിനെ സ്മരിക്കുന്ന ശുശ്രൂഷയാണ് —***

ഇതിനായി ഉപയോഗിക്കുന്ന അപ്പവീഞ്ഞുകൾ കർത്താവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും ചിഹ്നങ്ങൾ മാത്രമാണ്. ഈ ശുശ്രൂഷയിൽ പങ്കെടുക്കുമ്പോൾ ക്രിസ്തു ക്രൂശിൽ നിർവ്വഹിച്ച കാര്യങ്ങളും, പറഞ്ഞുതീരാത്ത ദാനവും, അനുഗ്രഹങ്ങളും ഓർക്കുകയാണ് (ലൂക്കൊ.22:19 / 1.കൊരി.11:24,25 /2.കൊരി.9:15).

***(4) കർത്തൃമേശ യേശുകർത്താവിനെ സ്തുതിക്കുന്ന ശുശ്രൂഷയാണ് —***

പാപികളും ദോഷികളുമായ മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാനായി കാൽവറി ക്രൂശിൽ യാഗം അർപ്പിച്ചു, നമ്മെ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി ദൈവസന്നിധിയിൽ നിറുത്തിയിരിക്കുന്നതിന്നു നന്ദി അറിയിക്കുന്ന സ്തോത്രശുശ്രൂഷയാണ് (1.കൊരി.11:23/കൊലൊ.1:21,22).

***(5) കർത്തൃമേശ നമ്മെ സമ്പൂർണ്ണമായി സമർപ്പിക്കുന്ന ശുശ്രൂയാണ് —***

വീണ്ടെടുക്കപ്പെട്ട ദൈവപൈതൽ എന്ന നിലയിൽ ദൈവഹിതം തിരിച്ചറിഞ്ഞു മനസ്സു പുതുക്കി രൂപാന്തരപ്പെട്ടു ജീവനും വിശുദ്ധിയും, ദൈവത്തിനു പ്രസാദവുള്ള യാഗമായി നമ്മെത്തന്നെ സമർപ്പിക്കുകയാണ് (റോമ.12:1,2).

(DOCTRINAL TRUTHS *by Samson Henry, Kollam*)

*(6) കർത്തൃമേശ കൂട്ടായ്മയുടെ ശുശ്രൂഷയാണ് —*

കർത്തൃമേശ പിതാവായ ദൈവവും, പുത്രനായ യേശുക്രിസ്തുവും, വീണ്ടെടുക്കപ്പെട്ട വിശ്വാസികളും തമ്മിൽ പരിശുദ്ധാത്മസഹായത്താലുള്ള ഒരു കൂട്ടായ്മാബന്ധമാണ്. വിശ്വാസികൾ ദൈവത്തോടും, യേശുക്രിസ്തുവിനോടുമുള്ള കൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടവരാണ് (1.കൊരി.1:9). കർത്തൃമേശയിൽ പങ്കെടുക്കുമ്പോൾ പിതാവായ ദൈവത്തോടും, കർത്താവായ യേശുക്രിസ്തുവിനോടും വിശ്വാസി ആത്മീക കൂട്ടായ്മയിൽ പങ്കാളിയായിത്തീരുന്നു (1.കൊരി.10:16,17). കൂടാതെ വിശ്വാസികൾ തമ്മിലുള്ള ഐക്യത, ഏകഭാവം, ഏകമനസ്സു എന്നിവയേയും ഇതു കാണിക്കുന്നു (എഫെ.1:23/എഫെ.4:4-6).

*(7) കർത്തൃമേശ പ്രത്യാശയുടെ ശുശ്രൂഷയാണ് —*

കർത്തൃമേശ കർത്താവിന്റെ വീണ്ടും വരവിന്റെ പ്രത്യാശ നൽകുന്നു. കർത്താവു വരുവോളം കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നു എന്നാണ് 1.കൊരി.11:26 -ൽ കാണുന്നത്. കർത്താവിന്റെ മേശയിൽ പങ്കെടുക്കുമ്പോഴൊക്കെ അതു നമ്മെ ഓർമ്മിപ്പിക്കുന്നത്, നമുക്കായി സ്വർഗ്ഗത്തിൽ സ്ഥലം ഒരുക്കുവാൻ പോയ കർത്താവു ഇതുവരെയും വന്നിട്ടില്ല; മാത്രമല്ല താൻ വാഗ്ദത്തം ചെയ്തതുപോലെ നമ്മെ ചേർക്കുവാനായി വാനമേഘങ്ങളിൽ വേഗം വരും എന്നുള്ള പ്രത്യാശയാണ്. ലോകമഹാത്മാക്കളുടെ കല്ലറകളിൽ "ഇവിടെ ഇവർ അന്ത്യവിശ്രമം കൊള്ളുന്നു" —
(R.I.P > Rest In Peace) എന്നു രേഖപ്പെടുത്തിയിരിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ ഒഴിഞ്ഞ കല്ലറ വിളിച്ചറിയിക്കുന്നത് **"അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു; അവൻ കിടന്ന സ്ഥലം വന്നു കാണ്മിൻ"** (മത്താ.28:6 > He is not here; for He is risen, as He said. Come, see the place where the Lord lay) എന്ന പ്രഖ്യാപനമാണ്. ഉയിർത്തെഴുന്നേറ്റ, വീണ്ടും വരുന്ന കർത്താവിനെകുറിച്ചുള്ള പ്രത്യാശ കർത്തൃമേശ വർദ്ധിപ്പിക്കുന്നു. യിസ്രായേൽ ജനത്തിന് പെസഹ മിസ്രയീമിൽ നിന്നുള്ള വിടുതലിന്റെ ഓർമ്മയും മശിഹയെക്കുറിച്ചുള്ള പ്രത്യാശയും നൽകിയിരുന്നു. അതുപോലെ കർത്തൃമേശ വിശ്വാസിക്ക് പാപത്തിൽ നിന്നുള്ള വിടുതലിന്റെ ഓർമ്മയും, കർത്താവിന്റെ വീണ്ടും വരവിലുള്ള പ്രത്യാശയെയും നൽകുന്നു.

***(8) കർത്തൃമേശ പുതിയനിയമത്തിന്റെ ശുശ്രൂഷയാണ് —***

***1.കൊരി.11:25—*** *"ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു."*

പഴയനിയമം മൃഗങ്ങളുടെ യാഗത്തിലും, രക്തത്തിലും അടിസ്ഥാനപ്പെട്ടിരുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല എന്ന ദൈവനിയമപ്രകാരം യേശുക്രിസ്തു സ്വന്തരക്തം ചിന്തി പാപമോചനത്തിനുള്ള രക്ഷാമാർഗ്ഗം തുറന്നു.

*റോമ.3:25 — "വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു."*

പഴയനിയമയാഗങ്ങൾ താൽക്കാലികവും കൂടെക്കൂടെ അർപ്പിക്കേണ്ടതും ആയിരുന്നു. എന്നാൽ യേശുക്രിസ്തുവിലൂടെയുള്ള പുതിയനിയമയാഗം എന്നേക്കും ഒരിക്കൽ മാത്രവും കൂടെക്കൂടെ അർപ്പിക്കുവാൻ ആവശ്യമില്ലാത്തതും ആകുന്നു (എബ്രാ.9:25-28). വിശ്വാസത്താലുള്ള നീതീകരണമാണ് പുതിയനിയമ വ്യവസ്ഥ (യോഹ.1:12). കൃപയാലുള്ള രക്ഷ അടിസ്ഥാനപ്പെട്ടിരിക്കുന്നത് യേശുക്രിസ്തുവിലൂടെയുള്ള പുതിയനിയമരക്തത്താലാണ്.

***(9) കർത്തൃമേശ യേശുക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കുന്ന ശുശ്രൂഷയാണ് —***

**1.കൊരി.11:26 —***"അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു."*

നാം മരിക്കേണ്ട സ്ഥാനത്തു പകരക്കാരനായി നമ്മുടെ കർത്താവു മരിച്ചു എന്നു ഈ ശുശ്രൂഷ പ്രസ്താവിക്കുന്നു.

***(10) കർത്തൃമേശ വിശ്വാസികൾ, പുരോഹിതന്മാർ എന്ന നിലയിൽ പങ്കെടുക്കുന്ന ശുശ്രൂഷയാണ് —***

**1.കൊരി.10:16,17—"നാം അനുഗ്രഹിക്കുന്ന** *അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ?* **നാം നുറുക്കുന്ന** *അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? അപ്പം ഒന്നു*

*ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ."*

അപ്പൊസ്തലൻ ഓരോരുത്തർക്കായി എടുത്തു കൊടുത്തു നടത്തിയ ശുശ്രൂഷയല്ല, മറിച്ച് എല്ലാവരും ഒരു അപ്പത്തിൽ നിന്നു ഭക്ഷിച്ചു; എല്ലാവരും ഒരു പാനപാത്രത്തിൽ നിന്നു കുടിച്ചു. കർത്താവു ഈ ശുശ്രൂഷെക്കു ആരംഭം കുറിച്ചപ്പോൾ അപ്പവും വീഞ്ഞും ശിഷ്യന്മാർക്കു കൊടുത്തു. അവർ ഓരോരുത്തരായി അതു പങ്കിട്ടു. ഇതിൽ നിന്നും നമുക്കു മനസ്സിലാക്കാവുന്നതു കർത്തൃമേശയിലെ അപ്പവും വീഞ്ഞും ഏതെങ്കിലും പുരോഹിതനോ, പാസ്റ്ററോ, ശുശ്രൂഷകനോ, ഇതിനായി വേർതിരിക്കപ്പെട്ടവരോ മാത്രം ഓരോരുത്തർക്കായി എടുത്തു വാഴ്ത്തികൊടുക്കേണ്ട ശുശ്രൂഷയല്ല എന്നതാണ്. ആരാധനയിൽ സൗകര്യത്തിനും, എല്ലാം ഉചിതവും ഭംഗിയുമായി നടത്തുന്നതിനും, ജീവിത സാക്ഷ്യമുള്ള ഒന്നോ രണ്ടോ പേർ അപ്പവീഞ്ഞുകൾ മേശയിൽ നിന്നു എടുത്തു കൈമാറുന്നു. എന്നാൽ അവ എടുത്തു കൊടുക്കുന്നയാൾക്കു പ്രത്യേകിച്ചു പ്രാധാന്യം ഒന്നുമില്ല. അപ്പവും പാനപാത്രത്തിലെ വീഞ്ഞും വിശ്വാസികൾ ഓരോരുത്തരായി സ്തോത്രത്തോടെ എടുക്കുന്നു. എന്നാൽ ദൈവനാമം ദുഷിക്കപ്പെടാതിരിക്കുവാൻ എടുത്തു കൊടുക്കുന്നവർ നല്ല സാക്ഷ്യമുള്ളവരായിരിക്കണം. നാം നുറുക്കുന്ന അപ്പം, നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം എന്നാണ് തിരുവചനത്തിൽ കാണുന്നത്. വിശ്വാസികൾ എല്ലാം പുരോഹിതന്മാരാണ് (വെളി.1:6/ 1.പത്രൊ.2:9). പുരോഹിതന്മാർ എന്ന നിലയിൽ അവർ നുറുക്കുന്നു, അവർ പങ്കുകാരാകുന്നു.

***(11) കർത്തൃമേശ വിശ്വാസി തന്നെത്തന്നെ ശോധന ചെയ്യുന്ന ശുശ്രൂഷയാണ് —***

കർത്താവിനെ സ്തുതിക്കുവാൻ കടന്നു വരുമ്പോഴൊക്കെയും കർത്തൃമേശ, വിശ്വാസി തന്നെത്തന്നെ ശോധന ചെയ്യുവാൻ അവസരം നൽകുന്ന ശുശ്രൂഷ കൂടിയാണ്.

***1.കൊരി.11:27,28*** *—"അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാ*

*രൻ ആകും. **മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്വാൻ.** തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്ര കൊള്ളുന്നു."*

## കർത്തൃമേശയിൽ പങ്കെടുക്കുവാനുള്ള യോഗ്യതകൾ —

**(1) രക്ഷിക്കപ്പെട്ടവർ, സ്നാനപ്പെട്ടവർ —**

കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ, പാപ മോചനം പ്രാപിച്ചു രക്ഷിക്കപ്പെട്ടവരും, കർത്താവിന്റെ കല്പനയായ സ്നാനം സ്വീകരിച്ചവരും ആയിരിക്കണം, കർത്താവിന്റെ മേശയിൽ പങ്കെടുക്കേണ്ടത്. അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു (അപ്പൊ.2:41,42). സ്നാന പ്പെടുമ്പോഴാണ് വിശ്വാസി കർത്താവിന്റെ മരണപുനരുത്ഥാന ത്തോടു ഏകീഭവിക്കുന്നത്.(അപ്പൊ.2:41,42/റോമ.6:3-11)

**(2) ലോകത്തോട് വേർപെട്ടവർ —**

രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു കഴിഞ്ഞാൽ അങ്ങനെയുള്ളവ രുമായി മാത്രമേ കൂട്ടായ്മ ആചരിക്കാവൂ. ലോകത്തിൽ നിന്നു വേർപെട്ടു ജീവിക്കുന്നവരായിരിക്കണം കർത്താവിന്റെ മേശയിൽ പങ്കെടുക്കേണ്ടത് (അപ്പൊ.2:41,42).

**(3) വിശുദ്ധിയെ സംബന്ധിച്ചു ശോധന ചെയ്തവർ —**

വിശ്വാസികളാണ് കർത്തൃമേശയിൽ പങ്കെടുക്കേണ്ടത്. അവർ ജീവിതവിശുദ്ധി പ്രാപിച്ചവരായിരിക്കണം. അയോഗ്യമായി ഈ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ പാടില്ല. അറിഞ്ഞോ അറിയാ തെയോ ചെയ്തുപോയ പാപ, ലംഘനങ്ങൾ യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരണം പ്രാപിച്ചിരിക്കണം (1.കൊരി11:27 -30). ദൈവത്തോടുള്ള പാപങ്ങൾ മാത്രമല്ല, സഹോദരവർഗ്ഗത്തോടു

മനസ്സിൽ കയ്പായ മനോഭാവം വെച്ചു പുലർത്തിയിട്ട്, അതു സാര മില്ല എന്നു ചിന്തിച്ച്, ഇതിലേക്കു കരം നീട്ടുന്നതും ദൈവം ഇഷ്ട പ്പെടുന്നില്ല.

**മത്താ.5:23,24**—*"ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തി ങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന്നു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെവെച്ചു ഓർമ്മവന്നാൽ നിന്റെ വഴിപാടു അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു, ഒന്നാമതു ചെന്നു സഹോദര നോടു നിരന്നു കൊൾക; പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക."*

കർത്താവിന്റെ മേശയിൽ പങ്കെടുക്കുന്നതിനു മുമ്പായി തന്നെത്തന്നെ ശോധന ചെയ്തു ജീവിതവിശുദ്ധി പ്രാപിച്ചിരിക്കണം. കർത്താവിന്റെ മേശയോടുള്ള ബന്ധത്തിൽ മാത്രമല്ല, ജീവിതത്തി ലുടനീളം വിശ്വാസി തന്നെത്തന്നെ പരിശോധിക്കുകയും ശോധന ചെയ്യുകയും വേണമെന്നു തിരുവചനം പ്രസ്താവിക്കുന്നു.
സങ്കീ.26:2 —*"യഹോവേ, എന്നെ പരീക്ഷിച്ചു ശോധന ചെയ്യേണമേ; എന്റെ അന്തരംഗവും എന്റെ ഹൃദയവും പരിശോധിക്കേണമേ."*

സങ്കീ.139:23 —*"ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയിക്കേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവു കളെ അറിയിക്കേണമേ."*

2.കൊരി.13:5 —*''നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നവോ എന്നു നിങ്ങളെത്തന്നേ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നേ ശോധന ചെയ് വിൻ."*

ഗലാ.6:4 — *"ഓരോരുത്തൻ താന്താന്റെ പ്രവൃത്തി ശോധന ചെയ്യട്ടെ."*

## കർത്തൃമേശയെ സംബന്ധിച്ചു ചില ചോദ്യങ്ങൾ

:

***(1) കർത്തൃമേശ എന്നുവരെ ആചരിക്കണം?***

കർത്താവിന്റെ വീണ്ടും വരവു വരെ തുടർമാനമായി ആചരിക്കേണ്ടതാണ്. 1.കൊരി.11:26 —*"അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

***(2) മാസത്തിൽ ഒരിക്കൽ മാത്രം കർത്തൃമേശ മതി എന്നു പറയുന്നതു ശരിയാണോ? കർത്താവു ശുശ്രൂഷ രാത്രിയിൽ നടത്തിയതിനാൻ രാത്രി തന്നേ വേണമോ?***

മാസത്തിൽ ഒരിക്കലോ, ചില ആഴ്ചകൾ കൂടുമ്പോഴോ മാത്രം അനുഷ്ഠിക്കേണ്ട ശുശ്രൂഷയല്ല കർത്തൃമേശ. കർത്താവിന്റെ വീണ്ടും വരവുവരെ കർത്തൃമേശ ആചരിക്കേണ്ടതാകുന്നു. അങ്ങനെയെങ്കിൽ എല്ലാദിവസവും ആചരിക്കാത്തതെന്തേ എന്നു ചോദിച്ചേക്കാം. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആദിമവിശ്വാസികൾ കൂടിവന്നു അപ്പം നുറുക്കി എന്നു തിരുവചനത്തിൽ കാണുന്നു (അപ്പൊ.20:7). നമ്മുടെ എല്ലാ ആത്മീകാനുഗ്രഹങ്ങൾക്കും കാരണക്കാരനായ കർത്താവിന്റെ പുനരുത്ഥാനദിവസമായ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം നാമും കൂടി വന്നു അപ്പം നുറുക്കുന്നു.

തന്നെത്താൻ ശോധന ചെയ്തു വേണം ഇതിൽ പങ്കെടുക്കുവാൻ; അല്ലെങ്കിൽ കുറ്റക്കാരനായി ശിക്ഷിക്കപ്പെടും (1.കൊരി.11:27-30) എന്നു പറഞ്ഞിരിക്കുന്ന മുന്നറിയിപ്പ് ഭയന്ന് പല ആഴ്ചകൾ ഒരുങ്ങി വിശുദ്ധീകരണം പ്രാപിച്ചു ചെയ്യേണ്ടതല്ല കർത്തൃമേശ. വിശ്വാസി എപ്പോഴും വിശുദ്ധിയുള്ളവനായിരിക്കണം. ഏതെങ്കിലും വിശ്വാസി തന്നിൽ വിശുദ്ധിക്കു ഭംഗം കാണുന്നുവെങ്കിൽ അയാൾ മാത്രം നിരപ്പു പ്രാപിക്കുന്നതുവരെ, വിശുദ്ധി നേടുന്നതുവരെ, മേശയിൽ പങ്കെടുക്കാതിരിക്കുന്നതാണ് ഉത്തമം. അല്ലാതെ സഭയായിട്ടു ഒരുങ്ങി ഒരു മാസം കാത്തിരുന്ന്, മാസത്തിൽ ഒരിക്കൽ മാത്രം നടത്തേണ്ടതല്ല കർത്തൃമേശ. അതിനു തിരുവചനത്തിൽ ആധാരമില്ല.

കർത്താവു ശുശ്രൂഷ രാത്രിയിലാണ് നടത്തിയതെന്നും, ഇതിനു അത്താഴം എന്നു പേരു പറഞ്ഞിരിക്കുന്നതിനാൽ രാത്രിയിൽ മാത്രം നടത്തേണ്ട ശുശ്രൂഷയാണിതെന്നും ചിലർ വാദിക്കുന്നു. അതും ശരിയല്ല. കർത്താവിന്റെ ഓർമ്മയെ പ്രസ്താവിക്കുന്ന വേളയായതിനാൽ ഇതിനു പ്രത്യേകിച്ചു സമയപരിധിയില്ല. ഏതുദിവസവും ഏതുസമയത്തും തങ്ങളുടെ വീണ്ടെടുപ്പുകാരനെ ഓർക്കുന്ന ശുശ്രൂഷയാണിത്.

***(3) കർത്തൃമേശ ഞായറാഴ്ച ആചരിക്കുവാൻ കാരണമെന്ത്? ഞായറാഴ്ച ആചരിക്കുവാൻ തിരുവചനത്തിൽ പറഞ്ഞിട്ടുണ്ടോ?***

ഞായറാഴ്ച തന്നെ കർത്തൃമേശ ആചരിക്കണം എന്നു തിരുവചനത്തിൽ പറഞ്ഞിട്ടില്ല. പെന്തൊക്കോസ്തു നാളിലെ വിശ്വാസികൾ **"ദിനമ്പ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കയും ....... ചെയ്തു" (അപ്പൊ.2:46)**. ആദ്യ നൂറ്റാണ്ടിൽ തന്നെ വിശ്വാസികൾ **"ആഴ്ചവട്ടത്തിന്റെ ഒന്നാംനാളിൽ അപ്പം നുറുക്കുവാൻ കൂടിവന്നിരുന്നു" (അപ്പൊ.20:7)**. ദിനമ്പ്രതി വിശ്വാസികൾ ആചരിച്ചു വന്ന കർത്തൃമേശ, ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനവും ആചരിച്ചതായി ഈ രണ്ടു വേദഭാഗങ്ങളിലൂടെ മനസ്സിലാക്കാം. കർത്താവു വീണ്ടും വരുന്നതുവരെ ദൈവമക്കൾ അനുഷ്ഠിക്കേണ്ട ശുശ്രൂഷയാണിത്(1.കൊരി.11:26).

ഞായർ ആഴ്ചയുടെ ഒന്നാം ദിനമാണ്. പുതിയ നിയമത്തിൽ ***ഒന്നാം ദിനം എന്നത് നമ്മുടെ കർത്താവിന്റെ പുനരുത്ഥാന ദിനമാണ്*** (ലൂക്കൊ.24:1-9). ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റു (1.കൊരി.15:20,23). ശിഷ്യന്മാർ അപ്പം നുറുക്കിയത് ആഴ്ചയുടെ ഒന്നാം ദിനത്തിലാണ്. വിശുദ്ധന്മാർക്കുള്ള ധനശേഖരണം ആഴ്ചയിലെ ഒന്നാം ദിനം എടുക്കണമെന്നു കൊരിന്ത്യവിശ്വാസികളോടു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരുന്നു (1.കൊരി.16:1,2). കർത്താവിനെ ആരാധിക്കുവാൻ ഇവർ ഈ ദിവസത്തിൽ വരുന്നതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ഞായറാഴ്ച തന്നെ അപ്പം നുറുക്കുവാൻ വിശ്വാസികൾ കൂടിവരണമെന്നു കല്പന ഇല്ല. പക്ഷേ ആഴ്ചയുടെ ഒന്നാം നാളിൽ അവർ കൂടി വന്നു ദൈവത്തെ ആരാധിച്ചിരുന്നതായി രേഖകൾ കാണുന്നു. ശബ്ബത്ത് ആയിട്ടല്ല വിശ്വാസികൾ ഞായറാഴ്ച ദിവസം ആരാധിക്കുന്നതും അപ്പം നുറുക്കുന്നതും. കർത്താവിന്റെ പുനരുത്ഥാനദിവസം, ആഴ്ചയുടെ ഒന്നാം ദിവസം വിശ്വാസികൾ ദൈവത്തിനായി വേർതിരിക്കുന്നു. അതു കല്പനയായിട്ടല്ല, സ്നേഹത്തോടെ കൂടിവരികയും, ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നു.

പുതിയ നിയമത്തിൽ ശബ്ബത്ത് ആചരിക്കുന്നതിനു കല്പനയില്ല. അപ്പോൾ തന്നെ ഏഴു ദിവസങ്ങളിൽ ഒന്ന് ദൈവത്തിനായി വേർതിരിച്ച്, വിശ്വാസികൾ എല്ലാവരും കൂടി ദൈവത്തെ ആരാ

ധിച്ചു, അപ്പം നുറുക്കുന്നു. വിശ്വാസിയെ രക്ഷിച്ച കർത്താവിനെ ഓർത്തു, കർത്താവിന്റെ ഉയിർപ്പുദിനത്തിൽ, ഒന്നാം നാളിൽ വിശ്വാസികൾ കൂടി വരുന്നു. ഞായറാഴ്ചയെ ആരാധിക്കുകയല്ല, എന്നാൽ തങ്ങളുടെ വിലയേറിയ വീണ്ടെടുപ്പു ഓർത്തു ദൈവത്തെയാണ് ആരാധിക്കുന്നത്.

***(4) കർത്തൃമേശയിലുപയോഗിക്കുന്ന അപ്പം ചെറിയ കഷണങ്ങളായി നേരത്തേ തയ്യാറാക്കി വെക്കുന്നതു വചനാനുസരണമോ? ഒരു പാത്രത്തിൽ നിന്നു എല്ലാവരും കുടിച്ചാൽ രോഗങ്ങൾ ഉണ്ടാകാം എന്ന നിഗമനത്തിൽ ഓരോരുത്തർക്കും ഓരോ പാത്രമാകാമോ?***

*"നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? അപ്പം ഒന്നു ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ."* (1.കൊരി.10:16,17) എന്ന വാക്യത്തിൽ ഇതിനുത്തരം അടങ്ങിയിരിക്കുന്നു.

***> നാം നുറുക്കുന്ന അപ്പം .... അപ്പം ഒന്നു ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു... ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ —***

വിശ്വാസികൾ പുരോഹിതന്മാരാണ്. പുരോഹിതന്മാരായ വിശ്വാസികൾ അപ്പം നുറുക്കുന്നു. അതു ഒരു അപ്പത്തിൽ നിന്നാണ്. അവർ ഒരേ അപ്പത്തിന്റെ അംശികളായിത്തീരുന്നു. ഇതു ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയാകുമ്പോൾത്തന്നെ വിശ്വാസികൾ അന്യോന്യമുള്ള കൂട്ടായ്മയെയും കാണിക്കുന്നു. അപ്പം പുരോഹിതന്മാർ നുറുക്കി നാക്കിൽ വെച്ചു കൊടുക്കുന്നതോ നേരത്തേ മുറിച്ചു കൈമാറുന്നതോ വചനവിരുദ്ധമാണ്. കൂടാതെ വിശ്വാസികൾ ഏറെ കർത്തൃമേശയിൽ പങ്കെടുക്കാനുണ്ടെന്നു കണ്ടു സമയലാഭത്തിനായി ഒന്നിൽ കൂടുതൽ അപ്പം ഉപയോഗിക്കുവാനോ, മുന്നമേ അതു മുറിച്ചു വെക്കുവാനോ പാടില്ല.

***> നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം.... —***

പുരോഹിതന്മാരായ വിശ്വാസികൾ ഒരേ അപ്പത്തിൽ നിന്നു നുറുക്കി പങ്കുകാരകുന്നതുപോലെതന്നെ അവർ ഒരു പാനപാത്രത്തിൽ നിന്നും പങ്കുകാരുമാകണം. അങ്ങനെ ചെയ്യുമ്പോൾ അവർ

ക്രിസ്തുവിന്റെ രക്തത്തിനു കൂട്ടായ്മ പ്രഖ്യാപിക്കുമ്പോൾത്തന്നെ സഹവിശ്വാസികളുമായി സ്നേഹബന്ധവും കൂട്ടായ്മയും പ്രദർശിപ്പിക്കുന്നു.

കേരളത്തിലെ വേർപാടു സഭകളിൽ ഒരു പാത്രത്തിൽ നിന്നും എല്ലാവരും കുടിക്കുന്നതാണ് നാം കണ്ടിട്ടുള്ളതും നാം തുടർന്നു വരുന്നതും. അപ്പോൾത്തന്നെ വിദേശരാജ്യങ്ങളിൽ പല ചെറിയ കപ്പുകളിലായി കുടിക്കുന്നത് നിലവിലുണ്ടായിരുന്നു. ഒരു പാത്രത്തിൽ നിന്നു എല്ലാവരും കുടിക്കുന്നത് സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പ്രദർശനം തന്നെയാണ്.

എന്നാൽ കോവിഡ്-19 എന്ന മഹാരോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഒരുപാത്രത്തിൽ നിന്നു കുടിക്കുന്നതു തുടരുവാൻ സാധിക്കുന്നില്ല. കൂടാതെ വിശ്വാസികളിൽ പലർക്കും ഒരു പാത്രത്തിൽ നിന്നു കുടിച്ചാൽ രോഗവ്യാപനം ഉണ്ടാകുമെന്നു ഭയവുമുണ്ട്. മാസ്കു ധരിച്ചുകൊണ്ടാണ് നാം ആരാധനയിൽ പങ്കെടുക്കുന്നത്. ഇതിനർത്ഥം രോഗം മാറിയിട്ടില്ല, പകരും എന്നാണ്. ആയതിനാൽ രോഗം പൂർണ്ണമായി മാറുന്നതുവരെ ഒരു പാത്രത്തിൽ മേശയിൽ വെക്കുന്ന മുന്തിരിച്ചാറ് സ്തോത്രം ചെയ്തശേഷം പല ചെറിയ കപ്പുകളിൽ പകർന്ന് ഓരോരുത്തരും കുടിക്കുന്നത് ഉചിതമായിരിക്കും.

***(5) തിരുവത്താഴത്തിൽ പങ്കെടുക്കുന്നതിനു മുമ്പായി വിശ്വാസി വിശുദ്ധി പ്രാപിക്കണമോ?***

തിരുവത്താഴത്തിൽ സംബന്ധിക്കുന്നതിനു മുമ്പായി തന്നെത്തന്നെ ശോധനചെയ്തു വിശുദ്ധി പ്രാപിച്ചിരിക്കണം. രക്ഷിക്കപ്പെട്ട വിശ്വാസി, പാപങ്ങൾ മോചിക്കപ്പെട്ടവൻ എങ്കിലും നിത്യജീവിതത്തിൽ പാപത്തിൽ അകപ്പെട്ടു പോകാം. ആയതിനാൽ കർത്തൃമേശയിലേക്കു വരുന്നതിനു മുമ്പായി സ്വയം ശോധന ചെയ്തു നിരപ്പു പ്രാപിച്ചിരിക്കണം. ഇല്ലെങ്കിൽ ദൈവകോപത്തിനിടയായി ശിക്ഷ ലഭിക്കും.

**1.കൊരി.11:27,28 —** *"അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്യാൻ."*

കർത്താവു ഈ ശുശ്രൂഷ ഏൽപ്പിക്കുന്നതിനു മുമ്പായി ശിഷ്യന്മാരുടെ കാലുകൾ കഴുകി (യോഹ.13:4-10). യേശു പത്രോസിനോടു ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടുകൂടെ പങ്കില്ല എന്നും, കുളിച്ചിരിക്കുന്നവനു കാൽ അല്ലാതെ കഴുകുവാൻ ആവശ്യമില്ല എന്നും പറഞ്ഞു. കാൽ വിശ്വാസിയുടെ നടപ്പിനെ കുറിക്കുന്നു. ജീവിതയാത്രയിൽ പാപക്കറകൾ വിശ്വാസിയിൽ പറ്റിപ്പിടിക്കാം. അപ്പോൾത്തന്നെ ദൈവസന്നിധിയിൽ വന്നു ഏറ്റുപറഞ്ഞു ശുദ്ധീകരണം പ്രാപിച്ചിരിക്കണം.

പാപങ്ങളേറ്റുപറഞ്ഞു രക്ഷിക്കപ്പെട്ടപ്പോൾ നാം ആത്മീകമായി കുഞ്ഞാടിന്റെ രക്തത്തിൽ കുളിച്ചു ശുദ്ധി പ്രാപിച്ചവരാണ്. ഇനി വീണ്ടും വീണ്ടും കുളിക്കേണ്ട (ആത്മരക്ഷ) ആവശ്യമില്ല. ഇനി കാൽ ആകുന്ന ജീവിതനടപ്പിൽ പറ്റിപ്പിടിക്കുന്ന ചെളികൾ, കറകൾ, അഴുക്കുകൾ (പാപങ്ങൾ) എന്നിവ കഴുകിക്കളഞ്ഞാൽ മാത്രം മതിയാകും. അതാണ് കാൽ കഴുകൽ കാണിക്കുന്നത്. പന്തിഭോജനത്തിന് കർത്തൃസന്നിധിയിൽ വരുന്നതിനു മുമ്പായി ശുദ്ധീകരണം പ്രാപിച്ചിരിക്കണം എന്നതാണ് വ്യവസ്ഥ. നിത്യേന കാൽ കഴുകപ്പെട്ട (വിശുദ്ധി പ്രാപിച്ച) വിശ്വാസിക്ക് ദൈവത്തോടു കൂട്ടായ്മയുണ്ടാകുന്നു. (God wants His people to have bathed feet so that we can fellowship with Him) നന്മ സുവിശേഷിക്കുവാൻ വിശ്വാസിയുടെ കാൽ മനോഹരമായിത്തീരുന്നു എന്നു റോമർ.10:15 -ൽ കാണുന്നു. (God wants His people to have beautiful feet so that we can share His gospel with others).

സമാഗമനകൂടാരത്തിലെ താമ്രത്തൊട്ടി ശുദ്ധീകരണശുശ്രൂയുടെ നിഴലായി സ്ഥിതി ചെയ്യുന്നു. സമാഗമനകൂടാരത്തിൽ താമ്രത്തൊട്ടി (Brazen Laver) -യുടെ സ്ഥാനം യാഗപീഠത്തിനും തിരുനിവാസത്തിനും മദ്ധ്യേ ആണ്. ഈ തൊട്ടിയിൽ എപ്പോഴും ജലം നിറഞ്ഞിരിക്കും. വിശുദ്ധസ്ഥലത്തു ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാർ തങ്ങളുടെ കൈകാലുകൾ തൊട്ടിയിലെ വെള്ളത്തിൽ കഴുകിയിട്ടു വേണം മുന്നോട്ടു പോകാൻ. ശുശ്രൂഷകൾക്കായി ദൈവത്താൽ വേർതിരിക്കപ്പെട്ട അഹരോനും പുത്രന്മാരും യഹോവയുടെ ആജ്ഞപ്രകാരം ഒരിക്കൽ ദേഹം മുഴുവനും വെള്ളത്താൽ കഴുകപ്പെട്ടവരും അഭിഷിക്തരും ആണ് (പുറ.40:12/ലേവ്യ.8:6-14). എന്നാൽ വിശുദ്ധമന്ദിരത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് എല്ലാ പ്രാവശ്യവും

കൈയും കാലും തൊട്ടിയിലെ വെള്ളത്തിൽ കഴുകണം. കഴുകാതെ ശുശ്രൂഷെക്കായി മുന്നോട്ടുപോയാൽ ശിക്ഷ മരണമാണ് (പുറ.30:20). വെള്ളം തിരുവചനത്തെ കാണിക്കുന്നു. കൈ പ്രവൃത്തികളെയും സേവനത്തെയും, കാൽ നടപ്പിനെയും സ്വഭാവത്തെയും കുറിക്കുന്നു. രക്ഷിക്കപ്പെട്ട വിശ്വാസികൾ (കർത്താവിന്റെ യാഗമരണത്താൽ ശിക്ഷയിൽനിന്നു വിടുതൽ പ്രാപിച്ചവർ) പുരോഹിതന്മാരാണ്; കഴുകപ്പെട്ടവരാണ്; അഭിഷിക്തരാണ്. അതിനാൽ വചനമാകുന്ന വെള്ളത്തിൽ തങ്ങളുടെ ജീവിതവും പ്രവൃത്തികളും ശോധന ചെയ്തിട്ടു വേണം കർത്താവിന്റെ മേശയിൽ പങ്കെടുക്കാൻ.

ആദിമസഭയിൽ കർത്തൃമേശ ആചരിച്ചു വന്നപ്പോൾ ചില ക്രമക്കേടുകൾ ഉണ്ടാകുവാനിടയായി. അതിനെ തിരുത്തുവാനും, ഈ ശുശ്രൂഷയിൽ വളരെ ഗൗരവബോധമുള്ളവരായിരിപ്പാനും പൗലൊസ് അപ്പൊസ്തലൻ ചില പ്രായോഗിക നിർദ്ദേശങ്ങൾ കൊരിന്ത്യസഭയ്ക്കു നൽകിയിരിക്കുന്നു. ഇവ തനിക്കു കർത്താവിൽ നിന്നു വെളിപ്പാടുകൾ ലഭിച്ചതിനാലാണെന്നും പറയുന്നു.

**1.കൊരി.11:23-29—** *“ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏൽപ്പിക്കയും ചെയ്തതു എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മെക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മെക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്യാൻ. തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങ*

*ളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്ര കൊള്ളുന്നു."*

ഓരോ ആഴ്ചയിലും സഭായോഗങ്ങളിൽ വന്നു കർത്താവിന്റെ മേശയിൽ പങ്കെടുക്കുമ്പോൾ കർത്താവിന്റെ യാഗമരണത്തെ ഓർക്കുക മാത്രമല്ല **തന്നത്താൻ ശോധനചെയ്യുക കൂടിയാണു ചെയ്യുന്നത്**. കർത്തൃമേശ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. അതു വിശുദ്ധനായ ദൈവത്തോടു വിശ്വാസി കൂട്ടായ്മ പുലർത്തുന്ന സമയമായതിനാൽ ഇതിനു വരുന്നതിനു മുമ്പായി വിശുദ്ധി പ്രാപിച്ചിരിക്കണം.

### *(6) കർത്തൃമേശയുടെ അപ്പവും പാനപാത്രവും തയ്യാറാക്കൽ എങ്ങനെ?*

കർത്തൃമേശയിലെ അപ്പവും പാനപാത്രത്തിലെ മുന്തിരിച്ചാറും യഥാക്രമം കർത്താവിന്റെ ശരീരത്തെയും രക്തത്തെയും പ്രതിനിധീകരിക്കുന്നു. ആരാധനവേളയിൽ ദൈവത്തിനു സ്തോത്രം ചെയ്തു കഴിയുമ്പോൾ അവയ്ക്ക് വസ്തുമാറ്റം സംഭവിക്കുന്നില്ല. എന്നാൽ കർത്തൃമേശ വളരെ ഭയഭക്തിയോടെ ദൈവത്തെ ആരാധിക്കുന്ന ശുശ്രൂഷയായതിനാൽ അപ്പവും മുന്തിരിച്ചാറും തയ്യാറാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുമുണ്ട്. കടയിൽ നിന്നു വാങ്ങുന്ന മുന്തിച്ചാറാണെങ്കിൽ അതിൽ ആൽക്കെഹോൾ ചേർത്തതായിരിക്കരുത്. അപ്പം നേരിയമാവു കൊണ്ടു ഉണ്ടാക്കിയതും പുളിപ്പില്ലാത്തതുമായിരിക്കണം.

അപ്പവും മുന്തിച്ചാറും കർത്തൃമേശയിൽ പങ്കെടുക്കുന്ന വിശ്വാസികളുടെയോ സഭയുടെ ചിലവിലോ ആയിരിക്കണം വാങ്ങേണ്ടത്. രക്ഷിക്കപ്പെടാത്തവർ ഇവ ദാനമായി തരുന്നത് സ്വീകരിക്കുന്നത് തിരുവചനത്തിനു നിരക്കുന്നതല്ല. കാരണം ഇങ്ങനെയുള്ള ദാനങ്ങളിലൂടെ സ്വർഗ്ഗപ്രവേശനം ലഭിക്കുമെന്നുള്ള തെറ്റായ സന്ദേശം അവരിൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. യാതൊരു ചിലവുമില്ലാതെ ഞാൻ ദൈവത്തിനു യാഗം കഴിക്കയില്ല എന്നുള്ള ദാവീദിന്റെ മനോഭാവം നമുക്കുണ്ടായിരിക്കണം. *"രാജാവു അരവ്നയോടു: ഞാൻ അതു നിന്നോടു വിലെക്കേ വാങ്ങുകയുള്ളു; എനിക്കു ഒന്നും ചെലവില്ലാതെ ഞാൻ എന്റെ ദൈവമായ യഹോവെക്കു ഹോമയാഗം കഴിക്കയില്ല എന്നു പറഞ്ഞു"* (2.ശമൂ.24:24).

(DOCTRINAL TRUTHS *by Samson Henry, Kollam*)

***(7) കർത്തൃമേശയുടെ ശേഷിപ്പ് —***

കർത്തൃമേശയിലെ അപ്പത്തെയും വീഞ്ഞിനെയും നാം വാഴ്ത്തുകയോ, കർത്താവേ വാഴ്ത്തി അനുഗ്രഹിച്ചു തരേണമേ, അനുഗ്രഹിച്ചു തന്നിരിക്കുന്നതിനാൽ സ്തോത്രം എന്നു പറയുകയോ ചെയ്യേണ്ട ആവശ്യമില്ല. കാരണം അപ്പവീഞ്ഞുകൾ കർത്താവു വാഴ്ത്തിത്തരുന്നില്ല. "നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ?" (1.കൊരി.10:16)എന്നാണ് തിരുവചനം. നാം അനുഗ്രഹിക്കുന്ന, നാം നുറുക്കുന്ന എന്നതിനു അവയെ നാം വാഴ്ത്തുകയല്ല മറിച്ചു സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവത്തെ വാഴ്ത്തിസ്തുതിക്കുകയാണ്.

കർത്തൃമേശാനുഷ്ഠാനത്തിനു ശേഷം അപ്പവീഞ്ഞുകളുടെ ശേഷിപ്പുണ്ടാകാം. ഈ ശേഷിപ്പ് സഭയോട് ഇനിയും ചേരേണ്ടവരെയോ അനേകർ ഇതിന്റെ പങ്കുകാരാകേണ്ട ആവശ്യകതയെയോ വെളിപ്പെടുത്തുന്നില്ല. അതുകൊണ്ട് 'കർത്താവേ അപ്പത്തിലും വീഞ്ഞിലും ശേഷിപ്പു കാണുന്നു അനേകരെ ഇതിലേക്കു പങ്കുകരാക്കേണമേ' എന്നു അപേക്ഷിക്കേണ്ട ആവശ്യമില്ല.

കർത്തൃമേശയിലെ ശേഷിപ്പിനെ എന്തു ചെയ്യണമെന്നു തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു ശേഷിപ്പല്ലേ എന്നു കരുതി അതിനെ അലക്ഷ്യമായി കരുതുവാനോ ദൂരെ എറിഞ്ഞു കളയുവാനോ പാടില്ല. കർത്തൃമേശയിലെ അപ്പത്തിനും വീഞ്ഞിനും ആരാധന കഴിഞ്ഞാലുടനെ പ്രാധാന്യം നഷ്ടപ്പെടുന്നു എന്നു കരുതുവാനും പാടില്ല. അപ്പോൾത്തന്നെ ശേഷിപ്പിനു ദിവ്യത്വം നല്കി ഭദ്രമായി സൂക്ഷിച്ചുവെയ്ക്കേണ്ടതുമില്ല. നാം നുറുക്കിയ അപ്പം, നാം അനുഗ്രഹിച്ച പാനപാത്രം എന്ന നിലയിൽ ശേഷിപ്പു കർത്തൃമേശയിൽ പങ്കെടുത്തവർ തന്നെ ഉപയോഗിക്കുന്നതാണ് അഭികാമ്യം. കർത്തൃമേശയിൽ പങ്കെടുക്കാത്തവർക്കും കുട്ടികൾക്കും അത് നല്കുന്നതു അനുചിതമാണ്. കാരണം കർത്തൃമേശയുടെ പരിപാവനതയും, ഗൗരവവും നഷ്ടപ്പെടുവാൻ ഇടയാകും.

***(8) കർത്തൃമേശ നടത്തപ്പെടേണ്ടത് എവിടെ? എവിടെയാണ് അപ്പം***

***നുറുക്കേണ്ടത് ?***

ഇക്കാലങ്ങളിൽ ട്രെയിനിലും, ബസ്സിലും, ബോട്ടിലും, കപ്പലിലും, ഹോട്ടലുകളിലും, ക്യാമ്പ് സെന്ററുകളിലും, വിശുദ്ധനാടു സന്ദർശനവേളയിലും മാത്രമല്ല വിനോദയാത്രാവേളകളിൽവരെ കർത്തൃമേശയും അപ്പം നുറുക്കലും നടത്തപ്പെടുന്നു. ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നത് എവിടെവെച്ചായിരുന്നാലും ആരാധന തന്നെയാണ്. എന്നാൽ ആരാധനയോടൊപ്പം അപ്പം നുറുക്കൽ ഒരു സ്ഥലം സഭയുടെ ചുമതലയിലല്ലാതെ നടത്തപ്പെടുന്നുവെങ്കിൽ അതു വചനാനുസരണമല്ല.

കർത്തൃമേശ അഥവാ തിരുവത്താഴത്തെപ്പറ്റിയുള്ള കല്പനകളും ഉപദേശങ്ങളും സ്ഥലം സഭയ്ക്കാണ് നല്കപ്പെട്ടിട്ടുള്ളത്. ആദിമസഭകൾ ഭവനങ്ങളിലാണ് കൂടി വന്നിരുന്നത്. കൊരിന്ത്യസഭ, ഗലാത്യസഭ, തെസ്സലൊനിക്യസഭ, ഫിലേമോന്റെ വീട്ടിലെ സഭ എന്നിവയൊക്കെ അതിനു ഉദാഹരണങ്ങളാണ്. അവിടെയൊക്കെ വിശ്വാസികൾ കൂടിവന്നു കർത്താവിനെ ആരാധിക്കുകയും അപ്പം നുറുക്കുകയും ചെയ്തു. അന്ന് ഭവനങ്ങളിൽ അപ്പം നുറുക്കി എന്ന കാരണത്താൽ എവിടെയും ദൈവത്തെ ആരാധിക്കാമെങ്കിലും കർത്തൃമേശ ഒരു സ്ഥലം സഭയുടെ ചുമതലയിൽ മാത്രം നടത്തപ്പെടേണ്ടതാണ്.

കർത്താവു തന്റെ രക്തത്താൽ സമ്പാദിച്ച വിശുദ്ധന്മാരുടെ കൂട്ടമായ സഭയ്ക്കാണ് കർത്താവിന്റെ ശരീരത്തെയും രക്തത്തെയും ഓർമ്മിപ്പിക്കുന്ന കർത്തൃമേശയിലൂടെ ആരാധിക്കുവാൻ അവകാശം ലഭിച്ചിട്ടുള്ളത്. അതു സഭാബന്ധത്തിൽ ആയിരിക്കണം; എന്നുമാത്രമല്ല അവിശ്വാസികളിൽ നിന്നു വേർപെട്ടുതന്നെ ആയിരിക്കണം.

പല സഭാകൂടിവരവുകളുടെ ചുമതലയിൽ നടത്തപ്പെടുന്ന കൺവെൻഷൻ സ്ഥലത്ത് കർത്തൃമേശ ആചരിക്കുന്നത് വചനവിരുദ്ധമല്ല. എന്നാൽ പ്രാദേശികസഭയുടെ ചുമതലയിലും ഉത്തരവാദത്തിലും അല്ലാതെ ക്യാമ്പുകളിലും വാഹനങ്ങളിലും ആചരിക്കപ്പെടുന്ന സഞ്ചരിക്കുന്ന മേശയെക്കുറിച്ചു (മൊബൈൽമേശ) ദൈവവചനത്തിൽ പ്രസ്താവിച്ചിട്ടില്ല. ക്യാമ്പുകൾ നടത്തപ്പെടുമ്പോൾ ആരാധനയ്ക്കായി അവിടത്തെ പ്രാദേശികസഭകളിൽ സംബന്ധിച്ചു കർത്തൃമേശയിൽ പങ്കെടുക്കുന്നതായിരിക്കും ഉചിതം.

(DOCTRINAL TRUTHS *by Samson Henry, Kollam*)

# കർത്തൃമേശയിൽ അലക്ഷ്യമായി പങ്കെടുക്കൽ ഏതെല്ലാം?

(1) ഹൃദയവും മനസ്സും ഏകാഗ്രതയില്ലാതെ, ഒരു ചടങ്ങായി ചിലർ ഇതിനെ കാണുകയും പങ്കെടുക്കുകയും ചെയ്യുന്നു. കർത്തൃമേശയിൽ പങ്കെടുത്തില്ലെങ്കിൽ അതു മോശമാണെന്നു വിചാരിച്ചു സംബന്ധിക്കുന്നു.

(2) കേവലം സാധാരണ അപ്പവും വീഞ്ഞും ആണെങ്കിലും ശ്രേഷ്ഠമായ ആത്മീക ഉൾക്കാഴ്ച നൽകുന്ന ഒന്നാണ് കർത്തൃമേശ. ഇതു മനസ്സിലാക്കാതെ നിസ്സാരമായി കരുതി സംബന്ധിക്കുക.

(3) ഇതിൽ പങ്കെടുക്കുന്നതു കർമ്മം എന്ന നിലയിൽ, യാന്ത്രികമായി ആചരിക്കുക. ഇതിൽ പങ്കെടുത്തില്ലെങ്കിൽ ദൈവസ്നേഹം ലഭിക്കുകയില്ലെന്നോ, മറ്റുള്ളവർ ഒറ്റപ്പെടുത്തുമെന്നോ ഉള്ള ചിന്തയിൽ സംബന്ധിക്കുക.

(4) സഹവിശ്വാസികളോടു കയ്പിന്റെയും മത്സരത്തിന്റെയും അനുഭവം ഹൃദയത്തിൽ വെച്ചു കൊണ്ടുതന്നെ മേശയിൽ പങ്കെടുക്കുക.

(5) ഏറ്റു പറഞ്ഞുപേക്ഷിക്കാത്ത മുറുകെപ്പറ്റുന്ന രഹസ്യ പാപങ്ങളുടെ ഉടമകളായി മേശയിൽ പങ്കെടുക്കുക (എബ്രാ.12:1).

ഒരു വിശ്വാസി പിതാവായ ദൈവത്തോടും, പുത്രനായ യേശുക്രിസ്തുവിനോടും, പരിശുദ്ധാത്മാവിനോടും ആഴത്തിലുള്ള സ്നേഹവും സമർപ്പണവും ഇല്ലാതെ, സഹവിശ്വാസികളുമായി ആത്മീക കൂട്ടായ്മബന്ധമില്ലാതെ കടന്നു വരിക എന്നത് അയോഗ്യമായി കടന്നു വരുന്നതു തന്നെ. കൂടാതെ ആഴ്ചയിലെ ആറു ദിവസങ്ങളും ലോകത്തിന്റെ പുറകേ ഓടിയിട്ട്, ആത്മീകസ്നേഹവും കൂട്ടായ്മയും വർദ്ധിപ്പിക്കാതെ, ആഴ്ചയുടെ ഒന്നാം ദിവസം വന്നു കർത്തൃമേശയിൽ മാത്രം സംബന്ധിച്ചുകൊണ്ടു സ്ഥലം വിടുന്നതും അയോഗ്യമായി വരിക എന്നതിൽ ഉൾപ്പെടുന്നു.

***അയോഗ്യമായി കർത്താവിന്റെ മേശയിൽ പങ്കെടുത്താൽ ദൈവശിക്ഷ ലഭിക്കും*** എന്നു തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മൂന്നു തരത്തിലുള്ള ശിക്ഷാവിധികൾ **1.കൊരി.11:30,31 –** ൽ പറഞ്ഞിട്ടുണ്ട്.—**(1) ബലഹീനത (2) രോഗം (3) മരണം**

വളരെ ഭയഭക്തിയോടെ, വിശുദ്ധി പ്രാപിച്ചു, പങ്കെടുക്കേണ്ട ശുശ്രൂഷയിൽ അയോഗ്യമായി സംബന്ധിച്ചാൽ ശാരീരികബലഹീനതകൾ, പ്രയാസങ്ങൾ, രോഗങ്ങൾ കൂടാതെ മരണം വരെ സംഭവിക്കാം. **മരണം എന്നത് നിത്യമരണമല്ല**. രക്ഷിക്കപ്പെട്ടവർ നിത്യമരണത്തിൽ നിന്നു വിടുതൽ പ്രാപിച്ചവരാണ് (റോമ.8:1/യോഹ.3:18). എന്നാൽ ഈ ലോകത്തിൽ നമുക്കു ലഭിക്കുന്ന ബാലശിക്ഷയിലേക്കു ഇതു വിരൽ ചൂണ്ടുന്നു. ***ബലഹീനതയും, രോഗവും ആയുള്ള ബാലശിക്ഷകളിലൂടെ കടത്തി വിട്ടാലും തെറ്റു തിരുത്തുന്നില്ലെങ്കിൽ ശാരീരിക മരണവും സംഭവിക്കാം.*** കർത്തൃമേശയിലെ അപ്പവും, വീഞ്ഞും കർത്താവിന്റെ ശരീരത്തെയും രക്തത്തെയും ഓർമ്മിപ്പിക്കുന്ന ചിഹ്നങ്ങൾ മാത്രമാണ്. എങ്കിലും ഇതിൽ അയോഗ്യമായി പങ്കെടുത്താൽ ദൈവശിക്ഷ ലഭിക്കുവാൻ ഇടയാകും. ഉദാഹരണത്തിനു ഒരു രാജ്യത്തിന്റെ പതാക കേവലം ഒരു തുണിക്കഷണമാണെങ്കിലും ഒരുവൻ അതിനെ നിലത്തിട്ടു ചവിട്ടുകയോ ബഹുമാനിക്കാതിരിക്കയോ ചെയ്താൽ അതു ആ പതാകയെ കുറിക്കുന്ന രാജ്യത്തെ അവഹേളിക്കുന്നതിനു തുല്യമാണ്. ഒരു സംസ്ഥാനത്തിലെ മന്ത്രി പങ്കെടുക്കുന്ന യോഗത്തിൽ കരിങ്കൊടിയുമായി ചെന്നാൽ ശിക്ഷിക്കപ്പെടും.

ആയതുപോലെ **ഈ ശുശ്രൂഷയെ ബഹുമാനിക്കാതെ, ഏകാഗ്രമനസ്സില്ലാതെ, ഗൗരവബോധമില്ലാതെ, കേവലം ഒരു കർമ്മം എന്നനിലയിൽ കണ്ടുകൊണ്ട്, സഹവിശ്വാസികളോടു കയ്പിന്റെ മനോഭാവം ഹൃദയത്തിൽ വെച്ചു പുലർത്തിക്കൊണ്ട്, വിട്ടുകളയാത്ത പാപത്തിന്റെ ഉടമയായി, ലോകത്തെ സ്നേഹിച്ചു ലോകത്തിന്റെ പുറകേ ഓടിയിട്ടു, വിശുദ്ധി പ്രാപിക്കാതെ ഇതിൽ പങ്കെടുക്കുക എന്നത് കർത്താവിന്റെ ഓർമ്മകളുടെ ഈ ശുശ്രൂഷയെ അപമാനിക്കുന്നതിനു തുല്യമാണ്. ഇങ്ങനെ ചെയ്യുമ്പോൾ രാജാധിരാജാവും കർത്താധികർത്താവും ആയവനെ പരിഹസിക്കുകയാണ് ചെയ്യുന്നത് എന്ന കാര്യം ഭയത്തോടെ ഓർക്കണം.**

(DOCTRINAL TRUTHS *by Samson Henry, Kollam*)

**1.കൊരി.5:7,8 —** *"നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്ക വണ്ണം പുതിയ പിണ്ഡം ആകേണ്ടതിന്നു പഴയ പുളിമാവിനെ നീക്കി കളവിൻ. നമ്മുടെ പെസഹ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നേ. ആകയാൽ നാം പഴയ പുളിമാവു കൊണ്ടല്ല, തിന്മയും ദുഷ്ടതയും ആയ പുളിമാവുകൊണ്ടുമല്ല, സ്വച്ഛതയും സത്യ വുമായ പുളിപ്പില്ലായ്മ കൊണ്ടുതന്നേ ഉത്സവം ആചരിക്ക."*

**എബ്രാ.10:29 —** *"ദൈവപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപ യുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷെക്കു പാത്രമാകും എന്നു വിചാരിപ്പിൻ."*

**മത്താ.5:23,24—** *"ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തി ങ്കൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെവെച്ചു ഓർമ്മവന്നാൽ നിന്റെ വഴിപാടു അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു, ഒന്നാമതു ചെന്നു സഹോദര നോടു നിരന്നു കൊൾക; പിന്നെവന്നു നിന്റെ വഴിപാടു കഴിക്ക."*

**1.യോഹ.1:9—** *"നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകു ന്നു."*

കർത്താവിന്റെ മേശയെ സമീപിക്കുന്നതിനു മുമ്പായി നമ്മെത്തന്നെ ശോധന ചെയ്യണം. ശോധന (examine) എന്ന വാക്ക് maseto എന്ന ഗ്രീക്കു പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. ലോഹ ങ്ങൾ തീയിലൂടെ പരിശോധിച്ചു പരിപൂർണ്ണശോധന ചെയ്യുന്നതിനെ കുറിക്കുന്നു. പ്രവാചകനായ യെശയ്യാവ് ദൈവസന്നിധിയിൽ ചെന്നു നിന്നപ്പോൾ താൻ ശുദ്ധിയില്ലാത്തവനായിരിക്കുന്നു എന്നു തന്റെ ശോധനയിൽ മനസ്സിലാക്കി. മറ്റുള്ളവരെ നോക്കി നിങ്ങൾക്കു അയ്യോ കഷ്ടം എന്നു ആറു തവണ പറഞ്ഞ യെശയ്യാവു (യെശ.5:8/5:11,12/5:18,19/5:20/5:21/5:22,23) സിംഹാസനത്തിൽ ഇരിക്കുന്ന മഹത്വധാരിയും തേജോമയനും, പരിശുദ്ധനുമായ സൈന്യങ്ങളുടെ യഹോവയെ ദർശിച്ചപ്പോൾ പറയുന്നത് *"എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനു ഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസി*

*ക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ"* (യെശ.6:5). സ്വയശോധനയിൽ താൻ ദൈവസന്നിധിയിൽ കുറവുള്ളവനായി മനസ്സിലാക്കി തന്റെ അവസ്ഥ അറിയിച്ചപ്പോൾ പാപങ്ങൾക്കു പരിഹാരവും ശുദ്ധീകരണവും ലഭിച്ചു; ദൈവീകശുശ്രൂഷെക്കായി തന്നെ സമർപ്പിക്കുന്നു (യെശ.6:6-8). ആയതുപോലെ ഒരുവൻ ശോധന ചെയ്തിട്ടു അയോഗ്യനായി തനിക്കുതന്നെ തോന്നിയാൽ കുറേ ഏറെ കാലത്തേക്കു ഇതിൽ നിന്നും മാറി നിൽക്കണം എന്നും അർത്ഥമാക്കുന്നില്ല. ദൈവസന്നിധിയിൽ കുറവുള്ളവനായി, ഇതിൽ പങ്കെടുക്കുന്നതിനു അയോഗ്യൻ എന്നു മനസ്സിലാക്കിയാലുടനെ ശുദ്ധീകരണം പ്രാപിച്ചു വീണ്ടും ഇതിൽ പങ്കെടുക്കണം.

മറ്റുള്ളവരെ വിധിക്കുവാനും, കുറ്റങ്ങൾ കണ്ടുപിടിക്കുവാനും നമുക്കു യാതൊരു അധികാരവും ഇല്ല. നാം മറ്റുള്ളവരെ ശോധന ചെയ്യുകയല്ല, നമ്മെത്തന്നെ ശോധന ചെയ്യുകയാണ് വേണ്ടത്. നമ്മുടെ ചിന്തകൾ, പ്രവൃത്തികൾ, പെരുമാറ്റങ്ങൾ, ജീവിതത്തിലെ വീഴ്ചകൾ ഒക്കെ ശോധന ചെയ്തു നിരപ്പു പ്രാപിച്ചിട്ടു വേണം ഇതിൽ പങ്കെടുക്കുവാൻ. വിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ ദൈവത്തെ ആരാധിക്കുവാനായി കടന്നു വരുമ്പോൾ, കർത്തൃമേശയിലേക്കു കരങ്ങൾ നീട്ടുന്നതിനു മുമ്പായി തെറ്റുകുറ്റങ്ങൾ ഏറ്റു പറഞ്ഞു വിശുദ്ധി പ്രാപിച്ചിരിക്കണം.

= = = = = = = ***Amen*** = = = = = = =

# അദ്ധ്യായം – 20

## പ്രാർത്ഥന ( PRAYER )

ദൈവസഭയ്ക്കുള്ള അടിസ്ഥാന ഉപദേശങ്ങളിൽ ഉൾപ്പെട്ടതാണ് പ്രാർത്ഥന. ആദിമസഭയിൽ രക്ഷിക്കപ്പെട്ട വിശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചിരുന്നതായി തിരുവചനത്തിൽ കാണുന്നു. അപ്പൊ.2:41,42 — *"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും* പ്രാർത്ഥന കഴിച്ചും പോന്നു."

രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, സഭയോടു ചേർന്ന അഥവാ വേർപെട്ട വിശ്വാസികളിൽ കണ്ട നാലു സവിശേഷതകളാണ്:

(1) അവർ വചനം പഠിക്കുന്നവരായിരുന്നു.
(2) അവർ വിശ്വാസികളുമായി കൂട്ടായ്മ ആചരിക്കുന്നവരായിരുന്നു.
(3) അവർ കർത്തൃമേശ ആചരിക്കുന്നവരായിരുന്നു.
(4) അവർ ഒത്തൊരുമിച്ചു പ്രാർത്ഥിക്കുന്നവർ ആയിരുന്നു.

പ്രാർത്ഥന സഭയുടെ അടിസ്ഥാന ഉപദേശങ്ങളിൽ ഏഴാമത് അഥവാ അവസാനമായി കാണുന്നു. എന്താണിതിനു പ്രസക്തി? രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, വേർപെട്ടു, വചനം പഠിച്ചു, കൂട്ടായ്മ പങ്കിട്ടു, കർത്തൃമേശ ആചരിച്ചു ദൈവത്തെ സ്തുതിച്ചു ജീവിക്കുന്ന വിശ്വാസികളാണ് ദൈവത്തോട് സംസാരിക്കേണ്ടത് അഥവാ പ്രാർത്ഥിക്കേണ്ടത്. അങ്ങനെയുള്ളവർ ദൈവത്തിന്റെ പ്രിയമക്കളെന്ന നിലയിൽ, അവരുടെ പ്രാർത്ഥനയ്ക്ക് ദൈവം ഉടൻ ഉത്തരം നല്കും എന്നതാണ്.

വിശ്വാസി ആത്മാവിൽ ദൈവത്തോടു സംസാരിക്കുന്നതാണ് പ്രാർത്ഥന. യേശുക്രിസ്തുവിലൂടെ പിതാവായ ദൈവവുമായി ബന്ധം പുലർത്തുന്ന നിമിഷങ്ങളായി പ്രാർത്ഥനയെ കണക്കാക്കാം. സ്വർഗ്ഗീയ പൗരനായ വിശ്വാസി സ്വർഗ്ഗീയഭണ്ഡാരങ്ങൾ പ്രാർത്ഥനയാകുന്ന താക്കോൽ ഉപയോഗിച്ചു തുറന്നു ദിവ്യാനുഗ്രഹങ്ങൾ പങ്കിടുന്നു. ലൗകീകവിഷയങ്ങളിൽ നിന്നും ശ്രദ്ധ പിൻവലിച്ചു ദൈവത്തിൽ പരിപൂർണ്ണ സമർപ്പണവും ആശ്രയവും വെക്കുന്നു.

വിശ്വാസജീവിതത്തിൽ പ്രാർത്ഥനെക്കുള്ള സ്ഥാനം ഏറ്റവും പ്രധാനമാണ്. ഏകാഗ്രതയോടുള്ള പ്രാർത്ഥന വിജയത്തിലെത്തിക്കുന്നു. ജീവിതത്തെ ശോധന ചെയ്യുന്നതിനും, ദൈവത്തോടു കൂടുതൽ അടുക്കുന്നതിനും, ആത്മീയാഭിവൃദ്ധിക്കും പ്രാർത്ഥന സഹായകമായിത്തീരുന്നു. ജീവിതപാതയിൽ നന്മതിന്മകളെ വേർതിരിച്ചറിഞ്ഞു ദൈവഹിതം അനുസരിച്ചു രൂപാന്തരപ്പെടുവാൻ സാധിക്കുന്നു. വിശ്വാസിക്കു പ്രവർത്തിക്കുവാനുള്ള സകല ഊർജ്ജവും പ്രാർത്ഥനയിലൂടെയാണ് ലഭിക്കുന്നത്. പ്രാർത്ഥിക്കുന്ന വിശ്വാസിയെ സാത്താൻ ഭയപ്പെടുന്നു. ഏതു നല്ല കാര്യവും പ്രാർത്ഥനയിലൂടെ ആരംഭം കുറിക്കുമ്പോൾ ദൈവീകാനുഗ്രഹങ്ങൾ അതിന്മേൽ പകരപ്പെടുന്നു. പ്രാർത്ഥനയുടെ ശക്തിയാൽ സ്വർഗ്ഗം ഇറങ്ങി ഭൂമിയിൽ നമ്മുടെ അരികിലേക്കു വരുന്ന പ്രതീതി അനുഭവപ്പെടുന്നു.

പഴയനിയമത്തിലും പുതിയനിയമത്തിലും ഉള്ള അനേക വിശ്വാസികൾ പ്രാർത്ഥനാവീരന്മാരായിരുന്നു.

(1) **അബ്രഹാം** —വിശ്വാസികളുടെ പിതാവ് (ഗലാ.3:7), ദൈവത്തിന്റെ സ്നേഹിതൻ (2.ദിന.20:7) എന്നറിയപ്പെട്ട അബ്രഹാം ഒരു പ്രാർത്ഥനാമനുഷ്യൻ ആയിരുന്നു. ദൈവം അബ്രഹാമിന്റെ പ്രാർത്ഥന കേട്ടു മറുപടി നൽകി അനുഗ്രഹിച്ചു.

(2) **മോശെ** ദൈവ സന്നിധിയിലേക്കു അടുത്തു ചെന്നു പ്രാർത്ഥിച്ചു. ദൈവം മോശെക്കു ഉത്തരമരുളി.

(3) **യോശുവാ** പ്രാർത്ഥിച്ചു സകല വിജയങ്ങളും നേടി.

(4) **ഹന്നാ** ദൈവസന്നിധിയിൽ ഹൃദയം പകർന്നു പ്രാർത്ഥിച്ചു; അവളുടെ മുഖം പിന്നെ വാടിയില്ല (1.ശമൂ.1:18).

(5) **എസ്രാ** തന്റെ ജീവിതത്തിൽ അഭിമുഖീകരിച്ച സകല പ്രശ്നങ്ങൾക്കും, ദൈവജനതയുടെ ഉദ്ധാരണത്തിനും, വിടുതലിനും, സുരക്ഷിതത്വത്തിനും വേണ്ടി പ്രാർത്ഥിച്ചു. ദൈവം എസ്രായുടെ പ്രാർത്ഥന കേട്ടു.

(6) **നെഹെമ്യാവ്** ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു. സ്വർഗ്ഗത്തിലെ ദൈവത്തോടു കണ്ണുനീരോടെ പ്രാർത്ഥിക്കുന്നു (നെഹെ.1:4,6,11/2:4,5/4:4,5,9/5:19/6:14/13:14,22,29).

(7) **ഇയ്യോബ്** നിഷ്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും, ദോഷം വിട്ടകലുന്നവനും ആയിരുന്നു എന്നു ദൈവം തന്നെ സാക്ഷ്യം പറഞ്ഞു (ഇയ്യോ.1:8). എന്നാൽ ഇയ്യോബിന്റെ ജീവിത

ത്തിൽ അതികഠിനമായ കഷ്ടതകളിലൂടെ കടന്നു പോകേണ്ട അവസരമുണ്ടായി. സ്നേഹിതന്മാർ അവനെതിരായി സംസാരിച്ചു. ദൈവം ഇയ്യോബിനു അനേക രഹസ്യങ്ങൾ വെളിപ്പെടുത്തിക്കൊടുത്തു. ഇതിലൂടെ ദൈവത്തിന്റെ മഹത്വം ദർശിച്ച ഇയ്യോബ് തന്റെ തെറ്റുകൾ മനസ്സിലാക്കി അനുതപിക്കുകയും തന്റെ സ്നേഹിതന്മാർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ ദൈവം സ്നേഹിതന്മാരുടെ പാപങ്ങൾ ക്ഷമിക്കുക മാത്രമല്ല ഇയ്യോബിനെയും ധാരാളമായി അനുഗ്രഹിച്ചു (ഇയ്യോ.42:5,6,10). നാം മറ്റുള്ളവർക്കായി പ്രാർത്ഥിച്ചാൽ ദൈവം നമ്മെയും അനുഗ്രഹിക്കും.

**(8) ദാനീയേൽ** ബാബിലോണിൽ പാർക്കുന്ന സമയത്തു തനിക്കെതിരേ, തന്റെ പ്രാർത്ഥനാജീവിതത്തിനെതിരേ, നിയമം വന്നിട്ടും പ്രാർത്ഥന മുടക്കിയില്ല (ദാനീ.6:10). ദൈവം ദാനീയേലിന്റെ പ്രാർത്ഥന കേട്ടു സകല കഷ്ടങ്ങളിൽ നിന്നും വിടുവിച്ചു. മാത്രമല്ല ദാനീയേലിന്റെ ദൈവം പ്രാർത്ഥന കേൾക്കുന്ന ദൈവമാണെന്നു രാജാവു പോലും സാക്ഷ്യം പറയുവാൻ ഇടയാക്കി (ദാനീ.6:24-28).

**(9) ഹിസ്കീയാവ്** ദൈവകരുണയ്ക്കായി പ്രാർത്ഥിച്ചു. തന്റെ ആയുസ്സിനോടു പതിനഞ്ചു സംവത്സരം നീട്ടി കൊടുത്തു (2.രാജാ.20:1-7). സൻഹേരീബിന്റെ ഭീഷണിയാൽ ഭയന്ന ഹിസ്കീയാവു ദൈവസന്നിധിയിൽ കാര്യങ്ങൾ ഉണർത്തിച്ചപ്പോൾ ദൈവം ഉത്തരം നൽകി. ഒറ്റരാത്രി കൊണ്ടു യഹോവയുടെ ദൂതൻ അശൂർപാളയത്തിൽ ഒരുലക്ഷത്തിയെണ്പത്തയ്യായിരം പേരെ സംഹരിച്ചു. പരാജയപ്പെട്ടു നിന്ദിതനായി മടങ്ങിപ്പോയ സൻഹേരീബ് തന്റെ പുത്രന്മാരാൽ കൊല്ലപ്പെട്ടു (2.രാജാ.19:1-37).

**(10) യെഹോശാഫാത്ത് രാജാവ്** ദൈവസന്നിധിയിൽ തന്റെ രാജ്യകാര്യങ്ങളുടെ വിജയത്തിനായി പ്രാർത്ഥിച്ചു. പ്രതിസന്ധിവേളയിൽ യെഹോശാഫാത്ത് ദൈവത്തോടു പ്രാർത്ഥിച്ചതിപ്രകാരമായിരുന്നു. **— 2.ദിന.20:12 —**"*ഞങ്ങളുടെ ദൈവമേ, നീ അവരെ ന്യായം വിധിക്കയില്ലയോ? ഞങ്ങളുടെ നേരേ വരുന്ന ഈ വലിയ സമൂഹത്തോടെതിർപ്പാൻ ഞങ്ങൾക്കു ശക്തിയില്ല; എന്തു ചെയ്യേണ്ടു എന്നു അറിയുന്നതുമില്ല; എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു തിരിഞ്ഞിരിക്കുന്നു.*"

**(11) ഏലീയാവു** ദേശത്തു മഴ പെയ്യാതിരിക്കേണ്ടിനു പ്രാർത്ഥിച്ചു. മൂന്നു സംവത്സരവും ആറു മാസവും ദേശത്തു മഴ പെയ്തില്ല. അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തു നിന്നു മഴ പെയ്തു (യാക്കോ.5:17,18). ഏലിയാവ് കർമ്മേൽ പർവ്വതത്തിൽ സ്വർഗ്ഗത്തിൽ നിന്നു തീ ഇറങ്ങി യാഗപീഠത്തിലേക്കു വരുന്നതിനായി പ്രാർത്ഥിച്ചു. തന്റെ പ്രാർത്ഥനയിൽ തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു; തോട്ടിലെ വെള്ളവും വറ്റിച്ചു കളഞ്ഞു (1.രാജാ.18:38).

**(12) എലീശാ പ്രവാചകൻ** പ്രാർത്ഥനയിലൂടെ ദൈവശക്തി വെളിപ്പെടുത്തി. തന്റെ സൈനീകനീക്കങ്ങൾ എല്ലാം പരാജയപ്പെടുവാൻ കാരണമാകുന്നത് എലീശാപ്രവാചകന്റെ ദർശനത്താലാണെന്നു മനസ്സിലാക്കിയ അരാം രാജാവ്, ഒരു വലിയ സൈന്യത്തെ എലീശയുടെ നേർക്കയച്ചു. രാവിലെ തങ്ങൾക്കു ചുറ്റും വളഞ്ഞിരിക്കുന്ന വലിയ സൈന്യത്തെ കണ്ട എലീശയുടെ ബാല്യക്കാരൻ ഭയന്നു നിലവിളിച്ചു. ബാല്യക്കാരന്റെ ഭയം മാറ്റുവാനായി എലീശാ ദൈവത്തോടു പ്രാർത്ഥിച്ചപ്പോൾ അഗ്നിമയമായ കുതിരകളും രഥങ്ങളും അവരുടെ സംരക്ഷണത്തിനായി മല നിറഞ്ഞിരിക്കുന്ന കാഴ്ച കണ്ടു (2.രാജാ.6:17). ആക്രമണത്തിനായി വന്ന അരാം സൈന്യം എലീശയുടെ പ്രാർത്ഥനയാൽ അന്ധരായിത്തീന്നു. അവർ എലീശയാൽ നയിക്കപ്പെട്ടു യിസ്രായേൽ തലസ്ഥാനമായ ശമര്യയിൽ എത്തി. വീണ്ടും ദൈവത്തോടു പ്രാർത്ഥിച്ചപ്പോൾ അവരുടെ അന്ധത നീങ്ങി കാഴ്ച തിരികെ ലഭിച്ചു. അവരെ കൊല്ലുവാൻ ആഗ്രഹിച്ച യിസ്രായേൽ രാജാവിനോടു അവർക്കു അപ്പവും വെള്ളവും നല്കി വിട്ടയപ്പാൻ പ്രവാചകൻ നിർദ്ദേശിച്ചു (2.രാജാ.6:18 –23).

**(13) ദാവീദ്** തന്റെ ജീവിതത്തിൽ എണ്ണമറ്റ പ്രതിസന്ധികളുടെ മദ്ധ്യേ ദൈവത്തോടു നിലവിളിച്ചു പ്രാർത്ഥിച്ചതായി സങ്കീർത്തനത്തിലുടനീളം കാണുന്നു. ദൈവം ദാവീദിന്റെ പ്രാർത്ഥനകൾക്കു ഉത്തരം നൽകി. ദാവീദിനു പറയുവാനുള്ളത്— സങ്കീ.116:1 — “യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ട് ഞാൻ അവനെ സ്നേഹിക്കുന്നു.”

> പ്രാർത്ഥന ഉയരുന്ന സ്ഥാനത്തേക്കു ദൈവം തന്റെ ചെവി ചായിച്ചു ശ്രദ്ധിക്കുന്നു. നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന

വളരെ ഫലിക്കുന്നു (യാക്കോ.5:16). *“യഹോവയുടെ കണ്ണു നീതി മാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറ ന്നിരിക്കുന്നു”* (സങ്കീ.34:15).

> പ്രാർത്ഥനയാൽ ദൈവത്തിന്റെ ഹൃദയം മനസ്സിലാക്കു വാൻ സാധിക്കുന്നു. ദൈവഹിതപ്രകാരം അപേക്ഷിക്കുന്ന പ്രാർത്ഥന ദൈവം കേൾക്കും.

> പ്രാർത്ഥന ദൈവത്തിന്റെ ശിക്ഷണനടപടികളെ മാറ്റുവാൻ സഹായിക്കുന്നു. വിഗ്രഹാരാധനയാൽ ദൈവകോപത്തിനിരയായ യിസ്രായേൽ മക്കളെ നശിപ്പിക്കുവാൻ തീരുമാനിച്ച ദൈവത്തിന്റെ മനസ്സു മാറ്റുവാൻ മോശെയുടെ മദ്ധ്യസ്ഥപ്രാർത്ഥനെക്കു കഴിഞ്ഞു (പുറ.32:11-14).

> ദൈവത്തിന്റെ കരങ്ങളെ പ്രവർത്തിക്കുവാൻ പ്രേരിപ്പി ക്കുന്നതും ദൈവജനത്തിന്റെ പ്രാർത്ഥനയാണ്.

> പ്രാർത്ഥനയില്ലാത്ത വിശ്വാസി, പ്രാർത്ഥനയില്ലാത്ത കുടുംബം, പ്രാർത്ഥനയില്ലാത്ത സഭ ആത്മീകമായി മുരടിച്ചതും ഫലം കായ്ക്കാത്തതും ആണ്.

> പ്രാർത്ഥന വിശ്വാസിയെ സംബന്ധിച്ചു ശ്വാസോച്ഛ്വാസ ത്തിനായുള്ള പ്രാണവായുവിനു തുല്യമാണ്.

> പ്രാർത്ഥന വിശ്വാസികൾക്കും പ്രാദേശികസഭെക്കും നിവർന്നു നിൽക്കുവാൻ ശക്തിനൽകുന്ന നട്ടെല്ലിനു തുല്യമാണ്.

> പ്രാർത്ഥന പിശാചിനെ അകറ്റി നിറുത്തുന്നു; ദൈവത്തോ ടടുപ്പിക്കുന്നു (യാക്കോ.4:7,8)

> പ്രാർത്ഥനയാൽ മരണം നീങ്ങുന്നു; പുതുജനനം നടക്കു ന്നു (ഉല്പ.20:7,17,18).

സ്വർഗ്ഗസ്ഥനായ പിതാവിനോടു ചോദിക്കാൻ അവകാശം ലഭിച്ചവനാണ് വിശ്വാസി. അതിനായി ഒരു മദ്ധ്യസ്ഥന്റെയും ആവശ്യമില്ല. കർത്താവു ശിഷ്യന്മാരോടു പറഞ്ഞത് നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ -- മത്താ.6:9 -- **“സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.”** വിശ്വാസിക്കു ദൈവത്തെ സംബോധന ചെയ്യുവാൻ പറ്റിയ ഏറ്റവും ശ്രേഷ്ഠനാമമാണ് പിതാവ് എന്നുള്ളത്. ഈ ദൈവ മായ പിതാവിനെ വെളിപ്പെടുത്തിത്തന്നത് പുത്രനായ യേശുക്രിസ്തു വാണ്. പഴയനിയമത്തിൽ യജമാനനായി, രാജാവായി, യുദ്ധവീര നായി, അറിയപ്പെട്ട സൈന്യങ്ങളുടെ ദൈവമായ സർവ്വശക്തനായ യഹോവ പുതിയനിയമവിശ്വാസിക്കു സ്വന്തം പിതാവായിത്തീർന്നി

തിക്കുകയാണ്. ആയതിനാൽ യാതൊരു ഭയവും ഇല്ലാതെ പിതാവിന്റെ സന്നിധിയിൽ മക്കൾ എന്ന അവകാശത്തോടുകൂടി (യോഹ.1:12), ഏതു സമയത്തും കടന്നു ചെല്ലുവാൻ സാധിക്കും. "ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുതു; നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നൽകുവാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്കൊ12:32). അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക (എബ്രാ.4:16). ദൈവവ്യവസ്ഥയിൽ, ദൈവഹിതത്തിൽ, ദൈവത്തെ അനുസരിച്ചു, കല്പനകൾ പ്രമാണിച്ചുകൊണ്ടു പ്രാർത്ഥിച്ചാൽ നിശ്ചയമായും ദൈവം കേൾക്കും.

**പത്രൊസ്** അപ്പൊസ്തലൻ തടവിൽ ആയിരുന്നപ്പോൾ സഭയുടെ ശ്രദ്ധയോടെയുള്ള പ്രാർത്ഥന ദൈവദാസന്റെ അത്ഭുതകരമായ വിടുതലിനു വഴി തെളിച്ചു. സ്വർഗ്ഗത്തിൽ നിന്നു ദൈവദൂതൻ കാരാഗൃഹത്തിലേക്കു ഇറങ്ങിവന്നു വിടുവിച്ചു. *"ഇങ്ങനെ പത്രൊസിനെ തടവിൽ സൂക്ഷിച്ചു വരുമ്പോൾ സഭ ശ്രദ്ധയോടെ അവന്നു വേണ്ടി ദൈവത്തോടു പ്രാർത്ഥന കഴിച്ചു പോന്നു"*(അപ്പൊ.12:5-10).

**സ്തെഫാനോസിനെ** കല്ലെറിഞ്ഞപ്പോൾ ആ ധീരവിശ്വാസി മുട്ടുകുത്തി തന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചതായി കാണുന്നു. ഒരു ശൗലിനെ പൗലോസാക്കുവാൻ, ദൈവജനത്തെ നശിപ്പിക്കുവാൻ ഒരുമ്പെട്ടു ഇറങ്ങിയവനെ ദൈവത്തിന്റെ ദാസനാക്കുവാൻ, ദൈവത്തിനുവേണ്ടി ധീരമായി പൊരുതുവാനും കഷ്ടം സഹിക്കുവാനും ഒരുക്കുവാനും സ്തെഫാനോസിന്റെ പ്രാർത്ഥനയ്ക്കു കഴിഞ്ഞു.

**അപ്പൊ.7:59-60—** *"കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ എന്നു സ്തെഫാനോസ് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ കല്ലെറിഞ്ഞു. അവനോ മുട്ടുകുത്തി: കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞിട്ടു അവൻ നിദ്ര പ്രാപിച്ചു."*

**പൗലൊസിനെ**യും ശീലാസിനെയും കർത്താവിന്റെ നാമത്തിൽ സംസാരിച്ചതിനാൽ കോൽ കൊണ്ടു അടിപ്പിച്ചു കാരാഗൃഹത്തിൽ അടച്ചു കാൽ ആമത്തിൽ ഇട്ടു പൂട്ടി. ദേഹമാസകലം അടികൊണ്ടു വേദനിക്കുമ്പോഴും, മുറിവുകളിലൂടെ രക്തം ഒഴുകുന്ന സന്ദർഭത്തിലും പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടിസ്തുതിച്ചു. ഭൂമി കുലുങ്ങുവാനും കാരാഗൃഹത്തിന്റെ അടി

സ്ഥാനങ്ങൾ ഇളകുവാനും അവരുടെ പ്രാർത്ഥന ഇടയാക്കി. **അപ്പൊ.16:25--** *''അർദ്ധരാത്രിക്കു പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു; തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പെട്ടെന്നു വലിയൊരു ഭൂകമ്പം ഉണ്ടായി, കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിൽ ഒക്കെയും തുറന്നു പോയി, എല്ലാവരുടെയും ചങ്ങല അഴിഞ്ഞുവീണു."*

നമ്മുടെ എല്ലാ ചിന്താകുലവും ദൈവസന്നിധിയിൽ ഇട്ടു കൊണ്ടു പ്രാർത്ഥിക്കുവാൻ ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു. **1.പത്രൊ.5:7—** *"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ."*

നമ്മുടെ വിശ്വാസജീവിതത്തിൽ ഇനി വിചാരപ്പെടേണ്ട കാര്യമില്ല. എല്ലാം സ്തോത്രത്തോടുകൂടെ അറിയിക്കുവാൻ പറഞ്ഞിരിക്കുന്നു.

**ഫിലി.4:6,7—** *"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും."*

**യേശുക്രിസ്തുവിന്റെ പ്രാർത്ഥനകൾ —**

(1) വൈകുന്നേരത്തു പ്രാർത്ഥിപ്പാൻ മലയിൽ-മത്താ.14:23/ മർക്കൊ.6:46

(2) അതികാലത്തു ഇരുട്ടോടെ നിർജ്ജന പ്രദേശത്തു -- മക്കൊ.1:35

(3) സ്നാനം ഏറ്റശേഷം പ്രാർത്ഥിച്ചു--ലൂക്കൊ.3:21

(4) ശിഷ്യന്മാരെ പടകിൽ അയച്ചശേഷം -- മത്താ.14:23 / മർക്കൊ.6:46

(5) കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ശേഷം— ലൂക്കൊ.5:15,16

(6) ശിഷ്യന്മാരെ തിരെഞ്ഞെടുക്കുന്നതിനു മുമ്പായി -- ലൂക്കൊ.6:12,13

(7) മറുരൂപ മലയിലെ രൂപാന്തരത്തിനു മുമ്പു-- ലൂക്കൊ.9:29

(8) 70 പേർ സുവിശേഷം അറിയിച്ചു മടങ്ങി വന്നപ്പോൾ -- ലൂക്കോ.10:21

(9) ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതനു മുമ്പ് — -- ലൂക്കൊ.11:1

(10) ബേഥാന്യയിലെ ലാസറിന്റെ കല്ലറെക്കരികിൽ— യോഹ.11:41,42

(11) യവനന്മാർ യേശുവിനെ കാണാനായി വന്നപ്പോൾ — യോഹ.12:20-28

(12) ഗത്ത്ശെമന തോട്ടത്തിൽ ക്രൂശീകരണത്തിനു മുമ്പായി -- മത്താ.26:36-45/ലൂക്കൊ.22:44

(13) ക്രൂശിൽ വെച്ചു ശത്രുക്കൾക്കു വേണ്ടി—ലൂക്കൊ.23:34

(14) ക്രൂശിൽ വെച്ചു പിതാവിനോട്, അതിവേദനയുടെ സമയത്തു — മത്താ.27:46

(15) ക്രൂശിൽ മരണസമയത്തു ആത്മാവിനെ പിതാവിന്റെ കരത്തിൽ ഏല്പിക്കുന്നു -- ലൂക്കൊ.23:46.

## പ്രാർത്ഥനയെപ്പറ്റി ചില ചോദ്യങ്ങളും, അവയ്ക്കുള്ള ഉത്തരങ്ങളും —

### (I) പ്രാർത്ഥന എന്നാൽ എന്ത്? പ്രാർത്ഥനയുടെ നിർവ്വചനം എന്ത്?

(1) വിശ്വാസി ദൈവത്തോടു സംസാരിക്കുന്നതാണ് പ്രാർത്ഥന. ഇതിലൂടെ ദൈവവുമായി കൂട്ടായ്മ ഉറപ്പിക്കുകയും, നമുക്ക് ആവശ്യമായ കാര്യങ്ങൾ ദൈവഹിതപ്രകാരം ചോദിച്ചു വാങ്ങുകയും ചെയ്യുന്നു.

(2) പരിശുദ്ധാത്മശക്തിയാൽ, പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തെ ആരാധിക്കുകയും ആവശ്യങ്ങൾ അറിയിക്കുകയും ചെയ്യുന്നതാണ് പ്രാർത്ഥന.

(3)പരിശുദ്ധാത്മനിറവു ലഭിച്ച വിശ്വാസി ആത്മാവിൽ ദൈവത്തോടു പ്രാർത്ഥിക്കുന്നതാണ് പ്രാർത്ഥന.

(4) യേശുക്രിസ്തു ആകുന്ന ദൈവപുത്രനിൽ കൂടി പിതാവായ ദൈവത്തോടു ബന്ധപ്പെടുന്ന വാർത്താവിനിമയമാദ്ധ്യമമാണ് പ്രാർത്ഥന. (It is the telephonic conversation to our Father God).

(5) വിശ്വാസി പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിച്ചു ആരാധിക്കുന്ന ഒരു പ്രക്രിയയാണ് പ്രാർത്ഥന. (It is an act of humble worship in which we seek God with our heart).

**2.ദിന.7:14,15—** *"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടു അവരുടെ പാപങ്ങളെ ക്ഷമിച്ചു അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും."*

(6) ദൈവഹിതം അന്വേഷിക്കുകയും അതിനു ശേഷം പ്രവർത്തനത്തിനായും നിർദ്ദേശത്തിനായും കാത്തിരിക്കയും ചെയ്യുന്നതാണ് പ്രാർത്ഥന. (Prayer is asking God for guidance and waiting for His direction and leading) (1.ശമൂ.14:36-45/ 2.ശമൂ.5:19).

## (II) പ്രാർത്ഥനയുടെ ആവശ്യം എന്ത്?

### *(1) ദൈവം കൽപ്പിച്ചിരിക്കുന്നു.*

**1.ദിന.16:11 —** *"യഹോവയെയും അവന്റെ ശക്തിയെയും തേടുവിൻ; അവന്റെ മുഖം നിരന്തരം അന്വേഷിപ്പിൻ."*

**വിലാ.2:19 —** *"രാത്രിയിൽ, യാമാരംഭത്തിങ്കൽ എഴുന്നേറ്റു നിലവിളിക്ക; നിന്റെ ഹൃദയത്തെ വെള്ളംപോലെ കർത്തൃസന്നിധിയിൽ പകരുക; വീഥികളുടെ തലെക്കലൊക്കെയും വിശപ്പുകൊണ്ടു തളർന്നുകിടക്കുന്ന നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷെക്കായി അവങ്കലേക്കു കൈ മലർത്തുക."*

**ഹോശ.14:2 —** *"നിങ്ങൾ അനുതാപവാക്യങ്ങളോടുകൂടെ യഹോവയുടെ അടുക്കൽ മടങ്ങിച്ചെന്നു അവനോടു സകല അകൃത്യത്തെയും ക്ഷമിച്ചു, ഞങ്ങളെ കൃപയോടെ കൈക്കൊള്ളേണമേ; എന്നാൽ ഞങ്ങൾ ഞങ്ങളുടെ അധരാർപ്പണമായ കാളകളെ അർപ്പിക്കും."*

### *(2) യേശുകർത്താവു പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചിരിക്കുന്നു.*

**മത്താ.6:9 —** *"നിങ്ങൾ ഈ വണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ....."*

**മത്താ.7:7 —** *"യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും."*

**മത്താ.26:41 —** *"പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ."*

**യോഹ.16:24—** *"ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും*

*അപേക്ഷിച്ചിട്ടില്ല; അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും."*

***(3) പരിശുദ്ധാത്മാവ് പ്രാർത്ഥിക്കുവാൻ സഹായിക്കുന്നു.***

**റോമ.8:26 —** *"വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു."*

***(4) അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ മാതൃകയായി രേഖപ്പെടുത്തിയിരിക്കുന്നു —***

(1) രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, വചനം പഠിച്ചു, കൂട്ടായ്മ ആചരിച്ചു, അപ്പം നുറുക്കിയവർ ഒരുമിച്ചിരുന്നു പ്രാർത്ഥിച്ചു —

**അപ്പൊ.2:42 —** *"അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു."*

(2) ദൈവാലയത്തിൽ പ്രാർത്ഥനാസമയത്തു അപ്പൊസ്തലന്മാർ പ്രാർത്ഥിപ്പാൻ പോയി — **അപ്പൊ.3:1 —** *"ഒരിക്കൽ പത്രൊസും യോഹന്നാനും ഒമ്പതാം മണിനേരം പ്രാർത്ഥനാസമയത്തു ദൈവാലയത്തിലേക്കു ചെല്ലുമ്പോൾ ....."*

(3) സഭയുടെ ഏകാഗ്രമായ പ്രാർത്ഥന — **അപ്പൊ.4:24 —** *"അതു കേട്ടിട്ടു അവർ ഒരുമനപ്പെട്ടു ദൈവത്തോടു നിലവിളിച്ചു."*

(4) സുവിശേഷം പ്രസംഗിക്കുവാനുള്ള ധൈര്യം ലഭിക്കേണ്ടതിന്നു —**അപ്പൊ.4:30 —** *"നിന്റെ വചനം ധൈര്യത്തോടും കൂടെ പ്രസ്താവിപ്പാൻ നിന്റെ ദാസന്മാർക്കു കൃപ നൽകേണമേ."*

(5) സഭാപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തന്മാരായവരെ പ്രാർത്ഥനയോടെ കണ്ടെത്തുന്നതോടൊപ്പം സഭാശുശ്രൂഷകരായ മൂപ്പന്മാർ പ്രാർത്ഥനയിലും വചനത്തിലും ഉറ്റിരിക്കണം — **അപ്പൊ.6:4 —** *"ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കും എന്നു പറഞ്ഞു."*

(6) രക്ഷിക്കപ്പെട്ടവർ പ്രാർത്ഥിക്കുകയും അവരെ ശുശ്രൂഷകർ ഉറപ്പിക്കുകയും വേണം. **അപ്പൊ.9:11 —** *"കർത്താവു അവനോടു: നീ എഴുന്നേറ്റു നേർവ്വീഥി എന്ന തെരുവിൽ ചെന്നു, യൂദയുടെ വീട്ടിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്ക; അവൻ പ്രാർത്ഥിക്കുന്നു."*

(7) രോഗികൾക്കുവേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കണം. പ്രാർത്ഥനയാൽ രോഗവും മരണവും നീങ്ങിപ്പോകും. **അപ്പൊ.9:40 —** *"പത്രൊസ് അവരെ ഒക്കെയും പുറത്തിറക്കി മുട്ടുകുത്തി പ്രാർത്ഥിച്ചു ശവത്തിന്റെ നേരെ തിരിഞ്ഞു : തബീഥയേ, എഴുന്നേൽക്ക എന്നു പറഞ്ഞു; അവൾ കണ്ണു തുറന്നു പത്രൊസിനെ കണ്ടു എഴുന്നേറ്റു ഇരുന്നു."*

(8) യാത്രയിലും, പ്രതികൂലാവസ്ഥയിലും, ശാരീരികക്ഷീണമുള്ളപ്പോഴും, വിശപ്പു ശരീരത്തെ തളർത്തിയാൽപോലും പ്രാർത്ഥന അനിവാര്യമാണ്. **അപ്പൊ.10:9—**"*പിറ്റെന്നാൾ അവർ യാത്രചെയ്തു പട്ടണത്തോടു സമീപിക്കുമ്പോൾ പത്രൊസ് ആറാംമണിനേരത്തു പ്രാർത്ഥിപ്പാൻ വെണ്മാടത്തിൽ കയറി."*

(9) തടവിലായിരുന്നവർക്കു വേണ്ടി സഭ ശ്രദ്ധയോടെ പ്രാർത്ഥിക്കുന്നു. **അപ്പൊ.12:5 —***"ഇങ്ങനെ പത്രൊസിനെ തടവിൽ സൂക്ഷിച്ചു വരുമ്പോൾ സഭ ശ്രദ്ധയോടെ അവന്നുവേണ്ടി ദൈവത്തോടു പ്രാർത്ഥന കഴിച്ചുപോന്നു."*

**അപ്പൊ.12:12 —** *"അവൻ മർക്കൊസ് എന്നു മറുപേരുള്ള യോഹന്നാന്റെ അമ്മ മറിയയുടെ വീട്ടിൽ ചെന്നു. അവിടെ അനേകർ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു."*

(10) സുവിശേഷവേലെക്കായി അനേകരെ എഴുന്നേൽപ്പിക്കുവാൻ –**അപ്പൊ.13:2 –***"അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചുകൊണ്ടിരിക്കുമ്പോൾ : ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലെക്കായിട്ടു അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെമേൽ കൈവെച്ചു അവരെ പറഞ്ഞയച്ചു."*

(11) പൗലൊസ് പ്രാർത്ഥനാസ്ഥലത്തേക്കു ചെല്ലുമ്പോൾ ദുർഭൂതത്തിൽ നിന്നു ഒരു ബാല്യക്കാരത്തിക്കു വിടുതൽ ലഭിക്കുവാനിടയായി. **അപ്പൊ.16:16–18—**"*ഞങ്ങൾ പ്രാർത്ഥനാസ്ഥലത്തേക്കു ചെല്ലുമ്പോൾ വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞു യജമാനന്മാർക്കു വളരെ ലാഭം വരുത്തുന്ന ഒരു ബാല്യക്കാരത്തി ഞങ്ങളെ എതിരേറ്റു. .....പൗലൊസ് .... അവളിലുള്ള ഭൂതത്തോടു: അവളെ വിട്ടുപോകുവാൻ ഞാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞു. ആ നാഴികയിൽ തന്നേ അതു അവളെ വിട്ടുപോയി."*

(12) ഏറ്റവും പ്രതികൂലതയിലും ദുഃഖകരമായ അവസ്ഥയിലും സ്തോത്രത്തോടെ പ്രാർത്ഥിച്ചപ്പോൾ അത്ഭുതവും ദൈവനാമമഹത്വവും ഉണ്ടായി — കാരാഗൃഹവാതിലുകൾ തുറക്കപ്പെട്ടു, തടവുകാരൻ യജമാനനായിത്തീർന്നു, വീടടക്കം രക്ഷപ്രാപിക്കുവാനിടയായി.**അപ്പൊ.16:25—** *"അർദ്ധരാത്രിക്കു പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടിസ്തുതിച്ചു: തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു."*

(13) എഫെസൊസിൽ തന്റെ വേല തികച്ചശേഷം പൗലൊസ് യാത്രയായപ്പോൾ എല്ലാവരും ചേർന്നു ഹൃദയസ്പൃക്കായ വിടവാങ്ങൽ നൽകി പ്രാർത്ഥിച്ചു. **അപ്പൊ.20:36–38—** *"ഇങ്ങനെ പറഞ്ഞിട്ടു അവൻ മുട്ടുകുത്തി അവരെല്ലാവരോടുംകൂടെ പ്രാർത്ഥിച്ചു. എല്ലാവരും കരഞ്ഞു......പൗലൊസിനെ കഴുത്തിൽ കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു കപ്പലോളം അവനോടുകൂടെ വന്നു അവനെ യാത്രയയച്ചു."*

***(5) ലേഖനങ്ങളിൽ പ്രാർത്ഥിക്കണമെന്നു ഉപദേശമായി നൽകിയിരിക്കുന്നു.*** **എഫെ.6:18 —** *"സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിന്നായി ജാഗരിച്ചും കൊണ്ടു സകലവിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ."*

**1.തെസ്സ.5:17—** *"ഇടവിടാതെ പ്രാർത്ഥിപ്പിൻ."*

***(6) യേശുക്രിസ്തു മാതൃക കാട്ടി.***

**മത്താ.26:39—** *"പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുംപോലെഅല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു."*

**മർക്കൊ.1:35—** *"അതികാലത്തു ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ടു ഒരു നിർജ്ജന സ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു."*

**ലൂക്കൊ.6:12—** *"ആ കാലത്തു അവൻ പ്രാർത്ഥിക്കേണ്ടതിന്നു ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു."*

**ലൂക്കൊ.22:40--** *"താൻ അവരെ വിട്ടു ഒരു കല്ലേറു ദൂരത്തോളം വാങ്ങിപ്പോയി മുട്ടുകുത്തി: പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നേ ആകട്ടെ എന്നു പ്രാർത്ഥിച്ചു."*

**എബ്രാ.5:7** —*"ക്രിസ്തു തന്റെ ഐഹിക ജീവിതകാലത്തു തന്നെ മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിയുന്നവനോടു ഉറെച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു."*

***(7) പ്രാർത്ഥിക്കാതിരിക്കുന്നതു പാപമാണന്നു പറഞ്ഞിരിക്കുന്നു***

**1.ശമൂ.12:23** — *"ഞാനോ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോടു പാപം ചെയ്‌വാൻ ഇടവരരുതേ."*

## (III) പ്രാർത്ഥനയിൽ ഉണ്ടായിരിക്കേണ്ട ഘടകങ്ങൾ ഏവ?

1. **സ്തോത്രം** — ഫിലി.4:6,7
2. **പാപങ്ങൾ ഏറ്റു പറച്ചിൽ** — 1.യോഹ.1:9 /യാക്കോ.5:16/ 2.ദിന.7:14/സങ്കീ.66:18
3 **യാചന** — ആവശ്യങ്ങൾ അറിയിക്കുക —ഫിലി.4:6,7/ 1.തിമൊ.2:2
4 **പക്ഷവാദം** — 1.തിമൊ.2:2
5 **നന്ദി** — ഫിലി.4:6/ സങ്കീ.103:2/ 1.തെസ്സ.5:18.

## (IV) പ്രാർത്ഥനെക്കുള്ള വ്യവസ്ഥകൾ എന്തെല്ലാം?

1. ദൈവത്തിൽ വസിച്ചുകൊണ്ടു പ്രാർത്ഥിക്കണം —യോഹ.15:7
2. കല്പനകൾ അനുസരിച്ചു പ്രാർത്ഥിക്കണം. —പുറ.14:15/1. യോഹ.3:22 സങ്കീ.66:18
3. ശുദ്ധീകരണത്തോടെ പ്രാർത്ഥിക്കണം —യാക്കോ.4:8
4. സ്തോത്രം ചെയ്തുകൊണ്ടു പ്രാർത്ഥിക്കണം —ഫിലി.4:6
5. വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കണം —മത്താ.21:22/ മർക്കൊ.11:24/യാക്കോ.1:5-8
6. ഉറപ്പോടെ പ്രാർത്ഥിക്കണം — മർക്കൊ.9:23 /1.പത്രൊ.5:7
7. നമ്മെത്തന്നെ താഴ്ത്തി പ്രാർത്ഥിക്കണം —2.ദിന.7:14/ യാക്കോ.4:10/ലൂക്കൊ.18:13,14
8. യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണം— യോഹ.14:13/ യോഹ.16:23,24
9. പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കണം — യൂദാ.20
10. മറ്റുള്ളവരോടു ക്ഷമിച്ചുകൊണ്ടു പ്രാർത്ഥിക്കണം -മർക്കൊ.11:25

11. ദൈവഹിതത്തിൽ പ്രാർത്ഥിക്കണം - മത്താ.26:39/റോമ.8:27

12. പൂർണ്ണഹൃദയത്തോടെ പ്രാർത്ഥിക്കണം -യിരെ.29:12,13.

## (V) പ്രാർത്ഥിക്കേണ്ടത് എപ്പോഴൊക്കെ?

1. രാവിലെ, ഉച്ചയ്ക്ക്, വൈകുന്നേരം — സങ്കീ.55:17
2. രാത്രിയും പകലും — സങ്കീ.88:1
3. അർദ്ധരാത്രിയിൽ — സങ്കീ.119:62
4. എല്ലായിപ്പോഴും — ലൂക്കൊ.18:1
5. ഏതുനേരത്തും — എഫെ.6:18
6. ഇടവിടാതെ — 1.തെസ്സ.5:17
7. ദിനം തോറും — സങ്കീ.86:3

## (VI) പ്രാർത്ഥനെക്കു ഉത്തരം ലഭിക്കാത്ത കാരണങ്ങൾ എന്തെല്ലാം?

*1. ഏറ്റു പറഞ്ഞുപേക്ഷിക്കാത്ത പാപങ്ങൾ.*

**സങ്കീ.66:18** — *"ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു."*

**യെശ.59:2** — *"നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതെവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയതു."*

**ലൂക്കോ.18:13,14**— *"അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി; മറ്റവൻ അങ്ങനെയല്ല. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും."*

*2. സ്വാർത്ഥ ലക്ഷ്യത്തോടു കൂടിയുള്ള പ്രാർത്ഥന.*

**യാക്കോ.4:3** — *"നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന്നു വല്ലാതെ യാചിക്കകൊണ്ടു ഒന്നും ലഭിക്കുന്നില്ല."*

*3. അവിശ്വാസത്തോടു കൂടിയുള്ള പ്രാർത്ഥന.*

**യാക്കോ 1:6,7**— *"എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം: സംശയിക്കുന്നവൻ കാറ്റടിച്ചു അലയുന്ന കടൽത്തിരെക്കു സമൻ. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിൽ നിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുതു."*

**1.യോഹ.5:15–**"*നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു.*"

**മർക്കൊ.11:24—**"*അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും.*"

***4. മാനുഷിക ജല്പനത്താലുള്ള പ്രാർത്ഥന ദൈവം കേൾക്കുന്നില്ല.***

ഓരോരോ ആവശ്യങ്ങൾക്കായി മുമ്പുകൂട്ടി എഴുതി തയ്യാർ ചെയ്തതും, ആരാധനാക്രമപുസ്തകങ്ങളിലുള്ള പ്രാർത്ഥനകളും നോക്കി വായിച്ചു പ്രാർത്ഥിക്കുന്നതും മാനുഷിക ജല്പനത്തിൽ ഉൾപ്പെടുന്നു. അവ ഹൃദയാന്തർഭാഗത്തു നിന്നുയരുന്നവയല്ല.

**മത്താ.6:7 —**"*പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുതു; അതിഭാഷണത്തിൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നതു.*"

**യെശ.29:13 —**"*ഈ ജനം അടുത്തുവന്നു വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽനിന്നു ദൂരത്തു അകറ്റിവച്ചിരിക്കുന്നു; എന്നോടുള്ള അവരുടെ ഭക്തി, മനഃപാഠമാക്കിയ മാനുഷകല്പനയത്രേ.*"

***5. ദൈവത്തേക്കാൾ മറ്റുള്ളതിനെ സ്നേഹിച്ചുകൊണ്ട് -- ലോക സ്നേഹം.*"**

**യെഹ.14:3 —**"*മനുഷ്യപുത്രാ, ഈ പുരുഷന്മാർ തങ്ങളുടെ വിഗ്രഹങ്ങളെ ഹൃദയത്തിൽ സ്മരിച്ചു തങ്ങളുടെ അകൃത്യഹേതു തങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു; അവർ ചോദിച്ചാൽ ഞാൻ ഉത്തരമുളുമോ?* "

***6. മറ്റുള്ളവരോടു ക്ഷമിക്കാത്ത മനസ്സുമായി ദൈവസന്നിധിയിൽ ചെന്നാൽ പ്രാർത്ഥന കേൾക്കുകയില്ല.*"**

**മർക്കൊ.11:25,26—**"*നിങ്ങൾ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന്നു നിങ്ങൾക്കു ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ. നിങ്ങൾ ക്ഷമിക്കാഞ്ഞാലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല.*"

***7. എളിയവരെ ആദരിക്കതെയുള്ള പ്രാർത്ഥന ദൈവം കേൾക്കുകയില്ല."***

**സദൃ.21:13 —** *"എളിയവന്റെ നിലവിളിക്കു ചെവി പൊത്തിക്കളയുന്നവൻ താനും വിളിച്ചപേക്ഷിക്കും; ഉത്തരം ലഭിക്കയില്ല."*

***8. വിശ്വാസികൾ തമ്മിൽ ഐക്യതയില്ലാതെ, സ്നേഹമില്ലാതെ പ്രാർത്ഥിച്ചാൽ കേൾക്കുന്നില്ല."***

**മത്താ.5:23,24 —** *"ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന്നു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെ വെച്ചു ഓർമ്മവന്നാൽ നിന്റെ വഴിപാടു അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു, ഒന്നാമതു ചെന്നു സഹോദരനോടു നിരന്നു കൊൾക; പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക."*

**മത്താ.18:19 –** *"ഭൂമിയിൽവെച്ചു നിങ്ങളിൽ രണ്ടു പേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്കു ലഭിക്കും."*

ദൈവം തന്റെ മക്കളായ വിശ്വാസികളുടെ പ്രാർത്ഥന കേൾക്കുന്നു. ദൈവം നമ്മുടെ പ്രാർത്ഥനകൾക്കു മൂന്നു വിധത്തിലാവാം പ്രതികരിക്കുന്നത്--(1) ഉത്തരം നൽകുന്നു (2) ആവശ്യം അംഗീകരിക്കുന്നില്ല (3) കാത്തു നിൽക്കുക - (Yes/ No/ Wait). അതായതു ചിലപ്പോൾ ദൈവം നമ്മുടെ പ്രാർത്ഥനെക്കു ഉടനെ അനുകൂലമായ മറുപടി നൽകുന്നു. അതു നമ്മുടെ നന്മെക്കും ദൈവനാമമഹത്വത്തിനും ഉതകുന്നതായിരിക്കും. ഇതിൽ നാം വളരെയധികം സന്തോഷിക്കുവാൻ ഇടയാകുന്നു. എന്നാൽ ചിലപ്പോൾ ദൈവം നമ്മുടെ പ്രാർത്ഥനെക്കു മറുപടി നൽകുന്നില്ല. അതും നമ്മുടെ നന്മെക്കായിരിക്കും. പൗലൊസിന്റെ അനേക പ്രാർത്ഥനകൾക്കു ദൈവം ഉത്തരം നൽകിയിട്ടുണ്ട്. എന്നാൽ തന്റെ ശരീരത്തിലെ ഒരു അസ്വസ്ഥത മാറ്റിക്കൊടുക്കുവാനായി താൻ മൂന്നു തവണ അപേക്ഷിച്ചു. അതിനു ലഭിച്ച ഉത്തരം എന്റെ കൃപ നിനക്കു മതി എന്നായിരുന്നു (2.കൊരി.12:9). ഇതു സഹിക്കുവാനുള്ള ശക്തി നൽകും എന്നു വിവക്ഷ.

പ്രാർത്ഥനാവീരനായ ഏലീയാവ് ഒരിക്കൽ ചൂരച്ചെടിയുടെ കീഴിൽ നിരാശനായി കിടന്നുകൊണ്ട് തന്റെ പ്രാണനെ എടുക്കേണമേ എന്നപേക്ഷിച്ചു. ദൈവം ഏലീയാവിനു അനുകൂലമായ ഉത്തരം കൊടുത്തില്ല; എന്നുതന്നെയുമല്ല ആഹാരവും വെള്ളവും

കൊടുത്തു ദൂതനെ അയച്ചു ശക്തീകരിക്കുകയാണുണ്ടായത് (1.രാജാ.19:1-8). മറ്റു ചിലപ്പോൾ നാം പ്രാർത്ഥിക്കുമ്പോൾ ദൈവം അനുകൂലമോ പ്രതികൂലമോ ആയ ഉത്തരം തരുന്നില്ല. കാത്തിരിക്കുക എന്നതായിരിക്കും നാം മനസ്സിലാക്കേണ്ടത്. ഈ അവസരത്തിൽ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നില്ല എന്നു പറഞ്ഞു ഭ്രമിച്ചു പോകാറുണ്ട്. എന്നാൽ ദൈവം നമുക്കു താമസിച്ചു തരുന്ന ഉത്തരങ്ങൾ പലതും ഏറിയ അനുഗ്രഹങ്ങളോടു കൂടിയതായിരിക്കും. എല്ലാം നന്മെക്കായി സ്വർഗ്ഗതാതൻ ചെയ്തിടുന്നു എന്നതാണ് നാം മനസ്സിലാക്കേണ്ടത്. മടുത്തു പോകാതെ, നിരാശപ്പെടാതെ, ദൈവസന്നിധിയിൽ അറിയിക്കുക എന്നതാണ് നമുക്കു ചെയ്യുവാനുള്ളത്. തന്റെ മക്കളായ നമുക്കു ഓരോന്നും എപ്പോഴൊക്കെ, ഏതു നിലയിൽ, എത്രത്തോളം ആവശ്യമായിരിക്കുന്നു എന്നു നമ്മെക്കാളും നന്നായി അറിയാവുന്നവനാണ് നമ്മുടെ ദൈവം. **ലൂക്കൊ.18:7** —*"ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു."*

### (VII) പ്രാർത്ഥിക്കുമ്പോൾ ഏതെങ്കിലും ദിക്കു നോക്കി പ്രാർത്ഥിക്കണമോ?

ചില സമുദായക്കാർ പ്രാർത്ഥിക്കുന്നത് എപ്പോഴും കിഴക്കു നോക്കിയായിരിക്കും. അവർ പുതിയ ഒരു സ്ഥലത്തു ചെന്നാൽ പ്രാർത്ഥിക്കേണ്ട അവസരത്തിൽ കിഴക്കേതാണെന്നു അന്വേഷിക്കുന്നതും കേൾക്കാം. ദൈവം ഭൂമിയുടെ കിഴക്കു മാത്രം ഇരിക്കുന്നു എന്നും, ആയതിനാൽ കിഴക്കുഭാഗം നോക്കി പ്രാർത്ഥിച്ചാലേ ദൈവം കേൾക്കൂ എന്നുള്ള ചിന്ത അവരെ ഭരിക്കുന്നതിനാലാണിത്. ഏതെങ്കിലും ദിക്കു നോക്കി പ്രാർത്ഥിക്കുവാൻ തിരുവചനത്തിൽ പറഞ്ഞിട്ടില്ല. എവിടെ വെച്ചും, ഏതു സമയത്തും, എവിടേക്കും തിരിഞ്ഞ്, എപ്പോഴും പ്രാർത്ഥിക്കാം. നമ്മുടെ ദൈവം കിഴക്കോ, പടിഞ്ഞാറോ, തെക്കോ, വടക്കോ മാത്രം വിഗ്രഹത്തെപ്പോലെ ചലനശേഷിയില്ലാതെ നിൽക്കുന്ന ദൈവമല്ല. സർവ്വവ്യാപിയായ ദൈവം **ദൈവമക്കളുടെ നടുവിൽ** ആഗതനാകുമെന്നാണ് വാഗ്ദത്തം.

**സങ്കീ.75:6** —*"കിഴക്കു നിന്നല്ല, പടിഞ്ഞാറു നിന്നല്ല, തെക്കുനിന്നുമല്ല, ഉയർച്ച വരുന്നതു."*

**സങ്കീ.48:2 —** *"മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻ പർവ്വതം ഉയരം കൊണ്ടു മനോഹരവും സർവ്വ ഭൂമി യുടെയും ആനന്ദവുമാകുന്നു."*

**മത്താ.18:20 —** *"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു എന്നും ഞാൻ നിങ്ങളോടു പറയുന്നു."*

## (VIII) ഏതു നാമത്തിൽ പ്രാർത്ഥിക്കണം?

**നമ്മുടെ പ്രാർത്ഥനകൾ പിതാവായ ദൈവത്തോടു (അപ്പൊ.12:5),യേശുക്രിസ്തുവിന്റെ നാമത്തിൽ (യോഹ.14:13,14), പരിശുദ്ധാത്മ സഹായത്താൽ (എഫെ.6:18/യൂദാ.20)ആയിരിക്കേ ണം.**

**അപ്പൊ.12:5 --** *''ഇങ്ങനെ പത്രൊസിനെ തടവിൽ സൂക്ഷിച്ചു വരുമ്പോൾ സഭ ശ്രദ്ധയോടെ അവന്നുവേണ്ടി* **ദൈവ ത്തോടു** *പ്രാർത്ഥന കഴിച്ചു പോന്നു."*

**യോഹ.14:13,14--**"*നിങ്ങൾ* **എന്റെ നാമത്തിൽ** (യേശുക്രി സ്തുവിന്റെ നാമത്തിൽ)*അപേക്ഷിക്കുന്നതു ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിന്നു ഞാൻ ചെയ്തു തരും. നിങ്ങൾ എന്റെ നാമത്തിൽ എന്നോടു അപേക്ഷിക്കുന്നതു ഒക്കെയും ഞാൻ ചെയ്തു തരും."*

**എഫെ.6:18 —**"*സകല പ്രാർത്ഥനയാലും യാചനയാലും ഏതുനേരത്തും* **ആത്മാവിൽ** *പ്രാർത്ഥിച്ചും അതിന്നായി ജാഗരിച്ചും കൊണ്ടു സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥന യിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ."*

**യൂദാ.20 —**"*നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാ രമാക്കി നിങ്ങൾക്കു തന്നേ ആത്മീക വർദ്ധന വരുത്തിയും* **പരിശു ദ്ധാത്മാവിൽ** *പ്രാർത്ഥിച്ചും."*

പരിശുദ്ധാത്മസഹായത്താൽ, യേശുക്രിസ്തുവിന്റെ നാമ ത്തിൽ, പിതാവായ ദൈവത്തോടു നമ്മുടെ ആവശ്യങ്ങൾ അറിയി ക്കുകയാണ് പ്രാർത്ഥന. ആയതിനാൽ ***പ്രാർത്ഥന യേശുക്രിസ്തു വിന്റെ നാമത്തിൽ ആയിരിക്കണം. പ്രാർത്ഥിച്ചു നിറുത്തുമ്പോൾ യേശുവിന്റെ നാമത്തിൽ എന്നു ചിലർ പറയാറുണ്ട്.*** ക്രിസ്തീയ സമൂഹത്തിൽ യേശുനാമക്കാർ എന്നൊരു കൂട്ടരുണ്ട്. അവർ പ്രാർത്ഥിച്ചവസാനിപ്പിക്കുന്നത് യേശുവിന്റെ നാമത്തിൽ എന്നു മാത്ര

മായിരിക്കും. എന്നാൽ മറ്റുചിലരാകട്ടെ പ്രാർത്ഥനയിൽ മാനുഷിക ശക്തി പകരുവാൻ യേശുവിന്റെ നാമത്തിൽ യേശുവിന്റെ നാമത്തിൽ എന്നു ആവർത്തിച്ചു പറഞ്ഞു പ്രാർത്ഥിക്കുന്നതിനാൽ ക്രിസ്തു എന്ന നാമം വിട്ടു കളയുന്നു. യേശു എന്ന പേരു നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തെ കുറിക്കുന്നു. യേശു എന്ന വാക്കിനു അർത്ഥം രക്ഷിതാവ് എന്നാണ് (മത്താ.1:21,22). കർത്താവ് എന്ന വാക്കിന്റെ അർത്ഥം കർത്തൃത്വം നടത്തുന്നവൻ. ഒരുവൻ രക്ഷിക്കപ്പെടുന്നത് യേശുക്രിസ്തുവിൽ വിശ്വസിച്ചു തന്റെ പാപങ്ങൾ ഏറ്റു പറഞ്ഞുപേക്ഷിച്ചു യേശുക്രിസ്തുവിനെ തന്റെ കർത്താവും നാഥനുമായി അംഗീകരിക്കുമ്പോഴാണ്. ക്രിസ്തു എന്ന നാമം ദൈവത്വത്തെ കുറിക്കുന്നു. ക്രിസ്തു എന്നാൽ ദൈവത്തിന്റെ അഭിഷിക്തൻ (ഫിലി.2:10,11). യേശുക്രിസ്തു എന്നു നാം പറയുമ്പോൾ മനുഷ്യന്റെ രക്ഷക്കായി ഭൂമിയിൽ പിറന്ന മനുഷ്യപുത്രനും, അതേസമയം കാൽവറിയിൽ പാപപരിഹാരത്തിനായി മരിച്ചുയിർത്തെഴുന്നേറ്റ ദൈവപുത്രനും ആയ അഭിഷിക്തനായ കർത്താവെന്നാണ്. കർത്താവായ യേശുക്രിസ്തുഎന്ന വാക്കുകളോടെയാണ് അപ്പൊസ്തലപ്രവൃത്തിയും മിക്ക ലേഖനങ്ങളും ഉപസംഹരിച്ചിരിക്കുന്നത് (അപ്പൊ.28:30/1.കൊരി.16:23/2.കൊരി.13:14/ഗലാ.6:18/ എഫെ.6:24/ഫിലി.4:23/1.തെസ്സ.5:28/2.തെസ്സ.3:18/ ഫിലേ.25/വെളി.22:21). യേശുവിന്റെ നാമത്തിൽ എന്നു മാത്രം പറഞ്ഞു ലേഖനങ്ങളൊന്നും അവസാനിപ്പിച്ചിട്ടില്ല. യേശു എന്ന നാമം മാത്രം സംബോധന ചെയ്യുമ്പോൾ കർത്താവിന്റെ മനുഷ്യത്വത്തിനു മാത്രം ഊന്നൽ കൊടുക്കുന്നു. ദൈവത്വത്തെ അറിഞ്ഞോ അറിയാതെയോ വിട്ടുകളയുവാൻ ഇടയാകുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നോ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നോ പ്രാർത്ഥിച്ചു അവസാനിപ്പിക്കുന്നതാണ് ഉചിതം.

**(IX) ആത്മാവിൽ പ്രാർത്ഥിക്കുക എന്നാലെന്ത്?**

ആത്മാവിൽ പ്രാർത്ഥിക്കുക എന്നതു അർത്ഥമാക്കുന്നത് ദൈവഹിതപ്രകാരം കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ അതീവശ്രദ്ധയോടെ പ്രാർത്ഥിക്കുകയാണ്. വളരെ വേഗത്തിലും, ഉച്ചത്തിലും, ശരീരഭാഗങ്ങൾ ചലിപ്പിച്ചും, സർവ്വശക്തിയുപയോഗിച്ചും, ബുദ്ധിപ്രമാണങ്ങളോടെയും, വാക്ചാതുര്യത്തോടെയും മറ്റു

ള്ളവരെ ആകർഷിക്കത്തക്ക വിധത്തിലുള്ള പ്രാർത്ഥനകൾ ആത്മാവിൽ പ്രാർത്ഥിക്കുന്നതിന്റെ ലക്ഷണങ്ങളിലുൾപ്പെടുന്നില്ല. എന്നാൽ വിശ്വാസിയിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനും, ഹിതത്തിനും അനുസരിച്ചു, ദൈവത്തിൽ സമ്പൂർണ്ണസമർപ്പണമുണ്ടായി പ്രാർത്ഥിക്കുന്നത് ആത്മാവിലുള്ള പ്രാർത്ഥനയിലുൾപ്പെടുന്നു. ആത്മനിറവിൽ പ്രാർത്ഥിക്കുവാനായി പരിശുദ്ധാത്മാവു ശക്തി പകർന്നു തരുന്നു.

പ്രാർത്ഥനയിൽ പരിശുദ്ധാത്മാവിന്റെ പങ്കു വിശദമാക്കുന്ന ചില വാക്യങ്ങൾ നോക്കുക —

**റോമ.8:26,27** —"*അവ്വണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണ നിൽക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവു വിശുദ്ധന്മാർക്കുവേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ടു ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു.*"

**സെഖ.12:10** –"*ഞാൻ ദാവീദു ഗൃഹത്തിന്മേലും യെരൂശലേം നിവാസികളുടെമേലും കൃപയുടെയും യാചനയുടെയും ആത്മാവിനെ പകരും.*"

**എഫെ.5:18–20** –"*ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പ്പോഴും എല്ലാറ്റിന്നു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ.*"

## ആത്മാവിലുള്ള പ്രാർത്ഥനെക്ക് ചില ഉദാഹരണങ്ങൾ

### (1) മോശെയുടെ പ്രാർത്ഥന —

പുറ.14:15–"അപ്പോൾ യഹോവ മോശെയോടു അരുളിച്ചെയ്തതു : *നീ എന്നോടു നിലവിളിക്കുന്നതു എന്ത്? മുമ്പോട്ടു പോകുവാൻ യിസ്രായേൽ മക്കളോടു പറക.*" ഇതിനു തൊട്ടു മുമ്പുള്ള ഭാഗങ്ങൾ പരിശോധിച്ചാൽ മോശെ ദൈവത്തോടു നിലവിളിക്കുന്നതായി കാണുന്നില്ല. മോശെയുടെ നേതൃത്വത്തിൽ, മിസ്രയീമിൽ ഫറവോന്റെ അടിമത്വത്തിൽ നിന്നു വിടുതൽ പ്രാപിച്ച യിസ്രായേൽ

മക്കൾ പ്രാണരക്ഷാർത്ഥം തിടുക്കത്തിൽ യാത്ര ചെയ്യുന്നു. പക്ഷേ തങ്ങളുടെ യാത്രയിൽ, മുമ്പിൽ അലറുന്ന ചെങ്കടലിനെയും പിറകിൽ അവരെ ആക്രമിച്ചു കൊല്ലുവാൻ യുദ്ധസന്നാഹത്തോടെ വരുന്ന ഫറവോന്റെ സൈന്യത്തെയും കണ്ടു ഏറ്റവും ഭയപ്പെട്ടു. മരുഭൂമിയിൽ മരിക്കുന്നതിനേക്കാൾ മിസ്രയീമ്യർക്കു അടിമവേല ചെയ്യുന്നതായിരുന്നു തങ്ങൾക്കു നല്ലതെന്നു അവർ പറഞ്ഞുകൊണ്ടു മോശെയോടു പിറുപിറുത്തു. അതിനു മോശെ: *“ഭയപ്പെടേണ്ടാ; ഉറച്ചുനിൽപ്പിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിവാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല. യഹോവ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു”* (പുറ.14:13,14), അവരെ ധൈര്യപ്പെടുത്തുകയാണു ചെയ്തത്. മോശെ ഈ പ്രതിസന്ധിയിൽ ദൈവത്തോടു നിലവിളിക്കുന്നതായി ഇവിടെ കാണുന്നില്ല. എന്നാൽ യഹോവ മോശെയോടു *“നീ എന്നോടു നിലവിളിക്കുന്നതെന്ത്?” (പുറ.14:15)* എന്നു ചോദിക്കുന്നതിൽ നിന്നു നാം മനസ്സിലാക്കുന്നത് മോശെയുടെ ഹൃദയം ദൈവത്തോടു അതിശക്തമായി നിലവിളിച്ചു എന്നതാണ്. അതായത് മോശെയുടെ ആത്മാവിലുള്ള പ്രാർത്ഥനയാണിവിടെ കാണുന്നത്.

### (2) ഹന്നായുടെ പ്രാർത്ഥന — (1.ശമൂ.1:10-16)

വർഷാനന്തരയാഗം കഴിക്കുവാൻ ആണ്ടുതോറും എല്ക്കാനാ ശീലോവിലേക്കു പോകുമ്പോൾ ഭാര്യയായ ഹന്നായും അവനോടൊപ്പം പോവുക പതിവായിരുന്നു. ഹന്നെക്കു മക്കൾ ഇല്ലാതിരുന്നതിനാൽ എല്കാനെയുടെ സപത്നിയായ പെനിന്നാ ഹന്നായെ പുച്ഛിക്കുകയും വേദനിപ്പിക്കുകയും ചെയ്തിരുന്നു. ശീലോവിലെ ദൈവാലയത്തിൽ വെച്ചു ഹന്നാ തന്റെ വിഷമതകൾ മനോവ്യസനത്തോടെ യഹോവയോടു പ്രാർത്ഥിച്ചു വളരെ കരഞ്ഞു. *“ഇങ്ങനെ അവൾ യഹോവയുടെ സന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പുരോഹിതനായ ഏലി അവളുടെ വായെ സൂക്ഷിച്ചു നോക്കി. ഹന്നാ ഹൃദയം കൊണ്ടു സംസാരിച്ചതിനാൽ അവളുടെ അധരം അനങ്ങിയതല്ലാതെ ശബ്ദം കേൾപ്പാനില്ലായിരുന്നു. ആകയാൽ അവൾക്കു ലഹരിപിടിച്ചിരിക്കുന്നു എന്നു ഏലിക്കു തോന്നിപ്പോയി.* ഏലി അവളെ ശാസിച്ചു. *അതിന്നു ഹന്നാ ഉത്തരം പറഞ്ഞതു: അങ്ങനെയല്ല, യജമാനനേ; ഞാൻ മനോവ്യസനമുള്ളൊരു സ്ത്രീ; ഞാൻ വീഞ്ഞോ മദ്യമോ കുടിച്ചിട്ടില്ല; യഹോവ*

*യുടെ സന്നിധിയിൽ എന്റെ ഹൃദയം പകരുകയത്രേ ചെയ്തതു"* (1.ശമൂ.1:12–15). ഒരു പാത്രത്തിലെ വെള്ളം മറ്റൊരു പാത്രത്തിലേക്കു പകരുന്നതുപോലെ അവളുടെ ദുഃഖങ്ങൾ മുഴുവനും ദൈവത്തിലേക്കു പകർന്നു. അവളുടെ മുഖം പിന്നെ വാടിയതുമില്ല. ഇവിടെ ഹന്നായുടെ ആത്മാവിലുള്ള പ്രാർത്ഥനയാണ് നാം കാണുന്നത്. വാക്കുകളുടെ പെരുപ്പമോ, ശക്തിപ്രകടനമോ ഈ പ്രാർത്ഥനയിൽ കാണുന്നില്ല. ഹന്നായുടെ ആത്മാവിലുള്ള പ്രാർത്ഥനയാൽ അവൾ പകർന്ന കണ്ണുനീർ ദൈവം തന്റെ തുരുത്തിയിൽ ശേഖരിച്ചു. യിസ്രായേലിന്റെ ഏറ്റവും പ്രസിദ്ധനായ പ്രവാചകനും, ന്യായാധിപനും, പുരോഹിതനുമായ ശമൂവേലിനു ജന്മം നൽകുവാൻ ദൈവം ഹന്നായെ അനുഗ്രഹിച്ചു.

താഴ്മയോടും അനുതാപത്തോടും കൂടിയുള്ള യാചനയാണ് ആത്മാവിലുള്ള പ്രാർത്ഥന. ദാവീദ് രാജാവ് തന്റെ തെറ്റു മനസ്സിലാക്കിയപ്പോൾ ദൈവസന്നിധിയിൽ അനുതാപത്തോടെ പ്രാർത്ഥിക്കുന്നു. (സങ്കീ.51:17)- തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തെ ദൈവമേ നീ നിരസിക്കുകയില്ല എന്നു പറയുന്നതിൽ നിന്നും ദാവീദിന്റെ ഹൃദയം ദൈവസന്നിധിയിൽ പകരപ്പെട്ടു. ആ ഹൃദയത്തിൽ നിന്നുള്ള രക്തം വേറെ ഏതൊരു യാഗമൃഗത്തിന്റെ രക്തത്തേക്കാളും വിലയേറിയതായി ദൈവം കരുതും എന്നു അവൻ ചിന്തിക്കുന്നു. അതുകൊണ്ടാണ് അപ്പോൾ നിന്റെ യാഗപീഠത്തിന്മേൽ കാളകളെ അർപ്പിക്കും എന്നു ദാവീദു പറയുന്നത് (സങ്കീ.51:19).

പഴയനിയമത്തിൽ എസ്രാ, നെഹെമ്യാവു, ദാനീയേൽ എന്നിവരുടെ അനുതാപത്തോടെയുള്ള മൂന്നു സുദീർഘമായ പ്രാർത്ഥനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. (എസ്രാ.9/ നെഹെ.9/ ദാനീ .9).

ദൈവത്തിൽ നിന്നകന്നു തെറ്റിപ്പോയ എഫ്രയീം തന്റെ തെറ്റു മനസ്സിലാക്കി ദൈവത്തോടു നിലവിളിക്കുന്നു. ആ നിലവിളി ദൈവം കേട്ടു. മനസ്സലിഞ്ഞു ഞാൻ അവനോടു കരുണ കാണിക്കുമെന്നു അരുളിച്ചെയ്യുന്നു (യിരെ.31:18–20).

അരിഷ്ടനും മനസ്സു തകർന്നവനും ദൈവത്തിന്റെ വചനത്തിൽ വിറെക്കുന്നവനുമായ മനുഷ്യനെ ദൈവം കടാക്ഷിക്കും (യെശ.66:2).

രട്ടിലും വെണ്ണീറിലും ഇരുന്നു തെറ്റു ഏറ്റുപറഞ്ഞാണ് ദാനിയേൽ യിസ്രായേലിന്റെ യഥാസ്ഥാനത്തിനായി പ്രാർത്ഥിക്കുന്നത്

(ദാനീ.9:1-4).

യെഹെസ്കേലിനോടു ദൈവം: *"നീ നഗരത്തിന്റെ നടുവിൽ, യെരുശലേമിന്റെ നടുവിൽ കൂടി ചെന്നു, അതിൽ നടക്കുന്ന സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുക എന്നു കല്പിച്ചു"* (യെഹെ.9:4). അടയാളമില്ലാത്തവരെ കൊന്നു കളഞ്ഞതായി കാണുന്നു. അതായത് ഹൃദയാന്തർഭാഗത്തു നിന്നുയരുന്ന നെടുവീർപ്പുകളെയാണ് ദൈവം വിലമതിക്കുന്നത്. ഇവയൊക്കെ ആത്മാവിലുള്ള പ്രാർത്ഥനെക്കു ഉദാഹരണങ്ങളാണ്.

## പ്രാർത്ഥനയും മദ്ധ്യസ്ഥപ്രാർത്ഥനയും

ദൈവം ആത്മാവാകുന്നു. ആയതിനാൽ ആത്മാവിൽ വേണം ദൈവത്തോടു സംസാരിക്കേണ്ടത്. അതിനുള്ള മാദ്ധ്യമ മാണു പ്രാർത്ഥന. പ്രാർത്ഥനയാകുന്ന താക്കോൽ ഉപയോഗിച്ചു സ്വർഗ്ഗീയഭണ്ഡാരം തുറക്കുവാൻ സാധിക്കും. പ്രാർത്ഥനാവിഷ യങ്ങളോടുള്ള ബന്ധത്തിൽ പ്രാർത്ഥനയെ പ്രധാനമായി രണ്ടായി തിരിക്കാം. ആദ്യത്തേതു സ്വന്തആവശ്യങ്ങൾക്കും ആത്മീകാഭിവൃ ദ്ധിക്കും വേണ്ടിയുള്ളത്. രണ്ടാമത്തേതു മറ്റുള്ളവർക്കായുള്ളത്, അതായതു, മദ്ധ്യസ്ഥപ്രാർത്ഥന. മദ്ധ്യസ്ഥപ്രാർത്ഥന ഏതു വിധം ആയിരിക്കണം എന്നു അപ്പൊസ്തലനായ പൗലൊസ് തിമൊഥെ യൊസിനു നൽകുന്ന ഉപദേശത്തിലൂടെ വെളിപ്പെടുത്തുന്നു.

1.തിമൊ.2:1 — *"എന്നാൽ സകലമനുഷ്യർക്കും നാം സർവ്വഭക്തി യോടും ഘനത്തോടുംകൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന്നു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിന്നും മുമ്പെ പ്രബോധിപ്പിക്കുന്നു."*

## മറ്റുള്ളവർക്കായി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത —

നാം സ്നേഹിക്കുന്നവർക്കു വേണ്ടിയാണ് നാം പ്രാർത്ഥി ക്കുന്നത്. മദ്ധ്യസ്ഥത വഹിക്കുക എന്നത് മറ്റൊരാൾക്കുവേണ്ടി ദൈവസന്നിധിയിൽ അപേക്ഷിക്കുകയെന്നതിനെ കുറിക്കുന്നു. മറ്റു ള്ളവരെ സ്നേഹിക്കുവാനും സേവിക്കുവാനും ഇതിൽപരമായ മറ്റൊരു മാർഗ്ഗം ഇല്ലതന്നെ.

(1) മറ്റുള്ളവർക്കായി പ്രാർത്ഥിക്കേണ്ടത് കർത്താവിന്റെ കല്പനയാണ് — *"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം"* (യോഹ.13:34,35). തമ്മിൽ തമ്മിൽ സ്നേഹിക്കുകയെന്നാൽ തമ്മിൽ കാണുമ്പോൾ സന്തോഷത്തോടെ സംസാരിക്കുക മാത്രമല്ല അവരുടെ ആവശ്യങ്ങളറിഞ്ഞു അവർക്കായി ദൈവസന്നിധിയിൽ ജാഗരിക്കുക കൂടിയാണ്.

(2) കർത്താവിന്റെ മാതൃക പിൻപറ്റണം — കർത്താവു പിതാവായ ദൈവത്തിന്റെ സന്നിധിയിൽ നമുക്കായി സദാപക്ഷവാദം ചെയ്യുന്നു (എബ്രാ.7:25). കർത്താവു മഹാപുരോഹിതൻ എന്നനിലയിൽ പക്ഷവാദശുശ്രൂഷ ചെയ്യുന്നതിനാൽ വിശുദ്ധപുരോഹിതവർഗ്ഗമായ വിശ്വാസികളും (1.പത്രൊ.2:5) കർത്താവിന്റെ മാതൃക പിൻപറ്റണം.

(3) രക്ഷിക്കപ്പെട്ടവർക്കും രക്ഷിക്കപ്പെടാത്തവർക്കും സകലർക്കും വേണ്ടി പ്രാർത്ഥിക്കേണമെന്നു അപ്പൊസ്തലനായ പൗലൊസ് പ്രബോധിപ്പിക്കുന്നു (1.തിമൊ.2:1-5).

**മദ്ധ്യസ്ഥപ്രാർത്ഥന - തിരുവചനത്തിലെ മാതൃകകൾ —**

പഴയനിയമത്തിലും പുതിയനിയമത്തിലും മറ്റുള്ളവർക്കായി പ്രാർത്ഥിക്കുകയും അതിലൂടെ ആത്മസന്തോഷം പ്രാപിക്കുകയും ചെയ്ത പലരേയും കാണുന്നു.

(1) ലോത്തും കുടുംബവും പാർക്കുന്ന സൊദോമിന്റെ വിടുതലിനായി വിശ്വാസവീരനും ദൈവത്തിന്റെ സ്നേഹിതനുമായ **അബ്രഹാം** ദൈവത്തോടു പക്ഷവാദം ചെയ്യുന്നു(ഉല്പ.18:23-33).

(2) **മോശെ** യിസ്രായേലിനായി ദൈവസന്നിധിയിൽ നിന്നപ്പോൾ അവരോടുള്ള ദൈവകോപം മാറ്റി അവരുടെ പാപം ക്ഷമിച്ചില്ലെങ്കിൽ തന്റെ പേരു ദൈവത്തിന്റെ പുസ്തകത്തിൽ നിന്നുതന്നെ മായിച്ചുകളയുവാൻ  അപേക്ഷിക്കുന്നു (പുറ.32:30-32).

(3) *"ഞങ്ങൾക്കുവേണ്ടി അവനോടു പ്രാർത്ഥിക്കുന്നതു മതിയാക്കരുതേ"* എന്നുള്ള യിസ്രായേലിന്റെ അപേക്ഷയിൽ **ശമൂവേൽ** പ്രവാചകൻ യഹോവയോടു പ്രാർത്ഥിക്കുകയും അതിനു ഉത്തരം ലഭിക്കുകയും ചെയ്തു (1.ശമൂ.7:8,9). *"ഞാനോ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോടു പാപം ചെയ്വാൻ ഇടവരരുതേ"* (1.ശമൂ.12:23) എന്നു ശമൂവേൽ  ചിന്താഭാരപ്പെടുന്നു.

(4) യെരൂശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ചു ചുട്ടും കിടക്കുന്ന വാർത്ത **നെഹെമ്യാവു** കേട്ടമാത്രയിൽ ഹൃദയഭാരത്തോടെ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു (നെഹെ.1:3).

(5) **ഇയ്യോബ്** തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവൻ അനുഗ്രഹിക്കപ്പെട്ടു (ഇയ്യോ.42:10).

(6) ദൈവത്തിന്റെ ഏറ്റവും പ്രിയപുരുഷനായ **ദാനീയേൽ** ബാബിലോണിൽ ഉന്നതസ്ഥാനം വഹിച്ചപ്പോഴും ദൈവജനത്തിന്റെ പാപം നിമിത്തം താനും അവരിലൊരുവനെപ്പോലെ അവർക്കായി പ്രാർത്ഥിക്കുന്നു (ദാനീ.9:4-6).

(7)മറ്റുള്ളവർക്കു വിശേഷാൽ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ ഉത്തമ മാതൃകയായിരുന്നു **യേശുകർത്താവ്**. ഇന്നു കർത്താവു തന്റെ ഭക്തർക്കായി ദൈവസന്നിധിയിൽ പക്ഷവാദം ചെയ്യുന്നു (എബ്രാ.7:25).

(8) ശൗലിന്റെ നേതൃത്വത്തിൽ **സ്തെഫാനോസ്** കല്ലെറിയപ്പെട്ടപ്പോൾ ആ ധീരവിശ്വാസി മുട്ടുകുത്തി തന്റെ ശത്രുക്കൾക്കുവേണ്ടി നടത്തിയ പക്ഷവാദ പ്രാർത്ഥനയാൽ ദുഷ്ടനായ ശൗലിനെ കർത്താവിന്റെ മാനപാത്രമാക്കുവാൻ സ്വർഗ്ഗം പ്രസാദിച്ചു (അപ്പൊ.7:59-60).

(9) **പത്രൊസ്** അപ്പൊസ്തലൻ തടവിൽ ആയിരുന്നപ്പോൾ സഭയുടെ ശ്രദ്ധയോടെയുള്ള പ്രാർത്ഥന ദൈവദാസന്റെ അത്ഭുതകരമായ വിടുതലിനു വഴി തെളിച്ചു (അപ്പൊ.12:5-10).

(10) അപ്പൊസ്തലനായ **പൗലൊസ്** മറ്റുള്ളവർക്കായി പ്രാർത്ഥിക്കുന്നതിൽ സദാ ശ്രദ്ധിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്തിരുന്നു (എഫെ.1:15-19).

(11) ക്രിസ്തുയേശുവിന്റെ ദാസനായ **എപ്പഫ്രാസ്** കൊലൊസ്യയിലുള്ള വിശുദ്ധന്മാർ തികഞ്ഞവരാകുവാനും ദൈവഹിതം സംബന്ധിച്ചു പൂർണ്ണനിശ്ചയമുള്ളവരായിത്തീരുവാനും എപ്പോഴും പ്രാർത്ഥിക്കുന്നു (കൊലൊ.4:12,13).

(12) അപ്പൊസ്തലനായ **യോഹന്നാൻ** തന്റെ മൂന്നാം ലേഖനത്തിൽ ഗായോസിനെ ഓർത്തു ദൈവസന്നിധിയിൽ പ്രാർത്ഥിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു (3.യോഹ.1-4).

## പ്രാർത്ഥനയിൽ എങ്ങനെ ആനന്ദം കണ്ടെത്താം ?

വിശ്വാസികളായ നാം പ്രാർത്ഥനയിൽ സന്തോഷിക്കുന്നവരായിരിക്കണം. വിശേഷാൽ മറ്റുള്ളവർക്കായി പ്രാർത്ഥിക്കുന്നതിൽ സന്തോഷം കണ്ടെത്തണം. ഇതെങ്ങനെ സാധിക്കും? തിരുവചനം അനുശാസിക്കുന്നപ്രകാരം പ്രാർത്ഥിച്ചാൽ ആനന്ദം കൈവരിക്കുവാൻ സാധിക്കും. അതിനായി പ്രാർത്ഥനയുടെ മുൻഗണനാക്രമം ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്നാമതായി ദൈവം, രണ്ടാമതായി മറ്റുള്ളവർ, മൂന്നാമതായി സ്വയം എന്നതാണ് ആനന്ദം കൈവരിക്കുവാനുള്ള ക്രമമായ പടികൾ. ( How we can get joy in Prayer? JOY --> J = JESUS first, O = OTHERS second, Y = YOURSELF third ). നമ്മുടെ പ്രാർത്ഥനകൾ ആദ്യമായി ദൈവവുമായി സജീവബന്ധം പുലർത്തുന്നതായിരിക്കണം. ദൈവവചനം പഠിക്കുക, ദൈവഹിതം മനസ്സിലാക്കുക, ദൈവവഴിയിൽ നടക്കുക എന്നിവ ഇതിലുൾപ്പെടുന്നു. എന്റെ മക്കൾ, എന്റെ വീട്, എന്റെ വസ്തു, എന്റെ സമ്പത്ത്, എന്റെ വ്യാപാരം എന്നിങ്ങനെയുള്ള ചിന്തകൾ മാറുവാനായി അടിയൻ ഇതാ അടിയനെ മെനയേണമേ, ഉപയോഗിക്കേണമേ, അയക്കേണമേ എന്നുള്ള പരിപൂർണ്ണസമർപ്പണമാണിതിനാവശ്യം. രണ്ടാമത്തേതു മദ്ധ്യസ്ഥ പ്രാർത്ഥനയെ കുറിക്കുന്നു. സ്വയം മാറുമ്പോൾ ദൈവത്തെ സകലത്തിലും ഉപരിയായി സ്നേഹിക്കുവാനും, മറ്റുള്ളവരെ വിശേഷാൽ ശത്രുക്കളെപ്പോലും സ്നേഹിക്കുവാനും ഇടയാകും. അവരുടെ ഭൗതീകവും ആത്മീകവുമായ അഭിവൃദ്ധിക്കായി ശ്രദ്ധയുണ്ടായി അവർക്കായി പ്രാർത്ഥിക്കുവാനും അതിലൂടെ ആനന്ദിക്കുവാനും സാധിക്കും. ദൈവത്തോടു സജീവബന്ധം പുലർത്തുമ്പോൾ ദൈവത്തിനായി വൻകാര്യങ്ങൾ ചെയ്യുവാനും അനേകരെ നിത്യനരകശിക്ഷാവിധിയായ തീപ്പൊയ്കയിൽ നിന്നു വലിച്ചെടുക്കുവാനും സാധിക്കും. മൂന്നാമത്തെ പടി സ്വന്താവശ്യങ്ങൾക്കായുള്ള പ്രാർത്ഥന. ദൈവവുമായുള്ള കൂട്ടായ്മ ബലപ്പെടുത്തിയും മറ്റുള്ളവരെ സ്നേഹിച്ചും, അവർക്കായി പ്രാർത്ഥിച്ചും കഴിഞ്ഞശേഷം നമ്മുടെ ആവശ്യങ്ങളിലേക്കു കണ്ണുകളുയർത്തിയാൽ ഉത്തരം ലഭിക്കുമെന്നു മാത്രമല്ല പ്രാർത്ഥനയിൽ ആനന്ദം കണ്ടെത്തുവാനും സാധിക്കും.

അപ്പൊസ്തലനായ പൗലൊസ് മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്നു. ഫിലിപ്പിയവിശ്വാസികൾക്കെഴുതിയപ്പോൾ ഇക്കാര്യം വെളിപ്പെടുത്തുന്നു ---

ഫിലി.1:3—“*ഞാൻ നിങ്ങൾക്കു എല്ലാവർക്കും വേണ്ടി കഴിക്കുന്ന സകലപ്രാർത്ഥനയിലും എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും.....*” ദൈവത്തിനായി ഓടി അദ്ധ്വാനിച്ച പൗലൊസിന് താൻവഴിയായി ക്രിസ്തുവിനെ കണ്ടുമുട്ടിയവരുടെ പ്രവൃത്തികളെ ഓർത്തു എങ്ങനെ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു സന്തോഷിക്കാതിരിക്കുവാൻ കഴിയും? പുഴവക്കത്തുവെച്ചു സുവിശേഷം അറിയിച്ചതിനാൽ കർത്താവിനായി ഹൃദയം തുറന്ന ലുദിയാ, ഭൂതത്തിൽ നിന്നു വിടുതൽ പ്രാപിച്ച സാധുബാല്യക്കാരത്തി, ഫിലിപ്പിയിലെ കാരാഗൃഹപ്രമാണി തുടങ്ങിയവർ തന്റെ അദ്ധ്വാനഫലമത്രേ (അപ്പൊ.16). തന്റെ അദ്ധ്വാനഫലം കണ്ടു സന്തോഷിക്കാത്തവൻ ആരുള്ളു? കെംക്രയ സഭയിലെ ശുശ്രൂഷക്കാരത്തിയായ ഫേബ, ക്രിസ്തുവിൽ കൂട്ടുവേലക്കാരായ പ്രിസ്കെയും അക്വിലാവും, ക്രിസ്തുവിൽ ആദ്യഫലമായ എപ്പെനത്തൊസ്, ഏറെ അദ്ധ്വാനിച്ച മറിയ ........ (റോമ.16) എന്നിങ്ങനെ ഒരു നീണ്ട നിരയെ പൗലൊസ് ഓർത്തു സ്തുതിക്കുന്നു. കർത്താവിനുവേണ്ടി പ്രവർത്തിക്കാതെ, സുവിശേഷകാഴ്ചപ്പാടില്ലാതെ സ്വന്തംകാര്യം നോക്കുന്ന വിശ്വാസികൾക്കു മറ്റുള്ളവരെ ഓർക്കുവാനോ, സ്നേഹിക്കുവാനോ, അവർക്കായി പ്രാർത്ഥിക്കുവാനോ, പ്രാർത്ഥനയിലൂടെ സന്തോഷം കൈവരിക്കുവാനോ കഴിയുകയില്ല.

## പ്രാർത്ഥനയും ഉപവാസവും

### (PRAYER & FASTING)

പ്രാർത്ഥന എന്നാൽ വിശ്വാസി പരിശുദ്ധാത്മശക്തിയാൽ കർത്താവിന്റെ നാമത്തിൽ പിതാവായ ദൈവത്തോടു സംസാരിക്കുകയും ആവശ്യങ്ങൾ അറിയിക്കുകയുമാണ്. ഉപവാസം പ്രാർത്ഥനയുമായി ബന്ധപ്പെട്ടിരിക്കുന്നു. ലോകപ്രകാരമുള്ള ഉപവാസങ്ങൾ ഭൗമീകകാര്യങ്ങൾ സമ്മർദ്ദതന്ത്രങ്ങളിലൂടെ അവകാശമാക്കുവാൻ ലക്ഷ്യമിടുന്ന ഉപാധിയായി മനുഷ്യർ പ്രയോഗിക്കുന്നു. കൂടാതെ ശരീരത്തിന്റെ അമിതവണ്ണം കുറക്കുവാനും, ശാരീരിക ആരോഗ്യം ക്രമപ്പെടുത്തുന്നതിനും ചിലർ ഉപവസിക്കുന്നു. ഉപവാസം എന്ന മലയാള പദത്തിനർത്ഥം ആഹാരപാനീയങ്ങൾ ഭക്ഷിക്കാതെ ഏതെങ്കിലും ഒരു കാര്യസാദ്ധ്യത്തിനായി പട്ടിണി കിടക്കുന്ന അവസ്ഥ എന്നാണ് ( abstaining from food ). എന്നാൽ ആത്മീകാർത്ഥത്തിൽ ചിന്തിക്കുമ്പോൾ — ഉപ + വാസം = ഉപവാസം — ഉപ

എന്നാൽ സാമീപ്യം അഥവാ കൂടെ, വാസം എന്നാൽ വസിക്കുക, താമസിക്കുക എന്നർത്ഥം. അതായത് ദൈവത്തോടു ചേർന്നിരിക്കുന്നതും, കൂടെ വസിക്കുന്നതുമായ അനുഭവമാണ് ഉപവാസം. ആഹാരപാനീയങ്ങൾ ചില മണിക്കൂറുകളോ, ദിവസങ്ങളോ വെടിഞ്ഞ് ശരീരാത്മദേഹികൾ ദൈവസന്നിധിയിൽ സമർപ്പിച്ചിട്ട് ആവശ്യങ്ങൾ പ്രാർത്ഥനയിലൂടെ ദൈവത്തോടു അറിയിക്കുന്ന പ്രക്രിയയണ് ഉപവാസപ്രാർത്ഥന.

ഉപവാസം എന്ന വാക്ക് ആഹാരം വർജ്ജിച്ചുകൊണ്ടുള്ള അവസ്ഥയ്ക്കു പുറമേ ആത്മീകമായി മറ്റൊരു ബന്ധത്തിലും പറയാം. അതായതു ദൈവത്തിനുവേണ്ടി ലോകത്തിലെ സകല ബന്ധങ്ങളും, സമ്പാദ്യങ്ങളും, സ്ഥാനമാനങ്ങളും ചപ്പും ചവറുമെന്നെണ്ണി ഉപേക്ഷിച്ചു ( abstaining from all worldly pleasures / forsaken all for God ) ദൈവത്തോടു ചേർന്നിരിക്കുന്ന അവസ്ഥ. ഉദാഹരണമായി അബ്രഹാം ദൈവവിളി കേട്ടു സകലതും വിട്ടു ദൈവത്തെ അനുഗമിച്ചു. മോശെ മിസ്രയീമ്യനിക്ഷേപങ്ങൾ ഉപേക്ഷിച്ചു ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി പുറപ്പെട്ടു. പൗലൊസ് സകലതും വിട്ടു ക്രിസ്തുവിന്റെ അനുകാരിയായിത്തീർന്നു. കർത്താവിന്റെ ശിഷ്യന്മാർ കർത്താവിന്റെ വിളി കേട്ടപ്പോൾ അവർക്കുള്ള സകലതും വിട്ടു കർത്താവിനെ അനുഗമിച്ചു. ഇത്തരത്തിലുള്ള വർജ്ജനത്തിനും (ഉപവാസത്തിനും) ദൈവം അനുഗ്രഹം വ്യവസ്ഥ ചെയ്തിട്ടുണ്ട്. *"എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ, സഹോദരന്മാരെയോ, സഹോദരികളെയോ, അമ്മയെയോ, അപ്പനെയോ, മക്കളെയോ, നിലങ്ങളെയോ വിട്ടാൽ, ഈ ലോകത്തിൽ തന്നേ, ഉപദ്രവങ്ങളോടുംകൂടെ നൂറു മടങ്ങു വീടുകളെയും, സഹോദരന്മാരെയും, സഹോദരികളെയും, അമ്മമാരെയും, മക്കളെയും, നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവർ ആരുമില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു"*(മർക്കൊ.10:29,30/ മത്താ.19:29/ ലൂക്കൊ.18:29,30/ മത്താ.6:33).

പഴയനിയമത്തിൽ ഉപവസിക്കുവാൻ (ആഹാരം വർജ്ജിച്ചുകൊണ്ട്) കല്പനയായി യിസ്രായേലിനു നൽകിയിട്ടുള്ളത് ലേവ്യപുസ്തകത്തിൽ മാത്രമാണ്. ലേവ്യപുസ്തകത്തിൽ മഹാപാപപരിഹാരദിനത്തോടുള്ള ബന്ധത്തിൽ ഉപവസിക്കുന്നതിനു കൽപനയായി പറഞ്ഞിരിക്കുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

**ലേവ്യ.16:29,31** — *"ഇതു നിങ്ങൾക്കു എന്നേക്കുമുള്ള ചട്ടം ആയിരിക്കേണം; ഏഴാം മാസം പത്താം തിയ്യതി നിങ്ങൾ* ***ആത്മതപനം ചെയ്യേണം*** *(afflict your souls/ humble your souls) ..... അതു നിങ്ങൾക്കു വിശുദ്ധസ്വസ്ഥതയുള്ള ശബ്ബത്ത് ആയിരിക്കേണം. നിങ്ങൾ* ***ആത്മതപനം ചെയ്യേണം*** *(afflict / humble your souls); അതു നിങ്ങൾക്കു എന്നേക്കുമുള്ള ചട്ടമാകുന്നു."*

**ലേവ്യ.23:26** — *"യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: ഏഴാം മാസം പത്താം തിയ്യതി പാപപരിഹാരദിവസം ആകുന്നു. അന്നു നിങ്ങൾക്കു വിശുദ്ധസഭായോഗം ഉണ്ടാകേണം;* ***നിങ്ങൾ ആത്മതപനം ചെയ്കയും*** ( you shall afflict / humble your souls ) *യഹോവെക്കു ദഹനയാഗം അർപ്പിക്കയും വേണം."*

ഈ രണ്ടു ഭാഗങ്ങളിലും ആത്മതപനം എന്നത് വിനയപ്പെടുക, താഴ്ത്തുക എന്നീ അർത്ഥം വരുന്ന *anah* (to be afflicted, be bowed down, be humbled, be meek) എന്ന എബ്രായപദത്തിൽ നിന്നു വരുന്നു. ഈ എബ്രായവാക്ക് ആഹാരം വർജ്ജിക്കുന്ന അവസ്ഥയെയും കുറിക്കുന്നു. യിസ്രായേലിനുള്ള ഏഴു ഉത്സവങ്ങളിലൊന്നാണ് മഹാപാപപരിഹാര പെരുന്നാൾ. മറ്റെല്ലാ പെരുന്നാളുകളിലും അവർ സന്തോഷിച്ചാനന്ദിക്കുമ്പോൾ ഈ പെരുന്നാൾ വേളയിൽ അവർ തങ്ങളെത്തന്നെ ആത്മതപനം ചെയ്യുന്നു. ദൈവവുമായുള്ള കൂട്ടായ്മ പുനസ്ഥാപിക്കുന്ന ദിനമായി ആത്മതപനത്തെ കണക്കാക്കാം. മഹാപാപപരിഹാരദിവസം യിസ്രായേൽ ജനമെല്ലാം ഉപവസിക്കുകയും തങ്ങളുടെ എല്ലാ ജോലികളിൽ നിന്നും മാറി അന്നു വിശ്രമദിവസമായി (ശബ്ബത്ത്) ആചരിക്കുകയും ചെയ്യുന്നു. ഈ ദിവസത്തിലാണ് മഹാപുരോഹിതൻ അതിപരിശുദ്ധസ്ഥലത്ത് പ്രവേശിച്ച് (ലേവ്യ.16:30) പാപയാഗമൃഗത്തിന്റെ രക്തം കൃപാസനത്തിന്മേൽ ഏഴു പ്രാവശ്യം തളിക്കുകയും അസസ്സേലിനു (അയക്കപ്പെട്ട കോലാട്) ചീട്ടു വീണ കോലാട്ടുകൊറ്റനെ (scape goat > മറ്റൊരുവന്റ തെറ്റിനു വേണ്ടി കുറ്റം ചുമത്തപ്പെട്ട ആട്) മരുഭൂമിയിലേക്കു വിട്ടയക്കുകയും ചെയ്യുന്നത്. (ലേവ്യ.16:8-10 & 20-22).

ലേവ്യപുസ്തകത്തിലൊഴികെ പഴയനിയമത്തിലോ പുതിയനിയമത്തിലോ ഉപവസിക്കുന്നതിനു പ്രത്യക്ഷമായ കൽപനകളൊന്നുമില്ല. എന്നാൽ തിരുവചനത്തിലുടനീളം ഉപവാസത്തിന്റെ പ്രാധാന്യതയെക്കുറിച്ചും, അതിലൂടെ ലഭിക്കുന്ന ആത്മീയാനുഗ്രഹത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്.

## ദൈവം തള്ളിക്കളഞ്ഞ ഉപവാസങ്ങൾ —

### (1) കപടഭക്തിക്കാരായ യഹൂദാജനത്തിന്റെ ഉപവാസവും, നോമ്പും ദൈവം ഇഷ്ടപ്പെട്ടില്ല —

പ്രവാചകനായ യെശയ്യാവിനോടു അവരുടെ പാപങ്ങൾ കാഹള ശബ്ദത്തിൽ വിളിച്ചു പറയുവാൻ ദൈവം അരുളിച്ചെയ്തു (യെശ.58:1-14). അവരുടെ ഉപവാസങ്ങൾ തങ്ങൾ മതഭക്തരാണെന്നു മറ്റുള്ളവരറിയുവാനുള്ള മാർഗ്ഗമായി അവർ ഉപയോഗിച്ചു. അവർ ദിനമ്പ്രതി ദൈവത്തെ അന്വേഷിച്ചു; ദൈവത്തിന്റെ വഴികൾ അറിയുവാൻ ആഗ്രഹിച്ചു; നീതി പ്രവർത്തിച്ചു ജാതികളെപ്പോലെ ദൈവപ്രമാണങ്ങൾ അറിയാത്തവരായി അഭിനയിച്ചു ദൈവകല്പനകൾ ചോദിച്ചു; ദൈവത്തോടു ഏറ്റുവും അടുക്കുവാൻ ആഗ്രഹിച്ചു(യെശ.58:2). അവരുടെ ഹൃദയാന്തർഭാഗത്തുനിന്നുയരാത്ത ഇതൊക്കെയും അവർ ദൈവഭക്തരെന്നു കാണിക്കുവാനുള്ള അഭിനയങ്ങൾ മാത്രമായിരുന്നുവെന്നു പ്രവാചകനിലൂടെ ദൈവം അറിയിച്ചു. ദൈവസന്നിധിയിൽ ഇവയൊക്കെ വെറും ചടങ്ങുകളായിത്തീർന്നെങ്കിലും അവരുടെ നോമ്പും ഉപവാസവും ദൈവം അംഗീകരിക്കാത്തതിൽ അവർ പരിഭവിച്ചു (യെശ.58:3). ഇതിനു ദൈവം യെശയ്യാവിലൂടെ നൽകിയ അരുളപ്പാട് ഇപ്രകാരമായിരുന്നു — **യെശ.58:4,5** — *"നിങ്ങൾ വിവാദത്തിന്നും കലഹത്തിന്നും ക്രൂരമുഷ്ടികൊണ്ടു അടിക്കേണ്ടതിന്നും നോമ്പു നോൽക്കുന്നു; നിങ്ങളുടെ പ്രാർത്ഥന ഉയരത്തിൽ കേൾപ്പാൻ തക്കവണ്ണമല്ല നിങ്ങൾ ഇന്നു നോമ്പു നോൽക്കുന്നതു. എനിക്കു ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ (ഞാങ്ങണപോലെ) കുനിയിക്കുക, രട്ടും വെണ്ണീറും വിരിച്ചു കിടക്കുക, ഇതാകുന്നുവോ ഉപവാസം? ഇതിനോ നീ നോമ്പെന്നും യഹോവെക്കു പ്രസാദമുള്ള ദിവസമെന്നും പേർ പറയുന്നതു?"*

### (2) ചടങ്ങുകളായി നടത്തുന്ന ഉപവാസത്തെ ദൈവം വെറുക്കുന്നു —

ദൈവം അംഗീകരിക്കാത്ത മറ്റൊരു ഉപവാസം സെഖര്യാപ്രവചനം 7-ാം അദ്ധ്യായത്തിൽ കാണുന്നു. മോശെയുടെ ന്യായപ്രമാണപ്രകാരം യഹൂദാജനമൊന്നടങ്കം വർഷത്തിലൊരിക്കൽ മഹാപാപപരിഹാരദിവസം ഉപവാസത്തിനായി കൂടിവരുവാൻ നിർദ്ദേശി

ച്ചിരുന്നു (ലേവ്യ.23:16-32). എന്നാൽ ബാബിലോൺ പ്രവാസത്തിലായിരുന്ന യഹൂദന്മാർ യെരുശലേമിന്റെയും ദൈവാലയത്തിന്റെയും നാശത്തെ ഓർത്തു വിലപിക്കുവാനായി നാലു പുതിയ ഉപവാസങ്ങൾ ഏർപ്പെടുത്തി (സെഖ.8:19). ബാബിലോണ്യർ യെരുശെലേം പട്ടണം പിടിച്ചടക്കിയ പത്താം മാസത്തിലും, യെരുശലേം പട്ടണത്തിന്റെ മതിലുകൾ തകർത്ത നാലാം മാസത്തിലും, ദൈവാലയം തീയാൽ നശിപ്പിക്കപ്പെട്ട അഞ്ചാം മാസത്തിലും, യെരുശലേമിലെ ഭരണാധികാരിയായ ഗെദല്യാവെ (യിരെ.41) വാൾകൊണ്ടു വെട്ടിക്കൊന്ന ഏഴാം മാസത്തിലുമാണ് നാലു ഉപവാസങ്ങളും നടത്തിയിരുന്നത്. എന്നാൽ ഏറെ വർഷങ്ങൾക്കുശേഷം, ബാബിലോൺ പ്രവാസത്തിൽ നിന്നു മടങ്ങിവന്ന അവസ്ഥയിലും, ദൈവാലയം പുതുക്കിപ്പണിത സാഹചര്യത്തിലും ഇനിയും ഈ ഉപവാസങ്ങൾ തുടരേണ്ടതുണ്ടോ എന്നു ബേഥേൽനിവാസികൾ പ്രവാചകനോടു ചോദിച്ചു. അവരുടെ ചോദ്യത്തിനുത്തരമായി പ്രവാചകനിലൂടെ ദൈവം നൽകിയ അരുളപ്പാടു നോക്കുക.

**സെഖ.7:4,5 —** *"അപ്പോൾ സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ: നീ ദേശത്തിലെ സകല ജനത്തോടും പുരോഹിതന്മാരോടും പറയേണ്ടതു: നിങ്ങൾ ഈ എഴുപതു സംവത്സരമായി അഞ്ചാം മാസത്തിലും ഏഴാം മാസത്തിലും ഉപവസിച്ചു വിലപിക്കയിൽ നിങ്ങൾ എനിക്കു വേണ്ടി തന്നെയോ ഉപവസിച്ചതു?"*

അതായത് അവർ നടത്തിയിരുന്ന ഉപവാസങ്ങൾ ഹൃദയപരമാർത്ഥതയില്ലാത്ത വെറും ചടങ്ങുകളും, പ്രഹസനങ്ങളുമായിരുന്നുവെന്നു ദൈവം പ്രവാചകനിലൂടെ അറിയിച്ചു. ഹൃദയപരമാർത്ഥതയില്ലാത്തതൊന്നും ദൈവം സ്വീകരിക്കുകയില്ല. മതപരമായ ചടങ്ങുകളും, കപടഭക്തിയാലുള്ള ആരാധനയും, ഉപവാസങ്ങളും ദൈവം വെറുക്കുന്നു. യാഗങ്ങളേക്കാൾ അനുസരണമാണ് ദൈവത്തിനു പ്രസാദമുള്ള കാര്യമെന്നു ശമുവേൽ പ്രവാചകനിലൂടെ ദൈവം ജനത്തെ അറിയിച്ചിരുന്നു (1.ശമൂ.15:22). പാപത്തിൽ മുഴുകി, യാതൊരു മാനസാന്തരവുമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുവാനായി ദൈവജനം നടത്തിയ യാഗങ്ങളിലും, പെരുന്നാളുകളിലും, വഴിപാടുകളിലും ദൈവം പ്രസാദിക്കയില്ലെന്നു പ്രവാചകന്മാരായ യെശയ്യാവും മീഖായും അറിയിച്ചിട്ടുണ്ട് (യെശ.1:11-17/ മീഖാ.6:6-8).

**(3) കള്ളപ്രവാചകന്മാരുടെ പ്രവചനത്തിൽ വിശ്വസിച്ചു ജീവിക്കുന്നവരുടെ പ്രാർത്ഥനയും ഉപവാസവും ദൈവം വെറുക്കുന്നു. —**

**യിരെ.14:11 —** *"യഹോവ എന്നോടു: നീ ഈ ജനത്തിന്നു വേണ്ടി അവരുടെ നന്മെക്കായി പ്രാർത്ഥിക്കരുതു; അവർ ഉപവസിക്കുമ്പോൾ ഞാൻ അവരുടെ നിലവിളി കേൾക്കുകയില്ല; അവർ ഹോമയാഗവും ഭോജനയാഗവും അർപ്പിക്കുമ്പോൾ ഞാൻ അവരിൽ പ്രസാദിക്കയില്ല; ഞാൻ അവരെ വാൾ കൊണ്ടും ക്ഷാമം കൊണ്ടും മഹാമാരി കൊണ്ടും മുടിച്ചു കളയുമെന്നു അരുളിച്ചെയ്തു."*

പാപത്തിൽ മുഴുകി കള്ള പ്രവാചകന്മാരുടെ വാക്കുകൾ വിശ്വസിച്ചു ജീവിച്ച യഹൂദാജനത്തിനു വേണ്ടി എത്ര മദ്ധ്യസ്ഥപ്രാർത്ഥന കഴിച്ചാലും കേൾക്കുകയില്ലെന്നു ദൈവം യിരെമ്യാവിനോടു ആവർത്തിച്ചു പറയുന്നു (യിരെ.7:16/11:14/14:11). മോശെയും, ശമൂവേലും ഈ ജനത്തിനു വേണ്ടി മദ്ധ്യസ്ഥത ചെയ്താലും ദൈവം കേൾക്കുകയില്ലെന്നു യിരെമ്യാവിനെ അറിയിച്ചു (യിരെ.15:1). അവരുടെ പാപം അത്രമാത്രം ദൈവസന്നിധിയിൽ ഏറിയതായിരുന്നു. എങ്കിലും യിരെമ്യാവു ജനത്തിനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അയെക്കാത്ത കള്ളപ്രവാകന്മാരിൽ വിശ്വസിച്ച ജനത്തേക്കാളും കള്ളപ്രവാചകന്മാരല്ലേ ഇതിനുള്ള കുറ്റക്കാർ? അവരല്ലേ ജനത്തിനു സമാധാനവും, വിടുതലും, ആശ്വാസവും പ്രവചിച്ചു നാശത്തിലേക്കു അവരെ നടത്തിയവർ? എന്നിങ്ങനെ യിരെമ്യാപ്രവാചകൻ ചിന്തിച്ചു. കള്ളപ്രവചനത്തിലൂടെയും, വ്യാജദർശനങ്ങളിലൂടെയും ജനത്തെ നാശത്തിലേക്കു കൊണ്ടെത്തിച്ച ഇവരും കുറ്റക്കാർ തന്നെ എന്നു ദൈവം അറിയിച്ചു (യിരെ.5:12/6:14/8:11).

ഇന്നും ദൈവജനം ലോകമോഹങ്ങളിൽ മുഴുകി, മാനസാന്തരമില്ലാതെ പുറമേ ദൈവഭക്തി അഭിനയിച്ചു സ്വാർത്ഥതാൽപ്പര്യങ്ങൾക്കായി കൊട്ടിഘോഷിച്ചു ചടങ്ങുകളായി നടത്തുന്ന ഉപവാസങ്ങളും, പ്രാർത്ഥനകളും ദൈവം വെറുക്കുന്നുവെന്നു ഇതിലൂടെ മനസ്സിലാക്കാം. പുതിയനിയമസഭയിൽ പ്രവാചകന്മാരെ സഭയുടെ അടിസ്ഥാനപ്പണിയിൽ മാത്രമുപയോഗിച്ചിരിക്കുമ്പോൾ, ചിലർ ദൈവത്തിന്റെ പ്രവാചകന്മാരെന്ന സ്ഥാനം സ്വയമേറ്റെടുത്തുകൊണ്ടു അറിയിക്കുന്ന വ്യാജപ്രവചനങ്ങളും, ദർശനങ്ങളും വിശ്വാസികളെ

കബളിപ്പിക്കുന്നു. യിരെമ്യാപ്രവാചകന്റെ കാലത്തെപ്പോലെ വ്യാജ പ്രവചനം അറിയിക്കുന്നവരും, ഇവരുടെ വാക്കുകളിൽ വിശ്വസിച്ചു ജീവിക്കുന്നവരും ഒരുപോലെ കുറ്റക്കാരാണ്.

## ദൈവം സ്വീകരിക്കുന്ന ഉപവാസങ്ങൾ —

പഴയനിയമകാലത്ത് ***മോശെ*** (പുറ.34:28/ ആവ.9:9,18), ***ശമൂവേൽ*** (1.ശമൂ.7:6), ***ഹന്നാ*** (1.ശമൂ1:7,10), **ദാവീദ്** (2.ശമൂ.12:16/ സങ്കീ.109:24), **ഏലീയാവ്** (1.രാജാ.19:8), **എസ്രാ** (എസ്രാ.8:21), **നെഹെമ്യാവ്** (നെഹ.1:4), **എസ്ഥേർ** (എസ്ഥേ.4:16), **ദാനീയേൽ** (ദാനീ.9:3), **യിസ്രായേൽ ജനത** (ന്യായാ.20:26/എസ്രാ.8:21/എസ്ഥേ. 4:3,16/ യിരെ.36:9), ***ഗിലെയാദിലെ യാബേശ് നിവാസികൾ*** (1.ശമൂ.31:13), **നീനെവേക്കാർ** (യോനാ.3:5-8) എന്നിങ്ങനെ വ്യക്തികളായും രാഷ്ട്രമായും ഉപവസിച്ചിട്ടുണ്ട്. പുതിയനിയമത്തിൽ **ഹന്നാ** (ലൂക്കൊ.2:37), **യോഹന്നാൻ സ്നാപകനും ശിഷ്യന്മാരും** (മത്താ.9:14), **കർത്താവ്** (മത്താ.4:2), **പൗലോസ്** (2കൊരി.11:27) എന്നിങ്ങനെ അനേകർ ഉപവസിച്ചതായി കാണുന്നു. കൂടാതെ ഒന്നാം നൂറ്റാണ്ടിലെ **സഭാവിശ്വാസികളും** (അപ്പൊ.13:2), **അപ്പൊസ്തലന്മാരും** (അപ്പോ 14:23) ഉപവസിച്ചു പ്രാർത്ഥിച്ച മാതൃക നമുക്കു കാണുവാൻ കഴിയും.

## (1) ഉപവാസം ആരെ പ്രസാദിപ്പിക്കുവാനായിരിക്കണം?

പ്രാർത്ഥനയോടുകൂടെയുള്ള ഉപവാസം ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ളതാകയാൽ ദൈവത്തോടും ദൈവനാമത്തിലുമായിരിക്കണം. കപടഭക്തിക്കാരെപ്പോലെ മറ്റുള്ളവരെ ദൈവഭക്തി കാണിക്കുവാനുള്ള ഉപാധിയായിത്തീരരുത്. ഹൃദയാന്തർഭാഗത്തു നിന്നുയരുന്ന പ്രാർത്ഥനയിൽ ദൈവം പ്രസാദിക്കുകയും ഉത്തരമരുളുകയും ചെയ്യും.

**സെഖ.7:5** —*"നീ ദേശത്തിലെ സകല ജനത്തോടും പുരോഹിതന്മാരോടും പറയേണ്ടുന്നതു: നിങ്ങൾ ഈ എഴുപതു സംവത്സരമായി അഞ്ചാം മാസത്തിലും ഏഴാം മാസത്തിലും ഉപവസിച്ചു വിലപിക്കയിൽ നിങ്ങൾ എനിക്കു വേണ്ടി തന്നെയോ ഉപവസിച്ചത്?"*

**മത്താ.6:18** — *"രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നൽകും."*

## (2) ഉപവസിക്കുന്നതെന്തിന്?

ദൈവസന്നിധിയിൽ തങ്ങളെത്തന്നെ താഴ്ത്തി വിനയപ്പെടുത്തുവാൻ, ഹൃദയം പകരുവാൻ, പ്രാർത്ഥനെക്കു ശക്തി ലഭിക്കു

വാൻ, പ്രയാസങ്ങളിലും പ്രതികൂലതകളിലും ഉറച്ചു നിൽക്കാനുള്ള ശക്തി ലഭിക്കുവാൻ, ദൈവത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ, സാത്താന്യശക്തികളോടു പോരാടുവാനുള്ള കൃപ ലഭിക്കുവാൻ, ദൈവാനുഗ്രഹങ്ങൾ അവകാശമാക്കുവാൻ എന്നിങ്ങനെ അനേക നന്മകൾ ഉപവാസത്തിലൂടെ ദൈവത്തിൽ നിന്നു പ്രാപിച്ചെടുക്കുവാൻ സാധിക്കുന്നു. തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപവാസങ്ങൾ —

**ആവ.9:18 —** *"പിന്നെ യഹോവയെ കോപിപ്പാൻ തക്കവണ്ണം നിങ്ങൾ അവന്നു അനിഷ്ടമായി പ്രവർത്തിച്ച നിങ്ങളുടെ സകല പാപങ്ങളും നിമിത്തം ഞാൻ യഹോവയുടെ സന്നിധിയിൽ മുമ്പിലത്തെപ്പോലെ നാൽപ്പതു രാവും നാൽപ്പതു പകലും വീണു കിടന്നു; ഞാൻ ആഹാരം കഴിക്കയോ വെള്ളം കുടിക്കയോ ചെയ്തില്ല."*

**2.ശമൂ.1:12 —** *"അവർ ശൗലിനെയും അവന്റെ മകനായ യോനാഥാനെയും യഹോവയുടെ ജനത്തെയും യിസ്രായേൽ ഗൃഹത്തെയും കുറിച്ചു അവർ വാളാൽ വീണുപോയതു കൊണ്ടു വിലപിച്ചു കരഞ്ഞു സന്ധ്യവരെ ഉപവസിച്ചു."*

**2.ശമൂ.12:16 —** *"ദാവീദ് കുഞ്ഞിനു വേണ്ടി ദൈവത്തോടു അപേക്ഷിച്ചു; ദാവീദ് ഉപവസിക്കയും അകത്തു കടന്നു രാത്രി മുഴുവനും നിലത്തു കിടക്കയും ചെയ്തു."*

**2.ദിന.20:3,4 —** *"യെഹോശാഫാത്ത് ഭയപ്പെട്ടു യഹോവയെ അന്വേഷിപ്പാൻ താൽപ്പര്യപ്പെട്ടു യെഹൂദയിൽ ഒക്കെയും ഒരു ഉപവാസം പ്രസിദ്ധം ചെയ്തു. യഹോവയോടു സഹായം ചോദിപ്പാൻ യെഹൂദ്യർ ഒന്നിച്ചു കൂടി; സകല യെഹൂദാനഗരങ്ങളിൽ നിന്നു അവർ യഹോവയെ അന്വേഷിപ്പാൻ വന്നു.*

**നെഹെ.1:4 —** *"ഈ വർത്തമാനം കേട്ടപ്പോൾ ഞാൻ ഇരുന്നു കരഞ്ഞു; കുറെ നാൾ ദുഃഖിച്ചും ഉപവസിച്ചും കൊണ്ടു സ്വർഗ്ഗത്തിലെ ദൈവത്തോടു ഞാൻ പ്രാർത്ഥിച്ചു."*

**എസ്ഥേർ.4:15,16 —** *"അതിന്നു എസ്ഥേർ മൊർദ്ദെഖായിയോടു മറുപടി പറവാൻ കൽപ്പിച്ചതു: നീ ചെന്നു ശൂശനിൽ ഉള്ള എല്ലാ യെഹൂദന്മാരെയും ഒന്നിച്ചു കൂട്ടി: നിങ്ങൾ മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കയോ ചെയ്യാതെ എനിക്കു വേണ്ടി ഉപവസിപ്പിൻ; ഞാനും എന്റെ ബാല്യക്കാരത്തികളും അങ്ങനെ തന്നെ ഉപവസിക്കും; പിന്നെ ഞാൻ നിയമപ്രകാരമല്ലെങ്കിലും*

*രാജാവിന്റെ അടുക്കൽ ചെല്ലും; ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ."*

**സങ്കീ.35:13** — *"ഞാനോ, അവൻ ദീനമായ്ക്കിടന്നപ്പോൾ രട്ടുടുത്തു; ഉപവാസം കൊണ്ടു ഞാൻ ആത്മതപനം ചെയ്തു."*

**സങ്കീ.69:10** — *"ഞാൻ കരഞ്ഞു ഉപവാസത്താൽ ആത്മതപനം ചെയ്തു."*

**യോനാ.3:5–8** — *"എന്നാൽ നീനെവേക്കാർ ദൈവത്തിൽ വിശ്വസിച്ചു ഒരു ഉപവാസം പരസ്യം ചെയ്തു വലിയവരും ചെറിയവരും ഒരുപോലെ രട്ടുടുത്തു. വർത്തമാനം നീനെവേ രാജാവിന്റെ അടുക്കൽ എത്തിയാറെ അവൻ സിംഹാസനത്തിൽ നിന്നു എഴുന്നേറ്റു രാജവസ്ത്രം നീക്കിവെച്ചു രട്ടു പുതെച്ചു വെണ്ണീറിൽ ഇരുന്നു. അവൻ നീനെവേയിൽ എങ്ങും ഘോഷിപ്പിച്ചു പരസ്യമാക്കിയതു എന്തെന്നാൽ: രാജാവിന്റെയും അവന്റെ മഹത്തുക്കളുടെയും ആജ്ഞയാവിതു: മനുഷ്യനോ മൃഗമോ കന്നുകാലിയോ ആടോ ഒന്നും ഒരു വസ്തുവും ആസ്വദിക്കരുതു. മനുഷ്യനും മൃഗവും രട്ടു പുതെച്ചു ഉച്ചത്തിൽ ദൈവത്തോടു വിളിച്ചപേക്ഷിക്കണം; ഓരോരുത്തൻ താന്താന്റെ ദുർമ്മാർഗ്ഗവും താന്താന്റെ കൈക്കലുള്ള സാഹസവും വിട്ടു മനം തിരികയും വേണം."*

**മത്താ.6:16** -- *"ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുതു.*

**ലൂക്കൊ.2:36,37** — *"ആശേർ ഗോത്രത്തിൽ ഫനൂവേലിന്റെ മകളായ ഹന്നാ എന്നൊരു പ്രവാചകി ഉണ്ടായിരുന്നു; അവൾ കന്യാകാലത്തിൽ പിന്നെ ഭർത്താവിനോടു കൂടെ ഏഴു സംവത്സരം കഴിച്ചു എൺപത്തുനാലുസംവത്സരം വിധവയും വളരെ വയസ്സു ചെന്നവളുമായി ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ആരാധന ചെയ്തു പോന്നു."*

**അപ്പൊ.13:3** — *"അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെ മേൽ കൈവെച്ചു അവരെ പറഞ്ഞയച്ചു."*

**അപ്പൊ.14:23** — *"അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ടു തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേൽപ്പിക്കയും ചെയ്തു."*

## ഉപവാസത്തിന്റെ ആവശ്യകത, ഉപവാസം ഏതുവിധ ത്തിലായിരിക്കണം, അതിലൂടെ ലഭിക്കുന്ന അനുഗ്രഹ ങ്ങൾ ഇവയെക്കുറിച്ചു തിരുവചനം എന്തു പറയുന്നു?

പഴയനിയമത്തിലും പുതിയനിയമത്തിലും അനേകം ഉപ വാസങ്ങളെക്കുറിച്ചു നാം വായിക്കുന്നു. സമ്പൂർണ്ണ വിനയത്തോടെ ദൈവഹിതത്തിലും, അനുതാപത്തോടും, പരമാർത്ഥഹൃദയത്തോടും ദൈവസന്നിധിയിൽ കഴിക്കുന്ന ഉപവാസത്തെ ദൈവം അംഗീകരി ക്കുകയും മാനിക്കുകയും ചെയ്തതായി കാണാം. ഉപവാസത്തെ പ്പറ്റി പുതിയനിയമവിശ്വാസികളിൽ വിഭിന്നമായ കാഴ്ചപ്പാടും സമീ പനവും കാണുന്നു. പുതിയനിയമസഭെക്കു ഉപവസിക്കുവാൻ കല്പ നയായിട്ടു പറഞ്ഞിട്ടില്ലായ്കയാൽ ഇതിന്റെ ആവശ്യമില്ലെന്നും, ആരെങ്കിലും ഉപവസിക്കുന്നുവെങ്കിൽ അവർ ഉപവസിച്ചോട്ടെ യെന്നും ചിലർ ധരിച്ചിരിക്കുന്നു. അതേസമയം ചിലർ ഉപവാസ മില്ലാതെ ശരിയായ പ്രാർത്ഥനയാകുകയില്ലെന്നു കരുതുന്നു. മറ്റു ചിലരാകട്ടെ 41 ദിവസം, 51 ദിവസം, 61 ദിവസം എന്നിങ്ങനെ ഉപ വാസത്തെ പരസ്യമായി പ്രസിദ്ധപ്പെടുത്തി ആചരിക്കുന്നു. വേറൊരു കൂട്ടരാകട്ടെ ഉപവാസം ഒരു ചടങ്ങും, തങ്ങളുടെ ദൈവ ഭക്തി മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കാനുള്ള മാദ്ധ്യമവും, പ്രഹ സനവും ആക്കിത്തീർക്കുന്നു.

### ഉപവാസം പഴയനിയമത്തിൽ —

ഉപവാസവും ശബ്ബത്താചരണവുമൊക്കെ വെറും ആചാ രാനുഷ്ഠാനങ്ങളാക്കി മാറ്റിയ യിസ്രായേൽ ജനത്തോടു യെശയ്യാപ്രവാചകൻ കാഹളശബ്ദത്തിൽ മുന്നറിയിപ്പായി അവരെ ഓർമ്മപ്പെടുത്തേണ്ടുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ ദൈവം ഇഷ്ട പ്പെടുന്ന ഉപവാസത്തെയും, അതിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങ ളെയും മനസ്സിലാക്കാം (യെശ.58:1 –14).

## ദൈവം ഇഷ്ടപ്പെടുന്ന ഉപവാസം എപ്രകാരം ആയിരി ക്കണം?

(1) തലയെ വേഴത്തെപ്പോലെ (ഞാങ്ങണയെപ്പോലെ) കുനിയിക്കുക (യെശ.58:5) —

സ്വയത്തെ നീക്കി പരിപൂർണ്ണ വിനയത്തിലും, സമർപ്പണ ത്തിലും ദൈവസന്നിധിയിൽ ഹൃദയം പകരുക.

(2) രട്ടും വെണ്ണീരും വിരിച്ചു കിടക്കുക (യെശ.58:5) —

രട്ടും വെണ്ണീറും സങ്കടത്തിന്റെ ബാഹ്യപ്രകടനമാണ്. പ്രാർത്ഥനാവിഷയത്തിൽ ഹൃദയഭാരത്തോടുള്ള സമീപനം ആവശ്യം.

(3) അന്യായ ബന്ധനങ്ങളെ അഴിക്കുക (യെശ.58:6)—

സ്വാർത്ഥലക്ഷ്യവും ദുശ്ചിന്തകളും അഴിച്ചു കളയുക.

(4) നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക (യെശ.58:6) —

ലോകത്തോടു കെട്ടപ്പെട്ടരിക്കുന്ന സകല കയറുകളും അറുത്തു മുറിച്ചു കളയുക. പാപത്തിൽ ജീവിക്കുക, ലോകവഴികളിൽ സഞ്ചരിക്കുക, സകലമ്ലേച്ഛതകൾക്കും കൂട്ടു നിൽക്കുക എന്നിവയെല്ലാം നുകത്തിന്റെ അമിക്കയറിൽ ഉൾപ്പെടുന്നു.

(5) പീഡിതരെ സ്വതന്ത്രരായി വിട്ടയക്കുക (യെശ.58:6) —

അനീതിക്കു കൂട്ടു നിൽക്കാതെ അശരണരോടും നീതി നിഷേധിക്കപ്പെട്ട പീഡിതരോടും കരുണ കാണിക്കുക.

(6) എല്ലാ നുകത്തെയും തകർക്കുക (യെശ.58:6) —

നുകം പാപത്തിന്റെ അടിമത്വത്തെക്കുറിക്കുന്നു. അതായത് സ്വതന്ത്രമായി ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥ. ലോകത്തോടു ചേർന്നു പിശാചിനോടു കൈകോർത്തു പിടിച്ചു ജീവിക്കുമ്പോൾ പിശാചിന്റെ അടിമനുകത്തിൻ കീഴിലാകുന്ന അവസ്ഥയാണിത്. അമിക്കയറുകൾ മാത്രമല്ല നുകവും തകർത്തുകളഞ്ഞാലേ ദൈവത്തോടു ചേർന്നിരിക്കുവാൻ കഴിയുകയുള്ളു.

(7) വിശപ്പുള്ളവനു നിന്റെ അപ്പം നുറുക്കിക്കൊടുക്കുക(യെശ.58:7)—

മറ്റുള്ളവരുടെ ദാരിദ്രം കണ്ടിട്ടു ശ്രദ്ധിക്കാതെ ഉപവസിച്ചിട്ടു കാര്യമില്ല. വിശക്കുന്നവനോടു കരുണ കാണിക്കണം. ആഹാരം ഉള്ള സ്ഥലം കാണിച്ചു കൊടുക്കുകയല്ല; മറിച്ച് മാന്യമായും നേരായ പാതയിലും ഉണ്ടാക്കിയ നിന്റെ കലവറയിൽ നിന്നു പങ്കു വെക്കുക.

(8) അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തു കൊള്ളുക (യെശ.58:7)—

സാധുക്കൾക്കു അഭയം നല്കുക. ഇക്കാലങ്ങളിൽ അലഞ്ഞു നടക്കുന്ന സാധുക്കളെന്നു കരുതി അഭയം നൽകിയാൽ പ്രശ്നങ്ങളുണ്ടാകാം. അപ്പോൾത്തന്നെയും സാധുക്കളെ കണ്ടില്ലെന്നു നടിക്കാതെ സഹായം ചെയ്യുകയെന്നതാണ് ദൈവം ആഗ്രഹിക്കുന്നത്.

(9) നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുക (യെശ.58:7) —
ധരിക്കുവാൻ വസ്ത്രം നൽകുക.

(10) നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നെ മറെക്കാതിരിക്കുക (യെശ.58:7) —

ആവശ്യക്കാരനെ കാണുന്ന മാത്രയിൽ ഓടി ഒളിക്കാതിരിക്കുക. മാംസരക്തങ്ങളെന്നത് ഏറ്റവും അടുത്ത ബന്ധുക്കളും, സഹവിശ്വാസികളും മാത്രമല്ല. ലോകത്തിലുള്ള എല്ലാ മനുഷ്യരുടെയും പിതാവ് ദൈവം എന്ന നിലയിൽ സകലരോടും കരുണ കാണിക്കണം.

**ദൈവഹിതപ്രകാരം ഉപവസിക്കുമ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങൾ** — (യെശ.58:8-14)

(1) നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും (യെശ.58:8).

(2) നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും (8).

(3) നിന്റെ നീതി നിനക്കു മുമ്പായി നടക്കും (8).

(4) യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും (8).

(5) നീ വിളിക്കും: യഹോവ ഉത്തരം അരുളും (9).

(6) നിന്റെ അന്ധകാരം മദ്ധ്യാഹ്നംപോലെയാകും (10).

(7) യഹോവ നിന്നെ എല്ലായിപ്പോഴും നടത്തും (11).

(8) വരണ്ടനിലത്തിലും നിന്റെ വിശപ്പു അടക്കും (11).

(9) നിന്റെ അസ്ഥികളെ ബലപ്പെടുത്തും (11).

(10) നീ നനവുള്ള തോട്ടം പോലെ ആകും (11).

(11) വറ്റിപ്പോകാത്ത നീരുറവുപോലെ ആകും (11).

(12) നിന്റെ സന്തതി പുരാതനശൂന്യങ്ങളെ പണിയും (12).

(13) അടിസ്ഥാനങ്ങളെ നീ കെട്ടിപ്പൊക്കും (12).

(14) കേടു പോക്കുന്നവനെന്ന പേരു ലഭിക്കും (12).

(15) പാതകളെ യഥാസ്ഥാനത്താക്കുന്നവനെന്ന പേരു ലഭിക്കും (12).

(16) നീ യഹോവയിൽ പ്രമോദിക്കും (13).

(17) ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കും (14).

(18) യാക്കോബിന്റെ അവകാശം കൊണ്ടു പോഷിപ്പിക്കും (14).

## ഉപവാസം പുതിയനിയമത്തിൽ —

പുതിയനിയമസഭെക്കു ഉപവാസത്തിനു നേരിട്ടു കല്പന യില്ലെന്നുള്ളതു ശരിയായിരിക്കുമ്പോൾത്തന്നെ പ്രാർത്ഥനയോടുള്ള ബന്ധത്തിൽ ഉപവാസത്തിനു ഏറെ പ്രസക്തിയുണ്ട്. *"ഉപവസിക്കു മ്പോൾ"* (മത്താ.6:16), *"എങ്കിലും പ്രാർത്ഥനയാലും ഉപവാസ ത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല"* (മത്താ.17:21) എന്നീ പ്രസ്താവനകളിലൂടെ ഉപവാസം പഴയനിയമത്തോടെ നിന്നുപോ യില്ലെന്നും അതു തുടരേണ്ടതാണെന്നും മനസ്സിലാക്കാം. മാത്രമല്ല പ്രാർത്ഥനയും ഉപവാസവും ബന്ധപ്പെടുത്തി അതിന്റെ ആവശ്യക തയെയും നമ്മുടെ കർത്താവു അറിയിച്ചിരിക്കുന്നു.

*"ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയമുഖം കാണിക്കരുതു"* — എന്നുള്ള കർത്താവിന്റെ വാക്കു കൾ അർത്ഥമാക്കുന്നത് ഉപവാസം കർത്താവിന്റെ വരവോടെ നിന്നു പോയെന്നല്ല മറിച്ചു ഉപവാസം ഇന്നും ആവശ്യമാണെന്നും, ഉപവ സിക്കുന്ന വിശ്വാസി പരീശന്മാരുൾപ്പെട്ട കപടഭക്തിക്കാരെപ്പോലെ ഉപവാസം പ്രഹസനമാക്കിത്തീർക്കരുതെന്നുമാണ്. മത്തായി. 5:1 മുതൽ 7:29 വരെയുള്ള ഭാഗങ്ങൾ കർത്താവിന്റെ ഗിരിപ്രഭാഷണ ങ്ങൾ (Sermon on the Mount) ഉൾക്കൊള്ളുന്നു. ഈ പ്രഭാഷണ ങ്ങൾ ഒരുവൻ രക്ഷിക്കപ്പെടുവാനുള്ളതല്ല. ഒരു ദൈവപൈതലിന്റെ ആത്മീകവളർച്ചെക്കാവശ്യമായ പ്രബോധനങ്ങൾ അടങ്ങിയിട്ടുള്ള താണ്. അഞ്ചാം അദ്ധ്യായത്തിൽ ഭാഗ്യവർണ്ണനയും ആറാം അദ്ധ്യാ യത്തിൽ ആത്മീകന്റെ സ്വഭാവസവിശേഷതകളും കാണുന്നു. ദൈവത്തെ എങ്ങനെ ആരാധിക്കണമെന്നും, ആത്മീകമനുഷ്യന്റെ വളർച്ച എപ്രകാരമായിരിക്കണമെന്നും ഇവിടെ കാണാം (മത്താ.6:1 —> 7:12).

മത്തായി ആറാം അദ്ധ്യായത്തിൽ വിശ്വാസജീവിതത്തിൽ ശ്രദ്ധിക്കേണ്ടതും, ജയജീവിതത്തിനുതകുന്നതുമായ അതിപ്രധാന മായ അഞ്ചു കാര്യങ്ങളിലൊന്നാണ് ഉപവാസം.

(1) കൊടുക്കൽ (Giving) — മത്താ 6:1 -4

(2) പ്രാർത്ഥന (Prayer) — മത്താ. 6:5 -15

(3) ഉപവാസം (Fasting) — മത്താ. 6:16 -18

(4) നിക്ഷേപവും സേവയും (Treasure & Serving) —മത്താ. 6:19-24

(5) വിചാരം (Thoughts) — മത്താ. 6:25 -34

നമ്മുടെ ദാനധർമ്മങ്ങൾ, പ്രാർത്ഥന, ഉപവാസം എന്നിവ ഒരിക്കലും മനുഷ്യനെ പ്രസാദിപ്പിക്കുന്ന വിധത്തിലായിരിക്കരുത്. മറ്റുള്ളവരുടെ മുമ്പിൽ തങ്ങൾ ദൈവഭക്തിയുള്ളവരെന്നു കാണിക്കാനുള്ള പ്രവണതയാണ് കർത്താവ് കപടഭക്തരിൽ കണ്ടത്. അവരുടെ ഈ വിധ പ്രവർത്തനങ്ങൾക്ക് ദൈവത്തിൽനിന്നു പ്രതിഫലം ലഭിക്കുകയില്ല. പരീശന്മാർ ഓരോ ആഴ്ചയിലും തിങ്കളും വ്യാഴവും ദിവസങ്ങളിൽ ഉപവസിച്ചിരുന്നു (ലൂക്കൊ.18:12). ഈ ദിവസങ്ങൾ അനേകർ കൂടിവരുന്ന ചന്തദിവസങ്ങളാകയാൽ ഇവരുടെ പ്രാർത്ഥനയും ഉപവാസവും മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കുവാൻ വേണ്ടിയുള്ളവയായിരുന്നു. യഥാർത്ഥത്തിൽ അവരുടെ ഉപവാസങ്ങൾ മനുഷ്യപ്രീതി നേടുവാനായിരുന്നു. ഇതുമൂലം ദൈവാനുഗ്രഹം അവർക്കു ലഭിച്ചില്ല.

പ്രാർത്ഥനയോടുള്ള ബന്ധത്തിൽ ഇന്നും ഉപവാസത്തിനു പ്രാധാന്യമുണ്ട്. ഉപവാസമുണ്ടെങ്കിലേ ശരിയായ പ്രാർത്ഥനയാകുകയുള്ളു എന്നതും ശരിയല്ല. ശരിയായ ആത്മീകമനോഭാവത്തോടും, ലക്ഷ്യത്തോടും നടത്തപ്പെടുന്ന ഉപവാസപ്രാർത്ഥനകൾക്കു ദൈവം ഉത്തരം നൽകുമെന്നതിൽ സംശയം വേണ്ട. നമ്മുടെ കർത്താവു ഉപവസിച്ചു(മത്താ.4:3).ആദിമസഭയിൽ ബർന്നബാസിനെയും ശൗലിനെയും ദൈവവേലെക്കായി വേർതിരിച്ചയച്ചപ്പോൾ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു ദൈവീകാനുഗ്രഹം നേടി (അപ്പൊ.13:2). ആഹാരം വർജ്ജിക്കാതെ ദൈവഹിതത്തിലും, വിനയത്തോടും, ഏകാഗ്രതയോടും, സമ്പൂർണ്ണസമർപ്പണത്തോടും പ്രാർത്ഥിച്ചാലും ദൈവം പ്രാർത്ഥനെക്കുത്തരം നൽകും. എന്നാൽ ദൈവസന്നിധിയിൽ ഏകാഗ്രത ലഭിക്കുവാൻ, ശരീരാത്മദേഹിയെ സമ്പൂർണ്ണമായി സമർപ്പിക്കുവാൻ, നാം പ്രാർത്ഥിക്കുന്ന വിഷയത്തിനു പ്രാധാന്യം വെളിപ്പെടുത്തുവാൻ ആഹാരവർജ്ജനം സഹായിക്കുന്നു. ഭൂതം ബാധിച്ച ഒരു ബാലനു സൗഖ്യം നൽകുന്നതിൽ പരാജയപ്പെട്ട തന്റെ ശിഷ്യഗണം അവരുടെ പരാജയകാരണം ചോദിച്ചപ്പോൾ കർത്താവു പറഞ്ഞത് —*"എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല"*(മത്താ.17:21) എന്നാണ്. അശുദ്ധാത്മാക്കളെ പുറത്താക്കുവാനും രോഗികളെ സൗഖ്യമാക്കുവാനും മരിച്ചവരെ ഉയിർപ്പിക്കുവാനും കർത്താവു ശിഷ്യന്മാർക്കു ശക്തിയും അധികാരവും നൽകിയിരുന്നു(മത്താ.10:1, 8). എന്നാൽ ഭൂതബാധി

തനായ ബാലന്റെ കാര്യത്തിൽ അവർ പരാജയപ്പെടുവാനുള്ള കാരണം അവരുടെ അവിശ്വാസവും (മത്താ.17:20), പ്രാർത്ഥനയുടെ കുറവും (മർക്കൊ.9:29/മത്താ.17:21) ആണെന്നായിരുന്നു കർത്താവു പറഞ്ഞത്. മാത്രവുമല്ല ഈ ദുഷ്ടാത്മശക്തികൾ നീങ്ങിപ്പോകണമെങ്കിൽ ഉപവാസത്തോടുകൂടിയുള്ള പ്രാർത്ഥനയുടെ ആവശ്യകതയെയും കർത്താവു ചൂണ്ടിക്കാണിക്കുന്നു.

പുതിയനിയമസഭെക്കും ഇന്നു ഉപവാസത്തോടുകൂടിയുള്ള പ്രാർത്ഥന ആവശ്യമായിരിക്കുന്നു. എന്നാൽ 21 ദിവസം, 41 ദിവസം, 51 ദിവസം എന്നിങ്ങനെ പരസ്യപ്രഖ്യാപനങ്ങൾ കൊടുത്തു നടത്തപ്പെടുന്ന ഉപവാസപ്രാർത്ഥനകൾ പലപ്പോഴും, പരീശന്മാരുടെ ദൈവഭക്തിപ്രഹസനമായി, സഭകളിൽ എങ്ങനെയും ആളുകളെച്ചേർക്കുന്ന മാദ്ധ്യമങ്ങളായി അധഃപതിച്ചു പോകുന്നുണ്ട്.

ഉപവാസം എങ്ങനെ ആയിരിക്കണമെന്നു കർത്താവു പറഞ്ഞിരിക്കുന്നതു നോക്കുക—

**മത്താ.6:16-18 —** *“ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുതു; അവർ ഉപവസിക്കുന്നതു മനുഷ്യർക്കു വിളങ്ങേണ്ടതിന്നു മുഖം വിരൂപമാക്കുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിന്നു വിളങ്ങേണ്ടതിന്നു തലയിൽ എണ്ണ തേച്ചു മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നൽകും.”*

ഇന്നു സഭകൾ ആത്മീകമായി ഉറങ്ങുന്ന അവസ്ഥ എവിടെയും കാണാം. പാപികൾ രക്ഷിക്കപ്പെടുന്നില്ല, വിശ്വാസികൾ പിൻമാറ്റക്കാരായി സാക്ഷ്യം നഷ്ടപ്പെടുത്തി ലോകത്തിന്റെ പുറകേ സഞ്ചരിക്കുന്നു. ആത്മീക കാര്യങ്ങളിൽ ശ്രദ്ധിക്കാത്തതിനാൽ, ഏകാഗ്രതയില്ലാത്തതിനാൽ, സന്ദർഭത്തിന്റെ ഗൗരവം തിരിച്ചറിയാത്തതിനാൽ വിശ്വാസികൾ യോനാപ്രവാചകനെപ്പോലെ കപ്പലിന്റെ അടിത്തട്ടിലും, പൗലൊസിന്റെ വചനശുശ്രൂഷാവേളയിൽ കിളിവാതിലിൽ ഇരുന്ന യൂത്തിക്കോസിനെപ്പോലെയും, സുഖമായി ഉറങ്ങുന്നു.

*"ഇതു ചെയ്യേണ്ടതു ഉറക്കത്തിൽനിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ. നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. രാത്രി കഴിയാറായി പകൽ അടുത്തി രിക്കുന്നു"* (റോമ.13:11,12).

നാം വിശ്വാസകുടുംബത്തിലേക്കു വന്ന കാലത്തേക്കാൾ കർത്താവിന്റെ വരവു ഏറ്റവും അടുത്തിരിക്കുന്നു എന്നു നമുക്കു ചുറ്റും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളിലേക്കു നോക്കിയാൽ മനസ്സിലാകും. എന്നാൽ ദൈവസന്നിധിയിൽ വിശ്വാസികൾ ഉപവാ സത്തോടും പ്രാർത്ഥനയോടും കൂടി കടന്നുവന്നാൽ ആത്മീക ഉണർവുണ്ടാകുവാനും, ദൈവത്തിനായി വൻകാര്യങ്ങൾ പ്രവർത്തി ക്കുവാനും സാധിക്കും. ഒന്നാം നൂറ്റാണ്ടിലെ സഭാവിശ്വാസികളും അപ്പൊസ്തലന്മാരും ഉപവസിച്ചു പ്രാർത്ഥിച്ചു അനുഗ്രഹം പ്രാപി ക്കുവാനിടയായി.

സഭയുടെ മണവാളനായ യേശുക്രിസ്തു വാനമേഘങ്ങളിൽ പ്രത്യക്ഷപ്പെടുവാൻ കാലമടുത്തിരിക്കുന്ന ഈ വേളയിൽ വിശ്വാ സികളുൾപ്പെട്ട മണവാട്ടിസഭ ഉപവാസത്തോടും പ്രാർത്ഥനയോടും ഒരുങ്ങി കാത്തിരിക്കാം, ആത്മീക ഉണർവ് പ്രാപിക്കാം, ആത്മീയ ഫലം പുറപ്പെടുവിക്കാം.

= = = = = = = ***Amen*** = = = = = = =

# അദ്ധ്യായം – 21

# മരണാനന്തര ജീവിതം

മരണം ജീവിതത്തിന്റെ സമാപ്തിയല്ല. മറ്റൊരു ജീവിതത്തിലേക്കുള്ള പ്രവേശനമാണ്. വിശ്വാസികളും അവിശ്വാസികളും മരിക്കുന്നു. മരണശേഷം സകലരും നിത്യവാസത്തിലേക്കു പ്രവേശിക്കുന്നു. മരണത്തിൽ ശരീരം മണ്ണിലേക്കും ആത്മാവു ദൈവസന്നിധിയിലേക്കും മടങ്ങിപ്പോകുന്നു (സഭാ.12:7). ദൈവമക്കളുടെ മരണം പറുദീസാ അഥവാ ദൈവസന്നിധിയിലേക്കുള്ള പ്രവേശനവും അവിശ്വാസികളുടെ മരണം നിത്യശിക്ഷക്കുള്ള പ്രവേശനവുമാണ്.

**വിശ്വാസികൾ ക്രിസ്തുവിൽ മരിക്കുന്നു** —

ഫിലി.1:21,23 —*''എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു......... വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അതു അത്യുത്തമമല്ലോ."*

വെളി.14:13 — *"കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ."*

**പാപികൾ പാപത്തിൽ മരിക്കുന്നു** —

യോഹ.8:24 — *"ആകയാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു ഞാൻ നിങ്ങളോടു പറഞ്ഞു; ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു പറഞ്ഞു."*

വിശ്വാസികൾ പാപത്തിൽ ജനിച്ചവരെങ്കിലും രക്ഷിക്കപ്പെട്ടപ്പോൾ ക്രിസ്തുവിൽ വീണ്ടും ജനിച്ചവരും, ക്രിസ്തുവിൽ ജീവിക്കുന്നവരും ക്രിസ്തുവിൽ മരിക്കുന്നവരുമാണ്. എന്നാൽ അവിശ്വാസികൾ അഥവാ രക്ഷിക്കപ്പെടാത്തവർ പാപത്തിൽ ജനിച്ചവരും, പാപത്തിൽ ജീവിക്കുന്നവരും, പാപത്തിൽ മരിക്കുന്നവരുമാണ്.

കർത്താവിൽ മരിക്കുന്നവർ എക്കാലത്തും ഭാഗ്യമുള്ളതാണ്. ക്രിസ്തുവിൽ മരിക്കുക എന്നത് വിലയേറിയതും, ലാഭവും, അത്യുത്തമമാണെന്നും തിരുവചനം പ്രസ്താവിക്കുന്നു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

**സങ്കീ.116:15 —** *"തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു."*

**ഫിലി.1:21 — 23 —** *"എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു ...... അതു അത്യുത്തമമല്ലോ."*

ശരീരം വിട്ടു കർത്താവിനോടൊപ്പം വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നുവെന്നു കൊരിന്ത്യലേഖനത്തിൽ പറഞ്ഞിരിക്കുന്നു.

**2.കൊരി.5:8 —** *"ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു."*

## മരിച്ചവരുടെ ആത്മാക്കൾ ഇപ്പോൾ എവിടെ?

രക്ഷിക്കപ്പെട്ടവരുടെ ആത്മാവു ദേഹിയൊടൊപ്പം ദൈവസന്നിധിൽ എത്തിച്ചേരുന്നു. അവരുടെ ശരീരം കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിങ്കൽ രൂപാന്തരം പ്രാപിച്ച് കർത്താവിന്റെ സന്നിധിയിലേക്കു എടുക്കപ്പെടും. രക്ഷിക്കപ്പെടാത്തവരുടെ ആത്മാവു ദേഹിയോടുകൂടെ യാതനാസ്ഥലത്തെത്തി നിത്യനരകത്തിലെത്തുവാനുള്ള അന്ത്യന്യായവിധിക്കായി കാത്തു കഴിയുന്നു. അവരുടെ ശരീരം ഒടുക്കത്തെ പുനരുത്ഥാനത്തിൽ രൂപാന്തരം പ്രാപിച്ചു ക്രിസ്തുവിന്റെ വെള്ളസിംഹാസനത്തിനു മുമ്പാകെ ന്യായം വിധിച്ചു നിത്യദണ്ഡനത്തിനായി നരകത്തിൽ തള്ളപ്പെടും.

മനുഷ്യനിലടങ്ങിയിരിക്കുന്ന ദേഹം (Body), ദേഹി (Soul), ആത്മാവ് (Spirit) എന്നിവയിൽ ദേഹത്തിൽ നിന്നു ദേഹിയും ആത്മാവും വേർപിരിയുമ്പോഴാണ് മരണം സംഭവിക്കുന്നത്. മരണത്തിനും പുനരുത്ഥാനത്തിനും ഇടയിൽ മനുഷ്യന്റെ ആത്മാവു എവിടെയാണുള്ളതെന്നു വിവിധ തിരുവചനങ്ങളിലൂടെ വെളിപ്പെടുന്നു.

(1) മരണശേഷം മണ്ണിൽ സംസ്കരിക്കപ്പെടുന്ന ദേഹം ദ്രവത്വം പ്രാപിക്കുന്നു.

(2) ആത്മാവു ദൈവത്തിങ്കലേക്കു മടങ്ങിപ്പോകുന്നു. *"പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും"* (സഭാ.12:7).

ദൈവസന്നിധിയിലേക്കു മടങ്ങിപ്പോകുന്ന ആത്മാവ് രണ്ടു വ്യത്യസ്ത സ്ഥലങ്ങളിലാണ് എത്തിച്ചേരുന്നത്.

---> രക്ഷിക്കപ്പെടാത്ത സകല അവിശ്വാസികളുടെയും ആത്മാവു പാതാളത്തിലെ യാതനാ സ്ഥലത്തേക്കു പോകുന്നു. *"ധന വാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കു മ്പോൾ മേലോട്ടു നോക്കി ....."* (ലൂക്കൊ.16:23).

—> ദൈവമക്കളുടെ ആത്മാവു അബ്രഹാമിന്റെ മടി അഥവാ പറുദീസയിലേക്കു പോകുന്നു. *"ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി"* (ലൂക്കൊ.16:22).

പാതാളം എന്ന വാക്കിനു ഗ്രീക്കിൽ ഹെയ്ഡ്സ് (Hades) എന്നും എബ്രായഭാഷയിൽ ഷീയോൾ (Sheol) എന്നും പറയുന്നു. മലയാളത്തിൽ ഇത് പാതാളം (Hades) എന്നു പരിഭാഷപ്പെടുത്തി യിരിക്കുന്നു. പാതാളം എന്നു കേൾക്കുമ്പോൾ നരകം എന്നാണ് പൊതുവേ ചിന്തയിൽ വരുന്നത്. എന്നാൽ പാതാളവും നരകവും ഒന്നല്ല എന്നു മാത്രമല്ല രണ്ടു വ്യത്യസ്തങ്ങളായ സ്ഥലങ്ങളാണ്. പാതാളം താല്കാലിക സംവിധാനമായിരിക്കുമ്പോൾ നരകം എന്നേ ക്കുമുള്ള യാതനാ സ്ഥലവുമാണ്. നരകം അഥവാ തീപ്പൊയ്കയിൽ (Lake of fire) ഇതുവരെയും ആരെയും ഇട്ടിട്ടില്ല. വെള്ളസിംഹാസ നത്തിലെ ന്യായവിധിക്കുശേഷം സകല അവിശ്വാസികളെയും നരകം അഥവാ തീപ്പൊയ്കയിലേക്കു തള്ളും.

പാതാളത്തിനു മൂന്നു ഭാഗങ്ങളുണ്ടെന്നു ധനവാന്റെയും ലാസറിന്റെയും മരണാന്തര സംഭവത്തെക്കുറിച്ചു കർത്താവു പറ ഞ്ഞതിലൂടെ വെളിപ്പെടുന്നു (ലൂക്കൊ.16:19-31). പാതാളത്തിനു മൂന്നു തട്ടുകൾ ഉള്ളതിൽ ദൈവമക്കൾ ഏറ്റവും മുകളിലുള്ള പാതാളത്തി ലും, ദുഷ്ടന്മാർ ഏറ്റവും താഴെയുള്ള പാതാളത്തിലുമാണ് മരണാ നന്തരം പോകുന്നത്. പാതാളം നരകമല്ല. എന്നാൽ പാതാളത്തിന്റെ അടിത്തട്ട് യാതനാസ്ഥലമാണ്.

പാതാളത്തിന്റെ മൂന്നു ഭാഗങ്ങൾ —

(1) അബ്രഹാമിന്റെ മടി അഥവാ ആശ്വാസം അനുഭവിക്കുന്ന മുകൾ ഭാഗം (ലൂക്കൊ.16:22). ഇത് മുകളിലത്തെ പാതാളമെന്നു പറ യാം. പഴയനിയമവിശുദ്ധന്മാരെല്ലാം ഇവിടെയാണ് വിശ്രമിച്ചിരുന്ന ത്. മരണശേഷം ഇവിടെയെത്തുമെന്നു അവർ വിശ്വസിച്ചിരുന്നു.

യാക്കോബ് യോസേഫിനെച്ചൊല്ലി വിലപിച്ചപ്പോൾ പറയു ന്നത് — *"ഞാൻ ദുഃഖത്തോടെ എന്റെ മകന്റെ അടുക്കൽ പാതാള ത്തിൽ ഇറങ്ങുമെന്നു പറഞ്ഞു"* (ഉല്പ.37:35).

ഇയ്യോബ് പറയുന്നത് — *"ഞാനോ പാതാളത്തെ എന്റെ വീടായി പ്രതീക്ഷിക്കുന്നു"* (ഇയ്യോ.17:13).

(2) അബ്രഹാമിന്റെ മടി എന്ന സ്ഥലത്തിനും ഏറ്റവും താഴെ യുള്ള അധമപാതാളത്തിനും മദ്ധ്യേയുള്ള പിളർപ്പ്. ഇത് മദ്ധ്യപാ താളം എന്നറിയപ്പെടുന്നു. ഇവിടെ നിന്നും താഴോട്ടും മുകളിലേക്കും പോകുവാൻ സാധിക്കാത്ത വലിയൊരു പിളർപ്പാണിത് (ലൂക്കൊ.16:26).

(3) പാതാളത്തിന്റെ ഏറ്റവും താഴത്തെ തട്ട് അഥവാ അധമ പാതാളം (ലൂക്കൊ.16:23). അധമപാതാളത്തെക്കുറിച്ചു ദാവീദ് പറ യുന്നത് — *"എന്നോടുള്ള നിന്റെ ദയ വലിയതല്ലോ; നീ എന്റെ പ്രാണനെ അധമപാതാളത്തിൽ നിന്നു രക്ഷിച്ചിരിക്കുന്നു"* (സങ്കീ.86:13). *"ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതി കളും പാതാളത്തിലേക്കു തിരിയും"* (സങ്കീ.9:17). അധമപാതാളം ഏറ്റവും താഴെയുള്ള പാതാളം. ഇവിടെ ലോകാരംഭം മുതൽ അവി ശ്വാസികളായി ജീവിച്ചു മരിച്ച സകലരും കിടന്നു യാതന അനുഭ വിക്കുന്നു.

കാൽവറിയിലെ ക്രൂശീകരണവേളയിൽ രണ്ടു കള്ളന്മാരി ൽ ഒരുവൻ കർത്താവിനെ ദുഷിച്ചപ്പോൾ മറ്റേ കള്ളൻ കർത്താ വിനെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ക്രിസ്തു രാജത്വം പ്രാപിക്കുമെന്നു വിശ്വസിക്കുകയും അപ്പോൾ തന്നെ ഓർക്കേണമെന്നും ആവശ്യപ്പെടുന്നു. *"പിന്നെ അവൻ: യേശു വേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തു കൊള്ളേ ണമേ എന്നു പറഞ്ഞു. യേശു അവനോടു: ഇന്നു നീ എന്നോടു കൂടെ പരദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു"* (ലൂക്കൊ.23:42,43). കർത്താവിന്റെ പ്രഖ്യാപനത്തിൽ നിന്നും മനസ്സിലാക്കാവുന്നത് മരണശേഷം താൻ പറുദീസയിലേക്കു പോകുമെന്നും അപ്പോൾ മാനസാന്തരപ്പെട്ട കള്ളനും തന്നോടൊപ്പം ഉണ്ടായിരിക്കും എന്നുമാണ്. ഇവിടെ പറ ഞ്ഞിരിക്കുന്ന പറുദീസ സ്വർഗ്ഗീയ പറുദീസ അല്ല. ഇത് അബ്രഹാ മിന്റെ മടി എന്നറിയപ്പെടുന്ന പാതാളത്തിലെ പറുദീസയാണ്. എന്നാൽ കർത്താവു മൂന്നാം നാൾ മരണത്തെ ജയിച്ചു ഉയിർത്തെ ഴുന്നേറ്റപ്പോൾ പാതാളത്തിലെ പറുദീസയിൽ നിന്നു സ്വർഗ്ഗീയ പറു ദീസയിലേക്കു പോയി.

(DOCTRINAL TRUTHS *by Samson Henry, Kollam*)

സൃഷ്ടിയുടെ ആരംഭത്തിൽ ആദാമും ഹവ്വായും വസിച്ചിരുന്നത് ഏദെൻ ഭൂമിയിലെ പറുദീസയിൽ ആയിരുന്നു. ഇത് സ്വർഗ്ഗീയ പറുദീസയുടെ നിഴൽ ആയിരുന്നു. അവർ പാപം ചെയ്തപ്പോൾ ഏദെൻ പറുദീസ നഷ്ടപ്പെടുകയും അവരെ അവിടെ നിന്നും പുറത്താക്കുകയും ചെയ്തു (ഉല്പ.3:23,24). ഇതിനെ തുടർന്നു സ്വർഗ്ഗീയ പറുദീസയിലേക്കുള്ള പ്രവേശനം മനുഷ്യനു അപ്രാപ്യമായി. മനുഷ്യന്റെ പാപം മൂലം പറുദീസ നഷ്ടമായെങ്കിലും കരുണയുള്ള ദൈവം മനുഷ്യനു സ്വർഗ്ഗീയ പറുദീസ ലഭിക്കുവാൻ യേശുക്രിസ്തുവിലൂടെ രക്ഷാമാർഗ്ഗം ഒരുക്കി (ഉല്പ.3:15/യോഹ.1:12/യോഹ.3:16).

വാഗ്ദത്ത മശീഹയായ യേശുക്രിസ്തു വന്നു ക്രൂശിലെ പ്രായശ്ചിത്തയാഗത്തിലൂടെ പാപപരിഹാരം വരുത്തി സ്വർഗ്ഗീയ പറുദീസയിലേക്കുള്ള കവാടം തുറക്കുന്നതുവരെ മരിച്ചുപോയ വിശുദ്ധന്മാരുടെ ആത്മാക്കളുടെ വിശ്രമത്തിനായും ആശ്വാസത്തിനായും പാതാളത്തിൽ പറുദീസ ഒരുക്കി. ഇതാണ് പാതാളത്തിലെ അബ്രഹാമിന്റെ മടിയെന്നും, ആശ്വാസം അനുഭവിക്കുന്ന പറുദീസ എന്നുമുള്ള പാതാളത്തിന്റെ മുകൾ ഭാഗം (ലൂക്കൊ.16:22). യേശുക്രിസ്തു മരിച്ചപ്പോൾ നേരേ സ്വർഗ്ഗത്തിലേക്കല്ല പോയത്. അബ്രഹാമിന്റെ മടി എന്നറിയപ്പെട്ട പാതാളത്തിലെ പറുദീസയിലേക്കാണ് പോയത്. പറുദീസയുടെ വാഗ്ദത്തം ക്രൂശിൽ ലഭിച്ച കള്ളനും അവിടേക്കാണ് എത്തിയത്. മൂന്നാം നാൾ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റപ്പോൾ പാതാളത്തിന്റെ അവസ്ഥയ്ക്കും മാറ്റം വന്നു. അവിടെയുള്ള സകല പഴയനിയമ വിശുദ്ധന്മാരെയും, ക്രൂശിലെ കള്ളൻ ഉൾപ്പെടെ സകലരുടെ ആത്മാക്കളെയും യേശുക്രിസ്തു ഉയരത്തിലേക്കു അഥവാ സ്വർഗ്ഗീയ പറുദീസയിലേക്കു കൊണ്ടുപോയി.

ഇതിനെക്കുറിച്ചു പൗലൊസ് സങ്കീ.68:18 വാക്യം ഉദ്ധരിച്ചു എഫെസ്യലേഖനത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക —

*"അതുകൊണ്ടു: അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടു പോയി ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങളെ കൊടുത്തു എന്നു പറയുന്നു. കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്കു ഇറങ്ങി എന്നു വരുന്നില്ലയോ?"* (എഫെ.4:8-10). ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ക്രൂശീകരണത്തിനു ശേഷം കർത്താവിന്റെ ശരീരം കല്ലറയിൽ അടക്കം ചെയ്തു എങ്കിലും ആത്മാവു അധോഭാഗത്തേക്കു ഇറങ്ങിച്ചെന്നു എന്നു മനസ്സിലാക്കാം.

അവിടെ പാതാളത്തിന്റെ മുകൾത്തട്ടിൽ അബ്രഹാമിന്റെ മടി എന്ന റിയപ്പെട്ട സ്ഥലത്തുണ്ടായിരുന്ന പഴയനിയമവിശുദ്ധന്മാരുടെ ആത്മാക്കളെ സ്വർഗ്ഗീയ പറുദീസയിലേക്കു കൊണ്ടു പോയി. കർത്താവിനോടൊപ്പം മരിച്ച കള്ളനും അതിലുൾപ്പെടുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനത്തോടു കൂടെ പഴയനിയമവിശുദ്ധന്മാരുടെ ആത്മാക്കൾ സ്വർഗ്ഗീയ പറുദീസയിലേക്കു മാറ്റപ്പെട്ടു. കർത്താവിന്റെ ഉയിർത്തെഴുന്നേല്പിനുശേഷം ക്രിസ്തുവിൽ മരിക്കുന്നവരുടെ ആത്മാക്കൾ പാതാളത്തിലേക്കു പോകുന്നില്ല. സകലരും ഇന്നു സ്വർഗ്ഗീയ പറുദീസായിലാണ് വിശ്രമിക്കുന്നത്. വിശുദ്ധന്മാർക്കായുള്ള ഒന്നാം പുനരുത്ഥാനത്തിൽ തങ്ങളുടെ തേജസ്കരിക്കപ്പെട്ട ശരീരപുനരുത്ഥാനം കാത്തുകൊണ്ടു സ്വർഗ്ഗീയ പറുദീസായിൽ കർത്താവിനോടൊപ്പം അവർ വിശ്രമിച്ചു ആശ്വസിക്കുന്നു.

അവിശ്വാസികളുടെ അധമപാതാളത്തിനു മാറ്റം വന്നിട്ടില്ല. അതായത് ഇന്നും അവിശ്വാസികളുടെ ആത്മാക്കൾ പാതാളത്തിലെ അടിത്തട്ടിലുള്ള യാതാനാസ്ഥലത്തേക്കു ചെന്നെത്തുന്നു. സഹസ്രാബ്ദവാഴ്ചക്കുശേഷം സ്ഥാപിക്കപ്പെടുന്ന വെള്ളസിംഹാസനത്തിങ്കലെ അന്ത്യന്യായവിധിവരെ പാതാളത്തിൽ അവരുടെ ആത്മാക്കൾ യാതന അനുഭവിക്കും. സഹസ്രാബ്ദവാഴ്ചക്കുശേഷം രണ്ടാമത്തെ പുനരുത്ഥാനത്തിൽ അവരെല്ലാം പുനരുത്ഥാനം പ്രാപിക്കും. അവരെ വെള്ളസിംഹാസനത്തിങ്കൽ ന്യായം വിധിച്ചശേഷം തീപ്പൊയ്കയിലേക്കു നിത്യദണ്ഡനത്തിനായി തള്ളിയിടും (വെളി.20:11-15).

## കർത്താവു വേഗം വരും, നമ്മുടെ പ്രവൃത്തിക്കു തക്ക പ്രതിഫലം ലഭിക്കും —

കർത്താവിനായി പ്രയത്നിച്ച സകലതിനും പ്രതിഫലം തരുവാനായി കർത്താവു വേഗം വരുന്നു. ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലമാണ് ലഭിക്കുക. നാം സഹിച്ച കഷ്ടതകൾക്കും, നിന്ദകൾക്കും, പ്രതികൂല സാഹചര്യങ്ങളിലെ കർത്താവിലുള്ള വേലകൾക്കും നമ്മെ ആദരിക്കുവാൻ പോകുന്നു. *"ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു"* (വെളി.22:12) എന്നു കർത്താവു പറയുന്നു. കർത്താവു

വേഗത്തിൽ വരുവാൻ പോകുന്നു എന്ന പ്രസ്താവന ഇതേ അദ്ധ്യായത്തിൽ മൂന്നിടത്തു ആവർത്തിച്ചു പറഞ്ഞിരിക്കുന്നു (വെളി.22:7,12,20). പുതിയനിയമത്തിലുടനീളം കർത്താവിന്റെ വേഗത്തിലുള്ള വരവിനെ വെളിപ്പെടുത്തുന്നുണ്ട്. തന്റെ സഭയെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാനാണ് കർത്താവു വരുന്നത്. ആവർത്തിച്ചുള്ള വരവിന്റെ പ്രസ്താവന പ്രധാനമായി രണ്ടു കാര്യങ്ങളെ വിളിച്ചറിയിക്കുന്നു. ഒന്ന് തന്റെ വരവ് പറഞ്ഞതുപോലെ നിശ്ചയമായി സംഭവിക്കും. അതിനു മാറ്റമില്ല. രണ്ടാമത്തേത് തന്റെ വരവ് നിശ്ചയമായതിനാൽ വിശ്വാസികൾ ജാഗ്രതയുള്ളവരായി, ഉണർന്നു, ഒരുങ്ങി, വിശുദ്ധിയിൽ ജീവിക്കേണമെന്നുള്ള പ്രബോധനവുമായിരിക്കുന്നു.

ആസ്യയിലെ സഭകൾക്കുള്ള ദൂതിൽ ഞാൻ വേഗം വരുന്നു എന്നു കർത്താവ് അരുളിച്ചെയ്തു. *"അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ"* എന്നു എഫെസൊസ് സഭയോടും (വെളി.2:5), *"ആകയാൽ മാനസാന്തരപ്പെടുക; അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്നു എന്റെ വായിലെ വാളു കൊണ്ടു അവരോടു പോരാടും"* എന്നു പെർഗ്ഗമൊസിനോടും (വെളി.2:16), *"നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും"* എന്നു സർദ്ദിസിനോടും (വെളി.3:3) കർത്താവു പറയുന്നു. തന്റെ വരവിൽ അവർ ജാഗ്രത പാലിക്കേണ്ടതിന്റെ ആവശ്യകതയെ വ്യക്തമാക്കുന്ന ദൂതാണിത്. അതായത് ദൈവവഴി വിട്ടു ലോകത്തിന്റെ പാപവഴികളിൽ സഞ്ചരിക്കുകയും, ദൈവികപ്രമാണങ്ങൾ അനുസരിക്കാതെ ജീവിക്കുകയും ചെയ്യുന്ന സഭകൾ മാനസാന്തരപ്പെടുവാനും ദൈവീക സ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും വരുവാനും ദൈവം ആഹ്വാനം ചെയ്യുന്നു. എന്നാൽ *"ഞാൻ വേഗം വരുന്നു"* (വെളി.3:11) എന്നു ഫിലദെൽഫ്യ സഭയോടു പറയുന്നതു സൂചിപ്പിക്കുന്നത് അവരുടെ പ്രത്യാശാവിഷയമായ കർത്താവിന്റെ രണ്ടാം വരവിനെയാണ്. ഈ വരവ് ന്യായവിധി നടത്തി ശിക്ഷിക്കുവാനല്ല മറിച്ചു ഭൂതലത്തിലൊക്കെയും വരുന്ന പരീക്ഷാകാലത്തിൽ (മഹോപദ്രവം) നിന്നു സഭയെ വിടുവിക്കാനാണ് (വെളി.3:10). തന്റെ സഭയെ ചേർക്കുവാനായി കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവാണിത് (യോഹ.14:3/1.കൊരി.15:51-53/1.തെസ്സ.4:13-18).

*"ഇതാ ഞാൻ വേഗം വരുന്നു"* (വെളി.22:12) എന്ന പ്രസ്താവന വ്യക്തിപരമായി ഓരോരുത്തർക്കും ലഭിക്കുവാൻ പോകുന്ന പ്രതിഫലത്തോടനുബന്ധിച്ചുള്ളതാണ്. രക്ഷിക്കപ്പെട്ട വിശ്വാസികളായ ഓരോരുത്തർക്കും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം ക്രിസ്തുവിൽ നിന്നു ലഭിക്കും. രക്ഷിക്കപ്പെട്ടശേഷം നാം കർത്താവിനുവേണ്ടി ചെയ്യുന്ന സകല പ്രവൃത്തികൾക്കും പ്രതിഫലം ലഭിക്കും എന്നത് എത്രയോ സന്തോഷകരമായ സംഗതിയാണ്. ഓരോരുത്തർക്കും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം ലഭിക്കുമെന്നു തിരുവചനഭാഗങ്ങൾ വെളിപ്പെടുത്തുന്നു (സങ്കീ.62:12/യെശ.40:10/യിരെ.17:10/മത്താ.16:27/റോമ.2:6 /1.പത്രൊ.1:17/വെളി.11:18).

വിശ്വാസികൾ ഉണർന്നു പ്രവർത്തിക്കുവാനുള്ള കാലമാണിത്. കർത്താവു വരുവാൻ കാലമായിരിക്കുന്നു. നശിച്ചുപോകുന്ന ലോകത്തിന്റെ കാര്യങ്ങളിൽ നിന്നു നോട്ടം പിൻവലിച്ചു സ്വർഗ്ഗീയമായതിലേക്കു കണ്ണുകളെ ഉയർത്തുക. ഉറങ്ങുന്നവർ രണ്ടു കൂട്ടരുണ്ട്. (1) രക്ഷിക്കപ്പെട്ട വിശ്വാസികൾ (2) പാപത്തിൽ തന്നെ ജീവിക്കുന്ന രക്ഷിക്കപ്പെടാത്തവർ. അന്ധകാരത്തിൽ കഴിയുന്ന അനേകർ, രക്ഷിക്കപ്പെടാതെ നരകത്തീയിലേക്കു യാത്ര ചെയ്യുന്നു. അവരെ ഉണർത്തേണ്ട ചുമതല രക്ഷിക്കപ്പെട്ടവർക്കുള്ളതാണ്. അതിനായി വെളിച്ചത്തിന്റെ മക്കളായ രക്ഷിക്കപ്പെട്ടവർ ഉണരണം. ഇതു തന്നെയാണ് അപ്പൊസ്തലൻ പറയുന്നത് — *"ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധമായുമിരിക്ക"* (1.തെസ്സ.5:6).

*''ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു"* (വെളി.22:12). കർത്താവിന്റെ വരവിൽ പൂർണ്ണ പ്രതിഫലം ലഭിക്കുവാൻ, അന്നാളിൽ സ്വർഗ്ഗീയസദസ്സിൽ ലജ്ജിക്കാതിരിപ്പാൻ വിശുദ്ധിയും വേർപാടും പാലിച്ചു ദൈവവചനപ്രകാരം ജീവിക്കണം. നാം രക്ഷിക്കപ്പെട്ട നാൾ മുതൽ ഈ ലോകവാസത്തിന്റെ അവസാനം വരെയുള്ള പ്രവൃത്തികൾക്കായിരിക്കും പ്രതിഫലം ലഭിക്കുക.

= = = = = = = ***Amen*** = = = = = = =

(DOCTRINAL TRUTHS *by Samson Henry, Kollam*)

# അദ്ധ്യായം – 22

# ക്രിസ്തുവിന്റെ വീണ്ടും വരവ്

മനുഷ്യന്റെ രക്ഷക്കായി ദൈവം മുൻനിർണ്ണയിച്ചു വേർതിരിച്ചതും, കാലസമ്പൂർണ്ണതയിൽ മനുഷ്യപുത്രനായി വന്നു മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങളെ ചുമന്നൊഴിച്ച ദൈവത്തിന്റെ കുഞ്ഞാടുമാണ് കർത്താവായ യേശുക്രിസ്തു. മനുഷ്യനായി ജനിച്ചു, മനുഷ്യരുടെ ഇടയിൽ ജീവിച്ചു, മനുഷ്യരുടെ രക്ഷക്കായി മരിച്ചു എങ്കിലും ക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു ഇന്നു സ്വർഗ്ഗത്തിൽ ജീവിക്കുന്നു. "ഇതാ ഞാൻ വേഗം വരുന്നു" എന്നു വാഗ്ദത്തം നല്കിയ കർത്താവു നമ്മെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാനായി താമസംവിനാ വീണ്ടും വരും (വെളി.22:7,12,20). കർത്താവു നമുക്കായി സ്ഥലം ഒരുക്കുവാൻ പോയിരിക്കുകയാണ് (യോഹ.14:1-3). കർത്താവു പോയതു പോലെ തിരികെ വരും(അപ്പൊ.1:11). കർത്താവു തന്റെ സഭയെ ചേർത്തുകൊള്ളുവാൻ വരും എന്നുള്ളതാണ് സഭയുടെ ഭാഗ്യകരമായ പ്രത്യാശ (1.തെസ്സ.4:16-18).

കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചു തിരുവചനത്തിൽ കാണുന്ന സാക്ഷ്യങ്ങൾ —

### (1) കർത്താവിന്റെ സാക്ഷ്യം —

കർത്താവു ഈ ലോകത്തിലായിരുന്ന സമയത്തു തന്റെ വീണ്ടും വരവിനെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. വെളിപ്പാടു പുസ്തകത്തിലും കർത്താവിന്റെ വീണ്ടും വരവിനെക്കുറിച്ചുള്ള സാക്ഷ്യം രേഖപ്പെടുത്തിയിരിക്കുന്നു.

**മത്താ.16:27 —** *"മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും."*

**മത്താ.25:31,32** —*"മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും."*

**യോഹ.14:2,3** —*"എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയുംവന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും."*

**യോഹ.21:22** —*"യേശു അവനോടു: ഞാൻ വരുവോളം ഇവൻ ഇരിക്കേണമെന്നു എനിക്കു ഇഷ്ടം ഉണ്ടെങ്കിൽ അതു നിനക്കു എന്തു? നീ എന്നെ അനുഗമിക്ക എന്നു പറഞ്ഞു."*

**വെളി.22:7** —*"ഇതാ, ഞാൻ വേഗത്തിൽ വരുന്നു."*

**വെളി.22:12** — *"ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു."*

**വെളി.22:20** — *"അതേ, ഞാൻ വേഗം വരുന്നു."*

## (2) സ്വർഗ്ഗീയദൂതന്മാരുടെ സാക്ഷ്യം —

ക്രിസ്തു തന്റെ ഒന്നാം വരവിൽ മാനവജാതികൾക്കുള്ള രക്ഷാമാർഗ്ഗം ഒരുക്കിയശേഷം സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ദൂതന്മാർ കർത്താവു വീണ്ടും വരുമെന്നു പ്രഖ്യാപിച്ചു.

**അപ്പൊ.1:10,11** — *"അവൻ പോകുന്നേരം അവർ ആകാശത്തിലേക്കു ഉറ്റുനോക്കുമ്പോൾ വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു: ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നതു എന്തു? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു."*

## (3) കർത്തൃമേശ വിളിച്ചറിയിക്കുന്ന സാക്ഷ്യം —

കർത്താവിന്റെ മരണപുനരുത്ഥാനത്തെ അനുസ്മരിപ്പിക്കുന്ന കർത്തൃമേശ കർത്താവിന്റെ വീണ്ടും വരവിനെ പ്രകടമാക്കുന്നു. കർത്തൃമേശ എന്നെന്നേക്കുമുള്ള അനുഷ്ഠാനമല്ല. കർത്താവു വീണ്ടും വരുന്നതുവരെയുള്ള താല്കാലിക അനുസ്മരണം മാത്ര മാണ്.

**1.കൊരി.11:26 —** *"അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു."*

## (4) അപ്പൊസ്തലന്മാരുടെ സാക്ഷ്യം —

**(i) പൗലൊസ് —**

**ഫിലി.3:20,21 —** *"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തി കൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും."*

**1.തെസ്സ.4:16-18—** *"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ."*

**2.തെസ്സ.1:6,7 —** *"കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ......"*

**തീത്തൊ.2:12,13 —** *നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജ സ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപ ഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിന്നു അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു."*

**എബ്രാ.9:28 —** *"ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷെക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും."*

***(ii)* യാക്കോബ് —**

**യാക്കോ.5:7 —** *"എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ."*

***(iii)* പത്രൊസ് —**

**2.പത്രൊ.1:16 —** *"ഞങ്ങൾ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും നിങ്ങളോടു അറിയിച്ചതു നിർമ്മിതകഥകളെ പ്രമാണിച്ചിട്ടല്ല, അവന്റെ മഹിമ കണ്ട സാക്ഷി കളായിത്തീർന്നിട്ടത്രേ"* (മറുരൂപമലയിൽ യേശുവിന്റെ രൂപാന്തരം — മത്താ.17:1-5/മർക്കൊ.9:1-13/ ലൂക്കൊ.9:28-36).

**(iv) യോഹന്നാൻ —**

**1.യോഹ.2:28 —** *"ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യ ക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന്നു അവ നിൽ വസിപ്പിൻ."*

**വെളി.1:7 —** *"ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വു, ആമേൻ."*

***(v)* യൂദാ —**

**യൂദാ.14,15 —** *"ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവ രെക്കുറിച്ചു: ഇതാ കർത്താവു എല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകലപ്രവൃത്തികളും*

*നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരതയും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വന്നിരിക്കുന്നു എന്നു പ്രവചിച്ചു."*

## ക്രിസ്തുവിന്റെ വീണ്ടും വരവിലെ രണ്ടു ഘട്ടങ്ങൾ —

കർത്താവിന്റെ പുനരാഗമനത്തിനു രണ്ടു ഘട്ടങ്ങൾ ഉണ്ട്.

(1)യേശുക്രിസ്തു തനിക്കായി കാത്തിരിക്കുന്ന വിശുദ്ധന്മാരുൾപ്പെട്ട സഭയെ ചേർക്കുവാനായി സ്വർഗ്ഗത്തിൽ നിന്നിറങ്ങി മദ്ധ്യാകാശത്തിലേക്കുള്ള വരവ് (1. തെസ്സ.4:16,17).

(2) യേശുക്രിസ്തു തന്റെ സിംഹാസനം സ്ഥാപിക്കുവാൻ സഭയുമായി വരുന്ന മഹത്വപ്രത്യത (വെളി.1:7/യൂദാ.14,15) — ഭൂമിയിൽ സഹസ്രാബ്ദ ഭരണം സ്ഥാപിക്കുവാനും പാപികളുടെ ന്യായവിധിക്കുമായി വിശുദ്ധന്മാരുമായുള്ള പരസ്യപ്രത്യക്ഷത.

സഭാകാന്തനായ കർത്താവിന്റെ രണ്ടാം വരവിന്റെ ഒന്നാം ഘട്ടത്തിനു **ഉത്പ്രാപണം (Rapture)** എന്നും രണ്ടാം ഘട്ടത്തിനു **മഹത്വപ്രത്യക്ഷത (Glorious Return)** എന്നും പറയുന്നു. റാപ്റ്റോ (Rapto = to seize/ to carry off) എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് റാപ്ചർ (Rapture) എന്ന വാക്കു ഉടലെടുത്തിട്ടുള്ളത്. ഗ്രീക്കിൽ ഇതിനു ഹർപസോ (Harpazo) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോകുക, താങ്ങിക്കൊണ്ടു പോകുക, റാഞ്ചിക്കൊണ്ടു പോകുക, ബലമായി പിടിച്ചു കൊണ്ടുപോകുക എന്നീ അർത്ഥങ്ങളാണ് ഈ വാക്കുകൾക്കുള്ളത്. ഇരുമ്പ് കാന്തത്തിന്റെ ശക്തിയാൽ ആകർഷിക്കപ്പെടുന്നതു പോലെയുള്ള ഒരനുഭവമാണിത്.

കർത്താവു മദ്ധ്യാകാശത്തിൽ വരുമ്പോൾ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുകയും, ജീവനോടിരിക്കുന്ന രക്ഷിക്കപ്പെട്ട വിശുദ്ധന്മാർ മരണം കാണാതെ രൂപാന്തരം പ്രാപിച്ചു കർത്താവിനെ എതിരേൽപ്പാൻ ഉയരത്തിലേക്കു എടുക്കപ്പെടുകയും ചെയ്യും. മദ്ധ്യാകാശത്തിലെ ഒന്നാം വരവ് രഹസ്യമാണെങ്കിൽ രണ്ടാം വരവ് സകലഭൂവാസികളും കാണത്തക്കവിധത്തിൽ പരസ്യമായിരിക്കും.

**യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ രണ്ടു ഘട്ട ങ്ങളുടെ പ്രത്യേകതകൾ —**

| | *ഒന്നാം ഘട്ടം* | *രണ്ടാം ഘട്ടം* |
|---|---|---|
| 1 | സഭെക്കായി വരുന്നു (യോഹ.14:3) | സഭയുമായി വരുന്നു (കൊലൊ.3:4) |
| 2 | യേശുക്രിസ്തു മദ്ധ്യാകാശത്തിൽ വരും (1.തെസ്സ.4:16) | വിശുദ്ധന്മാരുമായി ഭൂമിയിൽ വരും (സെഖ.14:4) |
| 3 | മണവാളനായി — (സഭാകാന്തനായി) വരുന്നു (1.കൊരി.11:2) | രാജാവും, ന്യായാധിപനുമായി വരുന്നു (യൂദാ.15/ വെളി.19:11–16) |
| 4 | യേശുവിന്റെ പാദങ്ങൾ ഭൂമിയിൽ പതിക്കുന്നില്ല (1. തെസ്സ.4:16) | പാദങ്ങൾ ഒലിവുമലയിൽ ചവിട്ടും (സെഖ.14:4) |
| 5 | വിശുദ്ധന്മാർ മാത്രമേ കാണുകയുള്ളു (യോഹ.14:3/1. തെസ്സ.4:16) | സകല മനുഷ്യരും കാണും (മത്താ.25:31,32/ വെളി.19:20,21/വെളി.20:1,2) |
| 6 | സഭ എടുക്കപ്പെടുന്നു — കുഞ്ഞാടിന്റെ കല്യാണം | ഭൂമിയിൽ പീഡനകാലം |
| 7 | ഏതു നേരത്തും പ്രത്യക്ഷത ഉണ്ടാകാം | നിശ്ചിത സമയത്തിൽ |
| 8 | പാപികൾക്കു ഒന്നും സംഭവിക്കുന്നില്ല. | പാപികൾ ഭയന്നു വിറെക്കും |

കർത്താവ് സഭയെ ചേർക്കുവാൻ വരുന്ന ഒന്നാമത്തെ പ്രത്യക്ഷതയും, സഭയുമായി ഭൂമിയിലേക്കു വരുന്ന രണ്ടാമത്തെ പ്രത്യക്ഷതയും വേർതിരിച്ചു മനസ്സിലാക്കേണ്ടതാണ്. ഒന്നാമത്തെ പ്രത്യക്ഷത രഹസ്യ വരവായതിനാൽ അവിശ്വാസികളായ രക്ഷിക്കപ്പെടാത്തവർ ഇതു അറിയുകയില്ല. ഒരു കാന്തത്തിന്റെ

ആകർഷണശക്തിയാൽ ഇരുമ്പു ചാടിപ്പിടിക്കുന്നതു പോലെ രക്ഷിക്കപ്പെട്ട സകലരും കർത്താവിലേക്കു ആകർഷിക്കപ്പെട്ടു മദ്ധ്യാകാശത്തിൽ തങ്ങളുടെ പ്രാണപ്രിയനെ എതിരേൽക്കുവാൻ എടുക്കപ്പെടും. ഇരുമ്പല്ലാത്ത ഒരു ലോഹവും കാന്തത്തിന്റെ ആകർഷണവലയത്തിലുൾപ്പെടാത്തതുപോലെ രക്ഷിക്കപ്പെടാത്തവർ ഒന്നാം പ്രത്യക്ഷതയിൽ എടുക്കപ്പെടുകയില്ലെന്നു മാത്രമല്ല, സംഭവം അറികയുമില്ല. അന്നു ഭവനങ്ങളിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, ജോലിസ്ഥലങ്ങളിൽ, കൃഷിയിടങ്ങളിൽ, വ്യാപാരകേന്ദ്രങ്ങളിൽ, വാഹനങ്ങളിൽ എന്നിങ്ങനെ എവിടെ ആയിരുന്നാലും രക്ഷിക്കപ്പെട്ടവർ അപ്രത്യക്ഷരാകുകയും രക്ഷിക്കപ്പെടാത്തവർ ഭൂമിയിൽ കൈവിടപ്പെടുകയും ചെയ്യും. ഒരു പക്ഷേ സുവിശേഷം കേട്ടിട്ടും മറുതലിച്ചു തീരുമാനമെടുക്കാത്തവർ കൂട്ടത്തോടെയുള്ള ഈ അപ്രത്യക്ഷതയെപ്പറ്റി ബൈബിളിൽ പറഞ്ഞു കേട്ടിട്ടുണ്ടെന്നു പിന്നീടു മനസ്സിലാക്കിയേക്കാം. രക്ഷിക്കപ്പെട്ടവർ വരുവാനുള്ള ദൈവകോപത്തിൽ നിന്നു വിടുവിക്കപ്പെട്ടവരാകയാൽ അവർ ന്യായവിധിക്കു വിധേയരുമല്ല (1.തെസ്സ.1:9/1.തെസ്സ.5:9,10/ റോമ.5:9). എന്നാൽ രക്ഷിക്കപ്പെടാത്തവർ ദൈവകോപത്തിനും ന്യായവിധിക്കും വിധേയരാണ് (യോഹ.3:36).

സഭയുടെ ഏറ്റവും വലിയ പ്രത്യാശയെന്നത് കർത്താവിന്റെ പുനരാഗമനമാണ്. സഭയുടെ ഉത്പ്രാപണം, മരിച്ച വിശുദ്ധന്മാരുടെ പുനരുത്ഥാനം, മഹോപദ്രവം, അന്തിക്രിസ്തുവിന്റെ വാഴ്ച, ദൈവത്തിന്റെ ന്യായവിധികൾ, ഹർമ്മഗെദ്ദോൻ യുദ്ധം, യെഹൂദന്റെ യഥാസ്ഥാപനം, സഹസ്രാബ്ദവാഴ്ച, വെള്ളസിംഹാസനത്തിലെ അന്ത്യന്യായവിധി എന്നിങ്ങനെയുള്ള സകല ഭാവികാലസംഭവങ്ങളും ക്രിസ്തുവിന്റെ പുനരാഗമനത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചു കൊരിന്തിലും, മരിച്ച വിശുദ്ധന്മാരുടെ പുനരുത്ഥാനത്തെക്കുറിച്ചും, കർത്താവിന്റെ വരവിനെക്കുറിച്ചും തെസ്സലൊനീക്യയിലും വിശ്വാസികൾക്കിടയിൽത്തന്നെ അനേക സംശയങ്ങളുണ്ടായി. പഴയനിയമ വിശ്വാസികൾ ഉൾപ്പെടെ മരിച്ച വിശുദ്ധന്മാർ അന്ത്യനാൾവരെ ശവക്കല്ലറയിൽ തന്നെ ഇരിക്കുമോ? അതോ അവർ ഒഴിവാക്കപ്പെടുമോ? കർത്താവു വരുമ്പോൾ എന്തൊക്കെ സംഭവിക്കും? പുനരുത്ഥാന

വേളയിൽ അവരുടെ മരിച്ചവർ അംഗഹീനരാകുമോ? കർത്താവു വരുമ്പോൾ അന്നു ജീവിച്ചിരിക്കുന്നവർക്കു എന്തെങ്കിലും പ്രത്യേകത ലഭിക്കുമോ? ഈവിധ ചോദ്യങ്ങൾക്കു ഉത്തരം അപ്പൊസ്തലനായ പൗലൊസ് കർത്താവിൽ നിന്നു പ്രാപിച്ചു വിശദീകരിച്ചിട്ടുണ്ട് (1.കൊരി.15:1 –58/1.തെസ്സ.4:13 –18).

## കർത്താവിന്റെ രണ്ടാം വരവിന്റെ ഒന്നാം ഘട്ടം എങ്ങനെ? (മദ്ധ്യാകാശത്തിലെ പ്രത്യക്ഷത എങ്ങനെ?)

**1.തെസ്സ.4:16–18 —** *"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ."*

ഈ വാക്യങ്ങളിൽ കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ആ വരവു ഏതു നിലയിലായിരിക്കുമെന്നും, കർത്താവിനെ അകമ്പടി സേവിക്കുന്നവർ ആരൊക്കെയാണെന്നും, അതിന്റെ ഗാംഭീര്യം എന്തായിരിക്കുമെന്നും, അപ്പോൾ എന്തൊക്കെ സംഭവിക്കുമെന്നും രേഖപ്പെടുത്തിയിരിക്കുന്നതു പടിപടിയായി ചിന്തിക്കാം.

**(I) സഭയെ ചേർക്കാൻ ആരാണ് വരുന്നത്?**

= കർത്താവു താൻ

**(II) കർത്താവു എവിടെ നിന്നു വരുന്നു?**

= സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്നു.

**(III) കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവു എപ്രകാരമായിരിക്കും?**

= (1) ഗംഭീരനാദത്തോടെ

= (2) പ്രധാന ദൂതന്റെ ശബ്ദത്തോടെ

= (3) ദൈവത്തിന്റെ കാഹളത്തോടെ

**(IV) കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിൽ എന്തൊക്കെ സംഭവിക്കും?**

= (1) ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കും.

= (2) ജീവനോടെ ശേഷിക്കുന്നവർ രൂപാന്തരപ്പെടും.

= (3) എല്ലാവരും ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്ക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും.

**(V) കർത്താവിനെ എതിരേറ്റശേഷം നമ്മുടെ സ്ഥിതി എന്താണ്?**

= നാം എപ്പോഴും കർത്താവിനോടു കൂടെയിരിക്കും.

**(VI) കർത്താവിന്റെ വരവിനെക്കുറിച്ചു പ്രത്യാശയുള്ള നാം ഇന്നു എന്തു ചെയ്യണം?**

= ദൈവവചനത്താൽ വിശ്വാസികൾ അന്യോന്യം ആശ്വസിപ്പിക്കണം.

## (I) സഭയെ ചേർക്കുവാൻ ആരാണ് വരുന്നത്?

**കർത്താവു താൻ (The Lord Himself) —**

"കർത്താവു താൻ" എന്നു പറഞ്ഞിരിക്കുന്നതിലുള്ള പ്രത്യേകതയെന്തെന്നാൽ തന്റെ സഭയെ കൊണ്ടുപോകുവാൻ തന്റെ ദൂതഗണത്തെയല്ല അയെക്കുന്നത്, മറിച്ചു കർത്താവു തന്നെയായിരിക്കും വരുന്നത് എന്നതാണ്. രണ്ടായിരം വർഷങ്ങൾക്കു മുമ്പു ത്രിത്വത്തിൽ രണ്ടാമനായ കർത്താവായ യേശുക്രിസ്തു മനുഷ്യനായി ഭൂമിയിൽ വന്നു പാപികളായ മനുഷ്യവർഗ്ഗത്തിനു സ്വർഗ്ഗപ്രവേശനത്തിനുള്ള വഴിയൊരുക്കി. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരണം ലഭിച്ച തന്റെ മക്കളെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ വരുന്നതും താൻ നേരിട്ടു തന്നെയാണ്.

## (II) കർത്താവു എവിടെ നിന്നു വരുന്നു? (Return)

**സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരും — (will descend from Heaven)-**

നമ്മുടെ കർത്താവു നമ്മുടെ പാപങ്ങൾക്കായി മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു, സ്വർഗ്ഗാരോഹണം ചെയ്തു. എബ്രായലേഖനകർത്താവു പറയുന്നത് കർത്താവു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തു ഭാഗത്തു ഇരി

ക്കുന്നു എന്നാണ് (എബ്രാ.1:3). ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ ഒലിവുമലയിൽ നിന്നും കർത്താവു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ അവിടെ നിന്ന രണ്ടു സ്വർഗ്ഗീയദൂതന്മാർ പറഞ്ഞു—*"ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നതു എന്തു? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും"*(അപ്പൊ.1:11). ഇവിടെ ദൂതന്മാർ പറഞ്ഞത് യേശു സ്വർഗ്ഗത്തിലേക്കു പോയതുപോലെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുമെന്നാണ്.

ഫിലിപ്യ, തെസ്സലൊനീക്യ ലേഖനങ്ങളിലും, വെളിപ്പാടിലും കർത്താവിന്റെ വരവിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്.—*"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു അവിടെ നിന്നു കർത്താവായ യേശു രക്ഷിതാവായി വരും"* (ഫിലി.3:20,21). *"യേശു സ്വർഗ്ഗത്തിൽ നിന്നു വരുന്നതു കാത്തിരിപ്പാനും"* (1.തെസ്സ.1:9). *"ഇതാ ഞാൻ വേഗം വരുന്നു , ഇതാ ഞാൻ വേഗം വരുന്നു അതേ ഞാൻ വേഗം വരുന്നു"* (വെളി.22:7,12,20). ഈ ഭാഗങ്ങളിലെല്ലാം നമ്മുടെ കർത്താവു സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുമെന്നാവർത്തിച്ചു പറഞ്ഞിരിക്കുന്നു.

## (III) കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവു എപ്രകാരമായിരിക്കും ?

### (1) ഗംഭീരനാദത്തോടെ (With a Shout) —

കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിൽ ആദ്യത്തേതു കർത്താവിന്റെ ഗംഭീരനാദമാകുന്ന കാഹളശബ്ദം അഥവാ ആജ്ഞാശബ്ദമാണ് ( shout of command ). ഒരു സൈന്യത്തിലെ പടയാളികൾ ഒന്നിച്ചു അണിനിരക്കാനും, യുദ്ധത്തിനു പുറപ്പെടാനും സൈന്യാധിപൻ നല്കുന്ന ഉത്തരവു പോലെയുള്ള പ്രതിധ്വനി ഇതിലടങ്ങിയിരിക്കുന്നു. ലാസറിന്റെ കല്ലറെക്കൽ നിന്നു ലാസറേ പുറത്തു വരിക (Lazarus, Come Out -- യോഹ.11:43,44) എന്നു കർത്താവു ഉറക്കെ വിളിച്ച അവസരത്തിൽ മരിച്ച ലാസർ ജീവൻ പ്രാപിച്ചു കല്ലറയിൽ നിന്നു പുറത്തുവരാൻ ഇടയായ അതേ ആജ്ഞാസ്വരം ഇവിടെ കർത്താവിന്റെ ഗംഭീരനാദത്തിലും അടങ്ങിയിരിക്കുന്നു.

പഴയനിയമത്തിൽ യിസ്രായേലിന്റെ മരുഭൂമി യാത്രയിൽ വെള്ളിക്കാഹളങ്ങളുണ്ടാക്കുവാൻ മോശെക്കു നൽകിയ നിർദ്ദേശത്തിൽ നിന്നും ഗംഭീരനാദത്തിന്റെ പ്രത്യേകതയും, അർത്ഥവും കാണാം. (സംഖ്യാ.10:1-10) —

(1) സഭയെ വിളിച്ചു കൂട്ടുവാനും പാളയത്തെ പുറപ്പെടുവിക്കുവാനും വെള്ളി കൊണ്ടു രണ്ടു കാഹളങ്ങൾ ഉണ്ടാക്കുക — സംഖ്യാ.10:1,2

(2) കാഹളം ഊതുമ്പോൾ സഭ മുഴുവനും സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ കൂടണം — സംഖ്യാ.10:3

(3) ഒരു കാഹളം ഊതുമ്പോൾ യിസ്രായേലിന്റെ പ്രഭുക്കന്മാർ കൂടണം — സംഖ്യാ.10:4

(4) ആദ്യത്തെ ഗംഭീരധ്വനി ഊതുമ്പോൾ കിഴക്കേ പാളയങ്ങൾ യാത്ര പുറപ്പെടണം — സംഖ്യാ.10:5

(5) രണ്ടാമത്തെ ഗംഭീരധ്വനി ഊതുമ്പോൾ തെക്കേ പാളയങ്ങൾ യാത്ര പുറപ്പെടണം — സംഖ്യാ.10:6

(6) സഭയെ കൂട്ടേണ്ടതിനു ഊതുമ്പോൾ ഗംഭീരധ്വനി ഊതരുത് — സംഖ്യാ.10:7

(7) ശത്രുവിന്റെ നേരേ യുദ്ധത്തിനു പോകുമ്പോൾ ഗംഭീരധ്വനിയായി കാഹളം ഊതണം — സംഖ്യാ.10:9.

(8) ഹോമയാഗങ്ങളും സമാധാനയാഗങ്ങളും അർപ്പിക്കുമ്പോൾ കാഹളം ഊതണം — സംഖ്യാ.10:10.

ഇതിൽ നിന്നു കാഹളം വിവിധ ശബ്ദങ്ങൾ പുറപ്പെടുവിക്കാനും, വിവിധ ആവശ്യങ്ങൾക്കായും ഉപയോഗിക്കുന്നതായി കാണുന്നു. സമാഗമനകൂടാരത്തിനടുത്തേക്കു ജനത്തെ വിളിച്ചു കൂട്ടുവാൻ സാധാരണ ശബ്ദത്തിൽ കാഹളം ഊതുമ്പോൾ, ഗംഭീരധ്വനി രണ്ടു കാര്യങ്ങൾക്കായി ഊതുന്നു — (1) സഭയുടെ പുറപ്പാട് (2) ശത്രുവിനോടു യുദ്ധത്തിനുള്ള പുറപ്പാട്. ആയതുപോലെ കർത്താവിന്റെ ഒന്നാം പ്രത്യക്ഷതയിൽ പുറപ്പെടുവിക്കുന്ന ഗംഭീരധ്വനി തനിക്കായി വേർതിരിഞ്ഞു കാത്തിരിക്കുന്ന സഭയെ ചേർക്കാനായി പുറപ്പെടുവിക്കുമെങ്കിൽ, സഭയുമായി വരുന്ന മഹത്വപ്രത്യക്ഷതയിലെ ഗംഭീരധ്വനി ശത്രുവിനോടു യുദ്ധത്തിനുള്ള ധ്വനിയായിരിക്കും. സെഖ.14:3,4 —*"എന്നാൽ യഹോവ പുറപ്പെട്ടു, താൻ*

*യുദ്ധദിവസത്തിൽ പൊരുതതു പോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും."*

പുതിയനിയമത്തിൽ വിവിധ സന്ദർഭങ്ങളിൽ കർത്താവിന്റെ ഗംഭീരനാദത്തെക്കുറിച്ചു കാണുന്നു.

(1) ക്രൂശിൽ മരണസമയത്ത് ഉറക്കെ നിലവിളിച്ചപ്പോൾ (മത്തായി.27:46,50), ഈ ഗംഭീരധ്വനിയാൽ ദൈവാലയമന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തി, ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്ര പ്രാപിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റു.

(2) മരിച്ചിട്ടു നാലു നാളായ ലാസറിന്റെ കല്ലറെക്കൽ നിന്നു ലാസറേ പുറത്തു വരിക എന്നു ഉറക്കെ കല്പിച്ച (യോഹ.11:43,44) ഗംഭീരധ്വനിയാൽ ലാസർ ഉയിർത്തെഴുന്നേറ്റു.

(3) പുനരാഗമനത്തിൽ മദ്ധ്യാകാശത്തിൽ ഗംഭീരധ്വനി പുറപ്പെടുവിക്കുമ്പോൾ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർ ഒന്നടങ്കം ഉയിർത്തെഴുന്നേൽക്കും (1.തെസ്സ.4:16/യോഹ.5:28).

(4) കർത്തൃദിവസത്തിൽ ആത്മവിവശനായ യോഹന്നാൻ കാഹളത്തിനൊത്ത ഒരു മഹാനാദം കേട്ടു(വെളി.1:10-12).

പഴയനിയമത്തിൽ പുറപ്പാടു പുസ്തകത്തിൽ യഹോവയാം ദൈവം സീനായ് പർവ്വതത്തിലേക്കിറങ്ങി വന്നപ്പോൾ *"ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി; പാളയത്തിലെ ജനം ഒക്കെയും നടുങ്ങി"* എന്നു കാണുന്നു (പുറ.19:16). ദൈവം തന്റെ ജനത്തിനു ന്യായപ്രമാണമടങ്ങിയ പത്തുകല്പനകൾ കൊടുക്കുവാൻ ഇറങ്ങി വന്നപ്പോൾ സർവ്വശക്തനായ ദൈവത്തിന്റെ ഗാംഭീര്യം അവിടെ വിളങ്ങി. അന്നു മോശെയും യിസ്രായേൽ മക്കളും ദൈവത്തിന്റെ മഹാഗംഭീരധ്വനിയിൽ ഭയപ്പെട്ടു നടുങ്ങിയെങ്കിൽ മദ്ധ്യാകാശത്തിൽ ഉയരുന്ന ഗംഭീരകാഹളധ്വനി നമ്മെ സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകുവാനുള്ള ഇമ്പശബ്ദമായിരിക്കും. എബ്രായലേഖനത്തിൽ പരിശുദ്ധാത്മാവു രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക — എബ്രാ.12:18 —*"സ്ഥൂലമായതും തീ കത്തുന്നതുമായ പർവ്വതത്തിന്നും മേഘതമസ്സ്, കൂരിരുട്ടു, കൊടുങ്കാറ്റു, കാഹളനാദം, വാക്കുകളുടെ ശബ്ദം എന്നിവെക്കും അടുക്കൽ അല്ലല്ലോ നിങ്ങൾ വന്നിരിക്കുന്നതു."*

(DOCTRINAL TRUTHS *by Samson Henry, Kollam*)

**(2) പ്രധാന ദൂതന്റെ ശബ്ദം (The voice of the Archangel)**

പ്രധാന ദൂതന്റെ ശബ്ദം രണ്ടാം കാഹളമായി കണക്കാക്കാം. ബൈബിളിൽ അഞ്ചിടത്തു മീഖായേൽ എന്ന പേരു കാണുന്നു.

> ദാനീ.10:13 - പ്രധാനപ്രഭുക്കന്മാരിൽ ഒരുവനായ മീഖായേൽ
> ദാനീ.10:21 - പ്രഭുവായ മീഖായേൽ
> ദാനീ.12:1 - മഹാപ്രഭുവായ മീഖായേൽ
> യൂദാ.9 - പ്രധാനദൂതനായ മീഖായേൽ
> വെളി.12:7 - മീഖായേലും അവന്റെ ദൂതന്മാരും.

യൂദാ.9 -ൽ മീഖായേൽ പ്രധാനദൂതനായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ദാനീയേൽ.10:13-ൽ മീഖായേൽ, പ്രഭുക്കന്മാരിൽ ഒരുവൻ എന്നു പറഞ്ഞിരിക്കുന്നതിനാൽ കർത്താവിന്റെ വരവിലെ പ്രധാനദൂതന്റെ ശബ്ദം എന്നത് മീഖായേലിന്റെ തന്നെയാണോ എന്നു തീർത്തും പറയുവാൻ കഴിയുകയില്ല. അതേ സമയം ഏഴു പ്രധാനദൂതന്മാരുണ്ടെന്നു യഹൂദന്മാരുടെ ഇടയിൽ അഭിപ്രായവുമുണ്ട്. ദൂതന്മാരെക്കുറിച്ചു പഠിക്കുമ്പോൾ അവരുടെ ശുശ്രൂഷകളെ അടിസ്ഥാനപ്പെടുത്തി സംരക്ഷണവിഭാഗം, ശത്രുക്കളോടു പോരാടുന്നതിനുള്ള വിഭാഗം, ഗായകസംഘം, ദൂതുവാഹികൾ എന്നിങ്ങനെ ദൂതന്മാർ പല വിഭാഗത്തിലുൾപ്പെടുന്നു. ഈ വിഭാഗങ്ങളിൽ ദൈവത്തിനു അനേക ദൂതന്മാരുണ്ടെങ്കിലും മീഖായേലിന്റെയും ഗബ്രിയേലിന്റെയും പേരുകൾ മാത്രമേ പറഞ്ഞിട്ടുള്ളു. ദൈവത്തിനായി യുദ്ധം ചെയ്യേണ്ടി വരുമ്പോൾ മീഖായേലിനെയും (ദാനീ.10:13/ യൂദാ.9/വെളി.12:7), ദൈവീകവാഗ്ദത്തങ്ങൾ അറിയിക്കുന്ന വേളയിൽ ഗബ്രിയേലിനെയും കാണുന്നു (ലൂക്കൊ.1:19,26). പ്രധാനദൂതൻ മീഖായേലോ മറ്റാരെങ്കിലുമോ ആയാലും, കർത്താവു മദ്ധ്യാകാശത്തിൽ വന്നു ഗംഭീരനാദം പുറപ്പെടുവിക്കുമ്പോൾ ദൈവത്തിന്റെ സൈന്യത്തിന്റെ പ്രധാനദൂതന്റെ ശബ്ദവും അതിനോടു ഒത്തുചേരും.

## പ്രധാനദൂതന്റെ ശബ്ദം എന്തിന് ?

കർത്താവിന്റെ രണ്ടാം വരവിലെ ഒന്നാം പ്രത്യക്ഷതയിൽ പ്രധാനദൂതന്റെ ശബ്ദം ഉണ്ടായിരിക്കുമെന്നു തിരുവചനത്തിൽ കണ്ടു. എന്നാൽ പ്രധാനദൂതന്റെ ശബ്ദം എന്തിനെന്നുള്ള ചോദ്യത്തിനു പല വ്യാഖ്യാനങ്ങളുണ്ട്.

(a) ദൈവമക്കളെ സംബന്ധിച്ച് മരണം ഒരു നിദ്ര അഥവാ ഉറക്കം മാത്രമാണ്. ക്രിസ്തുവിൽ നിദ്ര കൊണ്ടവർ എന്നാണ് അവരെക്കുറിച്ചു പറയുന്നത് (യോഹ.11:11/ അപ്പൊ.7:60/1.കൊരി.15:51/ വെളി.14:13/ ഫിലി.1:23). അവരുടെ ശരീരം ശവക്കുഴിയിൽ അടക്കം ചെയ്തുവെങ്കിലും ആത്മാവു ക്രിസ്തുവിനോടു കൂടെയായിരിക്കുന്നു. ക്രിസ്തു തന്റെ സഭയെ കൊണ്ടുപോകുവാൻ വരുന്ന വേളയിൽ മരിച്ച വിശുദ്ധന്മാരുടെ ആത്മാക്കളും തന്നോടൊപ്പം ഉണ്ടായിരിക്കും. *1.തെസ്സ.4:14 — "യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നേ ദൈവം* ***നിദ്രകൊണ്ടവരെയും യേശുമുഖാന്തരം അവനോടുകൂടെ വരുത്തും."*** ഈ അവസരത്തിലാണ് പുനരുത്ഥാനം പ്രാപിക്കുന്നത്. യൂദാ.9-ൽ പ്രധാനദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ചു പിശാചിനോടു തർക്കിച്ചു വാദിച്ചതായി കാണുന്നതിനാൽ വിശ്വാസികളുടെ പുനരുത്ഥാനത്തിലും പിശാച് തടസ്സം സൃഷ്ടിച്ചേക്കാം. ഈ ലോകവും, ആകാശമണ്ഡലവും ദുഷ്ടന്റെ അഥവാ ദുഷ്ടാത്മസേനയുടെ അധീനത്തിലായതിനാൽ ദൈവീക കാര്യപരിപാടികൾക്കു വിഘ്നം വരാതെ നോക്കേണ്ട ചുമതല പ്രധാനദൂതനുണ്ട്.

(b) സാത്താൻ ഇന്നു ആകാശത്തിലെ അധികാരത്തിനധിപതിയായി വാഴുന്നു (എഫെ.2:2). അവന്നു ദുഷ്ടാത്മസേനയുമുണ്ട് (എഫെ.6:12). ദൈവീകമായ സകലകാര്യങ്ങൾക്കും തടസ്സം സൃഷ്ടിക്കുവാനും നിർവ്വീര്യമാക്കുവാനും സദാ തയ്യാറായി പതിയിരിക്കുന്ന സാത്താന്യശക്തികൾ സഭയുടെ ഉത്പ്രാപണത്തിലും അതിനെതിരായി പ്രവർത്തിക്കുവാൻ സാദ്ധ്യതയുണ്ട്. അങ്ങനെയുണ്ടാകാനിടയായാൽ സ്വർഗ്ഗീയസൈന്യത്തെ കൂട്ടിവരുത്തി അവരോടു പോരാടുന്നതിനാണ് പ്രധാനദൂതന്റെ സാന്നിദ്ധ്യവും ശബ്ദവും.

(c) യേശുക്രിസ്തുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള അവസരങ്ങളിലെല്ലാം സ്വർഗ്ഗീയദൂതന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

> ജനനത്തിൽ - ലൂക്കൊ.2:10-14,

> മരുഭൂമിയിലെ പരീക്ഷയിൽ - മത്താ.4:11,

> ഗെത്ത്ശെമനതോട്ടത്തിലെ വ്യഥയുടെ വേളയിൽ - ലൂക്കൊ.22:43,

> പുനരുത്ഥാനത്തിൽ - മത്താ.28:2-7/ ലൂക്കൊ.24:1-7,

> സ്വർഗ്ഗാരോഹണത്തിൽ - അപ്പൊ.1:10,11.

--> തനിക്കായി കാത്തിരിക്കുന്ന മണവാട്ടിസഭയെ ചേർക്കുവാൻ വരുന്ന അവസരത്തിലും ദൂതന്മാരുടെ സാന്നിദ്ധ്യവും പ്രധാനദൂതന്റെ ശബ്ദവും ഉണ്ടായിരിക്കുമെന്നതും യുക്തമായിരിക്കുന്നു.

**(3) ദൈവത്തിന്റെ കാഹളം** (the Trumpet of God)

കർത്താവിന്റെ ഗംഭീരനാദത്തിങ്കൽ കല്ലറകളിൽ അഥവാ മണ്ണിലുറങ്ങുന്ന ക്രിസ്തുഭക്തന്മാർ  പുനരുത്ഥാനം പ്രാപിക്കുമെങ്കിൽ ദൈവത്തിന്റെ കാഹളനാദത്തിങ്കൽ ജീവനോടിരിക്കുന്ന വിശുദ്ധന്മാർ  രൂപാന്തരം പ്രാപിച്ചു എടുക്കപ്പെടും. ഭൂലോകത്തിൽ എവിടെയുമുള്ള ജീവിച്ചിരിക്കുന്ന സകലവിശുദ്ധന്മാരെയും ഒന്നിച്ചു ചേർക്കുന്നതാണീ കാഹളധ്വനി. അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യലേഖനത്തിൽ ദൈവത്തിന്റെ കാഹളനാദത്തിങ്കൽ സംഭവിക്കുന്ന കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക —

1.കൊരി.15:52 - *“ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും.”* അതായതു കാഹളനാദത്തിങ്കൽ മരിച്ചുപോയ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുകയും ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടുകയും ചെയ്യും. മരുഭൂമിയിൽ പാളയമടിച്ചു പാർത്തിരുന്ന യിസ്രായേൽ മക്കൾ പുറപ്പെടുവാനുള്ള ഗംഭീരകാഹളധ്വനി കേൾക്കുമ്പോൾ കൂടാരങ്ങളുടെ കയറുകൾ അഴിച്ച്, കുറ്റികൾ ഊരിയെടുത്തു യാത്ര പുറപ്പെടുന്നതു

പോലെ ദൈവത്തിന്റെ കാഹളനാദത്തിങ്കൽ ഈ ലോകമരുഭൂമിയിലെ എല്ലാ ബന്ധങ്ങളും, ബന്ധനങ്ങളും വിട്ടിട്ട് പ്രാണപ്രിയനായ കർത്താവിനെ എതിരേല്ക്കാൻ നാം വാനമേഘങ്ങളിൽ ഒത്തുചേരും.

## (IV) കർത്താവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിൽ എന്തൊക്കെ സംഭവിക്കും?

**(1) ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കും** (The dead in Christ will rise first -- Resurrection)

യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും തന്റെ സഭയെ ചേർക്കുവാൻ ഗംഭീരനാദത്തോടും, പ്രധാനദൂതന്റെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളശബ്ദത്തോടും മദ്ധ്യാകാശത്തിലേക്കിറങ്ങി വരുമ്പോൾ ആദ്യമായി സംഭവിക്കുന്നത് ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേൽപ്പാണ്. അതിനു ശേഷമായിരിക്കും ജീവിച്ചിരിക്കുന്ന രക്ഷിക്കപ്പെട്ട വിശുദ്ധന്മാരുടെ രൂപാന്തരം പ്രാപിക്കൽ. അതായതു കർത്താവിന്റെ വരവിൽ അപ്പോൾ ജീവിച്ചിരിക്കുന്നവരേക്കാൾ മുൻഗണന ലഭിക്കുന്നത് ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർക്കായിരിക്കും.

കൊരിന്തിലുള്ള വിശ്വാസികളിലൊരു കൂട്ടർ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ വിശ്വസിച്ചില്ല. ക്രിസ്തുവിന്റെ പുനരുത്ഥാനം വ്യക്തമാക്കുവാൻ പൗലൊസ് (1.കൊരി.15:1-11) മൂന്നു തെളിവുകൾ ഹാജരാക്കുന്നു.

> (1) അവർ പ്രാപിച്ച രക്ഷ (1.കൊരി.15:1,2). സുവിശേഷത്തിന്റെ അടിസ്ഥാനം ഉയിർത്തെഴുന്നേറ്റ കർത്താവാണ്. അവർ രക്ഷിക്കപ്പെട്ടത് ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സുവിശേഷത്താലാണ്.

> (2) തിരുവെഴുത്തുകൾ പുനരുത്ഥാനത്തെ വെളിപ്പെടുത്തുന്നു (1.കൊരി.15:3,4). യേശുക്രിസ്തു ലോകത്തിന്റെ പാപങ്ങൾക്കായി മരിച്ചുയിർത്തെഴുന്നേൽക്കുമെന്നു പറഞ്ഞിട്ടുണ്ട് (യെശ.53:10-12/സങ്കീ.16:10/സങ്കീ.2:7/ലേവ്യ.23:9-14/മത്താ.12:38-41).

> (3) പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പുള്ള പ്രത്യക്ഷത (1.കൊരി.15:5-8). ഉയിർത്തെഴുന്നേറ്റ കർത്താവു തന്റെ ശിഷ്യന്മാർക്കു പുറമേ അനേകർക്കു പ്രത്യക്ഷനായി (അപ്പൊ.2:32,3:15,5:31,32/യോഹ.7:5).

മരിച്ചവരുടെ പുനരുത്ഥാനം എന്നത് അപ്പൊസ്തലനായ പൗലൊസിന്റെ കാലത്തെന്നപോലെതന്നെ ഇന്നും അനേകർക്കു മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ള വിഷയമാണ്. സൃഷ്ടിയുടെ ആരംഭത്തിൽ ഉണ്ടാകട്ടെ എന്ന ദൈവശബ്ദത്താൽ ദൈവം ആഗ്രഹിച്ചതെല്ലാം ഉണ്ടായിയെങ്കിൽ മണ്ണിൽ അലിഞ്ഞുചേർന്ന മനുഷ്യശരീരത്തെ ഉയിർത്തെഴുന്നേൽപ്പിക്കുവാനും ആ ശബ്ദം മതി എന്നതാണ് അടിസ്ഥാനതത്വം. മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചു പൗലൊസ് അഥേനയിൽ പ്രസംഗിച്ചപ്പോൾ അവർ പൗലൊസിനെ പരിഹസിച്ചതായി വായിക്കുന്നു (അപ്പൊ.17:32). മനുഷ്യശരീരം പുനരുത്ഥാനം ചെയ്യുമെന്നത് കൊരിന്ത്യർക്കു വിശ്വസിക്കുവാൻ ഏറെ പ്രയാസമുള്ള വിഷയമായിരുന്നു. അവരുടെ മനസ്സിൽ മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ചു അനേക ചോദ്യങ്ങൾ ഉയർന്നു വന്നു. മരിച്ചുപോയ തങ്ങളുടെ പ്രിയപ്പെട്ടവരെ കല്ലറകളിൽ അടക്കിയശേഷം ആ ശരീരം മണ്ണിൽ ലയിക്കുന്നു. ചീഞ്ഞഴുകി മണ്ണോടു ചേർന്ന മനുഷ്യശരീരത്തിലെ ലവണങ്ങൾ സമീപപ്രദേശത്തെ സസ്യങ്ങളും വൃക്ഷങ്ങളും വലിച്ചെടുത്തു വളരുന്നു. മൃഗങ്ങൾ ഈ സസ്യങ്ങൾ ഭക്ഷിക്കുന്നു. ഇതിനു പുറമേ ഇവയിൽ നിന്നുണ്ടാകുന്ന ഫലങ്ങൾ മനുഷ്യൻ കഴിക്കുവാനും ഇടയായിത്തീരുന്നു. ഇക്കാരണത്താൽ അവർ കഴിക്കുന്ന ഫലങ്ങളും, ധാന്യങ്ങളും ഉൾപ്പെട്ടതൊക്കെ ഒരുപക്ഷേ മുൻതലമുറയിലെ തങ്ങളുടെ പ്രിയപ്പെട്ടവരുടെ ശരീരത്തിൽ നിന്നു വലിച്ചെടുത്ത ലവണങ്ങളിൽ നിന്നാകാം എന്നവർ അനുമാനിക്കുന്നു. ഈ വിധത്തിൽ മൃഗങ്ങളുടെയും മനുഷ്യരുടെയും ആഹാരമായിത്തീർന്ന തങ്ങളുടെ മരിച്ച പ്രിയപ്പെട്ടവർ എങ്ങനെ ഉയിർത്തെഴുന്നേൽക്കും? പുനരുത്ഥാനവേളയിൽ ഇവരുടെ ശരീരം എങ്ങനെ പഴയതുപോലെ ഒന്നാകും? സ്വർഗ്ഗത്തിൽ അവർ അംഗഹീനരായിരിക്കുമോ? ഇങ്ങനെയുള്ള ചോദ്യങ്ങളോടെ ദൈവത്തിലും, ദൈവവചനത്തിലും വിശ്വസിക്കാതെ പുനരുത്ഥാനവിഷയത്തിൽ സംശയങ്ങൾ ഉന്നയിക്കുന്നവരെ പൗലൊസ് വിളിക്കുന്നത് മൂഢാ എന്നാണ് (1.കൊരി.15:36). പുനരുത്ഥാനം എന്നത് പഴയ മനുഷ്യശരീരം വീണ്ടും അതേപോലെ സൃഷ്ടിക്കുകയോ, ചേരുംപടി ചേർക്കുകയോ, നിർമ്മിക്കുകയോ അല്ല. മറിച്ച് നാം രൂപാന്തരം പ്രാപിച്ചു ദൈവ

ത്തോടു സദൃശ്യന്മാർ ആകും (1.യോഹ.3:2). തേജസ്കരിക്കപ്പെട്ട അഥവാ രൂപാന്തരം പ്രാപിച്ച ഒരു ശരീരം അതിന്റെ സ്ഥാനത്തു ലഭിക്കുമെന്നതാണർത്ഥമാക്കുന്നത്. ( Resurrection is not a reconstruction of the human body but it is a transformation so that we shall be like Him). ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചു കൊരിന്ത്യരോടു വിശദീകരിക്കാനായി മൂന്നു തെളിവുകൾ നിരത്തുന്നു.

> അവർ പ്രാപിച്ച രക്ഷ,

> പഴയനിയമതിരുവെഴുത്തുകൾ,

> യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം (1.കൊരി.15:1 -11)

യേശുക്രിസ്തുവിൽ മരിച്ചവരുടെ പുനരുത്ഥാനം വിശദീകരിക്കുവാനായും മൂന്നു തെളിവുകൾ ഹാജരാക്കുന്നു (1.കൊരി.15:35-49).

> (1) വിത്തു (1.കൊരി.15:35-38 & 42-48) — ഏതൊരു സസ്യത്തിന്റെയും വിത്തു മണ്ണിൽ വിതെച്ചാൽ അതേ വിത്തുതന്നെ ഫലമെടുപ്പിൽ തിരികെ ലഭിക്കുന്നില്ല. എന്നാൽ ആ വിത്തു ചത്തിട്ടു ഒരു പുതിയ ജീവൻ ഉണ്ടായി വിതച്ച വിത്തിനോടു രൂപാന്തരമുള്ള ഫലം ഉണ്ടാകുന്നു.

> (2) മാംസം (1.കൊരി.15:39) — മനുഷ്യർക്കും, മൃഗങ്ങൾക്കും, പക്ഷികൾക്കും വിവിധ തരത്തിലുള്ള മാംസവും, ശരീരവും ദൈവം നൽകിയിരിക്കുന്നുവെങ്കിൽ പുനരുത്ഥാനത്തിലും മറ്റൊരു രൂപാന്തരപ്പെട്ട ശരീരം നല്കുവാൻ ദൈവത്തിനു കഴിയും.

> (3) തേജസ്സ് (1.കൊരി.15:40,41) — സൂര്യചന്ദ്രനക്ഷത്രാദികളുടെ തേജസ്സ് അഥവാ പ്രഭ വെവ്വേറെ ആയിരിക്കുന്നതുപോലെ ഭൗമീകശരീരവും ആത്മീകശരീരവും വ്യത്യസ്തതയുള്ളതായിരിക്കും.

ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാരുടെ ശരീരം മണ്ണിൽ അലിഞ്ഞുചേർന്നാലും കർത്താവിന്റെ മദ്ധ്യാകാശത്തിലെ പ്രത്യക്ഷതയിൽ സ്വർഗ്ഗീയതേജസ്സുള്ള ശരീരം ലഭിച്ചുയിർത്തെഴുന്നേൽക്കും. ആ ശരീരത്തിന്റെ വ്യക്തമായ രൂപവും, ഭാവവും, മാതൃകയും, അടയാളങ്ങളും ഒന്നും നമുക്കറിയില്ലെങ്കിലും, പുനരുത്ഥാനശരീരത്തിന്റെ പ്രത്യേകതകൾ തിരുവചനത്തിലുണ്ട്.

(DOCTRINAL TRUTHS *by Samson Henry, Kollam*)

(1) ഭൗമീകശരീരം ഈ ഭൂമിയോടു ബന്ധപ്പെട്ടതാണ്. ആദി പിതാവായ ആദാമിൽ നിന്നു ലഭിച്ചതാണ്. എന്നാൽ പുനരുത്ഥാന ശരീരം ഒടുക്കത്തെ ആദാമായ നമ്മുടെ കർത്താവിനോടു ബന്ധപ്പെട്ടതും ആത്മീകമായതുമാണ്.

(2) മണ്ണിൽ അലിഞ്ഞുചേർന്ന ശരീരഭാഗങ്ങൾ വീണ്ടും പഴയപടി കൂട്ടിച്ചേർക്കുമെന്നു തിരുവചനത്തിൽ പറയുന്നില്ല. അതായത് പുനരുത്ഥാനമെന്നതു ശരീരത്തിന്റെ പുനഃനിർമ്മാണമല്ല മറിച്ച് നമ്മുടെ രക്ഷകന്റെ സാദൃശ്യത്തിലും രൂപത്തിലുമുള്ള ശരീരത്തോടുള്ള രൂപാന്തരമായിരിക്കും.

പുനരുത്ഥാനശരീരത്തെപ്പറ്റി അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക —

**1.കൊരി.15:35-38 & 42-49** —*"പക്ഷേ ഒരുവൻ; മരിച്ചവർ എങ്ങനെ ഉയിർക്കുന്നു എന്നും ഏതുവിധം ശരീരത്തോടെ വരുന്നു എന്നും ചോദിക്കും. മൂഢാ, നീ വിതെക്കുന്നതു ചത്തില്ല എങ്കിൽ ജീവിക്കുന്നില്ല. നീ വിതെക്കുന്നതോ ഉണ്ടാകുവാനുള്ള ശരീരമല്ല, കോതമ്പിന്റെയോ മറ്റു വല്ലതിന്റെയോ വെറും മണിയത്രേ വിതെക്കുന്നതു; ദൈവമോ തന്റെ ഇഷ്ടം പോലെ അതിന്നു ഒരു ശരീരവും ഓരോ വിത്തിന്നു അതതിന്റെ ശരീരവും കൊടുക്കുന്നു...... മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നേ. ദ്രവത്വത്തിൽ വിതെക്കപ്പെടുന്നു, അദ്രവത്വത്തിൽ ഉയിർക്കുന്നു; അപമാനത്തിൽ വിതെക്കപ്പെടുന്നു, തേജസ്സിൽ ഉയിർക്കുന്നു; ബലഹീനതയിൽ വിതെക്കപ്പെടുന്നു, ശക്തിയിൽ ഉയിർക്കുന്നു; പ്രാകൃതശരീരം വിതെക്കപ്പെടുന്നു, ആത്മീകശരീരം ഉയിർക്കുന്നു; പ്രാകൃതശരീരം ഉണ്ടെങ്കിൽ ആത്മീകശരീരവും ഉണ്ടു. ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ, ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി. എന്നാൽ ആത്മീകമല്ല പ്രാകൃതമത്രേ ഒന്നാമതു; ആത്മീകം പിന്നത്തേതിൽ വരുന്നു. ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്നു മണ്ണു കൊണ്ടുള്ളവൻ; രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ. മണ്ണുകൊണ്ടുള്ളവനെപ്പോലെ മണ്ണുകൊണ്ടുള്ളവരും സ്വർഗ്ഗീയനെപ്പോലെ സ്വർഗ്ഗീയന്മാരും ആകുന്നു; നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും."*

നെല്ലിന്റെയോ ഗോതമ്പിന്റെയോ വിത്തു വിതെക്കുമ്പോൾ വിതെച്ച വിത്തു തന്നെ കൊയ്യുന്നില്ല. വിതെച്ച വിത്തു ചാകുകയും, ഭാഗങ്ങൾ അഴുകുകയും ചെയ്തിട്ട് അതിൽനിന്നു ഒരു ജീവൻ പൊട്ടിപ്പുറപ്പെടുന്നു. പൊട്ടിപ്പുറപ്പെടുന്നതു വിതെച്ച ധാന്യത്തിന്റെ രൂപത്തിലും ഭാവത്തിലുമല്ലെങ്കിലും മണ്ണിൽ വിതെച്ച വിത്തിന്റെ മറ്റൊരു രൂപാന്തരം തന്നെയെന്ന സത്യം നമുക്കറിയാം. പുനരുത്ഥാനശരീരവും ഇപ്രകാരമായിരിക്കും. മറ്റൊരുദാഹരണത്തിലൂടെ പുനരുത്ഥാനശരീരത്തിന്റെ അവസ്ഥ വ്യക്തമായി ഗ്രഹിക്കാം. ഒരു ലില്ലിച്ചെടിയുടെ കിഴങ്ങു നാം മണ്ണിൽ നട്ടു കഴിഞ്ഞാൽ, കിഴങ്ങു അഴുകിയിട്ടു ഒരുനാമ്പു പുറപ്പെട്ടു സസ്യമായി വളരുന്നു. കുറേക്കഴിയുമ്പോൾ ഈ സസ്യത്തിൽ അതിമനോഹരമായ പുഷ്പമുണ്ടാകുന്നു. കുഴിച്ചിട്ട സസ്യത്തിന്റെ കിഴങ്ങും ഇപ്പോൾ ഉണ്ടായിരിക്കുന്ന പുഷ്പവുമായി ഒരു സാദൃശ്യവുമില്ലെങ്കിലും അവ തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം. ആയതുപോലെ മരിച്ച ശരീരം മണ്ണിൽ കുഴിച്ചിട്ടശേഷം അതു മണ്ണിനകത്തുവച്ചു ചീഞ്ഞഴകുന്നു. ലില്ലിച്ചെടിയുടെ കിഴങ്ങു അഴുകിയശേഷം മനോഹരമായ പുഷ്പം ഉണ്ടാകുന്നതുപോലെ പുനരുത്ഥാനത്തിൽ പ്രാകൃതശരീരത്തിനു പകരം സ്വർഗ്ഗീയമായതും, നശിക്കാത്തതും ചീഞ്ഞുപോകാത്തതുമായ തേജസ്സേറിയ ഒരു ശരീരം ലഭിക്കും.

കർത്താവിന്റെ വരവിൽ മുഴങ്ങുന്ന ഗംഭീരധ്വനിയിൽ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർക്കു തേജസ്സുള്ള ശരീരം ലഭിച്ചു പുനരുത്ഥാനം പ്രാപിക്കും. പുനരുത്ഥാനശരീരം അദ്രവത്വമായതും (1.കൊരി.15:42,54), തേജസ്സുള്ളതും (1.കൊരി.15:43/ഫിലി.3:21), ശക്തിയുള്ളതും (1.കൊരി.15:43), സ്വർഗ്ഗീയമായതും (1.കൊരി.15:48,49), അമർത്യമായതും (1.കൊരി.15:53,54) ആയിരിക്കും.

**(2) ജീവനോടെ ശേഷിക്കുന്നവർ രൂപാന്തരപ്പെടും —**

*"പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും"*(1.തെസ്സ.4:17). നമ്മുടെ കർത്താവു സ്വർഗ്ഗത്തിൽ നിന്നിറങ്ങി മദ്ധ്യാകാശത്തിലേക്കു വരുമ്പോൾ ആദ്യം മരിച്ചുപോയ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുകയും, ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരം പ്രാപിക്കയും ചെയ്യും. കർത്താവിന്റെ വരവിൽ മുൻഗണന മരിച്ചവർക്കാണെങ്കിലും ജീവിച്ചിരിക്കുന്ന വിശുദ്ധന്മാ

രുടെ രൂപാന്തരവും അതോടൊപ്പമായിരിക്കും. കാരണം ഇവയൊക്കെ കണ്ണിമെക്കുന്നിടയിൽ ആയിരിക്കുമെന്നാണ് അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യലേഖനത്തിൽ പറഞ്ഞിരിക്കുന്നത്.

**1.കൊരി.15:52 —** *"ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്ര കൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും."* ഈ വാക്യത്തിൽ ചില മർമ്മങ്ങൾ അടങ്ങിയിരിക്കുന്നു.

> (1) *നാം എല്ലാവരും നിദ്രകൊള്ളുകയില്ല* — നിദ്ര എന്നാൽ ശാരീരികമരണമെന്നർത്ഥം. ലോകത്തിൽ ജനിച്ചവരെല്ലാം മരിക്കും എന്നതു ആർക്കും നിഷേധിക്കാനാവാത്ത വസ്തുതയായിരിക്കുന്നു. എന്നാൽ കർത്താവിന്റെ വരവിൽ ഇതിനു മാറ്റമുണ്ടാകും. അന്നു ജീവനോടിരിക്കുന്ന രക്ഷിക്കപ്പെട്ട ദൈവമക്കൾ മരണം കാണാതെ പുതിയ ആത്മീയശരീരം ലഭിച്ചു സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടും.

> (2) *കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും* — ക്രിസ്തുവിൽ മരിച്ചവർ രൂപാന്തരശരീരം ലഭിച്ചവരായി ഉയിർത്തെഴുന്നേൽക്കും. രക്ഷിക്കപ്പെട്ടു ജീവനോടിരിക്കുന്നവരും രൂപാന്തരം പ്രാപിക്കും. ഇവയെല്ലാം നിമിഷനേരത്തിൽ അഥവാ കണ്ണിമെക്കുന്നിടയിൽ നടക്കുന്ന സംഭവങ്ങളായിരിക്കും.

**(3) എല്ലാവരും ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്ക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും (Reunion)**

കർത്താവിന്റെ രണ്ടാം വരവിന്റെ ഒന്നാം ഘട്ടത്തിൽ നടക്കുന്ന അതിപ്രധാനമായ വരവേൽപ്പിന്റെ ദൃശ്യമാണ് ഈ വാക്യത്തിൽ പരിശുദ്ധാത്മാവു രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിൽ മരിച്ച സകല വിശുദ്ധന്മാരും ഉയിർത്തെഴുന്നേൽക്കും. ആ നിമിഷത്തിൽത്തന്നെ ജീവിച്ചിരിക്കുന്ന രക്ഷിക്കപ്പെട്ട സകലരും രൂപാന്തരപ്പെടും. ഇരുകൂട്ടങ്ങളിലുമുള്ള വിശുദ്ധന്മാർ ഒരുമിച്ചു നമ്മുടെ പ്രാണപ്രിയനായ കർത്താവിനെ എതിരേൽക്കുവാൻ ആകാശത്തിൽ മേഘങ്ങളിൽ എടുക്കപ്പെടും. *'എടുക്കപ്പെടും'* എന്നത് ഉത്പ്രാപണത്തെക്കുറിക്കുന്നു (Rapture). കാന്തശക്തിയിൽ ഇരുമ്പു ആകർഷിക്കപ്പെടുന്നതുപോലെ സകലവിശുദ്ധന്മാരും കർത്താവിലേക്കാകർഷിക്കപ്പെടും. അതിനായി അവർക്കു രൂപാന്തരപ്പെട്ട ശരീരം ലഭിക്കും.

സഭാകാന്തനായ കർത്താവിനെ വരവേൽക്കുന്നതു സകലവിശുദ്ധന്മാരും ഒരുമിച്ചായിരിക്കും എന്നത് എത്രയോ സന്തോഷപ്രദമായിരിക്കുന്നു. *ഒരുമിച്ചു* എന്നുള്ളത് വിശുദ്ധന്മാരുടെ കൂട്ടായ്മ ബന്ധത്തെയും പ്രകടമാക്കുന്നു. കൂടാതെ നമ്മെ വിട്ടു മരണം വഴിയായി കടന്നുപോയ നമ്മുടെ പ്രിയപ്പെട്ടവരെ ഒരുമിച്ചു തമ്മിൽ കാണുന്ന, ഒരുമിക്കുന്ന (Reunion) സന്ദർഭവുമായിരിക്കും.

## (V) കർത്താവിനെ എതിരേറ്റശേഷം നമ്മുടെ സ്ഥിതി എന്താണ്?

വാനമേഘങ്ങളിൽ കർത്താവിനെ എതിരേറ്റശേഷം നാം എപ്പോഴും കർത്താവിനോടു കൂടെയായിരിക്കും എന്നും രേഖപ്പെടുത്തിയിരിക്കുന്നു. — *"ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും"* (1.തെസ്സ.4:17- So we shall always be with the Lord). നാം ഭൂമിയിലായിരിക്കുമ്പോൾ ആത്മീയനേത്രങ്ങളാൽ കർത്താവിനെ അറിഞ്ഞും, അനുഗമിച്ചും, അനുഭവിച്ചും യാത്രചെയ്തുവെങ്കിൽ മദ്ധ്യാകാശത്തിലെ വരവേൽപ്പിനുശേഷം നാം കർത്താവിനോടൊപ്പം എന്നും ആയിരിക്കും എന്നത് എത്രയോ സന്തോഷകരമായ അവസ്ഥയാണ്. നമ്മുടെ കർത്താവു നമ്മെ നിത്യമരണത്തിൽ നിന്നു എന്നെന്നേക്കുമായി വിടുതൽ നല്കി രക്ഷിക്കുക മാത്രമല്ല നമ്മോടൊപ്പം എന്നേക്കും വസിക്കുവാൻ കൂടി ആഗ്രഹിച്ചിരുന്നു എന്നതാണ് പ്രത്യേകത. മദ്ധ്യാകാശത്തിലെ ഒത്തുചേരലിൽ നമ്മുടെ കർത്താവിന്റെ മഹത്വം നാം നേരിൽ കണ്ടു, പങ്കിട്ടുകൊണ്ടു നിത്യസന്തോഷത്തിൽ കഴിയും.

## (VI) കർത്താവിന്റെ വരവിനെക്കുറിച്ചു പ്രത്യാശയുള്ള നാം ഇന്നു എന്തു ചെയ്യണം?

*"ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ"* (1.തെസ്സ.4:18 — Therefore comfort one another with these words). ഈ വചനങ്ങളെന്തെന്നാൽ *"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും;*

*ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും"* എന്ന താണ്. കർത്താവിന്റെ പുനരാഗമനമാണ് സഭയുടെ പ്രത്യാശ (ഫിലി.3:20, 1.തെസ്സ.1:10). ഭൂമിയിൽ കഷ്ടങ്ങളും പ്രയാസങ്ങളും അനുഭവിക്കുന്ന നാം കർത്താവിന്റെ മടങ്ങിവരവിലുള്ള സന്തോഷ ത്തിന്റെ പ്രത്യാശയിൽ നിറഞ്ഞു വരുന്നതോടൊപ്പം വിശ്വാസികൾ തമ്മിൽതമ്മിൽ ദൈവവചനത്താൽ ആശ്വസിപ്പിച്ചു ജീവിക്കുകയും വേണം.

## ഭാവികാല ന്യായവിധികൾ

## (FUTURE JUDGMENTS)

ലോകത്തിലുള്ള സകലരും ഒരിക്കൽ ദൈവത്തിന്റെ ന്യായ വിധിയെ നേരിടേണ്ടതുണ്ട്. *"ഒരിക്കൽ മരിക്കയും പിന്നെ ന്യായവി ധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ"* (എബ്രാ.9:27) എന്നു തിരു വചനം പ്രസ്താവിക്കുന്നു. ഭാവികാല ന്യായവിധികളെല്ലാം യേശു ക്രിസ്തുവിന്റെ രണ്ടാം വരവ് അഥവാ സഭയുടെ ഉത്പ്രാപണത്തിനു ശേഷം വിവിധ കാലങ്ങളിൽ നടക്കുന്നവയാണ്. തിരുവചനത്തിൽ വിവിധ ഭാവികാല ന്യായവിധികളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. പ്രധാ നമായും അഞ്ചു ഭാവികാല ന്യായവിധികൾ തിരുവചനത്തിൽ കാണുന്നു —

**(1) യിസ്രായേലിന്റെ ന്യായവിധി (The Judgment of Israel) —**

യാക്കോബിന്റെ കഷ്ടകാലം എന്നറിയപ്പെടുന്ന ന്യായവിധി. ദൈവത്തെ അനുസരിക്കാതെയും, മശിഹയായ യേശുക്രിസ്തു വിനെ തള്ളിക്കളയുകയും ചെയ്ത സകല യഹൂദന്മാർക്കുമുള്ള ന്യായവിധിയാണിത് (This Judgment is called --- The Time of Jacob's Trouble -- The punishment of Jews for the disobedience to God and rejection of Jesus Christ).

**ദാനീ.12:1 —** *"ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണ നില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതി കാണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും."*

**(2) ജാതികളുടെ ന്യായവിധി (The Judgment of Living Nations) —**

**യോവേൽ.3:1,2 —** *"ഞാൻ യെഹൂദയുടെയും യെരൂശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും കാലത്തിലും ഞാൻ സകലജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു വ്യവഹരിക്കയും ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ചു എന്റെ ദേശത്തെ വിഭാഗിച്ചു കളഞ്ഞുവല്ലോ."*

**(3) വീഴ്ച സംഭവിച്ച ദൂതന്മാരുടെ ന്യായവിധി (The Judgment of Fallen Angels) —**

**യൂദാ.6 —** *"തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു."*

**2.പത്രൊ.2:4 —** *"പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും..."*

**(4) വിശ്വാസികളുടെ ന്യായവിധി (The Judgment of Believers ) —**

വിശ്വാസികളെ ന്യായം വിധിക്കുന്ന ന്യായാസനത്തിനു ക്രിസ്തുവിന്റെ ന്യായാസനം (The Judgment Seat of Christ ) എന്നാണ് പറയുന്നത്. വിശ്വാസികളുടെ പ്രവൃത്തികളെ ശോധന ചെയ്യുന്നതും അവരെ ആദരിക്കുന്നതുമായ ന്യായാസനമാണിത്.

**2.കൊരി.5:10 —** *"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു."*

**(5) അവിശ്വാസികളുടെ ന്യായവിധി (The Judgment of Unbelieving Dead -- White Throne Judgment) —**

സഹസ്രാബ്ദവാഴ്ചെക്കുശേഷമുള്ള സാത്താന്റെ ന്യായവിധിക്കുശേഷം സകല അവിശ്വാസികളെയും സാത്താന്റെ അനുയായികളെയും വെള്ളസിംഹാസനത്തിങ്കൽ നിറുത്തി ന്യായം

വിധിച്ചു ശിക്ഷിക്കും. വെള്ളസിംഹാസനത്തിൻ മുമ്പിൽ നില്കുന്നത് സകല രക്ഷിക്കപ്പെടാത്തവരും, ദുഷ്ടന്മാരുമാണ്. അതിലെ ന്യായവിധിക്കുശേഷം തീപ്പൊയ്കയിലേക്കു അവരെ തള്ളിയിടും. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്തവരെയാണ് വെള്ളസിംഹാസനത്തിൽ ന്യായം വിധിച്ചു ശിക്ഷിക്കുന്നത്.

**വെളി.20:12-15 —** *"മരിച്ചവർ ആബാലവൃദ്ധം സിംഹസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന്നു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*

## ക്രിസ്തുവിന്റെ ന്യായാസനം

### (The Judgment Seat of Christ )

രക്ഷിക്കപ്പെട്ട സകല വിശ്വാസികളും ന്യായാസനത്തിന്റെ മുമ്പിലും രക്ഷിക്കപ്പെടാത്തവർ വെള്ളസിംഹാസനത്തിന്റെ മുമ്പിലും നിൽക്കണം. രണ്ടു സിംഹാസനങ്ങളിലും ഇരിക്കുന്ന ന്യായാധിപൻ ഒരാളാണ്. അതു ദൈവപുത്രനും, മനുഷ്യവർഗ്ഗത്തിനു രക്ഷയൊരുക്കിയ നാഥനുമായ കർത്താവായ യേശുക്രിസ്തു തന്നെ. ന്യായാസനം പ്രതിഫലം നൽകുന്ന സിംഹാസനവും, വെള്ളസിംഹാസനം ശിക്ഷ നൽകുന്ന ന്യായപീഠവുമാണ്.

ന്യായാസനം എന്നാൽ ന്യായം വിധിക്കുന്ന സ്ഥലം എന്നർത്ഥം. ന്യായാസനത്തിൽ പൊതുവേ ന്യായം വിധിക്കുന്നത് — (1) ന്യായം വിധിച്ചു ശിക്ഷിക്കുവാൻ (2) ആദരിക്കുവാനും, പ്രശംസിക്കുവാനും (3) വിജയികളെ തിരഞ്ഞെടുത്തു പ്രതിഫലം കൊടുക്കുവാൻ. വിശ്വാസികൾ ന്യായാസനത്തിനു മുമ്പാകെ നില്ക്കണം എന്നു കേൾക്കുമ്പോൾ ശിക്ഷിക്കുവാനാണോ എന്നു തോന്നിപ്പോകാം. എന്നാൽ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ

നില്ക്കുന്ന വിശ്വാസികളെ ന്യായം വിധിക്കുമെങ്കിലും അവരെ ശിക്ഷിക്കുകയോ നരകത്തിലേക്കു വിടുകയോ ചെയ്യുകയില്ല. വിശ്വാസികളെ ന്യായം വിധിക്കുന്ന ന്യായാസനത്തിനു ക്രിസ്തുവിന്റെ ന്യായാസനം (The Judgment Seat of Christ ) എന്നു പറയുന്നു. ന്യായാസനത്തിനു ഗ്രീക്കിൽ ബേമാ (Bema) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. കളിക്കളത്തിൽ അതിന്റെ ന്യായാധിപൻ കളികൾ പരിശോധിക്കുവാനും വിജയികൾക്കു സമ്മാനം കൊടുക്കുവാനുമിരിക്കുന്ന സ്ഥലത്തെ കുറിക്കുന്നു. ക്രിസ്തുവിന്റെ ന്യായാസനം വിശ്വാസികളുടെ പ്രവൃത്തികളെ ശോധന ചെയ്തു പ്രതിഫലം നല്കുന്ന സ്ഥലമാണ്.

വിശ്വാസികൾ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കേണമെന്നതിനെക്കുറിച്ചു തിരുവചനത്തിൽ പ്രധാനമായും മൂന്നിടത്തു പറഞ്ഞിരിക്കുന്നു —

(1) റോമർ.14:10 –12 — *" ..... നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്നു മുമ്പാകെ നിൽക്കേണ്ടിവരും ......... ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും"*

(2) 1.കൊരി.3:11–15 —*"യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല. ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലു, മരം, പുല്ലു, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടു വരും; ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടു വരും; ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നേ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവന്നു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽ കൂടി എന്നപോലെ അത്രേ."*

(3) 2.കൊരി.5:10 —*"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു"*

## ക്രിസ്തുവിന്റെ ന്യായാസനം എപ്പോൾ?

(1) ഉത്പ്രാപണത്തിനു ശേഷം — കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ സഭ എടുക്കപ്പെട്ട ഉടനെ

(2) കുഞ്ഞാടിന്റെ കല്യാണത്തിനു മുമ്പ്

(3) ഉത്പ്രാപണത്തിനു ശേഷവും ഭൂമിയിലേക്കു കർത്താവു സഭയുമായി വരുന്ന മഹത്വപ്രത്യക്ഷതയ്ക്ക് മുമ്പും.

വെളി.19:7,8 — *"നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ തന്നേ."*

## ന്യായാധിപൻ ആർ?

ക്രിസ്തുവിന്റെ ന്യായാസനം പ്രവൃത്തികളെ ശോധന ചെയ്യുന്നതും ആദരിക്കുന്നതുമായ സിംഹാസനമാണ്. വെള്ളസിംഹാസനം പാപികളെ ശിക്ഷിക്കുന്ന ന്യായപീഠമാണ്. രണ്ടു സിംഹാസനങ്ങളിലും ഇരിക്കുന്ന ന്യായാധിപൻ ദൈവപുത്രനും മനുഷ്യവർഗ്ഗത്തിനു രക്ഷ ഒരുക്കിയവനുമായ യേശുക്രിസ്തുവാണ്.

യോഹ.5:22 —*''എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതു പോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന്നു പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രന്നു കൊടുത്തിരിക്കുന്നു."*

അപ്പൊ.17:31 --*''താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു; അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു."*

## വിശ്വാസികളുടെ പ്രവൃത്തികൾ ന്യായാസനത്തിങ്കൽ ശോധന ചെയ്യപ്പെടും —

ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കുന്ന വിശ്വാസിക്ക്, അവിടെ കണക്കു ബോധിപ്പിക്കേണ്ട അവസരവും തന്റെ വേലയെ ആദരിക്കുന്ന നിമിഷവുമായിരിക്കും. അനേകർ കിരീടങ്ങൾ വാങ്ങി ആദരിക്കപ്പെടുമ്പോൾ, മാനിക്കപ്പെടുമ്പോൾ ജീവിതസാക്ഷ്യത്തിനു

മങ്ങലേൽപ്പിച്ചു ലോകത്തിൽ ജീവിച്ച വിശ്വാസികൾ ലജ്ജിതരാകാം.

1.യോഹ.2:28 —*"ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന്നു അവനിൽ വസിപ്പിൻ."*

വിശ്വാസികളുടെ പാപങ്ങളൊക്കെ രക്ഷിക്കപ്പെട്ടപ്പോൾ പൂർണ്ണമായി നീക്കപ്പെട്ടു. ഇനിയും ഓർക്കാതെവണ്ണം സമുദ്രത്തിന്റെ ആഴങ്ങളിലേക്കു ഇട്ടു കളഞ്ഞു. കാൽവറിയിലെ യാഗത്താൽ നമ്മുടെ സകല ശിക്ഷയും കർത്താവിന്റെ മേൽ ചാർത്തപ്പെട്ടു.

യോഹ.5:24 —*"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു."*

എബ്രാ.10:17 — *"അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കയുമില്ല."* (എബ്രാ.8:12/യിരെ.31:34).

ഗലാ.3:13 —*"മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കു വേണ്ടി ശാപമായിത്തീർന്നു."*

1.പത്രൊ.2:24 —*"നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു."*

2.കൊരി.5:21 —*"പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി."*

ന്യായാസനത്തിലെ ശോധനയിങ്കൽ ലജ്ജിച്ചുപോകാമെങ്കിലും നരകത്തിലേക്കു തള്ളുകയോ ശിക്ഷിക്കപ്പെടുകയോ ഇല്ല. കാരണം ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല എന്നു അപ്പൊസ്തലനായ പൗലൊസ് പറയുന്നു (റോമ.8:1). ശിക്ഷയെല്ലാം കാൽവറിയിൽ കർത്താവു അനുഭവിച്ചു. കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട മാത്രയിൽ പാപങ്ങളൊക്കെ മോചിക്കപ്പെടുകയും അതോടൊപ്പം സകല ശിക്ഷയും നീങ്ങിപ്പോകുകയും ചെയ്തു.

(DOCTRINAL TRUTHS *by Samson Henry, Kollam*)

സങ്കീ.103:10-12 —*"അവൻ നമ്മുടെ പാപങ്ങൾക്കു ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല; നമ്മുടെ അകൃത്യങ്ങൾക്കു ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല."*

മീഖാ.7:19 —*"അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും; നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും; അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടു കളയും."*

## കിസ്തുവിന്റെ ന്യായാസനത്തിങ്കൽ കണക്കു കൊടുക്കേണ്ടവ —

വിശുദ്ധന്മാർ അഥവാ വിശ്വാസികൾ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കുക മാത്രമല്ല ഓരോരുത്തരും കണക്കു ബോധിപ്പിക്കേണം. പ്രധാനമായും നാലു കാര്യങ്ങളാണ് അവിടെ ശോധന ചെയ്യപ്പെടുന്നത് —

**(1) ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് -**

2.കൊരി.5:10 —*"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു."*

**(2) സംസാരിക്കുന്ന ഏതു നിസ്സാരവാക്കുകൾക്കും —**

മത്താ.12:36 —*"എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിന്നും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോടു പറയുന്നു."*

റോമ.14:12 — "ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടി വരും."

യാക്കോ.5:9 — *"സഹോദരന്മാരേ, വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങിപ്പോകരുതു; ഇതാ, ന്യായാധിപതി വാതില്ക്കൽ നില്ക്കുന്നു."*

**(3) ഹൃദയത്തിലെ ആലോചനകൾക്ക് —**

1.കൊരി.4:5 —*"ആകയാൽ കർത്താവു വരുവോളം സമയത്തിന്നു മുമ്പെ ഒന്നും വിധിക്കരുതു; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളി*

*പ്പെടുത്തും; അന്നു ഓരോരുത്തന്നു ദൈവത്തിങ്കൽ നിന്നു പുകഴ്ച ഉണ്ടാകും."*

**(4) ലഭിച്ച താലന്തുകൾക്ക് —**

മത്താ.25:21 —*"അതിന്നു യജമാനൻ: നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന്നു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്നു അവനോടു പറഞ്ഞു."*

ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തിട്ടുള്ള പ്രവൃത്തികൾക്കും, സംസാരിക്കുന്ന ഏതു നിസ്സാരവാക്കുകൾക്കും, ഹൃദയത്തിലെ ആലോചനകൾക്കും, ലഭിച്ച താലന്തുകൾക്കും ന്യായാസനത്തിന്റെ മുമ്പാകെ കണക്കു ബോധിപ്പിക്കേണ്ടി വരും.

ഇവ നാലും കൂടാതെ രക്ഷിക്കപ്പെട്ട നാൾ മുതൽ ജീവിതാന്ത്യം വരെ ഭൂമിയിൽ ക്രിസ്തുവിലുള്ള സകല പ്രവൃത്തികളും ശോധന ചെയ്യപ്പെടാം. ഇതൊക്കെ തിരുവചനത്തിലൂടെ വെളിപ്പെടുന്നു —

**(1) കൂട്ടു സഹോദരങ്ങളോടു നാം എങ്ങനെ പെരുമാറി (How do we treat other believers) —**

എബ്രാ.6:10 —*"ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നു കളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല."*

മത്താ.10:41,42 —*"പ്രവാചകൻ എന്നുവെച്ചു പ്രവാചകനെ കൈക്കൊള്ളുന്നവന്നു പ്രവാചകന്റെ പ്രതിഫലം ലഭിക്കും; നീതിമാൻ എന്നു വെച്ചു നീതിമാനെ കൈക്കൊള്ളുന്നവന്നു നീതിമാന്റെ പ്രതിഫലം ലഭിക്കും. ശിഷ്യൻ എന്നു വെച്ചു ഈ ചെറിയവരിൽ ഒരുത്തന്നു ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവന്നു പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."*

**(2) നമ്മുടെ സമയവും അവസരങ്ങളും എങ്ങനെ ഉപയോഗിച്ചു (How do we spend our time and chances) —**

സങ്കീ.90:12 —*"ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ."*

എഫെ.5:16 —ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ.

കൊലൊ.4:5 —*"സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ടു പുറത്തുള്ളവരോടു ജ്ഞാനത്തോടെ പെരുമാറുവിൻ."*

1.പത്രൊ.1:17 —*"മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവു എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ."*

**(3) നമ്മുടെ ധനം നാം എപ്രകാരം ഉപയോഗിച്ചു (How do we use our money) —**

2.കൊരി.9:6,7 —*"എന്നാൽ ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതെക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓർത്തു കൊൾവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുതു; നിർബന്ധത്താലും അരുതു; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു."*

1.തിമൊ.6:17-19 — *"ഈ ലോകത്തിലെ ധനവാന്മാരോടു ഉന്നതഭാവം കൂടാതെയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശ വെപ്പാനും നന്മ ചെയ്‌വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിന്നു വരുംകാലത്തേക്കു നല്ലോരു അടിസ്ഥാനം നിക്ഷേപിച്ചു കൊൾവാനും ആജ്ഞാപിക്ക."*

**(4) ക്രിസ്തുവിനുവേണ്ടി നാം കഷ്ടം സഹിച്ചത് എപ്രകാരം (How much we suffer for Christ) —**

മത്താ.5:11,12 —*"എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും*

*ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാക കൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നേ ഉപദ്രവിച്ചുവല്ലോ."*

മർക്കൊ.10:29,30 — *"എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ, ഈ ലോകത്തിൽ തന്നേ, ഉപദ്രവങ്ങളോടും കൂടെ നൂറു മടങ്ങു വീടുകളെയും സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു."*

റോമ.8:18 — *"നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു."*

2.കൊരി.4:17 —*"നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു."*

1.പത്രൊ.4:12,13 —*"പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷെക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വ കാര്യം നിങ്ങൾക്കു വന്നുകൂടി എന്നു വെച്ചു അതിശയിച്ചു പോകരുതു. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ. അങ്ങനെ നിങ്ങൾ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും."*

**(5) ശത്രുക്കളോടുള്ള നമ്മുടെ മനോഭാവം എപ്രകാരം (How do we love our enemies and our attitude) —**

മത്താ.5:44 —*"ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ."*

ലൂക്കൊ.23:34 — *"എന്നാൽ യേശു: പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്ക കൊണ്ടു ഇവരോടു ക്ഷമിക്കേണമേ എന്നു പറഞ്ഞു."*

അപ്പൊ.7:59,60 — *"കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ എന്നു സ്തേഫാനൊസ് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ കല്ലെറിഞ്ഞു. അവനോ മുട്ടുകുത്തി: കർത്താവേ ഇവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞിട്ടു അവൻ നിദ്ര പ്രാപിച്ചു."*

**(6) നമ്മുടെ ഓട്ടം എപ്രകാരം** (How do we run the race) —

1.കൊരി.9:24 — *"ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ."*

ഫിലി.2:16 — *"അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്കു പ്രശംസ ഉണ്ടാകും."*

ഫിലി.3:13,14 —*"ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു."*

എബ്രാ.12:1 — *"ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക."*

**(7) നമ്മുടെ പഴയ സ്വഭാവം എപ്രകാരം നിയന്ത്രിക്കുവാൻ കഴിഞ്ഞു** (How effectively we control the old nature) —

2.കൊരി.5:17 — *"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു."*

റോമ.6:6 — *"ഇനി നാം പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു."*

കൊലൊ.3:9 —*"നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞു കളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ*

*മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ."*

**(8) പരീക്ഷകളിൽ എപ്രകാരം പ്രതികരിച്ചു** (How do we face in our temptation and our attitude) —

യാക്കോ.1:2,3 — *"എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ."*

വെളി.3:10 —*"സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും."*

**(9) ദൈവവചനത്തോടു എത്രമാത്രം വിശ്വസ്തത പാലിച്ചു** (How we are faithful to the Word of God) —

അപ്പൊ.20:26,27 —*"അതുകൊണ്ടു നിങ്ങളിൽ ആരെങ്കിലും നശിച്ചുപോയാൽ ഞാൻ കുറ്റക്കാരനല്ല എന്നു ഞാൻ ഇന്നേ ദിവസം നിങ്ങളോടു സാക്ഷ്യം പറയുന്നു. ദൈവത്തിന്റെ ആലോചന ഒട്ടും മറെച്ചുവെക്കാതെ ഞാൻ മുഴുവനും അറിയിച്ചു തന്നിരിക്കുന്നുവല്ലോ."*

2.തിമൊ.4:1,2 —*"ഞാൻ ദൈവത്തെയും, ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നതു: വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക."*

**(10) എത്ര ആത്മാക്കളെ ക്രിസ്തുവിനായി നേടി** (How many souls we witness to win for Christ) —

ദാനീ.12:3 —*"എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും."*

1.തെസ്സ.2:19,20 --*"നമ്മുടെ കർത്താവായ യേശുവിന്റെ മുമ്പാകെ അവന്റെ പ്രത്യക്ഷതയിൽ ഞങ്ങളുടെ ആശയോ സന്തോ*

*ഷമോ പ്രശംസാകിരീടമോ ആർ ആകുന്നു? നിങ്ങളും അല്ലയോ? ഞങ്ങളുടെ മഹത്വവും സന്തോഷവും നിങ്ങൾ തന്നേ."*

**(11) നമുക്കു ലഭിച്ച കഴിവുകൾ അഥവാ വരങ്ങൾ എങ്ങനെ ഉപയോഗിച്ചു (How do we work with our God given abilities) —**

1.കൊരി.12:7,8 — *"എന്നാൽ ഓരോരുത്തന്നു ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നല്കപ്പെടുന്നു. ഒരുത്തന്നു ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തന്നു അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നല്കപ്പെടുന്നു."*

1.പത്രൊ.4:10 —*"ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകനായി അതിനെക്കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ."*

ലൂക്കൊ.19:11-26 > (16,17) — *"..... ഒന്നാമൻ അടുത്തു വന്നു: കർത്താവേ, നീ തന്ന റാത്തൽ കൊണ്ടു പത്തു റാത്തൽ സമ്പാദിച്ചിരിക്കുന്നു എന്നു പറഞ്ഞു. അവൻ അവനോടു: നന്നു നല്ല ദാസനേ, നീ അത്യല്പത്തിൽ വിശ്വസ്തൻ ആയതുകൊണ്ടു പത്തു പട്ടണത്തിന്നു അധികാരമുള്ളവൻ ആയിരിക്ക എന്നു അവൻ അവനോടു കല്പിച്ചു ....."*

വിശ്വാസികളുടെ ഭൂമിയിലുള്ള സകലപ്രവൃത്തികളും ന്യായാസനത്തിനു മുമ്പാകെ ശോധനചെയ്യപ്പെടും. സ്വാർത്ഥതാല്പര്യങ്ങൾക്കും, സ്വന്തലാഭത്തിനും, സ്വയപുകഴ്ചയ്ക്കും ചെയ്ത പ്രവൃത്തികളൊക്കെ തീയാൽ ശോധന ചെയ്യപ്പെടുമ്പോൾ മരം, പുല്ലു, വയ്ക്കോൽ എന്നപോലെ വെന്തുപോകുവാൻ ഇടയാകും (1.കൊരി.3:11-15). എത്രതന്നെ സുവിശേഷവേല ചെയ്താലും, ഓടി നടന്നു അദ്ധ്വാനിച്ചാലും അതിലൂടെയുണ്ടാകുന്ന മഹത്വം ദൈവത്തിനു കൊടുക്കാതെ സ്വയം പുകഴുവാനിടയായാൽ അതിനൊന്നും പ്രതിഫലം ലഭിക്കുകയില്ല. ദൈവകൃപയിൽ ആശ്രയിച്ചു നാം ദൈവത്തെ സേവിക്കുമ്പോഴും ദൈവത്തിനായി പ്രവർത്തിക്കുമ്പോഴും വിശ്വാസികളാലും ലോക മനുഷ്യരാലും വിവിധ നിലയിൽ ആദരിക്കപ്പെടുവാനിടയാകും. അതും ചിലപ്പോൾ സ്വർഗ്ഗത്തിലെ പ്രതിഫലത്തിനു എടുക്കുമ്പോൾ തീയിലെ ശോധനയിങ്കൽ ചാരമായിത്തീരും. കാരണം ലോകത്തിൽവെച്ചു പുകഴ്ചയും ആദരവും ഉയർച്ചയും ലഭിച്ചതിനാലും, ഒരുപക്ഷേ അതിലൂടെ ദൈവത്തിനു പുകഴ്ചയും

മഹത്വവും ലഭിക്കാഞ്ഞതിനാലും തന്നെ (മത്താ.6:1-4).

## ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ ലഭിക്കുന്ന കിരീടങ്ങൾ —

വിശുദ്ധന്മാർ ദൈവത്തിനും ദൈവീകകാര്യങ്ങൾക്കും വേണ്ടി ചെയ്തിട്ടുള്ള സകലശുശ്രൂഷകളെയും മാനിച്ച് അവർക്കു കർത്താവു പ്രതിഫലം കൊടുക്കുന്ന ഒരു ദിവസമുണ്ട്. അത് ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെയുള്ള ശോധനയിൽ ലഭിക്കും. ന്യായാസനത്തിങ്കൽ ലഭിക്കുന്ന ആദരവിനെയും പുകഴ്ചയെയുമാണ് പ്രതിഫലമെന്ന നിലയിൽ കിരീടങ്ങൾ എന്നു പറയുന്നത്. *"ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു"* (വെളി.22:12). *"....... അന്നു ഓരോരുത്തന്നു ദൈവത്തിങ്കൽ നിന്നു പുകഴ്ച ഉണ്ടാകും"* (1.കൊരി.4:5).

കർത്താവു മനുഷ്യവർഗ്ഗത്തിനു വേണ്ടി തന്റെ ജീവനെ കൊടുത്തപ്പോൾ കർത്താവിനെ മനുഷ്യർ ധരിപ്പിച്ചത് ഒരു മുൾക്കിരീടമായിരുന്നു (മത്താ.27:29). അത് വേദനയുടെയും, വ്യസനത്തിന്റെയും, നിന്ദയുടെയും, പരിഹാസത്തിന്റെയും കിരീടമായിരുന്നു (യെശ.53:3). എന്നാൽ കർത്താവു വീണ്ടും പ്രത്യക്ഷനാകുമ്പോൾ കർത്താവിനെ വിശ്വസ്തതയോടെ സേവിച്ചവർക്കു സന്തോഷത്തിന്റെയും, ആനന്ദത്തിന്റെയും, പുകഴ്ചയുടെയും, ആദരവിന്റെയും വിവിധ കിരീടങ്ങൾ ലഭിക്കും. പുതിയനിയമത്തിൽ അഞ്ചുവിധ കിരീടങ്ങളെക്കുറിച്ചു പറയുന്നു.

**(1) വാടാത്ത കിരീടം** (The Incorruptible Crown) —

ജീവിതത്തിൽ വിശുദ്ധിയും വേർപാടും പാലിച്ചു വർജ്ജനം ആചരിക്കുന്നവർക്ക് (സ്വയത്യാഗികൾക്ക്). ലൗകികമായ ആനന്ദങ്ങളിൽ നിന്നും പാപമോഹങ്ങളിൽ നിന്നും അകന്നു വേർപാടു പാലിച്ചവർക്ക്. (The Incorruptible crown is a crown for people who brought their body unto subjection; disciplined their body; had self-control. Separation from worldly pleasures and amusements.)

1.കൊരി.9:25 — *"അങ്കം പൊരുതുന്നവനൊക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നേ."*

**(2) പ്രശംസാ കിരീടം** (The Crown of Rejoicing) —

ആത്മാക്കളെ നേടുന്നവർക്കും സുവിശേഷവേലയിൽ പ്രയത്നിക്കുന്നവർക്കും. സുവിശേഷവേലക്കാർക്കുള്ള പ്രശംസയും സന്തോഷവും കാണിക്കുന്നു.

(This is soul winners crown. Rejoicing in relation to the souls saved to Christ).

1.തെസ്സ.2:19,20--*"നമ്മുടെ കർത്താവായ യേശുവിന്റെ മുമ്പാകെ അവന്റെ പ്രത്യക്ഷതയിൽ ഞങ്ങളുടെ ആശയോ സന്തോഷമോ പ്രശംസാകിരീടമോ ആർ ആകുന്നു? നിങ്ങളും അല്ലയോ?"*

**(3) നീതിയുടെ കിരീടം** (The Crown of Righteousness) —

നല്ല പോർ പൊരുതി ഓട്ടം തികച്ച് വിശ്വാസം കാത്തു ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ചവർക്ക് — വിശ്വസ്തതയ്ക്ക് ലഭിക്കുന്നത്.

(Those who have fought like Paul. The Giver and Recipient are Righteous)

2.തിമൊ.4:7,8 — *"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കുംകൂടെ."*

**(4) ജീവകിരീടം** (The Crown of Life) —

വിശ്വാസത്തിന്റെ പേരിൽ പരിഹാസവും പരീക്ഷയും പീഡയും സഹിച്ചു സന്തോഷത്തോടെ ക്രിസ്തുവിനെ പിൻപറ്റുന്നവർക്ക് — പരീക്ഷ സഹിച്ചു മരണപര്യന്തം വിശ്വസ്തതയോടെ കർത്താവിനെ സേവിച്ചവർക്ക്. പരീക്ഷ സഹിക്കുന്ന ഏവർക്കും വിശേഷാൽ കർത്താവിനുവേണ്ടി ജീവനെ ബലിയർപ്പിക്കുന്ന രക്തസാക്ഷികൾക്കും ഉള്ളത് — ജീവകിരീടം.

(The Crown of Life is reserved for those who have given all their lives for the sake of Gospel. Crown of life is a crown for people who have patiently endured trials, testing and persecution. It is for the people who bravely confront persecution for Jesus Christ even to the point of death)

(DOCTRINAL TRUTHS *by Samson Henry, Kollam*)

യാക്കോ.1:12 —"പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും."

**(5) തേജസ്സിന്റെ കിരീടം** (The Crown of Glory) —

ദൈവത്തിന്റെ ആട്ടിൻ കൂട്ടത്തെ മേയിച്ചു അവർക്കു മാതൃകയായി ജീവിച്ചവർക്ക് — ആട്ടിൻ കൂട്ടത്തെ (സഭയെ) മേയിക്കുന്ന ഇടയന്മാർക്ക്. ദൈവസഭയെ മേയിക്കുവാൻ പരിശുദ്ധാത്മാവു ആക്കിവെയ്ക്കുന്ന ഇടയന്മാർക്കു, ഇടയശ്രേഷ്ഠന്റെ പ്രത്യക്ഷതയിൽ ലഭിക്കുന്നത്.

(The Crown of Glory is given to those who lived and guided the flock as a model)

1.പത്രൊ.5:2-4 —*''നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബ്ബന്ധത്താലല്ല, ദൈവത്തിന്നു ഹിതമാംവണ്ണം മനഃപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും ഇടവകകളുടെമേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല. ആട്ടിൻകൂട്ടത്തിന്നു മാതൃകയായിത്തീർന്നുകൊണ്ടും അദ്ധ്യക്ഷത ചെയ്വിൻ. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും."*

## പുനരുത്ഥാനം (RESURRECTION)

പുനരുത്ഥാനം അഥവാ ഉയിർത്തെഴുന്നേൽപ്പ് മരിച്ചവർ ജീവൻ പ്രാപിച്ചു എഴുന്നേല്ക്കുന്നതിനെ കുറിക്കുന്നു. ഏതൊരു ശരീരത്തിൽ മരിച്ചുവോ അതേ ശരീരത്തിൽ തന്നെ വീണ്ടും ജീവൻ പ്രാപിച്ചു ഉയിർത്തെഴുന്നേൽക്കലാണിത്. (Resurrection = Rising from the dead).

മരിച്ച ലാസർ പുനരുത്ഥാന നാളിൽ ഉയിർത്തെഴുന്നേല്ക്കുമെന്നു മാർത്തയ്ക്ക് നിശ്ചയമുണ്ടായിരുന്നു. ബേഥാന്യയിലെ മാർത്തയുടെയും മറിയയുടെയും സഹോദരൻ ലാസർ ദീനമായി കിടക്കുന്നത് അറിഞ്ഞിട്ടും ലാസർ മരിച്ചശേഷമാണ് യേശു അവരുടെ ഭവനത്തിൽ എത്തുന്നത്. "*മാർത്ത യേശുവിനോടു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു"* (യോഹ.11:21). അതിനു കർത്താവ് മാർത്തയോടു പറ

ഞ്ഞത് നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും എന്നാണ്. എന്നാൽ മാർത്തയുടെ മറുപടി അവളുടെ സഹോദരൻ ഒരിക്കൽ പുരുത്ഥാനം പ്രാപിക്കും അഥവാ ഉയിർത്തെഴുന്നേല്ക്കും എന്നറിയാമെന്നായിരുന്നു. ഇത് മരിച്ചവർ പുരുത്ഥാനം പ്രാപിക്കു മെന്നതിൽ മാർത്താ വിശ്വസിച്ചതിനെയാണ് വെളിപ്പെടുത്തുന്നത്. *"മാർത്ത അവനോടു: ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കും എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു"* (യോഹ.11:24).

പഴയനിയമ വിശ്വാസികളും പുതിയനിയമവിശ്വാസികളും പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നു. എന്നാൽ പുനരുത്ഥാനത്തിൽ വിശ്വസിക്കാത്തവരുമുണ്ടായിരുന്നു. കർത്താവിന്റെ കാലത്ത് പരീ ശന്മാർ സദൂക്യർ എന്നിങ്ങനെ രണ്ടു കൂട്ടരുണ്ടായിരുന്നു. അതിൽ പരീശന്മാർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നു എന്നും സദൂക്യർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല എന്നും പൗലൊസ് രേഖ പ്പെടുത്തിയിരിക്കുന്നു (അപ്പൊ.23:8).

## ദേഹം, ദേഹി, ആത്മാവ് (Body, Soul, Spirit) —

ഒരു മനുഷ്യന്റെ ആളത്വം ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്നു ഘടകങ്ങൾ ചേർന്നതാണ്. ഇവ മൂന്നും ചേർന്നാൽ മാത്രമേ ഒരു വ്യക്തി പൂർണ്ണനാകൂ. ഇവയിൽ ദേഹിയും ആത്മാവും ഒരു മിച്ചു നില്ക്കുന്നു. പ്രാണൻ അഥവാ ദേഹി ശരീരത്തിൽ നിന്നു വേർപിരിയുമ്പോഴാണ് മരണം സംഭവിക്കുന്നത്. പൊടി (ദേഹം) പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങി പ്പോകും (സഭാ.12:7). ആദാമിന്റെ സൃഷ്ടിയിൽ ശരീരം അഥവാ ദേഹം മണ്ണിൽ നിന്നാണ് എടുത്തിട്ടുള്ളത്. ജീവനും ആത്മാവും ദൈവത്തിൽ നിന്നാണ് ലഭിച്ചത്. *"യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവ ശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു"* (ഉല്പ.2:7).

ക്രൂശിലെ കള്ളനോടു കർത്താവു പറഞ്ഞത് ഇന്നു നീ എന്നോടു കൂടെ പരദീസായിൽ ഇരിക്കും എന്നാണ് (ലൂക്കൊ.23:43).

പുനരുത്ഥാന സമയത്ത് പ്രാണനും ആത്മാവും മണ്ണിൽ ലയിച്ചു ചേർന്ന ശരീരവുമായി സംയോജിച്ച് ഒരു പുതിയ ശരീരം ലഭിക്കുന്നു ഇതാണ് പുനരുത്ഥാന ശരീരം. പുനരുത്ഥാനം എപ്പോൾ സംഭവിക്കുമെന്നു പൗലൊസ് തന്റെ ലേഖനത്തിൽ വ്യക്തമാക്കിയിരിക്കുന്നു. *"നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ"* (1.തെസ്സ.5:23).

## മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പ് തിരുവചനത്തിൽ —

പുനരുത്ഥാനത്തിൽ ഒന്നാമത്തെ നിര ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പാണ്. *"എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തിരിക്കുന്നു"* (1.കൊരി.15:20) എന്നു പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനു മുമ്പും ക്രിസ്തുവിനു ശേഷവും അനേകർ ഉയിർത്തെഴുന്നേറ്റിട്ടുണ്ട്. ഇവരൊക്കെ ജീവിക്കുകയും പിന്നീട് മരിക്കയും ചെയ്തു. കാരണം അവർ ഉയിർത്തെഴുന്നേറ്റത് ക്ഷയമുള്ള ശരീരത്തിലാണ്; പുനരുത്ഥാന ശരീരത്തിലല്ല. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ തേജസ്സുള്ള ശരീരത്തിൽ അഥവാ സ്വർഗ്ഗീയ ശരീരത്തിൽ ഉയിർത്തെഴുന്നേറ്റതു കൊണ്ടാണ് ക്രിസ്തു പുനരുത്ഥാനത്തിൽ ആദ്യഫലം അഥവാ ഒന്നാമത്തെ നിരയെന്നു പറയുവാൻ കാരണം.

## തിരുവചനത്തിൽ മരിച്ചവർ ഉയിർത്തെഴുന്നേറ്റു എങ്കിലും വീണ്ടും മരിച്ചവർ —

(1) ഏലീയാവു സാരെഫാത്തിലെ വിധവയുടെ മരിച്ച മകനെ ജീവിപ്പിച്ചു (1.രാജാ.17:20-22).

(2) എലീശ ശൂനേകാരിയുടെ മരിച്ച മകനെ ഉയിർത്തെഴുന്നേൽപ്പിച്ചു (2.രാജാ.4:32-36).

(3) യേശുക്രിസ്തു പള്ളിപ്രമാണിയായ യായിറൊസിന്റെ മകളെ ഉയിർത്തെഴുന്നേല്പിച്ചു (മത്താ.9:23-26).

(4) യേശുക്രിസ്തു നയിൻ പട്ടണത്തിലെ വിധവയുടെ മകനെ ജീവിപ്പിച്ചു (ലൂക്കൊ.7:11-15).

(5) യേശുക്രിസ്തു ബേഥാന്യയിലെ ലാസറിനെ ഉയിർത്തെഴുന്നേല്പിച്ചു (യോഹ.11:43,44).

(6) പത്രൊസ് യോപ്പയിലെ തബീഥയെ ജീവിപ്പിച്ചു (അപ്പൊ.9:39-41).

(7) പൗലൊസ് യൂത്തിക്കൊസിനെ ജീവിപ്പിച്ചു (അപ്പൊ.20:7-12).

ഇവരെല്ലാം ഉയിർത്തെഴുന്നേറ്റു എങ്കിലും വീണ്ടും മരിച്ചു കല്ലറകളിൽ അടക്കപ്പെട്ടു.

## പുനരുത്ഥാന ശരീരം —

പുനരുത്ഥാന ശരീരം ലഭിച്ചു കഴിയുമ്പോൾ നാം ഉയിർത്തെഴുന്നേറ്റു യേശുക്രിസ്തുവിനെപ്പോലെ തേജസ്സുള്ള ശരീരം ലഭിക്കും. *"അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെതന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു"* (1.യോഹ.3:2). കർത്താവിനോടു സദൃശ്യന്മാരായിത്തീർന്നാൽ (പുനരുത്ഥാനശരീരം ലഭിച്ചു കഴിഞ്ഞാൽ) യാതൊന്നിനും നമ്മെ തടയുവാൻ സാധിക്കയില്ല. എവിടെയും എപ്പോൾ വേണമെങ്കിലും കയറിച്ചെല്ലാം. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യം മഗ്ദലക്കാരത്തി മറിയെക്കും പിന്നീട് തന്റെ ശിഷ്യഗണത്തിനും പല തവണ പ്രത്യക്ഷനായി. ശിഷ്യന്മാർ വാതിൽ അടെച്ചിരുന്ന മുറിയിലും അവരുടെ നടുവിൽ കർത്താവു അവർക്കു പ്രത്യക്ഷനായി (യോഹ.20:19). പുനരുത്ഥാന ശരീരം ലഭിച്ചു കഴിഞ്ഞാലും നമുക്കു തമ്മിൽ തമ്മിൽ തിരിച്ചറിയുവാൻ സാധിക്കും. കാരണം പുനരുത്ഥാന ശരീരം പ്രാപിച്ച യേശുവിനെ തന്റെ ശിഷ്യന്മാർ തിരിച്ചറിഞ്ഞു. നാം മുമ്പു കണ്ടിട്ടില്ലാത്ത വിശുദ്ധന്മാരെപ്പോലും മനസ്സിലാക്കുവാൻ സാധിക്കും. മറുരൂപമലയിൽ പ്രത്യക്ഷപ്പെട്ട മോശെയെയും ഏലീയാവിനെയും പത്രൊസ് തിരിച്ചറിഞ്ഞു. *"അപ്പോൾ പത്രൊസ് യേശുവിനോടു: കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നന്നു; നിനക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം. ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലീയാവിന്നും എന്നു പറഞ്ഞു"* (മത്താ.17:4).

**പുനരുത്ഥാന ശരീരത്തിന്റെ പ്രത്യേകതകൾ —**

(1) ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ശരീരത്തിനു തുല്യമായിരിക്കും.

(2) പുനരുത്ഥാനം ലഭിച്ച വ്യക്തിയുടെ ഇപ്പോഴുള്ള ശരീരത്തോടു സദൃശ്യമുള്ളതായിരിക്കും.

(3) പുനരുത്ഥാന ശരീരം നമ്മുടെ കർത്താവായ യേശു ക്രിസ്തു നമുക്കു തരുന്ന അതിശ്രേഷ്ഠമായ സ്വർഗ്ഗീയ ശരീരമായിരിക്കും.

(4) താഴ്ചയുള്ള ഇപ്പോഴത്തെ ശരീരത്തിനു പകരം മഹത്വമുള്ള സ്വർഗ്ഗീയ ശരീരമായിരിക്കും പുനരുത്ഥാന ശരീരം (ഫിലി.3:21)

| പുനരുത്ഥാന ശരീരത്തിന്റെ ഏഴുവിധ മഹത്വങ്ങൾ (1.കൊരി.15:42 –54) | | | |
|---|---|---|---|
| | ഇപ്പോഴത്തെ ശരീരം (താഴ്ചയുള്ള ശരീരം) | പുനരുത്ഥാന ശരീരം (മഹത്വമുള്ള ശരീരം) | |
| 1 | ദ്രവത്യമുള്ളത് | അദ്രവത്വമുള്ളത് | 1.കൊരി.15:42 |
| 2 | അപമാനമുള്ളത് | തേജസ്സുള്ളത് | 1.കൊരി.15:43 |
| 3 | ബലഹീനമായത് | ശക്തിയുള്ളത് | 1.കൊരി.15:43 |
| 4 | പ്രാകൃതമായത് | ആത്മീകമായത് | 1.കൊരി.15:44 |
| 5 | മൺമയമായത് | സ്വർഗ്ഗീയമായത് | 1.കൊരി.15:47 |
| 6 | ക്ഷയമുള്ളത് | അക്ഷയമായത് | 1.കൊരി.15:52 |
| 7 | മർത്യമായത് | അമർത്യമായത് | 1.കൊരി.15:53 |

മരണം മനുഷ്യന്റെ അവസാനമല്ല. മരിച്ചവരെല്ലാം പുനരുത്ഥാനം പ്രാപിക്കും. മർത്യനെ പൊടിയിലേക്കു മടങ്ങിച്ചേരുമാറാക്കുന്ന ദൈവം മനുഷ്യപുത്രന്മാരേ മടങ്ങിവരുവിൻ എന്നു അരുളിച്ചെയ്യുന്ന ഒരു ദിവസം ഉണ്ട്. *"നീ മർത്യനെ പൊടിയിലേക്കു മടങ്ങിച്ചേരുമാറാക്കുന്നു; മനുഷ്യപുത്രന്മാരേ, തിരികെ വരുവിൻ എന്നും അരുളിച്ചെയ്യുന്നു"* (സങ്കീ.90:3). *"നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായും ചിലർ*

*ലജ്ജെക്കും നിത്യനിന്ദെക്കുമായും ഉണരും"* (ദാനീ.12:2). ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിയമിച്ചിരിക്കുന്നു (എബ്രാ.9:27).

രണ്ടുവിധത്തിലുള്ള നിത്യതയെക്കുറിച്ചു തിരുവചനം പ്രസ്താവിക്കുന്നു. മനുഷ്യന്റെ മരണശേഷം അവർ ഇവയിൽ ഏതെങ്കിലും ഒന്നിന്റെ അവകാശികളാകും —

(1) നിത്യജീവൻ (2) നിത്യമരണം.

ഇതിനെ വെളിപ്പെടുത്തിക്കൊണ്ടു കർത്താവു പറഞ്ഞിട്ടുണ്ട് — *"കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യാനുള്ള നാഴിക വരുന്നു"* (യോഹ.5:28-29).

ഇതിൽ നിന്നു രണ്ടു വിധത്തിലുള്ള പുനരുത്ഥാനങ്ങളും വെളിപ്പെടുന്നു —

(1) ഒന്നാമത്തെ പുനരുത്ഥാനം — നീതിമാന്മാരുടെ പുനരുത്ഥാനം (നന്മ ചെയ്തവർ ജീവനായും).

(2) രണ്ടാമത്തെ പുനരുത്ഥാനം — ദുഷ്ടന്മാരുടെ അഥവാ പാപികളുടെ പുനരുത്ഥാനം (തിന്മ ചെയ്തവർ ന്യായവിധിക്കായും).

മരിച്ചവരായ എല്ലാവരും പുനരുത്ഥാനം പ്രാപിക്കുമെങ്കിലും നീതിമാന്മാരുടെ പുനരുത്ഥാനവും അവിശ്വാസികളുടെ പുനരുത്ഥാനവും ഒരുമിച്ചല്ല നടക്കുന്നത്.

ഒന്നാമത്തേത് --- വിശ്വാസികളുടെ പുനരുത്ഥാനം --- കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ സംഭവിക്കുന്നത്.

രണ്ടാമത്തേത് — അവിശ്വാസികളുടെ പുനരുത്ഥാനം —

സഭ എടുക്കപ്പെട്ടു, ഭൂമിയിലെ പീഡനകാലശേഷവും, സഭയുമായി കർത്താവിന്റെ ഭൂമിയിലേക്കുള്ള മഹത്വപ്രത്യക്ഷതയും, ആയിരമാണ്ടു വാഴ്ചയും കഴിഞ്ഞു സംഭവിക്കുന്നതാണ്. അന്നു സകല അവിശ്വാസികളെയും വെള്ളസിംഹാസനത്തിങ്കൽ ന്യായം വിധിച്ചു ശിക്ഷിക്കും. ഒന്നും രണ്ടും പുനരുത്ഥാനങ്ങൾ തമ്മിൽ ഏകദേശം ആയിരത്തിയേഴു വർഷത്തെ (ഭൂമിയിലെ പീഡനകാലം 7 വർഷം + 1000 ആണ്ടു ഭൂമിയിലെ വാഴ്ച) ഇടവേളയുണ്ടായിരിക്കും.

# ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് — പുനരുത്ഥാനത്തിൽ ഒന്നാമത്തെ നിര

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് അഥവാ പുനരുത്ഥാനം പുതിയമനിയമത്തിലെ നാലു സുവിശേഷങ്ങളിലും (മത്തൊ.28/മർക്കൊ.16/ലൂക്കൊ.24/യോഹ.20), അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിലും (അപ്പൊ.1:22/2:31/4:2/4:33/26:23), സഭകൾക്കുള്ള ലേഖനങ്ങളിലും (റോമ.1:5/ഫിലി.3:10/1.പത്രൊ.1:3) പറഞ്ഞിരിക്കുന്നു.

കൊരിന്ത്യലേഖനത്തിൽ ക്രിസ്തുവിന്റെ പുനരുത്ഥാന ശ്രേഷ്ഠതയെയും, അനന്തര ഫലത്തെയും കുറിച്ചു വളരെ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു (1.കൊരി.15). ഇവിടെ മൂന്നു പുനരുത്ഥാന നിരകളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. *"എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തിരിക്കുന്നു ........... ഓരോരുത്തനും തന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം"* (1.കൊരി.15:20,23). —

(1) ആദ്യഫലം ക്രിസ്തു — പുനരുത്ഥാന ഒന്നാമത്തെ നിര.

(2) പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ — വിശ്വാസികൾ അഥവാ ദൈവമക്കളുടെ പുനരുത്ഥാനം

(3) പിന്നെ അവസാനം -- അവിശ്വാസികളുടെ പുനരുത്ഥാനം. ക്രിസ്തുവിന്റെ പുനരുത്ഥാനം ആദ്യഫലം എന്ന നിലയിൽ കാൽവറിക്രൂശിലെ മരണത്തിനു ശേഷം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റപ്പോൾ നടന്നു. ഭാവിയിൽ നടക്കുവാനുള്ളതാണ് വിശ്വാസികളുടെയും അവിശ്വാസികളുടെയും പുനരുത്ഥാനം.

## ഒന്നാം പുനരുത്ഥാനം —

### നീതിമാന്മാരുടെ പുനരുത്ഥാനം —

ഒന്നാം പുനരുത്ഥാനമെന്നത് നീതിമാന്മാരുടെ പുനരുത്ഥാനം, ദൈവമക്കളുടെ പുനരുത്ഥാനം, വിശ്വാസികളുടെ പുനരുത്ഥാനം, നന്മചെയ്യുന്നവരുടെ പുനരുത്ഥാനം എന്നിങ്ങനെയുള്ള പേരിൽ അറിയപ്പെടുന്നു. *"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു"* (റോമ.3:23) എന്നു ദൈവവചനം പറയുന്നു. മാത്രവുമല്ല *"നീതിമാൻ ആരുമില്ല. ഒരുത്തൻ*

*പോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായി ത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻപോലുമില്ല"* (റോമ.3:10 –12). നന്മയെന്നു കരുതി മനുഷ്യൻ ചെയ്യുന്ന നീതിപ്രവൃത്തികൾ ഒക്കെയും ദൈവത്തിന്റെ ദൃഷ്ടിയിൽ കറപിരണ്ട തുണിപോലെ അശുദ്ധി നിറഞ്ഞതാണ് (യെശ.64:6). എങ്കിൽ ഒന്നാം പുനരുത്ഥാന ത്തിനു പങ്കുള്ള ഭാഗ്യവാനും വിശുദ്ധനും നന്മ ചെയ്യുന്നവരും ആരാണ്? യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീക രിക്കുമ്പോൾ നാം നീതീകരിക്കപ്പെട്ടു ദൈവമക്കളായിത്തീരുന്നു. അതായത് യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് നമ്മുടെ നീതി ക്കായി കണക്കിടുന്നത് (റോമ.3:21/റോമ.5:1). രക്ഷിക്കപ്പെട്ടവർ അഥവാ ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടവരുടെ പ്രവൃത്തിക ളാണ് നന്മയായി ദൈവം കാണുന്നത്. ഇവരാണ് നന്മ പ്രവർത്തി ക്കുന്നവരും ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവരും.

നീതിമാന്മാരുടെ പുനരുത്ഥാനമെന്നാൽ ദൈവമക്കളുടെ ഉയിർത്തെഴുന്നേൽപ്പാണ്. ഇതു ജീവനായുള്ള പുനരുത്ഥാനമാണ്. ആദ്യഫലമായി മരിച്ചവരിൽ നിന്നു ക്രിസ്തു ഉയിർത്തെഴുന്നേറ്റതി നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ലഭിക്കു ന്നു. തുടർന്നു ക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിങ്കൽ അവർ പുനരുത്ഥാനം പ്രാപിക്കുന്നു. അവർ ദൈവത്തോടൊപ്പം എന്നേക്കും വാഴുന്നതിനാണ് ഈ പുനരുത്ഥാനം. പെന്തൊ ക്കോസ്തു നാൾ മുതൽ കർത്താവിന്റെ രണ്ടാം വരവിലെ മദ്ധ്യാ കാശത്തിലുള്ള രഹസ്യപ്രത്യക്ഷതവരെയുള്ള കാലയളവിൽ ക്രിസ്തുവിൽ മരിച്ചവരും അപ്പോൾ ജീവനോടിരിക്കുന്ന വിശ്വാസി കളും ഉൾപ്പെട്ട ശരീരമാകുന്ന ക്രിസ്തുവിന്റെ സഭയുടെ പുനരു ത്ഥാനം ഇതിൽ ഉൾപ്പെടുന്നു. കൂടാതെ മഹോപദ്രവകാലത്തും, സഹ സ്രാബ്ദവാഴ്ചയുടെ ആരംഭത്തിലും വിശുദ്ധന്മാർ ഉയിർത്തെഴു ന്നേൽക്കും. ഒന്നാം പുനരുത്ഥാനമെന്നത് പുതിയനിയമവിശുദ്ധ ന്മാരുടേതെന്നു തോന്നാമെങ്കിലും പഴയനിയമവിശുദ്ധന്മാരും ഇതിൽ ഉൾപ്പെടുന്നു. അതായത് ഒന്നാം പുനരുത്ഥാനം ഒരേ സമയത്തു നട ക്കുന്നതല്ല; മറിച്ച് ഒരേ രീതിയിലും വ്യത്യസ്ത സമയങ്ങളിലും ദൈവ മക്കൾക്കു മാത്രമുള്ളതുമാണ്.

## ഒന്നാം പുനരുത്ഥാനത്തിൽ ആരൊക്കെ?

(First Resurrection -- Who are they?)

(1) ക്രിസ്തുവിന്റെ ശരീരമാകുന്ന പുതിയനിയമസഭ (ക്രിസ്തുവിൽ മരിച്ചവരും ജീവനോടിരിക്കുന്ന രക്ഷിക്കപ്പെട്ടവരും — ക്രിസ്തുവിന്റെ മണവാട്ടി) — (Body of Christ -- Died and Living Saints in Christ = Bride) — 1.തെസ്സ.4:13-18.

(2)പഴയനിയമ വിശുദ്ധന്മാർ-(Old Testament Saints )-- ദാനീ.12:2,13

(3) പീഡനകാലത്തിൽ രണ്ടു സാക്ഷികളുടെ പുനരുത്ഥാനം — (Resurrection of the two Witnesses in Tribulation) —
(വെളി.11:3 -12).

(4) സഹസ്രാബ്ദവാഴ്ചയുടെ ആരംഭത്തിൽ പീഡനകാലത്തിലെ രക്തസാക്ഷികളുടെ പുനരുത്ഥാനം (Resurrection of the Tribulation Martyrs) — (വെളി.6:9-11/20:4-6).

പുനരുത്ഥാനത്തിൽ ആദ്യഫലം എന്ന നിലയിൽ ആദ്യനിരയായ ക്രിസ്തുവിനുശേഷം നാലു കൂട്ടരാണ് ഒന്നാം പുനരുത്ഥാനത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇവരെ ഓരോരുത്തരായി വിശദമായി മനസ്സിലാക്കേണ്ടതുണ്ട് —

### (1) ക്രിസ്തുവിന്റെ ശരീരമാകുന്ന പുതിയനിയമസഭ —

(ക്രിസ്തുവിൽ മരിച്ചവരും ജീവനോടിരിക്കുന്ന രക്ഷിക്കപ്പെട്ടവരും — ക്രിസ്തുവിന്റെ മണവാട്ടി) — (Body of Christ -- Died and Living Saints in Christ = Bride).

പരിശുദ്ധാത്മാവു ഭൂമിയിലേക്കു വന്ന പെന്തെക്കൊസ്തുനാളിൽ സഭ സ്ഥാപിതമായതു മുതൽ ക്രിസ്തുവിന്റെ രണ്ടാംവരവിലെ മദ്ധ്യാകാശവരവുവരെയുള്ള ക്രിസ്തുവിൽ മരിച്ചവരും ക്രിസ്തുവിൽ ജീവിക്കുന്നവരുമായ സകല വിശ്വാസികളും ഒന്നാം പുനരുത്ഥാനത്തിൽ പങ്കാളികളാണ്. കർത്താവിന്റെ ഗംഭീരനാദത്തിങ്കൽ കല്ലറകളിൽ വിശ്രമിക്കുന്ന സകല വിശുദ്ധന്മാരും ഉയിർത്തെഴുന്നേല്ക്കും. ദൈവത്തിന്റെ കാഹളനാദത്തിങ്കൽ ജീവനോടിരിക്കുന്ന സകല വിശുദ്ധന്മാരും തേജസ്സേറിയ പുതിയ ശരീരം ലഭിച്ചു രൂപാന്തരം പ്രാപിക്കും. ഇരു കൂട്ടരും ഒന്നിച്ചു ആകാശത്തിൽ കർത്താ

വിന്റെ സന്നിധിയിലേക്കു എടുക്കപ്പെടും. പുനരുത്ഥാനം പ്രാപിച്ച ഇരു കൂട്ടരും ക്രിസ്തുവിന്റെ മണവാട്ടി പദം അലങ്കരിക്കും. അവർ എപ്പോഴും കർത്താവിനോടു കൂടെയായിരിക്കും എന്നത് നമ്മിൽ പ്രത്യാശ ഉളവാക്കുന്ന വാഗ്ദത്തമാണ്.

1.തെസ്സ.4:16-18 — *"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ച വർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ചു ആകാശത്തിൽ കർത്താ വിനെ എതിരേല്പ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും. ഈ വചനങ്ങളെ ക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ."*

## (2) പഴയനിയമ വിശുദ്ധന്മാർ — (Old Testament Saints ) —

ഒന്നാം പുരുത്ഥാനത്തിൽ പഴയനിയമ വിശുദ്ധന്മാർ സക ലരും ഉയിർത്തെഴുന്നേല്ക്കും. എന്നാൽ പഴയനിയമവിശുദ്ധന്മാ രുടെ പുനരുത്ഥാനത്തിന്റെ ശരിയായ സമയം തിരുവചനത്തിൽ നേരിട്ടു (no direct verses) രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ പഴയനിയമ വിശുദ്ധന്മാരുടെ പുനരുത്ഥാന സമയത്തെപ്പറ്റി വേദപഠിതാക്കളുടെ ഇടയിൽ വിവിധ വചനങ്ങളെ ആധാരമാക്കി അഭിപ്രായ വ്യത്യാസമുണ്ട്.

## പഴയനിയമ വിശുദ്ധന്മാരുടെ പുനരുത്ഥാനം ഒന്നാമത്തെ അഭിപ്രായം — (സഹസ്രാബ്ദവാഴ്ചയുടെ ആരംഭത്തിൽ)

ഭൂമിയിലെ ഏഴു വർഷത്തെ പീഡനകാലത്തിന്റെ അന്ത്യ ത്തിൽ പഴയനിയമവിശുദ്ധന്മാർ പുനരുത്ഥാനം ചെയ്യുമെന്നുള്ള താണ് ഒന്നാമത്തെ അഭിപ്രായം. ഇതിനു ദാനീയേൽ പ്രവചനം 12 -ാം അദ്ധ്യായത്തിലെ വാക്യമാണ് ആധാരം. *"നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ചു കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും"* (ദാനീ.12:13). ഇവിടെ കാലാവസാനത്തിങ്കൽ എന്ന പ്രയോഗം സഭാകാലത്തിന്റെ അന്ത്യ മല്ല മറിച്ചു പീഡനകാലത്തിന്റെ അവസാനം എന്നാണ് വ്യാഖ്യാനി

ക്കുന്നത്.

പഴയനിയമ വിശുദ്ധന്മാരുടെ പുനരുത്ഥാനം സംബന്ധിച്ചുള്ള മറ്റു ചില വാക്യങ്ങൾ —

ഇയ്യോ.19:25-27 —*"എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നേ അവനെ കാണും; അന്യനല്ല, എന്റെ സ്വന്ത കണ്ണു അവനെ കാണും ....."*

ദാനീ.12:1,2 — *"ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണ നില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം പുസ്തകത്തിൽ എഴുതി കാണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും. നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായും ചിലർ ലജ്ജെക്കും നിത്യനിന്ദക്കുമായി ഉണരും."*

യെശ.26:19 — *"നിന്റെ മൃതന്മാർ ജീവിക്കും; എന്റെ ശവങ്ങൾ എഴുന്നേല്ക്കും; പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ; നിന്റെ മഞ്ഞു പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു; ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ."*

യെഹെ.37:13,14 — *"അങ്ങനെ എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. നിങ്ങൾ ജീവിക്കേണ്ടതിന്നു ഞാൻ എന്റെ ആത്മാവിനെ നിങ്ങളിൽ ആക്കും; ഞാൻ നിങ്ങളെ സ്വദേശത്തു പാർപ്പിക്കും; യഹോവയായ ഞാൻ അരുളിച്ചെയ്തു നിവർത്തിച്ചുമിരിക്കുന്നു എന്നു നിങ്ങൾ അറിയും എന്നു യഹോവയുടെ അരുളപ്പാട്."*

ഈ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ പഴയനിയമവിശുദ്ധന്മാർ, പീഡനകാലം കഴിഞ്ഞു കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ പുനരുത്ഥാനം പ്രാപിച്ചു ആയിരമാണ്ടു വാഴ്ചയിലേക്കു പ്രവേശിക്കും (Old Testament Saints will be resurrected to enter the Millenium Kingdom).

പഴയനിയമ വിശുദ്ധന്മാരുടെ പുനരുത്ഥാനം - രണ്ടാമത്തെ അഭിപ്രായം — (പുതിയനിയമ വിശ്വാസികളോടൊപ്പം)

കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ പുതിയനിയമ വിശുദ്ധന്മാർ എടുക്കപ്പെടുന്നതിനെ തുടർന്നു പഴയനിയമ വിശുദ്ധന്മാരും പുനരുത്ഥാനം പ്രാപിക്കും. ഇതിനു ആധാരമായ തിരുവെഴുത്തുകൾ —

—> (I) സഭയുടെ ഉത്പ്രാപണം കഴിഞ്ഞശേഷം ക്രിസ്തുവിന്റെ ന്യായാസനവും തുടർന്നു കുഞ്ഞാടിന്റെ കല്യാണം നടക്കുമ്പോൾ സദസ്സിൽ ക്ഷണിക്കപ്പെട്ട അതിഥികളും (വെളി.19:9) മണവാളന്റെ സ്നേഹിതരും (യോഹ.3:29) ഉണ്ടായിരിക്കും. എങ്കിൽ പുതിയനിയമവിശ്വാസികളെ തുടർന്നു പഴയനിയമവിശ്വാസികളും കർത്താവിന്റെ രണ്ടാം വരവിനോടനുബന്ധിച്ചു പുനരുത്ഥാനം പ്രാപിക്കും.

---> (II) പുനരുത്ഥാന നിരയിൽ ആദ്യഫലം ക്രിസ്തു എന്നാണ് പൗലൊസ് പറയുന്നത്. *"ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ...."* (1.കൊരി.15:23). ക്രിസ്തുവിലുള്ളവർ സകലരും കർത്താവിന്റെ വരവിൽ പുനരുത്ഥാനം പ്രാപിക്കുമെന്നതിനാൽ പഴയനിയമവിശുദ്ധന്മാരും ഉൾപ്പെടും. പഴയനിയമവിശ്വാസികളും ക്രിസ്തുവിലുള്ളവരാണ് എന്ന സത്യം വിവിധ തിരുവെഴുത്തുകൾ വെളിപ്പെടുത്തുന്നു.

(1) എബ്രാ.11:25,26 — *"പ്രതിഫലം നോക്കിയതുകൊണ്ടു ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു."* മോശെയുടെ അടിയുറച്ച വിശ്വാസത്തിന്റെ ദീർഘവീക്ഷണവും ആത്മീകദൃഷ്ടിയുടെ പ്രകാശനവും ഭാവികാല പ്രത്യാശയും തിരഞ്ഞെടുപ്പുമാണിവിടെ വെളിപ്പെടുന്നത്. ലോകത്തിന്റെ സകല സമ്പത്തിനേക്കാളും ക്രിസ്തുവിന്റെ നിന്ദയാണ് ധനമായി എണ്ണിയത്. പഴയനിയമ ഭക്തനായ മോശെ ക്രിസ്തുവിൽ പ്രത്യാശയുള്ളവനായിരുന്നു.

(2) 1.പത്രൊ.1:10,11 — *"നിങ്ങൾക്കു വരുവാനിരിക്കുന്ന കൃപയെക്കുറിച്ചു പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞു അന്വേഷിച്ചിരുന്നു. അവരിലുള്ള ക്രിസ്തുവിന്റെ ആത്മാവു ക്രിസ്തുവിന്നു വരേണ്ടിയ കഷ്ടങ്ങളെയും പിൻ വരുന്ന മഹിമയെയും*

*മുമ്പിൽ കൂട്ടി സാക്ഷീകരിച്ചപ്പോൾ ....."* പഴയനിയമപ്രവാചകന്മാർ ക്രിസ്തുവിലൂടെയുള്ള രക്ഷയെക്കുറിച്ചു ആരാഞ്ഞതും ക്രിസ്തു സഹിക്കേണ്ട കഷ്ടങ്ങളെയും പിന്നീടുള്ള മഹത്വത്തെയും പ്രവചിച്ചത് അവരിലുള്ള ക്രിസ്തുവിന്റെ ആത്മാവായിരുന്നു. കാരണം ന്യായപ്രമാണവും സങ്കീർത്തനങ്ങളും പ്രവാചകഗ്രന്ഥങ്ങളും ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങളാൽ നിറഞ്ഞിരുന്നു. *"ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു. മോശെ തുടങ്ങി സകലപ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു"* (ലൂക്കൊ.24:26,27).

ക്രിസ്തുവിന്റെ ആത്മാവുള്ളവർ ക്രിസ്തുവിന്റെ വകയാണ്.' *"ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ...."* (1.കൊരി.15:23). ക്രിസ്തുവിനുള്ളവർ ക്രിസ്തുവിന്റെ വരവിങ്കൽ പുനരുത്ഥാനം പ്രാപിക്കും. ആയതിനാൽ പഴയനിയമ വിശുദ്ധന്മാരും ക്രിസ്തുവിനുള്ളവരാകായാൽ പുതിയനിയമ വിശ്വാസികളോടൊപ്പം പുനരുത്ഥാനം പ്രാപിക്കും എന്നാണഭിപ്രായം.

—> (III) പഴയനിയമ വിശുദ്ധന്മാരുടെ വിശ്വാസത്തിന്റെ പൂർത്തീകരണം ക്രിസ്തുവിൽ —

എബ്രാ.11:39,40 — *"അവർ എല്ലാവരും വിശ്വാസത്താൽ സാക്ഷ്യം ലഭിച്ചിട്ടും വാഗ്ദത്ത നിവൃത്തി പ്രാപിച്ചില്ല. അവർ നമ്മെ കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിന്നു ദൈവം നമുക്കു വേണ്ടി ഏറ്റവും നല്ലതൊന്നു മുൻകരുതിയിരുന്നു."*

എബ്രായർ 11-ാം അദ്ധ്യായത്തിൽ വിശ്വാസത്തിന്റെ മാതൃകയായി ഹാബേൽ മുതലുള്ള വിശ്വാസവീരന്മാരുടെ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഇവർക്കെല്ലാം വിശ്വാസത്തിന്റെ സാക്ഷ്യം ലഭിച്ചുവെങ്കിലും വാഗ്ദത്ത പൂർത്തീകരണം അനുഭവമാക്കുവാൻ സാധിച്ചില്ല. എന്നാൽ ഇവരുടെ വിശ്വാസത്തിന്റെ പൂർത്തീകരണം ക്രിസ്തുവിലാണ് നിറവേറുന്നത്. പുതിയനിയമ വിശ്വാസികളായ നമുക്കു അത് അനുഭവമാക്കുവാൻ സാധിച്ചു. എന്നാൽ പഴയനിയമ വിശ്വാസികളുടെ രക്ഷാപൂർത്തി അഥവാ പുനരുത്ഥാനവും തേജസ്കരണവും ഒക്കെ പുതിയനിയമവിശ്വാസികളോടൊപ്പമായിരിക്കും. "*അവർ നമ്മെ കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിന്നു"* (God having provided something better for us, that they

should not be made perfect apart from us) എന്നാൽ അവരും നാമും ഒരുമിച്ചു രക്ഷാപൂർത്തി പ്രാപിക്കും എന്നാണ്.

—> (IV) പഴയനിയമവിശുദ്ധന്മാർ ഏറ്റവും നല്ലൊരു പുനരുത്ഥാനത്തിനു കാത്തിരുന്നവരാണ്.

എബ്രാ.11:35 -- *"സ്ത്രീകൾക്കു തങ്ങളുടെ മരിച്ചവരെ ഉയിർത്തെഴുന്നേല്പിനാൽ തിരികെ കിട്ടി; മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേല്പു ലഭിക്കേണ്ടതിന്നു ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു."*

സാരെഫാത്തിലെ വിധവയുടെ മകനും (1.രാജാ.17:17-24), ശൂനേംകാരത്തിയുടെ മകനും (2.രാജാ.4:36,37) ഉയിർത്തെഴുന്നേറ്റുവെങ്കിലും വീണ്ടും മരിച്ചു. കാരണം അവരുടെ ഉയിർത്തെഴുന്നേല്പ് ലോകത്തിൽ വീണ്ടും ജീവിക്കുവാനുള്ള മടങ്ങി വരവു മാത്രമായിരുന്നു. എന്നാൽ പഴയനിയമ വിശ്വാസികൾ ഏറ്റവും നല്ലൊരു പുനരുത്ഥാനത്തിനു കാത്തിരുന്നവരായിരുന്നു (യെശ.26:19-21/ ദാനീ.12:2,13/ഇയ്യോ.19:25-27). പുതിയനിയമ വിശുദ്ധന്മാരും പഴയനിയമ വിശുദ്ധന്മാരും ഒന്നാം പുനരുത്ഥാനത്തിലെ പങ്കാളികളെന്ന നിലയിൽ ഉയിർത്തെഴുന്നേല്ക്കും. ഇരു കൂട്ടരുടെയും ക്രിസ്തുവിലൂടെയുള്ള രക്ഷാപൂർത്തി അഥവാ പുനരുത്ഥാനവും തേജസ്കരണവും സഭെക്കായി വരുന്ന കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ സംഭവിക്കും.

കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ പഴയനിയമവിശുദ്ധന്മാരും പുനരുത്ഥാനം പ്രാപിക്കും എന്നു അനേകർ അഭിപ്രായപ്പെടുന്നു. കുഞ്ഞാടിന്റെ കല്യാണം നടക്കുന്ന വേളയിൽ സ്വർഗ്ഗത്തിൽ പുതിയനിയമ വിശുദ്ധന്മാരോടൊപ്പം പിതാവും പുത്രനും പരിശുദ്ധാത്മാവും ഉണ്ടായിരിക്കും. ദൈവത്തിന്റെ സ്നേഹിതനായ അബ്രഹാമിനെയും, ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദിനെയും, മണവാളന്റെ സ്നേഹിതനായ സ്നാപകയോഹന്നാനെയും മാറ്റി നിറുത്തിയിട്ട് സ്വർഗ്ഗത്തിൽ കുഞ്ഞാടിന്റെ കല്യാണം നടക്കുമെന്നു ചിന്തിക്കുവാൻ കഴിയുകയില്ല. ആകയാൽ പഴയനിയമ വിശുദ്ധന്മാരും ക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലേക്കുള്ള വരവിൽ പുനരുത്ഥാനം പ്രാപിക്കും. *"കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും"* (ദാനീ.12:13) എന്നു ദാനീയേലിനോടു പറയുന്നത് കൃപാകാലത്തിന്റെ അന്ത്യമെന്നാണെന്നാണ് അഭിപ്രായം.

(DOCTRINAL TRUTHS *by Samson Henry, Kollam*)

## പഴയനിയമവിശുദ്ധന്മാരുടെ പുനരുത്ഥാനം എപ്പോൾ?

പഴയനിയമവിശുദ്ധന്മാർ പുനരുത്ഥാനം പ്രാപിക്കും എന്നുള്ളത് എല്ലാവരും അംഗീകരിക്കുന്നവെങ്കിലും അവരുടെ ഉയിർപ്പ് എപ്പോഴെന്നതിനു മേൽപ്പറഞ്ഞ വിവിധ അഭിപ്രായമുണ്ട്. അവർ പീഢനകാലശേഷം കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ ആയിരം ആണ്ട് വാഴ്ചയുടെ പ്രാരംഭത്തിലാണ് ഉയിർത്തെഴുന്നേല്ക്കുന്നതെന്നും അഭിപ്രായപ്പെടുന്നു. എന്നാൽ സഭയോടൊപ്പം പഴയനിയമവിശുദ്ധന്മാരും ഉയിർക്കും എന്നത് പൊതുവേ അംഗീകരിക്കപ്പെടുന്നു.

പുതിയനിയമസഭ കർത്താവിന്റെ മണവാട്ടിയാണ്. പഴയനിയമഭക്തന്മാർ ക്രൂശിനെയും കർത്താവിന്റെ യാഗമരണത്തെയും കഷ്ടതയെയും മുന്നിൽ കണ്ടു വിശ്വാസജീവിതം നയിച്ചവരാണ്. പുതിയനിയമ വിശ്വാസികൾ ക്രിസ്തുവിനെയും ക്രൂശിനെയും കണ്ടു രക്ഷാഭാഗ്യം നേടിയവരാണ്. അതായത് ഇരു കൂട്ടരും ക്രിസ്തുവുമായി ബന്ധപ്പെട്ടവരാകായാൽ അവർ ഒരുമിച്ചു ഉയിർക്കുമെന്നു വിശ്വസിക്കുന്നതാണ് യോജ്യം.

ഒന്നാം പുനരുത്ഥാനത്തിൽ പുതിയനിയമവിശുദ്ധന്മാരും പഴയനിയമവിശുദ്ധന്മാരും ഒരുപോലെ പങ്കാളികളാണ്. എന്നാൽ പഴയനിയമ വിശുദ്ധന്മാരുടെ ഉയിർപ്പ് എപ്പോഴെന്നു തിരുവചനത്തിൽ വ്യക്തമായി പറയാത്തതിനാൽ (no direct verses) അതിനെപ്പറ്റി തർക്കിക്കേണ്ട കാര്യമില്ല. കാരണം മറഞ്ഞിരിക്കുന്ന കാര്യങ്ങൾ ദൈവത്തിനുള്ളതാണ്. *"മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവെക്കുള്ളതത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിന്നു എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു"* (ആവ.29:28).

### (3) പീഢനകാലത്തിൽ രണ്ടു സാക്ഷികളുടെ പുനരുത്ഥാനം — (Resurrection of the two Witnesses in Tribulation) —

ഉത്പ്രാപണത്തിലൂടെ ക്രിസ്തുവിൽ മരിച്ചവരും ക്രിസ്തുവിൽ ജീവിക്കുന്നവരുമായ വിശ്വാസികളുടെ കൂട്ടമായ സഭ എടുക്കപ്പെട്ടശേഷം ഭൂമിയിൽ ഏഴു വർഷത്തെ പീഢനകാലം അരങ്ങേറുന്നു. പീഢനകാല മദ്ധ്യത്തിൽ കർത്താവിന്റെ സന്നിധിയിൽ നിന്നു

രണ്ടു സാക്ഷികൾ ഭൂമിയിലേക്കു വരുന്നു. ഇവരുടെ ശുശ്രൂഷകൾ ആഴത്തിൽ നിന്നു കയറിവരുന്ന മൃഗത്തെ അഥവാ അന്തിക്രിസ്തുവിനെ കോപിപ്പിക്കുന്നു. അവരുടെ ശുശ്രൂഷയുടെ അന്ത്യത്തിൽ അന്തിക്രിസ്തുവിനാൽ അവർ ഇരുവരും കൊല്ലപ്പെടുകയും മഹാനഗരമായ യെരൂശെലേമിന്റെ തെരുവീഥിയിൽ അവരുടെ ശവം ആരും മറവു ചെയ്യാൻ അനുവദിക്കാതെ മൂന്നര ദിവസം കിടക്കുകയും ചെയ്യും. ഇവരുടെ ശവം കാണുന്ന ഭൂവാസികൾ മുഴുവനും സന്തോഷിച്ചാഹ്ലാദിക്കും. അവരുടെ ആഹ്ലാദതിമിർപ്പിനിടയിൽ മൂന്നര ദിവസത്തിനുശേഷം രണ്ടു സാക്ഷികളുടെയും ശരീരങ്ങൾ പുനരുത്ഥാനം പ്രാപിച്ച് മേഘത്തിൽ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടുന്നതും അവർ കാണും (വെളി.11:3-12).

പീഡനകാല മദ്ധ്യത്തിൽ ദൈവത്തിന്റെ രണ്ടു സാക്ഷികൾ പുനരുത്ഥാനം പ്രാപിക്കും — (God's two Witnesses will be resurrected after being killed by the Beast) —

വെളി.11:11,12 — *"മൂന്നര ദിവസം കഴിഞ്ഞശേഷം ദൈവത്തിൽ നിന്നു ജീവശ്വാസം അവരിൽ വന്നു അവർ കാൽ ഊന്നി നിന്നു — അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു — ഇവിടെ കയറി വരുവിൻ എന്നു സ്വർഗ്ഗത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതു കേട്ടു, അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി; അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു."*

(4) സഹസ്രാബ്ദവാഴ്ചയുടെ ആരംഭത്തിൽ പീഡനകാലത്തിലെ രക്തസാക്ഷികളുടെ പുനരുത്ഥാനം (Resurrection of the Tribulation Martyrs) —

കർത്താവിന്റെ വരവിൽ സഭയെടുക്കപ്പെട്ടശേഷമുള്ള പീഡനകാലയളവിൽ രക്തസാക്ഷികളായി മരിച്ച വിശുദ്ധന്മാരുടെ പുനരുത്ഥാനമാണിത്. കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ ആയിരമാണ്ടു വാഴ്ചയുടെ ആരംഭത്തിലാണ് ഇവരുടെ പുനരുത്ഥാനം. യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ട ഒരു കൂട്ടം രക്തസാക്ഷികളുടെ ആത്മാക്കളെ സ്വർഗ്ഗത്തിലെ യാഗപീഠത്തിങ്കീഴിൽ കാണപ്പെട്ടിരുന്നു (വെളി.6:9/7:9-17/12:11). അവർ ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരായി ജീവൻ പ്രാപിച്ചു ക്രിസ്തുവിനോടു കൂടെ ആയിരം ആണ്ടു

വാഴുമെന്നു പറഞ്ഞിരിക്കുന്നു. പഴയനിയമ പുതിയനിയമ വിശുദ്ധന്മാർക്കൊപ്പം ക്രിസ്തുവിനോടു കൂടെ ആയിരം ആണ്ടു വാഴുവാൻ കൃപ ലഭിച്ചവരാണിവർ.

വെളി.6:9-11 -- *"അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ; ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിങ്കീഴിൽ കണ്ടു .......... അല്പകാലം കൂടി സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി."*

വെളി.7:9-17 — *"ഇതിന്റെ ശേഷം സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലുംനിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നില്കുന്നതു ഞാൻ കണ്ടു ...."*

വെളി.20:4 — *"തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു."*

## **രണ്ടാം പുനരുത്ഥാനം** — (Second Resurrection)

### ദുഷ്ടന്മാരുടെ അഥവാ പാപികളുടെ പുരുത്ഥാനം — (Resurrection of the Unbelieving Dead)

നീതിമാന്മാരുടെ അഥവാ ദൈവമക്കളുടെ പുനരുത്ഥാനമായ ഒന്നാം പുനരുത്ഥാനം കഴിഞ്ഞു ആയിരം ആണ്ടു കഴിഞ്ഞാണ് രണ്ടാം പുനരുത്ഥാനം (വെളി.20:5,6). കർത്താവിനെ രക്ഷിതാവായി സ്വീകരിക്കാത്തവർ അഥവാ പാപികൾ മരിക്കുമ്പോൾ അവർ യാതനാസ്ഥലത്തേക്കു പോകും. ധനവാന്റെയും ലാസറിന്റെയും മരണശേഷം സംഭവിക്കുന്ന വിശദീകരണത്തിൽ ധനവാൻ യാതനാസ്ഥലത്തു കിടന്നു അയ്യം വിളിക്കുന്ന ദയനീയ രംഗമാണ് തിരുവചനത്തിൽ കാണുന്നത് (ലൂക്കൊ.16:19-31). ക്രിസ്തു തന്റെ വിശുദ്ധന്മാരുമൊത്തുള്ള ആയിരമാണ്ടു വാഴ്ച അവസാനിക്കുന്നതുവരെ അവർ യാതനാസ്ഥലത്തു കിടക്കേണ്ടി വരും.

ആയിരം ആണ്ടു വാഴ്ചെക്കുശേഷം ഇവർക്കുണ്ടാകുന്ന പുനരുത്ഥാനത്തെക്കുറിച്ചും നിത്യനാശത്തെയും കുറിച്ചു വെളിപ്പാട് 20:11 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ രണ്ടാം വരവിനുശേഷം സഹസ്രാബ്ദവാഴ്ച അഥവാ ആയിരമാണ്ടു വാഴ്ചയ്ക്കു ശേഷം വെള്ളസിംഹാസനം സ്ഥാപിക്കും. നമ്മുടെ കർത്താവായിരിക്കും സിംഹാസനത്തിലിരിക്കുന്ന ന്യായാധിപൻ. സഹസ്രാബ്ദവാഴ്ച കഴിഞ്ഞു ഭൂമിയിൽ സകല അവിശ്വാസികളുടെയും ദൈവവിരോധികളുടെയും ഉയിർപ്പ് അഥവാ പുനരുത്ഥാനം വലിയവെള്ളസിംഹാസനത്തിലെ അന്ത്യന്യായവിധിക്കും തുടർന്നുള്ള നിത്യദണ്ഡനത്തിനും ആയിരിക്കും.

രണ്ടാം പുനരുത്ഥാനമെന്നത് നീതികെട്ടവരായ ദുഷ്ടന്മാരുടെയും പാപികളുടെയും ഉയിർപ്പാണ്. ന്യായവിധിക്കായും നിത്യമരണത്തിനായുമുള്ള പുനരുത്ഥാനമാണിത്. ദൈവമക്കളല്ലാത്ത സകലരും അന്ത്യന്യായവിധിക്കായി ഉയിർത്തെഴുന്നേൽക്കും.

ഈ പുനരുത്ഥാനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു നോക്കുക —

*"ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന്നു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി...... ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും"* (വെളി.20:11-15).

*"കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു"* (യോഹ.5:28-29).

രണ്ടാം പുനരുത്ഥാനത്തിൽ പുനരുത്ഥാന ശരീരം ലഭിച്ചു കുറ്റവാളികളെന്ന നിലയിൽ അവർ വെള്ളസിംഹാസനമെന്ന നീതിപീഠത്തിന്റെ മുമ്പാകെ നില്ക്കും. ഭൂമിയിൽ ജീവനോടിരുന്നപ്പോൾ സുവിശേഷം കേട്ടിട്ടും അനുസരിക്കുകയോ മാനസാന്തരപ്പെടുകയോ ചെയ്യാതെ ഭൂമിയിൽ നിന്നു ശാരീരിക മരണത്താൽ മാറ്റപ്പെട്ടപ്പോൾ അവർ ദൈവവുമായി എന്നെന്നേക്കും വേർപെട്ടവരായിത്തീർന്നു അഥവാ ആത്മീകമായി മരണവും അവർക്കു സംഭവിച്ചു. മഹോപദ്രവകാലത്തെയോ സഹസ്രാബ്ദ വാഴ്ചകാലത്തെയോ മാത്രമല്ല ലോകാരംഭം മുതൽ സഹസ്രാബ്ദ കാലത്തിന്റെ അവസാനംവരെ ക്രിസ്തുവിനെകൂടാതെ മരിച്ച അഥവാ അവിശ്വാസികളായ സകലരും ഉൾപ്പെടുന്നു.

രക്ഷിക്കപ്പെട്ടവരുടെ പുനരുത്ഥാനം ക്രിസ്തുവിന്റെ രണ്ടാം വരവിലെ ഒന്നാംഘട്ടമായ മദ്ധ്യാകാശത്തിലേക്കുള്ള വരവിൽ നടക്കുമെങ്കിൽ പാപികളായവരുടെ പുനരുത്ഥാനം ക്രിസ്തുവിന്റെ രണ്ടാം വരവിലെ രണ്ടാം ഘട്ടമായ മഹത്വപ്രത്യക്ഷതെക്കും സഹസ്രാബ്ദ വാഴ്ച്ചയ്ക്കു ശേഷവുമായിരിക്കും നടക്കുക.

## വീണ്ടും വരവിലെ രണ്ടാം ഘട്ടത്തിലെ മഹത്വപ്രത്യക്ഷതയും ഭാവികാലസംഭവങ്ങളും

കർത്താവിന്റെ പുനരാഗമനത്തിനു രണ്ടു ഘട്ടങ്ങൾ ഉണ്ട്. ഒന്നാമത്തേതു സഭയെ ചേർപ്പാനായി മദ്ധ്യാകാശത്തിലേക്കിറങ്ങി വരുന്ന രഹസ്യപ്രത്യക്ഷത (ഉത്പ്രാപണം -Rapture). രണ്ടാമത്തേതു കർത്താവു തന്റെ സിംഹാസനം സ്ഥാപിക്കുവാൻ സഭയുമായി വരുന്ന മഹത്വപ്രത്യക്ഷത (വെളി.1:7/യൂദാ.14,15). ഭൂമിയിൽ സഹസ്രാബ്ദഭരണം സ്ഥാപിക്കുവാനും പാപികളുടെ ന്യായവിധിക്കുമായി വിശുദ്ധന്മാരുമായി വരുന്ന പരസ്യപ്രത്യക്ഷതയാണിത് (പുനരാഗമനം).

സഭയുടെ ഉത്പ്രാപണത്തെപ്പറ്റി പുതിയനിയമത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും പഴയനിയമ തിരുവെഴുത്തുകളിൽ ഉത്പ്രാപണവിഷയം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ക്രിസ്തുവിന്റെ പുനരാഗമനം അഥവാ മഹത്വപ്രത്യക്ഷതയെപ്പറ്റി പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലെ മഹത്വപ്രത്യക്ഷതയിൽ ആയി

രമായിരം വിശുദ്ധന്മാരുമായി മഹത്വധാരിയായ കർത്താവു പ്രത്യക്ഷപ്പെടും. അന്നു പാപികൾ ഭയന്നു മുറവിളിക്കും (യെശ.2:2-4/ യെശ.9:7/ ദാനീ.7:13,14/ സെഖ.14:4/ മത്താ.24:30/ ലൂക്കൊ.21:26,27/ 2.തെസ്സ.2:7,8/വെളി.19:6-20/ വെളി.20:4). കർത്താവിന്റെ ഒന്നാം പ്രത്യക്ഷതയിൽ സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ടു കഴിയുമ്പോൾ ലോകത്തിൽ അന്തിക്രിസ്തുവിന്റെ ഭരണമായരിക്കും. ഈ അവസരത്തിൽ യഹൂദാജനം അന്തിക്രിസ്തുവാകുന്ന തുമ്പുകെട്ട ഇടയനുമായി ഒരു ഉടമ്പടി ഉണ്ടാക്കും (സെഖ.11:15-17). എന്നാൽ ഏഴു വർഷത്തെ ഉടമ്പടികാലയളവിൽ പകുതി സമയമാകുമ്പോൾ അന്തിക്രിസ്തു യിസ്രായേലുമായുള്ള ഉടമ്പടി ലംഘിക്കും (ദാനീ.9:27). ദൈവാലയം അവന്റെ സ്വാർത്ഥതാല്പര്യങ്ങൾക്കായി ഉപയോഗിക്കും. അവനെ മാത്രമേ ആരാധിക്കാവൂ എന്നു സകലരോടും കല്പിക്കും (2.തെസ്സ.2:3,4/ മത്താ.24:15-21).

അന്തിക്രിസ്തുവിന്റെ ഭരണം ഏഴു വർഷക്കാലമാണ്. ഈ കാലയളവ് പീഡനകാലം (Tribulation period) എന്നറിയപ്പെടുന്നു. ഏഴു വർഷത്തിൽ അവസാനത്തെ മൂന്നര വർഷം മഹാപീഡനകാലം (Great Tribulation period) എന്നറിയപ്പെടുന്നു. മഹാപീഡനകാലമായ മൂന്നര വർഷത്തെപ്പറ്റി തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട് (വെളി.11:2/വെളി.12:6/വെളി.12:15/വെളി.13:5/ ദാനീ.7:25/ദാനീ.9:27). പീഡനകാലത്തു സഭ ഭൂമിയിൽ ഉണ്ടായിരിക്കുകയില്ല.

സഭ ഭൂമിയിൽ നിന്നെടുക്കപ്പെട്ടശേഷം ഭൂവാസികളുടെമേൽ ദൈവം 21 ന്യായവിധികൾ അയെക്കുന്നു. മുദ്ര, കാഹളം, ക്രോധകലശം എന്നിങ്ങനെയുള്ള മൂന്നു ന്യായവിധികളിലോരോന്നിലും ഏഴു വീതമുള്ള ശിക്ഷകൾ ഉൾക്കൊള്ളുന്നു. ആറാമത്തെ മുദ്രയാലുള്ള ന്യായവിധിക്കുശേഷവും ഏഴാമത്തെ മുദ്ര തുറക്കുന്നതിനു മുമ്പായും നിത്യസുവിശേഷം അറിയിക്കുവാനും പീഡന കാലത്തെ ദൈവീകകാര്യപരിപാടികളുടെ പൂർത്തീകരണത്തിനായും യിസ്രായേൽ ഗോത്രത്തിൽ നിന്നു 144,000 പേരെ നെറ്റിയിൽ മുദ്രയിട്ടു വേർതിരിക്കുന്നു (വെളി.7:1-8). ജീവനുള്ള ദൈവത്തിന്റെ മുദ്ര വഹിക്കുന്ന അവരെ അന്തിക്രിസ്തുവിനും കൂട്ടാളികൾക്കും കൊല്ലുവാൻ സാധിക്കുകയില്ല. ആറാമത്തെ കാഹളന്യായവിധിക്കുശേ

ഷവും ഏഴാമത്തെ കാഹളം ഊതുന്നതിനു മുമ്പും സ്വർഗ്ഗത്തിൽ നിന്നു രണ്ടു സാക്ഷികളെ ഭൂമിയിലേക്കു അയെക്കുന്നു. ആ സാക്ഷികൾ മഹാപീഡനകാലത്ത് യിസ്രായേൽജനത്തിനും ജാതികൾക്കും ദൈവീകവെളിച്ചം പകർന്നുകൊടുക്കുവാൻ സ്വർഗ്ഗത്തിൽ നിന്നയെക്കുന്ന രണ്ടു ഒലിവുവൃക്ഷവും രണ്ടു നിലവിളക്കുമാണ് (വെളി.11:3,4). അവർ 1260 ദിവസം കർത്താവിന്റെ മഹത്വപ്രത്യക്ഷതയെയും സഹസ്രാബ്ദവാഴ്ചയെയും കുറിച്ചു ഭൂമിയിൽ പ്രസംഗിക്കുന്നു. അവരുടെ ശുശ്രൂഷ തികെച്ചു കഴിയുമ്പോൾ ആഴത്തിൽ നിന്നു കയറിവരുന്ന മൃഗമായ അന്തിക്രിസ്തു ദൈവത്തിന്റെ രണ്ടു പ്രവാചകന്മാരെയും കൊല്ലുന്നു. അവരുടെ ശവശരീരം യെരൂശലേം തെരുവീഥിയിൽ മറവുചെയ്യാനനുവദിക്കാതെ കിടത്തി സകലരും ആഹ്ലാദിക്കുന്നു. എന്നാൽ മൂന്നര ദിവസം കഴിയുമ്പോൾ ദൈവം അവർക്കു ജീവൻ നല്കി സ്വർഗ്ഗത്തിലേക്കെടുക്കുന്നു. ഇതു കാണുന്ന സകലഭൂവാസികളും ഭയപരവശരായി നോക്കി നില്ക്കുന്നു (വെളി.11:3-11).

ഏഴാമത്തെ കാഹളന്യായവിധിക്കുശേഷവും ഒന്നാമത്തെ ക്രോധകലശം ചൊരിയുന്നതിനു മുമ്പായും കരുണാസമ്പന്നായ ദൈവം വീണ്ടും സുവിശേഷവുമായി മഹാപീഡനകാലയളവിൽ ഒരു ദൂതനെ അയെക്കുന്നു (വെളി.14:6,7). സഭയെടുക്കപ്പെടുന്നതിനു മുമ്പുള്ള സുവിശേഷം കൃപയുടെ സുവിശേഷം (Gospel of Grace — അപ്പൊ.20:24) ആയിരുന്നുവെങ്കിൽ സഭയെടുക്കപ്പെട്ട ശേഷം അറിയിക്കുന്ന സുവിശേഷം നിത്യസുവിശേഷം (Eternal / Everlasting Gospel — വെളി.14:6) എന്ന പേരിൽ അറിയപ്പെടുന്നു. എന്നാൽ രണ്ടിന്റെയും അടിസ്ഥാനം ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു കാൽവറിയിൽ ഒരുക്കിയ രക്ഷ തന്നെയാണ്.

ആകാശമദ്ധ്യേ പ്രത്യക്ഷപ്പെടുന്ന ദൂതൻ നിത്യസുവിശേഷം ഭൂവാസികളെ അറിയിക്കുന്നു — *"വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകലജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോടു അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു. ദൈവത്തെ ഭയപ്പെട്ടു അവന്നു മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ*

*നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ എന്നു അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു"*

(Then I saw another angel flying in the midst of heaven, having the everlasting gospel to preach to those who dwell on the earth--to every nation, tribe, tongue, and people, saying with a loud voice, "Fear God and give glory to Him, for the hour of His judgment has come; and worship Him who made heaven and earth, the sea and springs of water).

ദൈവത്തെ ഭയപ്പെടുക, ദൈവത്തിനു മഹത്വം കൊടുക്കുക, ദൈവത്തെ നമസ്കരിക്കുക എന്നാണ് ദൂതൻ ഭൂവാസികളോടു വിളിച്ചു പറയുന്നതു. ദൈവം ഇപ്രകാരം ഒരുക്കുന്ന രക്ഷണ്യപദ്ധതിയിലൂടെ പീഡനകാലത്തിൽ യഹൂദന്മാരിൽ ഒരു ശേഷിപ്പ് ദൈവത്തിങ്കലേക്കു നോക്കി രക്ഷ പ്രാപിക്കും (സെഖ.13:8,9). നല്ലയിടയനായി ഭൂമിയിൽ വന്ന കർത്താവിന്റെ ഒന്നാം വരവിങ്കൽ അവർ കർത്താവിനെ തിരസ്കരിച്ചു കൊല്ലുവാൻ ഏൽപ്പിച്ചതിന്റെ ശിക്ഷ പീഡനകാലത്തിൽ അവർ അനുഭവിക്കേണ്ടി വരും. അന്തിക്രിസ്തുവിന്റെ ഭരണകാലത്തിൽ അതികഠിനമായ ശിക്ഷകളിലൂടെ കടക്കുമ്പോൾ ഈ ശേഷിപ്പിന്മേൽ ദൈവം കരുണ കാണിച്ചു രക്ഷിച്ചു വിടുവിക്കും.

സഭ എടുക്കപ്പെട്ടശേഷം, ഭൂമിയിലെ ഏഴുവർഷത്തെ പീഡനകാലശേഷം, സഹസ്രാബ്ദവാഴ്ച ആരംഭിക്കുന്നതിനു മുമ്പായി ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുമ്പോൾ അന്തിക്രിസ്തുവും സൈന്യങ്ങളുമായി ഒരു യുദ്ധമുണ്ടാകും. യഹോവയുടെ ദിവസം എന്നറിയപ്പെടുന്ന ആ മഹാസംഹാരദിനത്തെക്കുറിച്ചു കർത്താവു പറഞ്ഞിട്ടുണ്ട്.

**മത്താ.24:29-31 —**"*ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തിൽനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ*

*മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുംകൂടെ അയക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലുദിക്കിൽനിന്നും കൂട്ടിച്ചേർക്കും."*

ഭൂരാജാക്കന്മാർ അന്തിക്രിസ്തുവിനോടും കള്ളപ്രവാചകനോടും കൂട്ടുകൂടി രാജാധിരാജാവും കർത്താധികർത്താവുമായ ക്രിസ്തുവിനോടു പൊരുതുവാൻ വരുന്ന യുദ്ധത്തെ ഹർമ്മഗെദ്ദോൻ യുദ്ധം എന്ന പേരിലറിയപ്പെടുന്നു. സർവ്വശക്തനായ മഹാദൈവമായ ക്രിസ്തു (തീത്തൊ.2:12) ഹർമ്മഗെദ്ദോൻ യുദ്ധത്തിലൂടെ അന്തിക്രിസ്തുവിനെയും സൈന്യങ്ങളെയും തോല്പിക്കും. ഒലിവുമലയിൽ സ്വർഗ്ഗീയകൂട്ടവുമായി വന്നിറങ്ങുന്ന ക്രിസ്തുവിനോടു യുദ്ധം ചെയ്യുവാൻ ഹർമ്മഗെദ്ദോനിൽ അന്തിക്രിസ്തുവും ഭൂരാജാക്കന്മാരും സൈന്യങ്ങളും അണിനിരക്കും (വെളി.19:11-21).

ഹർമ്മഗെദ്ദോൻ എന്ന പേര് എബ്രായനാമമാണ്. ഹർ + മെഗിദ്ദോ (Har + Megiddo) എന്നീ രണ്ടു പദങ്ങൾ ചേരുന്നതാണ് ഹർമ്മഗെദ്ദോൻ. ഹർ എന്നതിനു പർവ്വതം, മല, താഴ്‌വര (Har = mountain) എന്നീ അർത്ഥമാണുള്ളത്. മെഗിദ്ദോ എന്നത് പാലസ്റ്റീനിലുള്ള ഒരു സ്ഥലമാണ്. ആകയാൽ ഹർ + മെഗീദ്ദോ എന്നാൽ മെഗിദ്ദോ പർവ്വതം, മെഗിദ്ദോ മല , മെഗിദ്ദോ താഴ്‌വര എന്നാണ് (Mountain of Megiddo or Hill of Megiddo, Valley of Megiddo). മറ്റൊരു അർത്ഥവും കൂടി കാണുന്നുണ്ട്. ഹർ എന്നാൽ പർവ്വതം, മല എന്നും മെഗിദ്ദോ എന്നാൽ സൈന്യങ്ങളുടെ താവളം (Place of troops), കശാപ്പു സ്ഥലം (place of slaughter) എന്നുമാണ്. കൂടാതെ ഇത് എസ്ദ്രെയിലോൻ സമതലം (Plain of Esdraelon) എന്നും യിസ്രായേൽ താഴ്‌വര (Valley of Jezereel) എന്നും അറിയപ്പെടുന്നു.

മെഗിദ്ദോ യെരൂശലേമിൽനിന്നും 60 മൈൽ ദൂരത്തു അതിന്റെ തെക്കുഭാഗത്തു സ്ഥിതി ചെയ്യുന്നു. ഈ താഴ്‌വരെക്കു ഏകദേശം 20 മൈൽ നീളവും 14 മൈൽ വീതിയുമുണ്ട്. ഇതിനെ യഹോശാഫാത്ത് താഴ്‌വര (Valey of Jehoshaphat) എന്നു യോവേൽ പ്രവാചകനും (യോവേ.3:2,12,13), വഴിപോക്കരുടെ താഴ്‌വര (Valley of travellers) എന്നു യെഹെസ്കേലും (യെഹെ.39:11) പറയുന്നു. കർമ്മേൽ പർവ്വതത്തിനും കിദ്രോൻ താഴ്‌വരയ്ക്കും ഇടയിലുള്ള അതിവിശാ

ലമായ സ്ഥലമാണിത്. കർമ്മേൽ പർവ്വതത്തിൽ നിന്നു നോക്കിയാൽ ഈ പ്രദേശം കാണാം. യുദ്ധങ്ങളുടെ യുദ്ധഭൂമി എന്നും സകല ലോകസേനകൾക്കും പറ്റിയ യുദ്ധഭൂമി എന്നും ഇതിനെ വിശേഷിപ്പിച്ചിട്ടുണ്ട്. യിസ്രായേലിന്റെ ചരിത്രത്തിലെ അനേക യുദ്ധങ്ങൾക്കും പോരാട്ടങ്ങൾക്കും സംഭവങ്ങൾക്കും വേദിയായിരുന്ന സ്ഥലമാണ് മെഗിദോ താഴ്വര.

അന്തിക്രിസ്തുവിന്റെ സൈന്യം യഹൂദന്മാരുമായി നടത്തുന്ന യുദ്ധമാണ് ഹർമ്മഗോദ്ദോൻ യുദ്ധം (Armageddon War). അന്തിക്രിസ്തുവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും യുദ്ധത്തിനായി ഒരുമിച്ചുകൂടുന്ന സ്ഥലമാണ് ഹർമ്മഗെദ്ദോൻ (Armageddon) അഥവാ മെഗിദ്ദോമല (Mount Megiddo). ലോകചരിത്രത്തിലെ ഏറ്റവും വലിയ യുദ്ധമായിരിക്കും ഇത്. മഹാപീഡനകാലത്തിന്റെ അന്ത്യത്തിൽ നടക്കുന്ന ഹർമ്മഗോദ്ദോൻ യുദ്ധത്തിൽ യിസ്രായേലിന്റെ സഹായത്തിനായി ക്രിസ്തു വിശുദ്ധന്മാരോടൊപ്പം സ്വർഗ്ഗീയസൈന്യവുമായി ഭൂമിയിലേക്കിറങ്ങി വരുന്നു. അവിടെ ക്രിസ്തു തന്റെ വായിലെ ശ്വാസത്താൽ ശത്രുക്കളെ ഒന്നടങ്കം ഒടുക്കിക്കളയും (വെളി.19:11–21). യുദ്ധത്തിനു മുമ്പു തന്നെ ആകാശമദ്ധ്യേ പറക്കുന്ന സകലപക്ഷികളെയും മഹാദൈവത്തിന്റെ അത്താഴമായ ദുഷ്ടന്മാരുടെ ശവം തിന്നുവാൻ ക്ഷണിക്കുന്നു (വെളി.19:17,18). ദൈവത്തിനെതിരായി കൂടിവരുന്ന രാജാക്കന്മാർ മുതൽ സാധാരണക്കാർ വരെയുള്ള സകലരുടെയും മാംസം പക്ഷികൾക്കു ആഹാരമായിത്തീരും. ദുഷ്ടന്മാരെ മുഴുവനും മുന്തിരിക്കുല എന്നപോലെ ശേഖരിച്ചു ദൈവക്രോധ ചക്കിലിടും. ചക്കിൽ നിന്നു രക്തപ്പുഴതന്നെ ഒഴുകും. *"രക്തം അന്നു കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി"*(വെളി.14:20) എന്നു ക്രോധകലശത്തിനു മുമ്പു പറഞ്ഞത് ഹർമ്മഗെദ്ദോനിലെ മഹാസംഹാരത്തിൽ നിവൃത്തിയാകും.

കർത്താവിന്റെ മഹത്വപ്രത്യക്ഷത എപ്രകാരമായിരിക്കും, എവിടെയായിരിക്കും, എന്തൊക്കെ സംഭവിക്കും എന്നുള്ള വിവരങ്ങൾ സെഖര്യാപ്രവാചകൻ വിവരിച്ചിട്ടുണ്ട്.

*"ഞാൻ സകലജാതികളെയും യെരൂശലേമിനോടു യുദ്ധത്തിനായി കൂട്ടി വരുത്തും......എന്നാൽ യഹോവ പുറപ്പെട്ടു, യുദ്ധദിവസത്തിൽ പൊരുതതുപോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ കാൽ യെരുശലേമിന്നെതിരേ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും; ഒലിവുമല കിഴക്കു പടിഞ്ഞാറായി നടുവെ പിളർന്നു പോകും; ഏറ്റവും വലിയോരു താഴ്‌വര ഉളവായ്‌വരും; മലയുടെ ഒരു പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും........എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകലവിശുദ്ധന്മാരും വരും"* (സെഖ.14:2-5).

രാജാവിന്റെ നഗരമായ യെരുശലേം ശത്രുസൈന്യങ്ങളാൽ ചുറ്റപ്പെടുമ്പോൾ, യഹൂദന്മാരുടെ സകലശക്തിയും ബലഹീനമാകുമ്പോൾ, തീയിൽ കൂടി എന്നപോലെ മഹാപീഡനകാല അനുഭവത്തിലൂടെ കടക്കുമ്പോൾ കർത്താവു ഒലിവുമലയിൽ വരികയും യുദ്ധത്തിൽ അന്തിക്രിസ്തുവിന്മേലും അവന്റെ സൈന്യത്തിന്മേലും വിജയം വരിക്കുകയും ചെയ്യും (വെളി.19:11-17). ഈ സമയത്തു ചിതറിപ്പോയ യിസ്രായേലിനു ഒരു കൂട്ടിച്ചേർക്കൽ ഉണ്ടാകും (ഹോശേ.14:4-7/യോവേ.3:18-21/ ആമോ.9:13-15).

യുദ്ധാനന്തരം അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്കു ജീവനോടെ തള്ളിക്കളയും. *"മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു"* (വെളി.19:20). വെള്ളസിംഹാസന ന്യായവിധിക്കുശേഷം സകല ദുഷ്ടന്മാരെയും തള്ളിക്കളയുന്ന സ്ഥലമാണ് ഗന്ധകം കത്തുന്ന തീപ്പൊയ്ക. പിശാചും സാത്താനുമായ പഴയപാമ്പായ മഹാസർപ്പത്തെ ആയിരം ആണ്ടേക്കു ബന്ധിച്ചു ചങ്ങലയിലിടും (വെളി.20:1-3). തുടർന്നു ക്രിസ്തു തന്റെ സകല വിശുദ്ധന്മാരുമായി ഭൂമിയിൽ ആയിരം ആണ്ടു സമാധാനമായി വാഴ്ച നടത്തും.

ആയിരം ആണ്ടു വാഴ്ചയെ സഹസ്രാബ്ദവാഴ്ച അഥവാ മില്ലിനിയം (Millenium) എന്നറിയപ്പെടുന്നു. ഭൂമിയിലെ സകലജാതികൾക്കും ക്രിസ്തുവിന്റെ ഭരണസമയം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദിനങ്ങളായിരിക്കും. ആയിരം ആണ്ടു കഴിയുമ്പോൾ ബന്ധനസ്ഥനായി അഗാധകൂപത്തിൽ അടയ്ക്കപ്പെട്ട സാത്താനെ അല്പകാലത്തേക്കു അഴിച്ചു വിടും (വെളി.20:7). ബന്ധനത്തിലടെക്കപ്പെട്ടെങ്കിലും അവന്റെ സ്വഭാവത്തിനും പ്രവർത്തനങ്ങൾക്കും മാറ്റം വരുന്നില്ല. സ്വതന്ത്രനായ അവൻ ഭൂമിയിൽ ഊടാടി നടന്നു വീണ്ടും ക്രിസ്തുവിനെതിരെ പ്രവർത്തിക്കുക മാത്രമല്ല അനേകരെ യുദ്ധത്തിനായി വശീകരിക്കുകയും ചെയ്യും (വെളി.20:8). സാത്താനും കൂട്ടരും ദൈവജനത്തെയും ദൈവനഗരത്തെയും വളയുമ്പോൾ ആകാശത്തു നിന്നു ദൈവത്തിന്റെ ന്യായവിധിയായി ക്രോധാഗ്നി പുറപ്പെടും. ഇപ്രകാരമുള്ള ദൈവീകശിക്ഷയാൽ സാത്താനിൽ അന്ത്യന്യായവിധി നടത്തിയശേഷം തീപ്പൊയ്കയിലേക്കു തള്ളിയിടും (വെളി.20:11-15). പിന്നീടു രക്ഷിക്കപ്പെടാത്ത സകല പാപികളുടെയും രണ്ടാം പുനരുത്ഥാനം നടക്കും. അവരെ വെള്ളസിംഹാസനത്തിനു മുമ്പിൽ വെച്ചു ന്യായം വിധിച്ചു അവരെയും തീപ്പൊയ്കയിലേക്കു തള്ളിയിടും. അതേത്തുടർന്നു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടായി നിത്യതനിത്യതയോളം കർത്താവു തന്റെ മക്കളുമായി വാഴും (വെളി.21:1-2/ 2.പത്രൊ.3:10-11).

സഭയുടെ മണവാളനായ കർത്താവായ യേശുക്രിസ്തു നമുക്കു സ്ഥലം ഒരുക്കുവാൻ പോയിരിക്കുകയാണ് (യോഹ.14:1-3). ദൂതസംഘവുമായി എത്രയും വേഗം വരും. എന്നാൽ ഈ വരവ് താമസിക്കുന്നതിനുള്ള കാരണം ഇനിയും അനേകർ ഈ മണവാട്ടി സഭയുടെ അംഗങ്ങളായിത്തീർന്നു നിത്യസൗഭാഗ്യം പ്രാപിക്കുവാൻ വേണ്ടി ദൈവം ദീർഘക്ഷമ കാണിക്കുന്നതാണ്.

**2.പത്രൊ.3:9,10 –** *"ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ."*

നാം നമ്മുടെ പ്രാണപ്രിയനായ കർത്താവിനായി കാത്തിരിക്കുമ്പോൾത്തന്നെ കർത്താവു ആഗ്രഹിക്കുന്നതു നാം മൂലം അനേകർ നിത്യരക്ഷെക്കു പങ്കാളികളാകണം എന്നുള്ളതാണ്. നമ്മെ രക്ഷിച്ചു നിത്യജീവൻ നൽകിയ കർത്താവിനെ അനേകർക്കു കാണിച്ചു കൊടുത്തു അവരെയും ഈ ഭാഗ്യകരമായ പ്രത്യാശയിലേക്കും, അനുഗ്രഹത്തിലേക്കും കൂട്ടികൊണ്ടു വരേണ്ട ഉത്തരവാദിത്തം ദൈവസഭയിലെ ഓരോ വിശ്വാസിക്കുമുണ്ട്.

സുവിശേഷം അറിയിക്കുന്നതിൽ അപ്പൊസ്തലനായ പൗലൊസിന്റെ എരിവും ഹൃദയവാഞ്ഛയും ദൈവത്തോടുള്ള പ്രാർത്ഥനയും ഓരോ വിശ്വാസിക്കും ഉണ്ടായിരിക്കേണം. *"സഹോദരന്മാരേ, അവർ രക്ഷിക്കപ്പെടേണം എന്നു തന്നേ എന്റെ ഹൃദയവാഞ്ഛയും അവർക്കുവേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു"* (റോമ.10:1). *"ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!"* (1.കൊരി.9:16).

സുവിശേഷമറിയിക്കുക എന്ന ശ്രേഷ്ഠതയേറിയ ശുശ്രൂഷ തന്റെ ശിഷ്യന്മാരായ ദൈവമക്കളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നമ്മുടെ വിശ്വാസയാത്രയിൽ സുവിശേഷം അറിയിക്കുന്നതിനോടൊപ്പം ലൗകീകമായ കറ, കളങ്കം ഇല്ലാത്തവരായി ജീവിതവിശുദ്ധിയോടെ നമ്മുടെ കർത്താവിനെ എതിരേൽക്കുവാൻ ഒരുങ്ങാം.*"ജീവിക്കുന്നു എങ്കിൽ നാം കർത്താവിന്നായി ജീവിക്കുന്നു; മരിക്കുന്നു എങ്കിൽ കർത്താവിന്നായി മരിക്കുന്നു. അതുകൊണ്ടു ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം കർത്താവിന്നുള്ളവർ തന്നേ" (റോമ.14:8).*

ജീവിച്ചാൽ ക്രിസ്തുവിനു, മരിച്ചാൽ ക്രിസ്തുവിനു എന്നതായിരിക്കട്ടെ നമ്മുടെ ഏക ചിന്തയും ലക്ഷ്യവും. കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരാം. **വേഗം വരുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിനു ഇപ്പോഴും എന്നെന്നേക്കും മഹത്വം. ആമേൻ.**

= = = = = = = ***Amen, Hallelujah*** = = = = = = =

(DOCTRINAL TRUTHS *by Samson Henry, Kollam*)

| | |
|---|---|
| | **ഗ്രന്ഥകാരന്റെ കൃതികൾ —** |
| 1 | വിശ്വാസിയും ആഭരണവും<br>First Edition : 2004<br>Second Edition : 2014 |
| 2 | തിരുവചന ഉപദേശസത്യങ്ങൾ<br>First Edition : 2010<br>Second Edition : 2019 |
| 3 | TABERNACLE |
| 4 | യഹോവയുടെ നാമങ്ങൾ |
| | **സുവിശേഷ ലഘുലേഖകൾ —** |
| 1 | താങ്കൾ ക്രിസ്ത്യാനിയോ ? |
| 2 | താങ്കൾ ഇൻഷ്വർ ചെയ്തിട്ടുണ്ടോ ? |
| 3 | താങ്കളുടെ യാത്ര എവിടേക്ക് ? |
| 4 | താങ്കളുടെ പൗരത്വം എവിടെ ? |
| 5 | സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട ! |
| 6 | ഭാഗ്യം .. ഭാഗ്യം ..നേടുക ... ഇന്ന്... ഇപ്പോൾ... ഇപ്പോൾ |
| 7 | ദേഹം മണ്ണാകും മുമ്പേ തേടിക്കൊൾക ദൈവകൃപ |
| 8 | സൗഖ്യമാകുവാൻ മനസ്സുണ്ടോ ? |
| 9 | ഇന്നിങ്ങനെ എങ്കിൽ നാളെ എങ്ങനെ ? |
| 10 | തിരഞ്ഞെടുപ്പ് |
| 11 | ജീവൻ നൽകിയ സ്നേഹം |
| 12 | ഞാൻ ലോകത്തിൽ കേട്ട ഏറ്റവും നല്ല വാർത്ത |
| 13 | Are you Insured? |
| 14 | Where is the destination of your journey? |
| 15 | Be Careful and Keep out of trouble |

(DOCTRINAL TRUTHS *by Samson Henry, Kollam*)

## BIBLIOGRAPHY


| | |
|---|---|
| The Bible Exposition Commentary | W.W. Wiersbe |
| The Bible Knowledge Commentary | J.F. Walvood & R.B. Zuck |
| New Testament Commentary | John Mac Arthur |
| Life Application Study Bible | Tyndale Publications |
| Believers Bible Commentary | William Mac Donald |
| Strongs Concordance of the Bible | James Strong |
| Vines Exposi tory Dictionary | W.E.Vine |
| സമ്പൂർണ്ണ ദൈവശാസ്ത്രം | Sathyam Publications |
| ദൈവശാസ്ത്രം | Rev. M.V. Chacko |
| പ്രീമിയർ സ്റ്റഡി ബൈബിൾ | Premier Bible Publications |
| ദാനിയേൽ റഫറൻസ് ബൈബിൾ | Dr. A.P. Daniel |
| ബൈബിൾ കൺകോർഡൻസ് | G. Suseelan |